# ഋഗ്വേദമലയാളഗദ്യപരിഭാഷാ

# സംഗ്രഹം

ഡോ. എൻ.. വി. പി. ഉണിത്തിരി

*ഋഗ്വേദം* മാനവരാശിയുടെ ആദ്യ സാഹിത്യരചനകളിലൊന്നാണല്ലൊ! കപടദേശീയതയുടെ കാലത്ത് *ഋഗ്വേദ*ത്തെ വികലവും സങ്കുചിതവുമായി കൈകാര്യംചെയ്ത് സാംസ്കാരികവാദങ്ങളിലൂടെ തങ്ങൾക്കനുകൂലമാക്കിത്തീർക്കുന്ന പ്രവണതകൾ സാംസ്കാരികദേശീയവാദികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ പാരമ്പര്യത്തിലെ ബഹുസ്വരമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും തന്റെ നിരവധി രചനകളിലൂടെ അതു മലയാളിക്ക് പരിചയപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്കൃതപണ്ഡിതനാണ് പ്രൊഫ. എൻ. വി. പി. ഉണിത്തിരി. ഇന്ത്യൻപാരമ്പര്യത്തെ ഏകശിലാത്മകമാക്കിത്തീർക്കുന്നതിനുള്ള കുത്സിതപ്രവർത്തനങ്ങൾ അതിന്റെ പാരമ്യത്തിൽ നിൽക്കുന്ന കാലത്താണ് ഉണിത്തിരിമാഷ് തന്റെ മാഗ്നം ഓപ്പസ് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഗ്രന്ഥത്തിന്റെ രചനയുമായി വീണ്ടും മലയാളികൾക്കിടയിലേക്ക് വരുന്നത്. സംഘപരിവാരങ്ങൾ എക്കാലത്തും തങ്ങളുടെ മൂർച്ചയേറിയ ആയുധമായി ഉപയോഗിച്ചിട്ടുള്ള *ഋഗ്വേദ*ത്തിന്റെ ജനകീയപരിഭാഷയാണ് ഇത്തവണ മാഷ് തന്റെ രചനാപ്രപഞ്ചത്തിലേക്കുൾച്ചേർക്കുന്നത്. *ഋഗ്വേദ*ത്തിനുണ്ടായിട്ടുള്ള മുൻപരിഭാഷകൾ അവയുടെ പോരായ്മകൾ, രീതിശാസ്ത്രങ്ങൾ, തന്റെ പരിഭാഷയിൽ സ്വീകരിക്കുന്ന രീതിശാസ്ത്രം, കാലാനുസൃതമായി *ഋഗ്വേദ*ത്തോട് സ്വീകരിക്കേണ്ട നിലപാട് തുടങ്ങിയ വിഷയങ്ങളിൽ ഉണിത്തിരിമാഷ് മനസ്സുതുറക്കുന്നു.

**ചോദ്യം:** *നമുക്ക് നിലവിൽ ഋഗ്വേദത്തിന്റെ നിരവധി തർജ്ജമകൾ ലഭ്യമാണല്ലോ. അപ്പോൾ ഈ പുതിയ തർജ്ജമയുടെ പ്രസക്തി എന്താണ്?*

**മറുപടി:** ഋഗ്വേദത്തിന്, ബഹുജനങ്ങളുടെ കണ്ണിൽ മാത്രമല്ല അക്കാദമിക സമൂഹത്തിന്റെ കണ്ണിൽ, പൊതുവെ പണ്ഡിതന്മാരാണെന്ന് വിചാരിക്കുന്നവരുടെ കണ്ണിലൊക്കെത്തന്നെ, ഇപ്പോഴും ഒരു ബ്രാഹ്മണ പരിവേഷമാണുള്ളത്. അതിൽ അത്ഭുതപ്പെടാനില്ല കാരണം ബ്രാഹ്മണരാണിത് ഉപയോഗിച്ചുവന്നിരുന്നത്. പക്ഷേ അവരിലധികവും അതിന്റെ അർത്ഥം മനസ്സിലാക്കിയിരുന്നില്ല. ആളുകൾ പക്ഷെ അതൊന്നുമല്ല വിചാരിക്കുന്നത്. ബ്രാഹ്മണരുടെ നിത്യനൈമിത്തികകർമ്മങ്ങൾക്ക് വേദമന്ത്രങ്ങൾ പലതും ഉപയോഗിക്കുന്നുണ്ട്. വിവാഹവേളയിൽ ഇന്നും ചൊല്ലുന്ന മന്ത്രങ്ങൾ *ഋഗ്വേദ*ത്തിലേതുതന്നെയാണ്. അതിന്റെ അർത്ഥമെന്താണെന്ന് ഇന്നും പലർക്കും നിശ്ചയമില്ല. ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാടിന്റെ *ഋഗ്വേദഭാഷാഭാഷ്യം* അഷ്ടകങ്ങളായാണ് വിഭജിച്ച് തർജ്ജമ ചെയ്തിരിക്കുന്നത്. ഈ തർജമയാണ് മലയാളത്തിൽ പ്രധാനമായിട്ടുള്ളത്. അത് ഇപ്പോൾ കിട്ടാനില്ലെന്നു തോന്നുന്നു. *ഋഗ്വേദതർജ്ജമ*യുടെ ഒരു പടിയാണ് ഒ.എം.സി തന്റെ പരിഭാഷയിലൂടെ നിർവഹിച്ചിരിക്കുന്നത്. അദ്ദേഹം നല്ല അർത്ഥത്തിൽ യാഥാസ്ഥിതികനാണ്; ഓത്തനാണ്; അതായത് *ഋഗ്വേദം* മുഴുവൻ ഹൃദിസ്ഥമാക്കിയ ആളാണ്. അർത്ഥമൊന്നും അന്ന് അദ്ദേഹം പഠിച്ചിട്ടില്ല. അദ്ദേഹത്തിന്റെ രചന വലിയൊരു യത്നം തന്നെയാണ്. അദ്ദേഹം അത്ര വലിയ സംസ്കൃത പണ്ഡിതനൊന്നുമായിരുന്നില്ലെന്നു സ്വയം സമ്മതിക്കുന്നുണ്ട്. ഒളപ്പമണ്ണമനയ്ക്കലാണ് അദ്ദേഹം; വലിയ ധനികനും മറ്റുമൊക്കെയാണ്, സഹൃദയനാണ് എല്ലാം ശരിതന്നെ. പക്ഷേ, അദ്ദേഹം പൂർണ്ണമായി അവലംബിക്കുന്നത് സായണന്റെ *ഭാഷ്യ*ത്തെയാണ്. ഒ. എം. സി തന്റെ മൂലകൃതിയുടെ അന്വയവും അർത്ഥവും സംസ്കൃതത്തിൽ നൽകും. അതിന്റെ സാമാന്യമായ അർത്ഥം മലയാളത്തിലും കൊടുക്കും. ഇതിൽ സംസ്കൃതത്തിലുള്ള അന്വയവും അർത്ഥവും സായണന്റെതാണ്. ഇതാണ് അദ്ദേഹത്തിന്റെ സത്യസന്ധതയുടെ തെളിവ്. മലയാളത്തിലുള്ള അർത്ഥവും മിക്കവാറും സായണനെ ആശ്രയിച്ചാണ്. സായണവ്യാഖ്യാനം മലയാളത്തിൽ ചുരുക്കി എഴുതുകയാണ് അദ്ദേഹം ചെയ്തത്. പിന്നീട് അത്യാവശ്യം ചില കൂട്ടിച്ചേർക്കലുകൾ, അതായത് ഇന്ന ഭാഗത്ത് ഇന്ന ശ്ലോകം കൂടി, അന്വയിക്കാതെ, ഇവിടെ ചൊല്ലാറുണ്ട് എന്നും മറ്റും. എന്തിനാണെന്ന്, പക്ഷേ, തനിക്കുതന്നെ അറിയില്ല. അത് അതുപോലെ എഴുതിവച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൃതിക്കു പേരിട്ടതുപോലും *ഭാഷാഭാഷ്യം* എന്നാണ്. സായണന്റെ ഭാഷ്യമാണ് വേദഭാഷ്യം. ഒൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലുണ്ടായിരുന്ന ഏക ഹൈന്ദവ സാമ്രാജ്യമായിരുന്ന ബുക്ക–ഹരിഹരന്മാരുടെ വിജയനഗരസാമ്രാജ്യത്തിലെ മന്ത്രിയായിരുന്നു സായണൻ. അതായത് ഒന്നാംതരം രാഷ്ട്രീയക്കാരൻ. അന്ന് അദ്ദേഹം തന്റെ ധർമ്മമായി കരുതിയിരുന്നത് ഇന്നത്തെ ആർ. എസ്. എസുകാർ പറയുന്നതുപോലെത്തന്നെയാണ് ഫലത്തിൽ. പക്ഷേ അദ്ദേഹം അന്നത്തെ നിലയ്ക്കുള്ള ഒന്നാംകിടയിലുള്ള

യജ്ഞമെന്നത് സാധനങ്ങളും മറ്റും എത്തിക്കുക തുടങ്ങി അവഭൃഥസ്നാനം (ആറാട്ടുകുളി)വരെ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ജനകീയോത്സവമാണ്. പിൽക്കാലത്താണ് അത് തനി ചടങ്ങാക്കി മാറ്റി ക്ലാസിക്കൽ യജ്ഞങ്ങൾ എന്നൊക്കെ ഇപ്പോൾ പറയുന്ന രീതിയിലേക്ക് എത്തിയത്. ഈ നിലയ്ക്കല്ലാതെ പണ്ടത്തെ യജ്ഞങ്ങളിൽ ത്യാഗം ഒരംശമാണ്; എന്നുവച്ചാൽ ത്യജിക്കലാണ്, എല്ലാം കൊടുക്കലാണ്, അത്. “ഇദം ന മമ’’ (ഇത് എന്റേതല്ല) എന്നു പറഞ്ഞുകൊണ്ടാണ് ഓരോ ദാനവും. കൂടാതെ ദേവതാവർണനങ്ങളും സ്തുതികളുമാണ് *ഋഗ്വേദ*ത്തിന്റെ വലിയൊരു ഭാഗം. ഇന്ദ്രൻ, അഗ്നി, വായു, ഉഷസ്സ് തുടങ്ങിയ വീരനായകന്മാരോ പ്രകൃതിപ്രതിഭാസങ്ങളോ ആണ് മിക്ക ദേവതകളും. ഉഷസ്സിനെ ഒരു സുന്ദരിയായി വർണ്ണിക്കുകയാണ്. കാവ്യസൗന്ദര്യമാണ് നമുക്കവിടെ ആസ്വദിക്കാവുന്നത്. ഉദിച്ചുയരുന്ന പ്രഭാതം കാണുമ്പോഴുള്ള പ്രാചീനാര്യന്മാരുടെ ആനന്ദമാണ് നാം അപ്പോൾ അനുഭവിക്കുന്നത്. അതുപോലെ പലതും കാണാം. ഇന്ദ്രൻ വലിയ യോദ്ധാവാണ്. അങ്ങനെ നോക്കുമ്പോൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റി അന്നത്തെ ആൾക്കാർക്ക് അഥവാ പണ്ഡിതന്മാർക്കുള്ള ഒരു ധാരണയാണ് *ഋഗ്വേദ*ത്തിൽ പ്രതിപാദിച്ചിരിക്കുന്നതെന്നു പറയാം. ദൈവവും മനുഷ്യനുമൊക്കെ “എടോ’’ എന്നൊക്കെയാണ് പലപ്പോഴും വിളിക്കുന്നത്. സുഹൃത്ത് എന്ന നിലയ്ക്കാണ്. ഇന്ദ്രൻ ഇവിടെ വന്ന് യുദ്ധത്തിന് സഹായിക്കും; നമ്മൾക്ക് അങ്ങോട്ടും പോകണം തുടങ്ങിയവയൊക്കെ ഇവിടെ പ്രതിപാദ്യങ്ങളാണ്. കൂടാതെ ഇവരുടെ മദ്യപാനം, സോമപാനം, മധുപാനം എന്നിവയെല്ലാം വർണിക്കപ്പെടുന്നുണ്ട്. സോമം ഇപ്പോൾ നമ്മൾ കാണുന്ന മദ്യമല്ല. അതിന് മാധുര്യമാണുള്ളത്. പക്ഷെ ലഹരിയുണ്ട്. എന്നാൽ കള്ളല്ല. ഇന്നു പറയുന്ന കള്ളിന് /ചാരായത്തിന് പകരം അന്ന് പറഞ്ഞിരുന്ന പേര് “സുരാ’’ എന്നാണ്. സൗത്രാമണി എന്ന യാഗത്തിന്റെ അവസരത്തിൽ സുര കുടിക്കണം എന്നും കുടിച്ച് അന്യോന്യം അശ്ലീലം പറയണം എന്നും കാണുന്നു.

**ചോദ്യം:** *ഋഗ്വേദത്തിന്റെ മലയാളപരിഭാഷ എന്ന ശ്രമകരമായ ഉദ്യമത്തിലാണല്ലോ മാഷ്; ഏതു നിലയ്ക്കുള്ള പരിഭാഷയാണ് ഉദ്ദേശിക്കുന്നത്?*

**മറുപടി:** *ഋഗ്വേദ*ത്തിന്റെ മലയാള ഗദ്യപരിഭാഷയാണ് ഉദ്ദേശിക്കുന്നത്. കുട്ടികൃഷ്ണമാരാരും മറ്റും കുമാരസംഭവം, രഘുവംശം മുതലായ കാളിദാസകൃതികൾക്കു ചെ.യ്തതുപോലെ. അന്വയം, മലയാളത്തിലുള്ള അർത്ഥം, അത്യാവശ്യം വേണ്ടിവരുന്ന കുറിപ്പുകൾ, പിന്നെ സാമാന്യം വിസ്തരിച്ചൊരു അവതാരിക എന്ന നിലയ്ക്കാണ് ഉദ്ദേശിക്കുന്നത്. ആകെയുള്ള പത്തു മണ്ഡലങ്ങളിൽ ഏറ്റവും വലിയവ ഒന്നാമത്തെയും പത്താമത്തെയുമാണ്. 191 സൂക്തങ്ങൾ വീതമാണ് അവയിലുള്ളത്. ഒന്നാം മണ്ഡലത്തിലെ 191 സൂക്തങ്ങളിൽ മധുച്ഛന്ദസ് വൈശ്വാമിത്രന്റെ ആദ്യത്തെ പത്തു സൂക്തം യജ്ഞാഗ്നിയെ വർണിക്കുന്നു. അടുത്ത സൂക്തത്തിൽ ഇന്ദ്രൻ വൃത്രവധാദിവീരകർമങ്ങളാണ്. കാണ്വ മേധാതിഥിയുടെ 12–23 സൂക്തങ്ങൾ വിവിധദേവതകൾക്കു സമർപ്പിക്കുന്നു. ബ്രഹ്മണസ്പതി, സവിതാവ്, ഋഭുക്കൾ തുടങ്ങിയ ദേവന്മാരെപ്പറ്റിയുള്ള ഈ സൂക്തങ്ങളിൽ മിക്കതും ഗായത്രീവൃത്തത്തിലാണ്. ആപ്രീസൂക്തങ്ങളെന്ന പേരിൽ അറിയപ്പെടുന്നവയും വിവിധരൂപങ്ങളിൽ വരുന്ന അഗ്നിയുടെ സ്തുതികളുമായ സൂക്തങ്ങളിൽ ആദ്യത്തേത് 13–ാം സൂക്തമാണ്. പതിനെട്ടാം സൂക്തത്തിൽ ബൃഹസ്പതി മുതലായവരെപ്പോലെ ദക്ഷിണയും ദേവതയാണ്. അതായത് ആ സൂക്തത്തിലെ അഞ്ചാം പദ്യം ദക്ഷിണയ്ക്കാണ് സമർപ്പിക്കപ്പെടുന്നത്. ഋഭുക്കളെപ്പറ്റിയാണ് ഇരുപതാം സൂക്തം. കരകൗശലവിദഗ്ധരായ ഋഭുക്കൾ ആദ്യം മനുഷ്യരായിരുന്നു. വിസ്മയകരമായ തങ്ങളുടെ പ്രവൃത്തികൾ കൊണ്ട് അവർ ദേവത്വം നേടിയെന്ന് ഈ സൂക്തത്തിൽ പറയുന്നു. കാണ്വ മേധാതിഥിയുടെ 22–ാം സൂക്തം അശ്വികൾ, അഗ്നി, സവിതാവ്, വിഷ്ണു എന്നീ ദേവന്മാരോടൊപ്പം ഇന്ദ്രാണി, വരുണാനി, അഗ്നായി, ഭൂമി എന്നീ ദേവിമാരെക്കൂടി സ്തുതിക്കുന്ന സൂക്തമാകുന്നു. ഒന്നാം മണ്ഡലത്തിലെ 24 മുതൽ 30 വരെ സൂക്തങ്ങൾ ശുനഃശേപ (–ശേഫ– എന്നും പാഠമുണ്ട്) ആജീഗർത്തിയുടെ രചനയാണ്. ഈ സൂക്തങ്ങളിലെ പദ്യങ്ങൾ മുഴുവൻ ചൊല്ലിത്തീർന്നപ്പോൾ അവൻ വരുണപാശത്തിൽനിന്നു മുക്തനായി എന്നാണ് കഥ. ഇവ തന്റെതന്നെ കഥ പറയുന്നു. വരുണന്റെ ശിക്ഷാവിധിയെക്കുറിച്ചുള്ള ചില സൂചനകൾ ഇവിടെ കാണാം. 28–ാം സൂക്തം യജമാനനും പത്നിയും കൂടി ഉരലും ഉലക്കയുമുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് യജ്ഞം ചെയ്യുന്നതായി വിവരിക്കുന്നു. യജമാനൻ മാത്രം ചെയ്തുപോന്ന യജ്ഞത്തിൽ പത്നി കൂടി പങ്കെടുക്കുന്നത് യജ്ഞവിധികളിലെ ഒരു പുരോഗമനഘട്ട

മായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹിരണ്യസ്തൂപ ആംഗിരസന്റെ 30–35 സൂക്തങ്ങൾ വൃത്രവധത്തിന്റെ സവിസ്തരവിവരണണുൾക്കൊള്ളുന്ന 31–32 സൂക്തങ്ങളുൾക്കൊള്ളുന്നു. 32–ാം സൂക്തം 31–ന്റെയത്ര പ്രസിദ്ധമല്ലെങ്കിലും അത്രതന്നെ പ്രസിദ്ധമാകേണ്ടതാണ്. ഏകപക്ഷീയമായ യുദ്ധത്തിൽ വൃത്രനെ കൊന്നതിനുശേഷം അവന്റെ അമ്മ ദാനുവെയും കൊല്ലുന്നു. അതിലെ അവസാനപദ്യം ഇന്ദൻ രാജാവായി വാഴ്ത്തപ്പെടുന്നതാണ്. 34–ന്റെ ആദ്യത്തെ മൂന്നു പദ്യങ്ങൾ അശ്വിദേവന്മാരുടെ സവിശേഷമായ തേരിന്റെ മൂന്ന് എന്ന സംഖ്യയുടെ ആവർത്തനമുൾക്കൊള്ളുന്ന വർണനമത്രേ. അടുത്ത എട്ടു സൂക്തങ്ങൾ (1. 36 –43) കണ്വ ഘൗരന്റേതാണ്. കണ്വവംശം ഈ പരമ്പരയിൽ ഇടയ്ക്കിടെ വരുന്നുണ്ട്. മുപ്പത്താറാം സൂക്തം സമുദായഗോത്രാഗ്നിയെ പ്രകീർത്തിക്കുന്ന സൈനികപ്രധാനമായൊരു സൂക്തമാകുന്നു. ഈ സമാഹാരത്തിൽ ഇന്ദ്രസൂക്തങ്ങളില്ലെന്നത് ഒരു പ്രത്യേകതയാകുന്നു. പക്ഷേ, മൂന്നു സൂക്തങ്ങൾ (1. 37–39) ഇന്ദ്രന്റെ സഹചരരായ മരുത്തുക്കൾക്കു സമർപ്പിക്കപ്പെട്ടവയത്രേ. 1. 40 ആകട്ടെ, ബ്രഹ്മണസ്പതിക്കുള്ളതും. ഇന്ദ്രനെ ബ്രഹ്മണസ്പതിയുമായി താദാത്മ്യകരണം ചെയ്തിട്ടുള്ളതായി കാണാം. ഈ സൂക്തങ്ങളുടെ ശൈലി പൊതുവിൽ അസങ്കീർണവും സന്തുലിതവുമാകുന്നു. 41–ാം സൂക്തം ആദിത്യന്മാരെ സ്തുതിക്കുന്നത്. ദേവന്മാരെ വിധ്യാത്മകമായി സ്തുതിക്കുകയാണു വേണ്ടതെന്ന് ഇതു വ്യക്തമാക്കുന്നു. അടുത്ത സൂക്തം പൂഷാവിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. രുദ്രനും മിത്രനും സോമനും ദേവതകളായ അടുത്ത സൂക്തത്തിൽ രുദ്രനെ തികച്ചും സൗമ്യഭാവത്തിൽ ചിത്രീകരിക്കുന്നു. അടുത്ത സൂക്തസമാഹാരം (1. 44–50) പ്രസ്കണ്വ കണ്വന്റേതാണ്. ഇവയെല്ലാം പ്രാതരനുവാകത്തിന്റെ സവിശേഷതകളുൾക്കൊള്ളുന്നവയാകുന്നു. പ്രസ്കണ്വകണ്വസൂക്തങ്ങൾ പ്രാതഃകാലപ്രകാശകനും പ്രഭാതദേവതകളായ അശ്വികൾ, ഉഷസ്സ്, ഉദയസൂര്യൻ എന്നിവരെ കൊണ്ടുവരുന്നവനുമായ അഗ്നിക്കു സമർപ്പിക്കപ്പെട്ടവയത്രേ. അൻപതാം സൂക്തം മഞ്ഞപ്പിത്തത്തിനുള്ള ചികിത്സയുൾക്കൊള്ളുന്നു. സവ്യ അംഗിരസന്റെ അടുത്ത ഏഴു സൂക്തങ്ങൾ ഇന്ദ്രന്റെ വീരകർമങ്ങളെപ്പറ്റി. അൻപത്തഞ്ചാം സൂക്തം ഇന്ദ്രൻ യുദ്ധത്തിലും സമാധാനത്തിലും തന്റെ കൃത്യങ്ങൾ നിർവഹിക്കുന്നതായി വിവരിക്കുന്നു. വൃത്രകഥയോടെ ഈ സൂക്തം അവസാനിക്കുന്നു. അൻപത്താറിൽ

1. 4. മാക്സ് മുള്ളർ, എച്ച്. എച്ച്. വിൽസൺ, ദയാനന്ദ സരസ്വതി, ഗ്രിഫിത്ത്, മാക്ഡോണൽ, അരവിന്ദൻ, വെന്റി ഡോനിജർ, മിഷേൽ വിറ്റ്സൽ, ജാമിസൺ & ബ്രെറെർട്ടൺ എന്നിവരുടേതായി ശ്രദ്ധേയമായ നിരവധി *ഋഗ്വേദ*പരിഭാഷകൾ വിവിധ ഭാഷകളിലായി രചിക്കപ്പെട്ടിട്ടുണ്ട്. ഈ ഓരോ പരിഭാഷയെയും വിഷയസമീപനത്തിന്റെ അടിസ്ഥാനത്തിൽ മാഷെങ്ങനെ വിലയിരുത്തുന്നു?

ഇപ്പറഞ്ഞവരിൽ പലരുടെയും പരിഭാഷകൾ ഞാൻ മനസ്സിലാക്കിയിടത്തോളം സമ്പൂർണമല്ല; ഭാഗികം മാത്രമാണ്. മാക്സ് മുള്ളർ മുഖ്യമായും മരുത്സൂക്തങ്ങളേ വിവർത്തനം ചെയ്തിട്ടുള്ളൂ. പിന്നെ, *സെയ്ക്രഡ് ബുക്സ് ഓഫ് ഈസ്റ്റി*ലെ 32–ാം വാല്യത്തിലെ മറ്റു ചില ദേവന്മാരെക്കുറിച്ചുള്ള സൂക്തങ്ങളുടെ വിവർത്തനങ്ങളും. ഈ ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം ഞാൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട് (സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ച മാക്സ് മുള്ളറുടെ *ഋഗ്വേദസംഹിത*, 2015 നോക്കുക). ഈ ആംഗലവിവർത്തനത്തിന് ഒരു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഇതിന്റെ സുദീർഘമായ പഠനരൂപത്തിലുള്ള അവതാരിക പണ്ഡിതന്മാർക്കുപോലും ഏറെ വിജ്ഞാനപ്രദമാണ്. ആദ്യകാലസംരംഭമെന്ന നിലയിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. ഏതാണ്ട് അതേ കാലത്തു വന്ന ഗ്രിഫിത്തിന്റെ ആംഗലപരിഭാഷയും ചരിത്രപരമായ പ്രാധാന്യത്തിൽ കവിഞ്ഞ് മറ്റൊന്നും അർഹിക്കുന്നതായി തോന്നുന്നില്ല. അത് സമ്പൂർണവുമല്ല. ജാമിസൺ–ബ്രെറെർട്ടൺ ആംഗലതർജമയൊഴിച്ച് മറ്റെല്ലാം ഭാഗികം മാത്രമാണുതാനും. മൂലപദ്യങ്ങളുമായി താരതമ്യപ്പെടുത്താൻ ഇവയൊന്നും സൗകര്യം തരുന്നില്ലെന്നും എടുത്തുപറയണം. അതവരുടെ ഉദ്ദേശ്യത്തിൽ പെടുന്നില്ലെന്നു തോന്നുന്നു.

1. 5. ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും മാർക്സിസ്റ്റായ ദേവീപ്രസാദ് ചതോപാധ്യായയും സംസ്കൃതത്തിലെ പ്രാചീനകൃതികളോട് സ്വീകരിക്കുന്ന സമീപനങ്ങൾ തമ്മിലുള്ള വ്യതിരിക്തത എങ്ങനെ വിലയിരുത്തുന്നു?

ഓറിയന്റലിസ്റ്റ്, മാർക്സിസ്റ്റ് തുടങ്ങിയ ലേബലുകൾക്കൊന്നും ഞാൻ വലിയ പ്രാധാന്യം കല്പിക്കുന്നില്ല. കൃതികൾ വായിച്ച് അവയെ വിലയിരുത്തുന്നതാണ് എനിക്ക് അഭിമതം. മാക്സ്മുള്ളറും ദേവീപ്രസാദും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയാവില്ല. ദേവീപ്രസാദിനു ലഭിച്ച മാർക്സിയൻ വിജ്ഞാനത്തിന്റെയോ അപഗ്രഥനത്തിന്റെയോ തെളിച്ചം മാക്സ്മുള്ളർക്കുണ്ടാവില്ലല്ലോ! മുള്ളറുടെ വിവിധ ദർശനപാണ്ഡിത്യഗരിമ ദേവീപ്രപസാദിലും അനുഭവപ്പെടുന്നില്ല. വൈരുധ്യാത്മകഭൗതികവാദം പ്രാചീനഭാരതീയദർശനത്തിലും സയൻസിന്റെ പാരമ്പര്യത്തിലും പ്രയോഗിച്ച് ഈ രണ്ടു പാരമ്പര്യങ്ങളിലും പൊളിച്ചെഴുത്തു നടത്തിയ ദേവീപ്രസാദിന്റെ സമീപനത്തോടാവും സ്വാഭാവികമായും നമുക്കു താല്പര്യമുണ്ടാവുക.

1. 6. പരിഭാഷയ്ക്കിടയിൽ മാർക്സിസ്റ്റായ ഉണിത്തിരിമാഷും ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും തമ്മിൽ സമീപനത്തിലും രീതിശാസ്ത്രത്തിലും കലഹിക്കുന്നുണ്ടോ?

മാർക്സിസ്റ്റും ഓറിയന്റലിസ്റ്റും തമ്മിലുള്ള 'കലഹ'ത്തിന്റെ പ്രശ്നമൊന്നും ഇവിടെയില്ല. മാക്സ് മുള്ളറുടെ സമസ്തവിജ്ഞാനശാഖാധിഷ്ഠിതമായ പാണ്ഡിത്യമോ താരതമ്യശൈലിയോ ഒന്നും എന്റെ ഈ മലയാളഗദ്യപരിഭാഷയിൽ ആവശ്യമില്ല. സഹൃദയരായ മലയാളികൾക്ക് *ഋഗ്വേദ*ത്തിന്റെ പൊതുസ്വഭാവവും കാവ്യസൗന്ദര്യവും പരിചയപ്പെടുത്തുക എന്ന താരതമ്യേന ജനകീയവും ലളിതവുമായ ഉദ്ദേശ്യമേ എനിക്കുള്ളൂ.

1. 7. *ഋഗ്വേദ*വ്യാഖ്യാനങ്ങളിലും പഠനങ്ങളിലും ഐതിഹാസികം, നൈരുക്തികം എന്നിങ്ങനെ രീതിശാസ്ത്രങ്ങളുള്ളതായി അറിയാം; യഥാർത്ഥത്തിൽ അവ എന്താണ് ഉദ്ദേശിക്കുന്നത്? പ്രസ്തുത വിവർത്തനത്തിൽ മേൽപ്പറഞ്ഞ സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടോ, അല്ലെങ്കിൽ കാലാനുസൃതമായ

മറ്റേതെങ്കിലും രീതിശാസ്ത്രമാണോ പിൻപറ്റുന്നത്?

ആധിഭൗതികം, ആധിദൈവികം, ആധ്യാത്മികം, യാജ്ഞികം, നൈരുക്തികം, ഏകദേവതാസിദ്ധാന്തപരം, രഹസ്യാത്മകവാദപരം തുടങ്ങി *ഋഗ്വേദ*ത്തിന് പല തരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ഭൗതികം മാത്രമായത്, ദൈവികം മാത്രമായത്, ആത്മീയം മാത്രമായത്, മന്ത്രങ്ങൾക്ക് യജ്ഞത്തിലെ വിനിയോഗം കണക്കിലെടുത്തുകൊണ്ടുള്ളത്, നിരുക്തപരമായ അർഥം/അർഥങ്ങൾ പരിഗണിച്ചുകൊണ്ടുള്ളത്, *ഋഗ്വേദം* ഏകദേവതാസിദ്ധാന്തം അംഗീകരിച്ചുകൊണ്ടുള്ളതാണെന്ന ദയാനന്ദസരസ്വതിയുടെ വ്യാഖ്യാനരീതി, ആധ്യാത്മികമായ രഹസ്യാർഥം അംഗീകരിച്ചുകൊണ്ടുള്ള അരവിന്ദഘോഷിന്റെ വ്യാഖ്യാനരീതി എന്നൊക്കെ ഇവയ്ക്കു യഥാക്രമം അർഥം പറയാം. എന്റെ *ഋഗ്വേദമലയാളഗദ്യപരിഭാഷ*യിൽ ഇവയിൽ പലതും യഥോചിതം അംഗീകരിക്കുന്നുണ്ടെങ്കിലും പൊതുവിൽ സ്വീകരിക്കുന്നത് യാസ്കന്റെ നൈരുക്തികരീതിക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യാഖ്യാനസമ്പ്രദായമാണ്. ക്രി. മു. നാലാം നൂറ്റാണ്ടിലേതെന്നു വിശ്വസിക്കപ്പെടുന്ന വേദനിഘണ്ടുവാണ് യാസ്കന്റെ *നിരുക്തം*. ഇന്ന വാക്കിന് ഇന്ന അർഥമേ പറയാവൂ എന്ന പിടിവാശിയൊന്നും യാസ്കന്നില്ല. ഇങ്ങനെയുമാവാം, അങ്ങനെയുമാവാം എന്ന ഭാവമാണ് *നിരുക്ത*കാരന്. ഈ സംഭാഷണത്തിന്റെ ആരംഭത്തിൽ പരാമർശിച്ച ജാമിസൺ–വെർഡെർട്ടൺമാരുടെ *ഋഗ്വേദ*ത്തിന്റെ സമ്പൂർണാംഗലവിവർത്തനം ഏറിയകൂറും ഈ നൈരുക്തികരീതിയാണ് പിൻതുടരുന്നതെന്നതിനാൽ ഞാനും ആ പരിഭാഷയെയാണ് മുഖ്യമായി ഉപജീവിക്കുന്നത്.

2. 1. വേദങ്ങളുടെ കാലഗണനയെക്കുറിച്ചുള്ള തുടർച്ചയായ തർക്കങ്ങളോട് മാഷെങ്ങനെ പ്രതികരിക്കുന്നു?

അനാദിയാണ്, അപൗരുഷേയമാണ്, വേദം എന്നു വിശ്വസിക്കുന്ന പാരമ്പര്യവാദികൾക്ക് *ഋഗ്വേദ*ത്തിന്റെ കാലമേതെന്ന് ആലോചിച്ചു ബുദ്ധിമുട്ടേണ്ടതില്ല. ക്രി. മു. 1500 എന്നാണ് പൊതുവിൽ പാശ്ചാത്യപണ്ഡിതന്മാർ കാലം കണക്കാക്കിയിട്ടുള്ളത്. ബാലഗംഗാധരതിലകനെപ്പോലുള്ളവർ രണ്ടുമൂന്നു സഹസ്രാബ്ദങ്ങൾകൂടി പ്രാചീനത കല്പിക്കുന്നു. ഏതായാലും, അഖിലലോകാടിസ്ഥാനത്തിൽത്തന്നെ ഏറ്റവും പഴക്കം ചെന്ന ബൃഹത്തായ സാഹികൃതിയാണിതെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

2. 2. ദേവീപ്രസാദ് ചതോപാധ്യായയുടെ സമീപനം തന്നെയാണോ വേദങ്ങളോടുള്ള മാർക്സിസ്റ്റ് സമീപനം? പിൽക്കാലത്ത് എന്തെങ്കിലും മാറ്റങ്ങളുണ്ടായിട്ടുണ്ടോ?

ദേവീപ്രസാദ്, മുൻപ് പറഞ്ഞതുപോലെ, ഭാരതീയദർശനങ്ങളിലും ഇന്ത്യൻ സയൻസിന്റെ ചരിത്രത്തിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്; വേദങ്ങളിലല്ല.

2. 3. മാക്സ് മുള്ളറുടെ *ദി സയൻസ് ഓഫ് ലാംഗ്വേജും* മറ്റുമാണല്ലോ താരതമ്യഭാഷാശാസ്ത്രത്തിന്റെ ഉത്പത്തിക്ക് കാരണമായത്. പ്രസ്തുത ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ രചനയിൽ വേദങ്ങളും മറ്റു ക്ലാസിക്കൽ കൃതികളും പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. പിന്നീട് ആര്യൻ അധിനിവേശത്തിന്റെയും മറ്റും ചരിത്രരചനയിൽ താരതമ്യഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ നിർണ്ണായകപങ്ക് വഹിക്കുന്നുണ്ട്.

പിൽക്കാലത്ത് മാക്സ് മുള്ളർ തന്നെ അദ്ദേഹത്തിന്റെ പ്രസ്തുത ആര്യൻ സിദ്ധാന്തത്തിൽ നിന്ന് പിറകോട്ടുപോയതായിക്കാണാം. *ഋഗ്വേദം* ആഴത്തിൽ പഠനവിധേയയാക്കിയ ആളെന്ന നിലയ്ക്ക് പ്രസ്തുത വിഷയത്തിലുള്ള കാഴ്ച്ചപ്പാടെന്താണ്?

ഇക്കാര്യം റോമില ഥാപ്പറെപ്പോലുള്ള വിഖ്യാതചരിത്രകാരർ ചർച്ചചെയ്ത് ശരിയായ നിഗമനത്തിലെത്തിയിട്ടുണ്ട്. അതിൽനിന്നു വ്യത്യസ്തമായ ഒരഭിപ്രായം എനിക്കില്ല.

3. 1. ഋഗ്വേദം നൂറ്റാണ്ടുകളായി വാമൊഴിപാരമ്പര്യത്തിലൂടെ കടന്നുവന്ന ഒന്നാണല്ലൊ; ഒരു ഗ്രന്ഥമായി *ഋഗ്വേദം* രൂപപ്പെടുന്നത് വളരെ പിൽക്കാലത്താണ്. സ്വാഭാവികമായും ഏറെക്കാലം വാമൊഴിയായി പ്രചാരത്തിലിരുന്ന പാരമ്പര്യം എന്ന നിലയ്ക്ക് നിരവധി കൂട്ടിച്ചേർക്കലുകൾക്കും മറ്റും പ്രസ്തുത ഗ്രന്ഥം വിധേയമായിട്ടുണ്ടാകും; ഇങ്ങനെയിരിക്കെ *ഋഗ്വേദ*ത്തിന്റെ രൂപീകരണചരിത്രം ഒന്നു വിശദീകരിക്കാമോ?

3. 2. വേദങ്ങളുടെ വാമൊഴിപാരമ്പര്യത്തെ നിഷേധിച്ചുകൊണ്ടാണല്ലോ പത്തൊമ്പതാം നൂറ്റാണ്ടിലെ പാഠസംസ്കരണം നടന്നത്; ഇത് വേദങ്ങളുടെ ചരിത്രജീവിതത്തെ നിഗൂഢമാക്കുന്നില്ലേ?

ഈ രണ്ടു ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയാം:

വള്ളത്തോളിന്റെ *ഋഗ്വേദവിവർത്തന*ത്തിന് സർദാർ കെ. എം. പണിക്കർ എഴുതിയ ആമുഖത്തിൽ ഇതേപ്പറ്റി വിസ്തരിക്കുന്ന ഭാഗം ഉദ്ധരിക്കുന്നു: "ഋഗ്വേദം ഓത്തിന് (ഉറക്കെച്ചൊല്ലുന്നതിന്) ഉപയോഗിക്കുന്ന മന്ത്രങ്ങളുടെ ഒരു സംഹിതയാണ്. ആകെ പത്തു മണ്ഡലങ്ങളിലായി വിഭജിച്ചിട്ടുള്ള 1017 സൂക്തങ്ങളും 10472 ഋക്കുകളും ഋഗ്വേദത്തിലടങ്ങിയിരിക്കുന്നു. 'ജാനന്നപി ത്വിഷാമോദം സയജ്ഞഃ പാ തനാ നരഃ രസം ഭിന്നായ' *ജാനൻ* 8 അഷ്ടകം; *അപി* 10 മണ്ഡലം; *ത്വിഷാ* 64 അധ്യായം; *മോദം* 85 അനുവാകം; *സയജ്ഞഃ പാ* 1017 സൂക്തം; *തനാനരഃ* 2006 വർഗം; *രസം ഭിന്നായ* 10472 ഋക്കുകൾ – ഇങ്ങനെയാണു പറഞ്ഞുകാണുന്നത്. കൂടാതെ ബാലഖില്യമെന്നു പറയുന്ന പതിനൊന്നു സൂക്തങ്ങൾ കൂടിയുണ്ടെങ്കിലും സാധാരണയായി അവയെ *ഋഗ്വേദസംഹിത*യിൽ ഉൾപ്പെടുത്താറില്ല.

"*ഋഗ്വേദ*ത്തിന് പാഠഭേദങ്ങളില്ല. ഇത്ര പുരാതനവും ഭാരതത്തിലാകെ പ്രചരിക്കുന്നതുമായ ഒരു ബൃഹദ്ഗ്രന്ഥത്തിനു പാഠഭേദങ്ങളില്ലാതിരിക്കുന്നത് ആശ്ചര്യമാണല്ലോ. ശ്രുതിവാക്യങ്ങൾക്കു വ്യത്യാസം വരാതിരിക്കാനായി ആദ്യകാലം മുതൽക്കേ ചെയ്ത നിഷ്കർഷകൾ കൊണ്ടാണ് സർവതഃശുദ്ധവും എല്ലാവരും അംഗീകരിക്കുന്നതുമായ ഒരു പാഠം നിലവിലിരിക്കുന്നത്. ഈ നിഷ്കർഷകൾ എന്തായിരുന്നു എന്നു പറയാം: വേദത്തിനു *പദപാഠം* എന്നൊന്നുണ്ട് – അതായത്, *സംഹിത*യിലെ എല്ലാ വാക്കുകളെയും സന്ധിയിലും സമാസത്തിലും നിന്നു വേർപെടുത്തി പ്രത്യേകമായി എടുക്കുന്നു. ഇതിനെത്തുടർന്നു *ക്രമപാഠം* എന്നു വേറെ ഒന്നുണ്ട്: *പദപാഠ*ത്തിലെ ഓരോ വാക്കുമെടുത്ത് അതിനു മുൻപിലത്തെ വാക്കും പിൻപിലത്തെ വാക്കും കൂട്ടിച്ചേർത്തുള്ള പാഠമാണ് അത്. അതിനെത്തുടർന്നാണ് *ജടാപാഠം*. ജടാപാഠമെന്നാൽ കൂട്ടിയിണക്കിയ പാഠമെന്നർഥം. ഇതിൽ തെറ്റു കടന്നുകൂടാതിരിക്കാനാണ്, *ഘനപാഠം*. *പദപാഠ*ത്തിൽ പ്രത്യേകമായി അപഗ്രഥിച്ചിട്ടുള്ള വാക്കുകളെ തിരികെ കൂട്ടിയിണക്കി *സംഹിത*യാക്കുന്നതിനുള്ള നിയമങ്ങളത്രേ, *പ്രാതിശാഖ്യം*. ഇവയ്ക്കെല്ലാം പുറമെ *ഋഗ്വേദ*ത്തിന് ഒര*നുക്രമണിക*യുമുണ്ട്. അതിൽ ഓരോ മന്ത്രവും അതിന്റെ ഋഷി, ഛന്ദസ്സ്, ദേവത എന്നിവയും *സംഹിത*യിലുള്ള ക്രമത്തിൽ കൊടുത്തിരിക്കുന്നു. ഇത്രയും വലിയ നിഷ്കർഷ ലോകത്തിൽ വേറെ ഒരു ഗ്രന്ഥത്തിനും ഉണ്ടായിട്ടില്ലതന്നെ. ഇതിന്റെ ഫലമായി മൂവായിരത്തിയഞ്ഞൂറു വർഷത്തിൽ കുറയാതെ പഴക്കമുള്ള *സംഹിത*യുടെ പാഠം ഇന്നും പരിശുദ്ധമായിത്തന്നെയിരിക്കുന്നു!" (ആമുഖം, പേജ് 13–14) അദ്ദേഹം തുടർന്നു വിവരിക്കുന്നു: "*ഋഗ്വേദ*ത്തിന് ആകെ പത്തു മണ്ഡലങ്ങളാണെന്നു പറഞ്ഞുവല്ലോ. അവയിൽ രണ്ടു തൊട്ട് ഏഴു വരെയുള്ളവ ഓരോ ഋഷികുലത്തിൽ രചിക്കപ്പെട്ടിട്ടുള്ളവയാണ്. രണ്ടാം മണ്ഡലം ഭാർഗവകുലത്തിന്റേതും മൂന്നാമത്തേത് വിശ്വാമിത്രകുലത്തിന്റേതും നാലാമത്തേത് വാമ

ദേവന്റേതും അഞ്ചാമത്തേത് അത്രിയുടേതും ആറാമത്തേത് ഭരദ്വാജന്റേതും ഏഴാമത്തേതു വസിഷ്ഠന്റേതുമാകുന്നു. എട്ടാമത്തെ മണ്ഡലവും ആദ്യമണ്ഡലത്തിൽ അൻപതു സൂക്തങ്ങളും കണ്വകുലം രചിച്ചവയാണ്. പത്താം മണ്ഡലത്തിനു മറ്റു മണ്ഡലങ്ങളുമായുള്ള ബന്ധം ശിഥിലമാകയാൽ, അത് പിൽക്കാലത്തെഴുതിയതാണെന്നു വാദിക്കുന്നവരില്ലായ്കയില്ല.

"വേദങ്ങൾ അപൗരുഷേയങ്ങളാണെന്നത്രേ ബ്രാഹ്മണവിശ്വാസം. എന്നാൽ ഓരോ സൂക്തത്തിന്റെയും ഋഷിയുടെ പേരു പറഞ്ഞിട്ടുള്ളതുകൊണ്ട്, ആ സൂക്തത്തിന്റെ 'ദർശനം' അദ്ദേഹത്തിന്നുണ്ടായതാണെന്നും അതുകൊണ്ട് സാമാന്യഭാഷയിൽ അതിന്റെ രചയിതാവ് അദ്ദേഹമാണെന്നും നമുക്ക് അനുമാനിക്കാം. അങ്ങനെ ഋഷികൾ ഹോമാദികർമങ്ങൾക്കായി അപ്പോഴപ്പോൾ രചിച്ചുവന്ന സൂക്തങ്ങളെ പിൽക്കാലങ്ങളിൽ സംഭരിച്ചു ക്രമപ്പെടുത്തിയതാണ് വേദസംഹിതയെന്നു വിചാരിക്കാം. അങ്ങനെ ക്രമപ്പെടുത്തിയതു വേദവ്യാസനെന്നു പിന്നീടു പ്രസിദ്ധനായ ബാദരായണകൃഷ്ണനായിരുന്നു. അദ്ദേഹത്തിന്റെ കാലം ഏതാണ്ടു ക്രിസ്തുവിനുമുൻപ് 1800-നും 1500-നും ഇടയ്ക്കാണെന്നു വിശ്വസിക്കാൻ ന്യായങ്ങളുണ്ട്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന പാഠം ശാകല്യൻ ക്രമപ്പെടുത്തിയതാകയാൽ ശാകല്യശാഖയെന്നത്രേ അതിനെ വ്യവഹരിക്കുന്നത്.

"*ഋഗ്വേദ*സൂക്തങ്ങൾ മിക്കവയും സ്തുതികളാണ്: ദേവന്മാരെ സ്തുതിച്ചു പ്രീതിപ്പെടുത്തി അവരോടു ചെയ്യുന്ന പ്രാർഥനകളാണ്. അങ്ങനെയല്ലാതെയും ചില സൂക്തങ്ങൾ, വിശേഷിച്ചും പത്താം മണ്ഡലത്തിൽ, കാണുന്നുണ്ട്. ക്ഷേമത്തിനും സമ്പത്തിനും, വിരോധികളിൽനിന്നുള്ള രക്ഷയ്ക്കും, അവരോടെതിർക്കുമ്പോൾ സാഹായ്യത്തിനുമുള്ള അർഥനകളാണ് മിക്കവയും. മരുപ്പരപ്പുകളിൽനിന്നു വരുന്ന ആര്യന്മാർ സുജലയും സുഫലയും സസ്യശ്യാമയുമായ ഭാരതഭൂമിയിൽ പ്രവേശിക്കുമ്പോൾ അവർക്കു തോന്നിയ ആഹ്ളാദവും വിസ്മയവും പല സ്തോത്രങ്ങളിലും പരിശോഭിക്കുന്നുണ്ട്. സിന്ധുനദീതീരത്തിലെത്തുമ്പോൾ, വലിയ നദികൾ മുൻപു കണ്ടിട്ടില്ലാത്ത അവരുടെ ആശ്ചര്യം എത്രമാത്രമെന്ന് ആ സ്തോത്രംകൊണ്ടറിയാം. നഗരവാസികളും ദുർഗേശന്മാരുമായ ദസ്യുക്കളോട് എതിർത്തു ജയിക്കാതെ മുൻപോട്ടു പോവുക സാധ്യമല്ലാതിരുന്നതിനാൽ, അവരെ തോൽപ്പിക്കാൻ സഹായിക്കണമെന്നാണ്, ഒട്ടുവളരെ മന്ത്രങ്ങളിലുള്ള പ്രാർഥന. അതിനു വജ്രപാണിയായ ഇന്ദ്രന്റെ തുണയാണ് ആവശ്യം. പുരന്ദരനായ ആ മഘവാവിനെ സോമംകൊണ്ടു പ്രീതിപ്പെടുത്തി, സപത്നമർദനവും സമ്പൽസമൃദ്ധിയും സമ്പാദിക്കണമെന്നാണ് മുഖ്യമായ ഉദ്ദേശ്യം." (പേജ് 14-15)

*ഋഗ്വേദ*സ്വരൂപം ഏറെക്കുറെ ഈ ദീർഘമായ ഉദ്ധൃതവാക്യങ്ങളിൽനിന്നു മനസ്സാലായിട്ടുണ്ടാവും. ഇങ്ങനെയൊക്കെയാണെങ്കിലും പ്രാദേശികവും ശാഖാപരവുമായ ചുരുക്കം ചില പാഠഭേദങ്ങൾ *ഋഗ്വേദ*ത്തിൽ കാണാവുന്നതാണ്. പ്രാചീന-മധ്യകാലപാട്ടുസാഹിത്യകൃതികളെപ്പോലെയോ വടക്കൻപാട്ടുകളെപ്പോലെയോ അല്ല *ഋഗ്വേദ*ത്തിന്റെ 'നാട്ടുവഴക്ക' മെന്നർഥം. ചോദ്യത്തിലുള്ള സംശയം ഇപ്പോൾ ദൂരീകരിക്കപ്പെട്ടുകാണുമല്ലോ?

3. 3. ഋഗ്വേദത്തിന്റെ ജനകീയപരിഭാഷ എന്നതുകൊണ്ടെന്താണ് ഉദ്ദേശിക്കുന്നത്?

മുൻപൊരു അഭിമുഖസംഭാഷണത്തിൽ നിങ്ങൾ രണ്ടുപേരുംതന്നെയാണ് 'ജനകീയ'മെന്നു വിശേഷിപ്പിച്ചത്. 'സഹൃദയരായ മലയാളികൾക്ക് പൊതുവിൽ വായിച്ചുമനസ്സിലാക്കാവുന്ന പരിഭാഷ' എന്നാണ് ഞാൻ പറഞ്ഞത്. അതിനെ ജനകീയമെന്നു പറയാമെങ്കിൽ എനിക്കും സമ്മതംതന്നെ.

3. 4. ഋഗ്വേദം ആര്യന്മാരുടെ രചനയാണെന്നാണല്ലോ കരുതിവരുന്നത്; ആ നിലയ്ക്ക് *ഋഗ്വേദം* ഒരു ഹിന്ദുമതഗ്രന്ഥമാണെന്ന് പറയാനാകുമോ?

ഏതാണ്ട് മുഗൾസാമ്രാജ്യത്തിന്റെ ആവിർഭാവം വരെ 'ഹിന്ദു' എന്ന വാക്കിനുതന്നെ, ഇന്നത്തെപ്പോലെ മതമെന്ന അർഥത്തിൽ വിശേഷിച്ച്, പ്രചാരം വന്നിട്ടില്ലെന്നാണ് എന്റെ അറിവ്. സിന്ധുനദിക്കിപ്പുറമുള്ള രാജ്യത്തിൽ നിവസിക്കുന്നവരെക്കുറിക്കാൻ വിദേശികൾ ഉപയോഗിച്ചുതുടങ്ങിയതാവാം അത്. 'സ' ഉച്ചാരണവശാൽ 'ഹ' എന്നാവും പേഴ്സ്യൻഭാഷയിലും മറ്റും. സിന്ധു ഹിന്ദുവായതാണെന്നർഥം. ഇന്ത്യ എന്ന രാജ്യനാമം വന്നതുതന്നെ ഇങ്ങനെയാണെന്നു പറയാം. പത്താം നൂറ്റാണ്ടോടുകൂടിയാണ് ഹിന്ദുശബ്ദം ഒരു പ്രത്യേകമതമെന്ന പേരിൽ പ്രചരിച്ചുതുടങ്ങിയത്. വേദപുരാണേതിഹാസഗ്രന്ഥങ്ങളിലോ ശ്രീശങ്കരകൃതികളിലോ ഒന്നും

പിന്നീട് മുൻകാലപ്രാബല്യം നേടിയ പദം! ഈ അർഥത്തിലും നിബന്ധനയോടുംകൂടിയേ വേദപുരാണേതിഹാസങ്ങളെയും, *ഭഗവദ്ഗീത*യെപ്പോലും, ഹിന്ദുമതഗ്രന്ഥമെന്നു വിശേഷിപ്പക്കാനാവൂ എന്നതാണു വസ്തുത.

3. 5. ഋഗ്വേദലക്ഷാർച്ചനയും മറ്റും നവഹിന്ദുത്വത്തിന്റെ മേമ്പൊടിയിൽ നടക്കുന്ന ഇക്കാലത്ത് ആളുകൾ *ഋഗ്വേദ*ത്തെ ഭയഭക്തിബഹുമാനങ്ങളോടുകൂടിയാണ് കാണുന്നത്. ഈ ആളുകളിൽ എന്ത് മാറ്റമാണ് ഉണിത്തിരിമാഷിന്റെ പരിഭാഷകൊണ്ട് ഉദ്ദേശിക്കുന്നത്?

ഇതിന്നൊക്കെ മതദർശനവുമായെന്തു ബന്ധം? ജനവിശ്വാസവുമായി ബന്ധപ്പെട്ട ആചാരങ്ങളുടെ ഭാഗമല്ലേ ഇവയെല്ലാം? ഉത്സവപ്രിയരാണ് മനുഷ്യരെന്നു പണ്ടുമുതൽക്കെ പറഞ്ഞുവരാറുണ്ട്. ഋഗ്വേദലക്ഷാർച്ചനയൊക്കെ ഉത്സവാനുബന്ധികൾതന്നെയാണെന്നു കാണാം. *ഋഗ്വേദ*ത്തെ ഇത്തരം ആരാധനാമനോഭാവത്തോടെ മാത്രം കാണുന്നവർക്കും ഈ പരിഭാഷയിൽ താല്പര്യം വന്നുകൂടായ്കയില്ല. എത്രകണ്ട് കൂടുതൽപേർ വായിക്കുന്നുവോ അത്രയും ഗ്രന്ഥകർത്താവിനു സന്തോഷമല്ലേ ഉണ്ടാവൂ? വായനയുടെ ഗാഢതയനുസരിച്ച് മാറ്റവും വരാതിരിക്കില്ലെന്നു തീർച്ച. മാറ്റത്തിന്റെ രീതി, പക്ഷേ, ആന്തരവും ബാഹ്യവുമായ പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു.

3. 6. വേദങ്ങളെയും ഉപനിഷത്തുകളെയും മുൻനിർത്തി നവഹിന്ദുത്വശക്തികൾ നടത്തിവരുന്ന പ്രചാരണത്തെ സെക്കുലറിസ്റ്റുകൾ എങ്ങനെയാണ് പ്രതിരോധിക്കേണ്ടത്?

വേദോപനിഷത്തുക്കളാണ് ഭാരതീയസംസ്കാരത്തിന്റെ അടിസ്ഥാനശിലയെന്നും അനാദിയും അപൗരുഷേയവുമായ വേദോപനിഷത്തുക്കളിൽ സൂചിപ്പിക്കുകയെങ്കിലും ചെയ്തിട്ടില്ലാത്ത യാതൊന്നും പിൽക്കാലഭാരതീയസാഹിത്യത്തിൽ കാണുകയില്ലെന്നും വേദോപനിഷദധിഷ്ഠിതമായ ഈ ഭാരതീയസംസ്കാരമാകട്ടെ ആത്മീയം അഥവാ ആശയവാദപരം മാത്രമാണെന്നും ഭൗതികവാദവും യാഥാർഥ്യവാദവുമെല്ലാം അഭാരതീയം അഥവാ പാശ്ചാത്യമാണെന്നും അത് കേവലവാദപരം മാത്രമാണെന്നും വൈരുധ്യവാദം അഭാരതീയം അഥവാ പാശ്ചാത്യമാണെന്നും ഈ ആർഷഭാരതസംസ്കാരവാദികൾ അവകാശപ്പെടുന്നു. എന്നാൽ, വസ്തുതയെന്താണ്? തീർച്ചയായും ആർഷഭാരതസംസ്കാരം ഭാരതീയസംസ്കാരത്തിന്റെ പ്രധാനഭാഗംതന്നെയാണ്.

ആ ആർഷഭാരതസംസ്കാരത്തിൽനിന്നു കിളിർത്തുവന്ന ഭാരതീയദർശനം ഏകശിലാഭിത്തികമല്ല. ബഹുസ്വരതയാണതിന്റെ ആത്മാവ്. വാസ്തവത്തിൽ, ഭാരതീയദർശനങ്ങളെന്നാണു വിളിക്കേണ്ടത്. പരമ്പരാഗതമായ വിഭജനമനുസരിച്ചുതന്നെ ആസ്തികം, നാസ്തികം എന്നിങ്ങനെ ഭാരതീയദർശനം രണ്ടായി തിരിയുന്നു. ആസ്തികം ഷഡ്ദർശനങ്ങളെന്നു കേളികേട്ട സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം എന്നിവയാണ്. നാസ്തികം ബൗദ്ധം, ജൈനം, ചാർവാകം അഥവാ ലോകായതം എന്നിവ. ആസ്തികമെന്നതിന് ഈശ്വരവാദപരമെന്നാണ് അർഥം കല്പിച്ചുവരാറുള്ളതെങ്കിലും ഈ ഒൻപതു ദർശനങ്ങളും സൂക്ഷ്മമായി പഠനവിധേയമാക്കുമ്പോൾ അവയിൽ ബഹുഭൂരിപക്ഷവും നിരീശ്വരവാദപരമോ ഈശ്വരനിൽ ഔദാസീന്യം പ്രകടിപ്പിക്കുന്നവയോ ആണെന്നു വ്യക്തമാവും. സാംഖ്യം അതിപ്രാചീനമാണ്. ബുദ്ധനേക്കാൾ മുൻപ് ഉടലെടുത്തതാണെന്നുവരെ അഭിപ്രായപ്പെടുന്ന ചിന്തകന്മാരുണ്ട്. പ്രകൃതിയാണ് പ്രധാനമെന്നതാണ് ആ ദർശനത്തിലെ പ്രധാനമായ ഒരു സിദ്ധാന്തം. പ്രകൃതി പരിണമിച്ചുണ്ടായതാണ് ഈ സമസ്തചരാചരങ്ങളുമെന്ന് സാംഖ്യം കരുതുന്നു. പൂവ് വിടരു

ന്നപോലെ ആ പ്രവർത്തനം സ്വാഭാവികമായി നടക്കുന്നു. ഇതിനു സ്വഭാവവാദമെന്നു പേര്. സ്വഭാവവാദാധിഷ്ഠിതമാണ് സാംഖ്യം. അതുകൊണ്ട് സാംഖ്യദർശനം സൃഷ്ടിസ്ഥിതിസംഹാരകർത്താവായി ഒരീശ്വരനെ അംഗീകരിക്കുന്നില്ല. യോഗദർശനം സേശ്വരസാംഖ്യം എന്നറിയപ്പെടുന്നതുതന്നെ സാംഖ്യം നിരീശ്വരമെന്ന ഈ വാദത്തിന് ഉപോദ്ബലകമാണ്. എന്നാൽ മറ്റു ദർശനങ്ങളെപ്പോലുള്ള ദർശനമാണോ യോഗം, അഥവാ അതൊരു പ്രായോഗികമാർഗമാണോ എന്ന സംശയം സ്വാഭാവികമായും ഉദിക്കുന്നുണ്ട്. മനസ്സിനെ ഏകാഗ്രമായി നിർത്തിയാൽ സർവേന്ദ്രിയങ്ങളെയും സ്വാധീനമാക്കാമെന്ന പ്രായോഗികദർശനമാണതെന്ന് ഇപ്രകാരമലോചിക്കുമ്പോൾ നമുക്കു ബോധ്യമാകും. ഇന്നു ലോകാടിസ്ഥാനത്തിൽത്തന്നെ ജാതിമതനിരപേക്ഷമായി സാർവത്രികാംഗീകാരം നേടിക്കഴിഞ്ഞ യോഗം അതിന്റെ പ്രായോഗികപരശീലനപദ്ധതി എന്ന പദവി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ചിത്തൈകാഗ്ര്യം നേടുന്നതിന് 'ഈശ്വരപ്രണിധാനാദ്വാ' (ഈശ്വരധ്യാനംകൊണ്ടോ) എന്നു വൈകല്പികമായി പറയുന്നുണ്ടെന്നല്ലാതെ ഈശ്വരധ്യാനംതന്നെ വേണമെന്നു നിഷ്കർഷിക്കുന്നില്ല. ഇഷ്ടമുള്ള ഒന്നിനെ ധ്യാനിച്ചാൽ മതി എന്നു പിന്നീടു പറയുന്ന കാര്യം ശ്രദ്ധിക്കുക. ഇവിടത്തെ ഈശ്വരസംബന്ധികളായ സൂത്രങ്ങൾ സന്ദർഭത്തിൽനിന്നു വേറിട്ടുനിൽക്കുന്നുവെന്നു തോന്നുന്നതുകൊണ്ട് അവ പ്രക്ഷിപ്തമായിരിക്കാമെന്നു ഗാർബ്, ഹിരിയണ്ണ, രാധാകൃഷ്ണൻ മുതലായ ചിന്തകന്മാർ സൂചിപ്പിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. ആദ്യകാലന്യായവൈശേഷികർ ഈശ്വരനെ അംഗീകരിക്കുന്നേയില്ല. പിൽക്കാലന്യായവൈശേഷികരാകട്ടെ അനുമാനപ്രമാണത്തിലൂടെ ഈശ്വരനുണ്ടെന്നു തെളിയിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇതിന്റെ പൊള്ളത്തരം വിജ്ഞാനഭിക്ഷു (ക്രി. പി. 14-ാം ശതകം) തുറന്നുകാട്ടുന്നുണ്ട്. അദ്വൈതവേദത്തിന്റെ സൂക്ഷ്മവിശകലനത്തിൽനിന്ന് അതും നിരീശ്വരമാണെന്ന് ബോധ്യമാകും. അതുകൊണ്ടാണ് 'നിരീശ്വരോഹം' (ഞാൻ നിരീശ്വരനാണ്) എന്നു ശ്രീശങ്കരനും 'പ്രച്ഛന്നബുദ്ധൻ' എന്നു പ്രതിയോഗികളും പറഞ്ഞത്. ഇങ്ങനെ നോക്കുമ്പോൾ ഇന്ത്യൻ നിരീശ്വരവാദം സൈദ്ധാന്തികമായിട്ടെങ്കിലും ശക്തമാണെന്നു കാണാം (കൂടുതൽ വിവരങ്ങൾക്ക് *ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം* എന്ന എന്റെ ലഘുഗ്രന്ഥം നോക്കുക)

3. 7. സംസ്കൃത പാരമ്പര്യം = വൈദികപാരമ്പര്യം/ഹിന്ദുപാരമ്പര്യം എന്നിങ്ങനെയുള്ള നവപ്രത്യയശാസ്ത്ര നിർമ്മിതികളെ ഒരു സംസ്കൃതപണ്ഡിതൻ എന്ന നിലയിൽ മാഷ് എങ്ങനെ നോക്കിക്കാണുന്നു?

സംസ്കൃപാരമ്പര്യത്തിൽ വൈദികപാരമ്പര്യവുമുണ്ട് എന്നല്ലാതെ അതു മാത്രമല്ല വൈദികപാരമ്പര്യമെന്നതിന് ആ പാരമ്പര്യത്തിലെ പ്രബലമായ അവൈദികപാരമ്പര്യംതന്നെ തെളിവാണ്. 'ഹിന്ദു'പാരമ്പര്യമാകട്ടെ, പത്താം നൂറ്റാണ്ടിനുശേഷം വന്നതാണെന്ന് ആ പദംതന്നെ സൂചിപ്പിക്കുന്നു. അപ്പോൾ അതെങ്ങനെ വൈദികപാരമ്പര്യമാകും? സംസ്കൃതത്തിന് അഹിന്ദുക്കൾ നൽകിയ സംഭാവനകൾ പത്തൊൻപതാം നൂറ്റാണ്ടോടുകൂടി അഖിലലോകാടിസ്ഥാനത്തിൽ അനുദിനം വർധിച്ചുവരുന്നുവെന്നുള്ളത് ആ മണ്ഡലം നിരീക്ഷിക്കുന്നവർക്കെല്ലാമറിയാം.

1. ഋഗ്വേദം എന്ന വാക്കുൽപ്പത്തിയെക്കുറിച്ചും വ്യത്യസ്തങ്ങളായ സങ്കൽപ്പനങ്ങളുണ്ട-ല്ലോ?

ഋഗ്+വേദഃ = ഋഗ്വേദഃ. സംസ്കൃതത്തിൽ പുല്ലിംഗമായ ഈ പദം നാം മലയാളത്തിൽ നപുംസകരൂപമായി ഋഗ്വേദം എന്നു പറയുന്നു. ഋഗ്വേദം, യജുർവേദം, സാമവേദം അഥർവവേദം എന്നിവയാണല്ലോ നാലു വേദങ്ങൾ. ഋക്പ്രധാനമായ വേദം, യജുഃ പ്രധാനമായ വേദം, സാമപ്രധാനമായ വേദം, അഥർവപ്രധാനമായ വേദം എന്നിങ്ങനെ സമാനരീതിയിൽ ഇവയ്ക്ക് അർഥം പറയുകയാണെങ്കിൽ, ഋഗ്വേദത്തിന് സ്തുതിപ്രധാനമായ വേദം എന്നർഥം കിട്ടും. 'ഋച സ്തുതൗ' എന്നു ധാതു. 'ഋച് സ്തുതിയിൽ' എന്നർഥം. ഋച എന്നതിലെ അകാരം ഇത്തായതുകൊണ്ട് അതിനു വിലയില്ല. 'ഇത്' എന്നത് പാണിനിയുടെ ഒരു സാങ്കേതികപദമാണ്. ഋച് എന്നാണ് ധാതുസ്വരൂപം. ഋക്ശബ്ദം ചകാരാന്തമാകയാൽ ഇങ്ങനെയാണ് രൂപം വരിക. ഋക് – ഋചൗ – ഋചഃ എന്നിങ്ങനെ പ്രഥമാവിഭക്തിയിൽ ഏക–ദ്വി–ബഹുവചനങ്ങൾ. ഋക്ശബ്ദത്തിന് 'ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നു' എന്നർഥം. 'പാപത്തെ നശിപ്പിക്കുന്നത്' എന്നു സാമത്തിനും 'ദേവന്മാർ ഇതുകൊണ്ട് യജിക്കപ്പെടുന്നു' എന്നു യജുസ്സിനും അർഥം. ത്രയി എന്നതുകൊണ്ട് ഈ മൂന്നു വേദങ്ങളെ അർഥമാക്കുന്നു. അഥർവവേദം പിന്നീടു വേദങ്ങളിൽ പെടുത്തിയതാണ്. മന്ത്രങ്ങളും ആഭിചാരങ്ങളും ഉൾക്കൊള്ളുന്ന ഇതിന്റെ കർത്താവ് അഥർവനാണെന്നു പറയുന്നു.

2. ഋഗ്വേദം പോലുള്ള ഒരു പൗരാണികഗ്രന്ഥത്തിന് മലയാളത്തിൽ നിലവിൽ വിസ്തൃതമായ വിവർത്തനങ്ങൾ ഉണ്ടായിരിക്കേ ഇനിയൊരു വിവർത്തനത്തിന്റെ പ്രസക്തിയെന്താണ്?

പൗരാണികം എന്നതിന് 'പഴയ' എന്നേ അർഥമാക്കുന്നുള്ളുവെങ്കിൽ തെറ്റില്ല. അല്ലെങ്കിൽ ഋഗ്വേദത്തെ വേദഗ്രന്ഥമെന്നുതന്നെ പറയുന്നതാണ് നല്ലത്. പിന്നെ, ഋഗ്വേദത്തിന് മലയാളത്തിൽ രണ്ടു സമ്പൂർണവിവർത്തനങ്ങളേ ഇതുവരെ അച്ചടിച്ചുവന്നിട്ടുള്ളൂ. അവ വള്ളത്തോളിന്റേയും ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാടിന്റേതുമാണ്. അതിൽ വള്ളത്തോളിന്റേത് ഗദ്യത്തിലും പദ്യത്തിലുമായിട്ടാണ്. മുപ്പതാം വയസ്സിലേ ഉണ്ടായിരുന്ന തന്റെ മോഹം എഴുപത്തഞ്ചാം വയസ്സിൽ സാധിച്ചുവെന്നു കൃതാർഥത കൊള്ളാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി എന്നല്ലാതെ അതിന്ന് അത്ര വലിയ പ്രാധാന്യമൊന്നും മഹാകവി കല്പിച്ചിട്ടില്ല. എങ്കിലും നമ്മെസ്സംബന്ധിച്ചിടത്തോളം എതിനു നല്ല പ്രാധാന്യമുണ്ട്. ആദ്യന്തം കവിത്വം നിറഞ്ഞുനിൽക്കുന്ന തർജമയാണത്. മൂലകൃതി വായിച്ചു താരതമ്യപ്പെടുത്തണമെന്നാഗ്രഹമുള്ളവർക്കും അന്വയത്തോടുകൂടി ഋഗ്വേദം പഠിക്കണമെന്നു താല്പര്യമുള്ളവർക്കും കൂടി പ്രയോജനപ്പെടുന്നതാണ് ഒ. എം. സി. യുടെ പരിഭാഷ. സായണഭാഷ്യം കൂടി ചേർത്ത് അതിന്റെ രത്നച്ചുരുക്കം മലയാളത്തിൽ അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ഭാഷാഭാഷ്യം എന്നു വിശേ

ഷണരൂപമായ തലവാചകത്തിലൂടെ അദ്ദേഹം അതു വ്യക്തമാക്കുകയും ചെയ്തു. വള്ള ത്തോൾ സായണനെത്തന്നെയാണ് അവലംബിച്ചിട്ടുള്ളതെന്നു വിവർത്തനം വായിച്ചാൽ മനസ്സിലാവും.

ഏതാണ്ട് 3500 കൊല്ലത്തെ പഴക്കമുള്ള ഋഗ്വേദത്തിന്റെ അർഥം സായണൻ വ്യാഖ്യാനി ക്കുന്നത് മിക്കവാറും ആത്മീയമായും യാജ്ഞികമായും മാത്രമാണ്. ഒൻപതാം നൂറ്റാ ണ്ടിൽ ഭാരതത്തിൽ അവശേഷിച്ച ഒരേയൊരു ഹൈന്ദവസാമ്രാജ്യമെന്നു പറയാവുന്ന വിജയനഗരസാമ്രാജ്യത്തിലെ മന്ത്രിയായിരുന്നു അന്നത്തെ നിലയ്ക്കു സർവശാസ്ത്ര പാണ്ഡിത്യം സമ്പാദിച്ച സായണാചാര്യൻ. ആ പാണ്ഡിത്യം ഒട്ടെല്ലാ പ്രമുഖവേദശാ സ്ത്രാദിഗ്രന്ഥവ്യാഖ്യാനങ്ങളിലൂടെ അദ്ദേഹം സംസ്കൃതത്തിൽ പ്രകടിപ്പിച്ചിട്ടുമുണ്ട്. സ്വകൃതികളിലൂടെ യജ്ഞസംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുകവഴി താനുദ്ദേശിക്കുന്ന ഹൈന്ദവസംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യം സാധിക്കാൻ അദ്ദേഹം ശ്രമിച്ചു. ആ പാണ്ഡിത്യത്തിന്റെ ഗുണവും ആ പുനരുജ്ജീവനലക്ഷ്യത്തിന്റെ ദോഷവും ആ കൃതികളിൽ നിഷ്പക്ഷമതികൾക്കു ദർശിക്കാം.

ഈ സായണാവലംബനം ഒ. എം. സി. യുടെ വിവർത്തനത്തിനും ഗുണമെന്നപോലെ ദോഷവും ഉണ്ടാക്കിയിട്ടുണ്ടെന്നു നിരീക്ഷിച്ചാൽ തെറ്റാവുകയില്ലെന്നു തോന്നുന്നു.

അതിനാൽ ഋഗ്വേദത്തിനു പുതിയ ഒരു മലയാളഗദ്യപരിഭാഷ പ്രസക്തമാണെന്നാണ് എനിക്കു തോന്നുന്നത്.

3. അങ്ങയുടെ ഋഗ്വേദവിവർത്തനം മൂലകൃതിയോട് എത്രത്തോളം നീതിപുലർത്തുന്നുണ്ട്?

ഇത് പറയേണ്ടത് വായനക്കാരാണ്; ഞാനല്ല.

4. പരിഭാഷയിൽ ജനകീയപരിഭാഷയെന്നും അല്ലാത്ത പരിഭാഷയെന്നുമൊക്കെയുണ്ടോ? ജനകീയപരിഭാഷ എങ്ങനെയാണ് വ്യത്യസ്തമാകുന്നത്?

അഭിമുഖത്തിനു വരുന്ന നിങ്ങളെപ്പോലുള്ളവരാണ് ജനകീയപരിഭാഷ എന്നു വിശേഷിപ്പി ച്ചത്. വൈദികകൃതികളോ സംസ്കൃപരിജ്ഞാനമോ വേണ്ടത്രയില്ലാത്ത മലയാളിസ ഹൃദയർക്കു വായിച്ചു മനസ്സിലാക്കാൻ, വിശേഷിച്ച് ഋഗ്വേദത്തിലെ കാവ്യസൗന്ദര്യമാ സ്വദിക്കാൻ, ഉതകുമാറുള്ള, കുട്ടിക്കൃഷ്ണമാരാരുടെ കാളിദാസകൃതികൾക്കുള്ള ഗദ്യ പരിഭാഷയെ മാതൃകയാക്കിക്കൊണ്ടുള്ള ഒന്നാണ് ഇതെഴുതിയപ്പോൾ എന്റെ മനസ്സി ലുണ്ടായിരുന്നത്.

5. ഋഗ്വേദം ആര്യന്മാരുടെ രചനയാണെന്നാണല്ലോ കരുതിവരുന്നത്; ആ നിലയ്ക്ക് ഋഗ്വേദം ഒരു ഹിന്ദുമതഗ്രന്ഥമാണെന്ന് പറയാനാകുമോ?

ആര്യന്മാർ മാത്രമല്ലല്ലോ, ദ്രാവിഡരും ദളിതരും ആദിമനിവാസികളുമെല്ലാം, അവർ ചിലർ

അവകാശപ്പെട്ടിട്ടില്ലെങ്കിൽപ്പോലും, ഹിന്ദുക്കൾതന്നെയല്ലേ? ഹിന്ദു എന്ന പേരൊന്നും ആ സമൂഹത്തെപ്പറ്റി പറഞ്ഞിരുന്നില്ല; പത്താം നൂറ്റാണ്ടോടുകൂടിയേ ആ പദം നിലവിൽ വന്നുള്ളൂ. ശരിക്കു പറഞ്ഞാൽ ബ്രിട്ടീഷുകാരുടെ കാലം മുതൽക്കേ ഇന്നത്തെ അർഥത്തിൽ അതിനു പ്രചാരം കിട്ടിയുള്ളൂ എന്ന വസ്തുത സമ്മതിക്കുന്നു.

ഈ നിലയ്ക്ക് ആര്യന്മാരെന്നല്ല, ഹിന്ദുക്കളെന്നു തൊട്ടുമുൻപു പറഞ്ഞ ആരെഴുതിയ ഗ്രന്ഥത്തെയായാലും, ഹിന്ദുമതഗ്രന്ഥമെന്ന് എങ്ങനെയാണ് പറയുക? യജ്ഞങ്ങളുടെയും മറ്റു കർമങ്ങളുടെയും വിവരണങ്ങൾക്കും ഇന്ദ്രൻ, അഗ്നി, വരുണൻ, മരുത്തുക്കൾ, കാറ്റ്, കടൽ, ഉഷസ്സ്, രാത്രി, ഭൂമി, ഉർവശി, പുരൂരവസ്സ്, വിശ്വാമിത്രൻ, നദികൾ, ദാനം, ദക്ഷിണ, യമൻ, യമി, യജ്ഞശകടം, ചതുകളിക്കാരൻ, ഇന്നത്തെ മാനദണ്ഡം വെച്ചു നോക്കിയാൽ വേശ്യ എന്നു പറയാവുന്ന അപാല, സോമം, നെയ്യ്, ഔഷധസസ്യങ്ങൾ, വിഷമരുന്നുകൾ എന്നിങ്ങനെ വീരനായകന്മാരും പ്രകൃതിപ്രതിഭാസങ്ങളും ദേവന്മാരും ഋഷികളും യജ്ഞവും വിനോദങ്ങളും വൈദ്യവുമെല്ലാം പ്രതിപാദ്യവിഷയങ്ങളാവുന്ന ഋഗ്വേദത്തെ എങ്ങനെയാണ് ഹിന്ദുമതഗ്രന്ഥമെന്നു വിളിക്കുക? 1028 സൂക്തങ്ങളും പതിനായിരത്തിൽപരം പദ്യങ്ങളുമുള്ള ഋഗ്വേദത്തെ ഒരു ബൃഹദ്വിജ്ഞാനകോശമെന്നു വിളിക്കുന്നതാണുചിതം. പിൽക്കാലഹിന്ദുമതത്തിലെ ചാതുർവർണ്യത്തെ (പിൽക്കാലവിരചിതമെന്നു പ്രസിദ്ധമായ പത്താം മണ്ഡലത്തിലെ പുരുഷസൂക്തത്തിലെ ഒരു ശ്ലോകത്തിലാണ് ഈ പരാമർശം) സംബന്ധിച്ച പരാമർശം പോലും വിവാദഗ്രസ്തമാണ്. വൈദികസംസ്കാരവും അതിനു മുൻപുണ്ടായിരുന്ന സിന്ധുനദീതടസംസ്കാരമുൾപ്പെടെ ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണെന്നു നിസ്സംശയം പറയാം. മുൻപറഞ്ഞ നിബന്ധനയുടെ അടിസ്ഥാനത്തിൽ വേണമെങ്കിൽ ഋഗ്വേദത്തെ ഹിന്ദുമതഗ്രന്ഥമെന്നു വിളിക്കാം. പക്ഷേ, ഇന്നു ഹിന്ദുവർഗീയവാദികൾ പറഞ്ഞുപരത്തുന്ന അസഹിഷ്ണുതാനിർഭരമായ ഹിന്ദുത്വത്തിന്റെ ലാഞ്ഛന പോലും ഋഗ്വേദത്തിൽ കാണാനാവില്ല.

6. പ്രാചീനാര്യന്മാർ ഇന്ത്യയിലെത്തുന്നതിനു മുമ്പേ ഋഗ്വേദസൂക്തങ്ങൾ രചിക്കപ്പെട്ടു തുടങ്ങിയിരുന്നു എന്ന നിഗമനത്തോട് മാഷ് യോജിക്കുന്നുണ്ടോ?

ഇതൊക്കെ വേദഗവേഷകർ പണ്ടേ അംഗീകരിച്ചിട്ടുള്ള വസ്തുതകളാണ്. ഇന്നത്തെ പാക്കിസ്ഥാൻ, അഫ്ഘാനിസ്ഥാൻ മുതലായ സ്ഥലങ്ങളിൽനിന്നാണ് ഋഗ്വേദത്തിന്റെ പല ഭാഗങ്ങളും എഴുതിയതെന്ന് അതിലെ ഭൂമിശാസ്ത്രപരമായ പരാമർശങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും.

7. ''ഋഗ്വേദം ഒരു മതഗ്രന്ഥമോ, തത്വശാസ്ത്രഗ്രന്ഥമോ അല്ല കവിതകളുടെ സമാഹാരമാണ്'' എന്ന കെ. ദാമോദരന്റെ നിരീക്ഷണത്തോട് മാഷ് യോജിക്കുന്നുണ്ടോ?

(*ഭാരതീയതത്വചിന്ത.* കെ.ദാമോദരൻ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015. പുറം. 48)

ഋഗ്വേദം കവിതകളുടെ സമാഹാരമാണ് എന്ന അഭിപ്രായം ശരിയാണ്; തത്ത്വശാസ്ത്രവും കവിതയിൽ വരാമല്ലോ. വിശാലമായ അടിസ്ഥാനത്തിൽ അതിനെ മതഗ്രന്ഥമെന്നും വിളിക്കാം. തത്ത്വശാസ്ത്രഗ്രന്ഥമെന്നു വിളിക്കാൻ പാകത്തിൽ അത്രയേറെയൊന്നും തത്ത്വശാസ്ത്രവിവരണങ്ങൾ അതിലുള്ളതായി കാണുന്നില്ല.

8. ഋഗ്വേദത്തിന്റെ ഉള്ളടക്കം കാൽപ്പനികമായ ഒന്നാണോ? അല്ലെങ്കിൽ യാഥാർത്ഥ്യത്തോട് എത്രത്തോളം നീതി പുലർത്തുന്നുണ്ട്?

കാല്കനികമായ ഒന്നൊന്നുമല്ല. പക്ഷേ, കാല്പനികമായ അംശങ്ങൾ ഏറ്റക്കുറച്ചിലുകളോടെ പലേടത്തും വരും. ഏതാണ്ടൊരു മൂവായിരത്തഞ്ഞൂറു കൊല്ലം മുൻപത്തെ ഇന്ത്യയുടെ, വിശേഷിച്ച് അഫ്ഘാനിസ്ഥാൻ, ബലൂചിസ്ഥാൻ അടക്കമുള്ള ഉത്തരേന്ത്യയുടെ സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ യാഥാർഥ്യങ്ങൾ പലതും ഋഗ്വേദത്തിൽ പ്രതിഫലിച്ചിട്ടുണ്ടാവാം. ചാതുർവർണ്യം അക്കാലത്തുണ്ടായിരുന്നില്ലെന്നുവേണം ഊഹിക്കാൻ. (പത്താം മണ്ഡലത്തിലെ പുരുഷസൂക്തം പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന അഭ്യൂഹം ശരിയായിക്കൂടായ്കയില്ല. ബ്രാഹ്മണർ, ക്ഷത്രിയർ എന്ന രണ്ടു വർണങ്ങളെപ്പറ്റിയാണ് അധികപരാമർശങ്ങളും. വൈശ്യരെപ്പറ്റിയും ഇടയ്ക്കെല്ലാം പരാമർശം വരുന്നുണ്ട്. ശൂദ്രപരാമർശം വർണത്തിന്റെ ഭാഗമെന്ന നിലയിൽ അങ്ങനെ കാണുന്നില്ല. അതാണ് ചാതുർവർണ്യം രൂപംകൊണ്ടുവരുന്നതേയുള്ളൂ എന്നു പറഞ്ഞത്. പിൽക്കാലത്ത് ഇന്ത്യയുടെ എന്നെന്നേക്കുമുള്ള ശാപമായി വന്ന (ഇന്നും പലേടങ്ങളിലും അത് വളരെയേറെ രൂക്ഷം തന്നെ), ഉച്ചനീചത്വത്തിലധിഷ്ഠിതമായ ജാതിവ്യവസ്ഥ ഋഗ്വേദത്തിൽ കാണാനില്ലെന്നുതന്നെ പറയാം. ജനനം, മരണം, വിവാഹം മുതലായ കാര്യങ്ങളിലൊക്കെ ജാതിനിഷ്ക്കർഷം അത്ര രൂക്ഷമായി പാലിക്കപ്പെട്ടുകാണുന്നില്ല. ബ്രാഹ്മണർക്കും ക്ഷത്രിയർക്കുമാണ് പലപ്പോഴും മുൻമുൻകൈ എന്നു കാണാം. ചിലപ്പോൾ ക്ഷത്രിയർക്ക് മേൽക്കോയ്മ ലഭിച്ചതായും കാണാം. ഇന്നത്തെ നിലയ്ക്ക് വേശ്യയെന്നു വിലയിരുത്താവുന്ന അപാല ഒരു സൂക്തത്തിന്റെ ഋഷിയാണ്. ഋഷിക എന്ന് സ്ത്രീലിംഗമായും പ്രയോഗം കാണുന്നുണ്ട്. അവൾ ഒരു താണ ജാതിക്കാരിയാണെന്നാണു തോന്നുന്നത്. പക്ഷേ, അവൾ വേദത്തിലെ എല്ലാമെല്ലാമയ സർവാധികവീരനായകനായ ഇന്ദ്രന്റെ അനുഗ്രഹത്തോടെ, തനിക്കു മാത്രമല്ല, അച്ഛനും നാട്ടുകാർക്കും രോഗവിമോചനവും ഐശ്വര്യവും കൈവരുത്തുന്നു.

15 ഏത് തരം രചനകളിലും പ്രസ്തുത കാലത്തിന്റെ അടയാളങ്ങൾ ഉണ്ടാകുമല്ലോ! ഋഗ്വേദ തർജ്ജമ നടത്തുമ്പോൾ ഇത്തരത്തിലുള്ളതും എന്നാൽ ഇതുവരെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നു തോന്നിയതുമായ ഏതെങ്കിലും ചരിത്രവസ്തുതകൾ ബോധ്യപ്പെടുകയുണ്ടായോ?

3. 7. സംസ്കൃത പാരമ്പര്യം = വൈദികപാരമ്പര്യം/ഹിന്ദുപാരമ്പര്യം എന്നിങ്ങനെയുള്ള നവപ്രത്യയശാസ്ത്ര നിർമ്മിതികളെ ഒരു സംസ്കൃതപണ്ഡിതൻ എന്ന നിലയിൽ മാഷ് എങ്ങനെ നോക്കിക്കാണുന്നു?

സംസ്കൃപാരമ്പര്യത്തിൽ വൈദികപാരമ്പര്യവുമുണ്ട് എന്നല്ലാതെ അതു മാത്രമല്ല വൈദികപാരമ്പര്യമെന്നതിന് ആ പാരമ്പര്യത്തിലെ പ്രബലമായ അവൈദികപാരമ്പര്യംതന്നെ തെളിവാണ്. 'ഹിന്ദു'പാരമ്പര്യമാകട്ടെ, പത്താം നൂറ്റാണ്ടിനുശേഷം വന്നതാണെന്നു ആ പദംതന്നെ സൂചിപ്പിക്കുന്നു. അപ്പോൾ അതെങ്ങനെ വൈദികപാരമ്പര്യമാകും? സംസ്കൃതത്തിനു അഹിന്ദുക്കൾ നൽകിയ സംഭാവനകൾ പത്തൊൻപതാം നൂറ്റാണ്ടോടുകൂടി അഖിലലോകാടിസ്ഥാനത്തിൽ അനുദിനം വർധിച്ചുവരുന്നുവെന്നുള്ളത് ആ മണ്ഡലം നിരീക്ഷിക്കുന്നവർക്കെല്ലാമറിയാം.

3. 8. ആധുനിക സയൻസിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനം വേദമാണെന്നും, വൈദികജ്ഞാനങ്ങളിൽ അവയെല്ലാം ഗുപ്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും ഉള്ള വാദങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

അസംബന്ധം, അടിസ്ഥാനരഹിതം എന്നല്ലാതെ മറ്റൊന്നും പറയാനില്ല. ജ്യോതിഃശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം, സാങ്കേതികവിജ്ഞാനിയം എന്നീ മേഖലകളിൽ ഭാരതം നൽകിയ മഹത്തായ സംഭാവനകൾപോലും അടിസ്ഥാനരഹിതമായ അവകാശവാദങ്ങളാണെന്ന തോന്നൽ ശക്തിപ്പെടുത്താനേ ഈ 'വൈദികവിജ്ഞാമതമൗലികവാദം' ഉപകരിക്കൂ എന്നാണ് എന്റെ അഭിപ്രായം.

3. 9. വേദങ്ങളിലേക്ക് മടങ്ങുക എന്ന പരിഷ്കരണാഹ്വാനങ്ങൾ യഥാർത്ഥത്തിൽ ആധുനികതാവിരുദ്ധ സാംസ്കാരിക പിന്മടക്കം ഉദ്ദേശിച്ചുള്ളതായിരുന്നില്ലേ?

ആധുനികഭാരതീയനവോഥാനനായകരിൽ പ്രമുഖനായ ദയാനന്ദസരസ്വതിയാണ് ഈ ആഹ്വാനം നടത്തിയത്. ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക എന്ന സാമൂഹ്യപരിഷ്കരണമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ. ചാതുർവർണ്യവ്യവസ്ഥ പൂർണമായി വികസിച്ചുവന്നിട്ടില്ലാത്ത ആദിമവേദകാലഘട്ടത്തെ മാതൃകയാക്കുക എന്നതായിരുന്നു ആഹ്വാനത്തിന്റെ ലക്ഷ്യം. *ഋഗ്വേദ*ത്തിന്റെ ആദിമരൂപീകരണകാലത്ത് ഇതായിരുന്നു നിലയെന്ന് അത്തരം വേദഭാഗങ്ങളിലെ സൂചനകൾ തെളിവു തരുന്നുണ്ട്. ഒരിടത്ത് ബ്രാഹ്മണർ, ക്ഷത്രിയർ എന്നീ രണ്ടു വർണങ്ങളെക്കുറിച്ചേ പരാമർശമുള്ളൂ. മറ്റു ചിലേടങ്ങളിൽ വൈശ്യരെക്കൂടി കാണാം. ശൂദ്രപരാമർശമേ ഇല്ല. (പിൽക്കാലത്തേതെന്നു കരുതപ്പെടുന്ന പത്താം മണ്ഡലത്തിലെ പുരുഷസൂക്തത്തിലാണ് ഒരേയൊരു ചാതുർവർണ്യപരാമർശമുള്ളത്.)

എന്നാൽ ഈ അർഥത്തിലൊന്നുമല്ല ഇന്നത്തെ ഹിന്ദുവർഗീയവാദികളുടെ 'വേദങ്ങളിലേക്കു മടങ്ങുക' എന്ന മുദ്രാവാക്യത്തിന്നർഥം. ദയാനന്ദസരസ്വതി വേദം പഠിക്കുകയും വ്യാഖ്യാനിക്കുകയും അതിന്റെ നല്ല മൂല്യങ്ങൾ സമകാലികസമൂഹത്തെ പരിഷ്കരിക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണ് ലക്ഷ്യം വെച്ചതെങ്കിൽ ഈ വർഗീയവാദികൾ ബ്രാഹ്മണാധിപത്യത്തിലുള്ള ജാതിവ്യവസ്ഥയെന്ന ചാതുർവർണ്യത്തിന്റെ ദുഷിച്ച രൂപം സമൂഹത്തിൽ ഫാസിസ്റ്റുരീതിയിൽ അടിച്ചേല്പിക്കുകയാണ് ഉദ്ദേശിക്കുന്നത്. ഏറ്റവുമൊടുവിൽ, ലോകമംഗീകരിക്കുന്ന കേരളത്തിന്റെ അഭിമാനഭാജനമായ എം. ടി. വാസുദേവൻ നായരുടെയും കമലിന്റെയും നേർക്കുള്ള കുമ്മനത്തിന്റെയും എ. എൻ. രാധാകൃഷ്ണന്റെയും മറ്റു സംഘികളുടെയും അസ

എന്നാൽ ഈ അർഥത്തിലൊന്നുമല്ല ഇന്നത്തെ ഹിന്ദുവർഗീയവാദികളുടെ 'വേദങ്ങളിലേക്കു മടങ്ങുക' എന്ന മുദ്രാവാക്യത്തിന്നർഥം. ദയാനന്ദസരസ്വതി വേദം പഠിക്കുകയും വ്യാഖ്യാനിക്കുകയും അതിന്റെ നല്ല മൂല്യങ്ങൾ സമകാലികസമൂഹത്തെ പരിഷ്കരിക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണ് സ്വാമിജിയുടെ ഉദ്ദേശ്യമെങ്കിൽ ഈ വർഗീയവാദികൾ ബ്രാഹ്മണാധിപത്യത്തിലുള്ള ജാതിവ്യവസ്ഥയെന്ന ചാതുർവർണ്യത്തിന്റെ ദുഷിച്ച രൂപം സമൂഹത്തിൽ ഫാസിസ്റ്റുരീതിയിൽ അടിച്ചേല്പിക്കുകയാണ് ഉദ്ദേശിക്കുന്നത്. ഏറ്റവുമൊടുവിൽ, ലോകമംഗീകരിക്കുന്ന കേരളത്തിന്റെ അഭിമാനഭാജനമായ എം. ടി. വാസുദേവൻ നായരുടെ നേർക്കുള്ള കുമ്മനത്തിന്റെയും എ. എൻ. രാധാകൃഷ്ണന്റെയും മറ്റു സംഘികളുടെയും അസഹിഷ്ണുതാധിഷ്ഠിതമായ കുരച്ചുചാട്ടം ഈ വർഗീയഫാസിസ്റ്റുകളുടെ സാംസ്കാരികരംഗത്തെ കുത്സിതപ്രയോഗങ്ങൾക്കൊരുദാഹരണമാണ്. നോട്ടിന്റെ പേരിൽ മോഡി കാട്ടിക്കൂട്ടിയ ഫാസിസ്റ്റുപരിഷ്കരണത്തെത്തുടർന്നുണ്ടായ നാട്ടുകാരുടെ ദുരിതത്തിൽ എം. ടി. ക്ക് അനുശോചിക്കാൻ കുമ്മനത്തിന്റെയും കൂട്ടരുടെയും ശീട്ടു വാങ്ങണമെന്നല്ലേ ഈ കോപ്രായങ്ങൾക്കർഥം?

3. 10. ഇന്ത്യൻ വിജ്ഞാനം വേദജന്യവും സമ്പൂർണ്ണവുമാണെന്ന വാദം ഇന്ത്യൻ സാംസ്കാരികവൈവിധ്യത്തെ നിരാകരിക്കുന്നതല്ലേ?

തീർച്ചയായും. ഇന്ത്യൻവിജ്ഞാനത്തിൽ വേദവും ഉൾപ്പെടുമെങ്കിലും അത് വേദജന്യമോ സമ്പൂർണമോ അല്ല. ഏതെങ്കിലും വിജ്ഞാനത്തിന് എന്നെങ്കിലും സമ്പൂർണത കൈവരിക്കാനാകുമോ? ഇതൊക്കെ ഹിന്ദുവർഗീയവാദികളുടെ വിവരക്കേടുകൊണ്ടുള്ള വെറും അവകാശവാദങ്ങൾ മാത്രമാണെന്ന് ഈ സംഭാഷണത്തിൽ പലേടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്.

3. 11. ഭൗതികവാദം വെടിഞ്ഞ് ലോകം ഭാരതീയമായ 'ഏകാത്മമാനവദർശന'പാതയിലൂടെയാണ് മുന്നോട്ടുപോകേണ്ടതെന്ന ദീൻദയാൽ ഉപാധ്യായ പോലുള്ളവരുടെ വാദങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു?

ദീൻ ദയാൽ ഉപാധ്യായയുടെ ഏകാത്മമാനവദർശനത്തെപ്പറ്റി മുൻപേ ആറെസ്സെസ്സാചാര്യനായ പി. പരമേശ്വരൻ പറഞ്ഞുനടന്നിരുന്നുവെന്നല്ലാതെ അതെന്താണെന്നു ജനങ്ങൾക്കു മനസ്സിലാകുന്ന വിധത്തിൽ വിവരിച്ചുകാണുന്നില്ല. ഈയിടെ വീണ്ടും ഈ വാക്കു കൂടക്കൂടെ കേട്ടുവെന്നല്ലാതെ കാര്യമായ വിവരണമൊന്നും കണ്ടില്ല. ഇങ്ങനെ ആർക്കും മനസ്സിലാവാത്ത ഈ 'പൊതിയാത്തേങ്ങ', ഭാരതീയമാവാമെങ്കിലും, ഇതു വിഴുങ്ങാൻവേണ്ടി ഭൗതികവാദം ഉപേക്ഷിക്കാൻ ഭൗതികവാദികൾ തയ്യാറാവുമെന്ന് തോന്നുന്നില്ല.

1. ഋഗ്വേദം എന്ന വാക്കുൽപ്പത്തിയെക്കുറിച്ചും വ്യത്യസ്തങ്ങളായ സങ്കൽപ്പനങ്ങളുണ്ട-

ളുണ്ടല്ലോ?

ഋഗ്+വേദഃ = ഋഗ്വേദഃ. സംസ്കൃതത്തിൽ പുല്ലിംഗമായ ഈ പദം നാം മലയാളത്തിൽ നപുംസകരൂപമായി ഋഗ്വേദം എന്നു പറയുന്നു. ഋഗ്വേദം, യജുർവേദം, സാമവേദം അഥർവവേദം എന്നിവയാണല്ലോ നാലു വേദങ്ങൾ. ഋക്പ്രധാനമായ വേദം, യജുഃ പ്രധാനമായ വേദം, സാമപ്രധാനമായ വേദം, അഥർവപ്രധാനമായ വേദം എന്നിങ്ങനെ സമാനരീതിയിൽ ഇവയ്ക്ക് അർഥം പറയുകയാണെങ്കിൽ, ഋഗ്വേദത്തിന് സ്തുതിപ്രധാനമായ വേദം എന്നർഥം കിട്ടും. 'ഋച സ്തുതൗ' എന്നു ധാതു. 'ഋച് സ്തുതിയിൽ' എന്നർഥം. ഋച എന്നതിലെ അകാരം ഇത്തായതുകൊണ്ട് അതിനു വിലയില്ല. 'ഇത്' എന്നത് പാണിനിയുടെ ഒരു സാങ്കേതികപദമാണ്. ഋച് എന്നാണ് ധാതുസ്വരൂപം. ഋക്ശബ്ദം ചകാരാന്തമാകയാൽ ഇങ്ങനെയാണ് രൂപം വരിക. ഋക് - ഋചൗ - ഋചഃ എന്നിങ്ങനെ പ്രഥമാവിഭക്തിയിൽ ഏക-ദ്വി-ബഹുവചനങ്ങൾ. ഋക്ശബ്ദത്തിന് 'ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നു' എന്നർഥം. 'പാപത്തെ നശിപ്പിക്കുന്നത്' എന്നു സാമത്തിനും 'ദേവന്മാർ ഇതുകൊണ്ട് യജിക്കപ്പെടുന്നു' എന്നു യജുസ്സിനും അർഥം. ത്രയി എന്നതുകൊണ്ട് ഈ മൂന്നു വേദങ്ങളെ അർഥമാക്കുന്നു. അഥർവവേദം പിന്നീടു വേദങ്ങളിൽ പെടുത്തിയതാണ്. മന്ത്രങ്ങളും ആഭിചാരങ്ങളും ഉൾക്കൊള്ളുന്ന ഇതിന്റെ ഇതിന്റെ കർത്താവ് അഥർവനാണെന്നു പറയുന്നു.

2. ഋഗ്വേദം പോലുള്ള ഒരു പൗരാണികഗ്രന്ഥത്തിന് മലയാളത്തിൽ നിലവിൽ വിസ്തൃതമായ വിവർത്തനങ്ങൾ ഉണ്ടായിരിക്കെ ഇനിയൊരു വിവർത്തനത്തിന്റെ പ്രസക്തിയെന്താണ്?

പൗരാണികം എന്നതിന് 'പഴയ' എന്നേ അർഥമാക്കുന്നുള്ളുവെങ്കിൽ തെറ്റില്ല. അല്ലെങ്കിൽ ഋഗ്വേദത്തെ വേദഗ്രന്ഥമെന്നുതന്നെ പറയുന്നതാണ് നല്ലത്. പിന്നെ, ഋഗ്വേദത്തിന് മലയാളത്തിൽ രണ്ടു സമ്പൂർണവിവർത്തനങ്ങളേ ഇതുവരെ അച്ചടിച്ചുവന്നിട്ടുള്ളൂ. അവ വള്ളത്തോളിന്റേയും ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാടിന്റേതുമാണ്. അതിൽ വള്ളത്തോളിന്റേത് ഗദ്യത്തിലും പദ്യത്തിലുമായിട്ടാണ്. മുപ്പതാം വയസ്സിലേ ഉണ്ടായിരുന്ന തന്റെ മോഹം എഴുപത്തഞ്ചാം വയസ്സിൽ സാധിച്ചുവെന്നു കൃതാർഥത കൊള്ളാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി എന്നല്ലാതെ അതിന്ന് അത്ര വലിയ പ്രാധാന്യമൊന്നും മഹാകവി കല്പിച്ചിട്ടില്ല. എങ്കിലും നമ്മെസ്സംബന്ധിച്ചിടത്തോളം എതിനു നല്ല പ്രാധാന്യമുണ്ട്. ആദ്യന്തം കവിത്വം നിറഞ്ഞുനിൽക്കുന്ന തർജമയാണത്. മൂലകൃതി വായിച്ചു താരതമ്യപ്പെടുത്തണമെന്നാഗ്രഹമുള്ളവർക്കും അന്വയത്തോടുകൂടി ഋഗ്വേദം പഠിക്കണമെന്നു താല്പര്യമുള്ളവർക്കും കൂടി പ്രയോജനപ്പെടുന്നതാണ് ഒ. എം. സി. യുടെ പരിഭാഷ. സായണഭാഷ്യം കൂടി ചേർത്ത് അതിന്റെ രതന്ച്ചുരുക്കം മലയാളത്തിൽ അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ഭാഷാഭാഷ്യം എന്നു വിശേ

പണ്ഡിതനായിരുന്നു. എല്ലാ ദർശനങ്ങളും അന്നത്തെ നിലയ്ക്ക് അഭ്യസിച്ചിട്ടുണ്ട്. ഈ ഹൈന്ദവ സാമ്രാജ്യത്തെ പൊക്കിക്കാണിക്കുകയും മധ്യകാലമാതൃകയിലുള്ള യജ്ഞങ്ങളെയും മറ്റും കേമമെന്നു കാട്ടി അതൊക്കെ (യജ്ഞങ്ങളും മറ്റും) ചെയ്യേണ്ടതാണെന്നു വരുത്തിത്തീർക്കുകയാണ് സായണഭാഷ്യം ചെയ്തിരിക്കുന്നത്. അതായത് സായണന് കൃത്യമായ രാഷ്ട്രീയമായ ഉദ്ദേശ്യമുണ്ടായിരുന്നുവെന്നർത്ഥം. ഈ ഭാഷ്യമാണ് നമ്പൂതിരിമാരുടെ ഇടയിൽ അർത്ഥം മനസ്സിലാക്കുന്നവർ ഇപ്പോഴും അവലംബിക്കുന്നത്. ചുരുക്കത്തിൽ ശ്രീശ ങ്കരൻ കഴിഞ്ഞാൽ അവർക്ക് സായണനാണ് പരമപ്രാമാണികൻ.

എന്നെ സംബന്ധിച്ചിടത്തോളം ഋഗ്വേദം ഇങ്ങനെയല്ല. അത് ഒന്നാന്തരം കാവ്യമാണ്; അതുകൊണ്ട് ആ കാവ്യസൗന്ദര്യം വെളിപ്പെടുത്തുക എന്നുള്ളത് എന്റെ രചനയുടെ ഒന്നാമത്തെ ഉദ്ദേശ്യമാകുന്നു. കാവ്യസൗന്ദര്യം വെളിപ്പെടുത്തുക എന്നുപറഞ്ഞാൽ ഫലത്തിൽ, മതനിരപേക്ഷമാവുക എന്നുതന്നെയാണർഥം. ഈ യജ്ഞങ്ങളും മറ്റും വിവരിക്കുന്ന ഒരു കൃതിയെ എങ്ങനെയാണ് നമുക്ക് മതനിരപേക്ഷമാക്കാനാവുക എന്ന ചോദ്യം ഇവിടെ ഉയർന്നുവരാം. ഇന്നുകാണുന്ന യജ്ഞമല്ല അന്നത്തെ യജ്ഞം. ഏതാണ്ട് ഒരു മൂവായി രത്തഞ്ഞൂറു കൊല്ലം മുൻപെങ്കിലുള്ള പ്രാചീനമായ യജ്ഞം. അതൊരു കൂട്ടായ്മയാണ്. എന്നുവെച്ചാൽ,

അത്ര രൂക്ഷമായി പാലിക്കപ്പെട്ടുകാണുന്നില്ല. ബ്രാഹ്മണർക്കും ക്ഷത്രിയർക്കുമാണ് പലപ്പോഴും മുൻ മുൻകൈ എന്നു കാണാം. ചിലപ്പോൾ ക്ഷത്രിയർക്ക് മേൽക്കോയ്മ ലഭിച്ചതായും കാണാം. ഇന്നത്തെ നിലയ്ക്ക് വേശ്യയെന്നു വിലയിരുത്താവുന്ന അപാല ഒരു സൂക്തത്തിന്റെ ഋഷിയാണ്. ഋഷിക എന്ന് സ്ത്രീലിംഗമായും പ്രയോഗം കാണുന്നുണ്ട്. അവൾ ഒരു താണ ജാതിക്കാരിയാണെന്നാണു തോന്നുന്നത്. പക്ഷേ, അവൾ വേദത്തിലെ എല്ലാമെല്ലാമയ സർവാധികവീരനായകനായ ഇന്ദ്രന്റെ അനുഗ്രഹത്തോടെ, തനിക്കു മാത്രമല്ല, അച്ഛനും നാട്ടുകാർക്കും രോഗവിമോചനവും ഐശ്വര്യവും കൈവരുത്തുന്നു.

15 ഏത് തരം രചനകളിലും പ്രസ്തുത കാലത്തിന്റെ അടയാളങ്ങൾ ഉണ്ടാകുമല്ലോ! ഋഗ്വേദ തർജ്ജമ നടത്തുമ്പോൾ ഇത്തരത്തിലുള്ളതും എന്നാൽ ഇതുവരെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നു തോന്നിയതുമായ ഏതെങ്കിലും ചരിത്രവസ്തുതകൾ ബോധ്യപ്പെടുകയുണ്ടായോ?

അങ്ങനെയുള്ള ധാരാളം സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഒന്ന്, ചാതുർവർണ്യത്തെപ്പറ്റിയുള്ള കാര്യങ്ങൾ. മറ്റൊന്ന് ഇന്ദ്രൻ, വൃത്രൻ, അഗ്നി, വരുണൻ, മരുത്തുക്കൾ മുതലായി ഒരിക്കലും മറക്കാനാവാത്ത കഥാപാത്രങ്ങൾ. ഇവരിൽ ഇന്ദ്രൻ ദേവനാണ്. ദേവന്മാർക്കും മനുഷ്യർക്കും ഒരുപോലെ ഉപകാരം ചെയ്യുന്ന ബഹുകാര്യവ്യഗ്രൻ. അവൻ യുദ്ധം ചെയ്യുന്നതുപോലും പലപ്പോഴും ദേവകാര്യത്തിനോ മനുഷ്യകാര്യത്തിനോ ആണ്. വൃത്രവധമാണ് വിസ്തരിച്ചും ചുരുക്കിയും പല വട്ടം ആവർത്തിച്ചു വരുന്ന ഇന്ദ്രന്റെ വീരകൃത്യം. വൃത്രൻ പാമ്പാണ്. പാമ്പെന്നാൽ നിസ്സാരമായ പാമ്പൊന്നുമല്ല. പർവതത്തിൽ ചുറ്റപ്പിണഞ്ഞ് വെള്ളത്തിന്റെ ഒഴുക്കു തടഞ്ഞ ജനദ്രോഹി. വൃത്രാസുരനെന്നാണല്ലോ അവൻ പിൽക്കാലത്തു പ്രസിദ്ധനായത്. ഭയങ്കരമായ യുദ്ധത്തിൽ അവനെ കൊന്ന് വെള്ളം തോടുകൾവഴി ചാലുകീറി കൃഷിക്കാർക്ക് ഉപകാരം ചെയ്ത വീരസാഹസികനായകദേവനാണ് ഇന്ദ്രൻ. അഗ്നി തീയാണ്. അവൻ ഋഗ്വേദത്തിലെ ഒരു മുഖ്യദേവനാണ്. സ്വർഗത്തിലായിരുന്ന അഗ്നിയെ ദേവന്മാർ മനുഷ്യർക്കിടയിലേക്കയച്ചു. മനുഷ്യരാണല്ലോ യജ്ഞം ചെയ്യുന്നത്. യജ്ഞഹവിസ്സ് ദേവന്മാർക്ക് എത്തിക്കുന്ന ദൂതനാണ് അഗ്നി. ഒരേ സമയം ദേവനും മനുഷ്യനുമാണ് അഗ്നി എന്നു പറയാം. വരുണൻ നിയമങ്ങൾ തെറ്റിക്കുന്നവരെ ശിക്ഷിക്കുന്ന ധാർമികദേവനാണ്. വെള്ളവുമായി ബന്ധമുണ്ടെങ്കിലും പുരാണങ്ങളിലെ ജലദേവനായ വരുണനെന്ന സങ്കല്പം വേദത്തിലില്ല. മരുത്തുക്കൾ ഒരു കൂട്ടം ദേവന്മാരാണ്. കൊടുങ്കാറ്റെന്നർഥം. മനുഷ്യജീവിതത്തിന് ഏറ്റവും ഉപകാരം ചെയ്യുന്ന ദേവന്മാർ. മഴ പെയ്യിക്കുന്നതും കാറ്റടിക്കുന്നതുമെല്ലാം നമുക്കാവശ്യമാണല്ലോ. അവർ എപ്പോഴും യാത്ര ചെയ്യുന്നു. ഇങ്ങനെ നോക്കുമ്പോൾ ജീവിതയാഥാർഥ്യങ്ങളുടെ സ്വാഭികവും കാല്പനികവുമൊക്കെയായ ആവിഷ്കാരങ്ങൾതന്നെയാണ് എല്ലാ സാഹിത്യസൃഷ്ടികളെയുംപോലെ അപൗരുഷേയമെന്നു ഘോഷിക്കപ്പെടുന്ന വേദങ്ങളുമെന്നു വ്യക്തമാകും.

16. ഋഗ്വേദത്തിലെ ഉള്ളടക്കം ചുരുക്കിപ്പറഞ്ഞുതരാമോ?

വളരെ വലിയൊരു കൃതിയായതുകൊണ്ട് ഉള്ളടക്കം എത്ര ചുരുക്കിപ്പറഞ്ഞാലും വലുതായിപ്പോകും; എന്നാലും മുഴുവനാവുകയുമില്ല. എങ്കിലും ശ്രമിച്ചുനോക്കാം. ഓരോ മണ്ഡലത്തിലെയും ഉള്ളടക്കം സംക്ഷിപ്തമായി പറഞ്ഞതിനുശേഷം അതിലെ തിരഞ്ഞെടുത്ത സൂക്തങ്ങൾ ഉദ്ധരിക്കാം.

ഋഗ്വേദത്തിൽ പത്തു മണ്ഡലങ്ങളാണുള്ളത്. ഒന്നാമത്തെയും പത്താമത്തെയും മണ്ഡലങ്ങൾ ഏറ്റവും വലിയവ. 191 സൂക്തങ്ങൾ വീതമാണ് അവയിലുള്ളത്. ഒന്നാം മണ്ഡലത്തിലെ 191 സൂക്തങ്ങളിൽ മധുച്ഛന്ദസ് വൈശ്വാമിത്രന്റെ ആദ്യത്തെ പത്തു സൂക്തം യജ്ഞാഗ്നിയെ വർണിക്കുന്നു. അടുത്ത സൂക്തത്തിൽ ഇന്ദ്രന്റെ വൃത്രവധാദിവീരകർമങ്ങളാണ്. കാണ്വ മേധാതിഥിയുടെ 12–23 സൂക്തങ്ങൾ വിവിധ ദേവതകൾക്കു സമർപ്പിക്കുന്നു. ബ്രഹ്മണസ്പതി, സവിതാവ്, ഋഭുക്കൾ തുടങ്ങിയ ദേവന്മാരെപ്പറ്റിയുള്ള ഈ സൂക്തങ്ങളിൽ മിക്കതും ഗായത്രീവൃത്തത്തിലാണ്. ആപ്രീസൂക്തങ്ങളെന്ന പേരിൽ അറിയപ്പെടുന്നവയും വിവിധരൂപങ്ങളിൽ വരുന്ന അഗ്നിയുടെ സ്തുതികളുമായ സൂക്തങ്ങളിൽ ആദ്യത്തേത് 13–ാം സൂക്തമാണ്. പതിനെട്ടാം സൂക്തത്തിൽ ബൃഹസ്പതി മുതലായവരെപ്പോലെ ദക്ഷിണയും ദേവതയാണ്. അതായത് ആ സൂക്തത്തിലെ അഞ്ചാം പദ്യം ദക്ഷിണയ്ക്കാണ് സമർപ്പിക്കപ്പെടുന്നത്. ഋഭുക്കളെപ്പറ്റിയാണ് ഇരുപതാം സൂക്തം. കരകൗശലവിദഗ്ധരായ ഋഭുക്കൾ ആദ്യം മനുഷ്യരായിരുന്നു. വിസ്മയകരമായ തങ്ങളുടെ പ്രവൃത്തികൾ കൊണ്ട് അവർ ദേവത്വം നേടിയെന്ന് ഈ സൂക്തത്തിൽ പറയുന്നു. കാണ്വ മേധാതിഥിയുടെ 22–ാം സൂക്തം അശ്വികൾ, അഗ്നി, സവിതാവ്, വിഷ്ണു എന്നീ ദേവന്മാരോടൊപ്പം ഇന്ദ്രാണി, വരുണാനി, അഗ്നായി, ഭൂമി എന്നീ ദേവിമാരെക്കൂടി സ്തുതിക്കുന്നു. ഒന്നാം മണ്ഡലത്തിലെ 24 മുതൽ 30 വരെ സൂക്തങ്ങൾ ശുനഃശേപ (–'ശേഫ' എന്നും പാഠമുണ്ട്) ആജീഗർത്തിയുടേത്. ഈ സൂക്തങ്ങളിലെ പദ്യങ്ങൾ മുഴുവൻ ചൊല്ലിത്തീർന്നപ്പോൾ അവൻ വരുണപാശത്തിൽനിന്നു മുക്തനായി എന്നാണ് കഥ. ഇവൻ തന്റെതന്നെ കഥ പറയുന്നു. വരുണന്റെ ശിക്ഷാവിധിയെക്കുറിച്ചുള്ള ചില സൂചനകൾ ഇവിടെ കാണാം. 28–ാം സൂക്തം യജമാനനും പത്നിയും കൂടി ഉരലും ഉലക്കയുമുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് യജ്ഞം ചെയ്യുന്നതായി വിവരിക്കുന്നു. യജമാനൻ മാത്രം ചെയ്തുപോന്ന യജ്ഞത്തിൽ പത്നി കൂടി പങ്കെടുക്കുന്നത് യജ്ഞവിധികളിലെ ഒരു പുരോഗമനഘട്ടമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹിരണ്യസ്തൂപ ആംഗിരസന്റെ 30–35 സൂക്തങ്ങൾ വൃത്രവധത്തിന്റെ സവിസ്തരവിവരണമുൾക്കൊള്ളുന്ന 31–32 സൂക്തങ്ങളുൾക്കൊള്ളുന്നു. 32–ാം സൂക്തം 31–ന്റെയത്ര പ്രസിദ്ധമല്ലെങ്കിലും അത്രതന്നെ പ്രസിദ്ധമാകേണ്ടതാണ്. ഏകപക്ഷീയമായ യുദ്ധത്തിൽ വൃത്രനെ കൊന്നതിനുശേഷം അവന്റെ അമ്മ ദാനുവെയും കൊല്ലുന്നു. അതിലെ അവസാനപദ്യം ഇന്ദ്രൻ രാജാവായി വാഴ്ത്തപ്പെടുന്നതാണ്. 34–ലെ ആദ്യത്തെ മൂന്നു പദ്യങ്ങൾ അശ്വിദേവന്മാരുടെ സവിശേഷമായ തേരിന്റെ മൂന്ന് എന്ന സംഖ്യയുടെ ആവർത്തനമുൾക്കൊള്ളുന്ന വർണനമത്രേ. അടുത്ത എട്ടു സൂക്തങ്ങൾ (1. 36–43) കണ്വ ഘൗരന്റേതാണ്. കണ്വവംശം ഈ പരമ്പരയിൽ ഇടയ്ക്കിടെ വരുന്നുണ്ട്. മുപ്പത്താറാം സൂക്തം സമുദായഗോത്രാഗ്നിയെ പ്രകീർത്തിക്കുന്ന സൈനികപ്രധാനമായ ഒന്നാകുന്നു. ഈ സമാഹാരത്തിൽ ഇന്ദ്രസൂക്തങ്ങളില്ലെന്നത് ഒരു പ്രത്യേകതയാകുന്നു. പക്ഷേ, മൂന്നു സൂക്തങ്ങൾ (1. 37–39) ഇന്ദ്രന്റെ സഹചരരായ മരുത്തുക്കൾക്കു സമർപ്പിക്കപ്പെട്ടവയത്രേ. 1. 40 ആകട്ടെ, ബ്രഹ്മണസ്പതിക്കുള്ളതും. ഇന്ദ്രനെ ബ്രഹ്മണസ്പതിയുമായി താദാത്മ്യകരണം ചെയ്തിട്ടുള്ളതായി കാണാം. ഈ സൂക്തങ്ങളുടെ ശൈലി പൊതുവിൽ അസങ്കീർണവും സന്തുലിതവുമാകുന്നു. 41–ാം സൂക്തം ആദിത്യന്മാരെ സ്തുതിക്കുന്നത്. ദേവന്മാരെ വിധ്യാത്മകമായി സ്തുതിക്കുകയാണു വേണ്ടതെന്ന് ഇതു വ്യക്തമാക്കുന്നു. അടുത്ത സൂക്തം പൂഷാവിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. രുദ്രനും മിത്രനും സോമനും ദേവതകളായ അടുത്ത സൂക്തത്തിൽ രുദ്രനെ തികച്ചും സൗമ്യഭാവത്തിൽ ചിത്രീകരിക്കുന്നു. അടുത്ത സൂക്തസമാഹാരം (1. 44–50) പ്രസ്കണ്വ കണ്വന്റേതാണ്. ഇവയെല്ലാം പ്രാതരനുവാകത്തിന്റെ സവിശേഷതകളുൾക്കൊള്ളുന്നവയാകുന്നു. പ്രസ്കണ്വകണ്വസൂക്തങ്ങൾ പ്രാതഃകാലപ്രകാശകനും പ്രഭാതദേവതകളായ അശ്വികൾ, ഉഷസ്സ്, ഉദയസൂര്യൻ എന്നിവരെ കൊണ്ടുവരുന്നവനുമായ അഗ്നിക്കു സമർപ്പിക്കപ്പെട്ടവയത്രേ. അൻപതാം സൂക്തം മഞ്ഞപ്പിത്തത്തിനുള്ള ചികിത്സയുൾക്കൊള്ളുന്നു. സവ്യ അംഗിരസന്റെ അടുത്ത ഏഴു സൂക്തങ്ങൾ ഇന്ദ്രന്റെ വീരകർമങ്ങളെപ്പറ്റി. അൻപത്തഞ്ചാം സൂക്തം ഇന്ദ്രൻ യുദ്ധത്തിലും സമാധാനത്തിലും തന്റെ കൃത്യങ്ങൾ നിർവഹിക്കുന്നതായി വിവരിക്കുന്നു. വത്രകഥയോടെ ഈ സൂക്തം അവസാനിക്കുന്നു. അമ്പത്താറിൽ ഈ വീരകർമങ്ങൾ ചെയ്യാൻ

ഇന്ദ്രനു പ്രചോദകം സോമമാണെന്നു പറയുന്നു. അടുത്ത ഏഴു സൂക്തങ്ങൾ (1. 58–64) നോധസ് ഗൗതമന്റെ പേരിൽ അറിയപ്പെടുന്നു. നോധസ്സിന്റെ ഇന്ദ്രസൂക്തങ്ങൾ (1. 61–63) പ്രശസ്തങ്ങളത്രേ. അറുപതാം സൂക്തത്തിൽ അഗ്നിയുടെ ഇരട്ടവശങ്ങൾ ഒന്നിച്ചുചേർത്തിരിക്കുന്നു: മനുഷ്യവർഗത്തിലെ പൂർവികർ യജ്ഞത്തിൽ നടത്തിയ അഗ്നിയുടെ ആദിമപ്രതിഷ്ഠയും സമകാലികയജ്ഞത്തിൽ നടക്കുന്ന അഗ്നിയുടെ പുനഃപ്രതിഷ്ഠയും. ഒന്നാം പദ്യത്തിൽ മാതരിശ്വാവ് ആദ്യം സ്വർഗത്തിൽനിന്ന് അഗ്നിയെ അപഹരിക്കുകയും ഭൃഗുവിനു നൽകുകയും ചെയ്യുന്നു. യജ്ഞത്തിൽ അഗ്നിയുടെ ഇരട്ടപ്പങ്കും ഇവിടെ വിവരിക്കുന്നു. അവൻ പുരോഹിതനായും മനുഷ്യപുരോഹിതരുടെ യജ്ഞത്തിലെ വിഷയമായും പ്രവർത്തിക്കുന്നു. 2–ൽ അഗ്നിപുരോഹിതന്മാർ അവനു ഹവിസ്സർപ്പിക്കുന്നു. 4–ൽ അഗ്നിപുരോഹിതനായും ഹോതാവായും പ്രത്യക്ഷപ്പെടുന്നു. നോധസ്സിന്റെ മൂന്ന് ഇന്ദ്രസൂക്തങ്ങൾ ഒരു യജ്ഞസന്ദർഭം പങ്കുവെക്കുന്നു: 1. 61. 16, 1. 62. 13, 1. 63. 9 എന്നിവ മൂന്നും, യജ്ഞം പൂർത്തിയായി ഇന്ദ്രൻ സ്വർഗത്തിലേക്കു തിരിച്ചുപോകുമ്പോൾ ഇണക്കുതിരകളെ നുകത്തിൽ കെട്ടവേ "ഹാരിയോജന"ഹവിസ്സിനുവേണ്ടി രചിക്കപ്പെട്ടവയത്രേ. അടുത്തത് മനോഹരമായൊരു മരുത്സൂക്തമത്രേ. അടുത്ത ഒൻപതു സൂക്തങ്ങൾ (1. 65–73) പരാശര ശക്ത്യേന്റേതും അഗ്നിക്കുമാത്രമായി സമർപ്പിക്കപ്പെട്ടതുമാകുന്നു. ആദ്യത്തെ ആറെണ്ണം (65–70) അപൂർവമായ ദ്വിപദ വിരാഡ് വൃത്തത്തിലും ബാക്കി മൂന്നെണ്ണം ത്രിഷ്ടുപ്പിലുമാണ്. വൃത്തത്തിൽ വ്യത്യാസമുണ്ടെങ്കിലും വാചകശൈലി, രീതി, പ്രമേയം എന്നിവയിലെല്ലാം അവയ്ക്ക് ഐകരൂപ്യമുണ്ട്. ഏറെക്കുറെ വാലഖില്യരീതിയിലുള്ള ധാരാളം ഇണസൂക്തങ്ങൾ, പ്രത്യേകിച്ച് 65–66, 68–69, ഉണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഇവയുടെ പ്രമേയം മനുഷ്യരും ദേവന്മാരും ഏറ്റെടുത്ത പ്രവൃത്തികളുടെ ആശ്രയവും ലക്ഷ്യവും അങ്ങനെയുണ്ടാക്കുന്ന ഐക്യത്തിന്റെ പ്രതിനിധിയുമെന്ന നിലയ്ക്കുള്ള അഗ്നിയുടെ ധർമമാണ്. 71–ാം സൂക്തം പരാശരസൂക്തങ്ങളിലെ ആദ്യത്തെ ത്രിഷ്ടുപ്സൂക്തമാണ്. അരണിക്കോലുകളിൽ കൈവിരലുകൾ ചലിപ്പിച്ചുകൊണ്ടുള്ള അഗ്നിമഥനത്തിന്റെ ലൈംഗികച്ചുവയുള്ള വർണനത്തോടുകൂടി ഒന്നാം പദ്യം തുടങ്ങുന്നു. രണ്ടാം പദ്യം വലഗുഹ തുറക്കുന്നതിൽ അംഗിരസ്സുകൾക്കുള്ള പങ്ക് ഒരുവിധം ഋജുവായി സംഗ്രഹിക്കുന്നു. 5, 8 പദ്യങ്ങളിലാണ് പിന്നെ ഏറ്റവും നാടകീയമായി പുരാവൃത്തം കടന്നുവരുന്നത് – സ്വർഗം മകളെ ബലാത്സംഗം ചെയ്യുന്ന കഥ. വിശേഷിച്ച്, കുറ്റം ചെയ്തവന് പക വീട്ടുന്നവൻ നൽകുന്ന ശിക്ഷ. അഗ്നിയാണ് അതു ചെയ്യുന്നതെന്നു വ്യക്തം. അംഗിരസ്സുകളുടെ ജനനം ഈ ബലാത്സംഗത്താലാണെന്നതുകൊണ്ട് ഈ പുരാവൃത്തം അഗ്നിക്കും ഗുഹ തുറന്നതിനെത്തുടർന്നുള്ള അംഗിരസ്സിന്റെ പദ്യത്തിനും (2) ഒരുപോലെ ചേരും. മാതരിശ്വാവിന്റെ അഗ്ന്യപഹരണമാണ് (4) മറ്റൊരു പുരാവൃത്തസൂചന. ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ 3, 4, 7 പദ്യങ്ങളിൽ കാണുന്നവിധമുള്ള അഗ്നിയുടെ ഇടപെടലുകളുമായി ഇതിനു ബന്ധമുണ്ട്. ഇതേ പദ്യത്തിൽ സൂര്യൻ പ്രത്യക്ഷപ്പെടുന്നത് നമ്മെ രണ്ടാം പദ്യത്തിലേക്കു തിരിച്ചുകൊണ്ടുപോകുന്നു. 3, 6, 7 പദ്യങ്ങളിൽ യജ്ഞപരമായ കാര്യങ്ങളാണ്. നഷ്ടപ്പെട്ട അഗ്നിയെ ദേവന്മാർ അന്വേഷിക്കുന്നതും വീണ്ടെടുക്കുന്നതും യജ്ഞാഗ്നിയായി പുനഃപ്രതിഷ്ഠിക്കുന്നതുമായ പുരാവൃത്തമാണ് പ്രധാനവിഷയം. പരാശരന്റേതന്നെ അടുത്ത സൂക്തം (72) നഷ്ടപ്പെട്ട അഗ്നിയെ ദേവന്മാർ അന്വേഷിക്കുന്നതും വീണ്ടെടുക്കുന്നതും യജ്ഞാഗ്നിയായി പുനഃപ്രതിഷ്ഠിക്കുന്നതുമായ പുരാവൃത്തം പ്രധാനമായി പ്രതിപാദിക്കുന്നു. സരമ പശുത്തൊഴുത്തു കണ്ടെത്തുന്നതും വിമോചിപ്പിക്കുന്നതും അഗ്നിയുടെ കണ്ടെത്തലിനും വീണ്ടെടുപ്പിനും സമാന്തരമായി വരുന്നു. അദിതിയെയും അവരുടെ മക്കളായ ആദിത്യന്മാരെയും പക്ഷി മുലകുടിപ്പിക്കുന്നതിന്റെ പരാമർശമുണ്ട്. താനൂനപ്ത്രപുരാവൃത്തത്തിൽ ദേവന്മാരുടെ ശരീരങ്ങളുടെ സംയുക്തനിക്ഷേപത്തിനുവേണ്ടി ഈ സൂക്തത്തിൽ അഗ്നിയുടെ ചിത്രീകരണം വൈശ്വാനരാഗ്നിയുടെ ദർപ്പണവും പൂരകമായ ബിംബകല്പനയുമാകുന്നു. ഇതിനു ചുറ്റുമാണ് എല്ലാ ഗോത്രങ്ങളും അണിനിരക്കുന്നത്. 73–ാം സൂക്തത്തിൽ 65–66 സൂക്തങ്ങളെ അനുസ്മരിപ്പിക്കുമാറ് ഉപമാസാന്ദ്രമായ ആദ്യത്തെ മൂന്നു പദ്യങ്ങൾ യജ്ഞഭൂമിയിലെ യജ്ഞാഗ്നിയുടെ വർണനമത്രേ. സൂക്തത്തിലെ മറ്റു ഭാഗങ്ങൾ മനുഷ്യരുടെയും ദേവന്മാരുടെയും യജ്ഞവസ്തുവായ അഗ്നിയിൽ കേന്ദ്രീകരിക്കുന്നു. അഗ്നി സാധനങ്ങളുടെ വിതരണവും പുനർവിതരണവും നിർവഹിക്കുന്നു; ദേവന്മാർക്കും രക്ഷിതാക്കൾക്കും കവികൾക്കുമിടയിൽ സേവനമനുഷ്ഠിക്കുന്നു. ദേവന്മാരും മനുഷ്യരും ബഹുമാനപൂർവം ഒന്നായിത്തീർന്ന് ഒരുമിച്ചുള്ള അഗ്നിസംബന്ധമായ പ്രവർത്തനങ്ങളിലേർപ്പെടുന്ന വൈശ്വാനരാഗ്നിയുടെയും താനൂനപ്ത്രകർമത്തിന്റെയും വ്യക്തമായ പരാമർശമില്ലെങ്കിലും ദേവന്മാരും മനുഷ്യരും രണ്ടുകൂട്ടരുമായുള്ള പരസ്പരബന്ധം സൂക്തത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അഗ്നിയുടെ മുൻപിൽ ഈ സംഘങ്ങളെല്ലാം സമന്മാരത്രേ. ഗോതമ രാഹൂഗണന്റെ ഇരുപതു സൂക്തങ്ങളാണിനി. നോധസ് ഗോതമന്റെ അച്ഛനോ പൂർവികനോ ആവാം രാഹൂഗണൻ. അച്ഛന്റെ കാവ്യഗുണങ്ങൾ മകന്റെ അഗ്നിസൂക്തങ്ങളിലോ (1. 74–79) വിശ്വദേവസൂക്തങ്ങളിലോ (1. 89–90) കാണാനില്ലെങ്കിലും മറ്റു ദേവന്മാരുടെ സൂക്തങ്ങളിൽ, വിശേഷിച്ച് മരുത്സൂക്തങ്ങളിലും (85–88) ഉഷസ്സൂക്തങ്ങളിലും വ്യക്തമാണ്. 74–ാം സൂക്തത്തിൽ അഗ്നി ഭക്തനോടു കാണിക്കുന്ന ആനുകൂല്യമാണ് പ്രമേയം. 79–ൽ ആദ്യഖണ്ഡം അഗ്നിയുടെ വിവിധരൂപങ്ങൾ വരച്ചുകൊണ്ടു തുടങ്ങുന്നു. അഗ്നിയെ സൂര്യനായും മിന്നലായും പ്രഭാതത്തിൽ ജ്വലിപ്പിക്കപ്പെടുന്ന യജ്ഞാഗ്നിയായും വർണിക്കുന്നു. യജ്ഞാഗ്നിയെ കൊടുങ്കാറ്റിനോടു സാദൃശ്യപ്പെടുത്തുകയും ഒടുവിൽ താദാത്മ്യപ്പെടുത്തുകയും ചെയ്യുന്നു. അതിന്റെ ഫലമായ മഴ അഗ്നിതന്നെയാണ്.

മിന്നലിന്റെ മിന്നിമറയലുകൾ അഗ്നിജ്വാലകളായി വർണിക്കപ്പെടുന്നു. മുക്രയിടുന്ന കാള അലറുന്ന അഗ്നിതന്നെ. പറക്കുന്ന മൂടൽമഞ്ഞും ഇടിമുഴക്കുന്ന മേഘങ്ങളും അലതല്ലുന്ന പുകയാകുന്നു. പ്രധാനപ്പെട്ട ആദിത്യന്മാരും കാറ്റും മേഘങ്ങളെ മഴയാക്കി മാറ്റുന്നതിൽ ഇടപെടുന്നു. അവസാനഖണ്ഡത്തിൽ കവി ഗോതമൻ അഗ്നിക്കു സൂക്തമർപ്പിക്കാൻ സ്വയം ഉദ്ബോധിപ്പിക്കുന്നു. രക്ഷസ്സുകളെ അകലെ മാറ്റിനിർത്താൻ അഗ്നിയോടപേക്ഷിക്കുകയും ചെയ്യുന്നു. 80-ാം സൂക്തം ഇന്ദ്രവൃത്രകഥതന്നെയാണു കൈകാര്യം ചെയ്യുന്നത്. ഇന്ദ്രനോടൊപ്പം വജ്രവും വൃത്രവധത്തിൽ പങ്കാളിയാണ്. പലരുടെയും സഹായത്താലാണ് ഇന്ദ്രൻ വൃത്രവധം സാധിച്ചതെന്നു താല്പര്യം. ഇന്ദ്രന്റെ അധികാരശക്തിയും കരുത്തുമാണ് 81-ാം സൂക്തത്തിന്റെ പ്രമേയം. യജ്ഞത്തിലേക്കു വന്ന ഇന്ദ്രൻ സ്വർഗത്തിലേക്കു തിരിച്ചുപോകുമ്പോൾ തന്റെ രണ്ടു പിംഗലക്കുതിരകളെ നുകത്തിൽ കെട്ടുന്ന ചടങ്ങിൽ അർപ്പിക്കുന്ന ഹവിസ്സാണ് ഹാരിയോജനം. അതിനുവേണ്ടി രചിക്കപ്പെട്ട സൂക്തമാണ് അടുത്തത്.

സൂക്തം 84 ഗോതമ രാഹൂഗണന്റെ ദീർഘമായൊരു ഇന്ദ്രസൂക്തമത്രേ. അനുഷ്ടുപ്പുവൃത്തത്തിലുള്ള ആദ്യത്തെ ആറു പദ്യങ്ങൾ ഇന്ദ്രനെ യജ്ഞത്തിനു വരാൻ ഉദ്ബോധിപ്പിക്കുന്നു. ഉഷ്ണിക്കുവൃത്തത്തിലുള്ളതാണ് അടുത്ത തൃചം (7–9). നല്ല യജമാനനും അല്ലാത്തവനും തമ്മിലുള്ള വൈരുധ്യമാണ് ഇവിടെ പ്രമേയം. അടുത്ത തൃചം (10–12) പംക്തിവൃത്തത്തിൽ. പിഴിഞ്ഞെടുത്ത സോമത്തിൽ പാൽ കലർത്തുന്നതാണിവിടെ രൂപകാത്മകപദങ്ങളിൽ വിവരിക്കുന്നത്. പാലരുവികൾ പോത്തുപശുക്കളത്രേ! ഗായത്രിയിലുള്ള അടുത്ത തൃചത്തിൽ (13–15) ദധ്യങ്ങിന്റെയും കുതിരത്തലയുടെയും പുരാവൃത്തം കൈകാര്യം ചെയ്യുന്നു. ത്വഷ്ടാവും ഈ പുരാവൃത്തത്തിൽ വരും. അവസാനത്തെ തൃചം (16–18) മുഴുവൻ യജ്ഞവുമായി ബന്ധപ്പെട്ട ഉത്കണ്ഠ നിറഞ്ഞ ചോദ്യങ്ങളാണ്. മോശമായി പെരുമാറുന്ന പശുക്കളെ കെട്ടാനും അവയെ ഇങ്ങോട്ടു കൊണ്ടുവരാനും കഴിയുന്നത് ആർക്കാണ്? ഇന്ദ്രന്റെ അസ്തിത്വംതന്നെ ചോദ്യം ചെയ്തിരിക്കയാണ് അടുത്ത പദ്യത്തിൽ. താൻ യജ്ഞം ചെയ്യുന്ന ദേവന്മാരെ സംബന്ധിച്ചിടത്തോളം തന്റെ പദവിയെന്താണെന്ന് യജമാനൻ സംശയിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (19–20) സ്വതന്ത്രമായൊരു പ്രഗാഥമത്രേ. മുൻപുന്നയിച്ച സംശയങ്ങൾ ശമിപ്പിക്കുകയാണിവിടെ: ഇന്ദ്രൻ സ്വയം യജമാനനെ സ്തുതിക്കുകയും അവനോടു ദയ കാട്ടുകയും അവനു സഹായവും സാധനങ്ങളും നൽകുകയും ചെയ്യുന്നു. ചില സംഗതികളിൽ സോമയജ്ഞത്തിന്റെ പുരോഗതി ഇവിടെ ദൃശ്യമാകുന്നു – നിമന്ത്രണം (1–6), ശരിയായി അനുഷ്ഠിക്കപ്പെടുന്ന യജ്ഞവും അനുദാരരായ മനുഷ്യരും തമ്മിലുള്ള വൈരുധ്യം (7–9), ശരിയായി സോമം തയ്യാറാക്കൽ (10–12), യജ്ഞഭൂമിയിൽ സന്നിഹിതനായ ഇന്ദ്രന്റെ വീരകൃത്യങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള സ്തുതി (13–15), യജ്ഞശക്തിയെക്കുറിച്ചുള്ള സംശയങ്ങൾ (16–18), അവയ്ക്കുള്ള സമാധാനവും ദേവാനുകൂല്യവും (19–20).

85-ാമത്തേത് മരുത്സൂക്തമാണ്. മരുത്സൂക്തങ്ങൾക്കൊരു മാതൃക എന്നു പറയാം. അവരുടെ സൗന്ദര്യവും അലങ്കാരങ്ങളും യജ്ഞത്തിലേക്കുള്ള അവരുടെ നിയമവിരുദ്ധമായ യാത്രയും അവർ പ്രതിനിധാനം ചെയ്യുന്ന കൊടുങ്കാറ്റും അവരുടെ അച്ഛനമ്മമാരും (അച്ഛൻ രുദ്രൻ, അമ്മ പൃശ്നി) അവരുടെ ഭയങ്കരമായ ശക്തിയും ഇവിടെ വർണിക്കുന്നു. ചെറിയ പാഠാന്തരങ്ങളോടെ ഒരു പദ്യത്തിലെ ചില ഭാഗങ്ങൾ അടുത്ത പദ്യത്തിൽ ആവർത്തിക്കുക എന്ന, ഏതാണ്ട് മധ്യകാലമണിപ്രവാളസാഹിത്യത്തിലെ അന്താദിപ്രാസം പോലുള്ള ശൈലീസവിശേഷതകളും ഈ സൂക്തത്തിൽ കാണാം. 86–88 സൂക്തങ്ങളും മരുത്തുക്കളെപ്പറ്റിത്തന്നെ. യജ്ഞം ചെയ്യുന്നവനു ലഭിക്കുന്ന നേട്ടങ്ങൾ 87-ലും ഇടിയും മിന്നലും മഴയും അകമ്പടി സേവിച്ചുകൊണ്ടുള്ള മരുത്തുക്കളുടെ കൂടുതൽ സ്ഫോടനാത്മകമായ പതിവുവനയാത്ര 88-ലും വിവരിക്കുന്നു.കവിയായ ഗോതമ രാഹൂഗണൻ തനിക്കു മരുത്തുക്കളുമായുള്ള ബന്ധം കൂട്ടത്തിൽ സൂചിപ്പിക്കുന്നു.

89–90 സൂക്തങ്ങൾ വിശ്വേദേവന്മാർക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. അടുത്ത സൂക്തം സോമന്നാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നതെങ്കിലും സോമനെ പല ദേവന്മാരുമായും സാദൃശ്യപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഒരു തരം വിശ്വേദേവസൂക്തപ്രതീതി ഇതിനു കൈവന്നിട്ടുണ്ട്. 92-ാം സൂക്തം അശ്വികൾക്കും ഉഷസ്സിനും സമർപ്പിക്കപ്പെട്ടത്. 93-ാം സൂക്തം യജ്ഞദേവതകളുടെ സാരസർവസ്വമായ അഗ്നിയ്ക്കും സോമന്നും ഒരുമിച്ച് വ്യക്തമായി സമർപ്പിക്കുന്ന *ഋഗ്വേദ*ത്തിലെ ഒരേയൊരു സൂക്തമെന്ന നിലയിൽ ശ്രദ്ധേയമാണ്.

അടുത്ത 22 സൂക്തങ്ങളിൽ (94–115) ഭൂരിപക്ഷവും കുത്സ ആംഗിരസന്റേതെന്ന് *അനുക്രമണി* പറയുന്നു. 99–100 മുതലായവ പോലുള്ള ചിലത് മറ്റുള്ളവരുടെ പേരിലാണെങ്കിലും പല്ലവിയിൽ കുത്സന്റെ പേരുള്ളതിനാൽ സമാഹാരത്തിന്റെ ഐക്യം നിലനിൽക്കുന്നു. അഗ്നിസൂക്തങ്ങൾ (94–99) ഓരോന്നും വിവിധങ്ങളായ അഗ്നിരൂപങ്ങൾക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. തുടർന്ന് അഞ്ചെണ്ണം ഇന്ദ്രനും മൂന്ന് വിശ്വേദേവന്മാർക്കും പലവക ദേവന്മാർക്കും സമർപ്പിക്കുന്നു. ഈ സമാഹാരത്തിലെ എല്ലാ സൂക്തങ്ങളും ഉയർന്ന കാവ്യഭംഗിയും ശില്പചാരുതയും ഉള്ളവയാണെങ്കിലും 104 (ഇന്ദ്രൻ), 105 (വിശ്വേദേവന്മാർ), ഉഷസ്സ് (113) എന്നിവ സവിശേഷം പരാമർശനീയമാകുന്നു. 1. 140–164 സൂക്തങ്ങളുടെ

കവിയായ ദീർഘതമസ്സിന്റെ പുത്രനായ ദൈർഘ്യതമസ കക്ഷീവാനാണ് ഇനി വരുന്ന 11 സൂക്തങ്ങളുടെ കവി. ദാസിയായ ഉശിക്കിന്റെ പുത്രനാണ് (ഔശിജൻ) കക്ഷീവാൻ എന്ന് സായണൻ അഭിപ്രായപ്പെടുന്നു. *ഋഗ്വേദ*ത്തിലെ ഏറ്റവും നല്ല കവികളിൽ ഒരാളാണ് കക്ഷീവാൻ ദൈർഘ്യതമസൻ. അഞ്ച് അശ്വിസൂക്തങ്ങളും (116–120) രണ്ട് ഉഷഃസൂക്തങ്ങളും (123–124) കക്ഷീവാന്റെ വകയായി അറിയപ്പെട്ടിട്ടുണ്ട്. 125–ാം സൂക്തം സനയന്റെ ദാനസ്തുതിയും അടുത്തത് കക്ഷീവാൻ, ഭാവയവ്യൻ, രോമശ എന്ന ബ്രഹ്മവാദിനി എന്നിവരുടെ സൂക്തവുമാകുന്നു. ദാനം അഥവാ ഭാവയവ്യനും രോശയും ആണ് ഈ സൂക്തത്തിന്റെ ദേവത. ഇത് കക്ഷീവാന്റെ ദാനസ്തുതി എന്നും അറിയപ്പെടുന്നു.

1. 127–139 സൂക്തങ്ങൾ പരുച്ഛേപ ദൈവോദാസിയുടേതാണ്. ഈ കവിക്ക് ഏറ്റവും പ്രിയപ്പെട്ട വൃത്തം ദീർഘവും വിപുലവുമായ അത്യഷ്ടിയാണ്. പരുച്ഛേപന്റെ പദാവലിയും കുറച്ചൊക്കെ അസാധാരണമത്രേ. ശ്ലേഷാദ്യലങ്കാരപൂർണമാണ് 127–ാം സൂക്തം. ഇത് അഗ്നിയെ യജ്ഞാഗ്നിരൂപത്തിലും ഭൗതികരൂപത്തിലും സ്തുതിക്കുന്നു. യജ്ഞാഗ്നി നിർദയമാണെന്നാണ് 128–ാം സൂക്തത്തിന്റെ കേന്ദ്രാശയം. അത് ഒരിക്കലും യജ്ഞഭൂമിയിലെ ഭൗതികമായ അഗ്നിസ്ഥാനത്തുനിന്ന് വിട്ടുനിൽക്കുകയില്ല. 129–ാം സൂക്തത്തിന്റെ രണ്ടാം ഭാഗത്തിൽ നന്മ, സാധനങ്ങൾ എന്നിവയുടെ പദലീലയിൽ കവി അഭിരമിക്കുന്നു. സൂക്തം തുടങ്ങുന്നത് പരിചിതവും വിധ്യാത്മകവുമായ പ്രമേയങ്ങളോടുകൂടിയാണ്. തങ്ങളുടെ യഥാർഥരഥത്തെയും ലാക്ഷണികരഥമായ യജ്ഞത്തെയും വിജയമത്സരസമ്മാനങ്ങളിൽ സഹായിക്കാൻ ഇന്ദ്രനെ വിളിക്കുന്നു. യുദ്ധത്തിലെ എതിരാളികളെയും ശത്രുക്കളെയും മാത്രമല്ല, രക്ഷസ്സുകളെയും ദുശ്ചിന്തകളെയും ദുർവാക്കുകളെയും അവൻ ഒഴിവാക്കണമെന്നാഗ്രഹിക്കുന്നു. ദുശ്ചിന്ത വൃത്തികെട്ട പെണ്ണായി പ്രത്യക്ഷപ്പെടുന്നു. ആശ്ചര്യമെന്നു പറയട്ടെ, ഇന്ദ്രൻതന്നെ സ്തോതാക്കളായ നമ്മെ ബാധിക്കാവുന്ന ദുശ്ചിന്തയാകുന്നു. നല്ല സാധനങ്ങൾ നൽകി അവയെപ്പറ്റി ചിന്തിക്കാൻ അവനു സൗകര്യം നൽകുകയാണ് അതിനു പ്രതിവിധി. സൂക്താവസാനത്തിൽ ഇവയിൽനിന്നെല്ലാം നമ്മെ രക്ഷിക്കാൻ ഇന്ദ്രൻ കൂടുതൽ ശക്തനായി വളരട്ടെ എന്ന് ആശംസിച്ചുകൊണ്ട് അവനെ വിളിക്കുന്നു. 130–ാം സൂക്തത്തിൽ ആദ്യം ഇന്ദ്രനെ സോമം കുടിക്കാൻ യജ്ഞത്തിലേക്കു ക്ഷണിക്കുന്നു. എന്നാൽ ഈ യജ്ഞയാത്ര ഇന്ദ്രന്റെ മഹത്തായ വീരകർമങ്ങളിലേക്ക് ഓട്ടപ്രദക്ഷിണം നടത്താൻ വഴിയൊരുക്കുന്നു. വലകഥ, വൃത്രവധം, മനുഷ്യരും ഐതിഹ്യപുരുഷരുമായ പല ശത്രുക്കളോടുമുള്ള യുദ്ധം എന്നിവയെപ്പറ്റിയും സൂര്യന്റെ തേർച്ചക്രം മോഷ്ടിക്കുന്നതിനെപ്പറ്റിയും ഉശനസ്സിന്റെ ഇടപെടലിനെപ്പറ്റിയുമുള്ള ശരിക്കും തുളച്ചുകയറുന്ന ഒൻപതു പദ്യങ്ങൾ. സൂക്താന്ത്യപദ്യം കവിയുടെ ഇന്ദ്രസ്തുതിയത്നങ്ങൾ സംഗ്രഹിക്കുന്നു. പുരാവൃത്തങ്ങളിലുള്ള ഊന്നൽ ഈ സൂക്തത്തെ ഇന്ദ്രനെക്കുറിച്ചുതന്നെയുള്ള മുൻസൂക്തത്തിൽനിന്നു വേർതിരിക്കുന്നു. സൂക്തം 131–ന്റെ തുടക്കത്തിൽ എല്ലാ പ്രപഞ്ചശക്തികളും, മനുഷ്യർ നൽകിയ അനുസരണയും ആദരവും പ്രമാണിച്ച് ഇന്ദ്രനു ഒന്നാം സ്ഥാനം നൽകാൻ ആലോചിക്കുന്നു. പക്ഷേ, ഉടനെ വിവിധവിഭാഗം ജനങ്ങൾ അവനെ തങ്ങളുടെ പക്ഷത്താക്കാൻ ശ്രമിക്കുന്നതിനാൽ അവനെച്ചൊല്ലി വിവാദമുണ്ടെന്നും വ്യക്തമായി. തുടർന്ന് ഈ വിവാദം ചിത്രീകരിക്കുന്നു. പിന്നീട് ഇന്ദ്രന്റെതന്നെ ചായ്‌വ് വ്യക്തമായിത്തീരുന്നു: അവൻ പുരോഹിതന്മാരെയും യജമാനന്മാരെയും സഹായിക്കുകയും യജ്ഞമില്ലാത്തവരെ ആട്ടിപ്പായിക്കുകയും ചെയ്യുന്നു. തങ്ങൾ ഇന്ദ്രനു യജ്ഞമനുഷ്ഠിക്കുക വഴി അവന്റെ ശ്രദ്ധയാകർഷിക്കുകയും തങ്ങളുടെ ശത്രുക്കൾക്കും ദുശ്ചിന്തകർക്കുമെതിരെ അവന്റെ സഹായം തേടുകയും ചെയ്യുന്നു. അടുത്ത ഹ്വസ്വസൂക്തം സമകാലികമായ യജ്ഞത്തെ ഉയർത്തിപ്പിടിക്കുന്നു. വർത്തമാനകാലത്തെയും ഭൂതകാലത്തെയും വൈരുധ്യം വരച്ചുകാണിക്കുകയും ചെയ്തിരിക്കുന്നു. പതിവുപോലെ അന്നും ഇന്നും വിളിക്കുമ്പോൾ മുൻപു ചെയ്തതുപോലെ പുരാവൃത്തത്തിൽ സഖാക്കളെ, വിശേഷിച്ച് വലഗുഹാഭേദനത്തിൽ അംഗിരസ്സുകളെ, സഹായിച്ച അതേപോലെ ചെയ്യണമെന്ന് ഇന്ദ്രനോടപേക്ഷിക്കുന്നു. ഇന്ദ്രന്റെയും ഇന്ദ്രനെക്കുറിച്ചുള്ളതുമായ വാക്ക്, ആദ്യത്തെ നാലു പദ്യങ്ങളിൽ വിശേഷിച്ച്, ശക്തമായിട്ടുണ്ട്. പരുച്ഛേപന്റെ ഇന്ദ്രസൂക്തവൃത്തത്തിലെ അവസാനത്തേതാണ് സങ്കീർണവൃത്തനിബദ്ധമായ 133–ാം സൂക്തം. വൃത്തം, വിഷയം, ശൈലി എന്നിവയെല്ലാം വെച്ച് സൂക്തം സ്വാഭാവികമായി രണ്ടായി വിഭജിക്കപ്പെടുന്നു: 1–5, 6–7 എന്നിങ്ങനെ. ആഭിചാരസംഘത്തെയും രക്ഷസ്സുകളെയും നശിപ്പിക്കാൻ ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നതാണ് സൂക്തത്തിലെ പ്രമേയം. സോമവും യജ്ഞവും സ്വീകരിക്കുന്ന ഇന്ദ്രനും യജമാനനും തമ്മിലുള്ള സംഭാഷണമാണ് അവസാനഭാഗത്ത്.

മിക്ക വായുസൂക്തങ്ങളിലെയും പോലെ 134–ാം സൂക്തം പ്രാതഃസവനത്തിൽ ആദ്യത്തെ സോമം കുടിക്കാനുള്ള അവകാശം വിനിയോഗിക്കുന്നതിന് വായു യാത്ര ചെയ്യുന്ന പ്രമേയമുൾക്കൊള്ളുന്നു. 3–4 പദ്യങ്ങളിൽ സൂക്തത്തിന്റെ പ്രഭാതപശ്ചാത്തലം ഒരുക്കുകയും 1–3 പദ്യങ്ങളിൽ പ്രാതഃസവനത്തിലെ ദക്ഷിണാവിതരണം സൂചിപ്പിക്കുകയും ചെയ്യുന്നു. പ്രാതഃസവനത്തിൽ ആദ്യത്തെ സോമം കുടിക്കാൻ തന്റെ പല സംഘങ്ങളോടൊപ്പമുള്ള വായുവിന്റെ യാത്രയാണ് 135–ാം സൂക്തത്തിലെ പ്രമേയം. ആദ്യത്തെ തൃചം (1–3) വായുവിനുമാത്രമുള്ള ക്ഷണമാണ്. രണ്ടാം തൃചം (4–6) പ്രാതഃസവനത്തിലെ രണ്ടാം സോമഹവിസ്സു പങ്കിടുന്ന വായുവിനെയും ഇന്ദ്രനെയും സംബോധന ചെയ്യുന്നു. അവസാനത്തെ തൃചം അത്ര ഋജുവല്ല. ആദ്യത്തെ പദ്യവും രണ്ടാമത്തെ പദ്യത്തിന്റെ പൂർവാർധവും നടന്നുകൊണ്ടിരിക്കുന്ന യജ്ഞത്തിലേക്ക് ഇന്ദ്രവായുക്കളുടെ യാത്ര വിവരിക്കുന്നു. എട്ടാം പദ്യാവസാനത്തിൽ വിജയകരമായ യജ്ഞത്തിന്റെ ഭാഗ്യഫലങ്ങളത്രേ – പശുക്കളുടെയും കൃഷിയുടെയും മുന്നേറ്റം! വൈരുധ്യപൂർണമായ ചലനവും ശീലങ്ങളുമുള്ള തിരിച്ചറിയപ്പെട്ടിട്ടില്ലാത്ത കാളകളാണ് 9–ാം പദ്യത്തിലെ വിഷയം. മരുത്തുക്കളാണീ കാളകളെന്ന അഭിപ്രായം പ്രബലമാണ്. സോമയജ്ഞകേന്ദ്രിതമായ സൂക്തമാകയാൽ, സോമകണങ്ങളുമാവാം.

മിത്രാവരുണന്മാർക്കാണ് 136–ാം സൂക്തം സമർപ്പിക്കപ്പെട്ടതെങ്കിലും അവർക്കു ധാരാളം ആദിത്യന്മാരായ സഖാക്കളുണ്ട്. അര്യമാവ്, ഭഗൻ, അദിതി. സൂക്തം അവസാനത്തോടടുക്കുമ്പോൾ ആദിത്യന്മാരല്ലാത്ത ദേവന്മാരും: ഇന്ദ്രാഗ്നികൾ,മരുത്തുക്കൾ. പല മിത്രാവരുണസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി, അവരുടെ സദാചാരപരമായ പങ്കിലല്ല ഇവിടെ ഊന്നൽ; യജ്ഞഹവിസ്സുകൾ സ്വീകരിക്കുന്നവരെന്ന പദവിയിലാണ്. ഉദയസൂര്യൻ, സോമമരിക ഒരുമിച്ചു സ്വീകരിക്കുന്ന ദേവതാദ്വന്ദ്വങ്ങളിൽ മിത്രാവരുണന്മാരുള്ള പ്രാതഃസവനത്തെ സൂചിപ്പിക്കുന്നു. തൊട്ടു പിന്നിൽ വരുന്ന രണ്ടു വായുസൂക്തങ്ങളോടുകൂടിയ ഈ സൂക്തത്തിന്റെ സ്ഥാനം പ്രാതഃസവനത്തിലെ ആദ്യത്തെ സ്വീകർത്താവ് സോമനാണെന്ന വീക്ഷണത്തെ പിന്തുണയ്ക്കുന്നു. ഹ്രസ്വവും താരതമ്യേന ലളിതവുമായ അടുത്ത സൂക്തം (137) മുൻസൂക്തത്തിലെ മിത്രാവരുണന്മാരുടെ യജ്ഞകേന്ദ്രിതത്വം തുടരുന്നു. പിഴിഞ്ഞെടുത്ത പല രൂപത്തിലുള്ള സോമം, യജ്ഞത്തിലേക്കുള്ള ദേവന്മാരുടെ വരവ്, സൂര്യോദയസമയം എന്നിവ മാത്രമാണ് സൂക്തത്തിലെ വിഷയങ്ങൾ.

138–ാം സൂക്തത്തിനു ഗ്രാമ്യസ്വരമോ മിക്ക പൂഷസൂക്തങ്ങളുടെയും രചനാശൈലിയോ ഇല്ല. പകരം വിപുലമായ വൃത്തത്തിനു ചേരുമാറ് ഇത് ഉയർന്ന തലത്തിലുള്ള സ്തുതിയാകുന്നു. കവി പൂഷാവുമായി സഖ്യമുണ്ടാക്കാൻ സവിശേഷതാല്പര്യമെടുക്കുന്നു. ആ സഖ്യമാകട്ടെ, സമ്പത്തും സഹായവും കൂടെ കൊണ്ടുവരും.

പ്രാതഃസവനത്തിൽ ചൊല്ലേണ്ട പ്രഉഗശസ്ത്രത്തിന്റെ മാതൃകയാണ് 139–ാമത്തേതായ വിശ്വേദേവസൂക്തം. പൊതുവിൽ പിന്തുടരുന്നതെങ്കിലും സങ്കീർണമായ ഈ സൂക്തം പല വ്യാഖ്യാനങ്ങൾക്കും ഇടമുണ്ടാക്കിയിട്ടുണ്ട്. പ്രഉഗശസ്ത്രത്തിൽ വായു, ഇന്ദ്രവായുക്കൾ, മിത്രാവരുണന്മാർ, അശ്വികൾ, ഇന്ദ്രൻ, വിശ്വേദേവന്മാർ, സരസ്വതി എന്നതാണ് ദേവതാക്രമം. ആറാം പദ്യത്തിൽ സൂക്തം ഈ ക്രമം പിന്തുടരുന്നു: ഇന്ദ്രവായുക്കൾ (1), മിത്രാവരുണന്മാർ (2), അശ്വികൾ (3–5), ഇന്ദ്രൻ (6); എന്നാൽ അഗ്നി(7)യോടുകൂടി അവസാനിക്കുന്നു. മരുത്തുക്കൾ (8), ഇന്ദ്രാഗ്നികൾ (9), ബൃഹസ്പതി (10) എന്നിവർ തുടർന്നുവരുന്നു. എല്ലാ ദേവന്മാരെയും ഭിന്നവൃത്തമായ 11–ൽ സംബോധന ചെയ്യുന്നു.

യജ്ഞസാഹചര്യം തുടക്കത്തിലേ സ്ഥാപിക്കുന്നു. സമയം പ്രാതഃകാലം. പിടിക്കല്ലുകളുടെ ശബ്ദം യജ്ഞത്തിലേക്കു ദേവന്മാരെ വിളിക്കുന്നു. യജ്ഞത്തെയും പ്രഭാതത്തെയും രണ്ടാം പദ്യത്തിലും പരാമർശിക്കുന്നു. മിത്രാവരുണന്മാർ “സത്യത്തിൽനിന്ന് അസത്യത്തെ” എടുക്കുകയും അങ്ങനെ കവിയെയും കൂട്ടരെയും ദേവന്മാരുടെ സ്വർണസിംഹാസനം കാണാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. അശ്വികളുടെ മൂന്നു പദ്യങ്ങൾ (3–5) അവരുടെ പ്രഭാതയജ്ഞത്തിലേക്കുള്ള യാത്രയുടെ വർണനയാണ്. ഇവയെപ്പോലെ ഇന്ദ്രന്നുള്ള ക്ഷണവും മരുത്തുക്കളുടെ സ്തുതിയും ആർജവമുറ്റവയത്രേ. 9–ാം പദ്യത്തിൽ കവി സ്വയം കാവ്യപരവും യജ്ഞപരവുമായ പാരമ്പര്യത്തിൽ നിലകൊള്ളുന്നു.

1. 140 മുതൽ 1. 164 വരെയുള്ള സൂക്തങ്ങൾ ഉചഥന്റെ മകനായ ദീർഘതമസ്സിന്റേതാണ്. ഉചഥൻ മാമതേയൻ (മമതയുടെ മകൻ) ആണെന്ന് 1. 147. 3, 152. 6, 158. 6 എന്നീ പദ്യങ്ങളിൽ സ്വയം പറയുന്നുണ്ട്. ദീർഘതമസ്സ് എന്നാൽ “നീണ്ട ഇരുട്ട്” എന്നർഥം. *ബൃഹദ്ദേവത*യിൽ (4. 14–15) ജന്മനാ അന്ധനായതുകൊണ്ടാണ് അദ്ദേഹത്തിന് ആ പേർ വന്നതെന്നു കാണുന്നു. കവിതന്നെ തന്റെ അന്ധതയെ 1. 147. 3–ൽ പരാമർശിക്കുന്നുമുണ്ട്. *ബൃഹദ്ദേവത*യനുസരിച്ച് ദീർഘതമസ്സിന്റെ കാഴ്ച്ച പിന്നീട് ദൈവാനുഗ്രഹത്താൽ വീണ്ടുകിട്ടുന്നുണ്ട്. ഈ കവിയുടെ പല സൂക്തങ്ങളിലും തന്റെ വൈഷമ്യം പ്രതിഫലിക്കുന്നതായിക്കാണാം. വാക്കേളിയോടുള്ള താല്പര്യാധിക്യം, പ്രതീകാത്മകഭാഷ, വാക്യഘടനാപരമായ പൊരുത്തക്കേട്, അവ്യക്തപരാമർശങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സൂക്തങ്ങളെ വ്യതിരിക്തവും മൗലികവും പലപ്പോഴും പിടിതരാത്തതുമാക്കുന്നുണ്ട്. അദ്ദേഹം *ഋഗ്വേദ*ത്തിലെ കവികളിൽ ഏറ്റവും വെല്ലുവിളിയുയർത്തുകയും അതേസമയം ഏറ്റവും കൗതുകമുളവാക്കുകയും ചെയ്യുന്നവനാണെന്നത്രേ പണ്ഡിതമതം.

ദീർഘതമഃസൂക്തങ്ങൾ ദിവ്യത്വങ്ങളുടെ അസാധാരണമായ പരമ്പര പ്രദർശിപ്പിക്കുന്നു. അഗ്നിസൂക്തങ്ങളായ 1. 140–50 മികച്ച ഉദാഹരണം. ഇന്ദ്രനുവേണ്ടി മാത്രമുള്ള സൂക്തങ്ങളാകട്ടെ കാണുന്നുമില്ല. മറിച്ച്, 151–153: മിത്രാവരുണന്മാർ, 154–156: വിഷ്ണു അഥവാ ഇന്ദ്രനും വിഷ്ണുവും, 157–158: അശ്വികൾ, 159–160: സ്വർഗവും ഭൂമിയും, 161: ഋഭുക്കൾ. 162, 163 എന്നിവ യജ്ഞാശ്വസ്തുതികളാണ്. പ്രസ്തുതസമാഹാരത്തിന്റെ പരമകാഷ്ഠയായ 164–ാം സൂക്തം സുദീർഘവും പ്രഹേളികാരൂപത്തിലുള്ളതുമാകുന്നു. അത് പല വൈദികകർമങ്ങളുടെയും രഹസ്യം വെളിപ്പെടുത്തുന്നു. രണ്ടാമത്തെ അശ്വിസൂക്തമായ 1. 158 ആകട്ടെ, പ്രത്യേകിച്ചും രസകരമാണ്. കവിയുടെ വാർധക്യകാലത്ത് രചിക്കപ്പെട്ട പ്രസ്തുതസൂക്തം ആത്മകഥാപരമത്രേ. ഭാഗികമായി ഈ സൂക്തത്തെ ആസ്പദമാക്കിയാണ് *ബൃഹദ്ദേവത* (4. 21–25), ദീർഘതമസ്സിന്റെ പരിചാരകന്മാർ അദ്ദേഹത്തെ മുക്കിക്കൊല്ലാൻ ശ്രമിച്ചുവെന്ന രണ്ടാമത്തെ ഐതിഹ്യം വിവരിക്കുന്നത്. പക്ഷേ, രക്ഷപ്പെട്ട അദ്ദേഹം ഒഴുകി അംഗരാജ്യത്തെത്തുകയും അവിടെവെച്ച് വിവാഹം കഴിക്കുകയും കക്ഷീവാനെന്ന കവിക്കു ജന്മം നൽകുകയും ചെയ്തു.

ഒന്നാം മണ്ഡലത്തിലെ അവസാനത്തെ സൂക്തസമാഹാരം (1. 165–191) അഗസ്ത്യന്റേതാണ്. പിൽക്കാലത്തെ ഐതിഹ്യമനുസരിച്ച് അദ്ദേഹം മിത്രാവരുണന്മാരുടെയും ഉർവശി എന്ന അപ്സരസ്സിന്റെയും പുത്രനാണ്. തന്റെ സൂക്തങ്ങളിൽ പല തവണ അദ്ദേഹം സ്വയം മാന്യൻ (മാനന്റെ പുത്രൻ) എന്നു പരാമർശിക്കുന്നു. സമാഹാരം തുടങ്ങുന്നത് മരുത്തുക്കളുടെയോ ഇന്ദ്രന്റെയും മരുത്തുക്കളുടെയുമോ ഇന്ദ്രന്റെയോ സൂക്തങ്ങളോടുകൂടിയാണ്. പിന്നീട്, അല്പം അസാധാരണമായെന്നു പറയട്ടെ, അഗസ്ത്യനും പത്നി ലോപാമുദ്രയും തമ്മിലുള്ള സംഭാഷണത്തിന്റെ

ദീർഘതമസ്സിന്റെ സൂക്തങ്ങളെന്നപോലെ, അഗസ്ത്യസൂക്തങ്ങളും ശൈലീവിജ്ഞാനപരമായി സൃഷ്ടിപരങ്ങള ത്രേ – ഇന്ദ്രമരുത്സംവാദസൂക്തങ്ങൾ വിശേഷിച്ചും. ശ്ലേഷങ്ങൾ, പദലീല, താക്കോൽപ്പദങ്ങൾ അമർത്തിവെക്കൽ, അവ്യക്തസൂചനകൾ, സങ്കീർണമായ ഉപമകൾ, അപ്രതീക്ഷിതമായ വാചകശൈലീവിപരിണാമങ്ങൾ, വാക്യവിന്യാ സപരമായ അപൂർവതകൾ, ശ്രദ്ധേയമായ മറ്റലങ്കാരപ്രയോഗങ്ങൾ എന്നിവ ധാരാളം. സജീവവും വിഷമകരവുമായ അഗസ്ത്യന്റെ കവിത അദ്ദേഹത്തെ *ഋഗ്വേദ*പാരമ്പര്യത്തിലെ മഹാകവിയാക്കിയിരിക്കുന്നു. ഇന്ദ്രമരുത്സംവാദസൂക്ത ങ്ങളും അഗസ്ത്യ–ലോപാമുദ്രാസംഭാഷണസൂക്തവും യജ്ഞത്തിലെ നൂതനത്വത്തെ സംബന്ധിച്ച പ്രശ്നങ്ങളുന്നയി ച്ചുകൊണ്ട് വൈദികയജ്ഞപ്രയോഗങ്ങളിലെ ഗണനീയമായ വ്യക്തിത്വമായി അഗസ്ത്യനെ ഉയർത്തുന്നുണ്ടെന്നു പറ യാം. ഇനി തിരഞ്ഞെടുത്ത നാലു സൂക്തങ്ങൾ മലയാളഗദ്യപരിഭാഷയോടുകൂടി ഉദ്ധരിക്കാം:

## ഒന്നാം മണ്ഡലം, ഒന്നാം സൂക്തം

കവി മധുച്ഛന്ദസ്സ് വൈശ്വാമിത്രൻ; 9 പദ്യങ്ങൾ; വൃത്തം ഗായത്രി; അഗ്നി ദേവത

ഇവിടെ, മറ്റ് അഗ്നിസൂക്തങ്ങളിലെപ്പോലെ, കവി അവനെ ദേവ–മനുഷ്യസാമ്രാജ്യങ്ങളിൽ ഇടപെടുന്ന ദിവ്യമായ യജ്ഞാഗ്നിയായി സ്തുതിക്കുന്നു. അഗ്നി ദേവനും മനുഷ്യർക്കു ദൃശ്യമായ അഗ്നിയുമാണ്. അവൻ ദേവനും ദൃശ്യ മായ അഗ്നിയുമെന്ന നിലയിൽ മനുഷ്യർക്ക് പ്രാപ്യനത്രേ. അഗ്നിയെ "മുൻപിൽ വെക്കുന്നു" (പുരോഹിതഃ – 1). യജ്ഞത്തിലെ മുഖ്യാഗ്നിയായതുകൊണ്ട് അത് യജ്ഞസ്ഥലത്ത് കിഴക്കുഭാഗത്തു വെക്കുന്നു. യജ്ഞത്തിൽ മറ്റു ദേവന്മാരെ വരുത്തുന്നത് അഗ്നിയാണല്ലോ. മനുഷ്യപുരോഹിതന്മാരുടെ ഹവിസ്സുകൾ കൊണ്ടുവരുന്നതും ദേവന്മാർക്കു മുൻപിൽ അവരെ സ്തുതിക്കുന്നതും ദേവന്മാരുടെയും മർത്ത്യരുടെയും ദാനങ്ങൾ വരുത്തുന്നതും ദിവ്യപുരോഹിത നായ അഗ്നിയത്രേ.

**1. അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം**
**ഹോതാരം രത്നധാതമം**

| | |
|---|---|
| *യജ്ഞസ്യ ഋത്വിജം* | ഞാൻ യജ്ഞത്തിന്റെ ഋത്വിക്കും |
| *ദേവം ഹോതാരം രത്നധാതമം* | ദേവനും ഹോതാവും രത്നധാരിയുമായി |
| *പുരോഹിതം അഗ്നിം ഈളേ* | മുൻപിൽ നിർത്തിയ (പുരോഹിതനായ) അഗ്നിയെ വിളിക്കുന്നു. |

ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ സഞ്ചരിക്കുന്ന ദേവനും മനുഷ്യനായി കാണാവുന്നവനുമായ അഗ്നിയെ യാണ് ഇവിടെ കവി വിളിക്കുന്നത്. ദേവനെന്ന നിലയ്ക്ക് അദൃശ്യനെങ്കിലും അഗ്നി മനുഷ്യരൂപത്തിലാണ് ഈ പദ്യ ത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

**2. അഗ്നിഃ പൂർവേഭിരൃഷിഭിരീഡ്യോ നൂതനൈരുത**
**സ ദേവാനേവ വക്ഷതി**

| | |
|---|---|
| *അഗ്നിഃ പൂർവേഭിഃ* | അഗ്നി മുൻപുണ്ടായിരുന്നവരും |
| *ഉത നൂതനൈഃ ഋഷിഭിഃ ഈഡ്യഃ* | ഇന്നുള്ളവരുമായ ഋഷികളാൽ സ്തുതിക്കപ്പെടുന്നവനാണ്; |
| *സഃ ദേവാൻ ഇഹ ആ വക്ഷതി* | അവൻ ദേവന്മാരെ ഇവിടെ കൊണ്ടുവരട്ടെ! |

ദേവന്മാരെ യജ്ഞസ്ഥലത്തേക്കു കൊണ്ടുവരുന്നത് അഗ്നിയാണെന്നത്രേ സങ്കല്പം.

**3. അഗ്നിനാ രയിമശ്നവത് പോഷമേവ ദിവേ ദിവേ**
**യശസം വീരവത്തമം**

| | |
|---|---|
| *അഗ്നിനാ ദിവേ ദിവേ പോഷം ഏവ* | അഗ്നിയാലത്രേ (യജമാനൻ) ദിനം തോറും വളർന്നുവരുമാറ് |
| *യശസം വീരവത്തമം* | യശസ്വിയും ഏറ്റവും വീരന്മാരായ പുത്രന്മാരോടുകൂടിയ |
| *രയിം അശ്നവത്* | സമ്പത്തുള്ളവനുമായിത്തീരുന്നത്. |

അഗ്നിയുടെ അനുഗ്രഹം കൊണ്ടാണ് ഒരാൾക്ക് എല്ലാ തരത്തിലുള്ള പുരോഗതിയുമുണ്ടാവുന്നത്. തീയുടെ കണ്ടുപിടിത്തമാണല്ലോ മനുഷ്യരാശിയുടെ അഭിവൃദ്ധി മുഴുവൻ സാധ്യമാക്കിയത്.

**4. അഗ്നേ യം യജ്ഞമധ്വരം വിശ്വതഃ പരിഭൂരസി**
**സ ഇദ്ദേവേഷു ഗച്ഛതി**

| | |
|---|---|
| *അഗ്നേ യം അധ്വരം യജ്ഞം* | അഗ്നേ! നീ ഏതൊരു യജ്ഞകർമമാണ് |
| *വിശ്വതഃ പരിഭൂഃ അസി* | ചുറ്റുമുള്ള എല്ലായിടത്തും ചെയ്യുന്നത് |
| *സഃ ഇദ് ദേവേഷു ഗച്ഛതി* | അതുതന്നെ ദേവന്മാരിലും എത്തുന്നു. |

യജ്ഞം മനുഷ്യരെയും ദേവന്മാരെയും തമ്മിൽ ബന്ധിപ്പിക്കുന്നകണ്ണിയെന്നു സങ്കല്പം.

**5. അഗ്നിർഹോതാ കവിക്രതുഃ സത്യശ്ചിത്രശ്രവസ്തമഃ**
**ദേവോ ദേവേഭിരാ ഗമത്**

| | |
|---|---|
| *കവിക്രതുഃ ചിത്രശ്രവസ്തമഃ* | കവിയുടെ ലക്ഷ്യത്തോടും ശോഭനകീർത്തിയോടും കൂടിയ |
| *സത്യഃ ഹോതാ അഗ്നിഃ ദേവഃ* | യഥാർഥഹോതാവായ അഗ്നിദേവൻ |
| *ദേവേഭിഃ ആ ഗമത്* | (മറ്റു) ദേവന്മാരോടുകൂടി ഇവിടെ വരട്ടെ! |

**6. യദംഗ ദാശുഷേ ത്വമഗ്നേ ഭദ്രം കരിഷ്യസി**
**തവേത് തത് സത്യമംഗിരഃ**

| | |
|---|---|
| *അംഗ അഗ്നേ ത്വം* | സുഹൃത്തേ! അഗ്നേ! നീ |

*ദാശുഷേ യദ് ഭദ്രം കരിഷ്യസി* ഭക്തനു മംഗളം വരുത്തുന്നുണ്ടല്ലോ,
*തത് തവ ഇദ് അംഗിരഃ സത്യം* അത് നിനക്കുതന്നെയത്രേ; അംഗിരസ്സേ (അഗ്നേ)! ഇതു സത്യം.

ഹവിസ്സു നൽകുന്ന യജമാനന് അതു സ്വീകരിക്കുന്ന അഗ്നി തിരിച്ചുകൊടുക്കുന്ന മംഗളങ്ങളും അഗ്നിക്കുതന്നെയെന്നു ഭാവം. കർമം ചെയ്യുന്നവനും അതിന്റെ ഫലമനുഭവിക്കുന്നവനുമെല്ലാം അവനവനുവേണ്ടിത്തന്നെയാണ്, അഥവാ മറ്റുള്ളവനുവേണ്ടിയാണ്, അതേ സമയം, രണ്ടുമാണുതാനും!

**7. ഉപ ത്വാഗ്നേ ദിവേ ദിവേ ദോഷാവസ്തർധിയാ വയം**
**നമോ ഭരന്ത ഏമസി**

*അഗ്നേ വയം ദിവേ ദിവേ* അഗ്നേ! ഞങ്ങൾ ഓരോ ദിവസവും
*ധിയാ നമഃ ഭരന്തഃ* ഞങ്ങളുടെ ഉൾക്കാഴ്ച്ചയാൽ സ്തുതി ചെയ്തുകൊണ്ട്
*ദോഷാവസ്തഃ ഉപ ത്വാ ആ ഇമസി* സായാഹ്നം പ്രകാശമാനമാക്കുന്ന നിന്റെ അടുക്കലേക്കു സാദരം വരുന്നു.

**8. രാജന്തമധ്വരാണാം ഗോപാമൃതസ്യ ദീദിവിം**
**വർധമാനം സ്വേ ദമേ**

*രാജന്തം അധ്വരാണാം ഗോപാം* പ്രകാശിക്കുന്നവനും യജ്ഞങ്ങളുടെ സംരക്ഷകനും
*ഋതസ്യ ദീദിവിം* സത്യം ദ്യോതിപ്പിക്കുന്നവനും
*സ്വേ ദമേ വർധമാനം* തന്റെ വീട്ടിൽ ശക്തനായി വളരുന്നവനുമായ (നിന്റെ അടുത്തേക്കു ഞങ്ങൾ വരുന്നു.)
തന്റെ വീട് – യജ്ഞശാല. അടുക്കളയിലെ തീയെയും ഇവിടെ ഉദ്ദേശിച്ചിട്ടുണ്ടാവാം.

**9. സ നഃ പിതേവ നഃ സൂനവേഗ്നേ സൂപായനോ ഭവ**
**സചസ്വ നഃ സ്വസ്തയേ**

*അഗ്നേ സഃ ത്വം നഃ* അഗ്നേ! ആ നീ ഞങ്ങൾക്കുവേണ്ടി,
*സൂനവേ പിതാ ഇവ* മകനുവേണ്ടി അച്ഛനെന്നപോലെ,
*സു ഉപായനഃ ഭവ* എളുപ്പം വന്നുചേർന്നാലും!
*നഃ സ്വസ്തയേ സചസ്വ* ഞങ്ങളുടെ മംഗളത്തിനു ഞങ്ങളോടൊത്തുചേർന്നാലും!

ഈ പദ്യത്തിലെത്തുമ്പോഴേക്കും അഗ്നി കവിക്കു പിതൃതുല്യം ആദരണീയനായിത്തീർന്നു! അഗ്നിം (1) എന്നു ദ്വിതീയ, അഗ്നിഃ (2) എന്നു പ്രഥമ, അഗ്നിനാ (3) എന്നു തൃതീയ, അഗ്നേ (4) എന്നു സംബോധന, അഗ്നിഃ (5) എന്നു വീണ്ടും പ്രഥമ എന്നിങ്ങനെ ഈ സൂക്തത്തിലെ ആദ്യത്തെ അഞ്ചു പദ്യങ്ങളിൽ അഗ്നിയുടെ വിവിധവിഭക്തിരൂപങ്ങൾ വിന്യസിച്ചത് കവിയുടെ ശില്പവൈദഗ്ധ്യത്തിന് ഒരുദാഹരണമായി നിരീക്ഷിക്കപ്പെടുന്നു. എട്ടാമത്തേതിലൊഴികെ മറ്റെട്ടു പദ്യങ്ങളിലും അഗ്നിശബ്ദമുണ്ടെന്നതും 6, 7, 9 പദ്യങ്ങളിൽ അഗ്നേ എന്ന സംബോധനയാണുള്ളതെന്നുംകൂടി ശ്രദ്ധിക്കാവുന്നതാണ്. യജ്ഞാഗ്നിയുടെ വിവിധരൂപങ്ങളുടെ സൂചനകൂടിയായി വ്യാകരണപരമായ ഈ അഗ്നിരൂപവൈവിധ്യത്തെ സഹൃദയർക്കു കാണാം.

★

## ഒന്നാം മണ്ഡലം, മുപ്പത്തിരണ്ടാം സൂക്തം

കവി ഹിരണ്യസ്തൂപ ആംഗിരസൻ; 15 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; ഇന്ദ്രൻ ദേവത

പ്രശസ്തമായ ഈ സൂക്തം ഇന്ദ്രന്റെ അതിപ്രധാനവിജയമായ വൃത്രവധത്തെയും വെള്ളം തുറന്നുവിടുന്നതിനെയും ഏറ്റവും വ്യക്തമായി പ്രതിപാദിക്കുന്നു. വെള്ളം മുഴുവൻ തടഞ്ഞുനിർത്തപ്പെട്ട പർവതത്തിനുചുറ്റും ചുരുണ്ടുകിടക്കുന്ന ഭയങ്കരമായ സർപ്പമാണ് വൃത്രൻ. ഇന്ദ്രൻ ഈ യുദ്ധത്തിൽ വൃത്രന്റെ "ചുമലുകൾ", സർപ്പഫണം, തേറ്റകളോടുകൂടി, അടിച്ചുതകർക്കുകയും അവസാനം വജ്രംകൊണ്ട് കൊല്ലുകയും പർവതം പിളർന്നുതുറക്കുകയും വെള്ളത്തെ ഒഴുകാൻ വിടുകയും ചെയ്തു. അനന്തരം അത് ആദ്യത്തെ യജമാനനായ മനുവിലേക്കും ഭംഗ്യന്തരേണ അനന്തരതലമുറകളിലേക്കും ഒഴുകി (8). വൃത്രശബ്ദത്തിനു തടസ്സമെന്ന അർഥമുള്ളതുകൊണ്ട് വൃത്രവധം എല്ലാ തടസ്സങ്ങളെയും തട്ടിനീക്കുന്നതിന്റെ പ്രതീകമായിത്തീരുന്നു.

ആദ്യത്തെ സംഗ്രഹപദ്യങ്ങൾക്കും യുദ്ധത്തിന്റെ ആമുഖത്തിനും (1–4) ശേഷം തുടർന്നുള്ള മൂന്നു പദ്യങ്ങൾ (5–7) യുദ്ധം വർണിക്കുന്നു. തികച്ചും ഏകപക്ഷീയമാണ് വിവരണം. അമിതമായ ആത്മവിശ്വാസം പുലർത്തുന്ന വൃത്രനെ ഇന്ദ്രൻ നിർണായകമാംവിധം വധിച്ചു. അവനെ കീഴടക്കുകയും അവയവങ്ങൾ വേർപെടുത്തുകയും ചെയ്ത വൃത്രൻ തന്റെ അമ്മയോടൊപ്പം നിലത്തു വീണുകിടക്കുന്നു. ഇന്ദ്രൻ തുറന്നുവിട്ട വെള്ളം അവരുടെ മുകളിലൂടെ ഇരച്ചൊഴുകുന്നു (8–11). ഈ ഇടവേളയ്ക്കുശേഷം സൂക്തം പുതുതായി യുദ്ധവർണനത്തിലേക്കു തിരിച്ചുവരുന്നു (12–13). വൃത്രൻ തേറ്റകൾകൊണ്ടും മറ്റും പ്രതിയോഗിയുടെമേൽ തിരിച്ചടിക്കുന്നു. പക്ഷേ, ഇതും, വൃത്രന്റെ കീഴടങ്ങലിലും വധത്തിലും കലാശിക്കുന്നു!

വൃത്രവധത്തിനുശേഷം അമ്മ ദാനുവും കൊല്ലപ്പെട്ടു. എന്നിട്ടും ഇന്ദ്രൻ ഭീഷണനായി പറന്ന് നദികൾക്കുനേരെ വരുന്നു. കവി അപ്പോൾ ഇന്ദ്രനെ വിജയിയും രാജാവുമെന്ന നിലയിൽ സ്തുതിക്കുന്നു.

**1. ഇന്ദ്രസ്യ നു വീര്യാണി പ്ര വോചം**
**യാനി ചകാര പ്രഥമാനി വജ്രീ**
**അഹന്നഹിമന്വപസ്തതർദ**
**പ്ര വക്ഷണാ അഭിനത് പർവതാനാം**

*വജ്രീ പ്രഥമാനി യാനി വീര്യാണി ചകാര* വജ്രധരൻ അനുഷ്ഠിച്ച ഏറ്റവും മുന്തിയ വീരകർമങ്ങൾ
*നു പ്ര വോചം* ഇപ്പോൾ ഞാൻ പ്രഖ്യാപിക്കുന്നു:
*അഹിം അഹൻ അനു അപഃ തതർദ* അവൻ സർപ്പത്തെ കൊന്നു; തുടർന്ന് വെള്ളത്തെ ചാലുകീറി വിട്ടു;
പർവതാനാം വക്ഷണാഃ പ്ര അഭിനത് പർവതങ്ങളുടെ വയറുകൾ പിളർത്തി.

**2. അഹന്നഹിം പർവതേ ശിശ്രിയാണം**
**ത്വഷ്ടാസ്മൈ വജ്രം സ്വര്യം തതക്ഷ**
**വാശ്രാ ഇവ ധേനവഃ സ്യന്ദമാനാ**
**അഞ്ജഃ സമുദ്രമവ ജഗ്മുരാപഃ**

*പർവതേ ശിശ്രിയാണം അഹിം അഹൻ* അവൻ പർവതത്തിൽ കിടക്കുന്ന സർപ്പത്തെ കൊന്നു.
*അസ്മൈ ത്വഷ്ടാ സ്വര്യം വജ്രം തതക്ഷ* അവനു ത്വഷ്ടാവ് സൂര്യതുല്യമായ വജ്രം ഉണ്ടാക്കിക്കൊടുത്തു.
*വാശ്രാഃ ധേനാഃ ഇവ* മുക്രയിടുന്ന കറവപ്പശുക്കളെപ്പോലെ
*ആപഃ സ്യന്ദമാനാഃ അഞ്ജഃ സമുദ്രം അവ ജഗ്മുഃ* വെള്ളം ഒഴുകി നേരെ കടലിലേക്കു പോയി.

**3. വൃഷായമാണോവൃണീത സോമം**
**ത്രികദ്രുകേഷ്വപിബത് സുതസ്യ**
**ആ സായകം മഘവാദത്ത വജ്ര–**
**മഹന്നേനം പ്രഥമജാമഹീനാം**

വൃഷായമാണഃ സോമം അവൃണീത കാളയെപ്പോലെയായി അവൻ സോമം വരിച്ചു;
ത്രികദ്രുകേഷു സുതസ്യ അപിബത് അവൻ മരുത്തുക്കൾക്കിടയിൽ പിഴിഞ്ഞെടുത്ത സോമം കുടിച്ചു;
മഘവാ സായകം വജ്രം ആ അദത്ത ഉദാരനായ അവൻ തന്റെ ആയുധമായ വജ്രമെടുത്തു;
അഹീനാം പ്രഥമജാം ഏനം അഹൻ സർപ്പങ്ങളിൽ ആദ്യം ജനിച്ച ഇവനെ കൊന്നു.

**4. യദിന്ദ്രാഹൻ പ്രഥമജാമഹീനാ–**
**മാന്മായിനാമമിനാഃ പ്രോതമായാഃ**
**ആത് സൂര്യം ജനയൻ ദ്യാമുഷാസം**
**താദീത്നാഃ ശത്രും ന കിലാ വിവിത്സേ**

*ഉത ഇന്ദ്ര യദ് അഹീനാം പ്രഥമജാം അഹൻ* മാത്രമല്ല, ഇന്ദ്രാ! നീ സർപ്പങ്ങളിൽ ആദ്യം ജനിച്ചവനെ കൊല്ലുകയും
*ആദ് മായിനാം മായാഃ പ്ര അമിനാഃ* പിന്നീട് മായാവികളുടെ മായകളെ കബളിപ്പിക്കുകയും ചെയ്തപ്പോൾ,
*സൂര്യം ഉഷസം ദ്യാം ജനയൻ* സൂര്യനെയും ഉഷസ്സിനെയും സ്വർഗത്തെയും ജനിപ്പിച്ചുകൊണ്ടു (നിൽക്കുന്നു).
താദീത്നാഃ ശത്രും ന വിവിത്സേ കില അതിനുശേഷം നീ അതുപോലൊരു ശത്രുവെ കണ്ടിട്ടില്ലത്രേ!

**5. അഹൻ വൃത്രം വൃത്രതരം വ്യംസ–**

**മിന്ദ്രോ വജ്രേണ മഹതാ വധേന**
**സ്കന്ധാംസീവ കുലിശേനാ വിവൃ–**
**ക്ണാഹിഃ ശയത ഉപപൃക് പൃഥിവ്യാഃ**
*ഇന്ദ്രഃ വൃത്രതരം വൃത്രം അഹൻ* ഇന്ദ്രൻ വളരെ വലിയ വിഘ്നമായ സർപ്പത്തെ കൊന്നു.
*മഹതാ വധേന വജ്രേണ കുലിശേന* മഹത്തായ മാരകായുധമായ വജ്രംകൊണ്ട്
*വ്യംസം അഹൻ* ചുമലുകൾ വേർപെടുത്തി കൊന്നു.
*വിവൃക്ണാ സ്കന്ധാംസി ഇവ* മഴുകൊണ്ടു വെട്ടിയിട്ട മരത്തടികൾപോലെ
*അഹിഃ പൃഥിവ്യാഃ ഉപപൃഗ് ശയതേ* സർപ്പം ഭൂമിയെ പുണർന്ന് (ചോരകൊണ്ടു മണ്ണു നനച്ചു)കിടക്കുന്നു.

**6. അയോദ്ധേവ ദുർമദ ആ ഹി ജുഹ്വേ**
**മഹാവീരം തുവിബാധമൃജീഷം**
**നാതാരീദസ്യ സമൃതിം വധാനാം**
**സം രുജാനാഃ പിപിഷ ഇന്ദ്രശത്രുഃ**
*ഹി ദുർമദഃ അയോദ്ധാ ഇവ* കാരണം, കുടിച്ചുമറിഞ്ഞ് യുദ്ധം ചെയ്യാനാവാത്തവനെപ്പോലെ
*തുവിബാധം ഋജീഷം മഹാവീരം ആ ജുഹ്വേ* അവൻ കഠിനമായി ഉപദ്രവിക്കുന്ന സോമപനായ ആ മഹാവീരനെ വെല്ലുവിളിച്ചു.
*അസ്യ സമൃതിം ന അതാരീത്* അവന് അവന്റെ ആക്രമണത്തിൽ പിടിച്ചുനിൽക്കാനായില്ല.
*ഇന്ദ്രശത്രുഃ രുജാനാഃ സം പിപിഷേ* ഇന്ദ്രൻ ശത്രുവായിട്ടുള്ള അവന്റെ (വൃത്രന്റെ) മുഖം മാരകമായ അടിയേറ്റു തകർന്നുതരിപ്പണമായി.

**7. അപാദഹസ്തോ അപൃതന്യദിന്ദ്ര–**
**മാസ്യ വജ്രമധി സാനൗ ജഘാന**
**വൃഷ്ണോ വധ്രിഃ പ്രതിമാനം ബുഭൂഷൻ**
**പുരുത്രാ വൃത്രോ അശയദ് വ്യസ്തഃ**
*അപാദ് അഹസ്തഃ വധ്രിഃ* കാലുകളും കൈകളുമില്ലാത്ത അവൻ വൃഷണമുടയ്ക്കപ്പെട്ടവൻ
*വൃഷ്ണഃ പ്രതിമാനം ബുഭൂഷൻ ഇന്ദ്രം അപൃതന്യത്* കാളക്കൂറ്റന്റെ വലിപ്പം വെക്കാൻ ശ്രമിച്ചുകൊണ്ട് ഇന്ദ്രനോടു പൊരുതി.
*അസ്യ സാനൗ അധി വജ്രം ആ ജഘാന* (ഇന്ദ്രൻ) അവന്റെ പിൻഭാഗത്ത് വജ്രംകൊണ്ടടിച്ചു.
*വൃത്രഃ പുരുത്രാ വ്യസ്തഃ അശയത്* വൃത്രൻ പലേടങ്ങളിലായി അവിടെ ചിന്നിച്ചിതറിക്കിടന്നു.

**8. നദം ന ഭിന്നമമുയാ ശയാനം**
**മനോ രുഹാണാ അതി യന്ത്യാപഃ**
**യാശ്ചിദ് വൃത്രോ മഹിനാ പര്യതിഷ്ഠത്**
**താസാമഹിഃ പത്സുതഃശീർബഭൂവ**
*ആപഃ ഭിന്നം നദം ന മനോഃ രുഹാണാഃ* വെള്ളം വേർപിരിക്കപ്പെട്ട മുളപോലെ മനുവിലേക്കു ചെന്നുകൊണ്ടു
*അമുയാ ശയാനം അതി യന്തി* കിടക്കുന്ന അവനുമേൽ ഒഴുകുന്നു.
*യാഃ വൃത്രഃ അഹിഃ മഹിനാ പര്യതിഷ്ഠത്* വൃത്രസർപ്പം തന്റെ മഹിമ കൊണ്ടു ചുറ്റിനിന്നിരുന്ന
താസാം ചിത് പത്സുതഃശീഃ ബഭൂവ അതിന്റെ കാൽക്കീഴിൽത്തന്നെ കിടന്നു.

**9. നീചാവയാ അഭവദ് വൃത്രപുത്രേ–**
**ന്ദ്രോ അസ്യാ അവ വധർജഭാര**
**ഉത്തരാ സൂരധരഃ പുത്ര ആസീർ–**
**ദാനുഃ ശയേ സഹവത്സാ ന ധേനുഃ**
*വൃത്രപുത്രാ നീചാവയാ അഭവത്* വൃത്രൻ പുത്രനായിട്ടുള്ളവളുടെ ശക്തി ക്ഷയിച്ചു;
*ഇന്ദ്രഃ അസ്യാഃ വധഃ അവ ജഭാര* ഇന്ദ്രൻ അവളുടെമേൽ മാരകായുധം വീഴ്ത്തി.
*സൂഃ ഉത്തരാ പുത്രഃ അധരഃ* അമ്മ മേലെ, മകൻ താഴെ.
*ദാനുഃ ധേനുഃ ന സഹവത്സാ ശയേ* ദാനു കറവപ്പശുവെപ്പോലെ കന്നുകുട്ടിയോടൊപ്പം കിടന്നു.
ദാനു – വൃത്രന്റെ അമ്മ

**10. അതിഷ്ഠന്തീനാമനിവേശനാനാം**
**കാഷ്ഠാനാം മധ്യേ നിഹിതം ശരീരം**
**വൃത്രസ്യ നിണ്യം വി ചരന്ത്യാപോ**
**ദീർഘം തമ ആശയദിന്ദ്രശത്രുഃ**
*അതിഷ്ഠന്തീനാം അനിവേശനാനാം* ഒരിക്കലും നിൽക്കാതിരിക്കുകയും കിടക്കാതിരിക്കുകയും ചെയ്യുന്ന
*കാഷ്ഠാനാം മധ്യേ ശരീരം നിഹിതം* (വെള്ളത്തിൽ) മരത്തടികളുടെ നടുവിൽ അവന്റെ ദേഹം മുങ്ങിത്താണു.
*ആപഃ വൃത്രസ്യ നിണ്യം വി ചരന്തി* വെള്ളം വൃത്രന്റെ ഗുഹ്യഭാഗങ്ങളുടെമേൽ പരക്കെ നീങ്ങുന്നു.

*ഇന്ദ്രശത്രുഃ ദീർഘം തമഃ ആ അശയത്* ഇന്ദ്രൻ ശത്രുവായിട്ടുള്ളവൻ (വൃത്രൻ) ദീർഘതമസ്സിൽ (മൃത്യുവിൽ) കിടന്നു.

**11. ദാസപത്നീരഹിഗോപാ അതിഷ്ഠൻ**
**നിരുദ്ധാ ആപഃ പണിനേവ ഗാവഃ**
**അപാം ബിലമപിഹിതം യദാസീദ്**
**വൃത്രം ജഘന്വാൻ അപ തദ് വവാര**

*ദാസപത്നീഃ അഹിഗോപാഃ* ദാസപത്നികളും സർപ്പം ഒളിപ്പിച്ചവരുമായ
*ആപഃ പണിനാ ഇവ ഗാവഃ* വെള്ളം, പണിയാൽ പശുക്കളെന്നപോലെ,
*നിരുദ്ധാഃ അതിഷ്ഠൻ* നിരുദ്ധരായി നിന്നു.
*യദ് അപാം ബിലം അപിഹിതം ആസീത്* വെള്ളത്തിന്റെ ഗുഹ അടഞ്ഞുകിടന്നത്
*തദ് വൃത്രം ജഘന്വാൻ ഇന്ദ്രഃ അപ വവാര* വൃത്രനെ കൊന്ന് ഇന്ദ്രൻ തുറന്നു.

**12. അശ്വ്യോ വാരോ അഭവസ്തദിന്ദ്ര**
**സൃകേ യത് ത്വാ പ്രത്യഹം ദേവ ഏകഃ**
**അജയോ ഗാ അജയഃ ശൂര സോമ–**
**മവാസൃജഃ സർത്തവേ സപ്ത സിന്ധൂൻ**

*സൃകേ ദേവഃ ഏകഃ ഇന്ദ്ര* വജ്രത്തിൽ തിളങ്ങുന്ന ഒരേയൊരു ദേവനായ ഇന്ദ്രാ!
*യത് ത്വാ പ്രതി അഹൻ* നീ അവന്റെ (തേറ്റകൾ)ക്കടിച്ചപ്പോൾ
*തദ് അശ്വ്യഃ വാരഃ അഭവഃ ഗാഃ അജയഃ* നീ കുതിരവാലായിത്തീർന്നു; നീ പശുക്കളെ ജയിച്ചു;
*ശൂര ത്വം സോമം അജയഃ* യോദ്ധാവേ! നീ സോമം കീഴടക്കി;
*സപ്ത സിന്ധൂൻ സർത്തവേ അവ അസൃജഃ* നീ ഏഴു നദികളെ ഒഴുകാൻ വിട്ടു.

**13. നാസ്മൈ വിദ്യുന്ന തന്യതുഃ സിഷേധ**
**ന യാം മിഹമകിരദ്ധ്രാദുനിം ച**
**ഇന്ദ്രശ്ച യദ് യുയുധാതേ അഹി**
**ശ്ചോതാപരീഭ്യോ മഘവാ വിജിഗ്യേ**

*യാം അകിരദ് വിദ്യുത് തന്യതുഃ* അവൻ ചിന്നിച്ചിതറിച്ച മിന്നലോ ഇടിയോ
*ന മിഹം ഹ്രാദുനിം ച* മൂടൽമഞ്ഞോ ആലിപ്പഴവീഴ്ച്ചയോ
*അസ്മൈ ന സിഷേധ* അവനുവേണ്ടി പിൻവലിപ്പിച്ചില്ല.
*യദ് ഇന്ദ്രഃ ച അഹിഃ ച യുയുധാതേ* ഇന്ദ്രനും സർപ്പവും തമ്മിൽ യുദ്ധം ചെയ്തപ്പോൾ
*ഉത മഘവാ അപരീഭ്യഃ വിജിഗ്യേ* ഉദാരൻ പിന്നെയും എല്ലാറ്റിലും വിജയം നേടി.

**14. അഹേർയാതാരം കമപശ്യ ഇന്ദ്ര**
**ഹൃദി യത് തേ ജഘ്നുഷോ ഭീരഗച്ഛത്**
**നവ ച യന്നവതിം ച സ്രവന്തീഃ**
**ശ്യേനോ ന ഭീതോ** അതരോ രജാംസി

*ഇന്ദ്ര ജഘ്നുഷഃ* ഇന്ദ്രാ! നീ അവനെ കൊന്നതിനുശേഷവും
*യദ് രജാംസി ഭീതഃ ശ്യേനഃ ന* വായുമണ്ഡലത്തിലൂടെ പേടിപൂണ്ട വേട്ടക്കഴുകനെപ്പോലെ
*നവ ച നവതിം ച സ്രവന്തീഃ അതരഃ* ഒഴുകുന്ന തൊണ്ണൂറ്റൊൻപതു നദികളെ തരണം ചെയ്തപ്പോഴും
*യദ് ഹൃദി ഭീഃ അഗച്ഛത്* നിന്റെ മനസ്സിൽ പേടി വന്നപ്പോൾ
*അഹേഃ യാതാരം കം അപശ്യഃ* സർപ്പത്തോടു പകവീട്ടിയവനായി നീ ആരെയാണ് കണ്ടത്?

**15. ഇന്ദ്രോ യാതോവസിതസ്യ രാജാ**
**ശമസ്യ ച ശൃംഗിണോ വജ്രബാഹുഃ**
**സേദു രാജാ ക്ഷയതി ചർഷണീനാ–**
**മരാൻ ന നേമിഃ പരി താ ബഭൂവ**

*വജ്രബാഹുഃ ഇന്ദ്രഃ യാതഃ അവസിതസ്യ* വജ്രപാണിയായ ഇന്ദ്രൻ ജംഗമങ്ങളുടെയും സ്ഥാവരങ്ങളുടെയും
*ശമസ്യ ശൃംഗിണഃ രാജാ* ശാന്തങ്ങളു(കൊമ്പില്ലാത്തവയു)ടെയും കൊമ്പുള്ളവയുടെയും രാജാവാണ്;
*സഃ ഇദ് ഉ ചർഷണീനാം രാജാ ക്ഷയതി* അവൻതന്നെയാണ് വിഭിന്നജനതകളുടെ രാജാവായി ഭരിക്കുന്നത്.
*നേമിഃ അരാൻ ന താ പരി ബഭൂവ* അവൻ ചക്രപ്പട്ട ആരക്കാലുകളെയെന്നപോലെ, അവയെ വലയം ചെയ്തു.

★

## നൂറ്ററുപത്തിനാലാം സൂക്തം

ദീർഘതമസ് ഔചഥ്യൻ ഋഷി; 52 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ജഗതി 12, 15, 23, 29, 36, 41; പ്രസ്താരപംക്തി 42; അനുഷ്ടുപ്പ് 51; വിശ്വേദേവന്മാർ ദേവത (പ്രഹേളികാസൂക്തം)

അനേകം ദേവന്മാരാണ് ഈ സൂക്തത്തിന്റെ ദേവതയെന്ന് *അനുക്രമണി* പറയുന്നു: വിശ്വേ ദേവന്മാർ (1–41), വാക്ക് (42 എ, 45), ജലം (42 ബി), ചാണകപ്പുക (43 ബി), സോമൻ (43 ബി), അഗ്നി, സൂര്യൻ, വായു (44), സൂര്യൻ (46, 47), കാലചക്രം (48), സരസ്വതി (49), സാധ്യന്മാർ (50), സൂര്യൻ/പർജന്യൻ/അഗ്നി (51), സരസ്വാൻ/സൂര്യൻ (52). ഈ വൈവിധ്യം പ്രസ്തുതസൂക്തം, പ്രമേയപരവും ഘടനാപരവുമായി യുക്തിസഹമായ രചനയാണെങ്കിലും, ഒട്ടാക്കെ ശിഥിലമായ ഒരു പദ്യസമാഹാരമെന്ന പ്രതീതിയുളവാക്കുന്നു.

ഈ സൂക്തം പണ്ഡിതശ്രദ്ധയാകർഷിച്ചിട്ടുള്ളതിന് ഒരു കാരണം തൃപ്തികരമായ ഒരു വ്യാഖ്യാനത്തിൽനിന്നു രക്ഷപ്പെട്ടുകൊണ്ടേയിരിക്കുന്നുവെന്നതാണെന്നു തോന്നുന്നു. ഇതിന്റെ രചന പൊതുവിൽ ഒരിക്കലും പൂർണമായും സൂക്ഷ്മമായും വ്യാഖ്യാനിക്കാനാവാത്തവിധം നിഗൂഢാത്മകമാണ്. ഇതിലെ എല്ലാ പ്രഹേളികകൾക്കും ഉത്തരം കണ്ടെത്താനായില്ലെങ്കിൽപ്പോലും കടങ്കഥയെന്ന നിലയിൽ ഓരോന്നും അതിന്റെ ധർമം നിർവഹിക്കുന്നതിനെ ആസ്വദിക്കാൻ നമുക്കു കഴിയുന്നുണ്ട്. സോമസംബന്ധിയല്ലാത്ത കർമങ്ങളുൾപ്പെടെ വൈദികയജ്ഞങ്ങളുടെ അവ്യക്തവും സുവ്യക്തവുമായ പരാമർശങ്ങളുൾക്കൊള്ളുന്നതുകൊണ്ട്, സൂക്തത്തിലേക്കു കടക്കാനുള്ള ഒരു വഴി അതിന്റെ യജ്ഞബന്ധങ്ങൾതന്നെയാകുന്നു. പിൽക്കാലത്തെ യജ്ഞങ്ങളിലെ *ഋഗ്വേദ*സൂക്തങ്ങളുടെ വിനിയോഗം അവയുടെ മൗലികമായ യജ്ഞസന്ദർഭങ്ങളറിയാൻ പലപ്പോഴും സഹായിച്ചെന്നുവരില്ല. എങ്കിലും ഇത് ഒരു തുടക്കമായെടുക്കാം. *ഐതരേയാരണ്യകം* (5. 3. 2) അനുസരിച്ച്, 1–41 പദ്യങ്ങൾ മഹാവ്രതയജ്ഞത്തിൽ മാധ്യന്ദിനസവനത്തിൽ ചൊല്ലുന്ന വൈശ്വദേവശസ്ത്രത്തിന്റെ ഭാഗമാണ്. *ശാംഖായനാരണ്യകം* (2.18) അനുസരിച്ചാകട്ടെ, സൂക്തം മുഴുവൻ മഹാവ്രതത്തിലേക്കുള്ളതാണ്. ഈ മഹാവ്രതയജ്ഞം, ഒരു വർഷം നീണ്ടുനിൽക്കുന്ന ഗവാമയനയജ്ഞത്തിന്റെ ഉപാന്ത്യദിനത്തിൽ അനുഷ്ഠിച്ചിരുന്ന അഗ്നിഷ്ടോമയാഗത്തിന്റെ ഒരു പ്രഭേദമത്രേ. മഹാവ്രതത്തെപ്പറ്റി വ്യക്തമായ ഒരു പരാമർശവുമില്ലായ്കയാൽ, പ്രസ്തുതസൂക്തത്തിന്റെ മഹാവ്രതത്തിലെ വിനിയോഗം ദ്വിതീയകമാവാം. ഇത്ര ദീർഘമായ സൂക്തമായിട്ടും സോമയാഗത്തെപ്പറ്റിപ്പോലും കാര്യമായ ഒരു പരാമർശവും അതിലില്ലല്ലോ. പക്ഷേ, മഹാവ്രതവുമായി പ്രസ്തുതസൂക്തത്തിന് പ്രമേയപരമായ ഒരു ബന്ധമുണ്ട്. ഇതിലെ പത്തിലേറെ പദ്യങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സൂര്യനെപ്പറ്റിയാണ്. സൂര്യൻ ദക്ഷിണായനത്തിൽനിന്ന് ഉത്തരായണത്തിലേക്കു പോകുന്ന കാലമാണ് *കൗഷീതകീബ്രാഹ്മണ*പ്രകാരം മഹാവ്രതയജ്ഞസന്ദർഭം.

ഈ സൂക്തത്തിന്റെ മറ്റൊരു യജ്ഞസന്ദർഭം പ്രവർഗ്യകർമമാണ്. അശ്വികൾക്ക് ചൂടുള്ള പാലും നെയ്യും ഹോമിക്കലാണത്. പിൽക്കാലത്ത്, അഗ്നിഷ്ടോമയാഗത്തിൽ സോമസവനദിനത്തിലേക്കു നയിക്കുന്ന മൂന്നു ദിവസങ്ങളിൽ ദിവസം രണ്ടുനേരം പ്രവർഗ്യം അനുഷ്ഠിക്കാറുണ്ട്. പക്ഷേ, മൗലികമായി, സോമയാഗത്തിൽനിന്നു സ്വതന്ത്രമായാണ് അത് ചെയ്തിരുന്നത്. ഈ സൂക്തത്തിലെ ചില പദ്യങ്ങൾ (26–29) പ്രവർഗ്യത്തെ നേരിട്ടു പരാമർശിക്കുന്നുമുണ്ട്. അങ്ങനെ പ്രസ്തുതസൂക്തത്തിലെ പ്രധാനമായ ചില ഭാഗങ്ങൾ പ്രവർഗ്യവുമായി ബന്ധപ്പെട്ടുനിൽക്കുന്നു.

പ്രവർഗ്യത്തിനും മഹാവ്രതത്തിനും തമ്മിൽ പൊതുവായി ഒന്നുണ്ട്: അവയാണ് ആരണ്യകഗ്രന്ഥങ്ങളുടെ മുഖ്യവിഷയം. യജ്ഞകർമങ്ങളുടെ വിവരണവും വ്യാഖ്യാനങ്ങളുമടങ്ങുന്ന പിൽക്കാലവൈദികഗ്രന്ഥങ്ങളാണ് ആരണ്യകങ്ങൾ. അവ ഗ്രാമത്തിന്നകത്ത് പഠിപ്പിക്കുന്നത് അപകടകരമായതുകൊണ്ടാവണം ആരണ്യകങ്ങളുടെ വിഷയമായത്. *ഋഗ്വേദ*ത്തിന്റെ ആരണ്യകങ്ങൾ മഹാവ്രതത്തെയും *യജുർവേദ*ത്തിന്റെ ആരണ്യകങ്ങൾ പ്രവർഗ്യത്തെയും സവിശേഷം പ്രതിപാദിക്കുന്നു. ജാമിസൺ–ന്റെയും ബ്രെറെട്ടൺ–ന്റെയും അഭിപ്രായത്തിൽ ഈ സൂക്തം ഏതെങ്കിലുമൊരു കർമത്തിൽ ചൊല്ലാനല്ല ആദ്യം രചിച്ചത് – അതിലെ ചില മന്ത്രങ്ങൾ യജ്ഞങ്ങളിൽ വിനിയോഗിച്ചിരിക്കാമെങ്കിലും (1. 350). മറിച്ച്, ഈ കവിത ആരണ്യകസമാനമായ വ്യാഖ്യാനത്തിന്റെ ആദ്യകാലോദാഹരണമാണ്. യജ്ഞങ്ങളുടെ, പ്രത്യേകിച്ച് മഹാവ്രതത്തിന്റെയും പ്രവർഗ്യത്തിന്റെയും, അർഥം വെളിപ്പെടുത്തുകയാണതിന്റെ ധർമം. ഒരു *ഋഗ്വേദ*സൂക്തത്തിൽ പിൽക്കാലത്തെ ആരണ്യകഗ്രന്ഥങ്ങളുടെ സ്വഭാവം മുൻകൂട്ടി പ്രതീക്ഷിക്കുന്നത് അല്പം അസാധാരണമായിരിക്കും. എന്നാൽ, *ശാംഖായനഗൃഹ്യസൂത്ര*(2. 11. 13)മനുസരിച്ച് ഒരു ബ്രഹ്മചാരി സംഹിത പഠിച്ചുകഴിഞ്ഞാൽ ആചാര്യൻ സൂത്രം ആരണ്യകമെന്നു നിർവചിക്കുന്ന 'രഹസ്യ'മായാലും അഭ്യസിപ്പിക്കുന്നതിലൂടെ അയാളെ സഹായിക്കണം. ഈ രഹസ്യംകൊണ്ട് മഹാവ്രതമന്ത്രങ്ങളുരുവിടലാണോ യജ്ഞത്തിന്റെ വ്യാഖ്യാനമാണോ ഉദ്ദേശിക്കുന്നതെന്നതിനെപ്പറ്റി ആധുനികപണ്ഡിതർക്കിടയിൽ അഭിപ്രായഭേദം നിലനിൽക്കുന്നുണ്ട്.

യജ്ഞങ്ങളുടെ അർഥഗ്രഹണമെന്നാൽ യജ്ഞപ്രവർത്തനങ്ങളും പ്രാപഞ്ചികമായും വ്യക്തിപരമായ പ്രവർത്തനങ്ങളും തമ്മിലുള്ള കണ്ണികൾ മനസ്സിലാക്കുക എന്നാണർഥം. സൂക്തത്തിന്റെ സങ്കീർണത വിശേഷിച്ചും യജ്ഞത്തെയും പ്രപഞ്ചത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന അതിന്റെ പദ്യങ്ങളിലെ പരാമർശങ്ങളുടെ ആധിക്യത്തിൽനിന്നത്രേ. അങ്ങനെ, പദ്യങ്ങൾ കൂടക്കൂടെ ഒരേ സമയത്തുതന്നെ യജ്ഞത്തെയും (അധിയജ്ഞം) ലോകത്തെയും (അധിദേവതം), പ്രത്യേകിച്ച് സൂര്യനെയും ചിലപ്പോൾ മനുഷ്യശരീരത്തെയും, അല്ലെങ്കിൽ, മനുഷ്യനെയോ (അധ്യാത്മം) പരാമർശിക്കുന്നു. ഈ സൂക്തത്തിൽ പ്രശ്നരഹിതമായ ഒരു പദ്യവുമില്ല. ഉദാഹരണമായി ഒന്നാം പദ്യമെടുക്കുക. ആദ്യത്തെ മൂന്നു വരികൾ മൂന്നു സഹോദരന്മാരെ വിവരിക്കുന്നു. ആദ്യത്തേത് ജര ബാധിച്ച ഹോതാവ്, നടുവിലത്തേത് വിശപ്പുള്ളവൻ, മൂന്നാമൻ നെയ്യു പുരട്ടിയ പിൻഭാഗത്തോടുകൂടിയവൻ. ഈ സഹോദരന്മാർ ആരെ

ന്നതിനെപ്പറ്റി പണ്ഡിതന്മാർ പല അഭിപ്രായങ്ങൾ നിരത്തിയിട്ടുണ്ട്: സൂര്യൻ, കാറ്റ്, തീ (സായണൻ); ആഹവനീയാഗ്നി, ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി (ഗെൽഡ്നർ); അഗ്നിയുടെ മൗലികരൂപം, മിന്നൽ, ഭൂമിയിലെ അഗ്നി (ബ്രൗൺ); സൂര്യൻ, മിന്നൽ, പ്രവർഗ്യപാത്രം ചൂടാക്കുന്ന അഗ്നി (ഹൂബെൻ). സൂക്തത്തിന്റെ പ്രാചീനശ്രോതാക്കൾ ഒന്നിലധികം അഭിപ്രായങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ടാവാം. സൂക്തത്തിന് അധിയജ്ഞവും അധിദേവതവുമായ അർഥമുണ്ടെന്ന് ജാമിസണും ബ്രെറെട്ടണും അഭിപ്രായപ്പെടുന്നു. ഒന്നുകിൽ, മൂന്നു സഹോദരന്മാർ ത്രിവിധയജ്ഞാഗ്നികളാവാം. അല്ലെങ്കിൽ, യജ്ഞാഗ്നിയുടെ മൂന്നു തലങ്ങളാവാം (ചാരനിറമുള്ള കനലുകൾ, ജ്വലിക്കുന്ന അഗ്നി, നെയ്യ് ഏറ്റുവാങ്ങവേ മങ്ങിമങ്ങിക്കത്തുന്ന അഗ്നി). ത്രിവിധയജ്ഞാഗ്നികളെ പ്രതിനിധാനം ചെയ്യുന്ന സൂര്യൻ, ചന്ദ്രൻ, ഭൗമാഗ്നി എന്നീ പ്രാപഞ്ചികാഗ്നികളോ മുൻപറഞ്ഞവയിൽ ഏതെങ്കിലുമോ ആവാം. നാലാമത്തെ വരിയിൽ പരാമർശിക്കുന്ന "ഏഴു മക്കളോടുകൂടിയ ഗോത്രപ്രഭു" ഏഴു പുരോഹിതന്മാരോടുകൂടിയ യജമാനനായിരിക്കാം. പക്ഷേ, യജമാനൻ സൂര്യനും അഗ്നിയിലെ ഏഴു പുരോഹിതന്മാരുമാവാം; അല്ലെങ്കിൽ ഗോത്രപ്രഭു സൂര്യനും ഏഴു മക്കളും (സപ്തർഷിനക്ഷത്രസമൂഹം) ആവാം. കവി മൂന്നു സഹോദരന്മാരെന്നതുകൊണ്ടുദ്ദേശിച്ചതെന്താണെന്ന് നമുക്കറിഞ്ഞുകൂടാ. യജ്ഞത്തെയും പ്രപഞ്ചത്തെയും ബന്ധിപ്പിക്കുന്ന പല തലങ്ങളെ പദ്യം സൂചിപ്പിക്കുന്നുണ്ടെന്നു തീർച്ച. മുഖ്യങ്ങളായ ഇവയ്ക്കുപുറമെ ദ്വിതീയകങ്ങളായ മറ്റു പല സൂചനകളുമുണ്ടായിക്കൂടായ്കയില്ല.

രണ്ടും മൂന്നും പദ്യങ്ങൾ അധിയജ്ഞവും അധിദേവതവുമാ.യ അർഥങ്ങൾക്കിടയിൽ ആന്ദോളനം ചെയ്യുന്നു. രണ്ടാം പദ്യം ഒന്നാം പാദത്തിലെ "ഏഴ്" ഒന്നാം പദ്യം നാലാം പാദത്തിലെ, മുഖ്യമായി പുരോഹിതന്മാരായ (അധിയജ്ഞവ്യാഖ്യാനം) "ഏഴ്" ആവുമെന്നു തോന്നുന്നു. പക്ഷേ, രണ്ടാം പദ്യം ഒന്നാം പാദത്തിലെ "ഒരു ചക്രം" യജ്ഞാഗ്നിയേക്കാൾ സൂര്യനെ (അധിദേവതം) സൂചിപ്പിക്കുന്നു. 48–ാം പദ്യം ഇതിന്നുപോൽബലകമാണ്. മൂന്നാം പദ്യത്തിൽ കവി യജ്ഞപരാമർശങ്ങൾതന്നെ മുന്നോട്ടുവെക്കുന്നു: ഏഴ്, പുരോഹിതന്മാർതന്നെ; തേര്, ഇവിടെയും, യജ്ഞത്തിന്റെ പ്രതീകമാകുന്നു.

ഈ സൂക്തത്തിന്റെ മറ്റൊരു സവിശേഷതയും ഇതിന്റെ അവ്യക്തതയ്ക്കുള്ള മറ്റൊരു കാരണവും ഇതിൽ കൂടക്കൂടെ വരുന്ന പദലീലയാണ്. കവി നൈരുക്തികമായോ അർഥവിജ്ഞാനപരമായോ ബന്ധപ്പെട്ട പദങ്ങളെയല്ല, അവയ്ക്കുണ്ടായിരിക്കേണ്ട ശബ്ദവുമായി ബന്ധപ്പെട്ട പദങ്ങളോടാണ് ചായ്‌വു കാണിക്കുന്നത്. ഉദാഹരണമായി 13–ാം പദ്യം നാലാം വരിയിലെ "സനാദ്" (പണ്ടുമുതൽ), "സനാഭിഃ" (നാഭിയോടൊപ്പം) "സനേമി" (ചക്രപ്പട്ടയോടൊപ്പം) എന്നിവയോടൊപ്പം പ്രതിധ്വനിക്കുന്നു. വീണ്ടും, 14–ാം പദ്യം ആദ്യപാദത്തിലെ "വി വാവൃത" (അകലേക്കു തിരിച്ചു) മൂന്നാം പാദത്തിലെ "ആവൃത"(മറയ്ക്കപ്പെട്ട)ത്തെ മുൻകൂട്ടി പ്രതീക്ഷിക്കുന്നു. 6–ാം പദ്യത്തിൽ "അജം" (ജനിക്കാത്തത്) എന്ന പദത്തിന് "ആട്" എന്നും അർഥമുണ്ട്. അതുകൊണ്ട്, അതിന് സൂര്യന്റെ പ്രതീകമായ "അജ ഏകപാത്" (ഒരു കാലുള്ള ആട്) എന്നതിനെ സൂചിപ്പിക്കാനാവും. 16–ാം പദ്യം മറ്റൊരു തരം പദലീല പ്രദർശിപ്പിക്കുന്നു: കൃത്തികാഗണത്തിലെ നക്ഷത്രങ്ങൾ (കൃത്തികകൾ) സ്ത്രീകളായി വിഭാവനം ചെയ്യപ്പെടുന്നു. ആദ്യവരിയിലെ "സ്ത്രിയഃ" (സ്ത്രീകൾ) എന്ന പദത്തിന്റെ പ്രാതിപദികം "സ്ത്രീ"എന്നാണ്. ഇതുമായി സ്വനപരമായി ഏറ്റവും അടുപ്പമുള്ള "സ്തൃ"ധാതുവിൽനിന്നാണ് "താരം" നിഷ്പാദിപ്പിക്കപ്പെടുന്നത്. താരശബ്ദമാകട്ടെ സംസ്കൃതത്തിൽ പുല്ലിംഗമായും ഉണ്ട്. ഈ ശബ്ദം പദ്യത്തിലില്ലെങ്കിലും ശ്രോതാക്കൾക്കു പരിചിതമത്രേ. കൃത്തികകൾ സ്ത്രീകളാണെങ്കിലും അതിലെ അംഗങ്ങൾ താരങ്ങളാകയാൽ ജനങ്ങൾ അവ പുല്ലിംഗങ്ങളായി പറയുന്നു. പദങ്ങളുടെ അധിപതികളായ കവികൾക്കേ ഇത് മനസ്സിലാക്കാൻ കഴിയൂ എന്നും ഇത് മനസ്സിലാക്കുന്ന കവി തന്റെ അച്ഛന്റെ അച്ഛൻ (ഗുരു) ആകുമെന്നും പറഞ്ഞുകൊണ്ട് പദ്യം അവസാനിക്കുന്നു.

പ്രമേയപരമായ തുടർച്ചകളും സമാനകാവ്യോപായങ്ങളുടെ ആവർത്തിച്ചുള്ള പ്രയോഗവും സൂക്തത്തെ ഏകരൂപമാക്കാൻ സഹായിക്കുന്നു. ആദ്യാവസാനങ്ങളിലുള്ള സമാന്തരതകൾ സൃഷ്ടിക്കുന്ന ഘടനയും അതിനെ ഏകരൂപമാക്കുന്നുണ്ട്. ഉദാഹരണമായി, കവി ആറാം പദ്യത്തിലും സൂക്താന്തഭാഗത്ത് 46–ാം പദ്യത്തിലും ഒന്നിനെപ്പറ്റി (ഏകം) പറയുന്നു. ആറാം പദ്യത്തിൽ "ഒന്ന്" സൂര്യന്റെ രൂപം സ്വീകരിക്കുന്നു. 46–ലാകട്ടെ, "ഒന്ന്" വീണ്ടും പ്രത്യക്ഷപ്പെടുന്നത് വാക്കിലൂടെ സൂര്യന്റെ മാത്രമല്ല, അഗ്നിയുടെയും മാതരിശ്വാവിന്റെയും (അഗ്നിയെ കൊണ്ടുവരുന്നവൻ) മറ്റു ദേവതമാരുടെയും രൂപത്തിലും 7 ഉത്തരാർധത്തിലും 47–ലും (51–ലും) വെള്ളത്തിന്റെ വഴി മേലോട്ട് സൂര്യരശ്മികളിലൂടെയും താഴോട്ട് മഴയിലൂടെയുമാണെന്നു വിവരിക്കുന്നു. 2–3 പദ്യങ്ങളിലും 48–ാം പദ്യത്തിലും സൂര്യന്റെ തേരിനെ, പ്രത്യേകിച്ച് അതിന്റെ ഒരു ചക്രത്തെ, വർണിക്കുന്നു. 49–52 എന്നീ അവസാനപദ്യങ്ങൾ സ്വതന്ത്രമായ ഒരേകകമായി നിലകൊള്ളുന്നു. അവ യഥാക്രമം സരസ്വതിയെയും നദീദേവതകളെയും 52 പൂർവാർധമനുസരിച്ച് അഗ്നിയും സൂര്യനുമായ സരസ്വാനെയും സംബന്ധിച്ചാണ്. അഗ്നി, ജലം, സൂര്യൻ, മഴ എന്നിവയുടെ ഒരു കണ്ണി സൂക്തത്തിലുടനീളമുണ്ട്. സരസ്വതിയെയും സരസ്വാനെയും വർണിക്കുന്ന പദ്യങ്ങൾക്കിടയിൽ അത് ഒന്നുകൂടി ഉറപ്പിക്കുന്നു. 51–ാം പദ്യം സ്വർഗത്തിലേക്കും അവിടെനിന്നു തിരിച്ച് ഭൂമിയിലേക്കുമുള്ള വെള്ളത്തിന്റെ പോക്കുവരവിനെയും സ്വർഗത്തിലെ ദേവന്മാരെ ഉത്തേജിപ്പിക്കുന്ന യജ്ഞാഗ്നിക്കും ഭൂമിയെ ഉത്തേജിപ്പിക്കുന്ന മഴയ്ക്കും തമ്മിലുള്ള സമാന്തരതയെയും പ്രതിപാദിക്കുന്നു. 10. 90. 16–ൽനിന്നുദ്ധരിച്ച 50 –ാം പദ്യം ജലവൃത്തത്തെപ്പോലെ സ്വർഗത്തിനും ഭൂമിക്കും മധ്യേ പ്രവർത്തിക്കുന്ന യജ്ഞവൃത്തത്തെ പരാമർശിക്കുന്നു. യജ്ഞത്തിന്റെ ഉല്പത്തി സ്വർഗത്തിലാണെങ്കിലും അത് ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നത് ഭൂമിയിൽ സ്വർഗത്തിനുനേർക്കു തിരിച്ചുകൊണ്ടത്രേ. അത്തരം രൂപപരമായ സങ്കേതങ്ങൾ, യജ്ഞപരവും പ്രമേയപരവുമായ മണ്ഡലത്തെ അടിസ്ഥാനപരമായി വിവരിക്കുന്ന ഒരു സൂക്തത്തിന് പര

സ്പരബദ്ധമായ ഒരർഥമുണ്ടാക്കാൻ സഹായിക്കുന്നു.

*ഋഗ്വേദ*ത്തിന്റെ സമ്പൂർണമായ ആംഗലവിവർത്തനത്തിന്റെ കർത്താക്കൾ ഈ സൂക്തത്തിലെ പദ്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നില്ലെങ്കിലും കൂടുതലായി ചില വിവരങ്ങൾ നൽകുന്നതിനും സൂക്തത്തിന്റെ വിവിധമായ അർഥതലങ്ങൾ തമ്മിലുള്ള നീക്കം വിശദീകരിക്കുന്നതിനും ശ്രമിക്കുന്നുണ്ട്. എട്ടാം പദ്യത്തിൽ ഉഷസ്സിനെ അവളുടെ അച്ഛൻ (ചിലപ്പോൾ സൂര്യൻ, ചിലപ്പോൾ സ്വർഗം) ബലാൽസംഗം ചെയ്യുന്ന കഥ പരാമർശിക്കുന്നു. ഇതിൽ ആരാണവളുടെ അച്ഛൻ (ഈ സൂക്തത്തിൽ രണ്ടിൽ ആരുമാവാം) എന്നതിനെ ആസ്പദമാക്കി ഉഷസ്സിന്റെ കുഞ്ഞ് സൂര്യനോ അഗ്നിയോ (യജ്ഞാഗ്നി) ആവാം. പദ്യം 14 സൂര്യന്റെ രാത്രിചലനത്തെപ്പറ്റിയാണ്. അവന്റെ പ്രഭാമയമായ വശം ഭൂമിയിൽനിന്നു തിരിക്കുകയും പടിഞ്ഞാറുനിന്ന് കിഴക്കോട്ടു നീങ്ങുകയും ചെയ്യുന്നു. പദ്യം 15 ഈ രാത്രിവർണനം തുടരുന്നു. ഒരേ സമയത്തു ജനിച്ച ഏഴ് സപ്തർഷിനക്ഷത്രങ്ങളായിരിക്കണം. ഇവയിൽ ആറെണ്ണം ജോടികളാണ്; ഒന്ന് ഒറ്റയും.

20–22 പദ്യങ്ങളിൽ തുടരെ നിലനിൽക്കുന്ന മരത്തിന്റെ പ്രസിദ്ധമായ പ്രഹേളിക ഒരു പ്രശ്നമാണ്. രണ്ടു പക്ഷികൾ ശുക്ലപക്ഷത്തിലെയും കൃഷ്ണപക്ഷത്തിലെയും വൃദ്ധിക്ഷയങ്ങളോടുകൂടിയ ചന്ദ്രനാണെന്നും സൂര്യചന്ദ്രന്മാരാണെന്നും സൂര്യനും ഘർമപാത്രവുമാണെന്നും രണ്ടു ജ്ഞാനാന്വേഷകരാണെന്നും മറ്റും പല അഭിപ്രായങ്ങൾ പണ്ഡിതർക്കിടയിലുണ്ട്. പക്ഷികൾ ആരായാലും, പദ്യം ആത്യന്തികമായി ജ്ഞാനത്തെയോ പ്രചോദനത്തെയോ (വൃക്ഷാഗ്രത്തിലുള്ള മധുരമായ "അത്തിപ്പഴം") സമ്പാദിക്കുന്നതിനെപ്പറ്റിയാണ്. ഈ സൂക്തത്തിന്റെ നിഗൂഢാത്മക സ്വഭാവം വെച്ചുനോക്കുമ്പോൾ, ഈ ജ്ഞാനം അപ്രാപ്യമാണെന്നതിൽ വിസ്മയിക്കാനൊന്നുമില്ല. ഈ പ്രഹേളികയെ അനുഗമിച്ചുകൊണ്ട് മൂന്നു (23–25) പദ്യങ്ങളാണുള്ളത്. "മധുരമായ അത്തിപ്പഴ"ത്തെ പ്രതിനിധാനം ചെയ്യുന്ന ജ്ഞാനത്തിന്റെ മൂർത്തീഭാവമായേക്കാവുന്ന യജ്ഞവചനത്തിന്റെ വികാസത്തെ അവ അവതരിപ്പിക്കുന്നു. 23–ാം പദ്യമനുസരിച്ച് ഗായത്രി, ത്രിഷ്ടുപ്പ്, ജഗതി എന്നീ വൃത്തങ്ങളിൽ രചിക്കപ്പെട്ട സൂക്തങ്ങളിൽനിന്ന് ആ വൃത്തങ്ങളിലുള്ള വരികൾ ഉദ്ധരിച്ചിരിക്കുന്നു. അതായത്, കൂടുതൽ ചെറിയ ഘടകമായ കാവ്യപാദം കൂടുതൽ വലിയ മുഴുകാവ്യത്തിൽനിന്ന് എടുത്തുചേർത്തിരിക്കുന്നു. പക്ഷേ, പിന്നീട് 24–ാം പദ്യം ഗാനം ചെയ്യപ്പെട്ട സൂക്തമായ "അർക്ക" (സ്തുതി)ത്തിന്റെ അടിസ്ഥാനമായ ഗായത്രീപാദത്തോടുകൂടി തുടങ്ങുന്നു. പല പദ്യങ്ങളും ഗാനം ചെയ്യപ്പെടുന്ന സാമത്തിന് അടിസ്ഥാനമാണ് സ്തുതി. അങ്ങനെയെങ്കിൽ, അപ്പോൾ ഈ പദ്യം ഏറ്റവും ചെറിയ ഘടകമായ ഒരു വരിയിൽ തുടങ്ങുന്നു. അതിൽനിന്ന് കൂടുതൽ നീണ്ട ഗാനങ്ങളും സ്തുതികളും വികസിക്കുന്നു. ഇതുപോലെ, ത്രിഷ്ടുപ്പുപാദം പിൽക്കാലപാരമ്പര്യത്തിലെ ശസ്ത്രങ്ങളായ കൂടുതൽ നീണ്ട ചൊല്ലലുകൾക്ക് അടിസ്ഥാനമാകുന്നു. ഈ പദ്യം സ്തുതിയും ചൊല്ലലും ഗായത്രീപാദങ്ങളെന്നും ത്രിഷ്ടുപ്പുപാദങ്ങളെന്നും തമ്മിൽ വിഭജിക്കുന്നതിനു കാരണം, പതിനൊന്നക്ഷരമുള്ള ത്രിഷ്ടുപ്പുപാദം ചൊല്ലലുകളിൽ ഉപയോഗിച്ചിരുന്നിരിക്കേ, *ഋഗ്വേദ*പാരമ്പര്യത്തിൽ എട്ടക്ഷരമുള്ള ഗായത്രീപാദം സ്തുതികൾക്കടിസ്ഥാനമായി ഉപയോഗിക്കാമെന്നതാണ്. അങ്ങനെ, 23–ാം പദ്യം തിരിച്ചിട്ടുകൊണ്ട്, ആദ്യത്തെ രണ്ടു വരികളിൽ കൂടുതൽ ചെറുത് (സ്തുതിക്കപ്പെട്ടതോ ചൊല്ലപ്പെട്ടതോ ആയ വരി) കൂടുതൽ വലുതിന് (സ്തുതിക്കോ ചൊല്ലലിനോ) അടിസ്ഥാനമാകുന്നു. മൂന്നാം വരിയിൽ പ്രത്യേകവരികളിൽനിന്ന് പൂർണമായ ചൊല്ലലിലേക്കു നീങ്ങുന്ന ക്രമം തുടരുന്നു. അവസാനത്തെ വരിയിൽ, ഏഴു പുരോഹിതന്മാരും സ്തുതിച്ചതോ ചൊല്ലിയതോ ആയ എല്ലാറ്റിന്റെയും, ഏറ്റവും ചെറിയ ഘടകം, അക്ഷരം, ഏറ്റവും വലിയ ഘടകത്തിന് അടിസ്ഥാനമാണ്. ദീർഘത്തിൽ (രചിക്കപ്പെട്ട സൂക്തം) നിന്നു ഹ്രസ്വത്തി(കാവ്യപാദം)ലേക്കും ദീർഘത്തി(സ്തുതികളും ചൊല്ലലുകളും)ലേക്കുമുള്ളതും അവസാനം ഏറ്റവും ചെറുതിൽ (അക്ഷരം) നിന്ന് ഏറ്റവും നീണ്ടതി(സ്തുതിക്കപ്പെട്ടതും ചൊല്ലപ്പെട്ടതുമായ എല്ലാം)ലേക്കുമുള്ള ഈ നീക്കം യജ്ഞപരമായ വചനത്തിന്റെ ഒന്നിച്ചുള്ള സാകല്യത്തെ തുന്നിച്ചേർക്കുകയും ആത്യന്തികമായി അക്ഷരത്തിൽ അതിനെ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അങ്ങനെ, ഈ രണ്ടു പദ്യങ്ങൾ 46–ാം പദ്യത്തെ മുൻകൂട്ടിപ്രതീക്ഷിക്കുന്നു. അതിൽ "ഒന്ന്" പല പേരുകൾക്ക് അടിസ്ഥാനമാണ്. പദ്യം 25–ഉം ഏറ്റവും ചെറിയ ഘടകത്തെ കൂടുതൽ വലുതിന്റെ അടിസ്ഥാനമായി അവതരിപ്പിക്കുന്നു. അതുപ്രകാരം ഗായത്രീപദ്യമാണ് കൂടുതൽ ദീർഘമായ ജഗതീപദ്യത്തിനും രഥന്തരസ്തുതിക്കും അടിത്തറ. ഗായത്രീപദ്യമാണ് ജഗതിക്ക് അടിസ്ഥാനം. കാരണം, ജഗതീപദ്യത്തിന് ഗായത്രിയുടേതിനേക്കാൾ ഇരട്ടി അക്ഷരങ്ങളുണ്ട് (യഥാക്രമം 48–ഉം 24–ഉം). ഗായത്രിയാണ് രഥന്തരസ്തുതിക്കടിസ്ഥാനം. കാരണം, രഥന്തരം (7. 32. 22–23) ബൃഹതീ–സതോബൃഹതീവൃത്തങ്ങളിലത്രേ. ഈ രണ്ടു വൃത്തങ്ങളിലുള്ള പദ്യങ്ങൾ ജഗതീ–ഗായത്രീപാദങ്ങളുടെ സംയോജനങ്ങളാകുന്നു. ഗായത്രി അങ്ങനെ ജഗതിയുടെയും രഥന്തരത്തിന്റെയും അടിത്തറയും ആ വിധത്തിൽ അവ രണ്ടിനെയും അതിശയിക്കുന്നതു മത്രേ.

36–42 പദ്യങ്ങളിൽ വീണ്ടും വാക്കിന്റെ വിഷയം എടുക്കുന്നു. 36–37 പദ്യങ്ങളിൽ അത് അവതരിപ്പിക്കപ്പെടുന്നു. അവയിൽ കവിയുടെ ശ്രദ്ധ പ്രാചീനഋഷികളിലേക്കു തിരിയുന്നു. അവരുടെ "ഉൾക്കാഴ്ച്ച" കളും "ചിന്ത"കളുമാണ് കവി അവതരിപ്പിക്കുന്നത്. പക്ഷേ, കവി സ്വന്തം പ്രചോദനത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല (37). അത് അന്തിമമായി ദേവന്മാരുടെ അനുഗ്രഹമാണ്. കൃത്യമായിപ്പറഞ്ഞാൽ, അഗ്നിയുടെ അനുഗ്രഹമാണ്. 39–42 പദ്യങ്ങളനുസരിച്ച്, ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിനുവേണ്ടി വെള്ളമെന്നപോലെ, ഈ വാക്ക് മാനവമണ്ഡലത്തിലേക്ക് ഇറങ്ങിവന്നതാണ്. ഈ പദ്യങ്ങളിലെ ഊന്നൽ പ്രാപഞ്ചികതത്വമെന്നും മനുഷ്യസിദ്ധിയെന്നുമുള്ള നിലയിൽ വാക്കിലായിരിക്കേ, പ്രത്യേകമായ യജ്ഞപരാമർശവും കാണുന്നുണ്ട്. പ്രവർഗ്യകർമത്തിലെ ഘർമപാനസൂക്തമായി ശൗനക *അഥർവ*

*വേദ*ത്തിൽ (7. 73) 1. 164. 26–27–നോടൊപ്പം 40–ാം പദ്യവുമുണ്ടെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

സൂക്തത്തിലെ 26–29 പദ്യങ്ങൾ പ്രവർഗ്യകർമത്തിൽ കേന്ദ്രീകരിക്കുന്നു. 26–ൽ ഹവിസ്സായി അർപ്പിക്കേണ്ട പാൽ നൽകുന്ന പശുവും പാൽ പകരേണ്ടുന്ന ഘർമപാത്രം ചൂടാക്കുന്നതും വിവരിക്കപ്പെടുന്നു. പാത്രം ചൂടാവുമ്പോൾ അതിൽ പാലുള്ളതിനാൽ ഹിം എന്ന ശബ്ദം പുറപ്പെടുന്നുവെന്നു 27–ാം പദ്യത്തെ ആദ്യവരിയിൽ പറയുന്നു. പാത്രം ഇപ്പോൾ പശുവായിത്തീരുന്നു. അവളുടെ കന്നുകുട്ടി അഗ്നിയായിരിക്കാം. അഗ്നിയിൽ വെക്കുന്ന പാത്രത്തെ വിവരിക്കുന്ന 28 പൂർവാർധത്തിലെ അഭേദകല്പനം ഇതിന്നുപോൽബലകമാണ്. 29–ാം പദ്യത്തിൽ വീണ്ടും പശുവിന്റെ അർഥം മാറുന്നു. അവൾ ഇപ്പോൾ ഘർമപാത്രത്തിനകത്ത് "മറയ്ക്കപ്പെട്ട" പാലാണ്. ചൂടാക്കിയ പാത്രത്തിലേക്കു പാൽ പകരുമ്പോൾ ഒരു ജ്വാലാസ്തംഭം ഉയർന്നുവരുന്നു. ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്ന രീതിയിലുള്ള സോമയാഗത്തിലെ ഏറ്റവും ദർശനീയമായ നാടകീയമുഹൂർത്തമാണിതെന്നു പറയാം. 29 ഉത്തരാർധത്തിൽ പാൽ അഥവാ പശു അങ്ങനെ പാത്രത്തിൽനിന്നു മേൽപ്പോട്ടുയരുന്ന മിന്നലായിത്തീരുന്നു. 30–ാം പദ്യത്തിൽ പ്രവർഗ്യകർമപരാമർശം സ്വല്പം അവ്യക്തമാണെങ്കിലും അത് ഘർമപാത്രത്തിൽ ഉരുകിത്തിളക്കുന്ന നെയ്യിൽ പാൽ കലർത്തുന്നതിനെ പരാമർശിക്കുന്നതാവാം. 29–ാം പദ്യം പരാമർശിക്കുന്നതിനേക്കാൾ മുൻപത്തെ ഘട്ടത്തിൽ ചെയ്യേണ്ടതാണിത്. ഘർമപാത്രം ചൂടാക്കുകയും അതിനെ ഉറ്റുനോക്കുകയും ചെയ്യുന്ന കർമത്തിൽ വിധിക്കപ്പെട്ട പദ്യം 31–ൽ ഉദ്ധരിക്കുന്ന ശ്രൗതസൂത്രങ്ങളിലെ മന്ത്രവും മുൻപത്തെ ഘട്ടത്തിൽ വേണ്ടതുതന്നെ. ഇങ്ങനെയൊക്കെയാണെങ്കിലും ഈ രണ്ടു (30–31) പദ്യങ്ങൾക്കു വ്യത്യസ്തമായ വ്യാഖ്യാനവുമാവാമെന്നു പറയാതിരുന്നുകൂടാ. ഉദാഹരണമായി, 31 ആദ്യപാദത്തിലെ "ഇടയൻ" ശ്വാസമോ (ഹൂബെൻ) സൂര്യനോ (സായണൻ) രണ്ടുമോ ആവാം.

ഇതുപോലെ ഹൂബെൻ 43–ാം പദ്യം പ്രവർഗ്യകർമത്തെ പ്രതിഫലിപ്പിക്കുന്നവെന്നു വിവരിക്കുന്നു. ഘർമപാത്രം പുകയ്ക്കാനുപയോഗിക്കുന്ന കുതിരച്ചാണകം വിറകായുള്ള അഗ്നിയിൽനിന്നു പൊങ്ങുന്നതാണ് "ചാണകപ്പുക"യെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. അപ്പോൾ, "പുള്ളിക്കാള" ഘർമപാത്രത്തിൽ ചൂടാക്കപ്പെടുന്ന പാലിന്റെയും നെയ്യിന്റെയും മിശ്രിതമാവും. എന്നാൽ, ഈ പദ്യവും പ്രവർഗ്യപരാമർശത്തിന്നപ്പുറമുള്ള വ്യാഖ്യാനത്തിനും വഴങ്ങുന്നതാണ്. നാലാം പാദത്തിലെ "ആദ്യത്തെ അടിത്തറകൾ" ഏതെങ്കിലുമൊരു പ്രത്യേകയജ്ഞാനുഷ്ഠാനത്തെയല്ല, മറിച്ച് യജ്ഞമെന്ന സ്ഥാപനത്തെത്തന്നെയാണ് പരാമർശിക്കുന്നത്. പ്രപഞ്ചത്തിലെ യജ്ഞത്തിന്റെ രൂപഭാവങ്ങളെയാണ് അത് അടയാളപ്പെടുത്തുന്നതെന്ന കൂടുതലായൊരു വ്യാഖ്യാനത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. "വിഷൂവത്" (മധ്യബിന്ദു) എന്നതിന് വിഷുവദ്ദിനത്തെ മാത്രമല്ല, വർഷങ്ങളോളം നീണ്ടുനിൽക്കുന്ന സത്രയജ്ഞത്തിന്റെ മധ്യത്തെയും പരാമർശിക്കാൻ കഴിയും. ഇത് സൂചിപ്പിക്കുന്നത്, ഭൗമാഗ്നിക്കപ്പുറമുള്ള അഗ്നി സൂര്യനാണെന്നത്രേ – ഒരു പക്ഷേ, "ചാണകപ്പുക"യാകുന്ന മേഘത്താൽ മൂടപ്പെട്ട സൂര്യൻ. സൂര്യൻ "കാള"യുമാവാം. അത് "പുള്ളിക്കുത്തുക"ളുള്ളതാണ്. കാരണം, മേഘങ്ങൾ അഥവാ സൂര്യകളങ്കങ്ങൾ (ഗർത്തങ്ങൾ). "വീരന്മാർ" പുരോഹിതന്മാരാവാം. പക്ഷേ, സൂര്യനു ചുറ്റും നിൽക്കുന്ന അവരും ദേവന്മാരാവാം. യജ്ഞപരവും വിശ്വാത്മകവുമായ ഈ വ്യാഖ്യാനങ്ങളെല്ലാം, ആരണ്യകങ്ങളും ബ്രാഹ്മണങ്ങളുമനുസരിച്ച്, സൂര്യനിൽ മാത്രം ഒതുങ്ങുന്നതല്ല.

പദ്യം 33–ൽ വക്താവ് സൂര്യനാവാൻ സാധ്യതയുണ്ട്. ഈ പദ്യത്തിലെ അലങ്കാരങ്ങൾ 38–ലും വരുന്നുണ്ട്. അതിലെ പൂർവാർധം ആത്മാവിനെ/സൂര്യനെപ്പറ്റിയാണല്ലോ. 33–ലെ ബീജത്തിന്റെ ജന്മം "ജീവലോകത്തിന്റെ നാഭി"യെയും "കുതിരയുടെ ബീജ"ത്തെയും പറ്റി പറയുന്ന 34–35 ലേക്കു നയിക്കുന്നു. ഈ രണ്ടു പദ്യങ്ങളിൽ അശ്വമേധത്തിലെ ബ്രഹ്മോദ്യമാണ് വിഷയം. ചോദ്യോത്തരവിനിമയരൂപത്തിലുള്ളൊരു ചടങ്ങാണിത്. പദ്യങ്ങൾ അശ്വമേധോചിതങ്ങളാണ്. ആ യജ്ഞത്തിൽനിന്നു ഈ സൂക്തത്തിലേക്കു പകർത്തിയതാവാം ഇവ. ഇവിടെ പദ്യങ്ങൾ സ്വർഗത്തെയും ഭൂമിയെയും യജ്ഞത്തെയും പറ്റി പറയുന്നതു തുടരുന്നു. അവയാകട്ടെ, ലോകത്തിന്റെ പ്രതിച്ഛായയായിത്തീരുകയും ചെയ്യുന്നു.

ഈ സൂക്തം ഒന്നാം മണ്ഡലത്തിലെ മാത്രമല്ല, *ഋഗ്വേദ*ത്തിലെത്തന്നെ ഏറ്റവും ദീർഘമായ സൂക്തങ്ങളിലൊന്നത്രേ.

**1. അസ്യ വാമസ്യ പലിതസ്യ ഹോതു–**
**സ്തസ്യ ഭ്രാതാ മധ്യമോ അത്യശ്നഃ**
**തൃതീയോ ഭ്രാതാ ഘൃതപൃഷ്ഠോ അസ്യാ–**
**ത്രാപശ്യം വിശ്പതിം സപ്തപുത്രം**

| | |
|---|---|
| *വാമസ്യ അസ്യ പലിതസ്യ തസ്യ ഹോതുഃ* | അമൂല്യനായ ഈ ജര ബാധിച്ച ഹോതാവിന്റെ |
| *മധ്യമഃ ഭ്രാതാ അശ്നഃ അസ്തി* | നടുവിലത്തെ സഹോദരൻ വിശപ്പുള്ളവനാണ്; |
| *അസ്യ തൃതീയഃഭ്രാതാ ഘൃതപൃഷ്ഠഃ* | അവന്റെ മൂന്നാമത്തെ സഹോദരൻ നെയ് പൂശിയ പിൻഭാഗമുള്ളവൻ. |
| *അത്ര സപ്തപുത്രം വിശ്പതിം അപശ്യം* | അവനിൽ ഞാൻ ഏഴു മക്കളോടുകൂടിയ ഗോത്രപ്രഭുവെ കാണുന്നു. |

**2. സപ്ത യുഞ്ജന്തി രഥമേകചക്ര–**
**മേകോ അശ്വോ വഹതി സപ്തനാമാ**
**ത്രിനാഭി ചക്രമജരമനർവം**
**സൃജസ്യ രൂപേ കിമപി സ്വിദേകം**

| | |
|---|---|
| *അചികിത്വാൻ യഃ ന വിദ്വാൻ ചികിതുഷഃ ചിത്* | കാര്യം മനസ്സിലാകാത്ത ഞാൻ അറിയാത്തതുകൊണ്ട് എല്ലാം |

മനസ്സിലാക്കിയ

*കവീൻ അത്ര വിദ്മനേ പൃച്ഛാമി* കവികളോട് ഈ വിഷയത്തിൽ അറിയാൻ വേണ്ടി ചോദിക്കുന്നു:

**യത്രേമാ വിശ്വാ ഭുവനാധി തസ്ഥുഃ**

*ഏകചക്രം രഥം സപ്ത യുഞ്ജന്തി* ഒരു ചക്രമുള്ള (സൂര്യൻ) തേരിൽ ഏഴു (കുതിരകളെ) കെട്ടുന്നു.

*സപ്തനാമാ ഏകഃ അശ്വഃ വഹതി* ഏഴുപേരുകളുള്ള കുതിര അത് വലിക്കുന്നു.

*ത്രിനാഭി അജരം അനർവം ചക്രം* മൂന്നു നാഭിയുള്ളത് (മൂന്ന് കാലങ്ങളുള്ളത്) അജരവും അജയ്യവുമായ ചക്രമാണ്;

*യത്ര ഇമാ വിശ്വാ ഭുവനാ അധി തസ്ഥുഃ* അതിലാണ് ഈ എല്ലാ ജീവജാലങ്ങളും വിശ്രമിക്കുന്നത്.

**3. ഇമം രഥമധി യേ സപ്ത തസ്ഥുഃ**
**സപ്തചക്രം സപ്ത വഹന്ത്യശ്വാഃ**
**സപ്ത സ്വസാരോ അഭി സം നവന്തേ**
**യത്ര ഗവാം നിഹിതാ സപ്ത നാമ**

*സപ്ത അശ്വാഃ സപ്ത യേ അധി തസ്ഥുഃ* ഏഴു കുതിരകളെപ്പോലെ, ഈ (തേരിന്മേൽ – യജ്ഞത്തിൽ) നിൽക്കുന്ന ഏഴു (പുരോഹിതന്മാർ)

*ഇമം സപ്തചക്രം രഥം വഹന്തി* ഈ ഏഴു ചക്രമുള്ള തേര് വലിക്കുന്നു.

*സപ്ത സ്വസാരഃ അഭി സം നവന്തേ* ഏഴു സഹോദരിമാർ (പുരോഹിതന്മാരുടെ ശബ്ദങ്ങൾ) ഒരുമിച്ച് ഉറക്കെ (വാക്കുകൾ) പറയുന്നു.

*യത്ര ഗവാം സപ്ത നാമ നിഹിതാ* അവയിൽ പശു(കവിവാക്ക്)ക്കളുടെ ഏഴു പേരുകൾ അടയാളപ്പെടുത്തിയിരിക്കുന്നു.

**4. കോ ദദർശ പ്രഥമം ജായമാന–**
**മസ്ഥന്വന്തം യദനസ്ഥാ ബിഭർത്തി**
**ഭൂമ്യാ അസുരസൃഗാത്മാ ക്വ സ്വിത്**
**കോ വിദ്വാംസമുപ ഗാത് പ്രഷ്ടുമേതത്**

*യദ് അനസ്ഥാ അസ്ഥന്വന്തം ബിഭർത്തി* എല്ലില്ലാത്ത (അമ്മ –ജലം) എല്ലുകളുള്ള (ജീവിയായ ഇവനെ ഗർഭത്തിൽ) വഹിക്കുമ്പോൾ,

*കഃ ജായമാനം പ്രഥമം ദദർശ?* ആരാണ് ജനിച്ചയുടനെ ആദ്യത്തേവനെ (സൂര്യനെ/അഗ്നിയെ) കണ്ടത്?

*ക്വ സ്വിത് ഭൂമ്യാഃ അസുഃ അസൃക് ആത്മാ?* എവിടെയാണ് ഭൂമിയുടെ ജീവനും ചോരയും ആത്മാവുമുള്ളത്?

*ഏതത് പ്രഷ്ടും കഃ വിദ്വാംസം ഉപ ഗാത്?* ഇത് ചോദിക്കാൻ ആരാണ് അറിയുന്നവനെ സമീപിക്കുന്നത്?

**5. പാകഃ പൃച്ഛാമി മനസാവിജാനൻ**
**ദേവാനാമേനാ നിഹിതാ പദാനി**
**വത്സേ ബഷ്കയേധി സപ്ത തന്തൂൻ**
**വി തത്നിരേ കവയ ഓതവാ ഉ**

*പാകഃ അവിജാനൻ ദേവാനാം* ശുദ്ധതകൊണ്ട് മനസ്സിലാക്കാനാവാത്തതിനാൽ ദേവന്മാരുടെ

*നിഹിതാ ഏനാ പദാനി മനസാ പൃച്ഛാമി* അടയാളപ്പെട്ട ഈ പാതകളെപ്പറ്റി ഞാൻ മനസാ ചോദിക്കുന്നു:

*ബഷ്കയേ വത്സേ അധി കവയഃ* പൂർണവളർച്ചയെത്തിയ കന്നുകുട്ടി(അഗ്നി)യുടെമേൽ കവികൾ

*ഓതവൈ സപ്ത തന്തൂൻ ഉ വി തത്നിരേ* നെയ്യുന്നതിന് (യജ്ഞത്തിന്റെ) ഏഴ് ഊടുനൂലുകൾ വിരിക്കുന്നു.

**6. അചികിത്വാൻ ചികിതുഷശ്ചിദത്ര**
**കവീൻ പൃച്ഛാമി വിദ്മനേ ന വിദ്വാൻ**
**വി യസ്തസ്തംഭ ഷളിമാ രജാം–**

*അജസ്യ രൂപേ ഏകം കിം അപി സ്വിത്* അജന്റെ (ജനിക്കാത്തവന്റെ) രൂപത്തിലുള്ള ഒന്ന് (സൂര്യൻ) എന്ത്?

*ഇമാ ഷട് രജാംസി വി തസ്തംഭ* (സ്വർഗത്തിന്റെയും ഭൂമിയുടെയും) ഈ ആറു നഭോമണ്ഡലങ്ങളെ ആരാണ് താങ്ങി നിർത്തിയത്?

*അജസ്യ രൂപേ ഏകം കിം അപി സ്വിത്* അജന്റെ (ജനിക്കാത്തവന്റെ) രൂപത്തിലുള്ള ഒന്ന് (സൂര്യൻ) എന്ത്?

*ഇമാ ഷഡ് രജാംസി വി തസ്തംഭ* (സ്വർഗത്തിന്റെയും ഭൂമിയുടെയും) ഈ ആറു നഭോമണ്ഡലങ്ങളെ ആരാണ് താങ്ങി നിർത്തിയത്?

**7. ഇഹ ബ്രവീതു യ ഈമംഗ വേദാ–**
**സ്യ വാമസ്യ നിഹിതം പദം വേഃ**
**ശീർഷ്ണഃ ക്ഷീരം ദുഹ്രതേ ഗാവോ അസ്യ**
**വവ്രിം വസാനാ ഉദകം പദാപുഃ**

*അംഗ ഇഹ യഃ ഈം അസ്യ വാമസ്യ വേഃ* ഇവിടെ ഈ അമൂല്യമായ പക്ഷിയുടെ (സൂര്യന്റെ)

*നിഹിതം പദം വേദ ബ്രവീതു* അടയാളപ്പെട്ട പാത അറിയുന്നവൻ പറയട്ടെ!

*ഗാവഃ ശീർഷ്ണഃ ക്ഷീരം ദുഹ്രതേ* പശുക്കൾ (മഴമേഘങ്ങൾ) അവന്റെ തലയി (സൂര്യനി)ൽനിന്ന് പാൽ (മഴ) ചുരത്തുന്നു.
*വവ്രിം വസാനാഃ അസ്യ പദാ ഉദകം അപുഃ* സ്വയം കുപ്പായത്തിൽ പൊതിഞ്ഞ് അവർ കാലുകൾ(സൂര്യരശ്മികൾ)കൊണ്ട് വെള്ളം കുടിക്കുന്നു.

**8. മാതാ പിതരമൃത ആ ബഭാജ**
**ധീത്യഗ്രേ മനസാ സം ഹി ജഗ്മേ**
**സാ ബീഭത്സുർഗർഭരസാ നിവിദ്ധാ**
**നമസ്വന്ത ഇദുപവാകമീയുഃ**

*മാതാ പിതരം ഋതേ ആ ബഭാജ* അമ്മ (ഉഷസ്സ്) തന്റെ അച്ഛന് (സൂര്യൻ/സ്വർഗം) സത്യത്തിലൊരു പങ്കു നൽകുന്നു;
*ഹി അഗ്രേ ധീതീ മനസാ സം ജഗ്മേ* കാരണം, തുടക്കത്തിൽ തന്റെ ഉൾക്കാഴ്ച്ചയിലൂടെ, അവൾ മനസാ അവനോടു ചേരുന്നു.
*സാ ഗർഭരസാ ബീഭത്സുഃ നിവിദ്ധാ* തന്റെ സത്ത കുഞ്ഞ് (അഗ്നി/സൂര്യൻ) ആയതുകൊണ്ട്, അവൾ വീണ്ടും ചുരുണ്ടുകൊണ്ട്, (അച്ഛനാൽ) കുത്തിത്തുളയ്ക്കപ്പെട്ടു.
*നമസ്വന്തഃ ഉപവാകം ഇദ് ഈയുഃ* അവരുടെ ആദരവും (പ്രാതർ)ഹവനത്തിലേക്കു പോകുന്നു.

**9. യുക്താ മാതാസീദ് ധുരി ദക്ഷിണായാ**
**അതിഷ്ഠദ് ഗർഭോ വൃജനീഷ്വന്തഃ**
**അമീമേദ് വത്സോ അനു ഗാമപശ്യദ്**
**വിശ്വരൂപ്യം ത്രിഷു യോജനേഷു**

*മാതാ ദക്ഷിണായാഃ ധുരി യുക്താ ആസീത്* അമ്മയെ ദക്ഷിണയുടെ തേർക്കുറ്റിക്കു കെട്ടി;
*ഗർഭഃ വൃജനീഷു അന്തഃ അതിഷ്ഠത്* അവളുടെ കുഞ്ഞ് തൊഴുത്തിലെ പൈക്കൾക്കിടയിൽ നിന്നു.
*വത്സഃ അമീമേത് വിശ്വരൂപ്യം ഗാം* കന്നുകുട്ടി (അഗ്നി) മുക്രയിടുകയും ശബളാഭയായ പശുവിന്റെ (ഉഷസ്സ്) നേരെയും
*ത്രിഷു യോജനേഷു അനു അപശ്യത്* (അകലെ) മൂന്നു യോജനകളിലുള്ള ഭാരവണ്ടികൾക്കുനേരെയും നോക്കുകയും ചെയ്യുന്നു.

**10. തിസ്രോ മാതൄസ്ത്രീൻ പിതൄൻ ബിഭ്രദേക**
**ഊർധ്വസ്തസ്ഥൗ നേമവ ഗ്ലാപയന്തി**
**മന്ത്രയന്തേ ദിവോ അമുഷ്യ പൃഷ്ഠേ**
**വിശ്വവിദം വാചമവിശ്വമിന്വാം**

*തിസ്രഃ മാതൄഃ ത്രീൻ പിതൄൻ* മൂന്ന് അമ്മമാരെയും (ഭൂമികൾ) മൂന്ന് അച്ഛന്മാരെയും (സ്വർഗങ്ങൾ)
*ഏകഃ ബിഭ്രദ് ഊർധ്വഃ തസ്ഥൗ* ഒറ്റയ്ക്കു വഹിച്ചുകൊണ്ട് അവൻ (സൂര്യൻ) നേരെ നിൽക്കുന്നു:
*ഈം ന അവ ഗ്ലപയന്തി* അവ അവന് ക്ഷീണമുണ്ടാക്കുന്നില്ല.
*ദിവഃ പൃഷ്ഠേ വിശ്വവിദം അവിശ്വമിന്വാം* സ്വർഗത്തിന്റെ പിൻഭാഗത്ത്, അവർ (ദേവന്മാർ) എല്ലാമറിയുന്നവനെങ്കിലും എല്ലാവരെയും പ്രചോദിപ്പിക്കാത്ത
*അമുഷ്യ വാചം മന്ത്രയന്തേ* അവന്റെ വാക്ക് മന്ത്രിക്കുന്നു.

**11. ദ്വാദശാരം ന ഹി തജ്ജരായ**
**വർവർത്തി ചക്രം പരി ദ്യാമൃതസ്യ**
**ആ പുത്രാ അഗ്നേ മിഥുനാസോ അത്ര**
**സപ്ത ശതാനി വിംശതിശ്ച തസ്ഥുഃ**

*ദ്വാദശാരം ഋതസ്യ ചക്രം* പന്ത്രണ്ട് ആരക്കോലുകളുള്ള സത്യത്തിന്റെ ചക്രം (സൂര്യൻ)
*ദ്യാം പരി വർവർത്തി* സ്വർഗത്തിനു ചുറ്റും എപ്പോഴും ഉരുളുന്നു;
*തദ് ന ഹി ജരായ* എന്നിട്ടും ജര ബാധിക്കുന്നില്ല.
*അഗ്നേ! അത്ര മിഥുനാസഃ* അഗ്നേ! അതിൽ ഇണകളായ
*സപ്ത ശതാനി വിംശതിഃ ച പുത്രാഃ ആ തസ്ഥുഃ* എഴുന്നൂറ്റിരുപതു മക്കൾ (ഒരു കൊല്ലത്തിലെ രാപ്പകലുകൾ) നിൽക്കുന്നു.

**12. പഞ്ചപാദം പിതരം ദ്വാദശാകൃതിം**
**ദിവ ആഹുഃ പരേ അർധേ പുരീഷിണം**
**അഥേമേ അന്യ ഉപരേ വിചക്ഷണം**
**സപ്തചക്രേ ഷളര ആഹുരർപ്പിതം**

*പഞ്ചപാദം പിതരം ദ്വാദശാകൃതിം* അവർ അഞ്ചു കാലുക(കാലങ്ങ)ളുള്ള അച്ഛനെ(ചന്ദ്രനെ)പ്പറ്റിയും പന്ത്രണ്ടു രൂപ(മാസ)ങ്ങളെപ്പറ്റിയും
*ദിവഃ പരേ അർധേ പുരീഷിണം ആഹുഃ* സ്വർഗത്തിന്റെ മേലേ പകുതിയിൽ കവിഞ്ഞൊഴുകുന്ന ഒന്നിനെപ്പ

റ്റിയും പറയുന്നു.
*അഥ ഇമേ അന്യേ ഉപരേ സപ്തചക്രേ* പക്ഷേ ഈ മറ്റുള്ളവർ വളരെ അരികെയുള്ള (പകുതി)യിൽ ഏഴുചക്രങ്ങളുള്ള (സൂര്യചന്ദ്രന്മാരും ദൃശ്യഗ്രഹങ്ങളും) (തേരിന്മേലും)
*ഷഡരേ അർപ്പിതം വിചക്ഷണം ആഹുഃ* ആറ് ആരക്കാലുകളിലും (വ്യത്യസ്തമായ ഗണനയിൽ, കാലങ്ങൾ) ഉറപ്പിക്കപ്പെട്ടദൂരെ നോക്കുന്നവനെ(സൂര്യൻ)പ്പറ്റി പറയുന്നു.

**13. പഞ്ചാരേ ചക്രേ പരിവർത്തമാനേ**
**തസ്മിന്നാ തസ്ഥുർഭുവനാനി വിശ്വാ**
**തസ്യ നാക്ഷസ്തപ്യതേ ഭൂരിഭാരഃ**
**സനാദേവ സ ശീര്യതേ സനാഭിഃ**

*പരിവർത്തമാനേ പഞ്ചാരേ തസ്മിൻ ചക്രേ* ചുറ്റും ഉരുളുന്ന അഞ്ച് ആരക്കാലുകളുള്ള ചക്ര(കൊല്ലം)ത്തിന്മേൽ
*വിശ്വാ ഭുവനാനി ആ തസ്ഥുഃ* എല്ലാ ജീവജാലങ്ങളും നിലകൊള്ളുന്നു.
*തസ്യ ഭൂരിഭാരഃ അക്ഷഃ ന തപ്യതേ* അതിന്റെ ഭാരം കനത്തതാണെങ്കിലും അച്ചുതണ്ട് ചൂടുപിടിക്കുന്നില്ല.
*സനാദ് ഏവ സനാഭിഃ ന ശീര്യതേ* പണ്ടുമുതൽക്കേ ഉള്ള അത് നാഭിയോടൊപ്പം പൊട്ടിപ്പോകുന്നില്ല.

**14. സനേമി ചക്രമജരം വി വാവൃത**
**ഉത്താനായാം ദശയുക്താ വഹന്തി**
**സൂര്യസ്യ ചക്ഷൂ രജസൈത്യാവൃതം**
**തസ്മിന്നാർപ്പിതാ ഭുവനാനി വിശ്വാ**

*സനേമി അജരം ചക്രം വി വവൃതേ* ഉരുൾപ്പട്ടയോടൊപ്പം ജര ബാധിക്കാത്ത ചക്രം (രാത്രിസൂര്യൻ) അകലേക്ക് തിരിക്കുന്നു.
*ഉത്താനായാം ദശ യുക്താഃ വഹന്തി* മലർന്നുകിടക്കുന്ന തേർക്കുറ്റിക്കു കെട്ടിയ (തേര്) പത്തു (കുതിരകൾ) വലിക്കുന്നു.
*സൂര്യസ്യ ചക്ഷുഃ രജസാ ആവൃതം ഏതി* സൂര്യന്റെ കണ്ണ് വായുമണ്ഡലത്തിലൂടെ മറയ്ക്കപ്പെട്ട് നീങ്ങുന്നു.
*തസ്മിൻ വിശ്വാ ഭുവനാനി ആർപ്പിതാ* അതിന്മേൽ സർവജീവജാലങ്ങളും ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

**15. സാകംജാനാം സപ്തഥമാഹുരേകജം**
**ഷളിദ് യമാ ഋഷയോ ദേവജാ ഇതി**
**തേഷാമിഷ്ടാനി വിഹിതാനി ധാമശഃ**
**സ്ഥാത്രേ രേജന്തേ വികൃതാനി രൂപശഃ**

*ഏകജം സാകംജാനാം സപ്തഥം* ഒറ്റയ്ക്കു ജനിച്ചവനെന്നപോലെ ഒരേ സമയത്ത് ജനിച്ചവരിൽ ഏഴാമത്തേവനെപ്പറ്റി
*ദേവജാഃ യമാഃ ഋഷയഃ ഷഡ് ഇദ് ഇതി ആഹുഃ* അവർ "ദേവന്മാരിൽനിന്നു ജനിച്ച ഇരട്ടകളായ ഋഷിമാർ ആറുമാത്രമാണ്" എന്നു പറയുന്നു.
*തേഷാം ഇഷ്ടാനി ധാമശഃ വിഹിതാനി* ഇവർക്ക് (സപ്തർഷികൾ) ഇഷ്ട(സ്ഥലങ്ങൾ) സ്ഥാനമനുസരിച്ച് നൽകി.
*സ്ഥാത്രേ രൂപശഃ വികൃതാനി രേജന്തേ* എന്നിട്ടും, (ഒരുവൻ = ധ്രുവനക്ഷത്രം) നിൽക്കവേ, പലതായി കാണുന്നവർ (സപ്തർഷിനക്ഷത്രങ്ങൾ) വിറയ്ക്കുന്നു.

**16. സ്ത്രിയഃ സതീസ്താ ഉ മേ പുംസ ആഹുഃ**
**പശ്യദക്ഷണ്വാൻ ന വി ചേതദന്ധഃ**
**കവിർയഃ പുത്രഃ സ ഈമാ ചികേത**
**യസ്താ വിജാനാത് സ പിതുഷ്പിതാസത്**

*സ്ത്രിയഃ സതീഃ താ ഉ പുംസഃ മേ ആഹുഃ* അവർ (കൃത്തികകൾ) സ്ത്രീകളാണെങ്കിലും, പുരുഷന്മാരെപ്പോലെ എന്നോടു സംസാരിക്കുന്നു.
*അക്ഷണ്വാൻ പശ്യദ് അന്ധഃ ന വി ചേതത്* കണ്ണുള്ളവർ കാണുന്നു; കുരുടൻ വേർതിരിച്ചറിയുന്നില്ല.
*പുത്രഃ യഃ കവിഃ സഃ ഈം ആ ചികേത* (കവി)പുത്രനായ കവി അവരെ മനസ്സിലാക്കുന്നു.
*യഃ താ വിജാനാത് സഃ പിതുഃ പിതാ അസത്* ഇവരെ (സ്ത്രീകളെ) തിരിച്ചറിയുന്നവൻ തന്റെ അച്ഛന്റെ അച്ഛനാകുന്നു.

**17. അവഃ പരേണ പര ഏനാവരേണ**
**പദാ വത്സം ബിഭ്രതീ ഗൗരുദസ്ഥാത്**
**സാ കദ്രീചീ കം സ്വിദർധം പരാഗാത്**
**ക്വ സ്വിത് സൂതേ ന ഹി യൂഥേ അന്തഃ**

*പരേണ അവഃ അവരേണ പരഃ* ഉപരി(മണ്ഡല)ത്തിനുകീഴെ, അധോ(മണ്ഡല)ത്തിനു മേലെ, (ചക്രവാളത്തിൽ)
*ഏനാ ഗൗഃ വത്സം ബിഭ്രതീ പദാ ഉദ് അസ്ഥാത്* ഈ പശു (ഉഷസ്സ്) തന്റെ കന്നുകുട്ടിയെ (സൂര്യനെ) വഹിച്ചുകൊണ്ട്, സ്വന്തം കാലിൽ നിൽക്കുന്നു.

*സാ കദ്രീചീ കം അർധം സ്വിദ് പരാ അഗാത്* അവൾ ഏതു ദിക്കിലാണ്? ഏതു വശത്തേക്കാണ് അവൾ പോകുന്നത്?
*ഹി യൂഥേ അന്തഃ ന ക്വ സ്വിത് സൂതേ?* കൂട്ടത്തിനകത്തല്ലാത്തതുകൊണ്ട്, എവിടെയാണ് അവൾ പ്രസവിക്കുന്നത്?

**18. അവഃ പരേണ പിതരം യോ അസ്യാ–**
**നുവേദ പര ഏനാവരേണ**
**കവീയമാനഃ ക ഇഹ പ്ര വോചദ്**
**ദേവം മനഃ കുതോ അധി പ്രജാതം**

*പരേണ അവഃ അവരേണ പരഃ* ഉപരിമണ്ഡലത്തിനു താഴെ, അധോ(മണ്ഡലത്തിനു)മേലെ,
*ഇഹ യഃ അസ്യ പിതരം അനുവേദ* ഇവിടെ തന്റെ അച്ഛനെ അറിയുന്നവൻ (സൂര്യൻ) ഉണ്ട്.
*കവീയമാനഃ കഃ ഏനാ പ്ര വോചത്?* സ്വയം കവിയാണെന്നു കാണിച്ചുകൊണ്ട് ആരാണ് ഇത് പ്രഖ്യാപിക്കുന്നത്?
*കുതഃ അധി ദേവം മനഃ പ്രജാതം?* എവിടെനിന്നാണ് ദിവ്യചിന്ത ഉണ്ടാവുന്നത്?

**19. യേ അർവാഞ്ചസ്താനു പരാച ആഹുർ–**
**യേ പരാഞ്ചസ്താനു അർവാച ആഹുഃ**
**ഇന്ദ്രശ്ച യാ ചക്രഥുഃ സോമ താനി**
**ധുരാ ന യുക്താ രജസോ വഹന്തി**

*യേ അർവാഞ്ചഃ താൻ ഉ പരാചഃ ആഹുഃ* ഏതു (തേരുക – യജ്ഞങ്ങ – ളാണ്) ഈ വഴി (വരുന്നത്)? അവ (പോകുമെന്ന്) അവർ പറയുന്നു.
*യേ പരാഞ്ചഃ താൻ ഉ അർവാചഃ ആഹുഃ* ഏതു (തേരുകളാണ് പോകുന്നത്?) അവ ഈ വഴി (വരുമെന്ന്) അവർ പറയുന്നു.
*സോമ ഇന്ദ്രഃ ച യാ ചക്രഥുഃ* സോമാ! ഇന്ദ്രാ! നിങ്ങളിരുവരും ചെയ്ത (കർമങ്ങൾ),
*താനി രജസഃ ധുരാ ന യുക്താഃ വഹന്തി* നഭോമണ്ഡലത്തിൽ തേർക്കുറ്റിയിൽ കെട്ടിയ (കുതിരകളെ)പ്പോലെ, (ആ തേരുകൾ) വലിക്കുന്നു.

**20. ദ്വാ സുപർണാ സയുജാ സഖായാ**
**സമാനം വൃക്ഷം പരിഷസ്വജാതേ**
**തയോരന്യഃ പിപ്പലം സ്വാദ്വ–**
**ത്യനശ്നന്നന്യോ അഭി ചാകശീതി**

*സുപർണാ സയുജാ സഖായാ ദ്വാ* നല്ല ചിറകുള്ളവരും കൂട്ടുകാരും സഖാക്കളുമായ രണ്ടു പേർ (പക്ഷികൾ)
*സമാനം വൃക്ഷം പരിഷസ്വജാതേ* ഒരേ മരത്തെ പുണരുന്നു.
*തയോഃ അന്യഃ സ്വാദു പിപ്പലം അത്തി* അവരിലൊരാൾ മധുരമായ അത്തിപ്പഴം തിന്നുന്നു.
അന്യഃ അനശ്നൻ അഭി ചാകശീതി മറ്റേയാൾ തിന്നാതെ നോക്കുന്നു.

**21. യത്രാ സുപർണാ അമൃതസ്യ ഭാഗ–**
**മനിമേഷം വിദഥാഭിസ്വരന്തി**
**നോ വിശ്വസ്യ ഭുവനസ്യ ഗോപാഃ**
**സമാ ധീരഃ പാകമത്രാവിവേശ**

*യത്ര സുപർണാഃ അനിമേഷം* നല്ല ചിറകുള്ളവർ (പക്ഷികൾ), ഒരിക്കലും ഇമ ചിമ്മാതെ,
*അമൃതസ്യ ഭാഗം വിദഥാ അഭിസ്വരന്തി* അമൃതത്വത്തിൽ പങ്കു കിട്ടുന്നതിനും യജ്ഞത്തിലെ വിതരണങ്ങൾക്കും വേണ്ടി ഉറക്കെ കരയുന്നിടത്ത്
*അത്ര വിശ്വസ്യ ഭുവനസ്യ ഇനഃ* ഇവിടെ സകലജീവലോകത്തിന്റെയും ശക്തനും
*ധീരഃ സഃ ഗോപാഃ പാകം മാ ആ വിവേശ* ഉൾക്കാഴ്ച്ചയുള്ളവനുമായ ഇടയൻ ശുദ്ധനായ എന്നിൽ കടന്നുകൂടി.

**22. യസ്മിൻ വൃക്ഷേ മധ്വദഃ സുപർണാ**
**നിവിശന്തേ സുവതേ ചാധി വിശ്വേ**
**തസ്യേദാഹുഃ പിപ്പലം സ്വാദ്വഗ്രേ**
**തന്നോന്നശദ് യഃ പിതരം ന വേദ**

*വിശ്വേ മധ്വദഃ സുപർണാഃ* മധുവുണ്ണുന്നവരും നല്ല ചിറകുള്ളവരുമെല്ലാം
*യസ്മിൻ വൃക്ഷേ അധി നിവിശന്തേ സുവതേ ച* കുടികൂടുകയും പ്രസവിക്കുകയും ചെയ്യുന്ന മരത്തിൽ
*തസ്യ ഇദ് അഗ്രേ സ്വാദുഃ പിപ്പലം ആഹുഃ* അതിന്റെ അറ്റത്ത് മധുരമായ അത്തിപ്പഴമുണ്ടെന്ന് അവർ പറയുന്നു.
*യഃ പിതരം ന വേദ തദ് ന ഉദ് നശത്* അച്ഛനെ അറിയാത്തവൻ അതിനെ പ്രാപിക്കുന്നില്ല.

**23. യദ് ഗായത്രേ അധി ഗായത്രമാഹിതം**
**ത്രൈഷ്ടുഭാദ് വാ ത്രൈഷ്ടുഭം നിരതക്ഷത**
**യദ് വാ ജഗജ്ജഗത്യാഹിതം പദം**

**യ ഇത്തദ് വിദുസ്തേ അമൃതത്വമാനശുഃ**

*യദ് ഗായത്രേ അധി ഗായത്രം ആഹിതം* എങ്ങനെ ഗായത്രിയുടെ വരി ഗായത്രീസൂക്തത്തിൽ അധിഷ്ഠിതമാവുന്നുവെന്നോ

*ത്രൈഷ്ടുഭാദ് വാ ത്രൈഷ്ടുഭം നിരതക്ഷത* ത്രിഷ്ടുപ്പിന്റെ വരി ത്രിഷ്ടുപ്സൂക്തത്തെ രൂപപ്പെടുത്തിയതെങ്ങനെയെന്നോ

*വാ ജഗതി ജഗത് പദം ആഹിതം യത്* ജഗതിയുടെ വരി ജഗതീ സൂക്തത്തിൽ അധിഷ്ഠിതമാവുന്നതെങ്ങനെയെന്നോ

*തദ് യേ ഇദ് വിദുഃ തേ അമൃതത്വം ആനശുഃ* അറിയുന്നവർ മാത്രം അമൃതത്വത്തിലെത്തുന്നു.

**24. ഗായത്രേണ പ്രതി മിമീതേ അർക്ക–**
**മർക്കേണ സാമ ത്രൈഷ്യുഭേന വാകം**
**വാകേന വാകം ദ്വിപദാ ചതുഷ്പദാ–**
**ക്ഷരേണ മിമതേ സപ്ത വാണീഃ**

*ഗായത്രേണ അർക്കം പ്രതി* ഒരാൾ ഗായത്രീ(പാദം) കൊണ്ട് സ്തുതിയെയും

*അർക്കേണ സാമ ത്രൈഷ്ടുഭേന വാകം മിമീതേ* സ്തുതികൊണ്ട് സാമത്തെയും ത്രിഷ്ടുപ് (പാദം)കൊണ്ട് ചൊല്ലലിനെയും പരിച്ഛേദിക്കുന്നു.

*ദ്വിപദാ ചതുഷ്പദാ വാകേന വാകം* ദ്വിപദവും ചതുഷ്പദവുമായ ചൊല്ലൽകൊണ്ട് (പൂർണമായ) ചൊല്ലലിനെയും

*അക്ഷരേണ സപ്ത വാണീഃ മിമതേ* അക്ഷരംകൊണ്ട് ഏഴു ശബ്ദങ്ങൾ നിർമിക്കുന്നു.

**25. ജഗതാ സിന്ധും ദിവ്യസ്തഭായദ്**
**രഥന്തരേ സൂര്യം പര്യപശ്യത്**
**ഗായത്രസ്യ സമിധസ്തിസ്ര ആഹു–**
**സ്തതോ മഹ്നാ പ്ര രിരിചേ മഹിത്വാ**

*ജഗതാ ദിവി സിന്ധും അസ്തഭായത്* ജഗതീ(പദ്യം)കൊണ്ട് അവൻ സ്വർഗത്തിലെ നദിയെ താങ്ങിനിർത്തി.

*രഥന്തരേ സൂര്യം പരി അപശ്യത്* രഥന്തര(സ്തുതി)യിൽ അവൻ സൂര്യനെ വീക്ഷിച്ചു.

*ഗായത്രസ്യ തിസ്രഃ സമിധഃ ആഹുഃ* ഗായത്രീ(പദ്യത്തിന്) മൂന്ന് അരണിക്കോലുകളുണ്ടെന്ന (ഗായത്രീപദ്യത്തിൽ മൂന്നു പാദങ്ങളുണ്ടെന്ന്) അവർ പറയുന്നു.

*തതഃ മഹ്നാ മഹിത്വാ പ്ര രിരിചേ* അതിന്റെ (ഗായത്രീപദ്യത്തിന്റെ) മഹത്വംകൊണ്ട് മഹത്വത്തിൽ അവർ അവരെ അതിശയിക്കുന്നു.

**26. ഉപ ഹ്വയേ സുദുഘാം ധേനുമേതാം**
**സുഹസ്തോ ഗോധുഗുത ദോഹദേനാം**
**ശ്രേഷ്ഠം സവം സവിതാ സാവിഷന്നോ–**
**ഭീദ്ധോ ഘർമസ്തദുഷു പ്ര വോചം**

*സുദുഘാം ഏനാം ഏതാം ധേനും ഉപ ഹ്വയേ* ഞാൻ നല്ല പാൽ തരുന്ന ഈ കറവപ്പശുവെ വിളിക്കുന്നു.

*സുഹസ്തഃ ഗോധുഗ് ദോഹദ്* വിദഗ്ധഹസ്തനായ കറവക്കാരൻ അവളെ കറക്കുന്നു.

*സവിതാ നഃ ശ്രേഷ്ഠം സവം ഉത സാവിഷത്* സവിതാവ് ഞങ്ങളിൽ അത്യുത്തമമായ ആവേശം വളർത്തുകയും ചെയ്യട്ടെ!

*ഘർമഃ അഭി ഇദ്ധഃ തദ് ഉ സു പ്ര വോചം* ഘർമപാത്രം ചൂടാക്കിയിട്ടുണ്ട്: ഇത് പ്രഖ്യാപിക്കുന്നു.

**27. ഹിംകൃണ്വതീ വസുപത്നീ വസൂനാം**
**വത്സമിച്ഛന്തീ മനസാഭ്യാഗാത്**
**ദുഹാമശ്വിഭ്യാം പയോ അഘ്ന്യേയം**
**സാ വർധതാം മഹതേ സൗഭഗായ**

*വസൂനാം വസുപത്നീ വത്സം ഇച്ഛന്തീ* സാധനങ്ങളുടെ സാധനാധിപത്യമുള്ളവൾ തന്റെ കന്നുകുട്ടിയെ തേടി

*ഹിംകൃണ്വതീ മനസാ അഭി ആ അഗാത്* ഹിംകാരമുണ്ടാക്കിക്കൊണ്ട് മനസാ അരികെ വന്നു.

*ഇയം അഘ്ന്യാ അശ്വിഭ്യാം പയഃ ദുഹാം* അഹിംസ്യയായ ഈ പശു അശ്വികൾക്കു പാൽ ചുരത്തട്ടെ!

*മഹതേ സൗഭഗായ സാ വർധതാം* ഞങ്ങളുടെ മഹത്തായ സൗഭാഗ്യത്തിനുവേണ്ടി അവൾ വളരട്ടെ!

**28. ഗൗരമീമേദനു വത്സം മിഷന്തം**
**മൂർധാനം ഹിങ്ങകൃണോന്മാതവാ ഉ**
**സൃക്വാണം ഘർമമഭി വാവശാനാ**
**മിമാതി മായും പയതേ പയോഭിഃ**

*ഗൗഃ മിഷന്തം വത്സം അനു അമീമേത്* പശു കണ്ണു ചിമ്മുന്ന കന്നുകുട്ടിയുടെ പിന്നാലെ മുക്രയിടുന്നു.

*ഹിം അകൃണോത് മൂർധാനം ഉ മാതവൈ* അവൾ ഹിംകാരമുണ്ടാക്കുകയും അവന്റെ തലയ്ക്കു നേരെ (അവനുവേണ്ടി) മുക്രയിടുകയും ചെയ്യുന്നു.

*ഘർമം സൃക്വാണം അഭി വാവശാനാ* ചൂടുള്ള തന്റെ താടിയെല്ല് നേരെ കുനിച്ചുകൊണ്ട്
*മായും മിമാതി പയോഭിഃ പയതേ* അവൾ മുക്രയിടുകയും (അകിട്) പാൽകൊണ്ട് പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു.

**29. അയം സ ശിംക്തേ യേന ഗൗരഭീവൃതാ**
**മിമാതി മായും ധ്വസനാവധി ശ്രിതാ**
**സാ ചിത്തിഭിർനി ഹി ചകാര മർത്ത്യം**
**വിദ്യുദ് ഭവന്തീ പ്രതി വവ്രിമൗഹത**

*സഃ അയം ശിംക്തേ യേന ഗൗഃ അഭിവൃതാ* അവൻ മൂളിപ്പാട്ടു പാടിക്കൊണ്ട് പശുവെ തൊഴുത്തിലടക്കുന്നു.
*ധ്വസനൗ അധി ശ്രിതാ മായും മിമാതി* പുകയുള്ള തീയെ ആശ്രയിച്ച് അവൾ മുക്രയിടുന്നു.
*ഹി സാ ചിത്തിഭിഃ മർത്ത്യം നി ചകാര* അവൾ മർത്ത്യനിൽനിന്നുണ്ടാകുന്ന (ഉപദ്രവത്തെ) ചിത്–ചിദ് ശബ്ദങ്ങളാൽ നിരാകരിക്കുന്നതിനാൽ,
*വിദ്യുദ് ഭവന്തീ വവ്രിം പ്രതി ഔഹത* മിന്നലായി ഭവിച്ചുകൊണ്ട് പുതപ്പ് ദൂരെ നീക്കുന്നു.

**30. അനച്ഛയേ തുരഗാതു ജീവ–**
**മേജദ് ധ്രുവം മധ്യ ആ പസ്ത്യാനാം**
**ജീവോ മൃതസ്യ ചരതി സ്വധാഭി–**
**രമർത്ത്യോ മർത്ത്യേനാ സയോനിഃ**

*അനദ് ഏജദ് ജീവം ധ്രുവം* ശ്വസിച്ചുകൊണ്ടും ഇളകിക്കൊണ്ടും ജീവൻ (അവശേഷിക്കുന്നെങ്കിലും) ഉറച്ചവ(ളെങ്കിലും)
*പസ്ത്യാനാം മധ്യേ തുരഗാതു ശയേ* വാസസ്ഥലങ്ങളുടെയിടയിൽ മുൻപിൽ നോക്കാതെ വഴിയിൽ കിടക്കുന്നു.
*ജീവഃ മൃതസ്യ ആ സ്വധാഭിഃ ചരതി* ജീവിക്കുന്നവൻ മരിച്ചവന്റെ ഇച്ഛയ്ക്കൊത്ത് നീങ്ങാൻ ശ്രദ്ധിക്കുന്നു.
*അമർത്ത്യഃ മർത്ത്യേന സയോനിഃ* അമർത്ത്യൻ മർത്ത്യനുമായി ഒരേ യോനി പങ്കിടുന്നു

**31. അപശ്യം ഗോപാമനിപദ്യമാന–**
**മാ ച പരാ ച പഥിഭിശ്ചരന്തം**
**സ സധ്രീചീഃ സ വിഷൂചീർവസാന**
**ആ വരീവർത്തി ഭുവനേഷ്വന്തഃ**

*അനിപദ്യമാനം പഥിഭിഃ ആ ച* ഒരിക്കലും ഒരിടത്തും കുടിയേറാതെ വഴികളിലൂടെ
*പരാ ച ചരന്തം ഗോപാം അപശ്യം* അങ്ങുമിങ്ങും അലഞ്ഞുനടക്കുന്ന ഇടയനെ ഞാൻ കാണട്ടെ!
*സഃ സധ്രീചീഃ സഃ വിഷൂചീഃ വസാനഃ* അവിടവിടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച്
*ഭുവനേഷു അന്തഃ ആ വരീവർത്തി* ജീവജാലങ്ങൾക്കിടയിൽ അവൻ മുന്നോട്ടും പിന്നോട്ടും വീണ്ടും വീണ്ടും നടക്കുന്നു.

**32. യ ഈം ചകാര ന സോ അസ്യ വേദ**
**യ ഈം ദദർശ ഹിരുഗിന്നു തസ്മാത്**
**സ മാതുർയോനാ പരിവീതോ അന്തർ–**
**ബഹുപ്രജാ നിരൃതിമാ വിവേശ**

*യഃ ഈം ചകാര സഃ അസ്യ ന വേദ* അവനെ സൃഷ്ടിച്ചവൻ അവനെ അറിയുന്നില്ല.
*യഃ ഈം ദദർശ തസ്മാദ് ഹിരുഗ് ഇദ് നു* അവനെ കണ്ടിട്ടുള്ളവനിൽനിന്നും അകലെയാണ് അവൻ.
*സഃ മാതുഃ യോനാ അന്തഃ പരിവീതഃ* അവൻ അമ്മയുടെ യോനിയ്ക്കകത്ത് ചുറ്റപ്പെട്ടു കിടക്കുന്നു.
*ബഹുപ്രജാഃ നിരൃതിം ആ വിവേശ* ധാരാളം സന്തതികളുള്ളതുകൊണ്ട് അവൻ ദുഃഖമനുഭവിക്കുന്നു.

**33. ദ്യൗർമേ പിതാ ജനിതാ നാഭിരത്ര**
**ബന്ധുർമേ മാതാ പൃഥിവീ മഹീയം**
**ഉത്താനയോശ്ചമ്വോർയോനിരന്ത–**
**രത്രാ പിതാ ദുഹിതുർഗർഭമാധാത്**

*മേ പിതാ ജനിതാ ദ്യൗഃ അത്ര നാഭിഃ* (സൂര്യൻ:) "എന്റെ അച്ഛൻ, എന്നെ ജനിപ്പിച്ചവൻ, സ്വർഗമാണ്; ഇവിടെയാണ് എന്റെ നാഭി.
*മേ മാതാ ഇയം മഹീ പൃഥിവീ ബന്ധുഃ* എന്റെ അമ്മ, ഈ മഹതിയായ ഭൂമി, എന്റെ ബന്ധു.
*ഉത്താനയോഃ ചമ്വോഃ അന്തഃ യോനിഃ* മലർന്ന രണ്ടു മരികകൾ(സ്വർഗവും ഭൂമിയും)ക്കകത്താണ് എന്റെ യോനി.
*അത്ര പിതാ ദുഹിതുഃ ഗർഭം ആ അധാത്* ഇവിടെ അച്ഛൻ മകളിൽ (ഉഷസ്സിൽ) ഗർഭ(സൂര്യനെ)മുണ്ടാക്കുന്നു."

**34. പൃച്ഛാമി ത്വാ പരമന്തം പൃഥിവ്യാഃ**
**പൃച്ഛാമി യത്ര ഭുവനസ്യ നാഭിഃ**
**പൃച്ഛാമി ത്വാ വൃഷ്ണോ അശ്വസ്യ രേതഃ**

**പൃച്ഛാമി വാചഃ പരമം വ്യോമ**

*പൃഥിവ്യാഃ പരം അന്തം ത്വാ പൃച്ഛാമി* ഭൂമിയുടെ അങ്ങേയറ്റം ഏതാണെന്ന് നിന്നോടു ഞാൻ ചോദിക്കുന്നു.
*യത്ര ഭുവനസ്യ നാഭിഃ പൃച്ഛാമി* എവിടെയാണ് ജീവലോകത്തിന്റെ നാഭിയെന്നു ഞാൻ ചോദിക്കുന്നു.
*വൃഷ്ണഃ അശ്വസ്യ രേതഃ ത്വാ പൃച്ഛാമി* കാളയെപ്പോലുള്ള കുതിരയുടെ ബീജത്തെപ്പറ്റി ഞാൻ നിന്നോടു ചോദിക്കുന്നു.
*പരമം വാചഃ വ്യോമ പൃച്ഛാമി* അത്യുന്നതമായ വാക്കിന്റെ സ്വർഗത്തെപ്പറ്റി ഞാൻ ചോദിക്കുന്നു.

**35. ഇയം വേദിഃ പരോ അന്തഃ പൃഥിവ്യാഃ**
**അയം യജ്ഞോ ഭുവനസ്യ നാഭിഃ**
**അയം സോമോ വൃഷ്ണോ അശ്വസ്യ രേതോ**
**ബ്രഹ്മായം വാചഃ പരമം വ്യോമ**

*പൃഥിവ്യാഃ പരഃ അന്തഃ ഇയം വേദിഃ* ഭൂമിയുടെ അങ്ങേയറ്റം ഈ വേദിയാണ്.
*അയം യജ്ഞഃ ഭുവനസ്യ നാഭിഃ* ഈ യജ്ഞമാണ് ജീവലോകത്തിന്റെ നാഭി.
*വൃഷ്ണഃ അശ്വസ്യ രേതഃ അയം സോമഃ* കാളയെപ്പോലുള്ള കുതിരയുടെ ബീജം ഈ ശുക്ലമാകുന്നു.
*അയം ബ്രഹ്മാ പരമം വാചഃ വ്യോമ* ഈ ബ്രഹ്മാവാണ് അത്യുന്നതമായ വാക്കിന്റെ സ്വർഗം.

**36. സപ്താർധഗർഭാ ഭുവനസ്യ രേതോ**
**വിഷ്ണോസ്തിഷ്ഠന്തി പ്രദിശാ വിധർമണി**
**തേ ധീതിഭിർമനസാ തേ വിപശ്ചിതഃ**
**പരിഭുവഃ പരി ഭവന്തി വിശ്വതഃ**

*സപ്ത അർധഗർഭാഃ ഭുവനസ്യ രേതഃ* (രണ്ടു ലോകാ)ർധങ്ങളുടെ ഏഴു കുഞ്ഞുങ്ങൾ (സപ്തർഷികൾ), ജീവലോകത്തിന്റെ ബീജം,
*വിഷ്ണോഃ വിധർമണി പ്രദിശാ തിഷ്ഠന്തി* വിഷ്ണുവിന്റെ നിർദേശപ്രകാരം വിശാലദിശകളിൽ നിൽക്കുന്നു.
*ധീതിഭിഃ മനസാ തേ വിപശ്ചിതഃ പരിഭുവഃ* അവരുടെ ഉൾക്കാഴ്ചകൾകൊണ്ടും ചിന്തകൊണ്ടും ഈ പ്രചോദിതവചനങ്ങൾ മനസ്സിലാക്കുന്ന ആ വലയം ചെയ്യുന്നവർ
*തേ* വിശ്വതഃ പരി ഭവന്തി നിന്റെ (എല്ലാത്തിനെയും) എല്ലായിടത്തും വലയം ചെയ്യുന്നു.

**37. ന വി ജാനാമി യദിവേദമസ്മി**
**നിണ്യഃ സന്നദ്ധോ മനസാ ചരാമി**
**യദാ മാഗൻ പ്രഥമജാ ഋതസ്യാ–**
**ദിദ് വാചോ അശ്നുവേ ഭാഗമസ്യാഃ**

*യദ് ഇവ ഇദം അസ്മി ന വി ജാനാമി* ഏതു തരത്തിലുള്ള വസ്തുവാണ് ഈ ഞാനെന്ന് ഞാൻ മനസ്സിലാക്കുന്നില്ല:
*സന്നദ്ധഃ മനസാ നിണ്യഃ ചരാമി* അതിനു ബാധ്യസ്ഥനാണെങ്കിലും, എന്റെ മനസ്സുപോലെ രഹസ്യത്തിൽ ഞാൻ അലഞ്ഞുനടക്കുന്നു.
*യദാ ഋതസ്യ പ്രഥമജാഃ മാ ആ അഗൻ* സത്യത്തിന് ആദ്യം ജനിച്ചവൻ (അഗ്നി) എന്റെ അടുത്തു വന്നപ്പോൾ
*ആദ് ഇദ് അസ്യാഃ വാചഃ ഭാഗം അശ്നുവേ* മാത്രമാണ് ഈ വചനത്തിന്റെ പങ്ക് ഞാൻ നേടുന്നത്.

**38. അപാങ് പ്രാങേതി സ്വധയാ ഗൃഭീതോ**
**മർത്ത്യോ മർത്ത്യേനാ സയോനിഃ**
**താ ശശ്വന്താ വിഷൂചീനാ വിയന്താ**
**ന്യന്യം ചിക്യുർന നി ചിക്യുരന്യം**

*മർത്ത്യേന സയോനിഃ അമർത്ത്യഃ* മർത്ത്യനെപ്പോലെ അതേ യോനിയിൽ ജനിച്ച അമർത്ത്യൻ
*സ്വധയാ ഗൃഭീതഃ അപാങ് പ്രാങ് ഏതി* സ്വന്തം ഇച്ഛയാൽ നിയന്ത്രിക്കപ്പെട്ട് അകത്തേക്കും പുറത്തേക്കും പോകുന്നു.
*താ ശശ്വന്താ വിഷൂചീനാ വിയന്താ* അവരിരുവരും എപ്പോഴും വിഭിന്നമായ ദിക്കുകളിൽ വെവ്വേറെ പോകുന്നു.
*അന്യം നി ചിക്യുഃ അന്യം ന നി ചിക്യുഃ* അവർ ഒരാളെ നിരീക്ഷിക്കുന്നു; മറ്റേവനെ നിരീക്ഷിക്കുന്നില്ല.

**39. ഋചോ അക്ഷരേ പരമേ വ്യോമൻ**
**യസ്മിൻ ദേവാ അധി വിശ്വേ നിഷേദുഃ**
**യസ്തന്ന വേദ കിമൃചാ കരിഷ്യതി**
**യ ഇത്തദ് വിദുസ്ത ഇമേ സമാസതേ**

*യസ്മിൻ വിശ്വേ ദേവാഃ അധി നിഷേദുഃ* എല്ലാ ദേവന്മാരും കുടിപാർക്കുന്ന
*ഋചഃ അക്ഷരേ പരമേ വ്യോമൻ* ഋക്കിന്റെ അക്ഷരം അത്യുന്നതമായ സ്വർഗത്തിലത്രേ.
*യത് തദ് ന വേദ ഋചാ കിം കരിഷ്യതി* അത് (ആ അക്ഷരം) അറിയാത്തവൻ ഋക്കുകൊണ്ട് എന്ത് നേടുന്നു?
*യേ തദ് വിദുഃ ഇത് തേ ഇമേ സമാസതേ* അതറിയുന്നവർ മാത്രം ഇവിടെ ഒരുമിച്ച് ഇരിക്കുന്നു.

**40. സൂയവസാദ് ഭഗവതീ ഹി ഭൂയാ**
**അഥോ വയം ഭഗവന്തഃ സ്യാമ**
**അദ്ധി തൃണമഘ്ന്യേ വിശ്വദാനീം**
**പിബ ശുദ്ധമുദകമാചരന്തി**

*ഹി സൂയവസാദ് ഭഗവതീ ഭൂയാഃ* നല്ല മേച്ചിൽസ്ഥലത്തെ പുല്ലു തിന്നുകൊണ്ട് നീ അനുഗൃഹീതയാവുമെന്നതിനാൽ
*അഥോ വയം ഭഗവന്തഃ സ്യാമ* അപ്പോൾ ഞങ്ങൾ അനുഗൃഹീതരാവട്ടെ!
*അഘ്ന്യേ വിശ്വദാനീം ചരന്തീ തൃണം അദ്ധി* അഹിംസ്യയായ പശോ! എപ്പോഴും മേഞ്ഞുകൊണ്ട് പുല്ലു തിന്നാലും!
*ആ ശുദ്ധം ഉദകം പിബ* ഇവിടെ വന്ന് ശുദ്ധജലം കുടിച്ചാലും!

**41. ഗൗരീർമിമായ സലിലാനി തക്ഷ–**
**ത്യേകപദീ ദ്വിപദീ സാ ചതുഷ്പദീ**
**അഷ്ടാപദീ നവപദീ ബഭൂവുഷീ**
**സഹസ്രാക്ഷരാ പരമേ വ്യോമൻ**

*സാ ഗൗരീഃ സലിലാനി തക്ഷതീ* ആ പോത്തുപശു (വാക്ക്) കടലുകൾ രൂപപ്പെടുത്തുന്ന അവൾ
*ഏകപദീ ദ്വിപദീ ചതുഷ്പദീ* ഒറ്റക്കാലിയും ഇരുക്കാലിയുമായ നാൽക്കാലിയാണ്;
*അഷ്ടാപദീ നവപദീ പരമേ വ്യോമൻ* എട്ടുകാലിയും ഒമ്പതുകാലിയും ആയിത്തീർന്ന് അവൾ അത്യുന്നതമായ സ്വർഗത്തിൽ
*സഹസ്രാക്ഷരാ ബഭൂവുഷീ മിമായ* ആയിരം അക്ഷരങ്ങളോടുകൂടിയവളായി മുക്രയിടുന്നു.

**42. തസ്യാഃ സമുദ്രാ അധി വി ക്ഷരന്തി**
**തേന ജീവന്തി പ്രദിശശ്ചതസ്രഃ**
**തതഃ ക്ഷരത്യക്ഷരം**
**തദ്വിശ്വമുപജീവതി**

*തസ്യാഃ സമുദ്രാഃ അധി വി ക്ഷരന്തി* അവളിൽനിന്ന് കടലുകൾ എല്ലായിടത്തേക്കും ഒഴുകുന്നു:
*തേന ചതസ്രഃ പ്രദിശഃ ജീവന്തി* അതുകൊണ്ട് നാലു ദിക്കുകൾ ജീവിക്കുന്നു,
*തതഃ അക്ഷരം ക്ഷരതി* അതിൽനിന്ന് അക്ഷരം ഒഴുകുന്നു,
*തദ് വിശ്വം ഉപ ജീവതി* അതിനെ എല്ലാം ഉപജീവിക്കുന്നു.

**43. ശകമയം ധൂമമാരാദപശ്യം**
**വിഷൂവതാ പര ഏനാവരേണ**
**ഉക്ഷാണം പൃശ്നിമപചന്ത വീരാ–**
**സ്താനി ധർമാണി പ്രഥമാന്യാസൻ**

*വിഷുവതാ അവരേണ ഏനാ പരഃ* മധ്യബിന്ദുവിൽ, വളരെ അരികിലുള്ള ഈ (തീ)ക്കപ്പുറത്തായി,
*ആരാദ് ശകമയം ധൂമം അപശ്യം* ഞാൻ അകലെനിന്ന് ചാണകപ്പുക കണ്ടു.
*വീരാഃ പൃശ്നിം ഉക്ഷാണം അപചന്ത* വീരന്മാർ പുള്ളിക്കുത്തുകളുള്ള കാളയെ വേവിച്ചു.
*താനി പ്രഥമാനി ധർമാണി ആസൻ* ഇവയായിരുന്നു (യജ്ഞത്തിന്റെ) ആദ്യത്തെ പ്രവൃത്തികൾ.

**44. ത്രയഃ കേശിന ഋതുഥാ വി ചക്ഷതേ**
**സംവത്സരേ വപത ഏക ഏഷാം**
**വിശ്വമേകോ അഭി ചഷ്ടേ ശചീഭിർ–**
**ധ്രാജിരേകസ്യ ദദൃശേ ന രൂപം**

*ത്രയഃ കേശിനഃ ഋതുഥാ വി ചക്ഷതേ* നീണ്ട മുടിയുള്ള മൂന്നു പേർ മാറിമാറി ഉറ്റുനോക്കുന്നു:
*ഏകസ്യ ധ്രാജിഃ ദദൃശേ ന രൂപം* മറ്റൊരാളുടെ (കാറ്റ്) തിരക്ക് ദൃശ്യമാണെങ്കിലും രൂപം ദൃശ്യമല്ല.

**45. ചത്വാരി വാക് പരിമിതാ പദാനി**
**താനി വിദുർബ്രാഹ്മണാ യേ മനീഷിണഃ**
**ഗുഹാ ത്രീണി നിഹിതാ നേംഗയന്തി**
**തുരീയം വാചോ മനുഷ്യാ വദന്തി**

*വാക് ചത്വാരി പദാനി പരിമിതാ* വാക്ക് നാല് പാദങ്ങളിൽ പരിമിതപ്പെട്ടിരിക്കുന്നു.
*യേ മനീഷിണഃ ബ്രാഹ്മണാഃ താനി വിദുഃ* പ്രചോദിതചിന്തയുള്ള ബ്രാഹ്മണർ ഇവ അറിയുന്നു.
*ഗുഹാ നിഹിതാ ത്രീണി ന ഇംഗയന്തി* അവർ ഒളിവിൽ വെക്കപ്പെട്ട മൂന്ന് പ്രകാശിപ്പിക്കുന്നില്ല.
*മനുഷ്യാഃ തുരീയം വാചഃ വദന്തി* മനുഷ്യർ നാലാമത്തേത് വാക്കായി പറയുന്നു.

**46. ഇന്ദ്രം മിത്രം വരുണമഗ്നിമാഹു–**
**രഥോ ദിവ്യഃ സ സുപർണോ ഗരുത്മാൻ**

**ഏകം സദ് വിപ്രാ ബഹുധാ വദ–**
**ന്ത്യഗ്നിം യമം മാതരിശ്വാനമാഹുഃ**
*ഇന്ദ്രം മിത്രം വരുണം അഗ്നിം ആഹുഃ* അത് ഇന്ദ്രനും മിത്രനും വരുണനും അഗ്നിയുമാണെന്ന് പറയുന്നു.
*അഥോ സഃ ദിവ്യഃ സുപർണഃ ഗരുത്മാൻ* പിന്നെ, ദിവ്യവും സ്വർണച്ചിറകുള്ളതുമായ ഗരുഡനാണെന്നു പറയുന്നു.
*ഏകം സദ് വിപ്രാഃ ബഹുധാ വദന്തി* ഒന്നാണെങ്കിലും പ്രചോദിതകവികൾ അതിനെപ്പറ്റി പലവിധം പറയുന്നു.
*അഗ്നിം യമം മാതരിശ്വാനം ആഹുഃ* അത് അഗ്നിയും യമനും മാതരിശ്വാവും ആണെന്ന് അവർ പറയുന്നു.

**47. കൃഷ്ണം നിയാനം ഹരയഃ സുപർണാ**
**അപോ വസാനാ ദിവമുത്പതന്തി**
**ത ആവവൃത്രൻ സദനാദൃതസ്യാ–**
**ദിദ് ഘൃതേന പൃഥിവീ വ്യുദ്യതേ**
*ഹരയഃ സുപർണാഃ അപഃ വസാനാഃ* പിംഗലനിറമുള്ള നല്ല ചിറകുള്ളവർ (പക്ഷികൾ) (ജ്വാലകൾ), വെള്ളത്തിൽ സ്വയം പൊതിഞ്ഞുകൊണ്ട്,
*കൃഷ്ണം നിയാനം ദിവം ഉത്പതന്തി* കറുത്ത മാർഗത്തിലൂടെ സ്വർഗത്തിനു(സൂര്യനു)നേർക്കു പറക്കുന്നു.
*തേ ഋതസ്യ സദനാത് ആ അവവൃത്രൻ* ഇവ സത്യത്തിന്റെ ഇരിപ്പിട(സ്വർഗ)ത്തിൽനിന്ന് (മഴയായി) ഇവിടെ തിരിച്ചുവരുന്നു.
*ആദ് ഇത് പൃഥിവീ ഘൃതേന വ്യുദ്യതേ* അപ്പോഴാണ് ഭൂമി നെയ്യുകൊണ്ടു തിളങ്ങുന്നത്.

**48. ദ്വാദശ പ്രധയശ്ചക്രമേകം**
**ത്രീണി നഭ്യാനി ക ഉ തച്ചികേത**
**തസ്മിൻ സാകം ത്രിശതാ ന ശങ്കവോർ–**
**പ്പിതാഃ ഷഷ്ടിർന ചലാചലാസഃ**
*ഏകം ചക്രം ദ്വാദശ പ്രധയഃ* (സൂര്യന്റെ) തേർച്ചക്രം ഒന്ന്; അതിനു പന്ത്രണ്ട് അഴികൾ;
*ത്രീണി നഭ്യാനി കഃ ഉ തത് ചികേത* മൂന്നു നാഭികൾ – ആരിത് മനസ്സിലാക്കുന്നു?
*സാകം ചലാചലാസഃ ത്രിശതാ ഷഷ്ടിഃ ന* ഒപ്പം അങ്ങുമിങ്ങും ചലിക്കുന്ന, മുന്നൂറ്ററുപതു
*ശങ്കവഃ ന തസ്മിൻ അർപ്പിതാഃ* കുറ്റികളെന്നപോലെ, അതിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

**49. യസ്തേ സ്തനഃ ശശയോ യോ മയോഭൂർ–**
**യേന വിശ്വാ പുഷ്യസി വാര്യാണി**
**യോ രത്നധാ വസുവിദ് യഃ സുദത്രഃ**
**സരസ്വതി തമിഹ ധാതവേ കഃ**
*സരസ്വതി യഃ രത്നധാഃ യഃ വസുവിദ്* സരസ്വതീ! നിധി നൽകുന്നതും സമ്പത്തു കണ്ടെത്തുന്നതും
*യഃ സുദത്രഃ യേന വിശ്വാ വാര്യാണി പുഷ്യസി* നല്ല ദാനങ്ങൾ കൈവരുത്തുന്നതും എല്ലാ കാമ്യവസ്തുക്കളും പുഷ്ടിപ്പെടുത്തുന്നതും
*ശശയഃ മയോഭൂഃ തേ യഃ സ്തനഃ തം* എപ്പോഴും നിറഞ്ഞുനിൽക്കുന്നതും ആഹ്ളാദമയവുമായ നിന്റെ ആ മുല
*ഇഹ ധാതവേ കഃ* ഇവിടെ ഞങ്ങളെ കുടിപ്പിച്ചാലും!

**50. യജ്ഞേന യജ്ഞമയജന്ത ദേവാ–**
**സ്താനി ധർമാണി പ്രഥമാന്യാസൻ**
**തേ ഹ നാകം മഹിമാനഃ സചന്ത**
**യത്ര പൂർവേ സാധ്യാഃ സന്തി ദേവാഃ**
*ദേവാഃ യജ്ഞേന യജ്ഞം അയജന്ത* ദേവന്മാർ യജ്ഞംകൊണ്ടു യജ്ഞമനുഷ്ഠിച്ചു:
*താനി പ്രഥമാനി ധർമാണി ആസൻ* ഇവയായിരുന്നു ആദ്യത്തെ പ്രവൃത്തികൾ.
*തേ ഹ മഹിമാനഃ യത്ര പൂർവേ* ഇവ, അതിന്റെ മഹത്വം, പണ്ടത്തെ
*സാധ്യാഃ ദേവാഃ സന്തി നാകം  സചന്ത* സാധ്യദേവന്മാരുള്ള സ്വർഗത്തിൽ നിവസിക്കുന്നു.
സാധ്യദേവന്മാർ – കർമദേവന്മാർ.

**51. സമാനമേതദുദക–**
**മുച്ചൈത്യവ ചാഹഭിഃ**
**ഭൂമിം പർജന്യാ ജിന്വന്തി**
**ദിവം ജിന്വന്ത്യഗ്നയഃ**
*ഏതദ് ഉദകം സമാനം* ഈ വെള്ളം ഒരുപോലെയാണ്:
*അഹഭിഃ ഉത് ച ഏതി അവ ച* അത് ദിവസങ്ങളിലുടനീളം ഉയരുകയും താഴുകയും ചെയ്യുന്നു.
*പർജന്യാഃ ഭൂമിം ജിന്വന്തി* ഇടിമുഴക്കുന്ന കൊടുങ്കാറ്റുകൾ ഭൂമിയെയും
*അഗ്നയഃ ദിവം ജിന്വന്തി* അഗ്നികൾ സ്വർഗത്തെയും ഉത്തേജിപ്പിക്കുന്നു.

**52. ദിവ്യം സുപർണം വായസം ബൃഹന്ത–**
**മപാം ഗർഭം ദർശതമോഷധീനാം**
**അഭീപതോ വൃഷ്ടിഭിസ്തർപ്പയന്തം**
**സരസ്വന്തമവസേ ജോഹവീമി**

| | |
|---|---|
| *സുപർണം അപാം ഗർഭം ഓഷധീനാം ദർശതം* | നല്ല ചിറകുകളുള്ളതും വെള്ളത്തിന്റെ കുഞ്ഞും സസ്യങ്ങളെ കാട്ടുന്നതും |
| *അഭീപതഃ വൃഷ്ടിഭിഃ തർപ്പയന്തം* | ജലം കെട്ടിനിർത്തിയതിൽനിന്നു മഴകൾകൊണ്ടു തൃപ്തി വരുത്തുന്ന |
| *ബൃഹന്തം ദിവ്യം വായസം* | ഗംഭീരമായ സ്വർഗത്തിലെ പക്ഷിയുമായ |
| *സരസ്വന്തം അവസേ ജോഹവീമി* | സരസ്വാനെ സഹായത്തിനുവേണ്ടി ഞാൻ വീണ്ടും വീണ്ടും വിളിക്കുന്നു. |

★

## ഒന്നാം മണ്ഡലം, നൂറ്റെഴുപത്തൊൻപതാം സൂക്തം

*അനുക്രമണി*യനുസരിച്ച് ലോപാമുദ്ര (1–2), അഗസ്ത്യൻ (3–4) ശിഷ്യൻ (5–6) ഋഷി; 6 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ബൃഹതി 5 ഒഴികെ); അഗസ്ത്യനും ലോപാമുദ്രയും (*അനുക്രമണി*യനുസരിച്ച് "രതി") ദേവത

ന്യായമായും പ്രസിദ്ധവും സ്മരണീയവുമായ ഈ സൂക്തം കുറച്ചു പദ്യങ്ങളിൽ അധികം കാര്യങ്ങൾ ഒതുക്കിയിരിക്കുന്നു. ആദ്യത്തെ നാലു പദ്യങ്ങളിൽ 1. 165–191 സൂക്തങ്ങളുടെ കർത്താവായ അഗസ്ത്യനും പത്നി ലോപാമുദ്രയും തമ്മിലുള്ള സംഭാഷണമാണ്. ഇന്ത്യൻ മതസാഹിത്യത്തിലും ചിന്തയിലും സ്ഥിരമായ ഒരു പ്രമേയത്തെ അത്, ഭ്രൂണരൂപത്തിലാണെങ്കിലും, കൈകാര്യം ചെയ്യുന്നു. സന്യാസവും പുത്രോല്പാദനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പുരുഷമേധാവിത്വപരമായ ലക്ഷ്യങ്ങൾ അവിടെ പ്രതിപാദിക്കപ്പെടുന്നു. ഈ ലക്ഷ്യങ്ങളെ ഉപാസിക്കുന്ന ഒരുവന്റെ ചിത്രവും അവതരിപ്പിക്കപ്പെടുന്നു. ലൈംഗികമായി ഉൽക്കണ്ഠാലുവായ സ്ത്രീയാകട്ടെ അതിന് അയാളെ ആകർഷിക്കുകയും മോഹിപ്പിക്കുകയും ചെയ്യുന്നു. ഇത് അയാൾക്ക് സന്യാസഭാവം വിടാതെതന്നെ പുത്രോല്പാദനം നടത്താൻ സൗകര്യമുണ്ടാക്കുന്നു.

ആദ്യത്തെ രണ്ടു പദ്യങ്ങൾ ലോപാമുദ്രയുടേത്. തങ്ങളിരുവരും യജ്ഞപരമായ കർമങ്ങൾ നിർത്തി ലൈംഗികക്രിയയിലേർപ്പെടാമെന്ന് അവൾ അഗസ്ത്യനെ പ്രചോദിപ്പിക്കുന്നു. അവൾ പ്രായാധിക്യത്തിന്റെ വിഷമകരമായ ഫലങ്ങളെപ്പറ്റി പരാമർശിക്കുകയും (1) യഥാകാലം ചെയ്യേണ്ടത് ചെയ്യാതെ നിയന്ത്രണം വിട്ട പൂർവികരുടെ ഉദാഹരണം ചൂണ്ടിക്കാട്ടുകയും (2) ചെയ്യുന്നു. *അനുക്രമണി, സായണഭാഷ്യം* മുതലായ പ്രാചീനഗ്രന്ഥങ്ങളും ധാരാളം ആധുനികപണ്ഡിതരും നാലാം പദ്യം ലോപാമുദ്രയുടേതാണെന്നു പറയുന്നുണ്ടെങ്കിലും *ഋഗ്വേദ*ത്തിന്റെ സമ്പൂർണാംഗലവിവർത്തകരുടെ മതത്തിൽ അഗസ്ത്യവാക്യങ്ങളാണ് 3–4 പദ്യങ്ങൾ. മൂന്നാം പദ്യത്തിൽ അഗസ്ത്യൻ അവളുടെ നിർദേശത്തെ വീറോടെ എതിർക്കുന്നു. പ്രതിയോഗികളുടെ സൂത്രവിദ്യകളെ തങ്ങളിരുവരും ദമ്പതികളെന്ന നിലയിൽ ഒരുമിച്ചെതിർക്കണമെന്നാണ് അദ്ദേഹത്തിന്റെ മതപരമായ അടിസ്ഥാനത്തോടുകൂടിയ വാദം. മിഥുനശബ്ദമാണിവിടെ പ്രയോഗിച്ചിട്ടുള്ളത്. വിവാഹിതരായ ദമ്പതികളെന്ന അർഥത്തിൽത്തന്നെ അഗസ്ത്യൻ അതിന് ഊന്നൽ കൊടുക്കുന്നു. താൽക്കാലികമായ, വിവാഹേതരമായ, ലൈംഗികാവശ്യങ്ങൾക്കുള്ള സംഭോഗത്തിനും മൈഥുനമെന്നു പറയാമല്ലോ. അതുകൊണ്ടാണ് ഋഷിയുടെ ഈ ഊന്നൽ. പക്ഷേ, അഗസ്ത്യൻ ലോപാമുദ്രയുടെ സംഭോഗേച്ഛയ്ക്ക് വഴങ്ങുന്നതായാണ് നാലാം പദ്യത്തിൽ നാം കാണുന്നത്. അധീരകൾ (ലോലചിത്തകൾ) ധീരനെ (മനസ്സുറപ്പുള്ളവനെ) മയക്കുമല്ലോ.

5–6 പദ്യങ്ങൾ *അനുക്രമണി*പ്രകാരം ഒരു ശിഷ്യന്റെ വാക്യമാണ്. ചുരുങ്ങിയത്, അഞ്ചാം പദ്യമെങ്കിലും ഒരുവന്റെ, വിശേഷിച്ച് വ്രതം – ചാരിത്രവ്രതം – തെറ്റി അപഥസഞ്ചാരം നടത്തിപ്പോയതിൽ പശ്ചാത്തപിക്കുന്ന ഒരു ബ്രഹ്മചാരിയുടെ – വേദവിദ്യാർഥിയുടെ – മതപരമായ പവിത്രീകരണശ്രമമാണിതെന്നാണ് മുൻപറഞ്ഞ ആംഗലവിവർത്തകരുടെ അഭിപ്രായം (ആമുഖം, പേജ് 379). ആറാം പദ്യം, വീഴ്ച്ച പറ്റിയെങ്കിലും, അഗസ്ത്യന്റെ ആഹ്ലാദകരമായ ഫലങ്ങൾ ചുരുക്കിപ്പറയുന്നു: സന്താനലാഭത്തോടൊപ്പം ബലവും ദേവന്മാർക്കിടയിൽ സ്ഥാനവും.

അഞ്ചാം പദ്യത്തെപ്പറ്റി എസ്. ഡബ്ള്യൂ. ജാമിസൺ–ന്റെ നിരീക്ഷണം ശ്രദ്ധേയമത്രേ: ഈ പദ്യം പ്രായശ്ചിത്തസിദ്ധാന്തത്തെ പിന്താങ്ങുന്നുവെങ്കിലും, അതിൽ കുറച്ചുകൂടി അധികം ചിന്തിക്കാനുണ്ട്. അഗസ്ത്യ–ലോപാമുദ്രാ വൈരുധ്യം മതപരമായ ഒരു വൈരുധ്യം പ്രതിഫലിപ്പിക്കുന്നു. പിൽക്കാല *ഋഗ്വേദ*തലത്തിലാണിത് കൂടുതൽ കാണാവുന്നത്. യജമാനപത്നിയെക്കൂടി യജ്ഞസന്ദർഭത്തിൽ പങ്കാളിയാക്കാനുള്ള യജ്ഞനവീകരണവാദികളുടെയും അത് അപകടരമായ പാർശ്വഫലങ്ങളുളവാക്കുമെന്ന യാഥാസ്ഥിതികരുടെയും അഭിപ്രായങ്ങൾ തമ്മിലുള്ള സംഘർഷം. നവീകരണവാദികളുടെ വക്താവായാണ് അഗസ്ത്യൻ മൂന്നാം പദ്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. ആ വാദം കേവലമൊരു ലൈംഗികപ്രക്രിയയിലേക്കു വഴുതിപ്പോയെന്നത് വേറെ കാര്യം.

**1. പൂർവീരഹം ശരദഃ ശശ്രമാണാ**
**ദോഷാ വസ്തോരുഷസോ ജരയന്തീഃ**
**മിനാതി ശ്രിയം ജരിമാ തനൂനാ–**
**മപ്യൂ നു പത്നീ വൃഷണോ ജഗമ്യുഃ**

| | |
|---|---|
| *പൂർവീഃ ശരദഃ ദോഷാ വസ്തോഃ* | (ലോപാമുദ്ര:) കഴിഞ്ഞ പല വർഷങ്ങളായി അന്തിക്കും രാവിലെയും, |
| *ജരയന്തീഃ ഉഷസഃ അഹം ശശ്രമാണാ* | ജര ബാധിക്കുന്ന ഉഷസ്സുകളിലൂടെ ഞാൻ അധ്വാനിക്കുകയാണ്. |
| *ജരിമാ തനൂനാം ശ്രിയം മിനാതി* | പ്രായാധിക്യം ശരീരസൗന്ദര്യം കുറയ്ക്കുന്നു. |
| *അപി ഉ വൃഷണഃ നു പത്നീഃ ജഗമ്യുഃ* | കാളയെപ്പോലുള്ളവർ (പുരുഷന്മാർ) ഇപ്പോഴാണ് തങ്ങളുടെ ഭാര്യമാരുടെ അടുത്തേക്കു വരുന്നത്. |

**2. യേ ചിദ്ധി പൂർവ ഋതസാപ ആസൻ**
**സാകം ദേവേഭിരവദന്നൃതാനി**
**തേ ചിദവാസുർന ഹ്യന്തമാപുഃ**
**സമൂ നു പത്നീർവൃഷഭിർജഗമ്യുഃ**

| | |
|---|---|
| *ഹി യേ ഋതസാപഃ ഋതാനി അവദൻ ആസൻ* | (ലോപാമുദ്ര:) സത്യത്തെ സേവിച്ചവരും സത്യം പറഞ്ഞ |
| *ദേവേഭിഃ സാകം പൂർവേ ചിത്* | ദേവന്മാരോടുകൂടിയവരുമായ പൂർവികർപോലും, |

*ഹി ന അന്തം ആപുഃ തേ ചിത് അവ അസുഃ* അറ്റത്തെത്താത്തതിനാൽ അവർപോലും നിയന്ത്രണം വിട്ടിരുന്നു.
*നു പത്നീഃ വൃഷഭിഃ സം ഉ ജഗമ്യുഃ* ഇപ്പോൾ പത്നിമാർ കാളകളോട് ഒരുമിക്കണം.

**3. ന മൃഷാ ശ്രാന്തം യദവന്തി ദേവാ**
**വിശ്വാ ഇത് സ്പൃധോ അഭ്യശ്നവാവ**
**ജയാവേദത്ര ശതനീഥമാജിം**
**യത് സമ്യഞ്ചാ മിഥുനാവഭ്യജാവ**

*യദ് ദേവാഃ അവന്തി ശ്രാന്തം ന മൃഷാ* (അഗസ്ത്യൻ:) ദേവന്മാർ സഹായിക്കുന്ന അധ്വാനം നിഷ്ഫലമാവില്ല.
*വിശ്വാഃ ഇത് സ്പൃധഃ അഭി അശ്നവാവ* നമുക്കിരുവർക്കും എല്ലാ വാദികളെയുമെടുക്കുന്നു.
*യത് സമ്യഞ്ചാ മിഥുനൗ അഭ്യജാവ* യോജിപ്പുള്ള ദമ്പതികളെന്ന നിലയ്ക്ക് നാം മത്സരിക്കുമ്പോൾ,
*അത്ര ശതനീഥം ആജിം ജയാവ ഇത്* ഇവിടെ നമുക്കിരുവർക്കും നൂറു തന്ത്രങ്ങളുള്ള യുദ്ധത്തിൽ ജയിക്കുക തന്നെ ചെയ്യാം.

**4. നദസ്യ മാ രുധതഃ കാമ ആഗ-**
**ന്നിത ആജാതോ അമുതഃ കുതശ്ചിത്**
**ലോപാമുദ്രാ വൃഷണം നീരിണാതി**
**ധീരമധീരാ ധയതി ശ്വസന്തം**

*മാ ഇതഃ അമുതഃ കുതഃ ചിത്* (അഗസ്ത്യൻ:) എനിക്ക് ഇങ്ങുനിന്നും അങ്ങുനിന്നും എല്ലായിടത്തുനിന്നും
*നദസ്യ രുധതഃ കാമഃ ആജാതഃ ആ അഗൻ* കയറുന്ന കാള(പുരുഷലിംഗം)യുടെ കാമം ഉണ്ടായിവന്നിരിക്കുന്നു.
*ലോപാമുദ്രാ വൃഷണം നീരിണാതി* ലോപാമുദ്ര കാളയെപ്പോലുള്ളവനെ (എന്നെ) പുറത്തേക്കൊഴുക്കട്ടെ;
*അധീരാ ധീരം ശ്വസന്തം ധയതി* ലോലചിത്തയായ സ്ത്രീ മനസ്സുറപ്പുള്ളവനെ, അവൻ കൂർക്കം വലിക്കുമ്പോൾ, മുലയൂട്ടട്ടെ!

**5. ഇമം നു സോമമന്തിതോ**
**ഹൃത്സു പീതമുപ ബ്രുവേ**
**യത് സീമാഗശ്ചകൃമാ തത് സു മൃളതു**
**പുലുകാമോ ഹി മർത്ത്യഃ**

*അന്തിതഃ പീതം ഹൃത്സു* (ശിഷ്യൻ:) തൊട്ടുമുൻപ് കുടിച്ച എന്റെ ഹൃദയത്തിനകത്തെ
*ഇമം സോമം നു ഉപ ബ്രുവേ* ഈ സോമം ഇപ്പോൾ എന്നോടു കെഞ്ചി അപേക്ഷിക്കുന്നു:
*യത് സം ആഗഃ ചകൃമ തത് സു മൃളതു* നാം വരുത്തിയ തെറ്റ് അവൻ നല്ല നിലയിൽ മാപ്പാക്കട്ടെ!
*മർത്ത്യഃ പുലുകാമഃ ഹി* മർത്ത്യൻ പല കാമങ്ങളുമുള്ളവനാണല്ലോ!

**6. അഗസ്ത്യഃ ഖനമാനഃ ഖനിത്രൈഃ**
**പ്രജാമപത്യം ബലമിച്ഛമാനഃ**
**ഉഭൗ വർണാവൃഷിരുഗ്രഃ പുപോഷ**
**സത്യാ ദേവേഷ്വാശിഷോ ജഗാമ**

*ഉഗ്രഃ ഋഷിഃ അഗസ്ത്യഃ ഖനിത്രൈഃ ഖനമാനഃ* കരുത്തനായ ഋഷി അഗസ്ത്യൻ കൈക്കോട്ടുകൾകൊണ്ടു കുഴിച്ചും
*പ്രജാം അപത്യം ബലം ഇച്ഛമാനഃ* സന്തതികളെയും അനന്തരതലമുറയെയും ശക്തിയെയും ആഗ്രഹിച്ചും
*ഉഭൗ വർണൗ പുപോഷ* രണ്ടു "വർണങ്ങ"ളെയും പുഷ്ടിപ്പെടുത്തി.
ദേവേഷു സത്യാഃ ആശിഷഃ ജഗാമ അവൻ ദേവന്മാർക്കിടയിൽ സത്യമായിവന്ന പ്രതീക്ഷകളിലെത്തിച്ചേർന്നു.

രണ്ടു "വർണങ്ങൾ" – സന്തതിയും സന്യാസശക്തിയും: ഗാർഹസ്ഥ്യസന്യാസാശ്രമങ്ങൾ
വർണങ്ങൾ – കാമവും തപസ്സും (ഗാർഹസ്ഥ്യവും വാനപ്രസ്ഥവും)

★

## രണ്ടാം മണ്ഡലം, പന്ത്രണ്ടാം സൂക്തം

കുടുംബമണ്ഡലങ്ങളിൽ ആദ്യത്തേതായ രണ്ടാം മണ്ഡലം *അനുക്രമണി*യും *സായണഭാഷ്യ*വുമനുസരിച്ച് ശൗനക ഭാർഗവന്റെ ദത്തുപുത്രനും ശുനഹോത്ര ആംഗിരസന്റെ പുത്രനുമായ ഗൃത്സമദന്റെ രചനയാണ്. മണ്ഡലത്തിലെ 43 സൂക്തങ്ങളിൽ ഏഴെണ്ണമൊഴിച്ചെല്ലാം അദ്ദേഹത്തിന്റേതാണെന്ന് *അനുക്രമണി* സാക്ഷ്യപ്പെടുത്തുന്നു. അതനുസരിച്ച് 4–7 സൂക്തങ്ങൾ സോമാഹുതി ഭാർഗവന്റെയും 27–29 കൂർമ ഗാർത്സമദന്റെയോ ഗൃത്സമദന്റെയോ രചനയാണെന്നും കാണുന്നു. പാതിയോളം വരുന്ന 21 സൂക്തങ്ങളുടെ സവിശേഷത ഗൃത്സമദപല്ലവിയത്രേ: "ബൃഹദ്വദേമ വിദഥേ സുവീരാഃ" (നല്ല വീരന്മാരോടുകൂടിയ ഞങ്ങൾ യജ്ഞവിതരണത്തിൽ ഗംഭീരമായി സംസാരിക്കട്ടെ)

മണ്ഡലത്തിലെ അഗ്നിപരമ്പരയിൽ ആപ്രീസൂക്തമുൾപ്പെടെ പത്തും ഇന്ദ്രപരമ്പരയിൽ പന്ത്രണ്ടും സൂക്തങ്ങളുണ്ട്. പവിത്രമന്ത്രപ്രഭുവായ ബ്രഹ്മണസ്പതി/ബൃഹസ്പതിക്കു സമർപ്പിക്കപ്പെട്ട നാലു സൂക്തങ്ങളും കാണാം. പുരോഹിതരാജാവായ ഇന്ദ്രന്റെ പുരോഹിതസുഹൃത്തായി അവൻ പ്രത്യക്ഷപ്പെടുന്നതായി കാണാം. ബൃഹസ്പതിയും ഇന്ദ്രനും അഭിന്നനാണെന്ന പ്രതീതി. വലപുരാവൃത്തത്തിൽ ഇന്ദ്രന്റെ ഈ പങ്കു കാണാവുന്നതാണ്. ആദിത്യന്മാർക്കും അവരിൽ പ്രമുഖനായ വരുണന്നും സമർപ്പിക്കപ്പെട്ട രണ്ടു വിശ്വേദേവസൂക്തങ്ങളും ഇവിടെ വായിക്കാം. ശിശുജനനവുമായി ബന്ധപ്പെട്ട നാലു സ്ത്രീദേവതകളുൾപ്പെടെ സ്തുതിക്കപ്പെടുന്ന സൂക്തവും ശ്രദ്ധേയമാണ്. മറ്റു ദേവതകൾക്കു സമർപ്പിക്കപ്പെട്ടവയാണ് ബാക്കി സൂക്തങ്ങൾ. രുദ്രൻ, അപാം നപാത്ത്, സവിതാവ് എന്നിവർക്കു സമർപ്പിക്കപ്പെട്ടവ അവയിൽ എടുത്തുപറയത്തക്കവയാകുന്നു. ശകുനപ്പക്ഷിയെക്കുറിച്ചുള്ള 42–43 സൂക്തങ്ങളോടുകൂടി മണ്ഡലം അവസാനിക്കുന്നു.

12–ാം സൂക്തം ഇന്ദ്രനെ വിജയപൂർണനായ ഒരു യോദ്ധാവായി ചിത്രീകരിക്കുന്നു. അവന്റെ ഉത്ഭവത്തോടെ സൂക്തം തുടങ്ങുന്നു (1). പിന്നീട് അവൻ ലോകം സൃഷ്ടിക്കുന്നതും അതിനെ വാസയോഗ്യമാക്കുന്നതും പരാമർശിക്കുന്നു (2–3). തുടർന്ന് കവി ഇന്ദ്രൻ ദാസന്മാരെയും ദസ്യുക്കളെയും മറ്റു ശത്രുക്കളെയും ജയിക്കുന്നതും ആരാധകരെയും മിത്രങ്ങളെയും സഹായിക്കുന്നതും നമ്മെ അറിയിക്കുന്നു (4–10). സൂക്താന്ത്യത്തിൽ, രാക്ഷസസ്വഭാവരായ ശത്രുക്കളുടെമേലുള്ള ഇന്ദ്രന്റെ പ്രശസ്തവിജയങ്ങളും (11–12) പ്രപഞ്ചഭരണവും (13) തനിക്കു യജ്ഞഹവിസ്സുകൾ സമർപ്പിക്കുന്നവർക്കു നൽകുന്ന സഹായവും (14–15) പ്രതിപാദിക്കുന്നു. ഇന്ദ്രന്റെ അധികാരത്തെയും അസ്തിത്വത്തെത്തന്നെയും ചോദ്യം ചെയ്യുന്നതിനെ പരാമർശിക്കുന്ന അഞ്ചാംപദ്യം കൂടുതൽ ശ്രദ്ധേയമത്രേ. ദാസന്മാരെയും ദസ്യുക്കളെയുമായിരിക്കണം ഉദ്ദേശിച്ചിട്ടുണ്ടാവുക. അത്തരക്കാരെ ഇന്ദ്രൻ കീഴടക്കുന്നതിന്റെ വിവരണം നാലാം പദ്യത്തിലുണ്ട്. "ഭയങ്കര"നായ അവനിൽ "വിശ്വസിക്കുക" എന്ന താക്കീതും ആഹ്വാനവും അവിടെ കാണാം. ഇന്ദ്രന്റെ വീരകൃത്യങ്ങളെല്ലാം വിവരിച്ചതിനുശേഷം അവസാനം 15–ാമത്തെ പദ്യത്തിൽ ഇന്ദ്രൻ ഒരു യാഥാർഥ്യമാണെന്നു കവി ആത്മവിശ്വാസപൂർവം ഉറപ്പിക്കുന്നു. അവന്റെ അസ്തിത്വം മാത്രമല്ല അതുകൊണ്ട് ഉറപ്പിക്കപ്പെടുന്നത്. പിന്നെയോ? ഇന്ദ്രൻ ശക്തനായൊരു ദേവനാണെന്നും യജ്ഞങ്ങളിൽ ആ സാന്നിധ്യം ശരിക്കും അനുഭവപ്പെടുന്നുവെന്നുമത്രേ.

17–ാം സൂക്തം ഇന്ദ്രനെ തുടക്കത്തിൽ – അവന്റെ തുടക്കത്തിലും ലോകത്തിന്റെ തുടക്കത്തിലും – കാണിച്ച ശക്തി കാണിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഇന്ദ്രന്റെ യൗവനത്തെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്: അവൻ അച്ഛനിൽനിന്നു വജ്രം സ്വീകരിച്ച സമയം, ത്വഷ്ടാവ് (6), അവൻ ആദ്യത്തെ പോഷണം നേടിയത് (2). ആദ്യത്തെ പോഷണം യജ്ഞത്തിൽ ആദ്യം ഹവിസ്സു സ്വീകരിച്ചതും ഇന്ദ്രൻ ആദ്യം സോമം കുടിച്ചതുമാവാം. അവന്റെ ഉത്ഭവം ലോകത്തിന്റെ ഉത്ഭവവുമാകുന്നു. സൂക്തം ഇന്ദ്രന്റെ മഹത്തും സൃഷ്ടിപരവുമായ കർമങ്ങളുടെ പട്ടിക നിരത്തുന്നു: അവൻ സ്വർഗത്തെയും ഭൂമിയെയും സ്ഥാപിച്ചു, പർവതങ്ങളെ ഉറപ്പിച്ചുനിർത്തി (5), പശുക്കളെ മോചിപ്പിക്കുന്നതിന് വലന്റെ ഗുഹ തുറന്നു (1), വൃത്രനെ കീഴടക്കി (6), വെള്ളത്തെ ഒഴുകാൻ വിട്ടു (3, 5). താൻ ജീവിതവൃത്തി സ്വീകരിച്ചതുപോലെ, തങ്ങൾക്ക് അതു നൽകാനും (7, 8) ലോകസൃഷ്ടിയിൽ കാണിച്ച തന്റെ ശക്തിപോലെ, സ്വത്തിന്റെ അളവു നൽകാനും കവി ഇന്ദ്രനെ വിളിക്കുന്നു (7). ത്വഷ്ടാവ് ഇന്ദ്രന്റെ വജ്രം നിർമിച്ചത് "എല്ലാ ജനുസ്സുകളിൽനിന്നും" "തന്റെ ജ്ഞാനത്തിൽനിന്നു"മാണെന്ന പരാമർശം (6) ഏറെ ശ്രദ്ധേയമത്രേ. ആദ്യത്തേതിൽ ദേവന്മാരും മനുഷ്യരുമെന്നു താല്പര്യം. രണ്ടാമത്തേതിൽ, "തന്റെ" എന്നു പറയുന്നുണ്ടെങ്കിലും "എല്ലാ ജീവജാലങ്ങളുടെയും" എന്നുതന്നെയാണ് സൂചന. 4. 42. 3–ൽ ഇത് കാണാം. ഇന്ദ്രന്റെ മിക്ക വീരകൃത്യങ്ങളും നിമിത്തമായ വജ്രത്തിന്റെ ഈ ഉപാദാനവർണനം ദേവന്മാരുടെയും മനുഷ്യരുടെയും സാകല്യമാണ് എല്ലാറ്റിന്റെയും പ്രചോദകമെന്ന സന്ദേശം നൽകുന്നു.

ബൃഹസ്പതിയുടെ ഈ സൂക്തം രൂപപ്പെടുത്തുന്നതിൽ വലപുരാവൃത്തത്തിന്റെ പ്രത്യക്ഷപരാമർശങ്ങളുണ്ട്. അവിടെ ഇന്ദ്രൻ ബൃഹസ്പതിയായി അംഗിരസ്സുകളെ നയിക്കുകയും അവരുടെ ഗാനത്തിന്റെ ശക്തികൊണ്ട് ഗുഹ തുറക്കുകയും പൈക്കളും ഉഷസ്സുകളും മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു (2, 3, 18). ഇടയിലുള്ള പദ്യങ്ങൾ മന്ത്രശക്തിയെന്ന പ്രമേയം വികസിപ്പിക്കുന്നു. ബൃഹസ്പതിയാണ് അതിന്റെ അധിപതി. സത്യജ്ഞാനം കൊണ്ടാണ് ബൃഹസ്പതിയും അവനിലൂടെ സത്യത്തിന്റെ ആധിപത്യമുള്ള കവിയും ശത്രുക്കളെ മറികടക്കുന്നത്. അവർ ശകാരിക്കുന്നവരെയും (8) പുച്ഛിക്കുന്നവരെയും (13) ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന ജല്പകരെയും (14) ദൂഷ്യം പറയുന്നവരെയും (10) കീഴടക്കുന്നു. അവർ സത്യമന്ത്രങ്ങളോട് അവജ്ഞ പ്രകടിപ്പിക്കുന്നവരെയും (4) വല വെക്കു

ന്നവരെയും (6) ചതിയന്മാരെയും (5, 16, 17) മറികടക്കുന്നു. ഒരുപക്ഷേ, തന്റെ ശക്തമായ വാക്കുകൊണ്ടാണ് ബൃഹസ്പതി കവിയുടെ ശത്രുക്കളെപ്പോലും “പറിച്ചെറിയുന്നത്” (9). ചുരുങ്ങിയത്, ചില ഉദാഹരണങ്ങളിലെങ്കിലും കവിയുടെ പ്രതിയോഗികൾ മറ്റു യജമാനന്മാരത്രേ. ഇവർക്ക്, പക്ഷേ, പദങ്ങൾ ചൊല്ലാനറിയാം; ഈ ഗാനങ്ങളുല്പാദിപ്പിക്കുന്നതോ അവയുടെ അടിയിൽ കിടക്കുന്നതോ ആയ സത്യമറിയില്ല (16). സത്യത്തിലൂടെയും സത്യമന്ത്രങ്ങളിലൂടെയും കവിയും അവന്റെ ആൾക്കാരും ഞെരുക്കങ്ങളിൽനിന്നും (4) ശത്രുക്കളിൽനിന്നും (5, 9) അപകടത്തിൽനിന്നും (7, 8, 12) പകരമായ പുരോഗതിയിൽനിന്നും (10, 15) മുക്തി നേടുന്നു.

27–ാം സൂക്തത്തിന്റെ ഒന്നാം ഭാഗം (1–7) കുടിയേറ്റങ്ങളിലേക്കുള്ള യാത്രകളിലും കുടിയേറ്റങ്ങൾതമ്മിലുള്ള സംഘർഷങ്ങളിലും നേരിടുന്ന നാനാതരത്തിലുമുള്ള അപകടങ്ങളിൽനിന്നുള്ള സംരക്ഷണത്തിനുവേണ്ടി ആദിത്യന്മാരെ വിളിക്കുന്നു. അവർക്കു രക്ഷിക്കാൻ ശക്തിയുണ്ട്. കാരണം, സത്യമനുസരിച്ച് ഭൂമിയും സ്വർഗങ്ങളും ഭരിക്കുന്ന ദേവന്മാരാണവർ. സത്യമാണല്ലോ വസ്തുക്കളുടെ ക്രമവും സ്വഭാവവും നിർവചിക്കുന്നത് (8–10). കവി പിന്നീട് ഒരിക്കൽക്കൂടി ആദിത്യന്മാരാൽ സംരക്ഷിക്കപ്പെടുന്ന യാത്രയുടെ പ്രമേയത്തിലേക്കു തിരിയുകയും കുടിയേറിപ്പാർക്കാൻ ഒരു സ്ഥലം, നല്ല മേച്ചിൽപ്രദേശമുള്ള ഒരു സ്ഥലവും (13) തുറസ്സായതും സുരക്ഷിതവുമായ മറ്റൊരു സ്ഥലവും (14), കണ്ടെത്താൻ നോക്കുകയും ചെയ്യുന്നു. കവി താൻ ആദിത്യന്മാരുടെ സംരക്ഷണത്തിനർഹനാണെന്നു നിഷ്കർഷിക്കുന്നു: ദേവന്മാർ സ്വയമെന്നപോലെ (2, 9) താനും “ശുചി”യാണ് (13), കളങ്കനിർമുക്തനാണ്. താൻ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ആദിത്യന്മാരോടു ദയയ്ക്കു യാചിക്കുകയും (14) ഒരിക്കലും അവരുടെ ശിക്ഷയ്ക്ക് പാത്രമാവില്ലെന്നു പ്രതീക്ഷിക്കുകയും (16) ചെയ്യുന്നു. 15–ന്റെ ഉത്തരാർധം വേണ്ടത്ര വ്യക്തമല്ല. അവിടെ പരാമർശിക്കപ്പെട്ട രണ്ടു വാസസ്ഥാനങ്ങൾ പൂർവാർധത്തിൽ പറയുന്ന സ്വർഗവും ഭൂമിയുമാവാം.

രണ്ടാം മണ്ഡലത്തിലെ ഒരേയൊരു വരുണസൂക്തമാണ് 28–ാമത്തേത്.. പക്ഷേ, ഏഴാം മണ്ഡലത്തിലെ (86–89) വരുണസൂക്തങ്ങളുമായി ഇതിനു സാദൃശ്യമുണ്ട്. പ്രത്യേകിച്ച്, അതിലെ കുറ്റസമ്മതത്തിന്റെസ്വരവും ദേവന്റെ ശിക്ഷയിൽനിന്നു രക്ഷ നേടാനുള്ള അപേക്ഷയിലും. ആദ്യപദ്യം തന്നെ വരുണന്റെ ഇരട്ടപ്പങ്ക് ചൂണ്ടിക്കാട്ടുന്നുണ്ട്: “ഇത് ആദിത്യനെന്ന ഋഷികവിക്കുള്ളതാണ്” എന്ന ആദ്യവരി നോക്കുക. ഈ സൂക്തം നിലവിലുള്ള എല്ലാറ്റിനെയും അതിശയിക്കും, അഥവാ, മറ്റെല്ലാ സൂക്തങ്ങളെയും അതിശയിക്കും എന്നു കവി പ്രതീക്ഷിക്കുന്നു. അതേ സമയം, “ഇത്” ദേവന്റെതന്നെ നിയമവുമാണ്. അതാണ് സൂക്തത്തിൽ കവി വിവരിക്കുകയും ലോകത്തിലെ എല്ലാറ്റിനെയും അതിശയിക്കുകയും ചെയ്യുന്നത്. വക്താവെന്ന നിലയിൽ വരുണന്റെ ധർമം അവനെ കവി എന്നു വിശേഷിപ്പിച്ചുകൊണ്ട് അടിവരയിടുന്നു. കവി വിദ്വാനും വക്താവുമാണ്. “മന്ദ്രൻ” (ആനന്ദിപ്പിക്കുന്നവൻ) എന്ന നിലയിൽ, കൂടക്കൂടെ അങ്ങനെ വിശേഷിപ്പിക്കപ്പെടുന്നതുകൊണ്ട്, ഹോതാവെന്ന പുരോഹിതനാണ്. സൂക്തങ്ങൾ ചൊല്ലുന്നത് ഹോതാവാണല്ലോ. രണ്ടാം പദ്യം ഈ വാദം, ദേവനിയമത്തെയും കവിയുടെ ഉൾക്കാഴ്ചകളെയും, രണ്ടിനെയും, പരാമർശിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകുന്നു. പല ഭീഷണികളിൽനിന്നു തന്നെ കാത്തുരക്ഷിക്കാൻ, ഒപ്പം തന്റെ ദുഷ്കർമങ്ങൾക്ക് ശിക്ഷിക്കരുതെന്ന അപേക്ഷകൾ (5, 7, 9) ഇടകലർത്തിക്കൊണ്ടും, കവി വരുണനെ വിളിക്കുന്നു (3, 6, 10). സൂക്താന്ത്യഭാഗത്ത്, ഒരിക്കൽക്കൂടി, തന്റെ വാക്കും ദേവനിയമവും ശ്രദ്ധിക്കണമെന്നു (8) പറയുന്നു.

33–മത്തേത് രുദ്രസൂക്തമാണ്. ശിവനു വലിയ പ്രാധാന്യം പുരാണേതിഹാസങ്ങളിൽ കാണുന്നുണ്ടെങ്കിലും വേദ

[illegible] *ഋഗ്വേദ*ത്തിൽ മൂന്നു സൂക്തങ്ങളേ അവന്റെ പേരിൽ കാണുന്നുള്ളൂ. രുദ്രനും സോമനുംകൂടി രണ്ടെണ്ണവുമുണ്ട്. മരുത്തുക്കളുടെ അച്ഛനാണ് രുദ്രൻ. ആയുധധാരിയും ഭയങ്കരനുമെന്നും ശമനൗഷധികളുടെയും സൗഭാഗ്യത്തിന്റെയും ദയാമയനായ ദേവനെന്നുമുള്ള ഇരട്ടസ്വഭാവം രുദ്രന്റെ സവിശേഷതയത്രേ. ഈ സൂക്തത്തിന്റെ ഭൂരിഭാഗവും ശമനൗഷധികളുമായി രുദ്രൻ തങ്ങളുടെ കാര്യത്തിൽ ഇടപെടണമെന്നും പ്രതികാരബുദ്ധിയോടെ പെരുമാറരുതെന്നുമുള്ള അപേക്ഷകളാണ്. ദേവന്റെ മുൻപറഞ്ഞ രണ്ടു ഭാവവും ഇവിടെ പ്രത്യക്ഷപ്പെടുന്നു. മരുത്തുക്കളുടെ രക്ഷിതാവെന്ന നിലയിലും രുദ്രൻ പരാമർശിക്കപ്പെടുന്നു (1).

മരുത്തുക്കളുടെ പിതാവായ രുദ്രന് അർപ്പിക്കപ്പെട്ട സൂക്തത്തിനു തൊട്ടു പിൻപേ മരുത്തുക്കളെ വർണിക്കുന്ന 34–ാം സൂക്തം വരുന്നു. കൊടുങ്കാറ്റെന്ന നിലയിൽ അവരുടെ അത്യുക്തിപരവും ഭാവനാപൂർണവുമായ വാചകശൈലിയാണ് ഇതിൽ പ്രയോഗിച്ചിട്ടുള്ളത്. ഇവിടെ ഗായകന്റെ യജ്ഞത്തിൽ പങ്കെടുക്കാൻ അവരെ ക്ഷണിക്കുന്നു. പാതിയായപ്പോഴേക്കും (6–7) സൂക്തത്തിന്റെ കേന്ദ്രബിന്ദു മരുത്തുക്കൾക്കു നൽകാവുന്ന നേട്ടങ്ങളിലേക്കു മാറുന്നു. അവനെ സൂക്തത്തിൽ പ്രചോദിപ്പിക്കാനും ശത്രുക്കളിൽനിന്നു രക്ഷിക്കാനും അവനു ദാനങ്ങളരുളാനും അവർക്കു കഴിയും. 13–ലെ ഇടി, മിന്നൽ, മഴ എന്നവയും കൊടുങ്കാറ്റിനുശേഷമുള്ള തെളിച്ചവും മഴവില്ലുമെല്ലാം കടന്നുവരുന്ന അലങ്കാരം ശ്രദ്ധേയം. ഏറെക്കുറെ നിഗൂഢത പുലർത്തുന്ന പൃശ്നി, രുദ്രൻ എന്നീ മാതാപിതാക്കളിൽനിന്നുള്ള മരുത്തുക്കളുടെ പിറവി രണ്ടാം പദ്യത്തിൽ പരാമർശിക്കപ്പെടുന്നു. വീർത്ത അകിടോടുകൂടിയ പശുവിന്റെ, വിശേഷിച്ച് കറവപ്പശുവിന്റെ, രചനാഘടകം സൂക്തത്തിലുടനീളം കാണാം (1, 2, 5, 6, 8, 10, 12). ഉഷസ്സുകൾ, മേഘങ്ങൾ, യജമാനന്റെ സോമസവനങ്ങൾ, അവന്നുള്ള മരുത്തുക്കളുടെ ദാനം എന്നിവയും അതോടൊപ്പം പരാമർശിക്കപ്പെടുന്നുണ്ട്. പ്രകൃതിവർണനത്തിൽനിന്ന് യജ്ഞകർമത്തിലേക്കു കടക്കാൻ ഇതുപകരിക്കും.

അപാം നപാത്തിനുള്ള ഒരേയൊരു *ഋഗ്വേദ*സൂക്തമാണ് 35–ാമത്തേത്. കൃതിയിൽ മറ്റു പലേടത്തും ഈ ദേവത പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും. ഈ ദേവനാമം *അവെസ്ത*നിലും ഇതുപോലെയുണ്ടെങ്കിലും, *ഋഗ്വേദ*ത്തിൽ ഇത് അഗ്നിയുടെ പര്യായമായിത്തീർന്നിരിക്കുന്നു. ഈ സൂക്തത്തിൽ അഗ്നിയുമായുള്ള താദാത്മ്യകരണത്തിന്റെയും സാത്മീ

കരണത്തിന്റെയും ദേവതയുടെ മൗലികമായ സ്വതന്ത്രാസ്തിത്വത്തിന്റെയും രണ്ടു വശങ്ങളും നാം കാണുന്നു. ദേവതയുടെ സ്തുതിയോടെ സൂക്തം ആരംഭിക്കുന്നു (1–2). തുടർന്ന് ജന്മവും സ്ത്രീകൾ (ആദ്യമെങ്കിലും ഇത് വെള്ളമാണ്) അവനെ വളർത്തിയെടുക്കുന്നതും ചിലപ്പോൾ നിഗൂഢമായ വാചകശൈലിയിൽ വർണിക്കുന്ന ഹൃദയഭാഗം (3–11) വരുന്നു. ആദ്യം അഗ്നിയെ വിവരിക്കുന്ന "തിളങ്ങുന്ന" മുതലായ പദാവലി കാണുന്നുണ്ട് (3–4). സൂക്തം പുരോഗമിക്കവേ, അപാം നപാത്തിന്റെ ഭീഷണമായ വശം പടിപ്പടിയായി സൂക്തത്തിൽ അവതരിപ്പിക്കപ്പെടുന്നു. പദാവലിയും അലങ്കാരവുമെല്ലാം അഗ്നിയുമായി ബന്ധപ്പെട്ട് കൂടുതൽക്കൂടുതൽ ശക്തമായി വരുന്നു. ഉദാഹരണമായി 8–ാം പദ്യത്തിൽ മരക്കൊമ്പുകളും ചെടികളും കാണാം. 9–10 പദ്യങ്ങളിൽ സ്വർണവർണത്തിൽ ഊന്നൽ. പക്ഷേ, 11–ന്റെ ഉത്തരാർധംവരെ ഭൗതികമായ അഗ്നിയുടെ അവ്യക്തമല്ലാത്ത പരാമർശം കാണപ്പെടുന്നുണ്ട് ("ജ്വലിക്കുക" എന്ന ക്രിയയും നെയ്യ് ഭക്ഷണമാണെന്ന പരാമർശവും. 4–ലും നെയ്യ് കാണുന്നുണ്ടെങ്കിലും.) 11–ാം പദ്യത്തിന്റെ പൂർവാർധം അപാം നപാത്ത് "രഹസ്യപ്പേരാ"ണെന്നറിയിക്കുന്നത് യാദൃച്ഛികമല്ലെന്നു വ്യക്തമാണ്. അതുവരെയുള്ള സൂക്തഭാഗം ഒരു പ്രഹേളികപോലെ തോന്നും. ഈ പ്രസ്താവനയാകട്ടെ, അതിനു പരിഹാരമായും. 13–ാം പദ്യത്തിലും അപാം നപാത്തിന്റെയും അഗ്നിയുടെയും മൗലികമായ തനിമകളും അപാം നപാത്തെന്ന പേര് "മറ്റൊന്നിന്റെ ശരീരവുമായി"(അഗ്നിയുമായി) ബന്ധിപ്പിക്കുന്നതും പറയുന്നുണ്ട്. 11–ാം പദ്യത്തിൽ സൂക്തം കൂടുതൽ യജ്ഞപരമായ തിരിവിലേക്കു കടക്കുന്നു. 12–ലും ഇത് തുടരുന്നു. ഈ യജ്ഞഖണ്ഡത്തിൽ അപാംനപാത്തിനെ വെള്ളവും അതിന്റെ ഇരട്ടയായ അഗ്നിയെ അഗ്നിപരിചാരകരും വളർത്തുന്ന വൈരുധ്യം വെള്ളം അവന് നെയ്യ് കൊണ്ടുവരുന്നതോടെ പരിഹരിക്കപ്പെടുന്നു.

39–ാം സൂക്തത്തിന്റെ കവി അശ്വികളുടെ ഓരോ വർണനവും ഓരോ ഉപമയെക്കൊണ്ട് ഭൂഷിതമാക്കുന്നതിൽ തികച്ചും മൗലികമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ആനുഷംഗികമായ ശ്ലേഷംകൊണ്ട് ഉപമയെ പോഷിപ്പിച്ചതിന് രണ്ടാം പദ്യം ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. ഏഴ് മറ്റൊരുദാഹരണം. മറ്റൊരു സവിശേഷത അശ്വികളെ ശരീരത്തോടോ ശരീരാവയവങ്ങളോടോ ഉപമിക്കുന്നുവെന്നതാണ്. ഏഴാം പദ്യത്തിലെ ഉപമയിലെ ഉപമാനം ഏകവചനമാണ്. ഉപമേയം അശ്വികളല്ല. അവർക്കുവേണ്ടി രചിച്ച ഈ ഗാനങ്ങളാണ്. അവയെ മഴുവായി സങ്കല്പിക്കുന്നു. ഈ ഉപമയിലും വൈചിത്ര്യം വരുത്തിയിരിക്കുന്നുവെന്നു താല്പര്യം.

രണ്ടാം മണ്ഡലത്തിലെ അവസാനത്തെ രണ്ടു ലഘുസൂക്തങ്ങൾ (42–43) ജനകീയസ്വഭാവമുള്ളവയും മംഗളകരമായ കരച്ചിൽ ഉണ്ടാക്കുന്നതുകൊണ്ട് ശകുനമെന്നു വിളിക്കപ്പെടുന്നവയുമാണ്. അന്തിമസൂക്തത്തിൽ കവി ശകുനപ്പക്ഷിയെ, പ്രസിദ്ധമായ മണ്ഡൂകസൂക്തത്തെ (7. 103) ഓർമ്മിപ്പിക്കുമാറ്, യജ്ഞത്തിലെ ഋത്വിക്കുകളോട് താരതമ്യപ്പെടുത്തുന്നു.

## രണ്ടാം മണ്ഡലം, ഇരുപത്തിമൂന്നാം സൂക്തം

ഗൃത്സമദൻ ഋഷി; 19 പദ്യങ്ങൾ; വൃത്തം ജഗതി (ത്രിഷ്ടുപ്പ് 15, 19 ഒഴികെ); ബൃഹസ്പതി ദേവത

ബൃഹസ്പതിയും ഇന്ദ്രനും തമ്മിലുള്ള ബന്ധം *ഋഗ്വേദ*ത്തിൽ ചലനാത്മകമായി നിലകൊള്ളുന്നു. വലപുരാവൃത്തത്തിൽ ബൃഹസ്പതിയും ബ്രഹ്മണസ്പതിയും (പവിത്രമന്ത്രപ്രഭു) ഇന്ദ്രന്റെ പേരുകളായി കാണാം. ചിലേടത്ത്, പക്ഷേ, ബൃഹസ്പതി, ഇന്ദ്രനുമായി അടുത്തു ബന്ധപ്പെട്ടവനെങ്കിലും, ഒരു സ്വതന്ത്രദേവനാണ്. ഇവിടെ ഒരിടത്ത് ബൃഹസ്പതി ഇന്ദ്രന്റെ കൂട്ടുകാരനായി വർണിക്കപ്പെടുന്നു (18). ഈ പ്രസ്താവനയ്ക്കപ്പുറം ഇന്ദ്രനെയും ബൃഹസ്പതിയെയും വേർതിരിക്കുന്ന ഒന്നുമില്ല.

ബൃഹസ്പതിയുടെ ഈ സൂക്തം രൂപപ്പെടുത്തുന്നതിൽ വലപുരാവൃത്തത്തിന്റെ പ്രത്യക്ഷപരാമർശങ്ങളുണ്ട്. അവിടെ ഇന്ദ്രൻ ബൃഹസ്പതിയായി അംഗിരസ്സുകളെ നയിക്കുകയും അവരുടെ ഗാനത്തിന്റെ ശക്തികൊണ്ട് ഗുഹ തുറക്കുകയും പൈക്കളും ഉഷസ്സുകളും മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു (2, 3, 18). ഇടയിലുള്ള പദ്യങ്ങൾ മന്ത്രശക്തിയെന്ന പ്രമേയം വികസിപ്പിക്കുന്നു. ബൃഹസ്പതിയാണ് അതിന്റെ അധിപതി. സത്യജ്ഞാനം കൊണ്ടാണ് ബൃഹസ്പതിയും അവനിലൂടെ സത്യത്തിന്റെ ആധിപത്യമുള്ള കവിയും ശത്രുക്കളെ മറികടക്കുന്നത്. അവർ ശകാരിക്കുന്നവരെയും (8) പുച്ഛിക്കുന്നവരെയും (13) ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന ജല്പകരെയും (14) ദൂഷ്യം പറയുന്നവരെയും (10) കീഴടക്കുന്നു. അവർ സത്യമന്ത്രങ്ങളോട് അവജ്ഞ പ്രകടിപ്പിക്കുന്നവരെയും (4) വല വെക്കുന്നവരെയും (6) ചതിയന്മാരെയും (5, 16, 17) മറികടക്കുന്നു. ഒരുപക്ഷേ, തന്റെ ശക്തമായ വാക്കുകൊണ്ടാണ് ബൃഹസ്പതി കവിയുടെ ശത്രുക്കളെപ്പോലും "പറിച്ചെറിയുന്നത്" (9). ചുരുങ്ങിയത്, ചില ഉദാഹരണങ്ങളിലെങ്കിലും കവിയുടെ പ്രതിയോഗികൾ മറ്റു യജമാനന്മാരത്രേ. ഇവർക്ക്, പക്ഷേ, പദങ്ങൾ ചൊല്ലാനറിയാം; ഈ ഗാനങ്ങളുല്പാദിപ്പിക്കുന്നതോ അവയുടെ അടിയിൽ കിടക്കുന്നതോ ആയ സത്യമറിയില്ല (16). സത്യത്തിലൂടെയും സത്യമന്ത്രങ്ങളിലൂടെയും കവിയും അവന്റെ ആൾക്കാരും ഞെരുക്കങ്ങളിൽനിന്നും (4) ശത്രുക്കളിൽനിന്നും (5, 9) അപകടത്തിൽനിന്നും (7, 8, 12) പകരമായ പുരോഗതിയിൽനിന്നും (10, 15) മുക്തി നേടുന്നു.

**1. ഗണാനാം ത്വാ ഗണപതിം ഹവാമഹേ**
**കവിം കവീനാമുപമശ്രവസ്തമം**
**ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പത**
**ആ നഃ ശൃണ്വന്നൂതിഭിഃ സീദ സാദനം**

*ബ്രഹ്മണസ്പതേ ഗണാനാം ഗണപതിം* പവിത്രമന്ത്രങ്ങളുടെ പ്രഭോ! ഗണങ്ങളുടെ ഗണപതിയും

*ഉപമശ്രവസ്തമം കവീനാം കവിം* ഏറ്റവും പ്രശസ്തനായ കവികളുടെ കവിയും
*ബ്രഹ്മണാം ജ്യേഷ്ഠരാജം ത്വാ ഹവാമഹേ* പവിത്രമന്ത്രങ്ങളുടെ അത്യുന്നതനായ രാജാവുമായ നിന്നെ ഞങ്ങൾ വിളിക്കുന്നു.
*നഃ ശൃണ്വൻ ഊതിഭിഃ സദനം ആ സീദ* ഞങ്ങളെ കേട്ടുകൊണ്ട് നിന്റെ സഹായവുമായി നിന്റെ ഇരിപ്പിടത്തിൽ ഇരുന്നാലും!

**2. ദേവാശ്ചിത്തേ അസുര്യ പ്രചേതസോ**
**ബൃഹസ്പതേ യജ്ഞിയം ഭാഗമാനശുഃ**
**ഉസ്രാ ഇവ സൂര്യോ ജ്യോതിഷാമഹോ**
**വിശ്വേഷാമിജ്ജനിതാ ബ്രഹ്മണാമസി**

*അസുര്യ ബൃഹസ്പതേ പ്രചേതസഃ തേ ദേവാഃ ചിത്* പ്രഭുവായ ബൃഹസ്പതേ! ഭവിഷ്യജ്ജ്ഞാനമുള്ള ആ ദേവന്മാർപോലും
*യജ്ഞിയം ഭാഗം ആനശുഃ* തങ്ങളുടെ യജ്ഞഭാഗം നേടി.
*ജ്യോതിഷാ മഹഃ സൂര്യഃ ഉസ്രാഃ ഇവ* തന്റെ പ്രകാശത്തിലൂടെ മഹാനായ സൂര്യൻ അരുണപ്രഭാതങ്ങളുടെയെന്നപോലെ,
*വിശ്വേഷാം ബ്രഹ്മണാം ഇദ് ജനിതാ അസി* നീ എല്ലാ മന്ത്രങ്ങളുടെയും ജനിതാവാകുന്നു.

**3. ആ വിബാധ്യാ പരിരാപസ്തമാംസി ച**
**ജ്യോതിഷ്മന്തം രഥമൃതസ്യ തിഷ്ഠസി**
**ബൃഹസ്പതേ ഭീമമമിത്രദംഭനം**
**രക്ഷോഹണം ഗോത്രഭിദം സ്വർവിദം**

*ബൃഹസ്പതേ പരിരപഃ തമാംസി ച വിബാധ്യ* ബൃഹസ്പതേ! ഉത്തരവാദിത്തത്തിൽനിന്നൊഴിഞ്ഞുമാറുന്ന ജല്പകനെയും ഇരുട്ടിനെയും അമർത്തി,
*ഋതസ്യ ജ്യോതിഷ്മന്തം ഭീമം* നീ സത്യത്തിന്റെ പ്രകാശമേന്തുന്നതും ഭയങ്കരവും
*അമിത്രദംഭനം രക്ഷോഹണം ഗോത്രഭിദം* ശത്രുനാശകവും രക്ഷസ്സുകളെ കൊല്ലുന്നതും പൈത്തൊഴുത്തുകളെ പിളർക്കുന്നതും
*സ്വർവിദം രഥം ആ തിഷ്ഠസി* സൂര്യനെ കണ്ടെത്തുന്നതുമായ തേരിൽ കയറുന്നു.

**4. സുനീതിഭിർനയസി ത്രായസേ ജനം**
**യസ്തുഭ്യം ദാശാന്ന തമംഹോ അശ്നവത്**
**ബ്രഹ്മദ്വിഷസ്തപനോ മന്യുമീരസി**
**ബൃഹസ്പതേ മഹി തത്തേ മഹിത്വനം**

*ബൃഹസ്പതേ സുനീതിഭിഃ ജനം നയസി* ബൃഹസ്പതേ! നീ നല്ല സഹായത്തോടുകൂടി ജനത്തെ നയിക്കുന്നു;
*യഃ തുഭ്യം ദാശാത്* നിനക്ക് (യജ്ഞ)സേവനം നടത്തുന്നവനെ
*തം അംഹഃ ന അശ്നവത് ത്രായസേ* ഞെരുക്കമേശാതെ രക്ഷിക്കുന്നു.
മന്യുമീഃ ബ്രഹ്മദ്വിഷഃ തപനഃ അസി രോഷത്തെ നേരിട്ടുകൊണ്ട്, പവിത്രമന്ത്രത്തെ വെറുക്കുന്നവന് നീ തപനനായിത്തീരുന്നു.
*തേ തദ് മഹിത്വനം മഹി* നിന്റെ ആ മഹിമ മഹത്തുതന്നെ.

**5. ന തമംഹോ ന ദുരിതം കുതശ്ചന**
**നാരാതയസ്തിതിരുർന ദ്വയാവിനഃ**
**വിശ്വാ ഇദസ്മാദ് ധ്വരസോ വി ബാധസേ**
**യം സുഗോപാ രക്ഷസി ബ്രഹ്മണസ്പതേ**

*ബ്രഹ്മണസ്പതേ യം രക്ഷസി അസ്മാത്* പവിത്രമന്ത്രപ്രഭോ! നീ സംരക്ഷിക്കുന്നവനിൽനിന്ന്,
*സുഗോപാഃ വിശ്വാഃ ഇദ് ധ്വരസഃ വി ബാധസേ* നല്ല ഇടയനെപ്പോലെ, എല്ലാ ഉപദ്രവങ്ങളെയും മാറ്റിനിർത്തുന്നു.
*കുതശ്ചന അംഹഃ ന ദുരിതം ന* ഒരിടത്തുനിന്നുമുള്ള ഞെരുക്കമോ ബുദ്ധിമുട്ടോ
*അരാതയഃ ദ്വയാവിനഃ ന തം തിതിരുഃ* ശത്രുക്കളോ വഞ്ചകരോ അവനെ മറികടക്കുകയില്ല.

**6. ത്വം നോ ഗോപാഃ പഥികൃദ് വിചക്ഷണ–**
**സ്തവ വ്രതായ മതിഭിർജരാമഹേ**
**ബൃഹസ്പതേ യോ നോ അഭി ഹ്വരോ ദധേ**
**സ്വാ തം മർമർത്തു ദുച്ഛുനാ ഹരസ്വതീ**

*ബൃഹസ്പതേ ത്വം പഥികൃത്* ബൃഹസ്പതേ! നീ വഴികൾ സൃഷ്ടിക്കുകയും
*വിചക്ഷണഃ നഃ ഗോപാഃ* ദൂരെനിന്നു നോക്കുകയും ചെയ്യുന്ന ഞങ്ങളുടെ ഇടയനത്രേ
*മതിഭിഃ തവ വ്രതായ ജരാമഹേ* ഞങ്ങൾ ചിന്തകളോടുകൂടി നിന്റെ നിയമത്തിന് ഉണർന്നിരിക്കുന്നു.
*യഃ അഭി ഹ്വരഃ ദധേ* ഞങ്ങൾക്ക് കുരുക്കുണ്ടാക്കുന്നവനെ
*ത്വം സ്വാ ദുച്ഛുനാ ഹരസ്വതീ മർമർത്തു* നീ ശരിക്കും തന്റെ അത്യാപത്ത് വിഴുങ്ങിക്കൊണ്ട് അവനെ തവിടു

പൊടിയാക്കട്ടെ!

**7. ഉത വാ യോ നോ മർച്ചയാദനാഗ–**
**സോരാതീവാ മർത്തഃ സാനുകോ വൃകഃ**
**ബൃഹസ്പതേ അപതം വർത്തയാ പഥഃ**
**സുഗം നോ അസൈ്യ ദേവവീതയേ കൃധി**

*ഉത വാ അരാതിവാ യഃ മർത്തഃ* കൂടാതെ, ശത്രുവായ മർത്ത്യനോ
*സാനുകഃ വൃകഃ അനാഗസഃ നഃ മർച്ചയാത്* ഏകനായ ചെന്നായയോ കുറ്റം ചെയ്യാത്ത ഞങ്ങളെ അപകടപ്പെടുത്താനൊരുങ്ങിയാൽ,
*ബൃഹസ്പതേ തം പഥഃ അപ വർത്തയ* ബൃഹസ്പതേ! അവനെ ഞങ്ങളുടെ വഴിയിൽനിന്നു തിരിച്ചുവിട്ടാലും!
*നഃ അസൈ്യ ദേവവീതയേ സുഗം കൃധി* ഞങ്ങളുടെ ഈ ദേവാനുഗമനത്തിന് എളുപ്പവഴിയുണ്ടാക്കിയാലും!

**8. ത്രാതാരം ത്വാ തനൂനാം ഹവാമഹേ–**
**വസ്പർത്തരധിവക്താരമസ്മയും**
**ബൃഹസ്പതേ ദേവനിദോ നിബർഹയ**
**മാ ദുരേവാ ഉത്തരം സുമ്നമുന്നശൻ**

*അവസ്പർത്തഃ തനൂനാം ത്രാതാരം* രക്ഷിതാവേ! ഞങ്ങളുടെ ശരീരങ്ങളുടെ രക്ഷകനും
*അധിവക്താരം അസ്മയും ത്വാ ഹവാമഹേ* ഞങ്ങൾക്കുവേണ്ടി പറഞ്ഞുകൊണ്ട് ഞങ്ങളോട് ആഭിമുഖ്യം കാണിക്കുന്നവനുമായ നിന്നെ ഞങ്ങൾ വിളിക്കുന്നു.
**ബൃഹസ്പതേ ദേവനിദഃ നിബർഹയ** ബൃഹസ്പതേ! ദേവനിന്ദകരെ താഴ്ത്തിനിർത്തിയാലും!
*ദുരേവാഃ ഉത്തരം സുമ്നം മാ ഉന്നശൻ* ദോഷം ചെയ്യുന്നവർ ഏറെ ഉന്നതമായ ആനുകൂല്യം നേടാതിരിക്കട്ടെ!

**9. ത്വയാ വയം സുവൃധാ ബ്രഹ്മണസ്പതേ**
**സ്പാർഹാ വസു മനുഷ്യാ ദദീമഹി**
**യാ നോ ദൂരേ തളിതോ യാ അരാതയോ–**
**ഭി സന്തി ജംഭയാ താ അനപ്സസഃ**

ബ്രഹ്മണസ്പതേ ത്വയാ സുവൃധാ പവിത്രമന്ത്രപ്രഭോ! നിന്നിലൂടെ വളർന്നു വളരെ ശക്തരായ
*വയം മനുഷ്യാ സ്പാർഹാ വസു ആ ദദീമഹി* ഞങ്ങൾ മനുഷ്യരുമായി ബന്ധപ്പെട്ട് ഉൽക്കണ്ഠയോടെ തേടിയ സാധനങ്ങൾ സ്വീകരിക്കുന്നു.
*യാഃ ദൂരേ യാഃ തളിതഃ നഃ അരാതയഃ അഭി സന്തി* ദൂരെനിന്നോ ദൃഢമായോ ഞങ്ങളുടെമേൽ വലകെട്ടുന്ന ശത്രുക്കളെ
*താഃ അനപ്സസഃ ജംഭയ* (ഇപ്പോൾ) ലാഭശൂന്യമാക്കി തകർത്താലും!

**10. ത്വയാ വയമുത്തമം ധീമഹേ വയോ**
**ബൃഹസ്പതേ പപ്രിണാ സസ്നിനാ യുജാ**
**മാ നോ ദുശ്ശംസോ അഭിദിപ്സുരീശത**
**പ്ര സുശംസാ മതിഭിസ്താരിഷീമഹി**

*ബൃഹസ്പതേ പപ്രിണാ സസ്നിനാ യുജാ ത്വയാ* ബൃഹസ്പതേ! ഞങ്ങൾക്കു നൽകുകയും നേടുകയും ചെയ്യുന്ന കൂട്ടുകാരനായ നിന്നിലൂടെ
*വയം ഉത്തമം വയഃ ധീമഹേ* ഞങ്ങൾ ഏറ്റവുമധികം വീര്യം സ്വീകരിക്കുന്നു.
*ദുശ്ശംസഃ അഭിദിപ്സുഃ നഃ മാ ഈശത* ദോഷം പറയുന്നവരും ചതിക്കാൻ ശ്രമിക്കുന്നവരും ഞങ്ങളുടെ അധിപന്മാരാവാതിരിക്കട്ടെ!
*സുശംസാഃ മതിഭിഃ പ്ര താരിഷീമഹി* നല്ലതു പറയുന്നവരായി ഞങ്ങൾ ചിന്തകളിലൂടെ മുന്നേറുന്നു.

**11. അനാനുദോ വൃഷഭോ ജഗ്മിരാഹവം**
**നിഷ്ടപ്താ ശത്രും പൃതനാസു സാസഹിഃ**
**അസി സത്യ ഋണയാ ബ്രഹ്മണസ്പത**
**ഉഗ്രസ്യ ചിദ് ദമിതാ വീളുഹർഷിണഃ**

ബ്രഹ്മണസ്പതേ ആഹവം ജഗ്മിഃ പവിത്രമന്ത്രപ്രഭോ! വെല്ലുവിളിയുടെനേർക്കു കുതിക്കുന്നവനും
*അനനുദഃ ശത്രും നിഷ്ടപ്താ* ഒരു വശത്തേക്ക് ഉന്തിയിടാനാവാത്തവനും എതിരാളിയെ ശകാരിക്കുന്നവനും
*പൃതനാസു സസഹിഃ സത്യഃ ഋണയാഃ* യുദ്ധങ്ങളിൽ അതിക്രമിക്കുന്നവനും കടങ്ങൾ സത്യമായി വീട്ടുന്നവനും
*ഉഗ്രസ്യ ചിദ് ദമിതാ വീളുഹർഷിണഃ വൃഷഭഃ അസി* കരുത്തനെപ്പോലും മെരുക്കുന്നവനും രൂക്ഷമായ പ്രതിരോധത്തിൽ ഉത്സുകനുമായ കാളയാണ് നീ.

**12. അദേവേന മനസാ യോ രിഷണ്യതി**
**ശാസാമുഗ്രോ മന്യമാനോ ജിഘാംസതി**

**ബൃഹസ്പതേ മാ പ്രണക് തസ്യ നോ വധോ**
**നി കർമ മന്യും ദുരേവസ്യ ശർധതഃ**

*യഃ അദേവേന മനസാ രിഷണ്യതി* ദേവരഹിതചിന്തകളിലൂടെ ഉപദ്രവിക്കാനുദ്ദേശിക്കുന്നവനും
*ശാസാം ഉഗ്രഃ മന്യമാനഃ ജിഘാംസതി* തന്റെ നിയമങ്ങളിൽ ശക്തനെന്നു സ്വയം വിചാരിക്കുന്നവനും ഞങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുന്നവനുമായവന്റെ
~~*തസ്യ വധഃ ബൃഹസ്പതേ നഃ മാ പ്രണക്*~~ മാരകായുധം, ബൃഹസ്പതേ! ഞങ്ങളിലെത്താതിരിക്കട്ടെ!
ദുരേവസ്യ ശർധതഃ മന്യും നി കർമ ദുഷ്യം പറയുന്ന ആത്മപ്രശംസകന്റെ രോഷത്തെ ഞങ്ങൾ നിഷ്ഫലമാക്കട്ടെ!

**13. ഭരേഷു ഹവ്യോ നമസോപസദ്യോ**
**ഗന്താ വാജേഷു സനിതാ ധനം ധനം**
**വിശ്വാ ഇദര്യോ അഭിദിപ്സ്വോ മൃധോ**
**ബൃഹസ്പതിർവി വവർഹാ രഥാനിവ**

ഭരേഷു ഹവ്യഃ നമസാ ഉപസദ്യഃ ആക്രമണങ്ങളിൽ വിളിക്കപ്പെടുന്നവനും സാദരം സമീപിക്കപ്പെടുന്നവനും
*വാജേഷു ഗന്താ ധനം ധനം സനിതാ* വിജയസമ്മാനമത്സരങ്ങളിൽ പോകുന്നവനും എല്ലാ പന്തയങ്ങളും നേടുന്നവനുമായ
*ബൃഹസ്പതിഃ രഥാൻ ഇവ അഭിദിപ്സ്വഃ അര്യഃ* ബൃഹസ്പതി, (ശത്രുക്കളുടെ) തേരുകളെപ്പോലെ ചതിക്കാൻ പണിപ്പെടുന്ന അപരിചിതന്റെ
*വിശ്വാഃ ഇദ് മൃധഃ വി വവർഹ* എല്ലാ പുച്ഛങ്ങളെയും പറിച്ചെറിഞ്ഞു.

**14. തേജിഷ്ഠയാ തപനീ രക്ഷസസ്തപ**
**യേ ത്വാ നിദേ ദധിരേ ദൃഷ്ടവീര്യം**
**ആവിസ്തത്കൃഷ്വ യദസത്ത ഉക്ഥ്യം**
**ബൃഹസ്പതേ വി പരിരാപോ അർദയ**

*യേ ദൃഷ്ടവീര്യം ത്വാ നിദേ ദധിരേ* വീര്യം കാണിച്ച നിന്നെ ശകാരത്തിനു വിധേയനാക്കിയ
*രക്ഷസഃ തേജിഷ്ഠയാ തപനീ തപ* രാക്ഷസന്മാരെ നീ നിന്റെ ഏറ്റവും കൂർത്ത പൊള്ളിക്കലോടുകൂടി പൊള്ളിച്ചാലും!
*ഉക്ഥ്യം യദ് അസത് തേ തദ് ആവിഃ കൃഷ്വ* നിനക്ക് സൂക്താർഹമായുള്ളത് വെളിപ്പെടുത്തിയാലും!
*ബൃഹസ്പതേ പരിരപഃ വി അർദയ* ബൃഹസ്പതേ! ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന ജല്പകനെ തുണ്ടംതുണ്ടമാക്കിയാലും!

**15. ബൃഹസ്പതേ അതി യദര്യോ അർഹാ**
**ദ്യുമദ് വിഭാതി ക്രതുമജ്ജനേഷു**
**യദ്ദീദയദ് ശവസ ഋതപ്രജാത**
**തദസ്മാസു ദ്രവിണം ധേഹി ചിത്രം**

*ബൃഹസ്പതേ അര്യഃ അതി യദ് അർഹാത്* ബൃഹസ്പതേ! അപരിചിതന്നുള്ളതിനേക്കാൾ മൂല്യമുള്ളതും
*ഋതപ്രജാത ജനേഷു ദ്യുമത് ക്രതുമദ് വിഭാതി* സത്യത്തിലൂടെ ജനിച്ചവനേ! ജനതകൾക്കിടയിൽ ഉജ്ജ്വലതയോടും ഉദ്ദേശ്യത്തോടുംകൂടി പ്രകാശിക്കുന്നതും
*യദ് ശവസാ ദീദയത്* നിന്റെ ശക്തികൊണ്ട് തിളങ്ങുന്നതും
*ചിത്രം തദ് ദ്രവിണം അസ്മാസു ധേഹി* മിന്നുന്നതുമായ ആ സ്വത്ത് ഞങ്ങളിൽ വെച്ചാലും!

**16. മാ നഃ സ്തേനേഭ്യോ യേ അഭി ദ്രുഹസ്പദേ**
**നിരാമിണോ രിപവോന്നേഷു ജാഗൃധുഃ**
**അദേവാനാമോഹതേ വി വ്രയോ ഹൃദി**
**ബൃഹസ്പതേ ന പരഃ സാമ്നോ വിദുഃ**

*നഃ സ്തേനേഭ്യഃ നിരാമിണഃ യേ അന്നേഷു* ഞങ്ങളെ കള്ളന്മാർക്കും ചതിയന്മാർക്കും ഞങ്ങൾ നൽകുന്ന ഭക്ഷണങ്ങളിൽ
*അഭി ജഗൃധുഃ ദ്രുഹഃ പദേ രിപവഃ* അത്യാർത്തി പൂണ്ട് വഞ്ചനയുടെ പാതയിൽ പതുങ്ങിയിരിക്കുന്നവർക്കും
*ദേവാനാം വി വ്രയഃ ഹൃദി ആ ഓഹതേ മാ* ദേവന്മാരുടെ ശക്തിയെ എതിർത്തുപറയന്നുവെങ്കിലും ഹൃദയത്തിൽ ഒരു വശത്ത് അത് സൂക്ഷിക്കുന്നവർക്കും കൊടുക്കരുതേ!
*ബൃഹസ്പതേ സാമ്നഃ പരഃ ന വിദുഃ* ബൃഹസ്പതേ! അവർ സാമസ്തുതിക്കപ്പുറം ഒന്നും അറിയുന്നില്ല.

**17. വിശ്വേഭ്യോ ഹിത്വാ ഭുവനേഭ്യസ്പരി**
**ത്വഷ്ടാജനത് സാമ്നഃ സാമ്നഃ കവിഃ**
**സ ഋണചിദൃണയാ ബ്രഹ്മണസ്പതിർ–**
**ദ്രുഹോ ഹന്താ മഹ ഋതസ്യ ധർത്തരി**

*ഹി ത്വഷ്ടാ കവിഃ വിശ്വേഭ്യഃ ഭുവനേഭ്യഃ* ത്വഷ്ടാവെന്ന കവി എല്ലാ ജീവജാലങ്ങളിൽനിന്നും
*സാമ്നഃ സാമ്നഃ പരി ത്വാ അജനത്* ഓരോ സാമസ്തുതിയിൽനിന്നും നിനക്ക് ജന്മം നൽകിയതുകൊണ്ട്,
**സഃ ബ്രഹ്മണസ്പതിഃ ഋണചിദ് ഋണയാഃ** ആ നീ പവിത്രമന്ത്രപ്രഭുവെന്ന നിലയിൽ, കടം വാങ്ങുന്നവനും വീട്ടുന്നവനും
*മഹ ഋതസ്യ ധർത്തരി ദ്രുഹഃ ഹന്താ* നിന്റെ മഹത്തായ സത്യം ഉയർത്തിപ്പിടിക്കാൻ വഞ്ചനയെ നശിപ്പിക്കുന്നവനുമാകുന്നു.

**18. തവ ശ്രിയേ വ്യജിഹീത പർവതോ**
**ഗവാം ഗോത്രമുദസൃജോ യദംഗിരഃ**
**ഇന്ദ്രേണ യുജാ തമസാ പരീവൃതം**
**ബൃഹസ്പതേ നിരപാമൗബ്ജോ അർണവം**

*യദ് അംഗിരഃ ഗവാം ഗോത്രം ഉദസൃജഃ* അംഗിരസ്സ് പശുക്കളുടെ തൊഴുത്തു തുറന്നുവിട്ടപ്പോൾ,
*പർവതഃ തവ ശ്രിയേ വ്യജിഹീത* പർവതം നിന്റെ മഹിമയ്ക്കുവേണ്ടി വാ പിളർന്നു.
*ബൃഹസ്പതേ യുജാ ഇന്ദ്രേണ തമസാ പരിവൃതം* ബൃഹസ്പതേ! കൂട്ടുകാരനായ ഇന്ദ്രനോടുകൂടി, ഇരുട്ടുകൊണ്ടു മൂടിയ
*അപാം അർണവം നിഃ ഔബ്ജഃ* വെള്ളപ്പൊക്കത്തെ ശക്തിപ്പെടുത്തി.

**19. ബ്രഹ്മണസ്പതേ ത്വമസ്യ യന്താ**
**സൂക്തസ്യ ബോധി തനയം ച ജിന്വ**
**വിശ്വം തദ് ഭദ്രം യദവന്തി ദേവാ**
**ബൃഹദ് വദേമ വിദഥേ സുവീരാഃ**

*ബ്രഹ്മണസ്പതേ ത്വം അസ്യ സൂക്തസ്യ യന്താ* പവിത്രമന്ത്രപ്രഭോ! നീ ഈ സൂക്തത്തിന്റെ സഹായിയാവുകയും
*തനയം ബോധി ജിന്വ ച* ഞങ്ങളുടെ വംശാവലിക്കു ജീവൻ നൽകുകയും ചെയ്താലും!
*ദേവാഃ യദ് അവന്തി തദ് വിശ്വം ഭദ്രം* ദേവന്മാർ സഹായിക്കുന്നതെല്ലാം മംഗളകരമത്രേ.
*വിദഥേ സുവീരാഃ ബൃഹദ് വദേമ* ഞങ്ങൾ യജ്ഞവിതരണത്തിൽ സുവീരന്മാരായി ഗംഭീരമായി പറയട്ടെ!

★

## രണ്ടാം മണ്ഡലം, ഇരുപത്തേഴാം സൂക്തം

ഗൃത്സമദൻ അഥവാ കൂർമ ഗൃത്സമദൻ ഋഷി; 17 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുഭ്; ആദിത്യന്മാർ ദേവത.

സൂക്തത്തിന്റെ ഒന്നാം ഭാഗം (1–7) കുടിയേറ്റങ്ങളിലേക്കും കുടിയേറ്റങ്ങൾതമ്മിലേക്കുമുള്ള യാത്രകളിൽ നേരിടുന്ന എല്ലാ തരത്തിലുമുള്ള അപകടങ്ങൾക്കെതിരെ സംരക്ഷണത്തിനുവേണ്ടി ആദിത്യന്മാരെ വിളിക്കുന്നു. അവർക്കു രക്ഷിക്കാൻ ശക്തിയുണ്ട്. കാരണം, സത്യമനുസരിച്ച് ഭൂമിയും സ്വർഗങ്ങളും ഭരിക്കുന്ന ദേവന്മാരാണവർ. സത്യമാണല്ലോ വസ്തുക്കളുടെ ക്രമവും സ്വഭാവവും നിർവചിക്കുന്നത് (8–10). കവി പിന്നീട് ഒരിക്കൽക്കൂടി ആദിത്യന്മാരാൽ സംരക്ഷിക്കപ്പെടുന്ന യാത്രയുടെ പ്രമേയത്തിലേക്കു തിരിയുകയും കുടിറിപ്പാർക്കാൻ ഒരു സ്ഥലം, നല്ല മേച്ചിൽപ്രദേശമുള്ള ഒരു സ്ഥലവും (13) തുറസ്സായതും സുരക്ഷിതവുമായ മറ്റൊരു സ്ഥലവും (14), കണ്ടെത്താൻ നോക്കുകയും ചെയ്യുന്നു. കവി താൻ ആദിത്യന്മാരുടെ സംരക്ഷണത്തിനർഹനാണെന്നു നിഷ്കർഷിക്കുന്നു: ദേവന്മാർ സ്വയമെന്നപോലെ (2, 9) താനും "ശുചി"യാണ് (13), കളങ്കനിർമുക്തനാണ്. താൻ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ആദിത്യന്മാരോടു ദയയ്ക്കു യാചിക്കുകയും (14) ഒരിക്കലും അവരുടെ ശിക്ഷയ്ക്ക് പാത്രമാവില്ലെന്നു പ്രതീക്ഷിക്കുകയും (16) ചെയ്യുന്നു. 15–ന്റെ ഉത്തരാർധം വേണ്ടത്ര വ്യക്തമല്ല. അവിടെ പരാമർശിക്കപ്പെട്ട രണ്ടു വാസസ്ഥാനങ്ങൾ പൂർവാർധത്തിൽ പറയുന്ന സ്വർഗവും ഭൂമിയുമാവാം.

**1. ഇമാ ഗിര ആദിത്യേഭ്യോ ഘൃതസ്നൂഃ**
**സനാദ് രാജഭ്യോ ജുഹ്വാ ജുഹോമി**
**ശൃണോതു മിത്രോ അര്യമാ ഭഗോ ന–**
**സ്തുവിജാതോ വരുണോ ദക്ഷോ അംശഃ**

സനാത് രാജഭ്യഃ ആദിത്യേഭ്യഃ　പണ്ടേയുള്ള രാജാക്കന്മാരായ ആദിത്യന്മാർക്ക്
ജുഹ്വാ ഘൃതസ്നൂഃ ഇമാഃ ഗിരഃ ജുഹോമി　എന്റെ നാക്കിനെ (ഹവിസ്സു കോരുന്ന തവിയാക്കി) പിൻഭാഗത്തു നെയ്യ് പുരട്ടിയ ഈ ഗാനങ്ങൾ ഞാൻ പകരുന്നു.
മിത്രഃ അര്യമാ ഭഗഃ തുവിജാതഃ　മിത്രൻ, അര്യമാവ്, ഭഗൻ, കരുത്തനായി പിറന്ന
വരുണഃ ദക്ഷഃ അംശഃ നഃ ശൃണോതു　വരുണൻ, ദക്ഷൻ, അംശൻ എന്നീ ഓരോരാളും ഞങ്ങളെ കേൾക്കട്ടെ.

**2. ഇമം സ്തോമം സക്രതവോ അദ്യ**
**മിത്രോ അര്യമാ വരുണോ ജുഷന്ത**
**ആദിത്യാസഃ ശുചയോ ധാരപൂതാ**
**അവൃജിനാ അനവദ്യാ അരിഷ്ടാഃ**

അദ്യ സക്രതവഃ ധാരപൂതാഃ　ഇന്ന്, പൊതുവായ തീരുമാനമുള്ളവരും (സോമാ)രുവിയെന്നപോലെ പവിത്രരും
അവൃജിനാഃ അനവദ്യാഃ അരിഷ്ടാഃ　കൗടില്യമില്ലാത്തവരും അപമാനമുക്തരും അപകടരഹിതരും
ശുചയഃ ആദിത്യാസഃ മിത്രഃ അര്യമാ വരുണഃ　മിന്നുന്ന ആദിത്യന്മാരുമായ മിത്രനും അര്യമാവും വരുണനും
മേ ഇമം സ്തോമം ജുഷന്ത　എന്റെ ഈ സ്തുതിഗാനം ആസ്വദിക്കും.

**3. ത ആദിത്യാസ ഉരവോ ഗഭീരാ**
**അദബ്ധാസോ ദിപ്സന്തോ ഭൂര്യക്ഷാഃ**
**അന്തഃ പശ്യന്തി വൃജിനോത സാധു**
**സർവം രാജഭ്യഃ പരമാ ചിദന്തി**

ഭൂര്യക്ഷാഃ ഉരവഃ ഗഭീരാഃ തേ ആദിത്യാസഃ　പല കണ്ണുകളുള്ള വിശാലരും ഗംഭീരരുമായ ഈ ആദിത്യന്മാർ
അദബ്ധാസഃ ദിപ്സന്തഃ　ചതിക്കാത്തവരെങ്കിലും (ചതിക്കുന്നവരെ) ചതിക്കാൻ തയ്യാറുള്ളവരും
അന്തഃ വൃജിനാ ഉത സാധു പശ്യന്തി　ഉള്ളിൽ കുടിലരെയും നേരെയുള്ളവരെയും കാണുന്നവരുമാകുന്നു.
പരമാ ചിത് സർവം രാജഭ്യഃ അന്തി　ഏറ്റവും ദൂരെയുള്ളവപോലുമായ എല്ലാം രാജാക്കന്മാരുടെ മുൻപിലത്രേ.

**4. ധാരയന്ത ആദിത്യാസോ ജഗത്സ്ഥാ**
**ദേവാ വിശ്വസ്യ ഭുവനസ്യ ഗോപാഃ**
**ദീർഘാധിയോരക്ഷമീണാ അസുര്യ–**
**മൃതാവാനശ്ചയമാനാ ഋണാനി**

ദീർഘധിയഃ അസുര്യം രക്ഷമാണാഃ　ദൂരവ്യാപകമായ ശ്രദ്ധയുള്ളവരും തങ്ങളുടെ പ്രഭുത്വം കാക്കുന്നവരും
ഋതവാനഃ ഋണാനി ചയമാനാഃ ആദിത്യാസഃ　സത്യമുള്ളവരും കടങ്ങൾ വാങ്ങുന്നവരുമായ ആദിത്യന്മാർ
ജഗത്സ്ഥാഃ ധാരയന്തഃ　ജംഗമങ്ങളെയും സ്ഥാവരങ്ങളെയും നിലനിർത്തുന്നു.
ദേവാഃ വിശ്വസ്യ ഭുവനസ്യ ഗോപാഃ　(ഈ) ദേവന്മാർ ജീവലോകത്തിന്റെ മുഴുവൻ ഇടയന്മാരത്രേ.

**5. വിദ്യാമാദിത്യാ അവസോ വോ അസ്യ**
**യദര്യമൻ ഭയ ആ ചിന്മയോഭു**
**യുഷ്മാകം മിത്രാവരുണാ പ്രണീതൗ**
**പരി ശ്വഭ്രേവ ദുരിതാനി വൃജ്യാം**

ആദിത്യാഃ അദ്യ വഃ അവസഃ വിദ്യാം ആദിത്യന്മാരേ! ഇന്ന് നിങ്ങളുടെ സഹായം ഞാനറിയട്ടെ.
യത് അര്യമൻ ഭയേ ചിത് ആ മയോഭു അത്, അര്യമാവേ! ഭയത്തിന്റെ സമയത്തുപോലും ആനന്ദമാകുന്നു.
മിത്രാവരുണാ യുഷ്മാകം പ്രണീതൗ മിത്രാവരുണന്മാരേ! നിങ്ങളുടെ നേതൃത്വത്തിൻകീഴിൽ,
ശ്വഭ്രാ ഇവ ദുരിതാനി പരി വൃജ്യാം ഭൂമിയിലെ പിളർപ്പുകൾപോലെ വിഷമങ്ങളെ ഞാൻ ഒഴിവാക്കട്ടെ.

**6. സുഗോ ഹി വോ അര്യമൻ മിത്ര പന്ഥാ**
**അനൃക്ഷരോ വരുണ സാധുരസ്തി**
**തേനാദിത്യാ അധി വോചതാ നോ**
**യച്ഛതാ നോ ദുഷ്പരിഹന്തു ശർമ**

അര്യമൻ മിത്ര വരുണ വഃ പന്ഥാഃ അര്യമാവേ! മിത്രാ! വരുണാ! നിങ്ങളുടെ വഴി
സുഗഃ അനൃക്ഷരഃ സാധുഃ അസ്തി ഹി എളുപ്പമാകയാൽ, മനുഷ്യർക്ക് ഉപദ്രവരഹിതവും നേരേ നയിക്കുന്നതുമാണല്ലോ.
തേന ആദിത്യാഃ നഃ അധി വോചത അതുകൊണ്ട്, ആദിത്യന്മാരേ! ഞങ്ങൾക്കുവേണ്ടി ന്യായവാദമോതിയാലും!
നഃ ദുഷ്പരിഹന്തു ശർമ യച്ഛത ഞങ്ങൾക്ക് ഏതു വശത്തുനിന്നും നശിപ്പിക്കാനസാധ്യമായ സംരക്ഷണമരുളിയാലും!

**7. പിപർത്തു നോ അദിതീ രാജപുത്രാ-**
**തി ദ്വേഷാംസ്യര്യമാ സുഗേഭിഃ**
**ബൃഹന്മിത്രസ്യ വുണസ്യ ശർമോ-**
**പ സ്യാമ പുരുവീരാ അരിഷ്ടാഃ**

രാജപുത്രാ അദിതിഃ അര്യമാ രാജാക്കന്മാർ മക്കളായ അദിതിയും അര്യമാവും
ദ്വേഷാംസി അതി സുഗേഭിഃ നഃ പിപർത്തു ശത്രുക്കൾക്കപ്പുറം കടക്കാൻ എളുപ്പ(വഴികൾ)കൊണ്ട് ഞങ്ങളെ സഹായിക്കട്ടെ.
പുരുവീരാഃ അരിഷ്ടാഃ മിത്രസ്യ വരുണസ്യ ഞങ്ങൾ ധാരാളം വീരന്മാരോടുകൂടി അപകടരഹിതരായി മിത്രാവരുണന്മാരുടെ
ബൃഹദ് ശർമ ഉപ സ്യാമ കനത്ത സംരക്ഷണത്തിനരികിലേക്കു വരുന്നതാണ്.

**8. തിസ്രോ ഭൂമീർധാരയൻ ത്രീനുത ദ്യൂൻ**
**ത്രീണി വ്രതാ വിദഥേ അന്തരേഷാം**
**ഋതേനാദിത്യാ മഹി വോ മഹിത്വം**
**തദര്യമൻ വരുണ മിത്ര ചാരു**

തിസ്രഃ ഭൂമീഃ ഉത ത്രീൻ ദ്യൂൻ ധാരയൻ അവർ മൂന്നു ഭൂമികളും മൂന്നു സ്വർഗങ്ങളും ഉയർത്തിപ്പിടിക്കുന്നു.
ഏഷാം വിദഥേ അന്തഃ ത്രീണി വ്രതാ ഇവരുടെ യജ്ഞവിതരണത്തിനകത്ത് മൂന്നാണ് നിയമങ്ങൾ.
ആദിത്യാഃ ഋതേന മഹി വഃ മഹിത്വം ആദിത്യന്മാരേ! സത്യംകൊണ്ടാണ് മഹത്തായ നിങ്ങളുടെ മഹിമ.
അര്യമൻ മിത്ര വരുണ തത് ചാരു അര്യമാവേ! മിത്രാ! വരുണാ! അതാണ് നിങ്ങൾക്കു പ്രിയം.

**9. ത്രീ രോചനാ ദിവ്യാ ധാരയന്ത**
**ഹിരണ്യയാഃ ശുചയോ ധാരപൂതാഃ**
**അസ്വപ്നജോ അനിമിഷാ അദബ്ധാ**
**ഉരുശംസാ ഋജവേ മർത്ത്യായ**

ത്രീ ദിവ്യാ രോചനാ ധാരയന്ത അവർ പ്രകാശത്തിന്റെ മൂന്നു സ്വർഗീയമണ്ഡലങ്ങൾ ഉയർത്തിപ്പിടിക്കുന്നു.
ഹിരണ്യയാഃ ശുചയഃ ധാരപൂതാഃ – (സ്വയം) സ്വർണമയവും മിന്നുന്നതും (സോമാ)രുവിപോലെ നിർമലവും.
അസ്വപ്നജഃ അനിമിഷാഃ അദബ്ധാഃ (അവർ) ഉറക്കമില്ലാത്തവരും ഇമ ചിമ്മാത്തവരും ചതിക്കാത്തവരും
ഋജവേ മർത്ത്യായ ഉരുശംസാഃ ആർജവമുള്ള മർത്ത്യനുവേണ്ടി വ്യാപകമായി പ്രഖ്യാപിക്കപ്പെട്ടവരുമത്രേ.

**10. ത്വം വിശ്വേഷാം വരുണാസി രാജാ**
**യേ ച ദേവാ അസുര യേ ച മർത്താഃ**
**ശതം നോ രാസ്വ ശരദോ വിചക്ഷേ-**
**ശ്യാമായൂംഷി സുധിതാനി പൂർവാ**

അസുര വരുണ ത്വം യേ ച ദേവാഃ വരുണപ്രഭോ! നീ ദേവന്മാരുടെയും
യേ ച മർത്താഃ വിശ്വേഷാം രാജാ അസി മനുഷ്യരുടെയുമെല്ലാം രാജാവാകുന്നു.
നഃ വിചക്ഷേ ശതം ശരദഃ രാസ്വ ഞങ്ങൾക്ക് അകലെ ഉറ്റുനോക്കാൻ നൂറു ശരത്തുക്കൾ (കൊല്ലങ്ങൾ) തന്നാലും!
പൂർവാ സുധിതാനി ആയൂംഷി അശ്യാമ ഞങ്ങൾ മുൻകാലങ്ങളിലെ സുരക്ഷിതമായ ആയുസ്സുകളിലെത്തുന്നതാണ്.

**11. ന ദക്ഷിണാ വി ചികിതേ ന സവ്യാ**
**വിഷ്ണോരേഷസ്യ പ്രഭൃഥേ ഹവാമഹേ**
**ഹിരണ്യവർണാൻ കകുഹാൻ യതസ്രുചോ**
**ബ്രഹ്മണ്യന്തഃ ശംസ്യം രാധ ഈമഹേ**
*ഏവയാവ്നഃ മഹഃ മരുതഃ താൻ വഃ* വഴികളിൽ സഞ്ചരിക്കുന്ന മഹത്വമുള്ള മരുത്തുക്കളായ ആ നിങ്ങളെ
*ഏഷസ്യ വിഷ്ണോഃ പ്രഭൃഥേ ഹവാമഹേ* ദ്രുതഗതിയായ വിഷ്ണുവിനുള്ള യജ്ഞഹവിസ്സിൽ ഞങ്ങൾ വിളിക്കുന്നു.
*യതസ്രുചഃ ബ്രഹ്മണ്യന്തഃ ഹിരണ്യവർണാൻ* നീട്ടിയ സ്രുക്കോടുകൂടി പവിത്രമന്ത്രങ്ങൾ സൃഷ്ടിച്ചുകൊണ്ട് സ്വർണവർണരും
*കകുഹാൻ ശംസ്യം രാധഃ ഈമഹേ* അത്യുന്നതരുമായ നിങ്ങളോട് പ്രഖ്യാപനാർഹമായ ഉദാരതയ്ക്കായി അഭ്യർഥിക്കുന്നു. **ന പ്രാചീനമാദിത്യാ നോത പശ്ചാ**
**പാക്യാ ചിദ് വസവോ ധീര്യാ ചിദ്**
**യുഷ്മാനീതോ അഭയം ജ്യോതിരശ്യാം**
ആദിത്യാഃ ദക്ഷിണാ ന സവ്യാ ന ആദിത്യന്മാരേ! ഞാൻ വലത്തോട്ടോ ഇടത്തോട്ടോ
പ്രാചീനം ന ഉത പശ്ചാ ന വി ചികിതേ മുന്നോട്ടോ പിന്നോട്ടോ കാണുന്നില്ല.
പാക്യാ ചിത് ധീര്യാ ചിത് അത് ശുദ്ധതയാലോ വിജ്ഞതയാലോ ആവട്ടെ,
വസവഃ യുഷ്മാനീതഃ അഭയം ജ്യോതിഃ അശ്യാം നല്ലവരേ! നല്ലവരായ നിങ്ങളാൽ നയിക്കപ്പെട്ട് ഞാൻ ഭയവിമുക്തനായി പ്രകാശം നേടട്ടെ!
**12. യോ രാജഭ്യ ഋതനിഭ്യോ ദദാശ**
**യം വർധയന്തി പുഷ്ടയശ്ച നിത്യാഃ**
**സ രേവാൻ യാതി പ്രഥമോ രഥേന**
**വസുദാവാ വിദഥേഷു പ്രശസ്തഃ**
യഃ ഋതനിഭ്യഃ രാജഭ്യഃ ദദാശ സത്യത്താൽ നയിക്കുന്ന രാജാക്കന്മാരെ (ആദിത്യന്മാരെ) സേവിച്ചവന്റെ
യം പുഷ്ടയഃ നിത്യാഃ വർധയന്തി ച അഭിവൃദ്ധി അവർ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.
സഃ പ്രഥമഃ രേവാൻ രഥേന യാതി ഒന്നാമത്തെ സമ്പന്നനെന്ന നിലയിൽ അവൻ തേരിൽ സഞ്ചരിക്കുകയും
വസുദാവാ വിദഥേഷു പ്രശസ്തഃ സാധനങ്ങൾ നൽകുന്നവനെന്ന നിലയിൽ യജ്ഞവിതരണങ്ങളിൽ പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു.
**13. ശുചിരപഃ സൂയവസാ അദബ്ധ**
**ഉപ ക്ഷേതി വൃദ്ധവയാഃ സുവീരഃ**
**നകിഷ്ടം ഘ്നന്ത്യന്തിതോ ന ദൂരാദ്**
**യ ആദിത്യാനാം ഭവതി പ്രണീതൗ**
ശുചിഃ അദബ്ധഃ വൃദ്ധവയാഃ സുവീരഃ മിന്നുന്നവനും ചതിക്കാത്തവനുമായ അവൻ തന്റെ വീര്യം ശക്തിപ്പെടുത്തിയും നല്ല വീരന്മാരോടുകൂടിയും
സുയവസാഃ അപഃ ഉപ ക്ഷേതി നല്ല മേച്ചിൽസ്ഥലങ്ങൾ നൽകുന്ന വെള്ളത്തിനരികിൽ താമസിക്കുന്നു.
യഃ ആദിത്യാനാം പ്രണീതൗ ഭവതി ആദിത്യന്മാരുടെ നേതൃത്വത്തിൻകീഴിൽ കഴിയുന്നവന്
തം അന്തിതഃ ദൂരാത് നകിഃ ന ഘ്നന്തി അരികിൽനിന്നോ അകലെനിന്നോ ഒരാഞ്ഞടിയുമുണ്ടാവില്ല.
**14. അദിതേ മിത്ര വരുണോത മൃള**
**യദ് വോ വയം ചകൃമാ കച്ചിദാഗഃ**
**ഉർവശ്യാമഭയം ജ്യോതിരിന്ദ്ര**
**മാ നോ ദീർഘാ അഭി നശൻ തമിസ്രാഃ**
അദിതേ മിത്ര വരുണ ഉത യദ് വയം അദിതേ! മിത്രാ! വരുണാ! ഞങ്ങൾ
വഃ കത് ചിത് ആഗഃ ചകൃമ മൃള നിങ്ങൾക്കെതിരായി വല്ല കുറ്റവും ചെയ്തിട്ടുണ്ടെങ്കിൽ ദയ കാണിച്ചാലും!
ഇന്ദ്ര അഭയം ഉരു ജ്യോതിഃ അശ്യാം ഇന്ദ്രാ! ഞാൻ ഭയമുക്തമായ വിശാലപ്രകാശത്തിലെത്തിച്ചേരട്ടെ!
ദീർഘാഃ തമിസ്രാഃ നഃ മാ അഭി നശൻ (മൃത്യുവിന്റെ) ദീർഘതമസ്സ് ഞങ്ങളെ പ്രാപിക്കാതിരിക്കട്ടെ!
**15. ഉഭേ അസ്മൈ പീപയതഃ സമീചീ**
**ദിവോ വൃഷ്ടിം സുഭഗോ നാമ പുഷ്യൻ**
**ഉഭാ ക്ഷയാ വാജയൻ യാതി പൃത്സൂ-**
**ഭാവർധൗ ഭവതഃ സാധൂ അസ്മൈ**
അസ്മൈ ഉഭേ സമീചീ അവനുവേണ്ടി രണ്ടും (സ്വർഗവും ഭൂമിയും) ഒരുമിച്ച്
ദിവഃ വൃഷ്ടിം പീപയതഃ സ്വർഗത്തിലെ മഴ വീർപ്പിക്കട്ടെ:
സുഭഗഃ നാമ പുഷ്യൻ (അവനാണ്) പേരുകൊണ്ടു സുഭഗൻ (നല്ല ഭാഗ്യമുള്ളവൻ), ഉന്നതി പ്രാപിക്കുന്നവൻ.

ഉഭാ ക്ഷയൗ ആജയൻ പൃത്സു യാതി രണ്ടു വാസസ്ഥാനങ്ങളും കീഴടക്കിക്കൊണ്ട് അവൻ യുദ്ധങ്ങൾക്കിടയിൽ സഞ്ചരിക്കുന്നു.

അസ്മൈ ഉഭൗ അർധൗ സാധൂ ഭവതഃ അവന് രണ്ടു വശങ്ങളും നേരെ പോകുന്നവയായിത്തീരുന്നു.

**16. യാ വോ മായാ അഭിദ്രുഹേ യജത്രാഃ**
**പാശാ ആദിത്യാ രിപവേ വിചൃത്താഃ**
**അശ്വീവ താനതി യേഷം രഥേനാ–**
**രിഷ്ടാ ഉരാവാ ശർമൻ സ്യാമ**

യജത്രാഃ ആദിത്യാഃ അഭിദ്രുഹേ വഃ യാഃ മായാഃ യജ്ഞാർഹരായ ആദിത്യന്മാരേ! ചതിക്കുന്നവന്നായി ഒരുക്കപ്പെട്ട നിങ്ങളുടെ മായകൾ

രിപവേ വിചൃത്താഃ പാശാഃ വഞ്ചകനുവേണ്ടി തയ്യാറാക്കപ്പെട്ട ചങ്ങലകളത്രേ.

അശ്വീവ താൻ രഥേന അതി യേഷം കുതിരക്കാരനെപ്പോലെ ഞാൻ ഇവയ്ക്കപ്പുറം തേരിൽ സഞ്ചരിക്കട്ടെ!

ഉരൗ ശർമൻ ആ അരിഷ്ടാഃ സ്യാമ നിങ്ങളുടെ വിപുലമായ സംരക്ഷണത്തിൻകീഴിൽ ഞങ്ങൾ ഉപദ്രവിക്കപ്പെടാതിരിക്കട്ടെ!

**17. മാഹംമഘോനോ വരുണ പ്രിയസ്യ**
**ഭൂരിദാവ്ന ആവിദം ശൂനമാപേഃ**
**മാ രായോ രാജൻ സുയമാദവ സ്ഥാം**
**ബൃഹദ് വദേമ വിദഥേ സുവീരാഃ**

വരുണ പ്രിയസ്യ മഘോനഃ ഭൂരിദാവ്നഃ വരുണാ! പ്രിയപ്പെട്ട അഭ്യുദയകാംക്ഷിയുടെ, വളരെ ദാനങ്ങളോടുകൂടിയ

ആപേഃ ശൂനം അഹം മാ ആ വിദം സുഹൃത്തിന്റെ, അഭാവം അറിയാതിരിക്കട്ടെ!

രാജൻ സുയമാത് രായഃ മാ അവ സ്ഥാം രാജാവേ! എളുപ്പം നിയന്ത്രിക്കാവുന്ന സമ്പത്തിൽനിന്നു ഞാൻ താഴെയെത്താതിരിക്കട്ടെ!

സുവീരാഃ വിദഥേ ബൃഹദ് വദേമ ഞങ്ങൾ നല്ല വീരന്മാരുള്ളവരായി യജ്ഞവിതരണത്തിൽ ഗംഭീരമായി സംസാരിക്കട്ടെ!

★

## രണ്ടാം മണ്ഡലം, ഇരുപത്തെട്ടാം സൂക്തം

ഗൃത്സമദൻ അഥവാ കൂർമ ഗൃത്സമദൻ ഋഷി; 11 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; വരുണൻ ദേവത

രണ്ടാം മണ്ഡലത്തിലെ ഒരേയൊരു വരുണസൂക്തമാണിത്. പക്ഷേ, ഏഴാം മണ്ഡലത്തിലെ (86–89) വരുണസൂക്തങ്ങളുമായി ഇതിനു സാദൃശ്യമുണ്ട്. പ്രത്യേകിച്ച്, അതിലെ കുറ്റസമ്മതത്തിന്റെസ്വരവും ദേവന്റെ ശിക്ഷയിൽനിന്നു രക്ഷ നേടാനുള്ള അപേക്ഷയിലും. ആദ്യപദ്യം തന്നെ വരുണന്റെ ഇരട്ടപ്പങ്ക് ചൂണ്ടിക്കാട്ടുന്നുണ്ട്: “ഇത് ആദിത്യനെന്ന ഋഷികവിക്കുള്ളതാണ്” എന്ന ആദ്യവരി നോക്കുക. ഈ സൂക്തം നിലവിലുള്ള എല്ലാറ്റിനെയും അതിശയിക്കും, അഥവാ, മറ്റെല്ലാ സൂക്തങ്ങളെയും അതിശയിക്കും എന്നു കവി പ്രതീക്ഷിക്കുന്നു. അതേ സമയം, “ഇത്” ദേവന്റെതന്നെ നിയമവുമാണ്. അതാണ് സൂക്തത്തിൽ കവി വിവരിക്കുകയും ലോകത്തിലെ എല്ലാറ്റിനെയും അതിശയിക്കുകയും ചെയ്യുന്നത്. വക്താവെന്ന നിലയിൽ വരുണന്റെ ധർമം അവനെ കവി എന്നു വിശേഷിപ്പിച്ചുകൊണ്ട് അടിവരയിടുന്നു. കവി വിദ്വാനും വക്താവുമാണ്. “മന്ദ്രൻ” (ആനന്ദിപ്പിക്കുന്നവൻ) എന്ന നിലയിൽ, കൂടക്കൂടെ അങ്ങനെ വിശേഷിപ്പിക്കപ്പെടുന്നതുകൊണ്ട്, ഹോതാവെന്ന പുരോഹിതനാണ്. സൂക്തങ്ങൾ ചൊല്ലുന്നത് ഹോതാവാണല്ലോ. രണ്ടാം പദ്യം ഈ വാദം, ദേവനിയമത്തെയും കവിയുടെ ഉൾക്കാഴ്ച്ചകളെയും, രണ്ടിനെയും, പരാമർശിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകുന്നു. പല ഭീഷണികളിൽനിന്നു തന്നെ കാത്തുരക്ഷിക്കാൻ, ഒപ്പം തന്റെ ദുഷ്കർമങ്ങൾക്ക് ശിക്ഷിക്കരുതെന്ന അപേക്ഷകൾ (5, 7, 9) ഇടകലർത്തിക്കൊണ്ടും, കവി വരുണനെ വിളിക്കുന്നു (3, 6, 10). സൂക്താന്ത്യഭാഗത്ത്, ഒരിക്കൽക്കൂടി, തന്റെ വാക്കും ദേവനിയമവും ശ്രദ്ധിക്കണമെന്നു (8) പറയുന്നു.

**1. ഇദം കവേരാദിത്യസ്യ സ്വരാജോ**
**വിശ്വാനി സാന്ത്യഭ്യസ്തു മഹ്നാ**
**അതി യോ മന്ദ്രോ യജഥായ ദേവഃ**
**സുകീർത്തിം ഭിക്ഷേ വരുണസ്യ ഭൂരേഃ**

*സ്വരാജഃ ആദിത്യസ്യ കവേഃ ഇദം* സ്വതന്ത്രരാജാവായ ആദിത്യനെന്ന കവിയുടെ ഇത്
*മഹ്നാ സന്തി വിശ്വാനി അഭ്യസ്തു* മഹത്വംകൊണ്ട് നിലനിൽക്കുന്ന എല്ലാറ്റിന്റെയുംമേൽ ആധിപത്യം നേടട്ടെ.
*യഃ ദേവഃ യജഥായ മന്ദ്രഃ അതി* ആ ദേവൻ യജ്ഞത്തിനുവേണ്ടി ആനന്ദിപ്പിക്കുന്നവനും അതിശയനീയനുമത്രേ.
*വരുണസ്യ ഭൂരേഃ സുകീർത്തിം ഭിക്ഷേ* ഞാൻ വരുണനോടു ധാരാളം നല്ല കീർത്തിക്കുവേണ്ടി യാചിക്കുന്നു.

**2. തവ വ്രതേ സുഭഗാസഃ സ്യാമ**
**സ്വാധ്യോ വരുണ തുഷ്ടുവാംസഃ**
**ഉപായന ഉഷസാം ഗോമതീനാ–**
**മഗ്നയോ ന ജരമാണാ അനു ദ്യൂൻ**

*വരുണ അനു ദ്യൂൻ അഗ്നയഃ ന ജരമാണാഃ* വരുണാ! ഞങ്ങൾ ദിനങ്ങൾ മുഴുവൻ അഗ്നികളെപ്പോലെ ഉണർന്നിരിക്കുന്നതിനാൽ
*ഗോമതീനാം ഉഷസാം ഉപായനേ* പൈക്കളെക്കൊണ്ടു സമ്പന്നമായ ഉഷസ്സുകളെ സമീപിക്കുമ്പോൾ
*സ്വാധ്യ തുഷ്ടുവാംസഃ* വളരെ ശ്രദ്ധയോടെ നിന്റെ സ്തുതികൾ ചൊല്ലിയിട്ടുള്ളതുകൊണ്ട്,
*തവ വ്രതേ സുഭഗാസഃ സ്യാമ* ഞങ്ങൾ നിന്റെ നിയമത്തിൻകീഴിൽ സൗഭാഗ്യവാന്മാരായിരിക്കട്ടെ.

**3. തവ സ്യാമ പുരുവീരസ്യ ശർമ–**
**ന്നുരുശംസസ്യ വരുണ പ്രണേതഃ**
**യൂയം നഃ പുത്രാ അദിതേരദബ്ധാ**
**അഭി ക്ഷമധ്വം യുജ്യായ ദേവാഃ**

*പ്രണേതഃ വരുണ പുരുവീരസ്യ* ഞങ്ങളുടെ നേതാവായ വരുണാ! ഞങ്ങൾ ധാരാളം വീരന്മാരുള്ളവനും
*ഉരുശംസസ്യ തവ ശർമൻ സ്യാമ* വിപുലമായ സ്തുതി സ്വീകരിക്കുന്നവനുമായ നിന്റെ രക്ഷണത്തിലാവട്ടെ.
*അദിതേഃ അദബ്ധാഃ പുത്രാഃ ദേവാഃ* അദിതിയുടെ ചതിക്കാത്ത മക്കളേ! ദേവന്മാരേ!
*യൂയം നഃ യുജ്യായ അഭി ക്ഷമധ്വം* നിങ്ങൾ ഞങ്ങളെ കൂട്ടുകാരാക്കാൻ ഇടപെട്ടാലും!

**4. പ്ര സീമാദിത്യോ അസൃജദ് വിധർത്താ**
**ഋതം സിന്ധവോ വരുണസ്യ യന്തി**
**ന ശ്രാമ്യന്തി ന വിമുചന്ത്യേതേ**
**വയോ ന പപ്തൂ രഘുയാ പരി ജ്മൻ**

*വിധർത്താ ആദിത്യഃ പ്ര അസൃജത്* അവരുടെ വിതരണക്കാരനായി ആദിത്യൻ അവരെ മുന്നോട്ടൊഴുക്കി:
*സിന്ധവഃ വരുണസ്യ ഋതം സീം യന്തി* നദികൾ വരുണന്റെ സത്യത്തിലേക്കു നീങ്ങുന്നു.
*ഏതേ ന ശ്രാമ്യന്തി ന വിമുചന്തി* ഇവ ക്ഷീണിക്കുകയോ മോചിക്കപ്പെടുകയോ ചെയ്യുന്നില്ല.
*വയഃ ന പരി ജ്മൻ രഘുയാ പപ്തുഃ* അവ പക്ഷികളെപ്പോലെ ഭൂമിയെ വലംവെക്കുന്ന വഴിയിലൂടെ വേഗത്തിൽ പറക്കുന്നു.

**5. വിമച്ഛ്രഥായ രശനാമിവാഗ**

**ഋധ്യാമ തേ വരുണ ഖാമൃതസ്യ**
**മാ തന്തുശ്ഛേദി വയതോ ധിയം മേ**
**മാ മാത്രാ ശാര്യപസഃ പുര ഋതോഃ**
*രശനാം ഇവ ആഗഃ മദ് വി ശ്രഥയ* കയറിനെപ്പോലെ എന്നെ കുറ്റത്തിൽനിന്ന് ശിഥിലമാക്കിയാലും!
*വരുണ തേ ഋതസ്യ ഖാം ഋധ്യാമ* വരുണാ! ഞങ്ങൾ നിന്റെ സത്യസുവസന്തത്തിലെത്തുന്നതിൽ വിജയിക്കട്ടെ.
*ധിയം വയതഃ മേ തന്തുഃ മാ ഛേദി* ഉൾക്കാഴ്ച്ച നെയ്യുന്ന എന്റെ നൂൽ മുറിയാതിരിക്കട്ടെ.
*അപസഃ മാത്രാ ഋതോഃ പുരാ മാ ശാരി* എന്റെ കർമത്തിന്റെ അളവ് അതിന്റെ കാരണത്തിനു മുൻപ് തകരാതിരിക്കട്ടെ.

**6. അപോ സു മൃക്ഷ വരുണ ഭിയസം മത്**
**സമ്രാളൃതാവോനു മാ ഗൃഭായ**
**ദാമേവ വത്സാദ് വി മുമുഗ്ധ്യംഹോ**
**ന ഹി ത്വദാരേ നിമിഷശ്ചനേശേ**
*വരുണ മദ് ഭിയസം സു അപോ മൃക്ഷ* വരുണാ! എന്നിൽനിന്നു ഭയത്തിന്റെ കെട്ടഴിച്ചാലും!
*ഋതവഃ സമ്രാഡ് മാ അനു ഗൃഭായ* സത്യമുള്ള സമ്രാട്ടേ! എന്നെ മുറുകെ പിടിച്ചാലും!
*വത്സാദ് ദാമ ഇവ അംഹഃ വി മുമുഗ്ധി* കന്നുകുട്ടിയിൽനിന്നു കയറെന്നപോലെ, (എന്നിൽ) അടക്കിനിർത്തപ്പെട്ട ഞെരുക്കങ്ങളുടെ കെട്ടഴിച്ചാലും!
*ഹി നിമിഷഃ ചന ത്വദ് ആരേ ഈശേ* കാരണം, എനിക്ക് നിമിഷംപോലും നിന്നിൽനിന്നു വിട്ടുനിൽക്കാനാവില്ല.

**7. മാ നോ വധൈർവരുണ ഏത ഇഷ്ടാ–**
**വേനഃ കൃണ്വന്തമസുര ഭ്രീണന്തി**
**മാ ജ്യോതിഷഃ പ്രവസഥാനി ഗന്മ**
**വി ഷൂ മൃധഃ ശിശ്രഥോ ജീവസേ നഃ**
*വരുണ തേ ഇഷ്ടൗ ഏനഃ കൃണ്വന്തം* വരുണാ! നിന്റെ അവനുവേണ്ടിയുള്ള വേട്ടയിൽ കുറ്റം ചെയ്തവനെ
*യേ ഭ്രീണന്തി വധൈഃ അസുര നഃ മാ* അപായപ്പെടുത്തുന്ന മാരകായുധങ്ങൾകൊണ്ട്, പ്രഭോ! ഞങ്ങളെ (അടിക്ക)രുതേ!
*ജ്യോതിഷഃ പ്രവസഥാനി മാ ഗന്മ* ഞങ്ങൾ വെളിച്ചത്തിൽനിന്ന് അന്യഭൂമികളിലേക്കു പോകാതിരിക്കട്ടെ!
*ജീവസേ നഃ മൃധഃ വി സു ശിശ്രഥഃ* ജീവിക്കുന്നതിന് ഞങ്ങളുടെ വീഴ്ച്ചകൾ ശ്ലഥമാക്കിയാലും!

**8. നമഃ പുരാ തേ വരുണോത നൂന–**
**മുതാപരം തുവിജാത ബ്രവാമ**
**ത്വേ ഹി കം പർവതേ ന ശ്രിതാന്യ–**
**പ്രച്യുതാനി ദൂളഭ വ്രതാനി**
*വരുണ പുരാ ഉത നൂനം ഉത അപരം* വരുണാ! മുൻപും ഇപ്പോഴും ഭാവിയിലും,
*തുവിജാത തേ നമഃ ബ്രവാമ* കരുത്തനായി പിറന്നവനേ! ഞങ്ങൾ നിന്നോടുള്ള ആദരത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്.
*ഹി ദൂളഭ ത്വേ പർവതേ ന* കാരണം, ചതിക്കാൻ പ്രയാസമായവനേ! നിന്നിൽ, പർവതത്തിലെന്നപോലെ,
*അപ്രച്യുതാനി വ്രതാനി ശ്രിതാനി കം* അചലമായ നിയമങ്ങൾ നിൽക്കുന്നു.

**9. പര ഋണാ സാവീരധ മത്കൃതാനി**
**മാഹം രാജന്നന്യകൃതേന ഭോജം**
**അവ്യുഷ്ടാ ഇന്നു ഭൂയസീരുഷാസ**
**ആ നോ ജീവാൻ വരുണ താസു ശാധി**
*വരുണ ഋണാ അധ മത്കൃതാനി പരാ സാവീഃ* എന്റെ കടങ്ങളും ഞാൻ ചെയ്ത മറ്റു കാര്യങ്ങളും അകലേക്കയച്ചാലും!
*രാജൻ അന്യകൃതേന അഹം മാ ഭോജം* രാജാവേ! മറ്റുള്ളവൻ ചെയ്ത തെറ്റിന് ഞാൻ (ശിക്ഷ) അനുഭവിക്കാതിരിക്കട്ടെ!
*ഭൂയസീഃ ഉഷസഃ നു ഇദ് അവ്യുഷ്ടാഃ* വളരെക്കൂടുതൽ ഉഷസ്സുകൾ ഇനിയും പുലരാനിരിക്കുന്നു:
*വരുണ താസു ജീവാൻ നഃ ആ ശാധി* വരുണാ! അവയിൽ ജീവിക്കത്തക്കവിധം ഞങ്ങളോടു കല്പിച്ചാലും!

**10. യോ മേ രാജൻ യുജയോ വാ സഖാ വാ**
**സ്വപ്നേ ഭയം ഭീരവേ മഹ്യമാഹ**
**സ്തേനോ വാ യോ ദിപ്സതി നോ വൃകോ വാ**
**ത്വം തസ്മാദ് വരുണ പാഹ്യസ്മാൻ**
*രാജൻ സ്വപ്നേ വാ മേ യുജ്യഃ വാ സഖാ വാ* രാജാവേ! സ്വപ്നത്തിൽ എന്റെ കൂട്ടുകാരിലൊരുവനോ എന്റെ സഖാവോ
*ഭയം യഃ ഭീരവേ മഹ്യം ആഹ* ഭീരുവായ എന്നെ ഭീഷണിപ്പെടുത്തുന്ന കാര്യം എന്നോടു പറയുകുകയാണെങ്കിലോ

സ്തേനഃ വാ വൃകഃ വാ യഃ നഃ ദിപ്സതി കള്ളനോ ചെന്നായയോ ഞങ്ങളെ ചതിക്കാൻ വരികയാണെങ്കിലോ

*വരുണ ത്വം തസ്മാത് അസ്മാൻ പാഹി* വരുണാ! നീ അതിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും!

**11. മാഹം മഘോനോ വരുണ പ്രിയസ്യ**
**ഭൂരിദാവ്ന ആവിദം ശൂനമാപേഃ**
**മാ രായോ രാജൻ സുയമാദവ സ്ഥാം**
**ബൃഹദ് വദേമ വിദഥേ സുവീരാഃ**

*വരുണ പ്രിയസ്യ മഘോനഃ ഭൂരിദാവ്നഃ* വരുണാ! പ്രിയപ്പെട്ട അഭ്യുദയകാംക്ഷിയുടെ, വളരെ ദാനങ്ങളോടുകൂടിയ

*ആപേഃ ശൂനം അഹം മാ ആ വിദം* സുഹൃത്തിന്റെ, അഭാവം ഞാൻ അറിയാതിരിക്കട്ടെ!

*രാജൻ സുയമാദ് രായഃ മാ അവ സ്ഥാം* രാജാവേ! എളുപ്പം നിയന്ത്രിക്കാവുന്ന സമ്പത്തിൽനിന്നു ഞാൻ താഴെയെത്താതിരിക്കട്ടെ!

*സുവീരാഃ വിദഥേ ബൃഹദ് വദേമ* ഞങ്ങൾ നല്ല വീരന്മാരുള്ളവരായി യജ്ഞവിതരണത്തിൽ ഗംഭീരമായി സംസാരിക്കട്ടെ!

★

## രണ്ടാം മണ്ഡലം, മുപ്പത്തിമൂന്നാം സൂക്തം

ഗൃത്സമദൻ ഋഷി; 15 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; രുദ്രൻ ദേവത

ശിവനു വലിയ പ്രാധാന്യം പുരാണേതിഹാസങ്ങളിൽ കാണുന്നുണ്ടെങ്കിലും വേദത്തിൽ ശിവന്റെ മറ്റൊരു പേരായ രുദ്രന് അപ്രധാനമായ സ്ഥാനമേ ഉള്ളൂ. *ഋഗ്വേദ*ത്തിൽ മൂന്നു സൂക്തങ്ങളേ അവന്റെ പേരിൽ കാണുന്നുള്ളൂ. രുദ്രനും സോമനുംകൂടി രണ്ടെണ്ണവുമുണ്ട്. മരുത്തുക്കളുടെ അച്ഛനാണ് രുദ്രൻ. ആയുധധാരിയും ഭയങ്കരനുമെന്നും ശമനൗഷധികളുടെയും സൗഭാഗ്യത്തിന്റെയും ദയാമയനായ ദേവനെന്നുമുള്ള ഇരട്ടസ്വഭാവം രുദ്രന്റെ സവിശേഷതയത്രേ. ഈ സൂക്തത്തിന്റെ ഭൂരിഭാഗവും ശമനൗഷധികളുമായി രുദ്രൻ തങ്ങളുടെ കാര്യത്തിൽ ഇടപെടണമെന്നും പ്രതികാര ബുദ്ധിയോടെ പെരുമാറരുതെന്നുമുള്ള അപേക്ഷകളാണ്. ദേവന്റെ മുൻപറഞ്ഞ രണ്ടു ഭാവവും ഇവിടെ പ്രത്യക്ഷപ്പെടുന്നു. മരുത്തുക്കളുടെ രക്ഷിതാവെന്ന നിലയിലും രുദ്രൻ പരാമർശിക്കപ്പെടുന്നു (1).

**1. ആ തേ പിതർമരുതാം സുമ്നമേതു**
**മാ നഃ സൂര്യസ്യ സന്ദൃശോ യുയോഥാഃ**
**അഭി നോ വീരോ അർവതി ക്ഷമേത**
**പ്ര ജായേമഹി രുദ്ര പ്രജാഭിഃ**

മരുതാം പിതഃ തേ സുമ്നം ആ ഏതു  മരുത്തുക്കളുടെ പിതാവേ! നിന്റെ ആനുകൂല്യം ഇവിടെ വരട്ടെ.
*നഃ സൂര്യസ്യ സന്ദൃശഃ മാ യുയോഥാഃ*  ഞങ്ങളെ സൂര്യന്റെ കാഴ്ച്ചയിൽനിന്നു ദൂരെ മാറ്റിനിർത്താതിരുന്നാലും!
*നഃ അർവതി വീരഃ അഭി ക്ഷമേത*  ഞങ്ങളുടെ കുതിരപ്പുറത്തെ വീരൻ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്നവനായിരിക്കട്ടെ!
*രുദ്ര പ്രജാഭിഃ പ്ര ജായേമഹി*  രുദ്രാ! ഞങ്ങൾ ഇനിയും പ്രജകളെക്കൊണ്ട് പ്രവൃദ്ധരാകട്ടെ!

**2. ത്വാദത്തേഭീ രുദ്ര ശന്തമേഭിഃ**
**ശതം ഹിമാ അശീയ ഭേഷജേഭിഃ**
**വ്യസ്മദ് ദ്വേഷോ വിതരം വ്യംഹോ**
**വ്യമീവാശ്ചാതയസ്വാ വിഷൂചീഃ**

*രുദ്ര ത്വാദത്തേഭിഃ ശംതമേഭിഃ*  രുദ്രാ! നീ നൽകുന്നതും ഉത്തമഭാഗ്യം കൊണ്ടുവരുന്നതുമായ
*ഭേഷജേഭിഃ ശതം ഹിമാഃ അശീയ* ശമന(ൗഷധിക)ളിലൂടെ ഞാൻ നൂറു ഹേമന്ത(= കൊല്ല)ങ്ങളിൽ വ്യാപിക്കട്ടെ!
*അസ്മദ് ദ്വേഷഃ അംഹഃ അമീവാഃ*  ഞങ്ങളിൽനിന്ന വെറുപ്പിനെയും വിഷമങ്ങളെയും രോഗങ്ങളെയും
*വി ചാതയസ്വ വി വിതരം വിഷൂചീഃ വി*  അകലെ, വളരെയകലെ, വലിയ തോതിൽ തുണ്ടുതുണ്ടാക്കി മാറ്റിയാലും!

**3. ശ്രേഷ്ഠോ ജാതസ്യ രുദ്ര ശ്രിയാസി**
**തവസ്തമസ്തവസാം വജ്രബാഹോ**
**പർഷി ണഃ പാരമംഹസഃ സ്വസ്തി**
**വിശ്വാ അഭീതീ രപസോ യുയോധി**

*രുദ്രസ്യ ജാതസ്യ ശ്രിയാ ശ്രേഷ്ഠഃ അസി*  രുദ്രാ! ജനിച്ചവരിൽ മഹിമകൊണ്ട് നീ ഏറ്റവും മഹാനാണ്;
*വജ്രബാഹോ തവസാം തവസ്തമഃ*  വജ്രം കൈകളിലേന്തിയവനേ! നീ ശക്തരിൽ ഏറ്റവും ശക്തനാണ്.
*നഃ അംഹസഃ പാരം സ്വസ്തി പർഷി*  ഞങ്ങളെ വിഷമങ്ങളുടെ മറുകര കടത്തി ക്ഷേമത്തിലെത്തിച്ചാലും!
*രപസഃ വിശ്വാഃ അഭീതിഃ യുയോധി* വ്യാധികളുടെ എല്ലാ ആക്രമണങ്ങളിൽനിന്നും രക്ഷിച്ചാലും!

**4. മാ ത്വാ രുദ്ര ചുക്രുധാമാ നമോഭിർ–**
**മാ ദുഷ്ടുതീ വൃഷഭ മാ സഹൂതീ**
**ഉന്നോ വീരാനർപ്പയ ഭേഷജേഭിർ–**
**ഭിഷക്തമം ത്വാ ഭിഷജാം ശൃണോമി**

*രുദ്ര ത്വാ നമോഭിഃ മാ ദുഷ്ടുതീ മാ*  രുദ്രാ! നിന്നെ ആദരകർമങ്ങളിലൂടെയോ മോശം സ്തുതിയിലൂടെയോ,
*വൃഷഭ  സഹൂതീ മാ ചുക്രുധാമ*  കാളേ! അന്യദേവന്മാരുമായി പങ്കിട്ടുകൊണ്ടുള്ള വിളിയിലൂടെയോ ഞങ്ങൾ ക്രോധിപ്പിക്കാതിരിക്കട്ടെ.
*നഃ വീരാൻ ഭേഷജേഭിഃ ഉദ് അർപ്പയ*  ഞങ്ങളുടെ വീരന്മാരെ നിന്റെ ശമനൗഷധികളാൽ ഉത്തേജിപ്പിച്ചാലും!
*ത്വാ ഭിഷജാം ഭിഷക്തമം ശൃണോമി*  നീ വൈദ്യന്മാരിൽവെച്ച് ഏറ്റവും വലിയ വൈദ്യനാണെന്നു ഞാൻ കേൾക്കുന്നു.

**5. ഹവീമഭിർഹവതേ യോ ഹവിർഭി–**
**രവ സ്തോമേഭീ രുദ്രം ദിഷീയ**
**ഋദൂദരഃ സുഹവോ മാ നോ അസ്യൈ**
**ബഭ്രുഃ സുശിപ്രോ രീരധന്മനായൈ**

*യഃ ഹവീമഭിഃ ഹവിർഭിഃ*  സ്തുതികളോടും ഹവിസ്സുകളോടും

*സ്തോമേഭിഃ രുദ്രം അസ്യൈ മനായൈ* "എന്റെ സ്തുതികളോടുകൂടി ഞാൻ രുദ്രനെ എന്റെ സ്വന്തം പൂർണഭാഗത്തിൽനിന്നു
*അവ ദിഷീയ ഹവതേ* വിച്ഛേദിക്കട്ടെ" എന്നു വിചാരിച്ച് അവനെ വിളിക്കുന്നവന്റെ ആവേശത്തിന്
*ഋദൂദരഃ സുഹവഃ സുശിപ്രഃ ബഭ്രുഃ* മൃദുഹൃദയനും എളുപ്പം വിളിക്കാവുന്നവനും നല്ല ചുണ്ടുകളും തവിട്ടു നിറവുമുള്ളവൻ
*നഃ മാ രീരധത്* ഞങ്ങളെ അപ്രധാനരാക്കാതിരിക്കട്ടെ.

6. **ഉന്മാ മമന്ദ വൃഷഭോ മരുത്വാൻ**
**ത്വക്ഷീയസാ വയസാ നാധമാനം**
**ഘൃണീവ ച്ഛായാമരപാ അശീയാ**
**വിവാസേയം രുദ്രസ്യ സുമ്നം**

*മരുത്വാൻ വൃഷഭഃ നാധമാനം മാ* മരുത്തുക്കളോടുകൂടിയ കാള ആവശ്യക്കാരനായ എന്നെ
*ത്വക്ഷീയസാ വയസാ ഉദ് മമന്ദ* തന്റെ ഏറെ ഊർജസ്വലമായ വീര്യംകൊണ്ട് ഉണർത്തട്ടെ!
*ഘൃണി ഛായാം ഇവ അരപാഃ അശീയ* വെയിലത്ത് തണലിലെന്നപോലെ ഞാൻ ഈ വ്യാധിമുക്തനിലെത്തട്ടെ:
*രുദ്രസ്യ സുമ്നം ആ വിവാസേയം* ഞാൻ രുദ്രന്റെ ആനുകൂല്യം ഇവിടെ ആകർഷിക്കട്ടെ.

7. **ക്വ സ്വ തേ രുദ്ര മൃളയാകുർ-**
**ഹസ്തോ യോ അസ്തി ഭേഷജോ ജലാഷഃ**
**അപഭർത്താ രപസോ ദൈവ്യസ്യാ-**
**ഭീ നു മാ വൃഷഭ ചക്ഷമീഥാഃ**

*രുദ്ര ദൈവ്യസ്യ രപസഃ അപഭർത്താ* രുദ്രാ! ദേവന്മാരിൽനിന്നു വരുന്ന വ്യാധി ദൂരീകരിക്കുന്ന
*യഃ ഭേഷജഃ ജലാഷഃ മൃളയാകുഃ* ശമനൗഷധമേന്തുന്ന ദയാമയമായ
*തേ സ്യഃ ഹസ്തഃ ക്വ അസ്തി?* നിന്റെ ആ കൈ എവിടെയാണ്?
*വൃഷഭ നു മാ അഭി ചക്ഷമീഥാഃ* കാളേ! നീ ഇപ്പോൾ എന്നോടു ദാക്ഷിണ്യം കാണിച്ചാലും!

8. **പ്ര ബഭ്രവേ വൃഷഭായ ശ്വിതീചേ**
**മഹോ മഹീം സുഷ്ടുതിമീരയാമി**
**നമസ്യാ കല്മലീകിനം നമോഭിർ-**
**ഗൃണീമസി ത്വേഷം രുദ്രസ്യ നാമ**

*ബഭ്രവേ ശ്വിതീചേ വൃഷഭായ* തവിട്ടുനിറമുള്ളവനും ശോഭനമുഖനുമായ കാളയ്ക്ക്
*മഹഃ മഹീം സുഷ്ടുതിം പ്ര ഈരയാമി* ഞാൻ അതിമഹത്തായ നല്ലൊരു സ്തുതി മുന്നോട്ടുയർത്തുന്നു.
*കല്മലീകിനം നമോഭിഃ രുദ്രസ്യ നമസ്യ* തീപ്പൊരി ചിതറുന്ന രുദ്രനെ സാദരം നമസ്കരിച്ചാലും!
*ത്വേഷം നാമ ഗൃണീമസി* ഞങ്ങൾ രുദ്രന്റെ ദീപ്തമായ പേര് പാടി സ്തുതിക്കുന്നു.

9. **സ്ഥിരേഭിരംഗൈഃ പുരുരൂപ ഉഗ്രോ**
**ബഭ്രുഃ ശുക്രേഭിഃ പിപിശേ ഹിരണ്യൈഃ**
**ഈശാനാദസ്യ ഭുവനസ്യ ഭൂരേർ-**
**ന വാ ഉ യോഷദ് രുദ്രാദസുര്യം**

*സ്ഥിരേഭിഃ അംഗൈഃ ഉഗ്രഃ പുരുരൂപഃ* ദൃഢമായ അവയവങ്ങളോടുകൂടിയവനും കരുത്തനും പല രൂപങ്ങളുള്ളവനുമായ
*ബഭ്രുഃ ശുക്രേഭിഃ ഹിരണ്യൈഃ പിപിശേ* തവിട്ടുനിറമുള്ളവൻ മിന്നുന്ന സ്വർണ(ാഭരണങ്ങൾ)കൊണ്ട് സ്വയം അലങ്കരിക്കുന്നു.
*ഭൂരേഃ ഭുവനസ്യ ഈശാനാദ്* ധാരാളം ജീവലോകത്തിന്മേൽ ആധിപത്യമുള്ള
*അസ്യ രുദ്രാദ് അസുര്യം ന വൈ ഉ യോഷത്* ഈ രുദ്രനിൽനിന്നു പ്രഭുശക്തി നിശ്ചയമായും വേറിട്ടുപോവുകയില്ല.

10. **അർഹൻ ബിഭർഷി സായകാനി ധന്വാ-**
**ർഹൻ നിഷ്കം യജതം വിശ്വരൂപം**
**അർഹന്നിദം ദയസേ വിശ്വമഭ്വം**
**ന വാ ഓജീയോ രുദ്ര ത്വദസ്തി**

*അർഹൻ സായകാനി ധന്വ ബിഭർഷി* നീ അർഹതയോടെ അമ്പുകളും വില്ലും ധരിക്കുന്നു;
*അർഹൻ വിശ്വരൂപം യജതം നിഷ്കം* അർഹതയോടെ എല്ലാ രൂപങ്ങളിലുമുള്ള യജ്ഞകണ്ഠാഭരണങ്ങൾ ധരിക്കുന്നു;
*അർഹൻ ഇദം അഭ്വം വിശ്വം ദയസേ* അർഹതയോടെ ഈ അരൂപമായ ശൂന്യത മുഴുവൻ പങ്കിടുന്നു.
*രുദ്ര ത്വദ് ഓജീയഃ ന വൈ അസ്തി* രുദ്രാ! നിന്നേക്കാൾ ശക്തമായ ഒന്നും തീർച്ചയായും നിലനിൽക്കുന്നില്ല.

11. **സ്തുഹി ശ്രുതം ഗർത്തസദം യുവാനം**

**മൃഗം ന ഭീമമുപഹത്നുമുഗ്രം**
**മൃളാ ജരിത്രേ രുദ്ര സ്തവാനോ-**
**ന്യം തേ അസ്മന്നി വപന്തു സേനാഃ**

*ഗർത്തസദം ഉഗ്രം ഭീമം മൃഗം ന ഉപഹത്നും* ഉന്നതമായ ഇരിപ്പിടത്തിന്മേൽ ഇരിക്കുന്നവനും കരുത്തനും ഭയങ്കരമായ വന്യമൃഗത്തെപ്പോലെ ചാടിവീഴുന്നവനുമായ
*ശ്രുതം യുവാനം സ്തുഹി* പ്രശസ്തി പെറ്റ യുവാവിനെ സ്തുതിച്ചാലും!
*രുദ്ര സ്തവാനഃ ജരിത്രേ മൃള* രുദ്രാ! നീ സ്തുതിക്കപ്പെട്ട് ഗായകനോട് ദയ കാട്ടിയാലും!

*തേ സേനാഃ അസ്മദ് അന്യം നി വപന്തു* നിന്റെ ആയുധങ്ങൾ ഞങ്ങളല്ലാത്ത മറ്റൊരാളെ ഹനിക്കട്ടെ!

**12. കുമാരശ്ചിത് പിതരം വന്ദമാനം**
**പ്രതി നാനാമ രുദ്രോപയന്തം**
**ഭൂരേർദാതാരം സത്പതിം ഗൃണീഷേ**
**സ്തുതസ്ത്വം ഭേഷജാ രാസ്യസ്മേ**

*രുദ്ര കുമാരഃ ചിദ് വന്ദമാനം* രുദ്രാ! കൊച്ചുകുട്ടിപോലും വന്ദിക്കേണ്ടുന്ന
*പിതരം ഉപയന്തം പ്രതി നനാമ* അച്ഛനെ അടുത്തു വരുമ്പോൾ നമിക്കുന്നു.
*ഭൂരേഃ ദാതാരം സത്പതിം ഗൃണീഷേ* അധികം നൽകുന്ന കുടിയേറ്റങ്ങളുടെ അധിപനെ ഞാൻ സ്തുതിക്കുന്നു.
*സ്തുതഃ ത്വം അസ്മേ ഭേഷജാ രാസി* സ്തുതിക്കപ്പെട്ട് നീ ഞങ്ങൾക്ക് ശമനൗഷധികൾ തന്നാലും!

**13. യാ വോ ഭേഷജാ മരുതഃ ശുചീനി**
**യാ ശന്തമാ വൃഷണോ യാ മയോഭു**
**യാനി മനുരവൃണീതാ പിതാ ന-**
**സ്താ താ ശം ച യോശ്ച രുദ്രസ്യ വശ്മി**

*വൃഷണഃ മരുതഃ യാ ശുചീനി ഭേഷജാ* കാളയെപ്പോലുള്ള മരുത്തുക്കളേ! നിങ്ങളുടെ മിന്നുന്ന ശമനൗഷധികൾ
*യാ ശംതമാ യാ മയോഭു* ഏറ്റവും ഭാഗ്യാവഹങ്ങളും ആനന്ദംതന്നെയാകുന്നു.
*യാനി നഃ പിതാ മനുഃ അവൃണീത* അവയെയാണ് ഞങ്ങളുടെ പിതാവായ മനു വരിച്ചത്.
*രുദ്രസ്യ ശം ച യോഃ ച താ വശ്മി* രുദ്രന്റെ ഭാഗ്യവും ആയുസ്സുമായി ഞങ്ങൾ അവ ആഗ്രഹിക്കുന്നു.

**14. പരി ണോ ഹേതീ രുദ്രസ്യ വൃജ്യാഃ**
**പരി ത്വേഷസ്യ ദുർമതിർമഹീ ഗാത്**
**അവ സ്ഥിരാ മഘവദ്ഭ്യസ്തനുഷ്വ**
**മീഢ്വസ്തോകായ തനയായ മൃള**

*രുദ്രസ്യ ഹേതിഃ നഃ പരി വൃജ്യാഃ* രുദ്രന്റെ ശൂലം ഞങ്ങളെ ഒഴിവാക്കട്ടെ.

**15. ഏവാ ബഭ്രോ വൃഷഭ ചേകിതാന**
**യഥാ ദേവ ന ഹൃണീഷേ ന ഹംസി**
**ഹവനശ്രുന്നോ രുദ്രേഹ ബോധി**
**ബൃഹദ് വദേമ വിദഥേ സുവീരാഃ**

*ബഭ്രോ വൃഷഭ ചേകിതാന ദേവ* തവിട്ടുനിറമുള്ള കാളേ! എപ്പോഴും കാണാവുന്ന ദേവാ!
*യഥാ ന ഹൃണീഷേ ന ഹംസി* ഞങ്ങളോടു ക്രോധിക്കുകയും ഹിംസിക്കുകയും ചെയ്യാതിരിക്കുമാറ്
*രുദ്ര ഹവനശ്രുത് ഇഹ നഃ ഏവ ബോധി* രുദ്രാ! ഞങ്ങളുടെ വിളികൾ കേട്ടുകൊണ്ട് ഇവിടെ ഞങ്ങളെത്തന്നെ ശ്രദ്ധിച്ചാലും!
*വിദഥേ സുവീരാഃ ബൃഹദ് വദേമ* യജ്ഞവിതരണത്തിൽ നല്ല വീരന്മാരുള്ളവരായി ഞങ്ങൾ ഗംഭീരമായി സംസാരിക്കട്ടെ!

★

## രണ്ടാം മണ്ഡലം, മുപ്പത്തിനാലാം സൂക്തം

ഗൃത്സമദൻ ഋഷി; 15 പദ്യങ്ങൾ; വൃത്തം ജഗതി (ത്രിഷ്ടുപ്പ് 15 ഒഴികെ); മരുത്തുക്കൾ ദേവത

മരുത്തുക്കളുടെ പിതാവായ രുദ്രന് അർപ്പിക്കപ്പെട്ട സൂക്തത്തിനു തൊട്ടു പിൻപേ മരുത്തുക്കളെ വർണിക്കുന്ന ഈ സൂക്തം വരുന്നു. കൊടുങ്കാറ്റെന്ന നിലയിൽ അവരുടെ അത്യുക്തിപരവും ഭാവനാപൂർണവുമായ വാചകശൈലിയാണ് ഇതിൽ പ്രയോഗിച്ചിട്ടുള്ളത്. ഇവിടെ ഗായകന്റെ യജ്ഞത്തിൽ പങ്കെടുക്കാൻ അവരെ ക്ഷണിക്കുന്നു. പാതിയായപ്പോഴേക്കും (6–7) സൂക്തത്തിന്റെ കേന്ദ്രബിന്ദു മരുത്തുക്കൾക്കു നൽകാവുന്ന നേട്ടങ്ങളിലേക്കു മാറുന്നു. അവനെ സൂക്തത്തിൽ പ്രചോദിപ്പിക്കാനും ശത്രുക്കളിൽനിന്നു രക്ഷിക്കാനും അവനു ദാനങ്ങളരുളാനും അവർക്കു കഴിയും. 13–ലെ ഇടി, മിന്നൽ, മഴ എന്നിവയും കൊടുങ്കാറ്റിനുശേഷമുള്ള തെളിച്ചവും മഴവില്ലുമെല്ലാം കടന്നുവരുന്ന അലങ്കാരം ശ്രദ്ധേയം. ഏറെക്കുറെ നിഗൂഢത പുലർത്തുന്ന പൃശ്നി, രുദ്രൻ എന്നീ മാതാപിതാക്കളിൽനിന്നുള്ള മരുത്തുക്കളുടെ പിറവി രണ്ടാം പദ്യത്തിൽ പരാമർശിക്കപ്പെടുന്നു. വീർത്ത അകിടോടുകൂടിയ പശുവിന്റെ, വിശേഷിച്ച് കറവപ്പശുവിന്റെ, രചനാഘടകം സൂക്തത്തിലുടനീളം കാണാം (1, 2, 5, 6, 8, 10, 12). ഉഷസ്സുകൾ, മേഘങ്ങൾ, യജമാനന്റെ സോമസവനങ്ങൾ, അവന്നുള്ള മരുത്തുക്കളുടെ ദാനം എന്നിവയും അതോടൊപ്പം പരാമർശിക്കപ്പെടുന്നുണ്ട്. പ്രകൃതിവർണനത്തിൽനിന്ന് യജ്ഞകർമത്തിലേക്കു കടക്കാൻ ഇതുപകരിക്കും.

**1. ധാരാവരാ മരുതോ ധൃഷ്ണ്വോജസോ**
**മൃഗാ ന ഭീമാസ്തവിഷീഭിരർച്ചിനഃ**
**അഗ്നയോ ന ശുശുചാനാ ഋജീഷിണോ**
**ഭൃമിം ധമന്തോ അപ ഗാ അവൃണ്വത**

*ധൃഷ്ണ്വോജസഃ മരുതഃ ധാരാവരാഃ* ധീരമായ ശക്തിയുള്ള മരുത്തുക്കളേ! ഒഴുകുന്ന അരുവികളെ വരിക്കുന്ന വരും
*തവിഷീഭിഃ മൃഗാഃ ന ഭീമാഃ അർച്ചിനഃ* കരുത്തുകളാൽ വന്യമൃഗങ്ങളെപ്പോലെ ഭയങ്കരന്മാരുമായ അവർ സ്തുതിക്കപ്പെട്ടുകൊണ്ടും
*അഗ്നയഃ ന ശുശുചാനാഃ ഋജീഷിണഃ* അഗ്നികളെപ്പോലെ പ്രകാശിച്ചുകൊണ്ടും രജതപാനീയം നുകർന്നുകൊണ്ടും
*ഭൃമിം ധമന്തഃ ഗാഃ അപ അവൃണ്വത* കൊടുങ്കാറ്റു വീശി പൈക്കളെ തുറന്നുവിടുന്നു.

**2. ദ്യാവോ ന സ്തൃഭിശ്ചിതയന്ത ഖാദിനോ**
**വ്യഭ്രിയാ ന ദ്യുതയന്ത വൃഷ്ടയഃ**
**രുദ്രോ യദ് വോ മരുതോ രുക്മവക്ഷസോ**
**വൃഷാജനി പൃശ്ന്യാഃ ശുക്ര ഊധനി**

*യദ് രുദ്രഃ വഃ വൃഷാ ശുക്രേ* രുദ്രൻ നിങ്ങൾക്കുവേണ്ടി കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമുള്ള കാളയുടെ ശുക്ലം
*പൃശ്ന്യാഃ ഊധനി അജനി* പൃശ്നിയുടെ അകിടിൽ ജനിപ്പിച്ചപ്പോൾ,
*രുക്മവക്ഷസഃ മരുതഃ* മാറിൽ ഔജ്ജ്വല്യങ്ങളോടുകൂടിയ മരുത്തുക്കളേ!
*സ്തൃഭിഃ ദ്യാവഃ ന ഖാദിനഃ ചിതയന്ത* നക്ഷത്രങ്ങളോടുകൂടിയ വിണ്ണുപോലെ, അവർ തങ്ങളുടെ മിന്നുന്ന ലോഹവളകളോടുകൂടി പ്രത്യക്ഷപ്പെടുന്നു.
*അഭ്രിയാഃ വൃഷ്ടയഃ ന വി ദ്യുതയന്ത* കൊടുങ്കാറ്റുണ്ടാക്കുന്ന മേഘങ്ങളിൽനിന്നു മഴകൾപോലെ അവർ മിന്നിമറയുന്നു.

**3. ഉക്ഷന്തേ അശ്വാനത്യാനിവാജിഷു**
**നദസ്യ കർണൈസ്തുരയന്ത ആശുഭിഃ**
**ഹിരണ്യശിപ്രാ മരുതോ ദവിധ്വതഃ**
**പൃക്ഷം യാഥ പൃഷതീഭിഃ സമന്യവഃ**

*ആജിഷു അത്യാൻ ഇവ അശ്വാൻ ഉക്ഷന്തേ* അവർ, മത്സരങ്ങളിൽ പടക്കുതിരകളെപ്പോലെ, തങ്ങളുടെ കുതിരകളെ നനയ്ക്കുന്നു.
*നദസ്യ കർണൈഃ ആശുഭിഃ തുരയന്തേ* ഈറ്റ(ച്ചാട്ടവാറിന്റെ) (പ്രചോദനത്താൽ) "കാതുകൾ"കൊണ്ട് അവർ ദ്രുതഗതികൾക്കു വേഗംകൂട്ടുന്നു.
*മരുതഃ ഹിരണ്യശിപ്രാഃ ദവിധ്വതഃ* മരുത്തുക്കളേ! സ്വർണാധരങ്ങളുള്ള നിങ്ങൾ നിരന്തരം അവ (അധരങ്ങൾ) വിറപ്പിക്കുന്നു.
*സമന്യവഃ പൃഷതീഭിഃ പൃക്ഷം യാഥ* ഏകമനസ്സോടുകൂടിയവരേ! നിങ്ങൾ നിങ്ങളുടെ പുള്ളിപ്പെൺകുതിരകളോടുകൂടി കോട്ടകെട്ടിയ (സുരക്ഷിതമായ) ഭക്ഷണത്തിനുവേണ്ടി പോകുന്നു.

**4. പൃക്ഷേ താ വിശ്വാ ഭുവനാ വവക്ഷിരേ**
**മിത്രായ വാ സദമാ ജീരദാനവഃ**
**പൃഷദശ്വാസോ അനവഭ്രരാധസ**
**ഋജിപ്യാസോ ന വയുനേഷു ധൂർഷദഃ**

*ജീരദാനവഃ വിശ്വാ ഭുവനാ* ജീവസ്സുള്ള കണങ്ങളോടുകൂടിയവർ എല്ലാ ജീവജാലങ്ങൾക്കുമോ

*സദഃ മിത്രായ വാ പൃക്ഷേ ആ വവക്ഷിരേ* എപ്പോഴും സഖ്യത്തിലുള്ളവർക്കോ കോട്ട കെട്ടാൻ നിശ്ചയിക്കുന്നു.
*പൃഷദശ്വാസഃ അനവഭ്രരാധസഃ* പുള്ളിപ്പെൺകുതിരകളോടുകൂടി, പിൻവലിയാത്ത ഉദാരതയോടുകൂടി,
**ഋജിപ്യാസഃ വയുനേഷു ന താ ധൂർഷദഃ** നേരെ പറക്കുന്ന പക്ഷികൾ യാത്രയ്ക്കിടയിൽ (മരക്കൊമ്പുകളിൽ) എന്നപോലെ, അവർ തേർക്കുറ്റികളിൽ ഇരിക്കുന്നു.

**5. ഇന്ധന്വഭിർധേനുഭീ രപ്ശദൂധഭി–**
**രധ്വസ്മഭിഃ പഥിഭിർഭ്രാജദൃഷ്ടയഃ**
**ആ ഹംസാസോ ന സ്വസരാണി ഗന്തന**
**മധോർമദായ മരുതഃ സമന്യവഃ**

*ഭ്രാജദൃഷ്ടയഃ രപ്ശദൂധഭിഃ ഇന്ധന്വഭിഃ ധേനുഭിഃ* തിളങ്ങുന്ന കുന്തങ്ങളോടുകൂടിയവരേ! നിങ്ങളുടെ നിറഞ്ഞ അകിടുകളുള്ള ജ്വലിക്കുന്ന കറവപ്പശുക്കളോടൊപ്പം,
*അധ്വസ്മഭിഃ പഥിഭിഃ സ്വസരാണി ഹംസാസഃ ന* കളങ്കരഹിതമായ വഴികളിലൂടെ, നല്ല മേച്ചിൽസ്ഥലങ്ങളിലേക്കു ഹംസങ്ങളെന്നപോലെ
**മധോഃ മദായ സമന്യവഃ മരുതഃ ആ ഗന്തന** മധുമദത്തിനായി ഏകമനസ്സോടുകൂടിയ മരുത്തുക്കളേ! ഇവിടെ വന്നാലും!

**6. ആ നോ ബ്രഹ്മാണി മരുതഃ സമന്യവോ**
**നരാം ന ശംസഃ സവനാനി ഗന്തന**
**അശ്വാമിവ പിപ്യത ധേനുമൂധനി**
**കർത്താ ധിയം ജരിത്രേ വാജപേശസം**

*സമന്യവഃ മരുതഃ നഃ ബ്രഹ്മാണി സവനാനി* ഏകമനസ്സോടുകൂടിയ മരുത്തുക്കളേ! ഞങ്ങളുടെ പവിത്രമന്ത്രങ്ങളിലേക്കും സവനങ്ങളിലേക്കും
*നരാം ശംസഃ ന ആ ഗന്തന* നരാശംസനെ(അഗ്നിയെ)പ്പോലെ, വന്നാലും!
*അശ്വാം ഊധനി ധേനും ഇവ പിപ്യത* പെൺകുതിരയെപ്പോലെയും അകിട്ടിലുള്ള കറവപ്പശുവെപ്പോലെയും അവ മണത്താലും!
*ജരിത്രേ വാജപേശസം ധിയം കർത്ത* ഗായകന് സമ്മാനം അലങ്കാരമായ ദാർനികചിന്തയുണ്ടാക്കിയാലും!

**7. തം നോ ദാത മരുതോ വാജിനം രഥ**
**ആപാനം ബ്രഹ്മ ചിതയദ് ദിവേ ദിവേ**
**ഇഷം സ്തോതൃഭ്യോ വൃജനേഷു കാരവേ**
**സനിം മേധാമരിഷ്ടം ദുഷ്ടരം സഹഃ**

*മരുതഃ നഃ രഥേ വാജിനം* മരുത്തുക്കളേ! ഞങ്ങൾക്ക് തേരുമായി ബന്ധപ്പെട്ട സമ്മാനജേതാവിനെയും
*ദിവേ ദിവേ ചിതയത് തം ആപാനം ബ്രഹ്മ* നാൾക്കുനാൾ സുവ്യക്തമാവുന്ന ലക്ഷ്യം നേടുന്ന പവിത്രമന്ത്രത്തെയും
*സ്തോതൃഭ്യഃ ഇഷം കാരവേ വൃജനേഷു സനിം മേധാം* സ്തോതാക്കൾക്ക് ഭക്ഷണത്തെയും ഗായകന് (യജ്ഞ) ശാലകളിൽ തന്റെ നേട്ടമായ ജ്ഞാനത്തെയും
*അരിഷ്ടം ദുഷ്ടരം സഹഃ ദാത* അഭേദ്യവും അനതിശയനീയവുമായ ശക്തിയെയും തന്നാലും!

**8. യദ് യുഞ്ജതേ മരുതോ രുക്മവക്ഷസോ–**
**ശ്വാൻ രഥേഷു ഭഗ ആ സുദാനവഃ**
**ധേനുർന ശിശ്വേ സ്വസരേഷു പിന്വതേ**
**ജനായ രാതഹവിഷേ മഹീമിഷം**

*യദ് രുക്മവക്ഷസഃ മരുതഃ ഭഗേ* മാറിടങ്ങളിൽ ഔജ്ജ്വല്യങ്ങളുള്ള മരുത്തുക്കൾ നല്ല ഭാഗ്യത്തിനുവേണ്ടി
*അശ്വാൻ രഥേഷു ആ യുഞ്ജതേ* കുതിരകളെ തേരുകളിൽ കെട്ടുമ്പോൾ,
*സുദാനവഃ സ്വസരേഷു ധേനുഃ ശിശ്വേ ന* നല്ല കണങ്ങളുള്ള അവർ, മേച്ചിൽസ്ഥലങ്ങളിൽ കറവപ്പശു കന്നുകുട്ടിയെയെന്നപോലെ,
*രാതഹവിഷേ ജനായ മഹീം ഇഷം പിന്വതേ* ഹവിസ്സുകളർപ്പിക്കുന്നവനെ കനത്ത ഭക്ഷണംകൊണ്ടു പുഷ്ടിപ്പെടുത്തുന്നു.

**9. യോ നോ മരുതോ വൃകതാതി മർത്ത്യോ**
**രിപുർദധേ വസവോ രക്ഷതാ രിഷഃ**
**വർത്തയത തപുഷാ ചക്രിയാഭി ത–**
**മവ രുദ്രാ അശസോ ഹന്തനാ വധഃ**

*വസവഃ മരുതഃ യഃ നഃ വൃകതാതി ദധേ* നല്ലവരായ മരുത്തുക്കളേ! ഞങ്ങളെ ചെന്നായയ്ക്കു കൊടുക്കുന്ന
*രിപുഃ മർത്ത്യഃ രിഷഃ രക്ഷത* ചതിയനായ മർത്ത്യന്റെ ഉപദ്രവത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും!
*തം തപുഷാ ചക്രിയാ അഭി വർത്തയത* അവനെ നിങ്ങളുടെ പൊള്ളിക്കുന്ന ചക്രംകൊണ്ട് ഉരുട്ടിയാലും!

*രുദ്രാഃ അശസഃ വധഃ അവ ഹന്തന* രുദ്രന്മാരേ! ഉചിതമായ പ്രഖ്യാപനങ്ങളില്ലാത്തവന്റെ മാരകായുധങ്ങളെ അടിച്ചിട്ടാലും!

**10. ചിത്രം തദ് വോ മരുതോ യാമ ചേകിതേ**
**പൃശ്ന്യാ യദൂധരപ്യാപയോ ദുഹുഃ**
**യദ് വാ നിദേ നവമാനസ്യ രുദ്രിയാ–**
**സ്ത്രിതം ജരായ ജുരതാമദാഭ്യാഃ**

*യദ് അപി ആപയഃ പൃശ്ന്യാഃ ഊധഃ ദുഹുഃ* ഉറ്റ സുഹൃത്തുക്കൾ പൃശ്നിയുടെ അകിടു കറന്നപ്പോഴും
*യദ് വാ അദാഭ്യാഃ രുദ്രിയാഃ* അല്ലെങ്കിൽ, രുദ്രന്റെ ചതിക്കാത്ത മക്കളേ!
*നവമാനസ്യ നിദേ ജുരതാം ജരായ ത്രിതം* സ്തുതിക്കുന്നവനെ നിന്ദിക്കാനും ജരാബാധിതരെ നശിപ്പിക്കാനും ത്രിതനെ (വെച്ചപ്പോഴും)
*മരുതഃ വഃ തത് ചിത്രം യാമ ചേകിതേ* മരുത്തുക്കളേ! നിങ്ങളുടെ ഈ ശോഭനമായ മാർഗം ശോഭനമായി തോന്നുന്നു.

**11. താൻ വോ മഹോ മരുത ഏവയാവ്നോ**
**വിഷ്ണോരേഷസ്യ പ്രഭൃഥേ ഹവാമഹേ**
**ഹിരണ്യവർണാൻ കകുഹാൻ യതസ്രുചോ**
**ബ്രഹ്മണ്യന്തഃ ശംസ്യം രാധ ഈമഹേ**

*ഏവയാവ്നഃ മഹഃ മരുതഃ താൻ വഃ* വഴികളിൽ സഞ്ചരിക്കുന്ന മഹത്വമുള്ള മരുത്തുക്കളായ ആ നിങ്ങളെ
*ഏഷസ്യ വിഷ്ണോഃ പ്രഭൃഥേ ഹവാമഹേ* ദ്രുതഗതിയായ വിഷ്ണുവിനുള്ള യജ്ഞഹവിസ്സിൽ ഞങ്ങൾ വിളിക്കുന്നു.
*യതസ്രുചഃ ബ്രഹ്മണ്യന്തഃ ഹിരണ്യവർണാൻ* നീട്ടിയ സ്രുക്കോടുകൂടി പവിത്രമന്ത്രങ്ങൾ സൃഷ്ടിച്ചുകൊണ്ട് സ്വർണവർണരും
*കകുഹാൻ ശംസ്യം രാധഃ ഈമഹേ* അത്യുന്നതരുമായ നിങ്ങളോട് പ്രഖ്യാപനാർഹമായ ഉദാരതയ്ക്കായി അഭ്യർഥിക്കുന്നു.

**12. തേ ദശഗ്വാഃ പ്രഥമാ യജ്ഞമൂഹിരേ**
**തേ നോ ഹിന്വന്തൂഷസോ വ്യുഷ്ടിഷു**
**ഉഷാ ന രാമീരരുണൈരപോർണുതേ**
**മഹോ ജ്യോതിഷാ ശുചതാ ഗോഅർണസാ**

*തേ ദശഗ്വാഃ പ്രഥമാഃ യജ്ഞം ഊഹിരേ* ആ ദശഗ്വന്മാരാണ് ആദ്യത്തെ യജ്ഞം നടത്തിയത്.
*ഉഷസഃ വ്യുഷ്ടിഷു തേ നഃ ഹിന്വന്തു* ഉഷസ്സിന്റെ ഉജ്ജ്വലതകളിൽ അവർ ഞങ്ങളെ ഉണർത്തട്ടെ.
*ഉഷാഃ അരുണൈഃ രാമീഃ ന മഹഃ ശുചതാ* ഉഷസ്സ് അരുണരശ്മികളാൽ രാത്രികളെയെന്നപോലെ, വിപുലമായ കണ്ണഞ്ചിപ്പിക്കുന്ന
*ജ്യോതിഷാ ഗോഅർണസാ അപോർണുതേ* പ്രകാശംകൊണ്ട് പശുക്കളുടെ വെള്ളപ്പൊക്കത്തോടെ തുറന്നുവിടുന്നു.

**13. തേ ക്ഷോണീഭിരരുണേഭിരഞ്ജിഭീ**
**രുദ്രാ ഋതസ്യ സദനേഷു വാവൃധുഃ**
**നിമേഘമാനാ അത്യേന പാജസാ**
**സുശ്ചന്ദ്രം വർണം ദധിരേ സുപേശസം**

*ക്ഷോണീഭിഃ അരുണേഭിഃ തേ രുദ്രാഃ* ഗർജനങ്ങളോടെ (ഇടികൾ), അരുണ(രശ്മി)കളുടെ (ഉഷസ്സ്) ആഭരണങ്ങളോടെ ആ രുദ്രന്മാർ
*ഋതസ്യ സദനേഷു വവൃധുഃ* സത്യത്തിന്റെ വഴികളിൽ ശക്തരായി വളരുന്നു.
അത്യേന പാജസാ ന നിമേഘമാനാഃ പടക്കുതിരയുടേതുപോലുള്ള രീതിയിൽ മൂത്രമൊഴിച്ചുകൊണ്ട്
*അഞ്ജിഭിഃ സുചന്ദ്രം സുപേശസം വർണം ദധിരേ* അവർ ഏറെ ഭാസുരമായ തങ്ങളുടെ സുമനോഹരനിറം കൈക്കൊള്ളുന്നു.

**14. താനിയാനോ മഹി വരൂഥമൂതയ**
**ഉപ ഘേദേനാ നമസാ ഗൃണീമസി**
**ത്രിതോ ന യാൻ പഞ്ച ഹോതൄനഭിഷ്ടയ**
**ആവവർത്തദവരാൻ ചക്രിയാവസേ**

*മഹി വരൂഥം ഊതയേ താൻ ഇയാനഃ* വലിയ ന്യായവാദത്തിനുവേണ്ടിയും സഹായത്തിനുവേണ്ടിയും ഒരാൾ അവരോടഭ്യർഥിക്കുമ്പോൾ,
*ഏനാ നമസാ ഉപ ഇദ് ഗൃണീമസി ഘ* ഞങ്ങൾ ഇവിടെ സാദരമായ അവകാശത്തോടെ അവരെ സൂക്തം ചെയ്യുന്നു.

*ത്രിതഃ ന അഭിഷ്ടയേ യാൻ പഞ്ച* ത്രിതൻ ആധിപത്യത്തിനുവേണ്ടി അഞ്ചു
*ഹോതൄൻ അവരാൻ* ഹോതാക്കളെ (ഇവിടെ കൊണ്ടുവന്നതുപോലെ),
*അവസേ ചക്രിയാ ആവവർത്തത്* അവർ അവനെ സഹായിക്കാൻ ചക്രങ്ങൾ ഇവിടേക്ക് ഉരുട്ടി.

**15. യയാ രധ്രം പാരയഥാത്യംഹോ**
**യയാ നിദോ മുഞ്ചഥ വന്ദിതാരം**
**അർവാചീ സാ മരുതോ യാ വ ഊതി–**
**രോ ഷു വാശ്രേവ സുമതിർജിഗാതു**

*യയാ രധ്രം അംഹഃ അതി പാരയഥ* നിങ്ങൾ ദുർബലനെ ഞെരുക്കങ്ങൾ മറികടക്കാൻ നയിക്കുന്നതും
*യയാ വന്ദിതാരം നിദഃ മുഞ്ചഥ* സ്തുതിക്കുന്നവനെ ശകാരത്തിൽനിന്നു മോചിപ്പിക്കുന്നതുമായ
*മരുതഃ യാ വഃ ഊതിഃ സാ അർവാചീ* ആ നിങ്ങളുടെ സഹായം, മരുത്തുക്കളേ! നിങ്ങളുടെ അരികിൽ ത്തന്നെയുണ്ട്.
*സുമതിഃ വാശ്രാ ഇവ സു ഓ ജിഗാതു* നിങ്ങളുടെ ദയാവായ്പ്പ്, മുക്രയിടുന്ന (പശു)വെപ്പോലെ, ഇവിടെ വരട്ടെ!

★

## രണ്ടാം മണ്ഡലം, മുപ്പത്തൊൻപതാം സൂക്തം

ഗൃത്സമദൻ ഋഷി; 8 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; അശ്വികൾ ദേവത

ഈ സൂക്തത്തിന്റെ കവി അശ്വികളുടെ ഓരോ വർണനവും ഓരോ ഉപമയെക്കൊണ്ട് ഭൂഷിതമാക്കുന്നതിൽ തികച്ചും മൗലികമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ആനുഷംഗികമായ ശ്ലേഷംകൊണ്ട് ഉപമയെ പോഷിപ്പിച്ചതിന് രണ്ടാം പദ്യം ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. ഏഴ് മറ്റൊരുദാഹരണം. മറ്റൊരു സവിശേഷത അശ്വികളെ ശരീരത്തോടോ ശരീരാവയവങ്ങളോടോ ഉപമിക്കുന്നുവെന്നതാണ്. ഏഴാം പദ്യത്തിലെ ഉപമയിലെ ഉപമാനം ഏകവചനമാണ്. ഉപമേയം അശ്വികളല്ല. അവർക്കുവേണ്ടി രചിച്ച ഈ ഗാനങ്ങളാണ്. അവയെ മഴുവായി സങ്കല്പിക്കുന്നു. ഈ ഉപമയിലും വൈചിത്ര്യം വരുത്തിയിരിക്കുന്നുവെന്നു താല്പര്യം.

**1. ഗ്രാവാണേവ തദിദർഥം ജരേഥേ**
**ഗൃധ്രേവ വൃക്ഷം നിധിമന്തമച്ഛ**
**ബ്രഹ്മാണേവ വിദഥ ഉക്ഥശസാ**
**ദൂതേവ ഹവ്യാ ജന്യാ പുരുത്രാ**

*ഗ്രാവാണാ ഇവ വൃക്ഷം ഗൃധ്രാ ഇവ* പിടിക്കല്ലുകളെപ്പോലെയും മരത്തിനുനേരെ കഴുകന്മാരെപ്പോലെയും
*വിദഥേ ഉക്ഥശസാ ബ്രഹ്മാണാ ഇവ* യജ്ഞവിതരണത്തിൽ സൂക്തങ്ങൾ ചൊല്ലുന്ന മന്ത്രകാരന്മാരെപ്പോലെയും
*ജന്യാ പുരുത്രാ ഹവ്യാ ദൂതാ ഇവ* ജനങ്ങളെ സേവിച്ചുകൊണ്ട് പല സ്ഥലങ്ങളിൽ വിളിക്കപ്പെടുന്ന ദൂതന്മാരെപ്പോലെയും
*നിധിമന്തം അച്ഛ തദർഥം ഇദ് ജരേഥേ* (തേനിന്റെ) ഒളിഞ്ഞിരിക്കുന്ന നിധിയുള്ളതെന്ന ഈ ഉദ്ദേശ്യത്തിനു മാത്രം നിങ്ങളിരുവരും ഉണർന്നാലും!

**2. പ്രാതർയാവാണാ രഥ്യേവ വീരാ–**
**ജേവ യമാ വരമാ സചേഥേ**
**മേനേ ഇവ തന്വാ ശുംഭമാനേ**
**ദമ്പതീവ ക്രതുവിദാ ജനേഷു**

*രഥ്യാ വീരാ ഇവ പ്രാതർയാവാണാ* തേരിൽ വീരന്മാരെപ്പോലെ അതിരാവിലെ യാത്ര ചെയ്തുകൊണ്ട്
*യമാ അജാ ഇവ വരം* ഇരട്ടയാടുകളെപ്പോലെ നിങ്ങൾ വരിക്കുന്നതിനെ
*തന്വാ ശുംഭമാനേ മേനേ ഇവ* ശരീരങ്ങളെ ശോഭമാനമാക്കി അന്യോന്യം കൈമാറുന്ന ഭാര്യമാരെപ്പോലെയും
*ദമ്പതീ ഇവ ജനേഷു ക്രതുവിദാ വരം ആ സചേഥേ* വിവാഹിതദമ്പതിമാരെപ്പോലെയും ജനങ്ങൾക്കിടയിൽ നിങ്ങൾ ഒരു പൊതുതീരുമാനം കണ്ടെത്തിക്കൊണ്ട് ആഗ്രഹിക്കുന്നവനെ പ്രാപിക്കുന്നു.

**3. ശൃംഗേവ നഃ പ്രഥമാ ഗന്തമർവാക്**
**ച്ഛപാ ഇവ ജർഭുരാണാ തരോഭിഃ**
**ചക്രവാകേവ പ്രതിവസ്തോരുസ്രാർ–**
**വാഞ്ചായാതം രഥ്യേവ ശക്രാ**

*പ്രഥമാ ശൃംഗാ ഇവ ജർഭുരാണാ* മൃഗത്തിന്റെ ആദ്യം മുളക്കുന്ന കൊമ്പുകളെപ്പോലെ സ്ഥായിയും
*തരോഭിഃ ശഫൗ ഇവ നഃ അർവാക് ഗന്തം* ശക്തമായ കുളമ്പുകളെപ്പോലെയും നിങ്ങൾ ഞങ്ങളുടെനേർക്കു വന്നാലും!
*ശക്രാ ഉസ്രാ പ്രതി വസ്തോഃ ചക്രവാകാ ഇവ* ശക്തരായ അരുണാഭന്മാരേ! ഓരോ പ്രഭാതത്തിലും (സമാഗമിക്കുന്ന) ചക്രവാകപ്പക്ഷികളെപ്പോലെയും
*രഥ്യാ ഇവ അർവാഞ്ചാ യാതം* തേരാളികളെപ്പോലെയും ഇങ്ങോട്ടു വന്നാലും!

**4. നാവേവ നഃ പാരയതം യുഗേവ**
**നഭ്യേവ ന ഉപധീവ പ്രധീവ**
**ശ്വാനേവ നോ അരിഷണ്യാ തനൂനാം**
**ഖൃഗലേവ വിസ്രസഃ പാതമസ്മാൻ**

*നാവാ ഇവ യുഗാ ഇവ* തോണികളെപ്പോലെയും നുകങ്ങളെപ്പോലെയും
*നഭ്യാ ഇവ ഉപധീ ഇവ* ചക്രകൂടം പോലെയും അതിന്റെ പലകപോലെയും
*പ്രധീ ഇവ നഃ പാരയതം* ബാഹ്യവലയം പോലെയും ഞങ്ങളെ അക്കര കടത്തിയാലും!
*നഃ തനൂനാം അരിഷണ്യാ* ഞങ്ങളുടെ ശരീരങ്ങൾക്ക് അപകടം വരുത്താതെയും
*ശ്വാനാ ഇവ ഖൃഗലാ ഇവ* നായ്ക്കളെപ്പോലെയും ഉറുക്കുകളെപ്പോലെയും
*വിസ്രസഃ അസ്മാൻ പാതം* ആപത്തിൽനിന്നു ഞങ്ങളെ രക്ഷിച്ചാലും!

**5. വാതേവാജൂര്യാ നദ്യേവ രീതി–**
**രക്ഷീ ഇവ ചക്ഷുഷാ യാതമർവാക്**
**ഹസ്താവിവ തന്വേ ശംഭവിഷ്ഠാ**
**പാദേവ നോ നയതം വസ്യോ അച്ഛ**

*വാതാ ഇവ അജുര്യാ* കാറ്റുകളെപ്പോലെ ജര ബാധിക്കാതെയും
*നദ്യാ ഇവ രീതിഃ* നദികളെപ്പോലെ (ഒറ്റ)യൊഴുക്കായും
*അക്ഷീ ഇവ ചക്ഷുഷാ* കണ്ണുകളെപ്പോലെ കാഴ്ച്ചയോടുകൂടിയും
*അർവാഗ് ആ യാതം* നേരെ ഇങ്ങോട്ടു വന്നാലും!
*ഹസ്തൗ ഇവ പാദാ ഇവ* കൈകാലുകളെപ്പോലെയും
*തന്വേ ശം ഭവിഷ്ഠാ* ശരീരത്തിനു സുഖം വരുത്തിക്കൊണ്ട്
*നഃ വസ്യുഃ അച്ഛ നയതം* ഞങ്ങളെ കൂടുതൽ മെച്ചപ്പെട്ട സ്ഥിതിയിലേക്കു നയിച്ചാലും!

**6. ഓഷ്ഠാവിവ മധ്വാ സ്നേ വദന്താ**
**സ്തനാവിവ പിപ്യതം ജീവസേ നഃ**
**നാസേവ നസ്തന്വോ രക്ഷിതാരാ**
**കർണാവിവ സുശ്രുതാ ഭൂതമസ്മേ**

*ഓഷ്ഠൗ ഇവ സ്നേ മധു ആ വദന്താ* ചുണ്ടുകൾപോലെ വായ്ക്കുവേണ്ടി തേനോതിക്കൊണ്ട്
*സ്തനൗ ഇവ നഃ ജീവസേ പിപ്യതം* മുലകളെപ്പോലെ ഞങ്ങളെ ജീവിക്കാൻ പുഷ്ടിപ്പെടുത്തിയാലും!
*നാസാ ഇവ നഃ തന്വഃ രക്ഷിതാരാ ഭൂതം* മൂക്കിൽതുളകളെപ്പോലെ ഞങ്ങളുടെ ശരീരത്തിന്റെ രക്ഷിതാക്കളായി ഭവിച്ചാലും!
*കർണൗ ഇവ അസ്മേ സുശ്രുതാ* കാതുകളെപ്പോലെ ഞങ്ങളെ നല്ല കേൾവിക്കാരായാലും!

**7. ഹസ്തേവ ശക്തിമഭി സംദദീ നഃ**
**ക്ഷാമേവ നഃ സമജതം രജാംസി**
**ഇമാ ഗിരോ അശ്വിനാ യുഷ്മയന്തീഃ**
**ക്ഷ്ണോത്രേണേവ സ്വധിതിം സം ശിശീതം**

*ഹസ്തൗ ഇവ നഃ ശക്തിം അഭി സംദദീ* കൈകളെപ്പോലെ ഞങ്ങൾക്ക് (തപ്പം)കൊട്ടാനുള്ള ശക്തി തന്നാലും!
*ക്ഷാമ ഇവ നഃ രജാംസി സം അജതം* ഭൂമി(യെയും സ്വർഗത്തെയും) പോലെ ഞങ്ങൾക്കു നഭോണണ്ഡലങ്ങളൊരുക്കിയാലും!
*അശ്വിനാ യുഷ്മയന്തീഃ ഇമാഃ ഗിരഃ* അശ്വികളേ! നിങ്ങളെ തേടിയുള്ള ഈ ഗാനങ്ങൾക്ക്,
*ക്ഷ്ണോത്രേണ സ്വധിതിം ഇവ സംശിശീതം* ഉരകല്ലുകൊണ്ടു മഴുവിന്നെന്നപോലെ, മൂർച്ച കൂട്ടിയാലും!

**8. ഏതാനി വാമശ്വിനാ വർധനാനി**
**ബ്രഹ്മ സ്തോമം ഗൃത്സമദാസോ അക്രൻ**
**താനി നരാ ജുജുഷാണോപയാതം**
**ബൃഹദ് വദേമ വിദഥേ സുവീരാഃ**

*അശ്വിനാ ഗൃത്സമദാസഃ ഏതാനി* അശ്വികളേ! ഗൃത്സമദന്മാർ ഈ
*വാം വർധനാനി ബ്രഹ്മ സ്തോമം അക്രൻ* നിങ്ങളെ ശക്തിപ്പെടുത്തുന്ന പവിത്രമന്ത്രങ്ങളും സ്തുതിഗാനങ്ങളും നിർമിച്ചിരിക്കുന്നു.
*നരാ താനി ജുജുഷാണാ ഉപ യാതം* ഉന്നതപുരുഷന്മാരായ നിങ്ങളിരുവരും ഇവയിൽ ആനന്ദിച്ചുകൊണ്ട് അരികിലേക്കു വന്നാലും!
*വിദഥേ സുവീരാഃ ബൃഹദ് വദേമ* ഞങ്ങൾ യജ്ഞവിതരണത്തിൽ നല്ല വീരന്മാരോടുകൂടി ഗംഭീരമായി സംസാരിക്കട്ടെ!

★

## രണ്ടാം മണ്ഡലം, നാൽപ്പത്തിരണ്ടാം സൂക്തം

ഗൃത്സമദൻ ഋഷി; 3 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; ശകുനപ്പക്ഷി ദേവത (കപിഞ്ജലരൂപിയായ ഇന്ദ്രനെന്ന് വള്ളത്തോളും ഒ. എം. സി. യും)

രണ്ടാം മണ്ഡലത്തിലെ അവസാനത്തെ രണ്ടു ലഘുസൂക്തങ്ങൾ ജനകീയസ്വഭാവമുള്ളവയും മംഗളകരമായ കരച്ചിൽ ഉണ്ടാക്കുന്നതുകൊണ്ട് ശകുനമെന്നു വിളിക്കപ്പെടുന്നവയുമാണ്.

**1. കനിക്രദജ്ജനുഷം പ്രബ്രുവാണ**
**ഇയർത്തി വാചമരിതേവ നാവം**
**സുമംഗലശ്ച ശകുനേ ഭവാസി**
**മാ ത്വാ കാചിദഭിഭാ വിശ്വ്യാ വിദത്**

*കനിക്രദദ് ജനുഷം പ്രബ്രുവാണഃ* എപ്പോഴും ചിലച്ചും തന്റെ തരക്കാരെ അറിയിച്ചുംകൊണ്ട്,
*അരിതാ ഇവ നാവം വാചം ഇയർത്തി* തുഴക്കാരൻ തോണിയെയെന്നപോലെ, അത് വാക്കുയർത്തുന്നു.
*സുമംഗലഃ ച ഭവാസി ശകുനേ* നീ ശുഭശകുനമാണെങ്കിൽ, പക്ഷീ!
*കാ ചിദ് അഭിഭാ ത്വാ വിശ്വ്യാ മാ വിദത്* ഒരിക്കലും ഒരു കേടും നിനക്ക് ഒരിടത്തുനിന്നും ഉണ്ടാകാതിരിക്കട്ടെ!

**2. മാ ത്വാ ശ്യേന ഉദ്വധീന്മാ സുപർണോ**
**മാ ത്വാ വിദദിഷുമാൻ വീരോ അസ്താ**
**പിത്ര്യാമനു പ്രദിശം കനിക്രദത്**
**സുമംഗലോ ഭദ്രവാദീ വദേഹ**

*ശ്യേനഃ മാ സുപർണഃ മാ ത്വാ ഉദ് വധീത്* പരുന്തോ കഴുകനോ നിന്നെ കൊത്താതിരിക്കട്ടെ!
*ഇഷുമാൻ വീരഃ അസ്താ മാ വിദത്* ശരങ്ങളോടുകൂടിയ വീരനോ അമ്പെയ്ത്തുകാരനോ നിന്നെ കണ്ടെത്താതിരിക്കട്ടെ!
*സുമംഗലഃ പിത്ര്യാം പ്രദിശം* ശുഭശകുനമായ നീ പിതൃക്കളുടെ ദിക്കിലേക്ക് (തെക്കുഭാഗത്ത്)
*അനു കനിക്രദദ് ഭദ്രവാദീ ഇഹ വദ* എപ്പോഴും ചിലച്ചും മംഗളകരമായി പറഞ്ഞുംകൊണ്ട് ഇവിടെ മൊഴിഞ്ഞാലും!

**3. അവ ക്രന്ദ ദക്ഷിണാതോ ഗൃഹാണാം**
**സുമംഗലോ ഭദ്രവാദീ ശകുന്തേ**
**മാ നഃ സ്തേന ഈശത മാഘശംസോ**
**ബൃഹദ്വദേമ വിദഥേ സുവീരാഃ**

*ശകുന്തേ സുമംഗലഃ ഭദ്രവാദീ* പക്ഷീ! നീ ശുഭശകുനമായി മംഗളം പറയുന്നവനായി
*ഗൃഹാണാം ദക്ഷിണതഃ അവ ക്രന്ദ* വീടുകളുടെ വലത്തുഭാഗത്ത് താഴോട്ടു ചിലച്ചാലും!
*നഃ സ്തേനഃ മാ അഘശംസഃ മാ ഈശത* ഞങ്ങളുടെമേൽ കള്ളനോ ദോഷം പറയുന്നവനോ ആധിപത്യം നേടരുത്!
*സുവീരാഃ വിദഥേ ബൃഹദ് വദേമ* നല്ല വീരന്മാരോടുകൂടിയ ഞങ്ങൾ യജ്ഞവിതരണത്തിൽ ഗംഭീരമായി സംസാരിക്കട്ടെ!

★

## രണ്ടാം മണ്ഡലം, നാൽപ്പത്തിമൂന്നാം സൂക്തം

*ഗൃത്സമദൻ ഋഷി; 3 പദ്യങ്ങൾ; വൃത്തം ജഗതി (1, 3) അതിശക്വരി അഥവാ അഷ്ടി (2); ശകുനപ്പക്ഷി ദേവത (കപിഞ്ജലരൂപിയായ ഇന്ദ്രനെന്ന് വള്ളത്തോളും ഒ. എം. സി. യും)*

ഈ സൂക്തത്തിൽ കവി ശകുനപ്പക്ഷിയെ, പ്രസിദ്ധമായ മണ്ഡൂകസൂക്തത്തെ (7. 103) ഓർമ്മിപ്പിക്കുമാറ്, യജ്ഞത്തിലെ ഋത്വിക്കുകളോട് താരതമ്യപ്പെടുത്തുന്നു.

**1. പ്രദക്ഷിണിദഭിഗൃണന്തി കാരവോ**
**വയോ വദന്ത ഋതുഥാ ശകുന്തയഃ**
**ഉഭേ വാചൗ വദതി സാമഗാ ഇവ**
**ഗായത്രം ച ത്രൈഷ്ടുഭം ചാനു രാജതി**

*വയഃ ശകുന്തയഃ ഋതുഥാ വദന്തഃ* പക്ഷികൾ, ശകുനപ്പക്ഷികൾ, ഉചിതമായ കാലത്ത് പറഞ്ഞുകൊണ്ട്
*കാരവഃ പ്രദക്ഷിണിദ് അഭി ഗൃണന്തി* ഗായകർ വലതുഭാഗത്തേക്കു തിരിഞ്ഞ് സ്വാഗതം പാടട്ടെ.
*സാമഗാഃ ഇവ ഉഭേ വാചൗ വദന്തി* അവൻ സാമഗായകരെപ്പോലെ, രണ്ടു വാക്കുകളും പറയും:
*ഗായത്രം ച ത്രൈഷ്ടുഭം ച അനു രാജതി* അവർ ഗായത്രീവൃത്തത്തെയും ത്രൈഷ്ടുഭവൃത്തത്തെയും നിയതമാക്കും.

**2. ഉദ്ഗാതേവ ശകുനേ സാമ ഗായസി**
**ബ്രഹ്മപുത്ര ഇവ സവനേഷു ശംസസി**
**വൃഷേവ വാജീ ശിശുമതീരപീത്യാ**
**സർവതോ വഃ ശകുനേ ഭദ്രമാ വദ**
**വിശ്വതോ വഃ ശകുനേ പുണ്യം ആ വദ**

*ശകുനേ ഉദ്ഗാതാ ഇവ സാമ ഗായസി* ശകുനപ്പക്ഷീ! ഉദ്ഗാതാവിനെപ്പോലെ, നീ സാമം പാടുന്നു;
*ബ്രഹ്മപുത്രഃ ഇവ സവനേഷു ശംസസി* ബ്രാഹ്മണാച്ഛംസിയെപ്പോലെ നീ സവനങ്ങളിൽ ചൊല്ലുന്നു;
*വൃഷാ ഇവ വാജീ ശിശുമതീഃ അപീത്യ* കാളയെപ്പോലുള്ള സമ്മാനജേതാവ് കുട്ടിയോടുകൂടി (പെൺകുതിരകളെ) സമീപിച്ചിട്ട്,
*ശകുനേ സർവതഃ നഃ ഭദ്രം ആ വദ* ശകുനപ്പക്ഷീ! നീ എല്ലാ തരത്തിലും ഞങ്ങളോടു മംഗളമായി പറഞ്ഞാലും!
*ശകുനേ വിശ്വതഃ നഃ പുണ്യം ആ വദ* ശകുനപ്പക്ഷീ! നീ എല്ലാ തരത്തിലും ഞങ്ങളോടു പുണ്യമായതു പറഞ്ഞാലും!

**3. ആവദംസ്ത്വം ശകുനേ ഭദ്രമാ വദ**
**തൂഷ്ണീമാസീനഃ സുമതിം ചികിദ്ധി നഃ**
**യദുത്പതൻ വദസി കർക്കരിർയഥാ**
**ബൃഹദ്വദേമ വിദഥേ സുവീരാഃ**

*ശകുനേ ആ വദൻ ത്വം ഭദ്രം ആ വദ* ശകുനപ്പക്ഷീ! പറയുമ്പോൾ നീ മംഗളമായതു പറഞ്ഞാലും!
*തൂഷ്ണീം ആസീനഃ നഃ സുമതിം ചികിദ്ധി* മിണ്ടാതിരുന്നുകൊണ്ട് ഞങ്ങളുടെ നല്ല ചിന്ത ശ്രദ്ധിച്ചാലും!
*യദ് ഉത്പതൻ കർക്കരിം യഥാ വദസി* നീ പറന്നുകൊണ്ട് വീണയെപ്പോലെ പറയുന്നു.
*സുവീരാഃ വിദഥേ ബൃഹദ് വദേമ* ഞങ്ങൾ നല്ല വീരന്മാരോടുകൂടി യജ്ഞവിതരണത്തിൽ ഗംഭീരമായി സംസാരിക്കട്ടെ!

★

## മൂന്നാം മണ്ഡലം

മൂന്നാം മണ്ഡലം വിശ്വാമിത്രകുലവിരചിതമത്രേ. ചില അപവാദങ്ങളൊഴിച്ച് മൂന്നാം മണ്ഡലത്തിലെ സൂക്തങ്ങളെല്ലാം വിശ്വാമിത്ര ഗാഥിനന്റെയോ അവന്റെ ഗോത്രക്കാരുടെയോ ആണ്. അഗ്നി (1–29), ഇന്ദ്രൻ (30–53), വിശ്വേദേവന്മാർ (54–57), അശ്വികൾ (58), മിത്രൻ (59), ഋഭുക്കൾ (60), ഉഷസ്സ് (61), വിവിധദേവതകൾ (62) എന്നിവയാണ് ദേവതകൾ.

1 മുതൽ 12 വരെ സൂക്തങ്ങൾ വിശ്വാമിത്ര ഗാഥിനനും 13–14 സൂക്തങ്ങൾ ഋഷഭ വിശ്വാമിത്രനും 15–16 സൂക്തങ്ങൾ ഉത്കീല കാത്യനും 17– 18 സൂക്തങ്ങൾ കാത്യ വിശ്വാമിത്രനും 19 –22 സൂക്തങ്ങൾ ഗാഥി കൗശികനും 23 –ാം സൂക്തം ദേവശ്രവസ്സ് ഭാരതനും ദേവവാതഭാരതനും 24–30 സൂക്തങ്ങൾ വിശ്വാമിത്ര ഗാഥിനനും 31–ാം സൂക്തം കുശിക ഐശീരഥി അഥവാ കുശിക ഗാഥിനനും 32–53 സൂക്തങ്ങൾ വിശ്വാമിത്ര ഗാഥിനനും 54–56 പ്രജാപതി വിശ്വാമിത്രൻ അഥവാ പ്രജാപതി വാച്യനും 57–62 വിശ്വാമിത്ര ഗാഥിനനും രചിച്ചത്. 1–ാം സൂക്തം അഗ്നിക്കും 2–3 അഗ്നി വൈശ്വാനരന്നും 4 ആപ്രിക്കും 5–7 അഗ്നിക്കും 8 യൂപത്തിനും 9–11 അഗ്നിക്കും 12 ഇന്ദ്രാഗ്നികൾക്കും 13–19 അഗ്നിക്കും 20 അഗ്നിക്കും വിശ്വേദേവന്മാർക്കും 21 അഗ്നിക്കും 22 പുരീഷ്യാഗ്നികൾക്കും 23–24 അഗ്നിക്കും 25 അഗ്നിക്കും ഇന്ദ്രാഗ്നികൾക്കും 26 അഗ്നി വൈശ്വാനരന്നും 27–29 അഗ്നിക്കും 30–32 ഇന്ദ്രന്നും 33 വിശ്വാമിത്രന്നും നദികൾക്കും 34–52 ഇന്ദ്രന്നും 53 ഇന്ദ്രൻ, ഇന്ദ്രനും പർവതനും, വാക്ക്, (സസർപ്പരീ) രഥാംഗങ്ങൾ, അഭിശാപം എന്നിവർക്കും 54–57 വിശ്വേദേവന്മാർക്കും 58 അശ്വികൾക്കും 59 മിത്രന്നും 60 ഋഭുക്കൾക്കും ഇന്ദ്രനും 61 ഉഷസ്സിനും 62 ഇന്ദ്രാവരുണന്മാർ, ബൃഹസ്പതി, പൂഷാവ്, സവിതാവ്, സോമൻ, മിത്രാവരുണന്മാർ എന്നിവർക്കും സമർപ്പിക്കപ്പെട്ടിരിക്കുന്നു.

പുരോഹിതന്മാർ തന്നെ ജ്വലിപ്പിച്ചത് ഹവിസ്സുകൾ വഹിക്കാനാണെന്ന് അഗ്നി പ്രഖ്യാപിക്കുന്നതോടെ ഒന്നാം സൂക്തം ആരംഭിക്കുന്നു. കവിയും പുരോഹിതന്മാരും അഗ്നി സ്ഥാപിച്ചത് യജ്ഞം തുടങ്ങാനാണെന്നു സമ്മതിക്കുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങളിൽ യജ്ഞാഗ്നിയുടെയും അഗ്നിയുടെയും ജനനം സൂചിപ്പിക്കുന്നു. സൂക്തത്തിന്റെ ആദ്യഭാഗം (3–14) യജ്ഞാഗ്നിയുടെ ജന്മം മാത്രമല്ല, അഗ്നിയുടെ ആത്യന്തികമായ ജന്മം തന്നെ വെള്ളത്തിൽനിന്നാണെന്നു കാണിക്കുന്നു. 15 മുതലുള്ള പദ്യങ്ങൾ കൂടുതൽ വ്യക്തമായി യജ്ഞാഗ്നിയെ സംബോധന ചെയ്യുന്നു.

ആദ്യപദ്യം ഈ രണ്ടാം സൂക്തത്തിലെ രണ്ടു പ്രമേയങ്ങൾ അറിയിക്കുന്നു: യജ്ഞത്തിലെ അഗ്നിപ്രതിഷ്ഠയും അതിനു പുരോഹിതന്മാർ ചൊല്ലുന്ന വാക്കളുമായുള്ള ബന്ധവും. പുരോഹിതന്മാർ അഗ്നിക്കുവേണ്ടി "ധിഷണ" (വിശുദ്ധസ്ഥാനം) സൃഷ്ടിക്കുന്നുവെന്ന് അറിയിച്ചുകൊണ്ട് കവി ആരംഭിക്കുന്നു. അഗ്നിസ്ഥാനമായ ധിഷണയും പുരോഹിതന്മാരുടെ വാക്കുകളും തമ്മിൽ ബന്ധമുണ്ട്. സ്തോതാക്കൾ അഗ്നിയെ തങ്ങളുടെ ഹോതാവായി കൊണ്ടുവരുന്നു (1). ദേവന്മാർ ആദ്യം അഗ്നിയെ തങ്ങളുടെ ഉൾക്കാഴ്ച്ചകളിലൂടെ ഉയർത്തി (3). അഗ്നി "ഞങ്ങളുടെ" നല്ല ചിന്തകളിലൂടെ അഭിവൃദ്ധിപ്പെടുന്നു (12). യജ്ഞാനുഷ്ഠാതാക്കളുടെ വാക്കുകളും അഗ്നിജ്വലനവും തമ്മിലുള്ള ബന്ധം അഗ്നിയെ കവി എന്നു വിശേഷിപ്പിക്കുന്നതിൽ പ്രതിഫലിക്കുന്നു (4, 7, 10). ഈ സൂക്തം അഗ്നിയെ വൈശ്വാനരൻ എന്ന നിലയിൽ വർണിക്കുന്നു. 4–ൽ രാജന്തം എന്ന അഗ്നിവിശേഷണം ശ്ലേഷരൂപത്തിൽ ഭരിക്കുക എന്നും തിളങ്ങുക എന്നും അർഥമാക്കുന്നു. 9–ലെ മൂന്ന് അരണിക്കോലുകൾ യജ്ഞപ്രദേശത്തെ (അതായത്, ഭൂമിയിലെ) പടിഞ്ഞാറും തെക്കും കിഴക്കുമുള്ള മൂന്ന് അഗ്നികളെ പരാമർശിക്കുന്നു. അങ്ങനെ യജ്ഞഭൂമിക്കു ചുറ്റുമുള്ള യജ്ഞാഗ്നികൾ സൂര്യനാണെന്നു സങ്കല്പം. സൂക്താന്ത്യത്തിൽ കവി സുഖസഞ്ചാരത്തിനും യജ്ഞമത്സരത്തിൽ വിജയസമ്മാനങ്ങൾക്കും സമ്പത്തിനും യാചിക്കുന്നു.

മൂന്നാം സൂക്തത്തിൽ കവി അഗ്നിയും സൂര്യനുമെന്ന നിലയിലുള്ളതും അതുകൊണ്ടുതന്നെ മനുഷ്യരും ദേവന്മാരുമായി ബന്ധപ്പെടുന്നതുമായ അഗ്നിയുടെ പങ്കാണ് വിവരിക്കുന്നത്. യജ്ഞാഗ്നിയും സൂര്യനുമെന്ന നിലയിൽ അഗ്നിയുടെ നീക്കം ആദ്യപദ്യത്തിൽ അറിയിക്കുന്നു. അഗ്നി ദേവന്മാരുടെ സൗഹൃദം സമ്പാദിക്കുകയും മനുഷ്യർക്കുവേണ്ടി യജ്ഞത്തിന്റെ ഉദ്ഗ്രഥിതത്വം നിലനിർത്തുകയും ചെയ്യുന്നു. അവൻ ദേവന്മാരുടെയും മനുഷ്യരുടെയുമായതുകൊണ്ട് അഗ്നി രണ്ടു ലോകാർധങ്ങൾക്കിടയിൽ നീങ്ങുന്നു – സ്വർഗത്തിലുള്ള ദേവന്മാരുടെ മണ്ഡലത്തിലും മനുഷ്യരുടെ സ്ഥലമായ ഭൂമിയിലും. ഈ പ്രമേയം 2, 4, 6, 10 എന്നിവയിൽ ആവർത്തിച്ചു വരുന്നുണ്ട്. അഗ്നിയുടെ ദേവന്മാരും മനുഷ്യരുമായുള്ള ബന്ധം എട്ടാം പദ്യത്തിൽ അതിന്റെ ഉച്ചകോടിയിലെത്തുന്നു. ഇവിടെയൊക്കെ പല കാര്യങ്ങളിലും അവ്യക്തത തോന്നുന്നുണ്ട്.

തനൂനപാത്ത് രണ്ടാമതായി വരുന്നതും നരാശംസൻ ഇല്ലാത്തതുമായ ഏകാദശപദ്യാത്മകമായ ആപ്രീസൂക്തമാണ് നാലാമത്തേത്. ഇതിൽ എല്ലാ താക്കോൽവാക്കുകളും പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള നിഷ്പത്തിയുമായി ബന്ധപ്പെട്ടോ (1) ഉച്ചാരണപരമായി സമാനമോ ആയ (3) പദങ്ങളോ (5) ഉള്ളതായി കാണിക്കപ്പെട്ടിട്ടില്ല.

അഞ്ചാം സൂക്തത്തിൽപ്രാതഃകർമങ്ങൾക്കു ജ്വലിപ്പിക്കപ്പെട്ട അഗ്നിയെക്കുറിച്ചുള്ള സംബോധന ഉഷസ്സുകളെയും സൂര്യനെയും മുൻകൂട്ടി കാണുന്നു. അവന്റെ വരവ് പുരോഹിതന്മാരുടെ ചൊല്ലലുകളെ പ്രചോദിപ്പിക്കുന്നു. അഗ്നി ഈ ചൊല്ലലുകളിലൂടെയും കർമങ്ങളിലൂടെയും സ്വയം ശക്തനായി വളരുന്നു. കവിയുടെ മുഖ്യപ്രമേയം അഗ്നിയെ അവന്റെ സമാനധർമങ്ങളുള്ള വിവിധദേവതകളുമായി താദാത്മ്യപ്പെടുത്തുകയാണ്. നാലാം പദ്യത്തിലും 9–ാം പദ്യത്തിന്റെ ഒടുവിൽ സംക്ഷിപ്തമായും അഗ്നി മിത്രനാണെന്നു പ്രസ്താവിക്കുന്നു. സഖ്യത്തിന്റെ ദേവതയാണ് മിത്രൻ. അഗ്നിജ്വലനം യജ്ഞാനുഷ്ഠാനത്തിൽ ദേവന്മാരും മനുഷ്യനും തമ്മിലുള്ള സഖ്യത്തിലൂടെ പുനഃസൃഷ്ടിക്കപ്പെടുന്നു. അഗ്നിയുടെ അധ്വര്യുവുമായുള്ള താദാത്മ്യകരണം അവന്റെ ഈ മിത്രത്വത്തെ പിന്തുടർന്നു വരുന്നതാണ്. അഗ്നി

കർമത്തിന്റെയു ഗൃഹത്തിന്റെയും ഭാഗം മാത്രമല്ല, നദികളുടെയും പർവതങ്ങളുടെയും ഭൂമിയുടെ എല്ലാ അതിർത്തികളുടെയും സഖാവാണ്. നാലാം പദ്യത്തിൽ പതിവില്ലാത്തവിധം ജാതവേദസ്സായ അഗ്നിയെ നിയമങ്ങളുടെ ദേവനായ വരുണനോടു താദാത്മ്യപ്പെടുത്തുന്നു. 5–6 പദ്യങ്ങളിൽ വ്യക്തതക്കുറവു തോന്നുന്നു. ഏഴാം പദ്യത്തിൽ വീണ്ടും അഗ്നിയുടെ ജന്മം പ്രതിപാദിക്കുന്നു. ഒൻപതിൽ അഗ്നി വിണ്ണിൽ പ്രത്യക്ഷപ്പെടുന്ന സൂര്യനാണ്. അത് യജ്ഞഭൂമിയിലും ഭൂമിയുടെ നാഭിയിലും കാണുന്ന യജ്ഞാഗ്നിയാണ്. അഗ്നി മാതരിശ്വാവാണെന്നതാണ് അവസാനത്തെ താദാത്മ്യകരണം. അഗ്നിയെ കൊണ്ടുവരുന്നവനാണ് മാതരിശ്വാവ്. കാരണം, അഗ്നി അഗ്നിയെ ഉണ്ടാക്കുന്നു.

തുടക്കം മുതൽ ആറാം സൂക്തം പുരോഹിതനും യജ്ഞാഗ്നിയുമെന്ന നിലയിലും ഭൂമിയിലും ദേവന്മാർക്കിടയിലുമുള്ള അഗ്നിയെന്ന നിലയിലുമുള്ള അഗ്നിയുടെ ദ്വന്ദ്വസ്വഭാവങ്ങൾ അടയാളപ്പെടുത്തുന്നു. ഒന്നാം പദ്യം ശ്ലേഷച്ഛായയുള്ളതാണ്. ജുഹൂപദംകൊണ്ട് ഹവിസ്സു പകരുന്ന സ്രുക്കിനെയും കവിയുടെ നാക്കിനെയും ഇതുകൊണ്ട് അർഥമാക്കാം. കവികളുടെ വാക്കിനെപ്പോലും ഇതുകൊണ്ടു വിവക്ഷിക്കാവുന്നതാണ്. രണ്ടാം പദ്യത്തിലെ "വഹ്നി"യും, ഇതുപോലെ, ഭാരം വഹിക്കുന്ന കുതിരയെയും അഗ്നിജ്വാല, യജ്ഞപുരോഹിതൻ എന്നീ അർഥങ്ങളെ കുറിക്കുന്നു. മൂന്നാം പദ്യം മുതൽ കവി പ്രധാനമായ തന്റെ പ്രമേയത്തിലേക്കു കടക്കുന്നു. ദേവന്മാർക്കും മനുഷ്യർക്കുമിടയിലെ മധ്യസ്ഥനെന്ന അഗ്നിയുടെ പദവി ഒരുതരം 'ദിവ്യ'ശ്ലേഷമാണ്. അഗ്നി ഒരേസമയം ദേവന്മാരുടെയും മനുഷ്യരുടെയും ഹോതാവാണ്. സ്വർഗത്തിന്റെയും ഭൂമിയുടെയും പരാമർശം (3, 4), "രണ്ടു ലോകാർധങ്ങൾ" (5, 10) എന്നിവ ഈ പങ്കു വെളിപ്പെടുത്തുന്നു. അഗ്നി സ്വർഗീയാഗ്നിയെയും സൂര്യനെയും ഭൂമിയിലെ യജ്ഞാഗ്നിയെയും കുറിക്കുന്നു.

ഏഴാം സൂക്തം കരുതിക്കൂട്ടി അവ്യക്തമാക്കിയ ഒരു പ്രഭാതസൂക്തമാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കവി ഈ അവ്യക്തത സൃഷ്ടിക്കുന്നത് ദുർലഭം ചിലേടങ്ങളിൽ നേരിട്ട് വർണ്യവസ്തുക്കളെ തിരിച്ചറിയാതെ വിടുന്നതിലൂടെയും പെൺകുതിരകളും കാളകളും പോലുള്ള രൂപകങ്ങൾ ഉപയോഗിക്കുന്നതിലൂടെയുമാണ്. കവി ഈ സമീപനം സ്വീകരിക്കാനുള്ള ഒരു കാരണം, അദ്ദേഹം ഒരേസമയം പ്രഭാതത്തെ  വർണിക്കുകയും പ്രാതഃസവനത്തിൽ പ്രസക്തമായ പുരോഹിതന്മാരും അവരുടെ പ്രവർത്തനവും യജ്ഞാഗ്നിയുടെയും അങ്ങനെ അഗ്നിദേവന്റെയും ആവിർഭാവം, അഗ്നിയുടെ മറ്റൊരു രൂപമായ സൂര്യന്റെ ഉദയം എന്നീ മൂന്നു വസ്തുതകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. കവിയുടെ അലങ്കാരകല്പനയുടെ സങ്കീർണതയും സാധ്യതകളും വിശദമാക്കുന്നതിന് ചില ഉദാഹരണങ്ങൾമാത്രം ചൂണ്ടിക്കാട്ടുന്നു. ഒന്നാം പദ്യത്തിലെ ഏഴു ശബ്ദങ്ങൾ സപ്തസിന്ധുക്കളെ സൂചിപ്പിക്കുന്നുവെന്ന് ഒരു പക്ഷം. അത് സോമയജ്ഞത്തിലെ ഏഴു പുരോഹിതരുടെ ശബ്ദവുമാവാം. അഗ്നിയുടെ അച്ഛനമ്മമാർ സ്വർഗവും ഭൂമിയുമാണ്. രണ്ട് അരണിക്കോലുകളുമാവാം. "രണ്ട് അമ്മമാർ" എന്നു പറയുന്നുണ്ടല്ലോ. യജ്ഞാഗ്നി അരണിക്കോലുകളുടെയും സൂര്യനായ അഗ്നി സ്വർഗഭൂമികളുടെയും മകനാണെന്ന വൈരുധ്യം മനഃപൂർവം ചൂഷണം ചെയ്യുകയാവാം കവിയുടെ ഉദ്ദേശ്യം. രണ്ടാം പദ്യത്തിലെ പെൺകുതിരകൾ വെള്ളമാണെന്നു സായണനും മറ്റുംഅഭിപ്രായപ്പെടുന്നു. അഗ്നിജ്വാലകളോ സൂര്യരശ്മികളോ ആവാമെന്നത്രേ *ഋഗ്വേദാം*ഗല(സമ്പൂർണം)വിവർത്തകരുടെ അഭിപ്രായം (1. 478). എങ്കിൽ, ഒറ്റപ്പശു സൂര്യനായിരിക്കണം. പക്ഷേ, സൂര്യനെ പശുവായോ സ്ത്രീയായോ മറ്റെവിടെയും പറയുന്നില്ല. ജ്വാലകൾ പെൺകുതിരകളും കറവപ്പശുക്കളുമാണെന്ന കല്പനയാവാം ഇതിനു പ്രേരകം. ഒറ്റപ്പശു യജ്ഞത്തവിയാണെന്ന നിരീക്ഷണവുമുണ്ട്. അഞ്ചാം പദ്യത്തിലെ "ഋഷിക"ളും ഏഴിൽ വരുന്ന "സപ്തർഷിക"ളും ഏഴു നക്ഷത്രങ്ങളോ സോമയജ്ഞത്തിലെ ഏഴു പുരോഹിതരോ ആയിരിക്കാം.

അഗ്നിസൂക്തസമാഹാരത്തിന്റെ ഇടയിലാണ് എട്ടാം സൂക്തമെങ്കിലും, ഇത് യജ്ഞയൂപത്തിന്നാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. അതിലാണല്ലോ യജ്ഞപശുവെ കെട്ടിയിടുക. എന്തിനാണിതിവിടെ ചേർത്തതെന്നു വ്യക്തമല്ല. മിക്കവാറും മുഴുവൻ ത്രിഷ്ടുപ്പുവൃത്തനിബദ്ധമായ ആറ് ഏകാദശപദ്യരൂപമായ അഗ്നിസൂക്തങ്ങളുടെ അന്ത്യത്തിലാണ് വരുന്നതെന്നതായിരിക്കാം ഇതിനു കാരണം. എന്നാൽ ഈ സൂക്തത്തിന്റെ ഘടനയെപ്പറ്റി ചിന്തോദ്ദീപകമായ ചർച്ചകൾ നടന്നിട്ടുണ്ട്. ഈ സൂക്തത്തിന് രണ്ടു ഭാഗങ്ങളും (1–5, 6–10) ഒരു ഉപസംഹാരപദ്യവു(11)മാണുള്ളതെന്നാണ് അവയുടെ രത്നച്ചുരുക്കം. രണ്ടു പ്രത്യേകഭാഗങ്ങൾ: ആദ്യത്തേത് ഒരു യൂപത്തെപ്പറ്റിയും രണ്ടാമത്തേത് പല യൂപങ്ങളെപ്പറ്റിയും. *അനുക്രമണി*യിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. വാചകശൈലിയിലും ഘടനയിലും രണ്ടും സമാന്തരം. ഒന്ന് ഒരു മൃഗത്തെ കെട്ടാനുള്ള യൂപത്തെപ്പറ്റിയും മറ്റേത് പല പശുക്കളെ കെട്ടാനുള്ള യൂപത്തെപ്പറ്റിയും. മൗലികമായി പ്രസ്തുതസൂക്തം രണ്ടെണ്ണമായിരിക്കാമെന്നും (ഒന്ന്, ഏകപശുയജ്ഞത്തിന്റെയും രണ്ടാമത്തേത് അനേകപശുയജ്ഞത്തിന്റെയും പശ്ചാത്തലത്തിൽ) പിന്നീടത് രണ്ടും ഒന്നിച്ചാക്കി ഒരു ഉപസംഹാരപദ്യവും ചേർത്ത് ഏകാദശസൂക്തസമാഹാരമായ അഗ്നിസൂക്തങ്ങൾക്കിടയിൽ ചേർത്തതായിരിക്കാമെന്നുമത്രേ പണ്ഡിതാഭിപ്രായം. രണ്ടു ഭാഗങ്ങളിലും യൂപത്തിന്റെ (ങ്ങളുടെ) നിവർന്നുനില്പ്, അഭിഷേകം, പൊതിയൽ എന്നീ യജ്ഞകർമങ്ങൾ ഒരുപോലെ. എന്നാൽ, യജ്ഞപശുവെപ്പറ്റി പരാമർശമില്ല.

ഒൻപതാം സൂക്തത്തിന്റെ പശ്ചാത്തലം അതിരാവിലത്തെ അഗ്നിജ്വലനമാണ് (7). പ്രമേയപരമായി കവി ദേവന്മാരുടെ അഗ്നിക്കുവേണ്ടിയുള്ള അന്വേഷണത്തെയും മനുഷ്യപുരോഹിതന്മാരുടെ അഗ്നിജ്വലനത്തെയും സമാന്തരപ്പെടുത്തുന്നു. അഗ്നി വെള്ളത്തിനുള്ളിലോ വെള്ളത്തെ ഉൾക്കൊണ്ട മരത്തിലോ അപ്രത്യക്ഷമാവുന്നു. അതുകൊണ്ട്, വെള്ളത്തിലാണ് "നിരീക്ഷകരും ചതിക്കാത്തവരുമായ" പുരോഹിതന്മാരോ ദേവന്മാരോ അവനെ കണ്ടെത്തിയത്. അഞ്ചാം പദ്യത്തിൽ ഈ ഇരട്ടപ്പരാമർശം പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. പദ്യത്തിന്റെ ആദ്യഭാഗം ദേവന്മാരിൽനിന്നുള്ള അഗ്നിയുടെ ഓടിപ്പോക്കിന്റെ പുരാവൃത്തവും സ്വർഗത്തിൽനിന്ന് അഗ്നിയെ കൊണ്ടുവരുന്ന മാതരിശ്വാവിന്റെ പുരാവൃത്തവും സൂചിപ്പിക്കുന്നു.

പത്താം സൂക്തം യജ്ഞത്തിൽ ജ്വലിപ്പിക്കപ്പെടുകയും ഹോതാവായി പ്രതിഷ്ഠിക്കപ്പെടുകയും ചെയ്ത അഗ്നിയെ സ്തുതിക്കുന്നു. ഹോതാവ് യജ്ഞത്തിൽ സൂക്തങ്ങൾ ചൊല്ലുന്നതുകൊണ്ടും ഈ സൂക്തം ഹോതാവായ അഗ്നിയുടെ പങ്കിൽ ഊന്നുന്നതുകൊണ്ടും കവിയും യജ്ഞവചസ്സിനെ അഗ്നിയുമായി പ്രത്യേകിച്ചു ബന്ധിപ്പിക്കുന്നു. ഹോതാവായ അഗ്നിയെ സംബോധന ചെയ്യുന്നതും അവന് ആസ്വദിക്കാൻ കഴിയുന്നതും അവനെ പ്രചോദിപ്പിക്കുന്നതുമായ വചസ്സിന്റെ കാര്യമാണിവിടെ പറയുന്നത്. വീണ്ടും , ഹോതാവായ അഗ്നിയുടെ പങ്കനുസരിച്ച് കവി ഹോതാവെന്ന നിലയിലും യജ്ഞത്തിൽ വരുന്ന ഏതു വീഴ്ച്ചയും തിരുത്താനുള്ള അവന്റെ കഴിവിലുമുള്ള അഗ്നിയുടെ വൈദഗ്ധ്യത്തിൽ ഊന്നുന്നു. യജ്ഞത്തിലെ അത്തരം വീഴ്ച്ചകൾ പരാമർശിക്കുന്ന ഏഴാം പദ്യത്തിൽ "വി രാജസി" എന്നതിന് "എല്ലാ ദിക്കിലും തിളങ്ങുന്നു" എന്നും "എല്ലാ ദിക്കിലും ഭരിക്കുന്നു" എന്നുമുള്ള രണ്ടർഥങ്ങളുമുണ്ട്. രണ്ടും സന്ദർഭത്തിനു ചേരുകയും ചെയ്യും.

. ദേവന്മാർക്കും മനുഷ്യർക്കുമിടയിലെ മധ്യവർത്തിയെന്ന നിലയിലുള്ള അഗ്നിയാണ് 11–ാം സൂക്തത്തിലെ പ്രമേയം. ഉദാഹരണമായി രണ്ടാം പദ്യത്തിൽ അവൻ മനുഷ്യനെപ്പോലെ അഗ്നിപുരോഹിതനാണ്; ദേവനെന്ന നിലയിൽ അവൻ, പക്ഷേ, അമർത്ത്യനത്രേ. ദേവന്മാരുടെ ആനന്ദത്തിനുവേണ്ടി അവനെ മർത്ത്യരോടുകൂടി ദൂതനായി ഭൂമിയിൽ വെച്ചിരിക്കയാണ്. അഞ്ചാം പദ്യത്തിലെ തേരെന്ന നിലയിലുള്ള അഗ്നിയെ സംബന്ധിച്ച അലങ്കാരകല്പന പതിവില്ലാത്തതും ശ്രദ്ധേയവുമാണ്. അതുകൊണ്ടും അത് സൂക്തത്തിലെ കേന്ദ്രപദ്യത്തിൽ വിന്യസിക്കപ്പെട്ടതുകൊണ്ടും അത് സൂക്തത്തിൽ പ്രാധാന്യം നേടുന്നു. അഗ്നി "വാഹക"നാണെന്നും (2, 4) "എല്ലാ ആക്രമണങ്ങളെയും അതിജീവിക്കുന്നവ"നാണെന്നു(6)മുള്ള വർണനകളും "സുധിത"മായ യജ്ഞഹവിസ്സുകളുടെയും ദേവസൂക്തങ്ങളുടെയും സമൃദ്ധിയും (8) പദ്യത്തിൽ പരാമൃഷ്ടമായ അഗ്നിക്കുള്ള ഇഷ്ട"വസ്തുക്ക"ളും മനുഷ്യർക്കുള്ള "കാമ്യ"വസ്തുക്കളും (9) ഇതത്രേ സൂചിപ്പിക്കുന്നത്. തേരിന്റെ രൂപകം യജമാനന്റെ "സന്തോഷിപ്പിക്കുന്ന ഹവിസ്സുക"ളിലേക്കും അഗ്നിയുടെ "വാസസ്ഥാന"ത്തേക്കുള്ള സഞ്ചാരവർണനയിലും (7) പ്രതിഫലിക്കുന്നു. അവിടത്തെ "വാഹസ്" (വാഹനം) അഗ്നിതന്നെയാവാൻ സാധ്യതയുണ്ട്.

12–ാം സൂക്തത്തിൽ കവി പ്രാതഃസവനത്തിൽ ഇന്ദ്രനെയും അഗ്നിയെയും സോമം കുടിക്കാൻ ക്ഷണിക്കുന്നു. രണ്ടു ദേവന്മാരെയും ഒരുമിച്ച് വിളിക്കുന്നുവെന്നു മാത്രമല്ല, രണ്ടുപേരുടെയും പ്രത്യേകപ്രവർത്തനങ്ങളെ കവി ഇരുവരുടേതുമായി കാണുകയും ചെയ്യുന്നു. അവരെ വിളിച്ചതിനുശേഷം ആദ്യത്തെ രണ്ടു പദ്യങ്ങളിൽ മധ്യമപുരുഷനിലും മൂന്നാം പദ്യത്തിൽ പ്രഥമപുരുഷനിലും പരാമർശിക്കുന്നു. പിന്നീട്, പ്രത്യേകിച്ച്, നാലും ആറും പദ്യങ്ങളിൽ അവരിരുവരുടെയും മഹത്തായ കർമങ്ങൾ രണ്ടുപേരുടെയുമാണെന്നു പറയുന്നു. നാലാം പദ്യത്തിൽ രണ്ടുപേരും "വൃത്ര(തടസ്സ)ഘാതകന്മാ"രാണ്. ഇന്ദ്രനാണ് വൃത്രശത്രുവെന്നു പ്രസിദ്ധൻ. അഗ്നിയും തന്റെ രീതിയിൽ തടസ്സങ്ങൾ ദഹിപ്പിക്കുന്നുണ്ട്. ഇന്ദ്രനാണ് ദാസന്മാരുടെ കോട്ടകൾ തകർക്കുന്നതിൽ പ്രസിദ്ധി നേടിയ ദേവൻ. പക്ഷേ, ആറാം പദ്യത്തിൽ അഗ്നിയും ശത്രുക്കളുടെ കോട്ടകൾ തകർക്കുന്നു. എട്ടാം പദ്യത്തിൽ "വെള്ളം കടക്കുന്ന"തും ഇരുവരുടേതുമാണെന്നു കാണുന്നു. ഈ അവസാനത്തേത്, അഗ്നി പ്രതിനിധാനം ചെയ്യുന്ന യജ്ഞവും ഇന്ദ്രൻ പ്രതിനിധാനം ചെയ്യുന്ന യോദ്ധാക്കളും നയിക്കുന്ന വിജയഘോഷയാത്രയുടെ പരാമർശമാവാമെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

13–ാം സൂക്തം വിശ്വാമിത്രന്റെ മകൻ ഋഷഭനിൽ ആരോപിതമായ സമാഹാരത്തിൽ ആദ്യത്തേതാണ്. പുരോഹിതന്മാരുടെ ചൊല്ലലുകളെ പ്രചോദിപ്പിക്കുന്ന ദേവനായ അഗ്നിയാണ് ഇതിലെ പ്രതിപാദ്യം. സൂക്തം പ്രകടിപ്പിക്കുന്ന സത്യമുള്ളവനാണ് അഗ്നി (2). അവൻ സ്വയം ഒരു പ്രചോദിതകവിയും (3) ഹോതാവെന്ന പുരോഹിതനുമാണ് (5). ജ്വലിപ്പിക്കപ്പെടുന്നതോടെ അവൻ വർധിച്ച തോതിൽ ഉജ്ജ്വലനായിത്തീരുന്നു. സൂക്തം അവന്റെ ദൃശ്യമായ ഉജ്ജ്വലതയും അവൻ പ്രചോദിപ്പിക്കുന്ന മനസ്സിന്റെ ഉജ്ജ്വലതയുമായും (5–6) അവസാനം യജ്ഞങ്ങൾക്കുവേണ്ടി അവൻ നേടുന്ന ദാനത്തിന്റെ ഉജ്ജ്വലതയുമായിപ്പോലും ബന്ധിപ്പിക്കുന്നു (7).

14–ാം സൂക്തം അഗ്നിയെ യജ്ഞപതിയായി വിവരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അഗ്നിയെ ഹോതാവായും "യഥാർഥയജമാനനായും ഉത്തമനായ ഋഷിയായും" വിവരിച്ചുകൊണ്ട് ആദ്യത്തെ പദ്യം ഈ പ്രമേയം അറിയിക്കുന്നു. അതേ പദ്യത്തിൽ കവി അഗ്നിയെ യജ്ഞത്തിനു വേഗം കൂട്ടുന്ന "മിന്നലിന്റെ തേരാ"യും പരാമർശിക്കുന്നു. അവസാനപദ്യത്തിലാണ് ഈ കല്പനയിലേക്കു കവി തിരിച്ചുവരുന്നത്. അവിടെ, പക്ഷേ, തേര്, പലപ്പോഴുമെന്ന പോലെ, യജ്ഞംതന്നെയാകുന്നു. അതുകൊണ്ട് അന്തിമപദ്യം പുരോഹിതനെന്ന നിലയിൽ അഗ്നിയുടെ പങ്കു വിവരിക്കുകയും ആദ്യപദ്യത്തിലെ "മിന്നലിന്റെ തേരെ"ന്ന കല്പന തേരിന്റെ യജ്ഞമെന്ന കല്പനയുമായി സംയോജിപ്പിക്കുകയും ചെയ്യുന്നു.

15–ാമത്തേയും 16–ാമത്തേതിന്റെയും കർത്തൃത്വം വിശ്വാമിത്രന്റെ പൗത്രനായ ഉത്കീല കാത്യനിലാണ് ആരോപിക്കപ്പെടുന്നത്. ഈ സൂക്തം യജ്ഞങ്ങളുടെ രക്ഷകനും സഹായിയുമായ പ്രഭാതാഗ്നിയെ വിവരിക്കുന്നു. സൂക്തത്തിന്റെ ഭാഷയുടെ ചില ഭാഗങ്ങൾ, ഇന്ദ്രനെ സംബോധന ചെയ്യുന്നതുപോലുള്ളവയാണ്; ഇന്ദ്രൻ ഒരിക്കലും പരാമർശിക്കപ്പെടുന്നില്ലെങ്കിലും. സൂക്തത്തിലെ ഏറ്റവും പ്രഹേളികാരൂപമായ നാലാം പദ്യം ഇന്ദ്രനെ പരോക്ഷമായി പരാമർശിക്കുന്നതായി തോന്നുന്നു. അവിടെ അഗ്നിയെ "അഷാള്ഹോ വൃഷഭഃ" (അജയ്യനായ കാള) എന്നാണ് സംബോധന ചെയ്യപ്പെടുന്നത്. അവൻ കോട്ടകൾ കീഴടക്കിയവനെന്നു വിവരിക്കപ്പെട്ടിരിക്കുന്നു. ഇത് ഇന്ദ്രന്റെ പതിവുവിശേഷണമത്രേ. ചിലേടത്ത് ഇന്ദ്രനായി വർണിക്കപ്പെട്ട സോമന്റെയും. ഇവിടെ അഗ്നിയെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്. ഉത്തരാർധത്തിൽ അഗ്നി യജ്ഞത്തിന്റെ നേതാവായും രക്ഷകനായും വർണിക്കുന്നു. ഏതായാലും, ദുർഗ്രഹ

മാണ് ഈ പദ്യത്തിന്റെ ഉള്ളടക്കം.

അടുത്ത സൂക്തം ബൃഹതീവൃത്തത്തിലും സതോബൃഹതീവൃത്തത്തിലുമുള്ള പദ്യങ്ങൾ ഇടവിട്ടിടവിട്ടു വരുന്ന പ്രഗാഥകളുൾക്കൊള്ളുന്നു. അങ്ങനെ മൂന്നു ജോടി പദ്യങ്ങൾ. ഒന്നാം പദ്യം "സൗഭഗ"(നല്ല ഭാഗ്യം)ത്തിന്റെയും "രയി"(സമ്പത്ത്)യുടെയും പതിയായി അഗ്നി പരാമർശിക്കപ്പെടുന്നു. ആറാം പദ്യത്തിലാകട്ടെ അവൻ "സുഭഗ"നും "സമ്പത്തിനു ഹേതു"വായും വർണിക്കപ്പെടുന്നു. വീണ്ടും, മുൻസൂക്തത്തിലെപ്പോലെ, ഒന്നാം പദ്യത്തിൽ അഗ്നിയുടെ വർണന ഇന്ദ്രനെ വിളിക്കുന്നു. അവിടെ അഗ്നിയെ "വൃത്രഹഥാനാം ഈശേ" (വിഘ്നനാശകനാഥൻ) എന്നാണ് വിശേഷിപ്പിക്കുന്നത്. രണ്ടിൽ കവി ഇന്ദ്രന്റെ മരുദ്ഗണത്തെ അഗ്നിയെ അനുഗമിക്കാൻ വിളിക്കുന്നു.

17–ാം സൂക്തം യജ്ഞമനുഷ്ഠിച്ച പ്രാചീനഹോതാവിന്റെ പുനഃപ്രത്യക്ഷഭാവമായി ഇപ്പോഴത്തെ യജ്ഞാഗ്നിയെയും ഇപ്പോഴത്തെ അഗ്നിയെയും വിളിക്കുന്നു. സൂക്തം, ആകെയുള്ള അഞ്ചു പദ്യങ്ങളിൽ നാലിലും യജ്ഞം ചെയ്യുക എന്ന അർഥതതിലുള്ള യജ് ധാതുവിന്റെ വിവിധനിഷ്പന്നരൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് (1. സുയജ്ഞാഃ, 2. ആയജഃ, യക്ഷി, യജ്ഞം; 3. യക്ഷി, യജമാനായ; 5. യജീയാൻ, യജാ), യജ്ഞത്തിൽ അഗ്നിയുടെ കേന്ദ്രഭാവത്തിൽ ഊന്നുന്നു. ശ്രദ്ധേയമാം വിധം, നാലാം പദ്യത്തിൽ യജ് ധാതുവിന്റെ നിഷ്പന്നരൂപമില്ലെങ്കിലും, ദേവന്മാരും മനുഷ്യരും തമ്മിലുള്ള ഇടനിലക്കാരനും ഇരുകൂട്ടരുടെയും ജീവന്റെ സ്രോതസ്സും താനാണെന്ന അഗ്നിയുടെ പ്രത്യക്ഷപ്രഖ്യാപനമുണ്ട്. ഒന്നാം പദ്യത്തിൽ ശ്ലേഷമുണ്ട്: 'അക്തുഭിഃ' എന്നതിന് 'കുഴമ്പുകൾകൊണ്ട്' എന്നും 'രാത്രികളിലൂടെ' എന്നും അർഥം. മൂന്നാം പദ്യം സങ്കീർണമാണ്. അഗ്നിയുടെ ഭൂത–വർത്തമാന–ഭാവികാലങ്ങളിലെ ജന്മങ്ങളായിരിക്കാം അതിലെ പ്രതിപാദ്യം. അഞ്ചിൽ അഗ്നിയുടെ പണ്ടത്തെയും ഇന്നത്തെയും ജന്മങ്ങളെപ്പറ്റി പ്രത്യക്ഷപരാമർശംതന്നെയുണ്ട്.

അഗ്നി ശക്തി നേടവേ അവനെ സ്തുതിച്ചുകൊണ്ടുള്ള സൂക്തമാണ് 18–ാമത്തേത്. യജമാനന്മാരുടെ ശത്രുക്കൾക്കെതിരെ തിരിച്ചുവിടേണ്ടുന്ന അഗ്നിയുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തെക്കുറിക്കുന്നവയാണ് ആദ്യത്തെ രണ്ടു പദ്യങ്ങൾ. മൂന്നാമത്തെയും മധ്യത്തിലെയും പദ്യം അഗ്നിയെ വർധിപ്പിക്കുന്നതിനുതകുന്ന യജ്ഞപ്രവർത്തനങ്ങളിലേക്ക് (അതിനു വിറകിടുക, അതിൽ നെയ്യൊഴിക്കുക, അതിന്മേൽ സ്തുതി പകരുകപോലും ചെയ്യുക എന്നിവയിലേക്ക്) തിരിയുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ വീണ്ടും പ്രകാശമാനമായ അഗ്നിയെ വർണിക്കുന്നു. പക്ഷേ, ഇക്കുറി ശത്രുക്കൾക്കെതിരെയല്ല അത് തിരിയുന്നത്; മറിച്ച്, അഗ്നിയുടെ വർധമാനമായ ശക്തിയെയും യജമാനന്മാരുടെ സമ്പത്തിനെയും പ്രതിനിധാനം ചെയ്യുകയും ഫലങ്ങൾ വിവരിക്കുകയുമാണ്.

കുശികന്റെ മകനായ ഗാഥിയുടെ പേരിലുള്ള ലഘുവായ സൂക്തസമാഹാരങ്ങളിൽ (3. 19–22) ആദ്യത്തേതാണിത്. *സർവാനുക്രമണി*പ്രകാരം ഗാഥി വിശ്വാമിത്രന്റെ അച്ഛനാണെങ്കിലും, 3. 33. 5–ൽ വിശ്വാമിത്രൻ സ്വയം കുശികപുത്രനെന്നാണു പറയുന്നത്. മനുഷ്യനായ പുരോഹിതനും ദേവനായ അഗ്നിയും യജ്ഞപൗരോഹിത്യം നിർവഹിക്കുന്നുവെങ്കിലും അവർതമ്മിലുള്ള വ്യത്യാസം ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

20–ാം സൂക്തം തുടങ്ങുന്നത് പ്രഭാതദേവതകളുടെ പേരു പറഞ്ഞുകൊണ്ടാണ്. അന്തിമപദ്യത്തിൽ എല്ലാവരുടെയും പേര് എടുത്തുപറയുന്നുണ്ടെന്നത് ശ്രദ്ധിക്കുക. ഒരിക്കൽക്കൂടി കവി ആദ്യത്തെയും അവസാനത്തെയും പദ്യങ്ങൾ ഭിന്നരീതിയിലാക്കുന്നു. ആദ്യത്തെനാലു പദ്യങ്ങളിലും അഗ്നിയാണ് ആദ്യപദം. അവസാനത്തേതിൽ ദധിക്രാവ് ആദ്യം, അഗ്നിക്കു മുൻപിൽ, വരുന്നു. ഈ മാറ്റം സോദ്ദേശ്യമാണോ എന്നു വ്യക്തമല്ല. ദൈവീകരിക്കപ്പെട്ട കുതിരയാണ് ദധിക്രാവ്. ഒന്നാം പദ്യത്തിൽ കവി ദധിക്രാവിനെ മാത്രമല്ല, രണ്ടു കുതിരക്കാരായ അശ്വികളെയും പരാമർശിക്കുന്നു. ചൊല്ലുന്ന പുരോഹിതനെ വഹ്നി (തേരാളി) എന്നും വിളിക്കുന്നു. അവന്റെ കുതിരകളാവാം ചൊല്ലലുകൾ. രണ്ടാം പദ്യം അഗ്നിയെ "വാജിനാ" എന്നു പരാമർശിക്കുന്നു. അർഥം കൃത്യമായി പറയാനാവില്ല. വാജിശബ്ദത്തിൽനിന്നാണതിന്റെ നിഷ്പത്തി എന്നു വ്യക്തം. വാജി = പന്തയക്കുതിര, സമ്മാനം നേടുന്ന കുതിര. കുതിരകളെക്കുറിച്ചും പന്തയത്തെക്കുറിച്ചുമുള്ള പരോക്ഷപരാമർശങ്ങൾ അവസാനപദ്യംവരെ കാണാം.

21–ാം സൂക്തത്തിന്റെ രൂപഘടനയെക്കുറിച്ച് ഒട്ടേറെ വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ട്. പശുയജ്ഞത്തിലെ ഒരു സന്ദർഭമാണ് ഇതിലെ വിഷയം. യജ്ഞത്തിൽ കൊല്ലപ്പെട്ട മൃഗത്തിന്റെ കൊഴുപ്പിൽ (മേദസ്സ്) നിന്നു വപയെടുക്കുന്നതാണ് വിവരിക്കുന്നത്. മൂന്നാമത്തേതിലൊഴികെ മറ്റെല്ലാ പദ്യങ്ങളിലും 'മേദസ്സ്' എന്ന പദം വരുന്നുണ്ട്. നാലാം പദ്യത്തിൽ മേദഃശബ്ദത്തിന്റെ ശ്ലേഷസാധ്യതപോലും കവി അഗ്നിയെ 'മേധിര' (ബുദ്ധിമാൻ) എന്ന സംബോധനയിലൂടെ ഉപയോഗപ്പെടുത്തുന്നുണ്ട്.

ചുറ്റുമുള്ള സൂക്തങ്ങളെപ്പോലെ, *അനുക്രമണി* 22–ാമത്തേതും ഗാഥിയുടേതാണെന്നു പറയുന്നു. വിശ്വാമിത്രനാണ് കവിയെന്ന പക്ഷവുമുണ്ട്. ഇവിടത്തെ അഞ്ചാം പദ്യം വിശ്വാമിത്രസൂക്തങ്ങളിൽ പലപ്പോഴും കാണാറുള്ള അന്തിമപദ്യംതന്നെയാകുന്നു. *ശുക്ല–കൃഷ്ണയജുർവേദ*പാരമ്പര്യങ്ങൾ രണ്ടും ഈ സൂക്തത്തെ അഗ്നിചയനകർമത്തിൽ അഭിഷേകത്തിലും അഗ്നിവേദിക്ക് ഇഷ്ടക പടുക്കുന്നതിലും വിനിയോഗിക്കുന്നു. ഇത് നാലാം പദ്യത്തിലെ "പുരീഷ്യാസോ അഗ്നയഃ" എന്ന വാചകത്തിന്മേലുണ്ടായ തെറ്റിദ്ധാരണയാലാണെന്നു ചില പണ്ഡിതന്മാർ കരുതുന്നു. മൂന്നാം പദ്യം സ്വർഗത്തിലെ കടലിനെപ്പറ്റി പറയുന്നു. 2–4 പദ്യങ്ങളിൽ, പക്ഷേ, വെള്ളത്തിന്റെ കടലിന്റെ കല്പനയല്ല, വെളിച്ചത്തിന്റെ സമുദ്രത്തിന്റേതാണ്. രണ്ടാം പദ്യത്തിൽ അഗ്നിയുടെ തേജസ്സ് "മിന്നിത്തിളങ്ങുന്നതും നിരീക്ഷിക്കുന്ന മനുഷ്യർക്ക് നിമ്നോന്നതവുമായ പ്രകാശ"മാണെന്നു പറയുന്നു. ഇത് സൂര്യനാവാൻ സാധ്യതയുണ്ട്. പൊതുവിൽ ആകാശത്തിന്റെ ഉജ്ജ്വലതയുമാവാം. മൂന്നാം പദ്യത്തിൽ അഗ്നി പോകുന്ന "നിമ്നോന്നതമായ കടൽ,"

അതുകൊണ്ട്, വെള്ളത്തിന്റെ കടലല്ല, വെളിച്ചത്തിന്റെ കടലാണ്. നാലാം പദ്യത്തിൽ അഗ്നികളും വെള്ളവും ഒരുമിച്ച് അരുവിയായി ഒഴുകുന്നു. അഗ്നി വെള്ളത്തിലാവാം; പക്ഷേ, സ്വർഗീയമഴപോലെ, അത് വെളിച്ചവുമാവാം.

23–ാം സൂക്തത്തിലെ അഗ്നി മിക്കവാറും ഭാരതന്മാരുടെ ഗോത്രാഗ്നിയാണ്. അത് ഭാരതവംശങ്ങളുടെ യജ്ഞകേന്ദ്രമായി രൂപപ്പെടുന്നു. ഈ അഗ്നി ജനങ്ങളെ ഭരിക്കുന്നു (3). സ്ഥലം നോക്കുമ്പോൾ ഗോത്രജനതകളാവാൻ സാധ്യതയുണ്ട്: മൂന്നു നദികൾക്കിടയിൽ "ഭൂമിയിലെ ഏറ്റവും അഭിലഷണീയമായ സ്ഥലം" (4). മൂന്നാം പദ്യത്തിൽ സംബോധന ചെയ്യപ്പെടുന്ന ദേവശ്രവസ്സും ദേവവാതനും ആരാണെന്നതിനെപ്പറ്റി അനേകം വീക്ഷണങ്ങളുണ്ട്. ഏതായാലും, ഭാരതന്മാരുടെ അഗ്നിയോടൊപ്പം അവരും ആ മധ്യമപദ്യത്തിൽ സ്ഥാനം പിടിച്ചതുകൊണ്ട് അവരും സൂക്തത്തിലെ കേന്ദ്രബിന്ദുവിന്റെ ഭാഗമാകുന്നു.

24–ാമത്തേത് മിക്കവാറും വേർതിരിഞ്ഞുനിൽക്കുന്ന ഒരു ഹ്രസ്വസൂക്തമത്രേ. ഓരോ പദ്യവും അഗ്നിയെ അഭിസംബോധന ചെയ്തുകൊണ്ട് തുടങ്ങുന്നു. മിക്ക പദ്യങ്ങളും അഗ്നിയെ യജ്ഞഭൂമിയിൽ തന്റെ സ്ഥാനത്തിരിക്കുകയും കവിയുടെയും അവന്റെ ആളുകളുടെയും അഭിലാഷങ്ങൾ നിറവേറ്റുകയും ചെയ്യണമെന്ന അഭ്യർഥനയുൾക്കൊള്ളുന്നു. ആദ്യത്തെ മൂന്നു പദ്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ഉജ്ജ്വലപ്രഭമായ അഗ്നിയെ പരാമർശിക്കുന്നു.

മുൻസൂക്തത്തിലെപ്പോലെ, 25–ാമത്തേതിലും ഓരോ പദ്യവും "അഗ്നി" ശബ്ദത്തിൽ തുടങ്ങുന്നു. രണ്ടും മൂന്നും പദ്യങ്ങളിലെ വിഷയം അഗ്നിതന്നെ. മറ്റു മൂന്നു പദ്യങ്ങളിൽ അഗ്നിയെ സംബോധന ചെയ്തുകൊണ്ടാണ് തുടക്കം. നാലാം പദ്യം അഗ്നിയെയും ഇന്ദ്രനെയും സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു.

26–ാം സൂക്തം മൂന്നു തൃചങ്ങളായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. പക്ഷേ, ഓരോ തൃചവും ഏതു ദേവതയ്ക്ക് സമർപ്പിക്കപ്പെടുന്നുവെന്നതിലും മറ്റും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായൈക്യമില്ല. ഒരു വിഭജനം ഇങ്ങനെ: ആദ്യത്തെ മൂന്നു പദ്യങ്ങൾ (തൃചം) വൈശ്വാനരാഗ്നിക്ക്; രണ്ടാത്തെ തൃചം മരുത്തുക്കൾക്ക്; മൂന്നാമത്തേതിൽ (7–9) ഏഴാം പദ്യം അഗ്നിയുടെ ആത്മസ്തുതിയോടെ തുടങ്ങുന്നു. തുടർന്നു രണ്ടു പദ്യങ്ങളിൽ കവി അഗ്നിയെ വർണിക്കുന്നു. ഇതിൽ അല്പസ്വല്പം വ്യത്യാസങ്ങൾ പലരും നിർദേശിക്കുന്നു. ഇത് പഴയൊരു ആഗ്നിമാരുതശസ്ത്രമാണെന്ന പ്രബലമായ അഭിപ്രായം നിലനിൽക്കുന്നുണ്ട്.

27–ാം സൂക്തം അഞ്ചു തൃചങ്ങൾ ഉൾക്കൊള്ളുന്നു. ചിലതെങ്കിലും ഒന്നിനൊന്നു പിൻതുടരുന്ന തൃചങ്ങളെ അന്യോന്യം ഔപചാരികമായി ബന്ധിപ്പിക്കുന്നവയാണ്. മൂന്നും (7–9) നാലും (10–12) തൃചങ്ങളുടെ കാര്യത്തിൽ ഇത് പ്രത്യേകം വ്യക്തമാണ്. അവ നാലിനോടും അഞ്ച് അഞ്ചിനോടും യഥാക്രമം ബന്ധപ്പെടുന്നു. സൂക്തം യജ്ഞവുമായി അടുത്ത ബന്ധമുള്ളതാണെങ്കിലും പദ്യങ്ങളുടെ കൃത്യമായ വിനിയോഗം വ്യക്തമല്ല. അഗ്നി ജ്വലിപ്പിക്കപ്പെടുമ്പോൾ ചൊല്ലേണ്ട സാമിധേനിമന്ത്രങ്ങളാണ് ഇവയിൽ ചിലതെന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് അഭിപ്രായൈക്യമുണ്ട്. അഗ്നിപ്രണയനമെന്ന ചടങ്ങുമായും ചിലർ ഇതിനെ ബന്ധപ്പെടുത്തുന്നു.

മൂന്നു സോമസവനങ്ങളിൽ പുരോളാശ(യജ്ഞത്തിൽ അർപ്പിക്കപ്പെടുന്ന അട)സമർപ്പണത്തിനു സമാന്തരമായി 28–ാം സൂക്തത്തിന് മൂന്നു ഭാഗങ്ങളുണ്ട്: 1–2 പദ്യങ്ങൾ പ്രാതഃസവനത്തിന്റേതും നാല് മാധ്യന്ദിനസവനത്തിന്റേതും അഞ്ച് തൃതീയസവനത്തിന്റേതും. സൂക്തം വിവിധവൃത്തസങ്കലിതമാകുന്നു. ഗായത്രീവൃത്തം പ്രാതഃസവനത്തിനും ത്രിഷ്ടുപ്പ് മാധ്യന്ദിനസവനത്തിനും ജഗതി തൃതീയസവനത്തിനും പ്രയോഗിച്ചിരിക്കുന്നു. പിൽക്കാലരീതിയനുസരിച്ച് പുരോളാശം (അട) (ആദ്യകാലത്ത് ഇത് യവത്തിന്റേതായിരുന്നെങ്കിൽ പിന്നീട് അരിയുടേതായി) മൂന്നു സോമസവനങ്ങളിൽ ഇന്ദ്രന് അർപ്പിച്ചിരുന്നു. ഓരോ പുരോളാശാർപ്പണത്തെയും തുടർന്ന് സ്വിഷ്ടകൃത്തായ അഗ്നിക്ക് കൂടുതലായി ഒന്നും. *ആശ്വലായനശ്രൗതസൂത്ര*ത്തിലാണ് ഈ വിവരണം. അവശിഷ്ടമായ രണ്ടു സൂക്തങ്ങൾ (3, 6), ഇതുപോലെ, മൂന്നു സവനങ്ങളുമായി ബന്ധപ്പെടുത്താനാവില്ല. മൂന്നാം പദ്യം ഏതെങ്കിലും സവനവുമായി ബന്ധപ്പെട്ട വൃത്തത്തിലല്ല. മറിച്ച്, ഇടയ്ക്കിടെമാത്രം കാണാറുള്ള ഉഷ്ണിക്കുവൃത്തത്തിലാണ്. ആറാം പദ്യം ഗായത്രിയിലാണ്. പക്ഷേ, ഇത് പ്രഭാതമന്ത്രങ്ങൾക്കുചിതമായി പറയാറുള്ള ആരംഭത്തിലല്ല. "തിരോഅന്യ"വിവരണം വരുന്ന രണ്ടു പദ്യങ്ങൾകൂടിയാണിവ. "പകലൊടുങ്ങി രാത്രി മുഴുവൻ ഹോമിക്കപ്പെട്ടത്" എന്നു "തിരോഅന്യ"പദത്തിന്നർഥം. സോമസവനദിവസത്തെത്തുടർന്ന് പിറ്റേന്നത്തെ പ്രാതഃസവനത്തിൽ അശ്വികൾക്കർപ്പിക്കുന്നതാണിത്. "അതിരാത്ര"യജ്ഞത്തിൽ ഈ ചടങ്ങെല്ലാം കാണാം. പ്രസ്തുതപദ്യങ്ങൾ, അതിനാൽ, അതിരാത്രയജ്ഞത്തെ പരാമർശിക്കുന്നവയാവാൻ സാധ്യതയുണ്ട്. പിൽക്കാലത്തെ അതിരാത്രത്തിൽ അശ്വികൾക്കുള്ള സോമാർപ്പണത്തോടനുബന്ധിച്ച് ആശ്വിനശസ്ത്രം ചൊല്ലാറുണ്ട്. മൂന്നാം പദ്യത്തിൽ, യജ്ഞാന്ത്യത്തോടു ബന്ധപ്പെട്ടാണെങ്കിലും, അതിനുമുൻപുള്ള കർമത്തിന്റെ തുടക്കം കുറിക്കുന്ന പദ്യങ്ങളുടെ തൊട്ടുപിൻപാകുന്നു. അതിനാൽ അത് കർമത്തിന്റെ ആദ്യവും അവസാനവും തമ്മിലുള്ള സംയോഗത്തിന്റെ ചിഹ്നമായിത്തീരുന്നു. പ്രാതഃ സവനവുമായി ബന്ധപ്പെട്ട് ഗായത്രിപോലെ ഈ മൂന്നാം പദ്യത്തിന്റെ വൃത്തം ഉഷ്ണിക്ക് ആണ്. ആറാം പദ്യം വീണ്ടും ഗായത്രി.

29–ാം സൂക്തം രചിച്ചത് യജ്ഞത്തിനുവേണ്ടി പുതിയ അഗ്നി ഉണ്ടാക്കുന്നതിനോടനുബന്ധിച്ചാണ്. രണ്ടു മരക്കഷണങ്ങളുൾക്കൊള്ളുന്ന അഗ്ന്യഭ്യാസമുപയോഗിച്ചുള്ള സംഘർഷത്തിലൂടെ സൃഷ്ടിക്കപ്പെട്ടതാണ് ഈ അഗ്നി. മുകളിലെ അഗ്നിമഥനക്കോൽ ലംബമായി, വിലങ്ങനെയുള്ള അടിയിലെ മരക്കഷണത്തിലെ പിളർപ്പുള്ള ഭാഗത്തിന്റെ അറ്റത്തോടുകൂടി പിടിക്കുന്നു. അടിയിലെ പലകയിലെ പിളർപ്പുള്ള ഭാഗത്തിനു ചുറ്റും മരച്ചീളുകൾ വെക്കുന്നു. പിന്നീട് മുകളിലത്തെ കോൽ കടയുന്നതുപോലെ മുന്നോട്ടും പിന്നോട്ടും തിരിക്കുന്നു. പിൽക്കാലയജ്ഞത്തിൽ മുകളിലത്തെ

കോലിനു കയർചുറ്റി മുന്നോട്ടും പിന്നോട്ടും വലിക്കുകയായി. അവസാനം വേണ്ടത്ര ചൂട് ഉല്പാദിപ്പിക്കപ്പെടുകയും മരച്ചീളുകൾക്കു തീ പിടിക്കുകയും ചെയ്യും. ഈ അഗ്നിമഥനപ്രക്രിയ *ഋഗ്വേദ*സൂക്തങ്ങളിൽ ലൈംഗികസംഭോഗച്ഛായ കലർത്തിയാണ് വർണിക്കാറ്. മുകളിലത്തെ അരണിക്കോൽ അച്ഛനായും താഴത്തേത് അമ്മയുമായാണ് കല്പന. ഒന്നാം പദ്യത്തിൽ ഇത് ലിംഗപരമായ ധ്വനിയോടുകൂടി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഈ സൂക്തത്തിൽ, പൊതുവിൽ അഗ്നിസൂക്തങ്ങളിൽ, ഉടനീളം കാണുന്ന മറ്റൊരാശയം അഗ്നി ജനിച്ചത് ഹവ്യവാഹകനായ യജ്ഞപുരോഹിതനായും (4, 7) യജ്ഞമർപ്പിക്കുന്നവനായും (8) ഋഷികവിയായും (5, 12) ഹോതാവായും (8, 16) സപ്തഹോതാക്കളുടെ കൂടെയുള്ളവനായു(16)മാണെന്നതാണ്. അഗ്നിയെക്കുറിച്ചുള്ള ജ്ഞാനവും സത്യം രൂപപ്പെടുത്താനുള്ള പ്രാപ്തിയും കുശികന്മാർക്കാണുള്ളതെന്നും സൂക്തം ഊന്നിപ്പറയുന്നു.

ഈ ദീർഘമായ മുപ്പതാം സൂക്തം പരിചിതമായ വഴിതന്നെയാണ് പിൻതുടരുന്നത്. ഇന്ദ്രൻ തങ്ങളുടെ യജ്ഞത്തിൽ പ്രത്യക്ഷപ്പെടുമെന്ന യജമാനന്റെ പ്രതീക്ഷകളും അവന്റെ തുടർച്ചയായ അസാന്നിധ്യത്തിലുള്ള വേവലാതികളും പ്രകടിപ്പിക്കുന്നവയാണ് ആദ്യത്തെ മൂന്നു പദ്യങ്ങൾ. 4 മുതൽ 14 വരെയുള്ള പദ്യങ്ങൾ ഇന്ദ്രന്റെ ശക്തികളും കർമങ്ങളും വിവരിക്കുന്നു. വൃത്രവധവും (8) വലനെ കീഴടക്കുന്നതും (10) ഉൾപ്പെടെ അവന്റെ ഭൂതവും വർത്തമാനവും അവിടെ വർണിക്കുന്നു. ഈ ഖണ്ഡം സൂര്യനെയും പ്രഭാതത്തെയും കുറിച്ചുള്ള രണ്ടു പദ്യങ്ങളോടെ (12–13) അവസാനിക്കുന്നു. വിശ്വത്തിന്റെ സ്ഥലകാലങ്ങൾ ക്രമപ്പെടുത്തുന്നത് ഇന്ദ്രനാണെന്ന് അവ കാണിക്കുന്നു. പ്രഹേളികാപരമായ 14–ാം പദ്യത്തിലാണിത് അവസാനിക്കുന്നത്. "പരുഷ" മായ പശുവിലുള്ള "വേവിച്ച" പാലിനെക്കുറിച്ചുള്ള വൈരുധ്യം ആ പദ്യം ഉൾക്കൊള്ളുന്നു. ഉഷസ്സ് പശുവാണെന്ന കല്പന അവിടെ കാണാം. ഇതുപോലുള്ള അവിടത്തെ അനേകം കല്പനകളുടെ ഉത്തരവാദി ഇന്ദ്രൻതന്നെ. കൂടാതെ, യജ്ഞദാനങ്ങളുടെ വിതരണം പ്രഭാതത്തിലാണെന്നു വിവരിക്കുന്നു. 15–17 പദ്യങ്ങളടങ്ങുന്ന അടുത്ത ഖണ്ഡം ഇന്ദ്രനെ സംബോധന ചെയ്തുകൊണ്ട് അവനോടുള്ള ഒരു കല്പനയോടെ തുടങ്ങുന്നു. യുദ്ധത്തിൽ സഹായിക്കണമെന്ന അഭ്യർഥനയുടെ രൂപത്തിലാണത്. അവസാനഖണ്ഡം (18–21) അഭ്യർഥന തുടരുന്നു. ഇക്കുറി ഇതു സാധനങ്ങൾക്കുവേണ്ടിയുള്ളതത്രേ. വലവിജയത്തെ വർത്തമാനവൽക്കരിച്ചുകൊണ്ട് പശുത്തൊഴുത്തുകൾ പൊളിക്കാനും പശുക്കളെ വിതരണം ചെയ്യാനും ഇന്ദ്രനോടഭ്യർഥിക്കുന്നു.

31–ാം സൂക്തം സാന്ദ്രവും പലപ്പോഴും പ്രഹേളികാരൂപത്തിലുള്ള പദ്യങ്ങളുൾക്കൊള്ളുന്നതുമായ ഒരു സൂക്തമാകുന്നു. 4–11 പദ്യങ്ങളാണി ഇതിന്റെ ഹൃദയമെന്നു പറയാം. വലപുരാവൃത്തത്തിന്റെ, വിശേഷിച്ച് ഇന്ദ്രന്നും അംഗിരസ്സുകൾക്കും അതുമായുള്ള ബന്ധത്തിന്റെ, സമഗ്രമായ വിവരണം അവിടെ കാണാം. ഈ പുരാവൃത്തത്തിലെ പശുക്കൾ ഉഷസ്സുകളുടെ പ്രതീകമാണെന്നു പറയാറുണ്ട്. അതിനാൽ ഇവിടെ ഉഷസ്സിന്റെ വർണനയും പ്രാതഃകാലവുമായി ബന്ധപ്പെട്ട യജ്ഞവും ദക്ഷിണയുമെല്ലാം പ്രത്യക്ഷപ്പെടുന്നു. ഒരുപക്ഷേ ഈ സൂക്തത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായി പലരും ചൂണ്ടിക്കാണിക്കുന്നത് ആദ്യത്തെ മൂന്നു പദ്യങ്ങളാണ്. യജ്ഞാഗ്നിയുടെ ഉല്പത്തി പ്രതിപാദിക്കുന്ന ആ സന്ദർഭം വിശ്വമാനമുള്ള ഒരു ബലാത്സംഗത്തിന്റെ പ്രതീകമായി കാണപ്പെടുന്നു. ഇവിടത്തെ ഉഷസ്സിലാണല്ലോ അഗ്നി ജ്വലിപ്പിക്കപ്പെടുന്നത്. അഗ്നിയുടെ ഉല്പത്തിയും തുടർന്നുവരുന്ന വലപുരാവൃത്തവും തമ്മിലുള്ള ബന്ധം സുവ്യക്തമല്ല. ഉഷസ്സിന്റെ വർണന അവയെ ബന്ധിപ്പിക്കുന്നുവെന്നു കാണാം. പ്രാതഃകാലത്തുതന്നെയാണ് വലഗുഹയിലെ പശുക്കളെ ഇന്ദ്രൻ മോചിപ്പിക്കുന്നതും.

ഒന്നാം പദ്യത്തിൽ 32–ാം സൂക്തത്തിന്റെ യജ്ഞവിനിയോഗം അറിയിച്ചിട്ടുണ്ട്: ഇന്ദ്രൻ വൃത്രവധത്തിൽ തന്റെ സഹായികളായ മരുത്തുക്കളോടൊപ്പം മാധ്യന്ദിനസോമസവനത്തിൽ പങ്കെടുക്കുന്നു. സൂക്തത്തിലുടനീളം ഇന്ദ്രന് സോമപാനത്തിൽ പങ്കെടുക്കാനുള്ള ക്ഷണമാണ്. ഇടയ്ക്കിടെ ഇന്ദ്രന്റെ വീരകൃത്യങ്ങളെ, വിശേഷിച്ച് വൃത്രവധത്തെ, കുറിച്ചുള്ള സ്തുതികളും. 9–10 പദ്യങ്ങളിൽ ഇന്ദ്രന്റെ ശക്തികൾക്ക് കാരണം അവൻ ജനിച്ചയുടനെ നടന്ന സോമപാനമാണെന്നു പറയുന്നു. യജമാനന്റെ ഇപ്പോഴത്തെ ഇന്ദ്രന്നുള്ള സോമാർപ്പണം അവന്റെ ശക്തികളുടെ പനരൂർജവൽക്കരണം സാധിക്കുന്നു. അതാകട്ടെ, യജമാനനു നേട്ടമാവുകയും ചെയ്യുന്നു.

33–ാം സൂക്തം ഇന്ദ്രസമാഹാരത്തിലാണ് കാണുന്നതെങ്കിലും, *അനുക്രമണി* ഇന്ദ്രൻ 6, 7 പദ്യങ്ങളുടെ സമർപ്പകനാണെന്നേ പറയുന്നുള്ളൂ. 1–3, 5, 9, 11–13 എന്നിവ നദികളും കവിയായ വിശ്വാമിത്രനും പങ്കിടുന്നു. (4, 8, 10) എന്നിവ വിശ്വാമിത്രന്റേത്. വിപാട്–ശുതുദ്രീനദികളുടെ സംഗമം വർണിക്കുന്ന ആദ്യത്തെ രണ്ടു പദ്യങ്ങൾക്കുശേഷം ഈ പ്രശസ്തസൂക്തം വിശ്വാമിത്രനും നദികളും തമ്മിലുള്ള സംഭാഷണമുൾക്കൊള്ളുന്നതത്രേ. ഭരതന്മാർക്കു കടക്കുന്നതിനുവേണ്ടി യാത്ര നിർത്തണമെന്ന് വിശ്വമിത്രൻ നദികളോട് അഭ്യർഥിക്കുന്നു. അവ സമ്മതിക്കുന്നു. ഒരു നിബന്ധന മാത്രം: കവിതയിൽ തങ്ങളുടെ ഭാവിപ്രശസ്തി ഉറപ്പാക്കണം. 12–ാം പദ്യത്തിൽ പറയുന്നതുപോലെ, ഭരതന്മാർ വിജയകരമായി നദികൾ കടക്കുന്നു. അതിനുശേഷം നദികൾ വീണ്ടും വെള്ളംകൊണ്ടു നിറയ്ക്കപ്പെടണമെന്നും ഇനിയും ഒഴുകണമെന്നും ഉദ്ബോധിപ്പിക്കപ്പെടുന്നു. ഭൗതികലോകത്തെ നിയന്ത്രിക്കാൻ ശരിയായി രൂപപ്പെടുത്തിയ പ്രഭാഷണത്തിന് കഴിയുമെന്നതിന് ഉദാഹരണമാണീ സൂക്തം. ഭിന്നമായ അനുഷ്ടുപ്പുവൃത്തനിബദ്ധമായ അവസാനത്തെ 13–ാം പദ്യം, തുറമുഖത്ത് വിഷമത്തിൽപ്പെട്ട ഒരു സംഘം കടക്കുന്ന സാങ്കല്പികമോ ഐതിഹ്യാസ്പദമോ ആയ ഒരു നദിയിൽ പ്രയോഗിച്ചുകൊണ്ട് വാക്കിന്റെ ശക്തിയിലുള്ള തുടർച്ചയായ വിശ്വാസത്തെ ഉദാഹരിക്കുന്ന മാന്ത്രികശക്തിയുള്ള ഒന്നാവാം.

ഇന്ദ്രസൂക്തങ്ങളിൽ പലപ്പോഴുമെന്നപോലെ, 34–ാം സൂക്തത്തിലും ഊന്നൽ ഇന്ദ്രന്റെ വിജയങ്ങളിലും നേട്ടങ്ങളി

ലുമാണ്. അവ തനിക്കുവേണ്ടിമാത്രമല്ല, ദേവന്മാർക്കും മനുഷ്യർക്കും കൂടി വേണ്ടിയത്രേ. ധാരാളം പദ്യങ്ങളിൽ, വിശേഷിച്ച് 3, 6 പദ്യങ്ങളിൽ, കേവലമായ അവന്റെ ശക്തി, പിന്നിലുള്ള ശക്തികളാൽ പ്രബലപ്പെടുന്നതും അതിനു വിരുദ്ധമായി അവന്റെ സമർത്ഥമായ സൂത്രവിദ്യകളിലും കരവിരുതുകളിലുമുള്ള നിയന്ത്രണവും കാണാം. രണ്ടു തരത്തിലുള്ള സമീപനങ്ങളും അവന്റെ വിജയത്തിനു സംഭാവന ചെയ്യുന്നു. സൂക്തത്തിൽ ആദ്യം പല രീതികളിൽ പ്രകടിപ്പിക്കപ്പെട്ട വിജയത്തിൽ അന്തർലീനമായ പ്രമേയം അവസാനഭാഗത്തെ മൂന്നു പദ്യങ്ങളിൽ (8–10) സന് (നേടുക, ജയിക്കുക) ധാതുവിന്റെ വിവിധരൂപങ്ങളിലായി വ്യക്തമായി വരുന്നുണ്ട്. സസാന എന്ന ലിഡ് രൂപം തന്നെ 9–ാം പദ്യത്തിൽ നാലെണ്ണം കാണാം.

35–ാം സൂക്തത്തിന്റെ ആദ്യപദ്യങ്ങളിൽ (1–2) ഇന്ദ്രനെ വിജയിക്കുന്നതിനു പ്രചോദിപ്പിക്കുന്നതിൽ കവിക്കുള്ള പങ്കു പല തവണ വ്യക്തമാക്കിയിട്ടുണ്ട്. പലപ്പോഴും കവിയുടെ ജോലി വിജയം സൂക്തങ്ങളിലൂടെ കൊണ്ടാടുകയും വിജേതാവിനെ സ്തുതിക്കുകയുമാണ് (6, 7, 8). വാസ്തവത്തിൽ ഇന്ദ്രനാണ് കവികൾക്കു പ്രചോദനമരുളുന്നത് (5). അവരുടെ സ്തുതികൾ സാധ്യമാക്കുന്നതിനു മുൻപ് അതാണ് നടക്കുന്നത് (6–8). അഗ്നിദേവനെയും അഗ്നിപുരോഹിതന്മാരെയും കുറിച്ചുള്ള പരാമർശം ഔത്സുക്യമുണ്ടാക്കും (4). പ്രഭാതത്തിലെ യജ്ഞാഗ്നിജ്വലനം സൂര്യോദയത്തിനു കാരണമായതിനാൽ  ഇന്ദ്രൻ സൂര്യനെ നേടുന്നവനും തിളക്കുന്നവനും വെളിച്ചം കണ്ടെത്തുന്നവനുമാണെന്നു പറയപ്പെടുന്നു.

യജ്ഞത്തിലേക്കുള്ള ഇന്ദ്രന്റെ വരവും അതിന്റെ ആസ്വാദനവും പൂർണമായി വിവരിക്കുന്നതാണു 36–ാമത്തെ ലളിതമായ സൂക്തം. സൂക്തത്തിന്റെ പുരോഗതി മുഴുവൻ കാലക്രമമനുസരിച്ചത്രേ. കുതിരകളെ നുകത്തിൽ കെട്ടുന്നതു തൊട്ട്, ഉടനീളം മറ്റു യജ്ഞങ്ങളിലേക്ക് അവൻ വരാൻ ഉദ്ബോധിപ്പിക്കപ്പെടുന്ന (5) യാത്രയും അവസാനം ഔചിത്യപൂർവം തയ്യാറാക്കപ്പെട്ട യജ്ഞഭൂമിയിൽ അവൻ എത്തിച്ചേരുന്നതും സോമപാനവും വരെ എല്ലാം. ഏഴും ഒമ്പതും പദ്യങ്ങളിലെ മരുത്തുക്കളുടെ പരാമർശം, ചുരുങ്ങിയത് വിശ്വാമിത്രസൂക്തങ്ങളിലെങ്കിലും ഇന്ദ്രന്നും മരുത്തുക്കൾക്കും ഒരുമിച്ച് സമർപ്പിക്കപ്പെടുന്ന യജ്ഞത്തിലെ മാധ്യന്ദിനസവനത്തെ സൂചിപ്പിക്കുന്നു. ഇന്ദ്രന്റെ കുതിരകളുടെ ഏറെക്കുറെ മനോഹരമായ ഒരു വർണനവുമുണ്ട് (3, 7). *ഋഗ്വേദ*കവിതാസന്ദർഭത്തിൽ ചില ഘടകങ്ങളുടെ അഭാവം ശ്രദ്ധേയമാണ്. ആദരിക്കപ്പെടുന്ന ദേവന്റെ സ്തുതിയോ അവന്റെ വീരകൃത്യങ്ങളുടെ പരാമർശമോ ഇല്ല (ഒരേയൊരപവാദം, ഇന്ദ്രനെ ശക്തിപ്പെടുത്തുന്നതിൽ മരുത്തുക്കളുടെ പങ്കും അവരുടെ സഖ്യവും ചുരുക്കത്തിൽ സൂചിപ്പിക്കുന്ന ഒമ്പതാം പദ്യത്തിന്റെ രണ്ടാം പാദമാണ്).  ഇന്ദ്രന്റെ സോമപാനത്തിന്റെ,  പണ്ടു ചെയ്തതോ ഇന്നു ചെയ്യുന്നതോ ആയ വീരകൃത്യങ്ങൾക്ക് അവനെ പ്രചോദിപ്പിക്കുക മുതലായ, ഉദ്ദേശ്യത്തെപ്പറ്റിയും നാം കേൾക്കുന്നില്ല. ദാനങ്ങളോ ഏതെങ്കിലും തരത്തിലുള്ള സഹായമോ കവി ചോദിക്കുന്നുമില്ല. അങ്ങനെ അസാധരാണമായൊരു സൂക്തമായി ഇതനുഭവപ്പെടുന്നു.

37–ാമത്തേത് ലളിതമായ ഒരു സൂക്തം. വാചാടോപം കൂടുമെന്നൊരു വിശേഷം മാത്രം. ഉള്ളടക്കത്തിൽ പ്രത്യേകിച്ചു പുതുമയൊന്നുമില്ല.

സാന്ദ്രവും വിഷമമുള്ളതും എന്നാൽ ഫലപ്രദവുമാണ് 38–ാം സൂക്തം. മൂന്നാം മണ്ഡലത്തിലെ ഇന്ദ്രസൂക്തങ്ങളുടെ മധ്യത്തിലാണീ സൂക്തമെങ്കിലും, *അനുക്രമണി* ഇന്ദ്രന്റെ പേരിലാണിതുൾപ്പെടുത്തിയിട്ടുള്ളതെങ്കിലും, അവസാനത്തെ വിശ്വാമിത്രന്റെ പല്ലവിയിലൊഴികെ മറ്റൊരിടത്തും ഇന്ദ്രന്റെ പേരില്ല. സൂക്തത്തിലൊരിടത്തും വ്യക്തമായ പരാമർശവുമില്ല.

സൂക്തം രണ്ടു സൃഷ്ടികളെപ്പറ്റിയാണ്. ആദിസൃഷ്ടിയും ദ്വിതീയസൃഷ്ടിയും. ആദ്യത്തേത് അവ്യക്തസൃഷ്ടി. ഇവിടെ ഒന്നും വ്യക്തമല്ല – നാമമോ രൂപമോ ഒന്നും. രണ്ടാമത്തേതിൽ അവ രണ്ടും വ്യക്തമാകുന്നു.

കവിതന്നെ പറയുന്നതാണ് ആദ്യത്തെ മൂന്നു പദ്യങ്ങൾ. കവികളുടെ പഴയ തലമുറയെയും കാവ്യപാരമ്പര്യത്തെയും പറ്റിയാണിവ. ഒന്നാം പദ്യത്തിൽ കവി സ്വന്തം പ്രചോദനത്തിൽ അഭിമാനം കൊള്ളുന്നു. രണ്ടിൽ കവി തന്നെത്തന്നെ സംബോധന ചെയ്യുന്നു. അവൻ പ്രാചീനകവികളിൽനിന്നു മാതൃക തേടുന്നു. “അവർ സ്വയം സ്വർഗം ചമച്ച”തായി പറയുന്നു. ഇത് മുൻസൂചിപ്പിച്ച “ദ്വിതീയസൃഷ്ടി”യെ കാണിക്കുന്നു. മൂന്നാം പദ്യം രണ്ടാമത്തേതിനെ വികസിപ്പിച്ചതത്രേ. ഏറ്റവും പ്രധാനം നാലാം പാദമാണ്: “ധായസേ അന്തഃ സമൃതേ ധുഃ” (അവർ ഞങ്ങൾക്കു ഭക്ഷണം തരാൻ ഒരുമിച്ചുവെച്ച രണ്ടെണ്ണത്തെയും വേറെയാക്കി).

നാലാം പദ്യത്തിൽ അവ്യക്തത കാണാം. എങ്കിലും “നാമ”മെന്ന പരാമർശമുണ്ടവിടെ. അടുത്ത വരിയിലെ “വിശ്വരൂപ”നാവാം. പക്ഷേ, ആരാണ് വിശ്വരൂപൻ? അഞ്ചാം പദ്യത്തിൽ ഈ കാളയാണ് ആദിസൃഷ്ടിക്കുത്തരവാദിയെന്നു സൂചിപ്പിക്കുന്നതായിത്തോന്നുന്നു. അതിൽ നാമ–രൂപവ്യക്തിയില്ലല്ലോ. “കാള പ്രസവിച്ചു” എന്നവിടെ കാണാം. കാളയെന്നോ പശുവെന്നോ ഉള്ള വേർതിരിവു വന്നിട്ടില്ലെന്നായിരിക്കാം. “സ്വർഗപുത്രന്മാരായ രണ്ടു രാജാക്കന്മാർ” അവിടെ പരാമർശിക്കപ്പെടുന്നു. അശ്വികളാവാം. പക്ഷേ, സന്ദർഭത്തിനു ചേരില്ല. മിത്രാവരുണന്മാരെന്നും ഇന്ദ്രാവരുണന്മാരെന്നും അഭിപ്രായങ്ങളുണ്ട്. വേണമെങ്കിൽ യോജിപ്പിക്കാം. പക്ഷേ, കവിയുടെ താല്പര്യം ആ അർത്ഥത്തിലാണെന്നുറപ്പില്ല. രണ്ടു ലോകാർധങ്ങളെപ്പറ്റി 3, 8 പദ്യങ്ങളിൽ പറയുന്നുണ്ട്. 9–ൽ സൂചിപ്പിക്കപ്പെടുന്നതും അതുതന്നെയായിരിക്കാം. 8–ൽ തന്റെ സ്തുതിഗാനത്തിലൂടയാണ് അവ ചലിപ്പിക്കപ്പെടുന്നതെന്ന് കവി അവകാശപ്പെടുന്നു. ഇതൊക്കെ വെച്ചു നോക്കുമ്പോൾ ഈ “രണ്ടു ലോകാർധങ്ങ”ളാവാം സൂക്തത്തിലെ “സ്വർഗത്തിന്റെ പുത്രന്മാർ” എന്നൂഹിക്കാം. ഏഴാം പദ്യം ആദ്യപാദപാദത്തിൽ ആദിസ്രഷ്ടാവിനെ “കാളയായും പശുവായും” കല്പിക്കുന്നു. ബാക്കിഭാഗം നാമ

–രൂപകല്പനയോടുകൂടിയ ദ്വിതീയസൃഷ്ടിയെപ്പറ്റി. ഇവിടെ സ്രഷ്ടാക്കൾ കരകൗശലപ്പണിക്കാരാകുന്നു. ഇവർ കവികളായിരിക്കാം. എട്ടാം പദ്യം ഏഴാം പദ്യംപോലെത്തന്നെ തുടങ്ങുന്നു. പക്ഷേ, ഇത്തവണ വർത്തമാനകാലത്തെ കവിയാണ്. ലോകത്തിലെ ചലനത്തിനു കാരണം (ദ്വിതീയസൃഷ്ടി) തന്റെ സ്തുതിഗാനമാണെന്നാണ് കവിയുടെ വാദം. ആദിസൃഷ്ടിയിലെ നിശ്ചലമായ സ്വർണമുദ്ര (8)യിൽനിന്നു വിരുദ്ധമായി നിൽക്കുന്നു ഇത്.

39–ാം സൂക്തം തുടങ്ങുന്നത് (1–3) കാവ്യചിന്തയെപ്പറ്റിയുള്ള മനോഹരമായ ഒരു ബിംബകല്പനയോടുകൂടിയാണ്: കാവ്യചിന്ത ഇന്ദ്രനെ തന്റെ ഭർത്താവായി ആഗ്രഹിക്കുകയും ഇരട്ടകളെ പ്രസവിക്കുകയും ചെയ്ത രമണീയമായി അലങ്കരിക്കപ്പെട്ട സുന്ദരിയായ ഒരു യുവതിയാണ്. ഈ ഇരട്ടകൾ ഒരുപക്ഷേ രണ്ടുതരത്തിലുള്ള യജ്ഞവചസ്സുകളായിരിക്കാം. നാലാം പദ്യത്തിൽ വിഷയം മാറുന്നു. അത് പുരാവൃത്തപരമായ ഭൂതകാലത്തിലേക്കു കടക്കുന്നു: വലഗുഹ ഭേദിക്കുകയും പശുക്കളെ മോചിപ്പിക്കുകയും ചെയ്യുക എന്ന ഇന്ദ്രന്റെ ഏറ്റവും മഹത്തായ കർമങ്ങളിലൊന്ന് വിവരിക്കുന്നു. പശുക്കൾ ഉഷസ്സുകളാണ്; അത് സൂര്യനിലേക്കു വ്യാപിപ്പിക്കാം (4–6). കാവ്യചിന്തയെക്കുറിച്ചുള്ള പദ്യങ്ങളും വലപുരാവൃത്തത്തെക്കുറിച്ചുള്ള പദ്യങ്ങളും തമ്മിലുള്ള സൂചിതബന്ധം വ്യക്തമാക്കപ്പെട്ടിട്ടില്ല. പക്ഷേ, നമുക്കതറിയാം: ഇന്ദ്രനും സഹായികളായ അംഗിരസ്സുകളും (ഇവിടെ നവഗ്വന്മാരും ദശഗ്വന്മാരും) ശരിയായി രൂപപ്പെടുത്തിയ വാക്കാണ് ഗുഹ തുറക്കാൻ ഉപയോഗിച്ചത്. ഇതാണ് വെളിച്ചം സൂക്ഷിക്കാനും യജമാനനെയും യജ്ഞത്തെയും സംരക്ഷിക്കാനും കവിയുടെ യജ്ഞവചസ്സിനെ ഉപയോഗിക്കുന്നതിന്റെ പുരാവൃത്തമാതൃക.

40–ാമത്തെ ലളിതമായ സൂക്തം ഇന്ദ്രന്റെ സോമപാനമെന്ന പ്രമേയത്തിൽനിന്ന് ഒട്ടും വ്യതിചലിക്കുന്നില്ല. ഇന്ദ്ര (1–6, 9), സുതസോമം (1–2, 4–5) എന്നീ ആവർത്തനഘടകങ്ങളിൽ പ്രതിഫലിക്കപ്പെടുന്ന ഏകാഗ്രത നോക്കുക. അർവാവതഃ –പരാവതഃ, അർവാവതം – പരാവതം എന്നിവയും ശ്രദ്ധിക്കുക.

യജ്ഞത്തിലും ഇന്ദ്രന്റെ അതിലേക്കുള്ള യാത്രയിലും അതിൽ പങ്കെടുക്കുന്നതിലും കേന്ദ്രീകരിക്കുന്ന 41–ാം പ്രാഥമികസൂക്തം 3. 35–നെ അനുസ്മരിപ്പിക്കുന്നു. വൃത്തം വ്യത്യസ്തമാണെന്നുമാത്രം. ഇതിലും ദേവസ്തുതിയും ഇന്ദ്രന്റെ  മഹത്തായ കൃത്യങ്ങളുടെയും പ്രാർഥനകളുടെയും സഹായത്തിന്റെയും പരാമർശവും തീരെയില്ല.

ഇക്കഴിഞ്ഞ സൂക്തം (3. 41) പോലെ സോമപാനത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലളിതമായ 42–ാം സൂക്തം.

ഇക്കഴിഞ്ഞ രണ്ടു സൂക്തങ്ങളിലെപ്പോലെ ഇന്ദ്രൻ സോമയജ്ഞത്തിലേക്കു യാത്ര ചെയ്യുന്നതും അതിൽ സംബന്ധിക്കുന്നതുമാണ് 43–ാം സൂക്തത്തിലെയും പ്രതിപാദ്യമെങ്കിലും  വൃത്തം കുറച്ചുകൂടി വിപുലമായ ത്രിഷ്ടുപ്പാണെന്നതുൾപ്പെടെ രചന കുറേക്കൂടി സമ്പന്നമാണ്. ആദ്യത്തെ നാലു പദ്യങ്ങൾ യാത്രാപ്രേരകം വിവരിക്കുന്നു. അഞ്ചാം പദ്യം ഇന്ദ്രൻ ഗായകനുവേണ്ടി ഇടപെടണമെന്ന അഭ്യർഥന ഉൾക്കൊള്ളുന്നു. ആറാം പദ്യം യാത്രാപ്രേരകത്തിലേക്കുതന്നെ തിരിച്ചുവരുന്നു. ഏഴാം പദ്യം ഇന്ദ്രനോടുള്ള സോമപാനാപേക്ഷയാണ്. രണ്ടു പ്രസിദ്ധമായ പുരാവൃത്തങ്ങളും – ഗരുഡന്റെ സോമാപഹരണവും ഇന്ദ്രന്റെ വലഗുഹാഭേദനവും – അവിടെ സൂചിപ്പിക്കുന്നു. ഈ യാത്രാസൂക്തങ്ങളിൽ ഇന്ദ്രന്റെ കുതിരകൾക്കു മുഖ്യസ്ഥാനമാണുള്ളതെന്നു പറയേണ്ടതില്ലല്ലോ.

44–ാം ഹ്രസ്വസൂക്തത്തിന്റെ പ്രധാനസൂത്രവിദ്യ ഹരി, ഹര്യ എന്നീ ശബ്ദങ്ങളുടെ ശ്ലേഷത്തെ ഉപയോഗിച്ചുള്ളതാണ്. ഹരിശബ്ദത്തിന് സ്വർണനിറമുള്ളത് എന്നും ഇന്ദ്രന്റെ പിംഗലക്കുതിരകൾ എന്നും അർഥം (വേറെ അർഥങ്ങളുമുണ്ടെങ്കിലും അവ ഇവിടെ ഉദ്ദിഷ്ടമല്ല). ഹര്യ = ആസ്വദിക്കുക. ഇതിന്റെ വിപുലമായ ഉദാഹരണം, വാസ്തവത്തിൽ, 10. 96 ആണ്.

ഇന്ദ്രനെക്കുറിച്ചുള്ള യാത്രാസൂക്തങ്ങളിലെ പതിവനുസരിച്ച് 45–ാം സൂക്തത്തിലും ഇന്ദ്രനെ "ഇവിടേക്കു വരാൻ" ക്ഷണിക്കുന്നു. പക്ഷേ,  അത് വേഗത്തിൽ ഇന്ദ്രനെയും അവന്റെ ദാനങ്ങളെയും പറ്റിയുള്ള ശ്രദ്ധേയവും സവിസ്തരവുമായ ഉപമകളുടെയും രൂപകങ്ങളുടെയും പരമ്പരകളിലേക്ക് തിരിയുന്നു. നാല് ഉപമകൾ ഉൾക്കൊള്ളുന്ന മൂന്നാം പദ്യം അങ്ങനെ സൂക്തത്തിന്റെ ഏകാഗ്രമായ സത്തയെ പ്രതിനിധാനം ചെയ്യുന്നു.

46–ാം സൂക്തത്തിന്റെ മിക്ക ഭാഗങ്ങളും ഇന്ദ്രന്റെ പൊതുവായ സ്തുതിക്ക്, വിശേഷിച്ച് മഹത്വത്തിനും സവിശേഷതകൾക്കും, നീക്കിവെച്ചിരിക്കുന്നു. മൂന്നാം പദ്യം എടുത്തു പറയാവുന്നതാണ്. നാലും അഞ്ചും പദ്യങ്ങൾ യജ്ഞത്തിൽ ഇന്ദ്രനുവേണ്ടിയുള്ള പ്രാതഃസവനത്തിലേക്കു തിരിയുന്നു.

യജ്ഞകേന്ദ്രിതമായ ഈ 47–ാം സൂക്തം മാധ്യന്ദിനസവനത്തിനു ചേർന്നതാകുന്നു. അവിടെ ഇന്ദ്രൻ മരുത്തുക്കളോടൊപ്പം സോമം കുടിക്കുന്നു. ഇന്ദ്രനെയും മരുത്തുക്കളെയും എല്ലാ പദ്യങ്ങളിലും പേരെടുത്തു പറയുന്നുണ്ട്; ഉപാന്ത്യപദ്യത്തിലൊഴികെ എല്ലാറ്റിലും "കുടിച്ചാലും" എന്ന അപേക്ഷയുമുണ്ട്. 3–4 പദ്യങ്ങൾ ഇന്ദ്രന്റെ വിവിധവീരകർമങ്ങളിൽ മരുത്തുക്കളുടെ പങ്ക് പരാമർശിക്കുന്നതു കാണാം.

48–ാം സൂക്തത്തിൽ ഇന്ദ്രന്റെ ബാല്യ–യൗവനകാലവിവരണമാണ്. അവന്റെ ശൈശവം, യൗവനകാലത്തെ അമിതമായ പ്രസരിപ്പും  അച്ഛനെ (ത്വഷ്ടാവിനെ) മറികടക്കുന്നതും ഈ പ്രവർത്തനങ്ങളിൽ അമ്മ സഹായം നൽകുന്നതും ഇതിൽ അവലോകനം ചെയ്യപ്പെടുന്നു. അമ്മ നവജാതശിശുവിന് സോമം നൽകുന്നു. അവൻ കുടിച്ചിട്ട് അച്ഛനെ കീഴ്പ്പെടുത്തുകയും സോമം അപഹരിക്കുകയും ചെയ്യുന്നു.

49–ാം സൂക്തത്തിലെ ആദ്യപദ്യം "ശംസാ" (ഞാൻ സ്തിതിക്കുന്നു) എന്നാരംഭിക്കുന്നു. പല്ലവിയൊഴിച്ചു  നാലു പദ്യങ്ങളിലെ വിവരണവും ഇതനുസരിച്ചാണ് പോകുന്നത്. പ്രത്യക്ഷമായ അഭ്യർഥനകളൊന്നുമില്ലെങ്കിലും ഇന്ദന്റെ വിജയശക്തിയുടെയും സാധനങ്ങളുടെ നിയന്ത്രണത്തിന്റെയും പ്രശംസ, ആ രണ്ടും ഗായകനും സമുദായത്തിനും തരാൻ യത്നിക്കുന്നതിന് ദേവനോട് വ്യംഗ്യമായി സൂചിപ്പിക്കുന്നു.

50–ാമത്തെ ഹ്രസ്വമായ "യാത്രാ"സൂക്തത്തിലെ മാധ്യന്ദിനസവനത്തിൽ വിനിയോഗിക്കാനുള്ളതാണ്. മരുത്വാൻ

എന്ന ഇന്ദ്രവിശേഷണം (1) ഇത് സൂചിപ്പിക്കുന്നു. ഇന്ദ്രന്റെ യാത്രാസൂക്തങ്ങളിലെ പിംഗലക്കുതിരകളുടെ പരാമർശവും ഇവിടെ കാണാം. പല്ലവി(5)ക്കുപുറമെ ഉപാന്ത്യ(4)പദ്യവും ആദ്യത്തെ ഇന്ദ്രസൂക്ത(3. 30. 20)ത്തിലുള്ളതിന്റെ ആവർത്തനമാണ്.

51–ാം സൂക്തം മൂന്നു വൃത്തങ്ങളിലായി നാലു തൃചങ്ങളിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ആദ്യത്തെ രണ്ടു തൃചങ്ങൾ പതിവുനിലവാരത്തിലുള്ള ഇന്ദ്രസ്തുതി ഉൾക്കൊള്ളുന്നു. ഈ സ്തുതി പ്രകടിപ്പിക്കുന്ന ഗാനങ്ങൾക്കും ഗായകന്മാർക്കും ഊന്നൽ നൽകിയിരിക്കുന്നു. തൃചങ്ങൾക്കുള്ളിൽ ശക്തമായ ഐക്യമൊന്നുമുള്ളതായി സൂചനയില്ല. ഈ മണ്ഡലത്തിലെ പല സൂക്തങ്ങളിലുമെന്നപോലെ, മൂന്നാമത്തെ തൃചത്തിൽ ഇന്ദ്രൻ മരുത്തുക്കളോടുകൂടി നടത്തുന്ന സോമപാനവർണനമത്രേ. മാധ്യന്ദിനസവനത്തിൽ അത് ഉചിതമാണല്ലോ. അവസാനത്തെ തൃചം കൂടുതൽ നിഷ്കൃഷ്ടമായി ഇന്ദ്രസോമപാനവർണനത്തിൽ കേന്ദ്രീകരിക്കുന്നു.

52–ാം സൂക്തവും ഇന്ദ്രസൂക്തസമാഹാരത്തിലേക്കു കൂട്ടിച്ചേർക്കപ്പെട്ടതാണ്. അഗ്നിസൂക്തമായ 3. 22–നു തികച്ചും സമാന്തരമായ ഇത് സോമയജ്ഞത്തിലെ ഓരോ സവനത്തിലും ഓരോ പുരോളാശ(അട)ഹവിസ്സ് നൽകുന്നതിനെപ്പറ്റിയാകുന്നു. ഓരോ സവനത്തിനും ഓരോ വൃത്തം സ്വീകരിച്ചിരിക്കുന്നു. പ്രാതഃസവനം 1–4 പദ്യങ്ങളുടെയും മാധ്യന്ദിനസവനം (ഈ മണ്ഡലത്തിലെ പല സൂക്തങ്ങളിലും ഇത് വേണ്ടത്ര പ്രതിനിധാനം ചെയ്യപ്പെട്ടിട്ടുണ്ട്) ഒരു പദ്യത്തിലും (5) തൃതീയസവനവും ഒരു പദ്യത്തിലും വിവരിക്കുന്നു. മറ്റു രണ്ടു പദ്യങ്ങൾ പൊതുവായുള്ളതത്രേ.

വളഞ്ഞുപുളഞ്ഞുകിടക്കുന്ന ഈ സൂക്തം ഇന്ദ്രസൂക്തങ്ങളുടെ ഒരനുബന്ധമാണ്. ഇത് അഞ്ചു വിവിധവൃത്തങ്ങളിലായി, ചുരുങ്ങിയത് ആറു ഖണ്ഡങ്ങളുൾക്കൊള്ളുന്നു. ഖണ്ഡങ്ങൾതമ്മിൽ ബന്ധമില്ലെന്നുതന്നെ പറയാം. മിക്കവാറും മൗലികമായി സ്വതന്ത്രമാണ് ഓരോന്നും. പക്ഷേ, സൂക്തം മൊത്തത്തിൽ വിശ്വാമിത്രനെയും അദ്ദേഹത്തിന്റെ കുടുംബക്കാരായ കുശികന്മാരെയും രക്ഷിതാവായ രാജാവ് സുദാസ്സിനെയും ഭരതന്മാരെയും കീർത്തിക്കാനുദ്ദേശിക്കപ്പെടുന്നതായി തോന്നുന്നു.

53–ാം സൂക്തത്തിന്റെ തുടക്കം (1–6) ഏറ്റവും മാമൂൽസ്വഭാവമുള്ള ഭാഗമാണ്. ഇന്ദ്രനെ ദാനങ്ങളോടുകൂടി യജ്ഞത്തിലേക്കു സോമപാനത്തിന്നായി വരാൻ ക്ഷണിക്കുന്നു. ഭാര്യയുടെയും വീട്ടിന്റെയും പരാമർശമാണ് (4–6) ഏറെ സവിശേഷമായ ഭാഗം. ദൂതനായി വന്ന് സോമപാനത്തിനുശേഷം വീട്ടിലേക്കു തിരിച്ചു പോകണമെന്നു പറയുന്നു. രണ്ടാം ഖണ്ഡം (7–14) മുഴുവൻ കവി വിശ്വാമിത്രനെയും കുടുംബത്തെയും രക്ഷിതാവായ രാജാവ് സുദാസ്സിനെയും അദ്ദേഹത്തിന്റെ പ്രജകളായ ഭരതന്മാരെയും മധ്യസ്ഥനായ ഇന്ദ്രനെയും സംബന്ധിക്കുന്നു. ഖണ്ഡത്തിന്റെ അവസാനം യജ്ഞം ചെയ്യാത്ത എതിരാളികളെ സുദാസ്സിന്റെയും ഭരതന്മാരുടെയും കീഴിലാക്കാൻ ഇന്ദ്രനോടഭ്യർഥിക്കുന്നുമുണ്ട്.അടുത്ത രണ്ടു പദ്യങ്ങൾ (14–15) സസർപ്പരിയെപ്പറ്റിയാണ്. ആ പദത്തിന്റെ രൂപനിഷ്പത്തിയും നിരുക്തിയും അവ്യക്തമത്രേ. വാഗ്ദേവതയാണെന്നു ചിലർ. കുശികരുടെ കരവിരുതിന്റെ മൂർത്തീഭാവമെന്നു മറ്റു ചിലർ. പശുവാണെന്നാണ് ഇവിടത്തെ വ്യാഖ്യാനം. ഏതായാലും, അവൾ സഹായിക്കുന്നവർക്ക് കീർത്തി കൈവരുമെന്ന് കവി വർണിക്കുന്നു. തുടർന്നുള്ള നാലു പദ്യങ്ങൾക്ക് (17–20) സൂക്തത്തിലെ മറ്റു ഭാഗവുമായി ബന്ധം കാണുന്നില്ല. യാത്രയിൽ തേരിനും കാളകൾക്കും മറ്റും വരുന്ന കേടുപാടുകളും മറ്റും പരിഹരിക്കണമെന്ന അഭ്യർഥനയാണു പ്രതിപാദ്യം. അവസാനത്തെ നാലു പദ്യങ്ങൾ (21–24) വ്യാഖ്യാനിക്കാൻ വിഷമമുള്ളവയാണ്. വിശ്വാമിത്രനും വസിഷ്ഠനും തമ്മിലുള്ള ശത്രുതയുടെ പ്രകടനമായാണ് പരമ്പരാഗതമായി അവ കണക്കാക്കിപ്പോരുന്നത്. അതു മഹാഭാരതത്തിലും മറ്റും പിൽക്കാലത്ത് വിവരിക്കപ്പെടുന്നവയാണ്. *ഋഗ്വേദ*ത്തിൽ ആ വ്യക്തിപരമായ ശത്രുതയില്ലെന്നാണ് സമ്പൂർണമായ ആംഗലവിവർത്തനത്തിന്റെ കർത്താക്കളുടെ അഭിപ്രായം (1. 537)

ഈ മണ്ഡലത്തിൽ വിശ്വേദേവന്മാർക്കുള്ള ആദ്യത്തേതാണ് ഈ 54–ാം സൂക്തം. ഇതിന് രണ്ടു ഭാഗങ്ങൾ: 1–10 പദ്യങ്ങൾ ഒന്നാം ഭാഗവും 11–22 പദ്യങ്ങൾ രണ്ടാം ഭാഗവും. രണ്ടാം ഭാഗത്തിൽ ഈ ദേവന്മാരുടെ ഒരു പട്ടിക നൽകുന്നുണ്ട്. ഓരോ പദ്യത്തിലും ധാരാളം ദേവന്മാരും അവരുടെ സവിശേഷതകളും വിവരിക്കപ്പെടുന്നു. ഈ ഭാഗം താരതമ്യേന ഋജുവും ലളിതവുമാകുന്നു. ആദ്യത്തെ പകുതി, വിശേഷിച്ച് 2–9 പദ്യങ്ങൾ സ്വർഗത്തെയും ഭൂമിയെയും വർണിക്കുന്നു. അതിന്റെ തുടക്കം ആ ദേവതാദ്വന്ദ്വത്തിന്റെ (ദ്യാവാപൃഥിവികളുടെ) വിശ്വേദേവസൂക്തങ്ങളിലെ മാമൂൽസ്തുതിയോടുകൂടാണ്. വസ്തുക്കളുടെ സ്വഭാവത്തെപ്പറ്റിയും വിശ്വത്തിലെ സംഗതികളുടെ ഉത്തരം കിട്ടാത്ത ചോദ്യങ്ങളെപ്പറ്റിയും ഊഹാപോഹങ്ങളോടുള്ള ഒരുതരം വിട വാങ്ങൽ ഇവിടെ ദർശിക്കാം. ഉദാഹരണമായി അഞ്ചാം പദ്യത്തിലെ ചോദ്യങ്ങൾ നോക്കുക. സത്യത്തിലും യാഥാർഥ്യത്തിലും ദ്യവാപൃഥിവികളെ കണ്ടെത്തലിലും (ഈ രണ്ടു പ്രമേയവും 3–4 പദ്യങ്ങളിൽ), അനിശ്ചിതമായ ചോദ്യങ്ങളിലുമുള്ള ഊന്നൽ, പ്രപഞ്ചത്തിന്റെ യഥാർഥമായ മാനങ്ങളും സ്വഭാവവും ക്രമേണയും അപൂർണമായും മാത്രമേ നാം കണ്ടെത്തുന്നുള്ളൂ എന്ന സംഗതി സൂചിപ്പിക്കുന്നു. ഈ ഭാഗത്തിലെ ശൈലി നിഗൂഢാത്മകവും സാന്ദ്രവും അലങ്കാരസങ്കീർണവുമാകുന്നു. പ്രത്യേകിച്ച്, 9–ാം പദ്യം.

55–ാം സൂക്തത്തിന്റെ ഏറ്റവും വ്യക്തമായ സവിശേഷത “മഹത്താണ് ദേവന്മാരുടെ ഏകമായ പ്രഭുത്വം” എന്ന പല്ലവിയാണ്. ഒരേ സമയത്തുള്ള ദേവന്മാരുടെ (അസുരന്മാരുടെയും) ഈ ഏകത്വവും വൈവിധ്യവും മിക്ക വിശ്വേദേവസൂക്തങ്ങളിലും, വിശേഷിച്ച് ഇതിന്റെ രണ്ടാംഭാഗത്തിൽ, പ്രകടമത്രേ.

പക്ഷേ, വിശ്വേദേവന്മാരുടെ പട്ടിക നിരത്തുന്ന സാധാരണസൂക്തങ്ങളിൽ നിന്ന് ഇത് വ്യതിരിക്തമായി നില കൊള്ളുന്നു. ഒന്നാം ഭാഗം അഗ്നിയുടെ ജന്മരഹസ്യത്തെസ്സംബന്ധിച്ചാകുന്നു. അഗ്നി നിയതമായി ജനിച്ചപ്പോൾ പതിവുപോലെ ഇന്ദ്രൻ യജ്ഞത്തിലേക്കു വരുന്നു. ആദിമമായ പ്രാതഃസവനത്തിന്റെ പുനഃസൃഷ്ടിയെയും കവിയുടെ അവതാരണ

ത്തെയും വർണിക്കുന്ന മൂന്നു പദ്യങ്ങൾ(1–3)ക്കുശേഷം സൂക്തം അഗ്നി പല സ്ഥലങ്ങളിലും സസ്യങ്ങളിലും ഒളിഞ്ഞിരിക്കുന്നതിന്റെ നിഗൂഢാത്മകമായ വർണന(4–5)ത്തിലേക്കു തിരിയുന്നു. അഗ്നിയുടെ അച്ഛനമ്മമാരായ അരണിക്കോലുകൾ (6–7), ജ്വലനത്തിനുശേഷം തീ പിടിക്കുന്നത് (8–9), പുകയും ജ്വാലകളും സ്വർഗത്തിലേക്കയയ്ക്കുന്നത് (10) എന്നിവയുടെ വർണനയാണ് തുടർന്ന്. അഗ്നിജ്വലനം പ്രാപഞ്ചികവും യാജ്ഞികവും, രണ്ടുമായ, മാനങ്ങളിലേക്കു കടക്കുന്നു. രാത്രിയും ഉഷസ്സും, പിന്നീട് ഉഷസ്സുകൾ മാത്രം, ശിശുവായ അഗ്നിയുടെ അമ്മമാരായി കല്പിക്കപ്പെടുന്നു. ഇത് പ്രാതഃസവനത്തിലെ യജ്ഞാഗ്നിയത്രേ (11–16). താമയിയാതെ ഇന്ദ്രൻ പ്രാതഃസവനയജ്ഞത്തിൽ പ്രത്യക്ഷപ്പെടുന്നു (17–18). ഈ പ്രഹേളികാപ്രായമായ പദ്യങ്ങളിലെ പല ആശയങ്ങളും വ്യക്തമല്ല. പലതും പല വ്യാഖ്യാനങ്ങൾക്കും ഇടം നൽകുന്നു.

56–ാമത്തേത് നിഗൂഢാത്മകവും കടങ്കഥാപ്രായവുമായ മറ്റൊരു വിശ്വേദേവസൂക്തം. അതിലെ രഹസ്യങ്ങളോടൊപ്പം സംഖ്യാപദശൈലിയുടെ അവതരണവും കാണാം. മുഖ്യമായി മൂന്നും മൂന്നിന്റെ ഇരട്ടിപ്പുകളുമാണ് കാണുന്നത്. സൂക്തത്തിന്റെ ആദ്യഭാഗങ്ങളിൽ ഈ സംഖ്യകൾ പ്രാപഞ്ചികശക്തികളെയാണ് പരാമർശിക്കുന്നത്. ഉദാഹരണമായി മൂന്നു സ്വർഗങ്ങൾ, മൂന്നു ഭൂമികൾ – അങ്ങനെ ആകെ ആറ് (2). പ്രപഞ്ചസൃഷ്ടിയെക്കുറിച്ചും പരാമർശമുണ്ടെങ്കിലും വിശദാംശങ്ങൾ വ്യക്തമല്ല. പക്ഷേ, അഞ്ചാം പദ്യം മുതൽ മൂന്ന് എന്ന സംഖ്യ നിത്യവുമുള്ള മൂന്നു സവനങ്ങളെ പരാമർശിച്ചുകൊണ്ട് ശക്തമായ യാജ്ഞികത്തിരിവിലേക്കു കടക്കുന്നു. ഇപ്രകാരം കവി യജ്ഞഘടന പ്രപഞ്ചഘടനയുമായി അഭിന്നപ്പെടുന്നുവെന്നു ധ്വനിപ്പിക്കുന്നു.

57–ാം സൂക്തം സ്തുതികാവ്യം ചൊല്ലുന്ന പ്രാതഃസവനവും പിടിക്കല്ലുകൾക്ക് നുകം വെക്കലും അഗ്നിജ്വലനവും ചിത്രീകരിക്കുന്നു. കവി സ്വയം ഈ പ്രവർത്തനത്തിന്റെ കേന്ദ്രത്തിൽ നിൽക്കുന്നു. സൂക്തം അഴിച്ചുവിട്ടതും ധാരാളം ഉല്പാദിപ്പിക്കുന്നതുമായ ഒരു പശുവിൽനിന്ന് താൻ നേടുന്ന പ്രചോദനത്തിന്റെ മനോഹരവും വർണശബളവുമായ ബിംബകല്പനയോടെ തുടങ്ങുന്നു.

58–ാം സൂക്തം തുടങ്ങുന്നത് നിഗൂഢാത്മകമായ ഒരറിയിപ്പോടുകൂടിയാണ്. പണ്ടേയുള്ള "ശുക്ല"മായ കറവപ്പശുവും ദക്ഷിണയുടെ പുത്രനും ഏതെന്നു വ്യക്തമല്ല. ഒന്നാം പദ്യത്തിന്റെ ഉത്തരാർധം പ്രാതഃകാലത്തെ വർണിക്കുന്നു. അതുകൊണ്ട് കറവപ്പശുവും ഉഷസ്സുതന്നെയായിരിക്കണം. അതിന്റെ പാൽ വെളിച്ചവും. ഇത് പ്രഭാതത്തിൽ ചൊല്ലേണ്ട സൂക്തമായിരിക്കണം. ഈ പാൽ ശുക്ലത്തിൽനിന്നു വരുന്നു. അത് അഗ്നിയുടെ തീയോ സൂര്യനോ സോമമോ ആവാം. ദക്ഷിണയുടെ പുത്രനാണ് അഗ്നി എന്നു കല്പിക്കുന്നുണ്ടല്ലോ. ദക്ഷിണ യഥാർഥത്തിലോ ആലങ്കാരികമായോ പശുവാകുന്നു. രണ്ടാം പദ്യത്തിലും ഇതുപോലെ സങ്കീർണമായ പല പ്രശ്നങ്ങളുമുണ്ട്. മറ്റു പദ്യങ്ങൾ ഈ രണ്ടെണ്ണം പോലെ നിഗൂഢാത്മകമോ സങ്കീർണമോ അല്ല. അത് പ്രാതഃസവനത്തിൽ പ്രത്യക്ഷപ്പെടാൻ അശ്വികളോടുള്ള അഭ്യർഥനയാണ്. ആറാം പദ്യത്തിലെ ജഹ്നാവി ജഹ്നുപത്നിയെ പരാമർശിക്കുന്നതായിരിക്കണം. ബ്രാഹ്മണങ്ങളനുസരിച്ച് ജഹ്നു വിശ്വാമിത്രന്റെ അച്ഛനോ പൂർവികനോ ആണ്. ജഹ്നാവിയുടെ കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളും നിലനിൽക്കുന്നുണ്ട്.

മിത്രൻ പൊതുവിൽ വരുണനോടൊപ്പമാണ് വിളിക്കപ്പെടാറ്. ഈ 59–ാം സൂക്തം മാത്രമാണ് *ഋഗ്വേദ*ത്തിൽ മിത്രന്നുള്ള ഒരേയൊന്ന്. ജനങ്ങളെ "സംഘടിപ്പിക്കുന്ന" സഖ്യങ്ങളുടെ ദേവനായാണ് ഇവിടെ മിത്രൻ സംബോധന ചെയ്യപ്പെടുന്നത് (1, 5). വിവാഹങ്ങളും കരാറുകളും മറ്റ് സഖ്യരൂപങ്ങളും ജനങ്ങൾ തമ്മിൽത്തമ്മിൽ സ്വീകരിക്കുന്ന മറ്റു ബന്ധങ്ങളുമാണ് ഉദ്ദേശിക്കപ്പെടുന്നത്. മനുഷ്യനായ രാജാവ് അത്തരം ബന്ധങ്ങൾ സംരക്ഷിക്കുന്നതുപോലെ, മിത്രൻ എന്ന ദിവ്യനായ രാജാവ് അവയ്ക്ക് ദിവ്യമായ അനുമതി നൽകുന്നു. ആദ്യപദ്യം മിത്രന്റെ സ്വഭാവത്തിന് അടിവരയിടുകയും മിത്രശബ്ദത്തിന്റെ സഖ്യാർഥത്തിന്മേൽ പദലീല നടത്തുകയും ചെയ്യുന്നു. സഖ്യങ്ങളുടെ ദേവൻ, വിളിക്കപ്പെടുമ്പോൾ, ജനങ്ങളെ അണിനിരത്തുകയും അത് പ്രഖ്യാപിക്കുമ്പോൾ ജനങ്ങൾ സംഘടിക്കുകയും ചെയ്യുന്നു. ഈ സൂക്തം നാലാം പദ്യത്തിൽ ഒരു സഖ്യത്തിന്റെ ജന്മം അടയാളപ്പെടുത്തുന്നു. അത് മിത്രന്റെ ജന്മംതന്നെയാണ്. ഏതുതരത്തിലുള്ള സഖ്യമാണ് ജന്മമെടുത്തതെന്നു സൂക്തം പറയുന്നില്ല. അവസാനത്തെ രണ്ടു പദ്യങ്ങളിൽ, പക്ഷേ, അത് യജ്ഞത്തിലൂടെയുള്ള ദേവന്മാരും മനുഷ്യരും തമ്മിലുള്ള സഖ്യമാണെന്നു സൂചനയുണ്ട്. ഈ സഖ്യത്തിൽ മനുഷ്യർ സ്തുതികളിലൂടയും ഹവിസ്സുകളിലൂടെയും ദേവന്മാരെ ശക്തിപ്പെടുത്തുകയും പകരം ദേവന്മാർ മനുഷ്യരെ അഭിവൃദ്ധിപ്പെടുത്തുമെന്നു പ്രതീക്ഷിക്കപ്പെടുകയും ചെയ്യുന്നു.

60–ാം സൂക്തം ഇന്നത്തെ പുരോഹിതന്മാർ ഋഭുക്കളുടെ വൈദഗ്ധ്യങ്ങൾ വീണ്ടെടുത്തുവെന്ന് അറിയിക്കുന്നു. ഋഭുക്കൾ "മനുവിന്റെ മക്ക"ളായാണ് (മനുഷ്യരായാണ്) ജനിച്ചതെങ്കിലും (3), അവർ ദിവ്യത്വവും (2) അമർത്ത്യത്വവും (3) ദേവന്മാരെപ്പോലെ യജ്ഞാംശവും (1) നേടി. ഒന്നാം പദ്യത്തിൽ ഋഭുക്കൾ സ്വീകരിച്ച "രൂപം" അവർ നേടിയ ദിവ്യരൂപമായിരിക്കണം. 4–6 പദ്യങ്ങളിൽ കവി ഇന്ദ്രനിലേക്കു തിരിയുകയും അദ്ദേഹത്തോട് പൂർണദിവ്യരൂപം കൈക്കൊണ്ട ഋഭുക്കളോടൊപ്പം സോമസവനയജ്ഞത്തിലേക്കു വരാനും സോമം കുടിക്കാനും ക്ഷണിക്കുകയും ചെയ്യുന്നു. ഇന്ദ്രനും ഋഭുക്കളും സഞ്ചരിക്കുന്ന തേരിനെ വർണിക്കുന്ന ഈ അന്തിമപദ്യങ്ങളിലുടനീളം സമ്മാനജേതാക്കളായ പന്തയക്കുതിരകളുടെ ബിംബകല്പനയാണ് കവി കൈക്കൊള്ളുന്നത്. വാജനെന്നത് ഋഭുക്കളിലൊരാളുടെ പേരായതുകൊണ്ട് ഈ വാജശബ്ദത്തിന്റെ ശ്ലേഷസാധ്യതയും 5, 6 പദ്യങ്ങളിൽ കവി മുതലെടുക്കുന്നുണ്ട്.

മൂന്നാം മണ്ഡലത്തിൽ ഉഷസ്സിനു സമർപ്പിച്ചിട്ടുള്ള ഒരേയൊരു സൂക്തം. ഇത് പതിവുപ്രമേയങ്ങളെ യോജിപ്പിക്കുന്നു: യുവതിയായ ദേവിയുടെ സൗന്ദര്യം, അവൾക്കു പ്രാതഃസവനവും യജ്ഞാഗ്നിയുമായുള്ള ബന്ധം, പ്രാതഃസവനത്തിൽ ദക്ഷിണകളുടെ വിതരണം കൊണ്ട് സമ്പന്നസാധനങ്ങൾ നൽകുന്നവളെന്ന പങ്ക് എന്നിവ. ആദ്യത്തെ

## മൂന്നാം മണ്ഡലം, എട്ടാം സൂക്തം

വിശ്വാമിത്ര ഗാഥിനൻ ഋഷി; 11 പദ്യങ്ങൾ; ത്രിഷ്ടുഭ് (അനുഷ്ടുഭ് 3, 7 ഒഴികെ); യൂപം ദേവത

അഗ്നിസൂക്തസമാഹാരത്തിന്റെ ഇടയിലാണ് ഈ സൂക്തമെങ്കിലും, ഇത് യജ്ഞയൂപത്തിന്നാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. അതിലാണല്ലോ യജ്ഞപശുവെ കെട്ടിയിടുക. എന്തിനാണിതിവിടെ ചേർത്തതെന്നു വ്യക്തമല്ല. മിക്കവാറും മുഴുവൻ ത്രിഷ്ടുഭ് വൃത്തനിബദ്ധമായ ആറ് ഏകാദശപദ്യരൂപമായ അഗ്നിസൂക്തങ്ങളുടെ അന്ത്യത്തിലാണ് വരുന്നതെന്നതായിരിക്കാം ഇതിനു കാരണം.

എന്നാൽ ഈ സൂക്തത്തിന്റെ ഘടനയെപ്പറ്റി ചിന്തോദ്ദീപകമായ ചർച്ചകൾ നടന്നിട്ടുണ്ട്. ഈ സൂക്തത്തിന് രണ്ടു ഭാഗങ്ങളും (1–5, 6–10) ഒരു ഉപസംഹാരപദ്യവു(11)മാണുള്ളതെന്നാണ് അവയുടെ രത്നച്ചുരുക്കം. രണ്ടു പ്രത്യേകഭാഗങ്ങൾ: ആദ്യത്തേത് ഒരു യൂപത്തെപ്പറ്റിയും രണ്ടാമത്തേത് പല യൂപങ്ങളെപ്പറ്റിയും. *അനുക്രമണി*യിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. വാചകശൈലിയിലും ഘടനയിലും രണ്ടും സമാന്തരം. ഒന്ന് ഒരു മൃഗത്തെ കെട്ടാനുള്ള യൂപത്തെപ്പറ്റിയും മറ്റേത് പല പശുക്കളെ കെട്ടാനുള്ള യൂപത്തെപ്പറ്റിയും. മൗലികമായി പ്രസ്തുതസൂക്തം രണ്ടെണ്ണമായിരിക്കാമെന്നും (ഒന്ന്, ഏകപശുയജ്ഞത്തിന്റെയും രണ്ടാമത്തേത് അനേകപശുയജ്ഞത്തിന്റെയും പശ്ചാത്തലത്തിൽ) പിന്നീടത് രണ്ടും ഒന്നിച്ചാക്കി ഒരു ഉപസംഹാരപദ്യവും ചേർത്ത് ഏകാദശസൂക്തസമാഹാരമായ അഗ്നിസൂക്തങ്ങൾക്കിടയിൽ ചേർത്തതായിരിക്കാമെന്നുമത്രേ പണ്ഡിതാഭിപ്രായം.

രണ്ടു ഭാഗങ്ങളിലും യൂപത്തിന്റെ (ങ്ങളുടെ) നിവർന്നുനില്പ്, അഭിഷേകം, പൊതിയൽ എന്നീ യജ്ഞകർമങ്ങൾ ഒരുപോലെ. എന്നാൽ, യജ്ഞപശുവെപ്പറ്റി പരാമർശമില്ല.

**1. അഞ്ജന്തി ത്വാമധ്വരേ ദേവയന്തോ**
**വനസ്പതേ മധുനാ ദൈവ്യേന**
**യദൂർധ്വസ്തിഷ്ഠാ ദ്രവിണേഹ ധത്താദ്**
**യദ് വാ ക്ഷയോ മാതുരസ്യാ ഉപസ്ഥേ**

യദ് ദ്രവിണാ ഇഹ ധത്താത് ഊർധ്വഃ തിഷ്ഠാഃ — ഭൗതികസാധനങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ടതിനുശേഷം നീ നിവർന്നുനിൽക്കുമ്പോൾ,
യദ് വാ അസ്യാഃ മാതുഃ ഉപസ്ഥേ ക്ഷയഃ — അഥവാ, ഈ അമ്മ(ഭൂമി)യുടെ മടിയിൽ ശാന്തമായി വസിക്കുമ്പോൾ,
വനസ്പതേ ദേവയന്തഃ അധ്വരേ — വനസ്പതേ! ദേവന്മാരെ തേടുന്നവർ യജ്ഞത്തിൽ
ദൈവ്യേന മധുനാ ത്വാം അഞ്ജന്തി — സ്വർഗീയമധുകൊണ്ട് നിന്നെ അഭിഷേചിക്കുന്നു.

**2. സമിദ്ധസ്യ ശ്രയമാണഃ പുരസ്താദ്**
**ബ്രഹ്മ വന്വാനോ അജരം സുവീരം**
**ആരേ അസ്മദമതിം ബാധമാന**
**ഉച്ഛ്രയസ്വ മഹതേ സൗഭഗായ**

സമിദ്ധസ്യ പുരസ്താത് ശ്രയമാണഃ — ജ്വലിക്കുന്ന (അഗ്നിയുടെ) മുൻപിൽ താങ്ങിനിർത്തപ്പെട്ട്
സുവീരം അജരം ബ്രഹ്മ വന്വാനഃ — നല്ല വീരന്മാരെ നൽകുന്ന ജര ബാധിക്കാത്ത പവിത്രമന്ത്രം നേടി,
അസ്മത് ആരേ അമതിം ബാധമാനഃ — ഞങ്ങളിൽനിന്നു ദൂരെ അശ്രദ്ധ കുത്തിക്കയറ്റിക്കൊണ്ട്,
മഹതേ സൗഭഗായ ഉച്ഛ്രയസ്വ — മഹത്തായ നല്ല ഭാഗ്യത്തിനുവേണ്ടി ഉയർന്നുനിന്നാലും!

**3. ഉച്ഛ്രയസ്വ വനസ്പതേ വർഷ്മൻ പൃഥിവ്യാ അധി**
**സുമിതീ മീയമാനോ വർച്ചോധാ യജ്ഞവാഹസേ**

വനസ്പതേ പൃഥിവ്യാ വർഷ്മൻ അധി ഉച്ഛ്രയസ്വ — വനസ്പതേ! ഭൂമിയുടെ ഉന്നതിക്കുമേൽ ഉയർന്നുനിന്നാലും!
സുമിതീ മീയമാനഃ യജ്ഞവാഹസേ വർച്ചഃ ധാഃ — നല്ല അടിത്തറയിൽ കെട്ടിപ്പടുത്തുകൊണ്ട് യജ്ഞം വാഹനമായവനുവേണ്ടി തേജസ്സ് നിലനിർത്തിയാലും!

**4. യുവാ സുവസാഃ പരിവീത ആ ഗാത്**
**സ ഉ ശ്രേയാൻ ഭവതി ജായമാനഃ**
**തം ധീരാസഃ കവയ ഉന്നയന്തി**
**സ്വാധ്യോ മനസാ ദേവയന്തഃ**

യുവാ സുവാസാഃ പരിവീതഃ ആ അഗാത് — യുവാവായി നല്ല വസ്ത്രം ധരിച്ച് അരയ്ക്കുചുറ്റും കെട്ടി അവൻ ഇവിടെ വന്നു.
സഃ ഉ ജായമാനഃ ശ്രേയാൻ ഭവതി — അവൻ ജനിച്ചപ്പോഴത്തെപ്പോലെ ഏറെ ശോഭയുള്ളവനായി ഭവിക്കുന്നു.
ധീരാസഃ സ്വാധ്യഃ കവയഃ — ഉൾക്കാഴ്ച്ചയോടുകൂടിയ ശ്രദ്ധാലുക്കളായ കവികൾ
മനസാ ദേവയന്തഃ തം ഉന്നയന്തി — മനസാ ദേവന്മാരെ തേടി അവനെ മേല്പോട്ട് ഉയർത്തിനിർത്തുന്നു.

**5. ജാതോ ജായതേ സുദിനത്വേ അഹ്നാം**
**സമര്യ ആ വിദഥേ വർധമാനഃ**
**പുനന്തി ധീരാ അപസോ മനീഷാ**

**ദേവയാ വിപ്ര ഉദീയർത്തി വാചം**

*വിദഥേ അഹ്നാം സുദിനത്വേ* ഒരിക്കൽ ജനിച്ചാൽ യജ്ഞത്തിൽ ദിനങ്ങളുടെ ഏറ്റവും ഉജ്ജ്വലമായ ദിനത്തിൽ
*സമര്യേ ആ വർധമാനഃ ജായതേ* ഏറ്റുമുട്ടലിൽ ശക്തനായി വളർന്ന് അവൻ (വീണ്ടും) ജനിക്കുന്നു.
*ധീരാഃ അപസഃ മനീഷാ പുനന്തി* ഉൾക്കാഴ്ച്ചയുള്ളവരും കർമശീലരും ഉൾക്കാഴ്ച്ചയുള്ള ചിന്തകൊണ്ട് അവനെ ശുദ്ധീകരിക്കുന്നു.
*ദേവയാഃ വിപ്രഃ വാചം ഉദിയർത്തി* ദേവന്മാരോട് അപേക്ഷിച്ചുകൊണ്ട് കവി തന്റെ ശബ്ദം ഉയർത്തുന്നു.

**6. യാൻ വോ നരോ ദേവയന്തോ നിമിമ്യുർ–**
**വനസ്പതേ സ്വധിതിർവാ തതക്ഷ**
**തേ ദേവാസഃ സ്വരവസ്തസ്ഥിവാംസഃ**
**പ്രജാവദസ്മേ ദിധിഷന്തു രത്നം**

*ദേവയന്തഃ നരഃ യാൻ വഃ നിമിമ്യുഃ* ദേവനെ തേടുന്ന മനുഷ്യർ നിങ്ങൾക്കുവേണ്ടി ഉറപ്പിച്ചതോ
*വാ വനസ്പതേ സ്വധിതിഃ തതക്ഷ* വനസ്പതേ! മഴു രൂപപ്പെടുത്തിയതോ ആയ
*തേ ദേവാസഃ സ്വരവഃ തസ്ഥിവാംസഃ* ആ ദേവന്മാർ യജ്ഞയൂപങ്ങളെപ്പോലെ നിന്നുകൊണ്ട്
*അസ്മേ പ്രജാവദ് രത്നം ദധിഷന്തു* ഞങ്ങളിൽ സന്തതിയുൾക്കൊള്ളുന്ന നിധി സ്ഥാപിക്കട്ടെ.

**7. യേ വൃക്ണാസോ അധി ക്ഷമി നിമിതാസോ യതസ്രുചഃ**
**തേ നോ വ്യന്തു വാര്യം ദേവത്രാ ക്ഷേത്രസാധസഃ**

*വൃക്ണാസഃ അധി ക്ഷമി* മുറിക്കപ്പെട്ടവ ഭൂമിയിലുള്ളതോ
*നിമിതാസഃ യേ യതസ്രുചഃ* അതിൽ ഉറപ്പിക്കപ്പെട്ടതോ ഹവിഷ്ത്തവികൾ അതിന്റെ മേൽ നീട്ടിയതോ ആയ
*തേ ക്ഷേത്രസാധസഃ നഃ* അവ കൃഷിഭൂമികൾക്ക് വിജയം ഉറപ്പിച്ചുകൊണ്ട് ഞങ്ങൾക്കുവേണ്ടി
*ദേവത്രാ വാര്യം വ്യന്തു* ദേവന്മാർക്കിടയിൽ മൂല്യവത്തായ വസ്തുവെ പിന്തുടരുന്നതാവട്ടെ.

**8. ആദിത്യാ രുദ്രാ വസവഃ സുനീഥാ**
**ദ്യാവാക്ഷാമാ പൃഥിവീ അന്തരിക്ഷം**
**സജോഷസോ യജ്ഞമവന്തു ദേവാ**
**ഊർധ്വം കൃണ്വന്ത്വധ്വരസ്യ കേതും**

*ആദിത്യാഃ രുദ്രാഃ സുനീഥാഃ വസവഃ* ആദിത്യന്മാരും രുദ്രന്മാരും നല്ല സഹായം ചെയ്യുന്ന വസുക്കളും
*ദ്യാവാക്ഷാമാ പൃഥിവീ അന്തരിക്ഷം* സ്വർഗവും ഭൂമിയും വിശാലമായതും അന്തരീക്ഷവും
*ദേവാഃ സജോഷസഃ യജ്ഞം അവന്തു* – ദേവന്മാരെല്ലാം ഒരുമിച്ച് ഞങ്ങളുടെ യജ്ഞത്തെ സഹായിക്കട്ടെ.
*അധ്വരസ്യ കേതും ഊർധ്വം കൃണ്വന്തു* അവർ യജ്ഞത്തിന്റെ ദീപസ്തംഭത്തെ നിവർന്നുനിർത്തിക്കട്ടെ.

**9. ഹംസാ ഇവ ശ്രേണിശോ യതാനാഃ**
**ശക്രാ വസാനാ സ്വരവോ ന ആഗുഃ**
**ഉന്നീയമാനാഃ കവിഭിഃ പുരസ്താദ്**
**ദേവാ ദേവാനാമപി യന്തി പാഥഃ**

*ഹംസാഃ ഇവ ശ്രേണിശഃ യതാനാഃ* വാത്തുകളെപ്പോലെ അണിയണിയായി നിരന്ന്,
*ശുക്രാഃ വസാനാഃ സ്വരവഃ നഃ ആ അഗുഃ* മിന്നുന്ന (വസ്ത്രങ്ങൾ) ധരിച്ച്, യൂപങ്ങൾ ഞങ്ങളുടെ അടുത്ത് ഇവിടെ വന്നു.
*കവിഭിഃ പുരസ്താദ് ഉന്നീയമാനാഃ* കവികളാൽ മുൻപിൽ ഉയർത്തിപ്പിടിക്കപ്പെട്ടുകൊണ്ട്
*ദേവാഃ ദേവാനാം പാഥഃ അപി യന്തി* ദേവന്മാർ ദേവന്മാരുടെ വഴിയിലേക്കു പോകുന്നു.

**10. ശൃംഗാണീവേച്ഛൃംഗിണാം സന്ദദൃശ്രേ**
**ചഷാലവന്തഃ സ്വരവഃ പൃഥിവ്യാം**
**വാഘദ്ഭിർവാ വിഹവേ ശ്രോഷമാണാ**
**അസ്മാനവന്തു പൃതനാജ്യേഷു**

*ശൃംഗിണാം ശൃംഗാണി ഇവ സന്ദദൃശ്രേ* അവ കൊമ്പുള്ള മൃഗങ്ങളുടെ കൊമ്പുകൾപോലെ പ്രത്യക്ഷപ്പെടുന്നു.
*സ്വരവഃ ചഷാലവന്തഃ പൃഥിവ്യാം ഇത്* യൂപങ്ങൾ, ഉരുണ്ട പിടിയോടുകൂടി, ഭൂമിയിൽത്തന്നെ (നിൽക്കുന്നു).
*വാ വാഘദ്ഭിഃ വിഹവേ ശ്രോഷമാണാഃ* അഥവാ, ആത്മാർഥതയില്ലാതെ പറയുന്നവരുടെ മത്സരിച്ചുകൊണ്ടുള്ള വിളികൾ ശ്രദ്ധിച്ചുകൊണ്ട്
*പൃതനാജ്യേഷു അസ്മാൻ അവന്തു* (ദേവന്മാർ) യുദ്ധയാത്രകളിൽ ഞങ്ങളെ സഹായിക്കട്ടെ.

**11. വനസ്പതേ ശതവല്ശോ വി രോഹ**
**സഹസ്രവല്ശാ വി വയം രുഹേമ**
**യം ത്വാമയം സ്വധിതിസ്തേജമാനഃ**
**പ്രാണിനായ മഹതേ സൗഭഗായ**

*വനസ്പതേ ശതവല്ശഃ വി രോഹ* വനസ്പതേ! നീ നൂറു ശാഖകളോടുകൂടി വളർന്നാലും!

*വയം അപി സഹസ്രവല്ശാഃ വി രുഹേമ* ഞങ്ങളും ആയിരം ശാഖകളോടുകൂടി വളരട്ടെ.
*അയം സ്വധിതിഃ തേജമാനഃ* ഈ മഴു മൂർച്ചകൂടിക്കൊണ്ട്
*യം ത്വാം മഹതേ സൗഭഗായ പ്രണിനായ* ആ നിന്നെ മഹത്തായ സൗഭാഗ്യത്തിനുവേണ്ടി മുന്നോട്ടു നയിച്ചു.

★

**മൂന്നാം മണ്ഡലം, മുപ്പത്തിമൂന്നാം സൂക്തം**

വിശ്വാമിത്ര ഗാഥിനൻ അഥവാ നദികൾ ഋഷി; 13 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (അനുഷ്ടുപ്പ് 13 ഒഴികെ); വിശ്വാമിത്രനും നദികളും ദേവത

ഈ സൂക്തം ഇന്ദ്രസമാഹാരത്തിലാണ് കാണുന്നതെങ്കിലും, *അനുക്രമണി* ഇന്ദ്രൻ 6, 7 പദ്യങ്ങളുടെ സമർപ്പകനാണെന്നേ പറയുന്നുള്ളൂ. 1–3, 5, 9, 11–13 എന്നിവ നദികളും കവിയായ വിശ്വാമിത്രനും പങ്കിടുന്നു. (4, 8, 10) എന്നിവ വിശ്വാമിത്രന്റേത്. വിപാട്–ശുതുദ്രീനദികളുടെ സംഗമം വർണിക്കുന്ന ആദ്യത്തെ രണ്ടു പദ്യങ്ങൾക്കുശേഷം ഈ പ്രശസ്തസൂക്തം വിശ്വാമിത്രനും നദികളും തമ്മിലുള്ള സംഭാഷണമുൾക്കൊള്ളുന്നതത്രേ. ഭരതന്മാർക്കു കടക്കുന്നതിനുവേണ്ടി യാത്ര നിർത്തണമെന്ന് വിശ്വമിത്രൻ നദികളോട് അഭ്യർഥിക്കുന്നു. അവ സമ്മതിക്കുന്നു. ഒരു നിബന്ധന മാത്രം: കവിതയിൽ തങ്ങളുടെ ഭാവിപ്രശസ്തി ഉറപ്പാക്കണം. 12–ാം പദ്യത്തിൽ പറയുന്നതുപോലെ, ഭരതന്മാർ വിജയകരമായി നദികൾ കടക്കുന്നു. അതിനുശേഷം നദികൾ വീണ്ടും വെള്ളംകൊണ്ടു നിറയ്ക്കപ്പെടണമെന്നും ഇനിയും ഒഴുകണമെന്നും ഉദ്ബോധിപ്പിക്കപ്പെടുന്നു. ഭൗതികലോകത്തെ നിയന്ത്രിക്കാൻ ശരിയായി രൂപപ്പെടുത്തിയ പ്രഭാഷണത്തിന് കഴിയുമെന്നതിന് ഉദാഹരണമാണീ സൂക്തം. ഭിന്നമായ അനുഷ്ടുപ്പുവൃത്തനിബദ്ധമായ അവസാനത്തെ 13–ാം പദ്യം, തുറമുഖത്ത് വിഷമത്തിൽപ്പെട്ട ഒരു സംഘം കടക്കുന്ന സാങ്കല്പികമോ ഐതിഹ്യാസ്പദമോ ആയ ഒരു നദിയിൽ പ്രയോഗിച്ചുകൊണ്ട് വാക്കിന്റെ ശക്തിയിലുള്ള തുടർച്ചയായ വിശ്വാസത്തെ ഉദാഹരിക്കുന്ന മാന്ത്രികശക്തിയുള്ള ഒന്നാവാം.

**1. പ്ര പർവതാനാമുശതീ ഉപസ്ഥാ–**
**ദശ്വേ ഇവ വിഷിതേ ഹാസമാനേ**
**ഗാവേവ ശുഭ്രേ മാതരാ രിഹാണേ**
**വിപാട്ശുതുദ്രീ പയസാ ജവേതേ**

*പർവതാനാം ഉപസ്ഥാദ് ഉശതീ* പർവതങ്ങളുടെ മടിയിൽനിന്ന് ഉൽക്കണ്ഠയോടെ,
*വിഷിതേ ഇവ അശ്വേ ഹാസമാനേ* മത്സരിച്ചോടുന്ന രണ്ടു പെൺകുതിരകളെപ്പോലെ ചിരിച്ചുകൊണ്ട്
*മാതരാ ഗാവാ ഇവ ശുഭ്രേ രിഹാണേ* വെളുത്ത തള്ളപ്പൈക്കൾ (കന്നുകുട്ടികളെയെന്ന)പോലെ പരസ്പരം നക്കിക്കൊണ്ട്
*വിപാഡ് ശുതുദ്രീ പ്രയസാ പ്ര ജവേതേ* വിപാശയും ശുതുദ്രിയും (നദികൾ) പാലുമായി മുന്നോട്ടു കുതിക്കുന്നു.

**2. ഇന്ദ്രേഷിതേ പ്രസവം ഭിക്ഷമാണേ**
**അച്ഛാ സമുദ്രം രഥ്യേവ യാഥഃ**
**സമാരാണേ ഊർമിഭിഃ പിന്വമാനേ**
**അന്യാ വാമന്യാമപ്യേതി ശുഭ്രേ**

ഇന്ദ്രേഷിതേ പ്രസവം ഭിക്ഷമാണേ ശുഭ്രേ ഇന്ദ്രനാൽ പ്രേരിപ്പിക്കപ്പെട്ട് മുന്നോട്ടുള്ള തള്ളിക്കയറ്റത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ഭാസുരകളായ നിങ്ങൾ
രഥ്യാ ഇവ സമാരാണേ ഊർമിഭിഃ പിന്വമാനേ രണ്ടു തേരാളികളെപ്പോലെ, മത്സരിച്ചും തിരമാലകളാൽ വീർത്തും കൊണ്ട്
സമുദ്രം അച്ഛ യാഥഃ വാം അന്യാ അന്യാം അപി ഏതി നിങ്ങൾ കടലിലേക്കു പോകുന്നു. നിങ്ങളിലൊന്ന് മറ്റേതിൽ ലയിക്കുന്നു.

**3. അച്ഛാ സിന്ധും മാതൃതമാമയാസം**
**വിപാശമുർവീം സുഭഗാമഗന്മ**
**വത്സമിവ മാതരാ സംരിഹാണേ**
**സമാനം യോനിമനു സഞ്ചരന്തീ**

*മാതൃതമാം സിന്ധും അച്ഛ അയാസം* (വിശ്വാമിത്രൻ:) ഞാൻ ഏറ്റവും അമ്മയെപ്പോലുള്ള നദി (ശുതുദ്രു)യിലേക്കു പോയി;
*ഉർവീം സുഭഗാം വിപാശം അഗന്മ* നാം വന്നത് വിശാലമായ, നല്ല ഭാഗമുള്ള, വിപാശയിലേക്കത്രേ.
*മാതരാ വത്സം ഇവ സംരിഹാണേ* അമ്മമാരെപ്പോലെ കന്നുകുട്ടികളെ നക്കിക്കൊണ്ടിരിക്കുന്ന നിങ്ങളിരുവരും
*സമാനം യോനിം അനു സഞ്ചരന്തീ* ഒരേ യോനി(നദീമുഖം)യിലേക്കു സഞ്ചരിക്കുന്നു.

**4. ഏനാ വയം പയസാ പിന്വമാനാ**
**അനു യോനിം ദേവകൃതം ചരന്തീഃ**
**ന വർത്തവേ പ്രസവഃ സർഗതക്തഃ**
**കിംയുർവിപ്രോ നദ്യോ ജോഹവീതി**

*ഏനാ വയം പയസാ പിന്വമാനാഃ* (നദികൾ:) അതുകൊണ്ട്, ഞങ്ങൾ പാൽകൊണ്ടു വീർത്ത്
*ദേവകൃതം യോനിം അനു ചരന്തീഃ* ദേവകൃതമായ ഞങ്ങളുടെ യോനിയിലേക്കു പോകുന്ന

*പ്രസവഃ സർഗതക്തഃ ന വർത്തവേ* ഞങ്ങളുടെ മുന്നോട്ടുള്ള തള്ളിക്കയറ്റം ഒഴുക്കിൽപ്പെട്ട് തടസ്സപ്പെടരുത്.
*കിംയുഃ വിപ്രഃ നദ്യഃ ജോഹവീതി* എന്തിനാണ് കവി നദികളെ വിളിക്കുന്നത്?
**5. രമധ്വം മേ വചസേ സോമ്യായ**
**ഋതാവരീരുപ മുഹൂർത്തമേവൈഃ**
**പ്ര സിന്ധുമച്ഛാ ബൃഹതീ മനീഷാ–**
**വസ്യൂരഹ്വേ കുശികസ്യ സൂനുഃ**
*ഋതവരീഃ ഏവൈഃ മേ സോമ്യായ* (വിശ്വാമിത്രൻ:) സത്യപൂർണരായ നിങ്ങൾ നിങ്ങളുടെ യാത്രകളിൽ എന്റെ സോമസംബന്ധമായ
*വചസേ മുഹൂർത്തം ഉപ രമധ്വം* വാക്കിനുവേണ്ടി ഒരു നിമിഷം നിന്നാലും!
*ബൃഹതീ മനീഷാ സിന്ധും അച്ഛ പ്ര* എന്റെ ഗംഭീരമായ പ്രചോദിതചിന്ത നദിയിലേക്കു മുന്നോട്ടു (പോയി).
*കുശികസ്യ സൂനുഃ അവസ്യുഃ അഹ്വേ* കുശികപുത്രനായ ഞാൻ സഹായം തേടി (നിങ്ങളെ) വിളിക്കുന്നു.
**6. ഇന്ദ്രോ അസ്മാനരദദ് വജ്രബാഹു–**
**രപാഹൻ വൃത്രം പരിധിം നദീനാം**
**ദേവോ ന യത് സവിതാ സുപാണി–**
**സ്തസ്യ വയം പ്രസവേ യാമ ഉർവീഃ**
*വജ്രബാഹുഃ ഇന്ദ്രഃ അസ്മാൻ അരദത്* (നദികൾ:) വജ്രം കൈകളിലേന്തിയ ഇന്ദ്രൻ ഞങ്ങളിൽ തോടുകൾ കുഴിച്ചു.
*നദീനാം പരിധിം വൃത്രം അപ അഹൻ* അവൻ നദികൾക്കു ചുറ്റുമായാണ് വൃത്രനെ (വിഘ്നത്തെ) നശിപ്പിച്ചത്.
*സുപാണിഃ സവിതാ ദേവഃ അനയത്* മനോഹരമായ കൈകളോടുകൂടി സവിതൃദേവൻ (ഞങ്ങളെ) നയിച്ചു.
*തസ്യ പ്രസവേ വയം ഉർവീഃ യാമഃ* അവന്റെ മുന്നോട്ടുള്ള തള്ളിക്കയറ്റത്തിൽ ഞങ്ങൾ വിശാലമായി യാത്ര ചെയ്യുന്നു.
**7. പ്രവാച്യം ശശ്വധാ വീര്യം ത–**
**ദിന്ദ്രസ്യ കർമ യദഹിം വിവൃശ്ചത്**
**വി വജ്രേണ പരിഷദോ ജഘാനാ–**
**യന്നാപോയനമിച്ഛമാനാഃ**
*യദ് അഹിം വിവൃശ്ചദ് ഇന്ദ്രസ്യ* (വിശ്വാമിത്രൻ:) അവൻ വൃത്രനെ വെവ്വേറെയായി മുറിച്ചപ്പോൾ, ഇന്ദ്രന്റെ
*തത് കർമ ശശ്വധാ പ്രവാച്യം* ഈ വീരകൃത്യം എന്നെന്നേക്കുമായി പ്രഖ്യാപിക്കപ്പെടേണ്ടതാകുന്നു.
*വജ്രേണ പരിഷദഃ വിജഘാന* അവൻ തന്റെ വജ്രത്താൽ തൊഴുത്തുകൾ തകർത്തു.
*ആപഃ അയനം ഇച്ഛമാനാഃ ആയൻ* വെള്ളം ഒഴുകുന്നതിനു വഴി തേടി പോയി.
**8. ഏതദ്വചോ ജരിതർമാപി മൃഷ്ഠാ**
**ആ യത്തേ ഘോഷാനുത്തരാ യുഗാനി**
**പ്ര പിന്വധ്വമിഷയന്തീഃ സുരാധാ**
**ആ വക്ഷണാഃ പൃണധ്വം യാത ശീഭം**
*ഗവ്യവഃ ഭരതാഃ അതാരിഷുഃ* (വിശ്വാമിത്രൻ:) പൈക്കളെ തേടുന്ന ഭരതന്മാർ തികച്ചും കടന്നു.
*വിപ്രഃ നദീനാം സുമതിം സമഭക്ത* കവി നദികളുടെ ആനുകൂല്യം പങ്കിട്ടു.
*ഇഷയന്തീഃ സുരാധാഃ പ്ര പിന്വധ്വം* പോഷിപ്പിക്കപ്പെട്ടുകൊണ്ട് വളരെ ഉദാരകളായി പുഷ്ടിപ്പെട്ടാലും!
*വക്ഷണാഃ ആ പൃണധ്വം ശീഭം യാത* നിങ്ങളുടെ വയറുകൾ നിറച്ചാലും! വേഗത്തിൽ പോയാലും!
*പീപ്യാനാ യോഷാ ഇവ തേ നി നംസൈ* ഞാൻ (ഒരു നദി), പാൽകൊണ്ടു പുഷ്ടി പ്രാപിച്ച യുവതി (കുഞ്ഞിനെയെന്ന പോലെ), നിന്നെ വണങ്ങുന്നു.
**11. യദംഗ ത്വാ ഭരതാഃ സന്തരേയുർ–**
**ഗവ്യൻ ഗ്രാമ ഇഷിത ഇന്ദ്രജൂതഃ**
**അർഷാദഹ പ്രസവഃ സർഗതക്ത**
**ആ വോ വൃണേ സുമതിം യജ്ഞിയാനാം**
*അംഗ യദ് ഭരതാഃ ത്വേ സന്തരേയുഃ* (വിശ്വാമിത്രൻ:) ഭരതന്മാർ നിങ്ങളെ മുഴുവൻ തീർച്ചയായും തരണം ചെയ്തപ്പോൾ,
*ഇന്ദ്രജൂതഃ ഇഷിതഃ ഗവ്യൻ ഗ്രാമഃ* ഇന്ദ്രൻ നിർബന്ധിച്ചയച്ച പൈക്കളെ തേടുന്ന കവർച്ചസംഘം
*പ്രസവഃ അഹ സർഗതക്തഃ അർഷാത്* നിങ്ങളുടെ മുന്നോട്ടുള്ള തള്ളിക്കയറ്റം നിശ്ചയമായും ഒഴുക്കിൽപ്പെട്ട് (വീണ്ടും) കുതിപ്പിക്കും.
*യജ്ഞിയാനാം വഃ സുമതിം ആ വൃണേ* ഞാൻ യജ്ഞാർഹരായ നിങ്ങളുടെ ആനുകൂല്യം വരിക്കുന്നു.

**12. അതാരിഷുർഭരതാ ഗവ്യവഃ സ–**
**മഭക്തവിപ്രഃ സുമതിം നദീനാം**
**പ്ര പിന്വധ്വമിഷയന്തീഃ സുരാധാ**
**ആ വക്ഷണാഃ പൃണധ്വം യാത ശീഭം**

*ഗവ്യവഃ ഭരതാഃ അതാരിഷുഃ* (വിശ്വാമിത്രൻ:) പൈക്കളെ തേടുന്ന ഭരതന്മാർ തികച്ചും കടന്നു.
*വിപ്രഃ നദീനാം സുമതിം സമഭക്ത* കവി നദികളുടെ ആനുകൂല്യം പങ്കിട്ടു.
*ഇഷയന്തീഃ സുരാധാഃ പ്ര പിന്വധ്വം* പോഷിപ്പിക്കപ്പെട്ടുകൊണ്ട് വളരെ ഉദാരകളായി പുഷ്ടിപ്പെട്ടാലും!
*വക്ഷണാഃ ആ പൃണധ്വം ശീഭം യാത* നിങ്ങളുടെ വയറുകൾ നിറച്ചാലും! വേഗത്തിൽ പോയാലും!

**13. ഉദ് വ ഊർമിഃ ശമ്യാ ഹ–**
**ന്ത്വാപോ യോക്ത്രാണി മുഞ്ചത**
**മാദുഷ്കൃതൗ വ്യേനസാ–**
**ഘ്ന്യൗ ശൂനമാരതാം**

*വഃ ഊർമിഃ ശമ്യാഃ ഉദ് ഹന്തു* നിങ്ങളുടെ തിരമാല നുകസൂചികളെ മേലോട്ട് ഉന്തട്ടെ!
*ആപഃ യോക്ത്രാണി മുഞ്ചത* വെള്ളമേ! നുകച്ചരടുകൾ അഴിച്ചാലും!
*അഘ്ന്യൗ അദുഷ്കൃതൗ വ്യേനസാ* ആരാലും ഹനിക്കപ്പെടാതെ, വേണ്ടാത്തതൊന്നും ചെയ്യാതെ, ഒരു കുറ്റവും കൂടാതെ,
*ശൂനം മാ ആ അരതാം* സമൃദ്ധി പ്രാപിച്ചാലും!

★

## മൂന്നാം മണ്ഡലം, അൻപത്തൊൻപതാം സൂക്തം

വിശ്വാമിത്ര ഗാഥിനൻ ഋഷി; 9 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (1–5), ഗായത്രി (6–9); മിത്രൻ ദേവത

മിത്രൻ പൊതുവിൽ വരുണനോടൊപ്പമാണ് വിളിക്കപ്പെടാറ്. ഇതു മാത്രമാണ് *ഋഗ്വേദ*ത്തിൽ മിത്രന്നുള്ള ഒരേയൊരു സൂക്തം. ജനങ്ങളെ "സംഘടിപ്പിക്കുന്ന" സഖ്യങ്ങളുടെ ദേവനായാണ് ഇവിടെ മിത്രൻ സംബോധന ചെയ്യപ്പെടുന്നത് (1, 5). വിവാഹങ്ങളും കരാറുകളും മറ്റ് സഖ്യരൂപങ്ങളും ജനങ്ങൾ തമ്മിൽത്തമ്മിൽ സ്വീകരിക്കുന്ന മറ്റു ബന്ധങ്ങളുമാണ് ഉദ്ദേശിക്കപ്പെടുന്നത്. മനുഷ്യനായ രാജാവ് അത്തരം ബന്ധങ്ങൾ സംരക്ഷിക്കുന്നതുപോലെ, മിത്രൻ എന്ന ദിവ്യനായ രാജാവ് അവയ്ക്ക് ദിവ്യമായ അനുമതി നൽകുന്നു. ആദ്യപദ്യം മിത്രന്റെ സ്വഭാവത്തിന് അടിവരയിടുകയും മിത്രശബ്ദത്തിന്റെ സഖ്യാർഥത്തിന്മേൽ പദലീല നടത്തുകയും ചെയ്യുന്നു. സഖ്യങ്ങളുടെ ദേവൻ, വിളിക്കപ്പെടുമ്പോൾ, ജനങ്ങളെ അണിനിരത്തുകയും അത് പ്രഖ്യാപിക്കുമ്പോൾ ജനങ്ങൾ സംഘടിക്കുകയും ചെയ്യുന്നു. ഈ സൂക്തം നാലാം പദ്യത്തിൽ ഒരു സഖ്യത്തിന്റെ ജന്മം അടയാളപ്പെടുത്തുന്നു. അത് മിത്രന്റെ ജന്മംതന്നെയാണ്. ഏതുതരത്തിലുള്ള സഖ്യമാണ് ജന്മമെടുത്തതെന്നു സൂക്തം പറയുന്നില്ല. അവസാനത്തെ രണ്ടു പദ്യങ്ങളിൽ, പക്ഷേ, അത് യജ്ഞത്തിലൂടെയുള്ള ദേവന്മാരും മനുഷ്യരും തമ്മിലുള്ള സഖ്യമാണെന്നു സൂചനയുണ്ട്. ഈ സഖ്യത്തിൽ മനുഷ്യർ സ്തുതികളിലൂടയം ഹവിസ്സുകളിലൂടെയും ദേവന്മാരെ ശക്തിപ്പെടുത്തുകയും പകരം ദേവന്മാർ മനുഷ്യരെ അഭിവൃദ്ധിപ്പെടുത്തുമെന്നു പ്രതീക്ഷിക്കപ്പെടുകയും ചെയ്യുന്നു.

**1. മിത്രോ ജനാൻ യാതയതി ബ്രുവാണോ**
**മിത്രോ ദാധാര പൃഥിവീമുത ദ്യാം**
**മിത്രഃ കൃഷ്ടീരനിമിഷാഭി ചഷ്ടേ**
**മിത്രായ ഹവ്യം ഘൃതവജ്ജുഹോത**

*ബ്രുവാണഃ മിത്രഃ ജനാൻ യാതയതി* (സഖ്യങ്ങൾ) പ്രഖ്യാപിക്കപ്പെടുമ്പോൾ, മിത്രൻ ജനങ്ങളെ അണിനിരത്തുന്നു.
*മിത്രഃ പൃഥിവീം ഉത ദ്യാം ദാധാര* മിത്രൻ ഭൂമിയെയും സ്വർഗത്തെയും ഉയർത്തിപ്പിടിക്കുന്നു.
മിത്രഃ അനിമിഷാ കൃഷ്ടീഃ അഭി ചഷ്ടേ മിത്രൻ ഇമ ചിമ്മാതെ രാഷ്ട്രങ്ങളെ നിരീക്ഷിക്കുന്നു.
*മിത്രായ ഘൃതവദ് ഹവ്യം ജുഹോത* മിത്രന് നെയ്ഹവിസ്സർപ്പിച്ചാലും!

**2. പ്ര സ മിത്ര മർത്തോ അസ്തു പ്രയസ്വാൻ**
**യസ്ത ആദിത്യ ശിക്ഷതി വ്രതേന**
**ന ഹന്യതേ ന ജീയതേ ത്വോതോ**
**നൈനം മഹോ അശ്നോത്യന്തിതോ ന ദൂരാത്**

*മിത്ര തേ വ്രതേന യഃ ശിക്ഷതി* മിത്രാ! നിന്റെ നിയമനുസരിച്ചു യത്നിക്കുന്ന
*സഃ മർത്തഃ പ്രയസ്വാൻ ആദിത്യ പ്ര അസ്തു* മർത്ത്യൻ സന്തോഷപ്രദമായ ഹവിസ്സുകളർപ്പിച്ചുകൊണ്ട്, ആദിത്യാ! മുൻപിലാവട്ടെ.
*ത്വോതഃ ന ഹന്യതേ ന ജീയതേ* നിന്റെ സഹായത്താൽ അവൻ കൊല്ലപ്പെടുകയോ കീഴടക്കപ്പെടുകയോ ചെയ്യുന്നില്ല.
*അന്തിതഃ ന ദൂരാദ് ഏനം അംഹഃ ന അശ്നോതി* അടുത്തുനിന്നോ അകലത്തുനിന്നോ ഒരു വിഷമവും അവനിലെത്തുന്നില്ല.

**3. അനമീവാസ ഇളയാ മദന്തോ**
**മിത്രജ്ഞവോ വരിമന്നാ പൃഥിവ്യാഃ**
**ആദിത്യസ്യ വ്രതമുപക്ഷിയന്തോ**
**വയം മിത്രസ്യ സുമതൗ സ്യാമ**

*അനമീവാസഃ ഇളയാ മദന്തഃ* രോഗമുക്തരായി, നൈവേദ്യത്തിലൂടെ ഊർജസ്വലരായിക്കൊണ്ട്,
*പൃഥിവ്യാഃ വരിമൻ മിതജ്ഞവഃ ആ* ഭൂമിയുടെ വികാസത്തിൽ ഉറപ്പിച്ച കാൽമുട്ടുകളോടെ
*ആദിത്യസ്യ വ്രതം ഉപക്ഷിയന്തഃ* ആദിത്യന്റെ നിയമത്തിൽ ഉറച്ചുനിന്നുകൊണ്ട്
*വയം മിത്രസ്യ സുമതൗ സ്യാമ* ഞങ്ങൾ മിത്രന്റെ നല്ല ആനുകൂല്യത്തിലാവട്ടെ!

**4. അയം മിത്രോ നമസഃ സുശേവോ**
**രാജാ സുക്ഷത്രോ അജനിഷ്ട വേധാഃ**
**തസ്യ വയം സുമതൗ യജ്ഞിയസ്യാ–**
**പി ഭദ്രേ സൗമനസേ സ്യാമ**

*അയം നമസ്യഃ സുശേവഃ മിത്രഃ* ഈ ആദരണീയനും വളരെ ദയയുള്ളവനുമായ മിത്രൻ
*സുക്ഷത്രഃ രാജാ വേധാഃ അജനിഷ്ട* ഉത്തമമായ രാജ്യത്തിന്റെ രാജാവായും യജ്ഞവിദഗ്ധനായും ജനിച്ചു.
*വയം യജ്ഞിയസ്യ തസ്യ സുമതൗ* ഞങ്ങൾ യജ്ഞാർഹനായ അവന്റെ നല്ല ആനുകൂല്യത്തിലും
*ഭദ്രേ സൗമനസേ അപി സ്യാമ* പ്രസന്നമായ ദയാവായ്പ്പിലുമാവട്ടെ!

**5. മഹാനാദിത്യോ നമസോപസദ്യോ**

**യാതയജ്ജനോ ഗൃണതേ സുശേവഃ**
**തസ്മാ ഏതത് പന്യതമായ ജുഷ്ട–**
**മഗ്നൗ മിത്രായ ഹവിരാ ജുഹോത**
*മഹാൻ ആദിത്യഃ നമസാ ഉപസദ്യഃ* മഹാനായ ആദിത്യൻ ആദരവോടുകൂടി സമീപിക്കപ്പെടേണ്ടവനാണ്.
*യാതയജ്ജനഃ ഗൃണതേ സുശേവഃ* അവൻ ജനങ്ങളെ അണി നിരത്തുന്നവനും സ്തുതി പാടുന്നവനോട് വളരെ ദയയുള്ളവനുമാണ്.
*പന്യതമായ തസ്മൈ മിത്രായ* അത്യത്ഭുതകരനായ ആ മിത്രന്
*ഏതദ് ജുഷ്ടം ഹവിഃ അഗ്നൗ ആ ജുഹോത* ഈ സന്തോഷപ്രദമായ ഹവിസ്സ് അഗ്നിയിൽ അർപ്പിച്ചാലും!
**6. മിത്രസ്യ ചർഷണീധൃതോവോ ദേവസ്യ സാനസി**
**ദ്യുമ്നം ചിത്രശ്രവസ്തമം**
*ചർഷണിധൃതഃ മിത്രസ്യ ദേവസ്യ* പ്രത്യേകമായ അതിർത്തിപ്രദേശങ്ങൾ നോക്കിനടത്തുന്ന മിത്രദേവന്റെ
*അവഃ സാനസി* സഹായം നേട്ടം കൈവരുത്തുന്നു.
*ദ്യുമ്നം ചിത്രശ്രവസ്തമം* അവന്റെ ഔജ്ജ്വല്യം ഏറ്റവും ശോഭനമായ യശസ്സു നേടിത്തരുന്നു.
**7. അഭി യോ മഹിനാ ദിവം മിത്രോ ബഭൂവ സപ്രഥാഃ**
**അഭി ശ്രവോഭിഃ പൃഥിവീം**
*യഃ മിത്രഃ മഹിനാ ദിവം അഭി ബഭൂവ* മഹാനായ മിത്രൻ മഹിമകൊണ്ട് സ്വർഗത്തെയും
*സപ്രഥാഃ ശ്രവോഭിഃ പൃഥിവീം അഭി* കീർത്തികൊണ്ട് ഭൂമിയെയും അതിശയിക്കുന്നു.
**8. മിത്രായ പഞ്ച യേമിരേ ജനാ അഭിഷ്ടിശവസേ**
**സ ദേവാൻ വിശ്വാൻ ബിഭർത്തി**
*അഭിഷ്ടിശവസേ മിത്രായ പഞ്ച ജനാഃ യേമിരേ* ആധിപത്യം നേടാൻ ശക്തിയുള്ള മിത്രനോട് അഞ്ചു ജനതകൾ വഴങ്ങിനിൽക്കുന്നു.
*സഃ വിശ്വാൻ ദേവാൻ ബിഭർത്തി* അവൻ എല്ലാ ദേവന്മാരെയും ധരിക്കുന്നു.
**9. മിത്രോ ദേവേഷ്വായുഷു ജനായ വൃക്തബർഹിഷേ**
**ഇഷ ഇഷ്ടവ്രതാ അകഃ**
*മിത്രഃ ദേവേഷു ആയുഷു വൃക്തബർഹിഷേ* മിത്രൻ ദേവന്മാർക്കും ആയുക്കൾക്കുമിടയിൽ യജ്ഞവിശുദ്ധ ദർഭപ്പുൽ വിരിച്ചവന്
*ഇഷ്ടവ്രതാഃ ജനായ ഇഷഃ അകഃ* അവന്റെ അഭിലഷണീയമായ നിയമങ്ങൾ വഹിക്കുന്ന ഭക്ഷണങ്ങൾ സൃഷ്ടിക്കുന്നു.

★

**മൂന്നാം മണ്ഡലം, അറുപത്തൊന്നാം സൂക്തം**

വിശ്വാമിത്ര ഗാഥിനൻ ഋഷി; 7 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; ഉഷസ്സ് ദേവത

മൂന്നാം മണ്ഡലത്തിൽ ഉഷസ്സിനു സമർപ്പിച്ചിട്ടുള്ള ഒരേയൊരു സൂക്തം. ഇത് പതിവുപ്രമേയങ്ങളെ യോജിപ്പിക്കുന്നു: യുവതിയായ ദേവിയുടെ സൗന്ദര്യം, അവൾക്കു പ്രാതഃസവനവും യജ്ഞാഗ്നിയുമായുള്ള ബന്ധം, പ്രാതഃസവനത്തിൽ ദക്ഷിണകളുടെ വിതരണം കൊണ്ട് സമ്പന്നസാധനങ്ങൾ നൽകുന്നവളെന്ന പങ്ക് എന്നിവ. ആദ്യത്തെ മൂന്നു പദ്യങ്ങളിൽ ഉഷസ്സിനെ മധ്യമപുരുഷനിൽ നേരിട്ടു സംബോധന ചെയ്യുന്നു. തുടർന്നുള്ള പദ്യങ്ങളിൽ ഇത് പ്രഥമപുരുഷനിലേക്കു മാറുന്നു. ഈ മാറ്റം യജ്ഞത്തിന്റെ വളർച്ചയുടെ കണ്ണാടിയായി കാണാവുന്നതാണ്: ആദ്യം കവി ഉഷസ്സിനെ സ്തുതിയിലൂടെ പ്രലോഭിപ്പിച്ചു പ്രത്യക്ഷപ്പെടുത്തുന്നു; തന്റെ അപേക്ഷകൾ വിജയിച്ചപ്പോൾ, കവി തന്റെ ശ്രദ്ധ യജ്ഞത്തിലേക്കു തിരിക്കുന്നു. അവളുടെ പ്രത്യക്ഷഭാവമാകട്ടെ ചലനാത്മകവുമായി.

**1. ഉഷോ വാജേന വാജിനി പ്രചേതാഃ**
**സ്തോമം ജുഷസ്വ ഗൃണതോ മഘോനി**
**പുരാണീ ദേവീ യുവതിഃ പുരന്ധി–**
**രനു വ്രതം ചരസി വിശ്വവാരേ**

*വാജേന വാജിനി മഘോനി ഉഷഃ* സമ്പന്നമായ സമ്മാനത്തോടുകൂടി ഉദാരമായ സമ്മാനം നൽകുന്ന ഉഷസ്സേ!
*പ്രചേതാഃ ഗൃണതഃ സ്തോമം ജുഷസ്വ* വേർതിരിച്ചറിയുന്നവളെന്ന നിലയിൽ ഗായകന്റെ സ്തുതി ആസ്വദിച്ചാലും!
*ദേവി പുരാണീ യുവതിഃ പുരന്ധിഃ* ദേവീ! പണ്ടേയുള്ളവളെങ്കിലും യുവതിയും സമൃദ്ധിയും
*വിശ്വവാരേ അനു വ്രതം ചരസി* എല്ലാ അമൂല്യങ്ങളും കൈവരുത്തുന്നവളുമായ നീ നിന്റെ നിയമമനുസരിച്ചു മുന്നോട്ടു പോയാലും!

**2. ഉഷോ ദേവ്യമർത്ത്യാ വി ഭാഹി**
**ചന്ദ്രരഥാ സൂനൃതാ ഈരയന്തീ**
**ആ ത്വാ വഹന്തു സുയമാസോ അശ്വാ**
**ഹിരണ്യവർണാം പൃഥുപാജസോ യേ**

*ഉഷഃ ദേവി അമർത്ത്യാ ചന്ദ്രരഥാ* ദേവീ ഉഷസ്സേ! നീ അമർത്ത്യയായി മിന്നിത്തിളങ്ങുന്ന തേരിലേറി
*സൂനൃതാഃ ഈരയന്തീ വി ഭാഹി* ഉദാരതകളുയർത്തിക്കൊണ്ട് വിശാലമായി പ്രകാശം ചൊരിഞ്ഞാലും!
*സുയമാസഃ പൃഥുപാജസഃ യേ അശ്വാഃ* എളുപ്പത്തിൽ നിയന്ത്രിക്കാവുന്നതും വിശാലമായ പള്ളകളുള്ളതുമായ നിന്റെ കുതിരകൾ
*ഹിരണ്യവർണാം ത്വാ ആ വഹന്തു* സ്വർണവർണയായ നിന്നെ ഇവിടേക്കു കൊണ്ടുവരട്ടെ.

**3. ഉഷഃ പ്രതീചീ ഭുവനാനി വിശ്വോർ–**
**ധ്വാ തിഷ്ഠസ്യമൃതസ്യ കേതുഃ**
**സമാനമർഥം ചരണീയമാനാ**
**ചക്രമിവ നവ്യസ്യാ വവൃത്സ്വ**

*ഉഷഃ വിശ്വാ ഭുവനാനി പ്രതീചീ* ഉഷസ്സേ! എല്ലാ ജീവജാലങ്ങളെയും നോക്കിക്കൊണ്ട്
*അമൃതസ്യ കേതുഃ ഊർധ്വാ തിഷ്ഠസി* അമർത്ത്യതയുടെ ദീപസ്തംഭംപോലെ നീ നിവർന്നുനിൽക്കുന്നു.
*സമാനം അർഥം നവ്യസി ചക്രം ഇവ* (മുൻപത്തെ ഉഷസ്സുകളെപ്പോലെ) അതേ ലക്ഷ്യത്തിലേക്കു കൂടുതൽ പുതിയ ചക്രത്തെപ്പോലെ നീ
*ചരണീയമാനാ ആ വവൃത്സ്വ* ഇവിടെ സ്വയം ഉരുണ്ടുകൊണ്ട് പുരോഗമിച്ചാലും!

**4. അവ സ്യൂമേവ ചിന്വതീ മഘോ–**
**ന്യുഷാ യാതി സ്വസരസ്യ പത്നീ**
**സ്വർജനന്തീ സുഭഗാ സുദംസാ**
**ആന്താദ് ദിവഃ പപ്രഥ ആ പൃഥിവ്യാഃ**

*സ്യൂമ ഇവ അവ ചിന്വതീ* കടിഞ്ഞാണുകൾ അയച്ചുവിടുന്നവളെപ്പോലെ
*സ്വസരസ്യ പത്നീ മഘോനീ ഉഷാഃ യാതി* നല്ല മേച്ചിൽസ്ഥലത്തിന്റെ അധിപയും ഉദാരയുമായ ഉഷസ്സ് സഞ്ചരിക്കുന്നു.
*സ്വഃ ജനന്തീ സുഭഗാ സുദംസാഃ* സൂര്യനെ ജനിപ്പിച്ചുകൊണ്ട് സുഭഗയും അത്ഭുതശക്തിയുള്ളവളുമായ അവൾ
*ദിവഃ പൃഥിവ്യാഃ ആ അന്താത് ആ പപ്രഥേ* സ്വർഗത്തിന്റെയും ഭൂമിയുടെയും അറ്റംവരെ എല്ലാ വഴികളിലും വ്യാപിച്ചുനിൽക്കുന്നു.

**5. അച്ഛാ വോ ദേവീമുഷസം വിഭാതീം**
**പ്ര വോ ഭരധ്വം നമസാ സുവൃക്തിം**
**ഊർധ്വം മധുധാ ദിവി പാജോ അശ്രേത്**
**പ്ര രോചനാ രുരുചേ രണ്വസന്ദൃക്**

*വഃ അച്ഛ വിഭാതീം ഉഷസം ദേവീം* നിങ്ങൾക്ക് വ്യാപകമായി പ്രകാശം ചൊരിയുന്ന ദേവിയായ ഉഷസ്സിന്
*വഃ സുവൃക്തിം നമസാ പ്ര ഭരധ്വം* നല്ല തിരിവുള്ള നിങ്ങളുടെ (സൂക്തം) സാദരം സമർപ്പിച്ചാലും!
*മധുധാ ദിവി ഊർധ്വം പാജഃ അശ്രേത്* മധു കൊണ്ടുവരുന്നവൻ സ്വർഗത്തിൽ ഉയരെ അവളെ നയിക്കുന്ന അറ്റം താങ്ങിനിർത്തി.
*രണ്വസന്ദൃക് രോചനാ പ്ര രുരുചേ* ആനന്ദപൂർണമായ ഭാവമുള്ള അവൾ മിന്നുന്ന സാമ്രാജ്യങ്ങളിലുടനീളം മിന്നുന്നു.

**6. ഋതാവരീ ദിവേ അർക്കൈരബോ-**
**ധ്യാ രേവതീ രോദസീ ചിത്രമസ്ഥാത്**
**ആയതീമഗ്ന ഉഷസം വിഭാതീം**
**വാമമേഷി ദ്രവിണം ഭിക്ഷമാണഃ**

*ഋതവരീ ദിവഃ അർക്കൈഃ അബോധി* സത്യപൂർണയായ സ്വർഗ(പുത്രി) ഞങ്ങളുടെ സ്തുതികളാൽ ഉണർത്തപ്പെടുന്നു.
*രേവതീ രോദസീ ചിത്രം ആ അസ്ഥാത്* സമ്പന്നയായ അവൾ രണ്ടു ലോകാർധങ്ങളിൽ ഉജ്ജ്വലയായി നിന്നു.
*അഗ്നേ വിഭാതീം ആയതീം ഉഷസം* അഗ്നേ! വിശാലമായി പ്രഭ വിതറിക്കൊണ്ട് അവൾ ഇവിടെ വരുന്ന ഉഷസ്സിനോട്
*വാമം ദ്രവിണം ഭിക്ഷമാണഃ ഏഷി* അമൂല്യമായ സമ്പത്തു യാചിച്ചുകൊണ്ട് നീ പോകുന്നു.

**7. ഋതസ്യ ബുധ്ന ഉഷസാമിഷണ്യൻ**
**വൃഷാ മഹീ രോദസീ ആ വിവേശ**
**മഹീ മിത്രസ്യ വരുണസ്യ മായാ**
**ചന്ദ്രേവ ഭാനും വിദധേ പുരുത്രാ**

*ഋതസ്യ ബുധ്നേ ഉഷസാം ഇഷണ്യൻ* സത്യത്തിന്റെ അടിത്തറയിൽ ഉഷസ്സുകളുടെ (പൈക്കളെ) തെളിച്ചുകൊണ്ട്
*വൃഷാ മഹീ രോദസീ ആ വിവേശ* കാള (സൂര്യൻ) രണ്ടു വലിയ ലോകാർധങ്ങളിൽ പ്രവേശിച്ചു.
*മഹീ മിത്രസ്യ വരുണസ്യ മായാ* മഹത്താണ് മിത്രന്റെയും വരുണന്റെയും മായ
*ചന്ദ്രാ ഇവ ഭാനും പുരുത്രാ വി ദധേ* മിന്നിത്തിളങ്ങുന്ന (ഉഷസ്സ്) തന്റെ പ്രകാശം പരത്തവേ, അത് പല സ്ഥലങ്ങളിലും വ്യാപകമായി പരക്കുന്നു.

★

## നാലാം മണ്ഡലം

നാലാം മണ്ഡലം വാമദേവകുടുംബത്തിന്റെ രചനയാണ്. ആകെയുള്ള 58 സൂക്തങ്ങളിൽ വാമദേവ(ഗൗതമ)ന്റേതാണ് മിക്കവാറുമെല്ലാം. അഗ്നിയുടെയും (1–15) ഇന്ദ്രന്റെയും (16–32) സൂക്തങ്ങളുടെ എണ്ണം ഏതാണ്ട് സമാനമാണ്. പക്ഷേ, ഇന്ദ്രസൂക്തങ്ങളാണ് കൂടുതൽ ശ്രദ്ധേയം. ഈ മണ്ഡലത്തിലെ പ്രമുഖദേവൻ ഇന്ദ്രനത്രേ. ഇന്ദ്രസൂക്തങ്ങൾ ഇന്ദ്രന്റെ പ്രസിദ്ധമായ ജനനം (4. 18), ഗർഭത്തിലിരിക്കേത്തന്നെ അവനും അമ്മയും തമ്മിൽ നടക്കുന്ന സംഭാഷണം, മിക്കവാറും അത്രതന്നെ പ്രശസ്തമായ, സോമം സ്വർഗത്തിൽ അപഹരണം നടത്തുന്നത് വർണിക്കുന്ന ജോടിസൂക്തങ്ങൾ (4. 26–27), അത്രതന്നെ പ്രശസ്തമല്ലാത്തതും എന്നാൽ 4. 6, 24 എന്നിവപോലെ ശ്രദ്ധാർഹവുമായ സൂക്തങ്ങൾ എന്നിവയുൾക്കൊള്ളുന്നു. ഇന്ദ്രനും വരുണനും തമ്മിലുള്ള സംഭാഷണം (42), വരുണനും വായുവും ബൃഹസ്പതിയോടൊപ്പം ഇന്ദ്രനുമായി നടത്തുന്ന സംഭാഷണം (41, 46–47, 49–50) എന്നിവയും പ്രധാനമാകുന്നു.

അഗ്നിസൂക്തങ്ങളിലെ ഇന്ദ്ര–ബൃഹസ്പത്യാഖ്യാനങ്ങളിൽ സവിശേഷമായി പ്രത്യക്ഷപ്പെടുന്നത് വലപുരാവൃത്തമത്രേ. അഗ്നിസൂക്തങ്ങളിൽ കവിതയുടെ കരകൗശലത്തിൽ കേന്ദ്രീകരിക്കുന്ന നിഗൂഢാത്മകമായ 4. 5 ആണ് ശ്രദ്ധേയം.

നാലാം മണ്ഡലം ഋഭുക്കൾക്കു സമർപ്പിക്കപ്പെട്ട അഞ്ചു സൂക്തങ്ങൾ ഉൾക്കൊള്ളുന്നു. *ഋഗ്വേദ*ത്തിൽ ഈ ദേവന്മാരെപ്പറ്റിയുള്ള സ്ഥായിയും അവരുടെ യാജ്ഞികവും പുരാവൃത്തപരവുമായ സ്വഭാവം മൗലികമായി അനാവരണം ചെയ്യുന്നതുമായ വിവരണം ഇവയിലാണുള്ളത്. പക്ഷേ, മറ്റ് അപ്രധാനദേവന്മാരെക്കുറിച്ചുള്ള സൂക്തങ്ങൾ ഇവിടെ ഇല്ലെന്നുതന്നെ പറയാം.

അതിശയനീയമായ പന്തയക്കുതിരയായ ദധിക്രാവിനെക്കുറിച്ച് മൂന്നു സൂക്തങ്ങൾ (38–40) കാണാം. 57, 58 എന്നീ അന്തിമസൂക്തങ്ങൾ *ഋഗ്വേദ*ത്തിൽത്തന്നെ അദ്വിതീയമത്രേ. കൃഷിദേവതകളെക്കുറിച്ചുള്ളതാണ് ആദ്യത്തേത്. കന്നുകാലിവളർത്തലിനു പ്രാധാന്യം കൊടുക്കുന്ന ഒരു പുസ്തകത്തിൽ കൃഷിയെപ്പറ്റിയുള്ള ഈ പ്രതിപാദനം ശ്രദ്ധേയമായ ഒരു വ്യതിയാനമാണ്. രണ്ടാമത്തേത് വെണ്ണ എന്ന യജ്ഞഹവിസ്സിനെപ്പറ്റിയാകുന്നു. സോമത്തെപ്പറ്റി എണ്ണമറ്റ പരാമർശങ്ങളുള്ളപ്പോൾ, ഇതിനെപ്പറ്റി ഈ ഒന്നേ *ഋഗ്വേദ*ത്തിലുള്ളൂ.

നാലാം മണ്ഡലത്തിലെ ദീർഘവും സങ്കീർണവുമായ ഒന്നാം സൂക്തം വലപുരാവൃത്തത്തിന്റെ പ്രധാനമായ ഒരു വിവരണം നൽകുന്നു: തടവിലിട്ട പശുക്കളുടെഗുഹ തുറക്കലും പശുക്കളുടെ മോചനവും. ഈ പുരാവൃത്തത്തിലെ നായകൻ സാധാരണമായി ഇന്ദ്രനാണെങ്കിലും അവൻ വേഷം മാറിപ്പോലും സൂക്തത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. പകരം, ഈ അത്ഭുതകൃത്യത്തിൽ അവനെ പതിവായി സഹായിക്കുന്ന സംഘമാണ്, അംഗിരസ്സുകളാണ്, അവരുടെ പേരും പരാമർശിച്ചിട്ടില്ലെങ്കിലും, എല്ലാ മെച്ചവും നേടുന്നത്. ഇന്ദ്രനെ പരാമർശിക്കാത്തത് ഇത് ഇന്ദ്രസൂക്തമല്ലാത്തതുകൊണ്ടായിരിക്കാം. ഇത് അഗ്നിസൂക്തമാണല്ലോ. വലപുരാവൃത്തം അഗ്നിസൂക്തത്തിൽ ഉചിതമായതെങ്ങനെയെന്നത് കുറേക്കൂടി വലിയൊരു പ്രശ്നമാണ്. അതിനു മറുപടി രണ്ടു ദേവന്മാർക്കും ഉഷസ്സുമായി ബന്ധമുണ്ടെന്നുള്ളതത്രേ. കടുംചുവപ്പുള്ള വലന്റെ പശുക്കൾ ഉഷസ്സുകളുമായി സാധാരണ താദാത്മ്യം കല്പിക്കപ്പെടാറുണ്ട്. യജ്ഞാഗ്നിയാകട്ടെ ഉഷസ്സിലാണ് ജ്വലിപ്പിക്കപ്പെടാറുള്ളതും. തീർച്ചയായും വലപുരാവൃത്തം അവതരിപ്പിച്ചിട്ടുള്ളത് അഗ്നിയുടെ ആദിമ ജന്മവുമായി ബന്ധപ്പെടുത്തിയാണ് (11). (പേരു പറയാത്ത) അംഗിരസ്സുകൾ അവന്റെ ജനിതാക്കളായി കല്പിക്കപ്പെട്ടിരിക്കുന്നു (12). ഒരുപക്ഷേ, "കാളയുടെ കൂട്ടിൽ" ഭ്രൂണരൂപത്തിലുള്ള അഗ്നിയെ, വലന്റെ പശുക്കളെയെന്നപോലെ, സ്വതന്ത്രമാക്കുന്നത് അവരാണ് (11–12). യജ്ഞാഗ്നിയുടെ ജന്മവും വലപുരാവൃത്തവും തമ്മിലുള്ള ബന്ധം ഒരു ഇന്ദ്രസൂക്തമായ 3. 31–ലും നാം കണ്ടു. അവിടെയും ഉഷസ്സിന്റെ മധ്യസ്ഥതയിലാണ്. വലപുരാവൃത്തം പദ്യങ്ങളിൽ നിഗൂഢമാക്കിവെച്ചിട്ടുള്ളത് അധികവും അഗ്നിസൂക്തങ്ങളിലാണ്. ആദ്യത്തെ അഞ്ചു പദ്യങ്ങൾ അഗ്നിയെ നേരിട്ടു സംബോധന ചെയ്യുന്നു. ദേവന്മാർ അഗ്നിയെ ആദ്യമായി പ്രതിഷ്ഠിച്ചതും അതിന്റെ ഉദ്ദേശ്യവും അവനെ ഓർമിപ്പിക്കുന്നു (1). അടുത്ത നാലു പദ്യങ്ങളിൽ അഗ്നിക്കു വരുണനുമായുള്ള അടുപ്പം മർത്ത്യരുടെ കാര്യങ്ങളിൽ ആ ദേവന് ഇടപെടത്തക്കവണ്ണം ഉപയോഗിക്കണമെന്നു പ്രേരിപ്പിക്കുന്നു. തുടർന്നുള്ള നാലു പദ്യങ്ങളിൽ അവന്റെ ഇന്നത്തെ സ്ഥിതിയിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രഥമപുരുഷനിലുള്ള അഗ്നിസ്തുതി. 10–12 പദ്യങ്ങളിൽ വലകഥയിലേക്കുള്ള തിരിച്ചുവരവ്. വാസ്തവത്തിൽ, 13–17 പദ്യങ്ങളാണ് വലപുരാവൃത്തത്തിന്റെ ഹൃദയം. 19–20 പദ്യങ്ങളിൽ അഗ്നിസ്തുതി സംഗ്രഹിക്കുന്നു.

രണ്ടാം സൂക്തം മുൻസൂക്തത്തിന്റെ വാചകശൈലിയുൾപ്പെടെ പല സവിഷതകളും പങ്കിടുന്നു. 4. 1 പോലെ ഇതും മനുഷ്യരും ദേവന്മാരും തമ്മിലുള്ള യജ്ഞവിനിമയത്തിലെ മധ്യസ്ഥനെന്ന നിലയിൽ അഗ്നിയെ പ്രതിഷ്ഠിക്കുന്നതോടെ തുടങ്ങുന്നു. ഇത് ഇന്ദ്രനില്ലാത്ത സംക്ഷിപ്തമായൊരു വലപുരാവൃത്തവും ഉൾക്കൊള്ളുന്നു (15–17). യജ്ഞത്തിന്റെ നിധിയേന്തുന്ന പശുത്തൊഴുത്ത് കീഴടക്കുന്ന ഇന്നത്തെ കവികളോട് അംഗിരസ്സുകളെ താരതമ്യപ്പെടുത്തുന്നുമുണ്ട്. പക്ഷേ, ആദ്യപദ്യത്തിൽ അറിയിക്കുന്ന ദൂതനെന്ന അഗ്നിയുടെ പങ്ക് ഏതാനും പദ്യങ്ങളിൽ വിപുലനം ചെയ്യുന്നു (2–4). യജമാനന്മാർ അഗ്നിക്കു നൽകുന്ന ധാരാളം യജ്ഞസേവനങ്ങൾ സൂക്തം സവിസ്തരം വിവരിക്കുന്നു (6–10, 13–14). അങ്ങനെ ചെയ്യുന്നവരും അല്ലാത്തവരും തമ്മിൽ വേർതിരിച്ചറിയണമെന്ന് അഗ്നിയെ അറിയി

ക്കുന്നുമുണ്ട് (11–12). അവസാനത്തെ രണ്ടു പദ്യങ്ങളിൽ (19–20) യജമാനന്മാർ അനുഷ്ഠിക്കുന്ന അഗ്ന്യാരാധന സംഗ്രഹിക്കുന്നു. വലപുരാവൃത്തം ഉപസംഹരിക്കുന്നതായി തോന്നിക്കുന്ന ഇടയിലെ 18–ാം പദ്യം വേണ്ടത്ര വ്യക്തമല്ല.

മൂന്നാം സൂക്തത്തിന്റെ അവസാനത്തെ (16) പദ്യത്തിൽ താൻ ഉപദേശങ്ങളും നിഗൂഢതകളും രഹസ്യപദങ്ങളും കവിതയും അഗ്നിക്കുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് കവി അറിയിക്കുന്നു. ഇത് മറ്റു സൂക്തങ്ങളിലും പ്രസക്തമാണ്. ഇത് തുടങ്ങുന്നത് ഒരുവിധം ഋജുവായാണ്. അഗ്നിസൂക്തങ്ങളുടെ പലപ്പോഴുമുള്ള രീതിയനുസരിച്ച് യജ്ഞാഗ്നിജ്വലനത്തോടെ (1–3) സൂക്തം തുടങ്ങുന്നു. പക്ഷേ, നാലാം പദ്യത്തോടുകൂടി കവിയും അഗ്നിയും തമ്മിലുള്ള ബന്ധത്തിൽ തകരാറു സംഭവിക്കുന്നതായി തോന്നുന്നു. അടുത്ത നാലു പദ്യങ്ങൾ (5–8) ഉൽക്കണ്ഠാകുലമായ ചോദ്യങ്ങളുൾക്കൊള്ളുന്നു. തങ്ങളെപ്പറ്റി പല ദേവന്മാരോടും അഗ്നി പറയാൻ പോകുന്നതെന്താണ്? ഈ ചോദ്യങ്ങൾ യജ്ഞമാതൃക ഉണ്ടാക്കുന്ന അവ്യക്തത പ്രതിഫലിപ്പിക്കുന്നു. മനുഷ്യർക്കും ദേവന്മാർക്കുമിടയിലുള്ള യജ്ഞമധ്യസ്ഥനാണ് അഗ്നി. അതുകൊണ്ട്, ഒരർഥത്തിൽ അഗ്നിയിലൂടെ അരിച്ചുകിട്ടുന്നതാണ് ദേവന്മാർക്ക് മനുഷ്യരുടെ നിവേദനങ്ങൾ. വിശ്വസ്തനല്ലാത്ത സാക്ഷിയാണവനെന്ന് തങ്ങൾ ആശങ്കിക്കുന്നു. 13–14 പദ്യങ്ങളിൽ ഉൽക്കണ്ഠ തിരിച്ചുവരുന്നു – വിശേഷിച്ച് ആദ്യത്തേതിൽ. അവിടെ, അഗ്നി തന്റെ ബന്ധുക്കളുടെയും പരിചയക്കാരുടെയും കർമങ്ങൾക്ക് തന്നെ ശിക്ഷിക്കുമോ എന്നാണ് കവി വേവലാതിപ്പെടുന്നത്. ഇടയിലുള്ള നാലു പദ്യങ്ങൾ (9–12) വലന്റേതുൾപ്പെടെയുള്ള പുരാവൃത്തങ്ങളെയും അഗ്നിയെയും യജ്ഞത്തെയും ബന്ധിപ്പിക്കുന്നു.

*അനുക്രമണി*യസരിച്ച് രക്ഷോഹാഗ്നിയാണ് നാലാം സൂക്തത്തിന്റെ ദേവത. രക്ഷസ്സുകളെ നശിപ്പിക്കുന്നവൻ എന്നർഥം. ഇത് ശബളാഭമായ ശത്രുപരാലങ്കാരകല്പനാപ്രധാനമായ ആദ്യത്തെ അഞ്ചു പദ്യങ്ങൾക്ക് തികച്ചും ഉചിതമാണ്. എന്നാൽ ആറാം പദ്യം മുതൽ (6–10) അഗ്നിയുടെ ആരാധകർക്കുള്ള നേട്ടങ്ങൾ വിവരിക്കുന്നു. 8–9 പദ്യങ്ങളിലെ വക്താക്കൾ സ്വയം അഗ്ന്യാരാധകരെന്നു വിശേഷിപ്പിക്കുന്നവരത്രേ. 11–ാം പദ്യത്തിൽ കവി പരമ്പരാഗതമായി കാവ്യാനുഗ്രഹമുള്ളവനാണ് താനെന്ന് ആത്മപ്രശംസ ചെയ്യുന്നു. അതുതന്നെ ശ്രദ്ധേയനാക്കുകയും അഗ്നിയുടെ ആനുകൂല്യം നേടിക്കൊടുക്കുകയും കൂടി ചെയ്യുമെന്നും അവകാശവാദം മുഴക്കുന്നു. അച്ഛനായ ഗോതമനാണ് തന്റെ കവിതാവൈദഗ്ധ്യത്തിന്റെ സ്രോതസ്സെന്നാണദ്ദേഹം പറയുന്നത്. ഐതിഹ്യകവികളായ അംഗിരസ്സുകളുടെ പാരമ്പര്യവും ഭംഗ്യന്തരേണ ഈ കവി അവകാശപ്പെടുന്നു. 12–15 പദ്യങ്ങൾ അഗ്നിയുടെ അനുഗ്രഹം തേടിക്കൊണ്ടുള്ളവയാകുന്നു. അന്തിമപദ്യത്തിന്റെ ഉത്തരാർധത്തിൽ രക്ഷസ്സുകൾ തിരിച്ചുവരുന്നു.

വിഷമം പിടിച്ചതും നിഗൂഢത നിറഞ്ഞതുമായ അഞ്ചാം സൂക്തം. ഇതിന്റെ വിഷയം കാവ്യാത്മകമായ വാക്കും ഒളിഞ്ഞുകിടക്കുന്ന അർഥങ്ങളും രഹസ്യാത്മകതകളുമായതുകൊണ്ട് ഇത് അത്ഭുതമുളവാക്കുന്നില്ല. സൂക്തത്തിന്റെ രൂപവും പ്രമേയത്തെ പ്രതിഫലിപ്പിക്കുന്നു. സൂക്തത്തിന്റെ അടയാളപദമായ "പദം" ആറു തവണ വരുന്നു (3, 5, 8, 9, 10, 12). പാത/കാൽവെപ്പ് എന്നും പദം (വാക്ക്) എന്നും അർഥമുള്ള ആ പദത്തിന്റെ ശ്ലേഷസാധ്യത സൂക്തത്തിൽ സാർവത്രികമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. *ഋഗ്വേദ*കവികൾ സ്വന്തം കരവിരുതിനെപ്പറ്റി പറയുമ്പോൾ പതിവുള്ളപോലെ, ഈ കവിയും തന്റെ കാവ്യപ്രചോദനത്തെപ്പറ്റി അത്ഭുതപ്പെടുകയും മറ്റു കവികളുടെ വൈദഗ്ധ്യങ്ങളെക്കുറിച്ചു വേവലാതിപ്പെടുകയും ചെയ്യുന്നു. ലളിതമനുഷ്യനെങ്കിലും (2, 6) അഗ്നിയിൽനിന്നു സൂക്തദർശനം നേടിയ കവി തന്റെ കാവ്യാനുഗ്രഹത്തിന്റെ സ്രോതസ്സ് അഗ്നിയാണെന്നു കരുതുന്നു (2, 3, 12). തീരെ വൃത്തികെട്ടവനും കാവ്യാനുഗ്രഹമുണ്ടവാമെന്ന വസ്തുത കവിയെ കുഴയ്ക്കുന്നു (4–5). പക്ഷേ, കവി ധാർമികമായി രാജിക്കു സന്നദ്ധനല്ലാത്തതുകൊണ്ട് അഗ്നി തന്നെ വിജയത്തിലെത്തിക്കും (6). 14–ാം പദ്യത്തിൽ വീണ്ടും കവി ഈ വിഷയത്തിലേക്കു തിരിച്ചുവരുമ്പോൾ, അദ്ദേഹം അവരുടെ വാസനയെ ശകാരിക്കുകതന്നെ ചെയ്യുന്നു.

മുൻസൂക്തത്തിന്റെയത്ര സങ്കീർണമല്ല ആറാമത്തേതായ ഈ അഗ്നിസൂക്തം. പക്ഷേ, രണ്ടാം ഭാഗത്തിൽ ചില പദ്യങ്ങൾ (7, 8, 10) അത്തരത്തിൽ പെടുന്നവയുണ്ട്. സൂക്തം തികച്ചും യജ്ഞകേന്ദ്രിതമാണ്; വിശേഷിച്ച് ആദ്യത്തെ ഭാഗം (1–5). യൂപം (3), അഗ്നിപ്രദക്ഷിണം (3–5) എന്നിവയുടെ പരാമർശം പശുയജ്ഞമാണ് പ്രമേയമെന്നു കാണിക്കുന്നു. രണ്ടാം ഭാഗത്തിന്റെ വിഷയം അത്രതന്നെ വ്യക്തമല്ല. യജ്ഞപരാമർശങ്ങൾ കൃത്യമല്ലെന്നുമാത്രമല്ല, കാവ്യപരമായി കൂടുതൽ നിഗൂഢാത്മകവുമാണ്. പ്രഭാതത്തിലെ അഗ്നിജ്വലനം, അഗ്നിജനനം, ജ്വാലകളിലേക്കുള്ള വളർച്ച – ഇവയുടെ വിവരണമേ ഉള്ളൂ എന്നു വരാം. ഏഴാം പദ്യത്തിന്റെ പൂർവാർധം ഏറ്റവും വിഷമം പിടിച്ചതത്രേ.

ഏഴാം സൂക്തം മൂന്നു വിവിധവൃത്തങ്ങളിലുള്ള പദ്യങ്ങളുൾക്കൊള്ളുന്നതാണെങ്കിലും ഇത് ഒരു ഏകകമായേ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ എന്നു വ്യക്തമാണ്. പതിവുപോലെ നിലവിലുള്ള യജ്ഞാഗ്നിപ്രതിഷ്ഠയോടെയാണ് സൂക്താരംഭം. 1–5 പദ്യങ്ങളിൽ പ്രതിപാദിക്കപ്പെട്ട ആദിമാഗ്നിപ്രതിഷ്ഠയുടെ പശ്ചാത്തലത്തിലാണിത്. 6–7 പദ്യങ്ങൾ ഭിന്നവൃത്തനിബദ്ധമാണെങ്കിലും അഗ്നിയെക്കുറിച്ചുള്ള രഹസ്യങ്ങളാണ് രേഖപ്പെടുത്തുന്നത്. അഗ്നിയുടെ പ്രകൃതത്തെ സംബന്ധിച്ച വൈരുധ്യങ്ങളുടെ പരമ്പര ആറാം പദ്യത്തിൽ അനാവരണം ചെയ്യുന്നു. യജ്ഞഘടകങ്ങൾ കടങ്കഥാരൂപത്തിൽ പരാമർശിക്കുകയാണ് ഏഴാം പദ്യം. പിന്നീട് സൂക്തം സ്വർഗത്തിനും ഭൂമിക്കുമിടയിൽ ദൂതനെന്ന നിലയിലുള്ള അഗ്നിയുടെ പങ്ക് വിവരിക്കുന്നതിലേക്കു (8, 9, 11) തിരിച്ചുവരുന്നു. ഇത് ആദ്യം മൂന്നാം പദ്യത്തിൽ പരാമർശിക്കുന്നു.

മുൻ സൂക്തത്തിലെ വാചകശൈലികളും പ്രമേയവും എട്ടാം സൂക്തത്തിലുണ്ട്. വിശേഷിച്ച്, ദൂതനെന്ന നിലയിലുള്ള അഗ്നിയുടെ പങ്ക്. പക്ഷേ, ഇത് അതിനെ അപേക്ഷിച്ച് വളരെ കുറച്ചുമാത്രം സങ്കീർണതയുള്ളതാകുന്നു. യജ്ഞസേവനത്തിനു പകരമായി അഗ്നിയോട് സമൃദ്ധമായി സാധനങ്ങൾ വേണമെന്ന അഭ്യർഥനയും പ്രാർഥനകളും ഇതിലുള്ളതും ഓർക്കാം.

2. 1, 2. 11 എന്നീ സൂക്തങ്ങളെപ്പോലെ, ഒൻപതാമത്തെ ഈ ലഘുസൂക്തം അഗ്നിയെ വിവിധപുരോഹിതന്മാരുമായി അഭേദം കല്പിച്ചുകൊണ്ട് അവന്റെ യജ്ഞത്തിലെ പങ്കുകൾ വിവരിക്കുന്നു. പക്ഷേ, അവ രണ്ടിനെയുമപേക്ഷിച്ച് ഇത് വളരെ ലളിതവും ഏറെ ഋജുവുമാണ്. പൗരോഹിത്യപദവികളുടെ ക്രമം 2. 1–ഉമായി അടുപ്പം കാണിക്കുന്നു.

സങ്കീർണതയില്ലാത്ത ഈ പത്താം സൂക്തം ഇപ്പോൾത്തന്നെ യജ്ഞം തുടങ്ങുന്നതിനെപ്പറ്റിയും പ്രസ്തുത യജ്ഞം വിജയിക്കണമെന്ന കവിയുടെ പ്രതീക്ഷയെപ്പറ്റിയും പറഞ്ഞുകൊണ്ട് തുടങ്ങുന്നു. തുടർന്ന് അഗ്നിയുടെ യജ്ഞപങ്കാളിത്തത്തെയും അവന്റെ ഉജ്ജ്വലമായ പ്രത്യക്ഷഭാവത്തെയും അവൻ മർത്ത്യരായ തന്റെ ആരാധകരെ സംരക്ഷിക്കുന്നതിനെയും സ്തുതിക്കുകയും ദേവന്മാരോടുകൂടിയ നല്ല പങ്കാളിത്തത്തിനുള്ള പ്രാർഥനയോടെ അവസാനിക്കുകയും ചെയ്യുന്നു. ഒപ്പം, യജ്ഞാഗ്നിയുടെ മധ്യസ്ഥതയിൽ ദേവന്മാരും മനുഷ്യരും തമ്മിലുള്ള ദൃഢബന്ധത്തെക്കുറിച്ചുള്ള ശക്തമായ പ്രസ്താവനയും കാണാം.

11–ാമത്തെ ഈ ഹ്രസ്വസൂക്തം വർണവിന്യാസപരവും രൂപപരവുമായ ലീല നിറഞ്ഞ ഒരു പദ്യത്തോടുകൂടി തുടങ്ങുന്നു. മധ്യത്തിലെ രണ്ടു പദ്യങ്ങൾ (3–4) ഏഴു തവണ “ത്വത്” (നിന്നിൽനിന്ന്) എന്ന പദം ഉൾക്കൊള്ളുന്നു. അഞ്ചാം പദ്യം “ത്വാം” (നിന്നെ) എന്നു വിഭക്തിമാറ്റത്തോടെ പ്രയോഗിച്ചുകൊണ്ട് അതവസാനിപ്പിക്കുന്നു. ഈ പദ്യവും ദേവന്മാരും മനുഷ്യനും തമ്മിലുള്ള എതിർപ്പുകൾ കാണിക്കുന്നു. അവസാനപദ്യം പ്രാസാലങ്കൃതമത്രേ. സൂക്തം അഗ്നിയെ ഭൗതികസാധനങ്ങളുടെയും (3–4) കാവ്യപ്രചോദനത്തിന്റെയും (2–3) സ്രോതസ്സായി കല്പിക്കുന്നു. പുറമെ ലളിതമെന്നു തോന്നിക്കുന്ന ഈ സൂക്തം കാവ്യപ്രചോദനമെന്ന രണ്ടാമത്തെ അനുഗ്രഹം നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കണമെന്നാവശ്യപ്പെടുന്നു.

12–ാം സൂക്തത്തിന്റെ ആദ്യപകുതി (1–3) അഗ്നി ഭക്തനായ യജമാനനു നൽകുന്ന പ്രതിഫലങ്ങൾ വിവരിക്കുന്നു. രണ്ടാം പകുതി (4–6) തികച്ചും വ്യത്യസ്തമാണ്: ചെയ്തുപോയ വേർതിരിച്ചുപറയാനാവാത്ത തെറ്റുകളിൽനിന്നു തങ്ങളെ മോചിപ്പിക്കണമെന്ന അഗ്നിയോടുള്ള അപേക്ഷയാണ്. അഗ്നിയാണ് നേരിട്ടു സംബോധന ചെയ്യപ്പെടുന്നതെങ്കിലും സ്വരം വ്യക്തമായും ആദിത്യന്മാരോടാണ്. വാസ്തവത്തിൽ അന്തിമപദ്യം (6) അഗ്നിക്കുപുറമെ, ബഹുവചനത്തിലുള്ള സംബോധനകളോടുകൂടിയതാണ് (“യജത്രാഃ വസവഃ” – യജ്ഞാർഹരായ നല്ലവരേ!). ഒരു ആദിത്യസൂക്തത്തിൽ (10. 26. 8) ഇത് കൃത്യമായി ഉദ്ധരിച്ചിട്ടുമുണ്ട്.

*അനുക്രമണി*യനുസരിച്ച് 13–ാം സൂക്തം അഗ്നിയുടെയോ പല ദേവതകളുടയോ പേരിൽ സമർപ്പിക്കുന്നു. അങ്ങനെയാണ് പൊതുവെ പറഞ്ഞപോരുന്നതും. യഥാർഥത്തിൽ ഈ സൂക്തം ഉഷസ്സിനു ചേർന്നതാണ്. ഒപ്പം, ഇന്നുവരെയുള്ള ദേവതകളെയൊക്കെ പരാമർശിച്ചിട്ടുമുണ്ട് – ഉഷസ്സ്, അശ്വികൾ, സവിതാവ്, പ്രത്യേകിച്ച് സൂര്യൻ എന്നിവരെ. ഉഷസ്സിനു സമർപ്പിക്കപ്പെട്ട അടുത്ത സൂക്തം ഇതിന്റെ ജോടിയുമാണ്. അവിടെയും അങ്ങനെ പറഞ്ഞിട്ടില്ല (അഗ്നിസൂക്തംതന്നെയാണതും). അവസാനത്തെ മൂന്നു പദ്യങ്ങൾ (3–5) ശ്രദ്ധേയമാണ്. 3–4 പദ്യങ്ങളിൽ ഇരുട്ടിനുമേൽ വെളിച്ചത്തിന്റെ വിജയം വർണശബളമായി വിവരിക്കുന്നു. അഞ്ചാം പദ്യത്തിൽ സൂര്യനെക്കുറിച്ചുള്ളൊരു ഊഹാത്മക ചോദ്യം ഉന്നയിക്കുന്നു –അത് എന്തുകൊണ്ടാണ് ആകാശത്തിൽനിന്നു വീഴാത്തത്?

4. 13 പോലെ 14–ഉം ഉഷഃസൂക്തമാണ്; അതിനോടടുപ്പമുള്ള ജോടിയും. പ്രധാനദേവതകൾ രണ്ടിലും ഒരുപോലെത്തന്നെ. ക്രമവും ഏതാണ്ടങ്ങനെത്തന്നെ: അഗ്നി, ഉഷസ്സ്, അശ്വികൾ, സവിതാവ്, സൂര്യൻ. അന്തിമപദ്യം ഒന്നുതന്നെ. ഒന്നാം പദ്യത്തിൽ അഗ്നി ഉഷസ്സുകളെയും അശ്വികളെ(നാസത്യന്മാരെ)യും യജ്ഞത്തിലേക്കു ക്ഷണിക്കുന്നു. രണ്ടിൽ ദീപസ്തംഭം കെട്ടുകയും സൂര്യൻ ഉദിക്കുകയും ചെയ്യുന്നു. 3–4 പദ്യങ്ങൾ അല്പം വ്യതിചലിക്കുന്നു.

നാലാം മണ്ഡലത്തിലെ അഗ്നിവൃത്തത്തിലെ ഈ അന്തിമസൂക്തം (15) പത്തു പദ്യങ്ങളുൾക്കൊള്ളുന്നു. അതിന്റെ ദൈർഘ്യം ഹ്രസ്വസൂക്തങ്ങളുള്ള ഇക്കൂട്ടത്തിലെ ക്രമം തെറ്റിക്കുന്നുണ്ട്. അതിന്റെ ആന്തരഘടന തികച്ചും വ്യക്തമല്ല. ആദ്യത്തെ മൂന്നു പദ്യങ്ങൾ അഗ്നിക്കു സമർപ്പിക്കപ്പെട്ട തൃചമാണെന്നും അതുകൊണ്ട് ഒരു സ്വതന്ത്രസൂക്തമെന്ന നിലയിൽ അഗ്നിസൂക്തത്തിൽ ഉൾപ്പെടുത്തിയത് ഉചിതമാണെന്നും പറയാം. അടുത്ത മൂന്നു പദ്യങ്ങളും (4–6) അതുപോലെ അഗ്നിക്കുള്ള തൃചവും ഉചിതസ്ഥാനത്ത് വിന്യസ്തവുമാണ്. പക്ഷേ, സൃഞ്ജയ ദൈവവാതന്റെ പരാമർശം അവസാനത്തെ നാലു പദ്യങ്ങൾ (7–10) സോമക സാഹദേവന്നുള്ള ദാനസ്തുതിയാണെന്നു സൂചിപ്പിക്കുന്നു. സോമകന്റെ അച്ഛനായ സഹദേവൻ സൃഞ്ജയനാണെന്നു *ഐതരേയബ്രാഹ്മണ*ത്തിൽ (7. 34) പറയുന്നുണ്ട്. ആദ്യത്തെ തൃചം (മൂന്നു പദ്യങ്ങൾ) മൃഗയജ്ഞങ്ങളുടെ സവിശേഷതയായ അഗ്നിയുടെ യജ്ഞപ്രദക്ഷിണത്തെക്കുറിച്ചാണ്. രണ്ടാമത്തെ തൃചം, പ്രത്യേകിച്ച് അതിലെ രണ്ടാം

(5), ആക്രാമകമായ അഗ്നിയെ സംബന്ധിക്കുന്നതും വീരനായൊരു മർത്ത്യനുമാത്രമേ അത്തരമൊരഗ്നിയെ നിയന്ത്രിക്കാൻ കഴിയൂ എന്നു സൂചിപ്പിക്കുന്നതുമത്രേ. നാലാം പദ്യത്തിൽ പരാമർശിക്കപ്പെടുന്ന സൃഞ്ജയ ദൈവവാതൻ അങ്ങനെയൊരു മർത്ത്യനെന്നു സൂചന. ഇത് 7–10 പദ്യങ്ങളിലെ ദാനസ്തുതിയിലേക്കുള്ള മാറ്റമാകുന്നു. അവിടെ സൃഞ്ജയകുടുബത്തിലെ രാജകുമാരനാണല്ലോ രക്ഷിതാവ്. കവി സാഹദേവ്യകുമാരനെ തനിക്ക് രണ്ടു കുതിരകളെ നൽകിയതിൽ (കളിയായി) പ്രശംസിക്കുന്നു. കുമാരന് ദീർഘായുസ്സു നൽകാൻ അശ്വികളോടു പ്രാർഥിക്കുകയും ചെയ്യുന്നു.

വാമദേവന്റെ ഇന്ദ്രവൃത്തത്തിലെ ഈ ആദ്യസൂക്തം (16) പുരാവൃത്തവസ്തുതകളാൽ സമ്പന്നമാകുന്നു. തങ്ങളുടെ സോമയജ്ഞത്തിലേക്കു വരുന്ന ഇന്ദ്രന്റെ യാത്രാപരമായ രണ്ടു പദ്യങ്ങളോടുകൂടി ഇതാരംഭിക്കുന്നു. പക്ഷേ, രണ്ടാം പദ്യത്തിന്റെ ഉത്തരാർധത്തിലും മൂന്നാം പദ്യത്തിന്റെ പൂർവാർധത്തിലുമായി സൂക്തത്തിൽ പിന്നീടു വരുന്ന ഐതിഹ്യപ്രസിദ്ധനും ഋഷികവിയുമായ കാവ്യ ഉശനസ്സ് പേർ പറയാതെ പരോക്ഷമായി അവതരിപ്പിക്കപ്പെടുന്നു. 3–8 പദ്യങ്ങളടങ്ങുന്ന രണ്ടാം ഖണ്ഡത്തിൽ വല–വൃത്രപുരാവൃത്തങ്ങൾ ഇടകലർന്നു വരുന്നു. ഖണ്ഡത്തിന്റെ ആദ്യഭാഗത്ത് അവയിലെ മിക്കവാറും ഒരു കഥാപാത്രത്തിന്റെയും പേരെടുത്തുപറയുന്നില്ല. അതുകൊണ്ട് അവയുടെ ഏതു വ്യാഖ്യാനവും പ്രോത്സാഹിപ്പിക്കപ്പെടുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (7, 8), ഏഴിൽ വൃത്രന്റെയും എട്ടിൽ സരമ എന്ന നായയുടെയും വലപുരാവൃത്തത്തിൽ ഇന്ദ്രന്റെ സഖാക്കളായ അംഗിരസ്സുകളുടെയും പേര് പറഞ്ഞുകൊണ്ട്, രണ്ടു പുരാവൃത്തങ്ങളെയും വ്യക്തമായി വേർതിരിക്കുന്നു. 9–14 പദ്യങ്ങൾ കുത്സനെന്ന വീരനും കവി കാവ്യ ഉശനസ്സും ഇന്ദ്രനുമുൾക്കൊള്ളുന്ന കഥയെ സംബന്ധിക്കുന്നു. കാവ്യ ഉശനസ്സിന്റെ പേര് മുൻപ് പറഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ പരാമർശിക്കുന്നില്ല. പക്ഷേ, ഉശനസ്സുൾക്കൊള്ളുന്ന പരാമർശങ്ങൾ കൂടുതലായി കാണാം. ഇന്ദ്രനും കുത്സനും സഹായത്തിനായി കവിയുടെ വീട്ടിൽ ചെല്ലുന്നതും (11) അദ്ദേഹം സഹായിക്കുന്നതും (ആ സഹായം ഉശനസ്സ് ഇന്ദ്രനു വജ്രം കൊടുക്കുന്ന രൂപത്തിലാണെന്നു മറ്റിടങ്ങളിലെ പരാമർശങ്ങളിൽനിന്നു മനസ്സിലാവും).

ഇന്ദ്രനും കുത്സനും കാഴ്ച്ചയിൽ ഒരുപോലെയാണ് (10). ഒരു സ്ത്രീ അവർ തമ്മിലുള്ള വ്യത്യസം പറയുന്നുണ്ട്. ഇന്ദ്രന്റെ തുടയിൽനിന്നാണ് കുത്സൻ ഉണ്ടായതെന്നും അതിനാൽ അവർ ഒരുപോലെയാണെന്നും *ജൈമിനീയബ്രാഹ്മണ*ത്തിലെ (3. 199–200) ഒരു കഥയിൽ സൂചനയുണ്ട്. കുത്സൻ ഇന്ദ്രപത്നിയുമായി ലൈംഗികവേഴ്ച്ചയിലേർപ്പെട്ടുകൊണ്ട് ഈ സാരൂപ്യം മുതലെടുക്കുന്നതും കാണാം. ഈ പെരുമാറ്റദൂഷ്യസൂചന *ഋഗ്വേദ*ത്തിലില്ല. ഇന്ദ്രനും കുത്സനും ഒരുമിച്ച് ശത്രുക്കളെ നശിപ്പിക്കുകയും സൂര്യന്റെ ചക്രം വലിച്ചുകീറുകയും ചെയ്യുന്നു (12, 13).

സൂക്തത്തിന്റെ അവശിഷ്ടഭാഗം (15–19) ഇന്ദ്രനോട് മത്സരത്തിലും യുദ്ധങ്ങളിലും സഹായവും മറ്റു പാരിതോഷികങ്ങളും വേണമെന്ന അഭ്യർഥനകളുൾക്കൊള്ളുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (20–21) ഉപസംഹാരരൂപത്തിലുള്ളവയത്രേ.

17–ാം സൂക്തം തുടങ്ങുന്നത് "ത്വം മഹാനിന്ദ്ര (ഇന്ദ്രാ! നീ മഹാനാണ്)" എന്ന പ്രഖ്യാപനത്തോടുകൂടിയാണ്. ഒരർഥത്തിൽ, ഈ പ്രസ്താവനയുടെ വിപുലനമാണ് സൂക്തമാകെ. സൂക്തത്തിന്റെ ആദ്യഖണ്ഡം (1–8) ഇന്ദ്രന്റെ ഭൂതകാലകൃത്യങ്ങൾ വിവരിക്കുന്നു. വൃത്രവധവും അതിന്റെ പ്രാപഞ്ചികപ്രത്യാഘാതങ്ങളുംതന്നെ പ്രധാനം. ഈ ഖണ്ഡത്തിന്റെ ഉപസംഹാരപദ്യം (8) അതിനുശേഷം ഇന്ദ്രനെ നമ്മുടെ ശ്രദ്ധാപാത്രമാക്കിയ സവിശേഷതകൾ ചുരുക്കിപ്പറയുന്നു. 9–13 പദ്യങ്ങൾ ശത്രുക്കളെ കീഴടക്കാനും സമ്മാനങ്ങൾ നേടാനും ഇന്ദ്രന്റെ കഴിവുകളെ സമകാലപ്രസക്തിയോടെ വാഴ്ത്തുന്നു. തുടർന്നുള്ള രണ്ടു പദ്യങ്ങളിൽ (14–15) ഏതശപുരാവൃത്തത്തിന്റെ തികച്ചും അവ്യക്തമായൊരു ഹ്രസ്വചിത്രം അവതരിപ്പിക്കുന്നു. അവസാനഭാഗത്തെ അഞ്ചു പദ്യങ്ങൾ (16–20) ഇന്ദ്രന്റെ കൊള്ളമുതലിലും സഹായത്തിലുമുള്ള പ്രതീക്ഷാപ്രകടനമുൾക്കൊള്ളുന്നു. അവനുമായുള്ള സ്നേഹബന്ധം നിലനിൽക്കണമെന്ന ആഗ്രഹം വിശേഷിച്ച് ശ്രദ്ധിക്കത്തക്കതാണ്. അവിടവിടെ പല പ്രമേയങ്ങളും പൊങ്ങിവരുന്നുണ്ട്. ഇന്ദ്രൻ "മഘവാ"നായി ഉടനീളം (7, 8, 9, 11, 13, 20) വിളിക്കപ്പെടുന്നു. ഉദാരൻ, രക്ഷിതാവ് എന്നിങ്ങനെ അർഥങ്ങൾ. സാധനങ്ങൾക്കും സഹായങ്ങൾക്കുമുള്ള പ്രതീക്ഷകളും നിഷ്കർഷയും അവസാനഖണ്ഡംവരെ പുറത്തുവരുന്നില്ലെങ്കിലും ഈ വിശേഷണത്തിന്റെ ബാഹുല്യം അത് മിക്കവാറും ആദ്യമേ സൂചിപ്പിക്കുന്നതായി തോന്നുന്നു. ഇന്ദ്രന്റെ ജനനവും അച്ഛനാരെന്നതിനെക്കുറിച്ചുള്ള അവ്യക്തതയും ശ്രദ്ധേയമത്രേ (2, 4, 7, 12). സ്വർഗമാണ് അച്ഛനെന്ന് നാലാം പദ്യത്തിൽ "പരിഗണിക്കുന്നു." ഏതാണ് "നല്ല കരകൗശലവിദഗ്ധ"നെന്നും വ്യക്തമല്ല.

ഭാഗികമായി സംഭാഷണരൂപത്തിള്ള ഈ സൂക്തം (18) പ്രസിദ്ധവും നിഗൂഢസ്വഭാവമുള്ളതുമാണ്. ഇത് ഇന്ദ്രന്റെ അത്ഭുതകരവും അസ്വാഭാവികവുമായ ജനനത്തെ വിവരിക്കുന്നു. ഇന്ദ്രന്റെഅമ്മയും അപ്പോഴും ജനിച്ചിട്ടില്ലാത്ത ഇന്ദ്രനും തമ്മിലുള്ള ആശയവിനിമയമടങ്ങുന്ന രണ്ടു പദ്യങ്ങളോടെ സൂക്തം ആരംഭിക്കുന്നു. സ്വാഭാവികരീതിയിലുള്ള പ്രസവത്തിന് അവൾ അവനെ പ്രേരിപ്പിക്കാൻ ശ്രമിക്കുന്നു. പക്ഷേ, വിശ്വപ്രശസ്തരായ പല വീരന്മാരെയുംപോലെ, പതിവുരീതിയിലല്ലാത്ത പ്രസവത്തിന് അവൻ അമ്മയോട് നിഷ്കർഷിക്കുന്നു. ഇന്ദ്രൻ തന്റെ മഹത്തായ വിധിയെക്കുറിച്ച് ബോധവാനായിരുന്നു (2). ഗർഭം അസധാരണമാംവിധം നീളുകയും (4) ജനനത്തിനുശേഷം തന്റെ സ്വന്തം വഴി തേടി പൊകുന്നതിന് അവനെ ഉപേക്ഷിക്കുകയും

ചെയ്യുന്നതായി തോന്നുന്നു (3, 4, 8, 10). പക്ഷേ അവൾ അവനെ ഒളിപ്പിക്കുകയും (5) അവന്റെ വിധിയെ പ്പറ്റി വേവലാതിപ്പെടുകയും (11) ചെയ്യുന്നു. ലോകത്തിലെ പല വീരന്മാരെയുംപോലെ, ഇന്ദ്രൻ പൂർണമായി വളർന്നു ജനിക്കുകയും മഹത്തായ വീരകർമങ്ങൾ അനുഷ്ഠിക്കുകയും (5) ചെയ്യുന്നു. അതുകൊണ്ട് അവന് അമ്മയുടെ രക്ഷണം ആവശ്യമില്ലാതായി. മൂന്നാം പദ്യത്തിൽ അവൻ തന്നെ ഉപേക്ഷിച്ചുപോയ അമ്മയെ പിന്തുടരുകയും ആ യാത്ര ത്വഷ്ടാവിന്റെ വീട്ടിൽ അവസാനിക്കുകയും ചെയ്യുന്നു. അവിടവെച്ച് അവൻ ത്വഷ്ടാവിന്റെ സോമം കുടിക്കുന്നു. ഇന്ദ്രന്റെ അച്ഛനാണ് ത്വഷ്ടാവെന്ന് മറ്റു ചിലേടത്ത് പരാമർശമുണ്ട്. ഇന്ദ്രൻ ത്വഷ്ടാവിനെ കീഴടക്കുന്നതായും സൂക്താന്ത്യത്തിൽ സൂചനയുണ്ട്. സൂക്തത്തിന്റെ മധ്യഭാഗത്ത് (6–9) വെള്ള ത്തിന്റെ വിവിധശബ്ദങ്ങളും സംഭാഷണത്തിൽ കടന്നുവരുന്നുണ്ട്. ഈ വെള്ളങ്ങൾ ദയാലുക്കളായ മറ്റു പോറ്റമ്മമാരാവാം (7–8). സൂക്തത്തിന്റെ അന്തിമഭാഗത്തുള്ള പദ്യങ്ങൾ, മുൻപുള്ളവയുമായി താരതമ്യപ്പെടു ത്തുമ്പോൾ, കൂടുതൽ കുഴപ്പം പിടിച്ചവയാണ്. ജനനവും തുടർന്നുള്ള കാര്യങ്ങളും ഇവിടെ വീണ്ടും വരുന്നു.

അവസാനംവരെ 19–ാം സൂക്തം മിക്കവാറും മുഴുവൻ വൃത്രവധത്തിലും പ്രത്യേകിച്ച് അതിനുശേഷം നടന്ന വെള്ളം തുറന്നുവിടലിലും കേന്ദ്രീകരിക്കുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങളിൽ ദേവന്മാരും ലോകാർധ ങ്ങളും ഈ കൃത്യത്തിനുവേണ്ടി ഇന്ദ്രനെ വരിക്കുകയും അവൻ രാജത്വം സ്വീകരിക്കുകയും ചെയ്യുന്നു. അഞ്ചാം പദ്യം മുതൽ കൃത്യമായി വധവും വെള്ളത്തെ സ്വതന്ത്രമാക്കാൻ പർവതങ്ങളെ പിളർക്കുന്നതും വെള്ളവു മായി ബന്ധപ്പെട്ട മറ്റു കൃത്യങ്ങളും പ്രതിപാദിക്കുന്നു. തുർവീതിക്കും വയ്യനും വേണ്ടി ഒഴുക്കു നിർത്തിക്കു ന്നത് 6–ലും അവ നിറയ്ക്കുന്നത് 7–ലും പരാമർശിക്കപ്പെടുന്നു. വൃത്രപുരാവൃത്തത്തിലെ മുഖ്യവസ്തുതകൾ സമർഥമായി സംഗ്രഹിക്കുന്ന സൂക്തത്തിലെ ഈ പ്രധാനഭാഗം എട്ടാം പദ്യത്തോടെ അവസാനിക്കുന്നു. 9–ാം പദ്യത്തിൽ ഇന്ദ്രന്റെ മഹത്തായ വീരകർമങ്ങളിൽ മൂന്നെണ്ണം നിയതക്രമത്തിൽ ഒന്നിച്ചുപന്യസിക്കുന്നു: അവൻ ഒരവിവാഹിതയുടെ പരിത്യക്തപുത്രനെ രക്ഷിക്കുന്നു; കുരുടനെ കാണാറാക്കുന്നു; മുടന്തനെ നടത്തിക്കുന്നു. ഇവയോരോന്നിനും അസാധാധാരണമായ വൈചിത്ര്യം വരുത്തിയിട്ടുണ്ടെന്നുമാത്രം. കുട്ടിയെ പെണ്ണുറുമ്പു കൾ അരിച്ചിരിക്കുന്നു; കുരുടൻ പാമ്പിനെ എടുത്തിട്ടുണ്ട്; മുടന്തന്റെ “പാത്രം” പൊട്ടിയിരിക്കുന്നു. പത്തും പതിനൊന്നും സംഗ്രഹരൂപത്തിലുള്ള ഉപസംഹാരപദ്യങ്ങളത്രേ.

ക്ഷണ/യാത്രാസൂക്തത്തിന്റെ പൊതുരീതി 20–ാം സൂക്തത്തിൽ പിന്തുടർന്നിരിക്കുന്നു. തങ്ങളുടെ യജ്ഞത്തിലേക്കുള്ള ഇന്ദ്രന്റെ യാത്ര ആദ്യത്തെ രണ്ടു പദ്യങ്ങളിൽ പ്രതിപാദിക്കുന്നു. അടുത്ത രണ്ടു പദ്യ ങ്ങൾ യജ്ഞത്തിലെ ഇന്ദ്രന്റെ സാന്നിധ്യവും ഹവ്യസ്വീകരണവും വരുന്നു. അഞ്ചാം പദ്യത്തിൽ ക്ഷണം. സൂക്തത്തിന്റെ മറ്റു ഭാഗങ്ങളിൽ ഇന്ദ്രൻ പകരമായി സ്തോതാക്കൾക്കും ആരാധകർക്കും ഉദാരമായി സംഭാ വന ചെയ്യുന്നതു വിവരിക്കുന്നു.

21–ാം സൂക്തത്തിന്റെ 1, 3 പദ്യങ്ങൾ മുൻസൂക്തത്തിന്റെ തുടക്കത്തെ ഓർമിപ്പിക്കുന്നതും എവിടെനിന്നാ യാലും ഇന്ദ്രൻ തങ്ങളുടെ യജ്ഞത്തിൽ സംബന്ധിക്കണമെന്നു ക്ഷണിക്കുന്നതുമാകുന്നു. ഈ സൂക്തം ഇന്ദ്ര നെ നേരെ വാഴ്ത്തുന്നതാണെന്ന വാഗ്ദാനവുമുണ്ട്. ഞങ്ങളുടെ സ്തുതിയും ഹവിരർപ്പണവും ഇന്ദ്രന്റെ സാധനങ്ങളും സഹായവും പ്രതീക്ഷിക്കുന്നു. പക്ഷേ, സൂക്തം വിഭിന്നവും അഗാധവുമായ കുഴപ്പംപിടിച്ച ഒരു ദിശയിലേക്കു മാറുന്നു. അഞ്ചാം പദ്യമാണ് അതിന്റെ തിരിക്കുറ്റി. ഇന്ദ്രനല്ല, അഗ്നിയാണ് ഇവിടെ ഹോതാ വ്. അടുത്ത മൂന്നു പദ്യങ്ങൾ (6–8) വാചകശൈലിയിലും വാക്യവിന്യാസരീതിയിലും രൂപപരമായ കാര്യങ്ങ ളിലും മറ്റും പ്രത്യേകതയുള്ളവയാണ്. പലേടത്തും അവ്യക്തത നിറഞ്ഞുനിൽക്കുന്നു. വിഷയം യജ്ഞാഗ്നിജ്വ ലനത്തിലേക്കു കടക്കുന്നു. ഇടയ്ക്കു വലപുരാവൃത്തവും വരുന്നുണ്ട്. ഇന്ദ്രസൂക്തത്തിൽ വലപുരാവൃത്തം അഗ്നിയുമായി ബന്ധപ്പെട്ടു കടന്നുവരിക വാമദേവരചനയുടെ പൊതുസ്വഭാവമാണെന്നു തോന്നുന്നു. ആറാം പദ്യത്തിൽ ദേവന്മാർ യജ്ഞത്തിലേക്കു വരുന്നതിനെ അംഗിരസ്സുകൾ വലഗുഹയിലേക്കു പോകുന്നതിനോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. എങ്കിലും രണ്ടു സംഘത്തിന്റെയും പേരുകൾ പരാമർശിക്കുന്നില്ല. അഗ്നിപു രോഹിതന്മാരുടെ രഹസ്യസ്ഥാനമെന്നു പറയുന്നത് ഇതുമായി ബന്ധമുള്ളതായിരിക്കാം. എട്ടാം പദ്യത്തിൽ വലഗുഹാഭേദനം സുവ്യക്തമാക്കുന്നതായി കാണാം. അങ്ങനെ 9–ാം പദ്യം ഇന്ദ്രനെ ഉദാരമതിയായ ദാതാ വിന്റെ പുരാവൃത്തമാതൃകയായി വർണിച്ചശേഷം അതേ ഇന്ദ്രൻ യജ്ഞത്തിൽ വരാത്തതിന്റെ പേരിൽ ശകാരം വാങ്ങിക്കൂട്ടുന്നു. 10–ാം പദ്യം സാധനങ്ങൾക്കും സഹായത്തിനുംവേണ്ടിയുള്ള അപേക്ഷയും അവസാനപദ്യം വാമദേവസൂക്തങ്ങളുടെ പതിവുപല്ലവിയുമത്രേ.

22–ാം സൂക്തം ഇന്ദ്രന്റെ യജ്ഞത്തിലേക്കുള്ള വരവും അതിലെ സാന്നിധ്യവുമെന്ന രൂപരേഖയ്ക്കകത്ത് ഇന്ദ്രന്റെ മഹത്തായ കർമങ്ങളെ, വിശേഷിച്ച് അവ അനുഷ്ഠിക്കുന്നതിലെ ആക്രമണസ്വഭാവത്തെ, വിവരിക്കു ന്നു. ഇന്ദ്രൻ യജ്ഞത്തിൽ ചെയ്യേണ്ടുന്ന ഘടകങ്ങളുടെ ഒരു ലഘുവിവരണം സൂക്താരംഭത്തിൽ (1) നൽകു ന്നു. ഇന്ദ്രന്റെ അനിയന്ത്രിതമായ ശക്തിയിലേക്കും അവൻ പ്രപഞ്ചത്തിൽനിന്ന് ആ ഭയങ്കരതയ്ക്കു പ്രചോദനം നേടുന്നതിലേക്കും വൃത്രവധാനന്തരം വെള്ളത്തെ തുറന്നുവിടുക എന്ന അവന്റെ ഏറ്റവും മഹത്തായ കർമ ത്തിലേക്കും അത് നയിക്കുന്നു (2–7). എട്ടാം പദ്യം ഇപ്പോൾ നടക്കുന്ന ഞങ്ങളുടെ യജ്ഞത്തിൽ ഇന്ദ്രൻ സന്നിഹിതനാവുമെന്ന പ്രതീക്ഷാപ്രകടനമാണ്. 9–10 ഇന്ദ്രനിൽനിന്നു തങ്ങൾ വേണമെന്നാഗ്രഹിക്കുന്ന വിവിധ കാര്യങ്ങൾ ആവർത്തിക്കുന്നു. ഇന്ദ്രവൃത്തത്തിലെ വാമദേവപല്ലവിയോടെ (11) സൂക്തം അവസാനിക്കുന്നു.

23–ാം സൂക്തത്തിന്റെ മുഖ്യസവിശേഷത അതിലെ ആദ്യത്തെ ആറു പദ്യങ്ങളിൽ പ്രധാനമായി പ്രത്യക്ഷപ്പെടുന്ന ചോദ്യപരമ്പരയാണ്. ഏതു യജമാനന്മാർക്കാണ് ഇന്ദ്രനെ ആകർഷിക്കാനും പ്രസാദിപ്പിക്കാനും കഴിഞ്ഞിട്ടുള്ളത്? ആര് എവിടെ യജ്ഞം ചെയ്യുന്നുവെന്ന് ഇന്ദ്രൻ എങ്ങനെയാണ് അറിയുന്നത്? ആര് ഏതുപായം കൊണ്ട് ഇന്ദ്രന്റെ കൊള്ളമുതലും സഖ്യവും സ്വീകരിക്കുന്നു? – എന്നിങ്ങനെ ഇന്ദ്രനും യജമാനനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ് ഈ എല്ലാ ചോദ്യങ്ങളും. പ്രാഥമികവും അവ്യക്തവുമായ ഉത്തരം നാലാം പദ്യത്തിൽ കൊടുത്തിട്ടുണ്ട്: "ദേവോ ഭുവന്നവേദാ മ ഋതാനാം" (ദേവൻ എന്റെ സത്യങ്ങൾ മനസ്സിലാക്കും). അതായത്, ഇന്ദ്രൻ യജ്ഞത്തിൽ വരികയും തന്റെ കൊള്ളമുതൽ പങ്കുവെക്കുകയും ചെയ്യുമെന്ന് ഉറപ്പു വരുത്തുന്നവയാണ് എന്റെ സ്തുതികളും പവിത്രമന്ത്രങ്ങളും. ഈ ഉത്തരം സൂക്തത്തിന്റെ അവസാനപദ്യങ്ങളിൽ വിപുലീകരിക്കുന്നു. ഈ ചോദ്യപദ്യങ്ങളുടെ ശ്രദ്ധേയമായ സവിശേഷത ഇതാണ്: ഇന്ദ്രന്റെ സാന്നിധ്യത്തെക്കുറിച്ചും തനിക്ക് ഇന്ദ്രനുമായുള്ള സഖ്യത്തെക്കുറിച്ചും കവി ഉൽക്കണ്ഠപ്പെടുന്നുണ്ടെങ്കിലും എല്ലായ്പ്പോഴും ദേവനും ഏറെക്കുറെ എല്ലായ്പ്പോഴും കവിയും യജമാനന്മാരും പ്രഥമപുരുഷനിലാണ് പരാമർശിക്കപ്പെടുന്നത് എന്നതാണ്. ഈ പ്രഥമപുരുഷപ്രയോഗംകൊണ്ടുള്ള ഇന്ദ്രന്റെ അകൽച്ച അവന്റെ അസ്തിത്വത്തെപ്പറ്റി, ചുരുങ്ങിയപക്ഷം ജീവചരിത്രവിശദാംശങ്ങളെപ്പറ്റി, സംശയം നിലനിൽക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്നു. കവിക്ക്, താനാഗ്രഹിക്കുന്നതുപോലെ ഇന്ദ്രനുമായി വ്യക്തിപരമായി ബന്ധം പുലർത്താൻ കഴിഞ്ഞിട്ടില്ലെന്നർഥം. 8–10 പദ്യങ്ങളിലെ വിശദമായ ഉത്തരത്തിലേക്കുള്ള മാറ്റം ഏഴാം പദ്യത്തിൽ കാണാം.

24–ാം സൂക്തത്തിലെ നീണ്ടൊരു ഭാഗം (1–7) മത്സരിക്കുന്ന വിഭാഗങ്ങൾ ഇന്ദ്രനെ സഹായത്തിനു വിളിക്കുന്നതും യജ്ഞഹവിസ്സുകളും സ്തുതികളും അർപ്പിക്കുന്നതും വർണശബളമായ ഭാഷയിൽ വിവരിക്കുന്നതത്രേ. 3–5 പദ്യങ്ങൾ മർത്ത്യരായ പ്രതിയോഗികളുടെ നൈരാശ്യപൂർവമായ യത്നങ്ങൾ തങ്ങളുടെ വശത്തുനിന്ന് ഇന്ദ്രന്റെ കരുത്തിനാസ്പദമായ കർമങ്ങൾ പട്ടികപ്പെടുത്തുന്നതിൽ പ്രത്യേകം കേന്ദ്രീകരിക്കുന്നു. വിജയികളായ അപേക്ഷകർ അർപ്പിക്കുന്ന ഹവിസ്സുകൾ സോമത്തിനു പുറമെ പുരോളാശവും ഉൾക്കൊള്ളുന്നുവെന്നു വ്യക്തമാണ് (5, 7). വാമദേവപല്ലവിയൊഴിച്ച് അവസാനത്തെ മൂന്നു പദ്യങ്ങൾ (8–10) സൂക്തത്തിന്റെ ആദ്യഭാഗത്തിനു പിന്നിലുള്ള മർത്ത്യാമർത്ത്യന്മാർ തമ്മിലുള്ള വിലപേശൽ പൊതുവിൽ വിവരിക്കുന്നു. ഇന്ദ്രന്റെ സഹായത്തിനുവേണ്ടിയുള്ള ആ വിലപേശൽ ക്രയവിക്രയങ്ങളിലെ ലാഭനഷ്ടങ്ങളിലേക്കു വെളിച്ചം വീശുന്നു. ദാനസ്തുതിയക്കുറിച്ചുള്ള പരാമർശവും ഇന്ദ്രപത്നിയുടെ ഇടപെടലും സൂക്തത്തെ ശ്രദ്ധേയമാക്കുന്നു.

4. 23 പോലെ 25–ാം സൂക്തവും ഒന്നാം ഭാഗത്തിൽ ചോദ്യങ്ങളും രണ്ടാം ഭാഗത്തിൽ ഉത്തരങ്ങളും ഉൾക്കൊള്ളുന്നതാണ്. ആദ്യത്തെ മൂന്നു പദ്യങ്ങൾ യജമാനനെക്കുറിച്ചുള്ള ചോദ്യങ്ങളാണ്. മറ്റു പദ്യങ്ങൾ (4–7) മിക്കതും യജമാനനു ലഭിക്കുന്ന നേട്ടങ്ങളുടെ വിശദാംശങ്ങൾ വിവരിക്കുന്നു. എട്ടാം പദ്യം ഇന്ദ്രനെ വിളിക്കുന്നവരുടെ സമഗ്രമായൊരു പട്ടിക നിരത്തുന്നു. മർത്ത്യന് ഇന്ദ്രനുമായുള്ള ബന്ധങ്ങൾ എന്തൊക്കെയെന്ന വിവരണമാണ് ഈ സൂക്തത്തിന്റെ മുഖ്യസവിശേഷത. സഖ്യം (1, 2, 6, 7), കൂട്ടുകെട്ട് (2), സാഹോദര്യം (2), സൗഹൃദം (6), ബന്ധുത്വം (6) എന്നിവയാണവ.

അടുത്ത രണ്ടു സൂക്തങ്ങൾ (26–27) സ്വർഗത്തിൽനിന്നുള്ള പ്രസിദ്ധമായ സോമാപഹരണം പ്രതിപാദിക്കുന്നു. അവിടെ സോമം കൃശാനു എന്ന അമ്പെയ്ത്തകാരന്റെ കാവലിൽ സുരക്ഷിതമായി സൂക്ഷിച്ചുവെച്ചിരിക്കയായിരുന്നു. കൃശാനു അമ്പെയ്തുവെങ്കിലും പരുന്ത് അത് രഹസ്യമായി കട്ടുകൊണ്ടുപോന്നു. പക്ഷിക്ക് ഒരു തൂവലേ പോയുള്ളൂ എന്നു പല ബ്രാഹ്മണങ്ങളും വിവരിക്കുന്നു. ആദ്യത്തെ യജമാനനായ മനു തനിക്കു ലഭ്യമായ സോമം യജ്ഞത്തിൽ ഇന്ദ്രനു സമർപ്പിച്ചു. അതു കുടിച്ചാണ് ഇന്ദ്രൻ മഹത്തായ വീരകർമങ്ങൾ ചെയ്തത്. രണ്ടു സൂക്തങ്ങളിലാദ്യത്തേതു മുഴുവൻ ഇന്ദ്രന്റെ വാക്കുകളിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഇന്ദ്രന്റെ ആത്മസ്തുതിയോടെയാണ് (1–3) അതു തുടങ്ങുന്നത്. നാലാം പദ്യം ഇന്ദ്രൻ മരുത്തുക്കളോടു പറയുന്നതാണ്. സോമഹരണവിക്രമത്തിന്റെ പേരിൽ അവൻ പരുന്തിനെ പുകഴ്ത്തിപ്പറയുന്നു. 5–7 പദ്യങ്ങൾ ഇതു തന്നെ വിവരിക്കുന്നു. 7–ന്റെ ഉത്തരാർധം പുരന്ധി(സമൃദ്ധി)യെ പരാമർശിക്കുന്നു. സോമത്തോടൊപ്പം സമൃദ്ധിയും സ്വർഗത്തിൽനിന്ന് അപഹരിക്കപ്പെട്ടതായി തോന്നുന്നു.

സോമാപഹരണസൂക്തങ്ങളിൽ രണ്ടാമത്തേത്. ഇത് സോമത്തിന്റെ വീക്ഷണത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു. ഇതിൽ സോമന്റെ ആത്മസ്തുതിയും ഉൾപ്പെടുന്നു. അവൻ തന്റെ ജ്ഞാനം (1 പൂർവാർധം), ശക്തി (2 പൂർവാർധം) എന്നിവ വിവരിക്കുന്നു. പരുന്തും രക്ഷകനും പെട്ടെന്ന് ഗർഭത്തിൽ പ്രത്യക്ഷമാകുന്നതായി വിവരിക്കുന്നു. സങ്കീർണമായി അവൻ രക്ഷപ്പെടുന്നതും അവർ പിന്നീടു സമൃദ്ധിയോടുകൂടി വേർപെടുന്നതും ഉറപ്പിക്കുന്നു. അടുത്ത രണ്ടു പദ്യങ്ങൾ (3–4), സോമത്തിന്റെ രക്ഷിതാവും കാവൽക്കാരനുമായ കൃശാനു സോമം കട്ടുകൊണ്ടു പറന്നുപോകുന്ന പരുന്തിനുനേരെ അമ്പെയ്യുന്നുവെങ്കിലും ഒരു തൂവൽമാത്രമേ അയയ്ക്കാൻ കഴിഞ്ഞുള്ളൂ എന്ന കാര്യവും പ്രതിപാദിക്കുന്നു. അവസാനപദ്യം ഇന്ദ്രൻ, ഇപ്പോൾ പുരോഹിതന്മാർ യജ്ഞത്തിൽ തയ്യാറാക്കുന്ന സോമം കുടിക്കാൻ പോകുന്നത് ചിത്രീകരിക്കുന്നു.

സോമാപഹരണത്തിനും ഇന്ദ്രന് യജ്ഞത്തിൽ സോമം തയ്യാറാക്കുകകയും ഹവിസ്സർപ്പിക്കുകയും ചെയ്യുന്നതിനും നീക്കിവെച്ച കഴിഞ്ഞ രണ്ടു സൂക്തങ്ങൾക്കുശേഷം 28–ാമത്തെ സൂക്തം സോമം ആർജിച്ചപ്പോൾ ഇന്ദ്രനു നടത്താൻ കഴിഞ്ഞ മഹത്തായ യുദ്ധകൃത്യങ്ങളെ വാഴ്ത്തിക്കൊണ്ട് അവയുടെ ഫലങ്ങൾ കാട്ടുന്നു.

കർമങ്ങളുടെ നിർവഹണത്തിൽ ഇന്ദ്രനോടൊപ്പം സമാനപങ്കാളിയായി സോമൻ/ം അവതരിപ്പിക്കപ്പെടുന്നു. വെള്ളത്തെ സ്വതന്ത്രമാക്കുന്നതിനുവേണ്ടിയുള്ള വൃത്രവധം (1), ശുഷ്ണവധം പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട് സൂര്യചക്രം കീറൽ (2), ഭൂമിയിലെ ശത്രുക്കളുടെ നാശനം (3–4), വലഗുഹാഭേദനം (5) എന്നിങ്ങനെ ആ വീരകൃത്യങ്ങൾ പരിചിതങ്ങൾതന്നെയാണ്.

29–ാമത്തേത് ഋജുവായ ഒരു യാത്രാ–ക്ഷണസൂക്തം. ഇന്ദ്രനെ തങ്ങളുടെ യജ്ഞത്തിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും പ്രതിയോഗികളായ സവനകർത്താക്കളെ അവഗണിച്ചുകൊണ്ട് തങ്ങളോടൊപ്പം സോമം കുടിക്കുകയും പതിവുപോലെ സഹായവും സമ്പത്തും നൽകുകയും ചെയ്യണമെന്ന് അവനോടപേക്ഷിക്കുകയും ചെയ്യുന്നു.

തൃചങ്ങളായി സംഘടിപ്പിക്കപ്പെട്ട മുപ്പതാമത്തെ ദീർഘമായ സൂക്തം ഇന്ദ്രന്റെ പരമോന്നതശക്തിയുടെ സ്തുതി(1–3)യോടെ തുടങ്ങുകയും അതിന്റെ സംഗ്രഹ(22–23)ത്തോടെ അവസാനിക്കുകയും ചെയ്യുന്നു. 24 ഒരു പൊതുദേവസ്തുതിരൂപത്തിലുള്ള പതക്കമത്രേ. ഇടയിൽ ഇന്ദ്രന്റെ പ്രസിദ്ധവും അത്രതന്നെ പ്രസിദ്ധമല്ലാത്തതുമായ വീരകൃത്യങ്ങളുടെ പട്ടിക. ഏറ്റവും പ്രശസ്തമായ വൃത്രവധവും വലഗുഹാഭേദനവും ഒഴിവാക്കിയിരിക്കുന്നു (വൃത്രഹൻ എന്ന പ്രയോഗം ഒന്നിലധികം പദ്യങ്ങളിലുണ്ടെങ്കിലും). സൂര്യചക്രഹരണവും (4–6) ഉഷസ്സിന്റെ വണ്ടി തകർത്തതു(8–11)മാണ് ഏറെ വിശദമായി വിവരിക്കുന്നത്.

ഇന്ദ്രൻ തങ്ങൾക്കു തന്ന സഹായം, അതിന്റെ വൈവിധ്യങ്ങൾ – ഇതാണ് 31–ാം സൂക്തത്തിന്റെ മുഖ്യവിഷയം. ഇത് ഈ വിഷയത്തെക്കുറിച്ചുള്ള ഒരു ചോദ്യത്തോടുകൂടി തുടങ്ങുകയും പിന്നീട് പ്രകരണത്തിലേക്കു കടക്കുകയും ചെയ്യുന്നു (3, 10, 12, 13). ഇന്ദ്രന്റെ സഹായം സ്വീകരിക്കുന്നതിന് അവന്റെ സാന്നിധ്യം ആവശ്യമാകയാൽ ഇതും യാത്രാ–ക്ഷണസൂക്തമായാണ് രൂപപ്പെടുന്നത്. രണ്ടാം പദ്യം ഏതു സോമപാനീയമാണ് ഇന്ദ്രന് ഏറ്റവും ഹൃദ്യമെന്നു ചോദിക്കുന്നു. പ്രതിയോഗികളായ സവനക്കാർ അവനെ ആകർഷിച്ചേക്കുമെന്ന ആശങ്കയാണ് ഈ ചോദ്യത്തിനു പിന്നിൽ. ഈ വേവലാതിയാണ് രണ്ടാം തൃചത്തിൽ (4–6) ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. അടുത്ത തൃചത്തിൽ (7–9)കവി ഇതുറപ്പിക്കുന്നു. ഇന്ദ്രൻ തിരക്കുപിടിച്ചവനാണെങ്കിലും ഉദാരനാകയാൽ ഇതിനു മുടക്കം വരുത്തുകയില്ല. 4–9 പദ്യങ്ങളിൽനിന്നു വിരുദ്ധമായി അവസാനത്തെ രണ്ടു തൃചങ്ങൾ (10–15) താരതമ്യേന ഋജുവാണ്. ഇന്ദ്രന്റെ സകലവിധത്തിലുള്ള സഹായവും പ്രതീക്ഷിക്കുന്നതോടൊപ്പം ദേവന്മാർക്കിടയിൽ പ്രസിദ്ധി, സ്വർഗത്തേക്കാൾ പ്രസിദ്ധി, ലഭിക്കണമെന്ന ആഗ്രഹത്തോടുകൂടി സൂക്തം അവസാനിക്കുന്നു (15).

നാലാം മണ്ഡലത്തിലെ ഇന്ദ്രവൃത്തത്തിലെ ഒടുവിലത്തെ (32) ദീർഘസൂക്തം, ഈ വൃത്തത്തിലെ മുൻസൂക്തങ്ങളിൽനിന്നു വിരുദ്ധമായി തികച്ചും ഋജുവായ ഭൂരിപക്ഷം പദ്യങ്ങളോടുകൂടിയതാണ്. കവി ഇന്ദ്രനെ സഹായവും ദാനങ്ങളുമായി തങ്ങളുടെ അടുത്തേക്കു വരാൻ പ്രേരിപ്പിക്കുകയും അവന്റെ മഹത്തായ കർമങ്ങളെ സ്തുതിക്കാമെന്നും ഹവിസ്സുകളർപ്പിക്കാമെന്നും വാഗ്ദാനം നൽകുകയും ചെയ്യുന്നു. സൂക്തത്തിന്റെ അന്ത്യഭാഗത്ത് ദാനങ്ങൾക്കുവേണ്ടിയുള്ള അഭ്യർഥനകൾ (17–19) ഇന്നിന്നതെന്ന് എടുത്തു പറയുന്നതാണ്. ഈ പദ്യങ്ങൾക്ക് (17–21), ഇന്ദ്രനെ സംബോധന ചെയ്യുന്നവയാണെങ്കിലും, ദാനസ്തുതിയുടെ ഛായയുണ്ട്. അവസാനത്തെ തൃചം (22–24) യഥാർഥമായ ദാനസ്തുതിതന്നെ. മുൻപദ്യങ്ങളിലെ ഇന്ദ്രനെക്കുറിച്ചുള്ള സ്തുതി വ്യക്തമായും മനുഷ്യനായ രക്ഷിതാവിനെപ്പറ്റിയുള്ളതിന്റെ മാതൃകയാണെങ്കിലും.

33–ാമത്തേത് ഏറ്റവും രസകരമായ ഋഭുസൂക്തങ്ങളിലൊന്നും ഋഭുക്കളെ വിവരിക്കുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമായ സൂക്തമാണ്. ഋഭുക്കൾ ദേവന്മാരാണെങ്കിലും പുരോഹിതന്മാരുമാകുന്നു. സൂക്തത്തിലെ അധികഭാഗവും യജ്ഞാനുഷ്ഠാതാക്കളെന്ന നിലയ്ക്ക് തങ്ങൾ ബന്ധപ്പെടുന്ന തൃതീയസവനത്തിലെ (11) അവരുടെ കർമങ്ങളെയാണ് പരാമർശിക്കുന്നത്. ഈ യജ്ഞപ്രവർത്തനം ചിലപ്പോൾ പ്രത്യക്ഷമായും (2, 3, 9) പലപ്പോഴും, പക്ഷേ, പുരാവൃത്താഖ്യാനരീതി പിടിച്ചും പ്രകടിപ്പിച്ചിരിക്കുന്നു. ഋഭുക്കൾ സോമം തയ്യാറാക്കുകയും അഥവാ ഒരുപക്ഷേ തൃതീയസവനമുണ്ടാക്കുകപോലും ചെയ്തതുകൊണ്ടാണ് “അമൃതത്വം നേടി” ദേവന്മാരായത്. നാലാം പദ്യത്തിൽ ആവർത്തിച്ചുകാണുന്ന “കൊല്ല”ത്തെ വിശദീകരിക്കാതെ വിട്ടിരിക്കുന്നു. അടുത്ത പദ്യങ്ങൾ (5–6) തൃതീയസവനവിവരണമാണ്. ഇന്ദ്രനും മൂന്ന് ഋഭുക്കളുമാണ് അതിൽ സോമം സ്വീകരിക്കുന്നത്. ത്വഷ്ടാവുണ്ടാക്കിയ ഒന്നിൽനിന്നു ഋഭുക്കൾ നിർമിക്കുന്ന നാലു സോമമരികകൾ അങ്ങനെ ഈ നാലു സോമസ്വീകർത്താക്കളെ പ്രതിനിധാനം ചെയ്യുന്നു. ഏഴാം ശ്ലോകത്തിൽ അഗോഹ്യനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മറ്റ് ഋഭുസൂക്തങ്ങളിലും ഈ കഥ പറയുന്നുണ്ടെങ്കിലും അതേപ്പറ്റി കൂടുതൽ വിശദീകരണം ലഭിക്കുന്നില്ല. ഇവിടെ, ഒരുവേള, അതിരാത്രസൂചനയുണ്ടാവാം. പിന്നീടുള്ള പല പദ്യങ്ങളും വ്യാഖ്യാനവൈഷമ്യമുളവാക്കുന്നവയാകുന്നു.

ഈ സൂക്തം ഋഭുക്കളും ഇന്ദ്രനും യജ്ഞങ്ങളെ പ്രതിഫലം നൽകിയും അഭിവൃദ്ധിപ്പെടുത്തിയും പ്രോത്സാഹിപ്പിക്കണമെന്ന അഭ്യർഥനയുടെമേൽ കെട്ടിപ്പടുത്തതാണ്. നിധി നൽകണമെന്ന അപേക്ഷസൂക്തപദ്യങ്ങളുടെ സാമാന്യമായ അന്ദർധാരയത്രേ. മനുഷ്യരായിരുന്ന ഋഭുക്കൾ ഇപ്പോൾ ദേവന്മാരാണെന്നും അവർക്ക് യജ്ഞങ്ങളിൽ ദാനങ്ങൾ നൽകാൻ പ്രാപ്തിയുണ്ടെന്നുമുള്ള സൂചനയും സൂക്തത്തിൽ കാണാം. സോമം നൽകുന്ന പുരോഹിതന്മാരും സ്വീകരിക്കുന്ന ദേവന്മാണവരെന്ന് മൂന്നാം പദ്യം വ്യക്തമാക്കുന്നു. ഋഭുക്കൾ പേരു പറ

യാത്ത രാജാക്കന്മാരോടൊപ്പം സോമം സ്വീകരിക്കാൻ വരണമെന്ന അപേക്ഷ പതിനോന്നാം പദ്യത്തിലുള്ളതും സ്മരിക്കാം. അതായത് ഋഭുക്കൾ മനുഷ്യരും ഒപ്പം ദേവന്മാരുമാകുന്നു. പക്ഷേ, അവരുടെ ദേവത്വത്തിനാണ് കവി ഊന്നൽ നൽകുന്നത്. ആദ്യത്തെയും അവസാനഭാഗത്തെയും പദ്യങ്ങൾ ഇത് വ്യക്തമാക്കുന്നു. അവരുടെ ഇന്ദ്രമായുള്ള ബന്ധം അവരുടെ ഔന്നത്യത്തിനു തെളിവാണ്. സൂക്താരംഭത്തിൽ ഋഭ, വിഭ്വാവ്, വാജൻ എന്നാ മൂന്ന് ഋഭുക്കളുടെ പേരുകൾ എടുത്തുപറയുന്നുണ്ട്. ഇവരെ ഒന്നിച്ചാണ് ഋഭുക്കളെന്നു പറയുന്നത്. വിഭുക്കളെന്നും കാണുന്നു.

“സൗധന്വനാഃ” (സുധന്വാവിന്റെ മക്കളേ) എന്ന് അച്ഛന്റെ പേര് സൂചിപ്പിക്കുന്ന സംബോധനയുൾക്കൊള്ളുന്നതാണ് 35-ാം സൂക്തത്തിലെ ആദ്യപദ്യം. ഇത് ഋഭുക്കളുടെ ജനനത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് അവരുടെ മൗലികമായ മനുഷ്യത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. പക്ഷേ, തങ്ങളുടെ യജ്ഞപരമായ പ്രവർത്തനംകൊണ്ട് അവർ “അമൃതപഥത്തിലേക്കും ദേവസംഘത്തിലേക്കും” എത്തി (3). സൂക്താന്ത്യഭാഗത്ത് എട്ടാം പദ്യത്തിലും കവി ഈ പ്രമേയത്തിലേക്കു തിരിച്ചുവരുന്നുണ്ട്. അന്തിമപദ്യം അവരെ ദേവന്മാരായ ഋഭുക്കളെന്ന നിലയിൽ തൃതീയസവനത്തിൽ സോമം സ്വീകരിക്കാൻ ക്ഷണിക്കുന്നു. ഇടയിലുള്ള പദ്യങ്ങളിൽ ഋഭുക്കളുടെ മഹത്തായ കർമങ്ങൾ പരാമർശിക്കപ്പെടുന്നു (5). ഇവിടെ കവിയുടെ കേന്ദ്രബിന്ദു അവർ ഒരു സോമമരിക നാലാക്കിയതിന്റെ വിവരണമാണ് (2-4). ഈ സൂക്തമനുസരിച്ച് മാധ്യന്ദിനസവനത്തിൽ ഇന്ദ്രൻ മാത്രമാണ് സോമസ്വീകർത്താവ്. പക്ഷേ, വൈകുന്നേരം ഇന്ദ്രനും മൂന്ന് ഋഭുക്കളും സ്വീകർത്താക്കളായിത്തീരുന്നു (7). അങ്ങനെ മാധ്യന്ദിനസവനത്തിൽ ഇന്ദ്രൻ സ്വീകരിക്കുന്ന ഒരു സോമമരിക മാത്രമുണ്ടായിരുന്നത് വൈകുന്നേരമായപ്പോഴത്തേക്കും ഇന്ദ്രനും മൂന്ന് ഋഭുക്കൾക്കുമുള്ള നാലെണ്ണമായി മാറി. ഋഭുക്കൾക്കുവേണ്ടി തൃതീയസവനം പുതുതായി സൃഷ്ടിക്കപ്പെടുകയും ചെയ്തു.

36-ാം സൂക്തത്തിന്റെ ആദ്യഭാഗം ഋഭുക്കളുടെ ദിവ്യത്വ “പ്രഖ്യാപന”ത്തിലേക്കും അവരുടെ കർമങ്ങളിലേക്കും (1, 3, 5) രണ്ടാം ഭാഗം അവർ കൈവരുത്തുന്ന പുരോഗതിയിലേക്കം തിരിയുന്നു. ഒന്നാമത്തെ പദ്യം സൂക്തത്തിന്റെ കേന്ദ്രപ്രമേയങ്ങൾ വ്യക്തമാക്കുന്നു. നഭോമണ്ഡലത്തിലൂടെ ഉരുളുന്ന മൂന്നു ചക്രങ്ങളുള്ള തേര് അഗ്നിത്രയത്തോടുകൂടിയതോ മൂന്നു സവനങ്ങളോടുകൂടിയതോ ആയ യജ്ഞമാവാൻ സാധ്യതയുണ്ട്. യജ്ഞകർമങ്ങളിലൂടെയാണ് തങ്ങൾ ദിവ്യത്വം പ്രാപിച്ചതെന്നതുകൊണ്ട് ഋഭുക്കൾക്ക് യജ്ഞം വളരെ പ്രധാനമാണ്. ദിവ്യരായിരുന്നുകൊണ്ടുതന്നെ അവർ യജ്ഞകർമങ്ങൾ പിന്തുടരുന്നു. രണ്ടാം പദ്യം വീണ്ടും അവരുടെ വിശിഷ്ടമായ തേരിനെ – തങ്ങളുടെ ഉൾക്കാഴ്ച്ചയിലൂടെ ഋഭുക്കൾ നിർവഹിച്ച വിശിഷ്ടമായ യജ്ഞത്തെ – പരാമർശിക്കുന്നു. ആ യജ്ഞത്തിലൂടെയാണ് തങ്ങൾ സ്വർഗത്തിലെത്തിയതെന്നതിനാൽ അവർ ഇപ്പോൾ തൃതീയസവനത്തിൽ സോമം സ്വീകരിക്കുന്നു (2 ഉത്തരാർധം). 3-4 പദ്യങ്ങൾ ഋഭുക്കളുടെ പ്രസിദ്ധമായ മൂന്നു കർമങ്ങൾ അനുസ്മരിക്കുന്നു: അവർ അച്ഛനമ്മമാർക്ക് വീണ്ടും യൗവനം നൽകി; തൃതീയസവനത്തിൽ അർപ്പിക്കുന്നതിനുവേണ്ടി സോമമരിക ഒന്നിൽനിന്നു നാലാക്കി; അവർ തോലിൽനിന്നു പശുവെ ഉണ്ടാക്കി. ഈ തോൽ സോമരസമുണ്ടാക്കാൻ ഇടിക്കുന്ന സോമലതയുടെ തണ്ടാവാം. പ്രാതഃസവനത്തിലും മാധ്യന്ദിനസവനത്തിലും സോമരസം ഊറ്റിയെടുത്ത സോമലത തൃതീയസവനത്തിൽ വീണ്ടും പിഴിയുകയാണ്. പഴയ സോമത്തണ്ടിൽനിന്ന് പിന്നെയും രസം ഊറ്റുന്നതിനാൽ ഋഭുക്കൾ പശുചർമത്തിൽനിന്ന് പശുവെനിർമിക്കുന്നുവെന്നും പശുവിന്റെ പാൽതന്നെയാണ് സോമമെന്നും കല്പിക്കപ്പെടുന്നു.സൂക്തത്തിന്റെ രണ്ടാം പകുതിയിൽ (5-9) കവി ഋഭുക്കൾ കൈവരുത്തുന്ന പ്രതിഫലങ്ങൾ പ്രധാനമായി പ്രതിപാദിക്കുന്നു. അഞ്ചാം പദ്യത്തിലാണിതു വിവരിക്കുന്നത്. ഋഭുക്കൾ സഹായിക്കുന്നവർ “വിശാലമായ അതിരുകളുള്ളവ”രത്രേ. ഋഭുക്കൾ ജനങ്ങൾക്ക് സമ്പത്തും (5, 6, 8) വീര്യവും (8) കീർത്തിയും (5, 9) നൽകുന്നു. അവർ അനന്തരതലമുറകളെയും (9) ദാനം ചെയ്യുന്നു.

വൃത്തഭേദമനുസരിച്ച് രണ്ടു ഭാഗങ്ങളാണ് 37-ാം സൂക്തത്തിനുള്ളത്: ത്രിഷ്ടുപ്പിലുള്ള ആദ്യപകുതി(1-4)യും അനുഷ്ടുപ്പിലുള്ള രണ്ടാം പകുതിയും (5-8). ഇത് സൂചിപ്പിക്കുന്നത് മൗലികമായി ഇത് രണ്ടു സൂക്തങ്ങളാവാമെന്നാണെങ്കിലും രണ്ടു ഭാഗങ്ങളും പ്രമേയപരമായ ഐക്യം കാണിക്കുന്നു. സൂക്തത്തിലാകെ അവ്യക്തമായും വ്യക്തമായും കാണുന്ന ബിംബകല്പന കുതിരയുടേതാണ്. കുതിരയുടെ അർഥമെന്തെന്ന കാര്യത്തിൽ അഭിപ്രായഭേദങ്ങളുണ്ടാവാമെങ്കിലും. ഒന്നാം പദ്യം കുതിരയെ പരാമർശിക്കുന്നില്ല. അത് ഋഭുക്കളെ അവരുടെ തേരുകളുമായി യജ്ഞത്തിലേക്കു ക്ഷണിക്കുന്നു. കുതിര ഋഭുക്കളെ വഹിക്കുന്നുവെന്നു സൂചന. നാലാം പദ്യത്തിൽ “പീവ അശ്വഃ” (തടിച്ച കുതിര) എന്നുണ്ടെങ്കിലും ഋഭുക്കൾക്കുള്ള വെണ്ണഹവിസ്സുകളാണെന്നാണ് വ്യാഖ്യാനിച്ചത്. അതേ പദ്യത്തിലെ “ശുചദ്രഥാഃ” (പ്രകാശമാനമായ തേരുകൾ) യജ്ഞാഗ്നികളെയാവാം ഉദ്ദേശിക്കുന്നത്. അതേ പദ്യത്തിൽ ഋഭുക്കളെത്തന്നെ സമ്മാനജേതാക്കളായ കുതിരകളെന്നു സംബോധന ചെയ്യുന്നു. അഞ്ചാം പദ്യത്തിൽ കുതിരകളുടെ സംഘമെന്ന് അവരെ വിളിക്കുന്നു. അതിൽത്തന്നെ അവരിലൊരാളെങ്കിലും കുതിരക്കാരനെന്നും വിളിക്കപ്പെടുന്നു. ആറാം പദ്യത്തിൽ യജമാനന്റെ കുതിര (ഇത് സൂക്തംതന്നെയാവാം) അവനെ വിജയിയാക്കുന്ന പടക്കുതിരയാണെന്നു പറഞ്ഞിരിക്കുന്നു. അവസാനം എട്ടാം പദ്യത്തിൽ ഋഭുക്കൾ കൈവരുത്തുന്ന സമ്പത്ത് കുതിരയാണെന്ന സങ്കല്പനം കാണാം. ഈ സൂക്തത്തിലെ പല സംബോധനാപദങ്ങളും അർഥവ്യക്തിയില്ലാത്തവയായിത്തോന്നുന്നു. വാജന്മാരും ഋഭുക്ഷാക്കളുമെന്ന് ഋഭു

ക്കളെ സാർവത്രികമായി സംബോധന ചെയ്യുന്നതായിക്കാണാം. "വാജന്മാർ" മൂന്ന് ഋഭുക്കളെയും (ഋഭുക്കൾ, വാജന്മാർ, വിഭ്വാക്കൾ) പരാമർശിക്കുന്നതാണ്. "ഋഭുക്ഷാ"വിന് "ഋഭുക്കളുടെ അധിപതി"യെന്നർഥം. അത് ഇന്ദ്രനാണ്. പക്ഷേ, അത് ഒരു ഋഭുവിന്റെ പേരുമാണ് – "ഋഭു"വിന്റെ. "ഋഭുക്ഷാക്കൾ" വീണ്ടും മൂന്ന് ഋഭുക്കൾതന്നെ! അഞ്ചാം പദ്യത്തിൽ ഋഭു, വാജൻ എന്ന രണ്ട് ഋഭുക്കളുടെ പേർ കാണാം. മൂന്നാമത്തെ വിഭ്വാവിനെപ്പറ്റി സൂക്തത്തിലെവിടെയും പറയുന്നില്ല. അതേ പദ്യത്തിലെ "കുതിരക്കാരൻ" ഇയാളായിരിക്കാം (കുതിരകൾ "വിഭു"വാണല്ലോ). എട്ടാം പദ്യത്തിലെ അശ്വികളുടെ പരാമർശം ഈ സൂക്തത്തിന്റെ അതിരാത്രത്തിലെ വിനിയോഗം സൂചിപ്പിക്കുന്നു. അതിൽ സുത്വദിനത്തിനുശേഷം പ്രാതഃസവനത്തിൽ അശ്വികൾ വിളിക്കപ്പെടുന്നുണ്ടല്ലോ. എട്ടാം പദ്യം ഒരു അശ്വമേധത്തെ പരാമർശിക്കുന്നതായി തോന്നുന്നു. അതിർത്തിപ്രദേശങ്ങളിലെല്ലാം അലഞ്ഞുനടയാൻ അനുവദിക്കപ്പെടുന്ന യജ്ഞാശ്വത്തെ ഒടുവിൽ കൊല്ലുന്നു. ഇവിടെ അശ്വം ഋഭുക്കളും ഇന്ദ്രനും അശ്വികളും ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നു കൊണ്ടുവരുന്ന സമ്പത്താണ്. യജ്ഞാശ്വത്തെ കൊല്ലുകയും മുറിക്കുകയും ചെയ്യുന്നതോടെ, സമ്പത്ത് യജമാനന്മാർക്കു പൊതുവിൽ പങ്കുവെക്കുന്നു.

38–ാം സൂക്തവും അടുത്ത രണ്ടു സൂക്തങ്ങളും (4. 39–40) പന്തയത്തിൽ സമ്മാനജേതാവും പടക്കുതിരയുമായ ദധിക്രാവ് എന്ന കുതിരയ്ക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. പൂരുക്കളുടെ രാജാവായ ത്രസദസ്യുവിന്റെ യഥാർഥമായ കുതിരയെ ഭാഗികമായി പരാമർശിക്കുന്നുവെന്നത് നിസ്സംശയമാണെങ്കിലും അത് അശ്വമേധമെന്ന മഹാരാജയജ്ഞത്തിലെ യാഗാശ്വത്തെയും പ്രതിനിധാനം ചെയ്യുന്നു. പൂരു പൊതുവിൽ ആര്യപൈതൃകത്തിന്റെ പ്രതീകമത്രേ.

39–ാമത്തേതായ ഈ പ്രകീർത്തകസൂക്തത്തിൽ മുൻസൂക്തത്തിലെ യഥാർഥവും ഭൗതികവുമായ കുതിര കേവലം ഔപചാരികമായ സ്തുതി സ്വീകരിക്കുന്നവനായിത്തീർന്നിരിക്കുന്നു. അവൻ ഒട്ടേറെ ദേവന്മാരോടൊപ്പം വിളിക്കപ്പെടുകയും അങ്ങനെ ദിവ്യതയുടെ മാനം നേടുകയും ചെയ്തിരിക്കുന്നു. പക്ഷേ, മുൻസൂക്തത്തിലെ കലാശില്പം ഇവിടെ കാണാനില്ല.

40–ാം സൂക്തത്തിലെ ആദ്യപദ്യം രൂപത്തിലും ഭാവത്തിലും മുൻസൂക്തത്തിലേതിനെ മിക്കവാറും അനുകരിച്ചപോലെയുണ്ട്. ത്രിഷ്ടുപ്പിൽനിന്നു വൃത്തം ജഗതിയിലേക്കു മാറിയപ്പോൾ പദ്യങ്ങൾ ആദ്യത്തെ ദധിക്രസൂക്തത്തിലെപ്പോലെ വർണനം പ്രസരിപ്പും നൂതനത്വവും കൈവരിച്ചിരിക്കുന്നു. 3–5 പദ്യങ്ങളിൽ കുതിര പന്തയത്തിലെപ്പോലെ പാതയ്ക്കു ചുറ്റും അതിവേഗത്തിൽ പക്ഷിയെക്കണക്കെ പറക്കുന്ന പോലെ കുതിക്കുന്നു. ഇവിടെ ഭാവാനുഗുണമായിട്ടുണ്ട് ഭാഷയും. അന്തിമ(5)പദ്യം രൂപപരമായ അലങ്കാരങ്ങളുടെ സ്ഫോടനം തന്നെയാണ്.

വിവാദഗ്രസ്തമായ സാർവഭൗമത്വവും അനുബന്ധമായ ദൈവികവും മാനുഷികവുമായ രാജധർമങ്ങളും പ്രമേയങ്ങളായ മഹത്തായ ഇന്ദ്ര–വരുണസൂക്ത(4.42)ത്തിനു തൊട്ടുമുൻപുള്ളതും ഇന്ദ്രനും വരുണനുംതന്നെ സമർപ്പിച്ചിട്ടുള്ളതുമായ ഈ 41–ാം സൂക്തം താരതമ്യേന ഋജുവും ലളിതവും രണ്ടു ദേവന്മാരെയും കുറിച്ചുള്ള സ്തുതിയും അവരോടുള്ള അഭ്യർഥനയുമടങ്ങുന്നതുമാണ്. ഇരുദേവതകളും അഭിന്നരായി കാണാവുന്ന ജോടിയത്രേ. കവി ഇരുവരുടെയും സൗഹൃദവും സഖ്യവും ആവർത്തിച്ചഭ്യർഥിക്കുന്നു. അവരുടെ സഹായത്തിന് ആവർത്തിച്ചപേക്ഷിക്കുന്നു. ഭൗതികമായ നേട്ടങ്ങൾക്കും പ്രാർഥിക്കുന്നു. രണ്ടു ദേവന്മാരും വെവ്വേറെ പരിഗണിക്കപ്പെടുന്നില്ലെങ്കിലും ഉള്ളടക്കം വരുണന്റേതെന്നതിലേറെ ഇന്ദ്രന്റെ ഗുണങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. മത്സരത്തിലും യുദ്ധങ്ങളിലും പ്രതിയോഗികളെ കീഴടക്കാനുള്ള സഹായമാണ് രണ്ടുപേരോടും വിശേഷിച്ചപേക്ഷിക്കുന്നത് (2, 4, 6, 7, 11; 8–9 പദ്യങ്ങളിൽ മത്സരനിഷ്പന്നമായ അലങ്കാരകല്പനകൾ കാണാം).

അനുക്രമണിയനുസരിച്ച് രാജാവായ ത്രസദസ്യുവാണ് 42–ാം സൂക്തത്തിന്റെ കർത്താവ്. ആദ്യത്തെ ആറു പദ്യങ്ങൾ അവന്റെ ആത്മസ്തുതിയും. ഇതേപ്പറ്റി ധാരാളം ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും ഏകരൂപമായ അഭിപ്രായം ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ആദ്യത്തെ നാലു പദ്യങ്ങൾ വരുണനായും അടുത്ത രണ്ടു പദ്യങ്ങൾ ഇന്ദ്രനായും പറയുന്നത് ത്രസദസ്യുവാകാം. 7–10 പദ്യങ്ങൾ കവിവാക്യമായാണ് കാണുന്നത്. അവയും സൂക്തകാരനായ ത്രസദസ്യുവിന്റേതുതന്നെ കരുതുകയാണുചിതമെന്നു തോന്നുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ ഇന്ദ്രാവരുണന്മാരെ സംബോധന ചെയ്യുന്നവയാകുന്നു.

43–ാം സൂക്തത്തിലെ ആദ്യത്തെ നാലു പദ്യങ്ങൾ തന്നെ ഏറ്റവുമധികം ദേവനെയോ ദേവന്മാരെയോ തിരിച്ചറിയാനുള്ള ചോദ്യങ്ങൾ നിറഞ്ഞവയാണ്. തന്റെ അപേക്ഷകൾക്ക് മറുപടി നൽകാൻ ഏതു ദേവനും അഥവാ എല്ലാ ദേവന്മാർക്കും സാധിക്കും. മൂന്നോ അതിലധികമോ ഉത്തരങ്ങളുണ്ട്. ദേവന്മാർ യജ്ഞാർഹരും അമർത്ത്യരും ദേവന്മാരുമാണ്. അപ്പോൾ എല്ലാ ദേവന്മാരുമാവും. ആദ്യത്തെ ചോദ്യങ്ങൾക്കു ശരിയായ മറുപടിയായി അശ്വികളെന്നാണ് നൽകുന്നത്. കന്യകയായ സൂര്യ വധൂയാത്രയ്ക്കു തിരഞ്ഞെടുക്കുന്ന അശ്വികളുടെ തേരിനെപ്പറ്റിയും ചോദ്യമുണ്ട്. ഞങ്ങളെ സഹായിക്കാൻ സന്നദ്ധതയുള്ളവരാണ് അശ്വികൾ (3–4). നമുക്കു നേട്ടമുണ്ടാക്കുന്നവരായി അശ്വികളെ കണ്ട നിലയ്ക്ക്, അടുത്ത രണ്ടു പദ്യങ്ങൾ (5–6) അവരുടെ തേരിനെക്കുറിച്ചും അതിലൂടെ നടത്തുന്ന യാത്രയെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. അവസാനപദ്യത്തിൽ കവി അവർക്ക് ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടെന്നും പകരം അവരുടെ ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്നു

ണ്ടെന്നും അനുസ്മരിപ്പിക്കുന്നു.

4. 33–ഉമായി ബന്ധപ്പെട്ട് ഇരുവരുംകൂടെ എഴുതിയ അന്തിമപദ്യത്തോടുകൂടിയ 44–ാം സൂക്തം അശ്വികളുടെ തേരിൽ സൂര്യയുടെ മറ്റൊരു വധൂയാത്രയുടെ പരാമർശത്തോടെ തുടങ്ങുന്നു. അതിനുശേഷം സൂക്തം അശ്വികളുടെ തേരിന്റെ യജ്ഞത്തിലേക്കുള്ള വരവിലും പരസ്പരവിനിമയത്തോടുകൂടിയ യജ്ഞത്തിലും കേന്ദ്രീകരിക്കുന്നു. സോമത്തിനും മറ്റു ഹവിസ്സുകൾക്കും പകരമായി സഹായവും സാധനങ്ങളും കിട്ടുന്നു. മറ്റു യജമാനന്മാർ ദേവന്മാരെ ആകർഷിച്ചേക്കുമോ എന്ന ഭീതിയും കവിയുടെ മനസ്സിലുണ്ട്.

നാലാം മണ്ഡലത്തിലെ മൂന്ന് അശ്വിസൂക്തങ്ങളിലെ രഥയാത്രകളുടെ ഉച്ചകോടിയെ പ്രതിനിധാനം ചെയ്യുന്ന സൂക്തമാണിത്. 4. 43–ൽ കവി ആരാണ് ദേവന്മാരിൽ തന്റെ പ്രാർഥനകൾ ശ്രദ്ധിക്കുന്നവനും തന്നെ സഹായിക്കുന്നവനുമെന്ന് സംശയിച്ചുകൊണ്ടു തുടങ്ങുന്നു. അശ്വികളാണ് ആ ദേവന്മാരെന്നു തിരിച്ചറിയുകയും അവരടെ തേരിനെയും അവരുടെ യാത്രയെയും ചുരുക്കത്തിൽ വിവരിച്ചതിനുശേഷം അവരുടെ ആഗമനത്തെപ്പറ്റി അറിയിക്കുന്നു. 4. 44–ൽ കവി ഒരിക്കൽക്കൂടി തേരിനെയും അശ്വികളെയും വിളിക്കുകയും തന്റെ യജ്ഞത്തിലേക്ക് അവർ വരുന്നതിനെപ്പറ്റി അറിയിക്കുകയും മറ്റുള്ളവരുടെ യജ്ഞങ്ങളെ ഒഴിവാക്കാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

ഇവിടെ ഈ സൂക്തത്തിൽ (4. 45) യജ്ഞം നടക്കുന്ന അതേ സമയത്ത് അശ്വികളുടെ തേരു വരുന്നതായി വിവരിക്കുന്നു. അവരുടെ തേരുകളും കുതിരകളും, ജ്വലിപ്പിക്കപ്പെട്ട യജ്ഞാഗ്നിയുടെ കിരണങ്ങളെപ്പോലെ, ഒരേ രീതിയിൽ പെരുമാറുന്നു (1, 2). അശ്വികൾ മധു കൊണ്ടുവരികയും തങ്ങൾക്കു ഹവിസ്സായി അർപ്പിക്കപ്പെട്ട മധു സ്വീകരിക്കുകയും ചെയ്യുന്നു. സൂക്തമാകെ മധു നിറഞ്ഞുതുളുമ്പുന്നു. ആദ്യത്തെ അഞ്ചു പദ്യങ്ങളിലും മധുശബ്ദമുണ്ട്. അനുഷ്ഠാനവും ആപേക്ഷികമായി കൂടുതൽ വിശദമായി പ്രതിപാദിക്കപ്പെടുന്നു. പുരോഹിതകർമങ്ങൾ അഞ്ചിലും ഏഴിലും, യജ്ഞവും ദേവാഗമനവും നടക്കുന്ന കൃത്യമായ സമയം (പ്രഭാതം) 2, 4, 5 എന്നീ പദ്യങ്ങളിലും പ്രഭാതവുമായി ബന്ധപ്പെട്ട മറ്റു പ്രകാശസ്രോതസ്സുകളായളായ യജ്ഞാഗ്നികൾ 1, 5 പദ്യങ്ങളിലും സൂര്യൻ 2, 6 പദ്യങ്ങളിലും വിവരിക്കപ്പെടുന്നതു നോക്കുക. മറ്റു രണ്ട് അശ്വിസൂക്തങ്ങളിലെപ്പോലെ സൂര്യപുത്രിയായ സൂര്യയുടെ സാന്നിധ്യം ഇവിടെ യജ്ഞസമയത്തുതന്നെ കാണാം. പക്ഷേ, പേർ എടുത്തുപറഞ്ഞിട്ടില്ല. അന്തിമപദ്യം പ്രസ്തുതസൂക്തത്തിന്റെയെന്നപോലെ ഈ മൂന്ന് അശ്വിസൂക്തങ്ങളുടെയും ഉപസംഹാരമായി അനുഭവപ്പെടുന്നു.

46–ാമത്തെ ഈ ലളിതസൂക്തം അതിന്റെ യജ്ഞോദ്ദേശ്യത്തിൽനിന്ന് ഒരിക്കലും വ്യതിചലിക്കുന്നില്ല: സോമയജ്ഞത്തിന്റെ പ്രാതഃസവനത്തിൽ വായുവും പിന്നീട് ഇന്ദ്രവായുക്കളും സോമത്തിന്റെ ആദ്യഹവിസ്സുകൾ സ്വീകരിക്കുന്നു. ഇവിടെ അവരെ യജ്ഞത്തിലേക്കു വരാനും തങ്ങളുടെ പങ്കുകൾ കുടിക്കാനും പ്രേരിപ്പിക്കുന്നു.

മുൻസൂക്തത്തെപ്പോലെ 47–ാം സൂക്തവും ബഹളമൊന്നും കൂടാതെ യജ്ഞോദ്ദേശ്യം നിറവേറ്റുന്നു: പ്രാതഃസവനത്തിൽ വായുവും പിന്നീട് ഇന്ദ്രനും വായുവും ക്ഷണിക്കപ്പെടുകയും അവർ ആദ്യത്തെ സോമഹവിസ്സുകൾ സ്വീകരിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ രണ്ടു സൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി 48–ാം സൂക്തം വായുവിനുമാത്രമായി സമർപ്പിക്കപ്പെട്ടതാണ്. യാത്രതന്നെയാണ് ഇവിടെയും വിഷയം. പ്രത്യേകിച്ച് 1–4 പദ്യങ്ങളിലെ പല്ലവികളിൽ. വായുവിന്റെ യാത്രോദ്ദേശ്യം പ്രധാനമായും സോമപാനമാണെങ്കിലും അത് പല്ലവികളിൽ മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. മൂന്നാം പദ്യത്തിൽ പ്രാതഃസവനസമയം പരോക്ഷമായിമാത്രം പരാമർശിക്കപ്പെടുന്നു.

ലളിതമായ ഈ 49–ാം സൂക്തം അടുത്തുള്ള വായുവിനും ഇന്ദ്രനുമുള്ള (4. 46–47) സൂക്തങ്ങളെ ഓർമിപ്പിക്കുന്നു. രണ്ടു ദേവതമാരെയും യജ്ഞത്തിലേക്കു ക്ഷണിക്കുകയും സോമപാനത്തിന് അഭ്യർഥിക്കുകയും ചെയ്യുന്നതാണല്ലോ അവ. ഇന്ദ്രനും വായുവിനുമുള്ളതുപോലെ, ഇന്ദ്രനും ബൃഹസ്പതിക്കും നിലവാരപ്പെട്ട യജ്ഞസോമാർപ്പണമില്ല. ബൃഹസ്പതി സോമം കടിക്കുന്നതുതന്നെ *ഋഗ്വേദ*ത്തിൽ ഒരിടത്തേ (4. 50. 10) കാണുന്നുള്ളൂ. ഈ സൂക്തത്തിന്റെ പ്രാഥമികവും നിഷ്പന്നവുമായ സ്വഭാവം ഇതേ ദേവന്മാർക്കു സമർപ്പിക്കപ്പെടുന്ന അടുത്ത (4. 50) സൂക്തത്തിന്റെ സമ്പന്നതയുമായി ശക്തമായ താരതമ്യമർഹിക്കുന്നു.

50–ാം സൂക്തം സ്വാഭാവികയായും പല ഭാഗങ്ങളായി തിരിയുന്നു. എങ്കിലും ആകെക്കൂടി ഒരൈക്യം അനുഭവപ്പെടുന്നുണ്ട്. വലപുരാവൃത്തത്തിന്റെ ചരിത്രപരമായ വികാസത്തിന്റെ ചില രേഖകൾ ഇതിൽ കാണാം. അതിലെ പ്രധാനകഥാപാത്രങ്ങളായ ഇന്ദ്രനും ബൃഹസ്പതിയും അംഗിരസ്സുകളും ഇവിടെയുണ്ട്. വലപുരാവൃത്തത്തിലെ മൗലികനായകനായിരുന്ന ഇന്ദ്രന്റെ രാജ–പുരോഹിതദ്വന്ദ്വീഭാവം രൂപം കൊണ്ട ബൃഹസ്പതി രാജാവും മന്ത്രസ്രഷ്ടാവുമായി ഇതിൽ പ്രത്യക്ഷപ്പെടുന്നു. അവസാനം ഇന്ദ്രനും ബൃഹസ്പതിയും യജ്ഞം പങ്കിടാൻ ക്ഷണിക്കപ്പെടുന്നു. ആദ്യത്തെ ആറു പദ്യങ്ങൾ വലകഥയുമായി ബന്ധപ്പെട്ട ബൃഹസ്പതിയുടെ പുരാവൃത്തപരമായ കർമങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു – വിശേഷിച്ച് 2–5 പദ്യങ്ങൾ. ആറാം പദ്യം ഈ ഭാഗത്തിന്റെ ഉപസംഹാരരൂപത്തിലുള്ളതാകുന്നു. 7–9 പദ്യങ്ങൾ എല്ലാ വിജയവും ബൃഹസ്പതിയെയോ അവന്റെ ഭൂമിയിലെ പ്രതിനിധിയായ സൂത്രസ്രഷ്ടാവിനെയോ (രാജ–പുരോഹിതവ്യക്തിയെ) ആദരിക്കുന്ന രാജാവിനെ ആശ്രയിച്ചിരിക്കുന്നു.

പലപ്പോഴുമെന്നപോലെ ഉഷസ്സ് ഏകവചനത്തിലല്ല, ഉഷസ്സുകൾ എന്നു ബഹുവചനത്തിലാണ് ആദ്യമായി പ്രതിപാദിക്കുകയും അഭിസംബോധന ചെയ്യുകയുമെന്ന നിർണായകമായ വസ്തുതകൊണ്ടാണ് 51–ാം സൂക്തം ശ്രദ്ധേയമാവുന്നത്. ഒരുഷസ്സിനെമാത്രം പരാമർശിക്കേണ്ടിവരുമ്പോൾ കവി ഉപയോഗിക്കുന്നത് വെളി

ച്ചമെന്ന വാക്കാണ് (1). അല്ലെങ്കിൽ പ്രത്യകിച്ചെടുത്തപറയാനാവാത്ത സർവനാമമാണ് (6). ഈ ബഹുവചനത്തിന്റെ സാർഥകത മറ്റ് ഉഷഃസൂക്തങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്: ഓരോ ദിവസവും കിഴക്ക് നാം കാണുന്ന ഉഷസ്സ് പ്രത്യേകമാണെങ്കിലും അനാദികാലം തൊട്ട് വരുന്നതും പോകുന്നതുമായ ഉഷസ്സുകൾ ഒരേപോലെത്തന്നെയാണ്; കൃത്യമായി പറഞ്ഞാൽ, ഒന്നുതന്നെയാണ് (8). മറ്റെല്ലാം ഉഷഃസൂക്തങ്ങളുടെ വാർപ്പുമാതൃകതന്നെ ഇതും.

തൊട്ടുമുൻപത്തെ ഉഷഃസൂക്തത്തിൽനിന്നു വ്യത്യസ്തമായ 52-ാമത്തെ ഈ ലളിതസൂക്തം ഉഷസ്സിനെ ചിത്രീകരിക്കുകയും ഏകവചനത്തിൽ അഭിസംബോധന നടത്തുകയും ചെയ്യുന്നു. 2–3 പദ്യങ്ങളിൽ ഇണയായ അശ്വികളുടെ പേരുണ്ട്. കാരണം, അവരുടെ അതികാലത്തുള്ള യജ്ഞയാത്രതന്നെ.

സവിതാവിനു സമർപ്പിക്കപ്പെട്ടതാണ് താരതമ്യേന ഋജുവായ 53-ാം സൂക്തം. ജീവിതത്തിന്റെ താളങ്ങളുടെമേൽ സ്വാഭാവികമായി നിയന്ത്രണമുള്ള ദേവനാണ് സവിതാവ്. സൂക്തത്തിലുടനീളം സവിതാവിന്റെ സംരക്ഷണത്തിനും നേട്ടങ്ങൾക്കും വേണ്ടിയുള്ള അഭ്യർഥനകൾപോലും ദേവനെ പ്രഥമപുരുഷനിൽ നിർത്തിക്കൊണ്ടാണെന്നതു (1, 6–7) ശ്രദ്ധേയമാണ്.

54-ാം സൂക്തം മുൻസൂക്തത്തിലെ ഔപചാരികസ്തുതികളിൽനിന്നു വ്യത്യസ്തമായി സവിതാവുമായി നമുക്ക് ഉറ്റ സൗഹൃദബന്ധം ഉണ്ടാക്കുന്നു. "അഭൂദ് ദേവഃ സവിതാ" (സവിതൃദേവൻ ആവിർഭവിച്ചു) എന്ന ആദ്യപദ്യത്തിലെ ലിഡ്രൂപത്തിലുള്ള ഭൂതകാലപ്രയോഗവും തുടർന്നുവരുന്ന പദ്യങ്ങളിലെ മധ്യമപുരുഷപ്രയോഗങ്ങളും/സംബോധനകളും ഈ സൗഹൃദസ്ഥാപനത്തിന് ഏറെ ഉപകരിച്ചിട്ടുണ്ട്. അഭയവും പിന്തുണയും പോലുള്ള സാമാന്യമായ സഹായങ്ങൾക്കപ്പുറം ഈ സൗഹൃദം കൂടുതൽ വ്യക്തിപരമായ ഇടപെടലിന് ദേവനോടപേക്ഷിക്കാൻ സഹായകമായിട്ടുണ്ട്. മൂന്നാം പദ്യത്തിൽ അതാണ് കാണുന്നത്.

നാലാം മണ്ഡലത്തിൽ വിശ്വേദേവന്മാർക്കു സമർപ്പിക്കപ്പെട്ട ഒരേയൊരു സൂക്തമാണ് 55-ാമത്തേത്. 1–7 പദ്യങ്ങൾ ത്രിഷ്ടുപ്പിലും 8–10 പദ്യങ്ങൾ ഗായത്രിയിലുമായി രചിക്കപ്പെട്ട രണ്ടു ഭാഗങ്ങള്ള സൂക്തം. അവസാനത്തെ മൂന്നു പദ്യങ്ങൾ തികച്ചും ലളിതം. ആദ്യഭാഗത്തിലെ പദ്യങ്ങൾ, വിശേഷിച്ച് 2, 6 എന്നിവ താരതമ്യേന വിഷമം പിടിച്ചവയത്രേ. സ്വത്വത്തെ അഥവാ തനിമയെക്കുറിച്ചുള്ള ചോദ്യങ്ങളോടെയാണ് ഒന്നാം ഭാഗത്തിലെ ഒന്നാം പദ്യം തുടങ്ങുന്നത്. ദേവന്മാരിൽ ആരാണ് ഞങ്ങളെ രക്ഷിക്കുകയും ന്യായീകരിക്കുകയും ചെയ്യുക? (മർത്ത്യർക്കിടയിൽ ആരാണ്) ദേവന്മാർക്ക് യജ്ഞത്തിൽ സുരക്ഷിതസ്ഥാനം നൽകുക? സൂക്തം ആദ്യചോദ്യത്തിന് ധാരാളം സാധ്യതയുള്ള ഉത്തരങ്ങൾ തരുന്നുണ്ട്: സ്വർഗവും ഭൂമിയും, അദിതി, മിത്രനും വരുണനും. ഇവരെല്ലാം രാത്രിയും ഉഷസ്സും (3), അര്യമാവ്, അഗ്നി, ഇന്ദ്രനും വിഷ്ണുവും (4), മരുത്തുക്കൾ (5) എന്നിവരോടൊപ്പം വീണ്ടും വരുന്നുണ്ട് – ദിവ്യത്വവും ശക്തികളും അത്രതന്നെയില്ലാത്ത സിന്ധു (3), അഹിബുധ്ന്യൻ (6) മുതലായവർ. ഏതായാലും സൂക്തം ചോദ്യത്തിന് ഒരൊറ്റയുത്തരം നൽകുന്നില്ല. അദിതിയുംആദിത്യന്മാരും, അദിതിയും മിത്രനും വരുണനും അവിടവിടെ പ്രത്യക്ഷപ്പെടുന്നുണ്ടെന്നത് ശ്രദ്ധേയം. ഇവരാണ് കൂടുതൽ വിളിക്കപ്പെടുന്നവർ. ഇങ്ങനെ പല പ്രശ്നങ്ങളും ഈ സൂക്തവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്നതാണ്.

മുൻസൂക്തംപോലെ 56-ാമത്തേതും 1– 4 പദ്യങ്ങൾ, 5–7 പദ്യങ്ങൾ എന്നിങ്ങനെ വൃത്തപരമായി രണ്ടായി ഭാഗിച്ചിരിക്കുനനു. ആദ്യത്തേത് ത്രിഷ്ടുപ്പിലും രണ്ടാമത്തേത് ഗായത്രിയിലും. മൗലികമായി ഇവ രണ്ടു സൂക്തങ്ങളായിരിക്കാം. ആദ്യത്തെ നാലു പദ്യങ്ങൾ ദ്യാവാപൃഥിവികളെ വർത്തമാനയജ്ഞത്തിലേക്കു വിളിക്കുന്നവയാണ്. പക്ഷേ, ഈ യജ്ഞസന്ദർഭം പ്രധാനമാണ്.

വൃത്തവൈവിധ്യം നിറഞ്ഞതാണ് 57-ാം സൂക്തം. കൃഷിയുമായി ബന്ധപ്പെട്ട അനേകം ദേവതകൾക്കു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. *ഋഗ്വേദ*ത്തിന്റെ കാതലായ വിഷയങ്ങളേക്കാൾ "ജനകീയ"മാ ണ് ഇതിലെ വിഷയമെന്നതും ശ്രദ്ധേയമത്രേ. പല സൂക്തങ്ങളിൽനിന്നെടുത്ത കൃഷിസംബന്ധമായ പദ്യങ്ങളുടെ സമാഹാരമാണിതെന്നു ചിലർ സംശയിക്കുന്നു. ഇതുപോലുള്ള സൂക്തങ്ങൾ അതിപ്രാചീനകാലത്തെ ഇന്ത്യയിലെ നിത്യജീവിതത്തിലേക്കും പ്രത്യേകതൊഴിൽരംഗങ്ങളിലെ സാങ്കേതികപദാവലിയിലേക്കും വെളിച്ചം വീശുന്നു. ഉഴവുചാലിനെ (സീത) സംബോധന ചെയ്യുന്ന 5, 7 പദ്യങ്ങളാലും ഈ സൂക്തം നമ്മുടെ ശ്രദ്ധയർഹിക്കുന്നു.

*അനുക്രമണി* ഈ 58-ാം സൂക്തത്തിന്റെ ദേവത അഗ്നിയോ സൂര്യനോ വെള്ളമോ പശുക്കളോ നെയ്യോ ആണെന്നു പറയുന്നു. യജ്ഞത്തിനുയോഗിക്കുന്ന ഹവിസ്സായ നെയ്യാണെന്ന അവസാനത്തെ അഭിപ്രായമാണ് ശരി. നിർണായക യജ്ഞസാധനമായ സോമം പോലെ പ്രധാനമായ മറ്റൊരു വസ്തുവാണ് നെയ്യ്. അതുകൊണ്ട് നെയ്യ് ഇതുപോലെ പ്രകീർത്തനവിഷയമായതിൽ അത്ഭുതമില്ല. നമ്മെ അത്ഭുതപ്പെടുത്തുന്നത് സോമസങ്കീർത്തനത്തിനുവേണ്ടി ഒരു മണ്ഡലം (9) മുഴുവൻ (114 സൂക്തങ്ങൾ) നീക്കിവെച്ചപ്പോൾ ഒരുപക്ഷേ അത്രതന്നെ പ്രാധാന്യമുള്ള നെയ്യിന് കവി ഇങ്ങനെ *ഋഗ്വേദ*ത്തിലാകെ ഒരു സൂക്തമേ ഉപയോഗിച്ചിട്ടുള്ളൂ എന്നതത്രേ.

**നാലാം മണ്ഡലം, മുപ്പത്തഞ്ചാം സൂക്തം**

വാമദേവ ഗൗതമൻ ഋഷി; 9 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; ഋഭുക്കൾ ദേവത

"സൗധന്വനാഃ" (സുധന്വാവിന്റെ മക്കളേ) എന്ന് അച്ഛന്റെ പേര് സൂചിപ്പിക്കുന്ന സംബോധനയുൾക്കൊള്ളുന്നതാണ് സൂക്തത്തിലെ ആദ്യപദ്യം. ഇത് ഋഭുക്കളുടെ ജനനത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് അവ

രുടെ മൗലികമായ മനുഷ്യത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. പക്ഷേ, തങ്ങളുടെ യജ്ഞപരമായ പ്രവർത്തനംകൊണ്ട് അവർ "അമൃതപഥത്തിലേക്കും ദേവസംഘത്തിലേക്കും" എത്തി (3). സൂക്താന്ത്യഭാഗത്ത് എട്ടാം പദ്യത്തിലും കവി ഈ പ്രമേയത്തിലേക്കു തിരിച്ചുവരുന്നുണ്ട്. അന്തിമപദ്യം അവരെ ദേവന്മാരായ ഋഭുക്കളെന്ന നിലയിൽ തൃതീയസവനത്തിൽ സോമം സ്വീകരിക്കാൻ ക്ഷണിക്കുന്നു.

ഇടയിലുള്ള പദ്യങ്ങളിൽ ഋഭുക്കളുടെ മഹത്തായ കർമങ്ങൾ പരാമർശിക്കപ്പെടുന്നു (5). ഇവിടെ കവിയുടെ കേന്ദ്രബിന്ദു അവർ ഒരു സോമമരിക നാലാക്കിയതിന്റെ വിവരണമാണ് (2–4). ഈ സൂക്തമനുസരിച്ച് മാധ്യന്ദിനസവനത്തിൽ ഇന്ദ്രൻ മാത്രമാണ് സോമസ്വീകർത്താവ്. പക്ഷേ, വൈകുന്നേരം ഇന്ദ്രനും മൂന്ന് ഋഭുക്കളും സ്വീകർത്താക്കളായിത്തീരുന്നു (7). അങ്ങനെ മാധ്യന്ദിനസവനത്തിൽ ഇന്ദ്രൻ സ്വീകരിക്കുന്ന ഒരു സോമമരിക മാത്രമുണ്ടായിരുന്നത് വൈകുന്നേരമായപ്പോഴത്തേക്കും ഇന്ദ്രനും മൂന്ന് ഋഭുക്കൾക്കുമുള്ള നാലെണ്ണമായി മാറി. ഋഭുക്കൾക്കുവേണ്ടി തൃതീയസവനം പുതുതായി സൃഷ്ടിക്കപ്പെടുകയും ചെയ്തു.

**1. ഇഹോപയാത ശവസോ നപാതഃ**
**സൗധന്വനാ ഋഭവോ മാപഭൂത**
**അസ്മിൻ ഹി വഃ സവനേ രത്നധേയം**
**ഗമന്ത്വിന്ദ്രമനു വോ മദാസഃ**

*ശവസഃ നപാതഃ ഇഹ ഉപയാത* ശക്തിപുത്രരേ! ഇവിടെ വന്നാലും!
*സൗധന്വനാഃ ഋഭവഃ മാ അപഭൂത* സുധന്വാവിന്റെ മക്കളായ ഋഭുക്കളേ! ദൂരെ പോകരുതേ!
*ഹി അസ്മിൻ സവനേ വഃ രത്നധേയം* കാരണം, ഈ സവനത്തിൽ നിങ്ങളുടേതാണ് നിധിദാനം.
*വഃ മദാസഃ ഇന്ദ്രം അനു ഗമന്തു* നിങ്ങളുടെ മാദകകണങ്ങൾ ഇന്ദ്രനെ പിന്തുടരട്ടെ!

**2. ആഗന്നൃഭൂണാമിഹ രത്നധേയ–**
**മഭൂത് സോമസ്യ സുഷുതസ്യ പീതിഃ**
**സുകൃത്യയാ യത് സ്വപസ്യയാ ച**
**ഏകം വിചക്ര ചമസം ചതുർധാ**

*ഇഹ ഋഭൂണാം രത്നധേയം ആ അഗൻ* ഇവിടെ ഋഭുക്കളുടെ നിധിദാനം വരട്ടെ.
*സുഷുതസ്യ സോമസ്യ പീതിഃ അഭൂത്* നിങ്ങളുടെ നല്ലവണ്ണം പിഴിഞ്ഞെടുക്കപ്പെട്ട സോമത്തിന്റെ പാനമായി.
*യത് സുകൃത്യയാ സ്വപസ്യയാ ച* നിങ്ങളുടെ സൽക്കർമവും നല്ല അധ്വാനവും കൊണ്ട്
*ഏകം ചമസം ചതുർധാ വിചക്ര* നിങ്ങൾ ഒരു മരിക നാലാക്കി.

**3. വ്യകൃണോത ചമസം ചതുർധാ**
**സഖേ വി ശിക്ഷേത്യബ്രവീത**
**അഥൈത വാജാ അമൃതസ്യ പന്ഥാം**
**ഗണം ദേവാനാമൃഭവഃ സുഹസ്താഃ**

*ചമസം ചതുർധാ വ്യകൃണോത* നിങ്ങൾ മരിക നാലാക്കി.
*"സഖേ വി ശിക്ഷ" ഇതി അബ്രവീത* നിങ്ങൾ "സഖാവേ! അത് പകുക്കുവിൻ"എന്നു പറഞ്ഞു.
*അഥ "വാജാഃ സുഹസ്താഃ ഋഭവഃ* അപ്പോൾ, "വാജന്മാരേ! വിദഗ്ധഹസ്തരായ ഋഭുക്കളേ!
*അമൃതസ്യ പന്ഥാം ദേവാനാം ഗണം ഐത"* നിങ്ങൾ അമൃതപഥത്തിലെത്തി ദേവഗണത്തിലെത്തിയാലും!"

**4. കിംമയഃ സ്വിച്ചമസ ഏഷ ആസ**
**യം കാവ്യേന ചതുരോ വി ചക്ര**
**അഥാ സുനുധ്വം സവനം മദായ**
**പാത ഋഭവോ മധുനഃ സോമ്യസ്യ**

**യം കാവ്യേന ചതുരഃ വി ചക്ര** നിങ്ങളുടെ കലാചാതുരിയാൽ നാലാക്കിയ
*ഏഷഃ ചമസഃ കിംമയഃ സ്വിദ് ആസ* ഈ മരികകൊണ്ട് എന്തു ചെയ്തു?
*അഥ മദായ സവനം സുനുധ്വം* ഇപ്പോൾ നിങ്ങളുടെ മദത്തിനായി സോമസവനം ചെയ്താലും!
*ഋഭവഃ സോമ്യസ്യ മധുനഃ പാത* ഋഭുക്കളേ! സോമമധു കുടിച്ചാലും!

**5. ശച്യാകർത്ത പിതരാ യുവാനാ**
**ശച്യാകർത്ത ചമസം ദേവപാനം**
**ശച്യാ ഹരീ ധനുതരാവതഷ്ടേ–**
**ന്ദ്രവാഹാവൃഭവോ വാജരത്നാഃ**

*ശച്യാ പിതരാ യുവാനാ അകർത്ത* നിങ്ങളുടെ കഴിവുകൊണ്ട് നിങ്ങൾ അച്ഛനമ്മമാരെ യുവാക്കളാക്കി.
*ശച്യാ ദേവപാനം ചമസം അകർത്ത* നിങ്ങളുടെ ശക്തികൊണ്ട് നിങ്ങൾ ദേവന്മാർ കുടിക്കുന്ന മരികയുണ്ടാക്കി.
*ശച്യാ ഇന്ദ്രവാഹൗ ധനുതരൗ ഹരീ* നിങ്ങളുടെ കഴിവുകൊണ്ട് ഇന്ദ്രനെ വഹിക്കുന്നവയും ദ്രുതഗതികളുമായ രണ്ടു പിംഗലക്കുതിരകളെ,
*വാജരത്നാഃ ഋഭവഃ അതഷ്ട* വിജയസമ്മാനം നിധിയായ ഋഭുക്കളേ! നിങ്ങൾ രൂപപ്പെടുത്തി.

**6. യോ വഃ സുനോത്യഭിപിത്വേ അഹ്നാം**
**തീവ്രം വാജാസഃ സവനം മദായ**
**തസ്മൈ രയിമൃഭവഃ സർവവീര–**
**മാ തക്ഷത വൃഷണോ മന്ദസാനാഃ**

*വാജാസഃ വഃ യഃ അഹ്നാം അഭിപിത്വേ* വാജന്മാരേ! നിങ്ങൾക്കുവേണ്ടി ദിവസവും അസ്തമയസമയത്ത്
*മദായ തീവ്രം സവനം സുനോതി* മദംകൊള്ളാൻ തീവ്രമായി സവനം ചെയ്യുന്നവന്,
*തസ്മൈ ഋഭവഃ മന്ദസാനാഃ വൃഷണഃ* ഋഭുക്കളേ! മദം പൂണ്ട കാളകളേ!
*സർവവീരം രയിം ആ തക്ഷത* നിങ്ങൾ ആരോഗ്യവാന്മാരായ വീരന്മാരുൾക്കൊള്ളുന്ന സമ്പത്ത് രൂപപ്പെടുത്തിയാലും!

**7. പ്രാതഃ സുതമപിബോ ഹര്യശ്വ**
**മാധ്യന്ദിനം സവനം കേവലം തേ**
**സമൃഭുഭിഃ പിബസ്വ രത്നധേഭിഃ**
**സഖീൻ യാനിന്ദ്ര ചകൃഷേ സുകൃത്യാ**

*ഹര്യശ്വ പ്രാതഃ സുതം അപിബഃ* പിംഗലക്കുതിരകളോടുകൂടിയവനേ (ഇന്ദ്രാ)! അതിരാവിലെ സവനം ചെയ്ത സോമം നീ കുടിച്ചാലും!
*മാധ്യന്ദിനം സവനം തേ കേവലം* മാധ്യന്ദിനസവനം നിനക്കു മാത്രമുള്ളതാണ്.
*ഇന്ദ്ര യാൻ സുകൃത്യാ രത്നധേഭിഃ സഖീൻ ചകൃഷേ* ഇന്ദ്രാ! നല്ല കർമം ചെയ്തവരും നിധി നൽകുന്നവരും നീ സഖാക്കളാക്കിയവരുമായ
*ഋഭുഭിഃ സം പിബസ്വ* ഋഭുക്കളോടൊരുമിച്ച് കുടിച്ചാലും!

**8. യേ ദേവാസോ അഭവതാ സുകൃത്യാ**
**ശ്യേനാ ഇവേദധിദിവി നിഷേദ**
**തേ രത്നം ധാത ശവസോ നപാതഃ**
**സൗധന്വനാ അഭവതാമൃതാസഃ**

*ശച്യാ ദേവപാനം ചമസം അകർത്ത* നിങ്ങളുടെ ശക്തികൊണ്ട് നിങ്ങൾ ദേവന്മാർ കുടിക്കുന്ന മരികയുണ്ടാക്കി.
*ശച്യാ ഇന്ദ്രവാഹൗ ധനുതരൗ ഹരീ* നിങ്ങളുടെ കഴിവുകൊണ്ട് ഇന്ദ്രനെ വഹിക്കുന്നവയും ദ്രുതഗതികളുമായ രണ്ടു പിംഗലക്കുതിരകളെ,
*വാജരത്നാഃ ഋഭവഃ അതഷ്ട* വിജയസമ്മാനം നിധിയായ ഋഭുക്കളേ! നിങ്ങൾ രൂപപ്പെടുത്തി.

**9. ഇഹ പ്രജാമിഹ രയിം രരാണാ**
**ഇഹ ശ്രവോ വീരവത്തക്ഷതാ നഃ**
**യേന വയം ചിതയേമാത്യന്യാൻ**
**തം വാജം ചിത്രമൃഭവോ ദദാ നഃ**

നഃ ഇഹ പ്രജാം ഇഹ രയിം രരാണാഃ ഞങ്ങൾക്ക് ഇവിടെ സന്തതിയും ഇവിടെ സമ്പത്തും തന്നുകൊണ്ട്
ഇഹ വീരവത് ശ്രവഃ തക്ഷത ഇവിടെ വീരന്മാരോടുകൂടിയ കീർത്തി രൂപപ്പെടുത്തിയാലും!
ഋഭവഃ യേന വയം അന്യാൻ അതി ചിതയേമ ഋഭുക്കളേ! ഞങ്ങൾ മറ്റുള്ളവരേക്കാൾ ഉജ്ജ്വലരാവുന്ന
തം ചിത്രം വാജം നഃ ദദ ഉജ്ജ്വലമായ സമ്മാനം നിങ്ങൾ ഞങ്ങൾക്കു തന്നിരിക്കുന്നു.

★

**നാലാം മണ്ഡലം, അൻപത്തിമൂന്നാം സൂക്തം**

വാമദേവ ഗൗതമൻ ഋഷി; 7 പദ്യങ്ങൾ; വൃത്തം ജഗതി; സവിതാവ് ദേവത

സവിതാവിനു സമർപ്പിക്കപ്പെട്ട താരതമ്യേന ഋജുവായ സൂക്തം. ജീവിതത്തിന്റെ താളങ്ങളുടെമേൽ സ്വാഭാവികമായി നിയന്ത്രണമുള്ള ദേവനാണ് സവിതാവ്. സൂക്തത്തിലുടനീളം സവിതാവിന്റെ സംരക്ഷണത്തിനും നേട്ടങ്ങൾക്കും വേണ്ടിയുള്ള അഭ്യർഥനകൾപോലും ദേവനെ പ്രഥമപുരുഷനിൽ നിർത്തിക്കൊണ്ടാണെന്നതു (1, 6–7) ശ്രദ്ധേയമാണ്.

**1. തദ്ദേവസ്യ സവിതുർവാര്യം മഹദ്**
**വൃണീമഹേ അസുരസ്യ പ്രചേതസഃ**
**ഛർദിർയേന ദാശുഷേ യച്ഛതി ത്മനാ**
**തന്നോ മഹാനുദയാൻ ദേവോ അക്തുഭിഃ**

*പ്രചേതസഃ അസുരസ്യ സവിതുഃ ദേവസ്യ* ഞങ്ങൾ വകതിരിവുള്ള പ്രഭുവായ സവിതൃദേവന്റെ
*വാര്യം മഹത് തദ് വൃണീമഹേ* വരേണ്യവും മഹത്തുമായ ആ കാര്യം വരിക്കുന്നു.
*യേന ത്മനാ ദാശുഷേ ഛർദിഃ യച്ഛതി* അതുകൊണ്ട് അവൻ സ്വയം ഭക്തന് അഭയം നൽകുന്നു.
*മഹാൻ ദേവഃ തദ് നഃ അക്തുഭിഃ ഉദ് അയാൻ* മഹാനായ ദേവൻ അത് ഞങ്ങൾക്കുവേണ്ടി രാത്രികളിലൂടെ ഉണ്ടാക്കട്ടെ!

**2. ദിവോ ധർത്താ ഭുവനസ്യ പ്രജാപതിഃ**
**പിശംഗം ദ്രാപിം പ്രതി മുഞ്ചതേ കവിഃ**
**വിചക്ഷണഃ പ്രഥയന്നാപൃണന്നുർ–**
**വജീജനത് സവിതാ സുമ്നമുക്ഥ്യം**

*ദിവഃ ധർത്താ ഭുവനസ്യ പ്രജാപതിഃ* സ്വർഗത്തെ താങ്ങിനിർത്തുന്നവനും ജീവലോകത്തിന്റെ സന്തതികളുടെ പ്രഭുവും
*കവിഃ പിശംഗം ദ്രാപിം പ്രതി മുഞ്ചതേ* ഋഷികവിയും സ്വർണവർണമായ കുപ്പായം ധരിക്കുന്നവനുമാണ്.
*വിചക്ഷണഃ പ്രഥയൻ ആപൃണൻ സവിതാ* വ്യാപകമായി ഉറ്റുനോക്കിയും വിശാലമായ (അന്തരീക്ഷം) പരത്തിയും നിറച്ചുംകൊണ്ട് സവിതാവ്
*ഉത ഉക്ഥ്യം സുമ്നം അജീജനത്* സ്തുത്യർഹമായ ദയ ജനിപ്പിക്കുകയും ചെയ്യുന്നു.

**3. അപ്രാ രജാംസി ദിവ്യാനി പാർഥിവാ**
**ശ്ലോകം ദേവഃ കൃണുതേ സ്വായ ധർമണേ**
**പ്ര ബാഹൂ അസ്രാക് സവിതാ സവീമനി**
**നിവേശയൻ പ്രസുവന്നക്തുഭിർജഗത്**

*പാർഥിവാ ദിവ്യാനി രജാംസി ആ അപ്രാഃ* അവൻ ഭൗമവും സ്വർഗീയവുമായ സാമ്രാജ്യങ്ങൾ നിറച്ചു.
*ദേവഃ സ്വായ ധർമണേ ശ്ലോകം കൃണുതേ* ദേവൻ സ്വന്തം പിന്തുണയ്ക്കു സൂചനവിളിയുണ്ടാക്കുന്നു.
*സവിതാ സവീമനി ജഗദ് നിവേശയൻ* സവിതാവ് സ്വന്തം നിർബന്ധത്താൽ ജംഗമലോകത്തെ നിവേശിപ്പിച്ചുകൊണ്ടും
*അക്തുഭിഃ പ്രസുവൻ ബാഹൂ പ്ര അസ്രാക്* രാത്രികളിലൂടെ പ്രേരിപ്പിച്ചുകൊണ്ടും രണ്ടു കൈകൾ മുന്നോട്ടു നീട്ടുന്നു.

**4. അദാഭ്യോ ഭുവനാനി പ്രചാകശദ്**
**വ്രതാനി ദേവഃ സവിതാഭി രക്ഷതേ**
**പ്രാസ്രാഗ് ബാഹൂ ഭുവനസ്യ പ്രജാഭ്യോ**
**ധൃതവ്രതോ ഹോ അജ്മസ്യ രാജതി**

*അദാഭ്യഃ സവിതാ ദേവഃ ഭുവനാനി പ്രചാകശത്* ചതിക്കാത്ത സവിതൃദേവൻ ജീവജാലങ്ങളെ നിരീക്ഷിച്ചുകൊണ്ട്
*വ്രതാനി അഭി രക്ഷതേ* തന്റെ നിയമങ്ങൾ കാത്തുരക്ഷിക്കുന്നു.
*ഭുവനസ്യ പ്രജാഭ്യഃ ബാഹൂ പ്രാസ്രാക്* അവൻ ജീവലോകത്തിന്റെ സന്തതികൾക്കുവേണ്ടി രണ്ടു കൈകൾ നീട്ടുന്നു.
*ധൃതവ്രതഃ മഹഃ അജ്മസ്യ രാജതി* തന്റെ നിയമങ്ങൾ ഉയർത്തിപ്പിടിച്ച അവൻ മഹത്തായ പാത ഭരിക്കുന്നു.

**5. ത്രിരന്തരിക്ഷം സവിതാ മഹിത്വനാ**
**ത്രീ രജാംസി പരിഭൂസ്ത്രീണി രോചനാ**
**തിസ്രോ ദിവഃ പൃഥിവീസ്തിസ്ര ഇന്വതി**
**ത്രിഭിർവ്രതൈരഭി നോ രക്ഷതി ത്മനാ**

*സവിതാ മഹിത്വനാ അന്തരിക്ഷം ത്രിഃ പരിഭൂഃ* സവിതാവ് തന്റെ മഹിമയാൽ അന്തരീക്ഷത്തെ മൂന്നുരു വലംവെക്കുന്നു;

*ത്രീ രജാംസി ത്രീണി രോചനാ* അവൻ മൂന്നു സാന്ധ്യസാമ്രാജ്യങ്ങളെയും മൂന്നു പ്രകാശമണ്ഡലങ്ങളെയും (വലംവെക്കുന്നു);
*തിസ്രഃ ദിവഃ തിസ്രഃ പൃഥിവീഃ ഇന്വതി* അവൻ മൂന്നു സ്വർഗങ്ങളെയും മൂന്നു ഭൂമികളെയും കുതിപ്പിക്കുന്നു.
*ത്രിഭിഃ വ്രതൈഃ ത്മനാ നഃ അഭി രക്ഷതി* തന്റെ മൂന്നു നിയമങ്ങൾകൊണ്ട് സ്വയം ഞങ്ങളെ സംരക്ഷിക്കട്ടെ!

**6. ബൃഹത്സുമ്നഃ പ്രസവിതാ നിവേശനോ**
**ജഗതഃ സ്ഥാതുരുഭയസ്യ യോ വശീ**
**സ നോ ദേവഃ സവിതാ ശർമ യച്ഛ-**
**ത്വസ്മേ ക്ഷയായ ത്രിവരൂഥമംഹസഃ**

*യഃ ബൃഹത്സുമ്നഃ പ്രസവിതാ* കനത്ത ദയാവായ്പ്പുള്ളവനും മുന്നോട്ടുപോകാനും
*നിവേശനഃ ജഗതഃ സ്ഥാതുഃ ഉഭയസ്യ* കുടിപാർക്കാനും പ്രേരിപ്പിക്കുന്നവനും സ്ഥാവരജംഗമലോകങ്ങൾക്കു രണ്ടിന്മേലും
*വശീ സഃ സവിതാ ദേവഃ* സ്വന്തം ഇച്ഛ നടത്തുന്നവനുമായ ആ സവിതൃദേവൻ
*നഃ അംഹസഃ അസ്മേ ക്ഷയായ* ഞങ്ങളുടെ ഞെരുക്കങ്ങൾക്കെതിരെയും ഞങ്ങളുടെ വാസസ്ഥാനത്തിനുവേണ്ടിയും
*ത്രിവരൂഥം ശർമ യച്ഛതു* മൂന്നുവിധത്തിലുള്ള സംരക്ഷണം നൽകിക്കൊണ്ട് ഞങ്ങൾക്ക് അഭയം നൽകട്ടെ!

**7. ആഗൻ ദേവ ഋതുഭിർവർധതു ക്ഷയം**
**ദധാതി നഃ സവിതാ സുപ്രജാമിഷം**
**സ നഃ ക്ഷപാഭിരഹഭിശ്ച ജിന്വതു**
**പ്രജാവന്തം രയിമസ്മേ സമിന്വതു**

*ദേവഃ ഋതുഭിഃ ആ അഗൻ ക്ഷയം വർധതു* ദേവൻ യജ്ഞാഭിവൃദ്ധികൾക്കായി ഇവിടെ വരട്ടെ. അവൻ ഞങ്ങളുടെ വസതി വളർത്തട്ടെ.
*സവിതാ നഃ സുപ്രജാഃ ഇഷം ദധാതു* സവിതാവ് ഞങ്ങൾക്കു നല്ല സന്തതികളെ കൈവരുത്തുന്ന ഭക്ഷണം നിലനിർത്തട്ടെ.
*സഃ നഃ ക്ഷപാഭിഃ അഹഭിഃ ച ജിന്വതു* അവൻ ഞങ്ങളെ രാത്രികളിലൂടെയും പകലുകളിലൂടെയും ത്വരിപ്പിക്കട്ടെ.
*അസ്മേ പ്രജാവന്തം രയിം സം ഇന്വതു* അവൻ ഞങ്ങൾക്ക് സന്തതികളെ കൈവരുത്തുന്ന സമ്പത്ത് കുതിപ്പിക്കട്ടെ.

★

## നാലാം മണ്ഡലം, അൻപത്തേഴാം സൂക്തം

വാമദേവ ഗൗതമൻ ഋഷി; 8 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (1, 4, 6–7), ത്രിഷ്ടുപ്പ് (2–3, 8), പുര ഉഷ്ണിക്ക് (5); കൃഷിദേവതകൾ അഥവാ ക്ഷേത്രപതിയും ശുനാസീരനും സീതയും ദേവത

വൃത്തവൈവിധ്യം നിറഞ്ഞതാണ് ഈ സൂക്തം. കൃഷിയുമായി ബന്ധപ്പെട്ട അനേകം ദേവതകൾക്കു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. *ഋഗ്വേദ*ത്തിന്റെ കാതലായ വിഷയങ്ങളേക്കാൾ "ജനകീയ"മാ ണ് ഇതിലെ വിഷയമെന്നതും ശ്രദ്ധേയമത്രേ. പല സൂക്തങ്ങളിൽനിന്നെടുത്ത കൃഷിസംബന്ധമായ പദ്യങ്ങളുടെ സമാഹാരമാണിതെന്നു ചിലർ സംശയിക്കുന്നു. ഇതുപോലുള്ള സൂക്തങ്ങൾ അതിപ്രാചീനകാലത്തെ ഇന്ത്യയിലെ നിത്യജീവിതത്തിലേക്കും പ്രത്യേകതൊഴിൽരംഗങ്ങളിലെ സാങ്കേതികപദാവലിയിലേക്കും വെളിച്ചം വീശുന്നു. ഉഴവുചാലിനെ (സീത) സംബോധന ചെയ്യുന്ന 5, 7 പദ്യങ്ങളാലും ഈ സൂക്തം നമ്മുടെ ശ്രദ്ധയർഹിക്കുന്നു.

**1. ക്ഷേത്രസ്യ പതിനാ വയം ഹിതേനേവ ജയാമസി**
**ഗാമശ്വം പോഷയിത്ന്വാ സ നോ മൃളാതീദൃശേ**

*ക്ഷേത്രസ്യ പതിനാ ഹിതേന ഇവ* ക്ഷേത്രപതിനിമിത്തം (നിശ്ചയിക്കപ്പെട്ട) സഖ്യത്താലെന്നപോലെ,
*വയം ഗാം അശ്വം പോഷയിത്നു ആ ജയാമസി* ഞങ്ങൾ പശുവിനെയും കുതിരയെയും അഭിവൃദ്ധിപ്പെടുത്തുന്നത് നേടട്ടെ.
*സഃ ഈദൃശേ സഃ മൃളാതി* അവൻ ഞങ്ങളെപ്പോലുള്ളവരിൽ ദയ കാണിക്കുന്നു.

**2. ക്ഷേത്രസ്യ പതേ മധുമന്തമൂർമിം**
**ധേനുരിവ പയോ അസ്മാസു ധുക്ഷ്വ**
**മധുശ്ചുതം ഘൃതമിവ സുപൂത–**
**മൃതസ്യ നഃ പതയോ മൃളയന്തു**

*ക്ഷേത്രസ്യ പതേ ധേനുഃ പയഃ ഇവ* ക്ഷേത്രപതേ! കറവപ്പശു പാലെന്നതുപോലെ,
*അസ്മാസു മധുശ്ചുതം ഘൃതം ഇവ* ഞങ്ങളിൽ തേൻ തുളുമ്പുന്നതും നെയ്യുപോലെ
*സുപൂതം മധുമന്തം ഊർമിം ധുക്ഷ* നന്നായി ശുദ്ധീകരിക്കപ്പെട്ടതമായ തേനോലിയല ചുരത്തിയാലും!
*ഋതസ്യ പതയഃ നഃ മൃളയന്തു* സത്യത്തിന്റെ പ്രഭുക്കൾ ഞങ്ങളിൽ ദയ കാണിക്കട്ടെ!

**3. മധുമതീരോഷധീർദ്യാവ ആപോ**
**മധുമന്നോ ഭവത്വന്തരിക്ഷം**
**ക്ഷേത്രസ്യ പതിർമധുമാന്നോ അസ്ത്വ–**
**രിഷ്യന്തോ അന്വേനം ചരേമ**

*നഃ ഓഷധീഃ ദ്യാവഃ മധുമദ് ഭവതു* ഞങ്ങൾക്കുവേണ്ടി സസ്യങ്ങളെയും സ്വർഗങ്ങളെയും തേനൂറുന്നവയാക്കട്ടെ!
*ആപഃ അന്തരിക്ഷം മധുമീദ് ഭവതു* വെള്ളത്തെയും അന്തരീക്ഷത്തെയും (തേനൂറുന്നതാക്കട്ടെ)!
*ക്ഷേത്രസ്യ പതിഃ നഃ മധുമാൻ അസ്തു* ക്ഷേത്രപതി ഞങ്ങൾക്കു തേനൂറുന്നവനാകട്ടെ!
*അരിഷ്യന്തം ഏനം അനു ചരേമ* ഉപദ്രവമൊന്നും സഹിക്കാതെ ഞങ്ങൾ അവനെ പിന്തുടരട്ടെ.

**4. ശുനം വാഹാഃ ശുനം നരഃ ശുനം കൃഷതു ലാംഗലം**
**ശുനം വരത്രാ ബധ്യന്താം അഷ്ടാം ശുനം ഉദിംഗയ**

*വാഹാഃ ശുനം നരഃ ശുനം* ഭാരം വലിക്കുന്ന മൃഗങ്ങൾക്കും ഉന്നതപുരുഷന്മാർക്കും അഭിവൃദ്ധിയുണ്ടാവട്ടെ;
*ശുനം ലാംഗലം കൃഷതു* അഭിവൃദ്ധിക്കുവേണ്ടി കലപ്പ ഉഴട്ടെ.
*ശുനം വരത്രാഃ ബധ്യന്താം* അഭിവൃദ്ധിക്കുവേണ്ടി കടിഞ്ഞാൺ കയറുകൾ ബന്ധിക്കപ്പെടട്ടെ.
*ശുനം അഷ്ടാം ഉദ് ഇംഗയ* അഭിവൃദ്ധിക്കുവേണ്ടി കരിക്കോൽ നന്നായി തെളിക്കട്ടെ.

**5. ശുനാസീരാവിമം വാചം ജുഷേഥാം**
**യദ് ദിവി ചക്രഥുഃ പയഃ**
**തേനേമാമുപ സിഞ്ചതം**

*ശുനാസീരൗ ഇമാം വാചം ജുഷേഥാം* അഭിവൃദ്ധി, കലപ്പ എന്നിവകളേ! ഈ വാക്കിനെ ആസ്വദിച്ചാലും!
*യദ് ദിവി പയഃ ചക്രഥുഃ* നിങ്ങൾ സ്വർഗത്തിൽ പാലുണ്ടാക്കിയപ്പോൾ,
*തേന ഇമാം ഉപ സിഞ്ചതം* അതുകൊണ്ട് ഈ (ഭൂമിയെ) തളിച്ചാലും!

**6. അർവാചീ സുഭഗേ ഭവ സീതേ വന്ദാമഹേ ത്വാ**
**യഥാ നഃ സുഭഗാസസി യഥാ നഃ സുഫലാസസി**

*സുഭഗേ സീതേ അർവാചീ ഭവ* സുഭഗയായ ഉഴവുചാലേ! നീ ഞങ്ങളുടെ വഴിയിലേക്കു തിരിയുന്നു.
*യഥാ നഃ സുഭഗാ അസസി* നീ ഞങ്ങൾക്കു സുഭഗയാകത്തക്കവിധം ഞങ്ങൾ നിന്നെ വാഴ്ത്തുന്നു;
*യഥാ നഃ സുഫലാ ത്വാ അസസി വന്ദാമഹേ* നീ ഞങ്ങൾക്കു സുഫലയാകുമാറ് നിന്നെ സ്തുതിക്കുന്നു.

**7. ഇന്ദ്രഃ സീതാം നി ഗൃഹ്ണാതു തം പൂഷാനു യച്ഛതു**
**സാ നഃ പയസ്വതീ ദുഹാമുത്തരാമുത്തരാം സമാം**

*ഇന്ദ്രഃ സീതാം നി ഗൃഹ്ണാതു* ഇന്ദ്രൻ ഉഴവുചാൽ വെക്കട്ടെ;

*പൂഷാ താം അനു യച്ഛതു* പൂഷാവ് അത് നേരെ നീട്ടട്ടെ.
*സാ പയസ്വതീ നഃ സമാം* അത് പാൽ നിറഞ്ഞു ഞങ്ങൾക്കു കൊല്ലം മുഴുവൻ
*ഉത്തരം ഉത്തരം ദുഹാം* മേൽക്കുമേൽ പാൽ ചുരത്തട്ടെ.

**8. ശുനം നഃ ഫാലാ വി കൃഷന്തു ഭൂമിം**
**ശുനം കീനാശാ അഭി യന്തു വാഹൈഃ**
**ശുനം പർജന്യോ മധുനാ പയോഭിഃ**
**ശുനാസീരാ ശുനമസ്മാസു ധത്തം**

*ശുനം ഫാലാഃ നഃ ഭൂമിം വി കൃഷന്തു* അഭിവൃദ്ധിക്കുവേണ്ടി കരിക്കോലുകൾ ഞങ്ങളുടെ നിലം ഉഴുതുമറിക്കട്ടെ;
*ശുനം കീനാശാഃ വാഹൈഃ അഭി യന്തു* അഭിവൃദ്ധിക്കുവേണ്ട കാലിപൂട്ടുകാർ ഭാരം വലിക്കുന്ന (കാളകളെ) മുന്നോട്ടു നയിക്കട്ടെ.
*ശുനം പർജന്യഃ മധുനാ പയോഭിഃ* അഭിവൃദ്ധിക്കുവേണ്ടി പർജന്യൻ (മേഘം) തേൻതുള്ളികളോടും പാൽത്തുള്ളികളോടുംകൂടിയവനാവട്ടെ.
*ശുനാസീരാ അസ്മാസു ശുനം ധത്തം* അഭിവൃദ്ധി, കലപ്പ എന്നിവകളേ! ഞങ്ങളിൽ അഭിവൃദ്ധി നിലനിർത്തിയാലും!

★

## നാലാം മണ്ഡലം, അൻപത്തെട്ടാം സൂക്തം

വാമദേവ ഗൗതമൻ ഋഷി; 11 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ജഗതി 11 ഒഴികെ); നെയ്യ് ദേവത

*അനുക്രമണി* ഈ സൂക്തത്തിന്റെ ദേവത അഗ്നിയോ സൂര്യനോ വെള്ളമോ പശുക്കളോ നെയ്യോ ആണെന്നു പറയുന്നു. യജ്ഞത്തിനുയോഗിക്കുന്ന ഹവിസ്സായ നെയ്യാണെന്ന അവസാനത്തെ അഭിപ്രായമാണ് ശരി. നിർണായക യജ്ഞസാധനമായ സോമം പോലെ പ്രധാനമായ മറ്റൊരു വസ്തുവാണ് നെയ്യ്. അതുകൊണ്ട് നെയ്യ് ഇതുപോലെ പ്രകീർത്തനവിഷയമായതിൽ അത്ഭുതമില്ല. നമ്മെ അത്ഭുതപ്പെടുത്തുന്നത് സോമസങ്കീർത്തനത്തിനുവേണ്ടി ഒരു മണ്ഡലം (9) മുഴുവൻ (114 സൂക്തങ്ങൾ) നീക്കിവെച്ചപ്പോൾ ഒരുപക്ഷേ അത്രതന്നെ പ്രാധാന്യമുള്ള നെയ്യിന് കവി ഇങ്ങനെ *ഋഗ്വേദ*ത്തിലാകെ ഒരു സൂക്തമേ ഉപയോഗിച്ചിട്ടുള്ളൂ എന്നതത്രേ.

**1. സമുദ്രാദൂർമിർമധുമാനുദാര–**
**മുപാംശുനാ സമമൃതത്വമാനട്**
**ഘൃതസ്യ നാമ ഗുഹ്യം യദസ്തി**
**ജിഹ്വാ ദേവാനാമമൃതസ്യ നാഭിഃ**

*സമുദ്രാദ് മധുമാൻ ഊർമിഃ ഉദാരത്* കടലിൽനിന്ന് തേനൂറുന്ന തിരമാല ഉയരുന്നു;
*അംശുനാ അമൃതത്വം ഉപ സം ആനട്* (സോമ)ലതയോടൊപ്പം അത് നേരെ അമൃതത്വത്തിലെത്തുന്നു.
*ഘൃതസ്യ യദ് നാമ ഗുഹ്യം അസ്തി* നെയ്യിന്റെ പേര് ഒളിപ്പിക്കപ്പെട്ടിരിക്കുന്നു:
*ദേവാനാം ജിഹ്വാ അമൃതസ്യ നാഭിഃ* "ദേവന്മാരുടെ നാക്ക്" "അമൃതത്തിന്റെ പൊക്കിൾ".

**2. വയം നാമ പ്ര ബ്രവാമാ ഘൃതസ്യാ–**
**സ്മിൻ യജ്ഞേ ധാരയാമാ നമോഭിഃ**
**ഉപ ബ്രഹ്മാ ശൃണവച്ഛസ്യമാനം**
**ചതുഃശൃംഗോവമീദ് ഗൗര ഏതത്**

*വയം ഘൃതസ്യ നാമ പ്ര ബ്രവാമ* ഞങ്ങൾ നെയ്യിന്റെപേര് പ്രഖ്യാപിക്കുന്നു.
*അസ്മിൻ യജ്ഞേ നമോഭിഃ ധാരയാമ* ഈ യജ്ഞത്തിൽ ഞങ്ങൾ അത് സാദരം ഉയർത്തിപ്പിടിക്കുന്നു.
*ശസ്യമാനം ബ്രഹ്മാ ഉപ ശൃണവത്* അത് അറിയിക്കപ്പെടുമ്പോൾ മന്ത്രസ്രഷ്ടാവ് കേൾക്കട്ടെ.
*ചതുഃശൃംഗഃ ഗൗരഃ ഏതദ് അവമീത്* നാലു കൊമ്പുകളുള്ള പോത്ത് (സോമം) അത് ഛർദിക്കുന്നു.

**3. ചത്വാരി ശൃംഗാ ത്രയോ അസ്യ പാദാ**
**ദ്വേ ശീർഷേ സപ്ത ഹസ്താസോ അസ്യ**
**ത്രിധാ ബദ്ധോ വൃഷഭോ രോരവീതി**
**മഹോ ദേവോ മർത്ത്യാനാ വിവേശ**

*ചത്വാരി ശൃംഗാ അസ്യ ത്രയഃ പാദാഃ* നാലാണവന്റെ കൊമ്പുകൾ; മൂന്നു കാലുകൾ;
*അസ്യ ദ്വേ ശീർഷേ സപ്ത ഹസ്താസഃ* അവന് രണ്ടു തലകളും ഏഴു കൈകളുമാണ്;
*ത്രിധാ ബദ്ധഃ വൃഷഭഃ രോരവീതി* മൂന്നുരു കെട്ടപ്പെട്ട് കാള മുക്രയിട്ടുകൊണ്ടിരിക്കുന്നു.
*മഹഃ ദേവഃ മർത്ത്യാൻ ആ വിവേശ* മഹാനായ ദേവൻ മർത്ത്യരിൽ പ്രവേശിച്ചു.

**4. ത്രിധാ ഹിതം പണിഭിർഗുഹ്യമാനം**
**ഗവി ദേവാസോ ഘൃതമന്വവിന്ദൻ**
**ഇന്ദ്ര ഏകം സൂര്യ ഏകം ജജാന**
**വേനാദേകം സ്വധയാ നിഷ്ടതക്ഷുഃ**

*ത്രിധാ ഹിതം പണിഭിഃ ഗുഹ്യമാനം* മൂന്നുതരത്തിൽ നിക്ഷേപിക്കപ്പെട്ടതും പിശുക്കന്മാർ (പണികൾ) ഒളിപ്പിച്ചതുമായ
*ഘൃതം ദേവാസഃ ഗവി അനു അവിന്ദൻ* നെയ്യ് ദേവന്മാർ പശുവിൽ കണ്ടെത്തി.
*ഇന്ദ്രഃ ഏകം ജജാന സൂര്യഃ ഏകം* ഇന്ദ്രൻ ഒന്നുണ്ടാക്കി; സൂര്യൻ ഒന്ന്;
*വേനാത് സ്വധയാ ഏകം നിഷ്ടതക്ഷുഃ* അവർ അന്വേഷിക്കുന്നവനിൽനിന്ന് സ്വന്തം ശക്തിയിലൂടെ ഒന്നു രൂപപ്പെടുത്തി.

**5. ഏതാ അർഷന്തി ഹൃദ്യാത് സമുദ്രാ–**
**ച്ഛതവ്രജാ രിപുണാ നാവചക്ഷേ**
**ഘൃതസ്യ ധാരാ അഭിചാകശീമി**
**ഹിരണ്യയോ വേതസോ മധ്യ ആസാം**

*ഏതാഃ ഹൃദ്യാത് സമുദ്രാത് ശതവ്രജാഃ* ഈ (അരുവികൾ) ഹൃദ്യമായ കടലിൽനിന്ന് നൂറു തടസ്സങ്ങളുണ്ടായിട്ടും
*രിപുണാ ന അവചക്ഷേ അർഷന്തി* ചതിയാൽ കളങ്കപ്പെടാതെ ഒഴുകുന്നു.
*ആസാം മധ്യേ ഹിരണ്യയഃ വേതസഃ* അവരുടെ മധ്യത്തിൽ സ്വർണനിർമിതമായ ഒരു മുളയുണ്ട്.
*ഘൃതസ്യ ധാരാഃ അഭി ചാകശീമി* ഞാൻ നെയ്യരുവികളെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു.

**6. സമ്യക് സ്രവന്തി സരിതോ ന ധേനാ**
**അന്തർഹൃദാ മനസാ പൂയമാനാഃ**
**ഏതേ അർഷന്ത്യൂർമയോ ഘൃതസ്യ**
**മൃഗാ ഇവ ക്ഷിപണോരീഷമാണാഃ**
*ധേനാഃ ഹൃദാ മനസാ അന്തഃ* പോഷകദ്രവങ്ങൾ ഹൃദയത്തിനും മനസ്സിനുമുള്ളിൽ
*പൂയമാനാഃ സമ്യക് സരിതഃ ന സ്രവന്തി* ശുദ്ധീകരിക്കപ്പെട്ടുകൊണ്ട് ഒരുമിച്ച് അരുവികളെപ്പോലെ ഒഴുകുന്നു.
*ഏതേ ഘൃതസ്യ ഊർമയഃ ക്ഷിപണോഃ* ഈ നെയ്ത്തിരമാലകൾ, കുന്തത്തിൽനിന്നു
*ഈഷമാണാഃ മൃഗാഃ ഇവ അർഷന്തി* തിരിഞ്ഞോടുന്ന വന്യമൃഗങ്ങളെപ്പോലെ, കുതിച്ചൊഴുകുന്നു.
**7. സിന്ധോരിവ പ്രാധ്വനേ ശൂഘനാസോ**
**വാതപ്രമിയഃ പതയന്തി യഹ്വാഃ**
**ഘൃതസ്യ ധാരാ അരുഷോ ന വാജീ**
**കാഷ്ഠാ ഭിന്ദന്നൂർമിഭിഃ പിന്വമാനഃ**
*സിന്ധോഃ പ്രാധ്വനേ ഇവ യഹ്വാഃ ശൂഘനാസഃ* നദിയുടെ നേർമാർഗത്തിലെന്നപോലെ, യുവസഹജമായ പ്രസരിപ്പുള്ളവയും വേഗത്തിൽ അടിച്ചുതകർക്കുന്നവയും
*വാതപ്രമിയഃ ഘൃതസ്യ ധാരാഃ* കാറ്റിനെ എതിർക്കുന്നവയുമായ നെയ്യരുവികൾ,
*കാഷ്ഠാഃ ഭിന്ദൻ ഊർമിഭിഃ പിന്വമാനഃ* മരംകൊണ്ടുള്ള പന്തയമാർഗതടസ്സങ്ങൾ പിളർത്തും തിരമാലകളാൽ വീർത്തും,
*അരുഷഃ വാജീ ന പതയന്തി* കടുംചുവപ്പുള്ള സമ്മാനാർഹമായ കുതിരയെപ്പോലെ, പറക്കുന്നു.
**8. അഭി പ്രവന്ത സമനേവ യോഷാ**
**കല്യാണ്യഃ സ്മയമാനാസോ അഗ്നിം**
**ഘൃതസ്യ ധാരാഃ സമിധോ നസന്ത**
**താ ജുഷാണോ ഹര്യതി ജാതവേദാഃ**
**കല്യാണ്യഃ യോഷാഃ സമനാ ഇവ** അവ, മനോഹരികളായ യുവതികൾ (വിവാഹ)സഭകളിലേക്കെന്നപോലെ,
*അഗ്നിം അഭി സ്മയമാനാസഃ പ്രവന്ത* അഗ്നിയോടു പുഞ്ചിരിച്ചുകൊണ്ട് പൊങ്ങിക്കിടക്കുന്നു.
*ഘൃതസ്യ ധാരാഃ സമിധഃ നസന്ത* നെയ്യരുവികൾ അരണിക്കോലുകളെ സമീപിക്കുന്നു.
*ഇന്ദ്ര ഇമം നരഃ പർവതാഃ ആപഃ* ഇന്ദ്രാ! ഈ സോമം മനുഷ്യരെയും പർവതങ്ങളെയും വെള്ളത്തെയും
*ഗോഭിഃ തുഭ്യം മധുമന്തം സം അക്രൻ* പശുക്കളോടുകൂടി നിനക്കുവേണ്ടി മധുവൂറുന്നതാക്കുന്നു.
*ഋഷ്വ അനു പ്രജാനൻ വിദ്വാൻ* ഗംഭീരനും മുന്നേ ആലോചിക്കുന്നവനും അറിവുള്ളവനുമായ നീ
*സ്വാഃ പഥ്യാഃ ആഗത്യ സുമനാഃ തസ്യ പാഹി* നിന്റെ വഴികളിലൂടെ വന്ന് നല്ല മനസ്സോടെ അത് കുടിച്ചാലും!
**9. യാനാഭജോ മരുത ഇന്ദ്ര സോമേ**
**യേ ത്വാമവർധന്നഭവൻ ഗണസ്തേ**
**തേഭിരേതം സജോഷാ വാവശാനോ–**
**ഗ്നേഃ പിബ ജിഹ്വയാ സോമമിന്ദ്ര**
*ഇന്ദ്ര യാൻ മരുതഃ സോമേ ആ അഭജഃ* ഇന്ദ്രാ! നീ സോമത്തിൽ ഒരു പങ്കു നൽകിയ മരുത്തുക്കൾ
*യേ ത്വാം അവർധൻ തേ ഗണഃ അഭവൻ* നിന്നെ ശക്തിപ്പെടുത്തുകയും നിന്റെ സംഘമായിത്തീരുകയും ചെയ്തു.
*തേഭിഃ സജോഷാഃ വാവശാനഃ* അവരുമായി സന്തോഷത്തിൽ ഒരുമിച്ച്, സോൽക്കണ്ഠം ആഗ്രഹമുള്ളവരായി
*അഗ്നേഃ ജിഹ്വയാ ഇന്ദ്ര ഏതം സോമം പിബ* അഗ്നിയുടെ നാക്കുകൊണ്ട്, ഇന്ദ്രാ! ഈ സോമം കുടിച്ചാലും!
**10. ഇന്ദ്ര പിബ സ്വധയാ ചിത് സുതസ്യാ–**
**ഗ്നേർവാ പാഹി ജിഹ്വയാ യജത്ര**
**അധ്വര്യോർവാ പ്രയതം ശക്ര ഹസ്താദ്**
**ഹോതുർവാ യജ്ഞം ഹവിഷോ ജുഷസ്വ**
*ഇന്ദ്ര സ്വധയാ ചിത് സുതസ്യ പിബ* ഇന്ദ്രാ! സ്വേച്ഛയാ തന്നെ പിഴിഞ്ഞെടുത്ത സോമം കുടിച്ചാലും!
*യജത്ര വാ അഗ്നേഃ ജിഹ്വയാ* യജ്ഞാർഹനേ! അല്ലെങ്കിൽ അഗ്നിയുടെ നാക്കുകൊണ്ടോ
*വാ അധ്വര്യോഃ ഹസ്താത് പാഹി* അധ്വര്യുവിന്റെ കൈയിൽനിന്നോ കുടിച്ചാലും!
*ശക്ര വാ ഹോതുഃ ഹവിഷഃ പ്രയതം* ശക്താ! അല്ലെങ്കിൽ ഹോതാവിന്റെ ഹവിസ്സിൽനിന്ന് അർപ്പിക്കപ്പെട്ട
*യജ്ഞം ജുഷസ്വ* യജ്ഞം ആസ്വദിച്ചാലും!
**11. ശുനം ഹുവേമ മഘവാനമിന്ദ്രം**
**മസ്മിൻ ഭരേ നൃതമം വാജസാതൗ**
**ശൃണ്വന്തമുഗ്രമൂതയേ സമത്സു**
**ഘ്നന്തം* വൃത്രാണി സംജിതം ധനാനാം**

*ശുനം അസ്മിൻ ഭരേ വാജസാതൗ* അനുഗ്രഹത്തിനുവേണ്ടി ഞങ്ങൾ ഈ പന്തയത്തിലും വിജയസമ്മാനം നേടുന്നതിലും
*മഘവാനം നൃതമം ശൃണ്വന്തം ഉഗ്രം* ഉദാരനും ഏറ്റവും മനുഷ്യത്വമുള്ളവനും ശ്രദ്ധിക്കുന്നവനും ശക്തനും
*വൃത്രാണി ഘ്നന്തം ധനാനാം സംജിതം* വിഘ്നങ്ങൾ നശിപ്പിക്കുന്നവനും സമ്മാനം നേടുന്നവനുമായ
*ഇന്ദ്രം സമത്സു ഊതയേ ഹുവേമ* ഇന്ദ്രനെ ഞങ്ങൾ യുദ്ധങ്ങളിൽ സഹായത്തിനു വിളിക്കുന്നു.

*

## അഞ്ചാം മണ്ഡലം

അത്രിമണ്ഡലമായ അഞ്ചാം മണ്ഡലത്തിലെ എൺപത്തേഴു സൂക്തങ്ങളിൽ പതിനാലെണ്ണം മാത്രമാണ് അത്രിയുടേതായുള്ളത് (5. 27, 37–43, 76–77, 83–86). ആത്രേയന്മാരാണ് വലിയൊരു വിഭാഗം സൂക്തങ്ങൾ രചിച്ചത്. 36 എണ്ണം *അനുക്രമണി*യിൽ പരാമർശിച്ചിട്ടുണ്ട്. *അനുക്രമണി*യുടെ കണക്കിൽ മൂന്നേ ആത്രേയന്മാരേയുള്ളൂ – വസുശ്രുതൻ (3–6), സുതംഭരൻ (11–14), ശ്യാവാശ്വൻ (52–59, 81–82). ഒന്നിലോ രണ്ടിലോ അധികം സൂക്തങ്ങൾ രചിച്ചവർ ഇവർ മാത്രം. അത്രിയും ശ്യാവാശ്വനും അവസ്യു ആത്രേയനും ഒരു ദേവതയ്ക്കോ ഒരു സംഘം ദേവതകൾക്കോ

ഈ മണ്ഡലത്തിൽ സൂക്തങ്ങൾ നൽകിയിട്ടുണ്ട്. അത്രിയും ആത്രേയന്മാരും – അങ്ങനെ വലിയൊരു കുടുംബമാണ് അഞ്ചാം മണ്ഡലത്തിലെ കുറേ സൂക്തങ്ങളുടെ രചയിതാക്കളായ “അത്രികൾ”. ഏതെങ്കിലും വിധത്തിൽ അവരുമായി ബന്ധപ്പെട്ട മറ്റു കുടുംബങ്ങളിൽപ്പെട്ട കവികളും ഇവിടെയുണ്ട്. ഉദാ: – അംഗിരസ്സുകൾ. ഈ മണ്ഡലത്തിൽ വരുന്ന ദേവതകളുടെ സ്ഥിതിവിവരക്കണക്കും പഠനീയമാണ്.

ഒന്നാം സൂക്തം ബുധ ആത്രേയനും ഗവിഷ്ഠിര ആത്രേയനും രണ്ടാം സൂക്തം കുമാര ആത്രേയൻ അഥവാ വൃഷ ജാനൻ  അഥവാ ഇരുവരും മൂന്നാം സൂക്തം വസുശ്രുത ആത്രേയൻ അഥവാ വൃഷ ജാനൻ അഥവാ ഇരുവരും 4– 6 സൂക്തങ്ങൾ വസുശ്രുത ആത്രേയനും 7–8 സൂക്തങ്ങൾ ഇഷ ആത്രേയനും 9–10 സൂക്തങ്ങൾ ഗയ ആത്രേയനും 11–14 സുതംഭര ആത്രേയനും 15 ധരുണ ആത്രേയനും 16–17 പുരു ആത്രേയനും 18 മുക്തവാഹസ് ദ്വിത ആത്രേയനും 19 വവ്രി ആത്രേയനും 20 പ്രയസ്വന്ത ആത്രേയനും 21 സസ ആത്രേയനും 22 വിശ്വസാമാവ് ആത്രേയനും  23 ദ്യുമ്ന വിശ്വചർഷണി ആത്രേയനും 24 ഗൗപായനസ് അഥവാ ലൗപായനസ്: ബന്ധു, സുബന്ധു, ശ്രുതബന്ധു, വിപ്രബന്ധു എന്നിവരും 25–26 വസൂയവസ് ആത്രേയനും 27 രാജാക്കന്മാരായ ത്ര്യരുണ ത്രൈവൃഷ്ണൻ/ത്രൈവൃഷ്ണ്യൻ, ത്രസദസ്യു പുരുകുത്സ്യൻ, അശ്വമേധ ഭാരതൻ അഥവാ അത്രി ഭൗമൻ എന്നിവരും 28 വിശ്വവാര ആത്രേയിയും 29 ഗൗരിവീതി ശാക്ത്യനും 30 ബഭ്രു ആത്രേയനും 31 അവസ്യു ആത്രേയനും 32 ഗാതു ആത്രേയനും 33–34 സംവരണ പ്രാജാപത്യനും 35–36 പ്രഭൂവസു ആംഗിരസനും 37–43 അത്രി ഭൗമനും 44 അസത്സാര കാശ്യപനും 45 സദാപൃണ ആത്രേയനും 46 പ്രതിക്ഷത്ര ആത്രേയനും 47 പ്രതിരഥ ആത്രേയനും 48 പ്രതിഭാനു ആത്രേയനും 49 പ്രതിപ്രഭ ആത്രേയനും 50–51 സ്വസ്ത്യാത്രേയ ആത്രേയനുമാണ്.

അഞ്ചാം മണ്ഡലത്തിൽ 1 മുതൽ 28 വരെയുള്ള സൂക്തങ്ങൾ അഗ്നിക്കാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. 29 മുതൽ 40 വരെയുള്ള 12 സൂക്തങ്ങൾ ഇന്ദ്രന്നും 41 മുതൽ 51 വരെയുള്ള പത്തു സൂക്തങ്ങൾ വിശ്വേദേവന്മാർക്കും 52 മുതൽ 61 വരെയും 10 –ഉം സൂക്തങ്ങൾ മരുത്തുക്കൾക്കും 62–72 വരെ മിത്രാവരുണന്മാർക്കും 73–78 സൂക്തങ്ങൾ അശ്വികൾക്കും 79–80 സൂക്തങ്ങൾ ഉഷസ്സിനും 81–82 സൂക്തങ്ങൾ സവിതാവിനും 83  പർജന്യനും 84 പൃഥിവിക്കും 85 വരുണനും 86–87 ഇന്ദ്രാഗ്നികൾക്കും സമർപ്പിക്കപ്പെടുന്നു.

ഒന്നാം സൂക്തം വിവരിക്കുന്നത് പ്രാതഃസവനത്തിൽ അഗ്നി ജ്വലിപ്പിക്കുന്നതിനെയും അതിന്റെ ജനനത്തെയും കുറിച്ചാണ്. ചില വാചശൈലികളോ വരികളുടെ അംശമോ മുഴുവൻതന്നെയുമോ ആവർത്തിക്കുന്നതു കാണാം. ഈ സൂക്തത്തിൽ അഗ്നിയെ കുതിരയായോ തേരാളിയോയോ കല്പിക്കുന്നത് മൗലികതയോടുകൂടിയാണെന്നത് എടുത്തുപറയണം. മൂന്നാം പദ്യത്തിൽ പുരോഹിതന്മാർ അഗ്നിയെ ഉണർത്തുന്നതിനു പകരം അഗ്നി സൂക്തത്തെ ഉണർത്തുന്നതായി വർണിച്ചിരിക്കുന്നു. അഗ്നി വളരുന്നൊരു കുഞ്ഞായി സങ്കല്പിക്കപ്പെടുന്നതും ശ്രദ്ധേയമത്രേ.

രണ്ടാം സൂക്തത്തിന്റെ വിഷയത്തെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. യജ്ഞാഗ്നി അപ്രത്യക്ഷമായതിനാൽ അതിനെ വീണ്ടെടുക്കാനുള്ള യജ്ഞത്തോടുകൂടി ഹവിസ്സുകൾ പകരുന്ന പ്രായശ്ചിത്തസൂക്തമാവാം ഇതെന്നാണ് ജാമിസൺ–ന്റെ അഭിപ്രായം. 1–2 പദ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ശിശുവാണ് അഗ്നി. യുവതിയായ അമ്മയും (1) പേറ്റിച്ചിയും (2) മറഞ്ഞുകിടക്കുന്ന അഗ്നിയോടുകൂടിയ വിറകും (സമിത്ത്) അഗ്നിക്കു ജന്മം കൊടുത്ത മുഖ്യപത്നി (മഹിഷി) അരണിക്കോലുമായിരിക്കാം. ഒന്നാം പദ്യത്തിൽത്തന്നെ അഗ്നി തിരിച്ചുവരികയും യജ്ഞത്തിൽ പതിവുപോലെ ഇരിപ്പിടത്തിൽ ഇരിക്കുമെന്നും കവി സ്വയം ഉറപ്പിക്കുന്നു. അഗ്നി യജ്ഞത്തിൽ ദൂരെയാണുള്ളതെന്നും ഈ അഗ്നി ഏതാണെന്നും കവി 3–4 പദ്യങ്ങളിൽ ആശങ്കപ്പെടുന്നു. മറ്റ് അഗ്നികളാണോ, കിഴക്കുനിന്നു പടിഞ്ഞാറോട്ടു പോകുന്ന സൂര്യനാവാൻ സാധ്യതയുണ്ടോ എന്നൊക്കെയാണ് ആശങ്കകൾ. പദ്യം 5–ലെ  അഗ്നിയുടെ കാളകൾ അഥവാ പശുക്കൾ അഗ്നിജ്വാലകളാണോ? ആറാം പദ്യത്തിൽ അഗ്നി അവയെ യജ്ഞസ്ഥലത്തേക്ക് അയച്ചതായിരിക്കാമെന്ന് ഊഹിക്കപ്പെടുന്നു. എന്തൊക്കെ പരിമിതികളുണ്ടെങ്കിലും യജമാനന്മാർ മോചിപ്പിക്കപ്പെടുന്നുവെന്ന് അടുത്ത പദ്യം പറയുന്നു. പക്ഷേ, രോഷംകൊണ്ട് അഗ്നി യജ്ഞസ്ഥലത്തേക്കു വരുന്നില്ല. പക്ഷേ, ഇന്ദ്രൻ അഗ്നി എവിടെയാണെന്നറിയാൻ യജമാനന്മാരെ സഹായിക്കുന്നു (8). അവസാനം, അഗ്നിയെ യജമാനന്മാരിൽനിന്ന് മറച്ചുപിടിക്കാൻ ഒന്നിനും കഴിയില്ലെന്ന് സൂര്യനായി സ്വർഗത്തിൽ പ്രത്യക്ഷമാകുന്ന അഗ്നിതന്നെ കാണിക്കുന്നു (9–10). അവൻ ദേവന്മാരുടെ ആജ്ഞപ്രകാരം യജമാനന്മാരെ സഹായിക്കുകയും ചെയ്യുന്നു (12).

അഗ്നിയെ ആദിത്യന്മാരുമായി താദാത്മ്യപ്പെടുത്തിക്കൊണ്ടാണ്  മൂന്നാം സൂക്തം ആരംഭിക്കുന്നത്. ഒന്നാം പദ്യത്തിൽ വരുണനുമായും മിത്രനുമായും രണ്ടാം പദ്യത്തിൽ അര്യമാവുമായും മിത്രനുമായും. ഈ താദാത്മ്യകരണത്തിനുള്ള കാരണം അപ്പോൾ വ്യക്തമല്ലെങ്കിലും കവി പല രീതികളിൽ മറ്റു ദേവന്മാരുടെ സാന്നിധ്യവും പ്രകടമാക്കുന്നുണ്ട്: ഒന്നാം പദ്യത്തിൽ ഇന്ദ്രൻ, മൂന്നാം പദ്യത്തിൽ മരുത്തുക്കളും വിഷ്ണുവും രുദ്രനും, ഒന്നാം പദ്യത്തിൽ വിശ്വേദേവന്മാർ. ദേവന്മാരെ വിളിച്ചതിനുശേഷം കവി യജ്ഞാഗ്നിപ്രതിഷ്ഠാപനം വിവരിക്കുന്നു (4–5). 6–7 പദ്യങ്ങ

ളിൽ, യജ്ഞാഗ്നിസാന്നിധ്യം തന്റെ ജനങ്ങളെയും തന്നെത്തന്നെയും എതിർക്കുന്നവർക്കെതിരെയുള്ള അഗ്നിയുടെ സഹായവും അടയാളപ്പെടുത്തുന്നുണ്ടോ എന്നു ചോദിക്കുന്നു. കവി ദുഷ്ടവാക്കിനെയും (7) വക്താവിന്നെതിരെയുള്ള ശാപത്തെയും (7, 12) തനിക്കു ഭീഷണിയാവുന്ന കള്ളന്മാർക്കും ചതിയന്മാർക്കുമെതിരായും (11) പരാമർശിക്കുന്നു. അതുകൊണ്ട് ദേവനോടു രക്ഷിക്കാൻ അപേക്ഷിക്കുന്നു (9). അതുകൊണ്ട് സാമൂഹ്യബന്ധങ്ങളിലുള്ള ദുരുപദിഷ്ടതകളെയും മറ്റും കാണുകയും ഇല്ലാതാക്കുകയും ചെയ്യുന്നവരെന്ന നിലയിൽ ആദിത്യന്മാരെ സൂക്താരംഭത്തിൽത്തന്നെ പരാമർശിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാകുന്നു.

നാലാം സൂക്തത്തിൽ കവി, താനും മറ്റു യജമാനന്മാരും എന്താണ് ചെയ്യുക എന്നും എന്താണ് അഗ്നിയുടെ ചട്ടക്കൂടിൽ സ്വീകരിക്കാൻ സാധിക്കുക എന്നും വിവരിക്കുന്നു. ഒന്നാം പദ്യത്തിൽ ഇതിന്റെ തന്ത്രം സൂചിപ്പിക്കുകയും അടുത്ത പദ്യത്തിൽ ദേവന്മാർക്കുള്ള ഹവിസ്സുകൾ വഹിക്കുന്ന യജ്ഞാഗ്നിയെ വിവരിക്കുകയും ചെയ്യുന്നു. നാലാ പദ്യത്തിൽ ഹവിസ്സുകൾ സ്വീകരിക്കുന്ന ദേവന്മാരുടെ വർണ്ണനമാണ്. തുടർന്നുള്ള പദ്യങ്ങളിൽ ഹവ്യവാഹകനായ അഗ്നിയുടെ പല തരത്തിലുള്ള വിവരണം. അവസാനഭാഗത്ത് അഗ്നിയുടെ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ.

അഞ്ചാം സൂക്തം പതിവുരീതിയിലുള്ള ആപ്രീസൂക്തത്തെ പിന്തുടരുന്നു. പക്ഷേ, നാലാം പദ്യത്തിൽ ബർഹിസ്സിന്റെ വ്യക്തമായ പരാമർശമില്ല. മറ്റൊക്കെ ഏതാണ്ട് പതിവുപോലെ.

സമ്മാനജേതാക്കളായ കുതിരകൾക്ക് പ്രാധാന്യമുള്ളതാണ് ആറാം സൂക്തം. മൂന്നാം പദ്യത്തിൽ അഗ്നി സമ്മാനം നൽകുന്നു. ഇത് അഗ്നിതന്നെയാവാം. അതിനാൽ പദ്യത്തിലെ നാലാം പാദത്തിൽ “സ പ്രീതോ യാതി വാര്യം” (അവൻ പ്രീതനായി അമൂല്യമായത് കൊടുക്കാൻ പോകുന്നു) എന്നു പറയുന്നിടത്ത്, യജമാനന്മാർക്കു പ്രതിഫലം നൽകുന്ന ദേവനായും സമ്മാനത്തിനുവേണ്ടി മത്സരിക്കുന്ന ആലങ്കാരികമായ കുതിരയായും അഗ്നി പരാമർശിക്കപ്പെടുന്നു. അഗ്നിജ്വാലകൾ കുതിരകളും അവ നേടാൻ ശ്രമിക്കുന്ന സമ്മാനം പശുക്കളുമത്രേ. രണ്ടും ഒന്നാം പദ്യത്തിൽ വരുന്നുണ്ട്. പത്താം പദ്യത്തിലെ കുതിരകളുടെ സൂചന, പക്ഷേ, പരോക്ഷമാണ്.

ഏഴാം സൂക്തത്തിന്റെ തുടക്കത്തിൽ (1–3) കവി “സം” വ്യസ്തമായോ സമാസാന്തർഭൂതമായോ ആവർത്തിക്കുന്നു. ഒന്നാം പാദം “സഖ്യാഃ സം വഃ സമ്യഞ്ചം” എന്നിങ്ങനെ “സ/സം” എന്നതിന്റെ ആവർത്തനം കൊണ്ട് പ്രത്യേകം ശ്രദ്ധേയമാണ്. 4, 5, 7, 8 പദ്യങ്ങളിൽ “സം” എന്നതിനെ “സ്മാ/സ്മ” (എപ്പോഴുമെന്നപോലെ) എന്നതുകൊണ്ടു പ്രതിധ്വനിപ്പിച്ചിരിക്കുന്നു. പത്താം പദ്യം “ഇതി” എന്നു തുടങ്ങുന്നതും വ്യത്യസ്തവൃത്തത്തിലുള്ളതുമാണ്. അത് സൂക്തത്തിന്റെ പ്രധാനഭാഗത്തിൽനിന്നു പുറത്താണ്. അതുകൊണ്ട് കൃത്യമായ ഉപസംഹാരപദ്യം ഒമ്പതാമത്തേതാണ്. അവിടെ “സം”, ഇത്തവണ “ശം”–ഉമായാണ് പ്രതിധ്വനിക്കുന്നത്. ഈ ശബ്ദാവർത്തനം പ്രമേയപരമായും കണ്ണിചേരുന്നുണ്ട്: പുരോഹിതന്മാരും ഹവിസ്സുകളും തമ്മിലുള്ള ഐക്യം (സം) അഗ്നിയുടെ തിരിച്ചുവരവിനെയും (സ്മ/സ്മാ) അവസാനം അഗ്നിക്കു യജ്ഞം കൈവരുത്തുന്ന സൗഭാഗ്യത്തെയും (ശം) അഗ്നി ദേവന്മാർക്കും മനുഷ്യർക്കും ഉണ്ടാക്കുന്ന നേട്ടത്തെയും സൂചിപ്പിക്കുന്നു. 6–8 പദ്യങ്ങളിൽ കവി ഒരു പ്രസ്താവന നടത്തുന്നുണ്ട്. സൂക്തത്തിന്റെ ഉച്ചകോടിയിൽ ഈ പതിവില്ലാത്ത ഘടന അവിടെ അഗ്നി “മുന്നോട്ടൊഴുകുന്ന” നിമിഷം വിവരിക്കുന്നു. തീർച്ചയായും വ്യാപിപ്പിക്കപ്പെട്ട പ്രസ്താവന യജ്ഞാഗ്നിയുടെ വ്യാപനം വനത്തിലുടനീളം ഇഴഞ്ഞുനീങ്ങുന്നുവെന്നുപോലും സൂചിപ്പിക്കുന്നു.

എട്ടാം സൂക്തത്തിൽ കവി അഞ്ചാമത്തേതൊഴികെ എല്ലാ പദ്യങ്ങളും തുടങ്ങുന്നത് “ത്വാമഗ്നേ” (അഗ്നേ! നിന്നെ) എന്ന വാചകത്തോടെയാണ്. അഞ്ചാം പദ്യം “ത്വം അഗ്നേ” (അഗ്നേ! നീ) എന്നു സ്വല്പം വ്യത്യാസം വരുത്തിയത്രേ. ഗൃഹപതി, വംശപതി, വംശങ്ങളുടെ സമൂഹത്തിന്റെ പതി എന്നീ നിലകളിലുള്ള അഗ്നിയുടെ പങ്കുകളാണ് ഇവിടെ വിവരിക്കുന്നത്. പൂർവികർ അഗ്നി ജ്വലിപ്പിച്ചിരുന്നുവെന്നും (1–2) അവരുടെ അനന്തരതലമുറകളും ഇപ്പോഴത്തെ വംശങ്ങളും ഇപ്പോഴും അത് തുടരുന്നുവെന്നും (3) അഗ്നിയിലൂടെ അവർ ഉപജീവനം നടത്തുന്നുവെന്നും (5)കവി അനുസ്മരിപ്പിക്കുന്നു.

ഒൻപതാം സൂക്തത്തിൽ ഒരു പദ്യത്തെ മറ്റൊരു പദ്യവുമായി കണ്ണി ചേർക്കാൻ കവി വളരെ മിനക്കെട്ടിട്ടുണ്ട്. 2–3 പദ്യങ്ങൾ രണ്ട് അംഗവാക്യങ്ങളോടുകൂടിയ വാക്യമാണ്. “ഉത” (ഉം) കൊണ്ടാണ് കവി അവ കൂട്ടിച്ചേർക്കുന്നത്. 3–4 പദ്യങ്ങളുടെയും സ്ഥിതി ഇതുതന്നെ. “ഉത സ്മ” (ഉം വീണ്ടും) ആണ് അവിടെ കണ്ണി. ഇതുപോലെ “അധ സ്മ” (പിന്നീട് വീണ്ടും) അഞ്ചാം പദ്യത്തിന്റെ തുടക്കത്തിൽ. പദ്യങ്ങളുടെ ഈ ക്ലിഷ്ടസംയോജനത്തെ ഹവിസ്സുകളുടെ തുടർച്ചയുടെ രൂപപ്രതിഫലനമായി കാണാവുന്നതാണ്. അഥവാ, (രണ്ടാം പദ്യത്തിലെപ്പോലെ) യജ്ഞങ്ങളുടെയും യജ്ഞപ്രതിഫലങ്ങളുടെയും യജ്ഞത്തിലെ പങ്കാളികളുടെയും ഒത്തുചേരലിനെ, അല്ലെങ്കിൽ, (അഞ്ചാം പദ്യത്തിലെപ്പോലെ) ഉരുകിയൊലിച്ചുചേർന്ന ലോഹങ്ങളുടെ ബിംബകല്പനയാൽ വിപുലീകൃതമായ അഗ്നിജ്വാലകളുടെ കൂടിച്ചേരലിനെയോ അല്ലെങ്കിൽ (ആറാം പദ്യത്തിലെപ്പോലെ) അഗ്നി മിത്രനായി (മിത്രൻ സഖ്യത്തിന്റെ ദേവതയാണല്ലോ) പ്രത്യക്ഷപ്പെടുന്നതിൽനിന്ന് വ്യഞ്ജിപ്പിക്കപ്പെടുന്ന ദേവന്മാരും മനുഷ്യരും തമ്മിലുള്ള ഐക്യത്തിന്റെ സൂചനയെപ്പോലുമോ പ്രതിഫലിപ്പിക്കുന്നതാവാം. അഥവാ, ഇതെല്ലാംകൂടിയാവാം.

പത്താം സൂക്തം മുൻസൂക്തത്തിനു സമാന്തരമായി നിൽക്കുന്നു. കവിയും ഒന്നുതന്നെ. സ്തോതാക്കൾക്കും രക്ഷിതാക്കൾക്കും സമ്പത്ത് നൽകാനുള്ള ഋജുവും ഊർജസ്വലവുമായ അപേക്ഷയാണിതിൽ. 3, 6 പദ്യങ്ങളിൽ ഇത് പരാമർശിച്ചിട്ടുണ്ട്. മൂന്നിൽ രക്ഷിതാക്കളും മനുഷ്യരുമെന്നു പറഞ്ഞത് രക്ഷിതാക്കളെയും പുരോഹിതന്മാരെയുമാണോ മനുഷ്യർ രക്ഷിതാക്കളുടെ ആൾക്കാരെത്തന്നെയാണോ ഉദ്ദേശിച്ചതെന്നു വ്യക്തമല്ല. അതുപോലെ നാലാം പദ്യത്തിൽ ഗാനങ്ങളെ സുന്ദരമാക്കുന്നവർ രക്ഷിതാക്കളോ പുരോഹിതരോ അതോ രണ്ടുകൂട്ടരുമോ എന്നും ഉറപ്പില്ല. അഗ്നി

സമ്പത്തു കൊണ്ടുവരാൻ കഴിവുള്ളവനും അവൻ അതു കൊണ്ടുവരുമെന്നും സൂക്തം ആവർത്തിക്കുന്നു. അഗ്നി യജ്ഞം നടത്തിക്കുന്ന പുരോഹിതനും ഹവിസ്സുകൾ സ്വീകരിക്കുന്ന ദേവനുമായി, ആ അർഥത്തിൽ യജ്ഞാർഹനായി, വർണിക്കപ്പെടുന്നു.

മുൻസൂക്തത്തിലെപ്പോലെ 11-ാം സൂക്തത്തിലും അഗ്നിയോട് ഊർജസ്വലമായ ഒരു കാര്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അഗ്നിയുടെ വികാസത്തിലും ഇതിൽ ഊന്നലുണ്ട്: അവന്റെ പ്രകാശം (1), പുക സ്വർഗത്തിൽ തൊടുന്നത് (3), അവൻ ദൃശ്യമായ ദീപസ്തംഭമാണെന്ന കാര്യം (2, 3), ഓരോ വീട്ടിലും അവൻ സന്നിഹിതനാണെന്ന വസ്തുത (4), അവൻ മഹാശക്തിപൂർണനാണെന്ന സംഗതി (5), ആദ്യത്തെ മനുഷ്യനായ വിവസ്വാനിലേക്കുള്ള വഴിയിൽ മുഴുവൻ അവൻ പിന്നോട്ടും വ്യാപിക്കുന്നുവെന്ന കാര്യം (3). ഭരതന്മാർക്കുവേണ്ടിയാണ് അഗ്നി തിളങ്ങുന്നതെന്ന വർണനം അവന്റെ വ്യാപനത്തിലുള്ള ഈ ഊന്നൽ വിശദീകരിക്കുന്നുണ്ടാവാം. ഈ സൂക്തത്തിലെ അഗ്നി ഭരതന്മാരുടെ ഗോത്രാഗ്നിയാകയാൽ ഭരതജനങ്ങളുടെ ഓരോ വീട്ടിലും അവൻ സന്നിഹിതനാണെന്നും ഭരതന്മാരുടെ അതിർത്തികൾക്കോ അധികാരശക്തിക്കോ അകത്താകെയും അവൻ വ്യാപിക്കുന്നുവെന്നും കവി ഊന്നിപ്പറയാനാഗ്രഹിക്കുന്നു.

12-ാം സൂക്തത്തിൽ കവി സത്യം (ഋതം) പറയുന്നുവെന്നും അതുകൊണ്ട് അഗ്നി സ്വയം സത്യം പറയുന്നുവെന്നും (3) സത്യം ശ്രദ്ധിക്കുന്നുവെന്നും (2) അവൻ കവിയെ ശ്രദ്ധിക്കുകയും അവന്റെ ആഗ്രഹങ്ങൾ അംഗീകരിക്കുകയും ചെയ്യണമെന്നും ഈ സൂക്തം ആവർത്തിച്ചുറപ്പിക്കുന്നു. അഞ്ചാം പദ്യത്തിൽ കവി സ്വയം ഇതിനു വിരുദ്ധമായി പറയുന്നതു ശ്രദ്ധേയമാണ്: ഒരിക്കൽ മിത്രങ്ങളായി ഭാവിച്ചവർ സത്യം പറയുന്നത് വിശ്വസിക്കാനാവില്ല. തനിക്കെതിരെയുള്ള അവരുടെ വാക്കുകളും ആക്രമണങ്ങളും ഇപ്പോൾ വക്രീകൃതവും മിഥ്യയുമായേക്കും. നാലാം പദ്യത്തിലെ ആക്ഷേപഹാസ്യമൂറുന്ന ചോദ്യങ്ങൾ നോക്കുക. വാസ്തവത്തിൽ, കള്ളം പറയുന്ന ഒരു ചതിയന് അഗ്നി സംരക്ഷണം നൽകുകയില്ല.

മുൻസൂക്തത്തെപ്പോലെ 13-ാം സൂക്തവും അഗ്നിക്കു നൽകുന്ന ഒരു സ്തുതിഗാനമാണ്. അവനെ വളരുവാനും ഹോതാവായി യജ്ഞമനുഷ്ഠിക്കാനും കാരണമാക്കുന്ന സ്തുതിഗാനം. സൂക്തത്തിന്റെ മാർഗം അഗ്നിയുടെ വളർച്ചയെ അനുഗമിക്കുന്നു. ഒന്നാം പദ്യത്തിൽ യജമാനന്മാർ അഗ്നിയെ ജ്വലിപ്പിക്കാൻ തുടങ്ങുന്നു. അവൻ പിന്നീടു വ്യാപകമായി പടരുകയും (4) വളരുകയും (5) ചെയ്യുന്നു. അവസാനം ആറാം പദ്യത്തിൽ അവൻ ദേവന്മാരെ വലംവെക്കുന്നു.

തന്റെ കഴിഞ്ഞ രണ്ടു സൂക്തങ്ങളിലെപ്പോലെ സുതംഭരൻ ഈ 14-ാം സൂക്തത്തിലും അഗ്നിയെ ഉണർത്താനുള്ള സ്തുതിഗാനത്തിന്റെ കരുത്ത് ഊന്നിപ്പറയുന്നു. ഇവിടെ പദ്യങ്ങളിൽ ആദ്യം അഗ്നിയുടെ പേരോ (1, 4-6) അഗ്നിയെ പരാമർശിക്കുന്ന സർവനാമമോ (2, 3)പ്രയോഗിച്ചിരിക്കുന്നു. ഒടുവിൽ പറഞ്ഞ ഈ രണ്ടു പദ്യങ്ങൾചേർന്ന് ഒരു വാക്യമാകുന്നു. അതിൽ അവസാനം (3-ാം പദ്യം ഉത്തരാർധം) അഗ്നിപദം വരുന്നുമുണ്ട്.

15-ാം സൂക്തത്തിന്റെ കവിയായ ധരുണൻ ആ ശബ്ദത്തിന്റെ പല തരത്തിലുള്ള നിരുക്തികളും മറ്റു രൂപഭാവതലങ്ങളും സൂക്തത്തിന്റെ പ്രമേയമാക്കിയിരിക്കയാണ് ഇതിൽ. ഈ പദത്തെക്കൊണ്ടുള്ള കളികൾ, സമ്പത്തിന്റെയും സാധനങ്ങളുടെയും ആധാരമെന്ന അഗ്നിയുടെ ധർമത്തിന് അടിവരയിടുന്നു.

16-ാം സൂക്തവും അടുത്തതും ഒരേ കവിയുടേതുതന്നെ. അതുകൊണ്ടുതന്നെ രണ്ടും തമ്മിൽ പല സമാന്തരതകളും കാണുന്നു: രണ്ടും ഒരേ വൃത്തത്തിലാണ്; പദ്യങ്ങളുടെ എണ്ണവും ഒരുപോലെ; അന്തിമപദ്യപാദം രണ്ടിലും ഒന്നുതന്നെ. അഗ്നിയും പുരോഹിതന്മാരും അവരുടെ രക്ഷിതാക്കളും തമ്മിലുള്ള സഖ്യത്തിന് ഇതിലെ 3-4 പദ്യങ്ങളിലും മറ്റു പല സ്ഥലങ്ങളിലും കവി ഊന്നൽ കൊടുക്കുന്നു.

17-ാം സൂക്തത്തിലെ ശ്രദ്ധേയമായ ബിംബകല്പന ഹവിസ്സുകൾ സ്വീകരിക്കുന്ന അഗ്നിയുടെയും സൂക്തങ്ങൾ ചൊല്ലുന്ന കവിയുടെയും വായയുടേതാണ്. കവി രണ്ടാം പദ്യത്തിൽ "ആസ്യ" (ഇവന്റെ) എന്ന ശബ്ദപ്രയോഗം കൊണ്ട് ഈ വായകളെ അഗ്നിയുമായോ കവിയുമായോ ബന്ധപ്പെടുത്തുകയോ താദാത്മ്യപ്പെടുത്തുകപോലുമോ ചെയ്യുന്നു. അഞ്ചാം പദ്യത്തിലും അങ്ങനെത്തന്നെ. കവി ഈ രണ്ടു വായകളിൽ ഊന്നാൻ കാരണം യജ്ഞത്തിന്റെ രക്ഷിതാവിന് ഇതുകൊണ്ട് സ്വയം പ്രശസ്തനാവാൻ കഴിയുമെന്നു വിചാരിക്കുന്നതാണ് (2). മൂന്നാം പദ്യത്തിൽ, പക്ഷേ, കവി അഗ്നിയുടെ വായയെ മാത്രം പരാമർശിക്കുകയും ലൈംഗികകല്പനയിലേക്ക് മാറുകയും ചെയ്യുന്നു (3). "കുത്തിക്കയറ്റം" കവിയുടെ ഗാനത്തിന്റെയോ അരണികടയലിന്റെയോ ആവാം. കാരണം, അതിന് ഒരു ലൈംഗികസ്വരമുണ്ട്. അപ്പോൾ "ദിവോ ന യസ്യ രേതസാ" (സ്വർഗത്തിന്റേതെന്നപോലെ ഇവന്റെ രേതസ്സുകൊണ്ടാണ്) എന്ന മൂന്നാം വരിയിലെ അഗ്നിയുടെ രേതസ്സ് കനത്ത ജ്വാലകളെ വിവരിക്കുന്നു.

18-ാം സൂക്തം ദാനസ്തുതിയാണ് – ഉദാരരായ രക്ഷിതാക്കകൾക്കുള്ള സ്തുതി. സ്വയം, പരിഹാസമായിട്ടാവാം, "വാഹനം തകർക്കപ്പെട്ടവൻ" എന്നു വിളിക്കുന്ന ദ്വിതൻ തന്റെ രക്ഷിതാക്കൾക്കു പ്രതിഫലം നൽകാൻ അഗ്നിയെ വിളിക്കുന്നു. അഗ്നി അവർക്ക് യശസ്സു നൽകണം. ഈ യശസ്സും ഭാഗികമായും നേരിട്ടും ഈ സൂക്തംതന്നെ സൃഷ്ടിക്കുന്നതത്രേ. അവർ ഈ പ്രതിഫലം അർഹിക്കുന്നുണ്ട്; കാരണം, അവർ ദ്വിതന് ഉദാരമായി ധാരാളം കുതിരകളെ ദാനമായി നൽകിയിട്ടുണ്ട് (3, 5). സൂക്തം ഗായകന്റെ "ഉജ്ജ്വലമായ ഉൾക്കാഴ്ച്ചയെ" പരാമർശിക്കുമ്പോൾ, പരോക്ഷമായാണെങ്കിലും ദ്വിതനെ സ്തുതിക്കുന്നുണ്ട് (4).

19-ാം സൂക്തത്തിന്റെ ഉള്ളടക്കത്തെപ്പറ്റിയും ഘടനയെപ്പറ്റിയും പണ്ഡിതലോകത്ത് അഭിപ്രായവ്യത്യാസങ്ങൾ

നിലനിൽക്കുന്നുണ്ട്. വൃത്തത്തെ അടിസ്ഥാനമാക്കി മൂന്നു സൂക്തങ്ങളുടെ സമാഹാരമാണിത് എന്നുവരെ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആദ്യത്തെ രണ്ടു പദ്യങ്ങൾ അഗ്നിയുടെ ജനനത്തെപ്പറ്റിയാണ്. അത് മനുഷ്യരുടെ ജനനത്തെപ്പോലെത്തന്നെയെന്ന സൂചന യുൾക്കൊള്ളുന്നു. മൂന്നാം പദ്യത്തിൽ പറയുന്ന ശൈത്രേയൻ ആരെന്നു വ്യക്തമല്ല. മക്കൾ ജ്വാലകളായ അത് അഗ്നിതന്നെയാവാം. അല്ലെങ്കിൽ, ഒരു ഗോത്രനേതാവാവാം. ബൃഹദുക്തനും ശൈത്രേയനും തമ്മിലുള്ള ബന്ധവും അവ്യക്തം. നാലാം പദ്യം തികച്ചും വ്യക്തമല്ലെങ്കിലും, അഗ്നി ജനിച്ചപ്പോൾ തന്നെ ജനിപ്പിച്ച രണ്ട് അരണിക്കോലുകളുമായി ഇണ ചേരുകയും അവ തിന്നുകയും ചെയ്തുവെന്ന ആശയം നിവേദിക്കുന്നതായി തോന്നുന്നു. അവസാനപദ്യം പൂർണവളർച്ചയെത്തിയ അഗ്നിയെ വർണിക്കുന്നു. അവന്റെ ജ്വാലകൾ കാറ്റത്ത് പറക്കുന്നു.

മുൻസൂക്തത്തിലും വരുന്ന മൂന്നു സൂക്തങ്ങളിലും കവിയുടെ പേര് അതതു സൂക്തങ്ങളിൽനിന്നുതന്നെ എടുത്തതാണ്. 20–ാം സൂക്തത്തിൽ മൂന്നാം പദ്യത്തിലെ നാലാം വരിയിലുള്ള “പ്രയസ്വന്ത”ശബ്ദം. രണ്ടാമത്തേതിലൊഴികെ മറ്റെല്ലാ പദ്യങ്ങളിലും എടുത്തു പറഞ്ഞ ഗാനങ്ങൾതന്നെ ഈ സൂക്തത്തിലെ പ്രധാനപ്രമേയം. അവിടെപ്പോലും പൂർവാർധത്തിൽ പരോക്ഷമായി പരാമർശിക്കുന്നുണ്ട്. താൻ വിമർശിക്കുന്ന പ്രതിയോഗികളായ കവികൾ അഗ്നിയിലൂടെ അഭിവൃദ്ധിപ്പെട്ടവരെങ്കിലും പല കാരണങ്ങളാൽ പ്രവർത്തിക്കുകയോ ഇപ്പോൾ ശരിയായി യജ്ഞം നടത്തുകയോ ചെയ്യുന്നില്ലെന്നേ ഉള്ളൂ എന്നു കവി ധ്വനിപ്പിക്കുന്നു.

21–ാം സൂക്തത്തിന്റെ കവിയുടെ പേര് സസനെന്നാണെന്ന് ഇവിടെ നാലാം പദ്യത്തിലെ അഞ്ചാം വരിയിൽനിന്നു മനസ്സിലാക്കാം. അഗ്നിയെ ദേവനായും ദേവന്മാർക്കു യജ്ഞം ചെയ്യുന്നവനുമായാണ് കവി സംബോധന ചെയ്യുന്നത്.

22–ാം സൂക്തത്തിന്റെ ഒന്നാം പദ്യത്തിൽ കവി വിശ്വസാമാവ് സ്വയം സംബോധന ചെയ്യുന്നതാവാം. അങ്ങനെ ചെയ്യുമ്പോൾ അവൻ തന്റേപേരിന്റെ സാർഥകത്വത്തിൽ ക്രീഡിക്കുകയുമാവാം. എല്ലാ സ്വരവുമുള്ളവൻ എന്നാണല്ലോ ആ വാക്കിന്നർഥം. അവൻ സ്വയമേവ സ്തുതിക്കാൻ അഗ്നിയെ വിളിക്കുന്നു. യജ്ഞത്തിൽ അഗ്നി ഹോതാവായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അവൻ ഹോതാവിനെപ്പോലെ ശ്രദ്ധാലുവാണ്. അതുകൊണ്ട് വിശ്വസാമാവ് തന്റെ സ്തുതിയിലും വാക്കുകളിലും അഗ്നി ശ്രദ്ധാലുവാകണമെന്ന് അഗ്നിയോടു പറയുന്നു. “ഗോത്രത്തിലെ ഹോതാവ്” എന്ന് അഗ്നിയെ ഒന്നാം പദ്യത്തിലും “അത്രികളെ” നാലാം പദ്യത്തിലും പരാമർശിക്കുന്നതുകൊണ്ട് ഈ ഹ്രസ്വസൂക്തം അത്രികളുടെ ഗോത്രാഗ്നിക്കു സമർപ്പിക്കപ്പെട്ടതാണെന്നു വിചാരിക്കാം. അതുകൊണ്ട് ആ ഗോത്രാഗ്നി ആ ഗോത്രത്തിലെ കവികളുടെ വാക്ക്, പ്രത്യേകിച്ച് ഗാനരൂപമായ വാക്ക്, ശ്രദ്ധിച്ചിരിക്കണമല്ലോ.

23–ാം സൂക്തം സമ്പത്ത്, വിശേഷിച്ച് കന്നുകാലിസമ്പത്ത്, നൽകുന്ന അഗ്നിയെ വിളിക്കുന്നു (2). അത് ചുറ്റുപാടുമുള്ള ഭൂമികളുടെ ആധിപത്യം കൈവരുത്തുന്നു. അതേ സമയം, അഗ്നിക്ക് സമ്പത്തും ശക്തിയും നൽകാനുള്ള കഴിവ് യജമാനന്മാരെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. അവരാണ് വിശുദ്ധദർഭപ്പുൽ കൊണ്ടുവരുന്നതും അഗ്നിയെ ഹോതാവായി സ്ഥാപിക്കുന്നതും (3). അവരുടെ വാക്കുകൾ അവനു ശക്തി നൽകുന്നു (1). അഗ്നിയെ പിന്തുടരുന്ന ഗോത്രവർഗങ്ങളുടെയും (3) “വിശ്വചർഷണി” (എല്ലാ പ്രദേശങ്ങളുമായി ബന്ധമുള്ളവൻ) എന്ന അഗ്നിയുടെതന്നെയും പരാമർശങ്ങൾ (4) ഈ അഗ്നി പല തരം ആര്യജനതകൾക്കു പൊതുവായ അഗ്നിയായിരുന്നുവെന്നു സൂചിപ്പിക്കുന്നു.

*അനുക്രമണി*പ്രകാരം 24–ാം സൂക്തത്തിലെ ഓരോ പദ്യവും ഓരോ കവി (മേൽ കാണിച്ചതുപോലെ) രചിച്ചതാണ്. ഐതിഹ്യമനുസരിച്ച് ഇവർ ഗൗപായനകുടുംബത്തിൽപ്പെട്ടവരാണ്. പക്ഷേ, ഇത് ശരിയല്ലെന്ന അഭിപ്രായവുമുണ്ട്. സൂക്തത്തിലെ ഒന്നും മൂന്നും പദ്യങ്ങൾ സംരക്ഷണത്തിനും രണ്ടാമത്തേത് പൊതുവെ സമ്പത്തിനും വേണ്ടിയുള്ളതാണ്. അവസാനപദ്യം അഗ്നിയുടെ ആനുകൂല്യത്തിനുവേണ്ടി. ആ ആനുകൂല്യം എന്തിനുവേണ്ടിയെന്നു വ്യക്തമല്ല.

ഒമ്പതാം പദ്യത്തെ ആസ്പദിച്ചാവണം 25–ാം സൂക്തം വസൂയവസ്സിന്റേതാണെന്നു നിശ്ചയിച്ചത്. അതിൽ കവി താൻ വസൂയവസ്സാണെന്നു പറഞ്ഞിട്ടുണ്ട്. മൂന്ന് തൃചങ്ങളിലായാണ് സൂക്തം. ആദ്യത്തെ തൃചത്തിൽ അഗ്നി സന്നിഹിതനാവുകയും (2) തിളങ്ങാൻ തുടങ്ങുകയും (3) ചെയ്യുന്നു. രണ്ടാം തൃചത്തിൽ (4–6) അഗ്നി പൊട്ടിത്തെറിക്കുന്നു. അവസാനത്തെ തൃചത്തിൽ (7–9) അഗ്നിയുടെ ശബ്ദം കാരണം കവി അവന്റെനേരെ അധികം തിരിയുന്നില്ല. ഉറക്കെയുറക്കെയുള്ള അഗ്നിയുടെ പടപടശബ്ദം യജ്ഞത്തിന്റെ പദങ്ങളിലും മറ്റു ശബ്ദങ്ങളിലും പ്രതിഫലിക്കുന്നു. പിടിക്കല്ലുകളുടെയും സോമം ഇടിക്കുന്നതിന്റെയും സ്തുതികളുടെയും ചൊല്ലുകളുടെയും ശബ്ദങ്ങൾ യജ്ഞത്തിലാകെ മുഴങ്ങുന്നു. അഗ്നി സുരക്ഷ കൈവരുത്തുന്നുവെന്നു സൂക്തം മൊത്തത്തിൽ പറഞ്ഞുവെക്കുന്നു.

മുൻ സൂക്തത്തിലെപ്പോലെ 26–ാം സൂക്തവും മൂന്നു തൃചങ്ങളിലായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ആദ്യത്തെ രണ്ടു തൃചങ്ങൾ (1–3, 4–7) അഗ്നിയെ നേരിട്ടു സംബോധന ചെയ്യുന്നു. ദേവന്മാർക്കു ഹവിസ്സ് നൽകുകയും യജ്ഞം പൂർണമാക്കുകയും ചെയ്യുന്ന തന്റെ പങ്ക് ഏറ്റെടുക്കണമെന്ന് അവിടെ പറയുന്നു. മൂന്നാം തൃചത്തിൽ (7–9) കവി തന്റെ കൂട്ടുകാരായ പുരോഹിതന്മാരിലേക്കു തിരിയുന്നു. അവരോട് അഗ്നിയെ പ്രതിഷ്ഠിക്കാനും ദേവന്മാർക്ക് ഇരിപ്പിടമൊരുക്കാനും യജ്ഞങ്ങൾ ക്രമപ്രകാരം നടത്താനും പറയുന്നു. അവസാനപദ്യത്തിൽ അഗ്നിയോട് പ്രകാശിക്കാനും പുരോഹിതന്മാരോട് തങ്ങളുടെ പങ്കുകൾ വഹിക്കാനും എല്ലാ ദേവന്മാരോടും അവരവരുടെ ഇരിപ്പിടങ്ങളിൽ വന്നിരിക്കാനും അഭ്യർഥിക്കുന്നു.

27–ാം സൂക്തം രണ്ടു തൃചങ്ങളിലായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. മിത്രങ്ങളായ രക്ഷിതാക്കളെയോ രാജാക്കന്മാരെയോ അഭിസംബോധന ചെയ്യുന്ന ദാനസ്തുതിയാണിത്.

*അനുക്രമണി* ഈ 28–ാം സൂക്തം ആത്രേയിയുടേതാണെന്നു പറയുന്നുണ്ടെങ്കിലും യജ്ഞസ്രുക്കിനെ വിശേഷി

പ്പിക്കാറുള്ള “വിശ്വവാരാ” (കാമ്യവസ്തുക്കളെല്ലാം കൈവരുത്തുന്നത്) എന്നാണ് പേരായി ചേർത്തിട്ടുള്ളത്. ആകെ ആറു പദ്യങ്ങളുള്ള ഈ സൂക്തം നാലു വ്യത്യസ്തവൃത്തങ്ങളിലായാണ് രചിച്ചിരിക്കുന്നതെന്നതാണ് ഇതിന്റെ സവിശേഷത. ഇത് സൂചിപ്പിക്കുന്നത്, സാമിധേനീസൂക്തങ്ങളെപ്പോലെ, ജ്വലനവുമായി ബന്ധപ്പെട്ട കുറച്ച് ആത്രേയാഗ്നിസൂക്തങ്ങളുടെ ഒരു സമാഹാരമെന്നേ ഇതേപ്പറ്റി പറയാനാവൂ. ആദ്യത്തെ മൂന്നു പദ്യങ്ങൾ (ഒന്നാം തൃചം) താൻ ജ്വാലകളിലൂടെ വരുന്നത് കാണിക്കാൻ അഗ്നിയോടാവശ്യപ്പെടുന്നു. രണ്ടാമത്തെ തൃചം (4–6) പൂർണമായി പ്രകാശിക്കുന്ന അഗ്നിയെ സ്തുതിക്കുകയും ഹവിസ്സുകൾ ദേവന്മാരിലെത്തിക്കുന്ന യത്നം നിർവഹിക്കാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

29–ാം സൂക്തം പ്രധാനമായും ഇന്ദ്രന്റെ മഹത്തായ കർമങ്ങൾ, വിശേഷിച്ച് വൃത്രകഥയും അതിൽ മരുത്തുക്കളുടെ പങ്കും (1–4, 6–9), വിവരിക്കുന്നു. അത്രതന്നെ പ്രസിദ്ധമല്ലാത്ത രണ്ടു പുരാവൃത്തങ്ങളും ഇടയിൽ ചേർത്തിട്ടുണ്ട്: തേർപ്പന്തയത്തിൽ ഇന്ദ്രനും സൂര്യനും തമ്മിലുള്ള സംഘർഷവും (5, 9–10) കുത്സനോടൊപ്പം ഉശനസ്സിന്റെ വീട്ടിലേക്കുള്ള യാത്രയും ശുഷ്ണനെ കീഴ്പ്പെടുത്തലും (9). വലപുരാവൃത്തമുൾപ്പെടെ മറ്റ് ഇന്ദ്രവിക്രമങ്ങളെപ്പറ്റി സംക്ഷിപ്തപരാമർശങ്ങളേ ഉള്ളൂ (9). കവി പല തവണ ആദ്യത്തെ ആര്യപുരുഷനും യജമാനനുമായ മനുവെ പുരാവൃത്തപരമായ ഭൂതകാലവുമായി ബന്ധപ്പെടുത്തി പരാമർശിക്കുന്നുണ്ട് (1, 3, 7). സൂക്തം ചിലപ്പോൾ വർത്തമാനകാലത്തിലെന്നപോലെ പുരാവൃത്തങ്ങൾ ആഖ്യാനം ചെയ്യുന്നുണ്ട് (1, 6, 12). വർത്തമാനകാലഗായകരെ മരുത്തുക്കളും അംഗിരസ്സുകളുമായി താദാത്മ്യപ്പെടുത്താനായിരിക്കാം ഈ തന്ത്രം.  അവസാനത്തെ മൂന്നു പദ്യങ്ങളിൽ (13–15) ഇന്ദ്രകർമങ്ങളുടെ വിശ്വവ്യാപ്തി സൂചിപ്പിക്കുന്നു. അന്തിമപദ്യത്തിൽ സ്വന്തം സുവിരചിതകാവ്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. “സാധനങ്ങൾ ഇച്ഛിക്കുന്ന” (വസൂയുഃ) എന്ന പ്രയോഗം കവി പകരം ചിലത് പ്രതീക്ഷിക്കുന്നുണ്ടെന്നു ധ്വനിപ്പിക്കുന്നു.

30–ാം സൂക്തം  ഒരുവിധം ഋജുവായി കാലക്രമത്തിൽ കാര്യങ്ങൾ വിവരിക്കുന്ന ഒന്നാണ്. കവി ഇന്ദ്രൻ എവിടെയെന്ന് അത്ഭുതപ്പെട്ടുകൊണ്ടു തുടങ്ങുന്നു (1). പിന്നീട്, യജ്ഞത്തിലേക്കു പോകുന്ന വഴിയിലാണെന്നു മനസ്സിലാക്കുന്നു (2). യജ്ഞത്തിൽ അവന്റെ വീരകർമങ്ങൾ ചൊല്ലാമെന്നു ദേവനോടു വാഗ്ദാനം ചെയ്യുന്നു (3). ഈ ചൊല്ലൽ 4–10 പദ്യങ്ങൾ ഉൾക്കൊള്ളുന്നു. പതിനൊന്നാം പദ്യം ആ ഖണ്ഡത്തിന്റെ ഉപസംഹാരം (11). പിന്നെ കവി യജ്ഞപരിസരത്തിലേക്കു തിരിച്ചുവരുന്നു. ഇന്ദ്രൻ സോമത്തിൽ പ്രസന്നനായി പശുക്കളെ നൽകുന്നു. ഈ പുരാവൃത്തമാതൃക സുഖമായി അവസാനത്തെ, കവിയുടെ ദാനസ്തിരൂപമായ നാലു പദ്യങ്ങളിലെത്തുന്നു (11–15). അവിടെ കവി തന്റെ രക്ഷിതാക്കന്മാരായ രുശമന്മാരെയും അവരുടെ രാജാവായ ഋണഞ്ചയനെയും സ്തുതിക്കുന്നു. അവർ അവനു നാലായിരം പശുക്കളും പ്രവർഗ്യോപയോഗിയായ ഒരു തപ്തഘർമവും ദാനം ചെയ്തിരുന്നു. പതിനാലാം പദ്യത്തിൽ കവിനാമപരാമർശമുണ്ട്. ഇന്ദ്രന്റെ വീരകർമങ്ങളിൽ വലപുരാവൃത്തം (4), വൃത്രപുരാവൃത്തം (5–6), നമുചിയെ കീഴ്പ്പെടുത്തൽ (7–8) എന്നിവ പരാമർശിക്കപ്പെടുന്നു. “സ്ത്രീകളെ ആയുധമാക്കിയ” ദാസൻ അതിനിടയിൽ കടന്നുവരുന്നു (9).

ഈ മണ്ഡലത്തിലെ മുൻപത്തെ ഇന്ദ്രസൂക്തങ്ങളെപ്പോലെ 31–ാം സൂക്തവും ഇന്ദ്രന്റെ മഹത്തായ വീരകൃത്യങ്ങളുടെ യജ്ഞത്തിൽ ചൊല്ലാനുള്ള സ്ഥിതിവിവരക്കണക്കാണ് (5–6). യജ്ഞത്തിലേക്കുള്ള ഇന്ദ്രന്റെ യാത്ര 1–2 പദ്യങ്ങളിൽ വിവരിക്കുന്നു. വീരകർമങ്ങളുടെ വിവരണം ശിഥിലക്രമത്തിലുള്ള കുറേ പുരാവൃത്തങ്ങളത്രേ. സൂര്യചക്രം ((11), കുത്സനും ഉശനസ്സും (7–10) എന്നിവയുമായി ബന്ധപ്പെട്ട കഥകളാണ് പ്രധാനം. അവസാനത്തെ രണ്ടു പദ്യങ്ങളിൽ യജ്ഞസന്ദർഭത്തിലേക്കു മടങ്ങിവരുന്നു. ഇന്ദ്രൻ യജ്ഞത്തിൽ എത്തിച്ചേരുന്നതും (12) ഇന്ദ്രന്റെ സഹായത്തിനുവേണ്ടിയുള്ള അഭ്യർഥനയും (13) അവിടെ വിവരിക്കുന്നു.

32–ാം സൂക്തം മറ്റു പല ഇന്ദ്രസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി വൃത്രപുരാവൃത്തത്തിൽമാത്രം കേന്ദ്രീകരിക്കുന്നു. 1–8 പദ്യങ്ങളിൽ വൃത്രയുദ്ധത്തിന്റെ വിവരണം. പക്ഷേ വൃത്രൻ എന്ന് എവിടയും പ്രയോഗിക്കുന്നില്ല. ദാനവൻ എന്നാണ് മിക്ക ദിക്കിലും വൃത്രനെ വിശേഷിപ്പിച്ചിട്ടുള്ളത്. ഒരിടത്ത് ശുഷ്ണനെന്നും കാണുന്നു. വാസ്തവത്തിൽ ഇന്ദ്രൻ വധിച്ച മറ്റൊരു ശത്രുവിന്റെ പ്രസിദ്ധമായ പേരാണത്. “ചീറ്റുന്നവൻ” എന്ന നൈരുക്തികാർഥത്തിലവാം ഈ പ്രയോഗം. അടുത്ത മൂന്നു പദ്യങ്ങൾ (9–11) ഇന്ദ്രന്റെ ശക്തി പ്രപഞ്ചമാകെ അംഗീകരിച്ചതായി വർണിക്കുന്നു. ഇന്ദ്രൻ കവിക്കു നൽകുന്ന നേട്ടങ്ങളെ പ്രതിപാദിക്കുന്നതാണ് അവസാനപദ്യം (12).

33–ാം സൂക്തത്തിന്റെ ഘടന താരതമ്യേന ഋജുവാണ്. സൂക്തം ഇന്ദ്രനെ സ്തുതിച്ചുകൊണ്ട് തുടങ്ങുന്നു (1). യജ്ഞത്തിലേക്കു വരാൻ ദേവനെ പ്രചോദിപ്പിക്കുകയാണ് ലക്ഷ്യം. 2–3 പദ്യങ്ങൾ ഇന്ദ്രാശ്വങ്ങളെ നുകത്തിൽ കെട്ടലുൾപ്പെടെയുള്ള യജ്ഞയാത്രയുടെ വിവരണം. മറ്റു യജ്ഞങ്ങൾ നടക്കുന്നുണ്ടെന്നു കവിക്കറിയാം (4). പക്ഷേ, തന്റെ യജ്ഞത്തിലേക്കുതന്നെ വരണമെന്നു തുടർന്നു പറയുന്നു (5). ഇന്ദ്രനോടു ദാനങ്ങൾ ചോദിക്കുന്നവയാണ് അടുത്ത രണ്ടു പദ്യങ്ങൾ (6–7). ദാനസ്തുതിരൂപമായ മൂന്നു (8–10) പദ്യങ്ങളോടുകൂടി സൂക്തം അവസാനിക്കുന്നു.

34–ാം സൂക്തത്തിന്റെ ആദ്യത്തെ മൂന്നു പദ്യങ്ങൾ യജമാനന്മാരെ ഇന്ദ്രനു ഹവിസ്സുകൾ നൽകാനും പകരം യജ്ഞോർജനിക്ഷേപമാർജിക്കാനും ഉൽബോധിപ്പിക്കുന്നു. സൂക്തത്തിന്റെ ഭൂരിഭാഗവും ഉദാരരും പിശുക്കരും തമ്മിലുള്ള വൈരുധ്യവും ഇരുകൂട്ടരുടെയും വിധിയും വിവരിക്കുന്നതിനു നീക്കിവെച്ചിരിക്കുന്നു (5–7). നൽകാത്തവർക്ക് ഇന്ദ്രൻ കൊടുക്കുന്ന ശിക്ഷ സാഭിനിവേശം വർണിച്ചിരിക്കുന്നു. നാലാം പദ്യത്തിൽ ഇന്ദ്രൻ അച്ഛനെയും അമ്മയെയും സഹോദരനെയും കൊല്ലുന്നതായി ചിത്രീകരിക്കുന്നത് ഈ സൂക്തത്തിന്റെ ഒരു സവിശേഷതയാകുന്നു. ദാനസ്തുതി

രൂപമായ 9–ാം പദ്യത്തോടുകൂടി സൂക്തം സമാപിക്കുന്നു.

35–ാമത്തേത് ഇന്ദ്രനെ സഹായത്തിനു വിളിക്കുന്ന ഒരു ലളിതസൂക്തം. സഹായാർഥകമായ അവ് ധാതുവിൽനിന്നു നിഷ്പന്നമായ നാമരൂപമോ ക്രിയാരൂപമോ ആദ്യത്തെ മൂന്നു പദ്യങ്ങളിലും (1–3) അവസാനത്തെ രണ്ടു പദ്യങ്ങളിലും (7–8) കാണാം. ഇടയിലുള്ള 4–6 പദ്യങ്ങളിൽ ഇന്ദ്രന്റെ ശക്തികളെക്കുറിച്ചുള്ള മാമൂൽപ്പദ്യങ്ങൾ മാത്രം. മുൻസൂക്തത്തിന്റെ അതേ കവിയുടെ മറ്റൊരു സൂക്തമാണ് 36–ാമത്തേത്. ഇന്ദ്രന്റെ സഹായത്തിനുള്ള അഭ്യർഥന. ആദ്യത്തെ നാലു പദ്യങ്ങൾ ഇന്ദ്രനെയും സോമനെയും ഗായകരെയും ചിത്രീകരിക്കുന്ന ഉപമകളുടെ പരമ്പര നിറഞ്ഞവയാണ്. അഞ്ചാമത്തേത് ഇന്ദ്രനെ വൃഷശബ്ദാവലി ചേർത്ത് വിശേഷിപ്പിക്കുന്ന അസാധാരണപദ്യമത്രേ. അന്തിമമായ ആറാം പദ്യം ലഘുവായൊരു ദാനസ്തുതി.

പ്രഭാതയജ്ഞപ്രവർത്തനവർണനത്തിനുവേണ്ടി നീക്കിവെച്ച രണ്ടു പദ്യങ്ങളോടുകൂടി 37–ാം സൂക്തം ആരംഭിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (4–5) ഇന്ദ്രൻ സന്നിഹിതനായ യജ്ഞം നടത്തിയ രാജാവിന്റെ വിജയത്തെ, ഇന്ദ്രന്റെ മഹത്തായ വീരകൃത്യങ്ങളെ (വലഗുഹാഭേദനം, വൃത്രവധം മുതലായവ) സ്വാംശീകരിച്ച രാജാവിന്റെ പ്രവർത്തനങ്ങളോടുകൂടി വിവരിക്കുന്നു. മധ്യപദ്യം (3) പ്രഹേളികാപ്രായമായ ഒന്നാണ്. ഇതിലെ വധു ഇന്ദ്രനു പ്രിയപ്പെട്ട വാക്കോ ഉഷസ്സോ ആയിരിക്കാം. വരൻ ഇന്ദ്രനോ സൂര്യനോ ആണെന്നു തോന്നുന്നു. പ്രഭാതയജ്ഞവിവരണസന്ദർഭമാകയാൽ ഉഷസ്സും സൂര്യനുമെന്ന വ്യാഖ്യാനമാണ് കൂടുതൽ യുക്തം.

38–ാം സൂക്തം മൂന്നാം പദ്യത്തിലെ രണ്ടാമത്തെ ദേവൻ ആരെന്നു വ്യക്തമല്ല. വരുണനാണെന്നു തോന്നുന്നു. അല്ലെങ്കിൽ ഇന്ദ്രനെ മാത്രമേ പരാമർശിക്കുന്നുള്ളൂ എന്നു വിചാരിക്കണം. അടുത്ത സൂക്തവും ഇതും ഒരിണയെപ്പോലെയാണ്. പക്ഷേ, ഇതിനെ വ്യാഖ്യാനിക്കുന്നതിന് അത് ഏറെ സഹായിക്കുന്നില്ല.

39 –ാം സൂക്തം മുൻസൂക്തത്തിന്റെ ഇണയാണെന്നു പറയാമെങ്കിലും അതിനേക്കാൾ വാക്യവിന്യാസത്തിലും ചിന്തയിലും മെച്ചമാണ്. ആദ്യത്തെ മൂന്നു പദ്യങ്ങളിൽ ഇന്ദ്രനോടു ധാരാളം നൽകാൻ അപേക്ഷിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങളിൽ (4–5) അത്രികളോടു ദേവനെ സ്തുതിക്കാൻ ഉൽബോധിപ്പിക്കുന്നു.

40–ാം സൂക്തത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ഇന്ദ്രനെ, കാളയുടെ ഭാവത്തിൽ സ്തുതിക്കുന്ന നാലു പദ്യങ്ങളോടെ സൂക്തം ആരംഭിക്കുന്നു. അടുത്ത അഞ്ചു പദ്യങ്ങൾ (5–9) സ്വർഭാനുപുരാവൃത്തം ആഖ്യാനം ചെയ്യുന്നു. “സൂര്യനെ ഇരുട്ടുകൊണ്ടു തുളയ്ക്കുന്നവൻ” എന്നു സ്വർഭാനുവിന്ന് അർഥം. “സൂര്യന്റെ പ്രകാശമുള്ളവൻ” എന്ന് അവയവാർഥം. സ്വർഭാനു സൂര്യനെ വിഴുങ്ങുമ്പോൾ അത്രി അവനെ രക്ഷിക്കുന്നു. സ്വർഭാനു യഥാർഥത്തിൽ സൂര്യന്റെ ഭൂമിയിലെ പ്രതിരൂപമായ അഗ്നിദേവനാണ്. സൂര്യൻ തന്റെ മകളെ ബലാൽസംഗം ചെയ്തതിന് അഗ്നി സൂര്യനെ ശിക്ഷിക്കുന്നു. പക്ഷേ, ലോകത്തിന്റെനടത്തിപ്പിനു സൂര്യപ്രകാശം അത്യന്താപേക്ഷിതമാകയാൽ സൂര്യനെ അത്രിമഹർഷി യജ്ഞമാർഗങ്ങളിലൂടെ വീണ്ടെടുക്കുന്നു. സൂര്യശിക്ഷയുടെ ഭൗതികാവിഷ്കരണം അക്രമിയുടെ തനിമയെ മറയ്ക്കുന്നു. അഗ്നി സൂര്യനെ ദഹിപ്പിക്കുന്നതിനാൽ, സ്വർഭാനു സൂര്യനെ തുളയ്ക്കുന്നതിനാൽ, സൂര്യനിൽ “സൂര്യഗർത്തങ്ങൾ” പ്രത്യക്ഷപ്പെടുന്നു. അഗ്നി സൂര്യനെ ദഹിപ്പിക്കുമ്പോൾ സൂര്യനെ ഇരുട്ടിന്റെ പുകപടലങ്ങൾ മൂടുന്നത് ആറാം പദ്യത്തിൽ ചിത്രീകരിക്കുന്നതു കാണാം.

41–ാം സൂക്തത്തിൽ 17 ഒഴികെ മറ്റെല്ലാ പദ്യങ്ങളും ഓരോ ദേവതയെ പേരെടുത്തു പറയുന്നു. മറ്റുള്ളവ പല പ്രമുഖദേവന്മാരെയും പരാമർശിക്കുന്നു. ഉദാഹരണത്തിന്, ഒന്നാം പദ്യത്തിൽ മിത്രനെയും വരുണനെയും. ആപ്ത്യനെപ്പോലെ (9) അപൂർവദേവന്മാരെ സ്മരിക്കുന്നവയും കാണാം. മരുത്തുക്കളെയാണ് ഏറ്റവുമധികം പദ്യങ്ങൾ കൊണ്ടാടുന്നത് (2, 5, 11, 13, 16). സൂക്തത്തിന്റെ ഉള്ളടക്കം മൊത്തത്തിൽ ദേവന്മാരെ യജ്ഞത്തിലേക്കു ഹവിർദാനവാഗ്ദാനങ്ങളോടെ ക്ഷണിക്കുകയും പകരം ദൈവികദാനങ്ങൾ പ്രതീക്ഷിക്കുകയും തന്നെ. 16–17 പദ്യങ്ങൾ വ്യത്യസ്തവൃത്തത്തിലുള്ളതും ഉപസംഹാരപ്രതീതിയുളവാക്കുന്നതുമാണ് – വിശേഷിച്ച് 17. അങ്ങനെയെങ്കിൽ, 18–20 പദ്യങ്ങൾ ഒരു പുനർവിചിന്തനത്തിനുശേഷം കൂട്ടിച്ചേർത്തതാവാം.

മുൻസൂക്തത്തിലെപ്പോലെ, 42–ാം സൂക്തവും ധാരാളം വ്യത്യസ്തദേവതകളെ സ്തുതിക്കുന്നു. അമർത്ത്യരുടെ ദാനത്തിനുവേണ്ടിയുള്ള മർത്ത്യരുടെ സ്തുതി. ഇതാണ് 1–6 എന്ന ആരംഭപദ്യങ്ങളുടെയും 11–18 എന്ന സമാപനപദ്യങ്ങളുടെയും ഘടന. ഇടയിലുള്ള പദ്യങ്ങളിൽ (7–10) ബൃഹസ്പതി (10–ൽ മരുത്തുക്കളോടുകൂടി)യോട് ഉദാരരായ രക്ഷിതാക്കളോട് ഉദാരനാവണമെന്നും പിശുക്കന്മാരായ രക്ഷിതാക്കൾക്കും യജ്ഞം ചെയ്യാത്തവർക്കുമെതിരെ സംഹാരശക്തി അഴിച്ചുവിടണമെന്നും അഭ്യർഥിക്കുന്നു. ഈ ശത്രുതാപരമായ മനോഭാവം പൊതുവിൽ ഇന്ദ്രന്റെയാണ്, ബൃഹസ്പതിയുടെയല്ല. പക്ഷേ, നാലാം പദ്യത്തിൽ വിവരിച്ചപോലെ, പവിത്രമന്ത്രത്തോടുകൂടിയുള്ള ഇന്ദ്രനുമായുള്ള ബന്ധം ബൃഹസ്പതിയും ഇന്ദ്രന്റെ വിശേഷണംപോലെയാക്കിയിട്ടുണ്ടെന്നു തോന്നുന്നു. 4–10 പദ്യങ്ങളിൽ ഇതു കാണാം. ചിലേടത്ത് പല ദേവന്മാരെയും പേർ പറഞ്ഞ് പോവുകയാണ്. ചിലേടത്ത് പേർപോലും പറയാതെ പോയിരിക്കുന്നു. ഇതെല്ലാം, പക്ഷേ, വിശ്വേദേവസൂക്തങ്ങളിൽ സാമാന്യമായി കാണപ്പെടുന്ന സമ്പ്രദായംതന്നെ. സൂക്താന്ത്യഭാഗത്ത് (14–17) കവി തന്റെ പ്രസ്തുതമായ സ്തുതി എല്ലാ ദിക്കുകളിലും, മൂന്നു ലോകങ്ങളിലും എത്തണമെന്നും, തനിക്കും തന്റെ സുഹൃത്തുക്കൾക്കും വിപുലമായ സ്ഥലം സൃഷ്ടിക്കണമെന്നുമുള്ള തന്റെ പ്രതീക്ഷ പ്രകടിപ്പിക്കുന്നു. വിശ്വേദേവസൂക്തങ്ങളിൽ പൊതുവെ അശ്വികൾ പരാമർശിക്കപ്പെടാറില്ലാത്തതിനാൽ തത്പരാമർശകമായ 18–ാം പദ്യം ഏതെങ്കിലും അശ്വിസൂക്തത്തിൽനിന്ന് എടുത്തുചേർത്തതാവാം എന്നൊരഭിപ്രായമുണ്ട്.

മിക്ക വിശ്വേദേവസൂക്തങ്ങളെപ്പോലെ 43–ാം സൂക്തവും സ്തുതി അർഹിക്കുന്ന ഓരോ ദേവതയെയും ഓരോ പദ്യത്തിൽ വിവരിച്ചുകൊണ്ട് എണ്ണിത്തിട്ടപ്പെടുത്തുന്നു. ഊന്നൽ യജ്ഞകർമത്തിനും അതിൽ ദേവതകളുടെ സാന്നി

ധ്യത്തിനും പങ്കാളിത്തത്തിനുമാണ്. ഇതുപോലുള്ള മറ്റു സൂക്തങ്ങളെ അപേക്ഷിച്ച് യജ്ഞാനുഷ്ഠാനത്തിന്റെ വിശദാംശങ്ങൾ ഇവിടെ കൊടുത്തിട്ടുണ്ട് (1, 3–7). അനുഷ്ഠാനത്തിനുള്ള ഈ ഊന്നൽ സൂക്തത്തിന്റെ മറ്റു രണ്ടു സവിശേഷതകളേക്കാൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒരു വശത്ത്, അഗ്നിദേവൻ സൂക്താന്ത്യഭാഗത്തിൽ (12–15), 12–ൽ ബൃഹസ്പതി എന്ന പേരിലും 13–ൽ ആരാണെന്നു വ്യക്തമാണെങ്കിലും പേരു പറയാതെയും 14–ൽ ആയു എന്ന പേരിലും അവസാനം 15–ൽ പേരു പറഞ്ഞും, പ്രാധാന്യം നേടുന്നു. ദേവനായ യജ്ഞാഗ്നിക്ക് ഇത്തരം വിശ്വേദേവ സൂക്തങ്ങളിൽ ഇത്ര പ്രപാധാന്യം കല്പിക്കപ്പെടുന്നത് വിസ്മയകരമാണ്. മാത്രമല്ല, ഏഴാം പദ്യം, ഒരു ദേവനെയല്ല, പ്രവർഗ്യാനുഷ്ഠാനത്തിന്നുപയോഗിക്കുന്ന ഘർമപാത്രത്തെയാണ് വിവരണവിഷയമാക്കുന്നത്.

*ഋഗ്വേദ*ത്തിലെ ഏറ്റവും വിഷമം പിടിച്ച സൂക്തമാണ് 44–മത്തേതെന്ന് ഗെൽഡ്നർ, ഓൾഡൻബർഗ് മുതലായ വേദപണ്ഡിതന്മാർ ശരിയായിത്തന്നെ അഭിപ്രായപ്പെടുന്നു. സൂക്തത്തിന്റെ എല്ലാ വശങ്ങളിലും ഈ വൈഷമ്യം അനുഭവപ്പെടും. തർജമയിൽ പലേടത്തും വലയങ്ങളിൽ അഭിപ്രായാന്തരങ്ങളും മറ്റും ഇത്രയധികം കൊടുത്തിട്ടുള്ള സൂക്തങ്ങൾ വേറെയില്ല. അഗ്നിക്കും സോമനും ചേരത്തക്കവിധത്തിലാണ് സൂക്തത്തിലെ എല്ലാ പദ്യങ്ങളും എന്ന അഭ്യൂഹമാണ് സമ്പൂർണാംഗലവിവർത്തകരായ ജാമിസണും വെർഡെർട്ടണും സ്വീകരിച്ചിട്ടുള്ളത്. എങ്കിലും സോമപരമായ പദ്യങ്ങൾക്കേ ഈ അഭിപ്രായം ചേരൂ എന്ന നിരീക്ഷണവും നില നിൽക്കുന്നുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങൾ ഭിന്നവൃത്തനിബദ്ധവും സോമനെയും അഗ്നിയെയും, രണ്ടു പേരെയും, സംബന്ധിക്കുന്നതുമാണ്. സൂക്തത്തിന്റെ ആദ്യഭാഗം (1–8) പ്രധാനമായി സോമനെയും അഗ്നിയെയും ഒരേ സമയം വിവരിക്കുന്നു. 9–11 പദ്യങ്ങളിൽ യജ്ഞത്തിന്റെ രഹസ്യങ്ങളെക്കുറിച്ചുള്ള ആലോചനകളാണ്. യജ്ഞത്തിന്റെ വിജയത്തിന് കവി കാരണക്കാരനാണെന്നതിനാൽ അവനെ സ്തുതിക്കുകയാണ് 13–ാം പദ്യത്തിൽ. എന്തിനെന്നു തികച്ചും മനസ്സിലാക്കാനാവാത്ത സ്ത്രീലിംഗബഹുവചനം പൊതുവിൽ സൂക്തത്തിലുടനീളം കാണാം. വിശേഷിച്ച് 1, 2, 4, 5, 7, 8, 9, 11 പദ്യങ്ങളിൽ. ഇതാണ് ഇവിടെ കാണാവുന്ന പ്രധാനസവിശേഷത.

മനോഹരമായ 45–ാം സൂക്തം അംഗിരസ്സുകളുടെ കാവ്യവചസ്സിന്റെ ശക്തികൊണ്ട് വലഗുഹ തുറക്കുന്നതും പുതിയ ദിവസത്തിന്റെ പ്രഭാതത്തെയും സൂര്യോദയത്തെയും സ്വാഗതം ചെയ്യുന്നതും പുരാവൃത്തമാതൃകയിൽ ആഖ്യാനം ചെയ്തുകൊണ്ട് തുടങ്ങുന്നു. പുരാവൃത്തത്തിന്റെ പ്രത്യക്ഷപരാമർശമില്ലാതെ സൂര്യോദയവർണനയോടു കൂടി (1–3) സൂക്തം ആരംഭിക്കുന്നു. നാലാം പദ്യത്തിൽ പുരാവൃത്തമാതൃകയെ സമകാലികമായ യജ്ഞത്തിൽ പ്രയോഗിക്കുകയാണ് കവി. 5–6 പദ്യങ്ങളിൽ അദ്ദേഹം പുരോഹിതസഖാക്കളെ കാവ്യദർശനമാർജിക്കാൻ ഉദ്ബോധിപ്പിക്കുന്നു. വലഗുഹാഭേദനത്തിൽ അംഗിരസ്സുകളുടെ പങ്ക് ചിത്രീകരിക്കുന്നവയാണ് 7–8 പദ്യങ്ങൾ. അടുത്ത രണ്ടു പദ്യങ്ങൾ ആദ്യം സൂര്യൻ ഉദിച്ചുയരണമെന്നു പ്രാർഥിക്കുകയും (9) അനന്തരം അവൻ ഉദിച്ചുവെന്നറിയിക്കുകയും (10) ചെയ്യുന്നു. അവസാനപദ്യത്തിൽ (11) "സൂര്യനെ നേടണമെന്ന കാവ്യദർശനം" വിജയിച്ചതിനെ പ്രശംസിക്കുന്നു.

ഈ മണ്ഡലത്തിലെ മറ്റു വിശ്വേദേവസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി 46–ാം സൂക്തം വെറുമൊരു ദേവതാവലോകനപ്പട്ടിക മാത്രമായിപ്പോയി. പക്ഷേ ഇതിനു രണ്ടു സവിശേഷതകളുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങൾ ദേവപത്നിമാരെ ആദ്യം പൊതുവായും പിന്നീടു പേരെടുത്തുപറഞ്ഞും പുകഴ്ത്തുന്നവയാണ്. എട്ടാം പദ്യത്തിൽ ഇന്ദ്രാണി, അഗ്നായി, അശ്വിനി, രോദസി, വരുണാനി എന്നിവരെ എടുത്തുപറയുന്നു. ഇവർ യഥാക്രമം ഇന്ദ്രൻ, അഗ്നി, അശ്വികൾ, രുദ്രൻ, വരുണൻ എന്നീ ദേവന്മാരുടെ പത്നിമാരത്രേ. ആദ്യപദ്യം മറ്റുള്ളവയിൽനിന്നു വളരെ വ്യത്യസ്തമാണെന്നതാണ് രണ്ടാമത്തെ സവിശേഷത.

47–ാം സൂക്തത്തിലെ ഓരോ സൂക്തവും ഓരോ കടങ്കഥ അവതരിപ്പിക്കുന്നു: പദ്യത്തിന്റെ അവസാനംവരെ ഒരു ദേവന്റെയോ ദിവ്യശക്തിയുടെയോ പേര് പിടിച്ചുവെക്കുകയോ (1, 2) തികച്ചും അമർത്തിവെക്കുകയോ (3–6) ചെയ്യുന്ന വിവരണം. വിശ്വേദേവസുക്തങ്ങളിൽ ഇത് അസാധാരാണമല്ല. പ്രസ്തുതസൂക്തം ഇതു സാധിക്കുന്നതിനു പല തിരിവുകളും അവതരിപ്പിക്കുന്നുണ്ട്. ഒന്നാമത്തേത്, വായനക്കാരനെ തെറ്റായി നയിക്കുന്നതിനാണ് പല സ്വഭാവവിവരണവും ഉദ്ദേശിക്കപ്പെടുന്നത്. സ്ത്രീലിംഗകർത്തൃകമായ ക്രിയയോടുകൂടിയ ഒന്നാം പദ്യം കേട്ടപാടേ നാം പ്രതീക്ഷിക്കുക അത് ഉഷസ്സിനെപ്പറ്റിയായിരിക്കുമെന്നാണ്. എന്നാൽ, ഉഷസ്സിന്റെ അമ്മയായി സങ്കല്പിക്കപ്പെട്ട കാവ്യപ്രചോദനമാണ് (മനീഷ) അവിടെ വിവക്ഷിതം. രണ്ടാം പദ്യത്തിൽ, കർത്തൃവിശേഷണങ്ങൾ സൂചിപ്പിക്കുന്നത് അഗ്നിജ്വാലകളെയാണെങ്കിലും "വഴിക"ളാണ് യഥാർഥത്തിൽ ഉദ്ദേശിപ്പെടുന്നത്. ഈ രണ്ടു പദ്യങ്ങളിൽ ഉത്തരം കൊടുക്കുകയെങ്കിലും ചെയ്യുന്നുണ്ട്. ഇനി വരുന്നവയിൽ അതുമില്ല. മൂന്നാം പദ്യത്തിന്റെ ഒടുവിൽ ഉത്തരം ഒരുവിധം വ്യക്തമാകുന്നുണ്ട്. പക്ഷേ, നാലിൽ അതല്ല സ്ഥിതി. അഞ്ചാം പദ്യത്തിന്റെ അറിയിപ്പുതന്നെ അത് പ്രഹേളികയാണെന്നാണ്. അത് സൂര്യനും അഗ്നിക്കും ചേരും. ആറിന്റെ ഉത്തരത്തിൽ അങ്ങനെയൊരു യോജിപ്പില്ല.

പിൽക്കാലത്തെ ശ്ലേഷപ്രയോഗങ്ങൾക്കും സമസ്യകൾക്കും പഴഞ്ചൊല്ലുകൾക്കും, കുറേക്കൂടി വ്യാപകമായ തോതിൽ, രാമായണ–മഹാഭാരതകഥകൾക്കു രണ്ടിനും യോജിക്കത്തക്കവിധം വ്യാഖ്യാനിക്കാവുന്ന *രാഘവപാണ്ഡവീയാ*ദി കാവ്യങ്ങൾക്കും വിത്തിടാൻ ഇത്തരം വേദസൂക്തങ്ങൾ വഴികാട്ടിയായിട്ടുണ്ടെന്നു നിരീക്ഷിക്കാം.

ഈ മണ്ഡലത്തിലെ വിശ്വേദേവസൂക്തസഞ്ചയത്തിലെ മറ്റൊരു പ്രഹേളികാസൂക്തമാണു 48–ാമത്തേത്. ഉദ്ദേശിക്കുന്നതെന്തെന്നു വ്യക്തമാക്കാത്തതുകൊണ്ട് കൂടുതൽ വിഷമം പിടിച്ചത്. പണ്ഡിതന്മാർക്കിടയിൽ ഓരോന്നിന്റെയും ഉത്തരത്തെപ്പറ്റി അഭിപ്രായൈക്യമില്ല. സൂക്തത്തിന്റെ ഉദ്ദേശ്യവും ഘടനയും വ്യക്തവുമല്ല. പ്രാതഃസവനോചിതമാണ്

ഈ സൂക്തമെന്നാണ് ജാമിസൺ-ന്റെ അഭിപ്രായം. ഉഷസ്സും അഗ്നിയുമാണ് പ്രഹേളികാപദ്യങ്ങളിൽ പൊതുവിൽ പ്രതിപാദിക്കപ്പെടുന്നത്. പ്രഭാതത്തിലെ യജ്ഞാഗ്നിസ്ഥാപനത്തിന് ഏതു കവിതയാണ് രചിക്കുക എന്ന ചോദ്യത്തോടെ സൂക്തം ആരംഭിക്കുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങളിൽ പ്രഭാതത്തെക്കുറിച്ചുള്ള ഒന്നാന്തരം അലങ്കാരകല്പനകളും ഓരോ ഉഷസ്സും മർത്ത്യന് പ്രായമേറുന്നതേപ്പറ്റിയുള്ള ചിന്തയുണ്ടാക്കുന്നുവെന്ന ദർശനവും കാണാം. മൂന്നാം പദ്യത്തിലും ഈ ചിന്ത തുടരുന്നു. കേന്ദ്രബിന്ദു അഗ്നിയിലേക്കു, പക്ഷേ, മാറുന്നു. അഗ്നി യജ്ഞത്തിലേക്കു വരുന്ന ഇന്ദ്രനു വജ്രമൊരുക്കുമ്പോൾ ഉഷസ്സുകൾ കാലത്തെ അടയാളപ്പെടുത്തുന്നു. യജ്ഞാഗ്നിയാണ് 4–5 പദ്യങ്ങളിലെ പ്രതിപാദ്യം.

49–ാം സൂക്തം മുൻസൂക്തം അവസാനിപ്പിച്ചേടത്തുനിന്നു തുടങ്ങുന്നു – ദേവന്മാരായ ഭഗനും സവിതാവും അവരുടെ കൊള്ളമുതലും എന്നിടത്തുനിന്ന്. ഇവിടെ ഒന്നാമത്തെയും രണ്ടാമത്തെയും പദ്യത്തിന്റെ വിഷയം ഈ രണ്ടു ദേവന്മാരാകുന്നു. അഞ്ചിൽ നാലു പദ്യവും മനുഷ്യർക്കു നിധികൾ വിതരണം ചെയ്യുന്നതിനെപ്പറ്റിയാണ്. ഈ ദാനങ്ങൾക്കുത്തരവാദികളായ ദേവന്മാരുടെ മണ്ഡലം വിപുലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പ്രാതഃസവനത്തിൽ ദക്ഷിണ യാണ് സന്ദർഭം. ഇത് മൂന്നാം പദ്യം വ്യക്തമാക്കുന്നു. അഞ്ചാം പദ്യം പൊതുവിൽ സമ്പത്തെന്നതിനേക്കാൾ കൂടുതൽ പൊതുവായ അനുഗ്രഹങ്ങൾക്ക് ചോദിക്കുന്നുണ്ട്. “അരൂപിയായ ശൂന്യത”, “വിശാലമായ സ്ഥലം” എന്നീ പരാമർശങ്ങൾക്കുപുറമെ അത് ദൃശ്യവും വ്യക്തവുമായ സ്ഥലത്തെ സൃഷ്ടിക്കുന്ന പ്രഭാതത്തെ ചിത്രീകരിക്കുന്നതായി തോന്നുന്നു.

ലഘുവെങ്കിലും വിഷമം പിടിച്ചൊരു സൂക്തമാണ് 50–ാമത്തേത്. വാക്യവിന്യാസം, പരാമർശങ്ങൾ, വൃത്തം എന്നീ ഘടകങ്ങളിൽ വിശേഷിച്ചും. ഒന്നാം പദ്യത്തിലെ പുരുഷവ്യത്യാസം ഉദാഹരണം. സവിതാവുമായി അഭേദം കല്പിക്കപ്പെട്ട നേതാവിനോട് സമ്പത്തിന്നപേക്ഷിക്കുകയാണ് ആദ്യപദ്യത്തിൽ. രണ്ടിലും സമാനാശയംതന്നെ. അടുത്ത രണ്ടു പദ്യങ്ങളിൽ (3–4) രംഗം മാറുന്നു. യജ്ഞമായി വിഷയം. ദേവന്മാരെയും പത്നിമാരെയും യജ്ഞത്തിലെ അതിഥികളായി ആദരിക്കണമെന്നാണ് അവിടെ പറയുന്നത്. അഞ്ചാം പദ്യം ആദ്യത്തേതിന്റെ ഭംഗ്യന്തരേണയുള്ള ആവർത്തനംതന്നെ.

അഞ്ചാം മണ്ഡലത്തിലെ വിശ്വേദേവസൂക്തങ്ങളിൽ അവസാനത്തേതായ 51–ാം സൂക്തം താരതമ്യേന അല്പം ദീർഘമാണ്. പഞ്ചപദ്യാത്മകമായ ഏതാനും പദ്യങ്ങൾക്കുശേഷം ഇത് ഒട്ടാകെ അസാധാരണമായും തോന്നുന്നു. വൃത്തപരമായും ഈ സൂക്തം നാലായി (1–4, 5–10, 11–13, 14–15) വേറിട്ടുനിൽക്കുന്നു. ഭാവത്തിലും രൂപത്തിലും സൂക്തത്തിലെ എല്ലാ ഖണ്ഡങ്ങളും ലളിതവും പ്രവചനീയവും അന്യോന്യം അടുപ്പം കൂറുന്നതുമാണ്. പ്രാതഃസവനത്തിലെ വിവിധദേവന്മാരുടെ സോമപാനമാണ് വിഷയം.

*ഋഗ്വേദ*ത്തിൽ അഞ്ചാം മണ്ഡലം മരുത്സൂക്തങ്ങളുടെ ഏറ്റവും വലിയ സമാഹാരം (5. 52–61) ഉൾക്കൊള്ളുന്നു. ശ്യാവാശ്വ ആത്രേയന്റെ ഈ പത്തു സൂക്തങ്ങൾ ഉദാത്തമായ കവിത തുളുമ്പുന്നവയാകുന്നു. ഭാവനാത്മകവും ചൈതന്യവത്തും മനോഹരമായയ ശില്പഭംഗിയുറ്റതുമായ അവ മരുത്തുക്കളുടെ രണ്ടു വശങ്ങളെയും ആവിഷ്കരിക്കുന്നു. യുവാക്കളും സുന്ദരന്മാരും മഹാശയന്മാരുമായ യോദ്ധാക്കളുടെ സംഘമെന്ന സാമൂഹ്യാസ്തിത്വവും മഴയുടെയും കൊടുങ്കാറ്റിന്റെയും മൂർത്തീഭാവമെന്ന പ്രകൃതിപ്രതിഭാസത്വവും അവരുടെ ദേവതാത്വവും അവർ മനുഷ്യർക്കു നൽകുന്ന നേട്ടങ്ങളും കുറച്ചുകാട്ടാതെതന്നെ ഇവിടെ ചിത്രീകരിക്കപ്പെടുന്നു.

കവി ശ്യാവാശ്വൻ ഈ സമാഹാരത്തിലെ ആദ്യപദ്യത്തിന്റെ ആദ്യപാദത്തിൽത്തന്നെ മരുത്തുക്കളെ സ്തുതിക്കാൻ ഉദ്ബോധിപ്പിക്കുന്നു. പിന്നീട് അവരെ പൊതുവായ രീതിയിൽ വിവരിക്കുകയും അവരുടെ യജ്ഞാർഹത ഉറപ്പിക്കുകയും ചെയ്യുന്നു (1–5). സൂക്തത്തിലെ അടുത്ത ഖണ്ഡം (6–13) മരുത്തുക്കളെ കൊടുങ്കാറ്റിന്റെ ദേവതയെന്ന നിലയിൽ അവതരിപ്പിക്കുന്നു. ശബളാഭമായ ബിംബകല്പനകളുടെ പരമ്പരയും ഭാവനാത്മകമായി അവർക്കു നൽകുന്ന വ്യക്തിനാമങ്ങളും അവിടെ കാണാം (10–11). അന്യഥാ അവരെ വേർതിരിച്ചറിയാൻ പ്രയാസമാണ്. ഈ ഖണ്ഡം മരുത്തുക്കളെ സ്തുതിക്കാൻ വീണ്ടുമുള്ള ഒരുദ്ബോധനത്തോടെ അവസാനിക്കുന്നു. അവസാനത്തെ ഏതാനും പദ്യങ്ങളിൽ (14–17) മരുത്തുക്കൾക്കു യജ്ഞാദരംനൽകുന്നു; അവരാകട്ടെ ദാനങ്ങളോടെ പ്രതികരിക്കുന്നു. അവസാന പദ്യം (17) ദാനസ്തുതിയാണ് – മറ്റുള്ളവരോടല്ല, മരുത്തുക്കളോടുതന്നെ. തൊട്ടുമുൻപത്തെ രണ്ടു പദ്യങ്ങളിൽ (15–16) കവികൾക്കു ദാനങ്ങൾ നൽകുന്നവരെന്ന നിലയ്ക്ക് സൂരികൾ (രക്ഷിതാക്കൾ) എന്ന് അവരെ വിശേഷിപ്പിച്ചിട്ടുമുണ്ട്.

വൃത്തപരമായി സങ്കീർണമെങ്കിലും, 53–ാം സൂക്തത്തെ വിവിധഘടകസംയുക്തമാണെന്നു പരിഗണിക്കാവതല്ല. ആന്തരികമായ വർഗീകരണമനുസരിച്ച് ഭൂരിപക്ഷവും ഈരണ്ടു പദ്യങ്ങൾ ചേർന്ന ഏകകമാണ്. മരുത്തുക്കളുടെ വർണനങ്ങളും അവരുടെ യാത്രാഭിലാഷങ്ങളും ഇവിടെ ചിലപ്പോൾ കൊടുങ്കാറ്റിന്റെയും മരുത്തുക്കൾ വരുത്തുന്ന മഴയുടെയും വിവരണങ്ങളുമായി കലർന്നുവരുന്നുണ്ട്. ചിലപ്പോൾ മരുത്തുക്കളും മഴയും അഭിന്നമാണെന്നു തോന്നും. ചിലപ്പോൾ ഒന്നു മറ്റൊന്നിൽനിന്നു രൂപംകൊണ്ടതാണെന്നു തോന്നും. സൂക്തം, പലപ്പോഴുമെന്നപോലെ, ചോദ്യങ്ങളുമായി തുടങ്ങുന്നു (1–2). മരുത്തുക്കളുടെ ഉത്ഭവമെങ്ങനെ? എവിടേക്കാണവർ പോകുന്നത്? പരോക്ഷമായി അവർതന്നെ പദ്യം മൂന്നിൽ മറുപടി പറയുകയും സ്തുതി ആവശ്യപ്പെടുകയും ചെയ്യുന്നു. നാലാം പദ്യത്തിൽ സ്തുതിയാണ് വരുന്നത്. തുടർന്ന് 5–7 പദ്യങ്ങളിൽ കൊടുങ്കാറ്റിന്റെ യും മഴയുടെയും വർണനം. മരുത്തുക്കളോടു മഴ കൊണ്ടുവരാൻ പറയുകയാണ് പിന്നെ (8–11). ആദ്യമുയർത്തിയ ചോദ്യത്തിലേക്ക് കവി തുടർന്നു തിരിച്ചുവരുന്നു (12–13). മരുത്തുക്കൾ ഏതു യജ്ഞത്തിലൂടെയാണ് കടന്നുപോയത്? അവർ തങ്ങളുടെ യജ്ഞത്തിൽ വന്നുകഴിഞ്ഞുവെന്നോ

വരുമെന്നോ ഉള്ള പ്രതീക്ഷയും അവരുടെ അനുഗ്രഹങ്ങളുമാണ് അന്തിമപദ്യങ്ങളിൽ (14–16).

54 ഏറ്റവും സാന്ദ്രമായ വിവരണാത്മകതയോടുകൂടിയ മരുത്സൂക്തങ്ങളിലൊന്നത്രേ. ഹിംസാത്മകമായ കൊടുങ്കാറ്റുകളുടെയും അവർ കൊണ്ടുവരുന്ന സ്വാഗതാർഹമായ മഴയുടെയും മാറിമാറിവരുന്ന ബിംബകല്പനകളോടുകൂടിയ സൂക്തം. ഇവിടെ സമൃദ്ധമായ വർണനകളുടെ വിജയമൊഴിച്ച് മറ്റു സവിശേഷമായ പുരോഗതിയോ വളർച്ചയോ ഒന്നും പറയാനില്ല. അവസാനത്തെ മൂന്നു പദ്യങ്ങൾ (13–15) മരുത്തുക്കളോട് ദാനങ്ങൾക്കും സഹായത്തിനുമുള്ള പ്രാർഥനകളാണ്.

55–ാം സൂക്തത്തിലെ പത്തിൽ ഒൻപതു പദ്യങ്ങളും “ശുഭം യാതാമനുരഥാ അവൃത്സത” (അവർ ഭംഗിയിൽ സഞ്ചരിക്കവേ അവരുടെ തേരുകളുരുണ്ടു) എന്ന പല്ലവിയിൽ അവസാനിക്കുന്നു. അതുതന്നെയാണ് ഈ സൂക്തത്തിന്റെ പ്രമേയവും. ചില മുൻമരുത്സൂക്തങ്ങളിലെപ്പോലെ, കൊടുങ്കാറ്റിന്റെയും അതിനു പിന്നാലെ വരുന്ന മഴയെയും കേന്ദ്രീകരിക്കുന്നതിനേക്കാൾ, ഇത് പ്രധാനമായും അവരുടെ അന്തരീക്ഷത്തിലൂടെയുള്ള യാത്രയെ വിഷയമാക്കുന്നു. അന്തിമപദ്യങ്ങളിൽ (9–10) യജ്ഞത്തിലേക്കുള്ള ക്ഷണവും നേട്ടങ്ങൾക്കുള്ള പ്രാർഥനയുമാണ്.

മുൻമരുത്സൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി 56–ാം സൂക്തം മരുത്തുക്കൾക്കു പുറമെ മറ്റു ദേവന്മാരെയും അവതരിപ്പിക്കുന്നു. ആദ്യപദ്യം അഗ്നിയെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു. അടുത്ത രണ്ടു പദ്യങ്ങളിലും അഗ്നിയെ സംബോധന ചെയ്യുന്നു. അഥവാ, കവി സ്വയം സംബോധന ചെയ്യുന്നതുമാവാം. മൂന്നാം പദ്യത്തിൽ ഭൂമി അടിച്ചു തകർക്കപ്പെട്ട സ്ത്രീയെന്ന നിലയിൽ പ്രത്യക്ഷപ്പെടുന്നു. ഈ സ്ത്രീചിത്രം മരുത്തുക്കളുടെ കാമിനിയായ രോദസിയെ മുൻകൂട്ടി പ്രതീക്ഷിക്കുന്നു. 8–9 പദ്യങ്ങളിൽ രോദസി വരുന്നുണ്ട്. യജ്ഞത്തിലേക്കുള്ള യാത്ര വർണിക്കുന്ന 3–4 പദ്യങ്ങൾ ഈ സൂക്തത്തിലെ സ്മരണീയമായ ഭാഗമത്രേ.

മുൻസൂക്തത്തെപ്പോലെ 57–ാം സൂക്തവും മരുത്തുക്കൾക്കുപുറമെ മറ്റു ദേവന്മാരെയും അവതരിപ്പിക്കുന്നു. പക്ഷേ, അവർ പ്രത്യേകിച്ചു യജ്ഞത്തോടു ബന്ധപ്പെട്ടവരല്ല. ആദ്യപദ്യം മരുത്തുക്കളെ, അവരുടെ അച്ഛനായ രുദ്രന്റെ പേരിൽ, സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു. ഏഴാം പദ്യത്തിലും അത് വരുന്നുണ്ട്. അടുത്ത രണ്ടു പദ്യങ്ങളിലും അവരുടെ അമ്മ പൃശ്നി പ്രത്യക്ഷപ്പെടുന്നു. ആദ്യപദ്യം അമ്മ ഇന്ദ്രനോടുകൂടി വരുന്നുവെന്നു പറയുന്നു. മരുത്സൂക്തങ്ങളിൽ ഇന്ദ്രൻ ചുരുക്കമായേ വരാറുള്ളൂ എന്നതു ശ്രദ്ധേയമാണ്. ഇന്ദ്രന്റെ കാഴ്ച്ചപ്പാടിൽ, അവർ, പക്ഷേ, അവന്റെ സഹായികളാകുന്നു. അഞ്ചാം മണ്ഡലത്തിലെ മരുത്സൂക്തവൃത്തത്തിൽ ഇത് ഒറ്റപ്പെട്ട ഇന്ദ്രാഗമനമത്രേ. ഈ സൂക്തത്തിലാണ് ആദ്യമായി മരുത്തുക്കൾ അച്ഛനമ്മ മാരോടുകൂടി പരാമർശിക്കപ്പെടുന്നത്. കായികമായും മാനസികമായുമുള്ള അവരുടെ വിശേഷണങ്ങളും ശ്രദ്ധേയമാകുന്നു. 2, 4, 5, 6 പദ്യങ്ങൾ നോക്കുക. മരുത്തുക്കളുടെ പക്കലുള്ള സാധനങ്ങളുടെ പട്ടികയും ഏഴാം പദ്യത്തിൽ കാണാം. 7–8 എന്നീ അന്തിമപദ്യങ്ങളിലെ അഭ്യർഥനകളിലേക്ക് ഇത് വഴി തെളിക്കുന്നു.

58–ാം സൂക്തം കൊടുങ്കാറ്റിന്റെ ബിംബകല്പനയുടെയും (6–7) വന്യമെങ്കിലും ഗുണപ്രദമായ ചിത്രീകരണത്തിന്റെയും മിശ്രിതമായ മറ്റൊരു പ്രസന്നമരുത്സൂക്തമത്രേ. ഈ രണ്ടാമത്തെ കാര്യത്തിൽ മരുത്തുക്കൾ പല ഭൗമ പ്രതിബിംബങ്ങളുടെയും സ്രോതസ്സാണ് (4). സംഘത്തിലെ വിവിധാംഗങ്ങൾക്കിടയിലുള്ള വ്യത്യാസത്തിന്റെ അഭാവമാണ് പരാമർശിക്കപ്പെട്ട മറ്റൊരു പൊതുപ്രമേയം (5). 56. 3–ലെപ്പോലെ, മരുത്തുക്കളും ഭൂമിയും തമ്മിലുള്ള ലൈംഗികബന്ധവും വർണിക്കപ്പെടുന്നു (7). പക്ഷേ, മുൻപത്തേതിലെപ്പോലെ ഞെട്ടിക്കുന്നതല്ലെന്നു പറയാം.

59–ാം സൂക്തം ഉപമകളുടെയും രൂപകങ്ങളുടെയും പരമ്പരയുടെ ഘടനയുള്ളതാണ്. ചിലത് മനസ്സിലാക്കാൻ അനുവാചകരുടെ ഭാവനാസംഭാവനകൂടി വേണ്ടിവന്നേക്കാം (ഉദാ: 3). മരുത്തുക്കളുടെ യാത്രതന്നെ പതിവുപോലെ സൂക്തപ്രമേയം. കൊടുങ്കാറ്റെന്ന നിലയ്ക്കും യോദ്ധാവിന്റെ ആക്രമണമെന്ന നിലയ്ക്കം അവരുടെ ശക്തിയാണ് സർവത്ര വർണിക്കുന്നത്.

60–ാം സൂക്തം 5. 56 പോലെ അഗ്നിയെ, യജ്ഞാഗ്നിയെ, വിളിച്ചുകൊണ്ടു തുടങ്ങുന്നു. അവസാനത്തെ മൂന്നു പദ്യങ്ങളിൽ (6–8) അഗ്നിയോടൊപ്പം വ്യക്തമായും സംബോധന ചെയ്യാറുള്ള മരുത്തുക്കളെയും സംബോധന ചെയ്യുന്നു. അഗ്നിയുടെ ഔന്നത്യം മരുത്തുക്കളുടെ യജ്ഞത്തിലേക്കുള്ള യാത്രയെയും അതിലെ പങ്കാളിത്തത്തെയും, സൂക്തത്തിന്റെ ലക്ഷ്യമെന്ന നിലയിൽ, താദാത്മ്യപ്പെടുത്തുന്നു. അവരുടെ യാത്രതന്നെ പ്രപഞ്ചപ്രതികരണങ്ങളെ (ഭയത്തെയും വിറയെയും – 2, 3) പ്രകോപിപ്പിക്കുന്നു. മരുത്തുക്കളുടെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യം പതിവുപോലെ പ്രകടിപ്പിക്കപ്പെടുന്നു (4). അഞ്ചാം പദ്യം അവരുടെ മാതാപിതാക്കന്മാരുടെ മിക്കവാറും ഗാർഹികമായ ചിത്രം നൽകുന്നു. ഒന്നാം പദ്യത്തിലെ ചൂതുകളിയുടെ കല്പനയും ശ്രദ്ധേയമാണ്.

19 പദ്യങ്ങളുള്ള 61–ാം സൂക്തം സാധാരണ രീതിയിൽ സംഹിതയുടെ സംവിധാനമനുസരിച്ച് സന്ദർഭാനുചിതമത്രേ. പ്രമേയപരമായി നോക്കിയാലും 1–4, 5–10, 11–16, 17–19 എന്നിങ്ങനെ പല ഖണ്ഡങ്ങളായാണ് ഇതിന്റെ നില. പക്ഷേ, ചുരുങ്ങിയത് 1–10 എന്ന ആദ്യഖണ്ഡമെങ്കിലും കവി ശ്യാവാശ്വന്റെ പേര് നേരിട്ടും (5) ശ്ലേഷഭംഗിയിലും (9) പരാമർശിക്കുന്നതും അദ്ദേഹത്തിന്റെ കഴിവുകൾ പ്രതിഫലിപ്പിക്കുന്നതുമാകുന്നു. 1–4, 11–16 പദ്യങ്ങളിൽ മരുത്തുക്കളാണ് വ്യക്തമായ വിഷയം. ഈ ഓരോ ഖണ്ഡത്തെയും ഓരോ ദാനസ്തുതിഅനുഗമിക്കുന്നു. ദാനസ്തുതിയിൽ അവസാനിക്കുന്നവയാണ് 10, 17–19 പദ്യങ്ങൾ. അതുകൊണ്ട് ജാമിസൺ–ന്റെ അഭിപ്രായത്തിൽ ഇത് രണ്ടു പ്രത്യേകസൂക്തങ്ങളത്രേ: 1–10, 11–19. ആദ്യത്തേത് ശ്യാവാശ്വകർത്തൃകംതന്നെ. രണ്ടാമത്തേത് ആദ്യത്തേതിന്റെയത്ര രസകരമല്ല. 11–16 പദ്യങ്ങൾ മരുത്തുക്കളെ മാമൂൽസമ്പ്രദായത്തിൽ പ്രതിപാദിക്കുന്നു. 17–ാം പദ്യം ദാനസ്തുതിയിലേ

ക്കുള്ള മാറ്റം കാണിക്കുന്നു.

62–ാം സൂക്തത്തിലെ മൂന്നാം പദ്യം വ്യക്തമാക്കുന്നപോലെ, ഈ സൂക്തം മഴയ്ക്കുവേണ്ടി മിത്രാവരുണന്മാരെ വിളിക്കുന്നു. അവരുടെ രാജത്വമായി ബന്ധപ്പെട്ടതാണ് മഴ പെയ്യിക്കാനുള്ള കഴിവ്. കവി ഈ കഴിവിനെ പല ബിംബകല്പനകളിലൂടെ സൂചിപ്പിക്കുന്നുണ്ട്. ദേവന്മാരുടെ സിംഹാസനം "നൈവേദ്യങ്ങളിൽ" കുടിയിരിക്കുന്നു (5, 6). അത് ഹവിസ്സുകളെ മാത്രമല്ല, മഴവെള്ളത്തെയും അർഥമാക്കുന്നു. അവരുടെ നിയമത്തിലൂടെയുള്ള പതാക (5) "ഭരണകർത്താവിന്റെ" പതാകയായി വർധിക്കുന്നു. ഇവിടെ മഴ അവരുടെ രാജത്വമുദ്രയത്രേ. ആയിരം തൂണുകളാൽ പിന്താങ്ങപ്പെടുന്ന അവരുടെ നിയമം ശക്തമാണ് (6). പക്ഷേ, അവരുടെ സിംഹാസനത്തിന്റെ തൂണ് മഴയെ അകമ്പടി സേവിക്കുന്ന മിന്നലുമാണ് (7). സസ്യങ്ങൾ വിളയുന്ന ഭൂമിയാണ് അതിന്റെ അടിത്തറ (7). 2–7 പദ്യങ്ങളുടെ വിഷയം മഴയെ രൂപപ്പെടുത്തുന്ന സൂര്യനാണ് (1, 8). മഴയ്ക്കുവണ്ടി ദേവന്മാരോടുള്ള അഭ്യർഥനയ്ക്കുശേഷം സൂര്യൻ കവിവിതയിലേക്കു തിരിച്ചുവരികയും പ്രഭാതത്തിൽ എല്ലാവർക്കും കാണാറാവുകയും ചെയ്യുന്നു. അതാകട്ടെ മിത്രാവരുണന്മാരുടെ സ്വർണസിംഹാസനവുമായി ഏറ്റവുമടുത്ത് ബന്ധപ്പെട്ടുനിൽക്കുന്നു.

മുൻസൂക്തത്തെപ്പോലെ 63–ാം സൂക്തവും മഴയ്ക്കുള്ള അഭ്യർഥനതന്നെ. ഇടിയും മിന്നലുമുള്ള വർഷത്തിന്റെ ശബളാഭമായൊരു വർണന ഇതിലുണ്ട് (5, 6). 1, 4 പദ്യങ്ങളിൽ ആ മഴ വരുന്നതിന്റെ ചിത്രീകരണമാണ്. മിത്രാവരുണന്മാരുടെ മായയെപ്പറ്റി ധാരാളം പരാമർശങ്ങൾ കാണാം (3, 4, 6, 7). രാജത്വവും മായയുംകൂടി ചേർന്ന് മഴയെ നിയന്ത്രിക്കാനുള്ള ശക്തി അവർക്ക് കൈവരുത്തുന്നു. അവർ സമ്രാട്ടുകളാണെന്നും പറയുന്നുണ്ട് (2, 3).

കവി 64–ാം സൂക്തത്തിൽ മിത്രാവരുണന്മാരുടെ അടുത്ത സൗഹൃദത്തിൽ ഊന്നൽ കൊടുക്കുന്നു. അവർ തങ്ങളുടെ കൈകളിൽ "സൂര്യമാഹാത്മ്യസാമ്രാജ്യം" ശേഖരിക്കുന്നു (1). അത് ഭൗമസാമ്രാജ്യവും യജ്ഞസാമ്രാജ്യവും രണ്ടുമാവാൻ സാധ്യതയുണ്ട്. തങ്ങളെ അടുപ്പംകൊണ്ടു സന്ദർശിക്കുന്ന യജമാനന്മാരെ അവർ ഇരുകൈകളും നീട്ടി സ്വീകരിക്കുന്നു (2). "ഒരിക്കലും അപകടം വരുത്താത്ത" മിത്രന്റെ സംരക്ഷണത്താൽ അകമ്പടി സേവിക്കപ്പെടുന്നവരത്രേ യജമാനന്മാർ (3). നാലാം പദ്യത്തിൽ കവി, വ്യക്തമായി പറയുന്നില്ലെങ്കിലും, ദേവന്മാരുമായി അടുത്തു ബന്ധമുള്ള ചിലത് കൊണ്ടുവരുന്നുണ്ട്. യജ്ഞഹവിസ്സുകളും യജ്ഞത്തിലെ ചൊല്ലലുമാവാം അത്. ദക്ഷിണകളും രക്ഷിതാക്കളുടെ വസതികളിലെ അന്തേവാസികളുമാകുന്നതിനും സാധ്യതയില്ലായ്കയില്ല. ചുരുക്കത്തിൽ യജ്ഞവും രക്ഷിതാക്കളുടെയും പുരോഹിതന്മാരുടെയും ജീവിതവുമായി അതിന് ബന്ധമുണ്ട്. അന്തിമപദ്യങ്ങളിൽ മിത്രാവരുണന്മാരും യജമാനന്മാരും തമ്മിലുള്ള ഈ അടുപ്പം പല തന്ത്രങ്ങൾ മുഖേന ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഏഴാം പദ്യത്തിലെ "പുഞ്ചിരി" ശ്രദ്ധേയമത്രേ. ഈ പ്രമേയം 4, 5 പദ്യങ്ങളിലും കാണാം. അവയിൽ കവി മിത്രാവരുണന്മാരെ ദേവന്മാരുടെ "ഇരിപ്പിട"മോ "വസതി"യോ ആയ ഉദാരരായ രക്ഷിതാക്കളുടെ വാസസ്ഥാനങ്ങളിലേക്കു ക്ഷണിക്കുന്നു.

യജ്ഞങ്ങൾക്കുവേണ്ടി പറയുന്ന (3) "വിചാരശീല"നായ കവിയെന്നു തന്നെ വിശേഷിപ്പിച്ചുകൊണ്ട് കവി 65 –ാം സൂക്തം ആരംഭിക്കുന്നു (1–2). ഗോത്രവംശങ്ങൾ കുടിയേറിപ്പാർക്കുന്ന കാലത്ത് ജനങ്ങൾക്കും മൃഗങ്ങൾക്കും വിശാലവും സുരക്ഷിതവും ശാന്തവുമായ വാസസ്ഥാനം സൃഷ്ടിക്കുന്നതിൽ സഹായിക്കണമെന്ന മിത്രാവരുണന്മാരോടുള്ള അപേക്ഷയാണ് സൂക്തത്തിന്റെ പ്രമേയം. കവി മിത്രാവരുണന്മാരെയാണ് സംബോധന ചെയ്യുന്നതെങ്കിലും മുഖ്യമായും വിളിക്കുന്നത് മിത്രനെയാണ്. നാലാം പദ്യത്തിൽ മിത്രനെ മാത്രമേ സംബോധന ചെയ്യുന്നുള്ളൂ. അഞ്ചിൽ മിത്രന്റെ പരിപൂരകമായി മാത്രമാണ് വരുണൻ വരുന്നത്. ആറിൽ വരുണന്റെ സാന്നിധ്യം ദ്വന്ദ്വവ്യക്തിസർവനാമത്തിൽ സൂചിപ്പിക്കപ്പെടുന്നതേയുള്ളൂ. മിത്രൻ സഖ്യങ്ങളുടെ ദേവതയത്രേ. പരസ്പരം കരാറുകളെ ബഹുമാനിച്ചുകൊണ്ടല്ലാതെ ജനങ്ങൾക്ക് ഉചിതമായ സ്ഥലം കിട്ടില്ലെന്ന കവിയുടെ ഊന്നലാണ് (6) ഈ മിത്രകേന്ദ്രീകൃതത്വത്തനു കാരണം. മിത്രനെന്ന ദേവതയും സഖ്യമെന്ന മാനുഷികസ്ഥിതിയും 4–ൽ അല്പം അവ്യക്തതയോടെയും 3–ൽ കുറേക്കൂടി വ്യക്തമായും സൂചിപ്പിക്കപ്പെടുന്നു.

മുൻസൂക്തം രചിച്ച അതേ കവിയുടെ 66–ാം സൂക്തതത്തിന് അതുമായി ഒട്ടേറെ സമാനതകളുണ്ട്. ആദ്യവരിയിലെ സാദൃശ്യംതന്നെ ശ്രദ്ധേയമാണ്. മുൻസൂക്തത്തിൽ കവി മിത്രനെ, വിശേഷിച്ച് അവസാനത്തെ മൂന്നു പദ്യങ്ങളിൽ, എടുത്തു പറയുമ്പോൾ ഇവിടെ ആദ്യപദ്യത്തിൽ വരുണനെ മാത്രവും അവസാനത്തെ പദ്യത്തിൽ മിത്രനെ മാത്രവും സംബോധന ചെയ്യുന്നു. ഒന്നാം പദ്യം വരുണനുമായി ബന്ധപ്പെട്ട ഋതത്തെ പരാമർശിക്കുമ്പോൾ ആറാം പദ്യം മിത്രനുമായി ബന്ധപ്പെട്ട സഖ്യമാണ് പരാമർശിക്കപ്പെടുന്നത്. ഈ സൂക്തം കാവ്യശക്തിയുടെയും ഋതത്തിന്റെയും സ്തുതിയാണെന്ന ഒരു വ്യാഖ്യാനവും പ്രസിദ്ധമാകുന്നു.

67–ാം സൂക്തം ആദിത്യന്മാരുടെ അനേകത്വത്തിൽ ഊന്നുന്നു. ഇതിനെ അവരുടെ പലേടങ്ങളിലുമുള്ള സാന്നിധ്യവും വിവിധജനങ്ങൾക്കിടയിലുള്ള പ്രഭുത്വവുമായി ഈ സൂക്തം ബന്ധപ്പെടുത്തുന്നു (2, 4). ആദ്യപദ്യത്തിൽ ആദ്യം ആദിത്യന്മാരെയും പിന്നീട് വരുണനെയും മിത്രനെയും അര്യമാവിനെയും വിളിക്കുന്നു. രണ്ടാം പദ്യത്തിൽ വരുണനെയും മിത്രനെയും മൂന്നിൽ വരുണനെയും മിത്രനെയും അര്യമാവിനെയും വീണ്ടും വിളിക്കുന്നു. അന്തിമപദ്യത്തിലാണ് പരകോടി. ആദിത്യന്റെ എല്ലാ രൂപങ്ങളും മിത്രനിലോ വരുണനിലോ, അല്ലെങ്കിൽ അവരിരുവരിലും ഒരുമിച്ച്, ഉച്ചസ്ഥിതിയിലെത്തുന്നു. ഈ അന്തിമപദ്യവ്യാഖ്യാനത്തിൽ അഭിപ്രായൈക്യമില്ല.

68–ാം സൂക്തത്തിൽ കവി മിത്രന്റെയും വരുണന്റെയും ശക്തിയുടെ വികാസത്തെ സ്തുതിക്കാനുദ്ദേശിക്കുന്നു: അവർ "മഹത്തായ സാമ്രാജ്യമുള്ളവ"രാണ് (1). "ദേവന്മാർക്കിടയിൽ പ്രഖ്യാപിക്കപ്പെട്ടവ"രാണ് (2). ദേവന്മാരുടെയും മനുഷ്യരുടെയുമിടയിലുള്ള അവരുടെ ശക്തി യോജിപ്പിച്ചുകൊണ്ട് അവരെ "ഭൗമവും സ്വർഗീയവു"മായ സമ്പത്തിന്റെ

അധിപതികളും "ദേവന്മാർക്കിയിൽ സാമ്രാജ്യമുള്ള"വരുമെന്നു വിളിക്കുന്നു (3). ഭൂമിയിലും സ്വർഗത്തിലുമുള്ള അവരുടെ ശക്തിയും ഈ സ്തുതിയുടെ പരകോടിയും ലക്ഷ്യവും അന്തിമപദ്യത്തിൽ രേഖപ്പെടുത്തുന്നു: അവർ സ്വർഗത്തിൽനിന്നു ഭൂമിയിലേക്കു വരുന്ന മഴകളുടെ പ്രഭുക്കളത്രേ.

69–ാം സൂക്തത്തിന്റെ പാതിയിൽ കവി മിത്രാവരുണന്മാരെ അവരുടെ അമ്മയായ അദിതിയുമായി ബന്ധപ്പെടുത്തുന്നു. കുറ്റമില്ലായ്മയുടെ മൂർത്തീഭാവമാണ് അദിതിദേവത. കവി അവളെ സമ്പത്തിനും അനുസ്യൂതമായ വംശാവലിക്കും സൗഭാഗ്യത്തിനും ആരോഗ്യത്തിനുംവേണ്ടി വിളിക്കുന്നു (3). ഇവിടെ ആരെയാണ് വിളിക്കുന്നതെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ വരാം. ഏതായാലും അദിതിയും മിത്രാവരുണന്മാരും തമ്മിലുള്ള ബന്ധം അന്തിമപദ്യത്തിൽ ഉറപ്പിക്കുന്നുണ്ട്. അവിടെ മിത്രാവരുണന്മാരെ ആദിത്യന്മാർ (അദിതിയുടെ മക്കൾ) എന്നു വിളിക്കുന്നുണ്ട്.

70–ാം സൂക്തത്തെപ്പറ്റിയുള്ള ഏറ്റവും രസകരമായ ചോദ്യം എന്തിനാണ് മിത്രാവരുണന്മാരെ ഇവിടെ രുദ്രന്മാരെന്നു വിളിച്ചതെന്നതാണ്. ഇതിലെ നിഗൂഢമായ പദ്യം അവസാനത്തേതാണെന്നതും ഏറ്റവും രസകരംതന്നെ. രുദ്രൻ ശമനൗഷധിയുള്ളവനും അതേസമയം ഭീകരനായ അമ്പെയ്ത്തുകാരനുമാണ്. ശത്രുക്കൾക്കെതിരെ തിരിയുന്ന മിത്രാവരുണന്മാരുടെ പക രുദ്രന്റെ രോഷത്തെപ്പോലെയാണെന്ന് ഉറപ്പിക്കുകയായിരിക്കണം കവിയുടെ ഉദ്ദേശ്യം. മിത്രാവരുണന്മാർ സംരക്ഷിക്കുകയും അവനെ ശത്രുക്കളിൽനിന്നു രക്ഷപ്പെടുത്തുകയും ചെയ്യും. ദസ്യുക്കളോടുള്ള അവരുടെ ക്രോധം അവനോടുണ്ടാവുകയില്ല (3). ഈ നിരീക്ഷണം അവസാനപദ്യം മനസ്സിലാക്കുന്നതിനു നമ്മെ സഹായിക്കും. എങ്കിലും അതിന്റെ അർഥം അനിശ്ചിതം തന്നെയായി അവശേഷിക്കുന്നു.

71–ാം സൂക്തവും അടുത്തതും ഒരേ കവിയുടെ രചനകളാണ്. തീർച്ചയായും സമാനമായ ഉദ്ദേശ്യങ്ങളോടുകൂടിയവയും സമാനമായ സങ്കേതങ്ങളുപയോഗിച്ചവയുമാണ്. രണ്ടു സൂക്തങ്ങളും മിത്രാവരുണന്മാരെ നേരെ യജ്ഞത്തിലേക്കും സോമപാനത്തിനുമായി ക്ഷണിക്കുന്നവയുമാകുന്നു.

72–ാം സൂക്തം മിത്രാവരുണന്മാരെ നേരെ യജ്ഞത്തിലേക്കും സോമപാനത്തിനുമായി ക്ഷണിക്കുന്നു (1). രണ്ടിൽ ദേവതകളുടെ പേര് പരാമർശിക്കുന്നില്ല.

73–ാം സൂക്തത്തിന്റെ കേന്ദ്രപ്രമേയം അശ്വികളുടെ യാത്രയാണ്. ലോകം മുഴുവൻ വലയം ചെയ്യുന്നതും കവിയുടെ യജ്ഞത്തിലേക്കുള്ളതുമായ യാത്ര. 1–2 പദ്യങ്ങൾ അശ്വികളെ അവർ അടുത്തോ അകലെയോ എവിടെയായാലും തന്റെ യജ്ഞത്തിലേക്കു വരാൻ ക്ഷണിക്കുന്നു. അടുത്തതായി കവി അവരുടെ അത്ഭുതകരമായ തേരിന്റെ വർണനയിലേക്കു തിരിയുന്നു. അവരുടെ തേരിന്റെ ഒരു ചക്രം യജ്ഞാഗ്നിയാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു (3). മറ്റേ ചക്രം സൂര്യൻ (4). ഈ തേരുപയോഗിച്ചാണ് അശ്വികൾ ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കുന്നതും യജ്ഞത്തിലേക്കു വരുന്നതും. 5–6 പദ്യങ്ങൾ ചൂടിനെപ്പറ്റിയാണ് – പ്രപഞ്ചത്തിന്റെയും യജ്ഞത്തിന്റെയുമായ ചൂടിനെപ്പറ്റി. ആനുഷംഗികമായി സൂര്യ അശ്വികളുടെ തേരിൽ കയറുന്നതും പരാമർശിക്കപ്പെടുന്നു. 7–8 പദ്യങ്ങൾ അവ്യക്തമാണ്. സമാപനപദ്യങ്ങൾ കേന്ദ്രാശയത്തിന്റെ ഭംഗ്യന്തരേണയുള്ള ആവർത്തനംതന്നെ.

അശ്വികൾ എവിടെയായിരിക്കുമെന്ന് കവി അത്ഭുതപ്പെട്ടുകൊണ്ട് 74–ാം സൂക്തം തുടങ്ങുന്നു (1). അവർ മറ്റു ജനങ്ങളോടൊപ്പമായിരിക്കുമോ? (2). അല്ലെങ്കിൽ ആരോടൊപ്പമാണ് അവർ സഞ്ചരിക്കുന്നുണ്ടാവുക? (3). കവി അവർ അത്രിയുടെ അടുത്തേക്കു വരുമെന്ന് ആഗ്രഹിക്കുന്നു. 6–ാം പദ്യത്തിൽ ഒരിക്കൽക്കൂടി കവി അശ്വികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആരുടെ പ്രചോദിതകവിതയും യജ്ഞങ്ങളുമാണ് അശ്വികളെ ആകർഷിക്കുന്നതെന്ന് തുടർന്നു ചോദിക്കുന്നു (7). അനന്തരം തന്റെ അടുത്തേക്കു വരണമെന്നഭ്യർഥിക്കുന്നു (8–10). അവസാനപദ്യം ആദ്യപദ്യത്തെ പ്രതിധ്വനിപ്പിക്കുന്നു. ഈ സൂക്തത്തിലും ഇടയ്ക്കുള്ള പദ്യങ്ങളിൽ അവ്യക്തതയുണ്ട്.

75–ാം സൂക്തത്തിൽ രണ്ടു പ്രമേയങ്ങൾ പ്രാധാന്യം വഹിക്കുന്നു. ഒന്ന്, ആദ്യത്തെ പദ്യത്തിന്റെ തുടക്കത്തിൽ അറിയിച്ച അശ്വികളുടെ തേര്. അത് ദേവന്മാരെ യജ്ഞസ്ഥലത്തേക്കു കൊണ്ടുവരുന്നു. മറ്റേത്, കവിയുടെ വിളി. സൂക്തത്തിലെ പല്ലവിയുടെ ആശയം. രണ്ടും അടുത്ത് ബന്ധപ്പെടുന്നവയാണ്. കവിയുടെ സ്തുതിയുടെ ഉദ്ദേശ്യം അശ്വികളെ അവരുടെ തേരിൽ യജ്ഞഭൂമിയിലേക്കു വരുത്തുകയാണല്ലോ. രണ്ടാം പദ്യത്തിൽ കവി, തേര് അശ്വികളെ നേടുമെന്നവകാശപ്പെടുന്ന മറ്റു യജമാനന്മാരുടെ സൂക്തങ്ങളെ മറികടന്നുകൊണ്ട് ഈ യജ്ഞത്തിലേക്കുതന്നെ വരുന്നതായി സങ്കല്പിക്കുന്നു. സൂക്തം അശ്വികളെ കവിയുടെ നേർക്കു നയിക്കുന്നതുകൊണ്ട് കവിയുടെ ശബ്ദം തേരിലെത്തുകയും (4) കവിയുടെ ചിന്ത അശ്വികളുടെ കുതിരകളെ നുകത്തിൽ കെട്ടുകയും (6) ചെയ്യുന്നു. ഏഴാം പദ്യത്തിൽ അശ്വികളെ കുറുകെ വരുന്നതിനു വിളിക്കുന്നു. ഈ ഭാഗത്തിൽ വ്യക്തതക്കുറവനുഭവപ്പെടുന്നു. ഏതായാലും ദേവന്മാർ മറ്റുള്ളവരുടെ സൂക്തങ്ങളാലും യജ്ഞങ്ങളാലും വശീകരിക്കപ്പെട്ടുപോകരുതെന്നും കവിയുടെ വിളി കേട്ടുകൊണ്ട് ഈ യജ്ഞത്തിലേക്കുതന്നെ വരണമെന്നും വീണ്ടും അഭ്യർഥിക്കപ്പെടുന്നു.

പിൽക്കാലയജ്ഞത്തിൽ വൈകുന്നേരം അധ്വര്യുവും സഹായികളും പ്രവർഗ്യപാത്രം ചൂടാക്കുന്നതിനു അഗ്നിയെ വീശവേ ഹോതാവ് 76–ാം സൂക്തം ചൊല്ലുന്നു. ഒന്നാം പദ്യം നേരിട്ട് പ്രവർഗ്യകർമത്തിൽ അശ്വികൾക്കു ചുടുപാൽഹവിസ്സർപ്പിക്കുന്നതിനെ പരാമർശിക്കുന്നു. സൂക്തംതന്നെ പ്രഭാതമാണ് ചൊല്ലുന്ന സമയമെന്നു സൂചിപ്പിക്കുന്നുണ്ട്. സമയമാണ് സൂക്തത്തിന്റെ കേന്ദ്രപ്രമേയം. ഇപ്പോൾ അശ്വികൾ സ്തുതിക്കപ്പെടുന്നു (2). ഇപ്പോൾ ഹവിസ്സർപ്പണം അശ്വികളിലേക്കു വ്യാപിപ്പിച്ചിരിക്കുന്നു (3). അശ്വികൾ രാത്രിയും പകലും എല്ലാ സമയത്തും വരാറുള്ളതുകൊണ്ട്, സ്തുതിക്കും ഹവിസ്സിനും അവർ പ്രതികരിക്കണം (2, 3). ഇപ്പോഴത്തെ ഹവിസ്സർപ്പണവും അശ്വികളുടെ എല്ലായ്പ്പോഴുമുള്ള സാന്നിധ്യവും കാരണം കവി "ഇപ്പോഴത്തെ സഹായത്തിന്" അശ്വികളെ പ്രതീക്ഷിക്കുന്നു (5). സമയത്തിലെന്നപോലെ സ്ഥലത്തിലും കവി നിഷ്കർഷിക്കുന്നുണ്ട്. അശ്വികൾ "ഇവിടേക്കു യാത്ര ചെയ്യണം" (1, 3). അവിടെ

യാണ് അവർ സ്തുതിക്കപ്പെടുന്നത് (2). കാരണം, ഇതാണവരുടെ സ്ഥലം – വീടും വാസസ്ഥാനവും വസതിയും (4). ഫലം: സമ്പത്തും സൗഭാഗ്യവും ഇവിടെയാവും (5).

മുൻസൂക്തത്തെപ്പോലെ 77–ാം സൂക്തവും അത്രിരചിതവും അതേ വൃത്തവും അന്തിമപദ്യവും ഉള്ളതുമാണ്. അശ്വികളുടെ തേരിനെ ഇവിടെ യജ്ഞത്തോടുപമിക്കുകയോ താദാത്മ്യപ്പെടുത്തുകപോലുമോ ചെയ്യുന്നു. അശ്വികളുടെ ആഗമനമുഹൂർത്തത്തെപ്പറ്റി കവിക്കു സവിശേഷമായ ഉൽക്കണ്ഠയാണ്. പ്രാതഃകാലത്തു യാത്രചെയ്യുന്നവരാണവർ. സ്തോത്രവും ഹവിസ്സും യഥാസമയം നൽകണമെന്ന് കവിക്കു നിഷ്കർഷയുണ്ട്. വളരെ നേരത്തേ നൽകിയാൽ ഇരുട്ടായിരിക്കും. വൈകുന്നേരം തെറ്റായ സമയവുമാകുന്നു (2). രാവിലെ വൈകിയാൽ "അനുദാരനായ പരുന്ത്" വന്നേക്കാം.

സാധാരണ സംവിധാനമനുസരിച്ച് കൂടുതൽ പദ്യങ്ങളുള്ള സൂക്തങ്ങൾ കുറച്ചുള്ളവയ്ക്കുമുൻപിൽ വരാറില്ല. പക്ഷേ, ഒൻപതു പദ്യങ്ങളുള്ള 78–ാം സൂക്തം അഞ്ചു പദ്യങ്ങളുള്ള സൂക്തത്തിനെത്തുടർന്ന് വന്നിരിക്കയാണ്. ഈ പൊരുത്തക്കേട് സൂചിപ്പിക്കുന്നത്, ഈ സൂക്തം പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതോ പ്രത്യേകസൂക്തങ്ങൾ ചേർന്ന ഒരു സംയുക്തമോ ആണിതെന്നതാണ്. രൂപപരമായും പ്രമേയപരമായും ഇത് ഒരു സംയുക്തമാണെന്നു തോന്നുന്നു. പദ്യങ്ങളിൽ അസമമായി വീതിക്കപ്പെട്ട മൂന്നു വ്യത്യസ്തവൃത്തങ്ങളാണീ സൂക്തത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ആദ്യത്തെ മൂന്നു പദ്യങ്ങൾ അശ്വികളെസോമസവനത്തിലേക്കു ക്ഷണിക്കുന്നു. ഇവ മൂന്നും ഒരേ വൃത്തത്തിലാണ്. ഇവ മൂന്നും അശ്വികളെ വിളിക്കുന്നവയും ഒരേ പല്ലവിയോടുകൂടിയവയുമാണ്. അവ അങ്ങനെ പരസ്പരബദ്ധമായ ഒരു ഖണ്ഡമാണെന്നു പറയാം. അവസാനത്തെ മൂന്നു പദ്യങ്ങളും അതുപോലെ ഒരേ വൃത്തത്തിലുള്ളവയാണ്. ഉചിതമായ സമയത്ത് ശിശുപ്രസവം സുഗമമാക്കാനുള്ള മന്ത്രോപദേശമാണത്. ഏഴാം പദ്യം കുഞ്ഞിന്റെ അച്ഛനെയും എട്ട് കുഞ്ഞിനെത്തന്നെയും ഒൻപത് അശ്വികളെയോ ശിശുപ്രസവത്തെ സഹായിക്കുന്ന മറ്റു ശക്തികളെയോ സംബോധന ചെയ്യുന്നതായി തോന്നുന്നു. മധ്യഭാഗത്തുള്ള മൂന്നു പദ്യങ്ങൾ 1–3 പദ്യങ്ങളിലെ വിളിയിൽനിന്നു 7–9 പദ്യങ്ങളിലെ മന്ത്രോപദേശത്തിലേക്കുള്ള സംക്രമണമത്രേ. നാലാം പദ്യം മാത്രമാണ് ത്രിഷ്ടുപ്പുവൃത്തത്തിലുള്ളത്. അശ്വികളെ വരാൻ പറയുന്നതാണത്; പക്ഷേ, സോമസവനത്തനല്ല, സഹായം കൊണ്ടുവരാനാണ്. അത്രിയുടെ വിഷമാവസ്ഥ കുഞ്ഞ് പുറത്തു വരാനുള്ള ഗർഭിണിയുടെ അവസ്ഥപോലെയാണ്. 5–6 പദ്യങ്ങൾ സപ്തവധ്രിയുടേതുപോലെയാകുന്നു. വിഷമത്തിൽപ്പെട്ട തന്നെ സഹായിക്കണമെന്നാണ് അയാളുടെ അശ്വികളോടുള്ള അപേക്ഷ. ഇതും ശിശുപ്രസവവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

നിർണായകമായി ചാഞ്ചല്യം കൂടാതെ ഭൗതികനേട്ടത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ് 79–ാം സൂക്തം. പ്രാതഃസവനത്തിൽ ദക്ഷിണ കഴിഞ്ഞ് ദേവിയായ ഉഷസ്സ് പലപ്പോഴും സമ്പത്തോടുകൂടി ദാനവുമായി ബന്ധപ്പെട്ടുകാണുന്നു. പക്ഷേ, ഇപ്പോൾ ദേവിയുടെ മറ്റു വശങ്ങളിൽ വളരെ കുറച്ചേ ശ്രദ്ധിക്കപ്പെടുന്നുള്ളൂ. "സുജാതേ അശ്വസൂനൃതേ" (കുതിരകളോടുകൂടി ഉദാരയായ സുജാതേ!) എന്ന പല്ലവിയുടെ സ്വരം വർധമാനമായ മടുപ്പുളവാക്കുന്നു. ആദ്യപദ്യങ്ങളിൽ ധാരാളം രക്ഷിതാക്കളുടെ പേരെടുത്തു പറയുകയും (1–3) പൊതുവിൽ രക്ഷിതാക്കൾ ഉഷസ്സിൽനിന്നു കൊള്ളമുതൽ കവികൾക്കു പുനർവിതരണം ചെയ്യുന്നതിനുവേണ്ടി സ്വീകരിക്കമെന്നു കവി പ്രതീക്ഷിക്കുകയും (4–8) ചെയ്യുന്നു. ഉഷസ്സിന്റെ സൗന്ദര്യത്തിലുള്ള പതിവുശ്രദ്ധ, അവളുടെ ആദ്യത്തെ ആവിർഭാവം, അവളുടെ യാത്ര, പശുക്കൾ മുതലായവയൊന്നും ഈ സൂക്തത്തിലില്ല. 9–ാം പദ്യത്തിലെ ഒരു ബിംബകല്പനകൊണ്ടു കവി തൃപ്തിപ്പെടുന്നതായി തോന്നുന്നു.

*അനുക്രമണീ*കാരൻ 80–ാം സൂക്തത്തിന്റെ കവി മുൻസൂക്തത്തിന്റെ കവിതന്നെയാണെന്നു പറയുന്നുണ്ടെങ്കിലും അതിൽനിന്നു സ്വരത്തിൽ തികച്ചും വിഭിന്നമാണ്. ഉഷസ്സിനു സമ്പത്തുമായുള്ള ബന്ധം 3–ാം പദ്യത്തിൽ വിവരിക്കുന്നു. പക്ഷേ, അവളുടെ യാത്രയാണ് (1–3) കേന്ദ്രബിന്ദു. പിന്നീട് ഈ ലഘുസൂക്തത്തിന്റെ ഉത്തരാർധത്തിൽ (4–6) അവളുടെ ശരീരസൗന്ദര്യം മനോഹരമായ ബിംബകല്പനകളിൽ വർണിക്കുന്നു. അതാകട്ടെ, പ്രകാശം കൂടുന്തോറും ക്രമേണ വെളിപ്പെടുന്നു.

*അനുക്രമണീ*കാരൻ 81–ഉം അടുത്ത സൂക്തവും സവിതാവിനു സമർപ്പിക്കപ്പെട്ടവയും ഈ മണ്ഡലത്തിലെ മരുത്സൂക്തസഞ്ചയത്തിന്റെ കവിയായ ശ്യാവാശ്വനാണ് ഇവയുടെയും കവിയെന്നും പറയുന്നു. കവിയുടെ പേര് 5–ാം പദ്യത്തിൽ പരാമർശിക്കുന്നുണ്ട്. പക്ഷേ, സവിതാവെന്ന വിഷയം മരുത്തുക്കളുടെയത്ര കവിയെ ഔന്നത്യത്തിലേക്കെത്തിച്ചില്ലെന്നു തോന്നുന്നു. സൂക്തം സവിതാവിനെ ഒരു പ്രപഞ്ചശക്തിയായും (2–5) മർത്ത്യർക്ക് അഭിവൃദ്ധികൾ നൽകുന്നവനും കവിയുമായും (1–2) ചിത്രീകരിക്കുന്നു.

82–ാം സൂക്തം സംഘടിപ്പിക്കുമ്പോൾ സവിതൃശബ്ദത്തിന്റെ സൂ (പ്രേരിപ്പിക്കുക) ധാതുവുമായി ബന്ധപ്പെട്ട ശ്ലിഷ്ടപ്രയോഗം കവി സമർഥമായി ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുതസൂക്തത്തിൽ ഈ ധാതുവിൽനിന്നു നിഷ്പന്നമായ ക്രിയാരൂപമോ നാമരൂപമോ ആയ എട്ടു പ്രത്യേകരൂപങ്ങൾ ഉണ്ട്. സവിതാവിനെ ഭഗനുമായി താദാത്മ്യപ്പെടുത്തുകയും ചെയ്യുന്നു. ഭഗൻ പ്രത്യേകദേവതയായി പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. പക്ഷേ, ഈ രണ്ടു ദേവതകളും പരസ്പരം ബന്ധപ്പെട്ടാണ് പൊതുവിൽ വരാറ്.

പർജന്യൻ (ഇടിമുഴക്കം) ദേവതയായ മൂന്നു സൂക്തങ്ങളേ *ഋഗ്വേദ*ത്തിലുള്ളൂ. ഈ മനോഹരമായ 83–ാം സൂക്തത്തിലെ മിക്ക ഭാഗങ്ങളും ഈ മണ്ഡലത്തിലെ മരുത്സൂക്തങ്ങളെ ഓർമിപ്പിക്കും; കവി അവയുടേതല്ലെങ്കിലും. ഇവിടെ ആറാം പദ്യത്തിൽ മരുത്തുക്കളെ സംബോധന ചെയ്യുന്നുണ്ടുതാനും. കൊടുങ്കാറ്റിന്റെ ശക്തിയും കൂടെവരുന്ന മഴകളുടെ അഭീഷ്ടഫലങ്ങളും കലർന്നുകൊണ്ട് ഉജ്ജ്വലമായ ബിംബകല്പനകളോടെ, ചിലേടത്ത് സ്വല്പം ലൈംഗികച്ചു

വയോടെ, ചിത്രീകരിക്കപ്പെടുന്നു.

മുൻസൂക്തത്തിന്റെ കവിയുടെ പേരിലുള്ള 84–ാം സൂക്തം അതിന്റെ പൂരകമാകുന്നു. ഒരുതരം പ്രഹേളികയാണിത്: ആദ്യത്തെ പദ്യം ഭൂമിയെ സംബോധന ചെയ്യുന്നു. രണ്ടാമത്തേത് ഒരു സ്ത്രിയെ. അതിൽ പരാമർശിക്കപ്പെടുന്ന ഒരു സവിശേഷതയും ഭൂമിക്കു ചേരുന്നതായി തോന്നുന്നില്ല. രണ്ടാം പദ്യത്തിലെ കടങ്കഥയ്ക്ക് അനുവാചകർ ഉത്തരം കണ്ടെത്തുന്നില്ലെങ്കിൽ മൂന്നാം പദ്യത്തിൽ അതു കാണാം.

85–ാം സൂക്തം പലപ്പോഴും പ്രശംസിക്കപ്പെട്ടതാണ്. കാരണം, ഇത് സൃഷ്ടിദേവനെന്നും (1–6) മനുഷ്യരുടെ കുറ്റങ്ങൾ പൊറുക്കുന്ന ദേവനെന്നുമുള്ള (7–8) നിലയിൽ വരുണന്റെ ഉദാത്തദർശനം ആവിഷ്കരിക്കുന്നു. പക്ഷേ, വരുണന്റെ ഈ രണ്ടു വശങ്ങളും തമ്മിലുള്ള ബന്ധമെന്താണ്? കവി ഈ രണ്ടുവശങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. പ്രാപഞ്ചികതലത്തിൽ വരുണൻ സൂര്യനുകീഴിലുള്ള ലോകത്തെയും (1) അന്തരീക്ഷത്തെയും (2) മുഴുവൻ വ്യാപിപ്പിക്കുന്നു. അവൻ മഴ പെയ്യിക്കുകയും (3–4) നദികളെ പ്രവഹിപ്പിക്കുകയും (9) ചെയ്യുന്നു. ധാർമികതലത്തിൽ ജനങ്ങളുടെ ദോഷപ്രവർത്തനം അന്യഥാ സൃഷ്ടിക്കുന്ന ചങ്ങലകൾ അഴിച്ചുവിടുന്നു (8). അങ്ങനെ സൂക്തം മുഴുവൻ വരുണനാമം ആധിപത്യം ചെലുത്തുന്നു – ആറാം പദ്യമൊഴികെ. അവിടെ വരണന്റെ പേരില്ല. മറ്റു പല കാരണങ്ങളാലും ഈ പദ്യം കൂട്ടത്തിൽ ചേരാത്തതാണെന്ന അഭിപ്രായം പ്രബലമത്രേ.

*ഋഗ്വേദ*ത്തിലെ ഭൂരിപക്ഷം സൂക്തങ്ങളും മറ്റേതു ദേവനേക്കാളും അഗ്നിയും ഇന്ദ്രനും വെവ്വേറെയായി സ്വീകരിക്കുന്നുണ്ടെങ്കിലും അവർക്കു അന്യോന്യം സാങ്കല്പികമായോ യജ്ഞപരമായോ കാര്യമായൊന്നും ചെയ്യാനില്ല. ഏതാനും സൂക്തങ്ങളേ അവർക്കിരുവർക്കുംകൂടി സമർപ്പിക്കപ്പെട്ടിട്ടുള്ളു. ഉള്ളടക്കത്തിൽ താരതമ്യേന നിസ്സാരമാണവ. അല്ലെങ്കിൽ, ഈ ദേവന്മാരിലാരെയെങ്കിലും അനുകൂലിക്കുന്നവ. ഈ രണ്ടു ഘടകങ്ങളും 86–ാം സൂക്തത്തിലുണ്ട്. ഇന്ദ്രനെയും അഗ്നിയെയും ജോടിയായി വിളിക്കുകയാണ് മിക്ക സൂക്തഭാഗങ്ങളിലും. ബാക്കിയുള്ളവ ഇന്ദ്രന്റെ രണ്ടു വീരകർമങ്ങളെ വർണിക്കുന്നു. ത്രിതനോടൊപ്പം വലഗുഹ ഭേദിക്കുന്നതും (നായകൻ ഇന്ദ്രനല്ല) വൃത്രപുരാവൃത്തവും.

അഞ്ചാം മണ്ഡലത്തിലെ ഈ അന്തിമസൂക്തം (87) പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതാണെന്നു വ്യക്തമാണ്. കവിയുടെ പേരായി പറയുന്ന ഏവയാമരുത് എന്നതും കൃത്രിമമായ ഒന്നാണെന്നു തോന്നുന്നു. ഈ മണഡ്ലത്തിലെ മുൻമരുത്സൂക്തങ്ങളുടെയെന്നപോലെ ഈ മരുത്സൂക്തത്തിന്റെയും കവി ശ്യാവാശ്വനാണെന്ന അഭിപ്രായം പണ്ഡിതലോകത്തിലുണ്ട്. ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം വിഷ്ണുദേവനും മരുത്തുകളും തമ്മിലുള്ള ബന്ധം ഈ സൂക്തത്തിൽ ഏറ്റവും ശക്തമായി പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു. മറ്റു ചില സൂക്തങ്ങളിലും ഈ ബന്ധം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇത്ര ശ്രദ്ധേയമായിട്ടുണ്ടെന്നു തോന്നുന്നില്ല. വിഷ്ണുവിന്റെ ത്രിവിക്രമത്വം ഇവിടെയും വ്യക്തമാണ്. സ്വർഗഭൂമ്യന്തരീക്ഷങ്ങൾ അളന്നവനാണല്ലോ വിഷ്ണു. അന്തരീക്ഷത്തിൽ വസിക്കുന്നവരും സ്വർഗത്തിലും ഭൂമിയിലും നിരന്തരം യാത്ര ചെയ്യുന്നവരുമാണ് മരുത്തുക്കൾ. വിഷ്ണുവിനെയും മരുത്തുക്കളെയും ബന്ധിപ്പിക്കുന്ന പൊതുഘടകവും ഇതുതന്നെ. ഏതാണ്ട് അപൂർവമായ ഇതിലെ വൃത്തത്തിന്റെ മനോഹാരിതയും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

## അഞ്ചാം മണ്ഡലം, അൻപത്തിരണ്ടാം സൂക്തം

ശ്യാവാശ്വ ആത്രേയൻ ഋഷി; 17 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (പംക്തി 6, 16–17 എന്നിവയൊഴികെ); മരുത്തുക്കൾ ദേവത

*ഋഗ്വേദ*ത്തിൽ അഞ്ചാം മണ്ഡലം മരുത്സൂക്തങ്ങളുടെ ഏറ്റവും വലിയ സമാഹാരം (5. 52–61) ഉൾക്കൊള്ളുന്നു. ശ്യാവാശ്വ ആത്രേയന്റെ പത്തു സൂക്തങ്ങൾ (52–61) ഉദാത്തമായ കവിത തുളുമ്പുന്നവയാകുന്നു. ഭാവനാത്മകവും ചൈതന്യവത്തും മനോഹരമായയ ശില്പഭംഗിയുറ്റതുമായ അവ മരുത്തുക്കളുടെ രണ്ടു വശങ്ങളെയും ആവിഷ്കരിക്കുന്നു. യുവാക്കളും സുന്ദരന്മാരും മഹാശയന്മാരുമായ യോദ്ധാക്കളുടെ സംഘമെന്ന സാമൂഹ്യാസ്തിത്വവും മഴയുടെയും കൊടുങ്കാറ്റിന്റെയും മൂർത്തീഭാവമെന്ന പ്രകൃതിപ്രതിഭാസത്വവും അവരുടെ ദേവതാത്വവും അവർ മനുഷ്യർക്കു നൽകുന്ന നേട്ടങ്ങളും കുറച്ചുകാട്ടാതെതന്നെ ഇവിടെ ചിത്രീകരിക്കപ്പെടുന്നു.

കവി ശ്യാവാശ്വൻ ഈ സമാഹാരത്തിലെ ആദ്യപദ്യത്തിന്റെ ആദ്യപാദത്തിൽത്തന്നെ മരുത്തുക്കളെ സ്തുതിക്കാൻ ഉദ്ബോധിപ്പിക്കുന്നു. പിന്നീട് അവരെ പൊതുവായ രീതിയിൽ വിവരിക്കുകയും അവരുടെ യജ്ഞാർഹത ഉറപ്പിക്കുകയും ചെയ്യുന്നു (1–5). സൂക്തത്തിലെ അടുത്ത ഖണ്ഡം (6–13) മരുത്തുക്കളെ കൊടുങ്കാറ്റിന്റെ ദേവതയെന്ന നിലയിൽ അവതരിപ്പിക്കുന്നു. ശബളാഭമായ ബിംബകല്പനകളുടെ പരമ്പരയും ഭാവനാത്മകമായി അവർക്കു നൽകുന്ന വ്യക്തിനാമങ്ങളും അവിടെ കാണാം (10–11). അന്യഥാ അവരെ വേർതിരിച്ചറിയാൻ പ്രയാസമാണ്. ഈ ഖണ്ഡം മരുത്തുക്കളെ സ്തുതിക്കാൻ വീണ്ടുമുള്ള ഒരുദ്ബോധനത്തോടെ അവസാനിക്കുന്നു. അവസാനത്തെ ഏതാനും പദ്യങ്ങളിൽ (14–17) മരുത്തുക്കൾക്കു യജ്ഞാദരംനൽകുന്നു; അവരാകട്ടെ ദാനങ്ങളോടെ പ്രതികരിക്കുന്നു. അവസാന പദ്യം (17) ദാനസ്തുതിയാണ് – മറ്റുള്ളവരോടല്ല, മരുത്തുക്കളോടുതന്നെ. തൊട്ടുമുൻപത്തെ രണ്ടു പദ്യങ്ങളിൽ (15–16) കവികൾക്കു ദാനങ്ങൾ നൽകുന്നവരെന്ന നിലയ്ക്ക് സൂരികൾ (രക്ഷിതാക്കൾ) എന്ന് അവരെ വിശേഷിപ്പിച്ചിട്ടുമുണ്ട്.

**1. പ്ര ശ്യാവാശ്വ ധൃഷ്ണുയാർച്ചാ മരുത്ഭിരൃക്വഭിഃ**
**തേ അദ്രോഘമനുഷ്വധം ശ്രവോ മദന്തി യജ്ഞിയാഃ**

*ശ്യാവാശ്വ യേ ശ്രവഃ അനുഷ്വധം* ശ്യാവാശ്വൻ സ്തുതികളോടുകൂടിയവരും പ്രകൃതമനുസരിച്ചുതന്നെ
*യജ്ഞിയാഃ അദ്രോഘം മദന്തി* യജ്ഞാർഹരും മറച്ചുവെക്കാനാവാതെ ആനന്ദിക്കുന്നവരുമായ
*മരുദ്ഭിഃ ധൃഷ്ണുയാ ഋക്വഭിഃ പ്ര അർച്ച* മരുത്തുക്കളെ ധീരമായി ഋക്കുകൾകൊണ്ട് നന്നായി സ്തുതിച്ചാലും.

**2. തേ ഹി സ്ഥിരസ്യ ശവസഃ സഖാ യഃ സന്തി ധൃഷ്ണുയാ**
**തേ യാമന്നാ ധൃഷദ്വിനസ്ത്മനാ പാന്തി ശശ്വതഃ**

*ഹി തേ സ്ഥിരസ്യ ശവസഃ* കാരണം, അവർ ഉറച്ച കരുത്തുള്ള
*ധൃഷ്ണുയാ സഖായഃ സന്തി* ധീരരായ സഖാക്കളാണ്.
*തേ യാമൻ ആ ധൃഷദ്വിനഃ* അവർ യാത്രയിൽ ധീരരും
ത്മനാ ശശ്വതഃ പാന്തി സ്വയം തങ്ങളോരോരുത്തനെയും സംരക്ഷിക്കുന്നവരുമത്രേ.

**3. തേ സ്പന്ദ്രാസോ നോക്ഷണോതിഷ്കന്ദന്തി ശർവരീഃ**
**മരുതാമധാ മഹോ ദിവി ക്ഷമാ ച മന്മഹേ**

*തേ സ്പന്ദ്രാസഃ ഉക്ഷണഃ ന* അവർ, ഒഴുകുന്ന കാളകളെപ്പോലെ,
*ശർവരീഃ അതി സ്കന്ദന്തി* രാത്രികൾക്കു കുറുകെ സഞ്ചരിക്കുന്നു.
അധ ദിവി ക്ഷമാ ച അപ്പോൾ, സ്വർഗത്തിലും ഭൂമിയിലുമുള്ള
മരുതാം മഹഃ മന്മഹേ മരുത്തുക്കളുടെ ശക്തിയെപ്പറ്റി ഞങ്ങൾ ചിന്തിക്കുന്നു.

**4. മരുത്സു വോ ദധീമഹി സ്തോമം യജ്ഞം ച ധൃഷ്ണുയാ**
**വിശ്വേ യേ മാനുഷാ യുഗാ പാന്തി മർത്ത്യം രിഷഃ**

*മരുത്സു വഃ സ്തോമം യജ്ഞം ച* മരുത്തുക്കളായ നിങ്ങളിൽ ഞങ്ങളുടെ സ്തുതിയും യജ്ഞവും
*ധൃഷ്ണുയാ ദധീമഹി* ധീരമായി സ്ഥാപിക്കുന്നതാണ്.
*യേ വിശ്വേ മാനുഷാ യുഗാ* അവരെല്ലാവരും മാനുഷ(ജീവിത)യുഗങ്ങളിലൂടെ
*മർത്ത്യം രിഷഃ പാന്തി* മർത്ത്യനെ ഉപദ്രവത്തിൽനിന്നു രക്ഷിക്കുന്നു.

**5. അർഹന്തോ യേ സുദാനവോ നരോ അസാമിശവസഃ**
**പ്ര യജ്ഞം യജ്ഞിയേഭ്യോ ദിവോ അർച്ചാ മരുദ്ഭ്യഃ**

*യേ സുദാനവഃ അർഹന്തഃ അസാമിശവസഃ* നല്ല ദാനങ്ങൾ ചെയ്യുന്ന അർഹരും പാതിക്കരുത്തരല്ലാത്തവരും
*നരഃ യജ്ഞിയേഭ്യഃ ദിവഃ മരുദ്ഭ്യഃ യജ്ഞം പ്ര അർച്ച* ഉന്നതപുരുഷന്മാരും യജ്ഞാർഹരുമായ സ്വർഗത്തിലെ മരുത്തുക്കളെ യജ്ഞം കൊണ്ടു സ്തുതിച്ചാലും!

**6. ആ രുക്മൈരായുധാ നരഃ ഋഷ്വാ ഋഷ്ടീരസൃക്ഷത**
**അന്വേനാനഹ വിദ്യുതോ മരുതോ ജജ്ഝതീരിവ**
**ഭാനുരർത്ത ത്മനാ ദിവഃ**

*ആ ഋഷ്വാഃ നരഃ രുക്മൈഃ* ഇവിടെ ഗംഭീരന്മാരായ ഉന്നതപുരുഷന്മാർ ഔജ്ജ്വല്യങ്ങളോടുകൂടി
*യുധാ ആ ഋഷ്ടീഃ അസൃക്ഷത* യുദ്ധസന്നദ്ധരായി തങ്ങളുടെ കുന്തങ്ങൾ ചാട്ടുന്നു.
ഏനാൻ അനു അഹ മരുതഃ അവരെ അനുഗമിച്ചുകൊണ്ട്, മരുത്തുക്കളെ
*ജജ്ഝതീഃ ഇവ വിദ്യുതഃ* കുലുങ്ങിച്ചിരിക്കുന്ന (യുവതികളെന്ന)പോലെ, മിന്നൽപ്പിണരുകൾ (വന്നു).
ദിവഃ ഭാനുഃ ത്മനാ അർത്ത സ്വർഗത്തിന്റെ പ്രകാശംതന്നെ പുറത്തുവന്നു.

**7. യേ വാവൃധന്ത പാർഥിവാ യ ഉരാവന്തരിക്ഷ ആ**
**വൃജനേ വാ നദീനാം സധസ്ഥേ വാ മഹോ ദിവഃ**

*യേ ആ പാർഥിവാഃ യേ ഉരൗ അന്തരിക്ഷേ* അവർ ഇവിടെ ഭൂമിയുമായി ബന്ധപ്പെട്ടും വിശാലമായ അന്തരീക്ഷത്തിലും
*നദീനാം വൃജനേ വാ മഹഃ ദിവഃ സധസ്ഥേ വാ വവൃധന്ത* നദീതീരത്തും മഹത്തായ സ്വർഗത്തിന്റെ ഇരിപ്പിടത്തിലും ശക്തമായി വളരുന്നു.

**8. ശർധോ മാരുതമുച്ഛംസ സത്യശവസമൃഭ്വസം**
**ഉത സ്മ തേ ശുഭേ നരഃ പ്ര സ്പന്ദ്രാ യുജത ത്മനാ**

*സത്യശവസം ഋഭ്വസം* യഥാർഥമായ കരുത്തുള്ളവരും നിർമാണകുശലരുമായ
*മാരുതം ശർധഃ ഉദ് ശംസ* മരുത്തുക്കളുടെ സംഘത്തെ വാഴ്ത്തിയാലും!
*ഉത സ്മ നരഃ തേ സ്പന്ദ്രാഃ* ഉന്നതപുരുഷന്മാരായ അവർ അരുവികളെപ്പോലെ ഒഴുകുന്നവരും
*ശുഭേ ത്മനാ പ്ര യുജത* ഭംഗിക്കുവേണ്ടി സ്വയം നുകത്തിൽ കെട്ടപ്പെട്ടവരുമത്രേ.

**9. ഉത സ്മ തേ പരുഷ്ണ്യാമൂർണാ വസത ശുന്ധ്യവഃ**
**ഉത പവ്യാ രഥാനാമദ്രിം ഭിന്ദന്ത്യോജസാ**

*ഉത സ്മ തേ ശുന്ധ്യവഃ പരുഷ്ണ്യാം* മാത്രമല്ല, അവർ സ്വയം കൊത്തിവൃത്തിയാക്കുന്ന കുളക്കോഴി

കളെപ്പോലെ പരൂഷ്ണീ(നദി)യിൽ

*ഊർണാഃ വസത ഉത രഥാനാം പവ്യാ* രോമത്തിൽ (നുരയിൽ) പൊതിയുകയും തങ്ങളുടെ തേർച്ചക്രപ്പട്ടയോടുകൂടി

ഓജസാ അദ്രിം ഭിന്ദന്തി അവർ ശക്തിയോടെ ശില പിളർക്കുകയും ചെയ്യുന്നു.

**10. ആപഥയോ വിപഥയോന്തസ്പഥാ അനുപഥാഃ**
**ഏതേഭിർമഹ്യം നാമഭിർയജ്ഞം വിഷ്ടാര ഓഹതേ**

*ആപഥയഃ വിപഥയഃ അന്തഃപഥാഃ* വഴിയിലുള്ളവർ, വഴിക്കു പുറത്തുള്ളവർ, വഴിക്കകത്തുള്ളവർ,
*അനുപഥാഃ ഏതേഭിഃ നാമഭിഃ* വഴിയോടൊപ്പമുള്ളവർ – ഈ പേരുകളോടുകൂടി
*മഹ്യം യജ്ഞം വിഷ്ടാരഃ ഓഹതേ* അവർ എനിക്കുവേണ്ടി യജ്ഞം വഹിച്ചു പരന്നുനിറഞ്ഞ് സ്വയം വീമ്പിളക്കുന്നു.

**11. അധാ നരോന്യോഹതേധാ നിയുത ഓഹതേ**
**അധാ പാരാവതാ ഇതി ചിത്രാ രൂപാണി ദർശ്യാഃ**

അധ നി ഓഹതേ നരഃ പിന്നീട് അവർ സ്വയം വീമ്പു പറയുന്നു: "മനുഷ്യരേ! വരൂ!"
*അധ ഓഹതേ നിയുതഃ* പിന്നീട് അവർ സ്വയം വീമ്പു പറയുന്നു: "സംഘങ്ങളേ!"
*അധ പാരാവതാഃ ഇതി* പിന്നീട്: "ദൂരെനിന്നുള്ളവർ!" എന്ന്.
*രൂപാണി ചിത്രാ ദർശ്യാഃ* അവരുടെ ഉജ്ജ്വലരൂപങ്ങൾ ദർശനീയങ്ങളാകുന്നു.

**12. ഛന്ദഃസ്തുഭഃ കുഭന്യവ ഉത്സമാ കീരിണോ നൃതുഃ**
**തേ മേ കേചിന്ന തായവ ഊമാ ആസൻ ദൃശി ത്വിഷേ**

*ഛന്ദഃസ്തുഭഃ കുഭന്യവഃ കീരിണഃ* താളത്തിൽ സ്തുതിച്ചും വെള്ളമിച്ഛിച്ചുംകൊണ്ട്, അവർ നിസ്സാരന്മാരെപ്പോലെ,
*ഉത്സം ആ നൃതുഃ* സുവസന്തത്തിലേക്കു കുതിരച്ചാട്ടം ചാടുന്നു.
*തേ കേചിദ് മേ തായവഃ ന* അവരിൽ ചിലർ എനിക്ക്, കള്ളന്മാരെപ്പോലെ, (ആര് ആരെ അറിയുന്നുവെന്നൊന്നും വേർതിരിച്ചറിയാനാവുന്നില്ല).
*ഊമാഃ ദൃശി ത്വിഷേ ആസൻ* പക്ഷേ, സഹായികൾ, അപ്പോൾ, എന്റെ കാഴ്ച്ചയിൽ മിന്നാൻ വന്നു.

**13. യ ഋഷ്വാ ഋഷ്ടിവിദ്യുതഃ കവയഃ സന്തി വേധസഃ**
**തമൃഷേ മാരുതം ഗണം നമസ്യാ രമയാ ഗിരാ**

*യേ ഋഷ്ടിവിദ്യുതഃ ഋഷ്വാഃ* മിന്നൽപ്പിണരുകൾപോലുള്ള കുന്തങ്ങളേന്തിയ ആ ഗംഭീരന്മാർ
*കവയഃ വേധസഃ സന്തി* ഋഷികവികളും യജ്ഞവിദഗ്ധരുമത്രേ.
ഋഷേ തം മാരുതം ഗണം നമസ്യ ഗിരാ രമയാ ഋഷേ! ഈ മരുദ്ഗണത്തിന് സ്തുതിയർപ്പിക്കുകയും ഗാനത്തോടെ അത് നിർത്തുകയും ചെയ്താലും!

**14. അച്ഛ ഋഷേ മാരുതം ഗണം ദാനാ മിത്രം ന യോഷണാ**
**ദിവോ വാ ധൃഷ്ണവ ഓജസാ സ്തുതാ ധീഭിരിഷണ്യത**

ഋഷേ യോഷണാ മിത്രം ന ഋഷേ! വിവാഹത്തിൽ നൽകപ്പെടുന്ന കന്യക സഖാവിനെ (വരനെ) എന്നപോലെ,
*ദാനാ മാരുതം ഗണം അച്ഛ* ദാനത്തോടുകൂടി മരുദ്ഗണത്തെ സമീപിച്ചാലും!
*വാ ധൃഷ്ണവഃ ദിവഃ ധീഭിഃ* അഥവാ, ധീരന്മാരേ! നിങ്ങൾ സ്വർഗത്തിൽനിന്നു കാവ്യചിന്തകളാൽ
*സ്തുതാഃ ഓജസാ ഇഷണ്യത* സ്തുതിക്കപ്പെട്ടുകൊണ്ട് ശക്തിയോടെ കുതിച്ചുവന്നാലും!

**15. നൂ മന്വാന ഏഷാം ദേവാനച്ഛാ ന വക്ഷണാ**
**ദാനാ സചേത സൂരിഭിർയാമശ്രുതേഭിരഞ്ജിഭിഃ**

*നു ഏഷാം മന്വാനഃ* ഇപ്പോൾ അവരെ വിചാരിച്ചുകൊണ്ട്
*വക്ഷണാ ന ദേവാൻ അച്ഛ* അകിടുകളെയെന്നപോലെ, ദേവന്മാരെ സമീപിക്കുന്ന (മനുഷ്യൻ)
*യാമശ്രുതേഭിഃ അഞ്ജിഭിഃ* യാത്രയിലും അലങ്കാരങ്ങളാലും
*സൂരിഭിഃ ദാനാ സചേത* രക്ഷിതാക്കളെന്നു കീർത്തിനേടിയ (മരുത്തുക്കളിലൂടെ) ദാനത്താൽ അകമ്പടിസേവിക്കപ്പെടുന്നു.

**16. പ്ര യേമേ ബന്ധ്വേഷേ ഗാം വോചന്ത സൂരയഃ**
**പൃശ്നിം വോചന്ത മാതരം**
**അധാ പിതരമിഷ്മിണം രുദ്രം വോചന്ത ശിക്വസഃ**

*മേ ഗാം പ്ര വോചന്ത* എനിക്കു പശുവെ തരാമെന്നു പറഞ്ഞ
*ശിക്വസഃ സൂരയഃ ബന്ധ്വേഷേ* വിദഗ്ധരായ രക്ഷിതാക്കൾ വംശാവലി തേടി
*പൃശ്നിം മാതരം വോചന്ത* പൃശ്നിയെ തങ്ങളുടെ അമ്മയെന്നും
*അധ ഇഷ്മിണം രുദ്രം പിതരം വോചന്ത* പിന്നെ അമ്പെയ്ത്തുകാരനായ രുദ്രനെ അച്ഛനെന്നും വിളിച്ചു.

**17. സപ്ത മേ സപ്ത ശാകിന ഏകമേകാശതാ ദദുഃ**
**യമുനായാമധിശ്രുതമുദ്രാധോ ഗവ്യം മൃജേ**
**നിരാധോ അശ്വ്യം മൃജേ**

*ശാകിനഃ സപ്ത സപ്ത* ശക്തരായ നാല്പത്തൊൻപതു (മരുത്തുക്കളുടെ) ഗണം
ഏകം ഏകാ മേ ശതാ ദദുഃ ഓരോരുത്തരും ഓരോന്നെന്ന രീതിയിൽ നൂറുകണക്കിൽ എനിക്കു തന്നു.
യമുനായാം അധി ശ്രുതം കേളികേട്ട യമുനാ(നദി)യിൽ
ഗവ്യം രാധഃ ഉദ് മൃജേ അശ്വ്യം രാധഃ നി മൃജേ ഞാൻ പശുക്കളുടെയും കുതിരകളുടെയും രൂപത്തിലുള്ള കൊള്ളമുതലുകൾ ഉയർത്തിയും താഴ്ത്തിയും താലോലിക്കുന്നു.

★

## അഞ്ചാം മണ്ഡലം, അറുപത്തിമൂന്നാം സൂക്തം

അർച്ചനാനസ് ആത്രേയൻ ഋഷി; 7 പദ്യങ്ങൾ; വൃത്തം ജഗതി; മിത്രാവരുണന്മാർ ദേവത

മുൻസൂക്തത്തെപ്പോലെ ഇതും മഴയ്ക്കുള്ള അഭ്യർഥനതന്നെ. ഇടിയും മിന്നലുമുള്ള വർഷത്തിന്റെ ശബളാഭമായൊരു വർണന ഇതിലുണ്ട് (5, 6). 1, 4 പദ്യങ്ങളിൽ ആ മഴ വരുന്നതിന്റെ ചിത്രീകരണമാണ്. മിത്രാവരുണന്മാരുടെ മായയെപ്പറ്റി ധാരാളം പരാമർശങ്ങൾ കാണാം (3, 4, 6, 7). രാജത്വവും മായയുംകൂടി ചേർന്ന് മഴയെ നിയന്ത്രിക്കാനുള്ള ശക്തി അവർക്ക് കൈവരുത്തുന്നു. അവർ സമ്രാട്ടുകളാണെന്നും പറയുന്നുണ്ട് (2, 3).

**1. ഋതസ്യ ഗോപാവധിതിഷ്ഠഥോ രഥം**
**സത്യധർമാണാ പരമേ വ്യോമനി**
**യമത്ര മിത്രാവരുണാവഥോ യുവം**
**തസ്മൈ വൃഷ്ടിർമധുമത് പിന്വതേ ദിവഃ**

*ഋതസ്യ ഗോപൗ സത്യധർമാണാ* സത്യത്തിന്റെ ഇടയരും സത്യധർമാക്കളുമായ
*മിത്രാവരുണാ പരമേ വ്യോമനി* മിത്രാവരുണന്മാരേ! ഏറ്റവും അകലെയുള്ള സ്വർഗത്തിൽ
*രഥം അധി തിഷ്ഠഥഃ* നിങ്ങളിരുവരും തേരിൽ നിൽക്കുന്നു.
*അത്ര യുവം യം അവഥഃ തസ്മൈ* ഇവിടെ നിങ്ങളിരുവരും സഹായിക്കുന്നവനെ
ദിവഃ മധുമദ് വൃഷ്ടിഃ പിന്വതേ സ്വർഗത്തിൽനിന്നുള്ള മധുസമൃദ്ധമായ മഴ പോഷിപ്പിക്കുന്നു.

**2. സമ്രാജാസ്യ ഭുവനസ്യ രാജഥോ**
**മിത്രാവരുണാ വിദഥേ സ്വർദൃശാ**
**വൃഷ്ടിം വാ രാധോ അമൃതത്വമീമഹേ**
**ദ്യാവാപൃഥിവീ വി ചരന്തി തന്യവഃ**

*മിത്രാവരുണാ സംരാജാ സ്വർദൃശാ* മിത്രാവരുണന്മാരേ! സാർവഭൗമന്മാരായ രാജാക്കന്മാരെന്ന നിലയിൽ സൂര്യസദൃശരായ നിങ്ങളിരുവരും
*അസ്യ ഭുവനസ്യ വിദഥേ രാജഥഃ* ഈ ജീവലോകത്തെ അതിന്റെ വിഭാഗങ്ങളിൽ ഭരിക്കുന്നു.
*വാം വൃഷ്ടിം അമൃതത്വം രാധഃ ഈമഹേ* ഞങ്ങൾ നിങ്ങളോട് മഴയെ, അമൃതത്വത്തെ, ദാനമായി അഭ്യർഥിക്കുന്നു.
*ദ്യാവാപൃഥിവീ തന്യവഃ വി ചരന്തി* സ്വർഗത്തിലും ഭൂമിയിലുമുടനീളം ഇടി വ്യാപിക്കുന്നു.

**3. സമ്രാജാ ഉഗ്രാ വൃഷഭാ ദിവസ്പതീ**
**പൃഥിവ്യാ മിത്രാവരുണാ വിചർഷണീ**
**ചിത്രേഭിരഭ്രൈരുപ തിഷ്ഠഥോ രവം**
**ദ്യാം വർഷയഥോ അസുരസ്യ മായയാ**

*സമ്രാജൗ ഉഗ്രാ വൃഷഭാ* സമ്രാട്ടുകളേ! കരുത്തരായ കാളകളേ!
*ദിവഃ പൃഥിവ്യാഃ പതീ* സ്വർഗത്തിന്റെയും ഭൂമിയുടെയും പ്രഭുക്കളേ!
*വിചർഷണീ മിത്രാവരുണാ* അതിരുകളറിയാത്ത മിത്രാവരുണന്മാരേ!
*ചിത്രേഭിഃ അഭ്രൈഃ രവം ഉപ തിഷ്ഠഥഃ* നിങ്ങളിരുവരും തിളങ്ങുന്ന മേഘങ്ങളോടുകൂടിയ ഗർജനത്തെ സമീപിക്കുന്നു.
*അസുരസ്യ മായയാ ദ്യാം വർഷയഥഃ* നിങ്ങൾ പ്രഭുവിന്റെ മായകൊണ്ട് സ്വർഗമഴയുണ്ടാക്കുന്നു.

**4. മായാ വാം മിത്രാവരുണാ ദിവി ശ്രിതാ**
**സൂര്യോ ജ്യോതിശ്ചരതി ചിത്രമായുധം**
**തമഭ്രേണ വൃഷ്ട്യാ ഗൂഹഥോ ദിവി**
**പർജന്യാ ദ്രപ്സാ മധുമന്ത ഈരതേ**

*മിത്രാവരുണാ വാം മായാ ദിവി ശ്രിതാ* മിത്രാവരുണന്മാരേ! നിങ്ങളുടെ മായ സ്വർഗത്തിൽ വിശ്രമിച്ചതാണ്.
*നി സു സ്വപ* നന്നായി ഉറങ്ങിയാലും!

**5. സസ്തു മാതാ സസ്തു പിതാ**
**സസ്തു ശ്വാസസ്തുവിശ്പതിഃ**
**സസന്തു സർവേ ജ്ഞാതയഃ**
**സസ്ത്വയമഭിതോ ജനഃ**

*മാതാ സസ്തു പിതാ സസ്തു* അമ്മ ഉറങ്ങട്ടെ; അച്ഛൻ ഉറങ്ങട്ടെ;
*ശ്വാ സസ്തു വിശ്പതിഃ സസ്തു* നായ ഉറങ്ങട്ടെ; ഗോത്രപ്രഭു ഉറങ്ങട്ടെ;
*സർവേ ജ്ഞാതയഃ സസന്തു* എല്ലാ ബന്ധുക്കളും ഉറങ്ങട്ടെ;
*അഭിതഃ അയം ജനഃ സസ്തു* ചുറ്റിലുമുള്ള ഈ ജനങ്ങൾ ഉറങ്ങട്ടെ!

**6. യ ആസ്തേ യശ്ച ചരതി**
**യശ്ച പശ്യതി നോ ജനഃ**

**തേഷാം സം ഹന്മോ അക്ഷാണി**
**യഥേദം ഹർമ്യം തഥാ**
*യഃ ആസ്തേ യഃ ച ചരതി* നിശ്ചലമായി ഇരിക്കുന്നവനും അലഞ്ഞുനടക്കുന്നവനും
*യഃ ച ജനഃ നഃ പശ്യതി* ഞങ്ങളെ നോക്കുന്ന ജനങ്ങളും
*തേഷാം അക്ഷാണി സം ഹന്മ* – അവരുടെയെല്ലാം കണ്ണുകൾ ഞാൻ അടയ്ക്കുന്നു.
*ഇദം ഹർമ്യം യഥാ തഥാ* ഈ മാളികയെപ്പോലെ!
**7. സഹസ്രശൃംഗോ വൃഷഭോ**
**യഃ സമുദ്രാദുദാചരത്**
**തേനാ സഹസ്യേനാ വയം**
**നി ജനാൻ സ്വാപയാമസി**
*യഃ സഹസ്രശൃംഗഃ വൃഷഭഃ സമുദ്രാദ് ഉദാചരത്* സമുദ്രത്തിൽനിന്നുദിച്ചുയരുന്ന ആയിരം കൊമ്പുള്ള കാള (ചന്ദ്രൻ)
*തേന സഹസ്യേന വയം ജനാൻ നി സ്വാപയാമസി* ഈ ശക്തനോടുകൂടി ഞങ്ങൾ ജനങ്ങളെ ഉറക്കുന്നു.
**8. പ്രോഷ്ഠേശയാ വഹ്യേശയാ**
**നാരീർയാസ്തല്പശീവരീഃ**
**സ്ത്രിയോ യാഃ പുണ്യഗന്ധാ–**
**സ്താഃ സർവാഃ സ്വാപയാമസി**
*യാഃ നാരീഃ പ്രോഷ്ഠേശയാഃ* മുറ്റത്തുകിടക്കുന്നവരും
*വഹ്യേശയാഃ തല്പശീവരീഃ* വാഹനത്തിൽ കിടക്കുന്നവരും കിടക്കയിൽ കിടക്കുന്നവരുമായ മഹിളകളും
*യാഃ സ്ത്രിയഃ പുണ്യഗന്ധാഃ* മംഗല്യഗന്ധമുള്ള സ്ത്രീകളും –
*താഃ സർവാഃ സ്വാപയാമസി* അവരെയെല്ലാം ഞാൻ ഉറക്കുന്നു.

★

## ആറാം മണ്ഡലം

ഭരദ്വാജഗോത്രവിരചിതമായ ആറാം മണ്ഡലം 75 സൂക്തങ്ങളുൾക്കൊള്ളുന്നു. ഇതിൽ ഭൂരിപക്ഷവും ഭാരദ്വാജ ന്റേതുതന്നെ. ബാർഹസ്പത്യനാണ് അദ്ദേഹത്തിന്റെ രക്ഷിതാവായി അറിയപ്പെടുന്നത്. മുഴുവൻ അഗ്നിസൂക്തങ്ങളും (1–16), മിക്ക ഇന്ദ്രസൂക്തങ്ങളും (17–30, 37–43), പൂഷസൂക്തങ്ങൾ (53–60), മണ്ഡലാന്ത്യത്തിലെ പല ദേവതകൾക്കു സമർപ്പിക്കപ്പെട്ട സൂക്തങ്ങൾ (61–74) എന്നിവ അതിൽ ഉൾപ്പെടുന്നു. ഇന്ദ്രസൂക്തങ്ങളുടെ അന്ത്യത്തിലുള്ള സംയുക്ത സൂക്തങ്ങൾ (44–46, 48) ശമ്യു ബാർഹസ്പത്യനിൽ ആരോപിക്കപ്പെടുന്നു. ഇത് ഭാരദ്വാജന്റെ ഒരു മറുപേരാവാം. അവശേഷിക്കുന്ന സൂക്തങ്ങൾ ഭരദ്വാജപരമ്പരയിലെ മറ്റു പല കവികളുടെയുമാകുന്നു. ഇന്ദ്രസൂക്തങ്ങൾ (31–36, 47), വിശ്വദേവസൂക്തങ്ങൾ (49–52), മണ്ഡലാവസാനത്തിലെ പ്രശസ്തമായ ആയുധസൂക്തം (75) എന്നിവ ഇവയിൽ പെടും. അഗ്നിസൂക്തങ്ങളേക്കാൾ ഇന്ദ്രസൂക്തങ്ങളാണ് അധികമെങ്കിലും അഗ്നിസൂക്തങ്ങളാണ് താരതമ്യേന കൂടുതൽ മനോഹരം. മറ്റ് അപ്രധാനദേവതാസൂക്തങ്ങളെപ്പറ്റി കാര്യമായൊന്നും പറയേണ്ടതില്ല.

ഒന്നാം സൂക്തം യജ്ഞാഗ്നിയെപ്പറ്റിയാകുന്നു. അഗ്നി എത്തിച്ചേരുന്നതും ഹോതാവായി പ്രതിഷ്ഠിക്കപ്പെടുന്നതും പ്രത്യേകമായി വിവരിക്കുന്നു (1–3). വ്യക്തിഗൃഹത്തിൽനിന്ന് ഗോത്രങ്ങളിലേക്കും കുടിയേറ്റപ്പാർപ്പിടങ്ങളിലേക്കും മനുഷ്യരിലേക്കുമുള്ള അഗ്നിയുടെ വരവ് അവലോകനം ചെയ്യുന്നു (4–8). 9–10 പദ്യങ്ങളിൽ സ്തുതിയും അഗ്നി അർഹിക്കുന്ന സേവനങ്ങളുമത്രേ. അവസാനത്തെ രണ്ടു പദ്യങ്ങൾ അഗ്നിയുടെ ആനുകൂല്യങ്ങളെക്കുറിച്ച്.

രണ്ടാം സൂക്തത്തിന്റെ ആദ്യപകുതിയിൽ (1–5) 6. 1–ന്റെ പ്രതിധ്വനി കേൾക്കാം. ആര്യസമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും (ദേവന്മാർക്കും) അഗ്നി വേണ്ടതുകൊണ്ട് തന്റെ യജ്ഞപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന മനുഷ്യന്റെ വിജയത്തിനുവേണ്ടി അഗ്നി പ്രവർത്തിക്കുന്നു. ഓരോ വീട്ടിലുമുള്ളവനെന്ന നിലയ്ക്കും ഗോത്രപ്രഭുവെന്ന നിലയ്ക്കുമുള്ള അഗ്നിയുടെ പ്രത്യേകപദവി പരാമർശിച്ചുകൊണ്ട് സൂക്തം അവസാനിക്കുന്നു (10–11). ആദ്യവസാനപദ്യങ്ങൾ രണ്ടിലും മിത്രദേവൻ അഗ്നിയുമായി താരതമ്യം ചെയ്യപ്പെടുന്നു. അഗ്നിയെ മിത്രനുമായി പലപ്പോഴും സാദൃശ്യപ്പെടുത്തുകയോ താദാത്മ്യപ്പെടുത്തുകയോ ചെയ്യാറുണ്ട്. സ്വയം ദേവനാണെങ്കിലും ഭൂമിയിൽ മനുഷ്യന്റെ അതിഥിയെന്ന നിലയിൽ അവന്റെ സഹായിയായും ദേവനെന്ന നിലയിൽ ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ യജ്ഞസഖ്യത്തിൽ മധ്യസ്ഥനായും പ്രവർത്തിക്കുന്നതുകൊണ്ട് അഗ്നി മിത്രനാണല്ലോ. 6–9 പദ്യങ്ങൾ അഗ്നിയുടെ സാന്ദ്രവും സങ്കീർണവുമായ ബിംബകല്പനകൾ വരുന്നുണ്ട്.

മൂന്നാം സൂക്തത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ നന്നായി പെരുമാറുകയും യജ്ഞകർമങ്ങൾ നന്നായി അനുഷ്ഠിക്കുകയും ചെയ്യുന്ന മർത്ത്യനു വിജയം വാഗ്ദാനം ചെയ്യുന്നു. സൂക്തത്തിന്റെ ബാക്കിഭാഗങ്ങളിൽ (3–8) കവി നേരിട്ട് ഇടപെടുന്നു. പ്രകൃതിപ്രതിഭാസമെന്ന നിലയിൽ അഗ്നിയുടെ മനോഹരമായ ബിംബകല്പനകൾ ധാരാളമായി അവതരിപ്പിക്കുന്നു. അഗ്നിയോടുള്ള അഭ്യർഥനകളോ വിഷയോപസംഹാരരൂപത്തിലുള്ള പദ്യമോ ഇല്ലാതെ സൂക്തം പൊടുന്നനവേ അവസാനിക്കുന്നു. അത് വന്യവും മദകരവും പലപ്പോഴും അമ്പരപ്പിക്കുന്നതുമായ കുതിരസ്സവാരിയാണ്, വിശേഷിച്ച് മൂല(സംസ്കൃത)ത്തിൽ.

മുൻപത്തെ രണ്ടു സൂക്തങ്ങളെ അപേക്ഷിച്ച് ഘടനാപരമായി മാമൂൽസമ്പ്രദായത്തിലുള്ള സൂക്തമാണ് നാലാമത്തേത്. ആദ്യത്തെ പദ്യത്തിൽ എല്ലായ്പ്പോഴുമെന്നപോലെ ഇന്നു തങ്ങളുടെ യജ്ഞത്തിൽ സംബന്ധിക്കാനും (1) തന്റെ പങ്കു വഹിക്കാനും (2) അഗ്നിയോടപേക്ഷിക്കുന്നു. അഗ്നിക്കുള്ള തങ്ങളുടെ സേവനങ്ങളെക്കുറിച്ചും തങ്ങൾക്കു ലഭിക്കേണ്ട നേട്ടങ്ങളെക്കുറിച്ചുമുള്ള പ്രസ്താവനയോടെ (7–8) സൂക്തം അവസാനിക്കുന്നു. ഇടയിലുള്ള പദ്യങ്ങൾ അഗ്നി എന്ന പ്രകൃതിപ്രതിഭാസത്തിന്റെ വർണനമാണ് (3–6).

നിർണായകമല്ലാത്തതാണ് അഞ്ചാം സൂക്തം. കവി തന്റെ പുരോഹിതസുഹൃത്തുക്കൾക്കുവേണ്ടിയാണ് യജ്ഞമനുഷ്ഠിക്കുന്നതെന്നു പറയുന്നു. കവി അഗ്നിയെ സ്തുതിച്ചുകൊണ്ടും സാധനങ്ങൾ നൽകുന്നതുൾപ്പെടെ അവന്റെ പങ്കുകൾ വിവരിച്ചുകൊണ്ടും തുടരുന്നു (1–3). അടുത്ത രണ്ടു പദ്യങ്ങൾ സന്നിഹിതരായ മർത്ത്യരുടെ ശത്രുവും അവൻ അഗ്നിയിൽനിന്നു സ്വീകരിക്കുന്ന ശിക്ഷയും തമ്മിലും ഭക്തരായ സേവകനും അവൻ അർഹിക്കുന്ന പ്രതിഫലങ്ങളും തമ്മിലുമുള്ള വൈരുധ്യം ചൂണ്ടിക്കാട്ടുന്നു. ഇനിയുള്ള രണ്ടു പദ്യങ്ങൾ അഗ്നിയോട് ഈ യന്തങ്ങൾ തുടർന്നും അനുഷ്ഠിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ആറാം സൂക്തത്തിന്റെ മിക്ക ഭാഗവും ഭൂമിക്കു കുറുകെ പടരുന്ന രോഷാകുലനും നാശകാരിയുമായ അഗ്നിയെ ചിത്രീകരിക്കുന്നു. എങ്കിലും ആദ്യത്തെ പദ്യത്തിന്റെ പൂർവാർധം യജ്ഞസന്ദർഭവും അവസാനപദ്യം സമ്പത്തിനു വേണ്ടി അഗ്നിയോടുള്ള അഭ്യർഥനയും ഉൾക്കൊള്ളുന്നുണ്ട്.

ഏഴാം സൂക്തം വൈശ്വാനരനായ അഗ്നിക്കാണ് സമർപ്പിക്കപ്പെട്ടതെങ്കിലും അതിന്റെ കേന്ദ്രബിന്ദു പ്രാഥമികമായി അവനു ദേവന്മാരുമായുള്ള ബന്ധ(1, 2–4)മാണ്. അവന്റെ പ്രപഞ്ചപ്രാപ്തിയും പ്രപഞ്ചവിജ്ഞാനീയശക്തികളുമായുള്ള ബന്ധം (1, 5–7). ആ വശത്തിൽ അവൻ സൂര്യനുമായി താദാത്മ്യപ്പെടുത്തപ്പെട്ടിരിക്കുന്നു (5) – പ്രത്യേകിച്ച് അവന്റെ ജനനം. മൂന്നാം പദ്യത്തിൽ മാത്രം അഗ്നിയും മനുഷ്യരും തമ്മിലുള്ള ബന്ധം ചിത്രീകരിക്കപ്പെടുന്നു.

എട്ടാമത്തേതാണ് ഈ വൈശ്വാനരസൂക്തം. അഗ്നിയെ (അവന്റെ ഇരട്ടയായസൂര്യനെയും) 2–3 പദ്യങ്ങളിൽ വിശദമായി വിവരിക്കുന്നു. ഒന്നാം പദ്യം യജ്ഞസന്ദർഭം ശക്തമായി സ്ഥാപിക്കുന്നു. പക്ഷേ, 4–ാം പദ്യത്തിൽ അത് യജ്ഞാഗ്നിയുടെ മുഖ്യമായ സ്ഥാപനത്തിലേക്കു തിരിച്ചുവരുന്നു. അവശേഷിക്കുന്ന പദ്യങ്ങൾ (5–7) ആനുകൂല്യങ്ങൾക്കുവേണ്ടി യാചിക്കുന്നു.

ശക്തമായൊരു നിഗൂഢാത്മകസൂക്തമാണ് ഒമ്പതാമത്തേത്. ഇവിടെ കവി കാവ്യരചനാശില്പം പ്രതിഫലിപ്പിക്കുന്നു. യജ്ഞാഗ്നിയിൽനിന്ന് അതിന്റെ രഹസ്യങ്ങളുടെ വെളിപാടുകൾ സ്വീകരിച്ചുകൊണ്ട് അത് അഭ്യസിക്കാൻ തനിക്കു കഴിവുണ്ടോ എന്നു വേവലാതിപ്പെടുന്നു. എങ്കിലും കവിയുടെ തൊഴിൽ സ്വീകരിക്കുന്നു. ആദ്യവസാനപദ്യങ്ങൾ യജ്ഞസന്ദർഭം വ്യക്തമാക്കുന്നു. പ്രാതഃകാലത്തിനുമുൻപ് ഇരുട്ടിൽ അഗ്നി ജ്വലിപ്പിക്കുന്നു. അതിന്റെ പ്രകാശം ഭൗതികമായ ഇരുട്ടു തുടച്ചുനീക്കുന്നു. അത് സൂക്തത്തിന്റെ അവശിഷ്ടഭാഗങ്ങളിൽ രൂപകാത്മകമായ പ്രചോദനമായി വരും. 2–3 പദ്യങ്ങൾ പ്രതികരണപദ്യങ്ങളാണ്. തന്റെ കാവ്യശില്പജ്ഞാനത്തിന്റെ അഭാവം സമ്മതിക്കുന്നു. നെയ്ത്തിന്റെ രൂപകമാണ് ഇവിടെ സ്വീകരിക്കുന്നത്. കവിയായ അച്ഛനെ മറികടക്കാനുള്ള കാവ്യാവകാശിയായ മകന്റെ സമ്മർദഭാരം വളരെ വലുതുതന്നെ. മൂന്നാം പദ്യം ഇതിനുള്ള പ്രതികരണമാണ്. യജ്ഞാഗ്നിയെ ശരിക്കു മനസ്സിലാക്കിയാൽ കാവ്യശില്പം പഠിക്കാം. ഈ പദ്യത്തിലെ അവസാനപാദം കവിക്കും അഗ്നിക്കും ചേരും. അഗ്നിയുടെ വെളിപാടിൽനിന്ന് മകൻ അച്ഛനെ അതിശയിക്കുന്നു. നാലാം പദ്യത്തിലും അഗ്നി, പേർ പറയാതെയാണെങ്കിലും, കാവ്യസിദ്ധികൾ നൽകുന്നതായി പരാമർശിക്കപ്പെടുന്നു. കവിക്ക് ഉൾക്കൊള്ളാനുള്ള മാനസികോർജം “ജവിഷ്ഠമായ മനസ്സ്” എന്ന പ്രയോഗം (5) സൂചിപ്പിക്കുന്നു. ആറാം പദ്യത്തിൽ കവിയുടെ അത്യുത്സാഹവും കാവ്യാനുഭൂതിയും ഭാവനയുമെല്ലാം വരുന്നു.

പത്താം സൂക്തത്തിലെ മനോഭാവങ്ങൾ പരിചിതങ്ങളാകുന്നു. യജ്ഞാഗ്നിയെന്ന നിലയിൽ അഗ്നി യജ്ഞത്തിൽ ജ്വലിപ്പിക്കപ്പെട്ട് ഉജ്ജ്വലമായി പ്രകാശിച്ചുകൊണ്ട് സ്തുതി സ്വീകരിക്കുകയും കവിക്കും അവന്റെ രക്ഷിതാക്കൾക്കും അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നു.

ഇരുകൂട്ടർക്കും (ദേവന്മാർക്കും മനുഷ്യന്മാർക്കും) തനിക്കുതന്നെയും വേണ്ടി യജിക്കുന്ന യജമാനനും ഹോതൃപുരോഹിതനുമായ അഗ്നിയിലാണ് 11–ാം സൂക്തത്തിലുടനീളമുള്ള നിഷ്കൃഷ്ടമായ ഊന്നൽ.

പലപ്പോഴുമെന്നപോലെ പ്രകൃതിപ്രതിഭാസമായ അഗ്നിയുടെ കർമങ്ങളെ വാക്കുകൾകൊണ്ടു പിടിക്കാനുള്ള ശ്രമം കവിക്ക് ഏറ്റവമധികമുണ്ടായിരിക്കും. 12–ാം സൂക്തം പ്രാതഃസവനത്തിന്റെ വാർപ്പുമാതൃകയിലുള്ളൊരു വർണനമാണ്. അഗ്നിയുടെ ഭാവനാപൂർണമായ ബിംബകല്പനകൾ ഇടകലർന്നുവരുന്നുണ്ട്.

13–ാം സൂക്തം നിധികളുടെയും അനുഗ്രഹങ്ങളുടെയും വിതരണങ്ങളുടെയും ഉടമസ്ഥനെന്ന നിലയിൽ അഗ്നിയിലും അഗ്നിയെ സേവിക്കുന്നതിലൂടെ സാധനങ്ങൾ സ്വീകരിക്കുന്ന മനുഷ്യരിലും കേന്ദ്രീകരിക്കുന്നു.

14–ാം സൂക്തം തുടങ്ങുന്നത് സൗഹൃദം, ഉൾക്കാഴ്ച്ച, ഭക്ഷണം എന്നിവയോടുകൂടിയാണെങ്കിലും (1), ഇത് ഒരു യുദ്ധസൂക്തമാണ്. അതായത്, അഗ്നി ആര്യന്മാർക്കു പ്രത്യേകമായുള്ള പുരോഹിതനാകുന്നു (2). ആര്യന്മാർക്ക് അനാര്യന്മാരുമായുള്ള യുദ്ധങ്ങളിൽ ആഭ്യന്തരസംഘർഷങ്ങളിൽ തങ്ങളുടെ പ്രത്യേക ആര്യവിഭാഗത്തിന് വീരന്മാരെയും വിജയത്തെയും ചോദിച്ചുകൊണ്ടുള്ള (3–5) സൂക്തം. സമ്പത്തുകളെ നല്ല ധാരാളം വീരന്മാരായി രൂപണം ചെയ്യുന്ന കല്പന 3, 5 പദ്യങ്ങളിൽ കാണാം.

പത്തൊൻപതു പദ്യങ്ങളോടുകൂടിയ 15–ാം സൂക്തം ഒരേകകമെന്ന നിലയിൽ ഈ മണ്ഡലത്തിന്റെ സംവിധാനത്തിൽ അസ്ഥാനത്തായിരിക്കും. പക്ഷേ, അത് അഞ്ചു സ്വതന്ത്രമായ തൃചങ്ങളായി വിഭജിച്ചതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുന്നു – ആദ്യത്തെ 15 പദ്യങ്ങൾ ഇതിനു ചേരുന്നവയാണ്. മറ്റു നാലു പദ്യങ്ങൾ പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടവയാണെന്നു പ്രബലമായ അഭിപ്രായമുണ്ട്. യജ്ഞാഗ്നിപ്രതിഷ്ഠയും ദേവന്മാർക്കും മനുഷ്യർക്കുമിടയിലെ ദൂതനെന്ന അവന്റെ യജ്ഞത്തിലെ പങ്ക്, മനുഷ്യർ അവനുവേണ്ടി അനുഷ്ഠിക്കുന്ന യജ്ഞസേവനം എന്നിങ്ങനെയുള്ള പൊതുവായ ഉള്ളടക്കത്തിൽ നിർണായകമായി ഒന്നുമില്ല.

ഈ ദീർഘമായ 16–ാം സൂക്തം തൃചങ്ങളിലായി സംവിധാനം ചെയ്യപ്പെട്ടത് ഈ മണ്ഡലത്തിന്റെ സംഖ്യാസംവിധാനത്തിനു പറ്റുന്ന വിധത്തിലാണ്. അഗ്നിയുടെ യജ്ഞപരമായ വശങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ് ഉള്ളടക്കം.

17–ാം സൂക്തം സാമാന്യമായി രണ്ടു സമാനഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യത്തേത് വലഗുഹാഭേദനം കൈകാര്യം ചെയ്യുന്നു (2–6). രണ്ടാമത്തേത്, വൃത്രകഥ (8–12). ആദ്യത്തെ പദ്യം ഈ രണ്ടു പുരാവൃത്തങ്ങളെയും ഓരോ അർധത്തിലായി സൂചിപ്പിക്കുന്നു. രണ്ടു പുരാവൃത്തങ്ങളെയും 7–ാം പദ്യം വേർതിരിക്കുന്നു. ആ പദ്യം പൊതുവിൽ ഇന്ദ്രന്റെ പ്രാപഞ്ചികകർമങ്ങൾ പ്രതിപാദിക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ (13–15) തന്റെ ഇതേ ശക്തികളെ കവിയെയും രക്ഷിതാക്കളെയും സഹായിക്കാൻ വിനിയോഗിക്കുന്നതിന് ഉദ്ബോധിപ്പിക്കുന്നു. ഈ രണ്ട് ആഖ്യാനങ്ങളും ഇന്ദ്രനെ ഈ രണ്ടു കർമങ്ങളും ചെയ്യാൻ ഉത്തേജിപ്പിക്കുന്നതിൽ സോമത്തിന്റെ പങ്ക് ഊന്നിപ്പറയുന്നു. സൂക്തം തുടങ്ങുന്നതുതന്നെ സോമത്തിന്റെ ഉത്തേജകത്വം നിഷ്കർഷിച്ചുകൊണ്ടത്രേ (1–3). വലഗുഹാഭേദനം ഇന്ദ്രന്റെ പശുത്തൊഴുത്തു തുറക്കുന്നതും (2, 3) സൂര്യനെ വെളിപ്പെടുത്തുന്നതുമായ (3) കൃത്യങ്ങൾ ഉൾക്കൊള്ളുന്നു. ഈ കഥ അപ്പോൾ സംഭവിക്കുന്നതുപോലെയാണ് വിവരിച്ചതെങ്കിൽ വൃത്രകഥ വർണിക്കുന്നത് ഭൂതകാലത്തിൽ നടന്നതുപോലെയാകുന്നു (8, 11).

ഇന്ദ്രന്റെ കേവലം ശക്തി അവതരിപ്പിക്കുന്ന 18–ാം സൂക്തം അവന്റെ പ്രത്യേകകർമങ്ങളെയൊക്കെ നിഴലിലാക്കിയിരിക്കുന്നു. വലൻ (5), വൃത്രൻ (6, 9, 14), പല രക്ഷസ്സുകളുടെ വധം (8) എന്നിവയാണ് പ്രാധാന്യം നൽകി വിവരിക്കുന്നത്.

മുൻസൂക്തത്തെപ്പോലെ, 19–ാം സൂക്തം ഇന്ദ്രന്റെ കരുത്തുറ്റ ശക്തികളെ സ്തുതിക്കുന്നു. ഈ ശക്തികൾ കവി

തന്റെ ആളുകൾക്കുവേണ്ടി ഉപയോഗിക്കാൻ ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. ശത്രുക്കളെ നശിപ്പിക്കാൻ ഇന്ദ്രന്റെ സഹായവും പിന്തുണയും അഭ്യർഥിച്ചുകൊണ്ട് സൂക്തം ഉപസംഹരിക്കുന്നു.

സാധാരണരീതിയിൽനിന്നു വ്യത്യസ്തമായി 20–ാം സൂക്തം ആരംഭിക്കുന്നത് ദേവനിൽനിന്നു ദാനങ്ങൾക്കുള്ള അഭ്യർഥനയോടുകൂടിയാണ് (1). മറ്റു ഭാഗങ്ങളൊക്കെ ഇന്ദ്രന്റെ മഹത്തായ കൃത്യങ്ങളുടെ പദ്യം പദ്യമായുള്ള വർണനങ്ങളടങ്ങുന്നവയാണ്. വൃത്ര(2)–വല(3–4) കഥകൾ മാത്രമല്ല, പേരെടുത്തു പറഞ്ഞുകൊണ്ടുള്ള മർത്ത്യരുടെ അപേക്ഷകളനുസരിച്ച്, പേരെടുത്തു പറഞ്ഞുകൊണ്ടുള്ള ശത്രുക്കളെ കീഴടക്കുന്ന കഥകൾ. ശുഷ്ണ–കുത്സ കഥ (4–5), നമുചിശീർഷാപഹരണം (6), വേതസുവും തുജിയും (8) മുതലായവ.

21–ാം സൂക്തത്തിലെ ഒന്നാം പദ്യത്തിലെ ഒന്നാം പദ്യം സൂക്തത്തിന്റെ മുഖ്യപ്രശ്നങ്ങളിലൊന്ന് ഉന്നയിക്കുന്നു: സമകാലികകവിയും മുൻകവിപരമ്പരയും തമ്മിലുള്ള ബന്ധം. ആ പരമ്പരയിലാണ് ഈ കവിയും. ഇന്ദ്രൻ മുൻകവികളെയെന്നപോലെ ഈ കവിയെയും അതേപോലെ ശ്രദ്ധിക്കുമോ? (4–6, 8, 10). ഈ പ്രമേയവുമായി ബന്ധപ്പെട്ടു നിൽക്കുന്നു ഇന്ദ്രൻ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന പ്രശ്നം. നിലനിൽക്കുന്നുണ്ടെങ്കിൽ, എവിടെ? (2, 4). പത്താം പദ്യത്തിൽ സൂക്ഷ്മമായ ഈ വാദത്തെ ഖണ്ഡിക്കുന്നു. ഇന്ദ്രന്റെ ദേശകാലാദികൾ, അവനു സുഖം നൽകിയ യജ്ഞമേത് മുതലായവയൊക്കെ അറിയേണ്ടതുണ്ട് (4). അവൻ തന്റെ യജ്ഞത്തിൽ സന്നിഹിതനായോ ഇല്ലയോ എന്ന് കവിക്ക്/യജമാനന് എങ്ങനെ നിശ്ചയിക്കാം?

മുൻസൂക്തംപോലെ 22–ാമത്തേതും സമകാലികകവിയെ ഗതകാലകവികളുമായി താരതമ്യം ചെയ്യുന്നു (2, 4, 7). യജ്ഞത്തിൽ എന്താണ് ഇന്ദ്രനെ സന്തോഷിപ്പിച്ചതെന്ന് കവി ഇന്ദ്രനോടു നേരിട്ടു ചോദിക്കുന്നു (4). അതിലെപ്പോലെ ചില ചോദ്യങ്ങളും ഉണ്ടെങ്കിലും ഇവിടെ അത്രതന്നെ ഉൽക്കണ്ഠ കാണുന്നില്ല. ഇന്ദ്രന്റെ കർമങ്ങളുടെ വിവരണവും അവനോടുള്ള സഹായാഭ്യർഥനയും അല്പസ്വല്പവ്യത്യാസങ്ങളോടെ ഇവിടെയും കാണാം.

23–ാം സൂക്തം ഇന്ദ്രനു സോമവുമായുള്ള ഉറ്റ ബന്ധവും സവനം ചെയ്യുന്നവനും സോമപനായ ഇന്ദ്രനുമായുള്ള പരസ്പരബന്ധവും കേന്ദ്രവിഷയമാക്കുന്നു. ഒന്നാം പദ്യത്തിന്റെ ഒന്നാം പാദത്തിൽത്തന്നെ ഈ പ്രമേയം സ്ഥാപിച്ചിട്ടുണ്ട്. തുടർന്നുവരുന്ന എല്ലാ പദ്യങ്ങളിലും സോമപരാമർശമുണ്ട്. സോമയജ്ഞത്തിന്റെ യജ്ഞപരമായ വശങ്ങളിൽ, വിശേഷിച്ച് കവിതയും പവിത്രമന്ത്രങ്ങളും പലപ്പോഴും പരാമർശിക്കപ്പെടുന്നു. സൂക്തത്തിലുടനീളം യജ്ഞാധ്വാനത്തനുള്ള ദാനങ്ങളും ഇന്ദ്രന്റെ സഹായവുമെന്ന ഫലങ്ങളെച്ചൊല്ലിയുള്ള ഓർമിപ്പിക്കലുകളുണ്ട്.

മുൻസൂക്തത്തെപ്പോലെ 24–ാം സൂക്തം തുടങ്ങുന്നത് ഇന്ദ്രനു സോമവുമായുള്ള ഉറ്റ ബന്ധത്തെക്കുറിച്ചുള്ള ദൃഢമായ പ്രസ്താവനയോടുകൂടിയാണ്. പക്ഷേ, പിന്നീട് ദേവനെപ്പറ്റിയുള്ള പൊതുവായ സ്തുതിയിലേക്കു തിരിയുന്നു (2–8). ശ്രദ്ധേയമായ ചില ഉപമകളും രൂപകങ്ങളും നൈരുക്തികപ്രയോഗങ്ങളും അവിടെ കാണാം. മനുഷ്യരുടെ സ്തുതിക്കും ആരാധനയ്ക്കും ഇന്ദ്രന്റെ ശക്തികളെ നിലനിർത്തുന്നതിനുള്ള പ്രാധാന്യം വിസ്മരിക്കുന്നില്ല. 6–8 പദ്യങ്ങൾ നോക്കുക. ഇന്ദ്രനിൽനിന്നു കവിക്ക് പ്രചോദനം ലഭിക്കുന്നു. പകരം കവി ഇന്ദ്രനെ സ്തുതിച്ച് ഗാനം രചിക്കുന്നു. ഇന്ദ്രനോട് ദാനങ്ങൾക്കും സംരക്ഷണത്തിനുമുള്ള അഭ്യർഥനയാണ് 9–10 പദ്യങ്ങൾ.

25–ാം സൂക്തത്തിന്റെ വ്യക്തമായ ഉദ്ദേശ്യം യുദ്ധങ്ങളിൽ ശത്രുക്കൾക്കെതിരെ ഇന്ദ്രന്റെ സഹായം തേടുകയാണ്. പല തരത്തിലുള്ള ശത്രുക്കളെയും ഏറ്റുമുട്ടലിൽ ശത്രുക്കളാവാൻ സാധ്യതയുള്ളവരെയും പറ്റി വിവരിച്ചിരിക്കുന്നു. ഗുസ്തിമത്സരത്തിലെ ശത്രുക്കളെപ്പറ്റി വിശേഷിച്ചു വിവരിക്കുന്ന നാലാം പദ്യത്തിന്റെ പൂർവാർധം നോക്കുക. ഇന്ദ്രന്റെ നിർണായകമായ സഹായത്തിന്റെ കഴിവിനെ ക്കുറിച്ചുള്ള കവിയുടെ ആത്മവിശ്വാസം ഇന്ദ്രന്റെ ഔന്നത്യം ഉറപ്പിക്കുന്നു. സൂക്തത്തിന്റെ ഘടന പരിശോധിച്ചാൽ ഈ രണ്ടാമത്തെ പ്രമേയം കൂടുതൽ വ്യക്തമാകുന്നതാണ്. ഇന്ദ്രന്റെ അലംഘനീയതത്വത്തെ സംബന്ധിച്ച 5–ാം പദ്യം സൂക്തത്തിന്റെ കേന്ദ്രബിന്ദുവാണ്. 4, 6; 1, 2; 8, 9 എന്നിവ സമാന്തരവാചകശൈലിയോടുകൂടിയവയാണ്. എട്ടാം പദ്യം ഇന്ദ്രന്റെ സമുന്നതത്വം ആവർത്തിക്കുന്നു.

26–ാം സൂക്തം തുടങ്ങുന്നത് (1–2), തൊട്ടു മുൻപത്തെ സൂക്തത്തിലേതുപോലെ, യുദ്ധങ്ങളിലും മത്സരങ്ങളിലും ഇന്ദ്രനോടു സഹായമപേക്ഷിച്ചുകൊണ്ടാണ്. സൂക്തത്തിന്റെ മധ്യഭാഗം (3–6) ഇന്ദ്രൻ വിവിധപേരുകളിലുള്ള ശത്രുക്കൾക്കും സഹായികളായ വിവിധപേരുകളിലുള്ള മനുഷ്യർക്കുമെതിരെയുള്ള യുദ്ധങ്ങളുടെ സംക്ഷിപ്തവിവരണമാണ്. അവസാനത്തെ രണ്ടു പദ്യങ്ങൾ (7–8) കവിക്കും രക്ഷിതാവിനുമുള്ള സഹായത്തിൽ ഇതേ ശക്തികൾ കാണിക്കാൻ ഇന്ദ്രനോടു യാചിക്കുന്നു.

27–ാം സൂക്തം തുടങ്ങുന്നത് ഒരു ചോദ്യത്തോടുകൂടിയാണ്: എന്താണ് ഇന്ദ്രൻ "അതിന്റെ" (അസ്യ– സോമത്തിന്റ) സ്വാധീനത്തിൽ ചെയ്യുന്നത്? (1). "നിലനിൽക്കുന്നത്" (സത്) എന്നു പൊതുവിൽ വിശാലമായ ഉത്തരം (2). ഇന്ദ്രന്റെ ശക്തികളെക്കുറിച്ചുള്ള നമ്മുടെ അപൂർണമായ അറിവ് അവന്റെ "അസ്തിത്വ"ത്തിനു വിരുദ്ധമാണ് (3). പക്ഷേ, നാം അനുഭവിച്ച ഇന്ദ്രശക്തിയെപ്പറ്റിയ അല്പമായ ആ അറിവുപോലും ധാരാളമാണ്: 4–7 പദ്യങ്ങളിൽ വിവരിച്ച യുദ്ധത്തിൽ കവിയുടെ രക്ഷിതാവായ അഭ്യാവർത്തി ചായമാനനുവേണ്ടി വരശിഖന്റെ സേനയായ വൃചീവാനെയും കൂട്ടരെയും ഇന്ദ്രൻ കൊന്നുവല്ലോ! അവസാനപദ്യം (8) അഭ്യാവർത്തി ചായമാനൻ കവിക്കു നൽകിയ ദാനങ്ങളെ സ്തുതിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ദാനസ്തുതിയാകുന്നു

ഇന്ദ്രവൃത്തമധ്യത്തിലാണീ 28–ാം സൂക്തമെങ്കിലും *അനുക്രമണി*യനുസരിച്ച് ഇതിലെ 1–3, 8 സി എന്നിവ ഗോക്കൾക്കും 2, 8 ഡി എന്നിവ ഗോക്കൾക്കോ ഇന്ദ്രനോ ആയും സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഗോക്കൾ

തിരികെ വീട്ടിലേക്കു വരുമ്പോൾ അനുഗ്രഹിക്കുന്നതിൽ ഈ സൂക്തം പിൽക്കാലത്തു വിനിയോഗിച്ചു പോന്നു. പക്ഷേ, മൗലികമായി ഇത് ദാനം ചെയ്യപ്പെട്ട പശു അതിന്റെ പുതിയ ഉടമയുടെ വീട്ടിലേക്കു പ്രവേശിക്കുമ്പോൾ അനുഗ്രഹിക്കുന്നതിനായിരിക്കണം ഉപയോഗിച്ചിരിക്കുക. ഭക്തന്റെ പശുക്കൾ മേയുമ്പോൾ വന്നു പെട്ടേക്കാവുന്ന പലതരം ആപത്തുകളും അവയിൽനിന്നുള്ള സുരക്ഷിതത്വവും സൂക്തത്തിൽ വിവരിക്കുന്നു: കള്ളൻ കട്ടുകൊണ്ടുപോകാം; പശുക്കൾ കൂട്ടത്തോടെ ആക്രമിക്കപ്പെടാം; കാണാതാവാം; കശാപ്പുശാലയിലേക്കു നയിക്കപ്പെടാം.

29–ാം സൂക്തത്തിന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത ഇതിലെ പ്രമേയം "ബന്ധ"മാമെന്നുള്ളതാണ്. 2–4 പദ്യങ്ങളിൽ ഈ ബന്ധത്തെ അർഥവിജ്ഞാനപരമായും വ്യവസ്ഥാപിതമായും വിവരിക്കുന്നു. രണ്ടിൽ ഇന്ദ്രന്റെ സ്വന്തം ശക്തികളാണ് അവനുമായി, അല്ലെങ്കിൽ അവന്റെ കൈയുമായി, ബന്ധപ്പെടുന്നത്. പക്ഷേ, അടുത്ത രണ്ടു പദ്യങ്ങളിൽ മനുഷ്യർ നൽകുന്ന യജ്ഞഘടകങ്ങളാണ് ബന്ധപ്പെടുന്നത്. അവസാനപദ്യം (6) സംഗ്രഹരൂപത്തിലുള്ളതാണ്. അഞ്ചാം പദ്യത്തിൽ ഇന്ദ്രൻ രണ്ടു ലോകാർധങ്ങളെ ബലമായി വേർപെടുത്തി എന്നു വിവരിക്കുന്നത് സൂക്തത്തിലെ മുഖ്യപ്രമേയമായ ബന്ധത്തിനു വിരുദ്ധമാണെന്ന കാര്യം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ പ്രധാനമായ വസ്തുത ഈ സൂക്തത്തിൽ മനുഷ്യരും ഇന്ദ്രനും തമ്മിലുണ്ടെന്നു വർണിക്കപ്പെട്ട പരസ്പരബന്ധമത്രേ. മനുഷ്യർ യജ്ഞം കൊണ്ടും സ്തുതികാവ്യംകൊണ്ടും ഇന്ദ്രനെ സേവിക്കുന്നു. ഇന്ദ്രനാകട്ടെ, അവർക്കു ദാനങ്ങൾ നൽകുന്നു. ദേവനും സ്തോതാക്കളും തമ്മിലുള്ള ബന്ധം ഇവിടെ യജമാനനായ കവിയും രക്ഷിതാവും തമ്മിലുള്ള ബന്ധത്തിനു മാതൃയായിരിക്കുന്നു.

പൂർണമായും പ്രാപഞ്ചികമായ 30–ാം സൂക്തം പ്രപഞ്ചനടത്തിപ്പുമായി ബന്ധപ്പെട്ട കർമങ്ങളെയും ശക്തികളെയും കുറിച്ചാണ്. സൂക്തത്തിലെ സാധ്യമായ മനുഷ്യമാനങ്ങൾ ആദ്യപദ്യത്തിലെ സോമയജ്ഞത്തിന്റെയും നല്ല വസ്തുക്കൾ നൽകുന്നതിന്റെയും രണ്ടാം പദ്യത്തിലെ "മന്യേ" (ഞാൻ വിചാരിക്കുന്നു) എന്ന വാക്കിന്റെയും പരോക്ഷസൂചനകൾ മാത്രമാണ്. വളരെ ഋജുവാണീ സൂക്തമെന്നതാണ് മറ്റൊരു പ്രത്യേകത.

31–ാം സൂക്തം തുടങ്ങുന്നത് എല്ലാ ജനങ്ങളുടെയും എല്ലാ പ്രാപഞ്ചികവും ഭൗമവുമായ മണ്ഡലങ്ങളിൽ ഇന്ദ്രന്റെ അധികാരം പ്രഖ്യാപിച്ചുകൊണ്ടാണ് (1–2). പിന്നീട് അവന്റെ പ്രശസ്തമായ യുദ്ധങ്ങളും അവൻ സഹായിച്ച മനുഷ്യരും വിവരിക്കപ്പെടുന്നു (3–4). അന്തിമപദ്യത്തിൽ ഇന്ദ്രനോട് അതേ യുദ്ധസേവനങ്ങൾ തങ്ങളോടും കാട്ടണമെന്ന അപേക്ഷയാണ്. ഇന്ദ്രൻ സമ്പത്തിന്റെ ഒരേയൊരു പ്രഭുവത്രേ. കാരണം, അവന് എല്ലാ ജനങ്ങളെയും തന്റെ കൈകളിലെടുക്കാൻ കഴിയും. അന്യഥാ അന്യോന്യം കലഹിച്ചും ഭിന്നിച്ചും കഴിയുന്ന ജനങ്ങളെ ഏകീകരിക്കാൻ ഇന്ദ്രനു കഴിയും. ഇത് ഒരുപക്ഷേ കവിയുടെ ആഗ്രഹചിന്തയാവാം.

32–ാം സൂക്താന്ത്യപദ്യം കവിയുടെ സൂക്തസംഗ്രഹമായിമാറുന്ന പതിവുരീതിയിൽനിന്നു വ്യത്യസ്തമായി ഈ സൂക്തത്തിൽ ആദ്യപദ്യം ഈ ഉദ്ദേശ്യം നിറവേറ്റുന്നു. അവശേഷിക്കുന്ന പദ്യങ്ങൾ ഒന്നാം പദ്യത്തിൽ പറഞ്ഞ സ്തുതി ഉൾക്കൊള്ളുന്നു. 2–3 പദ്യങ്ങൾ വലപുരാവൃത്തവും 5–ാം പദ്യം വൃത്രവധത്തിന്റെ അനന്തരഫലങ്ങളുടെ പരോക്ഷ വിവരണവും നൽകുന്നു. നാലാം പദ്യത്തിൽ ഗായകന് ശക്തികളും സമ്പത്തുകളും നൽകണമെന്ന ഇന്ദ്രനോടുള്ള അഭ്യർഥന.

33–ാമത്തേതാണ് ഈ സൈനികസൂക്തം. ഇന്ദ്രൻ സംഘർഷത്തിൽ എല്ലാ വശങ്ങളിൽനിന്നുമുള്ള അപേക്ഷകൾ സ്വീകരിക്കുമെന്ന് കവി അവനെഓർമിപ്പിക്കുന്നു (2). പക്ഷേ, യുദ്ധങ്ങളിലും മത്സരങ്ങളിലും തങ്ങളെ മാത്രമേ സഹായിക്കാൻ പാടുള്ളൂ എന്നു യാചിക്കുന്നു. സൂക്തം മിക്ക ഭാഗങ്ങളിലും ഋജുവാണ്. ഇന്ദ്രായുധങ്ങളെപ്പറ്റിയുള്ള മൂന്നാം പദ്യം അല്പം നിഗൂഢാത്മകമായി തോന്നുന്നു. ചില പണ്ഡിതർ ഈ ഭാഗം തിരുത്താൻവരെ ശ്രമിക്കുകയുണ്ടായി.

34–ാം സൂക്തത്തിലെ ആദ്യപദ്യം നിർണായകമാംവിധം സാന്ദ്രമായ പ്രയോഗം നിറഞ്ഞതാണ്. ഇന്ദ്രൻ സ്തുതിഗാനങ്ങളുടെ സ്വീകർത്താവും കാവ്യചിന്തകളുടെ പ്രചോദനത്തിന്റെ സ്രോതസ്സുമാകുന്നു. മാത്രമല്ല, പ്രാചീനരും സമകാലികരുമായ എല്ലാ കവികളും താന്താങ്ങളുടെ കാവ്യവുമായി ഇന്ദ്രന്റെ ശ്രദ്ധയെ ആകർഷിക്കാറുണ്ട്. സൂക്തത്തിന്റെ ബാക്കി ഭാഗം ഈ ചിന്തകൾ വികസിപ്പിക്കുന്നു. 2–3 പദ്യങ്ങൾ ഇന്ദ്രനെന്ന ഒരൊറ്റ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് അനേകം കവികളെഴുതുന്നുവെന്ന പ്രമേയം തുടരുന്നു. അനന്തരം അവസാനത്തെ രണ്ടു പദ്യങ്ങ(4–5)ളിലേക്കുള്ള മാറ്റമാണ്. അവ ഇന്ദ്രൻ സ്തുതിയും യജ്ഞവും സ്വീകരിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ കൊണ്ടാടുന്നു.

ഇന്ദ്രനു സ്തുതി നൽകുന്നതിനു പകരമായി നല്ലതു പ്രതീക്ഷിക്കുന്ന മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി 35–ാം സൂക്തം ഈ പ്രവർത്തനത്തിനു പകരമായി നാം സ്വീകരിക്കുന്ന പ്രതിഫലത്തെപ്പറ്റി അക്ഷമമായി അന്വേഷിക്കുന്നു. ആദ്യത്തെ മൂന്നു പദ്യങ്ങളിലെ ചോദ്യങ്ങളിലും നാലാം പദ്യത്തിലെ ആജ്ഞയിലും ഇതാണ് പ്രതിഫലിക്കുന്നത്. വലഗുഹാഭേദനത്തെ പരാമർശിക്കുന്നുണ്ടെന്ന് തോന്നിക്കുന്ന അഞ്ചാം പദ്യം അല്പം വിഷമം പിടിച്ചതത്രേ.

ഭൂമിയുടെയും സ്വർഗത്തിന്റെയും സകലചരാചരങ്ങളുടെയും പൂർണമായ അധികാരവും നിയന്ത്രണവുമുള്ള ഇന്ദ്രനെ വാഴ്ത്തുന്ന 36–ാം സൂക്തമാണിത്. ജനങ്ങൾ ഇന്ദ്രനു നൽകുന്ന സോമഹവിസ്സുകളും (1) യജ്ഞഹവിസ്സുകളും (2) ഗാനങ്ങളും (3) അവന്റെ ഔദാര്യത്തിന് (4) ഉത്തരം പറയുന്നു. അഞ്ചാം പദ്യത്തിന്റെ ഉത്തരാർധത്തിൽ പരസ്പരബന്ധം രേഖപ്പെടുത്തിയിരിക്കുന്നു.

37–ാം സൂക്തത്തിൽ ആദ്യത്തെ മൂന്നു പദ്യങ്ങൾ "യാത്രാ"സൂക്തത്തിന്റെ മാതൃക പിന്തുടരുന്നു. ഒരു തിരിവോ

32–ാം സൂക്താന്ത്യപദ്യം കവിയുടെ സൂക്തസംഗ്രഹമായിമാറുന്ന പതിവുരീതിയിൽനിന്നു വ്യത്യസ്തമായി ഈ സൂക്തത്തിൽ ആദ്യപദ്യം ഈ ഉദ്ദേശ്യം നിറവേറ്റുന്നു. അവശേഷിക്കുന്ന പദ്യങ്ങൾ ഒന്നാം പദ്യത്തിൽ പറഞ്ഞ സ്തുതി ഉൾക്കൊള്ളുന്നു. 2–3 പദ്യങ്ങൾ വലപുരാവൃത്തവും 5–ാം പദ്യം വൃത്രവധത്തിന്റെ അനന്തരഫലങ്ങളുടെ പരോക്ഷ വിവരണവും നൽകുന്നു. നാലാം പദ്യത്തിൽ ഗായകന് ശക്തികളും സമ്പത്തുകളും നൽകണമെന്ന ഇന്ദ്രനോടുള്ള അഭ്യർഥന.

33–ാമത്തേതാണ് ഈ  സൈനികസൂക്തം. ഇന്ദ്രൻ സംഘർഷത്തിൽ എല്ലാ വശങ്ങളിൽനിന്നുമുള്ള അപേക്ഷകൾ സ്വീകരിക്കുമെന്ന് കവി അവനെഓർമിപ്പിക്കുന്നു (2). പക്ഷേ, യുദ്ധങ്ങളിലും മത്സരങ്ങളിലും തങ്ങളെ മാത്രമേ സഹായിക്കാൻ പാടുള്ളൂ എന്നു യാചിക്കുന്നു. സൂക്തം മിക്ക ഭാഗങ്ങളിലും ഋജുവാണ്. ഇന്ദ്രായുധങ്ങളെപ്പറ്റിയുള്ള മൂന്നാം പദ്യം അല്പം നിഗൂഢാത്മകമായി തോന്നുന്നു. ചില പണ്ഡിതർ ഈ ഭാഗം തിരുത്താൻവരെ ശ്രമിക്കുകയുണ്ടായി.

34–ാം സൂക്തത്തിലെ ആദ്യപദ്യം നിർണായകമാംവിധം സാന്ദ്രമായ പ്രയോഗം നിറഞ്ഞതാണ്. ഇന്ദ്രൻ സ്തുതിഗാനങ്ങളുടെ സ്വീകർത്താവും കാവ്യചിന്തകളുടെ പ്രചോദനത്തിന്റെ സ്രോതസ്സുമാകുന്നു. മാത്രമല്ല, പ്രാചീനരും സമകാലികരുമായ എല്ലാ കവികളും താന്താങ്ങളുടെ കാവ്യവുമായി ഇന്ദ്രന്റെ ശ്രദ്ധയെ ആകർഷിക്കാറുണ്ട്.  സൂക്തത്തിന്റെ ബാക്കി ഭാഗം ഈ ചിന്തകൾ വികസിപ്പിക്കുന്നു. 2–3 പദ്യങ്ങൾ ഇന്ദ്രനെന്ന ഒരൊറ്റ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് അനേകം കവികളെഴുതുന്നുവെന്ന പ്രമേയം തുടരുന്നു. അനന്തരം  അവസാനത്തെ രണ്ടു പദ്യങ്ങ(4–5)ളിലേക്കുള്ള മാറ്റമാണ്.  അവ ഇന്ദ്രൻ സ്തുതിയും യജ്ഞവും സ്വീകരിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ കൊണ്ടാടുന്നു.

ഇന്ദ്രനു സ്തുതി നൽകുന്നതിനു പകരമായി നല്ലതു പ്രതീക്ഷിക്കുന്ന മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി 35–ാം സൂക്തം ഈ പ്രവർത്തനത്തിനു പകരമായി നാം സ്വീകരിക്കുന്ന പ്രതിഫലത്തെപ്പറ്റി അക്ഷമമായി അന്വേഷിക്കുന്നു. ആദ്യത്തെ മൂന്നു പദ്യങ്ങളിലെ ചോദ്യങ്ങളിലും നാലാം പദ്യത്തിലെ ആജ്ഞയിലും ഇതാണ് പ്രതിഫലിക്കുന്നത്. വലഗുഹാഭേദനത്തെ പരാമർശിക്കുന്നുണ്ടെന്ന് തോന്നിക്കുന്ന അഞ്ചാം പദ്യം അല്പം വിഷമം പിടിച്ചതത്രേ.

ഭൂമിയുടെയും സ്വർഗത്തിന്റെയും സകലചരാചരങ്ങളുടെയും പൂർണമായ അധികാരവും നിയന്ത്രണവുമുള്ള ഇന്ദ്രനെ വാഴ്ത്തുന്ന 36–ാം സൂക്തമാണിത്. ജനങ്ങൾ ഇന്ദ്രനു നൽകുന്ന സോമഹവിസ്സുകളും (1) യജ്ഞഹവിസ്സുകളും (2) ഗാനങ്ങളും  (3) അവന്റെ ഔദാര്യത്തിന് (4) ഉത്തരം പറയുന്നു. അഞ്ചാം പദ്യത്തിന്റെ ഉത്തരാർധത്തിൽ പരസ്പരബന്ധം രേഖപ്പെടുത്തിയിരിക്കുന്നു.

37–ാം സൂക്തത്തിൽ ആദ്യത്തെ മൂന്നു പദ്യങ്ങൾ "യാത്രാ"സൂക്തത്തിന്റെ മാതൃക പിന്തുടരുന്നു. ഒരു തിരിവോടുകൂടിയാണെന്നു മാത്രം. ഒന്നാം പദ്യത്തിലെ പിംഗലക്കുതിരകൾ ഇന്ദ്രനെ യജ്ഞത്തിലേക്കു കൊണ്ടുവരുന്ന പരിചിതമായ കുതിരകൾതന്നെ. പക്ഷേ, രണ്ടാം പദ്യത്തിലെ  അതേ പദം (ഹരയഃ) തവിട്ടുനിറമുള്ള സോമകണങ്ങളെ പരാമർശിക്കുന്നു. മൂന്നാം പദ്യത്തിൽ കുതിരകളിലേക്കു തിരിച്ചുവരുന്നു. അതിലെ വായുപരാമർശം പ്രാതഃസവനകർമമാണുദ്ദിഷ്ടമെന്നു സൂചിപ്പിക്കുന്നു. മറ്റു രണ്ടു പദ്യങ്ങൾ (4–5) യാത്രാപ്രമേയം തുടരുന്നില്ല. പകരം, ഇന്ദ്രൻ (മനുഷ്യ)രക്ഷിതാക്കൾക്കു ദക്ഷിണ നൽകുന്ന (ദിവ്യ)രക്ഷിതാവായി ചിത്രീകരിക്കപ്പെടുന്നു (5).

38–ാം സൂക്തത്തിന്റെ സന്ദർഭം പ്രാതഃസവനമാകുന്നു. ലക്ഷ്യം ഇന്ദ്രനെ വിളിയിലൂടെ അവിടേക്ക് ആകർഷിക്കുക എന്നതുതന്നെ. ഇതാണ് ആദ്യത്തെ രണ്ടു പദ്യങ്ങളുടെ വിഷയം. ആദ്യപദ്യത്തിൽ അഗ്നി സ്വർഗത്തിനുനേരെയുള്ള ആഹ്വാനം മുഴക്കുന്നതായി തോന്നുന്നു. രണ്ടാമത്തേതിൽ അത് ഇന്ദ്രനിലേക്കു തിരിയുന്നു. സ്തുതിയിലൂടെയും യജ്ഞത്തിലൂടെയും ഇന്ദ്രൻ നിഷ്പാദിപ്പിക്കുന്ന ശക്തി  അടുത്ത രണ്ടു (3–4) പദ്യങ്ങളിൽ വിവരിക്കുന്നു. അന്തിമപദ്യത്തിൽ വിഷയസംഗ്രഹവും ഇന്ദ്രനെ അവിടേക്ക് ആകർഷിക്കാനുള്ള ശ്രമങ്ങളും അവൻ നൽകുന്ന നേട്ടങ്ങളും പ്രതിപാദിക്കുന്നു.

മുൻസൂക്തത്തെപ്പോലെ 39–ാം സൂക്തവും യജ്ഞപരമായ സന്ദർഭത്തിൽത്തന്നെയാണ് കെട്ടിയിടപ്പെട്ടിരിക്കുന്നത്. വിഷയം സോമംതന്നെ. പക്ഷേ, സോമമെന്ന പേരില്ല. ഒന്നാം പദ്യം വിശേഷണങ്ങളുടെ ഒരു പരമ്പരയാണ്. 2–4 പദ്യങ്ങൾ "ഇവിടെയുള്ള ഇതിനെ" വിവരിക്കുന്നു. വലപുരാവൃത്തം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

40–ാം സൂക്തം മിക്ക ഭാഗങ്ങളിലും ഇന്ദ്രനെ യജ്ഞത്തിലേക്കു വിളിക്കാനും സോമം കുടിക്കാനുമുള്ള ക്ഷണത്തിന്റെ ഒരു വാർപ്പുമാതൃയാണ്. ആദ്യത്തെ രണ്ടു പദ്യങ്ങൾ ഇന്ദ്രനെ സോമപാനത്തിനു പ്രേരിപ്പിക്കുന്നു. അടുത്ത രണ്ടു പദ്യങ്ങൾ ഇന്ദ്രനു യജ്ഞത്തിലേക്കു വരാനുള്ള ആജ്ഞയാകുന്നു. ഇതാണ്, വാസ്തവത്തിൽ, ആദ്യം വേണ്ടിയിരുന്നത്. അവസാനപദ്യത്തിൽ ഇവ രണ്ടും ഒത്തുചേരുന്നു.  മാധ്യന്ദിനസവനമാണ് സന്ദർഭമെന്നു "മരുത്തുക്കളോടുകൂടി" എന്ന അവസാനപദം വ്യക്തമാക്കുന്നു.

ഇന്ദ്രനെ സോമപാനത്തിനു ക്ഷണിക്കുന്നതാണ് 41–ാം സൂക്തവും. "വന്നാലും" എന്ന എന്നുണ്ടെങ്കിലും അതു പശ്ചാത്തലത്തിൽമാത്രം (1, 4, 5). പ്രത്യേകമായ സോമാർപ്പണത്തിലാണ് ഊന്നൽ. അന്തിമപദ്യത്തിന്റെ അന്ത്യപാദത്തിൽ മാത്രമാണ് കവി ഇന്ദ്രനോട് പകരമായി എന്തെങ്കിലും ചോദിക്കുന്നത്.

42–ാം സൂക്തം തികച്ചും ഇന്ദ്രന്റെ സോമപാനവുമായി ബന്ധപ്പെട്ട മറ്റൊന്നത്രേ. പക്ഷേ, തൊട്ടു മുൻപത്തെ സൂക്തങ്ങളിലെപ്പോലെ ഇന്ദ്രനോട് നേരിട്ടു വരാനും സോമം കുടിക്കാനും പറയുന്നില്ല. മറിച്ച്, ഇന്ദ്രൻ പ്രഥമപുരുഷനിലാണ് എല്ലായിടത്തും. ഒരു വ്യക്തിയോടും (1, 4) സംഘത്തോടും (2–3) ഇന്ദ്രനെ സേവിക്കാൻ ആജ്ഞകൾ പുറ

പ്പെടുവിക്കുകയാണ്. അധ്വര്യുവെ സംബോധന ചെയ്യുന്ന നാലാം പദ്യംവരെ ആരോടാണ് പറയുന്നതെന്നു വ്യക്തമല്ല. അന്യഥാ യജ്ഞകേന്ദ്രിതമായ ഈ സൂക്തത്തിൽ നാലാം പദ്യത്തിലെ ഉത്തരാർധത്തിൽ വരുന്ന സവിശേഷമായ ഉൽക്കണ്ഠ ആശ്ചര്യകരമാണ്. അത് വൃത്തഭേദത്തിലും പ്രതിഫലിച്ചിരിക്കുന്നു.

ലളിതമാണ് 43–ാം സൂക്തം. ഓരോ പദ്യത്തിന്റെയും ഉത്തരാർധം "അയം സ സോമ ഇന്ദ്ര തേ സുതഃ പിബ" (ഇന്ദ്രാ! ഇവിടെ നിനക്കുവേണ്ടി പിഴിഞ്ഞെടുത്ത സോമം. കുടിച്ചാലും!) എന്ന പല്ലവിയാണ്. ഓരോ പൂർവാർധത്തിലുമാകട്ടെ, സോമമദത്തിൽ ഇന്ദ്രൻ ചെയ്ത വീരകർമങ്ങളുൾപ്പെടെയുള്ളവ അനുസ്മരിക്കപ്പെടുന്നു.

ആറാം മണ്ഡലത്തിലെ 44–ാം സൂക്തം ഇന്ദ്രവൃത്തത്തിലെ അവസാനഭാഗത്തുള്ളതാണ്. ആകെയുള്ള എട്ടു തൃചങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം (1–6) അനുഷ്ടുപ്പിലും മൂന്നാമത്തേത് (7–9) ത്രിഷ്ടുപ്പിന്റെയും വിരാട്ടിന്റെയും മിശ്രത്തിലും അവശേഷിക്കുന്ന അഞ്ചു തൃചങ്ങൾ (10–24) ത്രിഷ്ടുപ്പിലുമാകുന്നു. മിക്ക തൃചങ്ങളും അലങ്കാരശാസ്ത്രപരമായി ഏകീകൃതമത്രേ: 1–3 പദ്യങ്ങൾ ഇന്ദ്രവിക്രമസൂചകങ്ങളായ പൂർവാർധങ്ങളോടും ആവർത്തിതമായ ഉത്തരാർധങ്ങളോടും കൂടിയവ. 19–21 പദ്യങ്ങൾ നിഷ്കൃഷ്ടമായ "കാള"പ്രമേയത്തോടുകൂടിയവ. 22–24 പദ്യങ്ങൾ "അയം" (ഇവൻ) എന്നു തുടങ്ങുന്ന സോമപരാമർശകമായ പദ്യാർധങ്ങളുടെ ആവർത്തനംകൊണ്ട് അലങ്കൃതം. മറ്റുള്ളവ അത്രതന്നെ വ്യക്തമല്ലാത്ത ആന്തരികൈക്യയുക്തം. അവയിലും പലപ്പോഴും വിഷയത്തിന്റെയോ പ്രമേയത്തിന്റെയോ തുടർച്ച കാണാം. സൂക്തത്തിൽ സമാഹൃതമായ തൃചങ്ങളിൽ ബാഹ്യമായ ഐക്യവും കാണാം. എങ്കിലും അവ തൊട്ടുമുൻപത്തെ സൂക്തങ്ങളിലെ ഇന്ദ്രനും സോമപാനവുമെന്ന വിഷയം വിടുന്നില്ല.

മുൻസൂക്തങ്ങളെപ്പോലെ 45–ാം സൂക്തവും തൃചങ്ങളിൽ സംവിധാനം ചെയ്യപ്പെട്ടതാണ്. ആദ്യത്തെ പത്ത് ഇന്ദ്രനുള്ളത്. അവസാനത്തേത് (31–33) രക്ഷിതാവായ ബൃബുവിന്റെ ദാനസ്തുതി. ഇന്ദ്രവൃത്തത്തിൽപെടുത്തിയതുകൊണ്ട് ഇത് മൗലികമായി ഒരൊറ്റ സൂക്തമായിരിക്കണം. പക്ഷേ, സൂക്തത്തിലുടനീളം ആവർത്തിച്ചുവരുന്ന ചില പ്രമേയങ്ങളുണ്ട്. ഇന്ദ്രനെ പശുവുമായോ കന്നുകുട്ടിയുമായോ താരതമ്യം ചെയ്യുന്നത് (7, 22, 25–26, 28), മത്സരത്തിൽ സമ്മാനം വെച്ച പന്തയം (2, 11–13, 15), ഇന്ദ്രനുവേണ്ടിയുള്ള പവിത്രമന്ത്രവാഹനം (4, 7, 19) മുതലായവ നോക്കുക. പക്ഷേ, തൃചങ്ങൾക്കുള്ളിൽ അലങ്കാരശാസ്ത്രപരമായ ഐക്യം തീരെ കാണുന്നില്ല.

രണ്ടു മുൻസൂക്തങ്ങളെപ്പോലെ 46–ാം സൂക്തവും ഇന്ദ്രവൃത്തത്തിലുൾപ്പെടത്തക്കവിധം ധാരാളം പദ്യങ്ങളുണ്ട്. ഈരണ്ടു പദ്യങ്ങളുൾക്കൊള്ളുന്ന പ്രഗാഥകളായിട്ടാണ് സംവിധാനമെന്നേയുള്ളൂ. മത്സരങ്ങളിലും യുദ്ധങ്ങളിലും തന്റെ സ്തോതാക്കളെ സഹായിക്കുന്ന ഇന്ദ്രനിലാണ് ഇവിടത്തെ കേന്ദ്രീകരണം. തങ്ങൾക്കു സംരക്ഷണം നൽകാനും എതിരാളികളുടെ സഹജമായ ശക്തി കൈവരുത്താനും (7–8) ശത്രുക്കളെ കീഴ്പ്പെടുത്താനും തങ്ങളെ സഹായിക്കാൻ വരണമെന്ന് ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. സൂക്തത്തിൽ കാര്യമായ സങ്കീർണതകളൊന്നുമില്ല. പ്രമേയം ഏറെ അവർത്തിക്കപ്പെട്ടത്.

ഭാരദ്വാജന്മാരുടെ ഈ കുടുംബസൂക്തം (47) മുഖ്യമായി ഇന്ദ്രനു സമർപ്പിക്കപ്പെട്ടതും ഈ മണ്ഡലത്തിൽ ഇന്ദ്രവൃത്തത്തിന്റെ അവസാനത്തിൽ ചേർത്തതുമാകുന്നു. പരസ്പരം അല്പബന്ധമുള്ളതോ ഒരു ബന്ധവുമില്ലാത്തതോ ഉൾപ്പെടെ പല ചെറിയ ഏകകങ്ങളാണിതിലുള്ളത്. ഇവയുടെ വിഭജനത്തെക്കുറിച്ച് പണ്ഡിതലോകത്ത് തർക്കം നിലനിൽക്കുന്നുണ്ട്. സോമനെ/സോമത്തെക്കുറിച്ചുള്ള അതിഗംഭീരമായ സ്തുതിയോടെ (1–5) സൂക്തം ആരംഭിക്കുന്നു. അടുത്ത (6) പദ്യത്തിൽ ഇന്ദ്രനെ സോമം കുടിക്കാൻ ക്ഷണിക്കുന്നു. മാധ്യന്ദിനസവനത്തിലാണിതെന്നു വ്യക്തം. 7–21 പദ്യങ്ങൾ പൂർണമായി ഇന്ദ്രനു സമർപ്പിതമാണ്. ഇന്ദ്രസ്തുതി, ഇന്ദ്രന്റെ വീരകർമങ്ങൾ, ഭക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ളതുൾപ്പെടെ ഇന്ദ്രനോടുള്ള വിവിധങ്ങളായ അഭ്യർഥനകൾ മുതലായ ഇവിടെ നിറഞ്ഞുനിൽക്കുന്നു. 22–25 പദ്യങ്ങൾ ദാനസ്തുതി ഉൾക്കൊള്ളുന്നു. ഏറ്റവും അസാധാരാണമായ പദ്യങ്ങളാണ് സൂക്താവസാനഭാഗത്ത് (26–31) നാം കാണുന്നത്. മൂന്നു പദ്യങ്ങൾ (26–28) തേരിനെയും മൂന്നെണ്ണം പെരുമ്പറയെയും സംബോധന ചെയ്യുന്നു.

പരസ്പരബന്ധമില്ലെന്നു തോന്നിക്കുന്ന ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടവയും വിവിധഗാനവൃത്തനിബദ്ധങ്ങളുമായ പദ്യങ്ങളുൾക്കൊള്ളുന്ന മറ്റൊരു കൗതുകകരമായ സൂക്തമാണ് 48. *അനുക്രമണി*യിൽ വിവരിച്ചതും മേൽ പുനരുദ്ധരിച്ചതുമായ വിവരണം ഉള്ളടക്കത്തിൽ കൃത്യമായി പ്രതിഫലിച്ചുകാണുന്നില്ല. അഗ്നിക്കു സമർപ്പിക്കപ്പെട്ട ആദ്യത്തെ പത്തു പദ്യങ്ങൾ മാമൂൽരീതിയിലുള്ള ഒരഗ്നിസൂക്തമായിത്തോന്നും. മറ്റ് അഗ്നിസൂക്തങ്ങളിൽ ഇത് ഉൾപ്പെടുത്തിയില്ലെന്നത് കൗതുകപ്രദമായിത്തോന്നാം. അന്ത്യത്തിൽ എട്ടക്ഷരങ്ങളധികമുള്ള പാദത്തോടുകൂടിയ 6–8 പദ്യങ്ങളൊഴികെ, ഒന്നിടവിട്ട് ബൃഹതിയിലും സതോബൃഹതിയിലുമായി പ്രഗാഥജോടികളിൽ രചിക്കപ്പെട്ടതും സൂക്തത്തിലെ ഏറ്റവും വൃത്തദാർഢ്യമുള്ളതുമായ ഖണ്ഡമാണിത്. അടുത്ത മൂന്നു പദ്യങ്ങൾ (11–13) അസാധാരാണമായ ഒരു വിഷ്കംഭമാണ്: കവിയുടെ പുരോഹിതസഹായികൾ മരുത്തുക്കൾക്കു പാൽ നൽകുന്ന കറവപ്പശുവെ അടുത്തുകൊണ്ടുവരാൻ ആജ്ഞാപിക്കപ്പെടുന്നു. *അനുക്രമണി*യിൽ മരുത്തുക്കൾക്കാണിത് സമർപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും അത് യാദൃച്ഛികമാണ്. പശുവാണിവിടെ കേന്ദ്രബിന്ദു. അത് ഭരദ്വാജന്റെ കാവ്യപ്രചോദനത്തിന്റെ പ്രതീകമോ നടന്നുകൊണ്ടിരിക്കുന്ന യജ്ഞത്തിൽ സോമത്തിൽ കലർത്താനുള്ള പാൽ തരുന്ന ശരിയായ പശുവോ അതോ രണ്ടുമോ എന്നു വ്യക്തമല്ല. പൂഷാവാണ് സൂക്തത്തിന്റെ ഹൃദയമായ 14–19 പദ്യങ്ങളുടെ വിഷയം. ഭരദ്വാജന്മാർക്ക് പൂഷാവിനോട് സവിശേഷമായൊരു ബന്ധമുണ്ട്. ഈ ഖണ്ഡത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ (14–15) ഏകാഗ്രദൃഢവും ഔപചാരികവുമായ പൂഷാവിനെക്കുറിച്ചുളള സ്തുതിയാണ്. ഇവിടെ, ഗ്രാമീണവും ആപേക്ഷികമായി താണ പദവിയുമുള്ള പൂഷാവിനെ വിവിധഗുണങ്ങളിൽ മഹാന്മാരായ വൈദികദേവതകളുമായി താരതമ്യപ്പെടുത്തുന്നു. അവസാ

നത്തെ മൂന്നു പദ്യങ്ങൾ (20–22) മരുത്തുക്കളെ സംബോധന ചെയ്യുന്നു. ഇവയിൽ ഒടുവിലത്തെ പദ്യം (22) മരുത്തുക്കളുടെ അമ്മയായ പൃശ്നിയെ സംബോധന ചെയ്യുന്നതും നിഗൂഢാത്മകവുമാകുന്നു.

പല വിശ്വേദേവസൂക്തങ്ങളെയുംപോലെ, ഋജുലളിതമായ ഘടനയോടുകൂടിയ വാർപ്പുമാതൃകയിലുള്ള ഒന്നാണ് 49–ാം സൂക്തം. ഓരോ പദ്യവും ഓരോ ദേവതയെയോ ഒരു സംഘം ദേവതക(മരുത്തുക്ക)ളെയോ സ്തുതിക്കുന്നു. ദേവതാനാമം പദ്യത്തിലെവിടെയെങ്കിലുമുണ്ടാവും. ഈ സൂക്തത്തിലെ ദേവന്മാരുടെ ക്രമത്തിന് വ്യക്തമായി യജ്ഞപരമോ മറ്റെന്തെങ്കിലുമോ ആയ പ്രാധാന്യമില്ല. പക്ഷേ, ഇവരിൽ പലരും പ്രാതഃസവനത്തിൽ പങ്കെടുക്കുന്നവരാണ്: അഗ്നി (2), രാത്രിയും ഉഷസ്സും (3), വായു (4), അശ്വികൾ (5), ഇന്ദ്രൻ (12). പർജന്യനും വാതവും (6), മിത്രനും വരുണനും (1), ത്വഷ്ടാവ് (9) എന്നിവർ. അന്തിമപദ്യം (15) എല്ലാ ദേവന്മാരോടുമായി നേട്ടങ്ങൾക്കുവേണ്ടി അഭ്യർഥിക്കുന്നു.

മുൻസൂക്തത്തിലെപ്പോലെയല്ലാതെ, ഈ വിശ്വേദേവസൂക്തം (50) പല ദേവന്മാർക്കും ഒന്നിലധികം പദ്യങ്ങൾ നീക്കിവെച്ചിരിക്കുന്നു. വെള്ളത്തെയും ദേവതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യപദ്യം അദിതിയെയും മുഖ്യരായ മൂന്ന് ആദിത്യന്മാരെയും (വരുണൻ, മിത്രൻ, അര്യമാവ്) അഗ്നി, സവിതാവ്, ഭഗൻ, "ത്രാതാക്കളായ ദേവന്മാർ" എന്നിവരെയും വിളിക്കുന്നു. ഈ സൂക്തത്തിന്റെ സവിശേഷത ഇതിൽ ദേവിമാർക്കു പ്രാധാന്യം ലഭിച്ചിരിക്കുന്നുവെന്നതാണ്. ആദ്യം അദിതി വരുന്നു (1). ദ്യാവാപൃഥിവീ (3), രോദസി (5), "മാതൃതമ"യായ ഭൂമി (7), സരസ്വതി (12), ത്വഷ്ടാവുമായി ബന്ധപ്പെട്ട ദേവപത്നിമാർ (13), വീണ്ടും ഭൂമി (13–14). ദേവപത്നിമാരെ സ്തുതിച്ചുകൊണ്ടാണ് സൂക്തം അവസാനിക്കുന്നതുതന്നെ.

പതിനാറു പദ്യങ്ങളുള്ള ഈ 51–ാം സൂക്തം മൂന്നു വൃത്തങ്ങളിലായിട്ടാണ്. ഈ വൃത്തവിഭജനം സൂക്തത്തിന്റെ ഏകത്വത്തെപ്പറ്റി പണ്ഡിതർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാക്കിയിട്ടുണ്ട്. സൂക്തം സൂര്യോദയവർണനത്തോടുകൂടി തുടങ്ങുന്നു (1–2). തുടർന്ന് ആദിത്യന്മാരുടെ സ്തുതിയിലേക്കു തിരിയുന്നു. അവരുടെ സത്യത്തിലും വഞ്ചനയില്ലായ്മയിലുമാണ് ഊന്നൽ. തങ്ങളെ അനർഹമായ ശിക്ഷയ്ക്കു വിധേയരാക്കരുതെന്ന് 6–7 പദ്യങ്ങളിൽ ദേവന്മാരോടപേക്ഷിക്കുന്നു. തങ്ങൾ നിരപരാധികളെന്നു സൂചന. എല്ലാം കാണുന്ന സൂര്യൻ ഇതറിയും. ബാക്കിയുള്ള അഞ്ചു പദ്യങ്ങൾ (8–12) സത്യപൂർണരായ ദേവന്മാരെപ്പറ്റി. അവരുടെ ദയയ്ക്കും സഹായത്തിനുമുള്ള അപേക്ഷയിൽ ഊന്നൽ. 11–ാം പദ്യത്തിൽ മറ്റൊരു കൂട്ടം ദേവന്മാരുടെ പട്ടിക. പുരോഹിതകുടുംബത്തെ പേരെടുത്തു പറഞ്ഞുകൊണ്ട് 12–ാം പദ്യം സൂക്തവിഷയം സംഗ്രഹിക്കുന്നു. 13–16 പദ്യങ്ങൾ വഞ്ചന മുതലായ ദോഷങ്ങളില്ലാതാക്കാൻ നാം ശ്രമിക്കുമ്പോഴുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്നു. ഈ ഭാഗം പിന്നീടു കൂട്ടിച്ചേർത്തതാവാം.

ആറാം മണ്ഡലത്തിലെ വിശ്വേദേവസൂക്തങ്ങളിൽ അവസാനത്തേത് (52). ആദ്യത്തെ പന്ത്രണ്ടു പദ്യങ്ങൾ നാലു തൃചങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ തൃചം (1–3) പ്രതിയോഗിയായ യജമാനനെയും അവൻ ചെയ്യുന്ന യജ്ഞത്തെയും നിരാകരിക്കുകയും മരുത്തുക്കളെയും സോമനെയും അവനെ നശിപ്പിക്കാൻ വിളിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ തൃചം (4–6) നിലവാരപ്പെട്ട ദേവതകളെ മാത്രമല്ല, പ്രകൃതിപ്രതിഭാസങ്ങളെയും സഹായത്തിനു വിളിക്കുന്നു. സൂക്തത്തിന്റെ ബാക്കിഭാഗം പൊതുസ്വഭാവമുള്ളതും ആവർത്തനച്ഛായ പുലർത്തുന്നതുമാകുന്നു.

പൂഷാവ് ഭാരദ്വാജന്മാരുടെ അനുകൂലനായൊരു ലഘുദേവനാണ്. 6. 53–58 സൂക്തങ്ങൾ പൂഷാവിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. *ഋഗ്വേദ*ത്തിലെ ഒരേയൊരു പൂഷസൂക്തസഞ്ചയമാണിത്. ഈ പ്രത്യേകസൂക്തം (53) പൂഷാവിനോടുള്ള മാന്യവും ക്രിയാത്മകവുമായ അഭ്യർഥനയോടുകൂടിയാണ് (1–2) തുടങ്ങുന്നതെങ്കിലും വേഗത്തിൽ അത് സ്വരം മാറ്റുന്നു. പിശുക്കരായ രക്ഷിതാക്കളെ ശിക്ഷിക്കാൻ ദേവനോട് അപേക്ഷിക്കുന്നു (5–9). ഉളിയും തോട്ടിയുമാണ് അവന്റെ ശിക്ഷോപകരണങ്ങൾ.

പൂഷാവ് 54–ാം സൂക്തത്തിൽ പശുക്കളുടെ സംരക്ഷകനും നഷ്ടപ്പെട്ട സ്വവസ്തുക്കളെ, വിശേഷിച്ച് പശുക്കളെ, കണ്ടെത്തുന്നവനുമെന്ന നിലയിലാണ് വർണിക്കപ്പെടുന്നത്.

55–ാമത്തെ ഈ ലഘുസൂക്തം അതിന്റെ ഘടനകൊണ്ടു ശ്രദ്ധേയമാണ്. ആറാമത്തേതൊഴിച്ച് എല്ലാ പദ്യങ്ങളും മുൻപദ്യത്തിലെ പദമോ വാചകശൈലിയോ ഉൾക്കൊള്ളുന്നു. ആറാം പദ്യത്തിൽ മുൻപദ്യത്തിലെ "ഭ്രാതാ" എന്ന പദത്തിന്റെ പ്രതിധ്വനി കേൾക്കാം (ബിഭ്രതഃ). പൂഷാവ് തന്റെ സഹോദരിയുടെ കാമുകനായും അമ്മയുടെ വരനായും താദാത്മ്യപ്പെടുത്തുന്നതും (4–5) ശ്രദ്ധേയം. ഇത് പൂഷാവിനെ തേരാളിയും സമ്പദ്ദാതാവുമായി കാണുന്ന മൂന്നു പദ്യങ്ങൾക്കു (1–3) ശേഷമാണ്. ബലാത്സംഗപദ്യങ്ങളെ(4–5)ത്തുടർന്ന് തേരാളിയെ പരാമർശിക്കുന്ന പദ്യത്തോടെ (6) സൂക്തം അവസാനിക്കുന്നു.

ഈ സൂക്തത്തിനു (56) മുൻപൂഷസൂക്തങ്ങളിൽനിന്നു പരിചിതമായ പല ഘടകങ്ങളുമുണ്ട്. അവൻ ഏറ്റവും നല്ല തേരാളിയാണ് (2); അവൻ കാവ്യചിന്തകളെ സഫലമാക്കാൻ സഹായിക്കുന്നു (4); അവൻ പശുക്കളുടെ സമ്മാനം നേടുന്നതിൽ സഹായിക്കുന്നു (5). അതുപോലെ പല പുതുമകളും ഈ സൂക്തത്തിനുണ്ട്. "കരംഭാത്" (കഞ്ഞി കുടിക്കുന്നവൻ) എന്ന പേര് എടുത്തുപറഞ്ഞുകൊണ്ടാണ് സൂക്തം തുടങ്ങുന്നത്. കരംഭശബ്ദത്തിന് "ഘൃതമിശ്രം യവസക്തു" (നെയ് ചേർത്തു വറുത്ത യവക്കഞ്ഞി) എന്നു *സായണഭാഷ്യം*. ഇത് പൂഷാവിന്റെ സവിശേഷതയാണ്. രണ്ടാം പദ്യത്തിൽ ഇന്ദ്രൻ പൂഷാവിന്റെ സഖാവായി പ്രത്യക്ഷപ്പെടുന്നു. മൂന്നാം സൂക്തം പ്രഹേളികാസ്വഭാവമുള്ളതാകുന്നു. സൂര്യചക്രം കീറുന്നതിൽ പൂഷാവ് ഇന്ദ്രന്റെ സഹായിയായിരുന്നുവോ എന്ന സംശയം ഇതുളവാക്കുന്നു. ഇവിടത്തെ ബിംബകല്പനയും ഒട്ടസാധാരണമെങ്കിലും ശ്രദ്ധേയമത്രേ.

ഈ സൂക്തത്തിന്റെ (57) തുടക്കത്തിൽ ഇന്ദ്രനെയും പൂഷാവിനെയും ഒരുമിച്ചു വിളിക്കുന്നു. അവരുടെ സ്വാഭവികമായ ഐക്യം സൂചിപ്പിക്കുന്നതിന് ദ്വന്ദ്വസമാസം ഉതകും. അടുത്ത രണ്ടു പദ്യങ്ങളിൽ (2–3) അവരുടെ വിവരണങ്ങളിൽ വിവിധവിശേഷണങ്ങളുപയോഗിക്കുന്നു. 3–4 പദ്യങ്ങളിൽ ഇന്ദ്രൻ തന്റെ മഹിതകർമങ്ങളിലൂടെ മുന്നിലേക്കു വരികയും പൂഷാവിനെ പിന്നിലാക്കുകയും ചെയ്യുന്ന വർണനങ്ങളാണ്. അവസാനത്തെ രണ്ടു പദ്യങ്ങൾ (5–6) അവരെ സമനിലയിൽ പ്രതിപാദിക്കുന്നു.

മുൻപൂഷസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി ഇവിടെ (58) പൂഷാവിനെ പ്രാപഞ്ചികസന്ദർഭത്തിൽ കൂടുതൽ ശക്തികൾ നൽകിക്കൊണ്ടു ചിത്രീകരിക്കുന്നു. മൂന്നാം പദ്യം അതിലേറെ നാലാം പദ്യവും പൂഷാവിന്റെ സൂര്യ(സൂര്യപുത്രി)യുമായുള്ള വിവാഹത്തെ പരാമർശിക്കുന്നു.

ഇന്ദ്രനും അഗ്നിയും *ഋഗ്വേദ*ത്തിൽ മുഖ്യപങ്കു വഹിക്കുന്ന ദേവന്മാരാണെങ്കിലും അവർക്കിരുവർക്കും യജ്ഞപരമായോ പുരാവൃത്തപരമായോ സാമാന്യമായി ഒന്നുമില്ലെന്നു പറയാം. ഏതായാലും, പതിനൊന്നു സൂക്തങ്ങൾ അവർക്കു രണ്ടാൾക്കും കൂടി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രത്യേകസൂക്തത്തിൽ (59) ഊന്നൽ കൊടുക്കുന്നത് ഇവയിലാണ്: അവരെ ദ്വന്ദ്വസമാസത്തിൽ (ഇന്ദ്രാഗ്നികളേ!) സംബോധന ചെയ്യുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങളിൽ അവരുടെ ബന്ധുത്വവും ഇരട്ടജന്മവും പ്രതിപാദിക്കുന്നു. അവരുടെ വീരകർമങ്ങൾ പ്രഖ്യാപിക്കുമെന്ന വാഗ്ദാനം ആദ്യം തന്നെയുണ്ട് (1). 1, 3, 4 പദ്യങ്ങളിൽ അവർക്കു സോമം നൽകുന്നുണ്ട്; ഇന്ദ്രനേ അതു കുടിക്കുന്നുള്ളൂ എങ്കിലും. മൂന്നാം പദ്യത്തിൽ ഇരുവരുടെയും ആയുധമെന്ന നിലയിൽ വജ്രം പരാമർശിക്കപ്പെടുന്നു. 5–6 പദ്യങ്ങളിൽ സന്തുലിതത്വം മാറുന്നതായി തോന്നുന്നു. രണ്ടുപേരെയും വെവ്വേറെ കണ്ട് ഓരോരുത്തരുടെയും സവിശേഷതകൾ കാണിക്കുന്നു. ആറാം പദ്യത്തിൽ പ്രാതഃസവനം പരാമർശിക്കപ്പെടുന്നു. ഉഷസ്സും പശുക്കളുമുണ്ടവിടെ. അഗ്നി ജ്വലിപ്പിക്കപ്പെടുകയും ഇന്ദ്രൻ സന്നിഹിതനാവുകയം ചെയ്യുന്നു. വൃത്തപരമായി യോജിപ്പുള്ള ഈ ആറു പദ്യങ്ങളെ സൂക്തത്തിന്റെ ആദ്യഭാഗമായി കണക്കാക്കാം. 7–10 പദ്യങ്ങൾ അടുത്ത ഭാഗം. 7–8 പദ്യങ്ങളിൽ ശത്രുക്കൾക്കെതിരെ ഗായകന്റെ സഹായാഭ്യർഥനയും സമ്പത്തിനുള്ള പ്രാർഥനയും. സ്തുതിയം സോമവും മുൻനിർത്തി അവരെ ക്ഷണിക്കുന്നു (10).

ഈ ഇന്ദ്രാഗ്നിസൂക്തം (60) പൊതുവിൽ ഇന്ദ്രന്റെ വീരകർമങ്ങളും ഗുണങ്ങളും ഉയർത്തിക്കാട്ടുന്നതാണ് (വിശേഷിച്ച് 5–6 പദ്യങ്ങൾ). രണ്ടു മുതൽ അവസാനം വരെയുള്ള തൃചങ്ങൾ രണ്ടു ദേവന്മാരെയും പേരെടുത്തു പറയാതെ വിവരിക്കുന്നു. അഗ്നി (10), ഇന്ദ്രൻ (11), രണ്ടുപേരെയും ഒരുമിച്ച് (12). അവസാനത്തെ തൃചം (13–15) മൂന്നു വ്യത്യസ്തവൃത്തങ്ങളിലാണ്. ഇത് മൗലികമായി സൂക്തത്തിന്റെ ഭാഗമല്ലെന്ന് അഭിപ്രായമുള്ളവരുണ്ട്. എങ്കിലും രൂപപരമായി ഒരുതരം ഐകരൂപ്യമില്ലായ്കയില്ല. രണ്ടു ദേവന്മാരും സഹകരിച്ച് “ഞങ്ങൾക്ക്” നേട്ടങ്ങളുണ്ടാക്കുന്നതായി സൂക്താന്ത്യത്തിൽ സൂചിപ്പിക്കുന്നു.

ഈ സൂക്തം (61) രൂപപരമായി മിക്കവാറും മുൻസൂക്തംപോലെത്തന്നെയാണ്. വൃത്തപരമായ സങ്കീർണത ചിന്തയുടെ സാന്ദ്രതയുമായി ഏതാണ്ട് ഒത്തുപോകുന്നുണ്ടെന്നു കാണാം. ആദ്യത്തെ തൃചം ബിംബകല്പനയിൽ സമ്പന്നവും പ്രത്യേകതകളിൽ ഊന്നുന്നതുമാണ്. തുടർന്നുവരുന്ന മൂന്നു തൃചങ്ങൾ ആപേക്ഷികമായി അനലങ്കൃതവും സരസ്വതിയുടെ നദീത്വം വ്യക്തമാണെങ്കിലും (7–9) കൂടുതൽ പൊതുസ്വഭാവമുള്ളതുമാകുന്നു. സൂക്തം അവസാനിക്കുന്നത് അവളുടെ ഔന്നത്യം സ്ഥാപിക്കുന്ന പ്രസ്താവനയോടെയാണ് (13). ഒപ്പം അവളുടെ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു (14). ഒന്നാമത്തെ തൃചത്തിൽ വിശേഷിച്ചും നദിയുടെ ശക്തിയും നിർദയമായ ഒഴുക്കിന്റെ ആന്തരികദോഷങ്ങളും ഭംഗിയായി വർണിക്കപ്പെട്ടിരിക്കുന്നു. അവിടെ അവൾ മനുഷ്യരായ ശത്രുക്കളുടെ ഒരു പരമ്പരയെത്തന്നെ ശിക്ഷിക്കുകയും തന്റെ സ്തോതാക്കൾക്കു പ്രതിഫലം നൽകുമ്പോൾ പർവതങ്ങളെ നശിപ്പിക്കുക പോലും ചെയ്യുന്നു. ഈ പ്രതിഫലങ്ങൾ ചിലേടങ്ങളിൽ വ്യക്തമായും അവളുടെ നദി എന്ന തനിമയോടു ബന്ധപ്പെട്ടവയാണ്. അരുവിക്കരകൾ (3), നാം പ്രാർഥിക്കുന്ന പാൽ (14) എന്നിവ നോക്കുക. മറ്റിടങ്ങളിൽ അത്രതന്നെ വ്യക്തമല്ല. വധ്ര്യശ്വന് ദിവോദാസനെന്ന പുത്രനെ ദാനം ചെയ്യുന്നത് ഉദാഹരണം. മൂന്നാം പദ്യത്തിലെ ബൃസയനെന്ന ശത്രുവിന്റെ പരാമർശവും അവ്യക്തംതന്നെ.

ഈ സൂക്തത്തിന്റെ (62) ആദ്യത്തെ അഞ്ചു പദ്യങ്ങൾ പരിചിതമായ അശ്വിസൂക്തങ്ങളുടെ പശ്ചാത്തലം നൽകുന്നു. കവി തങ്ങളുടെ യജ്ഞത്തിലേക്ക് ഇരുദേവന്മാരെയും ആഗ്രഹത്തോടെ ക്ഷണിക്കുന്നു. പ്രമേയങ്ങളും ഭാവങ്ങളും പരിചിതമെങ്കിലും ധാരാളം നല്ല സൂക്ഷ്മരേഖകളുണ്ട്. അടുത്ത രണ്ടു പദ്യങ്ങൾ (6–7) അശ്വികളുടെ പ്രസിദ്ധമായ വീരകർമങ്ങൾ, വിശേഷിച്ച് ഭുജ്യുവെ കടലിൽനിന്നു രക്ഷിച്ചത്, വർണിക്കുന്നു. പക്ഷേ, അതിനെത്തുടർന്നവരുന്ന രണ്ടു പദ്യങ്ങൾ (8–9) മറ്റു ദേവതകളോട് പല തരം ശത്രുക്കൾക്കെതിരെ ഹിംസാത്മകമായി പ്രതികരിക്കാൻ അഭ്യർഥിക്കുകയാണ്. പത്താം പദ്യം അശ്വികളുടെ യാത്രയിലേക്കു തിരിച്ചുവരുന്നു.

ഈ സൂക്തത്തിന്റെ (63) ആദ്യത്തെ നാലു പദ്യങ്ങൾ ഏറെക്കുറെ സമമായി അശ്വികളെ യജ്ഞത്തിലേക്കു വിളിക്കുന്നതിനും അവരുടെ യാത്രയ്ക്കുമായും (1–2) യജ്ഞത്തിനുതന്നെയുമായി (3–4) വിഭജിക്കപ്പെട്ടിരിക്കുന്നു. അടുത്ത രണ്ടു പദ്യങ്ങൾ (5–6) പുരാവൃത്തമേഖലയിലേക്കു കടക്കുന്നു: സൂര്യപുത്രിയായ സൂര്യ അവരോടൊപ്പം അവരുടെ തേരിൽ യാത്ര ചെയ്യുന്നു. ഈ പുരാവൃത്തയാത്ര നമ്മെ ശരിക്കുള്ള ഇന്നത്തെ യാത്രയിലേക്കു നയിക്കുന്നു (7). നമ്മുടെ യജ്ഞത്തിൽ സന്നിഹിതരാവുമ്പോൾ ഈ ദേവന്മാർ നമ്മുടേതാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു (8). അവസാനത്തെ രണ്ടു പദ്യങ്ങൾ (9–10) ദാനസ്തുതിയാണ്. കവി ഭരദ്വാജൻ 11–ാമത്തെ ഒറ്റവരിപ്പദ്യത്തിൽ തനിക്കും തന്റെ യജ്ഞസ്ഥലത്തുള്ള രക്ഷിതാക്കൾക്കും അശ്വികളുടെ ആനുകൂല്യം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പല ഉഷസ്സുകളെ പരാമർശിച്ചുകൊണ്ട് 64–ാം സൂക്തം തുടങ്ങുന്നു. പക്ഷേ, താമസിയാതെ ഒരൊറ്റ ഉഷസ്സിൽ കേന്ദ്രീകരിക്കുന്നു (1). പലപ്പോഴുമെന്നപോലെ, ഇന്നത്തെയും തൊട്ടു മുൻപത്തെയും ഉഷസ്സുകളെ പരാമർശിക്കുന്നു. അവളുടെ വിശാലമായ പ്രകാശം (2, 3), അവളുടെ സുഖസഞ്ചാരം (1, 4), അവളുടെ സ്ത്രൈണസൗന്ദര്യം (2), അവളെ അകമ്പടി സേവിക്കുന്ന പശുക്കൾ (3, 5), അവളുടെ പ്രാതഃസവനദക്ഷിണയുമായും പൊതുവിൽ സമ്പത്തുമായും ഉള്ള ബന്ധം (1, 4, 5, 6) എന്നിവ വർണിക്കപ്പെടുന്നു. പ്രസന്നമായ ബിംബകല്പനകൾ ധാരാളമുണ്ട്. 3, 6 പദ്യങ്ങൾ നോക്കുക.

മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി 65–ാം സൂക്തം ഒരൊറ്റ ഉഷസ്സിന്റെ വർണനയോടുകൂടി തുടങ്ങുന്നു. പക്ഷേ, ചില പദ്യങ്ങൾ (3–4) പല ഉഷസ്സുകളെപ്പറ്റി പറയുന്നുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങളിൽ (5–6) ഒരുഷസ്സിലേക്കുതന്നെ തിരിച്ചുവരുന്നു. സമ്പത്തിനും കീർത്തിക്കുമുള്ള അഭ്യർഥനകളോടെ സൂക്തം അവസാനിക്കുന്നു (6).

ആറാം മണ്ഡലത്തിലെ ഒരേയൊരു മരുത്സൂക്തം. സങ്കീർണവും ക്രീഡാപൂർണവും സൂചനകൾ നിറഞ്ഞതും ഭാഗികമായി വളരെ വിഷമം പിടിച്ചതുമായ സൂക്തം (66). മരുത്തുക്കളുടെ ജന്മത്തെ വിവരിക്കുന്ന അഞ്ചു പദ്യങ്ങളോടുകൂടി സൂക്തം തുടങ്ങുന്നു. ഒന്നം പദ്യത്തിൽ അദ്ഭുതകരമെന്നു പറയുന്നു, മരുത്തുക്കളുടെ അമ്മയായ പൃശ്നി പെറ്റയുടനെ ഒരു തവണ മാത്രമേ മക്കൾക്കു മുല കൊടുക്കുന്നുള്ളൂ. രണ്ടാം പദ്യം ഇതേ പ്രമേയം തുടരുന്നു. മൂന്നിൽ അവരുടെ അച്ഛനായ രുദ്രനെ അവതരിപ്പിക്കുന്നു. നാലാം പദ്യത്തിൽ മരുത്തുക്കൾ ജനിക്കുമ്പോൾത്തന്നെ തങ്ങളുടെ ദോഷങ്ങളെ ശുദ്ധീകരിക്കുന്നതായി പ്രതിപാദിക്കുന്നു. ആറാം പദ്യം അവരുടെ കാമുകിയായ രോദസിയെ പരിചയപ്പെടുത്തുന്നു. അടുത്ത പദ്യം മരുത്തുക്കളുടെ അന്തരീക്ഷത്തിലൂടെയുള്ള യാത്രയുടെ വർണനമാണ്. എട്ടാം പദ്യം അവരുടെ സഹായം സ്വീകരിക്കുന്ന വ്യക്തിയുടെ ഭാഗ്യത്തെപ്പറ്റി പറയുന്നു. അവരുടെ യാത്ര യജ്ഞത്തിലേക്കുള്ളതാണ്. 9–10 പദ്യങ്ങൾ ഏറെക്കുറെ സാമ്പ്രദായികരൂപത്തിലുള്ളവയത്രേ. ആദ്യത്തേതിൽ മരുത്തുക്കൾക്കു സൂക്തം രചിക്കുന്നുവെന്നും രണ്ടാമത്തേതിൽ അവരെ യജ്ഞാഗ്നിയുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. മരുത്സൂക്തങ്ങളിൽ പൊതുവെ കാണാറുള്ള അവരുടെ കൊടുങ്കാറ്റിന്റെ സ്വഭാവം ഇതിൽ കാണപ്പെടുന്നില്ല.

ആറാം മണ്ഡലത്തിൽ മിത്രാവരുണന്മാർക്കു സമർപ്പിക്കപ്പെട്ട ഒരേയൊരു സൂക്തമാണ് 67. മിത്രാവരുണന്മാർക്കു സമർപ്പിക്കക്കപ്പെട്ടതതാണെങ്കിലും, പൊതുവിൽ രൂപത്തിലും ഭാവത്തിലും കുറേ വിഷമം പിടിച്ചതാണീ സൂക്തം. സൂക്തം തുടങ്ങുന്നത് ഒരുവിധം ഋജുവായാണ്. മിത്രാവരുണന്മാർക്കുള്ള യജ്ഞസ്തുതി നൽകാൻ പുരോഹതന്മാരെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് തുടക്കം (1). അവരെ യജ്ഞത്തിലേക്കു ക്ഷണിക്കുന്നു (2–3). പിന്നീട് 7–8 പദ്യങ്ങളോടെയാണ് ഈ യജ്ഞസന്ദർഭം തിരിച്ചുവരുന്നത്. അദിതിയിൽനിന്നു മിത്രാവരുണന്മാർ ജനിക്കുന്നതുമായി ബന്ധപ്പെട്ടതാണ് നാലാം പദ്യം (4). അവർ പ്രപഞ്ചത്തെ നിയന്ത്രിക്കാനുള്ള ശക്തി നേടുന്നു (5–6). മുൻസൂക്തത്തിലെ മരുത്തുക്കളുടെ ജനനത്തെ അനുസ്മരിപ്പിക്കുന്നതാണിത്. യജ്ഞസന്ദർഭം വരുന്നതോടെ ദേവന്മാരോട് സോമപാനത്തിനുള്ള അഭ്യർഥനയാണ്. അത് തയ്യാറാക്കുന്നതിന്റെ വിവരണമുണ്ടവിടെ (7). എട്ടാം പദ്യത്തിൽ അവരെ അഗ്നി (പേര് പരാമർശിക്കപ്പെടുന്നില്ല) വിളിക്കുന്നു. യജ്ഞാഗ്നിയിലൂടെ അവർ നെയ്യു ഭക്ഷിക്കുന്നു. ഇത് അന്തിമഖണ്ഡത്തിലോക്കു (9–11) നയിക്കുന്നു. അവിടെ അന്യോന്യം മത്സരിക്കുന്ന യജമാനന്മാരുടെചിത്രമാണ് വരച്ചികാട്ടുന്നത്. മിത്രാവരുണന്മാർ തങ്ങളുടെ അടുത്തു വന്നിട്ടില്ലെങ്കിൽ (8 ഉത്തരാർധം) അവർ മറ്റെവിടെയോ ആണ്. കവി ഈ മത്സരത്തെ തീവ്രമായ ഭാഷയിലാണ് വിവരിക്കുന്നത് (9). മിത്രാവരുണന്മാരുടെ ധാർമികനിയമലംഘനമാണത്. പത്താം പദ്യത്തിൽ ദേവന്മാരുടെ നിയന്ത്രണശേഷിയും ജനങ്ങൾക്കിടയിൽ സമാധാനം പാലിക്കാനുള്ള ശക്തിയും പ്രതിപാദിക്കുന്നു. അന്തിമപദ്യം (11) മിത്രാവരുണന്മാരുടെ രക്ഷയിലായ തങ്ങൾ അവരിൽനിന്നു സോമയജ്ഞാന്ത്യത്തിൽ പ്രതീക്ഷിക്കുന്ന ഉദാരമായ ദാനങ്ങളെപ്പറ്റി പറയുന്നു. യജമാനന്മാർക്കിടയിലെ കിടമത്സരത്തിന്റെ സൈനികചൈതന്യം സൂക്തത്തിലെ മറ്റു പദ്യങ്ങളിലെന്നപോലെ അവസാനഭാഗത്തും മുഴങ്ങുന്നതുപോലെ തോന്നും.

യജ്ഞപരമായ പാരസ്പര്യത്തിന്റെ പ്രമേയം 68–ാം സൂക്തത്തിൽ മുന്നിട്ടുനിൽക്കുന്നു. രണ്ടു ദേവതകളെയും കൂട്ടായും ഒറ്റയ്ക്കും സ്തുതിക്കുകയും ചെയ്യുന്നു. സന്ദേശം ലളിതം: ഭക്തിപൂർവം ദേവതാ ദ്വന്ദ്വത്തിനു നാം നൽകുന്ന യജ്ഞത്തിന് ഉദാരമായ സമ്പത്തോടുകൂടിയ പ്രതിഫലം ലഭിക്കും. ഒന്നാം പദ്യത്തിൽ ഇരുദേവതകളെയും ഇവിടെ വരുത്താനുള്ള യജ്ഞത്തിന്റെ അറിയിപ്പാണ്. അടുത്ത മൂന്നു പദ്യങ്ങളിൽ സ്തുതി. അവരിരുവരെയുംകുറിച്ചുള്ള അങ്ങേയറ്റത്തെ വിശേഷണപ്രയോഗങ്ങളുടെ പരമ്പരയാണ് രണ്ടാം പദ്യത്തിൽ. മൂന്നാം പദ്യത്തിന്റെ ഉത്തരാർധത്തിൽ അവരുടെ ധർമങ്ങളിലുള്ള ആപേക്ഷികവൈരുധ്യം നിഴലിക്കുന്നു. നാലിൽ അവർ മറ്റു ദേവന്മാരെ അപേക്ഷിച്ച് ഔന്നത്യം കൂടുതലുള്ളവരാണെന്നു പറയുന്നു. 5–8 പദ്യങ്ങളിൽ പുരോഹിതന്മാർക്കും രക്ഷിതാക്കൾക്കുംവേണ്ടിയുള്ള സമ്പത്താണു ലക്ഷ്യം. ഈ നാലു പദ്യങ്ങളിലും സമ്പദർഥകമായ രയീപദം കാണാം. അവസാനപദ്യങ്ങളിൽ (9–11) അപ്പോൾ നടക്കുന്ന യജ്ഞത്തിന്റെ ചിത്രണം. അവിടെ സന്നിഹിതരായ ദേവന്മാർ സോമപാനത്തിന് ഔപചാരികമായി ക്ഷണിക്കപ്പെടുന്നു.

69–ാം സൂക്തത്തിൽ മിക്കതിന്റെയും കേന്ദ്രം തികച്ചും യജ്ഞപരമാണ്. ദേവന്മാർ വിവിധരൂപങ്ങളിലുള്ള സ്തുതി ആസ്വദിക്കാനും സോമപാനത്തിനുമായി യജ്ഞത്തിലേക്ക് ഒരുമിച്ചുവരാനും പകരമായി തങ്ങൾക്കു സമ്പത്തു തരാനും വീണ്ടു വീണ്ടും ഉദ്ബോധിപ്പിക്കപ്പെടുന്നു. ഒരു പദ്യത്തിൽ (4) മാത്രം വിഷ്ണുവിന്റെ വിശ്രുതമായ "വിക്രമം" ഇരുവരുടേതുമായി പറഞ്ഞിരിക്കുന്നു. അന്തിമപദ്യ(8)ത്തിലൊഴികെ ഇരുവരെയും ദ്വന്ദ്വസമാസത്തിൽ സംബോധന ചെയ്യുന്നു. അവിടെയാകട്ടെ രണ്ടുപേരെയും വെവ്വേറെയാണ് സംബോധന ചെയ്യുന്നത്.

70–ാം സൂക്തത്തിലെ സ്വർഗഭൂമികളുടെ ഈ വാഴ്ത്ത് അവയെ എല്ലാ തരത്തിലുമുള്ള ദ്രവങ്ങളുമായി ബന്ധിപ്പിക്കുന്നു. സൂക്തത്തിലെ ആദ്യപദംതന്നെ ഘൃതമെന്നാണ്. ആ പദ്യത്തിലെ മറ്റു ഭാഗങ്ങളിൽ പാൽ, തേൻ, രേതസ്സ് എന്നീ വാക്കുകൾ കാണുന്നു. മറ്റു പദ്യങ്ങളിൽ ഇവ ആവർത്തിക്കുകയും ചെയ്യുന്നു. യഥാക്രമം നെയ്യിനും തേനിനും സമർപ്പിക്കപ്പെട്ട 4, 5 എന്നീ സമാന്തരപദ്യങ്ങൾ നോക്കുക. ഈ രണ്ടു ദേവതകളുടെ ഭൗതികഗുണങ്ങളും ആരാധനാവിഷയങ്ങളെന്ന നിലയ്ക്ക് അവയുടെ പദവിയും യജ്ഞത്തിലെ സ്തുതിയും നമുക്കു പ്രതിഫലങ്ങൾ നൽകാനുള്ള അവയുടെ കഴിവും കവി വർണിക്കുന്നു.

71–ാം സൂക്തത്തിന്റെ രണ്ടു ഭാഗങ്ങൾ വ്യത്യസ്തവൃത്തങ്ങൾകൊണ്ടു വിഭജിക്കപ്പെട്ടിരിക്കുന്നു. അതുൾപ്പെടെയുള്ള കാരണങ്ങളാൽ ഇതു രണ്ടു സൂക്തങ്ങളായിരുന്നുവെന്ന് ഗെൽഡനറും മറ്റും അഭിപ്രായപ്പെടുന്നു. ഒന്നാം പദ്യം "ഉദുഷ്യ ദേവഃ സവിതാ" എന്നു തുടങ്ങുന്നു. നാലാം പദ്യവും ഇങ്ങനെത്തന്നെ തുടങ്ങുന്നു. രണ്ടാം പദ്യം പ്രാതഃസൂക്തത്തോടെ ആരംഭിക്കുന്നു. സവിതാവ് ജീവജാലങ്ങളെ ദൈനന്ദിനപ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുന്നു. അഞ്ചാം പദ്യത്തിൽ സായംകാലത്ത് വിശ്രമിപ്പിക്കാനാണ് സവിതാവിന്റെ പ്രേരണ എന്നു ഭേദം. മൂന്നാം പദ്യത്തിലും സമാന്തരമായി ആറാം പദ്യത്തിലും ദേവനോടുള്ള സഹായത്തിനും മറ്റുമുള്ള അഭ്യർഥന.

72–ാമത്തെ ഹ്രസ്വസൂക്തത്തിലെ ഓരോ പദ്യവും സൂക്തസ്വീകർത്താക്കളായ ഇന്ദ്രനെയും സോമനെയും ദ്വന്ദ്വസമാസത്തിൽ സംബോധന ചെയ്യുന്നു. ഓരോ പദ്യവും ഇന്ദ്രന്റെ പ്രാപഞ്ചികമായോ മനുഷ്യനന്മയ്ക്കുവേണ്ടിയോ ഉള്ള ഒന്നോ അതിലധികമോ വീരകർമങ്ങളെ എണ്ണിപ്പറയുന്നു. ഇവിടെ അവ ചെയ്തത് രണ്ടുപേരുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ദ്രൻ എല്ലാ വീരകൃത്യങ്ങളും ചെയ്തത് സോമപാനത്തിനുശേഷമാകയാൽ ഇതിൽ അദ്ഭുതമില്ല.

73–ാമത്തെ ഈ ഹ്രസ്വസൂക്തത്തിൽ ബൃഹസ്പതി ഇന്ദ്രന്റെ വീരകർമങ്ങളോടുകൂടി ഇന്ദ്രനിൽനിന്ന് അഭിന്നനായി സ്തുതിക്കപ്പെടുന്നു. സൂക്തത്തിലെ അവസാനപദത്തിൽനിന്നാണ് വലഗുഹ തുറക്കുന്നതിൽ ഗായകനും മന്ത്രകാരനുമായ ബൃഹസ്പതി വഹിച്ച പങ്കു വ്യക്തമാകുന്നത്.

74–ാമത്തെ ഈ സൂക്തത്തിൽ മാത്രമാണ് സോമാരുദ്രന്മാരെ സംയുക്തമായി സംബോധന ചെയ്യുന്നത്. ഇതിലെ നാലു പദ്യങ്ങളിലും ദ്വന്ദ്വസമാസത്തിലുള്ള ഈ പ്രയോഗമുണ്ടുതാനും. വാസ്തവത്തിൽ ഈ രണ്ടു ദേവന്മാർക്ക് പൊതുവായി ഒന്നും പറയാനില്ല. രോഗശമനം (2), ശമനൗഷധദാനം (3) എന്നിവയൊക്കെ രുദ്രനുമാത്രം പ്രസക്തമായവയാണ്. ശിവ(4)പദമാകട്ടെ പിന്നീട് ആ ദേവനെ മാത്രം കുറിക്കുന്നതുമായി.

മണ്ഡലാന്ത്യത്തിൽ 75–ാമത്തേതായി ചേർത്ത ഈ രസകരമായ സൂക്തം ഏറ്റവും സ്മരണീയമത്രേ. യുദ്ധത്തിലെ ആയുധങ്ങളെയും അവയുടെ ഭാഗങ്ങളെയും ഇതിൽ സ്തുതിക്കുന്നു. ഇതിനു പ്രഹേളികപ്പട്ടികയുടെ ഘടനയാണ് ഇതിനുള്ളത്. ഓരോ ആയുധത്തിനും ഓരോ പദ്യം. ചിലേടത്ത് പദ്യത്തിന്റെ തുടക്കത്തിൽ ആയുധത്തിന്റെ പേരു പറയും (2). മിക്കയിടങ്ങളിലും അവസാനം കടങ്കഥാപ്രായമായ നിർവചനത്തിനുമുൻപാണ് വരിക. വിഷയം പ്രലോഭനീയയായ വനിതയെപ്പോലെയോ വത്സലമാതാവിനെപ്പോലെയോ (3–4) വർണിക്കപ്പെട്ട പദ്യങ്ങൾ വിശേഷിച്ചും രസനീയമായിട്ടുണ്ട്. യുദ്ധത്തിലെ ഹിംസാത്മകതയ്ക്കു നേരെ വിരുദ്ധമാണല്ലോ ഇത്. ആദ്യത്തെ പത്തു പദ്യങ്ങൾ ഒരു സൂക്തംപോലെ വായിക്കാം. പത്താം പദ്യം സൂക്താന്തപദ്യംപോലെ തോന്നും. ഒരു സംഘം ദേവന്മാരോടും പൂർവികരോടുമുള്ള സംരക്ഷണാഭ്യർനയാണത്. പ്രഹേളികാപദ്യങ്ങളുടെ തുടർച്ച പിന്നെ ഇടയ്ക്കിടെയേ ഉള്ളൂ (11, 13–15). ആയുധങ്ങളോടു നേരിട്ടുള്ള അഭ്യർഥനകളും കാണാം. ഏതു തരത്തിലുള്ള ശത്രുവെയും നശിപ്പിക്കണമെന്ന് അന്തിമപദ്യത്തിൽ (19) പറയുന്നു.

## ആറാം മണ്ഡലം, ഒന്നാം സൂക്തം

ഭരദ്വാജ ബാർഹസ്പത്യൻ ഋഷി; 13 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; അഗ്നി ദേവത

ഈ സൂക്തം യജ്ഞാഗ്നിയെപ്പറ്റിയാകുന്നു. അഗ്നി എത്തിച്ചേരുന്നതും ഹോതാവായി പ്രതിഷ്ഠിക്കപ്പെടുന്നതും പ്രത്യേകമായി വിവരിക്കുന്നു (1–3). വ്യക്തിഗൃഹത്തിൽനിന്ന് ഗോത്രങ്ങളിലേക്കും കുടിയേറ്റപ്പാർപ്പിടങ്ങളിലേക്കും മനുഷ്യരിലേക്കുമുള്ള അഗ്നിയുടെ വരവ് അവലോകനം ചെയ്യുന്നു (4–8). 9–10 പദ്യങ്ങളിൽ സ്തുതിയും അഗ്നി അർഹിക്കുന്ന സേവനങ്ങളുമത്രേ. അവസാനത്തെ രണ്ടു പദ്യങ്ങൾ അഗ്നിയുടെ ആനുകൂല്യങ്ങളെക്കുറിച്ച്.

**1. ത്വം ഹ്യഗ്നേ പ്രഥമോ മനോ–**
**താസ്യാ ധിയോ അഭവോ ദസ്മ ഹോതാ**
**ത്വം സീം വൃഷന്നകൃണോർദുഷ്ടരീതു**
**സഹോ വിശ്വസ്മൈ സഹസേ സഹധ്യൈ**

| | |
|---|---|
| *അഗ്നേ അസ്യാഃ ധിയഃ പ്രഥമഃ മനോതാ* | അഗ്നേ! ഇവിടെ ഈ ഉൾക്കാഴ്ച്ചയുള്ള ചിന്തയ്ക്ക് ഏറ്റവുമാദ്യത്തെ ഇരിപ്പിടമായി |
| *ദസ്മ ഹോതാ അഭവഃ ഹി* | അത്ഭുതകരനേ! നീ ഹോതാവായിത്തീർന്നാലും! |
| *വൃഷൻ ത്വം സീം വിശ്വസ്മൈ സഹസേ* | കാളേ! നീ (ചിന്തയെയും) മറ്റെല്ലാ ശക്തിയെയും |
| *സഹധ്യൈ ദുഷ്ടരീതു സഹഃ അകൃണോഃ* | അതിക്രമിക്കാൻ വിഷമമുള്ള ശക്തിയാക്കിത്തീർത്തു. |

**2. അധാ ഹോതാ ന്യസീദോ യജീയാ–**
**നിളസ്പദ ഇഷയന്നീഡ്യഃ സൻ**
**തം ത്വാ നരഃ പ്രഥമം ദേവയന്തോ**
**മഹോ രായേ ചിതയന്തോ അനു ഗ്മൻ**

*അധ ഇളഃ പദേ ഇഷയൻ ഈഡ്യഃ സൻ* പിന്നെ ഭക്ഷണത്തിന്റെ പാദമുദ്ര അഭിവൃദ്ധിപ്പെടുത്തിയും സാദരം വിളിക്കപ്പെട്ടും
*ഹോതാ യജീയാൻ നൃസീദഃ* നീ ഹോതാവായും ഉന്നതനായ യജമാനനായും ഇരിക്കുന്നു.
നരഃ രായേ മഹഃ ദേവയന്തഃ ചിതയന്തഃ മനുഷ്യർ സമ്പത്തിന്റെ കാര്യത്തിൽ മഹാന്മാരും വിശിഷ്ടരുമായ ദേവന്മാരെ അറിയുകയും
അനു ഗ്മൻ തം ത്വാ പ്രഥമം അനുഗമിക്കുകയും ചെയ്യുമ്പോൾ നീയാണ് ഒന്നാമത്തേവൻ.

**3. വൃതേവ യന്തം ബഹുഭിർവസവൈ്യ-**
**സ്ത്വേ രയിം ജാഗൃവാംസോ അനു ഗ്മൻ**
**രുശന്തമഗ്നിം ദർശതം ബൃഹന്തം**
**വപാവന്തം വിശ്വഹാ ദീദിവാംസം**

*വൃതാ ഇവ ബഹുഭിഃ വസവൈ്യഃ* സംഘത്തോടുകൂടിയെന്നപോലെ ധാരാളം സാധനങ്ങളോടുകൂടി
*യന്തം ജാഗൃവാംസഃ രുശന്തം ദർശതം* നീ വരുമ്പോൾ ഉണർന്നവർ ദീപ്തനും ദർശനീയനും
*ബൃഹന്തം വപാവന്തം* ഗംഭീരനും (ഹവിസ്സായ യജ്ഞമൃഗത്തിന്റെ) വപ സ്വീകരിക്കുന്നവനും
*വിശ്വഹാ ദീദിവാംസം അഗ്നിം* ദിവസങ്ങളിലുടനീളം തിളങ്ങുന്നവനുമായ അഗ്നിയായ നിന്നെയും
ത്വേ രയിം അനു ഗ്മൻ നിന്റെ അരികിലുള്ള സമ്പത്തിനെയും അനുഗമിക്കുന്നു.

**4. പദം ദേവസ്യ നമസാ വ്യന്തഃ**
**ശ്രവസ്യവഃ ശ്രവ ആപന്നമൃക്തം**
**നാമാനി ചിദ് ദധിരേ യജ്ഞിയാനി**
**ഭദ്രായാം തേ രണയന്ത സന്ദൃഷ്ടൗ**

*ശ്രവസ്യവഃ നമസാ ദേവസ്യ പദം വ്യന്തഃ* കീർത്തി തേടി സ്തുതിയോടുകൂടി ദേവന്മാരുടെ പാത പിന്തുടർന്നുകൊണ്ട്
*അമൃക്തം ശ്രവഃ ആപൻ* അവർ അനശ്വരകീർത്തി നേടുന്നു;
*നാമാനി ചിദ് യജ്ഞിയാനി ദധിരേ* അവർ സ്വീകരിച്ച പേരുകൾപോലും യജ്ഞാർഹങ്ങളത്രേ.
**തേ ഭദ്രായാം സന്ദൃഷ്ടൗ രണയന്ത** നിന്റെ മംഗളകരമായ ആവിഷ്കരണത്തിൽ അവർ സന്തോഷിക്കുന്നു.

**5. ത്വാം വർധന്തി ക്ഷിതയഃ പൃഥിവ്യാം**
**ത്വാം രായ ഉഭയാസോ ജനാനാം**
**ത്വം ത്രാതാ തരണേ ചേത്യോ ഭൂഃ**
**പിതാ മാതാ സദമിന്മാനുഷാണാം**

*ത്വാം പൃഥിവ്യാം ക്ഷിതയഃ വർധന്തി* നിന്നെ ഭൂമിയിലെ കുടിയേറ്റപ്പാർപ്പിടങ്ങൾ ശക്തിപ്പെടുത്തുന്നു;
*ത്വാം ഉഭയാസഃ ജനാനാം രായഃ* നിന്നെ രണ്ടു "ജനങ്ങളുടെയും (രക്ഷിതാക്കളുടെയും ഗായകരുടെയും) സമ്പത്തുകൾ" (ശക്തിപ്പെടുത്തുന്നു.)
*തരണേ ത്വം മാനുഷാണാം സദം ഇത്* അതിക്രമിക്കുന്നവനേ! നീ മനുഷ്യർക്ക് എന്നെന്നുംതന്നെ
**ചേത്യഃ ത്രാതാ പിതാ മാതാ ഭൂഃ** ശ്രദ്ധേയനായി രക്ഷിക്കുന്ന അച്ഛനും അമ്മയുമാണ്!

**6. സപര്യേണ്യഃ സ പ്രിയോ വിക്ഷ്വഗ്നിർ-**
**ഹോതാ മന്ദ്രോ നിഷാസാദാ യജീയാൻ**
**തം ത്വാ വയം ദമ ആ ദീദിവാംസ-**
**മുപ ജ്ഞുബാധോ നമസാ സദേമ**

*സഃ പ്രിയഃ അഗ്നിഃ വിക്ഷു സപര്യേണ്യഃ* പ്രിയപ്പെട്ട അഗ്നി ഗോത്ര(വംശ)ങ്ങൾക്കിടയിൽ സേവിക്കപ്പെടുന്നു.
*മന്ദ്രഃ യജീയാൻ ഹോതാ നി ഷസാദ* ആനന്ദിപ്പിക്കുന്ന ഉന്നതയജമാനനായ ഹോതാവായി അവൻ ഇരിക്കുന്നു.
വയം ദമേ ദീദിവാംസം തം ത്വാ ഞങ്ങൾ വീട്ടിൽ തിളങ്ങുന്ന ആ നിന്നെ,
നമസാ ജ്ഞുബാധഃ ഉപ ആ സദേമ ആദരവോടെ മുട്ടുകുത്തി സ്തുതിയോടുകൂടി സമീപിക്കട്ടെ!

**7. തം ത്വാ വയം സുധ്യോ നവ്യമഗ്നേ**
**സുമ്നായവ ഈമഹേ ദേവയന്തഃ**
**ത്വം വിശോ അനയോ ദീദ്യാനോ**
**ദിവോ അഗ്നേ ബൃഹതാ രോചനേന**

*അഗ്നേ സുധ്യഃ വയം തം നവ്യം* അഗ്നേ! നല്ല ഉൾക്കാഴ്ച്ചയോടുകൂടിയ ഞങ്ങൾ നീ പുതുതാവുമ്പോൾ
*ദേവയന്തഃ സുമ്നയവഃ ത്വാ ഈമഹേ* ദേവന്മാരെ അന്വേഷിച്ച് കാരുണ്യം തേടി നിന്നെ വിളിക്കുന്നു.
*അഗ്നേ ത്വം ദിവഃ ബൃഹതാ* അഗ്നേ! സ്വർഗത്തിലെ ഗംഭീരമായ
*രോചനേന ദീദ്യാനഃ വിശഃ അനയഃ* പ്രകാശസാമ്രാജ്യത്തിലൂടെ തിളങ്ങിക്കൊണ്ട് നീ ഗോത്രങ്ങളെ നയിച്ചാലും!

**8. വിശാം കവിം വിശ്പതിം ശശ്വതീനാം**
**നിതോശനം വൃഷഭം ചർഷണീനാം**

**പ്രേതീഷണിമിഷയന്തം പാവകം**
**രാജന്തമഗ്നിം യജതം രയീണാം**
*ശശ്വതീനാം വിശാം വിശ്പതിം കവിം* ഓരോ ഗോത്രത്തിന്റെയും ഗോത്രപ്രഭുവായ ഋഷികവിയും
*ചർഷണീനാം നിതോശനം വൃഷഭം* കുടിയേറ്റസാമ്രാജ്യങ്ങളുടെ ആർഭാടപൂർവം കവിഞ്ഞൊഴുകുന്ന കാളയും
*പ്രേതി ഈഷണിം ഇഷയന്തം പാവകം* (യജ്ഞത്തിന്റെ) മുന്നോട്ടുള്ള പോക്കിനെ പ്രേരിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്ന പവിത്രനും
*യജതം രയീണാം രാജന്തം അഗ്നിം* യജ്ഞാർഹനും സമ്പത്തുകൾ ഭരിക്കുന്നവനുമായ അഗ്നിയെ (ഞങ്ങൾ വിളിക്കുന്നു).

**9. സോ അഗ്ന ഈജേ ശശമേ ച മർത്തോ**
**യസ്ത ആനട് സമിധാ ഹവ്യദാതിം**
**യ ആഹുതിം പരി വേദാ നമോഭിർ-**
**വിശ്വേത് സ വാമാ ദധതേ ത്വോതഃ**
*അഗ്നേ യഃ തേ സമിധാ ഹവ്യദാതിം ആനട്* അഗ്നേ! നിന്നെ ജ്വലിപ്പിച്ചതിനുശേഷം നിനക്കു ഹവിസ്സുനൽകിയ
*സഃ മർത്തഃ ഈജേ ശശമേ ച* മനുഷ്യൻ യജിക്കുകയും യജ്ഞപരമായി അധ്വാനിക്കുകയും ചെയ്യുന്നു.
*യഃ നമോഭിഃ ആഹുതിം പരി വേദ* അവനു സ്തുതികർമങ്ങളോടുകൂടിയ ഹവിസ്സിനു ചുറ്റുമുള്ള തന്റെ വഴികളറിയാം.
*സഃ ത്വോതഃ വിശ്വാ ഇദ് വാമാ ദധതേ* അവൻ നിന്നാൽ സഹായിക്കപ്പെടുമ്പോൾ എല്ലാ അമൂല്യവസ്തുക്കളും നേടുന്നു.

**10. അസ്മാ ഉ തേ മഹി മഹേ വിധേമ**
**നമോഭിരഗ്നേ സമിധോത ഹവ്യൈഃ**
**വേദീ സൂനോ സഹസോ ഗീർഭിരുക്ഥൈ-**
**രാ തേ ഭദ്രായാം സുമതൗ യതേമ**
*അഗ്നേ അസ്മൈ മഹേ തേ ഉ* സമിധാ അഗ്നേ! ഇവിടെ മഹാനായ നിനക്ക് ഞങ്ങളോടുകൂടി, ശക്തിപുത്രാ! ചമതക്കോലുകളും
*ഹവ്യൈഃ വേദീ ഗീർഭിഃ* ഹവിസ്സുകളും വേദിയും ഏകാഗ്രദൃഢമായ വാക്കുകളും
*ഉക്ഥൈഃ മഹി വിധേമ* സൂക്തങ്ങളും കൊണ്ട് മഹത്തായ ആദരം നൽകട്ടെ!
*ആ തേ ഭദ്രായാം സുമതൗ യതേമ* ഇവിടെ നിന്റെ മംഗളകരമായ സൗമനസ്യത്തിൽ ഞങ്ങൾ കഴിയട്ടെ!

**11. ആ യസ്തതന്ഥ രോദസീ വി ഭാസാ**
**ശ്രവോഭിശ്ച ശ്രവസ്യസ്തരുത്രഃ**
**ബൃഹദ്ഭിർവാജൈഃ സ്ഥവിരേഭിരസ്മേ**
**രേവദ്ഭിരഗ്നേ വിതരം വി ഭാഹി**
*യഃ ഭാസാ രോദസീ വി ആ തതന്ഥ* നീ പ്രകാശത്താൽ രണ്ടു ലോകാർധങ്ങളിലൂടെ നീണ്ടുപരന്നുകിടക്കുകയും
*ശ്രവോഭിഃ തരുത്രഃ ശ്രവസ്യഃ ച* കീർത്തിയുടെ (വാക്കുകളിലൂടെ) (ആരെയും) മറികടക്കുന്ന കീർത്തിക്ക് അർഹനാവുകയും ചെയ്യുന്നു.
*അസ്മേ ബൃഹദ്ഭിഃ സ്ഥവിരേഭിഃ* ഞങ്ങൾക്ക് ഗംഭീരവും സ്ഥിരവും
*രേവദ്ഭിഃ വാജൈഃ അഗ്നേ വിതരം വി ഭാഹി* സമ്പന്നങ്ങളുമായ സമ്മാനങ്ങളോടുകൂടി, അഗ്നേ! കൂടുതൽ വ്യാപകമായി പ്രകാശിച്ചാലും!

**12. നൃവദ് വസോ സദമിദ് ധേഹ്യസ്മേ**
**ഭൂരി തോകായ തനയായ പശ്വഃ**
**പൂർവീരിഷോ ബൃഹതീരാരേ അഘാ**
**അസ്മേ ഭദ്രാ സൗശ്രവസാനി സന്തു**
*വസോ അസ്മേ സദം ഇദ് നൃവത്* നല്ലവനേ! ഞങ്ങൾക്ക് എപ്പോഴും മനുഷ്യർനിറഞ്ഞ്
*തോകായ തനയായ ഭൂരി പശ്വഃ ധേഹി* ഞങ്ങളുടെ സന്തതിപരമ്പരയ്ക്കും അനന്തരതലമുറയ്ക്കും ധാരാളം പശുക്കളെ നില നിർത്തിയാലും!
*ആരേ അഘാഃ അസ്മേ പൂർവീഃ ബൃഹതീഃ* ദോഷങ്ങളെല്ലാം അകലെ നിർത്തുമാറ് ഞങ്ങൾക്കു ധാരാളം കനത്ത
*ഇഷഃ സൗശ്രവസാനി ഭദ്രാ സന്തു* ഭക്ഷണങ്ങളും സൽക്കീർത്തി കൈവരുത്തുന്ന മംഗളവസ്തുക്കളും ഉണ്ടാവട്ടെ!

**13. പുരൂണ്യഗ്നേ പുരുധാ ത്വായാ**
**വസൂനി രാജൻ വസുതാ തേ അശ്യാം**

**പുരൂണി ഹി ത്വേ പുരുവാര സ-**
**ന്ത്യഗ്നേ വസു വിധതേ രാജനി ത്വേ**

*അഗ്നേ രാജൻ തേ വസുതാ പുരുധാ* അഗ്നേ! രാജാവേ! നന്മയിലും വൈവിധ്യത്തിലും
*പുരൂണി വസൂനി ത്വായാ അശ്യാം* ധാരാളമായ സാധനങ്ങൾ നിന്നെ തേടുന്നതിലൂടെ ഞാൻ നിന്നിൽനിന്നു നേടട്ടെ!
*ഹി പുരുവാര അഗ്നേ ത്വേ രാജനി* കാരണം, പല ആനുകൂല്യങ്ങളുമുള്ള അഗ്നേ! നീ രാജാവായതുകൊണ്ട്
*വിധതേ ത്വേ പുരൂണി വസു സന്തി* നിന്നെ ആദരിക്കുന്നവനുവേണ്ടി നിന്നിൽ ധാരാളം സാധനങ്ങളുണ്ട്.

★

**ആറാം മണ്ഡലം, നാൽപ്പത്തേഴാം സൂക്തം**

ഗർഗ ഭാരദ്വാജൻ ഋഷി; 31 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ബൃഹത് 19, അനുഷ്ടുപ്പ് 23, ഗായത്രി 24, ദ്വിപദ 25, ജഗതി 27 ഒഴികെ); സോമൻ, ഇന്ദ്രൻ, ദേവന്മാർ, ഭൂമി, ബൃഹസ്പതീന്ദ്രന്മാർ, സൃഞ്ജയന്റെ പിന്മുറക്കാരൻ പ്രസ്തോകൻ, തേര്, പെരുമ്പറ, ഇന്ദ്രൻ എന്നിവർ ദേവത.

ഭാരദ്വാജന്മാരുടെ ഈ കുടുംബസൂക്തം മുഖ്യമായി ഇന്ദ്രനു സമർപ്പിക്കപ്പെട്ടതും ഈ മണ്ഡലത്തിൽ ഇന്ദ്രവൃത്തത്തിന്റെ അവസാനത്തിൽ ചേർത്തതുമാകുന്നു. പരസ്പരം അല്പബന്ധമുള്ളതോ ഒരു ബന്ധവുമില്ലാത്തതോ ഉൾപ്പെടെ പല ചെറിയ ഏകകങ്ങളാണിതിലുള്ളത്. ഇവയുടെ വിഭജനത്തെക്കുറിച്ച് പണ്ഡിതലോകത്ത് തർക്കം നിലനിൽക്കുന്നുണ്ട്. സോമനെ/സോമത്തെക്കുറിച്ചുള്ള അതിഗംഭീരമായ സ്തുതിയോടെ (1–5) സൂക്തം ആരംഭിക്കുന്നു. അടുത്ത (6) പദ്യത്തിൽ ഇന്ദ്രനെ സോമം കുടിക്കാൻ ക്ഷണിക്കുന്നു. മാധ്യന്ദിനസവനത്തിലാണിതെന്നു വ്യക്തം. 7–21 പദ്യങ്ങൾ പൂർണമായി ഇന്ദ്രനു സമർപ്പിതമാണ്. ഇന്ദ്രസ്തുതി, ഇന്ദ്രന്റെ വീരകർമങ്ങൾ, ഭക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ളതുൾപ്പെടെ ഇന്ദ്രനോടുള്ള വിവിധങ്ങളായ അഭ്യർഥനകൾ മുതലായ ഇവിടെ നിറഞ്ഞുനിൽക്കുന്നു. 22–25 പദ്യങ്ങൾ ദാനസ്തുതി ഉൾക്കൊള്ളുന്നു. ഏറ്റവും അസാധാരാണമായ പദ്യങ്ങളാണ് സൂക്താവസാനഭാഗത്ത് (26–31) നാം കാണുന്നത്. മൂന്നു പദ്യങ്ങൾ (26–28) തേരിനെയും മൂന്നെണ്ണം പെരുമ്പറയെയും സംബോധന ചെയ്യുന്നു.

**1. സ്വാദുഷ്കിലായം മധുമാനുതായം**
**തീവ്രഃ കിലായം രസവാനുതായം**
**ഉതോ ന്വസ്യ പപിവാംസമിന്ദ്രം**
**ന കശ്ചന സഹത ആഹവേഷു**

*അയം സ്വാദുഃ കില ഉത അയം മധുമാൻ* തീർച്ചയായും ഇതു മധുരമുള്ളതും മധുവൂറുന്നതുമാണ്.
*അയം തീവ്രഃ കില ഉത അയം രസവാൻ* തീർച്ചയായും ഇതു തീവ്രവും രസപൂർണവുമത്രേ.
*ഉതോ നു അസ്യ പപിവാംസം ഇന്ദ്രം* മാത്രമല്ല, ഇപ്പോൾ ഇന്ദ്രനാണിതു കുടിച്ചത്.
*ആഹവേഷു ന കഃ ചന സഹതേ* വെല്ലുവിളികളിൽ അവനെ ആരും അതിക്രമിക്കുന്നില്ല.

**2. അയം സ്വാദുരിഹ മദിഷ്ഠ ആസ**
**യസ്യേന്ദ്രോ വൃത്രഹത്യേ മമാദ**
**പുരൂണി യശ്ച്യൗത്നാ ശംബരസ്യ**
**വി നവതിം നവ ച ദേഹ്യോഹൻ**

*അയം സ്വാദുഃ ഇഹ മദിഷ്ഠഃ ആസ* ഈ മധുരമുള്ളത് ഇവിടെ ഏറ്റവും മദകരമായിരുന്നു;
*യസ്യ ഇന്ദ്രഃ വൃത്രഹത്യേ മമാദ* അതിന്മേലാണ് ഇന്ദ്രൻ വൃത്രനെ കൊല്ലുന്നതിനു മദം പൂണ്ടത്.
*യഃ പുരൂണി ച്യൗത്നാ ശംബരസ്യ* അവൻ പല വിക്രമങ്ങ(ളനുഷ്ഠിച്ചുകൊണ്ട്) ശംബരന്റെ
*നവതിം നവ ച ദേഹ്യഃ വി ഹൻ* തൊണ്ണൂറ്റൊൻപതു ചുമരുകൾ തകർത്തിട്ടു.

**3. അയം മേ പീതഃ ഉദിയർത്തി വാച–**
**മയം മനീഷാമുശതീമജീഗഃ**
**അയം ഷളുർവീരമിമീത ധീരോ**
**ന യാഭ്യോ ഭുവനം കച്ചനാരേ**

പീതഃ അയം മേ വാചം ഉദ് ഇയർത്തി കുടിച്ച ഇവൻ എന്റെ വാക്കിനെ ഉയർത്തുന്നു;
*അയം ഉശതീം മനീഷാം അജീഗഃ* ഇവൻ ഉത്സുകമായ പ്രചോദിതചിന്ത പ്രകാശിപ്പിക്കുന്നു.
*അയം ധീരഃ ഷഡ് ഉർവീഃ അമിമീത* ഈ ബുദ്ധിമാൻ ആറു വിശാലമായ (സാമ്രാജ്യങ്ങൾ) അളന്നു.
*യാഭ്യഃ കത് ചന ഭുവനം ന ആരേ* അതിൽനിന്ന് ഒരു ജീവജാലവും വിട്ടുനിൽക്കുന്നില്ല.

**4. അയം സ യോ വരിമാണം പൃഥിവ്യാ**
**വർഷ്മാണം ദിവോ അകൃണോദയം സഃ**
**അയം പീയൂഷം തിസൃഷു പ്രവത്സു**
**സോമോ ദാധാരോർവ്വന്തരിക്ഷം**

*യഃ പൃഥിവ്യാഃ വരിമാണം* ഇവനാണ് ഭൂമിയുടെ വികാസവും
*അയം സഃ ദിവഃ വർഷ്മാണം അകൃണോത്* സ്വർഗത്തിന്റെ ഔന്നത്യവും ഉണ്ടാക്കിയത്.
*സഃ അയം തിസൃഷു പ്രവത്സു പീയൂഷം ദാധാര* ഇവനാണ് മൂന്നു ചരിവുകളിൽ (ലോകങ്ങളിൽ) രസം സൃഷ്ടിച്ചത്;
*അയം സോമഃ ഉരു അന്തരിക്ഷം* ഈ സോമൻ വിശാലമായ അന്തരീക്ഷം (ഉയർത്തിപ്പിടിച്ചു).

**5. അയം വിദച്ചിത്രദൃശീകമർണഃ**
**ശുക്രസദ്മനാമുഷസാമനീകേ**
**അയം മഹാൻ മഹതാ സ്കംഭനേ–**
**നോ ദ്യാമസ്തഭ്നാദ് വൃഷഭോ മരുത്വാൻ**

*അയം ശുക്രസദ്മനാം ഉഷസാം അനീകേ* ഇവൻ മിന്നിത്തിളങ്ങുന്ന ഇരിപ്പിടങ്ങളോടുകൂടിയ ഉഷസ്സുകളുടെ മുഖത്ത്
*ചിത്രദൃശീകം അർണഃ വിദത്* ഉജ്ജ്വലമായ പ്രത്യക്ഷഭാവത്തിൽ വെള്ളപ്പൊക്കം കണ്ടെത്തുന്നു.
*മഹാൻ അയം മരുത്വാൻ വൃഷഭഃ* മഹാനായ ഈ മരുത്തുക്കളോടുകൂടിയ കാള
*മഹതാ സ്കംഭനേന ദ്യാം ഉദ് അസ്തഭ്നാത്* മഹത്തായ തൂണോടുകൂടി സ്വർഗത്തെ താങ്ങിനിർത്തി.

**6. ധൃഷത് പിബ കലശേ സോമമിന്ദ്ര**
**വൃത്രഹാ ശൂര സമരേ വസൂനാം**
**മാധ്യന്ദിനേ സവന ആ വൃഷസ്വ**
**രയിസ്ഥാ നോ രയിമസ്മാസു ധേഹി**

*ഇന്ദ്ര വസൂനാം സമരേ ശൂര* ഇന്ദ്രാ! സാധനങ്ങളുടെ സംഗമത്തിൽ, യോദ്ധാവേ!
*വൃത്രഹാ കലശേ സോമം ധൃഷത് പിബ* വൃത്രഹന്താവായ നീ പാത്രത്തിൽ സോമം ധീരമായി കുടിച്ചാലും!
*മാധ്യന്ദിനേ സവനേ ആ വൃഷസ്വ* മാധ്യന്ദിനസവനത്തിൽ സ്വയം മൂക്കറ്റം മുങ്ങിയാലും!
*രയിസ്ഥാനഃ അസ്മാസു രയിം ധേഹി* സമ്പത്തിന്നിടയിൽനിന്നുകൊണ്ട് ഞങ്ങൾക്കു സമ്പത്തു സ്ഥാപിച്ചാലും!

**7. ഇന്ദ്ര പ്ര ണഃ പുരഏതേവ പശ്യ**
**പ്ര നോ നയ പ്രതരം വസ്യോ അച്ഛ**
**ഭവാ സുപാരോ അതിപാരയോ നോ**
**ഭവാ സുനീതിരുത വാമനീതിഃ**

*ഇന്ദ്ര പുരഏതാ ഇവ നഃ പ്ര പശ്യ* ഇന്ദ്രാ! മുന്നോട്ടു പോകുന്ന മനുഷ്യനെപ്പോലെ, നീ ഞങ്ങളുടെ നേരെ നോക്കിയാലും!
*നഃ വസ്യഃ അച്ഛ പ്രതരം പ്ര നയ* ഞങ്ങളെ ഇനിയും മെച്ചപ്പെട്ട നിലയിലേക്കു മുന്നോട്ടു നയിച്ചാലും!
*സുപാരഃ ഭവ നഃ അതി പാരയ* നല്ല മറുകരയോടുകൂടിയ നീ ഞങ്ങളെ മറുകര കടത്തിയാലും!
സുനീതിഃ ഉത വാമനീതിഃ ഭവ നല്ല മാർഗദർശനമുള്ളവനും അഭിലഷണീയവസ്തുക്കൾ കൈവരുത്തുന്നവനുമായാലും!

**8. ഉരും നോ ലോകമനു നേഷി വിദ്വാൻ**
**സ്വർവജ്ജ്യോതിരഭയം സ്വസ്തി**
**ഋഷ്വാ ത ഇന്ദ്ര സ്ഥവിരസ്യ ബാഹൂ**
**ഉപ സ്ഥേയാമ ശരണാ ബൃഹന്താ**

*വിദ്വാൻ നഃ ഉരും ലോകം സ്വർവദ് ജ്യോതിഃ* വിദ്വാനായ നീ ഞങ്ങളെ വിശാലലോകത്തിലേക്കും സൂര്യജ്യോതിസ്സിലേക്കും *അഭയം സ്വസ്തി അനു നേഷി* നിർഭയതയിലേക്കും ക്ഷേമത്തിലേക്കും നയിച്ചാലും!
*ഇന്ദ്ര സ്ഥവിരസ്യ തേ ബാഹൂ ഋഷ്വാ* ഇന്ദ്രാ! അതികായനായ നിന്റെ ബാഹുക്കൾ ഉന്നതങ്ങളാകുന്നു.
*ബൃഹന്താ ശരണാ ഉപ സ്ഥേയാമ* ഞങ്ങൾ ഗംഭീരമായ ഈ രണ്ട് അഭയകേന്ദ്രങ്ങളെ സമീപിക്കട്ടെ!

**9. വരിഷ്ഠേ ന ഇന്ദ്ര വന്ധുരേ ധാ**
**വഹിഷ്ഠയോഃ ശതാവന്നശ്വയോരാ**
**ഇഷമാ വക്ഷീഷാം വർഷിഷ്ഠാം**
**മാ നസ്താരീന്മഘവൻ രായോ അര്യഃ**

*ശതവൻ ഇന്ദ്ര നഃ വഹിഷ്ഠയോഃ അശ്വയോഃ* നൂറുകളുള്ളവനേ! ഇന്ദ്രാ! ഞങ്ങളെ ഏറ്റവും നന്നായി വലിക്കുന്ന രണ്ടു കുതിരകളോടുകൂടിയ
*വരിഷ്ഠേ വന്ധുരേ ആ ധാഃ* ഏറ്റവും വീതിയുള്ള തേർപ്പെട്ടിയിൽ നിർത്തിയാലും!
*ഇഷാം വർഷിഷ്ഠാം ഇഷം ആ വക്ഷി* ഭക്ഷണങ്ങളുടെ അത്യുന്നതമായ ഭക്ഷണം ഇവിടെ വരുത്തിയാലും!
*മഘവൻ അര്യഃ നഃ രായഃ മാ താരീത്* ഉദാരാ! ഞങ്ങളുടെ (ഭക്ഷണം) "അപരിചിതന്റെ സമ്പത്തുകളിലേക്കു" കടക്കരുതേ!

**10. ഇന്ദ്ര മൃള മഹ്യം ജീവാതുമിച്ഛ**
**ചോദയ ധിയമയസോ ന ധാരാം**
**യത് കിംചാഹം ത്വായുരിദം വദാമി**
**തജ്ജുഷസ്വ കൃധി മാ ദേവവന്തം**

*മൃള ഇന്ദ്ര മഹ്യം ജീവാതും ഇച്ഛ* അനുഗ്രഹബുദ്ധിയായ ഇന്ദ്രാ! എനിക്ക് ഒരു ജീവനമാർഗം തേടിയാലും!
*അയസഃ ധാരാം ന ധിയം ചോദയ* ഇരുമ്പിന്റെ വായ്ത്തല പോലെ എന്റെ കാവ്യചിന്തയെ പ്രചോദിപ്പിച്ചാലും!
*ത്വായുഃ അഹം ഇദം യത് കിം ച വദാമി* നിന്നോടു ഭക്തിയുള്ള ഞാൻ ഈ ഒന്നു പറയുന്നു:
തദ് ജുഷസ്വ മാ ദേവവന്തം കൃധി ഇത് ആസ്വദിച്ചാലും! എന്നെ ദേവന്മാരോടുകൂടിയവനാക്കിയാലും!

**11. ത്രാതാരമിന്ദ്രമവിതാരമിന്ദ്രം**
**ഹവേ ഹവേ സു ഹവം ശൂരമിന്ദ്രം**

**ഹ്വയാമി ശക്രം പുരുഹൂതമിന്ദ്രം**
**സ്വസ്തി നോ മഘവാ ധാത്വിന്ദ്ര**
*ഇന്ദ്രം ത്രാതാരം ഇന്ദ്രം അവിതാരം* ഇന്ദ്രൻ രക്ഷകനാണ്; ഇന്ദ്രൻ സഹായിയാണ്;
*ഇന്ദ്രം ഹവേ ഹവേ ഹവം സു ശൂരം* ഇന്ദ്രൻ എല്ലാ വിളികളിലും വിളിക്കാവുന്ന നല്ല യോദ്ധാവാണ്.
*പുരുഹൂതം ശക്രം ഇന്ദ്രം ഹ്വയാമി* ഞാൻ പലരാൽ വിളിക്കപ്പെടുന്ന ശക്തനായ ഇന്ദ്രനെ വിളിക്കുന്നു.
*മഘവാ ഇന്ദ്രഃ നഃ സ്വസ്തി ധാതു* ഉദാരനായ ഇന്ദ്രൻ ഞങ്ങൾക്ക് ക്ഷേമം സ്ഥാപിക്കട്ടെ!

**12. ഇന്ദ്രഃ സുത്രാമാ സ്വാനവോഭിഃ**
**സുമൃളീകോ ഭവതു വിശ്വവേദാഃ**
**ബാധതാം ദ്വേഷോ അഭയം കൃണോതു**
**സുവീര്യസ്യ പതയഃ സ്യാമ**
*ഇന്ദ്രഃ സുത്രാമാ അവോഭിഃ സ്വവാൻ* ഇന്ദ്രൻ നല്ല സംരക്ഷണവും തന്റെ സഹായത്താൽ നല്ല സഹായവും
*സുമൃളീകഃ ഭവതു* വളരെ ദയയുള്ളവനുമാവട്ടെ!
*വിശ്വവേദാഃ ദ്വേഷഃ ബാധതാം* എല്ലാ സ്വത്തുക്കളുമുള്ള അവൻ വെറുപ്പിനെ ദൂരെ കുത്തിയെറിയട്ടെ!
*അഭയം കൃണോതു സുവീര്യസ്യ പതയഃ സ്യാമ* അവൻ അഭയമുണ്ടാക്കട്ടെ! ഞങ്ങൾ നല്ല വീരന്മാരുടെ പ്രഭുക്കളാവട്ടെ!

**13. തസ്യ വയം സുമതൗ യജ്ഞിയസ്യാ-**
**പി ഭദ്രേ സൗമനസേ സ്യാമ**
**ന സുത്രാമാ സ്വവാനിന്ദ്രോ അസ്മേ**
**ആരാച്ചിദ് ദ്വേഷഃ സനുതർയുയോതു**
*വയം യജ്ഞിയസ്യ തസ്യ സുമതൗ* ഞങ്ങൾ യജ്ഞാർഹനായ അവന്റെ ആനുകൂല്യത്തിലും
*ഭദ്രേ സൗമനസേ അപി സ്യാമ* പ്രസന്നമായ അനുകമ്പയിലുമാവട്ടെ!
*സഃ ഇന്ദ്രഃ സുത്രാമാ അസ്മേ സ്വവാൻ* ആ ഇന്ദ്രന് നല്ല സംരക്ഷണവും ഞങ്ങൾക്ക് അവന്റെ സഹായവുമുണ്ടാവട്ടെ!
*ആരാത് ചിത് സനുതഃ ദ്വേഷഃ യുയോതു* ദൂരെനിന്നുപോലുമുള്ളതും ഒളിഞ്ഞിരിപ്പുള്ളതുമായ വെറുപ്പ് അകന്നുപോവട്ടെ!

**14. അവ ത്വേ ഇന്ദ്ര പ്രവതോ നോർമിർ-**
**ഗിരോ ബ്രഹ്മാണി നിയുതോ ധവന്തേ**
**ഉരൂ ന രാധഃ സവനാ പുരൂണ്യ-**
**പോ ഗാ വജ്രിൻ യുവസേ സമിന്ദൂൻ**
*ഇന്ദ്ര ഗിരഃ ബ്രഹ്മാണി നിയുതഃ* ഇന്ദ്രാ! സൂക്തങ്ങളും പവിത്രമന്ത്രങ്ങളും സംഘങ്ങളായി,
*പ്രവതഃ ഊർമിഃ ന ഉത രാധഃ ന* ചരിവുകളിൽനിന്നു തിരയെന്നപോലെയും നിന്റെ കൊള്ളമുതൽപോലെയും
*പുരൂണി സവനാ ത്വേ അവ ധവന്തേ* ധാരാളം സവനങ്ങളും നിന്നിലേക്കോടിയിറങ്ങുന്നു.
*വജ്രിൻ അപ ഗാഃ ഇന്ദൂൻ സം യുവസേ* വജ്രധരാ! നീ വെള്ളത്തോടും പശുക്കളോടും കണങ്ങളോടുമൊരുമിച്ചു ചേരുന്നു!

**15. ക ഈം സ്തവത് കഃ പൃണാത് കോ യജാതേ**
**യദുഗ്രമിന്മഘവാ വിശ്വഹാവേത്**
**പാദാവിവ പ്രഹരന്നന്യമന്യം**
**കൃണോതി പൂർവമപരം ശചീഭിഃ**
*യദ് മഘവാ വിശ്വഹാ ഉഗ്രം ഇദ് അവേത്* ഉദാരനായ അവൻ എല്ലായ്പ്പോഴും ശക്തനെ മാത്രമേ സഹായിക്കുകയുള്ളുവെങ്കിൽ
*കഃ ഈം സ്തവത് കഃ പൃണാത് കഃ യജാതേ* ആരാണ് അവനെ സ്തുതിക്കുകയും നിറയ്ക്കുകയും യജിക്കുകയും ചെയ്യുക?
*പാദൗ അന്യം അന്യം പ്രഹരൻ ഇവ* തന്റെ രണ്ടു കാലുകൾ ഓരോന്നായി കുനിക്കുന്നവനെപ്പോലെ,
*ശചീഭിഃ പൂർവം അപരം കൃണോതി* അവൻ തന്റെ ശക്തികൾകൊണ്ട് പിന്നിലായിരുന്നവനെ മുന്നിലാക്കുന്നു.

**16. ശൃണ്വേ വീര ഉഗ്രമുഗ്രം ദമായ-**
**മന്യമന്യമതിനേനീയമാനഃ**
**ഏധമാനദ്വിളുഭയസ്യ രാജാ**
**ചോഷ്കൂയതേ വിശ ഇന്ദ്രോ മനുഷ്യാൻ**
*അന്യം അന്യം അതിനേനീയമാനഃ* മാറി മാറി ഒരുവന്നപ്പുറം മറ്റൊരുവനെ നയിച്ചുകൊണ്ട് തുടർച്ചയായി
*ഉഗ്രം ഉഗ്രം ദമയൻ വീരഃ ശൃണ്വേ* ഓരോ ശക്തനെയും അടക്കുന്ന അവൻ വീരനായി കീർത്തിക്കപ്പെടുന്നു.
*ഏധമാനദ്വിട് ഉഭയസ്യ രാജാ ഇന്ദ്രഃ* ക്ഷണികശോഭയുള്ളവരെ വെറുത്തുകൊണ്ട് രണ്ടു വംശങ്ങളുടെയും (മ

നുഷ്യരുടെയും ദേവന്മാരുടെയും) രാജാവായ ഇന്ദ്രൻ
*മനുഷ്യാൻ വിശഃ ചോഷ്കൂയതേ* മനുഷ്യരുടെ വംശങ്ങളെ, ആദ്യമൊന്ന് പിന്നെ മറ്റൊന്ന് എന്ന നിലയിൽ, വിളിക്കുന്നു.

**17. പരാ പൂർവേഷാം സഖ്യാ വൃണക്തി**
**വി തർത്തുരാണോ അപരേഭിരേതി**
**അനാനുഭൂതീരവധൂന്വാനഃ**
**പൂർവീരിന്ദ്രഃ ശരദസ്തർത്തരീതി**

*പൂർവേഷാം സഖ്യാ പരാ വൃണക്തി* മുന്നിലുള്ളവരുമായുള്ള സഖ്യങ്ങളിൽനിന്ന് അവൻ മാറിക്കളയുന്നു.
*വിതർത്തുരാണഃ അപരേഭിഃ ഏതി* തുടർച്ചയായി കടന്നുകൊണ്ട് അവരെ പിന്നിലാക്കി പോകുന്നു.
*ഇന്ദ്രഃ പൂർവീഃ ശരദഃ അനനുഭൂതീഃ* ഇന്ദ്രൻ പല ശരത്തുകൾ അനുഭവിക്കാതെ
*അവധൂന്വാനഃ തർത്തരീതി* അവയെ ഇളക്കുന്നതുകൊണ്ട് അവ അടുത്തു വരാതെ സൂക്ഷിക്കുന്നു.

**18. രൂപം രൂപം പ്രതിരൂപോ ബഭൂവ**
**തദസ്യ രൂപം പ്രതിചക്ഷണായ**
**ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ**
**യുക്താ ഹ്യസ്യ ഹരയഃ ശതാ ദശ**

*രൂപം രൂപം പ്രതിരൂപഃ ബഭൂവ* അവന് ഓരോ രൂപത്തിനും സമാന്തരമായ രൂപമുണ്ട്.
*അസ്യ തദ് രൂപം പ്രതിചക്ഷണായ* അവന്റെ ഈ രൂപം കാണിക്കാനുള്ളതാണ്.
*ഇന്ദ്രഃ മായാഭിഃ പുരുരൂപഃ ഈയതേ* ഇന്ദ്രൻ മായകളിലൂടെ പല രൂപങ്ങളിൽ കുതിക്കുന്നു.
*ഹി അസ്യ ശതദശ ഹരയഃ യുക്താഃ* കാരണം, അവനുവേണ്ടി പതിനായിരം പിംഗലക്കുതിരകൾ നുകത്തിൽ കെട്ടപ്പെട്ടിട്ടുണ്ട്.

**19. യുജാനോ ഹരിതാ രഥേ ഭൂരി ത്വഷ്ടേഹ രാജതി**
**കോ വിശ്വാഹാ ദ്വിഷതഃ പക്ഷ ആസത**
**ഉതാസീനേഷു സൂരിഷു**

*ത്വഷ്ടാ ഹരിതാ രഥേ യുജാനഃ* ത്വഷ്ടാവ് രണ്ടു പിംഗലപ്പെൺകുതിരകളെ തേരിൽ കെട്ടിക്കൊണ്ട്
*ഇഹ ഭൂരി രാജതി* ഇവിടെ പല (രൂപങ്ങളിൽ) പ്രകാശിക്കുന്നു.
*ഉത സൂരിഷു ആസീനേഷു* പ്രത്യേകിച്ചു (ഞങ്ങളുടെ) രക്ഷിതാക്കൾ (യജ്ഞസഭയിലിരിക്കുമ്പോൾ),
*കഃ ദ്വിഷതഃ വിശ്വാഹാ പക്ഷഃ ആസതേ* ഏതു ശത്രുവാണ് എല്ലായ്പ്പോഴും അടുത്ത് ഇരിക്കുക?

**20. അഗവ്യൂതി ക്ഷേത്രമാഗന്മ ദേവാ**
**ഉർവീ സതീ ഭൂമിരംഹൂരണാ ഭൂത്**
**ബൃഹസ്പതേ പ്ര ചികിത്സാ ഗവിഷ്ടാ–**
**വിത്ഥാ സതേ ജരിത്ര ഇന്ദ്ര പന്ഥാം**

*ദേവാഃ അഗവ്യൂതി ക്ഷേത്രം ആ അഗന്മ* ദേവന്മാരേ! പച്ചപ്പുൽമേടുകളില്ലാത്ത വയലുകളിലേക്കാണ് ഞങ്ങൾ വന്നത്.
*ഉർവീ സതീ ഭൂമിഃ അംഹുരണാ അഭൂത്* അത് വിശാലമാണെങ്കിലും ഭൂമി ഇടുങ്ങിയതാണ്.
*ബൃഹസ്പതേ ഇന്ദ്ര ഗവിഷ്ടൗ ഇത്ഥാ സതേ* ബൃഹസ്പതേ! ഇന്ദ്രാ! പശുക്കൾക്കുവേണ്ടിയുള്ള അന്വേഷണ ത്തിൽ ഈ നിലയിലായ
*ജരിത്രേ പന്ഥാം പ്ര ചികിത്സ* ഗായകനു വഴിയുണ്ടാക്കാൻ പറഞ്ഞുതന്നാലും!

**21. ദിവേ ദിവേ സദൃശീരന്യമർധം**
**കൃഷ്ണാ അസേധദപ സദ്മനോ ജാഃ**
**അഹൻ ദാസാ വൃഷഭോ വസ്നയന്തോ–**
**ദവ്രജേ വർച്ചിനം ശംബരം ച**

*ദിവേ ദിവേ സദ്മനഃ സദൃശീഃ ജാഃ* ഓരോ ദിവസവും അവൻ അവരുടെ ഇരിപ്പിടത്തിൽനിന്ന് എല്ലാം അതേ ഭാവത്തിലുള്ള ബന്ധുവിന്റെ
*കൃഷ്ണാഃ അന്യം അർധം അപ അസേധത്* കറുത്ത മറ്റേ പാതിയിലേക്കു പോകുന്നു.
*വൃഷഭഃ വസ്നയന്തഃ ദാസാ വർച്ചിനം* കാള ദ്രവ്യേച്ഛകൊണ്ടു മാത്രം പ്രവർത്തിക്കുന്ന രണ്ടു ദാസന്മാരായ വർച്ചിയെയും
*ശംബരം ച ഉദവ്രജേ അഹൻ* ശംബരനെയും ചുറ്റും കിടങ്ങുള്ള സ്ഥലത്തുവെച്ച് കൊന്നു.

**22. പ്രസ്തോക ഇന്നു രാധസസ്ത ഇന്ദ്ര**
**ദശ കോശയീർദശ വാജിനോദാത്**
**ദിവോദാസാദതിഥിഗ്വസ്യ രാധഃ**
**ശാംബരം വസു പ്രത്യഗ്രഭീഷ്മ**

*ഇന്ദ്ര തേ രാധസഃ പ്രസ്തോകഃ നു ഇദ്* ഇന്ദ്രാ! നിന്റെ കൊള്ളമുതലിൽപെട്ട പ്രസ്തോകൻ ഇപ്പോൾ തൊട്ടു മുൻപ്
*ദശ കോശയീഃ ദശ വാജിനഃ അദാത്* പത്തു കിഴികളെയും പത്തു സമ്മാനജേതാക്കളെയും തന്നു.
*അതിഥിഗ്വസ്യ ദിവോദാസാത്* അതിഥിഗ്വന്റെ (മകനായ) ദിവോദാസനിൽനിന്ന്
*ശാംബരം വസു രാധഃ പ്രതി അഗ്രഭീഷ്മ* ഞങ്ങൾ ശംബരന്റെ സാധനങ്ങൾ കൊള്ളമുതലായി സ്വീകരിച്ചു.

**23. ദശാശ്വാൻ ദശ കോശാൻ ദശ വസ്ത്രാധിഭോജനാ**
**ദശോ ഹിരണ്യ പിണ്ഡാൻ ദിവോദാസാദസാനിഷം**

*ദശ അശ്വാൻ ദശ കോശാൻ* പത്തു കുതിരകൾ, പത്തു കിഴികൾ,
*അധിഭോജനാ ദശ വസ്ത്രാ* അധികം വിലപിടിപ്പുള്ള പത്തു വസ്ത്രങ്ങൾ,
*ദശോ ഹിരണ്യപിണ്ഡാൻ* പത്തു സ്വർണക്കട്ടികൾ എന്നിവ
*ദിവോദാസാദ് അസാനിഷം* ഞാൻ ദിവോദാസനിൽനിന്നു നേടി.

**24. ദശ രഥാൻ പ്രഷ്ടിമതഃ ശതം ഗാ അഥർവഭ്യഃ**
**അശ്വഥഃ പായവേദാത്**

*അശ്വഥഃ പ്രഷ്ടിമതഃ ദശ രഥാൻ ശതം ഗാഃ* അശ്വഥൻ പാർശ്വക്കുതിരകളോടുകൂടിയ പത്തു തേരുകളെയും നൂറു പശുക്കളെയും
*അഥർവഭ്യഃ പായവേ അദാത്* അഥർവഗോത്രക്കാരനായ പായുവിനു കൊടുത്തു.

**25. മഹി രാധോ വിശ്വജന്യം ദധാനാൻ**
**ഭരദ്വാജാൻ സാർഞ്ജയോ അഭ്യയഷ്ട**

*സാർഞ്ജയഃ വിശ്വജന്യം മഹി രാധഃ* സൃഞ്ജയന്റെ പിൻതലമുറക്കാരൻ എല്ലാ ജനങ്ങളുടെയും മഹത്തായ കൊള്ളമുതൽ
*ദധാനാൻ ഭരദ്വാജാൻ അഭി അചഷ്ട* സമ്പാദിച്ച ഭാരദ്വാജന്മാരായ ഞങ്ങളെ കൊണ്ടാടി.

**26. വനസ്പതേ വീഡ്വംഗോ ഹി ഭൂയാ**
**അസ്മത്സഖാ പ്രതരണഃ സുവീരഃ**
**ഗോഭിഃ സന്നദ്ധോ അസി വീളയസ്വാ–**
**സ്ഥാതാ തേ ജയതു ജേത്വാനി**

*വനസ്പതേ ഹി അസ്മത്സഖാ വീളംഗഃ ഭൂയാഃ* വനസ്പതേ! ഞങ്ങളുടെ സഖാവായ നീ ഉറച്ച അവയവങ്ങളോടുകൂടിയതായിത്തീരണമെന്നതിനാൽ
*സുവീരഃ പ്രതരണഃ ഗോഭിഃ സന്നദ്ധഃ അസി* ഞങ്ങളെ നല്ല വീരന്മാരാൽ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട് നീ പശുക്കളോ(തുകൽപ്പട്ടയോ)ടുകൂടി ഒരുമിച്ചു കൂട്ടിക്കെട്ടപ്പെടുന്നു.
വീളയസ്വ തേ ആസ്ഥാതാ ജേത്വാനി ജയതു ഉറച്ചുനിന്നാലും! നിന്നിൽ കയറുന്നവൻ നേടേണ്ടതു നേടട്ടെ!

**27. ദിവസ്പൃഥിവ്യാഃ പര്യോജ ഉദ്ഭൃതം**
**വനസ്പതിഭ്യഃ പര്യാഭൃതം സഹഃ**
**അപാമോജ്മാനം പരി ഗോഭിരാവൃത–**
**മിന്ദ്രസ്യ വജ്രം ഹവിഷാ രഥം യജ**

*ദിവഃ പൃഥിവ്യാഃ ഓജഃ ഉദ്ഭൃതം* സ്വർഗത്തിലും ഭൂമിയിലുംനിന്നു ശക്തി കൊണ്ടുവന്നിട്ടുണ്ട്.
*പരി വനസ്പതിഭ്യഃ പരി സഹഃ ആഭൃതം* മരങ്ങളിൽനിന്ന് കരുത്ത് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്.
*ഗോഭിഃ പരി ആവൃതം അപാം ഓജ്മാനം* പശുക്കളാൽ മറയ്ക്കപ്പെട്ട വെള്ളത്തിൽനിന്നു ബലത്തെയും
*ഇന്ദ്രസ്യ വജ്രം രഥം ഹവിഷാ യജ* ഇന്ദ്രന്റെ വജ്രത്തെയും തേരിനെയും ഹവിസ്സുകൊണ്ടു യജിച്ചാലും!

**28. ഇന്ദ്രസ്യ വജ്രോ മരുതാമനീകം**
**മിത്രസ്യ ഗർഭോ വരുണസ്യ നാഭിഃ**
**സേമാം നോ ഹവ്യദാതിം ജുഷാണോ**
**ദേവ രഥ പ്രതിഹവ്യാ ഗൃഭായ**

*ഇന്ദ്രസ്യ വജ്രഃ മരുതാം അനീകം* ഇന്ദ്രന്റെ വജ്രവും മരുത്തുക്കളുടെ മുഖവും
*മിത്രസ്യ ഗർഭഃ വരുണസ്യ നാഭിഃ* മിത്രന്റെ ഗർഭവും വരുണന്റെ നാഭിയും
*നഃ ഇമാം ഹവ്യദാതിം ജുഷാണഃ* – ഞങ്ങളുടെ ഈ ഹവിർപ്പണത്തിൽ സന്തുഷ്ടി കൈക്കൊണ്ട്,
*രഥ ദേവ സഃ ഹവ്യാ പ്രതി ഗൃഭായ* രഥദേവാ! ഞങ്ങളുടെ ഈ ഹവിസ്സ് സ്വീകരിച്ചാലും!

**29. ഉപ ശ്വാസയ പൃഥിവീമുത ദ്യാം**
**പുരുത്രാ തേ മനുതാം വിഷ്ഠിതം ജഗത്**
**സ ദുന്ദുഭേ സജൂരിന്ദ്രേണ ദേവൈർ–**
**ദൂരാദ്ദവീയോ അപ സേധ ശത്രൂൻ**

*പൃഥിവീം ഉത ദ്യാം ഉപ ശ്വാസയ* സ്വർഗത്തെയും ഭൂമിയെയും ശ്വാസം മുട്ടിക്കട്ടെ!

*പുരുത്രാ വിഷ്ഠിതം ജഗത് തേ മനുതാം* പലേടങ്ങളിലായി സ്ഥിതി ചെയ്യുന്ന ജംഗമലോകം (ജീവജാലങ്ങൾ) നിന്നെ ശ്രദ്ധിക്കട്ടെ!
*ദുന്ദുഭേ സഃ ഇന്ദ്രേണ ദേവൈഃ സജൂഃ* പെരുമ്പറേ! നീ ഇന്ദ്രനോടും ദേവന്മാരോടുമൊപ്പം
*ശത്രൂൻ ദൂരാദ് ദവീയഃ അപ സേധ* ശത്രുക്കളെ ദൂരെനിന്നു ദൂരത്തേക്ക് ഓടിച്ചാലും!

**30. ആ ക്രന്ദയ ബലമോജോ ന ആ ധാ**
**നിഷ്ടനിഹി ദുരിതാ ബാധമാനഃ**
**അപ പ്രോഥ ദുന്ദുഭേ ദുച്ഛുനാ ഇത**
**ഇന്ദ്രസ്യ മുഷ്ടിരസി വീളയസ്വ**

*ബലം ആ ക്രന്ദയ നഃ ഓജഃ ആ ധാഃ* നിന്റെ ശക്തി ഗർജിച്ചാലും! ഞങ്ങളിൽ കരുത്ത് സ്ഥാപിച്ചാലും!
*ദുരിതാ ബാധമാനഃ നിഃ സ്തനിഹി* ദുരിതങ്ങളെ കുത്തിയകറ്റിക്കൊണ്ട് ഇടിമുഴക്കിയാലും!
*ദുന്ദുഭേ ഇതഃ ദുച്ഛുനാ അപ പ്രോഥ* പെരുമ്പറേ! ഇവിടെനിന്നു നിർഭാഗ്യങ്ങളെ പൊട്ടിത്തെറിപ്പിച്ചകറ്റിയാലും!
*ഇന്ദ്രസ്യ മുഷ്ടിഃ അസി വീളയസ്വ* നീ ഇന്ദ്രന്റെ മുഷ്ടിയത്രേ; ഉറച്ചുനിന്നാലും!

**31. ആമൂരജ പ്രത്യാവർത്തയേമാഃ**
**കേതുമദ്ദുന്ദുഭിർവാവദീതി**
**സമശ്വപർണാശ്ചരന്തി നോ നരോ–**
**സ്മാകമിന്ദ്രോ രഥിനോ ജയന്തു**

*അമൂഃ ആ അജ ഇമാഃ പ്രത്യാവർത്തയ* വളരെ അകലെയുള്ള അവയെ (പശുക്കളെ) ഇവിടെ വരുത്തുകയും ഇവയെ പിന്നോട്ടു തിരിക്കുകയും ചെയ്താലും!
*ദുന്ദുഭിഃ കേതുമദ് വാവദീതി* പെരുമ്പറ സൂചന നൽകിക്കൊണ്ടു വീണ്ടും വീണ്ടും ശബ്ദിക്കുന്നു.
*നഃ നരഃ അശ്വപർണാഃ സം ചരന്തി* ഞങ്ങളുടെ മനുഷ്യർ കുതിരച്ചിറകുകളോടുകൂടി ഒരുമിച്ചു ചരിക്കുന്നു
*ഇന്ദ്ര അസ്മാകം രഥിനഃ ജയന്തു* (അതുകൊണ്ട്) ഇന്ദ്രാ! ഞങ്ങളുടെ തേരാളികൾ ജയിക്കട്ടെ!

★

## ഏഴാം മണ്ഡലം

വസിഷ്ഠ മൈത്രാവരുണിയുടെയാണ് ഏഴാം മണ്ഡലത്തിലെ മിക്കവാറും എല്ലാ സൂക്തങ്ങളും. മിത്രാവരുണന്മാരുടെ പുത്രനായ വസിഷ്ഠനെന്നർഥം. *അനുക്രമണി*യനുസരിച്ച്, രണ്ടു സൂക്തങ്ങൾ (101, 102) വസിഷ്ഠനോ കുമാര ആഗ്നേയനോ രചിച്ചവയും രണ്ടു സൂക്തങ്ങൾ (32, 33) വസിഷ്ഠനും മക്കളും സംയുക്തമായി രചിച്ചവയുമത്രേ. ബാക്കി നൂറു സൂക്തങ്ങളും വസിഷ്ഠവിരചിതമെന്ന് *അനുക്രമണി* ഖണ്ഡിതമായി രേഖപ്പെടുത്തുന്നു. ഈ അഭിപ്രായം ശരിയാവാൻ വഴിയില്ലെന്നു ജാമിസൺ ഊഹിക്കുന്നു.

ഈ മണ്ഡലത്തിലെ ഒൻപതു സൂക്തങ്ങൾ പൂർണമായോ ഭാഗികമായോ ആദിത്യ(മിത്രാവരുണ)ന്മാർക്കും നാലെണ്ണം ഇന്ദ്രാവരുണന്മാർക്കും നാലെണ്ണം വരുണനു മാത്രമായും സമർപ്പിക്കപ്പെടുന്നു.

ഈ മണ്ഡലം അശ്വികൾക്കും (67–74) ഉഷസ്സിനും (75–81) ദീർഘമായ സൂക്തങ്ങൾ തുടർച്ചയായി സമർപ്പിച്ചിരിക്കുന്നു. വരുണസൂക്തങ്ങളുടെ മൗലികത ഇവയ്ക്കില്ലെന്നതു വേറെ കാര്യം. ഒറ്റപ്പെട്ട ധാരാളം ശ്രദ്ധേയമായ സൂക്തങ്ങളിൽ ദാശരാജ്ഞയുദ്ധങ്ങളെക്കുറിച്ചുള്ളതും (7. 18) വസിഷ്ഠജനനകഥ വിവരിക്കുന്നതും (7. 33) മണ്ഡൂകസൂക്തവും (7. 103) പ്രസ്വാപിന്യുപനിഷത്തും (7. 55 – ഉറക്കമന്ത്രമെന്നു പറയാം) ഉൾപ്പെടുന്നു.

1–17 അഗ്നിക്കും (5, 6 വൈശ്വാനരാഗ്നി) 18–32 ഇന്ദ്രനും 33 വസിഷ്ഠന്റെ മക്കൾക്കും വസിഷ്ഠനും 34 വിശ്വേദേവന്മാർക്കും 35–37 വിശ്വേദേവന്മാർക്കും 38–39 സവിതാവിനും സമ്മാനജേതാക്കളായ കുതിരകൾക്കും 40 വിശ്വേദേവന്മാർക്കും 41 ഭഗനും വിവിധദേവതകൾക്കും ഉഷസ്സിനും 42–43 വിശ്വേദേവന്മാർക്കും 44 വിവിധ ദേവതകൾക്കും ദധിക്രാവിനും 45 സവിതാവിനും 46 രുദ്രനും 47 വെള്ളത്തിനും 48 ഋഭുക്കൾക്കും 49 വെള്ളത്തിനും 50 മിത്രാവരുണന്മാർ, അഗ്നി, വിശ്വേദേവന്മാർ, നദികൾ എന്നിവർക്കും 51–52 ആദിത്യന്മാർക്കും 53 സ്വർഗ–ഭൂമികൾക്കും 54 വാസ്തോഷ്പതിക്കും 55 വാസ്തോഷ്പതിക്കും സ്വാപമന്ത്രത്തിനും 56–58 മരുത്തുക്കൾക്കും 59 മരുത്തുക്കൾക്കും രുദ്രനും 60–61 മിത്രാവരുണന്മാർക്കം 62–63 സൂര്യനും മിത്രാവരുണന്മാർക്കും 64–65 മിത്രാവരുണന്മാർക്കും 66 മിത്രാവരുണന്മാർക്കും ആദിത്യന്മാർക്കും സൂര്യനും 67–74 അശ്വികൾക്കും 75–81 ഉഷസ്സിനും 82–85 ഇന്ദ്രാവരുണന്മാർക്കും 86–89 വരുണനും 90–92 ഇന്ദ്രവായുക്കൾക്കും 93–94 ഇന്ദ്രാഗ്നികൾക്കും 95–96 സരസ്വതി, സരസ്വാൻ എന്നിവർക്കും 97 ഇന്ദ്രൻ, ബൃഹസ്പതി, ഇന്ദ്രനും ബ്രഹ്മണസ്പതിയും, ഇന്ദ്രനും ബൃഹസ്പതിയും എന്നിവർക്കും 98 ഇന്ദ്രൻ, ഇന്ദ്രനും ബൃഹസ്പതിയും എന്നിവർക്കും 99 ഇന്ദ്രൻ, ഇന്ദ്രനും വിഷ്ണുവും എന്നിവർക്കും നൂറ് വിഷ്ണുവിനും 101–ഉം 102–ഉം പർജന്യനും 103 തവളകൾക്കും 104 ഇന്ദ്രാസോമന്മാർ, ഇന്ദ്രൻ, സോമൻ, അഗ്നി, ദേവന്മാർ, പിടിക്കല്ലുകൾ, മരുത്തുക്കൾ, വസിഷ്ഠന്റെ സ്വയംപ്രതീക്ഷകൾ, ഭൂമിയും അന്തരീക്ഷവും എന്നിവർക്കും സമർപ്പിക്കപ്പെട്ടിരിക്കുന്നു,

ഒന്നാം സൂക്തത്തിൽ രണ്ടു സമാപ്തികളുണ്ട്. ആദ്യത്തേത് 20–ാം പദ്യത്തിലും മറ്റേത് 25–ാം പദ്യത്തിലും. ഇതേപ്പറ്റി പണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ട്. വീട്ടിൽ അഗ്നി ജ്വലിപ്പിക്കുന്നതാണ് സൂക്തത്തിൽ വിവരിക്കുന്നത്. ഈ അഗ്നി സമ്പത്ത് സംരക്ഷിക്കുകയും അത് അഭിവൃദ്ധിപ്പെടാൻ സഹായിക്കുകയും ചെയ്യുന്നു. അഗ്നി ഗൃഹനേതാവും (3) യജ്ഞാഗ്നിയുമാണ് (16). കുടുംബത്തിലെ പുത്രാദികളായ അംഗങ്ങളുടെ അഭിവൃദ്ധി ആവശ്യമാണല്ലോ. ഇവരെ വീരന്മാർ എന്നു വിശേഷിപ്പിക്കുന്നു (5, 11, 15, 19, 24). കവി ഈ എണ്ണപ്പെരുപ്പം ആഗ്രഹിക്കുകയും അതിന്റെ അഭാവത്തിൽ ഭയപ്പെടുകയും ചെയ്യുന്നു (19). അഗ്നിയെ സേവിക്കുന്നവനെ കവി നരനെന്നു വിളിക്കുന്നു. നരനും വീരനും കവിക്കു സമാനരത്രേ. അഗ്നിയെ കവി നിത്യനെന്നും (2, 12) തന്റെ സ്വന്തമെന്നും (17) ഞങ്ങളുടെ സ്വന്തമെന്നും (21) വിശേഷിപ്പിക്കുന്നു.

രണ്ടാമത്തേതായ ഈ ആപ്രീസൂക്തം, വിളികളുടെ പതിവുമാതൃക പിന്തുടരുന്നുവെങ്കിലും, ധാരാളം മൗലികമായ ബിംബകല്പനകളും വാചകശൈലികളും ഉൾക്കൊള്ളുന്നതാണ്.

മൂന്നാം സൂക്തം അരണിക്കോലുകൾ ഉരസുമ്പോൾ അഗ്നി ആവിർഭവിക്കുന്നത് വിവരിക്കുന്നു. ഈ അഗ്നിമഥനത്തിൽനിന്നു ജ്വാല വീശുമ്പോൾ അഗ്നി പൊട്ടിത്തെറിക്കുന്നു (2). അപ്പോൾ അഗ്നി ജനിച്ചയുടനെയുള്ളവനായി കാണപ്പെടുന്നു. അവൻ ഒരിക്കലും വൃദ്ധനാവുന്നില്ല (3). അവന്റെ ജ്വാലകൾ വേഗത്തിൽ മരത്തിലേക്കു മുന്നേറുന്നു (4). തുടർന്ന് അവൻ ഹവിസ്സുകൾ സ്വീകരിക്കുന്നു (5). അതിനുശേഷമുള്ള അഗ്നിവർണനം നെയ്ഹവിസ്സുകളിലൂടെയുള്ള അതിന്റെ ദാർഢ്യം പ്രതിഫലിപ്പിക്കുന്നു (6–7). 7–8 പദ്യങ്ങളിലെ "ശക്തികേന്ദ്രങ്ങൾ" ഉജ്ജ്വലമായി പ്രകാശിക്കുന്ന ജ്വാലകളെ പരാമർശിക്കുന്നു. അവയുടെ ഔജ്ജ്വല്യം സ്ഥലങ്ങളിലൂടെ യജമാനനെ സംരക്ഷിച്ചും ദേവന്മാരിലെത്താനുള്ള ഗാനങ്ങൾക്കുവേണ്ടിയുള്ള വഴി തുറന്നുംകൊണ്ട് പ്രസരിക്കുന്നു. ഉപമകളുടെ വിന്യാസത്താൽ ശ്രദ്ധേയമാണീ സൂക്തം. വിശേഷിച്ച് സൂക്തത്തിന്റെ ആദ്യപാതിയിൽ. കവി അഗ്നിയെ കുതിരയോടും (2) ആയുധത്തോടും (4) പടക്കുതിരയോടും (5) സ്വർണത്തോടും (6) ഉപമിക്കുന്നു. അഗ്നിയെ കാളയെന്നു വിളിക്കുന്നു (3). ഇവിടെഓരോ ഉദാഹരണത്തിലും ക്രിയ വർണ്യാവർണ്യങ്ങൾക്കു ചേരുംവിധം അർഥം നൽകുന്നു.

നാലാം സൂക്തം ഒരു പുത്രനുവേണ്ടി അഥവാ മരിച്ചുപോയ ഒരു പുത്രനുവേണ്ടിയുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നുവെന്നാണ് ഗെൽഡ്നറുടെ അഭിപ്രായം. 7. 1–ൽ ഇത് അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ഇവിടത്തെ അത്ര ശക്തമായിട്ടില്ല എന്നാണ് അഭിപ്രായം. എന്നാൽ ജാമിസൺ അഭിപ്രായപ്പെടുന്നത്, ഈ സൂക്തം പുത്രനെയല്ല, അഗ്നിയെത്തന്നെയാണ് ആഗ്രഹിക്കുന്നതെന്നാണ്. കവിക്കു സ്വന്തമായി ഒരഗ്നിയെ വേണം. സമ്പത്തു കൈവരുത്തുന്നതിനും ജീവിതത്തിന്റെതന്നെ നിലനില്പിനും അതാവശ്യമാണ്. തീർച്ചയായും, അഗ്നിയും പുത്രനും തമ്മിലുള്ള സാദൃശ്യം ഈ സൂക്ത

കൂടുതൽ വിശേഷിച്ച് അഗ്നി പൂരുഗോത്രത്തിലെ വംശങ്ങളുടെ കൂട്ടായ്മയുടെ പ്രതിനിധിയായ ഗോത്രാഗ്നിയാണ് (3). ആദ്യത്തെ അഞ്ചു പദ്യങ്ങളിലും 8–9 പദ്യങ്ങളിലും വൈശ്വാനരാഗ്നിയുടെ പേര് എടുത്തു പറയുന്നു. സൂക്തം സ്വർഗത്തിലും ഭൂമിയിലും ദേവന്മാരാലും പുരോഹിതന്മാരാലും പരിചരിക്കപ്പെട്ടുകൊണ്ടുള്ള അഗ്നിയുടെ സാന്നിധ്യത്തിന്റെ പ്രസ്താവനയോടെ തുടങ്ങുന്നു (1). രണ്ടാം പദ്യത്തിൽ ഒഴുകുന്നതും നീർക്കുഴിയിലുള്ളതുമായ വെള്ളത്തിന്റെ പ്രഭുവെന്ന് അഗ്നിയെ വിളിക്കുന്നു. ഭൂമിയിലേക്കിറങ്ങിയതിനുശേഷം അഗ്നിയുടെ പ്രകാശം ആര്യവംശങ്ങളിലേക്കു വ്യാപിക്കുന്നു (2). ആറാം പദ്യത്തിൽ തമോഗുണപ്രധാനരായ ദസ്യുക്കളെ വിവരിക്കുന്നു. അഗ്നിപ്രകാശം ദസ്യുക്കളെ ആട്ടിപ്പായിക്കുകയും ആര്യരുടെമേൽ വെളിച്ചം പരത്തുകയും ചെയ്യുന്നു (6). അഗ്നി എല്ലാ ലോകങ്ങളിലും പ്രകാശം പരത്തുന്നു (4). മധ്യപദ്യമായ അഞ്ചിൽ അഗ്നിയെ ഇപ്പോഴത്തെ യജ്ഞാഗ്നിയായി കവി മൂർത്തീകരിക്കുന്നു. അവൻ വിവിധസമുദായങ്ങളെ രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. അവൻ യജ്ഞാഗ്നിയായും സൂര്യനായും പ്രാതഃകാലത്ത് ദിവസത്തിന്റെ ദീപസ്തംഭങ്ങളായി പ്രത്യക്ഷപ്പെടുന്നു.

ആറാം സൂക്തത്തിലെ ആദ്യത്തെ പദ്യത്തിൽ കവി അഗ്നിയെ വരുണനുമായും ഇന്ദ്രനുമായും ബന്ധിപ്പിക്കുന്നു. അഗ്നി കുടിയേറ്റക്കാർ ബഹുമാനിക്കുന്ന സമ്രാട്ടും അസുര(പ്രഭു)നുമാണെന്നു പറയുന്നു. ഈ വിവരണം വരുണനെയും അവന്റെ കുടിയേറ്റസമുദായങ്ങളുടെ മേലുള്ള ഭരണവും ഓർമിപ്പിക്കുന്നു. ഉത്തരാർധത്തിൽ അഗ്നിയുടെ പ്രവൃത്തികൾ യുദ്ധത്തിൽ ഇന്ദ്രന്റെ മഹാകർമങ്ങളുമായി പരോക്ഷമായി സാദൃശ്യപ്പെടുത്തുന്നു. അന്ത്യപാദത്തിലെ ദാരു (പിളർക്കുന്നവൻ) എന്ന അഗ്നിവിശേഷണം തികച്ചും ഉചിതംതന്നെ. രണ്ടാം പദ്യത്തിലെ പുരന്ദരൻ എന്ന ഇന്ദ്രപര്യായത്തെയും അത് മുൻകൂട്ടി കാണുന്നുണ്ട്. ഈ ശബ്ദം അഗ്നിയുടെ വിശേഷണമായിട്ടാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഉത്തരാർധത്തിൽ ഇന്ദ്രാവരുണന്മാരെ അഗ്നിയിൽ പുരന്ദരശബ്ദത്തിലൂടെ സംയുക്തമായി ബന്ധിപ്പിക്കുന്നു. വ്രത(നിയമ)ത്തെപ്പറ്റിയും പരാമർശമുണ്ട്. മൂന്നാം പദ്യത്തിൽ അഗ്നിയെ വലഗുഹാഭേദനത്തിൽ ശത്രുക്കളായ പണികളെ പിന്തുടരുന്ന ഇന്ദ്രനായി വർണിക്കുന്നു. 4–5 പദ്യങ്ങളിൽ ഉഷസ്സിനെ കൊണ്ടുവരുന്നവനായി അഗ്നിയെ പരാമർശിക്കുന്നു. ഇത് പ്രാതർയജ്ഞത്തിലെ അഗ്നിക്കു ചേരും. അഗ്നി ഉഷസ്സുകളെ വിമോചിപ്പിക്കുന്നതായി വലകഥയിലും പറയുന്നുണ്ടല്ലോ. അവസാനത്തെ രണ്ടു പദ്യങ്ങളിൽ സാധനങ്ങളും ജനങ്ങളുമുൾപ്പെടെ ഭൂമി മുഴുവൻ അഗ്നിയുടേതാണെന്നു വർണിക്കുന്നു.

7–ാം സൂക്തത്തിലെ ആദ്യപദ്യത്തിൽ കവി ശക്തനായ അഗ്നിയെ സഹസാനം (ശക്തിയോടുകൂടി പ്രവർത്തിക്കുന്നവൻ) എന്നും അവസാനപദ്യത്തിൽ സഹസഃ സൂനോ (ശക്തിപുത്രാ) എന്നും വിളിക്കുന്നു. ഈചട്ടക്കൂട്ടിൽ കവി അഗ്നിയുടെ സ്വർഗത്തിൽനിന്നു ഭൂമിയിലേക്കുള്ള അവതരണത്തെ അനുഗമിക്കുന്നു. അഗ്നി “മിതദ്രു”(അളക്കപ്പെട്ട മരത്തോടുകൂടിയവൻ) വും ദഹിപ്പിക്കുന്ന സൂര്യന്റെ രൂപത്തിൽ “ത്മനാ ദേവേഷു വിവിദേ” (നേരിട്ട് ദേവന്മാർക്കിടയിൽ കണ്ടെത്തപ്പെടുന്നവനും) ആണ് (1). പിന്നീട് അവനെ ഭൂമിയിലേക്കുള്ള യാത്രയ്ക്കും (2) യജ്ഞഭൂമിയിലേക്കും (3) ക്ഷണിക്കുന്നു. അപ്പോഴും അഗ്നി സ്വർഗീയനും ഭൗമനും, രണ്ടും, ആണ്. അവന്റെ രണ്ടമ്മമാർ (മാതാപിതാക്കൾ) സ്വർഗവും ഭൂമിയുമാണ്. ഈ മാതാപിതാക്കൾ രണ്ട് അരണിക്കോലുകളുമാവാം. നാലാം പദ്യത്തിൽ ഭൂമിയിലെയും യജ്ഞഭൂമിയിലെയും അഗ്നിയുടെ ജന്മം പ്രതിപാദിക്കുന്നു. അവിടെ അവൻ യജ്ഞത്തിലെ മുഖ്യപുരോഹിതനാണ് (4–5). കവി ദേവന്മാരെകാണുന്ന പ്രമേയമാണ് ആറാംപദ്യത്തിലെന്നു തോന്നുന്നു.

8–ാം സൂക്തത്തിലെ നാലാംപദ്യത്തിൽ പറയുന്ന അഗ്നി ഭരതന്മാരുടേതും ഗോത്രങ്ങളുടെ സൈനികശക്തിയുമായി ബന്ധപ്പെട്ടതുമാണ്. പൂരുക്കളുടെ ഗോത്രശക്തിയെ തോല്പിച്ചത് ഈ ഗോത്രാഗ്നിയത്രേ; രാജവോ ഭടന്മരോ അല്ല. 2, 3, 4 പദ്യങ്ങളിൽ ഇതിന്റെ സൂചന കാണാം. ശക്തിപുത്രനായ അഗ്നി (7) ശക്തനായിത്തീരുന്നതും (2) അവന്റെ ശരീരം ശക്തമാകുന്നതും (5) കവി വിവരിക്കുന്നുണ്ട്. രസകരമായ ഒരു തിരിവിലൂടെ ഔജ്ജ്വല്യംകൊണ്ട് വ്യക്തമാകുന്ന അഗ്നിയുടെ ശരീരശക്തി ശാരീരികമായ അസുഖങ്ങളെ ഇരുട്ടിലേക്കോടിക്കുമെന്ന് ആറാം പദ്യം പറയുന്നു.

9–ാം സൂക്തത്തിൽ പ്രാതർയജ്ഞത്തിലെ അഗ്നിയായും സൂര്യനായുമുള്ള അഗ്നിയുടെ പ്രത്യക്ഷഭാവം യജ്ഞാരംഭം കാണിക്കുന്നു. അവനാണ് യജ്ഞത്തിലെ രണ്ടു ലക്ഷണങ്ങൾ സ്ഥാപിക്കുന്നത്. മനുഷ്യർ ദേവന്മാർക്കു ഹവിസ്സുകളും പകരം ദേവന്മാർ മനുഷ്യർക്കു സമ്പത്തും നൽകുന്നു (1). യജമാനന്മാരും ദേവന്മാരും തമ്മിലുള്ള ഈ വിനിമയം അഗ്നിയോട് ദേവന്മാർക്ക് അവർ മനുഷ്യർക്ക് നേട്ടങ്ങളുണ്ടാക്കുന്നതുകൊണ്ട് യജ്ഞം ചെയ്യാൻ ഉദ്ബോധിപ്പിക്കുന്ന ഉപാന്ത്യപദ്യത്തിൽ ഒന്നുകൂടി ഉറപ്പിക്കുന്നു (5). ഈ വിനിമയപ്രമേയം രണ്ടാം പദ്യത്തിന്റെ ആദ്യപാദത്തിലും തുടരുന്നു. അവിടെ അഗ്നി യജ്ഞം ചെയ്യാൻ ശക്തമായി തീരുമാനിക്കുകയും അതിന്റെ ഫലമായി അവൻ പണികളുടെ തൊഴുത്തു തുറക്കുകയും, വലകഥയിലെപ്പോലെ, പശുക്കളെ അഴിച്ചുവിടുകയും ചെയ്യുന്നു. ഈ രണ്ടും സമ്പത്തിന്റെയും ഉഷസ്സിന്റെയും പ്രതീകങ്ങളത്രേ. പ്രസ്തുതപദ്യത്തിന്റെ ഉത്തരാർധത്തിൽ ദേവന്മാരും യജമാനന്മാരും തമ്മിലുള്ള ഈ വിനിമയം പ്രോത്സാഹിപ്പിക്കുക അഗ്നിയുടെ ധർമമാണെന്നു സൂചിപ്പിക്കുന്നു. മൂന്നാം പദ്യത്തിന്റെ പൂർവാർധത്തിൽ അഗ്നി മൂന്നു ദേവനാമങ്ങൾ ധരിക്കുന്നു. അദിതിയും വിവസ്വാനും മിത്രനുമെന്ന ഈ മൂന്നുപേരും യജ്ഞനടത്തിപ്പിൽ പങ്കാളികളാണ്. അദിതി യജ്ഞം ശരിയായി നടത്തുന്നു. വിവസ്വാൻ ആദ്യത്തെ യജമാനനാണ്. മിത്രൻ ദേവന്മാരും മനുഷ്യരും തമ്മിലുള്ള യജ്ഞസഖ്യത്തിന്റെ ദേവതയാകുന്നു. പ്രസ്തുതപദ്യത്തിന്റെ ഉത്തരാർധത്തിൽ അഗ്നിക്കു തന്റെ ജന്മവുമായി ബന്ധപ്പെട്ട ഉഷസ്സ്, വെള്ളം എന്ന രണ്ടു ദേവീസംഘങ്ങളുമായി ബന്ധമുണ്ടെന്നു കാണിക്കുന്നു. അന്തിമപദ്യത്തിൽ പദലീലയിലൂടെ അഗ്നിക്കു ദേവനെന്ന നിലയിൽ യജ്ഞ

സ്തുതികളുടെ ഗീതഭാവങ്ങളെ ഉണർത്തുന്നു; പുരോഹിതനെന്ന നിലയിൽ അഗ്നിയുടെ സ്വരങ്ങളിലൂടെ സംഗീതരീതികൾ ആലപിക്കുന്നു.

10–ാം സൂക്തം. കവിക്കു പ്രാസത്തോടും അതുപോലുള്ള ശബ്ദാലങ്കാരങ്ങളോടുമുള്ള പ്രിയം ഈ സൂക്തത്തിൽ വ്യാപകമായി പ്രതിഫലിച്ചിട്ടുണ്ട്. അഗ്നി സ്വർഗത്തിൽ ദേവന്മാർക്കു ഹവിസ്സുകളും ഭൂമിയിൽ മനുഷ്യർക്കു സമ്പത്തും കൈവരുത്തുന്നുവെന്നു രണ്ടാം പദ്യത്തിൽ പറയുന്നു. നാലാം പദ്യത്തിൽ അഗ്നി ദേവന്മാരെ ഭൂമിയിലെ യജ്ഞത്തിലേക്കു വരുത്തുന്നവെന്നും വിവരിക്കുന്നു.

11–ാം സൂക്തം. ആ, ആഹ എന്നീ പദങ്ങൾ ഈ സൂക്തത്തിൽ ആവർത്തിച്ചു പ്രയോഗിച്ചുകാണുന്നു. രണ്ടിനും "ഇവിടെ" എന്നർഥം. "ഇവിടെ" യുള്ളവ സ്വർഗത്തിലുള്ളവയും ദിവ്യങ്ങളുമാണെന്ന് സൂക്താന്ത്യത്തിൽ വ്യക്തമാവുന്നു.

12–ാമത്തെ ഈ ഹ്രസ്വസൂക്തം അഗ്നി തന്റെ സ്വന്തം വീട്ടിൽ (സ്വേ ദുരോണേ –1), യജ്ഞശാലയിലും (ദമേ – 2), പ്രത്യക്ഷപ്പെടുന്നത് വിവരിക്കുന്നു. അത് ഗൃഹാഗ്നിയാണെങ്കിലും അഗ്നി സ്വർഗത്തിലും ഭൂമിയിലും നാലു ദിക്കുകളിലും വ്യാപിക്കുന്നു (1 ഉത്തരാർധം). ഇവിടെഅഗ്നിയുടെ മുഖ്യധർമം അജ്ഞാതമായ വിഷമങ്ങളിൽനിന്നും കുറ്റാരോപണങ്ങളിൽനിന്നും വീട്ടിനെ രക്ഷിക്കുകയത്രേ (2). അതിനു കാരണം അവൻ കുടുംബത്തെ രക്ഷിക്കുന്നുവെന്നതാണ്. വീട്ടിന്റെ ഘടനയെയും വിപുലമായ അർഥത്തിൽ സമൂഹത്തെയും രക്ഷിക്കുന്നത് മിത്രാവരുണന്മാരാകയാൽ (3) അവൻ മിത്രാവരുണന്മാർതന്നെയകുന്നു.

13–ാം സൂക്തത്തിലെ മൂന്നു പദ്യങ്ങളിൽ ഓരോന്നിലും കവി അഗ്നിയെ വൈശ്വാനരനെന്നു സംബോധന ചെയ്യുന്നു. അതുകൊണ്ട് ഉയർന്നുവരുന്ന യജ്ഞാഗ്നിയെ ഉദയസൂര്യനുമായി അഭിന്നപ്പെടുത്തുന്നു. അഗ്നി സൂര്യനായതുകൊണ്ട് അവൻ എല്ലായിടത്തും കണ്ണഞ്ചിപ്പിക്കുമാറു പ്രകാശിക്കുകയും ശത്രുക്കളെ നശിപ്പിക്കുകയും സ്വർഗത്തെയും ഭൂമിയെയും പ്രകാശംകൊണ്ടു നിറയ്ക്കുകയും ദേവന്മാരെ ഇരുട്ടിന്റെ ശാപത്തിൽനിന്നു മോചിപ്പിക്കുകയും എല്ലാ ജീവജാലങ്ങളെയും നോക്കുകയും ഭൂമിയെ ചുറ്റുകയും ചെയ്യുന്നു. ഈ ശക്തികൾകൊണ്ട് അഗ്നി തന്റെ വാക്കുകൾക്കു വിജയം കൈവരുത്തുമെന്ന പ്രതീക്ഷയിൽ കവി തന്റെ സൂക്തം അഗ്നിക്കു ഹവിസ്സായി അർപ്പിക്കുന്നു.

ജ്വലിപ്പിക്കപ്പെട്ടു വെക്കുകയും നെയ് പകരുകയും സ്തുതികളും വിളികളും ചൊല്ലുകയും ചെയ്തുകൊണ്ട് യജ്ഞാഗ്നി ഉയർത്തുന്നതിനെ 14–ാം സൂക്തം വിവരിക്കുന്നു. ഈ വാചികോല്പന്നങ്ങൾ വിറകും നെയ്യും പോലെ, അഗ്നിയെ ജീവസ്സുറ്റതാക്കുന്നു. ദേവനു നൽകുന്ന യജ്ഞസേവനരൂപങ്ങളിലേക്കു മാത്രമല്ല, ആ സേവനം നൽകുന്ന തന്നിലേക്കും തന്റെ ആൾക്കാരിലേക്കുംകൂടി കവി ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

15–ാം സൂക്തം അഞ്ചു തൃചങ്ങളായി വിഭജിക്കപ്പെടുന്നു. ആദ്യത്തെ തൃചം അഗ്നിയെ ഗോത്രാഗ്നിയായി നിർവചിക്കുന്നു. അവൻ കുടുംബത്തോട് അടുപ്പത്തോടെ ജീവിക്കുകയും അതു സംരക്ഷിക്കുകയും ചെയ്യുന്നു. രണ്ടാമത്തേതിൽ അഗ്നിയെ യജ്ഞാഗ്നിയായി യജ്ഞത്തിൽ സന്നിഹിതനാവാൻ വിളിക്കുന്നു. ആദ്യത്തെ രണ്ടു തൃചങ്ങളുടെ ഘടനാസാദൃശ്യം ഗോത്രാഗ്നിയുടെയും യജ്ഞാഗ്നിയുടെയും ഏകത്വം സൂചിപ്പിക്കുന്നു. മൂന്നാമത്തെ തൃചത്തിൽ ഗോത്രാഗ്നിയും യജ്ഞാഗ്നിയും തമ്മിൽ വ്യക്തമായി കലരുന്നതായി കാണിക്കുന്നു. അഗ്നി ഗോത്രപ്രഭുവെ പ്രതിനിധാനം ചെയ്യുന്നു. അവൻ യജ്ഞഹവിസ്സുകൾ സ്വീകരിക്കുന്നു (7). യജ്ഞത്തിലൂടെ അഗ്നി ഗോത്രത്തിനു വീരന്മാരെ നൽകുന്നു. ആൺകുട്ടികൾ ഗോത്രത്തെ അഭിവൃദ്ധിപ്പെടുത്തുന്നു. പദ്യം 9 അക്ഷരയെ പരാമർശിക്കുന്നു. അതിന് അക്ഷരമെന്നും പശുവെന്നും അർഥം. പശു പാൽ തരുന്നു. കവിയുടെ അക്ഷരം ആയിരം അക്ഷരങ്ങളെ തരുന്നു. അക്ഷയയാണ് കവിവാക്ക്. നാലാം തൃചം അഗ്നിയെ ആദിത്യന്മാരുടെയും സവിതാവിന്റെയും ഭഗന്റെയും ദിതിയുടെയും മണ്ഡലത്തിലേക്കു കൊണ്ടുവരുന്നു. ദിതി അദിതിയുടെ വിപരീതമായിട്ടല്ല, കുഞ്ഞായിട്ടാണ് ഇവിടെ കണക്കാക്കിയിട്ടുള്ളതെന്നു തോന്നുന്നു. നാലാം തൃചം അഗ്നിയുടെ ദാനങ്ങളിൽ ഊന്നുമ്പോൾ, അഞ്ചാമത്തേത് ചീത്തയായ സമയങ്ങളിൽനിന്നും ആളുകളിൽനിന്നും രക്ഷിക്കാനുള്ള അവന്റെ ശക്തി വിവരിക്കുന്നു.

16–ാം സൂക്തം ദേവന്മാർക്കു ഹവിസ്സു കൊടുക്കുന്നവനും യജമാനന്മാർക്കു ജീവസന്ധാരണത്തിനുതകുന്നത് നൽകുന്നവനുമായ അഗ്നി മധ്യസ്ഥനായ വിനിമയത്തിൽ ഊന്നുന്നു (2). അങ്ങനെ ദേവന്മാരെയും മനുഷ്യരെയും വളർത്തുന്നതുകൊണ്ട് അവൻ "ഊർജോ നപാത്" (ഊർജത്തിന്റെ കുഞ്ഞ്) ആയി (1). കവി ആവർത്തിച്ച് യജ്ഞത്തിന്റെ പുരോഹിതന്മാരോടൊപ്പം രക്ഷിതാവിനെയോ രക്ഷിതാക്കളെയോ പരാമർശിക്കുന്നു. അഗ്നി സ്വയം ചൊല്ലുന്ന ഹോതാവും സോമം ശുദ്ധീകരിക്കുന്ന പോതാവും മാത്രമല്ല, യജ്ഞത്തിന്റെ രക്ഷിതാവായ ഗൃഹപതികൂടിയാണ് (5). ആറാം പദ്യത്തിൽ കവി പുരോഹിതനു മാത്രമല്ല, നന്നായി സ്തുതിക്കുന്നവനും വൈദഗ്ധ്യമുള്ളവനും മൂർച്ച കൂട്ടാൻ അഗ്നിയെ വിളിക്കുന്നുണ്ട്. അവരുടെ രണ്ടുകൂട്ടരുടെയും കഴിവുകളുടെ സംയോജനമാണല്ലോ യജ്ഞങ്ങൾ നടത്തുന്നത്. വൈദഗ്ധ്യമുള്ളവനും പുരോഹിതനോ യജ്ഞത്തിൽ പങ്കാളിയായ ഗൃഹപതിയോ ആവാം. ഒരർഥത്തിൽ അയാളും പുരോഹിതവൃത്തിതന്നെയാണല്ലോ നിർവഹിക്കുന്നത്. 7–10 പദ്യങ്ങളിൽ കവി അഗ്നിയോടു പശുക്കളെയും കുതിരകളെയും മറ്റു ദാനങ്ങളും നൽകുന്ന ഉദാരരായ രക്ഷിതാക്കളെ അനുഗ്രഹിക്കാൻ അപേക്ഷിക്കുന്നുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങളിൽ കവി തന്റെ സഹപുരോഹിതന്മാരെ ദേവന്മാർക്ക് വേണ്ടത്ര ഹവിസ്സുകൾ തയ്യാറാക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ട് സംബോധന ചെയ്യുന്നതു കാണാം. വിശേഷിച്ച് ഭക്തന് സമ്പത്തിനെയും നല്ല മനുഷ്യരെയും പ്രതിഫലമായി നൽകുന്നതിനെ പരാമർശിക്കുന്നു. ഈ ഭക്തനും ഗൃഹപതിയാവാനിടയുണ്ട്.

ഏഴാം മണ്ഡലത്തിലെ അഗ്നിസൂക്തങ്ങളിൽ അവസാനത്തേതും 17–ാമത്തേതുമായ ഇത് ആദ്യത്തെ സമാഹാ

രത്തിൽ പിന്നീടു കൂട്ടിച്ചേർത്തതാണെന്ന് ഓൾഡൻബർഗിനെപ്പോലുള്ള പണ്ഡിതർ കരുതുന്നു. യജ്ഞത്തിന്റെ തയ്യാറെടുപ്പിന്റെ പൊതുവിവരണം (1, 2), അതിന്റെ നടത്തിപ്പ് (3, 4), പ്രതിഫലങ്ങൾ (5) എന്നിവയ്ക്കുശേഷം അവസാനത്തെ രണ്ടു പദ്യങ്ങളിൽ (6, 7) അഗ്നിക്കു ദേവന്മാരോടും മർത്ത്യരോടുമുള്ള ബന്ധം വിശദമാക്കുന്നു.

വസിഷ്ഠന്റെ ഇന്ദ്രവൃത്തത്തിലെ ആദ്യത്തെ അതിപ്രസിദ്ധമായ ഈ സൂക്തം ദാശരാജ്ഞയുദ്ധമെന്നറിയപ്പെടുന്നതുമായി ബന്ധപ്പെട്ടതാണ്. രാജാവായ സുദാസ്സും അവന്റെ ഭരതാനുയായികളും ഇന്ദ്രനോടൊപ്പം പത്തു രാജാക്കന്മാരുടെ സഖ്യത്തെ യുദ്ധത്തിൽ തോൽപ്പിക്കുന്നു. അവരുടെ സഖ്യത്തിലെ മുന്നംഗങ്ങളായ പൂരുക്കൾ ഈ രാജാക്കന്മാരിൽ ഉൾപ്പെടുന്നു. *ഋഗ്വേദ*ത്തിലെ ചരിത്രം മനസ്സിലാക്കാൻ ഈ സൂക്തത്തെ അപഗ്രഥിക്കുന്ന പതിവുണ്ടായിരുന്നു. സൂക്തം മൂന്നു ഭാഗങ്ങളായിട്ടാണ്. 1–4 പദ്യങ്ങൾ ഇന്ദ്രൻ മുൻകാലത്തു തങ്ങൾക്കു തന്ന സഹായത്തെ അനുസ്മരിക്കുകയും ഇപ്പോൾ അവന്റെ സഹായവും ദാനങ്ങളും ചോദിക്കുകയും ചെയ്യുന്നു. നാലാം പദ്യത്തിന്റെ അവസാനം കവി തന്റെ പേരു പറയുന്നു. 5–21 പദ്യങ്ങളിൽ ശരിക്കുള്ള യുദ്ധവും അതിന്റെ പ്രത്യാഘാതങ്ങളും വിവരിക്കുന്നു. പരുഷ്ണീനദിയുടെ ചുറ്റുപാടുമായിട്ടാണ് യുദ്ധം നടക്കുന്നത് (8–10). യുദ്ധത്തിനിടയിൽ നദിയുടെ വഴി മാറ്റിയതായിത്തോന്നുന്നു. ധാരാളം യോദ്ധാക്കൾ യുദ്ധസന്ദർഭത്തിൽ നദിയിൽ മുങ്ങിമരിച്ചു. ആദ്യപദ്യങ്ങളിലെ വിവരണം യുദ്ധത്തിന്റെ കണ്ണാടിയാണെന്നു നിരീക്ഷിക്കാം. ഇന്ദ്രന്റെ പങ്കു മുഖ്യമായി വർണിക്കുന്നതോടെ ആശയക്കുഴപ്പം അനുഭവപ്പെട്ടുതുടങ്ങുന്നു. ഇന്ദ്രന്റെ വിജയവും അനുകമ്പയും ഘോഷിക്കപ്പെട്ടുകൊണ്ട് ഈ ഭാഗം അവസാനിക്കുന്നു (20–21). അവസാനത്തെ നാലു പദ്യങ്ങൾ (22–25) സുദാസ് കവിക്കു നൽകുന്ന മഹാദാനങ്ങളുടെ അതിശയോക്തിപരമായ സ്തുതി ഉൾക്കൊള്ളുന്നു. മരുത്തുക്കളുടെ സംരക്ഷണത്തിന് സുദാസ്സിനെ അഭിനന്ദിച്ചുകൊണ്ട് സൂക്തം അവസാനിക്കുന്നു.

19–ാം സൂക്തത്തിന്റെ ആദ്യപകുതി (1–5) പുരാവൃത്തഭൂതത്തിലെ മനുഷ്യർക്കും (കുത്സൻ, 2) സമകാലികർക്കും (സുദാസ് രാജാവിന് 3, 5), പ്രത്യേകിച്ച് ദാശരാജ്ഞയുദ്ധത്തിലെ നേതാവായ സുദാസ്സിന്, സഹായം നൽകിക്കൊണ്ട് ഇന്ദ്രന്റെ പല വിജയങ്ങളെയും വാഴ്ത്തുന്നു. ആറാം പദ്യം മുതൽ ഇന്ദ്രൻ മുൻപു തങ്ങൾക്കു തന്ന ശക്തികളെയും സംരക്ഷണത്തെയും അനുസ്മരിച്ചുകൊണ്ട് പകരമായി സ്തുതി നൽകാൻ ശ്രമിക്കുന്നു.

20–ാം സൂക്തം തുടങ്ങുന്നത് (1–2) ഒന്നും മൂന്നും വരികളിൽ ഇന്ദ്രന്റെ ചരിത്രവും രണ്ടും നാലും വരികളിൽ അവന്റെ ഇപ്പോഴത്തെ വിക്രമങ്ങളും പരോക്ഷമായി വർണിക്കുന്നു. അത് വിശേഷിച്ച് ഇന്ദ്രന്റെസൈനികകർമങ്ങൾ സ്തുതിപൂർവം പരിഗണിക്കുന്നു (3–5). അഞ്ചാം പദ്യം ഇന്ദ്രന്റെ ജന്മമാണ് വിവരിക്കുന്നതെങ്കിലും അച്ഛനമ്മമാരാരെന്നു വ്യക്തമാകുന്നില്ല. സൂക്തത്തിന്റെ രണ്ടാം പകുതി (6–10) സ്തോതാവും ദേവനും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുന്നു. ഉചിതമായ യജ്ഞസേവനമനുഷ്ഠിക്കുന്നവന് ഇന്ദ്രൻ തക്ക പ്രതിഫലംനൽകുന്നു. എന്നാലും അവൻ ശരിക്കും തന്റെ പങ്കു നിർവഹിക്കുന്നില്ലെന്ന പക്ഷക്കാരനാണ് കവി. ഒൻപതാം പദ്യത്തിൽ വെറുതെ മുക്രയിടുന്ന കാളയാണെന്നു കവി നിരീക്ഷിക്കുന്നു. പക്ഷേ, അന്ത്യഭാഗത്തു പതിവുപോലെ കവി ദേവനോട് നേട്ടങ്ങൾക്കായി അഭ്യർഥിക്കുന്നു.

യജ്ഞസന്ദർഭം സ്ഥാപിക്കുന്ന രണ്ടു പദ്യങ്ങളോടുകൂടി 21–ാം സൂക്തം തുടങ്ങുന്നു. യജ്ഞത്തിലെ ഉത്സാഹികളായ പങ്കാളികളെപ്പോലെയാണ് പിടിക്കല്ലുകളെന്നു രണ്ടാം പദ്യം വിവരിക്കുന്നു. മറ്റു പദ്യങ്ങൾ ഇന്ദ്രന്റെ വീരകർമങ്ങളെയും ശക്തികളെയും വാഴ്ത്തുകയും തങ്ങളുടെ നേട്ടത്തിനുവേണ്ടി അവ ഉപയോഗിക്കണമെന്നു യാചിക്കുകയും ചെയ്യുന്നു. 3–4 പദ്യങ്ങൾ പ്രാചീനകർമങ്ങളും 6–7 പദ്യങ്ങൾ മുഖ്യമായി അവന്റെ അന്യാദൃശമായ ശക്തികളും വർണിക്കുന്നു. അഞ്ചാം പദ്യം തങ്ങളുടെ ജനങ്ങളിൽനിന്നു സത്യത്തിനുണ്ടാവുന്ന ഭീഷണികളും ഇന്ദ്രശക്തിയോടുകൂടിയ അവയുടെ പ്രതിരോധമാർഗങ്ങളും വർണിക്കുന്നു. ആഭിചാരികളും മുഖസ്തുതി പറയുന്നവരുമായ ആഭ്യന്തരശത്രുക്കളും ആര്യന്മാരായ ശത്രുവും ഇതിൽ പെടും. പത്താമത്തേത് മുൻസൂക്തത്തിലെ അന്ത്യപദ്യവും പല്ലവിയുൾക്കൊള്ളുന്നതുമാകുന്നു.

22–ാം സൂക്തം കേന്ദ്രീകരിക്കുന്നത് തികച്ചും യജ്ഞത്തിലാണ്. സോമപാനത്തിനും മൂന്നാം പദ്യത്തിൽ പേരെടുത്തു പറയുകയും അഞ്ചിലും ഏഴിലും തന്റെ ഭക്തിയിലേക്കു ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്ന വസിഷ്ഠകവിയുടെ സൂക്തങ്ങൾ കേൾക്കാനും ഇന്ദ്രൻ ക്ഷണിക്കപ്പെടുന്നു. ഇന്ദ്രനെ ഉദ്ദേശിച്ചു മത്സരിച്ചുകൊണ്ടുള്ള യജ്ഞങ്ങൾ നടക്കുന്നുണ്ടെന്നു കവി അംഗീകരിക്കുന്നു (6–7). ഇന്ദ്രന്റെ മൂല്യം തികച്ചും അളക്കാൻ ഒരു യജ്ഞത്തിനും ആവില്ലെന്നും താൻ അംഗീകരിക്കുന്നു (8–9). ഈ കാര്യത്തിൽ വസിഷ്ഠന്റെ വിനയം തീർച്ചയായും അംഗീകരിക്കത്തക്കതാണ്.

വസിഷ്ഠൻ സ്വയം സംബോധന ചെയ്തുകൊണ്ട് ഇന്ദ്രനെ സ്തുതിക്കാൻ ഉദ്ബോധിപ്പിക്കുന്നതോടുകൂടി 23–ാം സൂക്തം തുടങ്ങുന്നു. അവസാനിക്കുന്നത് സൂക്തസംഗ്രഹപദ്യത്തോടുകൂടി (6). അതിൽ വസിഷ്ഠന്മാർ ഇന്ദ്രനെ സ്തുതിക്കുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങൾ മത്സരാർഥികളായ രണ്ടു കവികൾ തമ്മിൽ മത്സരിക്കുന്ന വാങ്മത്സരത്തിന്റെ സന്ദർഭം സ്ഥാപിക്കുന്നതായി തോന്നുന്നു. എങ്കിലും, ഈ മത്സരം സൂക്തത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ പ്രാധാന്യം വരിക്കുന്നില്ല. പ്രധാനമായ പ്രമേയം സോമയജ്ഞംതന്നെയാണ് (സോമകണങ്ങൾ, 5; വാഗ്രൂപമായ ഹവിസ്സുകൾ, 1–4). ഇന്ദ്രന്റെ വീരകർമങ്ങളുടെയും ശക്തികളുടെയും സ്തുതി ഒന്നാം പദ്യത്തിലെ ഒന്നാം പാദത്തിലും മൂന്നാം പദ്യത്തിന്റെ ഉത്തരാർധത്തിലും ഒതുങ്ങുന്നു. മൂന്നാം പദ്യത്തിലെ നാലാം വരി വൃത്രവധം പരാമർശിക്കുന്നു. ആ സംഭവത്തിന്റെ പ്രത്യാഘാതം, അതായത് ജലവിമോചനം, നാലാം പദ്യം ആദ്യവരിയിൽ കാണാം. ഈ

വെള്ളം സോമത്തിൽ കലർത്തി അതിനെ പുഷ്ടിപ്പെടുത്താനാണുപയോഗിക്കുന്നത്!

തികച്ചും യജ്ഞത്തിനുള്ള ക്ഷണമായ 24-ാം സൂക്തം യാത്രാമാതൃകയോട് ഒത്തുപോകുന്നു. ഇവിടേക്കു വന്നാലും എന്ന് ഇന്ദ്രനെ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു. യജ്ഞം തയ്യാറായെന്ന് പ്രഖ്യാപിക്കുന്നു. സംതൃപ്തനായ ഇന്ദ്രനിൽനിന്ന് അവസാനപദ്യം (6) നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു.

ദാശരാജ്ഞയുദ്ധത്തിലെ നേതാവായ സുദാസ് രാജാവ് 25-ാം സൂക്തത്തിലെ മൂന്നാം പദ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. യുദ്ധത്തിന്റെയും ശത്രുതയുടെയും അന്തരീക്ഷം ഒരിക്കൽക്കൂടി കടന്നുവരുന്നു. ചിലപ്പോൾ ഞങ്ങൾ ഇന്ദ്രനോടു സംഘർഷത്തിൽ തങ്ങളുടെ ഭാഗത്തു ചേർന്നു സഹായിക്കുകയും ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യാൻ അപേക്ഷിക്കുന്നു.

26-ാമത്തെ ഈ ഹ്രസ്വസൂക്തം അന്യോന്യം മത്സരിക്കുന്നതെങ്കിലും പരസ്പരപൂരകവുമായ പല ഘടകങ്ങളുമുൾക്കൊള്ളുന്ന ഘടനയുള്ളതാണ്. ഒരു വശത്ത്, ആദ്യത്തെ രണ്ടു പദ്യങ്ങൾ പരസ്പരം പ്രതികരിക്കുന്നതും ഇന്ദ്രനുള്ള യജ്ഞത്തിൽ അവശ്യവസ്തുക്കളായ പിഴിഞ്ഞെടുക്കപ്പെട്ട സോമത്തെയും സൂക്തങ്ങളെയും സ്ഥാപിക്കുന്നതുമാകുന്നു. ഒന്നാം പദ്യം പൂർവാർധത്തിലെ ഇരട്ടനിഷേധം സവിശേഷം ശ്രദ്ധേയം. അവസാനത്തെ രണ്ടു പദ്യങ്ങൾ (4–5) പരസ്പരപ്രതികരണാത്മകങ്ങളാണ്. രണ്ടും “ഏവാ” എന്നു തുടങ്ങുന്നു. മൂന്നാം പദ്യം മറ്റു പദ്യങ്ങളിൽനിന്നു വിരുദ്ധമായി നില കൊള്ളുന്നു. ഇതിൽ മാത്രമാണ് ഇന്ദ്രന്റെ വീരകർമങ്ങൾ വർണിക്കുന്നത്. സപത്നിമാർ ഭർത്താവിനെന്നപോലെ കോട്ടകൾ ഇന്ദ്രനു കീഴ്വഴങ്ങുന്നുവെന്ന ഈ പദ്യത്തിലെ ഉപമ മനോഹരമത്രേ. ശരിയായ സ്തുതികാവ്യത്തിന്റെ ഉദാഹരണമാണ് ഇന്ദ്രനെപ്പറ്റിയുള്ള ഇതിലെ ഈ ഒരേയൊരു പദ്യം. 1–5 പദ്യങ്ങളും 2–4 പദ്യങ്ങളും തമ്മിലുള്ള വൈരുധ്യവും ശ്രദ്ധിക്കാം.

27-ാം സൂക്തം ഇന്ദ്രനിൽനിന്നു ഭൗതികവസ്തുക്കൾ സ്വീകരിക്കാനുദ്ദേശിച്ചുള്ളതാണ്. ഇവിടെ മഘ–മഘവ–രാധഃ–ശബ്ദങ്ങളുടെ ആധിക്യം കാണാം. പാരിതോഷികവും കൊള്ളമുതലുമായി ബന്ധപ്പെട്ട പദങ്ങളാണല്ലോ ഇവ. തനിക്കുള്ള സ്തുതിയും യജ്ഞവുമാണ് ഈ ദാനത്തിനു പ്രേരകം. സൈനികമാണ് ഇത്തരം ഇന്ദ്രസൂക്തങ്ങളിൽ സാമാന്യമായി വരുന്ന സന്ദർഭം. ഇന്ദ്രൻ തങ്ങളുടെ ഭാഗത്തു ചേരുന്നതായി നാലാം പദ്യത്തിൽ കാണുന്നു. യുദ്ധത്തിൽ ഇരുവശത്തുമുള്ളവരെന്നപോലെ, ഒന്നിലധികം യജമാനന്മാർ തങ്ങളുടെ യജ്ഞത്തിലേക്കു വരുന്നതിനും ഇന്ദ്രനെ വിളിക്കും. വലകഥാസൂചനയോടെ പശുക്കളെ തടവിലാക്കുന്നതും ഈ സൂക്തത്തിലെ ഒരു പ്രമേയമായി വായിക്കാം. അന്തിമമായ അഞ്ചാം പദ്യത്തിൽ ഇന്ദ്രനോട് സമ്പത്തിനു വിശാലമായ സ്ഥലം തരാനുള്ള അപേക്ഷ കാണാം.

ഈ പരമ്പരയിലെ മറ്റൊരു സൂക്തമായ 28-ലെ പ്രമേയം യജമാനന്മാർ തമ്മിലുള്ള കിടമത്സരമാണ്. ആദ്യത്തെ പദ്യം, മറ്റുള്ളവർ വിളിക്കുന്നുണ്ടെങ്കിലും, തങ്ങളുടെ വിളി മാത്രമേ ശ്രദ്ധിക്കാവൂ എന്ന് ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. രണ്ടാം പദ്യം തങ്ങളുടെ അടുത്തേക്കു വരത്തക്കവിധം മറ്റുള്ളവരുടെ വിളി അവഗണിക്കാനുള്ള ശക്തി ഇന്ദ്രനുണ്ടെന്ന് വ്യക്തമാക്കുന്നു. രണ്ടാം പദ്യത്തിന്റെ ഉത്തരാർധവും മൂന്നാം പദ്യവും ഇന്ദ്രന്റെ മഹത്തായ വീരകർമങ്ങളിലേക്കു തിരിയുന്നു. ഈ ഖണ്ഡം പദലീലയിലൂടെ ആദ്യപദ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലാം പദ്യം ഈ ഇന്ദ്രസൂക്തത്തിൽ നിരീക്ഷകനും മനുഷ്യരുടെ പെരുമാറ്റത്തിന്റെ വിധികർത്താവെന്ന നിലയ്ക്കും വരുണന്റ ഇടപെടൽകൊണ്ടു ശ്രദ്ധേയമാകുന്നു. വസിഷ്ഠന്റെ പരദേവതയാണല്ലോ വരുണൻ. അന്യഥാ ഇന്ദ്രസൂക്തത്തിൽ വരുണൻ വരാനിടയില്ല. അന്തിമപദ്യം (5) പല്ലവി. ഈ ഇന്ദ്രസൂക്തത്തിൽ വരുണനാണ് അവസാനവാക്കെന്നു തോന്നും.

പല പ്രകാരത്തിലും 29-ാം സൂക്തം സോമത്തിലേക്കുള്ള ഋജുവായ ഒരു ക്ഷണമാണെങ്കിലും ഇന്ദ്രൻ തങ്ങളുടെ യജ്ഞത്തെ വരിക്കുമോ എന്ന ഉൽക്കണ്ഠ സൂക്തത്തിലുടനീളം കാണാം. ഇത് ഈ ഇന്ദ്രവൃത്തിലെമറ്റു സൂക്തങ്ങളുടെയും സവിശേഷതയത്രേ. ആദ്യത്തെ രണ്ടു പദ്യങ്ങൾ യാത്രാ/ക്ഷണസൂക്തജനുസ്സുകളിലുള്ള പതിവുവാചകങ്ങളുടെ സഞ്ചയമാണെന്നു പറയാം. മൂന്നാം പദ്യത്തിൽ, പക്ഷേ, കവി ഏറ്റവും നല്ല യജ്ഞസേവനമാർഗമേതെന്നു വേവലാതിപ്പെടുന്നു. നാലിൽ പൂർവകവികളും തങ്ങളിൽനിന്നു വ്യത്യസ്തരായിരുന്നില്ലന്ന് എടുത്തുപറയുന്നു.

30-ാം സൂക്തം വീണ്ടും സൈനികവും മത്സരാത്മകവുമായ ചൈതന്യം പ്രകടിപ്പിക്കുന്നു. പ്രത്യേകിച്ച് രണ്ടാം പദ്യത്തിൽ. മുൻപൊരു സൂക്തത്തിൽ വരുണനെ അവതരിപ്പിച്ചതുപോലെ, ഈ ഇന്ദ്രസൂക്തത്തിൽ അഗ്നിയെ അവതരിപ്പിക്കുന്നു (3). അഗ്നിയുടെയും ഉഷസ്സുകളുടെയും സംയോജനം പ്രാതർയജ്ഞത്തെ സൂചിപ്പിക്കുന്നു. പദ്യം 4-ലെ രക്ഷിതാക്കളെക്കുറിച്ചുള്ള സ്തുതി യജ്ഞത്തിൽ രക്ഷിതാക്കൾ പുരോഹിതന്മാർക്കും കവികൾക്കും ദക്ഷിണ വിതരണം ചെയ്യുന്നതിനെ പരാമർശിക്കുന്നു.

പന്ത്രണ്ടു പദ്യങ്ങളുള്ള 31-ാം സൂക്തം തൃചങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. പക്ഷേ സൂക്തമാകെ ഒരേകകമായി ഭാവന ചെയ്യപ്പെട്ടതായി തോന്നുന്നു. പുരോഹിതസഖാക്കളോടുള്ള കവിയുടെ സംബോധനയോടെ സൂക്തം തുടങ്ങുന്നു (1). തുടർന്നു കവിയുടെ ആത്മസംബോധന. തന്റെയും സുഹൃത്തുക്കളുടെയും സംയുക്തോല്പന്നമെന്ന നിലയിൽ പരാമർശിക്കപ്പെടുന്നു (2). അവസാനത്തെ തൃചവും, ഇതുപോലെ, കവി പുരോഹിതന്മാരെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു (10). കവിയും കൂട്ടുകാരും ഇടയ്ക്കിടെ ഇന്ദ്രനെ സ്തുതിക്കുന്ന മരുത്തുക്കളോട് ഉപമിക്കപ്പെടുന്നുണ്ട് (2, 8, 12).

ഏഴാം മണ്ഡലത്തിലെ ഇന്ദ്രവൃത്തത്തിലെ ഈ അന്തിമസൂക്തം (32) പ്രഗാഥകളുടെ അയഞ്ഞ ഒരു സമാഹാരമാണ്. ആദ്യത്തെ പ്രഗാഥ ഇരുവരിവ്യാപ്തിയുള്ളത് (3). പദ്യജോടികളിൽപ്പോലും സംഹിതത്വം കുറവാണ്. പക്ഷേ,

മാർ ഭർത്താവിനെന്നപോലെ കോട്ടകൾ ഇന്ദ്രനു കീഴ്വഴങ്ങുന്നുവെന്ന ഈ പദ്യത്തിലെ ഉപമ മനോഹരമത്രേ. ശരിയായ സ്തുതികാവ്യത്തിന്റെ ഉദാഹരണമാണ് ഇന്ദ്രനെപ്പറ്റിയുള്ള ഇതിലെ ഈ ഒരേയൊരു പദ്യം. 1–5 പദ്യങ്ങളും 2–4 പദ്യങ്ങളും തമ്മിലുള്ള വൈരുധ്യവും ശ്രദ്ധിക്കാം.

27–ാം സൂക്തം ഇന്ദ്രനിൽനിന്നു ഭൗതികവസ്തുക്കൾ സ്വീകരിക്കാനുദ്ദേശിച്ചുള്ളതാണ്. ഇവിടെ മഘ–മഘവ–രാധഃ–ശബ്ദങ്ങളുടെ ആധിക്യം കാണാം. പാരിതോഷികവും കൊള്ളമുതലുമായി ബന്ധപ്പെട്ട പദങ്ങളാണല്ലോ ഇവ. തനിക്കുള്ള സ്തുതിയും യജ്ഞവുമാണ് ഈ ദാനത്തിനു പ്രേരകം. സൈനികമാണ് ഇത്തരം ഇന്ദ്രസൂക്തങ്ങളിൽ സാമാന്യമായി വരുന്ന സന്ദർഭം. ഇന്ദ്രൻ തങ്ങളുടെ ഭാഗത്തു ചേരുന്നതായി നാലാം പദ്യത്തിൽ കാണുന്നു. യുദ്ധത്തിൽ ഇരുവശത്തുമുള്ളവരെന്നപോലെ, ഒന്നിലധികം യജമാനന്മാർ തങ്ങളുടെ യജ്ഞത്തിലേക്കു വരുന്നതിനും ഇന്ദ്രനെ വിളിക്കും. വലകഥാസൂചനയോടെ  പശുക്കളെ തടവിലാക്കുന്നതും ഈ സൂക്തത്തിലെ ഒരു പ്രമേയമായി വായിക്കാം. അന്തിമമായ അഞ്ചാം പദ്യത്തിൽ ഇന്ദ്രനോട് സമ്പത്തിനു വിശാലമായ സ്ഥലം തരാനുള്ള അപേക്ഷ കാണാം.

ഈ പരമ്പരയിലെ മറ്റൊരു സൂക്തമായ 28–ലെ പ്രമേയം യജമാനന്മാർ തമ്മിലുള്ള കിടമത്സരമാണ്. ആദ്യത്തെ പദ്യം, മറ്റുള്ളവർ വിളിക്കുന്നുണ്ടെങ്കിലും, തങ്ങളുടെ വിളി മാത്രമേ ശ്രദ്ധിക്കാവൂ എന്ന് ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. രണ്ടാം പദ്യം തങ്ങളുടെ അടുത്തേക്കു വരത്തക്കവിധം മറ്റുള്ളവരുടെ വിളി അവഗണിക്കാനുള്ള ശക്തി ഇന്ദ്രനുണ്ടെന്ന് വ്യക്തമാക്കുന്നു. രണ്ടാം പദ്യത്തിന്റെ ഉത്തരാർധവും മൂന്നാം പദ്യവും ഇന്ദ്രന്റെ മഹത്തായ വീരകർമങ്ങളിലേക്കു തിരിയുന്നു. ഈ ഖണ്ഡം പദലീലയിലൂടെ ആദ്യപദ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലാം പദ്യം ഈ ഇന്ദ്രസൂക്തത്തിൽ നിരീക്ഷകനും മനുഷ്യരുടെ പെരുമാറ്റത്തിന്റെ വിധികർത്താവെന്ന നിലയ്ക്കും വരുണന്റ ഇടപെടൽകൊണ്ടു ശ്രദ്ധേയമാകുന്നു. വസിഷ്ഠന്റെ പരദേവതയാണല്ലോ വരുണൻ. അന്യഥാ ഇന്ദ്രസൂക്തത്തിൽ വരുണൻ വരാനിടയില്ല. അന്തിമപദ്യം (5) പല്ലവി. ഈ ഇന്ദ്രസൂക്തത്തിൽ വരുണനാണ് അവസാനവാക്കെന്നു തോന്നും.

പല പ്രകാരത്തിലും 29–ാം സൂക്തം സോമത്തിലേക്കുള്ള ഋജുവായ ഒരു ക്ഷണമാണെങ്കിലും ഇന്ദ്രൻ തങ്ങളുടെ യജ്ഞത്തെ വരിക്കുമോ  എന്ന ഉൽക്കണ്ഠ സൂക്തത്തിലുടനീളം കാണാം. ഇത് ഈ ഇന്ദ്രവൃത്തിലെമറ്റു സൂക്തങ്ങളുടെയും സവിശേഷതയത്രേ. ആദ്യത്തെ രണ്ടു പദ്യങ്ങൾ യാത്രാ/ക്ഷണസൂക്തജനുസ്സുകളിലുള്ള പതിവുവാചകങ്ങളുടെ സഞ്ചയമാണെന്നു പറയാം. മൂന്നാം പദ്യത്തിൽ, പക്ഷേ, കവി ഏറ്റവും നല്ല യജ്ഞസേവനമാർഗമേതെന്നു വേവലാതിപ്പെടുന്നു. നാലിൽ പൂർവകവികളും തങ്ങളിൽനിന്നു വ്യത്യസ്തരായിരുന്നില്ലന്ന് എടുത്തുപറയുന്നു.

30–ാം സൂക്തം വീണ്ടും സൈനികവും മത്സരാത്മകവുമായ ചൈതന്യം പ്രകടിപ്പിക്കുന്നു. പ്രത്യേകിച്ച് രണ്ടാം പദ്യത്തിൽ. മുൻപൊരു സൂക്തത്തിൽ വരുണനെ അവതരിപ്പിച്ചതുപോലെ, ഈ ഇന്ദ്രസൂക്തത്തിൽ അഗ്നിയെ അവതരിപ്പിക്കുന്നു (3). അഗ്നിയുടെയും ഉഷസ്സുകളുടെയും സംയോജനം പ്രാതർയജ്ഞത്തെ സൂചിപ്പിക്കുന്നു. പദ്യം 4–ലെ രക്ഷിതാക്കളെക്കുറിച്ചുള്ള സ്തുതി യജ്ഞത്തിൽ രക്ഷിതാക്കൾ പുരോഹിതന്മാർക്കും കവികൾക്കും ദക്ഷിണ വിതരണം ചെയ്യുന്നതിനെ പരാമർശിക്കുന്നു.

പന്ത്രണ്ടു പദ്യങ്ങളുള്ള 31–ാം സൂക്തം തൃചങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. പക്ഷേ സൂക്തമാകെ ഒരേകകമായി ഭാവന ചെയ്യപ്പെട്ടതായി തോന്നുന്നു. പുരോഹിതസഖാക്കളോടുള്ള കവിയുടെ സംബോധനയോടെ സൂക്തം തുടങ്ങുന്നു (1). തുടർന്നു കവിയുടെ ആത്മസംബോധന. തന്റെയും സുഹൃത്തുക്കളുടെയും സംയുക്തോല്പന്നമെന്ന നിലയിൽ പരാമർശിക്കപ്പെടുന്നു (2). അവസാനത്തെ തൃചവും, ഇതുപോലെ, കവി പുരോഹിതന്മാരെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു (10). കവിയും കൂട്ടുകാരും ഇടയ്ക്കിടെ ഇന്ദ്രനെ സ്തുതിക്കുന്ന മരുത്തുക്കളോട് ഉപമിക്കപ്പെടുന്നുണ്ട് (2, 8, 12).

ഏഴാം മണ്ഡലത്തിലെ ഇന്ദ്രവൃത്തത്തിലെ ഈ അന്തിമസൂക്തം (32) പ്രഗാഥകളുടെ അയഞ്ഞ ഒരു സമാഹാരമാണ്. ആദ്യത്തെ പ്രഗാഥ ഇരുവരിവ്യാപ്തിയുള്ളത് (3). പദ്യജോടികളിൽപ്പോലും സംഹിതത്വം കുറവാണ്. പക്ഷേ, സൂക്തത്തിലുടനീളം ഏകീഭാവത്തോടെയുള്ള ഒരു പ്രമേയമുണ്ട്: ഇന്ദ്രന്റെ ഉദാരമായ ദാനവും ഞങ്ങളുടെ നന്ദിപൂർവകമായ സ്വീകരണവും. ഇന്ദ്രസൂക്തത്തിൽപ്പോലും ഇതത്ര പതിവില്ലാത്തതാണ്. മാത്രമല്ല, ഇവിടെ നാം തേടുന്ന ഇന്ദ്രദാനം കൂടാതെ, അവൻ മനുഷ്യരെയും രക്ഷിതാക്കളെയും ദാനവും മറ്റു സഹായങ്ങൾ ചെയ്തും അവരുടെ കാര്യത്തിൽ അനുകൂലമായി പ്രതികരിക്കുന്നതും പ്രതിപാദിക്കുന്നു (7, 8, 10, 15). ഏറെ വിളിക്കപ്പെടുന്ന ഇന്ദ്രൻ  മറ്റു യജ്ഞങ്ങളെ മറികടന്ന് തന്റെ യജ്ഞത്തിൽ സന്നിഹിതനാകുമോ എന്ന ഉൽക്കണ്ഠ ആദ്യപദ്യം, പതിവുപോലെ, പങ്കുവെക്കുന്നു. ഈ ഇന്ദ്രവിശേഷണം 17, 20, 26 എന്നിങ്ങനെ പലകുറി ആവർത്തിക്കുന്നതു കാണാം. സൂക്തത്തിൽ വിസ്തരിക്കുന്ന യജ്ഞവിവരണം ഇന്ദ്രന്റെ സംശയത്തെ വർധിപ്പിക്കുമാറുള്ളതാണ്. ഈ സൂക്തത്തിൽ ഇന്ദ്രൻ പരമോന്നതനത്രേ. 27 പദ്യങ്ങളിൽ ഒന്നിലൊഴികെ മറ്റു ദേവതകളാരും പരാമർശിക്കപ്പെടുന്നില്ല. ആ ഒന്നിലാകട്ടെ (10) ഇന്ദ്രന്റെ സഹയാത്രികരായ മരുത്തുക്കളാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്.

വസിഷ്ഠം–ഇന്ദ്രവൃത്തത്തിന്റെ ഏറ്റവുമൊടുവിൽ വരുന്ന 33–ാമത്തെ പ്രശസ്തസൂക്തം വസിഷ്ഠന്റെ നിഗൂഢമായ ജന്മവും വസിഷ്ഠന്റെയും പിന്മുറക്കാരുടെയും നേട്ടങ്ങളും, പ്രത്യേകിച്ച് രാജാവായ സുദാസ്സിനെ ഇന്ദ്രന്റെ വശത്തേക്ക് ആകർഷിക്കുന്നതും ദാശരാജ്ഞയുദ്ധത്തിൽ ഇന്ദ്രന്റെ പിന്തുണ ഉറപ്പിക്കുന്നതും, വിവരിക്കുന്നു. *അനുക്രമണി*യനുസരിച്ചുള്ള മേൽച്ചേർത്ത സൂക്തകർത്തൃവിഭജനം ശരിയല്ലെന്നാണ് ജാമിസൺ–ന്റെ അഭിപ്രായം. അവരുടെ പക്ഷത്തിൽ ഇങ്ങനെയാണ് വേണ്ടത്: സൂക്തം 1–6, 7–9, 10–14 എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെടുന്നു.

ആദ്യത്തെ ആറു പദ്യങ്ങൾ വസിഷ്ഠൻ ഇന്ദ്രനെ വിജയകരമായി തന്റെ സോമയജ്ഞത്തിലേക്കു ക്ഷണിക്കുന്നതും തത്ഫലമായി ഇന്ദ്രൻ ദാശരാജ്ഞയുദ്ധത്തിൽ സുദാസ്സിനെയും തൃത്സുക്കളെയും സഹായിക്കുന്നതും പ്രതിപാദിക്കുന്നു. 1–4 പദ്യങ്ങളുടെ വക്താവുതന്നെ ഇന്ദ്രനാണ്. അടുത്ത ഭാഗം മൂന്ന് എന്ന സംഖ്യയെ അടിസ്ഥാനമാക്കിയുള്ള മൂന്നു പ്രഹേളികകളുൾക്കൊള്ളുന്നതാണ്. ഈ പ്രഹേളികകളുടെ പരിഹാരത്തെപ്പറ്റി അഭിപ്രായഭേദങ്ങളുണ്ടാവാം. വസിഷ്ഠന്റെ അമ്മ അപ്സരസ്സായ ഉർവശിയും അച്ഛൻ മിത്രാവരുണനുമാണ്. ഈ വിവരണങ്ങളിലൊക്കെ അവ്യക്തത കാണാം.

അയഞ്ഞ ഘടനയിലുള്ള 34–ാം സൂക്തത്തിൽ യജ്ഞത്തെ സംബന്ധിച്ചും (1, 4–5, 8–9) പ്രത്യേകദേവന്മാരെ സംബന്ധിച്ചുമുള്ള പദ്യങ്ങൾ ഇടകലർന്നുവരുന്നു. സൂക്തത്തിന്റെ ആദ്യഭാഗങ്ങളിൽ ദേവന്മാർക്കുള്ള പദ്യങ്ങൾ പ്രഹേളികാരൂപത്തിലുള്ളവയും ദേവനാമങ്ങൾ പറയാത്തവയുമാണ്: ഇന്ദ്രൻ (3), സവിതാവ് (4), അഗ്നി (7). പക്ഷേ, സൂക്തം മുന്നോട്ടു പോകുമ്പോൾ (10–11), വരുണൻ തൊട്ട് ദേവന്മാരും ദിവ്യശക്തികളും നിർവചിക്കപ്പെടുന്നു. ഈ ഭാഗത്ത് അഹി ബുധ്ന്യൻ (16–17) തുടങ്ങിയ അപ്രധാനദേവന്മാരാണ് പ്രധാനമായി വരുന്നത് – 23–ാം പദ്യംവരെ. ഇടയ്ക്കിടെ ശത്രുക്കൾക്കും ദേഹോപദ്രവത്തിനുമെതിരായി സഹായത്തിനഭ്യർഥിക്കുന്ന ഭാഗങ്ങളും ധാരാളമുണ്ട് (12–13, 18–19). അവസനത്തെ രണ്ടു പദ്യങ്ങളിൽ, സവിശേഷതകളെടുത്തു പറയാതെ, പല പ്രധാനദേവതകളെയും വിളിക്കുന്നു. വെള്ളത്തിന്റെ പ്രമേയം സൂക്തത്തിലുടനീളം നിഴലാട്ടം നടത്തുന്നുണ്ടെന്ന് എടുത്തു പറയേണ്ടതുണ്ട്.

ഏറെക്കുറെ മടുപ്പുളവാക്കുന്ന 35–ാം സൂക്തത്തിലെ ആദ്യത്തെ 13 പദ്യങ്ങൾ ഒരു ദേവനെയോ ദേവന്മാരെയോ ശക്തിയെയോ യജ്ഞഘടകത്തെയോ വിവരിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (14–15) വിവിധസംഘങ്ങളിലുള്ള ദേവന്മാരോട് സ്തുതി ആസ്വദിക്കാനും തങ്ങൾക്കു സ്ഥലം നൽകാനും അപേക്ഷിക്കുന്നു.

പല വിശ്വേദേവസൂക്തങ്ങളിലുമെന്നപോലെ, 36–ാം സൂക്തം ഓരോ ദേവതയ്ക്കും അഥവാ ഓരോ ദേവസംഘത്തിനും ഓരോ പദ്യം നീക്കിവെക്കുന്നു. മിക്കവരുടെയും പേരു പറഞ്ഞിട്ടുണ്ട്. ചിലരുടേത് പറഞ്ഞിട്ടില്ലെങ്കിലും വിവരണംകൊണ്ട് സ്പഷ്ടമാണ്. വളരെക്കുറച്ചുമാത്രം പദ്യങ്ങൾ സുതാര്യമല്ല. സൂര്യൻ (1), മിത്രൻ, വരുണൻ (2), രുദ്രൻ (5), നദികൾ (6), മരുത്തുക്കളും അമ്മയും (7), അരമതി, പൂഷാവ്, ഭഗൻ (8), മരുത്തുക്കളും വിഷ്ണുവും (9). മറ്റുള്ളവയുടെ വ്യാഖ്യാനത്തിൽ അഭിപ്രായവ്യത്യസങ്ങളുണ്ട്. യജ്ഞത്തിലൂടെയുള്ള കാലക്രമപുരോഗതിയുടെ അടിസ്ഥാനത്തിലും ഈ സൂക്തത്തെ വ്യാഖ്യാനിക്കാം. ഒന്നാം പദ്യത്തിൽ പ്രഭാതത്തിൽ അഗ്നി ജ്വലിപ്പിക്കപ്പെടുകയും യജ്ഞഭൂമിയിൽ യജ്ഞവചസ്സ് ഉച്ചരിക്കപ്പെടുകയും ചെയ്യുന്നു. സൂക്തം രണ്ടാം പദ്യത്തിലും സോമമൊരുക്കൽ മൂന്നാം പദ്യത്തിലും പരാമർശിക്കുന്നു. അടുത്ത പദ്യത്തിൽ ഇന്ദ്രനെ തന്റെ കുതിരകളോടുകൂടി യജ്ഞത്തിലേക്കു വരാൻ ക്ഷണിക്കുന്നു. ആറാം പദ്യത്തിൽ ശരിക്കുള്ള യജ്ഞം. ഈ മാതൃകയിൽ നദികളുടെ വിവരണം (6) ചേരുന്നില്ല. അത് സോമത്തണ്ടിൽ ചേർക്കാനുള്ളതോ മറ്റേതെങ്കിലും ആവശ്യത്തിനുള്ളതോ ആയ വെള്ളത്തെപ്പറ്റിയാവാം. അവസാനത്തെ മൂന്നു പദ്യങ്ങൾ (7–9) സമ്പത്തിനും പ്രജകൾക്കുമായി വിവിധദേവതകളോടുള്ള അഭ്യർഥനയാണ്.

37–ാം സൂക്തം സാങ്കേതികമായി വിശ്വേദേവന്മാർക്കാണ് സമർപ്പിക്കപ്പെട്ടതെങ്കിലും ഋഭുക്കളും (1–2) ഇന്ദ്രനും (3–7) മാത്രമാണ് ശരിക്കും സമർപ്പിക്കപ്പെട്ടിരിക്കുന്നത്. അന്തിമപദ്യം (8) സവിതാവിനെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്. ഇന്ദ്രന് ഋഭുക്കളുമായുള്ള ബന്ധം യജ്ഞത്തിലെ തൃതീയസവനസന്ദർഭത്തിലാണ്. അതിൽ ഹവിസ്സിൽ ഋഭുക്കൾക്കും ഹവ്യാംശമുണ്ട്. സവിതാവ് സായംകാലവുമായി ബന്ധപ്പെട്ട ദേവതയാകയാൽ അവന്റെ സാന്നിധ്യം ഉചിതവുമാണ്. ആദ്യത്തെ നാലു പദ്യങ്ങൾ യജ്ഞത്തെ സംബന്ധിക്കുന്നു: ദേവന്മാർ വരുന്നു, ഒന്നിച്ചു കുടിക്കുന്നു, യജമാനനും രക്ഷിതാക്കൾക്കും ദാനങ്ങൾ നൽകുന്നു. നാലാം പദ്യത്തിൽ സംഘഗാനത്തോടെ ഇന്ദ്രനെ യാത്രയയയ്ക്കുന്നു. അടുത്ത പദ്യങ്ങളിൽ രംഗം മാറുന്നു. 5–6 പദ്യങ്ങളിൽ തങ്ങൾക്കു കൂടുതൽ അതിർത്തിപ്രദേശങ്ങൾ നേടാൻ സഹായിച്ചതിന് ഇന്ദ്രനെ സ്തുതിക്കുന്നു. 7–ാം പദ്യം പല വ്യാഖ്യാനങ്ങൾക്കും വഴി തെളിച്ചിട്ടുള്ളതാണ്.

38–ാം സൂക്തത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങളിൽ സവിതാവാണ് മുഖ്യദേവത. അവൻ തന്റെ രൂപം ഉയർത്തിപ്പിടിച്ചും തന്റെ ശക്തി പ്രദർശിപ്പിച്ചും കൊണ്ട് മറ്റുള്ളവയെ പ്രേരിപ്പിക്കുന്നു. മൂന്നാം പദ്യത്തിൽ വസുക്കൾ എന്നറിയപ്പെടുന്ന ദേവസംഘവും 4–ൽ അദിതിയും ആദിത്യനും അവനെ സ്തുതിക്കുന്നു. പദ്യം അഞ്ചിൽ ധാരാളം ലഘുദേവതകളെ കാണാം. പലപ്പോഴുമെന്നപോലെ, നാം തേടുന്ന സാധനങ്ങൾ വിതരണം ചെയ്യുന്ന ഭഗൻ സവിതാവിനോടൊപ്പമാണ് സ്തുതിക്കപ്പെടുന്നത് (1–6). അവസാനത്തെ രണ്ടു പദ്യങ്ങൾ (7–8) സമ്മാനജേതാക്കളെ സംബന്ധിക്കുന്നവയത്രേ. പൊതുവിൽ വാജിശബ്ദം കുതിരകളെക്കുറിക്കുന്നതാണെങ്കിലും ഇവിടെ, യജ്ഞസന്ദർഭമാകയാൽ, മരുത്തുക്കളാണ് വിവക്ഷിതമനെന്നാണ് മിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നത്.

39–ാം സൂക്തത്തിന്റെ ഘടനാതത്വം യജ്ഞാഗ്നിയും അത് ആധ്യക്ഷ്യം വഹിക്കുന്ന പ്രാതഃസവനവുമത്രേ. ഒന്നാം പദ്യത്തിൽ യജ്ഞം തുടങ്ങുന്നു. യജ്ഞഭൂമിയിൽ ദേവന്മാർ പ്രഭാതത്തിൽ സമ്മേളിക്കുന്നു (2–3). അഗ്നിയോട് യജ്ഞമനുഷ്ഠിക്കാനും (4) വിവിധദേവന്മാരെ അതിലേക്കു വരുത്താനും (5) ഉദ്ബോധിപ്പിക്കുന്നു. കവി യജ്ഞത്തിനു തന്റെ സംഭാവന പ്രഖ്യാപിക്കുകയും അഗ്നിയോട് ഉചിതമായ പ്രതിഫലങ്ങൾക്കു ചോദിക്കുകയും ചെയ്യുന്നു (6). അന്തിമപദ്യം (7) വസിഷ്ഠന്മാരുടെ പേരിൽ സൂക്താശയങ്ങളുടെ സംഗ്രഹണം നടത്തുന്നു.

സമ്പത്തിന്റെ വിതരണമാണ് 40–ാം സൂക്തത്തിന്റെ വിഷയം. പല ദേവന്മാർ അതു ക്രമപ്രകാരം ഭംഗിയായി നിർവഹിക്കുന്നു. ഒന്നാം പദ്യത്തിൽ ഇത് സവിതാവും ഭഗനും തുടങ്ങുന്നു. നിധി ഭാഗിക്കുന്നത് ഇവർ രണ്ടുപേരുമാണെന്നു നാം മുൻപ് (7. 38) കണ്ടുവല്ലോ. ഇവിടെ വൈവിധ്യവും വൈപുല്യവുമാർന്ന് ദേവന്മാരുടെ ഈ സമ്പദ്വിത

രണം ഹൃദയഹാരിയായിരിക്കുന്നു. ദേവന്മാർ മറ്റു സഹായങ്ങൾ ചെയ്യുന്നതും വിവരിക്കുന്നുണ്ട് (3–4).

മുൻസൂക്തത്തിലെപ്പോലെ, 41–ാം സൂക്തവും വിതരണംകൊണ്ടുള്ള ഞങ്ങളുടെ സമ്പാദനത്തിനു നീക്കിവെച്ചിരിക്കുന്നു. പക്ഷേ, ഇവിടെ വിതരണം മിക്കവാറും ഭഗനുതന്നെയാണ്. ഭഗന് ഭാഗമെന്നർഥമാണല്ലോ. പ്രഭാതത്തിലെ വിവിധദേവതകളെ വിളിച്ചുകൊണ്ടാണ് സൂക്തം തുടങ്ങുന്നതെങ്കിലും (1) തുടർന്നുള്ള നാലു പദ്യങ്ങൾ (2–5) ഭഗനെയാണ്  സനിഷ്കർഷം സംബോധന ചെയ്യുന്നത്. സൂക്തത്തിന്റെ പ്രാതഃകാലസന്ദർഭം അവസാനത്തെ രണ്ടു പദ്യങ്ങളിൽ (6–7) തിരിച്ചുവരുന്നു. തങ്ങളോടൊപ്പം ഭഗനെ കൊണ്ടുവരുന്ന ഉഷസ്സുകളെ സംബന്ധിക്കുന്നവയാണവ. അന്തിമപദ്യം (7) ഭഗനെ പരാമർശിക്കുന്നില്ല. ഇത് പിന്നീട് ഒരുഷഃസൂക്തത്തിൽ കാണുന്നുണ്ട് (7. 80. 3).

7. 39 പോലെ 42–ാം സൂക്തം പ്രാതഃസോമസവനത്തെ, വിശേഷിച്ച് അതിൽ അഗ്നിയുടെ പങ്കിനെ, സംബന്ധിക്കുന്നു. സൂക്തം എല്ലാ യജ്ഞഘടകങ്ങളും തയ്യാറായെന്നു കാണിക്കുന്ന പദ്യംകൊണ്ടു തുടങ്ങുന്നു. അപ്പോൾ അഗ്നി തന്റെ ജ്വാലകളോടുകൂടി അതിനെ പ്രചോദിപ്പിക്കുന്നു (2). അത് വലുതായി വരുന്നതോടെ യജ്ഞാനുഷ്ഠാനം മുന്നോട്ടുപോകുന്നു. (3, 5). തുടർന്ന് അഗ്നി, പലപ്പോഴുമെന്നപോലെ, അതിഥിയായി വിശേഷിപ്പിക്കപ്പെടുന്നു (4). അന്തിമപദ്യം (6) കവിയായ വസിഷ്ഠന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് സൂക്താശയം സംഗ്രഹിക്കുന്നു. ഇതു വിശ്വേദേവസൂക്തമാണെങ്കിലും അഗ്നിയൊഴിച്ചു മറ്റു ദേവതകളെ അഞ്ചാം പദ്യത്തിലേ സ്മരിക്കുന്നുള്ളൂ. അവിടെ അവരെല്ലാം യജ്ഞം സ്വീകരിക്കുന്നവരത്രേ.

43–ാം സൂക്തം യജ്ഞത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 1–2 പദ്യങ്ങളിൽ അതു തുടങ്ങിക്കഴിഞ്ഞു. രണ്ടിൽ പുരോഹിതന്മാരോട് യജ്ഞം ചെയ്യാൻ ഉദ്ബോധിപ്പിക്കുന്നു. 3–4 പദ്യങ്ങളിൽ ദേവന്മാരുടെ സാന്നിധ്യം. അവരുടെ വ്യക്തിപരമായ വിവരണത്തിൽ കവി ഉദാസീനനാണ് (4). യജ്ഞകേന്ദ്രിതത്വത്തിനു ചേരുംവിധം അഗ്നിയെ മാത്രമാണ് എടുത്തു പറയുന്നത്. സ്വർഗത്തെയും ഭൂമിയെയും ഒന്നാം പദ്യത്തിൽ പരാമർശിക്കുന്നതേയുള്ളൂ. അഗ്നിയുടെ പ്രവർത്തനവും സഖ്യവും തങ്ങളുടെ ക്ഷേമത്തിനു നിർണായകമാണ്.

44–ാം സൂക്തം പ്രാതഃസവനവുമായി ബന്ധപ്പെട്ട വിവിധദേവതകളെ, സൂക്തവിഷയമായ ദധിക്രാവുൾപ്പെടെ, വിളിച്ചുകൊണ്ട് ഒന്നാം പദ്യം ആരംഭിക്കുന്നു. ദധിക്രാവ് എന്ന കുതിര എല്ലാ പദ്യങ്ങളിലും വരുന്നുണ്ട്.

45–ാമത്തെ ഈ ഹ്രസ്വസൂക്തം സാധനങ്ങളും മനുഷ്യന് ആവശ്യമുള്ളവയും നൽകുന്നവനെന്ന നിലയിൽ സവിതാവിൽ കേന്ദ്രീകരിക്കുന്നു. അവന്റെ മറ്റു സവിശേഷതകളും പരാമർശിക്കുന്നുണ്ട്. അവൻ തന്റെ സ്വർണഹസ്തങ്ങളുയർത്തുന്നതും (2) ദിവസവും വിശ്രമിപ്പിക്കുന്നതും ജംഗമലോകത്തെ പ്രേരിപ്പിക്കുന്നതും (1) സവിശേഷം വിവരിക്കുന്നു.

46–ാമത്തെ ഈ ഹ്രസ്വസൂക്തം മുഖ്യമായും രുദ്രനോട് ഹിംസിക്കാനുള്ള അവന്റെ സവിശേഷസ്വഭാവത്തെ നിയന്ത്രിക്കാനും അവന്റെ ശമനൗഷധിയും സഹായപൂർണമായ ദാനങ്ങളും പരാമർശിക്കുന്നതിലൂടെ അവ നൽകണമെന്നു സൂചിപ്പിക്കുകയും ചെയ്യുന്നു.

യജ്ഞപ്രയോഗത്തിലും സോമം തയ്യാറാക്കുന്നതിലും മുഖ്യമായുപയോഗിക്കുന്ന വെള്ളത്തെ വാഴ്ത്തുകയാണിവിടെ 47–ാം സൂക്തത്തിൽ. സോമം എന്ന പേര് വ്യക്തമായി പറഞ്ഞിട്ടില്ല. 3–4 പദ്യങ്ങളിൽ വെള്ളത്തിനു പകരം നദികളാണ് പ്രകീർത്തിക്കപ്പെടുന്നത്. പക്ഷേ, അവയുടെ ഭൗതികസവിശേഷതകൾ പരാമർശിക്കുന്നില്ല. അവ തങ്ങൾക്കു വിശാലമായ സ്ഥലം തരണമെന്ന് അവസാനപദ്യത്തിൽ അപേക്ഷയുണ്ട്. ആര്യസമുദായം നദികൾ തരണം ചെയ്യുന്നതിന്റെയും അവയെ കീഴടക്കുന്നതിന്റെയും സൂചന ഇവിടെ കാണാം.

48–ാം സൂക്തം. ഋഭു, വാജൻ, വിഭവാവ് എന്നിവരാണ് പൊതുവിൽ അറിയപ്പെടുന്ന മൂന്നു ഋഭുക്കൾ. അവർ ഇന്ദ്രന്റെ ഭാഗത്തു നിൽക്കുന്നു. ചിലപ്പോൾ ഇന്ദ്രൻ ഋഭുക്കളുടെ പതി (ഋഭുക്ഷാവ്) എന്നു വിളിക്കപ്പെടുകയും ചെയ്യാറുണ്ട്. ഋഭുക്ഷാവ് എന്ന ഈ പേര് ഋഭുവിന്റെ മറ്റൊരു വിവരണവുമാവാം. 1, 3 പദ്യങ്ങൾ ഇതിന്റെ സൂചനകളത്രേ. മൂന്നൃഭുക്കളിൽ ആരുടെയെങ്കിലും പേര് ബഹുവചനരൂപത്തിൽ വിളിക്കുകയുമാവാം. രണ്ടാം പദ്യത്തിൽ “വിഭവഃ” എന്നു പ്രയോഗിക്കുന്നുണ്ട്.

വെള്ളത്തെപ്പറ്റിത്തന്നെയുള്ള 7. 47–ൽനിന്നു വ്യത്യസ്തമായി 49–ാം സൂക്തത്തിൽ വെള്ളത്തിന്റെ ഭൗതികനിർവചനമുണ്ട്: പ്രത്യേകിച്ച് രണ്ടാം പദ്യത്തിൽ വെള്ളം എത്ര തരത്തിലുണ്ടെന്നു വിശദീകരിക്കുന്നു. ദേവീ (സ്വർഗത്തിലുള്ളത് – മഴ), സ്രവന്തീ (ഒഴുകുന്നത് – നദികൾ), ഖനിത്രിമാഃ (കുഴിച്ചെടുക്കപ്പെട്ടത് – കിണറിലുള്ളത്), സ്വയം ജാഃ (സ്വയമേവ ഉണ്ടാവുന്നത് – പൊന്തിവരുന്നത്, സമുദ്രത്തിലുള്ളത്) – ഇവയെല്ലാം സമുദ്രത്തിലേക്കൊഴുകുന്നു. പക്ഷേ, ആദ്യത്തെ മൂന്നു പദ്യങ്ങളിൽ വിവരിച്ച ഒഴുകുന്ന വെള്ളത്തിന്റെ ശുദ്ധിയും ശുദ്ധീകരണശക്തിയും അതിനു മർത്ത്യവും ഭൗതികവുമായ ഗുണം നൽകുന്നു. മൂന്നാം പദ്യത്തിൽ വരുണദേവൻ നിരീക്ഷകനും മനുഷ്യകർമങ്ങളുടെ വിധികർത്താവുമെന്ന നിലയിൽ അക്കൂട്ടത്തിലുണ്ട്.  ഇതുപോലുള്ള ഭാഗത്തുനിന്ന് വരുണൻ എങ്ങനെ വെള്ളവുമായി അടുത്തു ബന്ധപ്പെടുന്നുവെന്നു കാണാം. നാലാം പദ്യത്തിൽ യജ്ഞസാമ്രാജ്യത്തിലേക്കു വരുന്നു. സോമയജ്ഞത്തിൽ വെള്ളത്തിന്റെ ഉപയോഗം അവിടെ സൂചിപ്പിക്കുന്നു.

*ഋഗ്വേദ*ത്തിലെ ശമനൗഷധിസൂക്തങ്ങളിലൊന്നാണ് 50–ാം സൂക്തം. മുൻസൂക്തത്തിൽ അവസാനപദ്യം സഹായത്തിനു നദികളെ വിളിച്ചതുകൊണ്ട് ഈ സൂക്തം വെള്ളത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി. കാലിലെ രോഗങ്ങളെക്കുറിച്ചാണ് ഈ സൂക്തത്തിൽ പറഞ്ഞിരിക്കുന്നത്. വിവിധവിഷങ്ങൾക്കെതിരെ, വിശേഷിച്ചു സർപ്പവിഷത്തിനെതിരെയാമ്, ഇവിടെ വിവരിച്ചതെന്ന് അഭിപ്രായമുള്ളവരുമുണ്ട്.

51–ാം സൂക്തം കുറ്റമറ്റ രീതിയിൽ അനുഷ്ഠാനം നടത്തിക്കൊണ്ട് യജ്ഞത്തെ രക്ഷിക്കാൻ ആദിത്യന്മാരോടുള്ള പൊതുവായ ഉദ്ബോധനമാണ്. കുറ്റമറ്റ അവസ്ഥയെ പ്രതിനിധാനം ചെയ്യുന്ന അദിതിയുടെ മക്കളായ ആദിത്യന്മാർ തങ്ങളുടെ കടമയാണ് ഇത്തരത്തിലുള്ള ഉദ്ബോധനമെന്നു വിശ്വസിക്കുന്നു. മിത്രാവരുണന്മാർക്കും മറ്റു ദേവതാദ്വന്ദ്വങ്ങൾക്കുമുള്ള സോമഹവിരർപ്പണം രാവിലെയും ആദിത്യന്മാർക്കും മറ്റു ദേവസംഘങ്ങൾക്കുമുള്ളത് വൈകുന്നേരവുമാണ്. അവസാനപദ്യത്തിൽ പറയുന്ന ദേവന്മാർക്കു യജ്ഞദിനത്തിൽ പല നേരങ്ങളിലായാണ് ഹവിസ്സു നൽകുന്നത്. പക്ഷേ, അവിടെ വൈകുന്നേരം ഹവിസ്സു നൽകുന്ന ആദിത്യന്മാർ, വിശ്വേദേവന്മാർ, ഋഭുക്കൾ, അശ്വികൾ എന്നീ ദേവന്മാർക്കു പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. പ്രാതഃസായംകർമങ്ങൾ രണ്ടിലും ബന്ധപ്പെട്ടവരാണ് അശ്വികൾ എന്നതു ശ്രദ്ധേയം.

ഹ്രസ്വവും മിക്കവാറും പിൽക്കാലത്തു രചിക്കപ്പെട്ടതുമായ 52–ാം സൂക്തം പതിവില്ലാത്ത ധാരാളം സവിശേഷതകളുള്ളതാണ്. ആദ്യപദ്യത്തിൽ കവി തന്നെയും സുഹൃത്തുക്കളായ യജമാനന്മാരെയും സ്വയം വിശേഷിപ്പിക്കുന്നത് ആദിത്യന്മാർ (കുറ്റമറ്റ അദിതിയുടെ മക്കൾ) എന്നാണ്. രണ്ടാം പദ്യത്തിൽ തങ്ങളുടെ ഈ ഈ നിരുപദ്രവത്വം ആവർത്തിക്കുന്നു. മറ്റുള്ളവരുടെ ദുഷ്പ്രവൃത്തികൾകൊണ്ട് യജ്ഞത്തിനു വല്ല ദോഷവും വന്നാൽ അതിനു തങ്ങളെ ഉത്തരവാദികളാക്കരുതെന്നും അവർ അഭിപ്രായപ്പെടുന്നു. മൂന്നാം പദ്യത്തിൽ യജ്ഞത്തിൽ അംഗിരസ്സുകളുടെ സാന്നിധ്യത്തെപ്പറ്റി പറയുന്നു. ഇപ്പോഴത്തെ പുരോഹിതന്മാർ ഐതിഹ്യപ്രസിദ്ധരായ അംഗിരസ്സുകളുടെ മൂർത്തീഭാവങ്ങളാണെന്ന് ഇതു സൂചിപ്പിക്കുന്നു.

53–ാം സൂക്തം സ്വർഗവും ഭൂമിയും സ്തുതിവിഷയങ്ങൾ മാത്രമാണ്; ഭൗതികമായി സങ്കല്പിക്കപ്പെട്ട ശക്തികളല്ല. 1–2 പദ്യങ്ങൾ അവരുടെ പൗരാണികത്വത്തിലും കാവ്യപരമായ വാഴ്ത്തുകളുടെ പൗരാണികതയിലും ഊന്നുന്നു; മൂന്നാമത്തേത്, പതിവുപോലെ അവരുടെ ദാനങ്ങളിലും.

54–ാമത്തെ ഈ ഹ്രസ്വസൂക്തം വാസസ്ഥാനത്തിന്റെ അധിദേവതയായ വാസ്തോഷ്പതിയെ അഭിസംബോധന ചെയ്യുന്നു. ഇതു പിൽക്കാലയജ്ഞത്തിൽ ഗൃഹപ്രവേശത്തിൽ ചൊല്ലിവരുന്നു.

55–ാം സൂക്തത്തിന്റെ ആദ്യപദ്യം വാസ്തോഷ്പതിക്കു സമർപ്പിക്കുന്നു. തുടർന്നുവരുന്നത് താരാട്ടിന്റെ രീതിയിലുള്ള ഒരുറക്കുപാട്ടാണ്. വൃത്തമനുസരിച്ച് ഇതിനു രണ്ടു ഭാഗങ്ങൾ: 2–4, 5–8. പക്ഷേ, ഭാവൈക്യമുണ്ട്. 2–4 പദ്യങ്ങൾ രാത്രിയിൽ നിരീക്ഷകനായി കുരക്കുന്ന ഒരു നായയോട് ഉറങ്ങിക്കൊള്ളാൻ പറയുന്നതാണ്. ഇന്ദ്രന്റെ നായയായ സരമയുടെ പുത്രനാണ് നായ. അടുത്ത രണ്ടു പദ്യങ്ങൾ (5–6) മന്ത്രരൂപത്തിലുള്ള വീട്ടംഗങ്ങളുടെ ഒരു പട്ടികയാണ്. ഓരോരുത്തരെയും ഉറങ്ങാൻ പറഞ്ഞയയ്ക്കുകയാണ്. ഏഴാം പദ്യം ചന്ദ്രോദയത്തോടുകൂടി അവരെല്ലാം ഉറങ്ങുന്നതായി വർണിക്കുന്നു. അവസാനപദ്യം തിരിച്ചറിയപ്പെടാത്ത ഒരു പറ്റം സ്ത്രീകൾ അവിടവിടെ വീണുകിടന്നുറങ്ങുന്നതായി വിവരിക്കുന്നു. അവർ സ്വപ്നത്തിൽ പലതും പുലമ്പുന്നു. ഈ സൂക്തം പ്രസ്വാപിന്യുപനിഷത്തെന്നു വിളിക്കപ്പെടുന്നു. ആസ്വാദ്യമായൊരു ഖണ്ഡമത്രേ.

56–ാം സൂക്തത്തിന് വൃത്തമനുസരിച്ച് രണ്ടു ഭാഗങ്ങൾ: ആദ്യഭാഗം ഹ്രസ്വമായ ദ്വിപദ വിരാട്ടിലും രണ്ടാം ഭാഗം താരതമ്യേന ദീർഘമായ ത്രിഷ്ടുപ്പിലും നിബദ്ധമായിക്കുന്നു. ദേവന്മാരുടെ സംരക്ഷണത്തിനുള്ള പൊതുവായ അഭ്യർഥനയായ 7. 34 ലെ അന്തിമപദ്യം പങ്കുവെച്ചുകൊണ്ട് സൂക്തം അവസാനിക്കുന്നു. ഈ സൂക്തം മരുത്തുക്കളുടെ ജന്മത്തെയും സ്വത്വത്തെയും പറ്റിയുള്ള നാലു പദ്യങ്ങളോടെ തുടങ്ങുന്നു. പൃശ്നിയിൽനിന്നുള്ള അവരുടെ നിഗൂഢാത്മകമായ ജനനം ഇവിടെ പ്രതിപാദിക്കപ്പെടുന്നു (പ്രത്യേകിച്ച് 4). അവർ സമാനനരും വ്യത്യസ്തരുമാണെന്ന വൈരുധ്യവും ചൂണ്ടിക്കാണിക്കുന്നു.

57–ാം സൂക്തത്തിന്റെ വിഷയം മരുത്തുക്കളുടെ യജ്ഞഹവിസ്സാണ്. പക്ഷേ, മുൻസൂക്തത്തിലെപ്പോലെ, പ്രത്യേകമായ യജ്ഞസന്ദർഭമൊന്നും പറയുന്നില്ല. മരുത്തുക്കൾക്ക് യജ്ഞ“മധു” (സോമം)വിനുള്ള ക്ഷണത്തോടെ സൂക്തം തുടങ്ങുന്നു. അവർ യജ്ഞത്തിനു പുറപ്പെടുന്നു. ആതിഥ്യം സ്വീകരിച്ചുകൊണ്ട് വിശുദ്ധദർപ്പുൽവിരിപ്പിലിരുന്ന് അവർ ഹവിസ്സു സ്വീകരിക്കുന്നു (2). അഞ്ചാം പദ്യത്തിൽ യജ്ഞം വിജയകരമായി സമാപിക്കുന്നു. തുടർന്ന് അവരുടെ സഹായത്തിനും ദാനത്തിനുമുള്ള അഭ്യർഥന. അവസാനത്തെ രണ്ടു പദ്യങ്ങൾ (6–7) യജ്ഞപ്രക്രിയയുടെ സംഗ്രഹം. പദ്യം 4 ഒരു മരുത്സൂക്തത്തിൽ അധികപ്പറ്റുപോലെ അനുഭവപ്പെടുന്നു. അവരുടെ അസ്ത്രം തങ്ങളെ ഒഴിവാക്കണമെന്ന അപേക്ഷ അസാധാരണമല്ലെങ്കിലും “തങ്ങൾ വരുത്തിയ തെറ്റിന്”എന്ന പ്രയോഗം വരുണനോടോ ആദിത്യന്മാരോടോ ഉള്ള അപേക്ഷയിലാണ് സ്വാഭാവികം. വസിഷ്ഠരചിതസൂക്തമെന്ന നിലയിൽ ഈ അനൗചിത്യം ശ്രദ്ധേയമാകുന്നു. ധാർമികപ്രശ്നങ്ങളിൽ മരുത്തുക്കൾ ഇടപെടാറില്ലല്ലോ. മൂന്നാം പദ്യത്തിലെ മരുത്തുക്കളുടെ തിളങ്ങുന്ന വർണനം അതീവ ഹൃദ്യം.

കൊടുങ്കാറ്റിന്റെ മൂർത്തീഭാവങ്ങളായ മരുത്തുക്കളുടെ ഭയങ്കരമായ ശക്തിയുടെ വർണനമാണ് 58–ാം സൂക്തം. 1–2 പദ്യങ്ങളിൽ അതു തുടങ്ങുന്നുവെങ്കിലും 3–4 പദ്യങ്ങളിൽ വിഷയം കവിയെയും രക്ഷിതാക്കളെയും സഹായിക്കാനുള്ള അവരുടെ ശക്തിയിലേക്കു തിരിയുന്നു. പുരാവൃത്തശൈലിയിൽ അവർ ഇന്ദ്രനെ സഹായിക്കുന്നതായി നാലാം പദ്യം പറയുന്നു. മരുത്തുക്കളുടെ ക്രോധസാധ്യത അഞ്ചിൽ പരാമർശിക്കുന്നു. മരുത്തുക്കളുടെ അച്ഛൻ ശിക്ഷിക്കുന്നവനും ശമനൗഷധികളുടെ ഉടമയുമാണെന്ന് സൂചിപ്പിക്കുന്നു. അന്തിമപദ്യം (6) മുൻപത്തെ അഞ്ചു പദ്യങ്ങളുമുൾക്കൊള്ളുന്ന ഈ സ്തുതിസൂക്തത്തിന്റെ അനദ്യതനഭൂതത്തിലെ അനുഷ്ഠാനം പരാമർശിക്കുന്ന സംഗ്രഹമത്രേ.

59–ാം സൂക്തത്തിന്റെ ദൈർഘ്യവും വൃത്തവൈവിധ്യവും നോക്കുമ്പോൾ ഇത് (ചുരുങ്ങിയ പക്ഷം ചില പദ്യരി

ങ്ങളെങ്കിലും) മരുത്സൂക്തങ്ങൾക്കൊരനുബന്ധമായി പിന്നീട് എഴുതിച്ചേർത്തതാണെന്നു സൂചിപ്പിക്കുന്നു. ആദ്യത്തെ ആറു പദ്യങ്ങൾ ഈരണ്ടു പദ്യങ്ങളടങ്ങുന്ന മൂന്നു പ്രഗാഥകളുൾക്കൊള്ളുന്നു. ഒരു ദേവസമൂഹത്തിനും (1–2) മരുത്തുക്കൾക്കും (3–6) നൽകുന്ന യജ്ഞസേവനങ്ങളും യജമാനനു സിദ്ധിക്കുന്ന നേട്ടങ്ങളും ആദ്യപദ്യങ്ങളിൽ വിവക്കുന്നു. ഈ ആറു പദ്യങ്ങൾ കഴിഞ്ഞ അഞ്ചു മരുത്സൂക്തങ്ങളുടെ തുടർച്ചയായി മൗലികമായിത്തന്നെ ഉണ്ടായിരുന്നതാവാമെന്ന് പണ്ഡിതലോകം പൊതുവിൽ അഭിപ്രായപ്പെടുന്നു. തുടർന്നുള്ള രണ്ടു ത്രിഷ്ടുപ്പുപദ്യങ്ങൾ ഈ പ്രമേയത്തിന്റെ തുടർച്ചതന്നെയാണ് കൈകാര്യം ചെയ്യുന്നത്. അവസാനത്തെ നാലു പദ്യങ്ങൾ പ്രക്ഷിപ്തമാണെന്നു പലരും തീർത്തു പറയുന്നു. അന്തിമപദ്യം ത്ര്യംബകരുദ്രനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ദേവനുള്ള ഹവിസ്സോടെയാണ് സാകമേധം സമാപിക്കുന്നത്.

60–ാം സൂക്തത്തിലെ ആദ്യത്തെ നാലു പദ്യങ്ങളിൽ ഉദയസൂര്യൻ നല്ലതും ചീത്തയും ചെയ്യുന്ന ജനങ്ങളെ നിരീക്ഷിക്കുന്നു. ആ നിലയ്ക്ക് അവൻ മിത്രന്റെയും വരുണന്റെയും അര്യമാവിന്റെയും ദൂതനാണെന്നു പറയാം. മർത്ത്യരുടെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുകയാണല്ലോ അവരുടെ ജോലി. ആദിത്യന്മാർ തങ്ങൾ മൂർത്തീഭാവം വഹിക്കുന്ന സത്യങ്ങളെ എതിർക്കുന്നവരെ മാറ്റിനിർത്തുന്നു (5). തങ്ങളുടെ സത്യങ്ങളറിയാത്തവർക്കുപോലും അവർ മാർഗദർശനം നൽകുന്നു (6–7). ദേവന്മാരായ അവർ മിത്രാവരുണന്മാരുടെ ചാരന്മാരുമത്രേ. ആദിത്യന്മാരെ പിന്തുടരുന്നതുകൊണ്ടു നേട്ടമുണ്ടെങ്കിൽ, അങ്ങനെ ചെയ്യാതിരിക്കുന്നതുകൊണ്ട് അപകടവുമുണ്ട്. ആദിത്യന്മാരുടെ ക്രോധത്തെപ്പറ്റി കവി താക്കീതു ചെയ്യുന്നു (8). അര്യമാവിന്റെ ശത്രുത്വം (9), തങ്ങളിൽ മറഞ്ഞുനിൽക്കുന്ന ശക്തികൊണ്ട് അവർ നടത്തുന്ന രഹസ്യാക്രമണം, ഇതെല്ലാം കവിയെയും ജനങ്ങളെയും അവരുടെ മുൻപിൽ “വിറപ്പിക്കുന്നു” (10). ആദിത്യന്മാരുടെ രീതികളെ പിന്തുടരാത്തവരിൽനിന്നുള്ള അപകടം സൂക്തത്തിന്റെ രണ്ടാം പാതിയിൽ ശക്തമായി അവതരിപ്പിക്കുന്നുണ്ട്. ആദിത്യന്മാരുടെ സംരക്ഷണവും കാരുണ്യവും സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ രാജാവായ സുദാസ്സിന്റെ പേര് പ്രത്യേകം പരാമർശിക്കുന്നു (8, 9).

മുൻസൂക്തംപോലെ, 61–ാം സൂക്തവും സൂര്യോദയവർണനയോടെ തുടങ്ങുന്നു. അന്തിമപദ്യവും അതിലേതുതന്നെ. മനുഷ്യരുടെ നല്ലതും ചീത്തയുമായ പ്രവൃത്തികൾ നിരീക്ഷിക്കുന്ന മിത്രാവരുണന്മാരുടെ കണ്ണാണ് സൂര്യൻ. രണ്ടാം പദ്യത്തിൽ ഉദയസൂര്യൻ മിത്രാവരുണന്മാരോടു സൂക്തമുയർത്തുന്ന കവിയുടെ ശബ്ദമാകുന്നു. സൂര്യൻ പ്രകാശംകൊണ്ട് ലോകങ്ങൾ നിറയ്ക്കുന്നതുപോലെ, മിത്രാവരുണന്മാർ എല്ലാ ലോകങ്ങളിലും തുളച്ചുകയറുകയും അവയ്ക്കപ്പുറംപോലും പോവുകയും ചെയ്യുന്നു. പ്രജകൾ ചെയ്യുന്നതും പ്രവർത്തിക്കുന്നതുമെന്താണെന്നു ശ്രദ്ധിക്കുന്ന സമുദായങ്ങളിലേക്ക് രാജാക്കന്മാർ ദൂതന്മാരെയോ ചാരന്മാരെയോ അയയ്ക്കുന്നതുപോലെ മിത്രാവരുണന്മാരും എല്ലായിടത്തും ചാരന്മാരെ അയയ്ക്കുന്നു (3). മൂന്നാം പദ്യത്തിലെ ഈ ചാരപരാമർശം വിഷമം പിടിച്ച അഞ്ചാം പദ്യം വിശദീകരിക്കാൻ സഹായിക്കുന്നു.

രണ്ടു മുൻ സൂക്തങ്ങളിലുമെന്നപോലെ, കവി 62–ാം സൂക്തം സൂര്യോദയത്തോടെ ആരംഭിക്കുന്നു. സൂര്യൻ എല്ലാ ആര്യഗോത്രങ്ങളെയും തിളക്കുകയും സ്വർഗ–ഭൂമികളെ പ്രകാശിപ്പിക്കുകയും അതുകൊണ്ട് സ്വർഗത്തിനു തുല്യനാവുകയും ചെയ്യുന്നു (1). അശ്വങ്ങൾ അവനെ വഹിക്കുന്നു. സ്തുതികൾ മുഴങ്ങുന്നു. സ്വർഗത്തിൽനിന്നു സൂര്യൻ മനുഷ്യരുടെ കർമങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ആദിത്യന്മാരെയും അഗ്നിയെയും സാക്ഷി നിർത്തി യജമാനന്മാരുടെ നിരുപദ്രവത്വം വ്യക്തമാക്കുന്നു (2). മൂന്നാം പദ്യത്തിൽ കവി വരുണനോടും മിത്രനോടും അഗ്നിയോടും അത്യുന്നതമായ അർക്കം കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. അർക്കത്തിനു സ്തുതിക്കുപുറമെ ജ്വാല എന്നും അർഥമുണ്ട്. രണ്ടാമത്തെ അർഥം കൂടി നോക്കിയാൽ സൂര്യനെപ്പോലെ ഈ ദേവന്മാരെല്ലാം യജ്ഞലോകത്തെ പ്രകാശമാനമാക്കുന്നുവെന്നു കാണാൻ കഴിയും. നാലാം പദ്യത്തിൽ സ്വർഗം, ഭൂമി, അദിതി എന്നീ ദേവതകൾ സംബോധന ചെയ്യപ്പെടുന്നു. 5–ൽ ഇതു തുടരുന്നു. അന്തിമപദ്യത്തിൽ ഇവർ വിശാലമായ സ്ഥലമുണ്ടാക്കുകയും വരുംതലമുറകൾക്കെല്ലാം സഞ്ചാരസ്വാതന്ത്ര്യം ലഭ്യമാക്കുകയും ചെയ്യുന്നു.

7. 60–65 പരമ്പരയിലെ മറ്റു സൂക്തങ്ങളേക്കാളേക്കാൾ 63–ാം സൂക്തം ഉദയസൂര്യനിൽ കേന്ദ്രീകരിക്കുന്നു. ഇവിടെ സൂര്യൻ ആദിത്യന്മാരുടെ ദൃശ്യമായ ചിഹ്നവും മൂർത്തീഭാവവുമായിത്തീരുന്നു. അവൻ മിത്രാവരുണന്മാരുടെ കണ്ണും ഭഗനെപ്പോലെ സുഭഗനുമാകുന്നു (1). പക്ഷേ, സൂര്യൻ വിശേഷിച്ച് സവിതൃദേവനെപ്പോലെയത്രേ. സവിതാവ് പ്രേരിപ്പിക്കുന്നവനാണല്ലോ (2). സൂര്യൻ സവിതാവിന്റെ രൂപമെടുക്കുകയും (3) ജനങ്ങളെ സവിതാവ് പ്രേരിപ്പിക്കുകയും (4) ചെയ്യുന്നു. സവിതൃദേവൻ ജീവജാലങ്ങളെ രാത്രി അതതു വീടുകളിലെത്തിക്കുന്നു. സൂര്യൻ ഇവിടെ സവിതാവിന്റെ പൂരകമായി പ്രവർത്തിക്കുന്നു. അതായത്, അവരെ ദിവസേനയുള്ള ജോലികളിൽ പ്രേരിപ്പിക്കുന്നു. സൂര്യൻ എല്ലാ വൈദികജനതകളുടെയും പൊതുവായ അഗ്നിയാണ്. “മനുഷ്യർക്കു പൊതുവായ പിന്തുണ”യാണവൻ. അവൻ അവർക്കിടയിൽ സാംസ്കാരികവും രാഷ്ട്രീയം പോലുമായ ഐക്യം സൃഷ്ടിക്കുന്നു (1). ഈ “പൊതുചക്രം” (2) തിരിയുമ്പോൾ ദിവസം തുടങ്ങുന്നു; ദിനപരിപാടികൾ മുന്നോട്ടു പോകുന്നു. സവിതാവിനെ പ്രതിനിധാനം ചെയ്തുകൊണ്ട് സൂര്യൻ എല്ലാ ജനങ്ങളെയും ഭരിക്കുന്ന ചക്രം ഉയർത്തിപ്പിടിക്കുന്നു (3).

മഴയ്ക്കുവേണ്ടി ആദിത്യന്മാരോടു നടത്തുന്ന പ്രാർഥനയാണ് 64–ാം സൂക്തം. രണ്ടാം പദ്യത്തിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്. അതേ പദ്യം ശ്ലേഷച്ഛായായുക്തമാണെന്നു കാണാം. “ഘൃതവസ്ത്രം” മിത്രാവരുണന്മാർക്കു നൽകുന്ന ഹവിസ്സാണ്. അതേസമയം അത് ആദിത്യന്മാർ ഈ വെണ്ണഹവിസ്സിനു പകരം നൽകുന്ന മഴയത്രേ. നാലാം പദ്യത്തിൽ ഈ സൂക്തത്തിന്റെ രചയിതാവിന്മേൽ മിത്രാവരുണന്മാർ നെയ്യ് മഴയത്രേ ചൊരിയുന്നത്. മഴയുടെ ഫലമായി യജമാന

ന്മാരുടെ വാസസ്ഥാനങ്ങൾ അഭിവൃദ്ധിപ്പെടും. മൂന്നാം പദ്യത്തിൽ മിത്രാവരുണന്മാരോടൊപ്പം "ദേവോ അര്യഃ" (അര്യദേവൻ)സംബോധന ചെയ്യപ്പെടുന്നു. അര്യദേവൻ അര്യമാവാണെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ പരോക്ഷമായ രീതിയിൽ പറയുന്നത് അരി, അര്യൻ എന്നീ പദങ്ങൾ "അന്യ"നെക്കുറിക്കുന്നതാണെങ്കിലും ഈ "അന്യൻ" വൈദിക ജനതയിൽ പെടുന്നവനും ആര്യന്മാരുടെ സമ്പ്രദായങ്ങൾ പിന്തുടരുന്നവനും ആദിത്യന്മാരെ പിന്തുടരുന്നതുകൊണ്ട് യജ്ഞങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നവനും ഭരതവംശത്തിലെ സുദാസിനെപ്പോലും യജമാനന്മാർ സുദാസന്മാ(നല്ല ദാനം ചെയ്യുന്നവ)രാണെന്നു ബഹുമാനപൂർവം പറയുന്നവനുമാകുന്നു. പദ്യം 4 തേരിലെ ഇരിപ്പിടം ആദരാർഹമാണെന്നു പറയുന്നു. ഇവിടെ തേര് യജ്ഞമാണെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ഈ സങ്കല്പനം മറ്റിടങ്ങളിലും കാണാം.

65-ാം സൂക്തം പ്രമേയത്തിലും വാചകശൈലിയിലും മുൻ സൂക്തത്തെപ്പോലെത്തന്നെയാണ്. അന്തിമപദ്യവും അതിലേതുതന്നെ. മിത്രാവരുണന്മാരോട് മഴയ്ക്കുള്ള പ്രാർഥനതന്നെ ഇതും. അര്യമാവിനെക്കുറിച്ചുള്ള പ്രത്യക്ഷപരാമർശമില്ല. മിത്രാവരുണന്മാരെ കവി "അര്യ" (2) എന്നു സംബോധന ചെയ്യുന്നതിൽനിന്നും സമ്പ്രദായങ്ങളുടെ ദേവനെന്ന നിലയിൽ അവന്റെ ധർമ്മങ്ങളെക്കുറിച്ച് കവിയുടെ വിവരണത്തിൽനിന്നും പരോക്ഷമായ പരാമർശം കാണാം. നാലാം പദ്യം സൂക്തപ്രമേയം ഏറ്റവും വ്യക്തമായി പ്രസ്താവിക്കുന്നു. ആദ്യപാദത്തിൽ കവി ദേവന്മാർക്കു ഹവിസ്സു നൽകുന്നു. അതിൽ നെയ്യും മറ്റു യജ്ഞനൈവേദ്യങ്ങളും ഉൾപ്പെടും. രണ്ടാം പാദത്തിൽ മഴയുടെ രൂപത്തിൽ ഇവ തിരിച്ചുനൽകണമെന്ന് ആവശ്യപ്പെടുന്നു. മൂന്നാം പാദത്തിൽ വര(= ആഗ്രഹ)മെന്ന പദം രണ്ടു തവണ കാണാം. ഇതിലൊന്നെങ്കിലും മഴയെ ഉദ്ദേശിച്ചത്രേ.

ഈ സൂക്തം വിവിധവൃത്തങ്ങളുടെ എട്ടു വ്യത്യെകകങ്ങൾ ഉൾക്കൊള്ളുന്നു. ആദ്യത്തെ മൂന്ന് മൂന്നു ഗായത്രീതൃചങ്ങൾ. തുടർന്ന് മൂന്നു ബൃഹതീ/സതോബൃഹതീവൃത്തങ്ങൾ. പുറമെ ഒരു ഗായത്രീതൃചം കൂടി. സൂക്തം സമാപിക്കുന്നത് അന്തിമമായ ഒരു പുര ഉഷ്ണിക്കുപദ്യത്തോടുകൂടി. വൃത്തസങ്കീർണതയുണ്ടായാലും സൂക്തത്തിലുടനീളം മൗലികപ്രമേയങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ സൂക്തം ചൊല്ലുന്നത് സൂര്യോദയത്തിലത്രേ. 4, 7, 12 പദ്യങ്ങളിൽ ഇതു വ്യക്തമാക്കുന്നതു കാണാം. അവസാനത്തെ തൃചം (16) തുടങ്ങുന്നതും സൂര്യോദയപരാമർശത്തോടുകൂടിയാകുന്നു. 10-ൽ തുടങ്ങുന്ന പ്രഗാഥ സൂര്യപരാമർശത്തോടുകൂടിത്തന്നെ. അതായത്, എട്ട് ഏകകങ്ങളിൽ ആദ്യത്തെ തൃചത്തിലേ (1-3) മിത്രാവരുണന്മാർക്കാണ് സൂക്തസമർപ്പണമെന്നു പറയുന്നുള്ളൂ. സൂര്യന്റെ ഉദയവും സഞ്ചാരവും ലോകമെങ്ങും വ്യാപിക്കുന്ന ആദിത്യന്മാരുടെ പ്രഭുത്വം സൂചിപ്പിക്കുന്നു.

66-ാം സൂക്തത്തിൽ ആദിത്യന്മാരുടെ പ്രവർത്തനങ്ങൾ ലോകങ്ങളുമായും യജ്ഞകർമങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. സുദക്ഷരും ദക്ഷപുത്രരുമെന്ന വിശേഷണങ്ങൾകൊണ്ട് ഈ പ്രമേയം ആദ്യമേ അവതരിപ്പിക്കുന്നു. യജ്ഞവൈദഗ്ധ്യാമാണിവിടെ സൂചിപ്പിക്കുന്നത് (2). ദേവന്മാർ മൂന്നു വിഭാഗങ്ങളെ നിലനിർത്തുന്നു (10). ഇത് ലോകത്തിനും യജ്ഞത്തിനും പ്രസക്തം: ലോകത്തിന് സ്വർഗം, ഭൂമി, അന്തരീക്ഷം എന്നീ മൂന്നു വിഭാഗങ്ങൾ; യജ്ഞത്തിനു പ്രാതഃസവനം, മാധ്യന്ദിനസവനം, തൃതീയസവനം എന്നിങ്ങനെ മൂന്നു സവനങ്ങൾ. അവർ സമയവിഭാഗങ്ങളെയും നിലനിർത്തുന്നു (11): കൊല്ലം, മാസം, ദിവസം. ആദിത്യന്മാരിലൂടെയാണ് യജമാനന്മാരും സ്തോതാക്കളും "വിഷമം പിടിച്ച ഞെരുക്കങ്ങളുടെ മറുകര കടക്കുന്നത്" (4-5).

67-ാം സൂക്തത്തിലെ ആദ്യപദ്യങ്ങൾ യജ്ഞാഗ്നി ജ്വലിപ്പിക്കപ്പെടുകയും ഉഷസ്സ് ദൃശ്യമായിത്തീരുകയും ചെയ്യുമ്പോൾ, അതിരാവിലെ അശ്വികൾ വരുന്നതു വിവരിക്കുന്നു (2). നാലാം പദ്യത്തിൽ അശ്വികളെ തേടുന്ന സൂക്തമായ തേരിനെ വർണിക്കുന്നു. 5-6 പദ്യങ്ങളിൽ സൂക്തത്തിന്റെ കേന്ദ്രാശയം വ്യക്തമാക്കുന്നു. അശ്വികളോട് തന്റെ ഉൾക്കാഴ്ച്ചയെ അഭിവൃദ്ധിപ്പെടുത്തണമെന്നും അതുകൊണ്ട് അതു യജമാനന്മാർക്കു നേട്ടമുണ്ടാക്കിക്കൊടുക്കുമെന്നും അപേക്ഷിക്കുന്നു. ഏഴാം പദ്യത്തിൽ കവി "നിധി"(സോമം)യെപ്പറ്റിയും പറയുന്നു. തന്റെ സൂക്തത്തോടുകൂടി അതു നൽകുമെന്നു തുടരുന്നു. അശ്വികൾക്കു യജമാനന്മാരോട് ശത്രുതയുണ്ടാവുകയില്ലെന്നു കവി പ്രതീക്ഷിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങളിൽ തന്റെ രക്ഷിതാക്കളെ പിന്തുണയ്ക്കാൻ കവി അശ്വികളോടപേക്ഷിക്കുന്നു. ആ രക്ഷിതാക്കളുടെ ഉദാരതയെയും കൊള്ളമുതലിനെയും പുകഴ്ത്തുകയും ചെയ്യുന്നു.

68-ാം സൂക്തത്തിലെ ആദ്യത്തെ നാലു പദ്യങ്ങൾ അതിരാവിലെയുള്ള യജ്ഞത്തിന് വരാനും തങ്ങളുണ്ടാക്കുന്ന യജ്ഞഹവിസ്സുകൾ സ്വീകരിക്കാനും അശ്വികളെ ക്ഷണിക്കുന്നു. പദ്യം 3-ൽ അശ്വികൾ സൂര്യപുത്രിയായ സൂര്യയോടൊപ്പം വരികയും ചെയ്യുന്നു. ഇതൊരു പ്രാതഃസൂക്തമാണെന്ന് ഈ പരാമർശം സൂചിപ്പിക്കുന്നു (9-ാം പദ്യം കൂടി നോക്കുക). നാലാം പദ്യത്തിലെ വിപ്രൻ (പ്രചോദിതകവി) ഈ സൂക്തം ചൊല്ലുന്നവനാവാൻ സാധ്യതയുണ്ട്. പക്ഷേ, അതിന്റെ ഉത്തരാർധത്തിൽ പിടിക്കല്ലും ശബ്ദിക്കുന്നുവെന്നു പറയുന്നതുകൊണ്ട് അതും സൂക്തം ചൊല്ലുന്നവെന്നു പറയാം. പിടിക്കല്ല് സോമഹവിസ്സൊരുക്കുന്നുവെന്നു വ്യക്തമായിത്തന്നെ പറയുന്നു. രണ്ടാമത്തെ നാലു പദ്യങ്ങളുടെ ഖണ്ഡത്തിൽ (5-8) കവി അശ്വികളുടെ വീരകൃത്യങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. തങ്ങൾ ചിലർക്കു സഹായം ചെയ്തതാണ് അവയിൽ ചിലത്. ഒൻപതാം പദ്യം അശ്വികൾ പുഷ്ടിപ്പെടുത്തിയ പശുവെപ്പറ്റി സൂചിപ്പിക്കുന്നു.

69-ാം സൂക്തം അശ്വികളുടെ തേരിനു പ്രാധാന്യം കൊടുക്കുന്നതും അവരുടെ യാത്രയെ വർണിക്കുന്നതുമാകുന്നു. തുടക്കത്തിലും പിന്നെ ഓരോ പദ്യത്തിലും തേരിനെ വ്യക്തമായിത്തന്നെ പരാമർശിക്കുന്നുണ്ട്. കവി സ്വർണത്തേരെന്നാണ് അതിനെ വർണിക്കുന്നത്. അതിന്റെ വരവോടുകൂടിയുള്ള പ്രഭാതപ്രകാശത്തിന്റെ ഔജ്ജ്വല്യം വല്ലാത്തൊരു ദൃശ്യാനുഭവംതന്നെ. മൂന്നാം പദ്യത്തിൽ തേര് വരനെ ആലിംഗനം ചെയ്യുന്ന വധുവിന്റെ പങ്കു വഹിക്കുന്നു. വിവാഹത്തിനു പോകുന്ന തേരാണിത്. യജ്ഞമാണ് തേരെന്ന സങ്കല്പം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. യജ്ഞത്തിലെ

മൂന്നു സവനങ്ങൾക്കു സമാന്തരമായി മൂന്നു തേർപ്പെട്ടികളുള്ളതാണ് അശ്വികളുടെ തേർ. യജ്ഞവും യജ്ഞത്തിലേക്ക് അശ്വികളെ കൊണ്ടുവരുന്ന തേരുമാണ് ഇതെന്നു ചുരുക്കം. 4, 7 പദ്യങ്ങളിലൊഴികെ "യാ" (= പോകുക) ധാതുവിന്റെ പ്രയോഗങ്ങൾ കാണാം. ഈ രണ്ടു പദ്യങ്ങളിൽ അശ്വികളുടെ മഹത്തായ കർമങ്ങൾ വിവരിക്കുന്നു: അവർ സൂര്യപുത്രിയെ വിവാഹത്തിനു കൊണ്ടുവരുന്നതും അത്രിയെ തീക്കുഴിയുടെ ചൂടിൽനിന്നു രക്ഷിച്ചതും സമുദ്രത്തിൽനിന്നു ഭുജ്യുവെ വീണ്ടെടുത്തതും. ഇവയിലെല്ലാം അശ്വികളുടെ തേരും യാത്രാപ്രമേയവും പരാമർശിക്കപ്പെടുന്നു.

70–ാം സൂക്തത്തിലെ അവസാനപദ്യത്തിൽ കവി അശ്വികളുടെ ശ്രദ്ധ തന്റെ നല്ല തിരിവുള്ള അഥവാ സങ്കീർണമായ (സുവൃക്തി) സൂക്തത്തിലേക്കു ക്ഷണിക്കുന്നു. ഇപ്പറഞ്ഞതു ശരിയാണ്. അവ്യക്തമായ അവർണ്യങ്ങളോടുകൂടിയ രൂപകങ്ങളാൽ സങ്കീർണമാണിത്. അത്തരം സൂക്തം അശ്വികൾക്കിഷ്ടമായതുകൊണ്ട് ഇതുചിതംതന്നെ. ഒന്നാം പദ്യത്തിൽ യജ്ഞത്തിൽ തങ്ങളുടെ സ്ഥാനത്തിരിക്കാൻ കവി അശ്വികളെ വിളിക്കുന്നു. മൂന്നാം പദ്യം അശ്വികൾ കൊണ്ടുവരുന്ന പ്രതിഫലങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. യജമാനൻ നദികളിൽനിന്നും സസ്യങ്ങളിൽനിന്നും ഗോത്രങ്ങളിൽനിന്നും തനിക്ക് അഭിവൃദ്ധി കണ്ടെത്തുന്നു. ഇക്കൂട്ടത്തിൽ ഇവിടെ അശ്വികളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

71–ാം സൂക്തത്തിലെ അവസാനപദ്യം മുൻസൂക്തത്തിലേതുതന്നെ. അതിൽ പറഞ്ഞപോലെ ഈ സൂക്തവും സുവൃക്തിയാണ് – നല്ല തിരിവുള്ളത് (സങ്കീർണം). ആദ്യപദ്യം ഇത് പ്രാതഃസൂക്തമാണെന്നു പറയുന്നു. പ്രാതഃകാലത്തെ അരുണപ്രഭ മൈലിപ്പശുക്കളാണെന്നു മറ്റിടങ്ങളിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. അശ്വികൾ കുതിരകളെയും പശുക്കളെയും കൊണ്ടുവരുന്നുവെന്നു വർണിച്ചുകൊണ്ട് കവി ആ ബന്ധം പ്രതിധ്വനിപ്പിക്കുന്നു. 1–2 പദ്യങ്ങളിൽ ശത്രുക്കളിൽനിന്നും ഇല്ലായ്മയിൽനിന്നും രോഗത്തിൽനിന്നും രക്ഷിക്കണമെന്ന് അശ്വികളോട് ആവശ്യപ്പെടുന്നു. അടുത്ത രണ്ടു പദ്യങ്ങളിൽ കവി അശ്വികളുടെ തേരിലേക്കു തിരിയുന്നു. അഞ്ചാം പദ്യം ആപത്തിൽനിന്നു രക്ഷിക്കുന്ന അശ്വികളുടെ നാലു മഹത്തായ കർമങ്ങൾ വിവരിക്കുന്നു. ജാഹുഷനെ രക്ഷിക്കുന്നതാണ് അവസാനത്തേത്.

72–ാം സൂക്തം അശ്വികളോട് "ഇവിടെ വരാൻ" ആവർത്തിച്ചുള്ള ക്ഷണമാണ് (1, 2, 5). ഇതിന്റെ അടിയന്തരസ്വഭാവം അവർ ഈ യജ്ഞത്തിലേ പങ്കെടുക്കാവൂ, പ്രതിയോഗിയജമാനന്മാരുടെ യജ്ഞങ്ങളിൽ സന്നിഹിതരാകാനുള്ള ക്ഷണത്തിനു ചെവി കൊടുക്കരുത് എന്ന യജമാനന്റെ താല്പര്യാതിശയം വ്യക്തമാക്കുന്നു. നാലാം പദ്യത്തിൽ പ്രഭാതത്തിന്റെ വ്യാപകപ്രകാശത്തിനു സമാന്തരമായി യജ്ഞാഗ്നികളുടെയും ഗായകരിൽനിന്നുയരുന്ന കാവ്യാത്മകപവിത്രമന്ത്രങ്ങളുടെയും വ്യാപകപ്രകാശം വർണിക്കപ്പെടുന്നു. അഞ്ചാമത്തേതായ അന്തിമപദ്യം നാലിലേതിന്റെ വികസിതരൂപമാണ്. നാലുദിക്കുകളിലേക്കും അശ്വികൾക്കുള്ള ക്ഷണമാണവിടെ ചിത്രണം ചെയ്യുന്നത്. വസിഷ്ഠകവിക്ക് അശ്വികളുമായുള്ള കുടുംബബന്ധവും ഇവിടെ സൂചിപ്പിക്കുന്നു.

73–ാമത്തെ ഹ്രസ്വസൂക്തം പ്രഭാതം പൊട്ടിവിടരുമ്പോൾ അശ്വികളെ വിളിക്കുന്നു. രണ്ടാം പദ്യത്തിൽ കവി യജ്ഞാഗ്നിയും യജ്ഞത്തിന്റെ ഹോതാവുമായ അഗ്നിയിലേക്ക് അശ്വികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അഗ്നി പ്രതിഷ്ഠിക്കപ്പെടുകയും അശ്വികൾക്കു ഹവിസ്സുകൾ നൽകാൻ തയ്യാറായി നിൽക്കുകയും ചെയ്യുന്നു. അശ്വികൾക്ക് സോമം കുടിക്കാനും അവർക്കു സമ്മാനിക്കപ്പെട്ട മറ്റു ഹവിസ്സുകളുണ്ണാനും എല്ലാം ഒരുങ്ങിയിരിക്കുന്നു (2). മൂന്നാം പദ്യത്തിൽ കവി ഈ യജ്ഞത്തെ അശ്വികളിലേക്കു കുതിക്കുന്ന തേരുമായി താരതമ്യപ്പെടുത്തുന്നു. അടുത്ത പദ്യത്തിന്റെ പൂർവാർധത്തിൽ രണ്ടു തേർക്കുതിരകളുടെ വരവും പ്രതീക്ഷിച്ചിരിക്കുകയാണ്. ഉത്തരാർധത്തിലാകട്ടെ, കവി അശ്വികൾക്കുള്ള യജ്ഞത്തിന്റെ ഒരുക്കങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. തുടർന്ന് ഈ വിളിയെയോ യജ്ഞത്തെയോ അവഗണിക്കരുതെന്ന് അശ്വികളോടു യാചിക്കുകയും ചെയ്യുന്നു. അഞ്ചാം പദ്യം മുൻസൂക്തത്തിലെ അന്തിമപദ്യത്തിന്റെ ആവർത്തനം തന്നെ.

74–ാം സൂക്തം മൂന്നു പ്രഗാഥകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മൂന്നും ഭക്ഷണത്തെ, പ്രത്യേകിച്ച് സോമത്തെയോ അശ്വികൾ സ്വീകരിക്കുന്ന മറ്റു നവീകൃതങ്ങളെയോ, പരാമർശിക്കുന്നു. എന്നാൽ, കവി അശ്വികൾ നൽകുന്ന ഭക്ഷണത്തെയും വിവരിക്കുന്നുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങളിൽ ഈ രണ്ടു ഭക്ഷണങ്ങളെയും ബന്ധിപ്പിക്കുന്നു. അഞ്ചാം പദ്യത്തിൽ കവി തന്റെ രക്ഷിതാക്കൾ "യശസ്സി"നു പൂരകമായി അശ്വികളെ സമീപിച്ച് ഈ രണ്ടു ഭക്ഷണങ്ങളെയും ജോടികളാക്കുകയും ദേവന്മാരിൽനിന്നു പകരമായി സാമൂഹ്യവ്യവസ്ഥയിൽ അത്യുന്നതത്വം നേടുകയും ചെയ്യുന്നു. അതോടെ ഈ രക്ഷിതാക്കൾ ദേവസമാനരായിത്തീരുന്നു.

ഏഴ് ഉഷഃസൂക്തങ്ങളുടെ ഈ വിഭാഗം (7. 75–81) *ഋഗ്വേദ*ത്തിൽ ഈ ദേവതയ്ക്കു സമർപ്പിക്കപ്പെട്ട ഏറ്റവും വലിയ അത്തരം സമാഹാരമത്രേ. അതിൽ ഒരു സൂക്തവും വളരെ നീണ്ടതല്ല (മൂന്നു മുതൽ എട്ടുവരെ പദ്യങ്ങളാണവയിൽ).

ഈ ഉഷഃസൂക്തം (75) ലോകത്തെ ഉണർത്തിക്കൊണ്ടുള്ള അവളുടെ പെട്ടെന്നുള്ള വരവ്, അവളുടെ സൗന്ദര്യവും ഔജ്ജ്വല്യവും, അവളുടെ ദിവസേനയുള്ള യാത്ര, തന്റെ സ്തോതാക്കൾക്കുള്ള സ്വത്തുദാനം എന്നിങ്ങനെ പതിവുപോലെ എല്ലാ പ്രമേയങ്ങളും ഉൾക്കൊള്ളുന്നു.ഏഴാം പദ്യം വലഗുഹാഭേദനം സൂചിപ്പിക്കുന്നു.

പലപ്പോഴുമെന്നപോലെ, മാമൂൽപ്രയോഗങ്ങളും ബിംബകല്പനകളും മാത്രമുള്ള 76–ാം സൂക്തത്തിന് ദൃഢമായ ഘടന അഗാധഗൗരവം നൽകുന്നു.

77–ാം സൂക്തം സുന്ദരിയും അത്യാസക്തയുമായ കന്യകയായി ഉഷസ്സിനെ അവതരിപ്പിക്കുന്നു.

78–ാം സൂക്തം പ്രതി, വിഭാതീ എന്നീ രണ്ടു താക്കോൽവാക്കുകളുൾക്കൊള്ളുന്നു. ആദ്യത്തേതു നാലിലൊഴികെ എല്ലാ പദ്യങ്ങളിലുമുണ്ട്. മറ്റ് ഉഷഃസൂക്തങ്ങളിലും കാണാറുള്ള രണ്ടാമത്തെ വാക്ക് 3, 5 പദ്യങ്ങളിൽ കാണാം. വാസ്തവത്തിൽ ഏതാണ്ടവസാനംവരെ സൂക്തത്തിൽ പുതുമയൊന്നും കാണാനില്ല. മൂന്നാം പദ്യത്തിൽ ഉഷസ്സിനെ ബഹുവചനത്തിൽ പരാമർശിക്കുന്നുവെന്നതാണ് ശ്രദ്ധേയമായൊരു സവിശേഷത. മറ്റു പദ്യങ്ങളിൽ ഏകവചനപ്രയോഗമേ ഉള്ളൂ.

79–ാം സൂക്തം ശ്ലേഷമുൾപ്പെടെയുള്ള ശബ്ദാലങ്കാരങ്ങൾകൊണ്ടു സമൃദ്ധമാണ്. മുൻസൂക്തത്തിലെപ്പോലെ താക്കോൽവാക്കുകളാലും ശ്രദ്ധേയമാണിത്. ഇവിടെ വി (വിശേഷിച്ച്, വിശാലമായി), വസ് (പ്രഭാതം), വൃ (വരിക്കുക – മൂടുക) എന്നിവയാണ് താക്കോൽവാക്കുകൾ. പല ഉഷഃസൂക്തങ്ങളെയുംപോലെ, ഇത് വലഗുഹാഭേദനവും തടവിലാക്കപ്പെട്ട പശുക്കളുടെ മോചനവും വിവരിക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ ഉഷസ്സും സാധനവിതരണവും തമ്മിലുള്ള ബന്ധത്തിൽ ഊന്നുന്നു.

വെറും മൂന്നു പദ്യങ്ങൾ മാത്രമുള്ള ഈ വളരെ ഹ്രസ്വമായ സൂക്തം (80) ഉഷസ്സിന്റെ മുഖ്യപ്രവർത്തനങ്ങളുടെ രൂപരേഖ വരച്ചുകാട്ടുന്നു. ഇതിൽ വിപുലമായ വിവരണത്തിനുള്ള സൗകര്യമില്ലല്ലോ. ഉഷസ്സിനു കവികളുമായുള്ള ബന്ധം, പ്രാതഃസവനം, ദൃശ്യലോകത്തെ വെളിപ്പെടുത്തൽ, ഇരുട്ടിനെ തുടച്ചുനീക്കൽ, അവൾക്കു സാധനവിതരണവുമായുള്ള ബന്ധം എന്നിവയാണിവിടെ സംക്ഷിപ്തമായി ചൂണ്ടിക്കാട്ടുന്നത്.

ഉഷസ്സിനെക്കുറിച്ചുള്ള പരമ്പരയിലെ ഈ അന്തിമസൂക്തം (81) മറ്റുഷഃസൂക്തങ്ങളുടെ രീതിയിൽനിന്നു വ്യത്യസ്തമത്രേ: ഇതിൽ മുൻ സൂക്തങ്ങളേക്കാൾ പദ്യങ്ങളുണ്ട്. അവ ത്രിഷ്ടുപ്പിലല്ല ഇതിന്റെ രചന. വസിഷ്ഠഗോത്രപല്ലവി ഇവിടെയില്ല. ഇക്കാരണങ്ങളാലും മറ്റും ഇത് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് അഭിപ്രായമുള്ളവരുണ്ട്.

82–ാം സൂക്തത്തിനു രണ്ടു ഖണ്ഡങ്ങളുണ്ട്. രണ്ടാമത്തേത് ആദ്യത്തേതിൽ നിഗൂഢമായിരിക്കുന്നു. ആദ്യത്തേത് ഇന്ദ്രാവരുണന്മാർക്കു യജ്ഞത്തിലേക്കു വരാനുള്ള ക്ഷണമാണ്. 1, 7–10 എന്നീ പദ്യങ്ങളിലാണത്. സൂക്തത്തിന്റെ ഹൃദയമായ രണ്ടാം ഖണ്ഡം 2–6 പദ്യങ്ങളുൾക്കൊള്ളുന്നു. അത് ഇരുദേവന്മാരും പ്രതിനിധാനം ചെയ്യുന്ന രാജത്വത്തിന്റെ രണ്ടു വശങ്ങൾ വിവരിക്കുന്നു. ഇന്ദ്രൻ കുടിയേറ്റത്തിന്റെയും സംഘർഷത്തിന്റെയും കാലങ്ങളിൽ ഭരണം നടത്തുന്ന രാജാവിനെ പ്രതിനിധാനം ചെയ്യുന്നു. വരുണനാകട്ടെ, കുടിയേറ്റത്തിന്റെ കാലത്തെ ഭരണകർത്താവിനെയും. രണ്ടാമത്തേത് സമാധാനത്തിന്റെ കാലമത്രേ. രണ്ടാം പദ്യത്തിൽ കവി ദേവന്മാരിലൊരാൾ സമ്രാട്ടും മറ്റേയാൾ സ്വരാജുമാണെന്നു പറയുന്നു – യഥാക്രമം ചക്രവർത്തിയും സ്വതന്ത്രനായ രാജാവും. വരുണനെ സമ്രാട്ടെന്നും ഇന്ദ്രനെ സ്വരാജെന്നുമാണ് പലപ്പോഴും വിശേഷിപ്പിക്കാറുള്ളത്. ഈ രണ്ടു ഭരണകർത്താക്കളും ആവശ്യാമാണെന്നുരണ്ടാം പദ്യം സൂചിപ്പിക്കുന്നു. ലോകത്തെ ക്രമപ്പെടുത്തുന്നതിൽ രണ്ടും യോജിപ്പിച്ചുള്ള പ്രവർത്തനം വേണമെന്ന് മൂന്നാം പദ്യം പൂർവാർധത്തിൽ വ്യക്തമാക്കുന്നു. ഉത്തരാർധത്തിൽ യജ്ഞപ്രവർത്തനങ്ങൾ ദേവന്മാരുടെ പ്രാപഞ്ചികധർമങ്ങളുമായി കലർത്തപ്പെടുന്നുവെന്നു പറയുന്നു. നാലാം പദ്യത്തിൽ രണ്ടു കാലവും രാജത്വത്തിന്റെ രണ്ടു വശങ്ങളുമായി ബന്ധപ്പെടുന്നുവെന്നു ചൂണ്ടിക്കാട്ടുന്നു. അഞ്ചാം പദ്യത്തിന്റെ പൂർവാർധം വരുണനെ കുടിയേറ്റവുമായും ഇന്ദ്രനെ തേരിലും മറ്റുമുള്ള നീക്കവുമായും വീണ്ടും അവതരിപ്പിക്കുന്നു. എങ്കിലും ഇരുവരും മഹാന്മാർതന്നെയെന്ന നിഗമനത്തിലെത്തുകയും ചെയ്യുന്നു. ആറാം പദ്യം രണ്ടുപേരും തമ്മിലുള്ള വൈരുധ്യവുമായാണ് തുടങ്ങുന്നത്. 7–10 പദ്യങ്ങളിൽ കവി ഇരുവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു. 9–ൽ ദേവന്മാരുടെ ആനുകൂല്യത്തിനുവേണ്ടിയുള്ള മത്സരത്തെ ഓർമിപ്പിക്കുന്നുണ്ടെങ്കിലും വീണ്ടും അവർ തന്റെ വാക്കു കേൾക്കണമെന്നും തന്റെ യജ്ഞം വാക്കിനേക്കാളും മറ്റു കർമങ്ങളേക്കാളും അവരെ പ്രസന്നരാക്കുമെന്നും പറയുന്നു.

83–ാം സൂക്തം 7. 18–ലെ ദാശരാജ്ഞയുദ്ധത്തിലേക്കു പിന്തിരിഞ്ഞു നോക്കുന്നു. ഇപ്പോൾ വസഷ്ഠന്മാരുമായി സഖ്യമുള്ള യോദ്ധാക്കൾ പശുക്കളെ അന്വേഷിക്കാൻ പോകുന്നു (1). യജ്ഞത്തിൽ സന്നിഹിതരായ ഇന്ദ്രാവരുണന്മാരെ നോക്കിക്കൊണ്ട് അവർ തങ്ങളുടെ കണ്ണുകൊണ്ടല്ലെങ്കിലും മനസ്സുകൊണ്ട് ആ ദേവന്മാരുമായി തങ്ങൾക്കുള്ള ഉറ്റ ബന്ധത്താൽ അവരുടെ സഹായം തേടുന്നു. ആദ്യപദ്യത്തിലെ സുദാസ്സിന്റ സഹായത്തിനുവേണ്ടിയുള്ള ഉച്ചത്തിലുള്ള വിളി കേട്ട് ദേവന്മാർ അവരുടെ മുൻപിലെത്തുന്നു. ഇതു കവിയിൽ ദാശരാജ്ഞയുദ്ധസ്മരണകളുണർത്തുന്നു. മൂന്നാം പദ്യത്തിൽ കവി മുൻപത്തെ യുദ്ധത്തിൽ വീണ്ടും പ്രവേശിക്കുകയും താൻ അതിന്റെ ഭാഗമായിരുന്നപോലെയോ അവരുടെ ശബ്ദത്തിലോ പറയുന്നു. വസിഷ്ഠന്റെ പേരിൽ യുദ്ധത്തിന്റെ കുഴപ്പങ്ങളുടെ നടുവിൽ അവൻ സഹായവിളി കേൾക്കുന്നു. നാലാം പദ്യത്തിൽ ദേവന്മാർ സുദാസ്സിനെ സഹായിച്ചതായി ഓർമിക്കുകയും വർത്തമാനകാലത്തിലേക്ക് ഇന്ദ്രാവരുണന്മാർ അവനെ കേൾക്കാനായി തിരിച്ചുവരികയും ചെയ്യുന്നു. അഞ്ചാം പദ്യത്തിൽ മുൻപത്തെ വസിഷ്ഠനെപ്പോലെ, കവിയും തന്റെ ജനങ്ങളും എല്ലാ വശങ്ങളിലും ശത്രുക്കളെ നേരിടുന്നു. മുൻപു ചെയ്തതുപോലെ കവി ഇന്ദ്രാവരുണന്മാരെ സമീപിച്ച് സഹായമഭ്യർഥിക്കുന്നു. മറ്റുള്ളവരും ദേവന്മാരെ വിളിക്കുന്നുണ്ടെന്നു കവിക്കറിയാം. 6–8 പദ്യങ്ങളിൽ ദേവന്മാർ സുദാസ്സിനെയും വസിഷ്ഠനെയുമാണ്, മറ്റു രാജാക്കന്മാരെയും പുരോഹിതന്മാരെയുമല്ല, സഹായിക്കാൻ തീരുമാനിച്ചതെന്നും കവി അനുസ്മരിക്കുന്നു. അവസാനം, മറ്റുള്ളവരുടെ യജ്ഞങ്ങൾ കൃത്യതയില്ലാത്തവയായിരുന്നതിനാൽ മിത്രാവരുണന്മാർ വസിഷ്ഠന്റെ യജ്ഞത്തിൽത്തന്നെ സന്നിഹിതരാകുന്നു. ഒൻപതാം പദ്യത്തിൽ കവി ഈ സൂക്തത്തിൽ ഇന്ദ്രാവരുണന്മാരെ ആദ്യമായി തിരിച്ചറിയുന്നു. രണ്ടു ദേവന്മാർക്കും വ്യത്യസ്തധർമങ്ങളുണ്ടാവാമെങ്കിലും അവരിരുവരുടെയും ദൈവികധർമങ്ങൾ കവിയുടെ വർത്തമാനകാലസാഹചര്യത്തിൽ ഇണങ്ങിച്ചേരുന്നു. ഇന്ദ്രനു കവിക്കും ആൾക്കാർക്കും വിജയം കൈവരുത്താനും വരുണന് അവരെ ന്യായീകരിക്കാനും കഴിയും.

വേഗത്തിലും മുന്നോട്ടുമുള്ള നീക്കത്തിന്റെ പ്രമേയമാണ് 84–ാം സൂക്തത്തിൽ മുന്നിട്ടുനിൽക്കുന്നത്. പ്ര എന്ന ഉപസർഗവും ഇന്വതി, ജൂതഃ എന്നീ ക്രിയാരൂപങ്ങളു, അതുകൊണ്ടുതന്നെ, മുഖ്യമായും കടന്നുവരുന്നു. പലതരം നീക്കങ്ങളും സൂക്തങ്ങളുടെയും ഹവിസ്സുകളുടെയും അർപ്പണവും ഇവിടെ കുറവല്ലാത്തതും അതുകൊണ്ടുതന്നെ. സമ്പത്തും സന്തതികളും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളായി യജ്ഞങ്ങൾ വർധിച്ചുവരുന്നതും ഇക്കാരണത്താലത്രേ. ഇന്ദ്രാവരുണന്മാരുടെ കുതിപ്പും അനുദിനം പെരുകിവരുന്നു. രണ്ടാം പദ്യത്തിൽ രണ്ടു ദേവന്മാരുടെയും ബാധ്യതകളും വരുണന്റെ ക്രോധവും തങ്ങളുടെ ഭരണം ദുർബലമായിക്കൊണ്ടിരിക്കുന്നുവെന്നു സൂചിപ്പിക്കുന്നു. ഈ ദേവന്മാർ തമ്മിലുള്ള സ്വഭാവൈക്യവും വൈധർമ്യങ്ങളും ഈ സൂക്തത്തിലും കാണാം.

കവി 85–ാം സൂക്തത്തിലെ ആദ്യപദ്യത്തിൽ പരോക്ഷമായി തന്റെ സൂക്തത്തെ യജ്ഞാഗ്നിയുമായി താരതമ്യപ്പെടുത്തുന്നു. അഗ്നി ഘൃതമുഖനാണ്. അതായത്, അഗ്നി നെയ്യുപോലെ തിളങ്ങുന്നവനും നെയ്ഹവിസ്സുകൾ സ്വീകരിക്കുന്നവനുമാകുന്നു. ഇത് നാലാം പദ്യത്തിന് അടിത്തറയൊരുക്കുന്നു. അവിടെ കവി അഗ്നിയോട് ഈ യജ്ഞത്തിൽ ഇന്ദ്രാവരുണന്മാർക്കു ഹവിസ്സകളെത്തിക്കുന്ന ഹോതാവായിരിക്കാനഭ്യർഥിക്കുന്നു. അഞ്ചാമത്തേതായ അന്ത്യപദ്യം മുൻസൂക്തത്തിലെ അഞ്ചാമത്തേതുതന്നെ.

86–ാം സൂക്തവും തുടർന്നുവരുന്ന മൂന്നു സൂക്തങ്ങളും (7. 87–89) ന്യായമായും വളരെ പ്രസിദ്ധി നേടിയവയാണ്. അവ പതിവില്ലാത്ത വിധം അടുപ്പം പുലർത്തുന്നവയാണ്. കാരണം വസിഷ്ഠൻ കവിയെന്ന നിലയിൽ വിശിഷ്ടമായ വ്യക്തിത്വമുള്ളവനത്രേ. ഐതിഹ്യമനുസരിച്ച് കവിയായ വസിഷ്ഠനും ദേവനായ വരുണനും വ്യക്തിപരമായി വളരെ അടപ്പം പുലർത്തിക്കൊണ്ടും കുറ്റസമ്മതത്തോടെയുമാണ് സംസാരിക്കുന്നത്. വസിഷ്ഠന് എന്തോ ഗുരുതരമായ രോഗമുണ്ടായിരുന്നുവെന്നു തോന്നുന്നു. അപരാധം ചെയ്തതിനു വരുണൻ ശിക്ഷിച്ചതുകൊണ്ടാണത്രേ അത്. ഈ അതിക്രമണം പൊറുക്കാൻ തന്റെ ഹവിസ്സുകളും പശ്ചാത്താപവും സ്വീകരിക്കാൻ ദേവനോടു യാചിക്കുന്നു. താൻ കരുതിക്കൂട്ടിയല്ല ഒന്നും ചെയ്തതെന്ന് എടുത്തു പറയുന്നു (6). അഭിവൃദ്ധിയും ആരോഗ്യവും വീണ്ടെടുത്തുതരണമെന്നാണപേക്ഷ. സൂക്തം മുന്നേറുന്തോറും വസിഷ്ഠനും വരുണനും തമ്മിലുള്ള ബന്ധത്തിന്റെ ചുരുളഴിയുന്നു. അവസാനം വരുണൻ വസിഷ്ഠനെ ഉദ്ബോധിപ്പിക്കുകയും വസിഷ്ഠൻ ദേവനു യജ്ഞസേവനങ്ങളനുഷ്ഠിക്കുകയും സമ്പത്തും ശക്തിയും മഹിമയും ആർജിക്കുകയും ചെയ്യുന്നു.

വരുണന്റെ പേര് 87–ാം സൂക്തത്തിലെ ഓരോ പദ്യത്തിലും വരുന്നുണ്ട്. നാലാം പദ്യത്തിൽ വരുണൻതന്നെ സംസാരിക്കുന്നു. കവി ജ്ഞാനിയാണെന്നും അതുകൊണ്ട് തന്റെ ഗൂഢാർഥപദങ്ങൾ മനസ്സിലാക്കുമെന്നും ദേവന്നറിയാമെന്നു തോന്നുന്നു. അഞ്ചാം പദ്യം ആറുകളിൽ സംവിധാനം ചെയ്യപ്പെട്ട മൂന്നു സ്വർഗങ്ങളെയും മൂന്നു ഭൂമികളെയും പരാമർശിക്കുന്നു. ആറാം പദ്യത്തിൽ വരുണൻ ആകാശംപോലെയാണെന്നു വർണിക്കുന്നു. ഭൂമിയെ ചുറ്റുന്ന അങ്ങകലെയുള്ള നദിയിൽനിന്നു ചക്രവാളത്തിലേക്കു തുള്ളികൾ തെറിക്കുന്നു. കാരണം ഈ നദിയിലേക്കു തുള്ളികൾ വീഴ്ത്തുന്ന ആകാശമായതുകൊണ്ട് അവൻ വെള്ളം കുടിക്കാൻ വരുന്ന വന്യമൃഗമാണെന്നു പറയപ്പെടുന്നു. അവൻ "ഉജ്ജ്വലമായ കണ"മാണ്. അത് അസ്തമയസൂര്യനോ ചന്ദ്രനോ സോമനോ ആയിരിക്കാം. വരുണൻ "അഗാധമായ ചൊല്ലലുമായി"ബന്ധപ്പെട്ടവനാണ്. വരുണൻ പ്രൗഢമായ വാക്കുകൾ പറയുമെന്ന് മുഖ്യാർഥം. വരുണൻ സ്തുതിശസ്ത്രങ്ങളെ പ്രചോദിപ്പിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നവനെന്നും അർഥമാവാം. ഏഴാംപദ്യത്തെ മുൻസൂക്തവുമായി ബന്ധിപ്പിക്കാം. അതിലെ, "എപ്പോഴാണ് ഞാൻ വരുണന്നുള്ളിൽ എത്തുക?" (2) എന്ന ചോദ്യത്തിനുത്തരമാണ് ഈ ഏഴാം പദ്യം: അദിതിയുടെ നിയമങ്ങളനുസരിച്ച് കുറ്റവിമക്തി നേടിയാൽ വരുണനിലെത്താം.

സങ്കീർണവും ന്യായമായും പ്രശംസിക്കപ്പെട്ടതുമായ 88–ാം സൂക്തം വളരെ പ്രസിദ്ധമാണ്. മുൻപത്തെ രണ്ടു സൂക്തങ്ങളുമായി അടുത്തു ബന്ധപ്പെട്ടതും വസിഷ്ഠനും വരുണനും തമ്മിലുള്ള ബന്ധത്തിലേക്ക് ഇനിയും വെളിച്ചം വീശുന്നതുമാണ് ഇത്. ഈ സൂക്തപരമ്പരയിലെ ഏറ്റവും ഹൃദയഹാരിയായ ചിത്രീകരണമാണ് ഇവിടെ കവി കാഴ്ച്ചവെക്കുന്നത്. വസിഷ്ഠൻ സ്വയം സംസാരിക്കുകയാണ് ഈ പദ്യങ്ങളിൽ. ഒന്നാം പദ്യത്തിൽ തന്നെത്തന്നെ സംബോധന ചെയ്യുന്നുമുണ്ട്. വസിഷ്ഠൻ ചെയ്ത എന്തോ ഒന്നിനെച്ചൊല്ലി വസിഷ്ഠനും വരുണനും തമ്മിലുണ്ടായ അകൽച്ചതന്നെയാണ് ഈ സൂക്തത്തിലെയും പ്രമേയം. വസിഷ്ഠൻ സ്വയം സംബോധന ചെയ്തുകൊണ്ട് താൻ ദേവനിൽനിന്നുമാത്രമല്ല തന്നിൽനിന്നുതന്നെ അകന്നതായി രണ്ടാം പദ്യത്തിൽ സൂചിപ്പിക്കുന്നു. ഇതിന്റെ അർഥം സൂക്തം പുരോഗമിക്കുന്തോറും വ്യക്തമായി വരുന്നു. ഈ പദ്യത്തിൽത്തന്നെ വസിഷ്ഠൻ രാത്രിയിൽ യജ്ഞാഗ്നിയെ സമീപിക്കുന്നതും അഗ്നിമുഖത്ത് വരുണമുഖം കാണുന്നതായും വർണിക്കുന്നു. ഇതു വസിഷ്ഠനും വരുണനും ഒരുമിച്ച് ജലയാത്ര ചെയ്യുന്ന ദർശനത്തിൽ ചെന്നെത്തുന്നു (3). വരുണന്റെ "ഊഞ്ഞാ"ലാണു (സൂര്യൻ) ലക്ഷ്യം. ഇത് തനിക്കുംവരുണനുമായുള്ള ബന്ധത്തിലും ചുറ്റിലുമുള്ള ഇരുട്ടു നീക്കുമെന്നു വസിഷ്ഠൻ പ്രതീക്ഷിക്കുന്നു. ഈ ദർശനം അവരിരുവരെയും മുൻപത്തെ നിലയിലേക്കു കൊണ്ടുവന്ന് അന്യോന്യം അടുപ്പിക്കുകയും വരുണൻ വസിഷ്ഠനെ ഋഷിയും സ്തുതിഗായകനുമാക്കുകയും ചെയ്യുന്നു (4). ഈ പദ്യത്തിലെ ജ്യോതിർദർശനം അത്യുൽക്കടമായിട്ടുണ്ട്. ഇതാണ് ദിവസങ്ങളിൽ "അത്യുജ്ജ്വലമായ ദിവസം." അഞ്ചാം പദ്യത്തിൽ ഈ ദർശനത്തിൽനിന്നും അനുസ്മരണീയനിമിഷങ്ങളിൽനിന്നും വർത്തമാനകാലത്തിലേക്കു തിരിച്ചുവരുന്നു. ഇതോടെ വസിഷ്ഠൻ വരുണന്റെ വീട്ടിലല്ലാതായി. ആറാം പദ്യത്തിൽ വസിഷ്ഠൻ തന്റെ കുറ്റം ദേവൻ തനിക്കെതിരെ തിരിയാനുള്ള ആയുധമാക്കില്ലെന്നും ഇനിയും തനിക്കു സംരക്ഷണം നൽകുമെന്നും പ്രതീക്ഷ പുലർത്തുന്നു. ഈ കുറ്റചിന്ത വസ്ഷ്ഠനെ തന്നിൽനിന്നുതന്നെ അകറ്റുന്നു. അവസാനം ഏഴാം പദ്യത്തിൽ കവി മാപ്പാക്കലിനെ ശുഭാപ്തിവിശ്വാസത്തോടെ കാണുന്നു: അവൻ തങ്ങളെ

അപരാധപാശത്തിൽനിന്നു മോചിപ്പിക്കും!

89–ാം സൂക്തം വരുണസൂക്തസമാഹാരത്തിന്റെ ഒരനുബന്ധമാണെന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. ഇത് മറ്റൊരു വൃത്തത്തിലാണ്. സൂക്തത്തിൽ വസ്ഷ്ഠന്റെ പേര് പരാമർശിക്കപ്പെടുന്നുമില്ല. മാത്രമല്ല, മറ്റു മൂന്നു സൂക്തങ്ങളും വസിഷ്ഠന്റെ അസന്തുഷ്ടാവസ്ഥയെപ്പറ്റി പരാമർശിക്കുമ്പോൾ, ഇത് വക്താവിന്റെ അസുഖത്തെ സംബന്ധിച്ചുള്ളതാണ്. മരിച്ചവരെ കുഴിച്ചുമൂടുന്ന "മൃണ്മയഗൃഹ"(കളിമൺവീട്)ത്തിൽ പാർപ്പിക്കത്തക്ക വിധം അത്ര ഗുരുതരമാണ് രോഗം എന്നും സൂചിപ്പിക്കപ്പെടുന്നു. വസൂരിയോ മറ്റോ ആവാം. വരുണനുമായി ബന്ധപ്പെട്ട മന്തുരോഗമാണെന്ന അഭിപ്രായക്കാരാണ് ഏറിയകൂറും. വരുണന്റെ നിയമങ്ങൾ പാലിക്കാത്തതാണ് കാരണമെന്നാണ് അഞ്ചാം പദ്യത്തിലെ സൂചന. ആകപ്പാടെ ആലോചിക്കുമ്പോൾ വസിഷ്ഠൻതന്നെയാണ് രോഗബാധിതനെന്നു തോന്നുന്നു.

90–ാം സൂക്തത്തിൽ വായുവിനും പിന്നീട് ഇന്ദ്രവായുക്കൾക്കുമായി രണ്ടുതരത്തിലുള്ള സമർപ്പണം ഈ യജ്ഞപരമായ വസ്തുത പ്രതിഫലിപ്പിക്കുന്നു. പ്രാതഃസവനത്തിൽ ആദ്യം സോമഹവിസ്സുകൾ വായുവിനുമാത്രമാണ് നൽകുന്നത്. പിന്നീട് ഇന്ദ്രവായുക്കൾക്കു സംയുക്തമായി. ആദ്യത്തെ പദ്യത്തിൽ ഈ യജ്ഞോദ്ദേശ്യം വ്യക്തമായി അറിയിക്കുന്നു. വായുസൂക്തങ്ങളിൽ പലപ്പോഴും പതിവുള്ളപോലെ, ക്ഷണത്തെത്തുടർന്ന് വായു യജ്ഞത്തിലേക്കു വരുന്നു. വായുവിന്റെ സംഘങ്ങളേതെന്ന കാര്യത്തിൽ കവി അവ്യക്തത പുലർത്തുന്നു (3). കാറ്റിന്റെ കുതിരകളും ഞങ്ങൾ നിയോഗിക്കുന്ന കാവ്യചിന്തയും. അഞ്ചാം പദ്യത്തിൽ പുരോഹിതന്മാരും കവികളും ഇരുദേവന്മാരുടെയും തേരു വലിക്കുന്ന കുതിരകളായിത്തീരുന്നു. പ്രാതഃസവനമായതുകൊണ്ട് സൂക്തത്തിൽ പ്രഭാതവർണനം (3–4) അത്യുന്നതമായ സ്ഥാനം നേടുന്നു. വലപുരാവത്തസൂചനയും കാണാം. ദാനങ്ങളുടെയും സാധനങ്ങളുടെയും വിതരണത്തിനു പ്രാധാന്യം കൊടുത്തിട്ടുണ്ട്. 2–3 പദ്യങ്ങളിൽ യജമാനനു ദേവന്മാരിൽനിന്നു ലഭിക്കുന്ന നേട്ടങ്ങളുടെ വാഗ്ദാനവും 6–7 പദ്യങ്ങളിൽ രക്ഷിതാക്കളായ മനുഷ്യരുടെ ഈ വാഗ്ദാനപൂർത്തീകരണവും കാണാം. രക്ഷിതാക്കളിൽ ദേവന്മാരുടെ സാത്മീകരണമുണ്ടായിട്ടുണ്ടെന്നു തോന്നും.

91–ാം സൂക്തത്തിലെ നാലാം പദ്യത്തിന്റെ ഉത്തരാർധവും ഏഴാം പദ്യവും മുൻസൂക്തത്തിലേതുതന്നെ ആവർത്തിച്ചിരിക്കയാണ്. സൂക്തം ഇന്ദ്രവായുക്കളെ വിതരണം ചെയ്യാൻ സാധനങ്ങളുമായി യജ്ഞത്തിലേക്കു സോമം കുടിക്കുന്നതിനു ക്ഷണിക്കുന്നു. സൂക്തത്തിന്റെ ആദ്യപാതി കൂടുതൽ പലവക സംഗതികൾ ഏറെക്കുറെ അവ്യക്തമായ ശൈലിയിൽ അവതരിപ്പിക്കുന്നു. പക്ഷേ, രണ്ടാം പദ്യം ദേവന്മാരെ ക്ഷണിക്കുന്നതാണ്. അതിനും മുൻപും പിൻപുമുള്ള പദ്യങ്ങളുമായി ഒരു ബന്ധവുമില്ലെന്നു മാത്രം.

വായുവിന്റെ "സംഘങ്ങ"ളാണ് 92–ാം സൂക്തത്തിന്റെ മുഖ്യവിഷയം. അവ ആയിരമാണെന്ന് ഒന്നാമത്തെയും അവസാനത്തെയും പദ്യങ്ങളിൽ പറയുന്നു. മൂന്നാമത്തെ പദ്യത്തിൽ വായുവിനെ ഇവിടെ കൊണ്ടുവരുന്ന കാറ്റുകുതിരകൾ മാത്രമല്ല സംഘങ്ങളെന്നും യജ്ഞത്തിനു പകരം അവൻ തിരിച്ചു കൈവരുത്തുന്ന പല രൂപങ്ങളിലുള്ള സമ്പത്തുകൂടിയാണ്. രണ്ടും നാലും പദ്യങ്ങളിൽ യജ്ഞത്തിനുള്ള ക്ഷണവും പുരോഹിതന്മാർ, കവികൾ, രക്ഷിതാക്കൾ എന്നിവർക്കു വിജയാശംസയുമാണുള്ളത്.

93–ാം സൂക്തത്തിലെ ആദ്യത്തെ ആറു പദ്യങ്ങൾ ഇന്ദ്രാഗ്നികളിരുവരുടെയും ഒരുമിച്ചുള്ള കാര്യങ്ങളാണ് പറയുന്നതെങ്കിലും ഇന്ദ്രനോടുള്ള ചായ്‌വ് പ്രകടമാണ്. ഇരുവരും "വൃത്രഹന്താക്ക"ളും (1, 4) വജ്രധരന്മാരുമാണ് (4). അവർ ശത്രുനാശകരും (5) യജ്ഞത്തിനു പോകുന്നവരുമാണ് (6). അഗ്നി യജ്ഞഭൂമിയിൽ ജ്വലിപ്പിക്കപ്പെടുന്നതുകൊണ്ട് അവന് അവിടെ പോകേണ്ടതില്ല. മാത്രമല്ല, സമ്മാനജയവും വിതരണവുമാണ് സൂക്തത്തിന്റെ വിഷയമെന്നതുകൊണ്ട് അഗ്നിയേക്കാൾ ഇന്ദ്രനാണ് ഇവിടെ പ്രാധാന്യം. അവസാനത്തെ രണ്ടു പദ്യങ്ങളിൽ (7–8) യജ്ഞത്തിൽ ഇന്ദ്രനുൾപ്പെടെയുള്ള ദേവന്മാരുടെയും മനുഷ്യരുടെയുമിടയിൽ മധ്യസ്ഥന്റെ പങ്കുവഹിക്കുന്ന അഗ്നിയെ മാത്രമേ സംബോധന ചെയ്യുന്നുള്ളൂ. ഇവിടെപ്പോലും അഗ്നിയേക്കാൾ മറ്റു ദേവന്മാർക്കാണ് പ്രാധാന്യം.

94–ാം സൂക്തം നാലു തൃചങ്ങളുൾക്കൊള്ളുന്നു. ഓരോ തൃചവും മൗലികമായി ഓരോ സൂക്തമാവാം. സംവിധാനതത്വം ലംഘിച്ചിട്ടില്ല.രണ്ടു മുഖ്യപ്രമേയങ്ങളാണിതിലുള്ളത്: കാവ്യചിന്തയുടെ വൈവിധ്യങ്ങളും അതിന്റെ ഉല്പന്നവും, കവികൾ ദേവതാദ്വന്ദ്വങ്ങളെ അഭിസംബോധന ചെയ്യുമ്പോഴത്തെ വാചികമായ സ്തുതിയും ഈ ദേവതകൾ ഈ കവികളോട് അവരുടെ എതിരാളികളോടുള്ളതിനേക്കാൾ കാണിക്കുന്ന ആനുകൂല്യവും (3, 7, 8, 12). കാവ്യപ്രചോദനത്തിൽ ഊന്നലുണ്ടെങ്കിലും ഇവിടെ അതിന് അത്ര പ്രാധാന്യം കൊടുത്തുകാണുന്നില്ല.

സാഹിത്യസംഗീതാദികലാധിദേവതയായി സംസ്കൃതസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന സരസ്വതിയല്ല 95–ാം സൂക്തത്തിൽ സ്തുതിക്കപ്പെടുന്ന സരസ്വതി. അത് പ്രഥമവും പ്രധാനവുമായി നദിയാണ്, യഥാർഥമായ നദി. "പർവതങ്ങളിൽനിന്നു സമുദ്രത്തിലേക്കൊഴുകുന്ന നദി"(2). ഈ ഭൗതികപ്രകൃതിയുമായി ഒത്തുപോകുന്നവയാണ് സരസ്വതിയുടെ സവിശേഷതകളെല്ലാം. എപ്പോഴുമുള്ള പ്രവാഹത്തിന്റെ ശക്തിയും സൗന്ദര്യവും, ഒപ്പം അതു കൈവരുത്തുന്ന ഭക്ഷണവും സമ്പത്തുകളും. സരസ്വതിയെ പലപ്പോഴും ഈ സൂക്തത്തിൽ പരാമർശിക്കുന്നത് സഹനദികളോടും സരസ്വാനോടുമൊപ്പം അവയ്ക്കു തുല്യയായിട്ടാണ് (3).

പല വൃത്തങ്ങളുള്ള 96–ാം സൂക്തത്തിൽ പ്രഗാഥയും തൃചവുമുണ്ട്. നാലാം പദ്യത്തിലെ "അവിവാഹിത"രെന്ന പ്രയോഗം പുരുഷദേവതയാവട്ടെ സ്തുതിക്കപ്പെടുന്നത് എന്ന കവിയുടെ വിചാരം സൂചിപ്പിക്കുന്നു. പക്ഷേ, "സ്തന"മെന്ന പ്രയോഗം (6) വിഷമം സൃഷ്ടിക്കുന്നു. പുഷ്ടിപ്പെടുന്നത്, സമ്പത്തു നൽകുന്നത് എന്നൊക്കെയാവാം വിവക്ഷിതമെന്നു തോന്നുന്നു.

ഇന്ദ്രൻ പുരോഹിതന്റെ പങ്കു വഹിക്കുമ്പോൾ ബൃഹസ്തിയായി അറിയപ്പെടുമെന്നു മുൻപ് പലപ്പോഴും വ്യക്ത മായ വസ്തുത 97–ാം സൂക്തം പുരോഗമിക്കുന്തോറും കൂടുതൽ സ്പഷ്ടമാകുന്നു. ഇന്ദ്രനും ബൃഹസ്പതിയും ഒന്നാമത്തെയും രണ്ടാമത്തെയും പദ്യങ്ങളിൽ മുന്നിട്ടുനിൽക്കുന്നു. 4–8 പദ്യങ്ങളിൽ ബൃഹസ്പതി. 3–ൽ ബ്രഹ്മണ സ്പതി എന്ന പേരിൽ ഇന്ദ്രൻ. അങ്ങനെ 1–8 പദ്യങ്ങൾ ഇന്ദ്രനു മാത്രമാണു സമർപ്പിക്കപ്പെട്ടതെന്നു വിചാരിക്കാം. 9–10 പദ്യങ്ങളിൽ ഇന്ദ്രനും ബൃഹസ്പതി/ബ്രഹ്മണസ്പതിയും ദ്വിവചനത്തിൽത്തന്നെ വർണിക്കപ്പെടുന്നു. യജ്ഞസന്ദർഭ മാകയാൽ അഗ്നിസാന്നിധ്യം എല്ലാ പദ്യങ്ങളിലുമുണ്ട്.

98–ാമത്തേത് ശരിക്കും ഇന്ദ്രസൂക്തമാണ്. അവസാനപദ്യം ഇന്ദ്രനും ബൃഹസ്പതിക്കുമെന്നുള്ളത് മുൻസൂക്ത ത്തിലേത് (97. 10) അതുപോലെ ചേർത്തതു മാത്രം. ഇന്ദ്രനു സോമനുമായുള്ള അത്യുൽക്കടമായ ബന്ധമാണ് പ്രമേ യം. നിത്യേനയുള്ള യജ്ഞഹവിസ്സായി (1–2) മാത്രമല്ല, ജന്മസിദ്ധം കൂടിയാണത് (3). ആദ്യവിജയങ്ങൾക്കുശേഷം പതിവുള്ള പ്രത്യേകവസ്തുവാണ് ഇന്ദ്രനു സോമം (5). ഇന്ദ്രന്റെ ശക്തിയും വീരകർമങ്ങളും വാഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇന്ദ്രന്റെഅമ്മ അവന്റെ മഹത്വം പ്രഖ്യാപിക്കുന്നുണ്ട് (3). കവി സോമം ഇന്ദ്രന്റെ യുദ്ധക്കരുത്തിനെയും (4) വിജയങ്ങളിലെ കൊള്ളമുതൽ സ്വീകരിക്കുന്നതിനെയും പ്രചോദിപ്പിക്കുന്നു (6).

99–ാം സൂക്തം. മുൻപു പറഞ്ഞതുപോലെ, വിഷ്ണു സംസ്കൃതസാഹിത്യത്തിൽ ഉന്നതസ്ഥാനമലങ്കരിക്കുന്നു ണ്ടെങ്കിലും *ഋഗ്വേദ*ത്തിൽ അവന് അപ്രധാനമായ സ്ഥാനമേ ഉള്ളൂ. പൊതുവിൽ ഇന്ദ്രനുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഉപേന്ദ്രൻ എന്ന പേരുതന്നെ ഇതു സൂചിപ്പിക്കുന്നു. വിഷ്ണുവിന്റെ ത്രിവിക്രമത്വം *ഋഗ്വേദ*ത്തിൽ പരാമർശിക്കപ്പെടു ന്നുണ്ട്. ഈ സൂക്തത്തിലെ ആദ്യത്തെ മൂന്നു പദ്യങ്ങൾ മുഴുവൻ വിഷ്ണുവെ സംബോധന ചെയ്യുന്നു. ഈ മൂന്നു ചുവടുവെപ്പുകളെപ്പറ്റി വ്യക്തമായി പറയുന്നില്ലെങ്കിലും അവൻ പ്രപഞ്ചപ്രദേശങ്ങൾ സ്ഥാപിക്കുന്നതും ഉറപ്പിക്കു ന്നതും സൂചിപ്പിക്കുന്നു. അടുത്ത മൂന്നു പദ്യങ്ങൾ (4–6) ഇന്ദ്രാവിഷ്ണുക്കൾക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. രണ്ടുപേ രുടെയും വീരകർമങ്ങളായാണിവ അവതരിപ്പിക്കുന്നതെങ്കിലുംഅവ ഇന്ദ്രന്റേതുമാത്രമാണെന്നു പ്രസിദ്ധമാണ്. അവ സാനപദ്യം വിഷ്ണുവിനുമാത്രം – ശിപിവിഷ്ടന് – സമർപ്പിക്കപ്പെടുന്നു.

നൂറാം സൂക്തം ഒരു മനുഷ്യൻ ദേവനു യജ്ഞം നൽകുന്നതോടെ തുടങ്ങുന്നു (1). തിരിച്ച്, ദാനങ്ങൾക്ക് അപേ ക്ഷിക്കുകയും ചെയ്യുന്നു (2). അടുത്ത രണ്ടു പദ്യങ്ങളുടെ വിഷയം വിഷ്ണുവിന്റെ മൂന്നു കാൽവെപ്പുകളാണ്. 5–6 പദ്യങ്ങളുടെ വിഷയവും ഇതുതന്നെ. (ഏഴാം പദ്യം മുൻസൂക്തത്തിലേതിന്റെ ആവർത്തനമത്രേ.) ഇവിടെ ശിപിവി ഷ്ടനെന്ന വിശേഷണം ചോദ്യം ചെയ്യപ്പെടുന്നു. പക്ഷേ, വ്യക്തമായ ഒരു പരിഹാരം ഉരുത്തിരിഞ്ഞുവരുന്നില്ല.

മിന്നലിന്റെ ദേവനായ പർജന്യനു സമർപ്പിക്കപ്പെട്ട 101–ാം സൂക്തം ഫലപുഷ്ടിദായകമായ മഴയെ വാഴ്ത്തുന്നു. ഇത് ഒരേസമയം പ്രാകൃതികമായും യജ്ഞപരമായുമുള്ള പരാമർശങ്ങളുൾക്കൊള്ളുന്നു. മൂന്ന് ഇതിൽ ആവർത്തി ച്ചുവരുന്ന ഒരു സംഖ്യയാണ്: മൂന്നു വാക്കുകൾ (1), മൂന്നു നിലകളുള്ള രക്ഷാകേന്ദ്രം, മൂന്നു തിരിവുകളുള്ള പ്രകാശം (2), മൂന്നു സ്വർഗങ്ങൾ, പ്രവാഹജലത്തിന്റെ മൂന്നു ഘട്ടങ്ങൾ, മൂന്നു തൊട്ടികൾ (4). ലിംഗപരമായ വ്യത്യാസങ്ങളും മറ്റും കാണാം. ഒന്നാം പദ്യത്തിലെ കാള തന്റെ ഭ്രൂണമായി കന്നുകുട്ടിയെ സൃഷ്ടിക്കുന്നു. മൂന്നാം പദ്യത്തിലെ അ ജ്ഞാതനായ കർത്താവ് ചിലപ്പോൾ മച്ചിപ്പശുവാണ്; പക്ഷേ, ചിലപ്പോൾ പ്രസവിക്കുന്നു. പിന്നീട് ആ പദ്യത്തിൽ അച്ഛൻ അമ്മയ്ക്കു മുല കൊടുക്കുന്നു.

102–മത്തേത് പർജന്യനു സമർപ്പിക്കപ്പെട്ട ലളിതവും ഋജുവുമായ ഒരു ഹ്രസ്വസൂക്തം.

ഈ മഴമന്ത്രസൂക്തം (103) വർഷകാലാരംഭത്തിൽ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടു വരുന്ന തവളകളെയും സോമയ ജ്ഞത്തിലെ പ്രവർഗ്യകർമത്തിൽ അനുഷ്ഠാനങ്ങൾ നടത്തുന്ന പുരോഹിതന്മാരെയും സമർഥമായി സമാന്തരസ്വഭാ വത്തോടുകൂടി വർണനത്തിലൂടെ അവതരിപ്പിക്കുന്നു. ഈ സൂക്തം പുരോഹിതന്മാരെ തവളകളോടു താരതമ്യപ്പെടു ത്തുന്നതിലൂടെ അവരെ പരിഹസിക്കാൻ രചിച്ചതാണെന്നൊരു പക്ഷമുണ്ട്. അതെന്തായാലും തവളകളുടെ പെരുമാറ്റ ത്തെപ്പറ്റി അതിസൂക്ഷ്മമായ നിരീക്ഷണങ്ങളാണ് ഇതു നൽകുന്നതെന്ന് എടുത്തുപറയേണ്ടതുണ്ട്. 2–6 പദ്യങ്ങൾ തവ ളകളുടെ ഇണചേരലിന്റെയും 7–9 പദ്യങ്ങൾ പ്രവർഗ്യമെന്ന യജ്ഞകർമത്തിന്റെയും വിവരണങ്ങൾ നൽകുന്നതോ ടൊപ്പം പത്താം പദ്യം ആയിരക്കണക്കിൽ സവനത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. രണ്ടു പർജന്യസൂക്തങ്ങൾക്കുശേഷ മാണ് മഴക്കാലവുമായി ബന്ധപ്പെട്ട ഈ മണ്ഡൂകസൂക്തമെന്നത് വളരെ ഉചിതമായിരിക്കുന്നു.

ഏഴാം മണ്ഡലത്തിലെ ഈ അവസാനസൂക്തം (104) സുദീർഘമാണ്. പലതരം ആഭിചാരികളെയും രക്ഷസ്സുക ളെയും നശിപ്പിക്കുന്ന മന്ത്രച്ഛായയുള്ള ഈ സൂക്തം പ്രക്ഷിപ്തമാണെന്ന ഒരു പക്ഷമുണ്ട്.

## ഏഴാം മണ്ഡലം, മുപ്പത്തിമൂന്നാം സൂക്തം

വസിഷ്ഠ മൈത്രാവരുണി (1–9), വസിഷ്ഠന്റെ മക്കൾ (10–14) ഋഷി; 14 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; വസിഷ്ഠന്റെ മക്കൾ (–9), വസിഷ്ഠൻ (10–14) ദേവത

വസിഷ്ഠ–ഇന്ദ്രവൃത്തത്തിന്റെ ഏറ്റവുമൊടുവിൽ വരുന്ന ഈ പ്രശസ്തസൂക്തം വസിഷ്ഠന്റെ നിഗൂഢമായ ജന്മവും വസിഷ്ഠന്റെയും പിന്മുറക്കാരുടെയും നേട്ടങ്ങളും, പ്രത്യേകിച്ച് രാജാവായ സുദാസ്സിനെ ഇന്ദ്രന്റെ വശത്തേക്ക് ആകർഷിക്കുന്നതും ദാശരാജ്ഞയുദ്ധത്തിൽ ഇന്ദ്രന്റെ പിന്തുണ ഉറപ്പിക്കുന്നതും, വിവരിക്കുന്നു. *അനുക്രമണി*യനു സരിച്ചുള്ള മേൽച്ചേർത്ത സൂക്തകർതൃവിഭജനം ശരിയല്ലെന്നാണ് ജാമിസൺ–ന്റെ അഭിപ്രായം. അവരുടെ പക്ഷ ത്തിൽ ഇങ്ങനെയാണ് വേണ്ടത്: സൂക്തം 1–6, 7–9, 10–14 എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെടുന്നു. ആദ്യത്തെ ആറു പദ്യങ്ങൾ വസിഷ്ഠൻ ഇന്ദ്രനെ വിജയകരമായി തന്റെ സോമയജ്ഞത്തിലേക്കു ക്ഷണിക്കുന്നതും തത്ഫല

മായി ഇന്ദ്രൻ ദാശരാജ്ഞയുദ്ധത്തിൽ സുദാസ്സിനെയും തൃത്സുക്കളെയും സഹായിക്കുന്നതും പ്രതിപാദിക്കുന്നു. 1–4 പദ്യങ്ങളുടെ വക്താവുതന്നെ ഇന്ദ്രനാണ്. അടുത്ത ഭാഗം മൂന്ന് എന്ന സംഖ്യയെ അടിസ്ഥാനമാക്കിയുള്ള മൂന്നു പ്രഹേളികകളുൾക്കൊള്ളുന്നതാണ്. ഈ പ്രഹേളികകളുടെ പരിഹാരത്തെപ്പറ്റി അഭിപ്രായഭേദങ്ങളുണ്ടാവാം. വസിഷ്ഠന്റെ അമ്മ അപ്സരസ്സായ ഉർവശിയും അച്ഛൻ മിത്രാവരുണനുമാണ്. ഈ വിവരണങ്ങളിലൊക്കെ അവ്യക്തത കാണാം.

**1. ശ്വിത്യഞ്ചോ മാ ദക്ഷിണതസ്കപർദാ**
**ധിയംജിന്വാസോ അഭി ഹി പ്രമന്ദുഃ**
**ഉത്തിഷ്ഠൻ വോചേ പരി ബർഹിഷോ നൄൻ**
**ന മേ ദൂരാദവിതവേ വസിഷ്ഠാഃ**

*ശ്വിത്യഞ്ചഃ ദക്ഷിണതസ്കപർദാഃ ധിയംജിന്വാസഃ* (ഇന്ദ്രൻ:) ശോഭനമുഖരും വലതുഭാഗത്തു ജടാജൂടമണിഞ്ഞവരും ത്വരിതചിന്തയുള്ളവരുമാണവർ.
*ഹി മാ അഭി പ്രമന്ദുഃ* കാരണം, അവർ എന്നെ മത്തുപിടിപ്പിച്ചു.
*ബർഹിഷഃ പരി ഉത്തിഷ്ഠൻ നൄൻ വോചേ* യജ്ഞവിശുദ്ധദർഭപ്പുൽവിരിപ്പിൽ നിന്നുകൊണ്ടു ഞാൻ ഉന്നതപുരുഷന്മാരെപ്പറ്റി പറയുന്നു:
*മേ ദൂരാദ് വസിഷ്ഠാഃ അവിതവേ ന* “എനിക്കു ദൂരെനിന്നുകൊണ്ട് വസിഷ്ഠന്മാരെ സഹായിക്കാൻ കഴിയില്ല.”

**2. ദൂരാദിന്ദ്രമനയന്നാ സുതേന**
**തിരോ വൈശന്തമതി പാന്തമുഗ്രം**
**പാശദ്യുമ്നസ്യ വായതസ്യ സോമാത്**
**സുതാദിന്ദ്രോവൃണീതാ വസിഷ്ഠാൻ**

*വൈശന്തം ഉഗ്രം പാന്തം തിരഃ* (സോമ)ത്തിന്റെ മൂല്യമുള്ള തടാകത്തിനു കുറുകെ ശക്തമായ പാനീയത്തിന്നപ്പുറം
*ദൂരാദ് സുതേന ഇന്ദ്രം ആ അനയൻ* ദൂരെനിന്ന് അവർ പിഴിഞ്ഞെടുത്ത (സോമ)വുമായി ഇന്ദ്രനെ ഇവിടേക്കു നയിച്ചു.
*പാശദ്യുമ്നസ്യ വായതസ്യ സുതാത് സോമാദ് അതി* പാശദ്യുമ്ന വായതന്റെ പിഴിഞ്ഞെടുത്ത സോമത്തേക്കാൾ
*ഇന്ദ്രഃ വസിഷ്ഠാൻ അവൃണീത* ഇന്ദ്രൻ വസിഷ്ഠന്മാരുടേതിനെ വരിച്ചു.

**3. ഏവേന്നു കം സിന്ധുമേഭിസ്തതാരേ–**
**വേന്നു കം ഭേദമേഭിർജഘാന –**
**ഏവേന്നു കം ദാശരാജ്ഞേ സുദാസം**
**പ്രാവദിന്ദ്രോ ബ്രഹ്മണാവോ വസിഷ്ഠാഃ**

*ഏവ ഇദ് ഏഭിഃ കം സിന്ധും നു തതാര* തീർച്ചയായും അവരോടുകൂടിയാണ് അവൻ സിന്ധു കടന്നത്;
*ഏവ ഇദ് ഏഭിഃ നു കം ഭേദം ജഘാന* തീർച്ചയായും അവരോടുകൂടിയാണ് അവൻ ഭേദനെ കൊന്നത്;
*ഏവ ഇദ് വസിഷ്ഠാഃ വഃ ബ്രഹ്മണാ* തീർച്ചയായും, വസിഷ്ഠന്മാരേ! നിങ്ങളുടെ പവിത്രമന്ത്രത്താലാണ്
*ഇന്ദ്രഃ ദാശരാജ്ഞേ സുദാസം നു കം പ്ര ആവത്* ഇന്ദ്രൻ ദാശരാജ്ഞയുദ്ധത്തിൽ സുദാസ്സിനെ സഹായിച്ചത്.

**4. ജുഷ്ടീ നരോ ബ്രഹ്മണാ വഃ പിതൄണാ–**
**മക്ഷമവ്യയന്ന കിലാ രിഷാഥ**
**യച്ഛക്വരീഷു ബൃഹതാ രവേണേ–**
**ന്ദ്രേ ശുഷ്മമദധാതാ വസിഷ്ഠാഃ**

*നരഃ വഃ ജുഷ്ടീ പിതൄണാം ബ്രഹ്മണാ* (ഇന്ദ്രൻ:) ഉന്നതപുരുഷന്മാരായ നിങ്ങളുടെ സന്തോഷത്തോടുകൂടിയ പിതാക്കളുടെ പവിത്രമന്ത്രത്താലാണ്
*അക്ഷം അവ്യയം ന കില രിഷാഥ* അച്ചുതണ്ടു കെട്ടിയത്; അതുകൊണ്ട് നിങ്ങൾക്കു തീർച്ചയായും ഉപദ്രവമുണ്ടാവില്ല.
*യദ് ശക്വരീഷു ബൃഹതാ രവേണ* ശക്വരീ(സൈനിക)വൃത്തത്തിലെ ഗംഭീരമായ ശബ്ദംകൊണ്ട്,
*വസിഷ്ഠാഃ ഇന്ദ്രേ ശുഷ്മം അദധാത* വസിഷ്ഠന്മാരേ! നിങ്ങൾ ഇന്ദ്രനിൽ എടുത്തുചാട്ടസ്വഭാവമുള്ള ശക്തി സ്ഥാപിച്ചു.

**5. ഉദ് ദ്യാമിവേത് തൃഷ്ണജോ നാഥിതാസോ–**
**ദീധയുർദാശരാജ്ഞേ വൃതാസഃ**
**വസിഷ്ഠസ്യ സ്തുവത ഇന്ദ്രോ അശ്രോ–**
**ദുരും തൃത്സുഭ്യോ അകൃണോദു ലോകം**

*ദ്യാം തൃഷ്ണജഃ ഇവ ദാശരാജ്ഞേ* (മഴയ്ക്കുവേണ്ടി) വിണ്ണിലേക്കു നോക്കുന്ന ദാഹമുള്ളവരെപ്പോലെ, ദാശരാജ്ഞയുദ്ധത്തിൽ
*വൃതാസഃ നാഥിതാസഃ ഇദ് ഉദ് അദീധയുഃ* വലയം ചെയ്യപ്പെട്ടപ്പോൾ വിഷമിച്ച അവർ (ഇന്ദ്രന്റെ) നേരെത്തന്നെ നോക്കി.
*സ്തുവതഃ വസിഷ്ഠസ്യ ഇന്ദ്രഃ അശ്രോത്* സ്തുതിച്ചുകൊണ്ടിരുന്ന വസിഷ്ഠനെ ഇന്ദ്രൻ ശ്രദ്ധിച്ചു.
*തൃത്സുഭ്യഃ ഉരും ഉ ലോകം അകൃണോത്* അവൻ തൃത്സുക്കൾക്കു അതിവിശാലമായ സ്ഥലമുണ്ടാക്കി.

**6. ദണ്ഡാ ഇവേദ് ഗോഅജനാസ ആസൻ**
**പരിച്ഛിന്നാ ഭരതാ അർഭകാസഃ**
**അഭവച്ച പുരഏതാ വസിഷ്ഠാ**
**ആദിത് തൃത്സൂനാം വിശോ അപ്രഥന്ത**

*ഗോഅജനാസഃ ഇദ് ദണ്ഡാഃ ഇവ* പശുക്കളെ തെളിക്കുന്നവരുടെ വടികളെപ്പോലെ
*അർഭകാസഃ ഭരതാഃ പരിച്ഛിന്നാഃ ആസൻ* ദുർബലരായ ഭരതന്മാർ ശിഥിലീകരിക്കപ്പെട്ടവരായി.
*വസിഷ്ഠഃ പുരഃ ഏതാ അഭവത്* വസിഷ്ഠൻ നേതാവായി വന്ന
*ആദ് ഇത് തൃത്സൂനാം വിശഃ അപ്രഥന്ത ച* അതുമുതൽ തൃത്സുക്കളുടെ ഗോത്രങ്ങൾ പരക്കുകയും ചെയ്തു

**7. ത്രയഃ കൃണ്വന്തി ഭുവനേഷു രേത–**
**സ്തിസ്രഃ പ്രജാ ആര്യാ ജ്യോതിരഗ്രാഃ**
**ത്രയോ ഘർമാസ ഉഷസം സചന്തേ**
**സർവാനിത്താനനു വിദുർവസിഷ്ഠാഃ.**

*ഭുവനേഷു ത്രയഃ രേതഃ കൃണ്വന്തി* ലോകത്തിൽ മൂന്നു ശുക്ലം ഉല്പാദിപ്പിക്കുന്നു.
*തിസ്രഃ പ്രജാഃ ജ്യോതിരഗ്രാഃ ആര്യാഃ* മൂന്നു പ്രജകൾ മുമ്പിൽ ജ്യോതിസ്സുള്ള ആര്യന്മാരാണ്.
*ത്രയഃ ഘർമാസഃ ഉഷസം സചന്തേ* മൂന്നു ചൂടുകൾ ഉഷസ്സിനെ അകമ്പടി സേവിക്കുന്നു.
*വസിഷ്ഠാഃ താൻ സർവാൻ ഇദ് അനു വിദുഃ* വസിഷ്ഠന്മാർ ഈ എല്ലാറ്റിനെയും തികച്ചും അറിയുന്നു.

**8. സൂര്യസ്യേവ വക്ഷഥോ ജ്യോതിരേഷാം**
**സമുദ്രസ്യേവ മഹിമാ ഗഭീരഃ**
**വാതസ്യേവ പ്രജവോ നാന്യേന**
**സ്തോമോ വസിഷ്ഠാ അന്വേതവേ വഃ**

*ഏഷാം ജ്യോതിഃ സൂര്യസ്യ ഇവ വക്ഷഥഃ* അവരുടെ ജ്യോതിസ്സ് സൂര്യന്റേതുപോലെ വളരുന്നതത്രേ.
*മഹിമാ സമുദ്രസ്യ ഇവ ഗഭീരഃ* അവരുടെ മഹിമ കടലിന്റേതുപോലെ അഗാധം.
*വസിഷ്ഠാഃ വഃ സ്തോമഃ വാതസ്യ* വസിഷ്ഠന്മാരേ! നിങ്ങളുടെ സ്തുതിസൂക്തം കാറ്റിന്റെ
*പ്രജവഃ ഇവ അന്യേന അനു ഏതവേ ന* വേഗം പോലെ, മറ്റാരാലും പിന്തുടരപ്പെടാവുന്നതല്ല.

**9. ത ഇന്നിണ്യം ഹൃദയസ്യ പ്രകേതൈഃ**
**സഹസ്രവല്ശമഭി സഞ്ചരന്തി**
**യമേന തതം പരിധിം വയന്തോ–**
**പ്സരസ ഉപ സേദുർവസിഷ്ഠാഃ**

*ഹൃദയസ്യ പ്രകേതൈഃ തേ* തങ്ങളുടെ ഹൃദയത്തിന്റെ ഉൾക്കാഴ്ച്ചകളോടുകൂടി അവർ
*സഹസ്രവല്ശം നിണ്യം അഭി സം ചരന്തി ഇത്* ആയിരം ശാഖകളോടുകൂടിയ രഹസ്യം സംയോജിപ്പിക്കുകമാത്രം ചെയ്യുന്നു.
*വസിഷ്ഠാഃ യമേന തതം പരിധിം* വസിഷ്ഠന്മാർ യമൻ പരത്തിയ ആവരണവസ്ത്രം
*വയന്തഃ അപ്സരസഃ ഉപ സേദുഃ* നെയ്തുകൊണ്ട് അപ്സരസ്സുകളെ സാദരം സമീപിച്ചു

**10. വിദ്യുതോ ജ്യോതിഃ പരി സംജിഹാനം**
**മിത്രാവരുണാ യദപശ്യതാം ത്വാ**
**തത് തേ ജന്മോതൈകം വസിഷ്ഠാ–**
**ഗസ്ത്യോ യത് ത്വാ വിശ ആജഭാര**

*മിത്രാവരുണാ യദ് വിദ്യുതഃ പരി സംജിഹാനം* മിത്രാവരുണന്മാർ മിന്നലിൽനിന്നുണ്ടായ സംഹിതമായ
*ജ്യോതിഃ അപശ്യതാം വസിഷ്ഠ തത് തേ ഏകം ജന്മ* ജ്യോതിസ്സായ നിങ്ങളെ കണ്ടപ്പോൾ, വസിഷ്ഠാ! നിന്റെ ഒരു ജന്മം അതും
*ഉത യദ് അഗസ്ത്യഃ വിശഃ ത്വാ ആജ്ജാര* മറ്റൊന്ന് അഗസ്ത്യൻ ഗോത്രത്തിനുവേണ്ടി നിന്നെ ഇവിടെ കൊണ്ടുവന്നപ്പോഴും.

**11. ഉതാസി മൈത്രാവരുണാ വസിഷ്ഠോർ–**
**വശ്യാ ബ്രഹ്മൻ മനസോധി ജാതഃ**

**ദ്രപ്സം സ്കന്നം ബ്രഹ്മണാ ദൈവ്യേന**
**വിശ്വേ ദേവാഃ പുഷ്കരേ ത്വാദദന്ത**
*ഉത വസിഷ്ഠ ബ്രഹ്മൻ ഉർവശ്യാഃ* മാത്രമല്ല, വസിഷ്ഠാ! മന്ത്രകാരനായ നീ ഉർവശിയിൽ,
*മനസഃ അധി ജാതഃ മൈത്രാവരുണഃ അസി* അവളുടെ മനസ്സിൽനിന്നു, ജനിച്ചവനും മിത്രാവരുണന്മാരുടെ മകനുമത്രേ.
ദ്രപ്സഃ സ്കന്നം ഒരു തുള്ളി (ശുക്ലം) പുറത്തേക്കു തെറിച്ചു.
*ദൈവ്യേന ബ്രഹ്മണാ ത്വാ* സ്വർഗീയമായ മന്ത്രംകൊണ്ട് നിന്നെ
*വിശ്വേ ദേവാഃ പുഷ്കരേ അദദന്ത* എല്ലാ ദേവന്മാരും താമരയിലെടുത്തു.
**12. സ പ്രകേത ഉഭയസ്യ പ്രവിദ്വാൻ**
**സഹസ്രദാന ഉത വാ സദാനഃ**
**യമേന തതം പരിധിം വയിഷ്യ-**
**ന്നപ്സരസഃ പരി ജജ്ഞേ വസിഷ്ഠഃ**
*സഃ വസിഷ്ഠഃ ഉഭയസ്യ പ്രകേതഃ പ്രവിദ്വാൻ* ആ വസിഷ്ഠൻ രണ്ടും തന്റെ ഉൾക്കാഴ്ച്ചയിൽ മുൻകൂട്ടി അറിഞ്ഞും
*സഹസ്രദാനഃ ഉത വാ സദാനഃ* ആയിരം ദാനങ്ങളും (കൂടുതലായി) ഒരു ദാനവും സ്വീകരിച്ചും
*യമേന തതം പരിധിം വയിഷ്യൻ* യമൻ പരത്തിയ ആവരണം നെയ്യാനുദ്ദേശിച്ചുംകൊണ്ട്
*അപ്സരസഃ പരി ജജ്ഞേ* അപ്സരസ്സിൽനിന്നു ജനിച്ചു.
**13. സത്രേ ഹ ജാതാവിഷിതാ നമോഭിഃ**
**കുംഭേ രേതഃ സിഷിചതുഃ സമാനം**
**തതോ ഹ മാന ഉദിയായ മധ്യാത്**
**തതോ ജാതമൃഷിമാഹുർവസിഷ്ഠം**
*നമോഭിഃ ജാതൗ സത്രേ ഹ ഇഷിതാ* ആദരവുകളോടെ ഉയർത്തിയ (യജ്ഞ)സഭയിൽ വരുത്തപ്പെട്ട ഇരുവരും (മിത്രാവരുണന്മാർ)
*സമാനം രേതഃ കുംഭേ സിഷിചതുഃ ഹ* തങ്ങളുടെ പൊതുവായ ശുക്ലം ഒരു പാത്രത്തിൽ പകർന്നു.
*തതഃ മധ്യാദ് മാനഃ ഉദ് ഇയായ* അതിൽ നടുവിൽനിന്നു മാനൻ ഉയർന്നുവന്നു.
*തതഃ വസിഷ്ഠം ഋഷിം ജാതം ആഹുഃ* അനന്തരം അതിൽനിന്ന് വസിഷ്ഠ ഋഷി ജനിച്ചതായി അവർ പറയുന്നു.
**14. ഉക്ഥഭൃതം സാമഭൃതം ബിഭർത്തി**
**ഗ്രാവാണം ബിഭ്രത് പ്ര വദാത്യഗ്രേ**
**ഉപൈനമാധ്വം സുമനസ്യമാനാ**
**ആ വോ ഗച്ഛാതി പ്രതൃദോ വസിഷ്ഠഃ**
*ഉക്ഥഭൃതം സാമഭൃതം ബിഭർത്തി* അവൻ ഏകാഗ്രദൃഢമായ വാക്കു ധരിക്കുന്നവനെ (ഹോതാവിനെ)യും സാമംധരിക്കുന്നവനെ(ഉദ്ഗാതാവിനെ)യും പിന്തുണയ്ക്കുന്നു.
*അഗ്രേ ഗ്രാവാണം ബിഭ്രത് പ്ര വദാതി* അവൻ തുടക്കത്തിൽ പിടിക്കല്ലിനെ പിൻതുണച്ചുകൊണ്ട് പറയുന്നു.
*ഏനം സുമനസ്യമാനാഃ ഉപ ആധ്വം* നീ അവനെ സാദരം സമീപിച്ചാലും!
*വസിഷ്ഠഃ പ്രതൃദഃ വഃ ആ ഗച്ഛാതി* വസിഷ്ഠൻ അഭിവൃദ്ധിപ്പെടുത്തുന്ന നിങ്ങളുടെ അടുത്തേക്കു വരും.

★

## ഏഴാം മണ്ഡലം, നൂറ്റിമൂന്നാം സൂക്തം

വസിഷ്ഠം മൈത്രാവരുണി അഥവാ കുമാര ആഗ്നേയൻ; 10 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (അനുഷ്ടുപ്പ് 1 ഒഴികെ); തവളകൾ ദേവത

ഈ മഴമന്ത്രം വർഷകാലാരംഭത്തിൽ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടു വരുന്ന തവളകളെയും സോമയജ്ഞത്തിലെ പ്രവർഗ്യകർമത്തിൽ അനുഷ്ഠാനങ്ങൾ നടത്തുന്ന പുരോഹിതന്മാരെയും സമർഥമായി സമാന്തരസ്വഭാവത്തോടുകൂടി വർണനത്തിലൂടെ അവതരിപ്പിക്കുന്നു. ഈ സൂക്തം പുരോഹിതന്മാരെ തവളകളോടു താരതമ്യപ്പെടുത്തുന്നതിലൂടെ അവരെ പരിഹസിക്കാൻ രചിച്ചതാണെന്നൊരു പക്ഷമുണ്ട്. അതെന്തായാലും തവളകളുടെ പെരുമാറ്റത്തെപ്പറ്റി അതി സൂക്ഷമമായ നിരീക്ഷണങ്ങളാണ് ഇതു നൽകുന്നതെന്ന് എടുത്തുപറയേണ്ടതുണ്ട്. 2–6 പദ്യങ്ങൾ തവളകളുടെ ഇണ ചേരലിന്റെയും 7–9 പദ്യങ്ങൾ പ്രവർഗ്യമെന്ന യജ്ഞകർമത്തിന്റെയും വിവരണങ്ങൾ നൽകുന്നതോടൊപ്പം പത്താം പദ്യം ആയിരക്കണക്കിൽ സവനത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. രണ്ടു പർജന്യസൂക്തങ്ങൾക്കുശേഷമാണ് മഴക്കാല വുമായി ബന്ധപ്പെട്ട ഈ മണ്ഡൂകസൂക്തമെന്നത് വളരെ ഉചിതമായിരിക്കുന്നു.

**1. സംവത്സരം ശശയാനാ**
**ബ്രാഹ്മണാ വ്രതചാരിണഃ**
**വാചം പർജന്യജിന്വിതാം**
**പ്ര മണ്ഡൂകാ അവാദിഷുഃ**

*സംവത്സരം ശശയാനാഃ* ഒരു കൊല്ലം നിശ്ചലമായി കിടന്നുകൊണ്ട്,
*വ്രതചാരിണഃ ബ്രാഹ്മണാഃ* തങ്ങളുടെ നിയമം പിന്തുടരുന്ന ബ്രാഹ്മണരെ(പ്പോലെ)
*മണ്ഡൂകാഃ പർജന്യജിന്വിതാം* തവളകൾ പർജന്യനാൽ ത്വരിപ്പിക്കപ്പെട്ട്
*വാചം പ്ര അവാദിഷുഃ* വാക്കു പറയുന്നു.

**2. ദിവ്യ ആപോ അഭി യദേനമായൻ**
**ദൃതിം ന ശുഷ്കം സരസീ ശയാനം**
**ഗവാമഹ ന മായുർവത്സിനീനാം**
**മണ്ഡൂകാനാം വഗ്നുരത്രാ സമേതി**

*യദ് ദിവ്യാഃ ആപഃ ഏനം അഭി ആയൻ* സ്വർഗത്തിലെ മഴകൾ അവന്റെ അടുത്തേക്കു വന്നപ്പോൾ,
*സരസീ ശുഷ്കം ദൃതിം ന ശയാനം* കുളത്തിൽ ഉണക്കത്തോൽസഞ്ചിപോലെ കിടന്നുകൊണ്ട്,
*വത്സിനീനാം ഗവാം മായുഃ ന* കന്നുകുട്ടികളോടുകൂടിയ പശുക്കളുടെ മുക്രയിടൽപോലെ,
*അത്ര മണ്ഡൂകാനാം വഗ്നുഃ സം ഏതി അഹ* ഇവിടെ തവളകളുടെ വിളി ഒരുമിച്ചു വരുന്നു.

**3. യദീമേനാനുശതോ അഭ്യവർഷീത്**
**തൃഷ്യാവതഃ പ്രാവൃഷ്യാഗതായാം**
**അക്ഖലീകൃത്യാ പിതരം ന പുത്രോ**
**അന്യോ അന്യമുപ വദന്തമേതി**

*ഉശതഃ തൃഷ്യാവതഃ ഏനാൻ യദ് അഭി അവർഷീത്* കൊതിക്കുകയും ദാഹിക്കുകയും ചെയ്ത അവയ്ക്കുമേൽ മഴ ചൊരിഞ്ഞപ്പോൾ
*പ്രാവൃഷി ആഗതായാം* വർഷകാലം വന്നതോടെ
*അക്ഖലീകൃത്യ പുത്രഃ പിതരം ന* "അക്ഖല" എന്നു പറഞ്ഞുകൊണ്ട് മകൻ അച്ഛനോടെന്നപോലെ,
*അന്യഃ വദന്തം അന്യം ഈം ഉപ ഏതി* ഒരാൾ സംസാരിക്കുന്ന മറ്റേവനോട് അടുത്തുകൂടി പോകുന്നു.

**4. അന്യോ അന്യമനുഗൃഭ്ണാത്യേനോ–**
**രപാം പ്രസർഗേ യദമന്ദിഷാതാം**
**മണ്ഡൂകോ യദഭിവൃഷ്ടഃ കനിഷ്കൻ**
**പൃശ്നിഃ സം പൃംക്തേ ഹരിതേന വാചം**

*അപാം പ്രസർഗേ യദ് അമന്ദിഷാതാം* വെള്ളച്ചൊരിച്ചലിൽ മദം കൊണ്ടപ്പോൾ,
*ഏനോഃ അന്യഃ അന്യം അനു ഗൃഭ്ണാതി* ഈ രണ്ടിലൊന്നു മറ്റേതിനെ പിന്നിൽനിന്നു കെട്ടിപ്പിടിക്കുന്നു.
*യദ് അഭിവൃഷ്ടഃ മണ്ഡൂകഃ കനിഷ്കൻ* മഴയിൽ തവള പിന്നെയും പിന്നെയും ചാടിയപ്പോൾ,
*പൃശ്നിഃ ഹരിതേന വാചം സം പൃംക്തേ* പുള്ളിക്കുത്തുള്ളത് പച്ചച്ചതിനോട് വാക്കിൽ ഇടകലരുന്നു.

**5. യദേഷാമന്യോ അന്യസ്യ വാചം**
**ശാക്തസ്യേവ വദതി ശിക്ഷമാണഃ**
**സർവം തദേഷാം സമൃധേവ പർവ**
**യത് സുവാചോ വദഥനാധ്യപ്സു**

*യദ് ശിക്ഷമാണഃ ശാക്തസ്യ ഇവ* ഒരിക്കൽ, ശിഷ്യൻ അധ്യാപകന്റേതെന്നപോലെ,
*ഏഷാം അന്യഃ അന്യസ്യ വാചം വദതി* അവയിലൊന്ന് മറ്റേതിന്റെ വാക്കു പറയുമ്പോൾ,
*തദ് ഏഷാം സർവം പർവ യത് സുവാചഃ* അവയുടെ വിഭാഗം മുഴുവൻ, നല്ല വാക്കു പറയുന്നവൻ

*അപ്സു അധി സമൃധാ ഇവ  വദഥന*  വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നവനെപ്പോലെയും ഒരുമിച്ചെന്നപോലെയും ഒച്ചപ്പാടുണ്ടാക്കുന്നു.

**6. ഗോമായുരേകോ അജമായുരേകഃ**
**പൃശ്നിരേകോ ഹരിത ഏക ഏഷാം**
**സമാനം നാമ ബിഭ്രതേ വിരൂപാഃ**
**പുരുത്ര വാചം പിപിശുർവദന്തഃ**

*ഏഷാം ഏകഃ ഗോമായുഃ ഏകഃ അജമായുഃ*  ഇവയിലൊന്ന് പശുവിന്റെ മുക്രയിടൽ; മറ്റേത് ആടിന്റെ കരച്ചിൽ.
*ഏകഃ പൃശ്നിഃ ഏകഃ ഹരിതഃ*  ഒന്നു പുള്ളിക്കുത്തുള്ളത്; മറ്റേത് പച്ച.
*വിരൂപാഃ സമാനം നാമ ബിഭ്രതഃ*  വിഭന്നരൂപങ്ങളിലുള്ളവയെങ്കിലും ഇവ ഒരേ പേരു ധരിക്കുന്നു.
*വദന്തഃ പുരുത്ര വാചം പിപിശുഃ*  പറയുമ്പോൾ ഇവ പലരീതികളിൽ ശബ്ദത്തെ അലങ്കരിക്കുന്നു.

**7. ബ്രാഹ്മണാസോ അതിരാത്രേ ന സോമേ**
**സരോ ന പൂർണമഭിതോ വദന്തഃ**
**സംവത്സരസ്യ തദഹഃ പരി ഷ്ഠ**
**യന്മണ്ഡൂകാഃ പ്രാവൃഷീണം ബഭൂവ**

*അതിരാത്രേ സോമേ ന അഭിതഃ വദന്തഃ*  അതിരാത്രസോമയജ്ഞത്തിൽ നിറഞ്ഞ (സോമമരികയ്ക്കു) ചുറ്റും ശബ്ദമുണ്ടാക്കുന്ന
*ബ്രാഹ്മണാസഃ ന സംവത്സരസ്യ*  ബ്രാഹ്മണരെപ്പോലെ, നീ കൊല്ലത്തിൽ
*തദ് അഹഃ പൂർണം സരഃ പരി സ്ഥ*  ആ ദിവസം നിറഞ്ഞ കുളത്തിനുചുറ്റും വട്ടം ചുറ്റുന്നു.
*യദ് മണ്ഡൂകാഃ പ്രാവൃഷീണം ബഭൂവ*  അത്, തവളകളേ! മഴക്കാലത്തിന്റെ ഒരടയാളമാണ്.

**8. ബ്രാഹ്മണാസഃ സോമിനോ വാചമക്രത**
**ബ്രഹ്മ കൃണ്വന്തഃ പരിവത്സരീണം**
**അധ്വര്യവോ ഘർമിണഃ സിഷ്വിദാനാ**
**ആവിർഭവന്തി ഗുഹ്യാ ന കേചിത്**

*സോമിനഃ ബ്രാഹ്മണാസഃ പരിവത്സരീണം*  സോമം ചെയ്ത ബ്രാഹ്മണർ തങ്ങളുടെ ഒരു വർഷത്തിലെ
*ബ്രഹ്മ കൃണ്വന്തഃ വാചം അക്രത*  പവിത്രമന്ത്രം സൃഷ്ടിച്ചുകൊണ്ട് വാക്കുണ്ടാക്കി.
*ഘർമിണഃ അധ്വര്യവഃ*  (പ്രവർഗ്യകർമത്തിൽ തിളച്ച പാൽ നിറച്ച) ഘർമപാത്രത്തോടുകൂടിയ അധ്വര്യുക്കൾ
*സിഷ്വിദാനാഃ ആവിർഭവന്തി*  വിയർത്തവരായി കാണപ്പെടുന്നു.
*ന കേചിത് ഗുഹ്യാഃ*  ആരും മറഞ്ഞുനിൽക്കുന്നവരല്ല.

**9. ദേവഹിതിം ജഗുപുർദ്വാദശസ്യ**
**ഋതും നരോ ന പ്ര മിനന്ത്യേതേ**
**സംവത്സരേ പ്രാവൃഷ്യാഗതായാം**
**തപ്താ ഘർമാ അശ്നുവതേ വിസർഗം**

*ദേവഹിതിം ദ്വാദശസ്യ ജുഗുപുഃ*  ഇവർ ദേവനിർമിതമായ പന്ത്രണ്ടു(മാസ)ക്കാലത്തെ സംരക്ഷിക്കുന്നു;
*ഏതേ നരഃ ഋതും ന പ്ര മിനന്തി*  ഈ മനുഷ്യർ ഋതുവെ എതിർക്കുകയില്ല.
*സംവത്സരേ പ്രാവൃഷി ആഗതായാം*  കൊല്ലത്തിൽ മഴക്കാലം വന്നപ്പോൾ
*തപ്താഃ ഘർമാഃ വിസർഗം അശ്നുവതേ*  തിളപ്പിച്ച ഘർമങ്ങൾ (യജ്ഞദുഗ്ധപാനീയങ്ങൾ) വിമോചനം നേടുന്നു.

**10. ഗോമായുരദാദജമായുരദാത്**
**പൃശ്നിരദാദ്ധരിതോ നോ വസൂനി**
**ഗവാം മണ്ഡൂകാ ദദതഃ ശതാനി**
**സഹസ്രസാവേ പ്ര തിരന്ത ആയുഃ**

*ഗോമായുഃ അദാദ് അജമായുഃ അദാത്*  പശുവിന്റെ മുക്രയിടലോടുകൂടിയതും ആടിന്റെ കരച്ചിലോടുകൂടിയതും
*പൃശ്നിഃ ഹരിതഃ നഃ വസൂനി അദാത്*  പുള്ളിക്കുത്തുള്ളതും പച്ചച്ചതുമായവ ഞങ്ങൾക്കു സാധനങ്ങൾ തരട്ടെ!.
*മണ്ഡൂകാഃ ഗവാം ശതാനി ദദതഃ*  തവളകൾ നൂറു പശുക്കളെ തന്നുകൊണ്ട്
*സഹസ്രസാവേ ആയുഃ പ്ര തിരന്തേ*  ആയിരക്കണക്കിലുള്ള സവനങ്ങളിൽ ഞങ്ങളുടെ ആയുസ്സു നീട്ടട്ടെ!

★

## എട്ടാം മണ്ഡലം

ഈ മണ്ഡലം ഒരൊറ്റ കവിയുടെയോ അടുത്തു ബന്ധപ്പെട്ട ഒരു സംഘം കവികളുടെയോ സൂക്തസമൂഹങ്ങളാൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ഓരോ സമൂഹത്തിലും സൂക്തങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത് ദേവതയുടെയോ വൃത്തത്തിന്റെയോ സൂക്തദൈർഘ്യത്തിന്റെയോ അടിസ്ഥാനത്തിലാണ്. കാണ്വന്മാരുടെയും ആംഗിരസന്മാരുടെയും കവിവംശത്തിൽപ്പെട്ടവരാണ് ഈ മണ്ഡലത്തിലെ സൂക്തങ്ങൾ രചിച്ചിട്ടുള്ളത്. കാണ്വന്മാർ മൂന്നിൽ രണ്ടു ഭാഗവും ബാക്കി ആംഗിരസന്മാരും.

ഈ മണ്ഡലത്തിലെ 103 സൂക്തങ്ങളിൽ വാലഖില്യസൂക്തങ്ങ(49–59)ളൊഴിച്ചുള്ള 92 സൂക്തങ്ങളിൽ പകുതി (46) ഇന്ദ്രനും രണ്ടെണ്ണം ഇന്ദ്രാഗ്നികൾക്കും സമർപ്പിക്കപ്പെട്ടിരിക്കുന്നു. അഗ്നിക്കു മാത്രമായി പതിനാലു സൂക്തങ്ങളേ ഉള്ളൂ. അശ്വികൾക്കു പതിനൊന്നും വിശ്വേദേവന്മാർക്കു നാലും ആദിത്യന്മാർക്കും മരുത്തുക്കൾക്കും മൂന്നു വീതവും സോമനു രണ്ടും മിത്രാവരുണന്മാർക്ക് ഒന്നും വരുണനുമാത്രമായി ഒന്നും സൂക്തങ്ങൾ. അപ്രധാനദേവതകൾക്കു വിശ്വേദേവസൂക്തങ്ങളിലേ സ്ഥാനമുള്ളൂ. അവർക്കു പ്രത്യേകമായി ഈ മണ്ഡലത്തിൽ സൂക്തങ്ങളില്ല.

യജമാനപത്നിക്കു വ്യക്തമായ സ്ഥാനം നൽകുന്ന 31–ാം സൂക്തവും ഇന്ദ്രനു സോമയജ്ഞമനുഷ്ഠിക്കുന്ന അപാലയുടെ രചനയായ അപാലാസൂക്തവും (91) പ്രഹേളികാസ്വഭാവമുള്ള 29–ാം സൂക്തവും ഈ മണ്ഡലത്തിലെ സൂക്തങ്ങളിൽ പ്രത്യേകപരാമർശമർഹിക്കുന്നവയത്രേ. ശ്രദ്ധേയമായ ചില ദാനസ്തുതികളുള്ളതും അനുസ്മരിക്കാം. വൃത്തപരമായ പല സവിശേഷതകളുമുള്ള ഒന്നാം സൂക്തത്തിലെ 34 പദ്യങ്ങളിൽ അവസാനത്തെ നാലെണ്ണത്തിൽ (30–34) മൂന്ന് ആസംഗന്റെ ദാനസ്തുതിയും നാലാമത്തേത് (34) ആസംഗപത്നിയായ ശശ്വതി തന്റെ ഭർത്താവിന്റെ നഷ്ടപ്പെട്ട ലിംഗം തിരിച്ചുകിട്ടിയതിലുള്ള വിസ്മയവും സന്തോഷവും പ്രകടിപ്പിക്കുന്ന പദ്യവുമാണ്. ആദ്യത്തെ 30 പദ്യങ്ങൾ ഇന്ദ്രനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. യാത്രയുടെയും ഇന്ദ്രന്റെ സോമാസക്തിയുടെയും വിവരണമായ ഈ സൂക്തത്തിന്റെ തുടക്കത്തിലുള്ള പത്തു പദ്യങ്ങളിൽ ഈ പ്രമേയം വികസിക്കുന്നു. ഇന്ദ്രൻ തന്റെ യജ്ഞത്തിൽ വരാതെ ഒഴിഞ്ഞുമാറുമോ എന്ന കവിയുടെ ഉൽക്കണ്ഠയാണ് നിറഞ്ഞുനിൽക്കുന്നത്. 13–16 ലും ഇതുതന്നെ തുടരുന്നു. 17–22 ൽ സോമം തയ്യാറാക്കലും ദേവന്റെ പ്രതികരണവുമാകുന്നു. 23–27 പദ്യങ്ങളിലും യാത്രയും സോമത്തിനുള്ള ക്ഷണവുംതന്നെ ആവർത്തിക്കുന്നു. 27–ാം പദ്യത്തിൽ ഇന്ദ്രൻ യജ്ഞത്തിൽ വരുമോ എന്ന സംശയം തീരുന്നു. 28–29 പദ്യങ്ങളിൽ ഇന്ദ്രൻ വരുന്നു. ഇതോടെ ഈ ഇന്ദ്രഭാഗം അവസാനിക്കുന്നു. അവസാനഭാഗത്തെ ദാനസ്തുതി ശ്രദ്ധേയമാണ്. ആസംഗപത്നിയുടെ അദ്ഭുതാനന്ദപ്രകടനം വിശേഷിച്ചും.

രണ്ടാം സൂക്തത്തിലെ മിക്ക പദ്യങ്ങളും ഇന്ദ്രനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ (40 –43) ദാനസ്തുതതിയാണ്. ഇന്ദ്രനുമായി ബന്ധപ്പെട്ട ഭാഗത്ത് ഏതാണ്ടു മുഴുവൻ പദ്യങ്ങളും പല രൂപങ്ങളിൽ സോമം തയ്യാറാക്കുന്നതിനെപ്പറ്റി വിവരിക്കുന്നു. ഇന്ദ്രൻ തങ്ങളുടെ യജ്ഞത്തിൽ വരുമെന്നും സോമം കുടിക്കുമെന്നും തങ്ങൾക്കു പ്രതിഫലം തരുമെന്നും പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത്തരം സൂക്തങ്ങളിൽ യാത്രാപദ്യങ്ങൾ സ്വാഭാവികം (19, 26– 28). ഇന്ദ്രനെ വിളിക്കുമ്പോൾ, അവൻ ക്രോധംകൊണ്ടോ മറ്റു യജമാനന്മാരുടെ വിളി കൊണ്ടോ വിട്ടുനിൽക്കുകയോ വരാതിരിക്കുകയോ ചെയ്യാമെന്ന ആശങ്ക പ്രകടിപ്പിക്കപ്പെടുന്നു (5–6, 19–20). തൃതീയസവനത്തിൽ പാൽ ചേർത്ത സോമം ഹോമിക്കുന്നതായി 10, 11 പോലുള്ള പദ്യങ്ങളിൽ പരാമർശമുണ്ട്. മാധ്യന്ദിനസവനത്തിൽ അവസാനിക്കുന്നതുകൊണ്ട് ദേവന്മാർക്കു തൃപ്തിയില്ലെന്നു 18–ാം പദ്യം സൂചിപ്പിക്കുന്നതായി തോന്നുന്നു. മൂന്ന് എന്ന സംഖ്യയിലുള്ള ഊന്നലും (7–9, 21) ഇന്ദ്രൻ വൈകുന്നേരം ദൂരെയെങ്ങും പോവില്ലെന്ന പ്രതീക്ഷയും (20) ഈ വ്യാഖ്യാനത്തിന് ഉപോൽബലകമാണ്. അവസാനപദ്യം മുൻസൂക്തത്തിലെ അവസാനപദ്യത്തെ ഒട്ടൊന്ന് അനുസ്മരിപ്പിക്കുന്നു.

രണ്ടു മുൻസൂക്തങ്ങളെപ്പോലെ, മൂന്നാം സൂക്തവും ഇന്ദ്രനെക്കുറിച്ചുള്ള ഒരു ദീർഘസ്തുതി (1–20) ഉൾക്കൊള്ളുന്നു. തുടർന്നു ഹ്രസ്വമായ ഒരു ദാനസ്തുതി (21–24). ഇന്ദ്രഭാഗം പ്രഗാഥകളിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. ദാനസ്തുതി വിവിധവൃത്തനിബദ്ധമത്രേ. ഇടയ്ക്കിടെ ആവർത്തിക്കുന്ന ചില പ്രമേയങ്ങളുണ്ട്: ഇന്ദ്രന്റെ മഹത്വവും വിപുലമായ ശക്തിയും (4, 6), ഇന്ദ്രനെ മുൻപു പുകഴ്ത്തിയ ദേവന്മാരും കവികളും അവരെ ഇന്ദ്രൻ സഹായിച്ചതും (7–9, 16), ഇന്ദ്രസ്തോതാക്കളുടെ കേവലമായ ശബ്ദം (3, 7, 16, 18) എന്നിവ. ഈ വിഷയങ്ങളുടെ സന്ദർഭത്തിൽ 13–14 പദ്യങ്ങൾ സ്തുതികാവ്യം ഉൾക്കൊള്ളുന്നതെന്താണ്, പുതുതായി സ്തുതികൾ ആവിഷ്കരിക്കേണ്ടതെങ്ങനെ എന്ന *ഋഗ്വേദ*ഗായകന്റെ ശാശ്വതമായ പ്രശ്നങ്ങൾ ഉയർത്തുന്നു. ദാനസ്തുതി മുൻസൂക്തങ്ങളിലേതിനെ അപേക്ഷിച്ച് ലളിതമാണ്.

*അനുക്രമണി* പറയുന്നതുപോലെ, നാലാം സൂക്തം മൂന്നു മുഖ്യഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു: ഏറ്റവും ദീർഘമായ 1–14 പദ്യങ്ങളുൾക്കൊള്ളുന്നത് ഇന്ദ്രനും 15–18 പദ്യങ്ങളടങ്ങുന്നത് പൂഷാവിനും സമർപ്പിക്കപ്പെടുമ്പോൾ അവസാനത്തേതായയ 19–21 പദ്യങ്ങൾ ദാനസ്തുതിയാണ്. ആദ്യഖണ്ഡത്തിലെ ആദ്യത്തെ പ്രഗാഥ (1–2) ഇന്ദ്രൻ സന്ദർശിക്കാവുന്ന പല യജമാനന്മാരുടെയും പട്ടിക നിരത്തിക്കൊണ്ട് ഇവിടെ കണ്വന്മാരുടെ അടുക്കലേക്കുതന്നെ വരാൻ ദേവനെ ഉദ്ബോധിപ്പിക്കുന്നു. അടുത്ത നാലു പ്രഗാഥകൾ (3–10) ദാഹാർത്തനായ മൃഗത്തെപ്പോലെ ഇന്ദ്രൻ കുടിക്കാൻ വരുന്നതും അത്യുന്നതമായ വീര്യമുള്ളതു കഴിക്കുന്നതും വിവരിക്കുന്നു. ഈ ഖണ്ഡത്തിലെ മറ്റു രണ്ടു പ്രഗാഥകൾ (11–14) ഇന്ദ്രനു സോമം പിഴിഞ്ഞെടുക്കാൻ അധ്വര്യുക്കളോട് കല്പിക്കുന്നു. ഇന്ദ്രഖണ്ഡത്തിലെ ശരിയായ ഉള്ളടക്കം മാമൂൽരീതിയിലുള്ളതാണ്: അവന്റെ ശക്തികളുടെ സ്തുതി, അവൻ മനുഷ്യർക്കു നൽകിയ

സഹായങ്ങൾ, അവസാനഭാഗത്ത് കൂടുതൽ ഊന്നുന്ന ഇവിടേക്കു വരാനും സോമപാനത്തിനുമുള്ള ക്ഷണം എന്നിവ. ഇന്ദ്രൻ ഭൂമിയെ തന്റെ ചുണ്ടിൽ വഹിക്കുന്ന പുരാവൃത്തത്തെ അനുസ്മരിക്കുന്ന എട്ടാം പദ്യം ശ്രദ്ധേയമാണ്. പതിവുപ്രകാരം ദാനങ്ങൾക്കുള്ള അഭ്യർഥന കാണുന്നില്ല. പകരം, ഭക്തന്മാർക്ക് ഇന്ദ്രനിൽനിന്നു ലഭിക്കുന്ന നേട്ടങ്ങളാണ് വിവരിക്കുന്നത്. പൂഷഖണ്ഡം ദാനങ്ങൾക്കുള്ള വ്യക്തമായ അപേക്ഷകളാണ്. ദാനസ്തുതിയിലേക്കുള്ള മാറ്റം ഇവിടെ കാണാം. ഈ ഖണ്ഡത്തിലെ ഉപാന്ത്യപദ്യം (17) വേറൊരു കണ്വകവിയെ പരാമർശിക്കുന്നു. 18–ാം പദ്യം മറ്റൊരു പുൽമൈതാനത്തിലെ പശുക്കളുടെ ഒരു ഭാഗം വേണമെന്ന അഭ്യർഥനയുൾക്കൊള്ളുന്നു. ദാനസ്തുതി (19–21)യിലെ ആദ്യത്തെ രണ്ടു പദ്യങ്ങളെ അപേക്ഷിച്ച് അവസാനപദ്യം അവ്യക്തതയുള്ളതാണ്.

*ഋഗ്വേദ*ത്തിലെ അശ്വിസൂക്തങ്ങളിൽ ഏറ്റവും ദീർഘം (5). സൂക്തം തുടങ്ങുന്നത് അശ്വികളോടുകൂടിയല്ല, ഉഷസ്സോടുകൂടിയാണ് (1). അശ്വികളുടെ അതിരാവിലെയുള്ള യാത്രയ്ക്കു മുന്നോടിയാണല്ലോ ഉഷസ്സിന്റെ വരവ്. സൂക്തത്തിലുടനീളം രണ്ടു ദേവന്മാരോടും തങ്ങളുടെ യജ്ഞത്തിലേക്കു വരാനുള്ള ക്ഷണമാണ്. ഇടയ്ക്ക് അവർ ഇങ്ങോട്ടുള്ള വരവിൽ കടന്നുപോകേണ്ട യജ്ഞങ്ങളെക്കുറിച്ചും പരാമർശങ്ങളുണ്ട് (13, 15). പശുക്കളുൾപ്പെടെയുള്ള സമ്പത്തിനു വേണ്ടിയുള്ള അപേക്ഷയും കാണാം. ഭക്ഷണത്തിനുള്ള അഭ്യർഥന ഇടയ്ക്കിടെ യുണ്ട് (5, 9, 10, 20, 21, 31, 34, 36). 22–23 പദ്യങ്ങളിൽ അശ്വികളുടെരണ്ടു വീരകൃത്യങ്ങൾ പരാമർശിക്കപ്പെടുന്നു. 25–26 പദ്യങ്ങളിൽ അവരുടെ ഒട്ടേറെ കക്ഷികളുടെ പട്ടിക നൽകുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ (37–39) കശുവിന്റെയും ചേദിപതികളുടെയും ദാനങ്ങളെ പുകഴ്ത്തിക്കൊണ്ടുള്ള ദാനസ്തുതിയത്രേ.

വത്സസംഘത്തിന്റെ സൂക്തസമൂഹത്തിൽ (8. 6–11) ഒന്നുമാത്രമേ ഇന്ദ്രനു സമർപ്പിക്കപ്പെട്ടിട്ടുള്ളൂ എങ്കിലും 48 പദ്യങ്ങളുള്ള ആറാം സൂക്തം *ഋഗ്വേദ*ത്തിലെത്തന്നെ സുദീർഘസൂക്തങ്ങളിലൊന്നാണ്. ഇന്ദ്രന്റെ പല വശങ്ങളും തൃചങ്ങളിലായി അത് വരച്ചുകാട്ടുന്നു. കാവ്യത്തിലൂടെ ഇന്ദ്രനെ ശക്തിപ്പെടുത്തിയ കാണ്വന്മാരുടെ പങ്ക് സൂക്തത്തിൽ വരുന്ന ഒരു പ്രമേയമാണ്. 1–3 പദ്യങ്ങളിലാണ് ഇത് ശക്തമായി അവതരിപ്പിക്കപ്പെടുന്നത്. ഒന്നാം പദ്യത്തിൽ വത്സൻതന്നെയും 2–3 പദ്യങ്ങളിൽ തന്റെ പൂർവികരും വഹിച്ച പങ്കു വ്യക്തമാക്കുന്നു. മൂന്നാം പദ്യത്തിൽ തങ്ങളുടെ കുടുംബായുധമെന്നു സൂചിപ്പിക്കുന്ന കാണ്വസ്തുതികളെ 7–8 പദ്യങ്ങളിൽ "കണ്ണഞ്ചിപ്പിക്കുമാറു പ്രകാശിക്കുന്ന അസ്ത്രങ്ങ"ളെന്നു വികസിപ്പിക്കുന്നു. അടുത്ത തൃചത്തിൽ (10–12) വത്സൻ തന്റെ കാവ്യപൈതൃകത്തെപ്പറ്റി പറയുന്നു. 19–21 പദ്യങ്ങളിൽ കാണ്വന്മാരുടെ വാചികോല്പന്നങ്ങളെ ഭൗതികമായ യജ്ഞഹവിസ്സുകളുമായി താരതമ്യപ്പെടുത്തുന്നു. 31–36 പദ്യങ്ങൾ ഇന്ദ്രനെ ശക്തിപ്പെടുത്താനുള്ള കാണ്വന്മാരുടെ ശക്തിയെ ഋജുവായ വാക്കുകളിൽ വാഴ്ത്തുന്നു. ദാനസ്തുതിക്കു മുൻപുള്ള തൃചത്തിൽ (40–42) കാണ്വന്മാരുടെ പ്രവർത്തനത്തെപ്പറ്റി പരാമർശമുണ്ട്.

എട്ടാം മണ്ഡലത്തിൽ മൂന്നു മരുത്സൂക്തങ്ങളിൽ (മറ്റുള്ളവ 20, 94) ഒന്നാണ് ഏഴാം സൂക്തം. മിക്ക മരുത്സൂക്തങ്ങളെയുംപോലെ, കൊടുങ്കാറ്റിന്റെ മൂർത്തീഭാവങ്ങളായ ഇവ ലോകത്തിൽ വരുത്തുന്ന ഫലങ്ങളുടെ വിസ്തരിച്ച വിവരണവും അന്തരീക്ഷത്തിലൂടെയുള്ള അവരുടെ യാത്രയും അടങ്ങുന്നു. പർവതങ്ങൾ കുനിയുന്നതും ഹിംസാത്മകമായ കാറ്റടിക്കുന്നതും മഴ പെയ്യുന്നതും അലറുന്നതുമെല്ലാം വിവരിക്കുന്നുണ്ട്. സൂക്തത്തിന്റെ ആദ്യഭാഗത്താണ് മുഖ്യമായും ഈ വർണനങ്ങളുള്ളത് (2–5, 7–8). പിന്നെ അവസാനഭാഗത്തും (34). സൂക്തത്തിന്റെ മധ്യഭാഗത്ത് (11–21) തങ്ങളുടെ യജ്ഞത്തിൽ അവരുടെ സാന്നിധ്യവും അവരുടെ ദാനങ്ങളും വേണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്നു. 20–21 പദ്യങ്ങൾ അവരുടെ മറ്റു കാര്യങ്ങളറിയുന്നതിനുള്ള ഉൽക്കണ്ഠയും അവരുടെ അശ്രദ്ധയും പ്രതിപാദിക്കുന്നു. 30–31 എന്നീ മറ്റു ചോദ്യപദ്യങ്ങളിലും ഈ ഉൽക്കണ്ഠ തിരിച്ചുവരുന്നുണ്ട്. ഇവ മരുത്തുകളുടെ യജ്ഞത്തിലേക്കുള്ള അവസാനയാത്രയുടെ ആമുഖമത്രേ. അവിടെ അവർ അഗ്നിയോടൊപ്പം സ്തുതിക്കപ്പെടുന്നു. 22–26 പദ്യങ്ങൾ പല പുരാവൃത്തശകലങ്ങളും അവതരിപ്പിക്കുന്നു. ഉശനസ്സെന്ന കവിയുടെയും വലകഥയുടെയും പരാമർങ്ങൾ ഇതിലുൾപ്പെടും.

എട്ടാം സൂക്തത്തിന്റെ കവിയുടെ പേര് *അനുക്രമണി*യിൽ സധ്വംസനെന്നാണു കൊടുക്കുന്നതെങ്കിലും ഇവിടെ ആവർത്തിച്ചു നൽകുന്നത് വത്സ കണ്വനെന്നാണ് (7, 8, 11, 15, 19). വത്സന്റെ സൂക്താരംഭശൈലിയുൾപ്പെടെ എല്ലാ സവിശേഷതകളും ഇതിലും കാണാം. പ്രപഞ്ചത്തിലെവിടെയാണുള്ളതെങ്കിലും (3–4, 7, 14) തങ്ങളുടെ യജ്ഞത്തിലെത്തുമാറ് മറ്റു യജ്ഞങ്ങളിൽ പോകാനുള്ള പ്രലോഭനങ്ങളെല്ലാമൊഴിവാക്കണമെന്നു ദേവന്മാരെ ഉദ്ബോധിപ്പിക്കുന്നു (8). അന്തിമപദ്യത്തിലും (23) ഇക്കാര്യങ്ങളൊക്കെ ചുരുക്കിപ്പറയുന്നുണ്ട്. അശ്വികളുടെ മൂന്നു കാൽവെപ്പുകളെപ്പറ്റിയുള്ള പരാമർശം ശ്രദ്ധേയമാണ്. യാത്രയും യജ്ഞവും കൊള്ളമുതലുകളുടെ ദാനവും സൂര്യയുടെ അശ്വിരഥാരോഹണവും സൂര്യാവിവാഹവും അശ്വികളുടെ ചില കക്ഷികളുടെ പരാമർശവും മറ്റ് അശ്വിസൂക്തങ്ങളിലെന്നപോലെ ഇവിടെയും കാണാം

വൃത്തവൈവിധ്യംകൊണ്ട് ശ്രദ്ധേയമാണ് ഒൻപതാം സൂക്തം. രണ്ടു തൃചങ്ങൾ (7–9, 16–18) അനുഷ്ടുപ്പിലാണ്. മുൻസൂത്രത്തിലെപ്പോലെ വത്സനാണ് താനെന്നു കവി പലേടത്തും 1, 6, 15) വെളിപ്പെടുത്തുന്നു. ശശകർണനെന്ന പൂർവഭാഗം *അനുക്രമണി*യനുസരിച്ചുള്ളതാണ്; സൂക്തത്തിൽ തെളിവൊന്നുമില്ല. അശ്വികളോടു സഹായവും സംരക്ഷണവും അഭ്യർഥിക്കുകയും പകരം യജ്ഞസേവനം വാഗ്ദാനം നൽകുകയും ചെയ്യുന്നതാണ് മുഖ്യപ്രമേയം. 16–18 പദ്യങ്ങളുൾക്കൊള്ളുന്ന തൃചം അശ്വികളോടുള്ള ബന്ധത്തിന്റെ പേരിൽ ഉഷസ്സിനെ സംബോധന ചെയ്യുന്നു. പ്രാതഃസവനവുമായി ബന്ധപ്പെട്ടതാണ് ആ തൃചമെന്ന ഔചിത്യം ഇവിടെ

കാണാം.

വൃത്തവൈവിധ്യംകൊണ്ട് ശ്രദ്ധേയമാണ് പത്താം സൂക്തവും.

11–ാം സൂക്തം. വത്സസംഘത്തിലെ അവസാനത്തെ സൂക്തമാണിത്; അഗ്നിക്കു സമർപ്പിക്കപ്പെട്ട ഒരേയൊരു സൂക്തവും. ഈ സഞ്ചയത്തിലെ മറ്റു സൂക്തങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു സംക്ഷിപ്തവും പ്രാഥമികകാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതുമാണ്. ഏതായാലും പ്രസന്നമായൊരു രചനയാണ് പ്രസ്തുതസൂക്തം.

12–ാം സൂക്തത്തിലെ ഓരോ തൃചത്തിലെയും പദ്യത്തിലെ അന്ത്യപാദത്തിലെ അവസാനത്തെ നന്നാലക്ഷരങ്ങൾ പല്ലവി. 25–27, 28–30 എന്നീ പദ്യങ്ങളുൾക്കൊള്ളുന്ന തൃചങ്ങളിലെ അന്ത്യപാദം മുഴുവൻ പല്ലവിയെന്നു വിശേഷം. യജ്ഞവിവരണവും യജ്ഞത്തിലേക്കുള്ള ക്ഷണവും ദേവനിൽനിന്നുള്ള കൊള്ളമുതലുൾപ്പെടെയുള്ള ദാനപ്രതീക്ഷയുമാണ് പൊതുവിൽ സൂക്തത്തിന്റെ ഉള്ളടക്കം.

13–ാം സൂക്തത്തിലും മുൻസൂക്തത്തിലെപ്പോലെത്തന്നെ വൃത്തവും തൃചസംവിധാനവുമെല്ലാം. എങ്കിലും അതുപോലെ രചനാദാർഢ്യം കാണുന്നില്ല. അവസാനത്തെ തൃചത്തിൽ (30–33) മാത്രമാണ് ചതുരക്ഷരപല്ലവിയുള്ളത്. വളരുന്നതിന്റെയും ശക്തിപ്പെടുന്നതിന്റെയും പ്രമേയമാണ് ഇവിടെയും. പൊതുവിൽ സൂക്തപദ്യങ്ങൾ തമ്മിലോ തൃചങ്ങൾ തമ്മിലോ ഐകരൂപ്യമില്ല.

14–ാം സൂക്തം തുടങ്ങുന്നത് പ്രസാദപൂർണമായ ഒരു ക്രീഡാപരതയോടുകൂടിയാണ്. കവി ഇന്ദ്രനോട് തങ്ങളുടെ സ്ഥാനങ്ങൾ പരസ്പരം മാറുകയാണെങ്കിൽ, അതായത്, കവി ഇന്ദ്രനും ഇന്ദ്രൻ കവിയുമാവുകയാണെങ്കിൽ, താൻ ഇന്ദ്രനേക്കാൾ എത്രയോ ഉദാരനാവുമായിരുന്നുവെന്ന് ഇന്ദ്രനെ കളിയാക്കിക്കൊണ്ടാണ് സൂക്തം തുടങ്ങുന്നത് (1–3). അടുത്ത തൃചത്തിലും (4–6) നാലാം തൃചത്തിലും (10–12) യജ്ഞത്തിൽനിന്നുകിട്ടുന്ന ബലമാണ് ഇന്ദ്രനെ ഉദാരനാക്കുന്നതെന്നു പറയുന്നു. രണ്ടു തൃചങ്ങൾ ഇന്ദ്രന്റെ വീരകർമങ്ങൾ വിവരിക്കുന്നു. 7–9, 13–15 പദ്യങ്ങളുൾക്കൊള്ളുന്നവയാണവ. ഇവയിൽ വലഗുഹാഭേദനം, സ്വർഗസാമ്രാജ്യധാരണം, നമുചിവധം മുതലായവ പ്രതിപാദിക്കുന്നു. ഗായത്രീവൃത്തവും തൃചഘടനയും കൊണ്ടുള്ള ലാളിത്യം ഈ സൂക്തത്തെ ഈ മണ്ഡലത്തതിലെ മറ്റിന്ദ്രസൂക്തങ്ങളിൽനിന്നു വ്യതിരിക്തമാക്കുന്നു.

15–ാം സൂക്തം. മുൻസൂക്തത്തിന്റെ അതേ കവികളുടെ രചനയായ ഇത് മാമൂൽരൂപത്തിലുള്ള ഒരു സ്തുതിസൂക്തമത്രേ. ഇത് പ്രപഞ്ചത്തിൽ ഇന്ദ്രന്റെ ആധിപത്യം ഉറപ്പിച്ചുപറയുന്നു (2–6). ഇന്ദ്രന്റെ അധികാരശക്തിക്കു പ്രപഞ്ചശക്തികളുടെയും മറ്റു വിവിധദേവന്മാരുടെയും സംഭാവന തുടർന്നു വിവരിക്കുന്നു (7–10). അവസാനതൃചത്തിലും (10–12) സോമത്തെ സംബോധന ചെയ്യുന്ന അവസാനത്തെ പദ്യത്തിലും (13) ഇന്ദ്രന്റെ എല്ലാ വിജയശക്തികളും തങ്ങളുടെ ഭാഗത്തേക്കു വേണമെന്ന ആഗ്രഹം കാണാം. ആദ്യപദ്യത്തിൽ സഖാക്കളോട് ഇന്ദ്രനെ വശീകരിക്കാൻ നടത്തുന്ന ഉദ്ബോധനത്തിന്റെ പ്രതിധ്വനി ഇവിടെ കേൾക്കാം.

16–ാം സൂക്തം. ഇത്, ചില രീതികളിൽ, ഒരു ബൃഹത്സ്തുതിസൂക്തമാണ്. അതായത് ഇന്ദ്രനെ സ്തുതിക്കുന്നതിനെക്കുറിച്ചുള്ള സ്തുതി. സൂക്തം പൂർണമായും ശരിക്കുള്ള ദേവതാസ്തുതിയാണെങ്കിലും, ഇടയ്ക്കിടെ വിളിക്കൽ, സ്തുതിക്കൽ, ഗാനം ചെയ്യൽ, ഇന്ദ്രനും അവന്റെ ശക്തികൾക്കും കർമങ്ങൾക്കും അംഗീകാരം നൽകൽ (മറ്റു വാക്കുകളിൽ, സ്തുതിതന്നെ) എന്നിവയെപ്പറ്റിക്കൂടി ആവർത്തിക്കുന്നുണ്ട്. ഇന്ദ്രന്റെ യുദ്ധശക്തിയാണ് സൂക്തത്തിന്റെ ഉള്ളടക്കം. യുദ്ധപ്രമേയമായിട്ടും ഹിംസ വരുന്നതേയില്ലെന്നത് വിസ്മയകരമാണ്. സ്ഥലമുണ്ടാക്കുകയും (6) വെളിച്ചം നൽകുകയും (10) ഉന്നതരായ തന്റെ കക്ഷികൾക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഇന്ദ്രനെയാണ് നാമിവിടെ കാണുന്നത്.

ഈ സംഘത്തിലെ (8. 12–18) അവസാനത്ത ഈ 17–ാം സൂക്തം മുൻസൂക്തങ്ങളെ അപേക്ഷിച്ച് ദീർഘമായ 15 പദ്യങ്ങളുൾക്കൊള്ളുന്നു. 1–10 പദ്യങ്ങൾ മൂന്നു തൃചങ്ങളും ഒരവസാനപദ്യവുമുൾക്കൊള്ളുന്നു. 11–13 പദ്യങ്ങളും സ്വതന്ത്രമായ തൃചമണ്. 14–15 പദ്യങ്ങളടങ്ങുന്ന പ്രഗാഥ ഇതിന്റെ അവസാനഭാഗം. 1–10 പദ്യങ്ങൾ സോമന്നുള്ള ക്ഷണമാണ്. യജ്ഞത്തിലേക്കുള്ള ഇന്ദ്രന്റെയാത്ര ഇതിന്റെ ഭാഗമത്രേ. അവസാനഭാഗത്ത് ശ്രദ്ധേയമായ ബിംബകല്പനകൾ കാണാം. 11–13 പദ്യങ്ങൾ ഇന്ദ്രനുള്ള മാമൂൽരൂപത്തിലുള്ള ക്ഷണം തന്നെ. പക്ഷേ, രണ്ടു പദ്യങ്ങൾ സോമയജ്ഞത്തിൽ മുഴുകുന്ന രണ്ട് അജ്ഞാതരെക്കുറിച്ചാണ്. 14–ാം പദ്യം സോമനെയും 15 യജ്ഞത്തിൽ ഇടപെടുന്ന മറ്റൊരജ്ഞാതനെയും കുറിച്ച്.

ആദിത്യന്മാർക്കുള്ള മറ്റു സൂക്തങ്ങൾ (47, 67) പോലെ, 18–ാം സൂക്തം ഏതാണ്ട് പ്രാഥമികവും അതിന്റെ പ്രമേയത്തിൽനിന്ന് ഏറെ മാറിനിൽക്കാത്തതുമാണ്. ആദിത്യന്മാരും (അവസാനഭാഗത്ത് – 16, 20, 21 – മറ്റു ദേവന്മാരും) വിവിധവിപത്തുകളിൽനിന്നും ശത്രുക്കളിൽനിന്നും സംരക്ഷണവും തങ്ങൾക്കു ദീർഘായുസ്സും സന്തതിയും നൽകുമെന്ന പ്രതീക്ഷയാണ് ഇവിടെയും. തൃചങ്ങൾ തമ്മിൽ നല്ല യോജിപ്പുണ്ട്. അദിതിയുടെ അത്യുന്നതത്വം 4–6 പദ്യങ്ങളിൽ കാണാം. "ശം"പദത്തിന്റെ ആവർത്തനവും 7–9 പദ്യങ്ങളിൽ ചതുരക്ഷരപല്ലവിയുമുണ്ട്.

19–ാം സൂക്തത്തിന്റെ പ്രമേയങ്ങളിൽ പ്രധാനം യജ്ഞത്തിൽ അഗ്നിയുടെ പങ്കും ആ പങ്കു വഹിക്കുന്നതിൽ മനുഷ്യന്റെ സഹായവുമാണ്. ശരിയായി അഗ്നിയെ സേവിക്കുന്ന മനുഷ്യന് അഗ്നി വാഗ്ദാനം ചെയ്യുന്നങ്ങൾ പല്ലവി. 25–27, 28–30 എന്നീ പദ്യങ്ങളുൾക്കൊള്ളുന്ന തൃചങ്ങളിലെ അന്ത്യപാദം മുഴുവൻ പല്ലവിയെന്നു

വിശേഷം. യജ്ഞവിവരണവും യജ്ഞത്തിലേക്കുള്ള ക്ഷണവും ദേവനിൽനിന്നുള്ള കൊള്ളമുതലുൾപ്പെടെയുള്ള ദാനപ്രതീക്ഷയുമാണ് പൊതുവിൽ സൂക്തത്തിന്റെ ഉള്ളടക്കം.

13–ാം സൂക്തത്തിലും മുൻസൂക്തത്തിലെപ്പോലെത്തന്നെ വൃത്തവും തൃചസംവിധാനവുമെല്ലാം. എങ്കിലും അതുപോലെ രചനാദാർഢ്യം കാണുന്നില്ല. അവസാനത്തെ തൃചത്തിൽ (30–33) മാത്രമാണ് ചതുരക്ഷരപല്ലവിയുള്ളത്. വളരുന്നതിന്റെയും ശക്തിപ്പെടുന്നതിന്റെയും പ്രമേയമാണ് ഇവിടെയും. പൊതുവിൽ സൂക്തപദ്യങ്ങൾ തമ്മിലോ തൃചങ്ങൾ തമ്മിലോ ഐകരൂപ്യമില്ല.

14–ാം സൂക്തം തുടങ്ങുന്നത് പ്രസാദപൂർണമായ ഒരു ക്രീഡാപരതയോടുകൂടിയാണ്. കവി ഇന്ദ്രനോട് തങ്ങളുടെ സ്ഥാനങ്ങൾ പരസ്പരം മാറുകയാണെങ്കിൽ, അതായത്, കവി ഇന്ദ്രനും ഇന്ദ്രൻ കവിയുമാവുകയാണെങ്കിൽ, താൻ ഇന്ദ്രനേക്കാൾ എത്രയോ ഉദാരനാവുമായിരുന്നുവെന്ന് ഇന്ദ്രനെ കളിയാക്കിക്കൊണ്ടാണ് സൂക്തം തുടങ്ങുന്നത് (1–3). അടുത്ത തൃചത്തിലും (4–6) നാലാം തൃചത്തിലും (10–12) യജ്ഞത്തിൽനിന്നുകിട്ടുന്ന ബലമാണ് ഇന്ദ്രനെ ഉദാരനാക്കുന്നതെന്നു പറയുന്നു. രണ്ടു തൃചങ്ങൾ ഇന്ദ്രന്റെ വീരകർമങ്ങൾ വിവരിക്കുന്നു. 7–9, 13–15 പദ്യങ്ങളുൾക്കൊള്ളുന്നവയാണവ. ഇവയിൽ വലഗുഹാഭേദനം, സ്വർഗസാമ്രാജ്യധാരണം, നമുചിവധം മുതലായവ പ്രതിപാദിക്കുന്നു. ഗായത്രീവൃത്തവും തൃചഘടനയും കൊണ്ടുള്ള ലാളിത്യം ഈ സൂക്തത്തെ ഈ മണ്ഡലത്തതിലെ മറ്റിന്ദ്രസൂക്തങ്ങളിൽനിന്നു വ്യതിരിക്തമാക്കുന്നു.

15–ാം സൂക്തം. മുൻസൂക്തത്തിന്റെ അതേ കവികളുടെ രചനയായ ഇത് മാമൂൽരൂപത്തിലുള്ള ഒരു സ്തുതിസൂക്തമത്രേ. ഇത് പ്രപഞ്ചത്തിൽ ഇന്ദ്രന്റെ ആധിപത്യം ഉറപ്പിച്ചുപറയുന്നു (2–6). ഇന്ദ്രന്റെ അധികാരശക്തിക്കു പ്രപഞ്ചശക്തികളുടെയും മറ്റു വിവിധദേവന്മാരുടെയും സംഭാവന തുടർന്നു വിവരിക്കുന്നു (7–10). അവസാനതൃചത്തിലും (10–12) സോമത്തെ സംബോധന ചെയ്യുന്ന അവസാനത്തെ പദ്യത്തിലും (13) ഇന്ദ്രന്റെ എല്ലാ വിജയശക്തികളും തങ്ങളുടെ ഭാഗത്തേക്കു വേണമെന്ന ആഗ്രഹം കാണാം. ആദ്യപദ്യത്തിൽ സഖാക്കളോട് ഇന്ദ്രനെ വശീകരിക്കാൻ നടത്തുന്ന ഉദ്ബോധനത്തിന്റെ പ്രതിധ്വനി ഇവിടെ കേൾക്കാം.

16–ാം സൂക്തം. ഇത്, ചില രീതികളിൽ, ഒരു ബൃഹത്സ്തുതിസൂക്തമാണ്. അതായത് ഇന്ദ്രനെ സ്തുതിക്കുന്നതിനെക്കുറിച്ചുള്ള സ്തുതി. സൂക്തം പൂർണമായും ശരിക്കുള്ള ദേവതാസ്തുതിയാണെങ്കിലും, ഇടയ്ക്കിടെ വിളിക്കൽ, സ്തുതിക്കൽ, ഗാനം ചെയ്യൽ, ഇന്ദ്രനും അവന്റെ ശക്തികൾക്കും കർമങ്ങൾക്കും അംഗീകാരം നൽകൽ (മറ്റു വാക്കുകളിൽ, സ്തുതിതന്നെ) എന്നിവയെപ്പറ്റിക്കൂടി ആവർത്തിക്കുന്നുണ്ട്. ഇന്ദ്രന്റെ യുദ്ധശക്തിയാണ് സൂക്തത്തിന്റെ ഉള്ളടക്കം. യുദ്ധപ്രമേയമായിട്ടും ഹിംസ വരുന്നതേയില്ലെന്നത് വിസ്മയകരമാണ്. സ്ഥലമുണ്ടാക്കുകയും (6) വെളിച്ചം നൽകുകയും (10) ഉന്നതരായ തന്റെ കക്ഷികൾക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഇന്ദ്രനെയാണ് നാമിവിടെ കാണുന്നത്.

ഈ സംഘത്തിലെ (8. 12–18) അവസാനത്ത ഈ 17–ാം സൂക്തം മുൻസൂക്തങ്ങളെ അപേക്ഷിച്ച് ദീർഘമായ 15 പദ്യങ്ങളുൾക്കൊള്ളുന്നു. 1–10 പദ്യങ്ങൾ മൂന്നു തൃചങ്ങളും ഒരവസാനപദ്യവുമുൾക്കൊള്ളുന്നു. 11–13 പദ്യങ്ങളും സ്വതന്ത്രമായ തൃചമണ്. 14–15 പദ്യങ്ങളടങ്ങുന്ന പ്രഗാഥ ഇതിന്റെ അവസാനഭാഗം. 1–10 പദ്യങ്ങൾ സോമന്നുള്ള ക്ഷണമാണ്. യജ്ഞത്തിലേക്കുള്ള ഇന്ദ്രന്റെയാത്ര ഇതിന്റെ ഭാഗമത്രേ. അവസാനഭാഗത്ത് ശ്രദ്ധേയമായ ബിംബകല്പനകൾ കാണാം. 11–13 പദ്യങ്ങൾ ഇന്ദ്രനുള്ള മാമൂൽരൂപത്തിലുള്ള ക്ഷണം തന്നെ. പക്ഷേ, രണ്ടു പദ്യങ്ങൾ സോമയജ്ഞത്തിൽ മുഴുകുന്ന രണ്ട് അജ്ഞാതരെക്കുറിച്ചാണ്. 14–ാം പദ്യം സോമനെയും 15 യജ്ഞത്തിൽ ഇടപെടുന്ന മറ്റൊരജ്ഞാതനെയും കുറിച്ച്.

ആദിത്യന്മാർക്കുള്ള മറ്റു സൂക്തങ്ങൾ (47, 67) പോലെ, 18–ാം സൂക്തം ഏതാണ്ട് പ്രാഥമികവും അതിന്റെ പ്രമേയത്തിൽനിന്ന് ഏറെ മാറിനിൽക്കാത്തതുമാണ്. ആദിത്യന്മാരും (അവസാനഭാഗത്ത് – 16, 20, 21 – മറ്റു ദേവന്മാരും) വിവിധവിപത്തുകളിൽനിന്നും ശത്രുക്കളിൽനിന്നും സംരക്ഷണവും തങ്ങൾക്കു ദീർഘായുസ്സും സന്തതിയും നൽകുമെന്ന പ്രതീക്ഷയാണ് ഇവിടെയും. തൃചങ്ങൾ തമ്മിൽ നല്ല യോജിപ്പുണ്ട്. അദിതിയുടെ അത്യുന്നതത്വം 4–6 പദ്യങ്ങളിൽ കാണാം. “ശം”പദത്തിന്റെ ആവർത്തനവും 7–9 പദ്യങ്ങളിൽ ചതുരക്ഷരപല്ലവിയുമുണ്ട്.

19–ാം സൂക്തത്തിന്റെ പ്രമേയങ്ങളിൽ പ്രധാനം യജ്ഞത്തിൽ അഗ്നിയുടെ പങ്കും ആ പങ്കു വഹിക്കുന്നതിൽ മനുഷ്യന്റെ സഹായവുമാണ്. ശരിയായി അഗ്നിയെ സേവിക്കുന്ന മനുഷ്യന് അഗ്നി വാഗ്ദാനം ചെയ്യുന്ന“കാടു കയറിയ ഭാവന” നീങ്ങുന്നു. സൂക്താന്ത്യഭാഗത്ത് ഒരു രാഷ്ട്രീയപരിപാടി കാണാം. 32–33 പദ്യങ്ങളിൽ അത് പരകോടിയിലെത്തുന്നു. മുൻപേ അതിന്റെ നിഴലാട്ടമുണ്ട്. 32–ാം പദ്യത്തിൽ താനും സുഹൃത്തുക്കളും മറ്റഗ്നികളെല്ലാം ആശ്രയിക്കുന്ന മഹാനായ ത്രസദസ്യുരാജാവിന്റെ അഗ്നിയുടെ അടുത്താണു വന്നതെന്നു കവി അറിയിക്കുന്നു (33). അഗ്നി അങ്ങനെ ദേവന്മാരുടെയും മനുഷ്യരുടെയിമിടയിൽ മാധ്യസ്ഥ്യം വഹിക്കുക മാത്രമല്ല, വിവിധങ്ങളായ അഗ്നികളുടെ പ്രതിനിധിയാണെന്നുകൂടി വരുന്നു.

പരസ്പരവിനിമയപ്രവർത്തനവും ഉത്തരവാദിത്തവുമെന്ന നിലയിലുള്ള യജ്ഞത്തിന്റെ മാതൃക രാഷ്ട്രത്തിനു പരോക്ഷമായ മാതൃക നൽകുന്നുണ്ട്. ഏഴാം പദ്യത്തിൽ കവി തന്റെ സംഘത്തിന് തന്റെ അഗ്നികളെ “നിങ്ങൾ”ക്കു നല്ല അഗ്നിയെ നൽകാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. “അഗ്നികൾ” എന്ന ബഹുവചനം അർഥഗർഭമാണ്: യജ്ഞസന്ദർഭത്തിൽ അത് യജ്ഞഭൂമിയിലെ മൂന്നഗ്നികളെ പരാമർശിക്കുന്നതായെടുക്കാം.

രാഷ്ട്രീയമായ വായനയിൽ അത് 33–ാം പദ്യത്തിലെ അവലംബാഗ്നികളെ  പ്രതിനിധാനം ചെയ്യുന്നതായി കരുതാം. എട്ടാം പദ്യം അഗ്നിയെ "മിത്രിയ"നായ "അഗ്നി"(സഖ്യവുമായി ബന്ധപ്പെട്ട അഗ്നി)യായി വർണിക്കുന്നു. യജ്ഞസന്ദർഭത്തിൽ മനുഷ്യഗൃഹത്തിൽ അതിഥിയായി ഗണിക്കപ്പെടുന്ന അഗ്നിയെയും ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ സഖ്യം പ്രാവർത്തികമാക്കുന്ന അഗ്നിയെയും ഇതു പരാമർശിക്കുന്നു. രാഷ്ട്രീയവായനയിൽ ഇത് ത്രസദസ്യുവിന്റെ അഗ്നി പ്രതിനിധാനം ചെയ്യുന്ന രാജാവിന്റെ കീഴിൽ ജനങ്ങളെ  ഒരുമിച്ചു കൂട്ടിയിണക്കുന്ന അഗ്നിയാണ്.  14–ാം പദ്യത്തിൽ "സാമ്രാജ്യങ്ങളിലുടനീളം അദിതി(അതിരില്ലാത്ത)യായി ഭക്തിപൂർവം ഹവിസ്സു നൽകുന്നവ"നെന്നു പറയുമ്പോൾ അദിതിയെ ഇവിടെ സാമാന്യനാമമായാണു വിവക്ഷിച്ചിരിക്കുന്നത്. യജ്ഞസന്ദർഭത്തിൽ ഇത് അഖിലലോകത്തിനും തുല്യവും അതിരില്ലാത്തതുമായ യജ്ഞഭൂമിയാണ്. രാഷ്ട്രീയസന്ദർഭത്തിൽ, ജനങ്ങൾക്കിടയിൽ അതിരുകൾ മായ്ച്ചുകളയുന്ന ത്രസദസ്യുവിന്റെയും തന്റെയും അഗ്നിയെ പരാമർശിക്കാം. 16–ാം പദ്യത്തിൽ ജനങ്ങൾക്കിടയിലെ ബന്ധങ്ങൾക്കു മേൽനോട്ടം വഹിക്കുന്ന പ്രധാനപ്പെട്ട ആദിത്യന്മാരായ വരുണനെയും മിത്രനെയും അര്യമാവിനെയും ഭഗനെയും പരാമർശിക്കുന്നതുകൊണ്ട് ആദിത്യന്മാരുടെ ആനുകൂല്യവും പരോക്ഷമായി വാഗ്ദാനം ചെയ്യുന്നുണ്ടാവാം. ത്രസദസ്യുവിന്റെ അഗ്നിയെപ്പറ്റിയുള്ള പദ്യങ്ങൾ (34–35) ആദിത്യന്മാർക്കാണ് സമർപ്പിച്ചിട്ടുള്ളതും. അവസാനത്തെ രണ്ടു പദ്യങ്ങൾ (36–37) അസങ്കീർണവും സംക്ഷിപ്തവുമായ ദാനസ്തുതിയാകുന്നു.

20–ാം സൂക്തത്തിൽ മാതൃകാഭൂതമായ മരുത്പ്രമേയങ്ങൾ സമർഥമായി ഒരുമിച്ചിണക്കിച്ചേർത്തിരിക്കുന്നു. അവരെ യജ്ഞത്തിലേക്കു ക്ഷണിച്ചുകൊണ്ട് (1–2) കവി അവർ മൂർത്തീഭാവം കൈക്കൊള്ളുന്ന കൊടുങ്കാറ്റിന്റെ പ്രത്യാഘാതങ്ങൾ വർണിക്കുന്നു (3–6). തുടർന്ന് അവരുടെയും തേരിന്റെയും മിന്നിമറിയുന്ന സൗന്ദര്യം (7–12) വർണിച്ച് ഈ ഖണ്ഡത്തിന്റെ അന്ത്യത്തിലുള്ള രണ്ടു പദ്യങ്ങളോടുകൂടി (13–14) അവസാനിപ്പിക്കുന്നു.  മരുത്തുക്കളുടെ ഉദാരതയാണ് സൂക്തത്തിന്റെ അവശിഷ്ടഭാഗങ്ങളിൽ. സോഭരിയുടെ സൂക്തത്തിനു പ്രതികരണമായി അതു കാണിക്കാനും അവരോടഭ്യർഥിക്കുന്നു. 19–20 പദ്യങ്ങൾ കവി സ്വയം സംബോധന ചെയ്യുന്നവയാണ്. അവരുടെ ശമനൗഷധപ്രയോഗങ്ങൾ (23–26) അവരുടെ അച്ഛനായ രുദ്രനിലൂടെയാണ് വരുന്നത്.

21–ാം സൂക്തം ചിത്രന്റെ ദാനസ്തുതി(17–18)യിൽ അവസാനിക്കുകയും അവന്റെ പേരിലുള്ള ശ്ലേഷത്തോടുകൂടി തുടങ്ങുകയും ചെയ്യുന്നു. ഒന്നാം പദ്യത്തിൽ ഇന്ദ്രനെ ചിത്രനായി (ഉജ്ജ്വലൻ) വർണിക്കുന്നു. കവിയും തന്റെ വ്യത്യസ്തജനതകളും ഇന്ദ്രനും തമ്മിലുണ്ടായിരിക്കാവുന്ന ബന്ധങ്ങൾ അദ്ഭുതകരമായ സാങ്കേതികപദാവലിയുടെ സഹായത്തോടെ വിവരിക്കുന്നു:  സഖാവ് (4, 8, 14, 15), ബന്ധു (4), പ്രതിയോഗി (13), (ആപിത്വം (സൗഹൃദം – 13), പിതാവ് (14). സോമയജ്ഞത്തിനുള്ള ക്ഷണങ്ങൾക്കിടയിൽ (3, 5) ഇന്ദ്രഗുണസ്തുതികൾ(10)ക്കിടയിലും കവി മുൻപു താനും തന്റെ ജനതകളും ഇന്ദ്രനെ കൈവിട്ടതായി സ്വയം ചിത്രീകരിക്കുന്നു. പക്ഷേ തങ്ങളുമായി ദേവൻ ബന്ധങ്ങൾ സ്ഥാപിക്കുമെന്ന പ്രതീക്ഷ പുലർത്തുന്നുണ്ട് (6). ബന്ധം തുടരുകയാണെങ്കിൽ എന്താണ് ഇന്ദ്രനിൽനിന്നു നേടാൻ സാധിക്കുക എന്ന് ഭാവന ചെയ്യുന്നു (11–12). സൂക്തത്തിന്റെ അന്ത്യഭാഗമാകുമ്പോഴേക്കും ഇന്ദ്രനുയുള്ള കവിയുടെ ബന്ധങ്ങൾ പ്രവചനാതീതമായ രീതികളിലേക്കുപോലും നീങ്ങുന്നു. 13–14 പദ്യങ്ങളടങ്ങുന്ന പ്രഗാഥ തുടങ്ങുന്നത് ഇന്ദ്രനെ സുഹൃദ്രഹിതനായി വിളിച്ചുകൊണ്ടും ഇന്ദ്രനുമായി ബന്ധം വേണ്ടാത്ത ചിലരെ പരാമർശിച്ചുകൊണ്ടുമത്രേ. അവസാനപദ്യങ്ങളിലെ ചിത്രന്റെ ദാനസ്തുതിയാകട്ടെ, ഇന്ദ്രൻ ദാനത്തിൽ അത്ര കേമനല്ലെന്നു സൂചിപ്പിക്കാനാണോ എന്നു തോന്നും.

22–ാം സൂക്തത്തിന്റെ വൃത്തപരമായ സങ്കീർണത ഉള്ളടക്കപരമായ സങ്കീർണതയുമായി ഒത്തുപോകുന്നില്ല. സൂക്തം മുഖ്യമായി സവിശേഷം കേന്ദ്രീകരിക്കുന്നത് അശ്വികളുടെ തേരിലും അവരുടെ യജ്ഞത്തിലേക്കുള്ള യാത്രയിലുമാണ്. ഞങ്ങൾ അവരെ സ്വീകരിക്കുകയും പകരം പല തരത്തിലുള്ള സഹായം പ്രതീക്ഷിക്കുകയും ചെയ്യുന്നു. എങ്കിലും, ചില ശ്രദ്ധേയമായ ബിംബകല്പനകളും വാചകശൈലീവക്രതകളും സൂക്തത്തെ സുന്ദരമാക്കുന്നുണ്ട്. ആറാം പദ്യം ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

അടുത്ത ചെറിയ സൂക്തസമാഹാരം (8. 23–26) വിശ്വമനസ് വൈയശ്വന്റേതാണ് – അഗ്നി (23), ഇന്ദ്രൻ (24), മിത്രാവരുണന്മാർ, (25), അശ്വികൾ, വായു (26) എന്നിവർക്കു സമർപ്പിക്കപ്പെട്ടവ. വ്യശ്വ–വൈയശ്വശബ്ദങ്ങളും (വരോ) സുഷാമശബ്ദവും പലേടത്തും പരാമർശിക്കപ്പെടുന്നു.

23–ാം സൂക്തത്തിൽ കവി യജ്ഞത്തിന്റെ ഒരുക്കങ്ങൾക്ക് സ്വയം ഉദ്ബോധിപ്പിച്ചുകൊണ്ടു (1–2 പൂർവാർധം) തുടങ്ങുന്നു. 24–ാം പദ്യത്തിൽ ഈ സ്വയംസംബോധന തിരിച്ചുവരുന്നു. അഗ്നിയുടെ പങ്ക് ഈ സാമൂഹ്യസന്ദർഭത്തിൽ ഗോത്രങ്ങളുടെ ഗോത്രപതിയായാണ് (10, 13–14, 20). അതിവിപുലമായ ആര്യയജ്ഞസമുദായത്തിന്റെ പുരാവൃത്തസ്ഥാപകൻ മനു (13, 17, 25–26), ഋഷികവി ഉശനസ് കാവ്യൻ  (17), കവിയുടെ തൊട്ടുമുൻപുള്ള പൂർവികൻ വ്യശ്വ ഋഷി (16, 23), വരോ സുഷാമാവ് (28) മുതലായി പലരും സ്മരിക്കപ്പെടുന്നു. ചുരുക്കത്തിൽ, മനുവിന്റെ പിന്മുറക്കാരുടെ നീണ്ട ചരിത്രവും സാമൂഹ്യബന്ധങ്ങളും ഈ അഗ്നിസൂക്തത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

24–ാം സൂക്തത്തിലെ ആദ്യത്തെ 27 പദ്യങ്ങൾ ഇന്ദ്രനു സമർപ്പിക്കപ്പെട്ടവയാണ്. അവസാനത്തെ തൃചം (28–30) രക്ഷിതാവായ വരോ സുഷാമാവിന്റെ ദാനസ്തുതി. ദാനവിതരണവുമായി ബന്ധപ്പെട്ട ഉഷസ്സാണ് ഇവി

ടെ സംബോധന ചെയ്യപ്പെടുന്ന ദേവത. സൂക്തത്തിന്റെ ബാക്കി ഭാഗങ്ങൾ ഒരുവിധം നല്ല നിലവാരപ്പെട്ട ഇന്ദ്രസ്തുതിയാണ്. ഇന്ദ്രന്റെ "രാധസ്സി"(ഉദാരത)ന്നാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. അവന്റെ ശക്തികളും പരാമർശിക്കപ്പെടാതിരിക്കുന്നില്ല. ഇന്ദ്രനോടൊപ്പം, ഇതേ ആവശ്യം പ്രമാണിച്ച് അഗ്നിയെയും സ്തുതിക്കുന്നു ണ്ട്.

25-ാം സൂക്തം. ഈ മണ്ഡലത്തിലെ മിത്രാവരുണന്മാർക്കു മാത്രമായി സമർപ്പിക്കപ്പെട്ട ഒരേയൊരു സൂക്തമാണിത്. ഇതിലെ ആദ്യഭാഗം (1-9) സത്യവാന്മാരായ സാർവഭൗമന്മാരാണവരെന്നു സ്തുതിക്കുന്നു. പത്താം പദ്യം മുതൽ മറ്റു ദേവന്മാരും സഹായവും സംരക്ഷണവുമാഗ്രഹിച്ചു സംഘത്തിൽ ചേരുന്നു. വിശേ ഷിച്ച്, ആദിത്യന്മാരുടെ പ്രതിനിധിയെന്ന നിലയിൽ സൂര്യൻ രണ്ടു തൃചങ്ങളിൽ (16-21) വിഷയമാവുന്നു. സൂക്തത്തിലെ അവസാനപദ്യങ്ങൾ (19 മുതൽ) ഈ രംഗത്തിലേക്കുള്ള മാറ്റമായി മാറുന്നു. 21-ാം പദ്യത്തിലെ സൂര്യനോടുള്ള സംബോധന കവിയുടെ "അഭ്യുദയകാംക്ഷിക"ളെ പരിചയപ്പെടുത്തുന്നു. ഇത് അവസാനതൃ ചത്തിലേക്കുള്ള (22-24) മാറ്റം കുറിക്കുന്നു. ഇതാകട്ടെ, ധാരാളം കുതിരകളുടെയും തേരിന്റെയും ദാനത്തിന്റെ സ്തുതിയത്രേ.

ദീർഘവും ഏതാണ്ട് ആവർത്തനസ്വഭാവവുമുള്ളതാണ് 26-ാം സൂക്തം. ആദ്യത്തെ 19 പദ്യങ്ങൾ അശ്വി കൾക്കു സമർപ്പിക്കപ്പെട്ടവയും അവരുടെ തേരിനെ യജ്ഞത്തിലേക്കു വരാനും പകരം തങ്ങൾക്കു സാധന ങ്ങൾ തരാൻ ഉദ്ബോധിപ്പിക്കുന്നവയുമത്രേ. 13-ാം പദ്യത്തിലെ ബിംബകല്പന ശ്രദ്ധേയം. അവസാനത്തെ ആറു പദ്യങ്ങൾ വായുവിനു സമർപ്പിക്കപ്പെട്ടവ. പ്രാതഃസവനത്തിൽ ആദ്യം സോമം സ്വീകരിക്കുന്നവനാണല്ലോ വായു. അവനെയും യജ്ഞത്തിലേക്കുള്ള യാത്രയ്ക്കും ഹവിസ്സിനുള്ള പ്രതിഫലത്തിനുമായി വിളിക്കുന്നു. വായുവിനെ രണ്ടു തവണ (21, 22) ത്വഷ്ടാവിന്റെ ജാമാതാവെന്നു വിശേഷിപ്പിക്കുന്നതു ശ്രദ്ധിക്കാവുന്നതാണ്.

അടുത്ത മനു വൈവസ്വതന്റെ സൂക്തസമാഹാരം (8. 27-31) വിശ്വേദേവന്മാർക്കു സമർപ്പിക്കപ്പെട്ട നാലു സൂക്ത ങ്ങളുൾക്കൊള്ളുന്നു. യജമാനനെയും പത്നിയെയും സ്തുതിക്കന്ന 32-ാം സൂക്തമാണു തുടർന്നുവരുന്നത്.

ഈ വിശ്വേദേവസൂക്തം (27) സംബോധന ചെയ്യപ്പെടുന്ന ദേവന്മാരെ മുൻനിർത്തി സാമാന്യമായി മൂന്നു ഭാഗങ്ങളുൾക്കൊള്ളുന്നു. ആദ്യത്തെ എട്ടു പദ്യങ്ങൾ പേരെടുത്തു പറയപ്പെട്ട കുറേ ദേവതകളെ വിവരിക്കു ന്നു. 9-14 പദ്യങ്ങൾ സവിതാവിനെ മാത്രമേ പരാമർശിക്കുന്നുള്ളൂ (12). അവസാനത്തെ ഭാഗം (15-22) ആദിത്യ ന്മാരെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. യജ്ഞസന്ദർഭവും സൂക്തത്തിൽ വ്യക്തമാണ്.

28-ാമത്തേത് ഔത്സുക്യാവഹമായ ഒരു ലഘുസൂക്തം. 33 ദേവതകളാണെന്ന സാമ്പ്രദായികമായ കണക്ക് ഒന്നാം പദ്യത്തിൽ പറയുന്നു. ഈ അവ്യതിരിക്തരായ ദേവന്മാർ നമ്മുടെ വിശ്വപാലകരായി തോന്നുന്നുവെന്നു മൂന്നാം പദ്യം വിവരിക്കുന്നു. അവർക്ക് എല്ലാ ആഗ്രഹങ്ങളും നേടാൻ കഴിയുമെന്നു നാലാം പദ്യം. മൂന്നു മുഖ്യാദിത്യന്മാരെയും ബഹുവിധാഗ്നികളെയും ദേവപത്നിമാരെയും ദാനാകമ്പടിദേവതകളെയും രണ്ടാം പദ്യം പരാമർശിക്കുന്നു. അന്തിമപദ്യം പ്രഹേളികാപ്രായമത്രേ. അവിടെ ഏഴു മരുത്തുക്കളെക്കുറിച്ചുള്ള പരാമർശം കാണാം.

സൂക്തം 29. വളരെ ദൃഢവും സങ്കീർണഘടനയോടുകൂടിയതുമായ ഒരു പ്രഹേളികാസൂക്തം. ഓരോ ഹ്രസ്വപദ്യവും ഓരോ ദേവതയെ/ ദേവതകളെ വിവരിക്കുന്നു. പക്ഷേ, വെറുമൊരു പട്ടികയല്ല. ആദ്യത്തെ ഏഴു പദ്യങ്ങൾ ഓരോ ദേവതയെയും 8-9 പദ്യങ്ങൾ ഈരണ്ടു ദേവതകളെയും അവസാനത്തേത് പലരെയും (മനുഷ്യകവികൾ) ചിത്രീകരിക്കുന്നു. മനുഷ്യരെ (കവികളെ) ദേവന്മാർക്കു തുല്യമായി കാണുന്ന ഈ മനോ ഭാവം ഏറെ ശ്ലാഘനീയമത്രേ.

ഈ വിശ്വേദേവസൂക്തപരമ്പരയിലെ അവസാനസൂക്തം (30) വിവിധവൃത്തനിബദ്ധമായ നാലു പദ്യങ്ങ ളുൾക്കൊള്ളുന്നു.

മനു വൈവസ്വതന്റെ ഈ ലഘുസമാഹാരത്തിലെ അവസാനസൂക്തമായ ഇത് (31) ദൈർഘ്യംകൊണ്ടും വൃത്തമിശ്രണം കൊണ്ടും പ്രമേയങ്ങൾകൊണ്ടും സംയുക്തസ്വഭാവമുള്ളതാകുന്നു. ആദ്യത്തെ ഒൻപതു പദ്യങ്ങൾ ഒരേ വിഷയം രണ്ടു തരത്തിൽ സമാന്തരമായി പ്രതിപാദിക്കുന്നു. 10-14 പദ്യങ്ങൾ മുൻപിൻബന്ധമി ല്ലാത്തവയും ചില വിശ്വേദേവസൂക്തങ്ങളെ അനുസ്മരിപ്പിക്കുന്നവയുമാണ്. അവ ചില പ്രാചീനദേവസമൂഹ ങ്ങളെ സംരക്ഷണത്തിനു വിളിക്കുന്നു. അവസാനത്തെ നാലു പദ്യങ്ങൾ (15-18) യജമാനനുള്ള നേട്ടങ്ങളും മറ്റും പൊതുവിൽ പരാമർശിക്കുന്നു. സൂക്താരംഭത്തിലെ, വിശേഷിച്ച് 5-9 പദ്യങ്ങൾ യജ്ഞത്തിൽ യജമാനപ ത്നിയുടെ പങ്കാളിത്തം പരാമർശിക്കുന്നുവെന്ന നിലയിൽ ശ്രദ്ധേയങ്ങളാകുന്നു.

32-34 സൂക്തങ്ങൾ ചെറിയൊരു സമാഹാരമാണ്. ഇതിലെ മൂന്നു സൂക്തങ്ങളും ഇന്ദ്രനു സമർപ്പിക്കപ്പെട്ടിരിക്കു ന്നു. ഇവയിൽ കൂടക്കൂടെ കണ്വന്മാരെ പരാമർശിക്കുന്നു. 32-ാം സൂക്തം ഇന്ദ്രന്റെ മഹത്തായ കർമങ്ങളെ സ്തുതി ക്കാൻ കണ്വകവികളെ വിളിക്കുന്നതോടുകൂടി സൂക്തം തുടങ്ങുന്നു. അടുത്ത രണ്ടു പദ്യങ്ങൾ (2-3) ഇന്ദ്രന്റെ ഏറെ പ്രസിദ്ധരല്ലാത്ത ശത്രുക്കളുടെ മേലുള്ള വിജയത്തെക്കുറിച്ച് തിടുക്കത്തിലൊരു പട്ടിക തയ്യാറാക്കുന്നു. ഈ പ്രമേയം ചില മാറ്റങ്ങളോടെ അവസാനം (23-27) വീണ്ടും വരുന്നു. ഇടയ്ക്കുള്ള പദ്യങ്ങളിൽ ഇന്ദ്രനോട് പ്രതിയോഗികളുടെ യജ്ഞങ്ങളിൽ പോകാതെ തന്റെ സോമയജ്ഞത്തിൽ സംബന്ധിക്കാനും ഒപ്പം സമ്പത്തും സഹായവും നൽകാ നും അഭ്യർഥിക്കുന്നു. 16-ാം പദ്യത്തിൽ യജമാനന്മാരുടെയും യജ്ഞം സ്വീകരിക്കുന്ന വന്റെയും പരസ്പരമുള്ള കടമകൾ മനോഹരമായി പ്രകടിപ്പിക്കപ്പെടുന്നു.

33–ാം സൂക്തം. ആദ്യത്തെ പതിനഞ്ചു പദ്യംവരെ ഇന്ദ്രനെ സോമയജ്ഞത്തിനു വിളിക്കുന്നതും അവന്റെ അതിക്രമിക്കുന്ന ശക്തിയെ സ്തുതിക്കുന്നതും അവനോടു കൊള്ളമുതലിന് അപേക്ഷിക്കുന്നതുമായ ഒരു സാധാരണസൂക്തമാണ്. ഇന്ദ്രന്റെ നിശ്ചയം കൂടക്കൂടെ പരാമർശിക്കപ്പെടുന്നുണ്ട് (5, 6, 13, 14). അവസാനത്തെ നാലു പദ്യങ്ങൾ (16–19) ഭിന്നവൃത്തനിബദ്ധവും തികച്ചും വ്യത്യസ്തമായ സ്വരത്തിലുള്ളതുമാണ്. ഇവയുടെ വ്യാഖ്യാനം പല തരത്തിലും കാണുന്നു.

34–ാം സൂക്തത്തിലെ ആദ്യത്തെ പതിനഞ്ചു പദ്യങ്ങൾ ദൃഢമായ രൂപഘടനയോടുകൂടിയതാണ്. ഓരോ പദ്യത്തിന്റെയും ഉത്തരാർധം പല്ലവിയാണ്. പലപ്പോഴും അത് പൂർവാർധാശയങ്ങൾക്കനുഗുണമായില്ലന്നു വരും. ഇന്ദ്രനെക്കുറിച്ചാണ് പൂർവാർധമെങ്കിൽ ഉത്തരാർധം മറ്റു ദേവന്മാരെക്കുറിച്ച്, മിക്കവാറും മരുത്തുക്കളെക്കുറിച്ച്, ആണെന്നു തോന്നുന്നു. 16–18 പദ്യങ്ങൾ വസുരോചിസ്സിന്റെ ദാനസ്തുതിയാണ്. ഇന്ദ്രനും കവിയും ഗുണഭോക്താക്കളായി വർണിക്കപ്പെട്ടിരിക്കുന്നു.

അടുത്ത നാലു സൂക്തങ്ങൾ (8. 35–38) ശ്യാവാശ്വ മൈത്രേയന്റേതാണ്. 35–ാം സൂക്തം അശ്വികളെ ധാരാളം മറ്റു ദേവന്മാരോടൊപ്പം തങ്ങളുടെ യജ്ഞത്തിലും ഹവിസ്സുകളിലും പങ്കെടുക്കാനും പകരം ദാനങ്ങൾ നൽകാനും ക്ഷണിക്കുന്നു. 16–18 പദ്യങ്ങളടങ്ങുന്ന തൃചം ഏറ്റവും രസകരമാണ്. ബ്രാഹ്മണ–ക്ഷത്രിയ–വൈശ്യവർണങ്ങളുടെ സൂചനയേ ഇവിടെ കാണുന്നുള്ളൂ. ചാതുർവർണ്യം രൂപപ്പെട്ടുവന്നിട്ടില്ലായിരിക്കാം.

സൂക്തം 36. ആറു വരികളുള്ള ആദ്യത്തെ ആറു ശക്വരീപദ്യങ്ങളിൽ ആദ്യപാദമൊഴിച്ചു പലതും പല്ലവീരൂപത്തിലാണ്. ഏഴേഴു പദ്യങ്ങളുള്ള ഇതും തുടർന്നുള്ള സൂക്തവും അതുപോലെത്തന്നെ. രണ്ടിലെയും അന്തിമപദ്യങ്ങൾ ഏതാണ്ട് ഒരുപോലെയാണെന്നു പറയാം. ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വേണ്ടിയുള്ളവയാണീ മന്ത്രങ്ങളെന്നു സൂചനയുണ്ട്. മുൻ സൂക്തത്തിൽ പരമർശിച്ചതുപോലെ ചാതുർവർണ്യത്തിൽ ശൂദ്രർ വരുന്നേയില്ല. ഇവിടെ വൈശ്യരെയും കാണുന്നില്ല. ഇന്ദ്രൻ മരുത്തുക്കളോടുകൂടിയാണ് ഈ ശ്യാവാശ്വസൂക്തപല്ലവികളിൽ (6–7) പ്രത്യക്ഷപ്പെടുന്നത്.

സൂക്തം 37. മുൻസൂക്തത്തിന്റെ ആമുഖത്തിൽ ചർച്ചചെയ്തതുപോലെ, ഇതിലെ അന്തിമപദ്യം (7) ക്ഷത്രിയവർണത്തിന്റേതാണെന്നു സൂചിപ്പിക്കുന്നു. മുൻസൂക്തമാകട്ടെ പുരോഹിതവർണത്തിന്റേതാകുന്നു (ബ്രാഹ്മണർ). ഇതിൽ ഭരണകാര്യവും സൈനികശക്തിയും ചിത്രീകരിക്കപ്പെടുന്നു.

സൂക്തം 38. ഈ ലളിതമായ സൂക്തം ഘടനകൊണ്ടുതന്നെ നിർവചിക്കപ്പെടുന്നു. മൂന്നു തൃചങ്ങളിൽ ഓരോന്നിനും പ്രത്യേകം പല്ലവിയാണ്. പത്താം പദ്യം വേറിട്ടുനിൽക്കുന്നു. അതിലും മറ്റുള്ളവയെപ്പോലെ ഇന്ദ്രാഗ്നികളെക്കുറിച്ചുള്ള സംബോധനയുണ്ടെങ്കിലും. ഉള്ളടക്കം തികച്ചും സോമയജ്ഞപരം. രണ്ടു ദേവന്മാരെയും കവി യജ്ഞത്തിലേക്കു വരാനും അതാസ്വദിക്കാനും ക്ഷണിക്കുന്നു. ഒൻപതാം പദ്യത്തിൽ കവിയുടെ പേര് പരാമർശിക്കപ്പെടുന്നുണ്ട്.

അടുത്ത നാലു സൂക്തങ്ങൾ (8. 39–42) നാഭാക കാണ്വന്റെ വകയാണ്. 39–ാം സൂക്തത്തിൽ സ്വർഗത്തിനും ഭൂമിക്കുമിടയിൽ ദൂതനെന്ന നിലയ്ക്കും ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ മധ്യസ്ഥനെന്ന നിലയ്ക്കും അഗ്നിയുടെ പങ്കിന് ഊന്നൽ കൊടുത്തിരിക്കുന്നു. കൂടാതെ അവന്റെ യജ്ഞപരമായ പങ്കും കവി എന്ന നിലയിലുള്ള തനിമയും പല കുറി പരാമർശിക്കപ്പെടുന്നു (1, 7, 9). രണ്ടാം പദ്യത്തിലൊഴികെ പല്ലവി അർഥപരമായി ചേരുന്നില്ലെന്നതു ശ്രദ്ധിക്കുക.

മിക്ക ഇന്ദ്രാഗ്നിസൂക്തങ്ങളിൽനിന്നും വ്യത്യസ്തമായി, ഇന്ദ്രനും അഗ്നിക്കും പ്രത്യേകമായ സ്വാതന്ത്ര്യം 40–ാം സൂക്തത്തിൽ കിട്ടുന്നു. എന്നാലും ഇന്ദ്രനു പ്രാധാന്യം വന്നിട്ടുണ്ട്. പല പദ്യങ്ങളിലും ഇന്ദ്രൻ മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ (2, 5, 6, 9. 10). ഉള്ളടക്കം മിക്കവാറും ഇന്ദ്രനു ചേരുമാറ് സൈനികമാണ്. ഒരുപക്ഷേ, നാഭാകപല്ലവിക്കാണ് ഏറ്റവുമധികം ചേരുക. വെള്ളത്തെ മുക്തമാക്കുന്നതും നേടുന്നതും പല പദ്യങ്ങളിലും വാഴ്ത്തപ്പെടുന്നുണ്ട് (5, 8, 10/11).

വരുണനു മാത്രമായി സമർപ്പിക്കപ്പെട്ട 41–ാം സൂക്തം പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ലോകത്തിനു രൂപം കൊടുത്തവനുമായി ദേവനെ കൊണ്ടാടുന്നു. ആദിമമായ പ്രപഞ്ചസാമ്രാജ്യങ്ങളെ സ്ഥലപരമായി അളക്കുകയും പ്രപഞ്ചസാമ്രാജ്യങ്ങളെ പിടിച്ചുനിർത്തുകയും വേർതിരിക്കുകയും (4, 10) കാലപരമായി രാപ്പകലുകളെ വ്യവസ്ഥപ്പെടുത്തുകയും (3, 10) ചെയ്തത് അവനത്രേ. സൂര്യചന്ദ്രന്മാർ അവന്റെ 'കാര്യസ്ഥന്മാ'രായാണ് പ്രവർത്തിക്കുന്നത് (9). മനുഷ്യരെയും പ്രകൃതിയെയും ഭൗതികമായി സംരക്ഷിക്കുന്നതിലും വരുണൻ പ്രതിജ്ഞാബദ്ധനാണ് (3, 4, 7). വരുണന് പിൽക്കാലത്ത് വെള്ളവുമായുണ്ടായ ബന്ധത്തിന്റെ അനേകം സൂചനകൾ സൂക്തത്തിലുണ്ട്. അവനു തന്റെ ഏഴു സഹോദരിമാരായ നദികളുമായുള്ള അടുപ്പം (2), അവയുടെ മേലുള്ള നിയന്ത്രണം (9), അവൻ "രഹസ്യസമുദ്ര"മാണെന്ന അഭിന്നവൽക്കരണം (8) എന്നിവ നോക്കുക. ഭയങ്കരമായ നാഭാകപല്ലവി വരുണന്റെ പ്രകൃതവുമായി ഒട്ടും പൊരുത്തപ്പെടുന്നില്ലെന്നു സവിശേഷം ശ്രദ്ധേയം.

നാഭാകപരമ്പരയിലെ ഈ അന്തിമസൂക്തം (42) വാസ്തവത്തിൽ രണ്ടു സൂക്തങ്ങളാണ്. കാരണങ്ങൾ വൃത്തപരവും വിഷയപരവും. ആദ്യത്തെ മൂന്നു പദ്യങ്ങൾ ത്രിഷ്ടുപ്പലുള്ളതും വരുണനു സമർപ്പിക്കപ്പെട്ടവയുമാണെങ്കിൽ അടുത്ത മൂന്ന് അനുഷ്ടുപ്പിലുള്ളതും അശ്വികൾക്കു സമർപ്പിതവുമത്രേ. മുൻ സൂക്തത്തിന്റെ മട്ടു തന്നെയാണിതിന്നും. ഒരു സങ്കീർണതയുമില്ലെന്നു വിശേഷം. അശ്വികളെ സോമപാനത്തിനു വിളിക്കുകയാണ്. ഈ രണ്ടാം ഭാഗ

ത്തിൽമാത്രമേ നാഭാകപല്ലവി കാണുന്നുള്ളൂ.

43–ാം സൂക്തത്തിൽ തൃചങ്ങൾ തമ്മിൽ പറയത്തക്ക പൊരുത്തം കാണുന്നില്ല. ഉപരിതലത്തിൽ പ്രസന്നമാണ് സൂക്തമെങ്കിലും പൊതുവിൽ ഇത് നിർണായകമായ അഗ്നിസ്തുതിയല്ല. കവിയും സഹയജമാനന്മാരും കൂടക്കൂടെ അഗ്നിയെ ഈ പങ്കിന്റെ അടിസ്ഥാനത്തിൽ നിർബന്ധിച്ച് വിളിക്കുന്നുണ്ട്. പക്ഷേ, സൂക്തത്തിന്റെ ആദ്യഭാഗത്ത് (3–10) അഗ്നിയുടെയും അഗ്നികളുടെയും മനോഹരമായ സ്വാഭാവികവർണന കാണാം. 14, 16 പദ്യങ്ങളിൽ കവിയും കവിയായ അഗ്നിയും തമ്മിലുള്ള ബന്ധുത്വത്തിൽ ഊന്നുന്നു. സൂക്താന്ത്യഭാഗത്ത്, വിപുലമായ ആര്യസമുദായത്തിലെ വിവിധഗോത്രങ്ങളെയും കുടിയേറ്റങ്ങളെയും ഏകീകരിക്കുന്ന കേന്ദ്രമെന്ന നിലയിൽ അഗ്നിയുടെ പങ്ക് വെളിപ്പെടുന്നു.

44–ലും, മുൻസൂക്തത്തെപ്പറ്റി പറഞ്ഞതുപോലെ, തൃചങ്ങൾ തമ്മിൽ പറയത്തക്ക പൊരുത്തം കാണുന്നില്ല. അഗ്നിയുടെ യജ്ഞപരമായ ധർമമാണ് മുഖ്യപ്രമേയം. പ്രചോദിതകവി (10, 12, 21, 29), ഋഷികവി (7, 12, 21, 26, 30) എന്നീ നിലകളിലുള്ള അവന്റെ പങ്കും പരാമർശിക്കപ്പെടുന്നു. പക്ഷേ, സൂക്തത്തിനു വ്യക്തമായ വികാസം കാണുന്നില്ല. മിക്ക പദ്യങ്ങളും സാധാരണമായ വിവരണങ്ങളും ദേവസംബോധനകളുമേ ആകുന്നുള്ളൂ.

45–ാം സൂക്തം തുടങ്ങുന്നതും (1–3) ഒടുങ്ങുന്നതും (40–42) പല്ലവീസമേതമായ തൃചങ്ങളോടുകൂടിയാണ്. മുപ്പതാം പദ്യത്തിൽ പരാമർശിക്കപ്പെട്ട ത്രിശോകനാണ് കവിയെന്ന് *അനുക്രമണി* പറയുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങൾ യജ്ഞത്തിൽ പിശുക്കുള്ള ഒരാളെപ്പറ്റിയാണ് പറയുന്നതെങ്കിലും വേഗത്തിൽ സൈനികവും മത്സരപരവുമായ രീതിയിലേക്കു തിരിയുന്നു. അതാകട്ടെ സൂക്താന്ത്യം വരെ നിലനിൽക്കുകയും ചെയ്യുന്നു. ഇന്ദ്രൻ ശത്രുക്കളെ നശിപ്പിക്കുന്നതിന് പല ഭയങ്കരമായ മാർഗങ്ങളും ഉദ്ബോധിപ്പിക്കപ്പെടുന്നു (ഉദാ. 8). സാധനങ്ങൾ അയച്ചുതരാനുള്ള അപേക്ഷയാണ് പലേടത്തും ( ഉദാ. 15). സോമം കുടിക്കാനും തങ്ങളുടെ ശ്രമങ്ങളെ സഹായിക്കാനും (14) സമൃദ്ധമായ ദാനങ്ങൾ നൽകാനും ((12) ഇന്ദ്രന്റെ പ്രാചീനകർമങ്ങളെ വാഴ്ത്താനും (25–30) കവി ഇടം കണ്ടെത്തുന്നുണ്ട്. പതിവില്ലാത്ത ചില സവിശേഷതകളും ഈ സൂക്തം കാഴ്ച്ചവെക്കുന്നു. ഇന്ദ്രന്റെ ശക്തി എങ്ങനെ ഉപയോഗിക്കപ്പെടുമെന്ന ആശങ്ക കവി പ്രകടിപ്പിക്കുന്നു. തന്റെയും സഖാക്കൾക്കും നേരെതന്നെ അവൻ തിരിഞ്ഞേക്കുമോ എന്ന ഭയം കവി രേഖപ്പെടുത്തുന്നതായി കാണാം (10). മനസ്സിലുള്ളതു മുഴുവൻ പ്രാവർത്തികമാക്കരുതെന്ന ഇന്ദ്രനോടുള്ള അഭ്യർഥനയും (31–35) ശ്രദ്ധേയമത്രേ. തങ്ങളോടു ദയ കാട്ടണമെന്നു ഒന്നിലധികം തവണ കവി അപേക്ഷിക്കുന്നു (31, 33). തങ്ങൾ ഒന്നോ രണ്ടോ മൂന്നോ ഏറെയോ കുറി തെറ്റു ചെയ്താലും കൊല്ലരുതെന്ന പരാമർശം (34) ഇന്ദ്രഭയം കവിയെ എത്രത്തോളം ബാധിച്ചുവെന്നതിന്റെ വ്യക്തമായ സൂചനയാണ്. ജനിച്ചയുടനെ ഇന്ദ്രൻ വില്ലെടുത്തതും സാധ്യതയുള്ള ശത്രുക്കളെപ്പറ്റി അമ്മയോടാരായുന്നതും അന്തിമവിജയം അവന്നായിരിക്കുമെന്ന് അമ്മ പറയുന്നതുമെല്ലാം ഇന്ദ്രന്റെ ബാല്യകാലസംഭവങ്ങളാണെങ്കിലും വീരരസം കരകവിയുന്നവയത്രേ. ഇന്ദ്രനും മരുത്തുക്കളും തമ്മിലുള്ള സംഭാഷണവും (37–38) നമ്മുടെ ശ്രദ്ധയെ ഹഠാദാകർഷിക്കും. സഖ്യവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഇന്ദ്രന്റെ മനുഷ്യസ്വഭാവം കൂടുതൽ വ്യക്തമാക്കും (1–3, 16, 18).

*ഋഗ്വേദ*ത്തിൽ ഏറ്റവുമധികം വൃത്തവൈവിധ്യമുള്ള സൂക്തമാണ് 46–മത്തേത്. ഇരുപതോളം വൃത്തങ്ങളാണ് ഇവിടെ നിബന്ധിക്കപ്പെട്ടിരിക്കുന്നത്. 1–3, 14–16 എന്നീ പദ്യങ്ങൾ തൃചങ്ങളിൽ സംവിധാനം ചെയ്തവയാണ്. രണ്ടു ദാനസ്തുതികൾ രണ്ടിടങ്ങളിലായി സ്ഥാനം പിടിക്കുന്നു. ഉള്ളടക്കത്തിലും സൂക്തം 'പലവക'യിൽ പെടുന്നു. തുടക്കം തൊട്ടു കുറച്ചു ഭാഗം (20 പദ്യങ്ങൾ) ഇന്ദ്രസൂക്തത്തിന്റെ രീതി കൈക്കൊള്ളുന്നു. എല്ലാ തരത്തിലുള്ള ദാനങ്ങളും ഇന്ദ്രനോട് അഭ്യർഥിക്കുന്നു. ഈ ഇന്ദ്രഖണ്ഡം കഴിഞ്ഞാൽ, ബാക്കി 13 പദ്യങ്ങൾ ഏതാണ്ട് തുല്യമായ മൂന്നുവിഭാഗങ്ങളായി കണക്കാക്കാം. 21–24, 29–33 എന്നിങ്ങനെ രണ്ടു ദാനസ്തുതികൾകൂടി 9 പദ്യങ്ങൾ. പ്രാതഃസവനത്തിൽ സംബന്ധിക്കുന്ന വായുവിനു സമർപ്പിക്കപ്പെട്ട പദ്യങ്ങളിലും ദാനം മുഖ്യഭാഗംതന്നെ. ദാനസ്തുതികളിൽ പശുക്കളാണധികവും വരുന്നത്. മച്ചിപ്പശുക്കളുമുണ്ട്. ദാനവും കീർത്തിയും തമ്മിലുള്ള കാര്യകാരണബന്ധം ഇടയ്ക്കു ചർച്ചചെയ്യപ്പെടുന്നു. വായുഖണ്ഡത്തിൽ വായുവിന്റെ യജ്ഞയാത്ര (25–28) വിവരിക്കുന്നു. താൻ സ്വയം ദാനം ചെയ്യുകയോ കവിക്കു ദാനം ചെയ്യാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുകയോ ആണ് വായുവിന്റെ പ്രധാനപങ്ക്.

47–ാം സൂക്തത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വരെ (12) ആദിത്യന്മാരോടു സാമാന്യമായ ദോഷങ്ങളിൽനിന്നു പൊതുവായ സഹായത്തിനും സംരക്ഷണത്തിനുമുള്ള അഭ്യർഥനകളാണ്. പല്ലവിയിൽ അതു പ്രതിഫലിക്കുന്നുണ്ട്. പല്ലവിയാകട്ടെ അവസാനപദ്യംവരെ അതേപോലെ നിലനിൽക്കുന്നുമുണ്ട്. പക്ഷേ പല്ലവിയല്ലാത്ത ഭാഗങ്ങൾ ദുഃസ്വപ്നങ്ങളെ ഒഴിവാക്കണമെന്ന അപേക്ഷയിൽ കേന്ദ്രീകരിക്കുന്നു. അങ്ങകലെ നിഴൽരൂപത്തിൽ കാണാവുന്ന ത്രിത ആപ്ത്യനോടാണ് ആ അപേക്ഷ. ദുഃസ്വപ്നങ്ങളുമായി ത്രിത ആപ്ത്യന് എന്താണു ബന്ധമെന്നു പുരാവൃത്തം വിശദീകരിച്ചുകാണുന്നില്ല. ഗാത്രാലങ്കാരങ്ങളുമായും (15) ഭക്ഷണവും പ്രവൃത്തിയുമായോ (16) ഉള്ള ബന്ധത്തിന്റെ കഥയും അതുതന്നെ. ഈ ദുഃസ്വപ്നദൂരീകരണത്തിന് ത്രിത ആപ്ത്യനുവേണ്ടി പ്രവർത്തിക്കുന്നത് ഉഷസ്സാണെന്നു കാണുന്നു (14–16, 18). ഉറക്കത്തിലെ ദുഃസ്വപ്നങ്ങൾ അയഥാർഥങ്ങളാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നത് പുലരിയിലെ നടസോമപവമാനനു സമർപ്പിക്കപ്പെട്ട ഒൻപതാം മണ്ഡലത്തിനു പുറത്ത്, സോമനു സമർപ്പിക്കപ്പെട്ട, വിവർത്തനങ്ങളിലൂടെ പ്രസിദ്ധമായ, 48–ാം സൂക്തമാണിത്. ഇവിടെ സോമമൊരുക്കുന്നതല്ല വിഷയം. ഏഴാം പദ്യത്തിലെ ഒരു പരാമർശമേ അതേക്കുറിച്ചുള്ളൂ. സോമത്തിന്റെ ഫലങ്ങളാണ് മുഖ്യവിഷയം. 4, 5, 10, 12 പദ്യങ്ങളിൽ സോമപാനം പ്രതിപാദിക്കവേ ഇതു വരും. സമനന്തരഫലം ആത്മതൃപ്തിയും സൗഖ്യവുംതന്നെ. ഈ ഉന്മാദത്തിന്റെ ബഹിഃസ്ഫുരണം മൂന്നാം പദ്യ

ത്തിൽ കാണാം. സോമം ഒരുതരം സ്ഥലബോധവും അതിരില്ലായ്മയും ഉൽപ്പാദിപ്പിക്കുന്നു (1, 2, 5). അതേസമയം കുടിക്കുന്നവന്റെ ശരീരത്തിൽ ഒതുങ്ങുകയും ചെയ്യുന്നു (2, 9, 10). "ആയുസ്സു നീട്ടാനുള്ള" നിരന്തരമായ അഭ്യർഥന (4, 7, 10, 11) ഈ സ്ഥലവികാസത്തെ കാലത്തിലേക്കുകൂടി വ്യാപിപ്പിക്കലാണ്. ഇപ്രകാരം സോമം ഊർജമത്രേ. അത് കുടിക്കുന്നവന് ഇത് നൽകുകയും ചെയ്യുന്നു. പക്ഷേ, സൂക്തത്തിന്റെ രണ്ടാം പകുതിയിൽ ഈ ഭാവം മങ്ങുന്നതു കാണാം. കവി സോമത്തെ സംരക്ഷകനും ദയാലുവായ സഖാവുമായൊക്കെ കാണുന്നുണ്ടെങ്കിലും ആ സംരക്ഷണം തരുന്ന ഭീഷണികളും കാണാതിരിക്കുന്നില്ല. പുറത്തുനിന്നുള്ളവയും (8) തന്റെതന്നെ പ്രവൃത്തികളും (9) സോമം തന്നെയും (10). അവസാനം ഈ ഭീഷണികൾ ഇല്ലാതാകുന്നതായി പറയുന്നുണ്ടെങ്കിലും (11) ആ പ്രസരിപ്പിന്റെ ഭാവത്തിനു ഭംഗമേൽക്കാതിരിക്കുന്നില്ല. അവസാനത്തെ കുറച്ചു പദ്യങ്ങൾ (12–14) കൂടുതൽ യജ്ഞപരതയിലേക്കു നീങ്ങുന്നു. സോമഹവിരർപ്പണാഘോഷവും അതുമായി ബന്ധപ്പെട്ട് പിതൃക്കളുടെ സാന്നിധ്യവും അവർതന്നെ സോമപാനം ചെയ്യുന്നതുമെല്ലാം വിവരിക്കുന്നു. പുനർജന്മസൂചനയും പ്രത്യക്ഷപ്പെടുന്നു.

8. 49–59 സൂക്തങ്ങൾ വാലഖില്യസൂക്തങ്ങളെന്നറിയപ്പെടുന്നു. പല ഖിലസൂക്തങ്ങളും *ഋഗ്വേദ*ത്തിലുണ്ടെങ്കിലും ഈ പതിനൊന്നെണ്ണം *ഋഗ്വേദസംഹിത*യിൽ പരമ്പരാഗതമായി ഇടം പിടിച്ചിട്ടുണ്ട്. പദപാഠം മുതലായ അനുബന്ധങ്ങളിലെല്ലാം ഇവ കാണുന്നുണ്ട്. പക്ഷേ, സായണൻ ഇവ വ്യാഖ്യാനിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാവണം ഒ. എം. സി. യുടെ പാഠത്തിലും ഇവ ഉൾപ്പെട്ടിട്ടില്ല. ഇവയുടെ പൊതുസ്വഭാവം മറ്റു സൂക്തങ്ങളിൽനിന്നും ഏറെക്കുറെ ബാലപാഠം പോലെ തോന്നിക്കുന്നതും അതുകൊണ്ടുതന്നെ വ്യത്യസ്തവുമാകുന്നു. ഈ മലയാളഗദ്യപരിഭാഷയിലും ഇക്കാരണങ്ങളാൽ വാലഖില്യസൂക്തങ്ങൾ ഉൾപ്പെടുത്തുന്നില്ല. അതുകൊണ്ട്, വാലഖില്യസൂക്തങ്ങളുള്ള പാഠമനുസരിച്ച് അറുപതാം സൂക്തമാണ് ഇവിടെ നാൽപ്പത്തൊൻപതാം സൂക്തമായി ചേർക്കുന്നത്.

അഗ്നിയുടെ യജ്ഞത്തിലുള്ള പങ്കാണ് 49–ാം സൂക്തത്തിൽ മിക്ക പദ്യങ്ങളും പ്രതിപാദിക്കുന്നത്. ആദ്യത്തെ അഞ്ചു പദ്യങ്ങളിൽ ഇതു സ്ഥാപിക്കുന്നു. ഗൃഹവുമായും ഗോത്രവുമായും അഗ്നിക്കുള്ള അടുത്ത ബന്ധം മറ്റൊരു പ്രമേയമാകുന്നു. ഇതിന്റെ ഫലമായി, ഈ ശക്തികളെ ബാഹ്യഭീഷണികളിൽനിന്നു രക്ഷിക്കേണ്ട ചുമതലയും അഗ്നിയിൽ വന്നുപെടുന്നു. 6–10, 12–14, 19–20 എന്നീ പദ്യങ്ങൾ നോക്കുക. ഏതായാലും സമ്പത്തിനും സഹായത്തിനും വേണ്ടിയുള്ള പതിവുപ്രാർഥനകൾ ഇതിലില്ല.

സോമനുള്ള ക്ഷണത്തോടെ 50–ാം സൂക്തം തുടങ്ങുന്നു (1–3). കവി, പൊടുന്നനവേ, ഇന്ദ്രൻ നൽകുന്ന ദാനത്തിലേക്കു തിരിയുന്നു. എട്ടാം പദ്യംവരെ ഈ പ്രമേയമാണ് പ്രതിപാദിക്കപ്പെടുന്നത്. ഇവിടെ യജ്ഞസന്ദർഭം തിരിച്ചുവരുന്നു. 11–12 പദ്യങ്ങളിൽ യജമാനന്മാർ ഇന്ദ്രനെസഖാവായി നുകത്തിൽ കെട്ടാൻ ആഗ്രഹിക്കുന്നു. ശത്രുക്കളിൽനിന്നു രക്ഷ നേടാൻ അവർ ഇന്ദ്രന്റെ സേവനം തേടുന്നു (13, 15–18).

51–ാം സൂക്തം. സ്തുതിയിലും യജ്ഞത്തിലും ഇന്ദ്രന്റെ സന്തുഷ്ടി(1, 4, 6)യിൽ ഊന്നുന്ന പ്രസന്നലളിതമായ ഇന്ദ്രസൂക്തം. ദേവനും സ്തോതാക്കളും തമ്മിലുള്ള വിനിമയനേട്ടങ്ങളാണ് മറ്റൊരു പ്രതിപാദ്യം. സൂക്തം മുന്നേറുന്തോറും ഇന്ദ്രനും യജമാനന്മാരും തമ്മിലുള്ള ബന്ധം ശക്തമായിവരുന്നതായിത്തോന്നുന്നു. ആദ്യപദ്യങ്ങളിൽ ഇന്ദ്രൻ തന്റെ സിദ്ധികളിൽ ഒറ്റപ്പെട്ടവനാണ്. രണ്ടാം പദ്യത്തിൽ അവനു കൂട്ടുകാരില്ല; എല്ലാ കർമങ്ങളും ഒറ്റയ്ക്കു ചെയ്യുന്നു. മൂന്നിൽ തൃപ്തികരമല്ലാത്ത ഒരു കുതിരയോടുകൂടിയാണ് അവന്റെ പ്രവർത്തനം! പക്ഷേ അവൻ യജ്ഞത്തിലേക്കു വന്നതിനുശേഷം ദേവനും സ്തോതാവും തമ്മിലുള്ള വിനിമയബന്ധം മുന്നിലേക്കു വരുന്നു (5). ഇതിലും തുടർന്നുള്ള പദ്യത്തിലും ഇന്ദ്രൻ സോമം നൽകുന്നവനെ തന്റെ പങ്കാളിയും കൂട്ടുകാരനുമാക്കുന്നു. ഉപാന്ത്യപദ്യത്തിലാകട്ടെ കവി സ്വയം ഈ ബന്ധവും അതിന്റെ ഫലവും (ഇന്ദ്രന്റെ ഒറ്റപ്പെടൽ ഒഴിവാകൽ) അറിയിക്കുന്നു. സൂക്തത്തിലെ പല്ലവി മൊത്തത്തിലുള്ള പ്രസാദാത്മകമായ അന്തരീക്ഷം പ്രതിഫലിപ്പിക്കുന്നു.

ലളിതമായ മുൻസൂക്തത്തെ അപേക്ഷിച്ച് കഠിനവും സങ്കീർണവുമാണ് 52–ാം സൂക്തം. ഇതു മനഃപൂർവമാണെന്നാണു തോന്നുന്നത്. സൂക്തത്തിന്റെ ഘടന, പക്ഷേ, ലളിതമാണ്. നാലു തൃചങ്ങളിലോരോന്നും പ്രത്യേകം പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നു. സൂക്തം വേനനെ അവതരിപ്പിച്ചുകൊണ്ടു തുടങ്ങുന്നു. ദേവന്മാരുടെയും മനുവിന്റെയും "കലർപ്പാ"യിട്ടാണ് വേനനെ ചിത്രീകരിക്കുന്നത്. ഈ വേനൻ ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ യജ്ഞത്തിൽ മധ്യസ്ഥത വഹിച്ചവനായിരിക്കാം. അതിൽ ഇവൻ അഗ്നിയാവാൻ സാധ്യതയുണ്ട്. രണ്ടാംപദ്യം യജ്ഞസന്നാഹം ഉറപ്പു വരുത്തുന്നു. മൂന്നാം പദ്യത്തിൽ ഇന്ദ്രൻ ആദ്യമയി പ്രത്യക്ഷപ്പെടുന്നു. വലഗുഹ തുറന്നവനെന്ന പങ്കിലാണിത്. ഈ പുരാവൃത്തപരാമർശം ഉഷസ്സിനെ ഓർമിപ്പിക്കുകയും സമകാലികമായ യജ്ഞത്തിന്റെ സമയം സൂചിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ആദ്യതൃചം പ്രാതഃസവനരംഗം സ്ഥാപിക്കുന്നു. രണ്ടാം തൃചം (4–6) ഇന്ദ്രനെ ആ യജ്ഞത്തിലേക്കു വിളിക്കുന്നു. മൂന്നാം തൃചം (7–10) പഞ്ചജനങ്ങളെന്ന ശത്രുക്കളെ കീഴടക്കിയതു(7)ൾപ്പെടെയുള്ള ഇന്ദ്രന്റെ വീരകർമങ്ങളെക്കുറിച്ചാണ്. വിഷ്ണുവോടൊപ്പം എമുഷപ്പന്നിയെ കൊന്നത് (9) ഇവിടെ വിവരിക്കുന്നു. എട്ടാം പദ്യം പൊതുവിൽ ഇന്ദ്രന്റെ വീരകർമങ്ങളെപ്പറ്റി പറയുന്നു. അവിടെ "ചക്രവർത്തന"ത്തെക്കുറിച്ചു പരാമർശമുണ്ട്. അവസാനത്തെ തൃചം (10–12) മരുത്തുക്കളെയും ഇന്ദ്രനുമായി ബന്ധപ്പെട്ട മറ്റു ദേവന്മാരെയും പൊതുവായി സഹായത്തിനുവേണ്ടി വിളിക്കുന്നു.

53–ാം സൂക്തം. അങ്ങേയറ്റത്തെ ലാളിത്യം കൊണ്ട് കലാശില്പപൂർണമായ ഒരു സൂക്തം. ശൈലിയും ശില്പവും വാക്യവിന്യാസവുമെല്ലാം ഋജുസുന്ദരം. നാലു തൃചങ്ങളാണിതിൽ. ആദ്യത്തേത് (1–3) ഇന്ദ്രനോടു ദാനങ്ങൾക്കും ശത്രുക്കൾക്കെതിരെ സഹായത്തിനും യാചിക്കുകയും അവന്റെ അത്യൗന്നത്യത്തെ വാഴ്ത്തുകയും ചെയ്യുന്നു. രണ്ടാ

മത്തേത് (4–6) അവനെ യജ്ഞത്തിനു വിളിക്കുന്നു. അടുത്തത് (7–9) ഇന്ദ്രനെപ്പറ്റി അറിയാനുള്ളതെല്ലാം ചോദിക്കുകയും അവൻ മറ്റു യജ്ഞങ്ങളിൽ സംബന്ധിക്കാൻ സാധ്യതയുണ്ടെന്ന് ഊഹിക്കുകയും ചെയ്യുന്നു. അന്തിമ തൃചം (10–12) അവനെ തൊട്ടുമുൻപ് പിഴിഞ്ഞെടുത്ത സോമത്തോടുകൂടി അവതരിപ്പിക്കുന്നു.

54–ാം സൂക്തം കവി, വൃത്തം, പദ്യസംഖ്യ എന്നിവയിൽ മുൻസൂക്തത്തിനു തുല്യം. പക്ഷേ, ശൈലിയിലും മറ്റും അല്പം ചില വ്യത്യാസങ്ങൾ സൂക്ഷിച്ചു നോക്കിയാൽ കാണാം. ഇതിലെ നാലാമത്തെ തൃചം (10–12) ഒരു ദാനസ്തുതിയാണെന്നതും എടുത്തുപറയേണ്ടതുണ്ട്.

55–ാം സൂക്തം 8. 50–54 (ഇന്ദ്ര)സൂക്തങ്ങളെ അപേക്ഷിച്ച് ദൈർഘ്യമുള്ളതാണ്. സൂക്തത്തിന്റെ പ്രാഥമികപ്രമേയം സോമയജ്ഞത്തിന് ഇന്ദ്രനുള്ള ക്ഷണമാണ്. ഇന്ദ്രന്റെ സഹായത്തിനുവേണ്ടിയുള്ള വിളിയോടെ സൂക്തം ആരംഭിക്കുന്നു (1). തുടർന്ന് യജ്ഞഹവിസ്സുകളുടെ വിവരണമാണ് (5–8, 11–12). മറ്റുള്ളവരുടെ യജ്ഞങ്ങളെയല്ല, തന്റേതിനെയാണ് ഇന്ദ്രൻ വരിക്കുക എന്ന പതിവുപ്രതീക്ഷ 12–ൽ കാണാം. പതിനൊന്നാം പദ്യത്തിൽ കവി തങ്ങൾ അടുത്ത കാലത്ത് യജ്ഞംകഴിക്കാനാരംഭിച്ചവരാണെന്നും അതിനാൽ പവിത്രമന്ത്രങ്ങളും മറ്റുംനൂതനവും അശ്രുതപൂർവവുമാണെന്നും ഇന്ദ്രൻ ഇതിൽ അവശ്യം പങ്കെടുക്കേണ്ടതാണെന്നും പറയുന്നു. ഇന്ദ്രന്റെ ശക്തിയും അവന്റെസ്തോതാക്കൾക്കുള്ള സഹായവും ഇടയിൽ പരാമർശിക്കപ്പെടുന്നുണ്ട് (2–4, 9–10). അവസാനപദ്യത്തിൽ, ഈ കവിയുടെ ഗോത്രത്തിൽപ്പെടുന്ന കലികൾ സോമം പിഴിഞ്ഞാൽ എല്ലാ ഭീഷണികളും അപ്രത്യക്ഷമായിക്കൊള്ളുമെന്നു പയുന്നതു കേൾക്കാം.

56–ാം സൂക്തത്തിൽ മിക്ക ആദിത്യസൂക്തങ്ങളിലുമുള്ളതിനേക്കാൾ കവി ഇതിൽ ആദിത്യന്മാരോടും അവരുടെ അമ്മ അദിതിയോടും അഭയത്തിനും പല അപകടങ്ങളിൽനിന്നും ശത്രുക്കളിൽനിന്നും സംരക്ഷണത്തിനും തങ്ങൾക്കും തങ്ങളുടെ പിന്മുറക്കാർക്കും തുടർന്നുള്ള ജീവിതത്തിനും വേണ്ടി യാചിക്കുന്നു. (10–12,14–18)

57–ാം സൂക്തത്തിനു രണ്ടു ഭാഗങ്ങൾ. ഇത് ഇന്ദ്രനു സമർപ്പിക്കപ്പെട്ട നാലു തൃചങ്ങളോടുകൂടി (1–12) തുടങ്ങുന്നു. ഓരോ തൃചത്തിലെയും ആദ്യത്തെ പദ്യം അനുഷ്ടുപ്പിലും തുടർന്നുള്ള രണ്ടെണ്ണം ഗായത്രിയിലും. 13–ാമത്തെ പദ്യം മുൻപദ്യങ്ങളുടെ ആശയം തുടരുന്നു. അവസാനത്തെ ആറു പദ്യങ്ങൾ ദാനസ്തുതികൾ ഉൾക്കൊള്ളുന്നു. സൂക്തത്തിന്റെ മാമൂൽരൂപത്തിലുള്ള ഇന്ദ്രഭാഗം ഇന്ദ്രന്റെ ശക്തിയും കരുത്തും വിവരിക്കുന്നു. ദാനനസ്തുതികൾ പതിവുസമ്പ്രദായത്തിൽത്തന്നെ. രക്ഷിതാക്കളെ ദുസ്സൂചനപ്പെടുത്താനാഗ്രഹിക്കുന്നവനുപോലും അതിനു സാധ്യമല്ലെന്ന വസ്തുത ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു (19).

58–ാം സൂക്തത്തെപ്പറ്റി പല അഭിപ്രായവ്യത്യാസങ്ങൾ നിലവിലുണ്ട്. ജാമിസൺ, വെർഡർട്ടൻ എന്നിവരുടെ അഭിപ്രായത്തിൽ സൂക്തം രണ്ടു പാതികളായി തിരിയുന്നു: 1–9, 10–18. രണ്ടും ഈരണ്ടു തൃചങ്ങളുൾക്കൊള്ളുന്നു (1–6, 10–15). ഇന്ദ്രനും കവിയും തമ്മിലുള്ള സഖ്യത്തെ വാഴ്ത്തുന്ന ഏഴാമത്തെയും 16–മത്തെയും ഓരോ പദ്യം (7, 16) ഇവയെ പിന്തുടരുന്നു. പ്രിയമേധൻ ഇന്ദ്രനു നൽകുന്ന ഹവിസ്സിനെ സംബന്ധിച്ച ഈരണ്ടു പദ്യങ്ങൾ (8–9, 17–18) തുടർന്നു വരുന്നു. ഈരണ്ടു പാതികൾ തമ്മിൽ സമാന്തരതയും കാണാം.

59–ാമത്തേത് വിവിധവൃത്തസങ്കീർണമായ മറ്റൊരു സൂക്തം. വൃത്തപരമായ ഈ വൈവിധ്യം പ്രമേയപരമായ വിഭാഗങ്ങളുമായി ഒത്തുപോകുന്നു. ബൃഹതീ–സതോബൃഹതീവൃത്തനിബദ്ധമായ ആദ്യത്തെ ആറു പദ്യങ്ങൾ ഇന്ദ്രന്റെ അസമാനമായ ശക്തിയെ അത്യക്തിപരമായി സ്തുതിക്കുന്നു. സ്തുതികൊണ്ട് അവനെ പ്രശംസിച്ചശേഷം കവി ബൃഹതീനിബദ്ധമായ തൃചഭാഗങ്ങളിൽ (7–12) ഇന്ദ്രനോടു പതിവഭ്യർഥനകൾ നടത്തുന്നു. അവന്റെ ഉദാരത കാണിക്കാനും തന്നെ സ്തുതിക്കാതെയും ആര്യമാർഗം പിന്തുടരാതെയും കഴിയുന്ന മനുഷ്യനെ ശിക്ഷിക്കാനുമാണ് ഇന്ദ്രൻ ശ്രമിക്കുക. 11–ാം പദ്യത്തിൽ ഈ ചീത്ത മനുഷ്യൻ ഏതെല്ലാം രീതിയിൽ സത്യത്തിൽനിന്നു വ്യതിചലിക്കുന്നുവെന്നു വ്യക്തമാക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ (13–15) ആക്ഷേപഹാസ്യനിർഭരമായ ശര ശൗരദേവ്യന്റെ ദാനസ്തുതി.

60–ാം സൂക്തം. ഹ്രസ്വമായ ആംഗിരസസമാഹാരത്തിലെ (8. 60–64) അവസാനസൂക്തമാണിത്. ഇതിനു രണ്ടു ഭാഗങ്ങൾ: ഗായത്രീനിബദ്ധമായ 1–9 പദ്യങ്ങളും (1–3 തൃചങ്ങൾ) ബൃഹതീ/സതോബൃഹതീനിബദ്ധമായ 10–15 പദ്യങ്ങളും (പ്രഗാഥകൾ). ആദ്യത്തെ ഒൻപതു പദ്യങ്ങൾ ഭക്തനുവേണ്ടി എല്ലാ തരത്തിലുള്ള ദോഷങ്ങളിൽനിന്നും ഭീഷണശക്തികളിൽനിന്നും, പ്രത്യേകിച്ചു മനുഷ്യരിൽ നിന്ന്, അഗ്നിയോടു സംരക്ഷണം യാചിക്കുന്നു. ദേവനെന്ന നിലയിൽ അഗ്നിയുടെ ശക്തിയിൽ സൂക്തം ഊന്നുന്നു. അഗ്നി അവരെ യഥാർഹം ശിക്ഷിക്കുകയോ അവർക്കു പ്രതിഫലംനൽകുകയോ ചെയ്യുന്നു. രണ്ടാം ഭാഗം ശൈലീപരമായ കാര്യങ്ങളിലാണ് ഊന്നിക്കാണുന്നത്. യജ്ഞഭക്തിയും പ്രാർഥനകളും ദേവന്റെ ദാനങ്ങളും സഹായവും ഇവിടെ പ്രാമുഖ്യം നേടുന്നു.

അഗ്നിയാണ് 61–ാം സൂക്തത്തിന്റെ ദേവതയെന്നു പറയുന്നുണ്ടെങ്കിലും അതിന് ഉപോൽബലകമായ തെളിവുകൾ ഇതിലെ പദ്യങ്ങളിൽ എടുത്തുപറയത്തക്കതായി ഒന്നും കാണാനില്ല. അതുകൊണ്ട് ഹവിസ്സുകളുടെ സ്തുതിയാണ് ദേവതയെന്ന് അംഗീകരിക്കുന്നതാണ് ഉള്ളടക്കം നോക്കുമ്പോൾ ശരിയായിരിക്കുക. കടങ്കഥയുടെ സ്വഭാവമാണ് പല പദ്യങ്ങൾക്കുമുള്ളത്. 2–5 പദ്യങ്ങൾ അഗ്നിയെ സംബന്ധിച്ചാണ്. 7–17 പദ്യങ്ങൾ സോമം തയ്യാറാക്കുന്നതെങ്ങനെയെന്നു വിവരിക്കുന്നു.

62–ാം സൂക്തത്തിലുടനീളം ഒരേ പല്ലവി ആവർത്തിച്ചതുകൊണ്ട് ഇവിടെ ഒരൈക്യം കാണാനുണ്ട്. അന്യഥാ ഇതിന്റെ ഘടന അത്ര നന്നായെന്നു പറയാനാവില്ല. അശ്വികളോടുള്ള സാമാന്യമായ അഭ്യർഥനകളാണ് പ്രതിപാദ്യം. അവരെ യജ്ഞത്തിനു ക്ഷണിക്കുന്നു (1–2). അവികസിതമായ ചില ചോദ്യങ്ങളും പ്രസ്താവനകളും ഇടയിലുണ്ട് (ഉ

ദാ. 11–12). പുരാവൃത്തപരമായ കുഴക്കുന്ന ഏതാനും സൂചനകളും കാണാം. അശ്വികളുടെ അത്രിരക്ഷണം 3, 7–8 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. അവരുടെ സപ്തവധ്രിയുമായുള്ള ബന്ധം 9–ലുണ്ട്. അന്ത്യപദ്യങ്ങളായ 17–18 ൽ പരാമർശിക്കപ്പെടുന്നത് സപ്തവധ്രിയാണെന്നു ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്.

63–ാം സൂക്തം പ്രമേയത്തിലും വാക്യവിന്യാസത്തിലും ഐകരൂപ്യമുള്ള തൃചങ്ങൾ അടങ്ങിയത്. ആദ്യത്തെ നാലു തൃചങ്ങളിൽ മൂന്നെണ്ണം  സ്തോതാക്കളുടെ സാദരസമീപനത്തിനു വിഷയമായ അഗ്നിയുടെ സ്തുതിയും വിളിയും ഉൾക്കൊള്ളുന്നു. രണ്ടാമത്തെ തൃചമാകട്ടെ (7–9) സ്തോതാവിന്റെ പ്രാർഥനാപൂർവമായ ചിന്ത വിഷയമാക്കുന്നു.  അഗ്നി പലേടത്തും ഇന്ദ്രന്റെ ധർമങ്ങൾ കൈക്കൊള്ളുന്നതായി സൂക്തം വർണിക്കുന്നു. വൃത്രവധം (4, 9, 12). ഇത് കവിയുടെ രക്ഷിതാവായ ശ്രുതർവാവ് നേതാവായ ഗോത്രത്തിന്റെ അഗ്നിയാണ് ദേവത എന്നതുകൊണ്ടാവാം.

അഗ്നിക്കു യജ്ഞത്തിലുള്ള പങ്കും കവി–യജമാനന്മാരുമായുള്ള ബന്ധവുമാണ് 64–ാം സൂക്തത്തിലെ ആദ്യത്തെ രണ്ടു മാമൂൽരൂപത്തിലുള്ള തൃചങ്ങളുടെ (1–6) വിഷയം. പക്ഷേ, ഏഴാം പദ്യം മുതൽ സൈനികവും യുദ്ധോത്സുകവുമായ ഒരു ധാര പ്രത്യക്ഷപ്പെടുന്നതു കാണാം. പശുക്കളെ ആക്രമിക്കുന്നതിന് രംഗമൊരുങ്ങിക്കഴിഞ്ഞുവെന്നു തോന്നും. വരാൻ പോകുന്ന ഭീഷണികളെ നേരിടുന്നതിനും വിജയം ഉറപ്പു വരുത്തുന്നതിനും പശുക്കളെ വീണ്ടെടുക്കുന്നതിനും സമ്പത്തു നേടുന്നതിനും കവി അഗ്നിയുടെ ആക്രാമകശക്തികളെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു (7–13). യജ്ഞത്തിനു സഹായത്തിനുവേണ്ടിയുള്ള അഭ്യർഥനകളോടെ സൂക്തം അവസാനിക്കുന്നു.

65. ഇന്ദ്രൻ മരുത്തക്കളാൽ അകമ്പടി സേവിക്കപ്പെടുക, അവൻ സോമപാനം ചെയ്യുക എന്ന ഇരട്ടപ്രമേയത്തിൽനിന്ന് ഒരിക്കലും വ്യതിചലിക്കാത്ത ഒരു ലളിതസൂക്തം. ആദ്യത്തെ ഒൻപതു പദ്യങ്ങളിലും മരുത്തുക്കൾ ഇന്ദ്രന്റെ സഹയാത്രികരാണെന്ന പരാമർശമുണ്ട്. സോമത്തിനുള്ള ക്ഷണം 4–9 പദ്യങ്ങളിൽ കാണാം. വൃത്രപുരാവൃത്തം ആദ്യതൃചത്തിലേ കാണുന്നുള്ളൂ. അവസാനതൃചത്തിൽ മരുത്പരാമർശമില്ല. അവസാനതൃചത്തിലെ ആദ്യപദ്യം (10) സോമപാനം പൂർത്തിയായെന്നും അടുത്ത പദ്യം (11) ഇന്ദ്രൻ ദസ്യുവെ വധിച്ചുവെന്നും  അവസാനപദ്യം (12) സൂക്തം എങ്ങനെ നിർമിച്ചുവെന്നും വ്യക്തമാക്കുന്നു. മാധ്യന്ദിനസവനത്തിൽ ഇന്ദ്രനോടൊപ്പം മരുത്തുക്കളും പങ്കെടുക്കുന്നതും സോമപാനം നടത്തുന്നതും ഈ സൂക്തത്തിലുണ്ട്.

66–ാം സൂക്തം പ്രാഥമികമായി പ്രതിപാദിക്കുന്നത് അവ്യക്തമായ എമുഷപുരാവൃത്തമാണ്. ഇന്ദ്രന്റെ ബാല്യകാലകർമങ്ങളിലൊന്നാണിത്. ഇന്ദ്രൻ അമ്മയുമായി നടത്തുന്ന സംഭാഷണത്തോടെ സൂക്തം തുടങ്ങുന്നു (1–2). 6–8 പദ്യങ്ങളിലെ കഥയുമായി ഇതിനെ ബന്ധപ്പെടുത്താം. അമ്മയെ ചോദ്യം ചെയ്യുന്നതിനു മുൻപ് ഇന്ദ്രൻ ബുന്ദവില്ലെടുക്കുന്ന കഥ ഇവിടെയും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ബുന്ദശബ്ദമില്ല. ഇന്ദ്രന്റെ മറ്റു വീരകർമങ്ങൾ 6–ൽ സൂചിപ്പിക്കുന്നുണ്ട്. 8–ാം പദ്യത്തിൽ അമ്മ ഇന്ദ്രനോട് വില്ലുകൊണ്ട് കഞ്ഞി എടുക്കാൻ ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. ഒൻപതാം പദ്യത്തിലും ഇന്ദ്രകർമങ്ങൾ സംഗ്രഹിക്കുന്നു. അവസാനത്തേതായ 10–11 പദ്യങ്ങൾ അരിക്കഞ്ഞി സംഭരിക്കുന്നതിൽ വിഷ്ണുവിന്റെ പങ്കു പ്രതിപാദിക്കുന്നു. 11–ാം പദ്യം ബുന്ദവില്ലിന്റെയും അതു പിടിക്കുനന ഇന്ദ്രബാഹുവിന്റെയും വാഴ്ത്ത്.

67–ാം സൂക്തം അത്യാഗ്രഹത്തെപ്പറ്റി പ്രതിപാദിക്കുന്നു. ആദ്യതൃചം (1–3) ഇന്ദ്രനു നാം വ്യഗ്രതയോടെ അർപ്പിക്കുന്ന ഹവിസ്സുകൾ തിരിച്ചു നമുക്കു കിട്ടാനുള്ള സാധനങ്ങളുടെ പട്ടിക നിരത്താനാണ്. മൂന്നാം പദ്യത്തിലെ കർണാഭരണങ്ങൾവരെ അത് ചെന്നെത്തുന്നു. അന്തിമതൃചം (7–9) ഇന്ദ്രന്റെയും സോമന്റെയും ഉദാരതയെ സ്തുതിക്കുന്നു. 9–ാം പദ്യം കാമ്യവസ്തുക്കളുടെ മറ്റൊരു പട്ടിക നൽകുന്നു. ഭിന്നവൃത്തബദ്ധമായ പത്താം പദ്യം എല്ലാറ്റിനെയും അതിശയിക്കുന്നതാണ്: ഉദാരനായ ഇന്ദ്രനോടപേക്ഷിക്കുന്നത്, തന്റെ വയൽ ധാന്യസമൃദ്ധമാക്കാനാണ്. താൻ അരിവാൾ കൈയിലെടുക്കുന്നതുതന്നെ (എടുക്കാത്തത് എന്ന വ്യാഖ്യാനവുമുണ്ട്) വയലിലെ ധാന്യം കൊയ്യാനല്ല. ആ പണിയൊന്നും തനിക്കാവില്ലെന്നു ഭാവം! മുൻപേ കൊഴിഞ്ഞുവീണതോ കൊയ്തു കൂട്ടിയതോ ആയ ധാന്യസഞ്ചയം തനിക്കെത്തിച്ചുതന്നാൽ മതി!

68. സോമമണ്ഡലമായ ഒൻപതാം മണ്ഡലത്തിനു പുറമെയുള്ള ദുർലഭം സോമസൂക്തങ്ങളിലൊന്ന്. യജ്ഞത്തിലെ സോമപാനമാണ് ഇതിലെ വിഷയം. സോമം തയ്യാറാക്കുന്നതും (3) “രജതപാനീയമുള്ളവൻ” എന്ന ഇന്ദ്രവിശേഷണവും (4) മാത്രമേ മറ്റു പരാമർശങ്ങളുള്ളൂ. യജ്ഞസോമത്തിനു പുറമെ സർവശക്തനും ബഹുരുചിയുമായ ദിവ്യസഹായിയുടെ ചിത്രവും ഇവിടെ നമുക്കു കാണാം. വിജയി, വിപ്രൻ(പ്രചോദിതകവി) (1); ഭിഷക്ക് (2); രാതി (ദാനം) (5);  നഷ്ടം വിദത് (6. നഷ്ടപ്പെട്ട വസ്തു കണ്ടെത്തുന്നവൻ); ശത്രുക്കളിൽനിന്നുള്ള രക്ഷകൻ (3, 4, 9) എന്നീ വാക്കുകൾ നോക്കുക.

69. കവിക്ക് ഇന്ദ്രനോടുള്ള നിലപാട് അനൗപചാരികവും പരിഹാസം കലർന്നതുമാണ്. പ്രത്യേകിച്ച് രണ്ടാം തൃചത്തിൽ (4–6). എട്ടാം പദ്യത്തിൽ പന്തയത്തിൽ തന്റെ തേരിനെ സഹായിക്കുന്നതിൽ ഇന്ദ്രൻ മന്ദഗതിയിലാണെന്നു കവി പരാതിപ്പെടുന്നു. ഇന്ദ്രന് അത്യുന്നതമായ സ്തുതി നൽകുന്നതിൽ, അവസാനം അവൻ അതു നേടുംവരെ, കവി വൈമുഖ്യം കാണിക്കുന്നുവെന്നു തോന്നുന്നു. താൻ സുഖദാതാവായി ആരെയും തീരുമാനിച്ചുറപ്പിച്ചിട്ടില്ലെന്നു സൂചിപ്പിച്ചും അങ്ങനെയാണ് ഇന്ദ്രനെ വരിക്കുന്നതെന്നു പറഞ്ഞുംകൊണ്ടാണ് കവി സൂക്തം തുടങ്ങുന്നത്. ഇന്ദ്രനെ സുഖദാതാവായി പ്രഖ്യാപിക്കുമെന്ന പ്രസ്താവനയോടെ ഉപാന്ത്യപദ്യം അവസാനിപ്പിക്കുകയും ചെയ്യുന്നു (9). പത്താം പദ്യത്തിൽ ഉചിതമായ പ്രതിഫലത്തോടെ താൻ എല്ലാ ദേവീദേവന്മാരെയും സേവിക്കുമെന്ന് ഓർമിപ്പിക്കുന്നു.

70. മുൻസൂക്തം പോലെ അനൗപചാരികവും വേണ്ടത്ര ബഹുമാനം കാണിക്കാത്തതുമാണ് ഇവിടെയും കവിയും

ഇന്ദ്രനും തമ്മിലുള്ള പെരുമാറ്റം. ഇന്ദ്രൻ തങ്ങൾക്കു സാധനങ്ങൾ പിടിച്ചടക്കി കൊണ്ടുവന്നു തരണമെന്നാണ് ആവശ്യം. പതിവുപോലെ ഇന്ദ്രന്റെ ശക്തിയെയും ഉദാരതയെയും സ്തുതിക്കുന്നുമുണ്ട്. അഞ്ചാം പദ്യത്തിൽ പുരോഹിതനായും സ്തുതിക്കപ്പെടുന്നവനായും പ്രത്യക്ഷപ്പെടുന്നുണ്ട്.

71–ാം സൂക്തം സോമയജ്ഞത്തിൽ പങ്കെടുക്കാനുള്ള നിർബന്ധ പൂർവമായ ക്ഷണമാണ്. സോമം തയ്യാറാക്കുന്നതിന്റെ വിവിധഘട്ടങ്ങൾ വിവരിക്കുന്നു. ലളിതമായ ശൈലിയിൽ യജ്ഞസന്ദർഭത്തിൽ തികച്ചും കേന്ദ്രീകരിച്ചുകൊണ്ടുള്ള വർണനം. ഇന്ദ്രാഗമനം പ്രതീക്ഷിക്കുന്നു. സ്വർഗത്തിൽനിന്നുള്ള സോമാപഹരണത്തിൻ പുരാവൃത്തം ചിത്രീകരിക്കുന്ന അവസാനപദ്യം (9) അപവാദം. അന്ത്യതൃചം (7–9) പല്ലവീസമേതം.

72–ാം സൂക്തത്തിലെ ആദ്യത്തെ രണ്ടു തൃചങ്ങൾ (1–6) ആദിത്യന്മാരെ മാത്രമേ പരാമർശിക്കുന്നുള്ളൂ. ഋജുവുമാണ്. ആദ്യതൃചത്തിൽ കവി (1–3) സഹായത്തിനുവേണ്ടി ദേവന്മാരെ സ്തുതിക്കുകയും രണ്ടാമത്തേതിൽ (4–6) അമൂല്യവസ്തുക്കൾ ആവശ്യപ്പെടുകയും ചെയ്യുന്നു. അവസാനത്തെ തൃചം മറ്റു ദേവന്മാരിലേക്കു തിരിയുന്നു. ദേവന്മാരും മനുഷ്യരും തമ്മിലുള്ള ബന്ധുത്വമാണ് രസകരമായ ആത്യന്തികവിഷയം (7–8). ഈ ബന്ധുത്വം ദേവന്മാരെ കവി ഓർമിപ്പിക്കുന്നു. അവർ സഹായവും സാധനങ്ങളും തരാനുള്ള പ്രചോദനത്തിനാവാം.

ഹ്രസ്വലളിതമായ 73–ാം സൂക്തം അഗ്നിയുടെ ഭയങ്കരമായ ഗുണങ്ങളെയൊന്നും പരാമർശിക്കുന്നില്ല. അവന്റെ യജ്ഞത്തിലെ പങ്കാളിത്തം മാത്രമാണ് പ്രതിപാദിക്കുന്നത്: നമ്മുടെ വീടുകളിലെ അതിഥിയാണവൻ (1), അവനെ ദേവന്മാരാണ് ഇവിടെ സ്ഥാപിച്ചത് (2). സൂക്തമുൾക്കൊള്ളുന്ന രസകരമായ ചോദ്യങ്ങളാണ് ഇതിന്റെ മുഖ്യമായ വശം. രണ്ടാം തൃചത്തിൽ (4–6) കവി നാം അഗ്നിക്കു ചെയ്യേണ്ട സേവനങ്ങളെന്തെന്നും അവ എങ്ങനെയാണനുഷ്ഠിക്കേണ്ടതെന്നും ചോദിക്കുന്നു. അന്തിമതൃചം (7–9) വീണ്ടും ചോദ്യത്തോടുകൂടി തുടങ്ങുന്നു. കവി അഗ്നിയുടെ കാവ്യപ്രചോദനത്തിന്റെ സ്വീകർത്താവാകുന്നതെങ്ങനെയെന്നതിനെപ്പറ്റിയാണ് ചോദ്യം. ദേവന് ഉചിതമായ സ്തുതിഗാനം രചിക്കുന്നതാണ് കവിയെ സംബന്ധിച്ചു പ്രധാനം. 3–7 പദ്യങ്ങളിൽ സൂക്തങ്ങളെയോ സ്തുതികളെയോ പരാമർശിക്കുന്നു.

74–ാം സൂക്തം ദേവന്മാരും മനുഷ്യരും തമ്മിലുള്ള പ്രതിപ്രവർത്തനത്തെ ഏറ്റവും ലളിതമായ രീതിയിൽ ചുരുക്കിപ്പറയുന്നു. ദേവന്മാർക്കു യജ്ഞഹവിസ്സുകൾ വാഗ്ദാനം ചെയ്യുന്ന പല്ലവിയും സൂക്തത്തിന്റെ ബാക്കി ഭാഗങ്ങളും കവിയുടെ ക്ഷണവും ദേവന്മാരുടെ യാത്രയും തിരിച്ചുപോക്കുമാണ് ഉള്ളടക്കം. കവി താൻ ഇന്നയാളാണെന്ന് 3–4 പദ്യങ്ങളിൽ പറയുന്നുണ്ട്.

75–ാം സൂക്തത്തിൽ വിശ്വകകവി അശ്വികളോട് നേരിട്ട് അഭ്യർഥിക്കുകയാണ്. ആദ്യത്തെ മൂന്ന പദ്യങ്ങളടങ്ങുന്ന തൃചത്തിൽ വിശ്വക (വിഷ്ണ്വാപു)പരാമർശമുണ്ട്. അടുത്ത രണ്ടു പദ്യങ്ങളിൽ അന്ത്യവരിപ്പല്ലവി കാണുന്നു. ഇന്ദ്രനോട് സഹായത്തിനുള്ള അപേക്ഷയും (4) സത്യസ്തുതിയും അവിടെ ദർശിക്കാം.

76–മത്തേത് ഒരു ഒഴുക്കൻ അശ്വിസൂക്തമാതൃകയാണ്. "ഇവിടെ വന്നാലും! സോമം കുടിച്ചാലും! ഞങ്ങൾക്കു സഹായവും സാധനങ്ങളും തന്നാലും!" എന്ന ലളിതമായ സന്ദേശം തരുന്ന സൂക്തം.

77–ാം സൂക്തം ഇന്ദ്രന്റെ അതിക്രമിക്കുന്ന കരുത്തിനെക്കുറിച്ചുള്ള സ്തുതിയും അവന്റെ പാരിതോഷികത്തിനുവേണ്ടിയുള്ള അപേക്ഷകളും ഉൾക്കൊള്ളുന്നു. ഇന്ദ്രന്റെ അനിയന്ത്രിതമായ ശക്തികൾ അവന്റെ ഉദാരത പ്രാവർത്തികമാക്കാനുള്ള വാദമായി കവി ഉപയോഗിക്കുന്നു (3, 6). നല്ല രചനാശില്പത്തോടുകൂടിയ പ്രസന്നമായൊരു കാവ്യഖണ്ഡമാണിത്.

78–ാം സൂക്തത്തിലെ ഏഴു പദ്യങ്ങളിൽ അഞ്ചു പദ്യങ്ങളുടെ വൃത്തങ്ങളായ ബൃഹതിയുടെയും സതോബൃഹതിയുടെ അംശമായ ബൃഹത്പദം ഈ സൂക്തത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലുമുണ്ടെന്നത് ശ്രദ്ധേയമത്രേ. വൃത്രയുദ്ധവും യുദ്ധത്തിന് ഇന്ദ്രനെ ശക്തിപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന മരുത്തുക്കളുടെ പാട്ടുമാണ് സൂക്തപ്രമേയം. ഇന്ദ്രനുവേണ്ടി ഒരു ഗാനമോ സൂക്തമോ ഉണ്ടാക്കാനുള്ള ഉദ്ബോധനത്തോടുകൂടിയാണ് സൂക്തം ആരംഭിക്കുന്നത്. 1, 3 പദ്യങ്ങളിൽ മരുത്തുക്കളോടാണ് ഉദ്ബോധനമെന്നു വെളിവാകുന്നു. എങ്കിലും ഏഴാം പദ്യത്തിന്റെ ഉത്തരാർധത്തിൽ ആരെയാണു സംബോധന ചെയ്യുന്നതെന്നു വ്യക്തമല്ല. പ്രാതർയജ്ഞമാണ് സൂക്തസന്ദർഭമെന്നു വ്യക്തം. ഏഴാം പദ്യത്തിന്റെ ഉത്തരാർധം പ്രവർഗ്യകർമത്തെ സൂചിപ്പിക്കുന്നുവെന്ന് അതിലെ ഘർമശബ്ദംകൊണ്ടു തെളിയുന്നു. സമ്പത്തിനോ സഹായത്തനോ ഉള്ള അപേക്ഷയില്ലെന്നത് ഈ സൂക്തത്തിന്റെ സവിശേഷതയാകുന്നു. ശുദ്ധമായ സ്തുതിസൂക്തമാണിത്. ഇത് *ഋഗ്വേദ*ത്തിൽ ദുർലഭമായ പ്രത്യേകതയാണ്.

79–ാം സൂക്തതതിൽ തടസ്സങ്ങൾ തകർക്കുന്ന ശക്തനെന്ന നിലയിൽ ഇന്ദ്രനെ യജ്ഞത്തിനു ക്ഷണിക്കുകയും യുദ്ധത്തിൽ സഹായത്തിനും സമ്പത്തുകൾക്കുംവേണ്ടി യാചിക്കുകയും ചെയ്യുന്നു. എടുത്തുപറയത്തക്ക തൊന്നും ഈ സൂക്തത്തിലില്ല. വരുണനെപ്പറ്റി അഞ്ചാം പദ്യത്തിലെ പരാമർശമാണ് ഒരപവാദം. ഇന്ദ്രനും വരുണനും തമ്മിലുള്ള ഒരുതരം പ്രവൃത്തിവിഭജനം ഇതിൽ ഉൾക്കൊണ്ടിട്ടുണ്ടെന്നു തോന്നുന്നു.

കബളിപ്പിക്കുമാറ് ലളിതമായ 80–ാം സൂക്തം നിരവധി ചർച്ച ചെയ്യപ്പെട്ടതാണ്. ശമനൗഷധിക്കും ഉർവരതയ്ക്കുമുള്ള വശ്യമന്ത്രമാണിത്. പതിവില്ലാത്ത രീതിയിൽ അവിവാഹിതയായ ഒരു സ്ത്രീയാണ് ഇവിടത്തെ വക്താവ്. അവൾ ഇന്ദ്രനുവേണ്ടി രഹസ്യമായി ലൈംഗികസ്വരമുള്ള ഒരു സോമയജ്ഞം നടത്തുന്നു – തന്റെ വിവാഹത്തിനുവേണ്ടിയുള്ള അന്തിമമായ ഒരു യത്നം. ഈ സന്ദർഭം വിവരിച്ചുകൊണ്ടുള്ളതാണ് സൂക്തത്തിന്റെ തുടക്കം (1). വെള്ളം കൊണ്ടുവരാൻ പോകുന്ന ഒരു കന്യക വഴിയിൽ സോമം കാണുന്നു. അതവൾ വീട്ടിലേക്കു കൊണ്ടുപോവുകയും ആദ്യം സോമത്തോടും തുടർന്ന് ഇന്ദ്രനോടും സംസാരിക്കുകയും സ്വയം സോമം പിഴിഞ്ഞ് ഇന്ദ്രന്റെ മൗനാനുവാദ

ത്തോടെ ശരിക്കുള്ള യജ്ഞം ചെയ്യുന്നുവെന്ന പ്രതീതിയാണ് നമുക്കനുഭവപ്പെടുന്നത് (2). ഇന്ദ്രൻ സോമത്തിനു വരുന്നു. അവന്റെ യഥാർഥ താല്പര്യമെന്തെന്ന് അവൾ അന്വേഷിക്കുന്നു. എങ്കിലും ആ വരവ് രഹസ്യമായിവെക്കുമെന്ന് അവൾ അവനെ അറിയിക്കുന്നു. അവൾ സോമത്തോട് ഒച്ചപ്പാടുണ്ടാക്കാതെ മൃദുവായൊഴുകാൻ ഉദ്ബോധിപ്പിക്കുന്നു (3). നാലാം പദ്യത്തിൽ തന്റെ സോമസവനത്തിലൂടെ ഇന്ദ്രന് എന്താണ് നേടാൻ സാധിക്കുക എന്ന ഊഹാപോഹങ്ങളിൽ മുഴുകുന്നു. ഇളം പ്രായക്കാരിയായ അവൾ ലൈംഗികസുഖത്തെയും വിവാഹത്തെയും പറ്റി ആലോചിക്കുകയും ഇന്ദ്രൻ തന്റെ ആദ്യത്തെ ലൈംഗികപങ്കാളിയായി ലൈംഗികബന്ധത്തിലേർപ്പെടുമോ എന്നു ഭയപ്പെടുകയും ചെയ്യുന്നു. അടുത്ത രണ്ടു പദ്യങ്ങളിൽ (5–6) അവൾ മൂന്നുവിധം രോമവളർച്ചയെപ്പറ്റിയുള്ള തന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നു: വയലുകളിൽ, സസ്യങ്ങളിൽ; അച്ഛന്റെ കഷണ്ടിത്തലയിൽ; തന്റെ ഗുഹ്യപ്രദേശത്ത് (രോഗംകൊണ്ട് രോമം മുളയ്ക്കാത്ത അവിടം രോഗമുക്തമാക്കി രോമസമൃദ്ധി വരുത്തുക). തനിക്കു ലൈംഗികപക്വത വന്നുവെന്നു കാണിക്കുകയാണ് മൂന്നാമത്തേതിന്റെ ലക്ഷ്യം. ഇന്ദ്രൻ അപാലയുടെ അഭിലാഷം സാധിച്ചുവെന്നു സൂചിപ്പിച്ചുകൊണ്ട് സൂക്തം അവസാനിക്കുന്നു.

81-ാമത്തെ ദീർഘമായ സൂക്തം നിരന്തരം ആവർത്തിക്കപ്പെട്ട സോമയജ്ഞത്തിനു വരാൻ ഇന്ദ്രനുള്ള ക്ഷണമാണ്. കവി ഇടയ്ക്കിടെ ഇന്ദ്രനോടു സഹായത്തിന് അപേക്ഷിക്കുന്നുണ്ടെങ്കിലും, യജ്ഞത്തിലും വാചികത്തിലും സോമത്തിലും തന്നെയാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കവിനാമം പല പദ്യങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും വരുന്നുണ്ട്.

സുദീർഘമായ ഈ 82-ാം സൂക്തം സൂര്യോദയത്തെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു (1). നാലാം പദ്യത്തിലും ഇതിന്റെ പ്രതിധ്വനി കേൾക്കാം. സൂക്തത്തിന്റെ അന്ത്യഭാഗത്ത് (25–26) അഗ്നിയെ നേരിട്ട് സംബോധന ചെയ്യുന്ന രണ്ടു പദ്യങ്ങൾ കാണാം. ഇന്ദ്രസൂക്തത്തിലെ ഈ ഇതരദേവസംബോധകപദ്യങ്ങൾ സോമയജ്ഞത്തിലെ പ്രഭാതസന്ദർഭം സൂചിപ്പിക്കുന്നു. ഇവിടെ ഉഷസ്സിനെ നേരിട്ടു സംബോധന ചെയ്യുന്നില്ലെന്നതു ശ്രദ്ധേയമാണ്. സൂക്തത്തിലെ മുഖ്യപ്രമേയം ഇന്ദ്രനു സമർപ്പിക്കുന്ന സോമമാണ്. സൂക്തം പുരോഗമിക്കുന്തോറും ഇതു കൂടുതൽ വ്യക്തമാവും. ഇന്ദ്രന്റെ വൃത്രഹത്യയാണ് ഉടനീളം കൊണ്ടാടപ്പെടുന്നത്. പ്രസ്തുതപുരാവൃത്തം കാര്യമായി വർണിക്കുന്നില്ലെങ്കിലും തത്സൂചകമായ ഇന്ദ്രവിശേഷണം കൂടക്കൂടെ വരുന്നുണ്ട്. ഋഭുക്കളെ പരാമർശിക്കുന്ന 34-ാം പദ്യം സൂക്തത്തിന്റെ മറ്റു ഭാഗവുമായി ബന്ധമില്ലാതെ നിലകൊള്ളുന്നു.

സോമപാനകേന്ദ്രിതമായ 83-ാം സൂക്തം അതിലാളിത്യവും വിഷമിപ്പിക്കുന്ന അവ്യക്തതയും ഒരുമിച്ചുചേർന്ന കൗതുകകരമായ ഒന്നാണ്. മരുത്സൂക്തമായി *അനുക്രമണി* വിവരിക്കുന്നുണ്ടെങ്കിലും മരുസൂക്തങ്ങളുടെ പൊതുസവിശേഷതകൾ ഇതിൽ അധികം കാണുന്നില്ല. രണ്ടാം തൃചത്തിൽ (4–7) മരുത്തുക്കൾ (4), ഇന്ദ്രൻ (6), ആദിത്യന്മാർ ഒന്നിച്ചും (4) പ്രത്യേകമായും (5) വിവരിക്കുന്നു. ഇതിൽനിന്നു വ്യത്യസ്തമായി മൂന്നാം തൃചത്തിൽ (7–9, 10–12) മരുത്തുക്കളെ മാത്രമേ പരാമർശിക്കുന്നുള്ളൂ. പക്ഷേ, മറ്റു ദേവന്മാരുടെ വിശേഷണങ്ങളും പ്രവൃത്തികളും കൊണ്ട് വിശേഷിപ്പിച്ചാണ് പലേടത്തും കാണുന്നത്. ഉദാഹരണമായി, “നവീകൃതവൈദഗ്ധ്യത്തോടുകൂടിയവർ” (7, 10) എന്ന വിശേഷണം ആദിത്യന്മാർക്കാണ് സാധാരണ ചേർക്കാറ്. അതുപോലെ, “പർവതത്തിൽ വസിക്കുന്ന” (12) എന്നതു പൊതുവിൽ സോമവിശേഷണമാകുന്നു. ഈ മരുദ്വിശേഷണങ്ങൾ അസാധാരണമാണ്. മരുത്തുക്കളുടെ അമ്മയായ പൃശ്നിയും അദിതിയും അഭിന്നരാണെന്ന തോന്നൽ ചില സന്ദർഭങ്ങളിൽ ഉളവാകുന്നതും ശ്രദ്ധേയമാണ്.

ഈ ലളിതമായ 84-ാം സൂക്തത്തിൽ കവി സ്വനാമം നാലാം പദ്യത്തിൽ വെളിപ്പെടുത്തുന്നുണ്ട്. ഇത് ഇന്ദ്രനെ സോമയജ്ഞത്തിൽ വന്നു സോമവും സ്തുതിവാക്കുകളും ആസ്വദിക്കാനും തന്റെ സഹായികളെ തങ്ങളുടെ സ്തുതികൾ ഇരട്ടിയാക്കാനും ഉദ്ബോധിപ്പിക്കുന്നു. അന്തിമതൃചമാണ് (7–9) ഇവിടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത പ്രദർശിപ്പിക്കുന്നത്. സോമത്തിനു മാത്രമല്ല, തദനുബന്ധിയായ വാചികത്തിനും ഇന്ദ്രനും അവൻ തരുന്ന സഹായത്തിനുമെല്ലാം വിശേഷണമായി കാണാവുന്ന ശുദ്ധപദത്തിന്റെ അനുപേക്ഷണീയമായ ആവർത്തനം ഇവിടെ ദർശിക്കാം.

സൂക്തം 85. ധാരാളം ഇന്ദ്രപുരാവൃത്തങ്ങൾ പ്രതിപാദിക്കുന്ന സമ്പന്നവും സങ്കീർണവുമായ സൂക്തം. രചന ആദ്യന്തം തൃചഘടനയുമായി ഇണങ്ങിപ്പോകുന്നതുതന്നെ. അവസാനത്തെ നാലു തൃചങ്ങളിലോരോന്നും (10–21) ഓരോ വാചികമുദ്രയുൾക്കൊള്ളുന്നു. 10–12 പദ്യങ്ങളിൽ “കുവിദംഗ വേദത്”എന്നും 13–15 പദ്യങ്ങളിൽ “ദ്രപ്സ”എന്നും 16–18 പദ്യങ്ങളിൽ “ത്വം ഹ ത്യത്” എന്നും 19–21 പദ്യങ്ങളിൽ “വൃത്രഹാ” എന്നുമാണവ. ഒന്നാം തൃചം (1–3) ഇന്ദ്രന്റെ വിപുലമായ സ്തുതിക്ക് ആമുഖം രചിക്കുന്നതിന്റെ ഭാഗമായി മൂന്നു വിവിധമേഖലകളിൽ ഇന്ദ്രന്റെ അനതിക്രമണീയ ശക്തി ചൂണ്ടിക്കാട്ടുന്നു. പ്രകൃതിശക്തികൾ അവന്റെ അധീനത്തിലാണ് (1) എമുഷപുരാവൃത്തം രണ്ടാം പദ്യത്തിലും ഭൗതികവും മാനസികവുമായ ഇന്ദ്രന്റെ ശക്തികൾ മൂന്നാം പദ്യത്തിലും വിവരിക്കുന്നു. രണ്ടാം തൃചം (4–6) അവന്റെ ഔന്നത്യം വിവരിച്ചുകൊണ്ടു തുടങ്ങുന്നു (4). താമസിയാതെ വൃത്രവധത്തിലേക്കു കടക്കുന്നു. ഈ കൃത്യത്തിൽ മരുത്തുക്കളുടെ പങ്കാണ് മൂന്നാം തൃചത്തിലെ വിഷയം. 6–9 പദ്യങ്ങൾ മരുത്തുക്കൾ നേരിട്ട് ഇന്ദ്രനോടു സംസാരിക്കുന്നു. വൃത്രവധത്തിൽ ഏതു ദേവനും കൈവിട്ടാലും തങ്ങൾ കൂടെയുണ്ടാവുമെന്ന് അവർ ഉറപ്പു കൊടുക്കുന്നു. അടുത്ത തൃചം (10–12) യജ്ഞസന്ദർഭത്തിലേക്കു വന്ന് കവി ഇന്ദ്രനെ സ്തുതിക്കാൻ ഉദ്ബോധിപ്പിക്കുന്നതായി പറയുന്നു. തുടർന്നവരുന്ന തൃചം (13–15) ദ്രപ്സകഥ പറയുന്നു. ഈ ഭാഗം വിഷമം പിടിച്ചതാണെന്നു പറയാതെ തരമില്ല. അടുത്ത തൃചം (16–18) ഇന്ദ്രന്റെ ചില മഹാകർമങ്ങളെപ്പറ്റി വിവരിക്കുന്നു. ശുഷ്ണവധം ഇതിൽപ്പെടും. ഒരു പ്രഹേളികയോടുകൂടി തുടങ്ങുന്ന അവസാനതൃചം വീണ്ടും വൃത്രവധത്തിലെത്തുന്നു.

വൃത്തപരമായി വൈവിധ്യപൂർണമായ 86–ാം സൂക്തം പരിചിതമായ ഒരു രീതിയാണ് പിന്തുടരുന്നത്. തൃചവിഭജനാത്മകമാണ് രചന. ഒന്നാം തൃചത്തിൽ (1–3) ശരിയായ യജ്ഞരീതികൾ പിന്തുടരാത്ത മറ്റു മനുഷ്യപ്രഭുക്കളുടെ സ്വത്തു പിടിച്ചെടുത്ത് തന്റെ സംഘത്തിലുള്ള മറ്റു പ്രഭുക്കൾക്കു പുനർവിതരണം ചെയ്യാൻ കവി ഇന്ദ്രനോട് അഭ്യർഥിക്കുന്നു. അടുത്ത തൃചത്തിൽ (4–6), പലപ്പോഴുമെന്നപോലെ, എവിടെയായാലും ഇന്ദ്രൻ യജ്ഞത്തിനു വരണമെന്നു വിളിക്കുന്നു. ഇന്ദ്രനുമായുള്ള സമ്പൂർണസഖ്യത്തിനുള്ള പ്രതീക്ഷയും അവൻ വരാതിരിക്കുമോ എന്ന ഭയവും മൂന്നാം തൃചത്തിൽ (7–9) സമീചീനമായി സമ്മേളിച്ചിരിക്കുന്നു. ഈ തൃചത്തിന് അസാധാരാണമായ രചനയാണുള്ളത്. ഓരോ പദ്യത്തിന്റെയും ആദ്യന്തവരികൾ ഒന്നുതന്നെ. അടുത്ത തൃചത്തിൽ (10–12) മാത്രമാണ് കവി ഔപചാരികമായ ദേവസ്തുതി തുടങ്ങുന്നത്. പക്ഷേ, ഇവ മിക്കവാറും സ്തോതാക്കൾക്കുള്ള സ്തുതിയുമാണ്. അവസാനതൃചം (13–15) ഇന്ദ്രന്റെ അമിതമായ ശക്തിക്കുള്ള സ്തുതിയും അതു തങ്ങളുടെ നേട്ടത്തിനാവണമെന്ന കവിയുടെ അഭ്യർഥനയും സമന്വയിപ്പിക്കുന്നു.

87–ാം സൂക്തം മൂന്നു വൃത്തങ്ങളിൽ നിബദ്ധമാണെങ്കിലും മൂന്നും ഏതാണ്ട് ഒരേപോലുള്ള വൃത്തങ്ങളാകയാൽ അത്ര സാരമല്ല. തൃചസംവിധാനമാണെങ്കിലും തൃചങ്ങൾ തമ്മിൽ രൂപത്തിലോ ഭാവത്തിലോ എടുത്തുപറയത്തക്ക യോജിപ്പു കാണാനില്ല. സൂക്തം തുടങ്ങുന്നത് യാജ്ഞികന്മാരോട് ഇന്ദ്രനെപ്പറ്റി പാടാൻ പറഞ്ഞുകൊണ്ടാണ് (1). രണ്ടാം തൃചം യജ്ഞത്തിനു വരാൻ ഇന്ദ്രനെ ക്ഷണിച്ചുകൊണ്ട് (4). ആദ്യത്തെ ആറു പദ്യങ്ങളിൽ മറ്റെല്ലാം പൊതുവിലുള്ള ഇന്ദ്രസ്തുതിക്കുവേണ്ടിനീക്കിവെച്ചിരിക്കുന്നു. മൂന്നാം തൃചത്തിൽ (7–9) യാജ്ഞികർ ഇന്ദ്രനെ ശക്തിപ്പെടുത്താൻവേണ്ടി തങ്ങളുടെ വാചികോപാദാനങ്ങൾ ഒരുക്കൂട്ടുകയും അവനെ യജ്ഞത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. അവസാനത്തെ തൃചത്തിലാകട്ടെ (10–12), പതിവുപോലെ കവി തങ്ങളുടെ അപേക്ഷകൾ സമർപ്പിക്കുന്നു. ഇവിടെ വേണ്ടത് യുദ്ധശക്തിയും യോദ്ധൃവീരന്മാരുമാണ്, സമ്പത്തല്ല, എന്നു ഭേദം.

സൂക്തം 88. പലപ്പോഴുമെന്നപോലെ, സോമയജ്ഞത്തിനുള്ള ഈ ക്ഷണം (1–2) ഉടനെത്തന്നെ ഇന്ദ്രന്റെ ദാനങ്ങളിലക്കു കടക്കുന്നു (3–4). സൂക്തത്തിന്റെ രണ്ടാം ഭാഗം (4–8), യുദ്ധങ്ങളിൽ ഇന്ദ്രന്റെ കരുത്തിനെക്കുറിച്ചുള്ള ശരിക്കുള്ള സ്തുതിഗാനമാണ്.

89–ാം സൂക്തത്തിന്റെ ഘടനയെപ്പറ്റി ധാരാളം അഭിപ്രായവ്യത്യാസങ്ങളുണ്ട്. അതിൽ ജാമിസൺ–ന്റെ അഭിപ്രായമാണ് ഇവിടെ മുഖ്യമായി ഉപജീവിച്ചിട്ടുള്ളത്. ആരെന്നു വ്യക്തമല്ലാത്ത ഒരു വക്താവും ഇന്ദ്രനും തമ്മിലുള്ള സംഭാഷണമാണ് ആദ്യത്തെ രണ്ടു പദ്യങ്ങൾ. ആദ്യത്തെ വക്താവ്, താൻ കർമങ്ങളിൽ ഇന്ദ്രനെ സഹായിക്കണമെങ്കിൽ യജ്ഞാംശം തനിക്കും കിട്ടണമെന്നു പറയുന്നു (1). ഇന്ദ്രൻ സോമം വാഗ്ദാനം ചെയ്യുന്നു. സജീവമായ പങ്കാളിത്തത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ വക്താവ് വായുവായിരിക്കാം. 3–6 പദ്യങ്ങളടങ്ങുന്ന സംഭാഷണഭാഗത്തിൽ യജ്ഞത്തിന്റെ സമയം സൂചിപ്പിക്കപ്പെടുന്നു. ഇടയിൽ ഇന്ദ്രന്റെ അസ്തിത്വത്തെപ്പറ്റി സംശയം ഉയർന്നുവരുന്നു. 7–9 പദ്യങ്ങളിൽ വൃത്രവധം വിഷയമാവുന്നു. 10–11 പദ്യങ്ങൾ വാക്കിനെപ്പറ്റി. തൃതീയസവനം, വിഷ്ണുവിന്റെ വരവ് മുതലായവ ഇവിടെ പരാമർശിക്കപ്പെടുന്നു.

വൃത്തവൈവിധ്യവും ദേവതാവൈവിധ്യവും കൊണ്ടു സങ്കീർണമായ 90–ാം സൂക്തം മൗലികമായി പല സൂക്തങ്ങളാണെന്നു പ്രബലമായ അഭിപ്രായമുണ്ട്.

91–ാം സൂക്തത്തിലെ ഭൂരിഭാഗവും അഗ്നിയുടെ യജ്ഞപ്രവർത്തനങ്ങളെക്കുറിച്ചു മാമൂൽരൂപത്തിലുള്ളതാണ്. കവി അഥവാ ഋഷികവി എന്ന നിലയ്ക്കുള്ള അഗ്നിയുടെ പങ്കിനാണ് ഇവിടെ മുഖ്യപരിഗണന (1, 5, 17, 18). തൃചങ്ങൾ തമ്മിൽ പലപ്പോഴും യോജിപ്പു കാണുന്നില്ല. രണ്ടാം തൃചം (4–6) പല്ലവിയോടുകൂടിയതാണ്. പലതരം വ്യത്യസ്താഗ്നികളെക്കുറിച്ചുള്ള പരാമർങ്ങൾ കാണാം. ആറാം തൃചത്തോടുകൂടി (16–18) ദേവന്മാരുടെയും ഹവിസ്സുകളുടെയും വാഹകനായ അഗ്നിയുടെ ജനനത്തെയും പ്രതിഷ്ഠയെയും പ്രതിപാദിച്ചുകൊണ്ട് സാമ്പ്രദായികരീതിയിലുള്ള സൂക്തം അവസാനിക്കുന്നു. അടുത്ത തൃചത്തിന് (19–21) ഒരു വെളിച്ചവും ആത്മവിമർശനത്തിന്റെയും സ്വരവുമുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങളിൽ കവി ഒരാൾ തന്റെ മനസ്സോടും ദർശനത്തോടുംകൂടി അഗ്നി ജ്വലിപ്പിക്കണമെന്നു സാഭിമാനം പ്രഖ്യാപിക്കുന്നു.

സൂക്തം 92. മഹാനായ ഭരതനേതാവായിരുന്ന ദിവോദാസൻ ആരാധിച്ച ഗോത്രാഗ്നി ആദ്യതൃചത്തിൽ (1–3) വിവരിക്കപ്പെടുന്നു. അതിർത്തികളുടെ വികാസവും മറ്റു ജനതകളുടെ അതിക്രമണങ്ങളും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. തുടർന്നവരുന്ന പ്രഗാഥയിൽ (4–5) കേന്ദ്രീകൃതനേതൃത്വത്തിലൂടെയുള്ള വിജയത്തിന്റെ പ്രമേയം വ്യക്തമായി തുടരുന്നില്ല. അഗ്നിക്കു സ്വയം സമർപ്പിക്കുന്ന മനുഷ്യനുള്ള പ്രതിഫലമാണ് അവിടെ വാഗ്ദാനം ചെയ്യുന്നത് –അനശ്വരമായ യശസ്സ്. വീരന്മാരും (9) സാധനങ്ങളും സംരക്ഷണവും അഗ്നിസേവനത്തിനുള്ള പ്രതിഫലങ്ങളായി തുടർന്നുള്ള പ്രഗാഥകളിൽ കാണുന്നു (6–11). ഒടുവിലത്തെ പ്രഗാഥ അഗ്നിഭയം ഒഴിവാക്കുന്നതിനെപ്പറ്റി (12–13). അവസാനപദ്യത്തിൽ (14) കവി സ്വന്തം പേരു പറഞ്ഞുകൊണ്ട് അഗ്നിയെ യജ്ഞത്തിലേക്കു ക്ഷണിക്കുന്നു.

## ഒൻപതാം മണ്ഡലം

ഒൻപതാം മണ്ഡലം സോമപവമാനസൂക്തങ്ങൾക്കുവേണ്ടിമാത്രം നീക്കിവെക്കപ്പെട്ടിരിക്കുന്നു. 114 സൂക്തങ്ങൾ ഇതിലുണ്ട്. ദൈവീകൃതയജ്ഞവസ്തുവും മാദകപാനീയവുമായവുമായ ശുദ്ധീകൃതസോമമൊരുക്കുകയും ഹവിസ്സായി ദേവന്മാർക്കർപ്പിക്കുകയും ചെയ്യുക ഏറ്റവും പ്രധാനമായ വൈദികകർമമത്രേ. പിഴിഞ്ഞെടുത്ത സോമം, വെള്ളം ചേർത്ത് നേർപ്പിക്കുന്നതിനുമുൻപ്, ചെമ്മരിയാട്ടിൻതോലിലൂടെ പകർന്നു ശുദ്ധീകരിച്ചതിനുശേഷം പാലിൽ മിശ്രണം ചെയ്ത് പാത്രങ്ങളിൽ ഹവിസ്സാക്കി പകരുകയാണ് പതിവ്.

സോമരസം സോമനായി ചിത്രീകരിക്കപ്പെടുന്നു. സോമൻ രാജാവും ദേവനുമാണ്. ഊർജസ്വലനായ കാളയും ദ്രുതഗതിയായ പന്തയക്കുതിരയും പറക്കുന്ന പക്ഷിയുമാണ്. ചെമ്മരിയാട്ടിൻതോലിന്റെ അരിപ്പ പെണ്ണാടും പാൽ പശുക്കളുടെ കൂട്ടവും സോമക്കാളയുമായി ഇണചേരാൻ ഉത്സുകരുമാകുന്നു. ഈ യജ്ഞഘടകങ്ങൾക്കൊക്കെ പ്രാപഞ്ചികമാനങ്ങൾ നൽകിയിരിക്കുന്നു. സ്വർഗത്തിനും ഭൂമിക്കും മധ്യത്തിലുള്ള തൂണാണ് സോമം. സ്വർഗത്തിന്റെയോ ഭൂമിയുടെയോ മുഴുവൻ ഉപരിതലമാണ് ചെമ്മരിയാട്ടിൻ തോൽ. നേർപ്പിക്കാനുള്ള വെള്ളം സോമത്തിരയടിക്കുന്ന വിശാലസമുദ്രം. മിന്നിത്തിളങ്ങുന്ന ഉജ്വലമായ പാൽ സൂര്യനോ ദിനപ്രഭയാർന്ന ആകാശമോ ആകുന്നു. ചുരുക്കത്തിൽ സോമമണ്ഡലത്തെ പ്രണയിക്കാതിരിക്കാൻ പ്രയാസം. പാരമ്പര്യകവിത എങ്ങനെയുണ്ടാക്കാമെന്നതിനു മാതൃകകൂടിയാണത്.

മണ്ഡലത്തിലെ ആദ്യത്തെ 67 സൂക്തങ്ങൾ ഗായത്രീവൃത്തത്തിലാണ്. 68–86 ജഗതിയിൽ. ത്രിഷ്ടുപ്പിൽ 87–97. 98–101 അനുഷ്ടുപ്പിലും 102–106 ഉഷ്ണിക്കിലും 107–108 പ്രഗാഥഘടനയിലും മറ്റുള്ളവ (109–114) പലവക വൃത്തങ്ങളിലുമാണ് രചിച്ചിട്ടുള്ളത്.

*ഗായത്രീസൂക്തങ്ങൾ (1–67):*

1. സോമം തയ്യാറാക്കൽ, സോമത്തിന്റെ ശക്തികൾ (3–5), സോമമൊരുക്കുന്നതിനു സഹായിക്കുന്ന സ്ത്രീകളുടെ (വിരലുകൾ സ്ത്രീകളാണിവിടെ) പട്ടിക (6–9), പഴിഞ്ഞെടുക്കുന്ന വിരലുകൾ (7–8), സോമമിശ്രണത്തിനുള്ള പാൽ നൽകുന്ന പശുക്കൾ (9) എന്നിവ പൊതുവിൽ സോമസൂക്തങ്ങളുടെ വിഷയങ്ങൾതന്നെ. പക്ഷേ, സൂര്യപുത്രി അവയിൽ പെടുന്നില്ല. അന്യഥാ അവൾ സോമമണ്ഡലത്തിന്റെ അന്ത്യഭാഗത്തു മാത്രമേ (113. 3) പ്രത്യക്ഷപ്പെടുന്നുള്ളൂ. ഇവിടെ അവളുടെ പങ്കെന്തെന്നു വ്യക്തമല്ല. ഒരു പക്ഷേ, പ്രാതഃസവനത്തിന്റെ സൂചനയാവാം.

2. സൂക്തം തുടങ്ങുന്നത് "സ്വയം ശുദ്ധീകരക്കുക" എന്നു പറഞ്ഞുകൊണ്ടാണ്. ആദ്യപദ്യങ്ങൾ സോമം പിഴിഞ്ഞെടുത്തതിനുശേഷം സോമം തയ്യാറാക്കുന്നതിന്റെ ഘട്ടങ്ങളെക്കുറിച്ചാണ്: പിഴിഞ്ഞെടുത്ത സോമം അരിപ്പയിലൂടെ (1) മരികയിലേക്ക് (2) വെള്ളത്തോടുകൂടി (3–4) പാൽ ചേർത്തു മിശ്രമാക്കി (4) ഒഴിക്കുക. ഈ പ്രക്രിയ അടുത്ത രണ്ടു പദ്യങ്ങളിൽ (5–6) മഹത്വപ്പെടുത്തി പ്രപഞ്ചവിജ്ഞാനീയപദങ്ങളിൽ വിവരിക്കുന്നു. സൂക്തങ്ങൾ, പ്രാർഥനകൾ എന്നീ വാചികമായ അകമ്പടികളോടെ 7–8 പദ്യങ്ങളിൽ ഇതുതന്നെ പരിചയപ്പെടുത്തുന്നു. അടുത്ത പദ്യം (9) സൂക്തത്തിലെ ആദ്യഭാഗങ്ങളെ, വിശേഷിച്ച് മൂന്നാം പദ്യത്തെ, അനുസ്മരിപ്പിക്കുന്നു. അവസാനപദ്യം (10) സോമന്റെ നേട്ടങ്ങളെക്കുറിച്ചാണ്. ഈ സൂക്തത്തിൽ പ്രത്യേകിച്ച് അസാധാരാണമായി ഒന്നുമുണ്ടെന്നു പറയാനില്ല.

3. സൂക്തത്തിലെ എല്ലാ പദ്യങ്ങളും "ഏഷഃ" (ഇവൻ) എന്നു തുടങ്ങുന്നതിനാൽ ഇതിനു വാചികമായ ഐകരൂപ്യമുണ്ട്. സോമം തയ്യാറാക്കുന്നതിന്റെ ഒരു ഘട്ടത്തിൽ, സ്വയംശുദ്ധീകരണത്തിലെ ചെമ്മരിയാട്ടിൻതോലരിപ്പയിലൂടെയുള്ള ശരിയായ ശുദ്ധീരണത്തിൽ, മാത്രം കേന്ദ്രീകരിച്ചതുകൊണ്ട് പ്രമേയപരമായ ഐകരൂപ്യം സൂക്തത്തിനുണ്ട്. സ്വയംശുദ്ധീകരണവാചികളായ പവമാന, പവിത്ര, പവതേ എന്നീ പദങ്ങൾ എട്ടു പദ്യങ്ങളിലും കാണാം (1, 6 ഒഴികെ). പല തരം ബിംബകല്പനകൾ പലേടങ്ങളിലുമുണ്ട്. യാജ്ഞികവും പ്രാപഞ്ചികവുമായ ഘടകങ്ങളെ സമന്വയിപ്പിക്കാനുള്ള ശ്രമവും കാണാം.

4. മുൻരീതിയനുസരിച്ച്, സോമമണ്ഡലത്തിലെ നാലാം സൂക്തത്തിന്റെ കവി ഒന്നാം മണ്ഡലത്തിലെ ( 1. 31–35) നാലാം സൂക്തസമാഹാരത്തിന്റെ കവിതന്നെ. 9–69–ഉം ഈ കവിയുടെ രചനതന്നെ. സോമസൂക്തങ്ങളുടെ പ്രമേയഘടന ഈ സൂക്തത്തിൽ കുറേക്കൂടി ഇടുങ്ങിയതാണ് ഓരോ പദ്യത്തിന്റെയും മൂന്നാം പാദം പല്ലവി. ഉള്ളടക്കത്തേക്കാൾ ചില്ലറ രൂപവൈചിത്ര്യങ്ങൾക്കു പ്രാധാന്യം നൽകിയിരിക്കുന്നു. സൂര്യപ്രകാശത്തിനു മുഖ്യത്വം കല്പിക്കുന്നു. .

5. കഴിഞ്ഞ നാലു സൂക്തങ്ങളിലെ രീതി ഇനി മുതൽ തുടരുന്നില്ല. പശുമേധയജ്ഞത്തിലെ ആപ്രീസൂക്തമാതൃക ഇവിടെ അതുപോലെ പിന്തുടരുന്നു. സോമപവമാനന്നനുസരിച്ച് അത്യാവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നു മാത്രം.

6. ദേവന്മാരുടെയും ഇന്ദ്രന്റെയും 'ഞങ്ങളുടെ'യും അടുത്തേക്കുള്ള സോമന്റെ യാത്ര, മദാവസ്ഥ, ഭൗതികമായ പ്രതിഫലങ്ങൾ എന്നിവയാണ് ഈ സൂക്തത്തിലെ മുഖ്യവിഷയം. അവസാനത്തെ രണ്ടു പദ്യങ്ങളിൽ (8–9) സോമന് കവിതയുമായും കാവ്യവൈദഗ്ധ്യാഭ്യാസവുമായുമുള്ള ബന്ധം പരാമർശിക്കുന്നു.

7. ഈ സൂക്തത്തിൽ സോമശബ്ദം ഇല്ലേയില്ല. പവമാനശബ്ദംപോലും ഒരിടത്തേ ഉള്ളൂ (5). അതേ ധാതു വിൽനിന്നു നിഷ്പന്നമായ ശബ്ദം മറ്റൊരിടത്തുണ്ട് (8). അന്തിമപദ്യം സോമനോടല്ല, രണ്ടു ലോകാർധങ്ങളോ ടത്രേ. അതു സൂക്തത്തിന്റെ ഭാഗമല്ലെന്നു തോന്നും. 4–5 പദ്യങ്ങൾ സൂക്തത്തിന്റെ കാതലായ ഭാഗമാണെന്നു പറയാം: സോമൻ കവിയായും വിജയിയായ രാജാവായും യോദ്ധാവായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ബാക്കി ഭാഗങ്ങൾ (1–3, 6–8) സോമന്റെ ചെമ്മരിയാട്ടിൻതോലരിപ്പയ്ക്കു ചുറ്റുമുള്ളതും വെള്ളത്തിൽ കലരാൻ മരി കയിലേക്കുള്ളതുമായ യാത്ര വിവരിക്കുന്നു. 7–8 പദ്യങ്ങൾ സോമം സ്വീകരിക്കുന്ന ദേവന്മാരുടെ പേരെ ടുത്തു പറയുന്നു. പ്രാതഃസവനവുമായി ബന്ധപ്പെട്ടവരാണ് ഏഴിൽ.

8. പവമാന സോമനു സമർപ്പിക്കപ്പെട്ട ഈ സൂക്തം താഴെ പറയുന്നവയെല്ലാം ചെയ്യാൻ സോമരസങ്ങളെ ഉദ്ബോധിപ്പിക്കുന്നു: അവ ഇന്ദ്രന്റെ ശക്തി വർധിപ്പിക്കുന്നു (1). “ഞങ്ങൾക്കു” ശക്തിനൽകുന്നു (2, 8). അവ ഇന്ദ്രനെ ഞങ്ങളോട് ഉദാരനാക്കുന്നു (3). “ഞങ്ങൾ”ക്ക് മനുഷ്യരായ രക്ഷിതാക്കളെ നൽകുകയും ശത്രു ക്കളെ നശിപ്പിക്കുകയും ചെയ്യുന്നു (7). മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, മഴ പെയ്യിക്കുന്നു (8). 4–6 പദ്യങ്ങൾ സോമം തയ്യാറാക്കുന്നതിനെപ്പറ്റിയാണ്. അതിനുവേണ്ടുന്ന ഭൗതികവസ്തുക്കൾ മൃഗവൽക്കരിച്ചിരിക്കുന്നു. ചെമ്മരിയാട് (തോലരിപ്പ), പശുക്കൾ എന്നിവയാണല്ലോ സോമമൊരുക്കുന്നതിനു വേണ്ടത്.

9. ഋജുലളിതമായ മുൻസൂക്തത്തിൽനിന്നു വിഭിന്നമായി പ്രഹേളികകളും അവ്യക്തതകളും നിറഞ്ഞതാണീ സൂക്തം. സോമശുദ്ധീകരണത്തിന്റെ ഉപകരണങ്ങളെയും പ്രക്രിയയെയും പ്രാപഞ്ചികശക്തികളുമായും അവ യുടെ പ്രവർത്തനങ്ങളുമായും താരതമ്യപ്പെടുത്തിയിരിക്കുന്നു. ചില പ്രഹേളികകൾ അടുത്ത സൂക്തത്തിൽ കൂടുതൽ ഋജുവായി കൊടുത്തിട്ടുണ്ട്. യജ്ഞതലത്തിൽ, സോമം രണ്ടു പൗത്രിമാരാൽ പിഴിഞ്ഞെടുക്കപ്പെ ടുന്നു (1). പുരോഹിതന്റെ കൈകളാവാം ഇവ. അതിന്റെ യാത്രയ്ക്കു (1–2) ശേഷം സൂക്തങ്ങളാൽ അകമ്പടി സേവിക്കപ്പെട്ടുകൊണ്ട് വെള്ളവുമായി കലരുന്നു (4–5). വെള്ളം അതിനെ തന്റെ കണ്ണായി കാണുന്നു. യജ്ഞ ത്തിനും സൂക്തത്തിനും സഹായമായി സോമനെ വിളിക്കുന്നു (7–8). 7–9 പദ്യങ്ങൾ താരതമ്യേന ലളിതമാണ്.

10. മുൻസൂക്തത്തിലെ പല പ്രമേയങ്ങളും ആവർത്തിക്കുന്ന ഈ സൂക്തം ഉപമാനിർഭരമായ മൂന്നു പദ്യങ്ങളോ ടുകൂടി തുടങ്ങുന്നു. പിഴിഞ്ഞെടുക്കൽ, അരിപ്പയിലൂടെ കടക്കൽ, സോമരസങ്ങളുടെ പാൽമിശ്രണം എന്നിവ അവിടെ വേഗത്തിൽ സ്പർശിച്ചുപോകുന്നു. അടുത്ത പദ്യത്തിനു(4)ശേഷം ഉപമയില്ല. സൂക്തത്തിന്റെ രണ്ടാം ഭാഗം രൂപകത്തിലേക്കു കടക്കുന്നു. വിശേഷിച്ച്, സൂര്യനുമായുള്ള രൂപണങ്ങളും താദാത്മ്യകരണങ്ങളുമാണ്.

11. ഈ സൂക്തത്തിന്റെ അധികഭാഗവും സോമം തയ്യാറാക്കുന്നതിലുള്ള തങ്ങളുടെ പങ്കു നിർവഹിക്കുന്നതിനു പുരോഹിതന്മാർക്കുള്ള ഉപദേശങ്ങളാണ്. ഇടയിൽ സോമത്തോടു സ്വയംശുദ്ധീകരിക്കാനുള്ള അഭ്യർഥനയു മുണ്ട്. ഇതേ കവിയുടെ മുൻസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി ബിംബകല്പനയും അലങ്കാരവുമൊന്നുമി ല്ലെങ്കിലും ഭാഷയും വാക്യശൈലിയും ഋജുലളിതമത്രേ.

12. തികച്ചും സോമം തയ്യാറാക്കുന്നതിൽ കേന്ദ്രീകരിക്കുന്നതാണെങ്കിലും ഈ സൂത്രം പ്രസ്തുതപ്രക്രിയയെ പ്രപഞ്ചഘടകങ്ങളുമായി ബന്ധപ്പെടുത്തുന്നു. ഉദാഹരണത്തിനു, നാലാംപദ്യം സോമം സ്വർഗത്തിന്റെ നാ ഭിയും ചെമ്മരിയാട്ടിൻതോലുമാണെന്നു പറയുന്നു. രണ്ടും അരിപ്പയെ പരാമർശിക്കുന്നു. ആറാം പദ്യത്തിലെ സമുദ്രത്തിന്റെ ഉപരിതലം മരികയിൽ ശേഖരിക്കപ്പെട്ട സോമംതന്നെയോ അതു കലർത്താനുള്ള വെള്ളമോ ആണ്. എട്ടാം പദ്യത്തിലെ സ്വർഗത്തിന്റെ പ്രിയപാതകൾ ചെമ്മരിയാട്ടിൻതോലരിപ്പയിലൂടെയുള്ള സോമ ത്തിന്റെ കറങ്ങലത്രേ. അന്തിമപദ്യത്തിൽ (9) മാത്രമാണ് കവി ദേവനോട് എന്തെങ്കിലും അപേക്ഷകൾ നടത്തു ന്നത്.

13. വായുവെയും ഇന്ദ്രനെയും പരാമർശിക്കുന്ന ആദ്യപദ്യം ഇതു പ്രാതഃസവനവുമായി ബന്ധപ്പെട്ടതാണെന്നു തെളിയിക്കുന്നു. അന്യഥാ ഇതു മറ്റു പല സോമസൂക്തങ്ങളെയുംപോലെ ആവർത്തനവിരസമാവുമായിരു ന്നു.

14. കവി സോമം തയ്യാറാക്കുന്നതിലുള്ള ഒരേ ഘട്ടം പല വ്യത്യസ്തരൂപങ്ങളിൽ അവതരിപ്പിക്കുകയാണ് ഈ സൂക്തത്തിൽ. രണ്ടാം പദ്യത്തിൽ “അഞ്ചു ബന്ധുക്കളുടെ സംഘങ്ങൾ” എന്നു കൈകളെയും അഞ്ചാം പദ്യ ത്തിൽ വിരലുകളെ “വിവസ്വന്റെ പേരപ്പെൺമക്കൾ” എന്നും അവസാനം ഏഴാം പദ്യത്തിൽ “കൈവിരലു കൾ” എന്നു സാധാരണനിലയിലും വർണിച്ചതു നോക്കുക. അതുപോലെ പാൽമിശ്രണത്തിലും സമാനമായ പ്രയോഗങ്ങൾ അവതരിപ്പിക്കുന്നു: 3, 5 പദ്യങ്ങളിൽ വസ്ത്രം പുതപ്പിക്കുന്നതിന്റെയും 6–ാം പദ്യത്തിൽ പശു ക്കളോടുള്ള സോമന്റെ ആഗ്രഹത്തിന്റെയും കല്പനകളുടെ രൂപത്തിൽ. ധാതുക്കളുടെ കാലപ്രയോഗത്തിലും ഈ വൈവിധ്യം പുലർത്തുന്നു (1, 2, 3).

15. ആദ്യത്തെ ആറു പദ്യങ്ങളും “ഏഷഃ” എന്നും അവസാനത്തെ രണ്ടു പദ്യങ്ങൾ “ഏതം” എന്നും ആരംഭി ച്ചുകൊണ്ട് ഈ സൂക്തത്തിന് രൂപപരമായ ഒരൈക്യം വരുത്തിയിരിക്കുന്നു. വിഷയം പവമാനസോമം തന്നെ യെങ്കിലും. രണ്ടാം പദ്യമൊഴിച്ചു മറ്റെല്ലാം ചെമ്മരിയാട്ടിൻ തോലിലൂടെയും മരികയിലേക്കുമുള്ള സോമന്റെ യാത്രയാണ് വിഷയമാക്കുന്നത്. അവിടെ വെള്ളവും (5) പാലും (6) അവനെ കാത്തിരിക്കുന്നു.

16. ഇതും ശുദ്ധീകരണപ്രക്രിയയുടെ ഭാഗമായ സോമന്റെ അരിപ്പയിലൂടെയുള്ള കടന്നുപോക്കിനെപ്പറ്റിത്ത ന്നെയുള്ള സൂക്തമാണ്. ഒന്നാം പദ്യത്തിൽ സോമനെ ഏതശനുമായി താദാത്മ്യപ്പെടുത്തുന്നതായി സൂചിപ്പി ക്കുന്നു. ഏഴാം പദ്യത്തിൽ അവൻ സ്വർഗപൃഷ്ഠം പോലെ പുഷ്ടിപ്പെടുന്നതായി പറയുന്നു. ഇവയല്ലാതെ പ്രപഞ്ചശക്തികളുമായി മറ്റു താരതമ്യമൊന്നുമില്ല. സോമം വീണ്ടും വീണ്ടും അരിപ്പയിലൂടെ കടന്നുപോകുകയും (2, 3, 4, 6, 7, 8) വെള്ളവുമായും (2, 3) പാലുമായും (2, 6) കൂടിച്ചേരുകയും ചെയ്യുന്നു.

17. ഋജുവായ ഒരു സൂക്തം: സോമരസങ്ങൾ അരിപ്പയിലൂടെയുള്ള തങ്ങളുടെ യാത്രയിൽ മരികകളിലേക്കും അനന്തരം ഇന്ദ്രനിലേക്കും ദേവന്മാരിലേക്കും വേഗത്തിൽ ഒഴുകുന്നു. സൂര്യന്റേതിനോടു താരതമ്യപ്പെടുത്താ വുന്ന യാത്ര. സോമയജ്ഞത്തിൽ വാക്കിന്റെ പങ്കിലും ഊന്നുന്നുണ്ട്. സോമൻ വാക്കിനെ പ്രചോദിപ്പിക്കുയും അത് സോമനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

18. ഈ സൂക്തത്തിന്റെ ഏറ്റവും മഖ്യമായ സവിശേഷത ആരോഗ്യസൗഖ്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ഇതിന്റെ ഒരുവരിപ്പല്ലവിയാണ്. ആദ്യവസാനപദ്യങ്ങൾ (1, 7) അരിപ്പയിലെ ശുദ്ധീകരണമെന്ന യജ്ഞനിമിഷം രേഖപ്പെടു ത്തുന്നു. 4–6 പദ്യങ്ങൾ യജ്ഞവസ്തുതയ്ക്ക് മാനുഷികവും പ്രാപഞ്ചികവുമായ അർഥം കല്പിക്കുന്നു. സോമ ശബ്ദം ആദ്യപദ്യത്തിലേ ഉള്ളൂ എന്നതു ശ്രദ്ധേയം.

19. ഈ സൂക്തത്തിൽ മുൻസൂക്തങ്ങളെ അപേക്ഷിച്ച് പ്രത്യക്ഷമായ ചുരുക്കം യജ്ഞപരാമർശങ്ങളേ ഉള്ളൂ. സോമനും സ്തോതാക്കളും തമ്മിലുള്ള ബന്ധമാണ് സൂക്തകേന്ദ്രം. നമ്മുടെ ഉൾക്കാഴ്ച്ചകളും ശബ്ദങ്ങളും ഗർഭം കാത്തിരിക്കുന്ന സ്ത്രീകളായി ചിത്രീകരിക്കപ്പെടുന്നു (5). അവ പുഷ്ടിപ്പെടുന്നു (2). അവർ കാളയെ പ്പോലുള്ള സോമനെ അവന്റെ ശുക്ലത്തിനുവേണ്ടി വിളിക്കുന്നു (4). ഗർഭം ധരിച്ച ചിന്തകൾ പ്രചോദിതചിന്ത യെ മാത്രമല്ല, ഈ കവിത നേടുന്ന ഭൗതികസാധനങ്ങളെയും പ്രസവിക്കുന്നു. 1, 6 പദ്യങ്ങൾ ഇതു വ്യക്തമാ ക്കുന്നു. 6–7 പദ്യങ്ങൾ ശത്രുക്കളെ നശിപ്പിക്കുന്നതിനും സോമന്റെ സഹായം തേടുന്നു.

20. ഈ സൂക്തത്തിൽ മുൻസൂക്തത്തെപ്പോലെ പ്രത്യക്ഷമായ ചുരുക്കം യജ്ഞപരാമർശങ്ങളേ (ചെമ്മരിയാ ട്ടിൻതോലരിപ്പ, 1, 7; വെള്ളവും മരികകളും, 6;) ഉള്ളൂ. യജ്ഞാഘോഷത്തെപ്പറ്റിയാണധികവും. "ഞങ്ങളുടെ ചിന്ത സോമത്തെ ശുദ്ധീകരിക്കാൻ സഹായിക്കുന്നു" (3), അവൻ, തിരിച്ച്, കവികൾക്കും ഗായകർക്കും രക്ഷി താക്കൾക്കും സമ്പത്തു കണ്ടെത്തുന്നു (7) മുതലായവ ഉദാഹരണങ്ങൾ. അഞ്ചാം പദ്യത്തിലെപ്പോലെ പുതു മയുറ്റ പ്രയോഗങ്ങളും കാണാം.

21. ഈ സൂക്തം സോമകണങ്ങൾ ഒഴുകുന്നതിനെപ്പറ്റിയുള്ള സാമ്പ്രദായികമായ ചിത്രീകരണവും അതു ശ്രദ്ധി ക്കുന്നതുകൊണ്ടുള്ള നേട്ടവുമടങ്ങുന്നതാണ്. 5–6 പദ്യങ്ങൾ, പക്ഷേ, ബിംബകല്പനകളുടെ വൈചിത്ര്യമുൾക്കൊ ള്ളുന്നു. ആ പദ്യങ്ങൾ സോമകണങ്ങളോട് അനുദാരനായ മനുഷ്യനെ ഉപദേശിക്കാൻ ഉദ്ബോധിപ്പിക്കുന്നു.

22. ഈ സൂക്തം സോമകണങ്ങൾ മുന്നോട്ടു കുതിക്കുന്നതിനെപ്പറ്റി പറഞ്ഞുകൊണ്ടാണു തുടങ്ങുന്നതെങ്കിലും (1) അവയുടെ യാത്ര ഉടനെത്തന്നെ പ്രപഞ്ചപരവും രഹസ്യാത്മകവുമായി മാറുന്നു. അവയുടെ കുതിപ്പിനെ രണ്ടാം പദ്യത്തിൽ പ്രപഞ്ചശക്തികളുടേതുമായി താരതമ്യപ്പെടുത്തുന്നു. 4–5 പദ്യങ്ങളിൽ അവ പ്രപഞ്ചത്തിലൂ ടെതന്നെ സഞ്ചരിക്കുന്നു. അവ പ്രപഞ്ചസ്ഥലങ്ങളിൽ (5) മാത്രമല്ല, നമ്മുടെ ഉൾക്കാഴ്ച്ചകളിൽത്തന്നെ (3), അതായത്, യജ്ഞകവിതയുണ്ടാക്കുന്ന ചിന്തകളിൽത്തന്നെ വ്യാപിക്കുന്നു. ആറാം പദ്യത്തിൽ അവ പ്രപഞ്ച സ്ഥലത്തേക്കാൾ കുറേക്കൂടി ഉന്നതമായ സ്ഥലത്ത്, അതായത്, യജ്ഞത്തിൽത്തന്നെഎത്തുന്നു. അന്തിമമായ പദ്യം 7–ൽ ഈ യാത്രാപ്രമേയം, പൊടുന്നനവേ, കൈവെടിയുന്നു. സോമം (പരാമർശിക്കപ്പെടാത്ത) ഇന്ദ്രന്റെ നായയായ സരമയായി പരിണമിക്കുന്നു.

23. ഈ സൂക്തം, മുൻസൂക്തത്തെപ്പോലെ, സോമകണങ്ങൾ മുന്നോട്ടു കുതിക്കുന്നതിനെപ്പറ്റി പറഞ്ഞുകൊ ണ്ടാണു തുടങ്ങുന്നതെങ്കിലും വിഭിന്നമായ ദിശയിലേക്കു പോകുന്നു. രണ്ടാം പദ്യം ആയുക്കളെ പരിചയപ്പെ ടുത്തുന്നു. സോമവുമായി ബന്ധപ്പെട്ട് പണ്ടും ഇന്നുമുള്ളവരാണവർ. പക്ഷേ, നാലാം പദ്യത്തിൽ ആയുക്കൾ സോമരസങ്ങൾതന്നെയെന്നു പറയുന്നു. ശുദ്ധീകരിക്കപ്പെട്ട സോമം മദകരമായി മാറുന്നത് ഈ പദ്യത്തിലാ ണെന്നതാവാം കാരണം. അവസാനത്തെ മൂന്നു പദ്യങ്ങൾ (5–7) സോമനും ഇന്ദ്രനും തമ്മിലുള്ള ബന്ധത്തിൽ കേന്ദ്രീകരിക്കുന്നു. 5–ൽ കുതിക്കുന്ന സോമം തന്റെ സത്തിൽ ഇന്ദ്രന്റെ ശക്തി സമ്പാദിക്കുന്നു. 6–7 പദ്യങ്ങ ളിൽ ഈ ശക്തി ഇന്ദ്രന്റെ വീരകർമങ്ങൾ നിർവഹിക്കുന്നതിന് അവനായി മാറുന്നു.

24. ഈ സൂക്തം, മുൻസൂക്തത്തെപ്പോലെ, സോമകണങ്ങൾ മുന്നോട്ടു കുതിക്കുന്നതിനെപ്പറ്റിയാണ്. നിർണാ യകമല്ലാത്ത ഈ സൂക്തം വെള്ളത്തിൽ തലോടൽ (1), പാൽമിശ്രണം (2), അരിപ്പയിലൂടെ കടക്കൽ (3, 5) എന്നിങ്ങനെ മുഖ്യവിഷയങ്ങളെല്ലാം പ്രതിപാദിക്കുന്നു. സോമം ഇന്ദ്രന്റെ പാനീയമാണെന്ന് ഇടയ്ക്കിടെ ആവർത്തിക്കുന്നുണ്ട് (2, 3, 5). സോമന് ഇന്ദ്രന്റെ മുഖ്യവിശേഷണങ്ങളായ വൃത്രഹന്താവ്, വൃത്രഹന്തമൻ എന്നിവ നൽകിയും കാണുന്നു.

25. ഈ കവിയുടെ *ഋഗ്വേദ*ത്തിലെ ഒരേയൊരു സൂക്തമാണിത്. സോമനെ കവിയായി ഇവിടെ ചിത്രീകരിക്കു ന്നു. ആദ്യപദ്യത്തിൽ മരുത്തുക്കളും വായുവും വരുന്നുണ്ട്.

26. മുൻസൂക്തത്തിന്റെ കവിയുടെ മക്കത്തായ്വഴിപിന്മുറക്കാരന്റേതാണീ സൂക്തമെന്നു പറയുന്നു. ഉള്ളടക്ക ത്തിൽ പുതുമയൊന്നുമില്ല. പക്ഷേ, ദൃഢമായ ഘടനയാണ്. അവസാനത്തേതൊഴിച്ചു മറ്റു പദ്യങ്ങളെല്ലാം സോമനെ

യുദ്ദേശിച്ച് “തം” എന്നു പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്. അവസാനത്തേത് “തം ത്വാ” എന്നു തുടങ്ങുന്നു.

27. ഈ സൂക്തം മറ്റൊരു കവിയുടേതാണെങ്കിലും മുൻസൂക്തത്തെപ്പോലെ ഓരോ പദ്യത്തിലും ഒരുപോലെ ആവർത്തിക്കപ്പെട്ട “ഏഷഃ” എന്ന സോമനെ വിവക്ഷിക്കുന്ന പ്രയോഗത്താൽ ശ്രദ്ധേയമാണ്. ഉള്ളടക്കം സാമ്പ്രദായികംതന്നെ: സോമന്റെ വിജയങ്ങളും നേട്ടങ്ങളും (1–4) സൂര്യനുമായുള്ള വിജയകരമായ മത്സരങ്ങളും.

28. ഈ സൂക്തം മുൻസൂക്തത്തെപ്പോലെ ഓരോ പദ്യത്തിലും ഒരുപോലെ ആവർത്തിക്കപ്പെട്ട “ഏഷഃ” എന്ന സോമനെ വിവക്ഷിക്കുന്ന പ്രയോഗത്താൽ ശ്രദ്ധേയമാണ്. പതിവുപ്രയോഗങ്ങളോടെയാണെങ്കിലും, അലങ്കാരഭംഗിയുണ്ട്.

29. മാമൂൽരീതിയിലുള്ള മറ്റൊരു ഹ്രസ്വസൂക്തം. ഇതു കേന്ദ്രീകരിക്കുന്നത് സാധനങ്ങൾ നേടുകയും ശത്രുക്കളെ കീഴടക്കുന്നതിലുമാകുന്നു (പ്രത്യേകിച്ചു 3–4 പദ്യങ്ങൾ).

30. സൂക്തത്തിലെ ഒന്നാം പദ്യം മുൻസൂക്തത്തിലെ ഒന്നാം പദ്യത്തെപ്പോലെത്തന്നെ. 9. 27–30 എന്ന നാലു സൂക്തങ്ങളും ആംഗിരസകുടുംബത്തിലെ അംഗങ്ങളുടേതും സമാനതയുള്ളവയുമത്രേ.

31. നിർണായകമല്ലാത്ത മറ്റൊരു ഗായത്രീസൂക്തം. സമാന്തരമായ രചനകളും വാക്യശൈലികളും സൂക്തത്തിന് അർത്ഥൈക്യമുണ്ടാക്കുന്നു. അവസാനം ഇന്ദ്രനു സോമം നൽകുന്ന മിക്ക സോമസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി ഇവിടെ “ഞങ്ങൾ” അവന്റെ സാന്നിധ്യവും പങ്കാളിത്തവും പ്രഖ്യാപിക്കുന്നു (6).

32. ഈ സൂക്തം സോമരസങ്ങളുടെ മിക്കവാറും സർവവ്യാപിയായ യാത്രയിലാണ് തുടങ്ങുന്നതെങ്കിലും പൊതുവിൽ സോമസമാഹാരങ്ങളുടെ പതിവുപ്രയോഗങ്ങൾ ഒഴിവാക്കിയിരിക്കുന്നു. (പ്രത്യേകിച്ച് 3–5 പദ്യങ്ങളിലെ ഉപമകളിൽ). മരുത്സൂക്തങ്ങളുടെ കവിയായി അറിയപ്പെടുന്ന ശ്യാവാശ്വരചനയിൽ ഈ സവിഷേഷത സ്വാഭാവികം.

33. ഒരിക്കൽക്കൂടി സോമൻ മുന്നോട്ടൊഴുകുന്നതായി സൂക്തം തുടങ്ങുന്നു. പക്ഷേ, ഇവിടെ ഭൗതികമായ ശുദ്ധീകരണപ്രക്രിയയൽ ഊന്നലില്ല. അതിനെ അകമ്പടി സേവിക്കുന്ന ശബ്ദങ്ങളാണ് മുഖ്യവിഷയം. നാലാം പദ്യം മൂന്നുതരം ശബ്ദങ്ങളെ പരിചയപ്പെടുത്തുന്നു. യജ്ഞവാക്കുകളാണ് വിവക്ഷിതം: ഋക്ക്, യജുസ്സ്, സാമം. പുരോഹിതമന്ത്രവാക്യങ്ങൾ (5), പശുക്കളുടെ മുക്രയിടൽ (4), കുതിക്കുന്ന സോമത്തിന്റെ അലർച്ച (4) എന്നിവയെ പരാമർശിക്കുന്നതുമാവാം. അഞ്ചാം പദ്യത്തിലും ഇതേ പ്രമേയം തുടരുന്നു. അവിടെയും രണ്ടാം പദ്യത്തിലും “സത്യ”ത്തെ ഉയർത്തിപ്പിടിക്കുന്നു. ഒന്നിലും ആറിലും സോമൻ ഞങ്ങൾക്ക് ഉണ്ടാക്കിത്തരുന്ന സമ്പത്തിന്റെ വെള്ളത്തിരകളായും സമുദ്രങ്ങളായും പരാമർശിക്കപ്പെടുന്നു.

34. ഒന്നാം പദ്യത്തിൽ സോമൻ പതിവുപോലെ കുതിക്കുന്നു. രണ്ടിൽ സോമം സ്വീകരിക്കുന്നവരുടെ സുദീർഘമായ പട്ടിക നിരത്തുന്നു. 3–4 പദ്യങ്ങൾ പാനീയം തയ്യാറാക്കുന്നതിനെക്കുറിച്ചാണ്. മരുത്തുക്കൾ തങ്ങൾക്കുവേണ്ടി സോമം ചുരത്തുന്നതാണ് വിഷമം പിടിച്ച അഞ്ചാം പദ്യത്തിൽ. ഇതു ചിലപ്പോൾ മഴയാവാം. “ഋതസ്യ വിഷ്ടപം” (സത്യത്തിന്റെ ഉപരിതലം) അരിപ്പയെയും സ്വർഗത്തെയും ഒപ്പം പരാമർശിക്കുന്നുണ്ടാവാം.

35. സോമം സമ്പത്തിന്റെ ഉറവിടവും പിൻബലവും സംഘർഷത്തിൽ സഖാവുമാണ്. ഇതാണ് ഈ സൂക്തത്തിന്റെ പ്രമേയം. പ്രസന്നവും നൈരുക്തികവുമായ അലങ്കാരങ്ങൾ (3, 4, 6) കൊണ്ടും പല തരത്തിലുള്ള ആവർത്തനങ്ങൾകൊണ്ടും വിശിഷ്ടമാണീ സൂക്തം.

36. സോമന്റെ ഉദാത്തമായ ബിംബകല്നയോടുകൂടി സൂക്തം തുടങ്ങുന്നു. ഇവിടെ അവനെ പന്തയത്തിന്റെ അവസാനഘട്ടത്തിലേക്കു കടക്കുന്ന പന്തയക്കുതിരയായി കല്പിച്ചിരിക്കുന്നു. രണ്ടാം പദ്യത്തിൽ കുറച്ചുകൂടി താഴ്ന്ന കുതിരയാണെന്നൊരു വ്യത്യാസമേയുള്ളൂ. ഈ പ്രമേയം അവസാനത്തേതായ ആറാംപദ്യംവരെ നിലനിൽക്കുന്നു. അതിൽ, പക്ഷേ, സോമൻ സ്തോതാക്കൾക്കുവേണ്ടി മറ്റൊരു കുതിരയെ തേടുന്നു. അന്യഥാ ഇത് സാധാരണമായ മറ്റൊരു സോമസൂക്തം മാത്രമത്രേ. മൂന്നാം പദ്യത്തിൽ മുൻസൂക്തത്തിലെപ്പോലെ (35. 1) സോമനെ ജ്യോതിസ്സുമായി ബന്ധിപ്പിക്കുന്നതു ശ്രദ്ധേയമാണ്. ആദ്യത്തെ അഞ്ചു പദ്യങ്ങളിലും ശുദ്ധീകരണാർഥകമായ പാധാതുനിഷ്പന്നരൂപങ്ങൾ കാണാം.

37. ധാരാളം വ്യക്തമായ ഉപായങ്ങൾ ഈ സൂക്തത്തിന് ഐകരൂപ്യം നൽകുന്നുണ്ട്: ഓരോ പദ്യവും “സഃ” എന്നാണ് തുടങ്ങുന്നത്. നാലാമത്തേതൊഴികെ മറ്റു പദ്യങ്ങളിലെല്ലാം കുതിക്കുക, ഓടുക, ഒഴുകുക എന്നിങ്ങനെ ഇന്ദ്രനുവേണ്ടി അരിപ്പയിലൂടെ മരികകളിലേക്കൊഴുകുന്ന സോമന്റെ യാത്രയെ പ്രകടിപ്പിക്കുന്ന ചലനാത്മകക്രിയ കാണാം. കൂടാതെ യജ്ഞകർമങ്ങൾക്കു ഭൗമമെന്നതിനു പുറമെ പ്രപഞ്ചപരമായ മാനവും ഈ സൂക്തം നൽകുന്നുണ്ട്. പദ്യം മൂന്നിലെ ചെമ്മരിയാട്ടിൻതോൽ “സ്വർഗത്തിലെ പ്രകാശമണ്ഡലങ്ങൾ”ക്കുവേണ്ടിയും നില കൊള്ളുന്നു. അഞ്ചിലെ സോമം സ്വാതന്ത്ര്യത്തിന്റെയും അതിർത്തിപ്രദേശാർജനത്തിന്റെയും വിശാലമായ മണ്ഡലം കണ്ടെത്തുന്നു. നാലാം പദ്യത്തിലും ഈ അർഥമാനം കാണാം. അതിലെ യജ്ഞത്തിനുള്ള തയ്യാറെടുപ്പും പ്രാതഃസവനത്തിലെ സൂര്യത്തിളക്കവും സോമന്റെ പ്രപഞ്ചപ്രവർത്തനത്തിന്റെ സൂചകങ്ങളാകുന്നു.

38 മുൻസൂക്തത്തിന്റെ അതേ കവിയുടെ ഈ സൂക്തം “ഏഷ സ്യ” (ഇതേ ഇവൻ) എന്ന വാചകംകൊണ്ട്, രണ്ടാമത്തേതൊഴികെ (ഇതിൽ ആദ്യഭാഗം മാത്രം) മറ്റു പദ്യങ്ങളെല്ലാം തുടങ്ങിക്കൊണ്ട് സൂക്തത്തിന് ഐക

രൂപ്യം വരുത്തുന്നു. അരിപ്പയിലൂടെയുള്ള സോമന്റെ യാത്രതന്നെ ഇതിലെയും വിഷയം (വിശേഷിച്ച് 1, 6 പദ്യങ്ങൾ). പരികർമിയുടെ അംഗുലീകൗശലം 2–3 പദ്യങ്ങളിൽ പ്രതിപാദിക്കുന്നു. ഉപമകളും രൂപകങ്ങളും സൂക്തത്തെ (പ്രത്യേകിച്ച് നാലാം പദ്യം) സജീവമാക്കുന്നു.

39. ഈ സൂക്തത്തിലെ ആദ്യന്തപദ്യങ്ങൾ ആരെന്നു തിരിച്ചറിയപ്പെടാത്ത വക്താക്കൾ തമ്മിലുള്ള സംഭാഷണങ്ങളാണ്. ഇവർ പുരോഹിതന്മാരായിരിക്കാം. ഒന്നാം പദ്യം അരിപ്പയിലൂടെ യജ്ഞഭൂമിയിലേക്കുള്ള സോമന്റെ യാത്രയാണ് പ്രതിപാദിക്കുന്നത്. അവിടെ ദേവന്മാർ ഹവിസ്സിനുവേണ്ടി കാത്തിരിക്കുന്നു. ആറാം പദ്യത്തിൽ അവൻ അവിടെ എത്തുമ്പോൾ, പുരോഹിതന്മാർ അഴനോട് അവിടെ തന്റെ ഇരിപ്പിടത്തിൽ ഇരിക്കാൻ പറയുന്നു. 2–5 പദ്യങ്ങളിൽ യജ്ഞസ്ഥലത്തിലൂടെയും പ്രപഞ്ചത്തിലൂടെയുമുള്ള സോമയാത്ര വിവരിക്കുന്നു.

40. ഈ സൂക്തം തുടങ്ങുന്നത് പിന്നീടു വികസിപ്പിക്കാതെ പോയ സൈനികപ്രമേയത്തോടുകൂടിയാണ്. പകരം, സോമൻ ഞങ്ങൾക്കു നൽകുന്ന സമ്പത്തിനെപ്പറ്റി പറഞ്ഞുകൊണ്ട്. ഇത് മൂന്നാംപദ്യത്തിൽ തുടങ്ങുന്നു. സോമാ!, കണമേ! ശുദ്ധീകരിക്കുന്ന, ഞങ്ങൾക്കു കൊണ്ടുവന്നാലും എന്ന കേട്ടുമടുത്ത പ്രയോഗങ്ങളാണ് സർവത്ര! ഏതാണ്ട് ഈ സോമമണ്ഡലം മുഴുവൻ ഇങ്ങനെയാണെന്നു പറയാം.

41. ഇതും അടുത്ത രണ്ടു സൂക്തങ്ങളും (9. 41–43) ഈ കവിയുടേതാണ്. 43. 3–ൽ കവിയുടെ പേരു പരാമർശിക്കുന്നുണ്ട്. സൂക്തമാരംഭിക്കുന്നത് 'കറുത്ത തോലു'കാരനെതിരെ ക്രുദ്ധമായ ജനക്കൂട്ടത്തോടുള്ള അപൂർണമായ വാക്യത്തോടെയാണെന്നതു ശ്രദ്ധേയമാണ്. ഈ പരാമർശിക്കപ്പെടുന്നവൻ രണ്ടാം പദ്യത്തിലെ 'ദസ്യു'വായിരിക്കണം. ജനക്കൂട്ടത്തിലെ ഘടകങ്ങൾ ഏതൊക്കെയെന്നു വ്യക്തമല്ല. സോമരസങ്ങളാവാം. അനാര്യശത്രുക്കൾക്കെതിരെയാണല്ലോ ജനക്കൂട്ടം. രണ്ടാം പദ്യം ഈ രംഗം വീണ്ടും ശാന്തമായും കൂടുതൽ വ്യക്തമായും രചിക്കുന്നുണ്ട്. അവിടെ ദസ്യുവിജയംതന്നെ കാണാം. പക്ഷേ, സോമന്റെ ശുദ്ധീകരണയാത്രയുടെ ഹിംസാത്മകത്വം മൂന്നാം പദ്യത്തിൽ തിരിച്ചുവരുന്നു. സൂക്തത്തിന്റെ രണ്ടാം പകുതി കൂടുതൽ സാമ്പ്രദായികമത്രേ. അവസാനത്തെ രണ്ടു പദ്യങ്ങളിൽ (5–6) സോമന്റെ പ്രപഞ്ചബന്ധം വ്യക്തം.

42. സോമന്റെ യജ്ഞത്തോടും പ്രപഞ്ചമണ്ഡലത്തോടുമുള്ള ഉഭയബന്ധമാണ് ഈ സൂക്തത്തെ നയിക്കുന്നത്. ഒന്നാം പദ്യത്തിൽ അവൻ പാൽമിശ്രണം, വെള്ളത്തതിൽ കഴുകപ്പെടൽ എന്നിങ്ങനെയുള്ള യജ്ഞത്തയ്യാറെടുപ്പിൽ പങ്കെടുക്കവേ, പ്രപഞ്ചോല്പത്തിയുമായി ബന്ധപ്പെട്ട മഹാകർമങ്ങൾ നിർവഹിക്കുന്നു. സൂക്തത്തിലുടനീളം ഈ ദ്വിമുഖപ്രവൃത്തി തുടരുന്നു. ഉദാഹരണമായി നാലാം പദ്യത്തിൽ സോമൻ അരിപ്പയിൽ പകരവേ ദേവന്മാരെ ജനിപ്പിക്കുന്നു. മുൻസൂക്തത്തിലെ ആറാം പദ്യത്തിൽ ആഗ്രഹിക്കുന്നതുപോലെ ഇവിടെയും അതേ അന്തിമപദ്യത്തിൽ (6) ഭൗതികനേട്ടങ്ങൾ പ്രതീക്ഷിക്കുന്നു.

43. മേധ്യാതിഥിയുടെ ഈ അവസാനസൂക്തത്തിൽ സോമം തയ്യാറാക്കുന്നതിൽ കവിക്കുള്ള പങ്കിന്റെ പ്രാധാന്യത്തിലേക്കു ശ്രദ്ധയാകർഷിക്കാൻ പ്രത്യേകം ശ്രമിക്കുന്നു. മൂന്നാം പദ്യത്തിൽ സ്വന്തം പേരെടുത്തു പറയുക മാത്രമല്ല, ആദ്യത്തെ മൂന്നു പദ്യങ്ങളിൽ സോമനെ സൂക്തങ്ങൾകൊണ്ടു പൊതിയൽ (1), സൗന്ദര്യവൽക്കരിക്കൽ (2), അലങ്കരിക്കൽ (3) എന്നിവയിൽ ഊന്നുകയും ചെയ്യുന്നു. അവസാനപദ്യത്തിൽ (6) ഈ സൂക്തങ്ങൾ രചിച്ച കവിക്ക്, അതായത്, തനിക്കുതന്നെ, (നല്ല പുത്രന്മാരുടെ രൂപത്തിലുള്ള) ഉചിതമായ പാരിതോഷികം തരണമെന്ന് അഭ്യർഥിക്കുന്നുമുണ്ട്.

44. ഇതുൾപ്പെടെ മൂന്നു സൂക്തങ്ങളുടെ (9. 44–46) കവി *അനുക്രമണി*യനുസരിച്ച് അയാസ്യനാണ്. ഈ സൂക്തത്തിലെ ആദ്യപദ്യത്തിലെ അവസാനത്തെ അയാസ്യപദമാവാം കാരണം. അതിന്നിവിടെ സോമനെന്നാണർഥം. സോമന് ദേവന്മാരുമായുള്ള ബന്ധവും (1, 3, 5), ദേവന്മാർക്കും നമുക്കും, പ്രത്യേകിച്ച് കവികൾക്കും, ഇടയിൽ മധ്യവർത്തിയെന്ന അവന്റെ പങ്കുമാണ് (2, 5) ഇതിലെ പ്രമേയം.

45. ഒന്നാം പദ്യത്തിൽ സോമൻ മനുഷ്യരെ ഉറ്റുനോക്കുന്നു. അവസാനപദ്യത്തിൽ (6) അവൻ മനുഷ്യനായ തന്റെ സ്തോതാവിന് പ്രതിഫലം നൽകുന്നതിൽ ശ്രദ്ധിക്കുന്നു. സോമൻ പതിവുപോലെ അരിപ്പയിലൂടെ ശുദ്ധീകരണയാത്രയ്ക്കു പോകുന്നു (1–2). പാലുമായി കലർത്തപ്പെടുന്നു (3). അടുത്ത കാലത്തെ പല സോമസൂക്തങ്ങളിൽനിന്നു വ്യത്യസ്തമായി അരിപ്പയ്ക്കപ്പുറമുള്ള ഘട്ടത്തിലും, 4–5 പദ്യങ്ങളിലെ ശ്രദ്ധേയമായ ബിംബകല്പനകളിലൂടെ, കേന്ദ്രീകരിക്കുന്നു.

46. ഈ സൂക്തം പരിചിതമായ ചില കാര്യങ്ങൾ അവലോകനം ചെയ്യുന്നു. സോമം തയ്യാറാക്കുന്നതിൽ വിരലുകൾക്കുള്ള പങ്ക് (4, 6), പർവതങ്ങളിലെ അതിന്റെ സ്രോതസ്സ് (1), പ്രാതഃസവനത്തിൽ വായുവും (2) ഇന്ദ്രനും (3, 6) ആദ്യത്തെ സോമഹവിസ്സുകൾ സ്വീകരിക്കുന്നത് എന്നിവ. രണ്ടാം പദ്യത്തിൽ സോമകണങ്ങളെ വിവാഹത്തിനുവേണ്ടി അലങ്കൃതയായ വധുവായി കല്പിക്കുന്നത് ശ്രദ്ധേയമത്രേ.

47. അടുത്ത മൂന്നു സൂക്തങ്ങൾ (47–49) കവി ഭാർഗവനിൽ ആരോപിതമാണ്. 9. 75–79 സൂക്തങ്ങളും കവി ഭാർഗവന്റേതുതന്നെയെന്നു *അനുക്രമണി* പറയുന്നു. ഈ സൂക്തത്തിലെ സോമം തികച്ചും വ്യത്യസ്തവും സമരോത്സുകവുമാകുന്നു. ആർജിതശക്തി(1)യുപയോഗിച്ച് അവൻ ഇന്ദ്രന്റെ വജ്രത്തെപ്പോലെ ദസ്യുക്കളെ നശിപ്പിക്കുകയും (2) കൊള്ളമുതലുകൾ നേടുകയും (3–5) ചെയ്യുന്നു. പക്ഷേ, അതേ സോമം കവിയും (4) കവിത സ്വീകരിക്കുന്നവനു(5)മാണ്. അത് മനുഷ്യനായ കവിക്കു രക്ഷിതാവിൽനിന്നു നിധി നേടാൻ സൗകര്യം ചെയ്തുകൊടുക്കുന്നു.

48. കവി സൂക്തം തുടങ്ങുന്നത് പൊതുവായ രീതിയിൽ നേട്ടത്തിനുവേണ്ടിയുള്ള അഭ്യർഥനയോടുകൂടിയാണ് (1). മുൻസൂക്തത്തിലെ സമരോത്സുകപ്രമേയം രണ്ടാം പദ്യത്തിലും കാണാം (2). ഒൻപതാം മണ്ഡലത്തിൽ മറ്റെവിടെയും മുഖ്യമായി കാണാത്ത സ്വർഗത്തിൽനിന്നുള്ള സുപർണന്റെ (കഴുകൻ) സോമാപഹരണമെന്ന പുരവൃത്തമാണ് 3–4 പദ്യങ്ങളിലെ വിഷയം. ഗായത്രീബദ്ധമായ മിക്ക സോമസൂക്തങ്ങളിൽനിന്നും വ്യത്യസ്തമായി ഇതിൽ സോമം തയ്യാറാക്കുന്നതിന്റെ വ്യക്തമായ പരാമർശമുണ്ട്. അവസാനപദ്യത്തിൽ (5) സോമം "പ്രേരിപ്പിക്കുന്ന"തിന്റെ കടാക്ഷം – അരിപ്പയിലൂടെയുള്ള സോമത്തിന്റെ ശദ്ധീകരണയാത്രയുടെ തുടക്കം – കാണാം.

49. ഈ സൂക്തത്തിലെ ഓരോ പദ്യവും "പൂ" (ശുദ്ധീകരിക്കുക) ധാതുവിന്റെ ഓരോ രൂപവും (മൂന്നാം പദ്യത്തിൽ രണ്ട്) നാലാം പദ്യത്തിലെ "പവിത്രം" (അരിപ്പ) ഒഴിച്ച് എല്ലാ ക്രിയകളും ഉൾക്കൊള്ളുന്നു. 3–5 പദ്യങ്ങൾ "ധാരയാ" (അരുവിയിൽ) എന്ന പദം ഉൾക്കൊള്ളുന്നു. അങ്ങനെ സൂക്തത്തിനു ഗാഢമായ പദഘടനയും അതുപോലെ പരിമിതമായ ഉള്ളടക്കവുമുണ്ട്. ഭക്ഷണത്തിനും പോഷണത്തിനുമായി മഴയ്ക്കും (1, 3–4) പശുക്കൾ(3)ക്കുമുള്ള പ്രാർഥനയാണ് സൂക്തവിഷയം. ആദ്യത്തെ നാലു പദ്യങ്ങൾ സോമനെ സംബോധന ചെയ്യുന്നു; അന്തിമപദ്യം (5) പ്രാർഥന സഫലമായെന്നു പറയുകയും ചെയ്യുന്നു.

50. അടുത്ത മൂന്നു സൂക്തങ്ങൾ (9. 50–52) ഋഗ്വേദത്തിൽ മറ്റൊരിടത്തും കാണാത്ത ഒരു കവിയുടേതാണ്. ഇത് മിക്കവാറും പുരോഹിതന്മാരാൽ (3) തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സോമത്തിന്റെയും (1), യജ്ഞസ്തുതിയുടെയും (4) ശബ്ദത്തിൽ കേന്ദ്രീകരിക്കുന്ന വ്യത്യസ്തമായൊരു സൂക്തമത്രേ. രണ്ടാം പദ്യത്തിലെ ശ്ലേഷം അവിടത്തെ പുരോഹിതശബ്ദങ്ങൾ അന്യോന്യം മത്സരിക്കുകയും യജ്ഞപ്രതിഫലമാഗ്രഹിക്കുകയും ചെയ്യുന്നതായി സൂചിപ്പിക്കുന്നു. അഞ്ചാം പദ്യം "കുഴമ്പുക"ളെന്നും "രാത്രിക"ളെന്നും അർഥമുള്ള "അക്തു" ശബ്ദംകൊണ്ട് മറ്റൊരു ശ്ലേഷസാധ്യത പ്രകടിപ്പിക്കുന്നു.

51. ഈ ലളിതമായ സൂക്തം സോമം തയ്യാറാക്കുന്നതിൽ ഇടപെടുന്ന മനുഷ്യനുമായും (അധ്വര്യു എന്ന പുരോഹിതനുമായും) (1) സ്തോതാവുമായും (4) അതു ഭക്ഷിക്കുന്ന ഇന്ദ്രനുമായും (1–2) മറ്റു ദേവന്മാരുമായും മരുത്തുക്കളുമായും (3) ബന്ധപ്പെടുന്നു. 1, 5 പദ്യങ്ങൾ അരിപ്പയിലേക്കുള്ള പ്രവേശത്തെപ്പറ്റിയാണ്.

52. ഇതേ കവിയുടെ ഋജുവായ മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി ഈ സൂക്തം, പ്രത്യേകിച്ച്, മൂന്നാം പദ്യം കൗശലങ്ങൾ നിറഞ്ഞതാണ്. ആദ്യത്തെ രണ്ടു പദ്യങ്ങളുടെ ഉള്ളടക്കം സോമത്തിന്റെ അരിപ്പയിലേക്കുള്ള പ്രവേശമാണ്. 4–5 പദ്യങ്ങളിൽ, ആദ്യത്തെ രണ്ടു പദ്യങ്ങളിലെപ്പോലെ, ഉച്ചാരണപരവും രൂപപരവുമായ കൗശലങ്ങളുമുണ്ട്.

53. അടുത്ത എട്ടു സൂക്തങ്ങൾ (9. 53–60) അവത്സാര കാശ്യപന്റേതാണ്. ഇതേ കവിയുടെ സൂക്തം 5. 44–ലെ ശ്ലേഷച്ഛായാസങ്കേതംപോലുള്ള ഒന്ന് ഇവിടെയും നിഴലാട്ടം നടത്തുന്നുണ്ട്. ആദ്യത്തെ മൂന്നു പദ്യങ്ങളിലും പറയാതെ വിട്ട രണ്ടാമത്തെ അർഥം വായനക്കാർ സ്വയം മനസ്സിലാക്കണം. ആദ്യത്തെ പദ്യം ഇന്ദ്രനു ചേർന്നതാണ്. പക്ഷേ, "അദ്രിവ"ശബ്ദം പോലുള്ളവ സോമനും യോജിക്കും. രണ്ടാം പദ്യവും ഭാഗികമായി ഇരുദേവന്മാർക്കും ചേരും. വരുണന്നോ ആദിത്യന്നോ യോജിക്കാവുന്നതാണ് മൂന്നാം പദ്യത്തിന്റെ അർഥഘടന. നാലാം പദ്യം മാത്രമാണ് സോമനു മാത്രം ചേരുന്നത്. അതുപോലും ഇന്ദ്രനെ പരാമർശിക്കുന്നുണ്ട്.

54. മുൻസൂക്തത്തെപ്പോലെ ഇത് ആദ്യപദ്യങ്ങളിൽ സൂതനാത്മകമായ പദാവലി പ്രയോഗിച്ചുകൊണ്ട് സൂക്താവസാനം വരെ അവ്യക്തമല്ലാത്ത താദാത്മ്യകരണം ഉയർത്തിപ്പിടിക്കുന്നു. പക്ഷേ, മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി കവി വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനോ തെറ്റായി നയിക്കാനോ ശ്രമിക്കുന്നില്ല. വ്യക്തമായ പ്രഹേളികാപരമ്പരയാണ് സൂക്തഘടനയിലുള്ളത്. സോമത്തിന്റെ ഔന്നത്യം സർവത്ര സുവ്യക്തം. മുൻസൂക്താന്ത്യപദ്യം പോലെ ഇതിലും അവസാനപദ്യം കണവും ഇന്ദ്രനും തമ്മിലുള്ള ബന്ധം കാണിച്ചിട്ടുണ്ട്.

55. ആദ്യത്തെ മൂന്നു പദ്യങ്ങൾ സോമലതയുടെ തണ്ടിനെ പരാമർശിക്കുന്നു. പക്ഷേ, അതിന്റെ പങ്ക് ഇവിടെ അവ്യക്തമാണ്. ഒന്നാം പദ്യം കൃഷിയെപ്പറ്റി പറയുന്നത് ശ്രദ്ധേയമാണ്. പക്ഷേ, ഇവിടെയും അതിന്റെ പ്രസക്തി തികച്ചും വ്യക്തമല്ല. സൈനികമായ സോമം നാലാം പദ്യത്തിൽ പ്രതിപാദിക്കപ്പെടുന്നു.

56. ഈ ലളിതസൂക്തത്തിലെ ആദ്യത്തെ മൂന്നു പദ്യങ്ങൾ സോമത്തിന്റെ അരിപ്പയിലൂടെയുള്ള യാത്രയും (1) ചെമ്മരിയാട്ടിൻരോമംകൊണ്ടുള്ള ചാലുകളിലൂടെ ദ്രവം പല അരുവികളായി ഒഴുകുന്നതും (2) വിരലുകൾകൊണ്ട് അത് ഒരുക്കുന്നതും (3) വിവരിക്കുന്നു. നാലാം പദ്യം തങ്ങൾക്കും തങ്ങളുടെ ആളുകൾക്കും സംരക്ഷണമഭ്യർഥിക്കുകയും സോമത്തെ ദേവന്മാരായ സ്വീകർത്താക്കൾക്കുവേണ്ടി ഒഴുകാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

57. ഈ ലഘുസൂക്തത്തിൽ സോമത്തെ ഒളിഞ്ഞും തെളിഞ്ഞും മഴയോടും (1), യോദ്ധാവോടും (2), നിയമവിധേയനായ രാജാവിനോടും/ പ്രജകളോടും കൂട്ടിലെ പരുന്തിനോടും (3) സാദൃശ്യപ്പെടുത്തുന്നു. അന്തിമമായ നാലാം പദ്യം പലപ്പോഴുമെന്നപോലെ അഭ്യർഥനകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

58. കൗതുകകരമായ ഒരു ലഘുസൂക്തം. നാലു പദ്യങ്ങളിലും തികച്ചും സോമത്തിനു ചേരുന്നതും ഒരു വരി മുഴുവനുള്ളതുമായ പല്ലവിയുണ്ട്. ആദ്യപദ്യം മുഴുവൻ സോമത്തെപ്പറ്റിയാണ്. പക്ഷേ, രണ്ടാമത്തേത് ഉഷസ്സിനാണ് കൂടുതൽ യോജിക്കുക. മൂന്നും നാലും സംക്ഷിപ്തമായ ഒരു ദാനസ്തുതിയത്രേ.

59. നാലു പദ്യങ്ങളിൽ ഓരോന്നും “പവസ്വ” (സ്വയം ശുദ്ധീകരിച്ചാലും) എന്ന രൂപത്തിലോ അല്ലാതെയോ സ്വയം ശുദ്ധീകരണാശയം ഉൾക്കൊള്ളുന്നു. രണ്ടാം പദ്യം യജ്ഞവുമായി ബന്ധപ്പെട്ട വെള്ളം സസ്യങ്ങൾ, അഗ്നിയെ പ്രതിനിധാനം ചെയ്യുന്ന ധിഷണ(വിശുദ്ധസ്ഥാനം)യുടെ അടുപ്പുകൾ എന്നിവ പരാമർശിക്കുന്നു. നമുക്കു വേണ്ട നല്ല കാര്യങ്ങൾ കണ്ടെത്തുന്ന സോമൻ/മം ഈ സൂക്തത്തിന്റെ മുഖ്യപ്രമേയമത്രേ. ഒന്നാം പദ്യത്തിൽ അവൻ മനുഷ്യരാഗ്രഹിക്കുന്ന ഭൗതികവും മാനസികവുമായ സാധനങ്ങൾ കണ്ടെത്തുന്നു. നാലാം പദ്യത്തിൽ അവൻ പ്രാപഞ്ചികതലത്തിലേക്കുയരുന്നു.

60. ഈ ലഘുസൂക്തം തൃപ്തികരമാം വിധം ദൃഢമായ ഒന്നാണ്. ആദ്യന്തപദ്യങ്ങൾ “അതിരറ്റ” (വിചർഷണി) എന്ന വിശേഷണമുൾക്കൊള്ളുന്നു. ഓരോ പദ്യത്തിൽനിന്നും അടുത്ത പദ്യത്തിലേക്കുള്ള ശൃംഖലാബന്ധം കൂടുതൽ പ്രധാനമാണ്. അന്ത്യപാദത്തിലെ പ്രധാമായൊരു ഭാഗംകൊണ്ട് അടുത്ത പദ്യം ആരംഭിക്കുന്നു. പല പ്രാചീനമലയാളപാട്ടുകാവ്യങ്ങളിലുമുള്ള അന്താദിപ്രാസത്തോടു മിക്കവാറും അടുത്തുവരുന്ന ഒരു ശബ്ദാലങ്കാരമാണിതെന്നു പറയുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. മുൻ സൂക്തത്തിലെ ആദ്യപദ്യത്തിന്റെ അന്ത്യപാദം (“രത്ന”ത്തിനു പകരം “രേതഃ” എന്ന വ്യത്യാസമൊഴികെ) ഈ സൂക്തത്തിലെ ആദ്യപദ്യത്തിലെ അന്ത്യപാദം തന്നെയെന്നതും ഒരു പ്രത്യേകതയാകുന്നു.

61. സോമമണ്ഡലത്തിലെ ആദ്യത്തെ ഗായത്രീബദ്ധമായ അറുപതു സൂക്തങ്ങളിൽ പദ്യങ്ങൾ അണി നിരത്തപ്പെട്ടത് എണ്ണം കുറഞ്ഞുകുറഞ്ഞുവരുന്ന ക്രമത്തിലാണ്: 10–ൽ തുടങ്ങി നാലിലെത്തുംവരെ. ആപ്രീസൂക്തം(9. 5) മാത്രമാണപവാദം. അതിൽ 11 പദ്യങ്ങളാണ്. പക്ഷേ, ഗായത്രീപരമ്പര ആറു മുപ്പതുപദ്യസൂക്തങ്ങളോടെ (9. 61–66) അവസാനിക്കുന്നു. തുടർന്ന് മുപ്പത്തിരണ്ടു പദ്യങ്ങളുള്ള ഒരു സൂക്തമാണ് (9. 67). എല്ലാറ്റിന്റെയും സംവിധാനം തൃചങ്ങളിലാണ്. ഓരോന്നും ഓരോ കവിയുടെയോ കവിസംഘത്തിന്റെയോ പേരിലത്രേ. ഗായത്രീപരമ്പര അവസാനിക്കുന്നതുവരെ ഇതുതന്നെയാണ് സ്ഥിതി. ഈ പ്രത്യേകസൂക്തത്തിൽ തൃചങ്ങൾക്കകത്തോ അവ തമ്മിലോ ഐക്യമുള്ളതിനു തെളിവൊന്നുമില്ല. സോമസൂക്തങ്ങളുടെ നിലവാരപ്പെട്ട വിഷയങ്ങൾ – തയ്യാറാക്കുന്നതിന്റെ വിശദവിവരങ്ങൾ (4–5), തയ്യാറാക്കുന്നത് ഏതു ദേവന്മാർക്കുവേണ്ടിയാണെന്ന കാര്യം (8–9), സോമത്തിന്റെ പ്രാപഞ്ചികബന്ധങ്ങൾ (10, 16, 18), “ഞങ്ങൾ” ചോദിക്കുന്ന പാരിതോഷികവും സഹായവും (3, 23–24) – ഇവയെല്ലാം, ക്രമമൊന്നുമില്ലാതെയാണെങ്കിലും, ശക്തമാണ്. പക്ഷേ, വേർതിരിച്ചറിയേണ്ട ഒരു പ്രവണതയുണ്ട്: നേരിട്ടോ മറ്റാരെങ്കിലും, വിശേഷിച്ച് ഇന്ദ്രൻ മുഖേനയോ ശത്രുക്കളോടു മത്സരിക്കുന്നതിൽ സോമത്തിനുള്ള പങ്കിന് ഊന്നൽ നൽകുന്നു. സൂക്തം തുടങ്ങുന്നത് സോമത്തിന്റെ സ്വാധീനത്തിൽ ഇന്ദ്രൻ (പേര് പറയാതെയാണെങ്കിലും) അനുഷ്ഠിക്കുന്ന ചില വീരകർമങ്ങൾ പരാമർശിക്കുന്ന രണ്ടു പദ്യങ്ങളോടുകൂടിയാണ്. നാശകവും ആക്രാമകയോദ്ധൃത്വപരവുമായ സോമത്തിന്റെ പ്രമേയം സൂക്താന്ത്യഭാഗങ്ങളിൽ അവസാനത്തെ രണ്ടു തൃചങ്ങളിൽ വ്യാപിച്ചുനിൽക്കുന്നു.

62. ദീർഘമെങ്കിലും ഈ സൂക്തം സോമം തയ്യാറാക്കുന്നതിന്റെ പരിചിതമായ വിശദാംശങ്ങൾ, പലപ്പോഴും പ്രാപഞ്ചികമായ സമാന്തരങ്ങൾ സ്ഥാപിച്ചുകൊണ്ട് മഹത്വവൽക്കരിക്കുന്നതിൽ കേന്ദ്രീകരിക്കുന്നു. ചെമ്മരിയാട്ടിൻരോമത്തിനു കുറുകെയുള്ള യാത്ര സവിശേഷം പ്രധാനമാണ്. സോമം കൂടക്കൂടെ ദ്രുതഗതിയായ കുതിരയോട് ഉപമിക്കപ്പെട്ടിരിക്കുന്നു. 17–ാം പദ്യം പ്രത്യേകിച്ച് ശ്രദ്ധേയമാകുന്നു. ഇവിടെ സോമം യജ്ഞത്തിന്റെ തേർനുകത്തിൽ കെട്ടപ്പെട്ട കുതിരയാണ്. അതിനു മൂന്നു പിൻഭാഗങ്ങളും മൂന്നിരിപ്പിടങ്ങളുമുണ്ട്. ഏഴ് ഋഷിമാരുടെ ദാർശനികചിന്തകൊണ്ടുള്ള മൂന്നു സവനങ്ങളും മൂന്ന് അഗ്നികളുമായിരിക്കാം. സൂക്തത്തിന്റെ രണ്ടാം ഭാഗത്തിൽ വിശേഷിച്ചും സോമത്തെ പലപ്പോഴും കവിയെന്നോ കാവ്യവുമായി ബന്ധപ്പെട്ടതെന്നോ വിളിക്കുന്നത് (13, 14, 25, 26, 27, 30) ശ്രദ്ധേയമത്രേ. അന്തിമപദ്യത്തിൽ “ഋതഃ കവിഃ” (സത്യസന്ധനായ കവി അഥവാ സത്യമയനായ കവി)എന്നു പറഞ്ഞിരിക്കുന്നു. അവന്റെ സൃഷ്ടിപരമായ വാക്കിന്റെ ശക്തമായ ആവിഷ്കരണംതന്നെ ഇത്.

63. മുൻസൂക്തത്തെപ്പോലെ, ഇത് യജ്ഞവുമായി ബന്ധപ്പെട്ടു സോമം തയ്യാറാക്കുന്നതിനെപ്പറ്റിയാണ്. പക്ഷേ, ഇങ്ങനെ തയ്യാറാക്കുന്നത് കൂടുതൽ വിപുലവും സങ്കല്പനപരവുമായ ലോകത്തിൽ നടക്കുന്നതായി ചിത്രീകരിക്കുന്നു. ഒരു വശത്ത് ഈ ശുദ്ധീകരണം ആര്യവൽക്കരണത്തിന്റെ ഭാഗമായാണ് കാണപ്പെടുന്നത് (5). മാത്രമല്ല, സോമത്തിന്റെ ഈ ശുദ്ധീകരണം നടക്കുന്ന അരിപ്പ ആര്യസാമ്രാജ്യങ്ങളായിത്തീരുന്നു (14). സോമം കുറുകെ കടക്കുന്ന വെള്ളവും (5, 2), അത് വരിക്കുന്ന നദികളും (17), സോമലത കഴുകുന്ന യജ്ഞജലവും വെള്ളവും മറ്റു സംയുക്തവുമായി കലർത്തുന്നതും പ്രതിരൂപാത്മകമായി ആര്യന്മാർ തരണം ചെയ്യുന്ന അതിർത്തിനദികളും അവരുടെ സാമ്രാജ്യങ്ങളുടെ വിപുലനുവുമാകുന്നു. (തൊട്ടുമുൻപത്തെ രണ്ടു സൂക്തങ്ങളിലെ “വിശാലമായ സ്ഥല”ത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ശ്രദ്ധിക്കുക). മറുവശത്ത്, സോമത്തെത്തന്നെ സൂര്യനുമായി സാദൃശ്യപ്പെടുത്തുകയും താദാത്മ്യപ്പെടുത്തുകയും ചയ്യുന്നതും (7–9 തൃചങ്ങൾ, പദ്യം 13) സോമത്തിന്റെ അരിപ്പയ്ക്കു കുറുകെയുള്ള യാത്രയും സൂര്യന്റെ ദിവസേന നടക്കുന്ന സ്വർഗത്തിനു കുറുകെയുള്ള യാത്രയുടെ പ്രതിരൂപാത്മകമായ വർണനമല്ലേ? യജ്ഞപ്രവർത്തനങ്ങൾ ഭൂമിയിൽ ആദ്യത്തെ യജമാനനും ആര്യന്മാരുടെ സാംസ്കാരികപിതാവുമായ മനു നടത്തുന്നതായതുകൊണ്ട് (7–8) സൂര്യോദയം പോലും പരോക്ഷമായി മനുഷ്യോദയത്തെയാണോ സൂചിപ്പിക്കുന്നത് എന്നും സംശയിക്കാം. എല്ലാ തരത്തി

ലുമുള്ള ഭൗതികസാധനങ്ങൾക്കുവേണ്ടി സോമം എല്ലാ ശത്രുക്കളെയും നശിപ്പിക്കട്ടെ എന്നും മറ്റുമുള്ള പ്രാർഥനകൾ (24, 26, 28–29) സൂക്താന്ത്യത്തിൽ വിശേഷിച്ചും കാണാം.

64. ഈ സൂക്തം സോമം കാളയാണെന്നു സ്ഥാപിക്കുന്ന തൃചത്തോടുകൂടി തുടങ്ങുന്നു. തുടർന്നുവരുന്ന മിക്ക ഭാഗവും ശുദ്ധീകരണപ്രക്രിയയുടെ സാമ്പ്രദായികവിവരണമാണ്. അതിന്റെ "സമുദ്ര"പ്രവേശനത്തിന് വിശേഷിച്ച് ഊന്നൽ കൊടുത്തിരിക്കുന്നു (8, 16, 17, 19, 27). ഇവിടെ സമുദ്രമെന്നു പറയുന്നത് ശുദ്ധീകരണജലത്തെയാണെന്നു പറയേണ്ടതില്ലല്ലോ. മുൻസൂക്തത്തിൽ കണ്ട സൂര്യനുമായുള്ള ബന്ധം സോമനെ അവന്റെ കുതിരയായ ഏതശനുമായി നുകത്തിൽ കെട്ടുക മാത്രമല്ല, അവനുമായി താദാത്മ്യപ്പെടുത്തക എന്ന നിലയിൽ ഇവിടെയും (19) സൂക്താന്ത്യപദങ്ങളിലും (30. 7, 9 കൂടി നോക്കുക) കാണാം. സോമന്റെ പ്രകാശവും ഔജ്ജ്വല്യവും സൂക്തത്തിലുടനീളം പരാമർശിക്കപ്പെടുന്നു (1, 8, 13, 15, 28).

65. പവമാന സോമനു സമർപ്പിക്കപ്പെട്ട ഈ മണ്ഡലത്തിൽപ്പോലും ഈ സൂക്തത്തിലെ നിരന്തരമായ ആ വിശേഷണത്തിന്റെയും അതുമായി ബന്ധപ്പെട്ട "സ്വയം ശുദ്ധീകരിച്ചാലും" എന്ന ക്രിയാരൂപത്തിന്റെയും ആവർത്തനം നിർണായകമത്രേ. പ്രത്യേകിച്ച് "ആ പവസ്വ" (സ്വയം ശുദ്ധീകരിച്ചാലും) എന്ന നിഷ്കർഷകമായ ശൈലിയും സോമൻ ഇവിടെ സാധനങ്ങൾ കൈവരുത്തണമെന്ന അപേക്ഷയും. സോമമൊരുക്കുന്നതിന്റെവിശദാംശങ്ങൾ ഇടയ്ക്കിടെ ഉണ്ട്. ആകെക്കൂടി സൂക്തം പ്രചോദനം തരാത്തതും ആവർത്തനവിരസവും തന്നെ. 22–24 പദ്യങ്ങളുൾക്കൊള്ളുന്ന തൃചം വിരസത കുറേയൊക്കെ ഇല്ലാതാക്കുന്നു.

66. ഈ സൂക്തം ഏറെ വലിയ ആലങ്കാരികലക്ഷ്യങ്ങൾ മുൻ നിർത്തി രചിക്കാൻ തുടങ്ങിയതും അത്രയൊന്നും സാധിക്കാതെ പോയതുമായ ഒന്നാണ്. സോമമൊരുക്കപ്പെടുന്ന നിയന്ത്രിതമായ പ്രദേശത്തെ പല പ്രപഞ്ചമണ്ഡലങ്ങളുമായും പ്രകൃതിപ്രതിഭാസങ്ങളുമായും താരതമ്യപ്പെടുത്തുന്നു (2–3, 5–6, 12–13). സോമനെത്തന്നെ പ്രത്യക്ഷമായോ പരോക്ഷമായോ പല ദേവതകളുമായും പ്രകൃതിശക്തികളുമായും അവരെ അവനുമായും ഉപമിക്കുന്നു. ഉദാഹരണമായി സൂര്യൻ (18, 22, 27), അഗ്നി (19–21). കവിയും സോമന്റെ സഖ്യം തേടുന്നുണ്ട് (1, 4, 14, 18).

67. ഒൻപതാം മണ്ഡലത്തിലെ ഗായത്രീസമാഹാരത്തിലെ ഈ അന്തിമസൂക്തം *അനുക്രമണി*പ്രകാരം ഏഴു വിവിധകവികളുടെ സൃഷ്ടിയാണ്. ഇവരെല്ലാം *ഋഗ്വേദ*ത്തിൽത്തന്നെ അറിയപ്പെടുന്നവരാണ്. ആദ്യത്തെ ഓരോ തൃചം ഈ ഏഴിൽ ഓരോരുത്തരുടേത്. 22 മുതൽക്കുള്ളവ മറ്റേതെങ്കിലും കവിയുടേതോ വസിഷ്ഠന്റെതന്നെയോ ആവാം. തീർച്ചയായും ഇതിന്റെ ഭാഗങ്ങൾ തികച്ചും വിവിധങ്ങളാണ്. ആദ്യത്തെ 21 പദ്യങ്ങൾ മറ്റു പവമാനപദ്യങ്ങളെപ്പോലെ സാമ്പ്രദായികമത്രേ. അത്രിവിരചിതവും പൂഷാവിനു സമർപ്പിക്കപ്പെട്ടതുമായ 10–12 പദ്യങ്ങളുൾക്കൊള്ളുന്ന തൃചം ഈ സമ്പ്രദായത്തിൽനിന്നു വേറിട്ടുനിൽക്കുന്നു. ഇവിടെയൊഴികെ പൂഷാവിനു ഈ സോമമണ്ഡലത്തിൽ പറയത്തക്ക സ്ഥാനമില്ല.

68. സോമമണ്ഡലത്തിലെ ജഗതീവൃത്തനിബദ്ധമായ സൂക്തങ്ങളിൽ ആദ്യത്തെ ഈ സൂക്തം ഹ്രസ്വവും നിയന്ത്രിതവുമായ ഗായത്രിയിൽനിന്നു താരതമ്യേന ദീർഘമായ വൃത്തത്തിലേക്കു മാറുമ്പോഴുള്ള ഭാവനാത്മകവും സമ്പന്നവുമായ സാധ്യതകൾക്കിടം നൽകുന്നുണ്ട്. സൂക്തം സോമയജ്ഞത്തിൽ തുടങ്ങുന്നു. തയ്യാറെടുപ്പിന്റെ വിശദാംശങ്ങൾ (1–2), അരിപ്പയിലൂടെയുള്ള യാത്ര, പാൽ കലർത്തൽ, ശരിക്കും അരിപ്പയിലൂടെയുള്ള പ്രക്രിയയുടെ വിശദാംശങ്ങൾ മുതലായവ തുടർന്നു വിവരിക്കുന്നു. 3–4 പദ്യങ്ങളിൽ യാത്ര പ്രപഞ്ചത്തിലേക്കു തിരിയുന്നു. സ്വർഗവും ഭൂമിയും സോമയാത്രയുടെ മണ്ഡലങ്ങളാണ്. അഞ്ചാം പദ്യം 1–2 ലെ യജ്ഞസോമവും 3–4 ലെ പ്രപഞ്ചസോമവും തമ്മിലുള്ള വ്യത്യാസത്തിനു വിശദീകരണം നൽകുന്നു. അവനു രണ്ടു ജന്മങ്ങളുണ്ട്: രഹസ്യവും പരസ്യവുമായവ. സോമന്റെ രണ്ടാമത്തെ രൂപം, ഭൗതികവും ദൃശ്യവുമായ രൂപം ഭൂമിയിൽ കൊണ്ടുവന്നത് ആറാം പദ്യത്തിൽ പറയുന്നു. കവികളും യജ്ഞവിദഗ്ധരും അവനെ യജ്ഞസോമമായി രൂപാന്തരം വരുത്തി നമുക്കിന്നു പരിചയമുള്ള രീതിയിലാക്കുന്നു. 7–9 പദ്യങ്ങളിൽ കൂടുതൽ വ്യക്തമായി സമകാലികമായ സോമത്തിന്റെ ശക്തികൾ വർണിക്കുന്നു. 8–9 പദ്യങ്ങൾ സ്വർഗത്തിലേക്കുള്ള വഴിയിൽ "വാക്കുയർത്തു"ന്നതും "വിശാലമായ വികാസം കണ്ടെത്തുന്നതു"മൊക്കെ പ്രതിപാദിക്കുന്നു.

69. പസിദ്ധമായ ഇന്ദ്രസൂക്ത(1. 32)ത്തിന്റെ കവിയുടെ തന്നെയാണീ സോമപവമാനസൂക്തവും. പല രൂപങ്ങളിലും പ്രകടിതമായ നിത്യനൂതനങ്ങളായ ബിംബകല്പനകളാലും രൂപകോപമാദ്യലങ്കാരങ്ങളാലും സാന്ദ്രമാണിത്. ഒന്നാം പദ്യത്തിലെപ്പോലെ പല വർണ്യങ്ങളും ഒരേ സമയത്ത് വ്യാഖ്യാനിക്കപ്പെടാവുന്ന വിധത്തിൽ അർഥപുഷ്കലമാണ് ചില പദ്യങ്ങൾ. ആ പദ്യത്തിന്റെ മധ്യഭാഗത്ത് ചിന്തയും സോമവും വർണ്യങ്ങളാണല്ലോ. ആദ്യത്തെരണ്ടു പദ്യങ്ങളിലും കാവ്യപ്രേരകമാണ് വിഷയമെന്നതിനാൽ ഈ അർഥപൗഷ്കല്യം സ്വാഭാവികം മാത്രം. 3–7 പദ്യങ്ങളിൽ സോമത്തിന്റെ അരിപ്പയിലൂടെയുള്ള യാത്രയും പാൽമിശ്രണവും വിവരിക്കുന്നു. 4–5 ൽ ഈ മിശ്രണം അതിവിപുലമായ ബിംബകല്പനകളിൽ പൊതിഞ്ഞു വർണിക്കുന്നു. പ്രപഞ്ചമാകുന്ന വസ്ത്രത്തിലാണതിന്റെ അവസാനം (5). സാധനങ്ങൾക്കും സഹായത്തിനുമുള്ള സാമ്പ്രദായികരൂപത്തിലുള്ള പ്രാർഥനകളോടെ സൂക്തം അവസാനിക്കുന്നു.

70. ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ലാത്ത ചില പ്രഹേളികകളുൾക്കൊള്ളുന്ന സങ്കീർണവും വിഷമം പിടിച്ചതുമായ സൂക്തം. സ്വർഗീയസോമത്തിന്റെയും ഭൗമമായ യജ്ഞസോമത്തിന്റെയും ആത്യന്തികമായ ഐക്യത്തിലുള്ള വ്യത്യാസമാണ് സൂക്തത്തിന്റെ പ്രമേയം. ഈ ചേർച്ചകേട് ആദ്യപദ്യത്തിൽ അറിയിക്കുന്നു. അവിടെ "യഥാർഥ"

മായ പാൽമിശ്രണം സ്വർഗത്തിലാണുണ്ടാവുന്നതെന്നും ലോകങ്ങൾ സോമന്റെ വസ്ത്രമാണെന്നും പറയുന്നു. രണ്ടാം പദ്യത്തിൽ, ഇതിൽനിന്നു വിരുദ്ധമായി ഭൂമിയിലെ സോമം യജ്ഞമാർഗങ്ങളിലൂടെ പ്രാപഞ്ചികകർമങ്ങളനുഷ്ഠിച്ചുകൊണ്ട് സ്വർഗത്തിലെ സോമത്തിന്റെ ഭാഗം തേടാനാഗ്രഹിക്കുന്നുവെന്നു പ്രതിപാദിക്കുന്നതായി തോന്നുന്നു. സോമത്തിന്റെ ദീപസ്തംഭം മനുഷ്യരിലും ദേവന്മാരിലും പ്രവർത്തിക്കുകയും അതിന്റെ ഫലമായി അതിനെ അവർ രാജാവായി അംഗീകരിക്കുകയും ചെയ്യുന്നുവെന്നു കാണിക്കുന്നതാണ് അടുത്ത പദ്യം (3). മനുഷ്യരിലും ദേവന്മാരിലും ഭൂമിയിലും സ്വർഗത്തിലും മധ്യസ്ഥനായി പ്രവർത്തിക്കുന്ന സോമന്റെ പങ്ക് അടുത്ത മൂന്നു പദ്യങ്ങളിൽ (4–6) ഉപന്യസിക്കുന്നു. ഇവിടെ ചിലെടത്ത് അവ്യക്തത തോന്നുന്നു. അവസാനത്തെ നാലു പദ്യങ്ങളിൽ (7–10) യജ്ഞസോമത്തിന്റെ ആത്യന്തികലക്ഷ്യങ്ങളിലേക്കും ഇന്ദ്രന്റെ ശരീരത്തിലേക്കും തിരിയുന്നു. പക്ഷേ, ആദ്യപദ്യങ്ങളിൽ വ്യക്തമാക്കിയ സോമന്റെ പ്രാപഞ്ചികബന്ധങ്ങൾ അവനെ ദേവോചിതമായ ഭക്ഷണമാക്കുന്നു.

71. ഈ സൂക്തത്തിന്റെ വിഷയം, പലപ്പോഴുമെന്നപോലെ, അരിപ്പയിലൂടെ വിവിധതയ്യാറെടുപ്പുഘട്ടങ്ങൾക്കു ശേഷം യജ്ഞപാനീയമെന്ന നിലയിൽ തന്റെ ഇരിപ്പിടത്തിലേക്കുള്ള സോമന്റെ യാത്രയാണ്. യാത്ര ഋജുവായി അവതരിപ്പിച്ചിരിക്കുന്നു. അത് ദേവന്മാരുടെ അടുത്തെത്തുകയും അന്തിമഘട്ടമെന്ന നിലയിൽ സ്തുതിഗാനത്തോടൊരുമിക്കുകയും ചെയ്യുന്നു (8).

72. ഈ സൂക്തത്തിൽ സോമം ഭൗതികവും ശാബ്ദികവുമായി തയ്യാറാക്കുന്നതിന് ഊന്നൽ നൽകിയിരിക്കുന്നു. ആദ്യപദ്യത്തിൽത്തന്നെ ഇതിന്റെ ഒരുക്കം കാണാം. അവിടെ ആദ്യപാദത്തിൽ അജ്ഞാതരായ പുരോഹിതന്മാർ വിഷയങ്ങളെ "തലോടുന്നു"; അജ്ഞാതരായ സ്തോതാക്കൾ സോമനെ പ്രേരിപ്പിക്കുന്നു. രണ്ടാം പദ്യത്തിലും ഈ വിഭാഗം കാണാം. 4–6, 8 എന്നീ പദ്യങ്ങൾകൂടി നോക്കുക.

73. സങ്കീർണവും നിഗൂഢാത്മകവുമായ സൂക്തം. ഇതിന്റെ ബുദ്ധിമുട്ടുകൾ പ്രധാനമായും വരുന്നത് ഇതിന്റെ അർഥം ഒരേ സമയം രണ്ടെണ്ണത്തെ പരാമർശിക്കുന്നുവെന്നതിൽനിന്നാണ്. അരിപ്പയിലൂടെ ശബ്ദായമാനമായി ഒഴുകി പുറത്തേക്കുവരുന്ന സോമാരുവികളെയും യാത്രയിൽ സോമത്തെ അകമ്പടി സേവിക്കുന്ന പുരോഹിതന്മാരെ/കവികളെയും ഒരേ സമയം പരാമർശിക്കുന്നതാണീ സൂക്തം. കവിയുടെ പേരിൽപോലും (പവിത്രശബ്ദം) ഈ ശ്ലേഷമുണ്ടല്ലോ. സോമം ശുദ്ധീകരിക്കുന്ന അരിപ്പയും യജ്ഞവചസ്സുച്ചരിക്കുന്ന കവിയും പവിത്രനാമത്തിൽ അറിയപ്പെടുന്നു (3, 7–9). വരുണന്റെ മൂർത്തീഭാവമായി സോമനെ കണ്ട് വരണന്റെ മായയെ സോമനിൽ ആരോപിച്ചുകൊണ്ടുള്ള പ്രയോഗങ്ങളും ഈ സൂക്തത്തിൽ സവിശേഷമായി നിലനിൽക്കുന്നു.

74. വിദഗ്ധകവിയായ കക്ഷീവാന്റെ സൂക്തങ്ങൾ മുൻപും (1. 116–126) വന്നിട്ടുണ്ട്. എട്ടാം പദ്യത്തിൽ കവി തന്റെ പേര് പരാമർശിക്കുന്നു. ഇത് ഒന്നാം മണ്ഡലത്തിലെ സൂക്തങ്ങളെപ്പോലെ സങ്കീർണമല്ലെങ്കിലും മുൻസൂക്തത്തെപ്പോലെ (9. 73) ഒരുതരം അവ്യക്തസുന്ദരതയ്ക്കു വഴിവെക്കുന്നുണ്ട്. കവി ചില വർണ്യങ്ങൾ അമർത്തിവെക്കുന്നതായി കാണാം. സോമശബ്ദം രണ്ടിടത്തും (7, 9) ശുദ്ധീകരിക്കുക (പവതേ) എന്ന ശബ്ദം ഒരിടത്തും (9) മാത്രമേ ഉള്ളൂ എന്നതു ശ്രദ്ധേയം. സോമത്തെ മഴയുമായി താദാത്മ്യപ്പെടുത്തുന്നതാണ് ആദ്യത്തെ ദ്വയാർഥപരാമർശം. പ്രത്യേകിച്ചും 4–6 പദ്യങ്ങളിൽ.

75. വാചികോല്പന്നങ്ങളിലും ഉല്പാദനങ്ങളിലും സോമന്റെ അഗാധമായ ഇടപെടലാണ് ആദ്യത്തെ രണ്ടു പദ്യങ്ങളുടെ വിഷയം. ഒന്നാം പദ്യത്തിൽ അവൻ സ്വന്തം പേരുകൾകൊണ്ടു സ്വയം ശക്തിപ്പെടുത്തുന്നു. രണ്ടിൽ ഭൗതികവും (നാവ്, വക്താവ്) സങ്കല്പനാത്മകവുമായ (അച്ഛൻ) സത്യത്തിന്റെയും ഉൾക്കാഴ്ച്ചയുടെയും സ്രോതസ്സിലൂടെയും. രണ്ടാം പദ്യത്തിന്റെ ഉത്തരാർധത്തിൽ അവനിൽ ഒളിഞ്ഞിരിക്കുന്ന പേരുകൾ അറിയാമെന്നു മാത്രമല്ല, മറിച്ച്, മകൻ മാതാപിതാക്കൾക്കെന്നപോലെ അവ നൽകുകയും ചെയ്യുന്നു. മറ്റു മൂന്നു പദ്യങ്ങൾ യജ്ഞസോമമൊരുക്കുന്ന വിധം സാമ്പ്രദായികരീതിയിൽ പ്രതിപാദിക്കുന്നു. അവന്റെ പ്രപഞ്ചശക്തികളുമായുള്ള ബന്ധം, പക്ഷേ, വ്യക്തമാണ് (4). ഇതുംതുടർന്നുള്ള നാലു സൂക്തങ്ങളും (9. 75–79) ഗായത്രീസൂക്തങ്ങളുടെ (9. 47–49) കവിയടേതുതന്നെ.

76. സമരോത്സുകനായ ഈ സോമന്റെ ചിത്രം കവി ഭാർഗവന്റെ സൈനികചൈതന്യമായ 9. 47–നോടു സമാനമാകുന്നു. ശുദ്ധീകരണപ്രക്രിയയിലൂടെ യാത്ര ചെയ്യുന്ന സോമന്റെ യുദ്ധബിംബകല്പനകളുടെ പരമ്പര ഇവിടെ കാണാം. അവന്റെ യുദ്ധനൈപുണി അന്തിമപദ്യത്തെ (5) ഉജ്ജ്വലമാക്കുന്നു. പക്ഷേ, സോമൻ യോദ്ധാവു മാത്രമല്ല, കാവ്യമത്സരങ്ങളിൽ വിജയിക്കുന്ന വാചികകലാധിപൻ കൂടിയത്രേ (4). ഹ്രസ്വമെങ്കിലും വളരെ തൃപ്തികരമായ കാവ്യഖണ്ഡമാണീ സൂക്തം.

77. പരിചിതമായ സോമശുദ്ധീകരണത്തിനു പുറമെ (1, 3, 4), സൂക്തം സ്വർഗത്തിൽനിന്നു പരുന്ത് സോമാപഹരണം നടത്തുന്ന പുരാവൃത്തം ഹ്രസ്വമായി പ്രതിപാദിക്കുന്നു (2). സ്വർഗത്തിലെ അമ്പെയ്ത്തുകാരനായ കൃശാനു പ്രതികാരം ചെയ്യുന്നതായി *ഋഗ്വേദ*ത്തിൽ ചിലേടത്തു പരാമർശിച്ചതുകൂടി ഇവിടെ വരുന്നുണ്ട്. നാലാം പദ്യം മുൻപു പറഞ്ഞതുപോലെ ഒരു സാധാരണ സോമപദ്യമാണ്. എന്നാൽ അതിലെ നാലാം വരി പരുഷസോമം തന്റെ ഭ്രൂണം ധരിക്കുന്നതായി പരാമർശിക്കുന്നത് വിചിത്രമായി തോന്നുന്നു. അവസാനപദ്യത്തിൽ സോമനെ വരുണനുമായി താരതമ്യപ്പെടുത്തുന്നതു കാണാം. സത്യാസത്യങ്ങളുടെ നിയന്ത്രണം വരുണനുണ്ടല്ലോ. സമുദായങ്ങൾക്കിടയിൽ മാധ്യസ്ഥ്യം വഹിക്കുന്ന പങ്കു നിർവഹിക്കുന്ന മിത്രനുമായും സോമ

നെ ഇവിടെ സാദൃശ്യപ്പെടുത്തുന്നുണ്ട്.

78. ഒരുവിധം ഋജുവായ സൂക്തം. ആദ്യത്തെ മൂന്നു പദ്യങ്ങൾ സോമം തയ്യാറാക്കുന്നതു പ്രതിപാദിക്കുന്നു: വെള്ളംകൊണ്ടു വീർപ്പിക്കപ്പെട്ട് അത് അരിപ്പയിലേക്കയയ്ക്കപ്പെടുന്നു. അരിപ്പ സോമലത പിഴിഞ്ഞെടുത്തതിന്റെ അവശിഷ്ടങ്ങൾ വലിച്ചെടുക്കുന്നു. തുടർന്ന് സോമത്തിൽ പാൽ കലർത്തുന്നു (1). അത് അരിപ്പയ്ക്കു കുറുകെ പോയി മരികയിലെത്തുന്നു (2). അതിൽ വെള്ളം കലർത്തുന്നു. ഇവിടെ അത് അപ്സരസ്സെന്നു വിശേഷിപ്പിക്കപ്പെടുന്നു (3). ദേവന്മാർ സോമം കുടിക്കുമ്പോൾ നമുക്കു കിട്ടുന്ന നേട്ടങ്ങൾ പട്ടികപ്പെടുത്തുകയാണ് അവസാനത്തെ രണ്ടു പദ്യങ്ങളിൽ.

79. ഈ സൂക്തത്തിന്റെ യുദ്ധചൈതന്യം കവി ഭാർഗവന്റെ 9. 47, 9. 76 എന്നീ സൂക്തങ്ങളെ വിശേഷിച്ച് ഓർമിപ്പിക്കുന്നു. ഋഗ്വേദകാലത്തെ സാമൂഹ്യവിഭാഗങ്ങളിലേക്കു വെളിച്ചം വീശുന്നുവെന്ന നിലയിൽ ഇതിനു പ്രത്യേകപ്രാധാന്യമുണ്ട്. ഇതിലെ “അരി”(1, 3)ക്ക് “അപരിചിതൻ”എന്നാണ് നാം അർഥം കൊടുക്കുന്നതെങ്കിലും “ആര്യൻ” അതിൽനിന്ന് നിഷ്പന്നമത്രേ. വിപുലമായ ആര്യസമൂഹത്തിലെ അംഗമായിരിക്കണം “അരി.” പിന്നീടാവണം അപരിചിതത്വവും ശത്രുത്വവുമൊക്കെ വന്നത്. ഈ സാമൂഹ്യസംഭവവികാസം യജ്ഞവിജയത്തിനു കളങ്കം വരുത്തിയെന്നു ഈ സൂക്തം സൂചിപ്പിക്കുന്നു (1). മൂന്നാം പദ്യം “അരി” നമ്മുടെ ബന്ധുവാണെന്നു വ്യക്തമായി കാണിക്കുന്നു. അതേ സമയം വിശാലമായ ആര്യസമുദായത്തിൽ പെടാത്തവൻ നിയമബാഹ്യനായ “ചെന്നായ”യാണ്; അവന്റെ പ്രവൃത്തികൾ നമുക്കു ഭീഷണിയാവുമ്പോൾ വിശേഷിച്ചും. ഈ രണ്ടുതരം ശത്രുക്കളെയും നശിപ്പിക്കാൻ കവി സോമനോടപേക്ഷിക്കുന്നു. നാലാം പദ്യം സോമന്റെ പ്രാപഞ്ചികമാനങ്ങൾ വരച്ചുകൊട്ടുന്നു. സ്വർഗത്തിൽനിന്നു ഭൂമിയിലേക്കുള്ള അവന്റെ വരവ്, “വിരലുകൾ”, വളർച്ച, സോമമൊരുക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവയെല്ലാം അവിടെ നമുക്കു കാണാം. ഈ പദ്യം സമർഥമായി നാഭി, വിരലുകൾ, തോൽ, കൈകൾ എന്നീ നാലു ശരീരാവയവങ്ങളോരോന്നും ഓരോ പ്രത്യേകശക്തിയെ കുറിക്കുന്നുവെന്നു വ്യക്തമാക്കുന്നു. അന്തിമപദ്യം സവനപ്രക്രിയ സംഗ്രഹിക്കുകയും തങ്ങളുടെ നിന്ദകരെ നശിപ്പിക്കാനും മദം കൊള്ളാനും അഭ്യർഥിക്കുകയും ചെയ്യുന്നു.

80. ഈ സൂക്തം സോമശുദ്ധീകരണത്തെക്കുറിച്ചുള്ള പതിവുകാര്യങ്ങൾ പ്രതിപാദിക്കുന്നതോടൊപ്പം സോമനും ദേവന്മാരുമായുള്ള, പ്രത്യേകിച്ച് ഇന്ദ്രനുമായുള്ള ബന്ധം ചിത്രീകരിക്കുന്നു. ഓരോ പദ്യത്തിലും ആ ബന്ധം വരുന്നുണ്ട്. ഇത് സൂക്തത്തിന്റെ സങ്കല്പനാത്മകരേഖാരൂപം വികസിപ്പിക്കുന്നു.

81. മുൻസൂക്തത്തിന്റെ അതേ കവിയുടെ ഈ സൂക്തം സോമനും ദേവന്മാരും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി അവതരിപ്പിക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ സോമയജ്ഞത്തിൽ പങ്കെടുക്കുന്ന ദേവന്മാരുടെ പട്ടിക നിരത്തുന്നു. മൂന്നാം പദ്യം രണ്ടു തവണ വസുശബ്ദം (നല്ലവനെന്നർഥം) പ്രയോഗിക്കുന്നു. കവിയുടെ പേരും അതുതന്നെ. ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ മധ്യസ്ഥനായി പ്രവർത്തിക്കുന്ന സോമന്റെ യത്നം രണ്ടാം പദ്യം വിവരിക്കുന്നു. അടുത്ത പദ്യത്തിൽ അവനിൽനിന്നു കവി സഹായം പ്രതീക്ഷിക്കുന്നു. 4–5 പദ്യങ്ങളിൽ ദേവന്മാർക്കുള്ള ക്ഷണം.

82. ഈ സൂക്തത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ സോമത്തിന്റെ അരിപ്പയ്ക്കു കുറുകയെയുള്ള യാത്രയുടെയും അതു പാലിൽ (ഇവിടെ നെയ്യെന്നാണ് പറഞ്ഞിരിക്കുന്നത്) കലർത്തുന്നതിന്റെയും സാമ്പ്രദായികമായ വിവരണമുൾക്കൊള്ളുന്നു. മൂന്നാം പദ്യം, പക്ഷേ, വളരെ സംക്ഷിപ്തമായ വാചകങ്ങളിലാണ്. സോമമെന്ന വാക്കില്ലതാനും. തൂവലുകളുള്ള പോത്തായാണ് അത് പ്രത്യക്ഷപ്പെടുന്നത്. അച്ഛൻ പർജന്യൻ (ഇടിമുഴക്കം). മഴയത്തു വളരുന്ന സസ്യത്തിന്റെ ബിംബകല്പന. പലപ്പോഴുമെന്നപോലെ, പർവതങ്ങളിലാണതിന്റെ വീട്. ഭൂമിയുടെ നാഭിയുമായാണ് അതിനെ താദാത്മ്യപ്പെടുത്തുന്നത്. യജ്ഞത്തിനു തയ്യാറാക്കുമ്പോൾ കഴുകുന്ന വെള്ളവും പിടിക്കല്ലുകളും പദ്യത്തിന്റെ ഉത്തരാർധത്തിൽ കാണാം. നാലാം പദ്യത്തിൽ വക്താവ് തന്റെ വാക്കിനെപ്പറ്റി അറിയിക്കുന്നത് ശ്രദ്ധേയമത്രേ.

83. പസിദ്ധമായ ഈ സൂക്തത്തിന്റെ വൈഷമ്യങ്ങളും അത്രതന്നെ പ്രസിദ്ധമാണ്. ഇത് പ്രശസ്തമായ വേനസൂക്തത്തെ (10. 123) അനുസ്മരിപ്പിക്കുന്നു. അതും സൂര്യനും സോമവും തമ്മിലുള്ള നിഗൂഢാത്മകമായ താദാത്മ്യത്തിലിടപെടുന്നു. സോമശബ്ദമോ അതിന്റെ വിശേഷണങ്ങളോ സൂക്തത്തിലൊരിടത്തും പരാമർശിക്കപ്പെടുന്നില്ല. ഇക്കാരണങ്ങളാൽ ഇത് പല വ്യാഖ്യാനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. കവിനാമമായ പവിത്രശബ്ദം മുൻപെന്നപോലെ ഇപ്പോഴും അരിപ്പ എന്ന അർഥത്തിലും പ്രയോഗിക്കപ്പെടുന്നു. ആദ്യപദ്യം അരിപ്പയിലേക്കു കടക്കാനാവശ്യമായ ഗുണങ്ങളും അത് പ്രതിനിധാനം ചെയ്യുന്നതെന്തെന്നും പ്രതിപാദിക്കുന്നു. രണ്ടാം പദ്യത്തിൽ ഈ അരിപ്പരൂപകത്തിന്റെ പ്രാപഞ്ചികമാനം തികച്ചും വ്യക്തമാണ്. ആകാശം മുഴുവൻ വ്യാപിച്ച രശ്മികളോടുകൂടിയ സൂര്യനെ, അരിപ്പയ്ക്കു കുറുകെ കടന്നുപോകുന്ന സോമത്തിന്റെ പാതയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഒന്നിലെ വേവിക്കലിന്നനുസരിച്ച് ഇവിടെ ചൂടും വന്നിട്ടുണ്ട്. ചൂട് സൂര്യന്റെ സവിശേഷതയാണല്ലോ. മൂന്നാം പദ്യവും നാലാം പദ്യത്തിന്റെ പൂർവാർധവും അവ്യക്തതയുടെ ഛായ പുരണ്ടവയായി അനുഭവപ്പെടുന്നു. സൂര്യ–സോമതാദാത്മ്യവും പ്രഭാതാന്തരീക്ഷവും, പക്ഷേ, അവിടെ തെളിഞ്ഞുകാണാം. പദ്യം 4–ലെ ഗന്ധർവകല്പന വേനസൂക്തവുമായി ബന്ധപ്പെടുത്തി പഠിക്കാം. അന്തിമപദ്യം സോമനെ രാജാവായി വാഴ്ത്തുന്നു. അരിപ്പ അവന്റെ തേരാണ്. അവൻ “ഗംഭീരമായ കീർത്തി” നേടുന്നു.

84. മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി ഇത് സോമം തയ്യാറാക്കുന്നതിൽ കേന്ദ്രീകരിക്കുന്നു. അതിന് പ്രാപഞ്ചികമാനമുണ്ടെങ്കിലും (2), സോമമാണു വിഷയമെന്നും വർണ്യം സോമമാണെന്നുമുള്ള കാര്യം വ്യക്തമാണ്. രണ്ടാം പദ്യത്തിലാണ് ഏറ്റവും രസകരമായ ബിംബകല്പന കാണപ്പെടുന്നത്. അവിടെ "സോമൻ കെട്ടുകയും കെട്ടഴിക്കുകയും ചെയ്യുന്നു". യജ്ഞതലത്തിൽ ഈ ശൈലി മിക്കവാറും സോമത്തിന്റെ അരിപ്പയിലെ ചെമ്മരിയാട്ടിൻതോലിന്റെ നൂലാമാലയിലൂടെയുള്ള യാത്രയെ പരാമർശിക്കുന്നു. പക്ഷേ, 9. 97. 18-ഉമായുള്ള താരതമ്യം, സോമം കുടിലമായ വഴിവിട്ട് നേർവഴിയിലൂടെ സഞ്ചരിക്കുന്നതിനാൽ, അതിനു ധാർമികശക്തിയുമുണ്ടെന്നു സൂചിപ്പിക്കുന്നു.

85. ജഗതിവിഭാഗത്തിലെ അവസാനത്തെ രണ്ടു സൂക്തങ്ങൾ (9. 85–86) പദ്യങ്ങളുടെ എണ്ണം കുറഞ്ഞുവരിക എന്ന പതിവുരീതി ഭഞ്ജിക്കുന്നു. പഞ്ചപദ്യവിഭാഗത്തിനു (9. 75–84) ശേഷം വരുന്ന ഇവയിൽ യഥാക്രമം 12 -ഉം 48-ഉം പദ്യങ്ങളുണ്ട്. ഇവയും, വാസ്തവത്തിൽ, ഹ്രസ്വസൂക്തങ്ങളായി വിഭജിക്കാവുന്നതാണ്. സൂക്തം 9. 85 നന്നാലു പദ്യങ്ങളുള്ള മൂന്നു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. 1–4 അടങ്ങുന്ന ഒന്നാം ഖണ്ഡം സൈനികനായ സോമനോടുകൂടി തുടങ്ങുന്നു. അവൻ ഒന്നിനും കൊള്ളാത്തവരും ശത്രുക്കളുമായ ശക്തികളെ അടക്കിനിർത്തുകയും അതേ ഉത്സാഹത്തോടെ ഇന്ദ്രനെ സഹായിക്കുകയും ചെയ്യുന്നു (1–2). അവന്റെ ഇന്ദ്രനുമായുള്ള ബന്ധം 3–4 പദ്യങ്ങളിൽ തുടരുന്നു. അവ രാജാവായും "ഞങ്ങൾക്കു" സ്ഥലം നേടുന്നവനായും സൈനികസോമന്റെ കൂടുതൽ വിധ്യാത്മകമായ സ്വഭാവം കാണിക്കുന്നു. രണ്ടാം ഖണ്ഡം (5–8) തികച്ചും ഋജുവും സോമന്റെ ശുദ്ധീകരണത്തിൽ കേന്ദ്രീകരിക്കുന്നതുമത്രേ. അവസാനഖണ്ഡം (9–12) വേനസൂക്തത്തോടു ശക്തമായ സാദൃശ്യം പുലർത്തുന്നു. അവ സൂര്യനോടു താദാത്മ്യപ്പെടുത്തപ്പെട്ട സ്വർഗീയസോമനെ സംബന്ധിക്കുന്നവയാണ്. അവൻ കാളയും കവിയും രാജാവും (9) മൂരിയും (10) പരുന്തും കുഞ്ഞും പക്ഷിയും (11) ഗന്ധർവനു(12)മായി പ്രത്യക്ഷപ്പെടുന്നു.

86. ദീർഘമായ ഈ സൂക്തത്തെ 16 തൃചങ്ങളായി വിഭജിക്കാം. തൃചങ്ങൾ തമ്മിൽ ചിലേടങ്ങളിൽ ആശയപരമായി ഐക്യം കാണുന്നില്ല. സോമസൂക്തങ്ങളുടെ പൊതുവിഷയങ്ങൾതന്നെ ഇവിടെയും. സാരസ്യവൈരസ്യങ്ങളും സമാനം.

87. മൂന്നാം പദ്യത്തിൽ കവിയായ ഉശനസ്സിന്റെ പേർ പരാമർശിച്ചിട്ടുണ്ട്. ഇതും പതിവുസോമസൂക്തംപോലെത്തന്നെ. സൈനികസോമൻ (2, 7), സോമന് ഇന്ദ്രനുമായുള്ള ബന്ധം (4, 8, 9) എന്നിവ പ്രത്യേകം എടുത്തു പറയാം. സോമൻ പങ്കെടുക്കുന്ന വലകഥ (3), ഗരുഡന്റെ സോമാപഹരണം (6), വലകഥയിൽ പശുക്കളെ വീണ്ടെടുക്കുന്നതിൽ സരമയുടെ പങ്ക് (8) എന്നിവ സ്പർശിച്ചുപോകുന്നുണ്ട്. ഒടുവിലത്തെ ഉദാഹരണത്തിൽ യാജ്ഞികവും പുരാവൃത്തപരവുമായ പ്രമേയങ്ങളുടെ ഉദ്ഗ്രഥനം കാണാം.

88. ഈ സൂക്തം ഉപമകളുടെ ഒരു പരമ്പരതന്നെയാണ്. ആദ്യപദ്യത്തിലേ വ്യക്തമായ ഉപമയില്ലാതുള്ളൂ. പല ഉപമകളും സോമനെ മറ്റു ദേവതകളുമായി താദാത്മ്യപ്പെടുത്തിക്കൊണ്ടുള്ളവയത്രേ (3–5, 7). അതുകൊണ്ട് ഈ താരതമ്യങ്ങളിലൂടെ ആ ദേവതകളുടെ ശക്തികളും പുരാവൃത്തകർമങ്ങളുമെല്ലാം സോമനുണ്ടെന്ന് പരോക്ഷമായി സൂചിപ്പിക്കുന്നു. ഒന്നാമത്തെയും എട്ടാമത്തെയും പദ്യങ്ങൾ പരസ്പരപൂരകങ്ങളാകുന്നു. ഒന്നാം പദ്യം ഇന്ദ്രനെ സംബോധന ചെയ്യുന്നതും സോമൻ വ്യക്തമായി അവന്റേതാണെന്നറിയിക്കുകയും ചെയ്യുമ്പോൾ, എട്ടാം പദ്യം ആദിത്യന്മാരുടെ ഗുണങ്ങളും സിദ്ധികളും പ്രത്യേകമായുള്ളവനാണവനെന്നു പ്രഖ്യാപിക്കുന്നു.

89. വെള്ളത്തിൽ സോമനെ തടിപ്പിക്കൽ, പുരോഹിതന്റെ വിരലുകൾകൊണ്ടുള്ള കൗശലപ്പണി, സോമന്റെ അരിപ്പയിലേക്കുള്ള യാത്ര, അവന്റെ പാൽമിശ്രണം എന്നിങ്ങനെ സോമം തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള പതിവുകാര്യങ്ങളാണ് ഈ സൂക്തത്തിൽ. പക്ഷേ, ഈ ചിത്രീകരണങ്ങളിലോരോന്നിനും പ്രാപഞ്ചികമാനമുണ്ട്. 1–2 പദ്യങ്ങൾ നോക്കുക. അവിടെ സോമനെ സ്വർഗീയമഴയുമായി താരതമ്യപ്പെടുത്തുന്നു.

90. ഏഴാം മണ്ഡലത്തിന്റെ കവിയായ വസിഷ്ഠന്റെ ഈ സൂക്തം വസിഷ്ഠഗോത്രപല്ലവിയോടുകൂടി അവസാനിക്കുന്നു (6). ഒന്നാം പദ്യത്തിൽ തുടങ്ങി സൈനികബിംബകല്പന മേൽക്കോയ്മ നേടുന്നു. 3, 4, 5 പദ്യങ്ങളിലും ഇതുതന്നെ നില. യുദ്ധത്തിന്റെ ലക്ഷ്യം, സമാധാനവും പുരോഗതിയും സുരക്ഷിതമാക്കുക എന്നിവ നാലാം പദ്യത്തിൽ വിശദമാക്കിയിരിക്കുന്നു. അഞ്ചാം പദ്യത്തിൽ സോമന്റെ വീര്യമുണ്ടാക്കാനുള്ള കഴിവിന്റെ ദിവ്യരായ അഭ്യുദയകാംക്ഷികളിൽ ചിലരുടെ പട്ടിക നിരത്തുന്നു.

91. ഈ സൂക്തത്തിലെ ആദ്യത്തെ മൂന്നു പദ്യങ്ങൾ അരിപ്പയ്ക്കു കുറുകെ പാൽമിശ്രണത്തിനും ഇന്ദ്രന്റെ അടുത്തേക്കുമുള്ള സോമന്റെ യാത്രയിൽ കേന്ദ്രീകരിക്കുന്നു. പക്ഷേ നാലാം പദ്യത്തിൽ മുൻസൂക്തത്തിലെ സൈനികവീര്യം പ്രകടമാവുന്നുണ്ട്. അവസാനത്തെ രണ്ടു പദ്യങ്ങൾ (5–6) തങ്ങളുടെ വാചികവും യാജ്ഞികവുമായ സേവനത്തിന് പകരമായി കൊള്ളമുതലിനും അനുഗ്രഹങ്ങൾക്കും അഭ്യർഥിക്കുന്നു.

92. പല സോമസൂക്തങ്ങളെയുംപോലെ ഈ സൂക്തത്തിലും സോമന്റെ യാത്ര വിവരിക്കുന്നു. പക്ഷേ, ഇവിടെ അവസാനത്തിലാണ് കേന്ദ്രീകരണം: സോമൻ ലക്ഷ്യത്തിലെത്തി മരികകളിലിരിക്കുന്നതിൽ. ഈ "ഇരിപ്പിട"പ്രമേയം ആറു പദ്യങ്ങളിൽ മൂന്നിലും (2, 3, 6) വരുന്നുണ്ട്. സോമൻ കാവ്യാവൃതനായ (3) കവിയുമാണ് (2). ഋഷികവിയും വാഗധിപനുമായ ഈ കവിയുമായുള്ള ബന്ധമാണ് ഈ സൂക്തത്തിലെ എല്ലാ ദേവന്മാരും

“നിന്റെ രഹസ്യ”ത്തിലാണെന്ന ഏറ്റവും ശ്രദ്ധേയമായ പ്രസ്താവനയ്ക്ക് മിക്കവാറും പ്രേരകം (4).
93. 1. 58–64 സൂക്തങ്ങളുടെ കവിയായ നോധസ് ഗൗതമന്റെപേരിലാണ് ഈ സൂക്തം അറിയപ്പെടുന്നത്. സൂക്തം അവസാനിക്കുന്നത് ഒന്നാം മണ്ഡലത്തലെ മിക്ക സൂക്തങ്ങളിലും കാണപ്പെടുന്ന ഗോത്രപല്ലവിയോടുകൂടിയത്രേ. പക്ഷേ, ആ രചനകളുടെ സവിശേഷഗുണം ഇവിടെ കാണപ്പെടുന്നില്ല. ആദ്യത്തെ മൂന്നു പദ്യങ്ങൾ സോമന്റെ മരികകളിലേക്കുള്ള യാത്രയും വെള്ളവും പാലുമായുള്ള മിശ്രണവും പ്രതിപാദിക്കുന്നു. അവസാനത്തെ രണ്ടെണ്ണം കൊള്ളമുതലിന്നുള്ള അപേക്ഷയുൾക്കൊള്ളുന്നു.
94. ഈ സൂക്തത്തിന്റെ അന്ത്യപദ്യത്തിന്റെ അന്ത്യപാദംവരെ സോമപദം വരുന്നില്ല. ഇതിൽ ധാരാളം ഉപമകളുണ്ട്. ഉപമേയംകൊണ്ടെന്താണുദ്ദേശിക്കുന്നതെന്നതിൽ ശൈലീപരമായ അവ്യക്തത കാണാം. 1, 3 പദ്യങ്ങൾ ഉദാഹരണം. ചില വാചകശൈലികളുടെ തിരിവുകളും അവ്യക്തത കൂട്ടുന്നു. ഉദാഹരണം നാലാം പദ്യം. സോമൻ കാവ്യാവൃതനായ കവിയാണു മുൻസൂക്തത്തിലെപ്പോലെ ഇവിടെയും (3). സൂക്തത്തിന്റെ മുഖ്യകേന്ദ്രം, വിശേഷിച്ച് ആദ്യത്തെ മൂന്നു പദ്യങ്ങളിൽ, യജ്ഞത്തിൽ പങ്കെടുക്കുന്ന മർത്ത്യപ്രതിനിധികളുടെയും സോമന്റെതന്നെയും കാവ്യോല്പന്നങ്ങളുടെ പരസ്പരവിനിമയമാകുന്നു.
95. മുൻസൂക്തത്തിലെന്നപോലെ, ഈ സൂക്തത്തിന്റെയും മുഖ്യവിഷയം സോമന്റെയും യാജ്ഞികരുടെയും കാവ്യയത്നങ്ങളുടെ പൂരകത്വവും വിനിമയവുമാണ്. ആദ്യത്തെ രണ്ടു പദ്യങ്ങളുടെ പ്രമേയം സോമന്റെ വാക്കാണ്. രണ്ടാംപദ്യത്തിൽ ദേവന്മാരുടെ ഗുഹ്യനാമങ്ങൾ (ഒളിഞ്ഞിരിക്കുന്ന പേരുകൾ) വെളിപ്പെടുത്തുകയും യജ്ഞഭൂമിയിൽ പ്രഖ്യാപിക്കുകയും ചെയ്യുന്നതോടെ അത് പരമകാഷ്ഠ പ്രാപിക്കുന്നു. പക്ഷേ, 3–4 പദ്യങ്ങളിൽ മനുഷ്യരുടെ വാഗ്രചനകൾ കേന്ദ്രസ്ഥാനമെടുക്കുന്നു. അന്തിമപദ്യം (5) സോമൻ മറ്റുള്ളവർക്കും വാക്കു പറഞ്ഞുകൊടുക്കുകയും അത് അവന്റേതാണെന്നു തോന്നുകയും ചെയ്യുന്നു.
96. പഞ്ചപദ്യസൂക്തങ്ങളുടെ പരമ്പരയ്ക്കുശേഷം വരുന്ന ഈ ചതുർവിംശതിപദ്യസൂക്തത്തെ നന്നാലു പദ്യങ്ങളുള്ള ആറു ലഘുസഞ്ചയങ്ങളായി മാറ്റിയെടുക്കാം. അവ തമ്മിൽ ആന്തരികമായ യോജിപ്പു കാണാനും കഴിയും. ആദ്യത്തെ നാലു പദ്യങ്ങളെടുക്കാം. ആദ്യത്തെ പദ്യം വ്യക്തമായും സൈനികനായ സോമനെ വരച്ചുകാട്ടുന്നു. അടുത്തതിലും ഇതു തുടരുന്നു. മൂന്നാം പദ്യത്തിൽ ഈ യുദ്ധത്തിന്റെ ഫലമായി അവൻ കുടിയേറിപ്പാർക്കാനുള്ള വിശാലമായ സ്ഥലം നേടുന്നു. നാലാം പദ്യം ഇതേത്തുടർന്നുള്ള സമാധാനത്തിന്റെ യും അഹിംസയുടെയും സന്ദേശമാണ് നൽകുന്നത്. ആദ്യത്തെ മൂന്നു പദ്യങ്ങളിൽ ഇന്ദ്രൻ പ്രത്യക്ഷമായി പരാമർശിക്കപ്പെടുന്നു. സഖ്യമാണ് കേന്ദ്രപ്രമേയമെന്നു 1, 2, 4 പദ്യങ്ങൾ വ്യക്തമാക്കുന്നു. അടുത്ത നാലു പദ്യങ്ങൾ (5–8) ശൈലീപരമായ പുരോഗതി കാണിക്കുന്നു. അഞ്ചാം പദ്യത്തിൽ ജനിതൃശബ്ദം ഏഴു തവണ ആവർത്തിക്കുന്നു. അടുത്ത പദ്യം (6) ആറു ഷഷ്ഠ്യന്തപദങ്ങളാൽ അലങ്കൃതം. ഏഴാം പദ്യം പവമാനസോമന്റെ ഗുണങ്ങളും സവിശേഷതകളും വിവരിക്കുന്നു. എട്ടാം പദ്യമാകട്ടെ, മധ്യമപുരുഷവിധായകപ്രത്യയങ്ങളാൽ മനോഹരമായിരിക്കുന്നു. മൂന്നാം ഖണ്ഡം (9–12) സൂക്താന്ത്യസംഗ്രഹപദ്യത്തോടെ അവസാനിക്കുന്നു. സോമന്റെ പൂർവയാജ്ഞികരുമായുള്ള ബന്ധം തുടർന്നുപോകണമെന്നാണ് ഈ ഖണ്ഡത്തിന്റെ താല്പര്യം. 13–16 പദ്യങ്ങളിൽ വിശേഷിച്ചൊരു പ്രമേയൈകരൂപ്യമൊന്നും കാണാനില്ല. 17–20 പദ്യങ്ങളാകട്ടെ, കവിയായ സോമന്റെ അരിപ്പയിൽനിന്നു മരികകളിലേക്കുള്ള യാത്ര സാധാരണ മട്ടിൽ വർണിക്കുന്നു. അവസാനഖണ്ഡത്തിലെ (21–24) അവസാനത്തെ മൂന്നു പദ്യങ്ങൾ ഒരു വിവാഹാഭ്യർഥനാബിംബകല്പനയോടെ ക്രന്ദനക്രിയാപ്രധാനമായി കാണപ്പെടുന്നു.
97. 58 പദ്യങ്ങളുള്ള ഇതാണ് *ഋഗ്വേദ*ത്തിലെ ഏറ്റവും ദീർഘമായ സൂക്തം. തൃചങ്ങളിലാണ് ഇത് സംവിധാനം ചെയ്തിരിക്കുന്നത്. ഇത് ഈ മണ്ഡലത്തിലെ അവസാനത്തെ ത്രിഷ്ടുപ്പുസൂക്തവുമാണ്. ആദ്യപാതിയിൽ (1–30) ഓരോ തൃചവും വസിഷ്ഠനോ വ്യത്യസ്തവസിഷ്ഠഗോത്രാംഗങ്ങളോ രചിച്ചതത്രേ. രണ്ടാം പാതി രണ്ടു വസിഷ്ഠേതരകവികൾ വിഭജിച്ചെടുത്തിരിക്കുന്നു. പൊതുവിൽ സോമസൂക്തങ്ങളുടെ രീതിയാണ് ഈ സൂക്തത്തിലും കാണുന്നത്. സോമം തയ്യാറാക്കൽ, അതിന്റെ അരിപ്പയിലൂടെയുള്ള യാത്ര, പാൽമിശ്രണം മുതലായവ. ദേവന്മാരെ, വിശേഷിച്ച് ഇന്ദ്രനെ, ഉത്തേജിപ്പിക്കാനുള്ള സോമന്റെ കഴിവ്; യാജ്ഞികരെയും കവികളെയും ശക്തിപ്പെടുത്താനുള്ള സോമന്റെ ശക്തിയും അതിനുള്ള പ്രയത്നവും, സോമമൊരുക്കുന്ന യാജ്ഞികർക്കുള്ള പ്രതിഫലം എന്നിവ ഇവിടെ പ്രതിപാദിക്കുന്നു. സൂക്തത്തിൽ പല ഉപമകളും രൂപകങ്ങളും കാണാം.
98. സോമസൂക്തങ്ങളുടെ പതിവുപ്രമേയംതന്നെയാണ് പ്രസ്തുതസൂക്തത്തിലും. സോമം തയ്യാറാക്കുന്നതിനുള്ള പതിവുഘട്ടങ്ങൾ (പ്രത്യേകിച്ച് 2–3, 6–10), സോമമൊരുക്കുന്ന മനുഷ്യർക്ക് അവൻ തരേണ്ടുന്ന ദാനങ്ങളെക്കുറിച്ചുള്ള ഓർമിപ്പിക്കൽ (1, 4–5, 12) എന്നിവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. സൂക്തത്തിന്റെ ആരംഭത്തിലും (1) അവസാനത്തിലും (12) സമ്മാനങ്ങൾക്കുള്ള അഭ്യർഥനയുമുണ്ട്.
99. ഈ സൂക്തത്തിന്റെ സവിശേഷതകൾ ചിന്താവൈവിധ്യങ്ങളും കാവ്യപ്രയോഗങ്ങളുമാണ്. വിശേഷിച്ച് ആദ്യപദ്യങ്ങളിലുള്ളവ (1–2, 4–5). സോമന്റെ മാനസികവും വാചികവുമായ ശക്തികൾ അവന്റെ മനുഷ്യരായ സ്തോതാക്കൾക്കു മഹത്തായ പാരിതോഷികമായിരിക്കും (6). പക്ഷേ, സോമം ഭൗതികമായി തയ്യാറാക്കുന്നതിനെ അവഗണിച്ചിട്ടുമില്ല.
100. ആദ്യം ഇത് അഞ്ചും നാലും പദ്യങ്ങളുള്ള രണ്ടു സൂക്തങ്ങളായിരുന്നുവെന്ന ഒരഭിപ്രായമുണ്ട്. ആദ്യത്തെ അഞ്ചു പദ്യങ്ങളിൽ അല്പസ്വല്പം മാറ്റം വരുത്തിയതാണ് അവസാനത്തെ നാലു പദ്യങ്ങളെന്നു കാണാവുന്ന

താണ്. അങ്ങനെ ആറാം പദ്യം അഞ്ചാം പദ്യത്തിന്റെയും നാലാം പദ്യം ഏഴാം പദ്യത്തിന്റെയും ഒന്ന് എട്ടിന്റെയും മൂന്ന് ഒൻപതിന്റെയും അനുരണനങ്ങളുൾക്കൊള്ളുന്നു.

101. അഞ്ചു തൃചങ്ങളും ഒരു പദ്യവുമടങ്ങുന്ന ഈ സൂക്തമാണ് അനുഷ്ടുപ്പുസൂക്തങ്ങളിൽ അവസാനത്തേത്. തൃചങ്ങൾ തമ്മിൽ ഒരാന്തരികബന്ധം കാണാം. ആദ്യത്തെയും അവസാനത്തെയും തൃചങ്ങളിലെ ആദ്യപദ്യങ്ങളിൽ സോമസവനശബ്ദം കേട്ട് യജ്ഞം ദുഷിപ്പിക്കുന്ന ഒരു നായ യജ്ഞഭൂമിയിലേക്കു വരികയും അതിനെ പുറത്താക്കുകയും ചെയ്യുന്ന ഒരു കല്പനയുണ്ട്. സോമപാനീയമൊരുക്കുന്നതിന്റെയും അരിപ്പയിലൂടെയും പാൽമിശ്രണത്തിലൂടെയുമുള്ള സോമന്റെ യാത്രയുടെയും ദേവന്മാരുമായി, വിശേഷിച്ച് ഇന്ദ്രനുമായി, സോമന്റെ ബന്ധത്തിന്റെയും വിശദാംശങ്ങളും ഇവിടെ വിവരിക്കപ്പെടുന്നു.

102. സോമൻ തയ്യാറാക്കപ്പെടുന്നതിനിടയിൽ കാവ്യസത്യത്തെ പ്രചോദിപ്പിക്കുന്നുവെന്ന പ്രമേയം ഈ സൂക്തത്തിന്റെ അന്തർധാരയായി നിലകൊള്ളുന്നു. പൊതുവിൽ സൂക്തത്തിന്റെ പുരോഗതിയും വ്യക്തതയുള്ളതാണ്. സവനം (2), അരിപ്പയിലൂടെ കടന്നുപോകൽ (3), അവസാനത്തെ പ്രവർത്തനങ്ങൾ (7) എന്നിങ്ങനെയുള്ള സോമന്റെ യാത്ര തുടരുകയാണ് അവിടെ. ശിശുവെന്ന നിലയിൽ സോമന് അമ്മമാരോടുള്ള ബന്ധമാണ് സൂക്തത്തിൽ അടിയൊഴുക്കായി കാണുന്ന മറ്റൊരു പ്രമേയം (1, 4, 7). അവർ അവനു ജന്മം നൽകുക മാത്രമല്ല, അവനെ യജ്ഞനിയമങ്ങളിൽ രൂപപ്പെടുത്തുകയും ചെയ്തു. 2, 3 പദ്യങ്ങളിൽ കവിയായ ത്രിതന്റെ പേര് ഉൾപ്പെടുത്തിക്കാണാം.

103. ഈ സൂക്തത്തിന്റെ ശൈലീവിജ്ഞാനപരമായ ഏറ്റവും പ്രമുഖസവിശേഷത ഇതിലെ ആദ്യപദ്യമൊഴിച്ച് മറ്റഞ്ചും "പരി" എന്ന ഉപസർഗത്തോടുകൂടിയാണ് തുടങ്ങുന്നതെന്നുള്ളതാണ്. ക്രമേണ പദ്യത്തിലെ മറ്റു ഭാഗങ്ങളുമായി ഇതിന്റെ ഉദ്ഗ്രഥനം കുറഞ്ഞുവരുന്നു. അരിപ്പയുൽ ചുറ്റും പകരപ്പെടുന്ന സോമത്തിന്റെ ചലനത്തിൽനിന്നാണ് ഈ പ്രയോഗം ഉദ്ഭവിക്കുന്നത്. മുൻസൂക്തത്തിലെപ്പോലെ സോമന്റെ യാത്രയും അവന്റെ യജ്ഞത്തിലെ പങ്കും യജ്ഞത്തിലെ വാഗ്വിനിമയത്തിലെ പങ്കാളിത്തവുമാണ് ഇവിടെയും പിന്തുടരുന്നത്. വേധസ്, വാഘത് എന്നിങ്ങനെയുള്ള സാങ്കേതികപദങ്ങളും ഇവിടെ കാണാം. കവിയുടെ വാഗവതരണവും കാവ്യചിന്തകളും (1) ഋഷികളുടെ ശബ്ദങ്ങളും (3) സോമന്റെതന്നെ "ചിന്തകളുടെ നേതാവെ"ന്ന വിശേഷണവും (4) സൂക്തത്തിൽ ദർശിക്കാം.

104. ഈ സൂക്തം അടുത്ത സൂക്തവുമായി ഉറ്റബന്ധമുള്ള ഇണയാണ്. രൂപ-ഭാവപരമായി എങ്ങനെ രണ്ടു സൂക്തങ്ങൾ തമ്മിൽ അല്പസ്വല്പം ഭേദഗതികൾ വരുത്താമെന്നതിന്റെ ഒരു *ഋഗ്വേദ*മാതൃക. ഉള്ളടക്കങ്ങൾ നിർണായകമല്ല. രണ്ടും വാർപ്പുമാതൃകയിലുള്ള സോമസൂക്തങ്ങൾ.

105. മുൻസൂക്തത്തിന്റെ ആമുഖം നോക്കുക.

106. ഉഷ്ണിക്സൂക്തസമാഹാരത്തിലെ ഈ അന്തിമസൂക്തം, നാലു തൃചങ്ങളായി തിരിക്കാവുന്ന നീണ്ട ഒന്നാണ്. 1–3, 4–6, 7–9, 10–12 എന്നിങ്ങനെ നാലു തൃചങ്ങളും അവസാനമായി രണ്ടു പദ്യങ്ങളും. സോമപനെന്ന നിലയിൽ ഇന്ദ്രനെ കേന്ദ്രീകരിക്കുന്നതാണീ സൂക്തം. വിശേഷിച്ച് ആദ്യഭാഗം. ആദ്യത്തെ മൂന്നു തൃചങ്ങളിലും സ്വർവിത്പ്രയോഗം കാണാവുന്നതുകൊണ്ട് സൂര്യനെ കണ്ടെത്തലും ഇതിൽ പ്രധാനവിഷയമാണ്.

107. ദീർഘമമായ ഈ സൂക്തം ഒൻപതാം മണ്ഡലത്തിലെ പതിവുപ്രമേയങ്ങളെല്ലാം മിക്കവാറും പ്രതിപാദിക്കുന്നുണ്ട്. സോമസവനം, അവന്റെ അരിപ്പയ്ക്കു കുറുകെയുള്ള യാത്ര, വെള്ളത്തിലേക്കുള്ള പ്രവേശം, പശുവിൻപാലുമായുള്ള മിശ്രണം, ലക്ഷ്യത്തിലെത്തിച്ചേരൽ, മരികകൾ എന്നിവയെല്ലാം. സോമന്റെ പ്രാപഞ്ചികവശത്തെക്കുറിച്ചുള്ള പരാമർശങ്ങളും (സ്വർഗീയമായ അകിട്, 5) പ്രാപഞ്ചികകർമങ്ങളും (സൂര്യനെ സ്വർഗത്തിലേക്കു കയറ്റൽ, 7) എന്നിവയും ഇടകലർന്നു വരുന്നുണ്ട്. മധ്യഭാഗത്തും അവസാനഭാഗത്തുമായി വരുന്ന സോമൻ പ്രവേശിക്കുന്ന സമുദ്രത്തെയും (9, 14, 15, 16, 21, 23) വെള്ളത്തെയും സോമന്റെതന്നെയുള്ള വികാസത്തെയും കുറിച്ചുള്ള പരാമർശവും. സൂക്താന്ത്യഭാഗത്ത് (19–20) വ്യക്തിപരമായ ഒരു തിരിവു കാണാം. അവിടെ കവി സോമനുമായുള്ള സഖ്യത്തെ വാഴ്ത്തുന്നു. കവി സോമപാനംകൊണ്ടു നേടുന്ന മാനസിക സിദ്ധി സൂചിപ്പിക്കുകയായിരിക്കാം.

108. *അനുക്രമണി*യനുസരിച്ച് 7 വിവിധകവികളാണ് ഈ സൂക്തം രചിച്ചത്. പക്ഷേ, *അനുക്രമണീ*വിവരണം പ്രഗാഥഘടനയുമായി ഒത്തുപോകുന്നില്ല. 4–6 പദ്യങ്ങളിൽ വലഗുഹാഭേദനവും 9–11 പദ്യങ്ങളിൽ സ്വർഗീയ സോമം മഴയുടെ ഭാഗമാണെന്നും സൂചിപ്പിച്ചിരിക്കുന്നു. ഈ പ്രാപഞ്ചികസോമം, പതിവുപോലെ, യാജ്ഞിക സോമത്തിനു സമാന്തരമായി വർണിക്കപ്പെടുന്നു. സോമമൊരുക്കുന്നതിന്റെ വിശദാംശങ്ങളാണ് സൂക്തത്തിലുടനീളം.

109. *അനുക്രമണി* ഈ സൂക്തത്തിന്റെ കവികളായി ധിഷ്ണ്യാഗ്നികളെ പറയുന്നുണ്ടെങ്കിലും ഇതിൽ അതിനു തെളിവൊന്നുമില്ല. വൃത്തം ലഘുവും സംക്ഷിപ്തവുമാണെങ്കിലും സൂക്തത്തിന്റെ ഉള്ളടക്കം പതിവുസോമസൂക്തങ്ങളുടേതുതന്നെ. 4, 5, 6, 7, 10 എന്നീ പദ്യങ്ങളിൽ "സ്വയം ശുദ്ധീകരിച്ചാലും" എന്ന പ്രയോഗം കാണാം. സോമം തയ്യാക്കുന്നതിനെപ്പറ്റി വിവരിക്കുന്നു.

110. ഉള്ളടക്കത്തിൽ ആദ്യത്തെയും അവസാനത്തെയും തൃചങ്ങൾ ഒരുവിധം ഋജുവാണ്. പ്രത്യേകിച്ച് അവസാനത്തെ മൂന്നു പദ്യങ്ങൾ ഭൂമിയിലെ യജ്ഞസോമനെ സംബന്ധിക്കുന്നതും ശത്രുക്കളെയും തടസ്സങ്ങളെയും

തുരത്താൻ മഹത്തായ ശക്തികളുള്ള അവനെ വാഴ്ത്തുന്നതുമാണ്. മൂന്നാം പദ്യത്തിൽ പ്രാപഞ്ചികസോമന്റെ ഒരു സൂചനയുണ്ട്. 4–9 പദ്യങ്ങളിൽ ഭൂമിയിലെ സോമ നും യജ്ഞത്തിലെ സോമനും പ്രാപഞ്ചികസോമനും തമ്മിലുള്ള അതിർത്തികൾ പലപ്പോഴും മാഞ്ഞുപോകുന്നതായി കാണാം. ദേവന്മാർ സോമനെ കൊതിക്കുന്നതും (6) സോമം പ്രാഥമികമായി തയ്യാറാക്കുന്നതും (7–8) വിവരിക്കപ്പെടുന്നു. ഈ വിഭാഗത്തിലെ അന്തിമപദ്യം (9) സോമന്റെ വിശ്വജനീനമായ ശക്തി പ്രഖ്യാപിക്കുന്നു.

111. സൂക്തം തുടങ്ങുന്നത് സോമന്റെ യാത്രയുടെ വർണ്ണനയോടുകൂടിയാണ്. അന്തിമപദ്യവും (3) ഇതിലേക്കു മടങ്ങുന്നു. വലകഥയാണ് രണ്ടാം പദ്യത്തിൽ വിവരിക്കുന്നത്.

112. ഒൻപതാം മണ്ഡലത്തിലെ അവസാനത്തെ മൂന്നു സൂക്തങ്ങൾ (112–114) പംക്തിവൃത്തത്തിലുള്ളവയും ഓരോ പദ്യത്തിന്റെയും അന്ത്യത്തിൽ ഒരേ പല്ലവി ഉൾക്കൊള്ളുന്നവയുമാകയാൽ മണ്ഡലത്തിന്റെ അനുബന്ധസൂക്തങ്ങളാണെന്ന് ഓൾഡൻ ബർഗ് അനുമാനിക്കുന്നു. ഈ സുന്ദരമായ സൂക്തത്തിനു സോമനുമായി വ്യക്തമായ ഒരു ബന്ധവുമില്ല. ഇതിനും അടുത്ത രണ്ടു സൂക്തങ്ങൾക്കും പൊതുവായ പല്ലവിയിലെ പരാമർശം മാത്രം അപവാദമായി കാണാം. ജനങ്ങളുടെ കടമകളുടെയും ലക്ഷ്യങ്ങളുടെയും വൈവിധ്യമാണ് സൂക്തത്തിന്റെ പ്രമേയമെങ്കിലും അത് ആനുഷംഗികമായി പരാമർശിക്കുന്നതുപോലെയേ തോന്നുന്നുള്ളൂ. അവസാനപദ്യം (4) മനുഷ്യലോകത്തെപ്പറ്റിയല്ല.

113. ഈ സൂക്തത്തിന്റെ പ്രത്യേകതാല്പര്യം രണ്ടാം പകുതിയിലെ സ്വർഗത്തെക്കുറിച്ചുള്ള ദർശനത്തിലാണുള്ളത്. അവിടത്തെ സ്വാതന്ത്ര്യം, ആനന്ദം, എല്ലാ ആഗ്രഹങ്ങളുടെയും സാഫല്യം എന്നിവയെക്കുറിച്ചുള്ള ബിംബകല്പനകൾ ശ്രദ്ധേയങ്ങളത്രേ. ഏറെക്കുറെ സാമ്പ്രദായികരൂപത്തിലുള്ള സോമസൂക്തമായാണ് ഇതും തുടങ്ങുന്നത്. ഒന്നാം പദ്യത്തിൽ കർമ്മം ചെയ്യുന്നതിനുവണ്ടി സ്വയം ശക്തിപ്പെടുത്താൻ സോമം കുടിക്കുന്നതിനു ഇന്ദ്രനെ ഉദ്ബോധിപ്പിക്കുന്നു. അടുത്ത പദ്യത്തിൽ സോമനോട് സ്വയം ശുദ്ധീകരിക്കാൻ ആവശ്യപ്പെടുന്നു. പിന്നീടു 4–6 പദ്യങ്ങളിൽ പറയുന്ന സത്യമായ യജ്ഞവാക്കിന്റെ പ്രമേയം ഇവിടെത്തന്നെ അവതരിപ്പിക്കുന്നു. സോമലതയ്ക്കു രസം നൽകുന്ന മഴയെക്കുറിച്ചുള്ള പരാമർശമാണ് മൂന്നാം പദ്യത്തിൽ. സൂര്യപുത്രിയെയും ഗന്ധർവന്മാരെയും സംബന്ധിച്ച പുരാവൃത്തപരാമർശത്തിനു വേണ്ടത്ര വ്യക്തതയില്ല. 6–7 പദ്യങ്ങൾ സോമം തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള പ്രമേയത്തിൽനിന്നു സ്വർഗദർശനത്തിന്റേതിലേക്കുള്ള (7–11) സംക്രമണത്തെ സൂചിപ്പിക്കുന്നു.

114. സോമമണ്ഡലത്തിലെ ഈ അന്തിമസൂക്തം ഒരു പുനശ്ചിന്തയുടെ ഭാവം പ്രകടിപ്പിക്കുന്നു. രണ്ടാം പദ്യത്തിൽ ഋഷി സ്വയം സംബോധന ചെയ്യുന്നു. ഒന്നാം പദ്യത്തിലെ ഭാഗ്യവാനായി ചിത്രീകരിക്കപ്പെട്ട യാജ്ഞികൻ കശ്യപനാവാനാണ് മിക്കവാറും സാധ്യത എന്നും തോന്നുന്നു. മൂന്നാം പദ്യത്തിൽ സോമനോടു തന്നെ രക്ഷിക്കണമെന്നു പറയുന്നു. നാലാം പദ്യത്തിൽ ഇത് ആവർത്തിക്കുകയും തങ്ങൾ ഒഴിവാക്കാനാഗ്രഹിക്കുന്ന അപകടങ്ങളെ വിപുലപ്പെടുത്തുകയും ചെയ്യുന്നു.

*ഗായത്രീസൂക്തങ്ങൾ (1–67):*

### ഒൻപതാം മണ്ഡലം, ഒന്നാം സൂക്തം

മധുച്ഛന്ദസ് വൈശ്വാമിത്രൻ ഋഷി; 10 പദ്യങ്ങൾ; വൃത്തം ഗായത്രി; സോമ പവമാനൻ ദേവത

ഒൻപതാം മണ്ഡലത്തിൽ സോമപവമാനസൂക്തങ്ങൾക്കുവേണ്ടിമാത്രം നീക്കിവെക്കപ്പെട്ടിരിക്കുന്നു. 114 സൂക്തങ്ങൾ ഇതിലുണ്ട്. ദൈവീകൃതയജ്ഞവസ്തുവും മാദകപാനീയവുമായവുമായ ശുദ്ധീകൃതസോമമൊരുക്കുകയും ഹവിസ്സായി ദേവന്മാർക്കർപ്പിക്കുകയും ചെയ്യുക ഏറ്റവും പ്രധാനമായ വൈദികകർമ്മമത്രേ. പിഴിഞ്ഞെടുത്ത സോമം, വെള്ളം ചേർത്ത് നേർപ്പിക്കുന്നതിനുമുൻപ്, ചെമ്മരിയാട്ടിൻതോലിലൂടെ പകർന്നു ശുദ്ധീകരിച്ചതിനുശേഷം പാലിൽ മിശ്രണം ചെയ്ത് പാത്രങ്ങളിൽ ഹവിസ്സാക്കി പകരുകയാണ് പതിവ്.

സോമരസം സോമനായി ചിത്രീകരിക്കപ്പെടുന്നു. സോമൻ രാജാവും ദേവനുമാണ്. ഊർജസ്വലനായ കാളയും ദ്രുതഗതിയായ പന്തയക്കുതിരയും പറക്കുന്ന പക്ഷിയുമാണ്. ചെമ്മരിയാട്ടിൻതോലിന്റെ അരിപ്പ പെണ്ണാടും പാൽ പശുക്കളുടെ കൂട്ടവും സോമക്കാളയുമായി ഇണചേരാൻ ഉത്സുകരുമാകുന്നു. ഈ യജ്ഞഘടകങ്ങൾക്കൊക്കെ പ്രാപഞ്ചികമാനങ്ങൾ നൽകിയിരിക്കുന്നു. സ്വർഗത്തിനും ഭൂമിക്കും മധ്യത്തിളുള്ള തൂണാണ് സോമം. സ്വർഗത്തിന്റെയോ ഭൂമിയുടെയോ മുഴുവൻ ഉപരിതലമാണ് ചെമ്മരിയാട്ടിൻ തോൽ. നേർപ്പിക്കാനുള്ള വെള്ളം സോമത്തിരയടിക്കുന്ന വിശാലസമുദ്രം. മിന്നിത്തിളങ്ങുന്ന ഉജ്വലമായ പാൽ സൂര്യനോ ദിനപ്രഭയാർന്ന ആകാശമോ ആകുന്നു. ചുരുക്കത്തിൽ സോമമണ്ഡലത്തെ പ്രണയിക്കാതിരിക്കാൻ പ്രയാസം. പാരമ്പര്യകവിത എങ്ങനെയുണ്ടാക്കാമെന്നതിനു മാതൃകകൂടിയാണത്.

മണ്ഡലത്തിലെ ആദ്യത്തെ 67 സൂക്തങ്ങൾ ഗായത്രീവൃത്തത്തിലാണ്. 68–86 ജഗതിയിൽ. ത്രിഷ്ടുപ്പിൽ 87–97. 98–101 അനുഷ്ടുപ്പിലും 102–106 ഉഷ്ണിക്കിലും 107–108 പ്രഗാഥഘടനയിലും മറ്റുള്ളവ (109–114) പലവക വൃത്തങ്ങളിലുമാണ് രചിച്ചിട്ടുള്ളത്.

സോമം തയ്യാറാക്കൽ, സോമത്തിന്റെ ശക്തികൾ (3–5), സോമമൊരുക്കുന്നതിനു സഹായിക്കുന്ന സ്ത്രീകളുടെ (വിരലുകൾ സ്ത്രീകളാണിവിടെ) പട്ടിക (6–9), പഴിഞ്ഞെടുക്കുന്ന വിരലുകൾ (7–8), സോമമിശ്രണത്തിനുള്ള പാൽ നൽകുന്ന പശുക്കൾ (9) എന്നിവ പൊതുവിൽ സോമസൂക്തങ്ങളുടെ വിഷയങ്ങൾതന്നെ. പക്ഷേ,

സൂര്യപുത്രി അവയിൽ പെടുന്നില്ല. അന്യഥാ അവൾ സോമമണ്ഡലത്തിന്റെ അന്ത്യഭാഗത്തു മാത്രമേ (113. 3) പ്രത്യക്ഷപ്പെടുന്നുള്ളൂ. ഇവിടെ അവളുടെ പങ്കെന്തെന്നു വ്യക്തമല്ല. ഒരു പക്ഷേ, പ്രാതഃസവനത്തിന്റെ സൂചനയായാവാം.

**1. സ്വാദിഷ്ഠയാ മദിഷ്ഠയാ**
**പവസ്വ സോമ ധാരയാ**
**ഇന്ദ്രായ പാതവേ സുതഃ**

*സോമ ഇന്ദ്രായ പാതവേ സുതഃ* സോമാ! ഇന്ദ്രനു കുടിക്കാൻ പിഴിഞ്ഞെടുക്കപ്പെട്ട്
*സ്വാദിഷ്ഠയാ മദിഷ്ഠയാ ധാരയാ പവസ്വ* ഏറ്റവും മധുരമുള്ളതും ഏറ്റവും മത്തുപിടിപ്പിക്കുന്നതുമായ അരുവിയിൽ നീ സ്വയം ശുദ്ധികരിച്ചാലും!

**2. രക്ഷോഹാ വിശ്വചർഷണി-**
**രഭി യോനിമയോഹതം**
**ദ്രുണാ സധസ്ഥമാ സദത്**

*രക്ഷോഹാ വിശ്വചർഷണിഃ അയോഹതം* രക്ഷസ്സിനെ നശിപ്പിക്കുന്നവനും എല്ലാ സാമ്രാജ്യങ്ങൾക്കും പൊതുവിലുള്ളവനുമായ അവൻ ലോഹംകൊണ്ടിടിച്ച
*യോനിം ദ്രുണാ സധസ്ഥം അഭി ആ അസദത്* യോനിയിലെ മരംകൊണ്ടുള്ള തന്റെ ഇരിപ്പിട(പാത്ര)ത്തിൽ ഇരുന്നു.

**3. വരവോധാതമോ ഭവ**
**മംഹിഷ്ഠോ വൃത്രഹന്തമഃ**
**പർഷി രാധോ മഘോനാം**

*വരിവോധാതമഃ* വിപുലമായ മണ്ഡലത്തിന്റെ ഏറ്റവും വലിയ സ്ഥാപകനും
*മംഹിഷ്ഠഃ വൃത്രഹന്തമഃ ഭവ* ഏറ്റവും ഉദാരനും ഏറ്റവും വലിയ തടസ്സങ്ങൾ നശിപ്പിക്കുന്നവനുമായാലും!
*മഘോനാം രാധഃ പർഷി* ഉദാരന്മാരുടെ കൊള്ളമുതൽ (ഞങ്ങൾക്കു) തന്നാലും!

**4. അഭ്യർഷ മഹാനാം**
**ദേവാനാം വീതിമന്ധസാ**
**അഭി വാജമുത ശ്രവഃ**

*അന്ധസാ മഹാനാം ദേവാനാം വീതിം അഭി* നിന്റെ തണ്ടോടുകൂടി മഹാന്മാരായ ദേവന്മാരെ പിന്തുടർന്ന് അവരുടെ അടുത്തേക്കും
*ഉത വാജം ശ്രവഃ അഭി അർഷ* വിജയസമ്മാനത്തിനും കീർത്തിക്കുംവേണ്ടി അവയുടെ അടുത്തേക്കും കുതിച്ചാലും!

**5. ത്വാമച്ഛാ ചരാമസി**
**തദിദർഥം ദിവേ ദിവേ**
**ഇന്ദോ ത്വേ ന ആശസഃ**

*ഇന്ദോ ത്വാ അച്ഛ ചരാമസി* കണമേ! നിന്റെനേർക്കു ഞങ്ങൾ വരുന്നു.
*ദിവേ ദിവേ തദ് ഇദ് അർഥം* ഓരോ ദിവസവും ഞങ്ങളുടെ ലക്ഷ്യമിതാണ്:
*നഃ ആശസഃ ത്വേ* ഞങ്ങളുടെ പ്രതീക്ഷകൾ നിന്നിലത്രേ!

**6. പുനാതി തേ പരിസ്രുതം**
**സോമം സൂര്യസ്യ ദുഹിതാ**
**വാരേണ ശശ്വതാ തനാ**

*സൂര്യസ്യ ദുഹിതാ ശശ്വതാ തനാ* സൂര്യപുത്രി അപരാജിതമാംവിധം
*വാരേണ തേ പരിസ്രുതം സോമം പുനാതി* ചെമ്മരിയാട്ടിൻതോലരിപ്പയിലൂടെ നിന്നെ ചുറ്റുന്ന സോമം ശുദ്ധീകരിക്കുന്നു.

**7. തമീമണ്വീ സമര്യ ആ**
**ഗൃഭ്ണന്തി യോഷണോ ദശ**
**സ്വസാരഃ പാര്യേ ദിവി**

*അണ്വീഃ സ്വസാരഃ ദശ യോഷണഃ* മൃദുലകളും സഹോദരിമാരുമായ പത്തു കന്യകമാർ (കൈവിരലുകൾ)
*സമര്യേ പാര്യേ ദിവി തം ഈം ആ ഗൃഭ്ണന്തി* മത്സരത്തിലെ നിർണായകദിവസത്തിൽ അവനെ ആലിംഗനം ചെയ്യുന്നു.

**8. തമീം ഹിന്വന്ത്യഗ്രുവോ**
**ധമന്തി ബാകുരം ദൃതിം**

**ദേവാനാം വീതിമന്ധസാ**
**അഭി വാജമുത ശ്രവഃ**
*അന്ധസാ മഹാനാം ദേവാനാം വീതിം അഭി* നിന്റെ തണ്ടോടുകൂടി മഹാന്മാരായ ദേവന്മാരെ പിന്തുടർന്ന് അവരുടെ അടുത്തേക്കും
*ഉത വാജം ശ്രവഃ അഭി അർഷ* വിജയസമ്മാനത്തിനും കീർത്തിക്കുംവേണ്ടി അവയുടെ അടുത്തേക്കും കുതിച്ചാലും!

**5. ത്വാമച്ഛാ ചരാമസി**
**തദിദർഥം ദിവേ ദിവേ**
**ഇന്ദോ ത്വേ ന ആശസഃ**
*ഇന്ദോ ത്വാ അച്ഛ ചരാമസി* കണമേ! നിന്റെനേർക്കു ഞങ്ങൾ വരുന്നു.
*ദിവേ ദിവേ തദ് ഇദ് അർഥം* ഓരോ ദിവസവും ഞങ്ങളുടെ ലക്ഷ്യമിതാണ്:
*നഃ ആശസഃ ത്വേ* ഞങ്ങളുടെ പ്രതീക്ഷകൾ നിന്നിലത്രേ!

**6. പുനാതി തേ പരിസ്രുതം**
**സോമം സൂര്യസ്യ ദുഹിതാ**
**വാരേണ ശശ്വതാ തനാ**
*സൂര്യസ്യ ദുഹിതാ ശശ്വതാ തനാ* സൂര്യപുത്രി അപരാജിതമാംവിധം
*വാരേണ തേ പരിസ്രുതം സോമം പുനാതി* ചെമ്മരിയാട്ടിൻതോലരിപ്പയിലൂടെ നിന്നെ ചുറ്റുന്ന സോമം സ്വയം ശുദ്ധീകരിക്കുന്നു.

**7. തമീമണ്വീ സമര്യ ആ**
**ഗൃഭ്ണന്തി യോഷണോ ദശ**
**സ്വസാരഃ പാര്യേ ദിവി**
*അണ്വീഃ സ്വസാരഃ ദശ യോഷണഃ* മൃദുലകളും സഹോദരിമാരുമായ പത്തു കന്യകമാർ (കൈവിരലുകൾ)
*സമര്യേ പാര്യേ ദിവി തം ഈം ആ ഗൃഭ്ണന്തി* മത്സരത്തിലെ നിർണായകദിവസത്തിൽ അവനെ ആലിംഗനം ചെയ്യുന്നു.

**8. തമീം ഹിന്വന്ത്യഗ്രുവോ**
**ധമന്തി ബാകുരം ദൃതിം**
**ത്രിധാതു വാരണം മധു**
*അഗ്രുവഃ ബാകുരം ദൃതിം ധമന്തി* അവിവാഹിതകളായ പെൺകുട്ടികൾ ഭാസുരമായ തോൽസഞ്ചിയിൽ ഊതവേ
*ത്രിധാതു വാരണം മധു തം ഈം ഹിന്വന്തി* മൂന്നുവിധം കാട്ടുതേനിന് അവനെ പ്രേരിപ്പിക്കുന്നു.

**9. അഭീമമഘ്ന്യാ ഉത**
**ശ്രീണന്തി ധേനവഃ ശിശും**
**സോമമിന്ദ്രായ പാതവേ**
*ഉത അഘ്ന്യാഃ ധേനവഃ ശിശും* മാത്രമല്ല, കൊല്ലപ്പെടാനാവാത്ത കറവപ്പശുക്കൾ, കന്നുകുട്ടിക്കെന്നപോലെ,
*ഇന്ദ്രായ പാതവേ ഇമം സോമം ശ്രീണന്തി* ഇന്ദ്രനു കുടിക്കാൻ ഈ സോമമൊരുക്കുന്നു.

**10. അസ്യേദിന്ദ്രോ മദേഷ്വാ**
**വിശ്വാ വൃത്രാണി ജിഘ്നതേ**
**ശൂരോ മഘാച മംഹതേ**
*ശൂരഃ ഇന്ദ്രഃ അസ്യ മദേഷു ഇത്* യോദ്ധാവായ ഇന്ദ്രൻ ഈ (സോമ)ത്തിന്റെ ലഹരികളിൽ മാത്രമാണ്
*വിശ്വാ വൃത്രാണി ആ ജിഘ്നതേ മഘാ മംഹതേ ച* എല്ലാ തടസ്സങ്ങളും തകർക്കുന്നതും കൊള്ളമുതലുകൾ നൽകുന്നതും!

★

«

**പത്താം മണ്ഡലം**

ഒന്നാം മണ്ഡലത്തിലെപ്പോലെ പത്താം മണ്ഡലത്തിലും 191 സൂക്തങ്ങളാണുള്ളത്. പക്ഷേ പത്താം മണ്ഡലം കൂടുതൽ 'പലവക'സ്വഭാവമുള്ളതും അയഞ്ഞ ഘടനയുള്ളതുമാണ്. *ഋഗ്വേദം* ക്രോഡീകരിക്കപ്പെട്ടപ്പോൾ അവസാനം കൂട്ടിച്ചേർത്തതാവാം ഇത്. താരതമ്യേന പുതിയ ഭാഷാശാസ്ത്രസവിശേഷതകളും "ജനകീയ"പ്രമേയങ്ങളും ഇവിടെ കാണാം. ശ്മശാനം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ടവയും നാടകീയസ്വഗതാഖ്യാനങ്ങൾ, സംഭാഷണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നവയും ശമനൗഷധിമന്ത്രങ്ങളും ശാപവുമെല്ലാം ഉണ്ട്. മണ്ഡലത്തിന്റെ ഏതാണ്ട് പകുതിയും പൊതുവിൽ വ്യക്തികളായ കവികളുടെ സൂക്തങ്ങളാണ്.

ആദ്യത്തെ ഒൻപതു സൂക്തങ്ങൾ ത്രിത ആപ്ത്യന്റെയും (1–7) ത്രിശിരസ് ത്വാഷ്ട്രന്റെയും (8–9) പേരിലാണ്. ത്രിത ആപ്ത്യന്റെ മുഴുവൻ സൂക്തങ്ങളും 10. 8–ന്റെ മൂന്നിൽ രണ്ടു ഭാഗങ്ങളും അഗ്നിക്കു സമർപ്പിക്കപ്പെട്ടവയാണ്; 10. 8–ന്റെ അവസാനത്തെ മൂന്നു പദ്യങ്ങൾ (7–9) *അനുക്രമണി*യനുസരിച്ച് ഇന്ദ്രന്നും. അന്തിമ സൂക്തം (10. 9) ജലത്തിനുള്ളതത്രേ. പ്രഭാതത്തിലെ യജ്ഞാഗ്നിയുടെ ജന്മവിവരണത്തോടെ സൂക്തം ആരംഭിക്കുന്നു. "ജാത"ശബ്ദം നാലു തവണ ഇവിടെ ആവർത്തിക്കുന്നു (1–3, 6). ഉദിച്ചുയരുന്ന ഈ അഗ്നിക്ക് പ്രാപഞ്ചികമായ പ്രാധാന്യമുണ്ട്. രണ്ടു ലോകാർധങ്ങളുടെയും ഭ്രൂണമായി ഇതിനെ താദാത്മ്യപ്പെടുത്തുന്നു (2). ഗംഭീരമായ പ്രാപ്തിയിൽ അതിനെ വിഷ്ണുവോടു താരതമ്യപ്പെടുത്തുന്നു (3). സൂക്തകാരന്മാർക്കും അവരുടെ പങ്ക് അനുവദിച്ചിട്ടുണ്ട് (3). സൂക്തം പുരോഗമിക്കവേ, അഗ്നിയുടെ യജ്ഞപൗരോഹിത്യപങ്കാളിത്തത്തിൽ ഊന്നുന്നു (5–7). അവസാനപദ്യത്തിൽ (7) അഗ്നിയെ യജ്ഞഭൂമിയിലേക്കു കൊണ്ടുവരാൻ അയയ്ക്കുന്നു. അവിടെയാണല്ലോ യജ്ഞത്തിന് ആരംഭിക്കാൻ കഴിയുക.

രണ്ടാം സൂക്തത്തിന്റെ ഏറ്റവും പ്രധാനസവിശേഷത യജ്ഞക്രമത്തെപ്പറ്റിയുള്ള താല്പര്യവും അഗ്നിദേവനെന്ന നിലയിൽ ഈ ക്രമങ്ങൾ ശരിയായി സംവിധാനം ചെയ്യപ്പെട്ടതും അനുഷ്ഠിക്കപ്പെടുന്നതുമാണോ എന്നുറപ്പു വരുത്തുന്നുവെന്നതുമാണ്. യജ്ഞപരിപാടിയിലെ കേന്ദ്രമുഖമെന്ന നിലയിൽ അഗ്നിയിൽ ഊന്നുകയാണിവിടെ. അഗ്നിക്കുള്ള ഏറ്റവും വലിയ ഗുണമായി സൂക്തത്തിൽ ചിത്രീകരിക്കുന്നത് ജ്ഞാനമാണ്. അവൻ വിദ്വാൻ, പ്ര വിദ്വാൻ എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്നു (1, 3, 4, 7). തിരിച്ചറിവാണ് മറ്റൊന്ന്. വിജാനൻ എന്നു പറയുന്നതു നോക്കുക (5). മന്ധാതാ (ചിന്തയുടെ സ്ഥാപകൻ, 2) എന്നു വിശേഷിപ്പിക്കാനും ഇതുതന്നെ കാര

ണം. മർത്ത്യർ അവിദുഷ്ടരന്മാരും (അജ്ഞാനികൾ, 4) ധാർമികവും യാജ്ഞികവുമായ തെറ്റുകൾ വരുത്തുന്നവരുമത്രേ (4–5). ദേവയാനത്തെയും പിതൃയാനത്തെയും കുറിച്ചുള്ള വിചാരം (3, 7) ഇതേ മണ്ഡലത്തിൽ പിന്നീടു ധാരാളമായി പരാമർശിക്കപ്പെടുന്നതാണ്.

രാത്രിയിൽനിന്നു പ്രഭാതത്തിലേക്കുള്ള സംക്രമണമുഹൂർത്തമാണ് മൂന്നാം സൂക്തത്തിൽ കൊണ്ടാടപ്പെടുന്ന സംഭവം. അപ്പോഴാണ് യജ്ഞാഗ്നി ജ്വലിപ്പിക്കപ്പെടുന്നത്. ആദ്യത്തെ മൂന്നു പദ്യങ്ങളിലെ വിഷയം സ്ത്രീയായ രാത്രിയുടെമേലുള്ള അഗ്നിയുടെ വിജയവും സ്ത്രീതന്നെയായ ഉഷസ്സിനെ അവൻ സ്വാഗതം ചെയ്യുന്നതുമാണ്. അഗ്നിയുടെ വ്യാപകമായ പ്രകാശം സൂക്തമാകെ പരന്നുനിൽക്കുന്നു. ധാരാളം വാക്കുകളിൽ അവന്റെ പ്രകാശകിരണങ്ങളും ഔജ്ജ്വല്യവും പ്രകടിപ്പിക്കപ്പെടുന്നു. അവന്റെ യാത്രകൾ "ജ്വലിപ്പിക്കുന്നു"വെന്നാണു പറയുന്നത് (4). അവന്റെ കിരണങ്ങൾ "സ്വയം ശുദ്ധീകരിക്കുന്നു" (5). അഗ്നി "അരതി" (ആരക്കാൽച്ചക്രം – 1, 2, 6, 7). തേരിന്റെയും യാത്രയുടെയും ബിംബകല്പനകളും ഇതിൽ ഒട്ടേറെയുണ്ട് (4, 6, 7).

നാലാം സൂക്തത്തിൽ അഗ്നിയുടെ ജനനവും വളർച്ചയും വിവരിക്കുന്നു. ഇതിലെ അസാധാരണമായ ചില കല്പനകളാണ് സൂക്തത്തെ ശ്രദ്ധേയമാക്കുന്നത്. ഒന്നാം പദ്യത്തിൽ അഗ്നിയെ "തരിശുഭൂമിയിലെ ആദ്യപാനീയ"വുമായി സാദൃശ്യപ്പെടുത്തുന്നു. 2–3 പദ്യങ്ങളിൽ വളർത്തുമൃഗങ്ങളുൾക്കൊള്ളുന്ന ഉപമാപരമ്പരതന്നെ കാണാം. അരണി ഉദിച്ചുയരുന്ന അഗ്നിയെ ഒളിപ്പിക്കുകയും അതിനെ ഭക്ഷിക്കുകയും ചെയ്യുന്നുവെന്നാണ് 4–6 പദ്യങ്ങളിലെ കല്പന. പദ്യം 6–ൽ അഗ്നിയെ പരിചരിക്കുന്ന പുരോഹിതന്റെ കൈകൾ മരങ്ങളിൽ ജീവൻ പണയം വെച്ചുപോലും പ്രവേശിക്കുന്ന കള്ളന്മാരോട് ഉപമിക്കപ്പെട്ടിരിക്കുന്നു. ഇത് അല്പം വിശദീകരണമാവശ്യപ്പെടുന്നുണ്ട്.

രഹസ്യാത്മകവും നിഗൂഢത നിറഞ്ഞതുമാണ് അഞ്ചാം സൂക്തം. *ഋഗ്വേദ*ത്തിലെ അത്തരം മറ്റു സൂക്തങ്ങളുമായി സങ്കല്പനപരവും വാചകശൈലീപരവുമായ ഒട്ടേറെ ബന്ധങ്ങളുള്ളതാണിത്. ധാരാളം വ്യാഖ്യാനങ്ങൾ ഈ സൂക്തത്തിനുണ്ടായിട്ടുണ്ട്. ജാമിസൺ–ന്റെ അഭിപ്രായത്തിൽ, അഗ്നിയുടെ/യജ്ഞാഗ്നിയുടെ ജനനവും വളർച്ചയും അതിന്റെ ജ്വാലകളുടെയും പുകയുടെയും സ്വർഗത്തിലേക്കുള്ള ഉയർച്ചയും ആണ് ഇതിലെ പ്രമേയം. കൂടാതെ, സൃഷ്ടിയുടെ രഹസ്യങ്ങളും കവികളുടെ, കൃത്യമായിപ്പറഞ്ഞാൽ ഋഷികവികളുടെ, ഗോത്രങ്ങളും ഇവിടെ ചർച്ച ചെയ്യുന്നു. സൂക്തമാകെ അഗ്നി നിറഞ്ഞുനിൽക്കുന്നുണ്ടെങ്കിലും ഏഴാം പദ്യത്തിൽമാത്രമേ അവൻ പേരെടുത്തു പരാമർശിക്കപ്പെടുന്നുള്ളൂ. സമുദ്രത്തിന്റെ പരാമർശത്തോടെ സൂക്തം തുടങ്ങുന്നു. ഈ സമുദ്രം യഥാർഥത്തിൽ നമ്മുടെ ഹൃദയത്തിലാണെന്നും അത് കാവ്യപരമായ ഉൾക്കാഴ്ച്ചയുടെ സ്രോതസ്സാണെന്നും സാഹചര്യങ്ങളിൽനിന്നു മനസ്സിലാക്കാം. ഈ സമുദ്രം ഒന്നേയുള്ളൂ. പക്ഷേ, അതിൽനിന്നുണ്ടാവുന്ന അഗ്നിക്ക് പല ജന്മങ്ങളുണ്ട്. അഗ്നിയേക്കാളും അവൻ പ്രതിനിധാനം ചെയ്യുന്ന യജ്ഞത്തേക്കാളും കാവ്യത്തിന്റെ മുൻഗണന സ്ഥാപിക്കുകയാണ് കവിയുടെ ഉദ്ദേശ്യമെന്നു തോന്നുന്നു. അഗ്നിയെ

പക്ഷിയോടു താദാത്മ്യപ്പെടുത്തുന്നതിൽനിന്ന് പിന്നീടുള്ള അവന്റെ സ്വർഗത്തിലേക്കുള്ള യാത്രയെ മുൻകൂട്ടി കാണുന്നതുപോലെ തോന്നുന്നു.

മുൻസൂക്തത്തിലെ നിഗൂഢതകൾക്കുശേഷം ഒരാശ്വാസംപോലെയാണ് താരതമ്യേന ലളിതമായ ഈആറാം സൂക്തം വരുന്നത്. "ഇവൻ ഇവിടെയാണ്"എന്ന അറിയിപ്പോടെ അത് തുടങ്ങുന്നു. അഗ്നിയെ വിവരിക്കുന്ന മൂന്നു പദ്യങ്ങളാണ് പിന്നെ. ഇവിടെയുള്ള ആപേക്ഷികാംഗവാക്യങ്ങൾ 5–6 പദ്യങ്ങളിലും തുടരുന്നു. ഉള്ള ടക്കം ഒരുവിധം നിലവാരപ്പെട്ടതാണ്: അഗ്നിയുടെ പ്രകാശം (1–2), അവന്റെ യജ്ഞത്തിലുള്ള പങ്കും കവിയും പുരോഹിതനും തമ്മിലുള്ള പരസ്പരബന്ധവും (3–5), സഹായം കൈവരുത്തുന്നതിലും "ഞങ്ങൾ"ക്കുവേണ്ട മറ്റു നല്ല കാര്യങ്ങൾ ചെയ്യുന്നതിലുമുള്ള അഗ്നിയുടെ ഇടപെടൽ (6–7).

ത്രിത ആപ്ത്യന്റെ സൂക്തങ്ങളിൽ അവസാനത്തേതായ ഏഴാം സൂക്തത്തിൽ പ്രത്യേകം ശ്രദ്ധേയമായ ഒന്നുമി ങ്കിലും മുൻപത്തെ ഇതേ കവിയുടെ സൂക്തങ്ങളുമായി ഇതിനു ബന്ധമുണ്ട്. 5–6 പദ്യങ്ങൾ അഗ്നിയുടെ ഋത്വിക്കെന്ന നിലയിലുള്ള പങ്കു വിവരിക്കുന്നു. നാലാം പദ്യത്തിൽ മനുഷ്യനായ യജമാനന്റെ യജ്ഞം നടത്താനുള്ള കഴിവു കേടും അഗ്നിയുടെ അതിനുള്ള മിടുക്കും താരതമ്യപ്പെടുത്തി പ്രതിപാദിക്കുന്നു. അന്യഥാ, മനുഷ്യനായ യജമാനന്റെ യജ്ഞംകൊണ്ടുള്ള ഭൗതികനേട്ടങ്ങളാണിതിലെ പ്രതിപാദ്യം (1, 2, 4, 7).

എട്ടാമത്തേതും അടുത്ത ഒൻപതാം സൂക്തവും ത്രിശിരസ്സ് ആപ്ത്യന്റേതാണെന്നു പറയുന്നു. ത്രിത ആപ്ത്യന്റേ താണ് ഈ സൂക്തത്തിലെ ഒൻപതു പദ്യങ്ങളുമെന്നു വിശ്വസിക്കുന്നവരുമുണ്ട്. ത്രിശിരസ് ആപ്ത്യൻ വിശ്വരൂപനെന്ന പേരിലറിയപ്പെട്ടിരുന്നുവെന്നു കാണുന്നു. ഇതിലെ 7–9 പദ്യങ്ങളിൽ വിശ്വരൂപനെപ്പറ്റി പറയുന്നുണ്ട്. സൂക്തത്തിലെ ആദ്യത്തെ കുറച്ചു പദ്യങ്ങൾ സാധാരണമായ അഗ്നിപദ്യങ്ങളാണ്. പക്ഷേ അവയ്ക്കു പ്രാപഞ്ചികമാനങ്ങളുണ്ടെന്നു മാത്രം. ജനിച്ചയുടനെ (2) ശക്തനായ ഒരു ആൺമൃഗമായി സങ്കല്പിക്കപ്പെട്ട അഗ്നി ലോകങ്ങളിലൂടെ സ്വർഗത്തിൽത്തന്നെ എത്തുന്നു (1). തുടർന്ന് അവന്റെ ജന്മവും പ്രതിഷ്ഠയും വിവരിക്കുന്നു (3). അവിടത്തെ യജ്ഞപരാമർശങ്ങൾ പ്രാപ ഞ്ചികസൂചനകളുള്ളവയാണ്. പിന്നീട് വല്ലാത്തൊരു തിരിവാണ് സൂക്തത്തിന് (4). ആ പദ്യത്തിൽ അഗ്നി ഏഴടി വെക്കുന്നു. അതുവഴി മിത്രനെ (സഖ്യത്തെ) ജനിപ്പിക്കുന്നു. ഇത് വിവാഹച്ചടങ്ങിലെ "സാപ്തപദി"(ഏഴടിവെച്ചു നടക്കൽ) യെ ഓർമിപ്പിക്കുന്നു. ഈ സഖ്യത്തോടെ അഗ്നി ശക്തിപ്പെട്ടു വളരുന്നു. അടുത്ത പദ്യങ്ങളിൽ (5–6) അഗ്നിയെ പല ദേവതകളുമായും താദാത്മ്യപ്പെടുത്തുകയും അവൻ പല ധർമങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. ആറ് അഗ്നിപ ദ്യങ്ങൾ അവൻ സ്വർഗത്തിൽ മൂർധാവു വെക്കുന്നതോടെ അവസാനിക്കുന്നു. അഗ്നി ത്രിതനായി മാറുന്ന കഥ അവ സാനത്തെ മൂന്നു പദ്യങ്ങളിൽ വിവരിക്കുന്നു.

ഒൻപതാം സൂക്തത്തിന്റെ അവസാനത്തെ നാലു പദ്യങ്ങൾ (6–9) 1. 23. 20–ലെ അന്ത്യപാദമൊഴികെ 1. 20–23 പദ്യങ്ങളാണ്. അവയിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ ശമനൗഷധങ്ങൾ നൽകുന്ന ജലത്തിന്റെ ശമനപരവും പ്രായ ശ്ചിത്തപരവുമായ ഗുണങ്ങൾ വിവരിക്കുന്നു (6–7). അവ ധാർമികമായ പെരുമാറ്റദൂഷ്യങ്ങൾ നീക്കുകയും ചെയ്യുന്നു (8). 6, 8 പദ്യങ്ങളിൽ "വെള്ളത്തിലെ തീ" എന്ന വൈരുധ്യം സൂചിപ്പിക്കുന്നു. ജലത്തിന്റെ ശമനപരവും ജീവപ്രദവു മായ ഗുണങ്ങൾ 4–5 പദ്യങ്ങളിൽ കാണാം. ആദ്യത്തെ മൂന്നു പദ്യങ്ങൾ വേറിട്ടുനിൽക്കുന്നുവെന്നു പറയാം. ഒന്നാം പദ്യം ജലത്തിന്റെ പോഷകത്വം വിവരിച്ചുകൊണ്ട് പോഷണവും സന്തുഷ്ടിയും നൽകാൻ അതിനോടഭ്യർഥിക്കുന്നു. രണ്ടാം പദ്യം മുലപ്പാലിനു തുല്യമായ രസമാണ് ആ പോഷകമെന്നു സൂചിപ്പിക്കുന്നു. മൂന്നാമത്തേത് വിഷമം പിടിച്ച ഒന്നാകുന്നു. അവിടത്തെ "ഞങ്ങളെ ചേതനവത്താക്കുകയും ജനിപ്പിക്കുകയും ചെയ്യുന്നത്" എന്ന ഉപമ വിവരി ച്ചാലേ അത് മനസ്സിലാവൂ.

പത്താമത്തേത് ഏറെ പ്രശസ്തവും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ സൂക്തമാണ്. ആദ്യത്തെ മർത്ത്യരും ഇണ യും സഹോദരീസഹോദരന്മാരുമായ യമനും യമിയും തമ്മിലുള്ള സംഘർഷഭരിതമായ സംഭാഷണമാണിത്. ആദ്യം സംസാരിക്കുന്നത് യമിയാണ്. താനുമായി സംഭോഗം നടത്താൻ അവൾ ഇണയായ സഹോദരനോട് അപേക്ഷിക്കു ന്നു. അപ്പോൾ അവർക്ക് മക്കളുണ്ടാവും; അംഗീകൃതരീതിയിൽ വംശം നിലനിൽക്കും. യമൻ അവളുടെ വാദത്തെ ഖണ്ഡിക്കുന്നു. അത് ബലാത്സംഗമാകും. ധാർമികക്രമം കാത്തുരക്ഷിക്കുന്ന ദേവന്മാർ അവരെ ശിക്ഷിക്കും. അവർ തമ്മിൽ നിയമപരമായ വാദപ്രതിവാദത്തിലേർപ്പെടുന്നു. സൂക്തത്തിന്റെ ആദ്യപകുതിയിൽ അവർ അന്യോന്യം അകലം പാലിക്കുന്നു. പൂർവികർ ഏർപ്പെടുത്തിയ ബലാത്സംഗവിലക്കു ലംഘിക്കരുതെന്ന് യമൻ പറയുന്നു (4). മിത്രാവരുണ ന്മാരാണ് അത് ദൃഢമായി നടപ്പിൽ വരുത്തുന്നവർ (6). അവർക്ക് സർവത്ര ചാരന്മാരുണ്ട് (8). യമി വാദിക്കുന്നത്, യോനിയിൽ ഭ്രൂണം വിതയ്ക്കുന്ന ത്വഷ്ടാവ് അവരെ ദമ്പതികളാക്കിയിട്ടുണ്ടെന്നാണ് (5). രണ്ടു തവണ (5, 9) സ്വർഗ ത്തെയും ഭൂമിയെയും വിളിക്കുകയും ചെയ്യുന്നു. ലൈംഗികോത്തേജനമുണ്ടാക്കുമാറ് യമി പറഞ്ഞിട്ടും യമൻ ഇളകു ന്നില്ല (12–13). അവസാനം യമൻ യമിയോട് ഒരു കാമുകനെ കണ്ടെത്താൻ ഉപദേശിക്കുന്നു.

11–ാം സൂക്തം വൃത്തപരമായും തദനുസൃതമായി പ്രമേയഘടനാപരമായും രണ്ടു ഭാഗങ്ങളുള്ളതാണ്. അവസാ നത്തെ മൂന്നു ത്രിഷ്ടുപ്പുപദ്യങ്ങളിലുള്ള ഭാഗം (7–9) താരതമ്യേന ഋജുവാണ്. യജ്ഞാഗ്നിയെ സേവിക്കുകയും അഗ്നിയെ വിളിക്കുകയും ചെയ്യുന്ന മനുഷ്യൻ ചെയ്യുന്ന യജ്ഞത്തിന് പല ദിവ്യത്വങ്ങളും കൈവരുമെന്നും യജ്ഞം തുടങ്ങാനുള്ള അനുമതി ലഭിക്കുമെന്നും ആ ഭാഗം വിവരിക്കുന്നു. ജഗതീവൃത്തനിബദ്ധമായ ആദ്യത്തെ ആറു പദ്യ ങ്ങൾ (1–6) കൂടുതൽ സങ്കീർണമത്രേ. 3–4 പദ്യങ്ങൾ ഇപ്പോഴത്തെ യജ്ഞത്തിന്റെ ഉപനയനവും അഗ്നിയും സോമവും കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങൾ സൂചിപ്പിക്കുന്നു. മൂന്നാം പദ്യം മനുവിന്റെസാന്നിധ്യവും നാലാം

പദ്യം ഗരുഡന്റെ സോമാപഹരണവും ഉൾക്കൊള്ളുന്നു. 1–2, 5–6 പദ്യങ്ങൾ അഗ്നിയുടെയും സോമത്തിന്റെയും ദൈവീകൃതരൂപങ്ങൾ അവതരിപ്പിക്കുന്നു.

അഗ്നി ഹോതാവായും സ്വർഗവും ഭൂമിയും സാക്ഷികളായും തുടങ്ങുന്ന യജ്ഞത്തിനു സമർപ്പിക്കപ്പെടുന്ന രണ്ടു പദ്യങ്ങളോടുകൂടി 12–ാം സൂക്തം ആരംഭിക്കുന്നു. മൂന്നാം പദ്യം ഇത് തുടരുന്നു. പശുവിൻനെയ്(ഹവിസ്സു) കൊണ്ടു വളർന്ന അഗ്നിയാണ്. ഇതാണ് മഴ (സ്വർഗീയമായ നെയ്യ്) പെയ്യിക്കുന്നത്. പദ്യം 1–ൽ തുടങ്ങിയ യജ്ഞം 4–ൽ അവസാനിക്കുന്നു. അവിടെയും സ്വർഗവും ഭൂമിയും "ഞങ്ങളെ" കേൾക്കാൻ വിളിക്കപ്പെടുന്നു. സൂക്തത്തിന്റെ രണ്ടാം ഭാഗം (5–8; മുൻസൂക്തത്തിൽനിന്ന് ആവർത്തിക്കപ്പെട്ട 9–ഉം) തികച്ചും മറ്റൊരു വിഷയം/ വിഷയങ്ങൾ ആണ് ഉൾക്കൊള്ളുന്നത്. വരുണന് (മിത്രനും) തങ്ങൾ എന്തു കുറ്റമാണ് ചെയ്തതെന്ന വേവലാതിയാണവിടെ. മിത്രനും അദിതിയും സവിതാവും തങ്ങളുടെ അനവദ്യത വരുണനെ ബോധ്യപ്പെടുത്തുമെന്ന പ്രതീക്ഷയും കാണാം. യമ–യമിസംവാദത്തിന്റെ പശ്ചാത്തലത്തിൽ വായിക്കേണ്ടുന്ന പദ്യമാണ് ആറാമത്തേത്. അടുത്ത പദ്യത്തിൽ (7) വിവസ്വാന്റെ ഇരിപ്പിടത്തിലേക്കു "ഞങ്ങൾ" നീങ്ങുന്നു. യമനും വിവസ്വാനും അടുത്തടുത്ത് അവതരിപ്പിക്കപ്പെട്ടത്, യജ്ഞം നടത്താൻവേണ്ടി യമൻ മരിക്കുന്നതിനെയാവാം സൂചിപ്പിക്കുന്നത്.

*അനുക്രമണി*യനുസരിച്ച് ഈ 13–ാം സൂക്തം യജ്ഞഭൂമിയിലേക്കു സോമം കൊണ്ടുവരുന്ന ഹവിർധാനമെന്ന രണ്ടു വണ്ടികൾക്കാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. സൂക്തത്തിൽ വണ്ടികളെ വ്യക്തമായി പരാമർശിച്ചിട്ടില്ലെങ്കിലും ഈ സമർപ്പണവസ്തുത ശരിയാണ്. പിൽക്കാലത്ത് യജ്ഞത്തിലേക്കു വണ്ടിയുന്തുമ്പോൾ ഈ സൂക്തത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ ചൊല്ലാറുള്ളത് ഈ പാരമ്പര്യത്തെ ഉറപ്പിക്കുന്നുമുണ്ട്. ഇതിലെ പദ്യങ്ങൾ *അഥർവവേദ*ത്തിൽ ഉദ്ധരിക്കപ്പെട്ടുകാണുന്നു. ആദ്യത്തെ രണ്ടു സൂക്തങ്ങൾ യജ്ഞഭൂമിയിലേക്കു സോമത്തെ വണ്ടിയിൽ കയറ്റി കൊണ്ടുപോകുന്നതാണ്. മൂന്നാം പദ്യം ഇതു തുടരുന്നു. നാലാം പദ്യം ദേവന്മാർക്കു യജ്ഞം ചെയ്യാൻ വേണ്ടി അമർത്ത്യനായ യമൻ മരണം വരിക്കുന്ന കഥ സൂചിപ്പിക്കുന്നു. അഞ്ചാം പദ്യം രണ്ടിന്റെ തുടർച്ചതന്നെ.

ശ്മശാനസൂക്തങ്ങളിൽ ആദ്യത്തേതാണ് ഈ പതിനാലാം സൂക്തം. ആദ്യം മരിക്കുന്നവനും മൃതലോകത്തിന്റെ രാജാവുമായ യമന്നാണിത് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. പൂർവികർ യമന്റെ സ്ഥലത്താണ് താമസിക്കുന്നത്. പുതുതായി മരിക്കുന്നവൻ പിതൃയാനത്തിലൂടെ അവിടെയെത്തുന്നു. ആദ്യം മരിച്ച യമനാണീ വഴി കണ്ടുപിടിക്കുന്നത്. പ്രസന്നവും സുജലസമൃദ്ധവും (9) പച്ചപ്പുൽമേടുള്ളതുമാണ് (2) ഈ വഴി. ഈ സൂക്തത്തിനു മൂന്നു ഭാഗങ്ങൾ: 1–6 പദ്യങ്ങൾ യമസ്തുതി. 1–2 പദ്യങ്ങൾ പൈതൃകലോകത്തിന്റെ പഥപ്രദർശകനെന്ന നിലയിൽ യമനെ സ്തുതിക്കുന്നു. തുടർന്ന് ദേവന്മാരും പിതൃക്കളുമായ മറ്റുള്ളവരോടുകൂടി യജ്ഞത്തിലേക്കു വരാൻ യമനെ ക്ഷണിക്കുന്നു. ദേവന്മാർക്കും പിതൃക്കൾക്കുമുള്ള യജ്ഞവിളികൾ അല്പം വ്യത്യസ്തമായവയാണെന്നത് ശ്രദ്ധേയമത്രേ: ദേവന്മാർക്കു സ്വാഹാ, പിതൃക്കൾക്കു സ്വധാ (3). ദേവ–പിതൃയജ്ഞരീതികളും ഇവിടെയും 13–16 പദ്യങ്ങളിലും സൂചിപ്പിക്കപ്പെടുന്നു. യമന്നു സോമം പ്രത്യേകമായി സമർപ്പിക്കുന്നു. 7–12 പദ്യങ്ങളിൽ പണ്ടേയുള്ള ഈ മരണത്തെപ്പറ്റിയല്ല. അടുത്ത കാലത്തേതിനെപ്പറ്റിയാണ് പരാമർശിക്കുന്നത്. അടുത്ത കാലത്ത് മരിച്ചവനെ സംബോധന ചെയ്യുന്നു. അവൻ അതേ വഴിയിലൂടെ ചെന്ന് യമനോടും പിതൃക്കളോടും അത്യുന്നതസ്വർഗത്തിൽ ചേരണം. താൽക്കാലികമായി പിരിഞ്ഞ ദേഹവുമായി വീണ്ടും ഒന്നിച്ചുചേരുകപോലുമാവാം (7–8). വഴിയിൽ ഉപദ്രവിക്കാൻ സാധ്യതയുള്ളവരെ തള്ളിക്കളയുന്നു (9). യമന്റെ രണ്ട് ഊക്കൻനായകൾ അവനെ കാക്കാനുണ്ടാവും (10–12). അവസാനത്തെ നാലു പദ്യങ്ങൾ (13–16) ഭിന്നവൃത്തത്തിലാണ്;ഒന്നൊഴികെ. ആദ്യത്തെ മൂന്നെണ്ണം യമനു യജ്ഞം ചെയ്യാൻ പറയുന്നു. നാലാമത്തേത് (16) ഏറെക്കുറെ അവ്യക്തമാണ്.

പിതൃക്കളെ യജ്ഞത്തിലേക്കു വരാൻ ക്ഷണിക്കുന്ന മുൻസൂക്തത്തിലെ ക്ഷണത്തിന്റെ തുടർച്ചയും വിപുലനവുമാണ് 15–ാം സൂക്തം. അവരെ വിശുദ്ധദർഭപ്പുൽവിരിപ്പിലിരിക്കാൻ ആവർത്തിച്ചു ക്ഷണിക്കുകയും സോമമുൾപ്പെടെയുള്ള ഹവിസ്സുകൾ സ്വീകരിക്കാൻ അപേക്ഷിക്കുകയും പകരം ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു. ഭാഷ തികച്ചും ഋജുവാണെങ്കിലും ദുർലഭം ചില വാഗ്വിദ്യകളില്ലാതില്ല. സൂക്താവസാനത്തിൽ അഗ്നി പ്രധാനമായിത്തീരുകയും (9–14) ശ്മശാനാഗ്നിയെന്ന നിലയിൽ അവനും പിതൃക്കളുമായുള്ള ബന്ധം സൂചിപ്പിക്കപ്പെടുകയും ചെയ്യുന്നു (11–14).

മുൻസൂക്താന്ത്യത്തിലെ ശ്മശാനാഗ്നികേന്ദ്രീകരണം 16–ാം സൂക്തത്തിൽ വികസിപ്പിച്ചിരിക്കുന്നു. ഈ അഗ്നി മരിച്ചവന് പിതൃസാമ്രാജ്യത്തിലേക്കുള്ള അനുഗൃഹീതമായ ഒരു മോചനമായും ശവശരീരത്തിന് ശല്യമായും കാണപ്പെടുന്നു. ഒന്നാം പദ്യത്തിൽ ഈ ഉഭയഭാവന വ്യക്തമായി പ്രദർശിപ്പിക്കപ്പെടുന്നു. അവിടെ ശരീരത്തെ ദഹിപ്പിക്കരുതെന്ന് അഗ്നിയോടു യാചിക്കുന്നു. അതിനെ പിതൃക്കളിലേക്കു ചെല്ലാൻ പാകത്തിൽ വേവിച്ചാൽ മതി. രണ്ടാം പദ്യത്തിലും ഈ വികാരം ആവർത്തിക്കുകയും ശവയാത്ര തുടങ്ങുകയും ചെയ്യുന്നു. മൂന്നാം പദ്യത്തിൽ ശവശരീരം നേരിട്ട് സംബോധന ചെയ്യപ്പെടുന്നു. അതിന്റെ ഭാഗങ്ങൾ അതതു പ്രകൃതിശക്തികളിൽ ലയിക്കുന്നു. രണ്ടു പദ്യങ്ങൾകൂടി അഗ്നിക്കാണ് (4–5). ഇവിടെ 1–2 പദ്യങ്ങളിലെ ആശയങ്ങളുടെ ഭംഗ്യന്തരേണയുള്ള ആവർത്തനം. 6–7 പദ്യങ്ങളിൽ വീണ്ടും ശവശരീരം സംബോധന ചെയ്യപ്പെടുന്നു. ശ്മശാനാഗ്നിയും സോമനുമാണ് മരണം ഉറപ്പുവരുത്തുകയെന്ന് ആറിൽ പറയുന്നു. അതേ അഗ്നിയിൽനിന്നു രക്ഷനേടാനാണ്, പക്ഷേ, ഏഴിലെ ഉദ്ബോധനം. എട്ടോടുകൂടി സംസ്കാരം അവസാനിക്കുന്നതായി തോന്നുന്നു. ശവമടക്കം അവസാനിക്കുന്നതോടെ, അമംഗളകരവും ശക്തവുമായ ശ്മശാനാഗ്നി യെപ്പറ്റി പ്രതിപാദിക്കുന്നു (9–12). നിരുപദ്രവവും മംഗളകരവുമായ അഗ്നിയുടെ മണ്ഡലത്തി

ലേക്ക് അതിനെ പുനരുദ്ഗ്രഥിക്കുന്നു. ഇറച്ചി തിന്നുന്ന അഗ്നി ആദ്യം ദേവന്മാർക്കുള്ള ഹവിസ്സ് സ്വീകരിക്കുന്ന മറ്റേ അഗ്നിയിൽനിന്ന് വേർതിരിക്കപ്പെടുന്നു. പന്ത്രണ്ടാം പദ്യത്തിൽ അഗ്നിയുടെ ഈ രൂപന്തരീകരണം പൂർണമാവുന്നു. അവസാനത്തെ 13–14 പദ്യങ്ങൾ ശ്മശാനഭൂമി പ്രകൃതിയിലേക്കു തിരിച്ചവരുന്നതായി കാണിക്കുന്നു. അവിടെ തീ കെടുകയും സസ്യങ്ങൾ മുളച്ചുവരികയും ചെയ്യുന്നു.

17–ാം സൂക്തം പരസ്പരം ആശയപരമായി പൊരുത്തം വേണ്ടത്രയില്ലാത്ത പല ഖണ്ഡങ്ങളുടെ ഒരു സമാഹാരമാണ്. മരണവുമായോ ശ്മശാനവുമായോ ബന്ധപ്പെട്ട സൂക്തങ്ങളുടെ കൂട്ടത്തിൽ അവയുമായി നേരിട്ടു പറയത്തക്ക ബന്ധമില്ലാത്തെ ഈ സൂക്തം എങ്ങനെ വന്നുപെട്ടുവെന്നറിയില്ല. ആദ്യത്തെ രണ്ടു നിഗൂഢാത്മകമായ പദ്യങ്ങളെപ്പറ്റി ധാരാളം ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും അവയുടെ നിഗൂഢതയുടെ ചുരുളഴിക്കാൻ അവയ്ക്കൊന്നും കഴിഞ്ഞിട്ടുണ്ടെന്നു പറയാനാവില്ല. ഒന്നാം പദ്യം ഒരു സ്വയംവരത്തോടുകൂടി തുടങ്ങുന്നു. അച്ഛൻ മകൾക്കുവേണ്ടി ക്ഷണമയയ്ക്കുന്നു. ലോകം മുഴുവൻ അതിനോടു പ്രതികരിക്കുന്നു. വിവാഹത്തിന്റ ഫലങ്ങൾ ഉത്തരാർധത്തിൽ സംഗ്രഹിക്കുന്നതായി തോന്നുന്നു (1). വിവസ്വാനാണ് വരൻ. ജനിക്കുന്ന കുഞ്ഞ് യമൻ. “അവൾ അപ്രത്യക്ഷയായി” (നനാശ) എന്നുമുണ്ടവിടെ. രണ്ടാം പദ്യം ആ കുഞ്ഞ് അജ്ഞാതരായ ചിലരാൽ ഒളിപ്പിക്കപ്പെട്ടതാണെന്നു സൂചിപ്പിക്കുന്നു. 4–6 പദ്യങ്ങൾ പൂഷാവിനെപ്പറ്റി പറയുന്നു. നല്ല മാർഗദർശകനും നഷ്പ്പെട്ട പശുക്കളെ കണ്ടെത്തുന്നവനും മരിച്ചവരെ അപകടരഹിതമായ വഴിയിലൂടെ പരലോകത്തെത്തിക്കുന്നവനുമാണ്. ദേവിയും നദിയുമായ സരസ്വതി 7–9 പദ്യങ്ങളിൽ സംബോധന ചെയ്യപ്പെടുന്നു. ജലത്തെ പൊതുവിൽ പത്താം പദ്യത്തിൽ വിവരിക്കുന്നു. സരസ്വതി വിശേഷിച്ച് മരിച്ച പിതൃക്കളുമായും യജ്ഞത്തിൽ അവർക്കു നൽകുന്ന ഹവിസ്സുമായും ബന്ധപ്പെടുന്നതായി തോന്നുന്നു (8–9). 10–13 പദ്യങ്ങൾ “ദ്രപ്സ” (തുള്ളി) ത്തെ സംബന്ധിക്കുന്നതാണ്. പത്താം പദ്യവുമായി ബന്ധപ്പെട്ട ശുദ്ധീകരണപദ്യമാണ് അവസാനത്തേതായ 14–ാം പദ്യം.

മനോഹരമായ 18–ാം സൂക്തം പല ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോന്നിന്റെയും അവസാനം ശ്മശാനച്ചടങ്ങുകളുടെ അന്ത്യം വിവരിക്കുന്നു. ആദ്യത്തെ ആറു പദ്യങ്ങൾ മരിച്ചവനെയോർത്തു കരയുന്നവർ ചടങ്ങുകൾ കഴിഞ്ഞു തിരിച്ചു വീട്ടിലെത്തി ജീവിതത്തിലേക്കു മടങ്ങുന്നവരെ ചിത്രീകരിക്കുന്നു. ഒന്നാം പദ്യം മരണത്തെ തള്ളിക്കളയുകയും 2–3 പദ്യങ്ങൾ ജീവിക്കുന്നവർ കൂടുതൽ മെച്ചപ്പെട്ട ജീവിതം നയിക്കുകയും 5–6 പദ്യങ്ങൾ ജീവിതവും മരണവും ക്രമപ്രകാരം നടക്കവേതന്നെ ഇളയവർ മൂത്തവരേക്കാൾ മുൻപേ മരിക്കുന്നതിൽ ഭയപ്പെടുകയും 7–9 പദ്യങ്ങൾ സന്തുഷ്ടരായ വനിതകൾ മരിച്ച ഭർത്താവിന്റെ ചിതയ്ക്കരികെ കിടക്കുന്ന വിധവയെ പിന്തിരിപ്പിച്ചു ജീവിതത്തിലേക്കു കൊണ്ടുവരികയും പുനർവിവാഹത്തിനു (വിശേഷിച്ച് ദേവരനുമായി – ഭർത്താവിന്റെ അനുജനുമായി) പ്രേരിപ്പിക്കുകയും മരിച്ചവന്റെ മകൻ അച്ഛന്റെ വില്ലു ഭാവിയിൽ ഉപയോഗിക്കാൻ എടുക്കുകയും 10–13 പദ്യങ്ങൾ ശവമടക്കുകയും അപ്പോൾ മരിച്ചവന്റെ അമ്മയും ഭാര്യയും മറ്റും മൃദുലയും മാന്യയുമായ ഭൂമിയെ വരവേൽക്കുകയും 14–ാം പദ്യം കവി തന്റെ മരണത്തെപ്പറ്റി വിചാരിക്കുകയും ചെയ്യുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നു. ലളിതവും ആവർത്തനസ്വഭാവമുള്ളതുമെങ്കിലും പശുക്കളോട് വീട്ടിലേക്കു വരാനുള്ള ഈ ചന്തമുറ്റ വിളി യമസമാഹാരത്തിലെ അവസാനസൂക്തമത്രേ (19). എങ്കിലും ശ്മശാനസൂക്തങ്ങളുമായി ഇതിനുള്ള ബന്ധം വ്യക്തമല്ല. “പിന്തിരിഞ്ഞാലും” (നിവർത്തയധ്വം) എന്നതാണ് കൈയൊപ്പുവാചകം. പ്രമേയപരമായി ഈ നിവർത്തനം യമവൃത്തവുമായി ബന്ധമുള്ളതാണ്. മരിച്ച ബന്ധുവിന്റെ ശവമടക്കം കഴിഞ്ഞ് ജീവിതത്തിലേക്കു തിരിച്ചുവരികയാണല്ലോ ഇവർ.

വിമദസൂക്തങ്ങളിലെ ഈ ആദ്യത്തേത് (20) 10. 25–ലെ ആദ്യപദ്യത്തിലെ ഏകപാദം എടുത്തുചേർത്തതാണ്. ഈ പരമ്പരയുടെ തുടക്കം മംഗളകരമാക്കാൻ അതുതകും. രണ്ടാം പദ്യത്തിന്റെ തുടക്കവും ഇതുപോലെത്തന്നെ: “അഗ്നിമീളേ” – *ഋഗ്വേദ*ാരംഭപദ്യത്തിലെ ആദ്യത്തെ രണ്ടു പദം. സൂക്തത്തിന്റെ മിക്ക ഭാഗവും യജ്ഞാഗ്നിയുടെ ഭൗതികസാന്നിധ്യമെന്ന പരിചിതവിഷയമാണ്. പക്ഷേ, പ്രതിപാദനശൈലി ശ്രദ്ധേയമായ ബിംബകല്പനയോടും വാചകശൈലിയോടും കൂടിയതെന്നൊരു വിശേഷം പറയാം. അഗ്നിയുടെ മേല്പോട്ടു സ്വർഗത്തിലേക്കുവരെയുള്ള വികാസമാണ് 4–6 പദ്യങ്ങളിൽ വിവരിക്കുന്നത്. ഈ വികാസം മനുഷ്യർക്കും ദേവന്മാർക്കുമുള്ള വഴി തുറക്കുന്നു. അന്തിമമായ പത്താം പദ്യത്തിൽ കവിയായ വിമദന്റെ പേര് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

21–ാം സൂക്തം വൃത്തം, പല്ലവി എന്നീ അന്യോന്യം ബന്ധപ്പെട്ട രണ്ടു രൂപപരമായ സവിശേഷതകൾകൊണ്ടു ശ്രദ്ധേയമാകുന്നു. ആസ്താരപംക്തി എന്ന വൃത്തം വിമദന്റെ 21, 25, 24–ന്റെ ആദ്യപാതി എന്നിങ്ങനെ ഈ സൂക്തവർഗത്തിൽ പരിമിതപ്പെട്ടിരിക്കുന്നു. സമ്പത്ത് ദാനം ചെയ്യണമെന്ന അഭ്യർഥനയോടുകൂടിയ ഹോതാവെന്ന നിലയ്ക്കുള്ള ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയുടെ പ്രതിഷ്ഠ എന്ന ലളിതവും സാമാന്യവുമായ ഉള്ളടക്കവും ഈ രൂപപരമായ പുതുമയും തമ്മിൽ പൊരുത്തമൊന്നുമില്ല.

22–ാം സൂക്തത്തിന്റെ വൃത്തപദ്ധതി *ഋഗ്വേദ*ത്തിൽ അദ്വിതീയമത്രേ. അനിയതമായ വൃത്തങ്ങളുള്ള പല സൂക്തങ്ങളെയുംപോലെ, വൃത്തത്തേക്കാൾ ഇത് വാചകശൈലിയിലും വാക്പ്രതിധ്വനികളിലും നൈഘണ്ടുകശൃംഖലയിലും ഏറെ മുന്നോട്ടുപോകുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങളിൽത്തന്നെ ഇന്ദ്രന്റെ യശസ്സിനെ സംബന്ധിച്ച ചോദ്യത്തിലും (1) ഉത്തരത്തിലും (2) ഈ പ്രവണത തുടങ്ങുന്നതു കാണാം. അടുത്ത രണ്ടു പദ്യങ്ങളിലും ഇന്ദ്രസ്തുതി തുടരുന്നു. പക്ഷേ, നാലിൽ പുരാവൃത്താംശം നിഴലാടുന്നു. സൂക്തത്തിന്റെ ബാക്കി ഭാഗങ്ങളിലൊക്കെ ഇതുതന്നെ കാണാം. ഇന്ദ്രന്റെയും ഇടപാടുകാരനായ കുത്സന്റെയും (പേർ പറയാതെ) കാറ്റിന്റെ കുതിരപ്പുറത്തുള്ള കാവ്യ ഉശനസ്സിന്റെ വീട്ടിലേക്കുള്ള യാത്ര (4–6), ശുഷ്ണനെന്ന രക്ഷസ്സിനെ വധിക്കാൻ ഇന്ദ്രനോടുള്ള അഭ്യർഥന (7–9), ശരിക്കുള്ള ശുഷ്ണ

വധവും അനന്തരഫലങ്ങളും (10–11, 14), ഇന്ദ്രനോടു സഹായത്തിനും സൗകര്യത്തിനുംവേണ്ടി ആവശ്യപ്പെടുന്ന ഇടകലർന്നുവരുന്ന ധാരാളം പദ്യങ്ങളോടുകൂടി (12–13) മറ്റു ഭാഗങ്ങളിൽ കാണാം. ഇന്ദ്രനെ സോമപാനത്തിനു ക്ഷണിക്കുകയും അവനോട് സന്മനസ്സും രക്ഷാകർത്തൃത്വവും വേണമെന്നപേക്ഷിക്കുകയും ചെയ്യുന്ന പതിനഞ്ചാം പദ്യത്തോടുകൂടി സൂക്തം സമാപിക്കുന്നു.

"ഇന്ദ്രം യജാമഹേ" (ഞങ്ങൾ ഇന്ദ്രനു യജ്ഞം ചെയ്യുന്നു) എന്നു പറഞ്ഞുകൊണ്ടാണ് 23–ാം സൂക്തം തുടങ്ങുന്നത്. തുടർന്നുവരുന്ന ഇന്ദ്രസ്തുതി ഏറെക്കുറെ മാമൂൽരൂപത്തിലുള്ളതാണ്. നാം അവന്റെ വജ്രത്തെപ്പറ്റി കേൾക്കുന്നു (1, 3). ഇണപ്പിംഗലക്കുതിരകളെപ്പറ്റിയും (1–3), അത്രതന്നെയില്ലെങ്കിലും, താടിയെപ്പറ്റിയും കേൾക്കുന്നു (1, 3). യോദ്ധാവിന്റെയും ഉദാരന്റെയും പിതാവായ രക്ഷിതാവിന്റെയും രീതിയിലാണ് അവൻ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത് (1, 2, 5). അവസാനത്തെ രണ്ടു പദ്യങ്ങൾ (6–7) വിമദനെയും കുടുംബത്തെയും പരാമർശിക്കുന്നു. ഉള്ളടക്കം മാമൂൽരൂപത്തിലുള്ളതെങ്കിലും ശ്ലേഷച്ഛായാരൂപമായ അലങ്കാരങ്ങളും മറ്റുംകൊണ്ട് രൂപത്തിൽ വൈചിത്ര്യം വരുത്തിയിട്ടുണ്ട്.

24–ാം സൂക്തം. ദേവത, വൃത്തം, ഉള്ളടക്കം, ശൈലി എന്നിവകൊണ്ട് വ്യക്തമായും വേർതിരിച്ചറിയാവുന്ന രണ്ടു ലഘുസൂക്തങ്ങളാണിവ. ഇന്ദ്രനു സമർപ്പിക്കപ്പെട്ട ആദ്യത്തെ മൂന്നു പദ്യങ്ങൾ വിമദപല്ലവിയുൾക്കൊള്ളുന്നു. കവി സാധനങ്ങളും സഹായവും ദേവനോടു നേരെ ചോദിക്കുന്നു. പകരം അവനു സോമം നൽകുന്നു. അശ്വികളോടുള്ള അടുത്ത മൂന്നു പദ്യങ്ങൾ അന്യഥാ അറിയപ്പെടാത്തതോ അഥവാ അല്പം മാത്രം അറിയുന്നതോ ആയ പുരാവൃത്തം സൂചിപ്പിക്കുന്നു. അതനുസരിച്ച് ഈ ദേവന്മാരിരുവരും ഒരിണസ്ത്രീകളെ കടയുന്നു. ഇത് മാന്ത്രികമായ അരണി കടയുകയാവാം. ആ സ്ത്രീകൾ ദേവന്മാരെ നിരാശപ്പെടുത്തുമാറ് അപ്രത്യക്ഷരാവുന്നു. ദേവന്മാർ അവരെ തിരിച്ചുകൊണ്ടുവരാൻ അശ്വികളോടഭ്യർഥിക്കുന്നു (4–5). ഇത് കേൾക്കാൻ രസമുണ്ടെങ്കിലും ആശയം വ്യക്തമാവാതെ നിലകൊള്ളുന്നു.

ഒൻപതാം മണ്ഡലത്തിനു പുറത്ത് സോമനു സമർപ്പിച്ചിട്ടുള്ള പത്താം മണ്ഡലത്തിലെ ഒരേയൊരു സൂക്തമാണ് 25–ാമത്തേത്. സോമം ഒരു യജ്ഞവസ്തുവാണെന്ന പരാമർശമേ ഇവിടെയില്ല. "അന്ധസഃ സഖ്യം" (തണ്ടിന്റെ സഖ്യം) (1), "മദം" (മദമുണ്ടാക്കുന്നത്) (10), "വി...മദേ" (മദത്തിൽ) (പല്ലവി) എന്നൊക്കെയാണ് സൂചനകൾ. ഈ സൂക്തത്തിലെ സോമം/സോമൻ പ്രധാനമായും നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്ന ബാലിശമായ അതിക്രമങ്ങളെ മാപ്പാക്കുന്ന രക്ഷകനാണ് (3). നമ്മുടെ സ്വത്തുക്കളെയും നമ്മെത്തന്നെയും നിരീക്ഷിക്കുന്നവനും (6–7) ബാഹ്യഭീഷണികളിൽനിന്നു നമ്മെ കാത്തുരക്ഷിക്കുകയും (3, 7–10) നമ്മുടെ ഉത്തമഗുണങ്ങൾ വളർത്തിയെടുക്കുന്നതിൽ സഹായിക്കുകയും (1, 4) ചെയ്യുന്നവനാണ്. ദക്ഷിണയുടെ രൂപത്തിൽ വിശേഷിച്ചും കാമ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിൽ മേൽനോട്ടം വഹിക്കുന്നവനുമാണ് സോമൻ. സോമന്റെ ഈ വശം ആദ്യം രണ്ടാം പദ്യത്തിൽ സൂചിപ്പിക്കുകയും അഞ്ചിൽ വികസിപ്പിക്കുകയും അന്തിമപദ്യമായ 11–ൽ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

*ഋഗ്വേദ*ത്തിലെ പൂഷാവിന്റെ ലളിതവും സജീവവും ഗ്രാമീണവും അവന്റെ ഭൗതികപ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നതുമയ 26–ാം സൂക്തം. മറ്റു മിക്ക വിവരണങ്ങളിൽനിന്നു വ്യത്യസ്തമായി ഒട്ടൊക്കെ ഭാവത്തിലും രൂപത്തിലും വിഷമം പിടിച്ചതാണ് ഈ സൂക്തം. പ്രചോദിതകവികളും അവരുടെ ചിന്തകളുമായുള്ള പൂഷാവിന്റെ പരസ്പരബന്ധവും (1–2, 4–5) സുഹൃത്തും സഹായിയുമെന്ന നിലയിൽ അവന്റെ പങ്കു (2, 5–8)മാണ് ഇവിടത്തെ പ്രമേയങ്ങൾ.

*ഋഗ്വേദ*ത്തിന്റെ സമ്പൂർണമായ ആംഗലവിവർത്തനത്തിന്റെ കർത്താക്കളുടെ അഭിപ്രായത്തിൽ 27–ാം സൂക്തത്തിന് പരസ്പരപൂരകമായ രണ്ടു ഭാഗങ്ങളുണ്ട്. 1–12 പദ്യങ്ങൾ ആദ്യത്തേതും 13–24 പദ്യങ്ങൾ രണ്ടാമത്തേതും. ആദ്യത്തേതിന് 1–7, 8–10, 11–12 എന്നിങ്ങനെയും രണ്ടാമത്തേതിന് 13–18, 19–24 എന്നിങ്ങനെയും ഉപവിഭാഗങ്ങൾ. യജ്ഞത്തിന്റെ പ്രതിരൂപാത്മകമായ പശ്ചാത്തലത്തിൽ, മനുഷ്യരും ദേവന്മാരും, വിശേഷിച്ച് ഇന്ദ്രനും ഗായകനും, തമ്മിലുള്ള ശരിയായ പരസ്പരബന്ധവും ഈ പരസ്പരബന്ധം ഉറപ്പു വരുത്തുന്ന പ്രപഞ്ചത്തിന്റെ ശരിയായ പ്രവർത്തനവുമാണ് സൂക്തത്തിന്റെ ആകെക്കൂടിയുള്ള പ്രമേയം. പക്ഷേ, സൂക്തത്തിന്റെ ഗതിയിൽ വ്യത്യസ്തരീതിയിൽ ഈ പ്രമേയം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇന്ദ്ര–ഗായകസംഭാഷണമാണ് ആദ്യപകുതി. അതിൽ ഇന്ദ്രൻ താൻ യജമാനന്മാർക്കു സഹായം നൽകുന്നതും യജ്ഞം ചെയ്യാത്തവരെ നശിപ്പിക്കുന്നതും തമ്മിൽ വൈരുധ്യമില്ലെന്നു പറയുമ്പോൾ (1, 4) ഗായകൻ താൻ, സ്വയം മഹത്വവൽകരിക്കുന്ന നിരീശ്വരന്മാർക്കെതിരായി ഇന്ദ്രനു നൽകുന്നതിന്റെ ഉദ്ദേശ്യം പ്രതിധ്വനിപ്പിക്കുന്നു (2). ഇന്ദ്രൻ ഗായകന്റെ ഉദ്ദേശ്യത്തിൽ ഒട്ടൊക്കെ സംശയാലുവാണ്. സഹായത്തിന്റെ ആവശ്യം വരുമ്പോൾ മാത്രമാണ് മനുഷ്യർ തനിക്കു യജ്ഞങ്ങൾ ചെയ്യുന്നതെന്ന് അവൻ സൂചിപ്പിക്കുന്നു. താൻ അവരെ നേടുന്നതിൽ സഹായിച്ചുകഴിഞ്ഞാൽ അവർ തനിക്കു നൽകാൻ മറക്കുന്നു (3). ഇന്ദ്രൻ വീണ്ടും തന്റെ അധികാരത്തെപ്പറ്റി ആത്മപ്രശംസ ചെയ്തുതുടങ്ങി. (5). ഗായകനോ ഇന്ദ്രൻ തന്നെയോ അയാജ്ഞികരുടെ നാശം വാഗ്ദാനം ചെയ്തുകൊണ്ട് അതാവർത്തിക്കുന്നു (6). ഗാകന്റെ ഇന്ദ്രമഹത്വവൽക്കരണത്തോടെ ഈ ഖണ്ഡം അവസാനിക്കുന്നു (7). അടുത്ത പദ്യങ്ങളിൽ മറ്റൊരു ബിംബകല്പനയിൽ, നഷ്ടപ്പെട്ടും അലഞ്ഞും നടക്കുന്ന പശുക്കളുടെ രൂപകത്തിൽ, ഇന്ദ്രന്റെ അനുയായികളും പ്രതിയോഗികളും തമ്മിലുള്ള വൈരുധ്യം തുടരുന്നു. എട്ടാം പദ്യത്തിൽ അപരിചിതന്റെ മൈതാനത്തിൽ ഇടയനോടുകൂടിയാണെങ്കിലും പശുക്കൾ മേഞ്ഞുനടക്കുന്നു. ഭക്തിയില്ലാത്ത മനുഷ്യരെയാണ് ഇവിടെ അലഞ്ഞുനടക്കുന്ന പശുക്കളെക്കൊണ്ടുദ്ദേശിക്കുന്നതെന്നാണ് ഒരു വ്യാഖ്യാനം. ഇന്ദ്രൻ മറ്റു രീതികളിൽ മറ്റു നേതാക്കളാൽ അനുഗമിക്കപ്പെടുന്നു. ഒൻപതാം പദ്യത്തിൽ തന്റെ **നഷ്ട**പ്പെട്ട ഇടയനെ വീണ്ടും കൊണ്ടുവ

രാനും അവർക്കിടയിൽ വീണ്ടും ശരിയായ ബന്ധങ്ങൾ ഉണ്ടാക്കാനും വാഗ്ദാനം ചെയ്യുന്നു. പത്താം പദ്യത്തിന്റെ പൂർവാർധത്തിന് ഇടയനെ വീണ്ടും കൊണ്ടുവരുന്നത് അറിയിക്കുന്ന ഒരു സത്യമന്ത്രത്തിന്റെ സ്വരവും ഉത്തരാർധത്തിന് തന്റെ ദുർബലപ്പെട്ട ശത്രുക്കളിൽ അതുളവാക്കുന്ന പ്രത്യാഘാതങ്ങൾ പ്രകടിപ്പിക്കുന്ന സ്വരവുമാണുള്ളത്. "സ്ത്രീകളോടുകൂടി" ഇന്ദ്രനോടു യുദ്ധം ചെയ്യുന്നവരാണീ ശത്രുക്കളെന്നാണ് ഭാവന. ഈ കല്പനയാവണം ദോഷമുള്ള സ്ത്രീകളെ വിവാഹം കഴിച്ചുകൊടുക്കുന്ന നിയമപ്രശ്നങ്ങളിലേക്കു കടക്കുന്ന 11–12 പദ്യങ്ങൾക്കു പ്രേരകം. അന്ധയെ വരിക്കുന്നവൻ അവൾ അന്ധയാണെന്നറിഞ്ഞുകൊണ്ടാണങ്ങനെ ചെയ്യുന്നതെങ്കിൽ അത് അദുഷ്ടമാണെന്നു പറയുന്നു. മറിച്ചാണെങ്കിൽ മറിച്ചും. 12–ാം പദ്യത്തിൽ ദോഷമില്ലാത്ത സന്തുഷ്ടയായ വധുവാണ് ആര്യസമുദായത്തിലെ ഉചിതവും വിജയപ്രദവുമായ മാറ്റക്കല്യാണം എന്നും വ്യക്തമാക്കുന്നു. യജ്ഞം ചെയ്യുന്നവരും ചെയ്യാത്തവരും, ഇടയനോടൊപ്പം ഐക്യത്തോടെ സഞ്ചരിക്കുന്ന പശുക്കളും തമ്മിൽ പിരിഞ്ഞ് അലഞ്ഞുനടക്കുന്ന പശുക്കളും, ഉചിതമായ കരാറുകളോടുകൂടിയ വിവാഹവും കബളിപ്പിക്കലിലൂടെ നടക്കുന്ന വിവാഹവും – ഈ മൂന്നു ബിംബകല്പനകളും ഓരോന്നിലും ആദ്യത്തേതിനുള്ള മികവും ഈ സൂക്തത്തിന്റെ ആദ്യപകുതി വ്യക്തമാക്കുന്നു.രണ്ടാം പകുതി, ഒറ്റനോട്ടത്തിൽ, ഇതുമായി ബന്ധമില്ലാത്തതെന്നു തോന്നുമെങ്കിലും, സൂക്ഷ്മവിചാരത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും യജ്ഞസംബന്ധിയുമായ കല്പന തെളിഞ്ഞുവരും. ദേവന്മാരും മനുഷ്യരും തമ്മിലുള്ള ദൃഢബന്ധവും അതിന്റെ വളർച്ചയും യജ്ഞത്തിലൂടെയാണെന്ന കല്പന. ഈ പകുതിയിലെ ആദ്യത്തെ ആറു പദ്യങ്ങൾ (13–18) യജ്ഞത്തിന്റെ സൃഷ്ടിയെയും അതിന്റെ കേന്ദ്രമായ അഗ്നിയെയും വിവരിക്കുന്നു. പല പ്രാചീന ആര്യസമുദായങ്ങൾ (സപ്തർഷികൾ, നവഗ്വന്മാർ, ദശഗ്വന്മാർ മുതലായവരായിരിക്കാം) സഹകരിച്ചുകൊണ്ടാവാം യജ്ഞത്തെ രൂപപ്പെടുത്തിയതും വളർത്തിക്കൊണ്ടുവന്നതും. യാജ്ഞികരും അയാജ്ഞികരുമെന്ന വിഭാഗവും ഈ കാലത്തുതന്നെ രൂപം കൊണ്ടിരിക്കണം. ഈ ആദ്യത്തെ പതിനെട്ടു പദ്യങ്ങളും പ്രശ്നസങ്കുലമാണെങ്കിൽ, അവസാനത്തെ ആറു പദ്യങ്ങൾ അപൂർവപദപ്രയോഗങ്ങളും മറ്റു രൂപപരമായ കാരണങ്ങളും കൊണ്ട് അതീവ ദുർഗ്രഹംതന്നെയാകുന്നു. ഇതെല്ലാം കേവലം ഊഹാധിഷ്ഠിതങ്ങളും കൂടുതൽ പഠനഗവേഷണങ്ങൾക്കു വിധേയമാക്കേണ്ടവയുമാണ്.

10. 27–ന്റെ വിലപ്പെട്ട കൂട്ടായ മറ്റൊരു വസുക്രസൂക്തം (28). ഈ സൂക്തം യജമാനപത്നി അവതരിപ്പിക്കുന്ന ഗായകൻ/യജമാനൻ, ഇന്ദ്രൻ എന്നിവർ തമ്മിൽ നടക്കുന്ന സംഭാഷണം ഉൾക്കൊള്ളുന്നു. മുൻസൂക്തത്തെ അപേക്ഷിച്ച് കൂടുതൽ ദൃഢമായ ഘടനയുള്ളതും മറ്റൊരു തരത്തിൽ അതിന്റെ പൂരകവുമാണിത്. താരതമ്യേന ഋജുവും ലളിതവുമായ ഭാഷയുമാണിവിടെ.

വിജയകരവും അല്ലാത്തതുമായ യജ്ഞങ്ങളും ആകസ്മികമായി വരാവുന്ന പരാജയത്തിൽ ഉൽക്കണ്ഠ പുലർത്തുന്ന യജമാനപത്നിയും യജമാനനും ദേവന്മാരെ, വിശേഷിച്ച് ഇന്ദ്രന് കൃത്യമായി യജ്ഞഹവിസ്സുനൽകി അവനെ ആകർഷിക്കുന്നതുമാണ് ഇതിലെ ഉള്ളടക്കം. ഇന്ദ്രന്റെ സ്നുഷയായ യജമാനപത്നി ഇന്ദ്രൻ യജ്ഞത്തിൽ വരാത്തതിൽ സോൽക്കണ്ഠം ശ്രദ്ധിക്കുന്നതോടെ സൂക്തം ആരംഭിക്കുന്നു (1). രണ്ടാം പദ്യത്തിൽ ഇന്ദ്രൻ തനിക്കു കൃത്യമായി സോമം നൽകുന്നവനെ രക്ഷിക്കുമെന്നു പ്രതികരിക്കുന്നു (3). ഗായകൻ ഇത്തിരി മുൻകോപത്തോടെ മറുപടി പറയുന്നത്, പിഴിഞ്ഞെടുത്ത സോമം മാത്രമല്ല, വേവിച്ച കാളയും ഇന്ദ്രനു നൽകുമെന്നും അവൻ ഈ ഉണക്കക്കാലിത്തീറ്റ തിന്നുമെന്നുമാണ് (3). ഇവിടെ പൊടുന്നനവേ വിഷയം അഥവാ സ്വരം മാറുന്നു. ഇന്ദ്രൻ "ഗായകാ! എന്റെ ഈ വാക്കു ശ്രദ്ധിച്ചാലും!" എന്നിങ്ങനെ നാലാം പദ്യം തുടങ്ങുന്നു. പിന്നീട് പിൽക്കാലത്തെ *പഞ്ചതന്ത്ര*ത്തിലെപ്പോലുള്ള മൃഗകഥ സൂചിപ്പിക്കുന്നു. അഞ്ചാം പദ്യത്തിൽ വെറും സാധുമനുഷ്യനായ തനിക്ക് ദേവനെ മനസ്സിലാക്കുന്നതിലുള്ള കഴിവിനെപ്പറ്റി സംശയിക്കുന്നു. തീർച്ചയായും ദേവൻ തന്നെ ശരിയായ സമയത്ത് പ്രബുദ്ധനാക്കുമെന്നു പറയുകയും ചെയ്യുന്നു. അടുത്ത മൂന്നു പദ്യങ്ങളെപ്പറ്റി (6–8) പിന്നീടു ചർച്ച ചെയ്യാം. 9–10 മൃഗകഥകളിലേക്കു കടക്കുന്നു. അവസാനത്തെ രണ്ടു പദ്യങ്ങൾ (11–12) യജ്ഞത്തിനുവേണ്ടി ഉദ്ദേശിച്ചത് ഭക്ഷിക്കുന്ന അത്യാഗ്രഹികളും അങ്ങനെ സ്വയം ദുർബലരാക്കുന്നവരും യജ്ഞത്തിനുവേണ്ടി അധ്വാനിച്ചുകൊണ്ട് അഭിവൃദ്ധിപ്പെടുന്നവരും തമ്മിലുള്ള വൈരുധ്യം വ്യക്തമാക്കുന്നു .

അങ്ങനെ, സൂക്തം ഘടിപ്പിച്ചിരിക്കുന്നത് ഈ രീതിയിലാണ്: 1–3, 11–12 എന്നീ ബാഹ്യപദ്യങ്ങൾ വിജേതാക്കളും പരാജിതരുമായ യജ്ഞം ചെയ്യുന്നവരെയും യജ്ഞം ചെയ്യാത്തവരെയും സംബന്ധിച്ചവ. തുടക്കത്തിലുള്ള പദ്യങ്ങൾ കൂടുതൽ വ്യക്തിപരവും അവസാനത്തേവ കൂടുതൽ പൊതുസ്വഭാവമുള്ളവയുമാകുന്നു. ഈ പ്രശ്നത്തെപ്പറ്റി മനുഷ്യനും ദേവനും തമ്മിലുള്ള സംഭാഷണം 4–5. 9–10 പദ്യങ്ങളിൽ വിന്യസിക്കുന്നു. അവ ദേവന്റെ അനുശാസനം മർത്ത്യനു മനസ്സിലാക്കാൻ കഴിയുന്നത് മുൻപ് മൃഗരൂപകങ്ങളിലൂടെ ചുരുക്കത്തിൽ സൂചിപ്പിച്ചത് ലളിതമായ ഭാഷയിൽ രേഖപ്പെടുത്തുന്നു. 6–8 എന്നീ കേന്ദ്രപദ്യങ്ങളിൽ ഇതു കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇന്ദ്രൻ തന്റെ തത്വം യഥാസമയം പ്രഖ്യാപിക്കുമെന്ന് ഗായകനോടു നേരിട്ടു പറയുന്നുണ്ട് (5). 10–11 പദ്യങ്ങളിൽ ദുർബലർ (മനുഷ്യർ) ശക്തരെ (ഇന്ദ്രാദിദേവന്മാരെ) യജ്ഞത്തിലൂടെ നിയന്ത്രിക്കുന്നുവെന്ന് മൃഗകഥകളിലൂടെയും മറ്റും ഈ സൂക്തത്തിന്റെ കേന്ദ്രപ്രമേയം പോലെ സൂചിപ്പിക്കുന്നുണ്ട്. സമകാലസ്ഥിതിയും യജ്ഞസാഹചര്യവും അവസാനപദ്യങ്ങളിൽ (11–12) വിവരിക്കുന്നത് യജ്ഞം ചെയ്യുന്നവരും അല്ലാത്തവരും തമ്മിലുള്ള വൈരുധ്യത്തെ അനുസ്മരിപ്പിക്കുന്നു.

വസുക്രന്റെ മറ്റു രണ്ടു സൂക്തങ്ങളേക്കാൾ ചെറുതെങ്കിലും കാര്യങ്ങൾ ശരിക്കു പ്രകടിപ്പിക്കുന്നതാണ് ഈ 29–ാം സൂക്തം. ഒന്നാം പദ്യം ഉച്ചാരണപരവും രൂപപരവും വാക്യവിന്യാസപരവുമായ സൂത്രവിദ്യകൾ ധാരാളം പ്രദർശിപ്പിക്കുന്നു. പരോക്ഷമായും സൂചന വഴിയും അത് പ്രഭാതയജ്ഞത്തിലെ ഏറ്റവും പ്രധാനമായ അഗ്നി, ഇന്ദ്രൻ,

വായു, അശ്വികൾ എന്നീ അഞ്ചു ദേവന്മാരെ പരാമർശിക്കുന്നു. ഇന്ദ്രനെ മാത്രമേ പേരെടുത്തു പറയുന്നുള്ളൂ. ഏറ്റവും പ്രധാനദേവതയായ ഉഷസ്സ് രണ്ടാം പദ്യത്തിൽ വരുന്നുണ്ട്. ശരിയായി അർപ്പിക്കപ്പെട്ട ഹവിസ്സുകളിലൂടെ യജ്ഞത്തിൽ ഇന്ദ്രൻ സന്നിഹിതനാവാൻ അഭ്യർഥിക്കുന്നു. പമേയവും പ്രതിപാദനവുമൊന്നും വേണ്ടത്ര വ്യക്തമല്ലെന്നു പറയാം. പ്രാതഃസവനവും ഇന്ദ്രാഗ്നിസംയോഗവും വിവരിക്കുന്നു ആദ്യത്തെ രണ്ടു പദ്യങ്ങൾ കഴിഞ്ഞാൽ യജ്ഞത്തിൽ ഇന്ദ്രന്റെ സാന്നിധ്യമാവശ്യപ്പെടുന്ന ഭാഗമൊക്കെ ഒരു വിധം വ്യക്തമാണ് (4).

മുപ്പതാം സൂക്തം യജ്ഞപരമായി വളരെ നിശ്ചയദാർഢ്യമുള്ളതും വാസ്തവത്തിൽ സോമയജ്ഞത്തിൽ ചൊല്ലുമ്പോൾ പിൽക്കാലശ്രൗതയജ്ഞങ്ങളിൽ അനുഷ്ഠിക്കപ്പെടുന്നതുമാകുന്നു. 1–3 പദ്യങ്ങളിൽ അധ്വര്യുപുരോഹിതന്മാർ സോമസവനത്തിനുള്ള വെള്ളം കൊണ്ടുവരാൻ അയയ്ക്കപ്പെടുന്നുവെങ്കിലും ആദ്യം വെള്ളത്തിനും വെള്ളത്തിന്റെ കുഞ്ഞിനും (അപാം നപാത്ത്) ഹവിസ്സുകളർപ്പിക്കുന്നു. പിന്നീട് അധ്വര്യുക്കൾ യജ്ഞഭൂമിയിലേക്കു വെള്ളം കൊണ്ടുവരുന്നു (4–9). ഒപ്പം മുഖ്യസോമപനായ ഇന്ദ്രനോട് അത് കപ്പെട്ടിട്ടുണ്ടെന്ന് അനുസ്മരിക്കപ്പെടുന്നു. കാരണം അതിനെ സ്വതന്ത്രമാക്കിയത് അവനത്രേ (7). തുടർന്ന് വെള്ളം യജ്ഞഭൂമിയെ സമീപിക്കുന്നതോടെ, കൂടുതൽ ജലസ്തുതി വരുന്നു (10–12). 13–14 പദ്യങ്ങളിൽ വെള്ളത്തിന്റെ വരവാണ്. 15–ൽ സവനം തുടങ്ങാൻ കഴിയുന്നു. വെള്ളത്തിന്റെ (ആപഃ) സ്ത്രൈണവും ഉത്സാഹപൂർവം വഴങ്ങുന്നതുമായ പ്രകൃതത്തെയും അതിന്റെ അധ്വര്യുക്കൾ (2), സോമം (5–6), ദേവന്മാർ എന്നിങ്ങനെ വിവിധപൗരുഷശക്തികളുമായുള്ള ബന്ധത്തെയും (15) ഇവിടെ ഊന്നുന്നു.

അങ്ങേയറ്റം അവ്യക്തമാണ് 31–ാം സൂക്തം. യജ്ഞത്തിന്റെ നിഗൂഢാത്മകതയെയും യജ്ഞം കൈവരുത്തുന്ന ദേവന്മാരും മനുഷ്യരും തമ്മിലുള്ള ബന്ധങ്ങളെയും യജ്ഞത്തിന്റെ സുവ്യക്തപ്രതീകമായ അഗ്നിയെയും മർത്ത്യാമർത്ത്യസഖ്യത്തെയും പറ്റിയാണിവിടെ പ്രതിപാദിക്കുന്നതെന്നാണ് ഒരു വ്യാഖ്യാനം (ജാമിസൺ). വിശ്വേദേവസൂക്തമാണിതെങ്കിലും ആ വകുപ്പിലെ മറ്റു സൂക്തത്തിൽനിന്നു വ്യത്യസ്തമാണിത്. മാമൂൽ സമ്പ്രദായത്തിലുള്ള ഒരു ദേവത ഈ സൂക്തത്തിനുണ്ടെങ്കിൽ അത് അഗ്നിയത്രേ. യജ്ഞരംഗം വിവരിക്കുന്ന നാലു പദ്യങ്ങളോടെ സൂക്തം ആരംഭിക്കുന്നു. 5–6 പദ്യങ്ങൾ കേന്ദ്രബിന്ദുവാണെന്നു പറയാം. അവ യജ്ഞചിത്രീകരണത്തിന് ഒരു പ്രാപഞ്ചിക മാനം നൽകുന്നു. പ്രപഞ്ചത്തിന്റെ ഉൽപ്പത്തികളെപ്പറ്റിയുള്ള ഊഹാപോഹങ്ങളാണ് 7–10 പദ്യങ്ങളിൽ. അടുത്ത മൂന്നു പദ്യങ്ങൾ അഗ്നിയെപ്പറ്റി പ്രതിപാദിക്കുന്നതും ഏഴാം പദ്യത്തിലെ പ്രപഞ്ചോൽപ്പത്തിപരമായ ചോദ്യത്തിനു വിശദീകരണം നൽകുന്നതുമാണ്. അവസാനത്തെ 11–ാം പദ്യം ദാനസ്തുതിയുടെ സ്വഭാവമുള്ളതത്രേ.

*അനുക്രമണി* 32–ാം സൂക്തം ഇന്ദ്രന്നാണ് സമർപ്പിക്കുന്നതെങ്കിലും, വാസ്തവത്തിൽ, വൃത്തംകൊണ്ടും വിഷയംകൊണ്ടും ഇത് രണ്ടു പ്രത്യേകഭാഗങ്ങളാണ്. ആദ്യത്തെ അഞ്ചു പദ്യങ്ങൾ ഇന്ദ്രന്നും അവസാനത്തെ നാലു പദ്യങ്ങൾ അഗ്നിക്കുമുള്ളതാണ്. എങ്കിലും പ്രമേയപരമായി ഇവയ്ക്കു തമ്മിൽ ഐക്യമുണ്ട്. ഇന്ദ്രപദ്യങ്ങൾ യാത്രാസൂക്തത്തിന്റെ ശൈലിയിലുള്ളതത്രേ. ഒന്നാം പദ്യത്തിൽ കുതിരകൾ ഇന്ദ്രനെ കൊണ്ടുവരുന്നു. രണ്ടിൽ യാത്ര തുടരുന്നു. കേന്ദ്രബിന്ദുവെന്നു പറയാവുന്ന നാലാം പദ്യത്തിൽ യജ്ഞഭൂമി അഥവാ യജ്ഞവേദി വിവരിക്കപ്പെടുന്നു. അഞ്ചാം പദ്യത്തിൽ ഇരുവഴികളിലൂടെയുള്ള യാത്രയാണ്: സോമം ദേവന്മാരിലേക്കും ഇന്ദ്രനും സുഹൃത്തുക്കളായ മറ്റു ദേവന്മാരും യജ്ഞത്തിലേക്കും പോകുന്നു.

33–ാം സൂക്തം. രക്ഷിതാവു മരിച്ചുപോയ ഒരു കവിയുടെ വിലാപം. മുൻപത്തെ രക്ഷിതാവിനോടു ജോലിക്കു വേണ്ടിയുള്ള അഭ്യർഥനയായും ഈ സൂക്തം മാറുന്നു. സൂക്തം പുരോഗമിക്കുന്തോറും വൃത്തം മാറിമാറിവരുന്നു. ഒന്നാം പദ്യത്തിൽ അവൻ തന്റെ വിശിഷ്ടാധികാരാവകാശങ്ങളോടുകൂടിയ പൂർവാനുഭവം അനുസ്മരിക്കുന്നു. പെട്ടെന്നാണ് അത്യാഹിതം വന്നുപെടുന്നത്. അടുത്ത രണ്ടു പദ്യങ്ങൾ അവന്റെ ഇന്നത്തെ ദയനീയാവസ്ഥ വിവരിക്കുന്നു. തുടർന്ന് ഇന്ദ്രനോട് സഹായത്തിന്നഭ്യർഥിക്കുന്നു. അവസാനത്തെ ആറു പദ്യങ്ങളിൽ അവൻ തന്റെ മുൻരക്ഷിതാവായ കുരുശ്രവണനെ എങ്ങനെ“വരിച്ചു” വെന്നോർക്കുന്നു. പിന്നീട് അവൻ തന്റെ മകനായ ഉപമശ്രവസ്സിനു തന്നെത്തന്നെ പരിചയപ്പെടുത്തുന്നു. അവസാനത്തെ രണ്ടു പദ്യങ്ങളിൽ അവൻ തന്റെ രക്ഷിതാവിന്റെയും സുഹൃത്തിന്റെയും മരണത്തിലുള്ള നിസ്സഹായമായ ദുഃഖാവസ്ഥയിലേക്കു തിരിച്ചവരുന്നു.

ഋഗ്വേദത്തിലെ ഏറ്റവും പ്രസിദ്ധവും ഏറ്റവും വിവർത്തനം ചെയ്യപ്പെട്ടതും ഏറ്റവും പദ്യസമാഹാരങ്ങളിൽ ഉൾക്കൊള്ളിക്കപ്പെട്ടതുമാണ് ഈ 34–ാം സൂക്തം. ജീവസ്സുറ്റതും ഉജ്ജ്വലവുമായ ഇത് പരാജിതനായ ഒരു ചൂതാട്ടക്കാരന്റെ വിഷാദമയമായ വിലാപം ചിത്രീകരിക്കുന്നു. ഹതഭാഗ്യനായ വക്താവ് താൻ ചൂതു കളിക്കുകയോ അതിനെപ്പറ്റി ആലോചിക്കുക പോലുമോ ചെയ്യുമ്പോൾ അവനെ ഗ്രസിക്കുന്ന അപ്രതിരോധ്യമായ ഹരവും (1, 5–9) വ്യക്തിജീവിതത്തിൽ അതുളവാക്കുന്ന ആത്മനിന്ദയും (2–4, 10–11) വിവരിക്കുന്നു. സൂക്തത്തിന്റെ അവസാനഭാഗത്ത് അവൻ ചൂതുകളി ഉപേക്ഷിക്കുമെന്നു പ്രതിജ്ഞ ചെയ്യുകയും (12) സവിതൃദേവൻ അവനെ പൂർവസ്ഥിതിയിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. അവസാനപദ്യം (14) അവൻ ചൂതുകളെ സംബോധന ചെയ്യുകയും അവയോട് തന്നെ ത്യജിച്ച് മറ്റൊരിരയെ കണ്ടുപിടിക്കാൻ അപേക്ഷിക്കുകയും ചെയ്യുന്നു. പ്രാചീനഭാരതത്തിലെ സാംസ്കാരികമണ്ഡലത്തിൽ, വിശേഷിച്ച് രാജാക്കന്മാരുടെയും ഭരണവർഗത്തിന്റെയുമിടയിൽ, ചൂതുകളിക്ക് മുഖ്യമായൊരു സ്ഥാനമുണ്ടായിരുന്നു. *മഹാഭാരത*ത്തിൽ ഇതിനു നൽകിയ പ്രാധാന്യം വ്യക്തമാണല്ലോ.

35 പ്രാഥമികമായി പ്രഭാതസൂക്തമാണ്. വിശേഷിച്ച് പ്രാതഃസവനവുമായി ബന്ധപ്പെട്ട സൂര്യൻ, ഉഷസ്സ്, അഗ്നി, ഇന്ദ്രൻ, അശ്വികൾ, ദ്യാവാപൃഥിവീ എന്നീ ദേവതകളെ വിളിച്ചുകൊണ്ട് സഹായത്തിനും സംരക്ഷണത്തിനും വേണ്ടി അപേക്ഷിക്കുന്ന സൂക്തം. പത്ത് ആന്തരപദ്യങ്ങൾ (3–12) ജ്വലിപ്പിക്കപ്പെട്ട യജ്ഞാഗ്നിക്കു സമർപ്പിക്കപ്പെട്ട ഓരോ

പാദം നിറഞ്ഞുനിൽക്കുന്ന പല്ലവിയോടുകൂടിയവയത്രേ. ഉഷസ്സിന്റെ പ്രവർത്തനങ്ങൾ 3–6 പദ്യങ്ങളിൽ വർണിക്കുന്നു. ആദിത്യന്മാരെക്കുറിച്ച് അവസാനഭാഗത്ത് (9, 11–12) പറയുന്നു. അവരുടെ അനവദ്യതയെപ്പറ്റി ആദ്യഭാഗത്തെ പദ്യങ്ങളിലും (2–3) സത്യപ്രഖ്യാപനത്തെപ്പറ്റി എട്ടാം പദ്യത്തിലും പരാമർശമുണ്ട്.

36–ാം സൂക്തം മുൻസൂക്തത്തിന്റെ വ്യക്തമായ ഒരു കൂട്ടാണെന്നു പറയാം. രണ്ടും 14 വീതം പദ്യങ്ങളടങ്ങുന്നു. ഇതിലും അല്പാല്പവ്യത്യാസങ്ങളോടുകൂടിയ പല്ലവിയുണ്ട്. വാചകശൈലികളിലും സാമ്യം ദർശിക്കാം. പക്ഷേ, ഇത്, മുൻസൂക്തത്തെപ്പോലെ, പ്രഭാതയജ്ഞവുമായി ബന്ധപ്പെട്ടതല്ല. ദേവതകളുടെ വ്യാപ്തിയും കൂടുതലാണ്. അവർക്ക് ആദിത്യബന്ധം അധികം കാണാം (1, 3–4, 12–13).

10. 35–ൽ അസ്ഥിമാത്രമായി പ്രസ്താവിച്ച പ്രമേയം കൂടുതൽ തൃപ്തികരമായ രൂപത്തിൽ വികസിപ്പിച്ചിരിക്കയാണിവിടെ 37–ൽ. പക്ഷേ, ഈ രണ്ടു സൂക്തങ്ങളും ഒരേ കവിയുടേതല്ല. ദിവസേനയുള്ള സൂര്യോദയം "അനവദ്യത"യുടെയും ആദിത്യന്മാരുടെ സംരക്ഷണത്തിന്റെയും ചുരുക്കത്തിലുള്ളൊരു സത്യരൂപവൽക്കരണമായിട്ടാണ് പ്രകടിപ്പിക്കപ്പെട്ടത്. എന്നാൽ ഈ രണ്ടു പ്രമേയങ്ങളും അവിടെ സൂക്തത്തിൽ പലേടത്തും ചിന്നിച്ചിതറിക്കിടക്കുകയാണ്. അത് പ്രാതഃസവനത്തിലും അതുമായി ബന്ധപ്പെട്ട വിവിധദേവതകളിലും കേന്ദ്രീകരിക്കുന്നു. ഇവിടെ മിത്രാവരുണന്മാരുടെ കണ്ണ് എന്ന നിലയിൽ സൂര്യനാണ് പ്രധാനം. അങ്ങനെ മനുഷ്യരുടെ കുറ്റവും കുറ്റമില്ലായ്മയും നിരീക്ഷിക്കുന്നവനാണ് സൂര്യൻ. അത് സൂക്താരംഭത്തിലേ അറിയിക്കുന്നു (1). തുടർന്ന് 35–ാം സൂക്തത്തിലെ സത്യരൂപവൽക്കരണത്തിന്റെ വികസിതരൂപം (2). സൂര്യൻ നമുക്കു കൈവരുത്തുന്ന നേട്ടങ്ങളും അവന്റെ തിരിച്ചുപോക്കിന്റെ നിയതത്വവും സൂക്തത്തിന്റെ മധ്യഭാഗത്ത് വിവരിക്കുന്നു. അവസാനഭാഗത്ത് മനുഷ്യന്റെ പെരുമാറ്റവും സൂര്യന്റെ നിത്യസന്ദർശനവും തമ്മിലുള്ള ബന്ധം ഉറപ്പിക്കുന്നു (9). നാം അറിയാതെ ചെയ്തുപോയ തെറ്റുകൾക്കും ശത്രുക്കളെ ബലിയാടുകളാക്കുന്നതിനും പൊതുവായ പ്രായശ്ചിത്തത്തോടെ (12) സൂക്തം സമാപിക്കുന്നു.

സൂക്തം 38. ഇന്ദ്ര മുഷ്കവാൻ എന്ന കവിനാമം *അനുക്രമണി*യിൽ കൊടുക്കുന്നുണ്ടെങ്കിലും അത് ഈ സൂക്തത്തിലെ അന്തിമപദ്യത്തിൽനിന്നെടുത്തതും തികച്ചും കൃത്രിമമായ ഒന്നുമാണെന്നു വ്യക്തം. ലുശന്റെ മറ്റു സൂക്തങ്ങളോട് വ്യക്തമായി ബന്ധമുള്ളതാണിതും. ഇന്ദ്രനെ യുദ്ധത്തിൽ തങ്ങളുടെ ഭാഗത്തു നിർത്താൻ ഒരു ചേരി വിളിക്കുന്നതാണ് ഈ സൈനികസൂക്തത്തിലെ പ്രതിപാദ്യം. ശൈലി ചടുലമാണ്. ഇന്ദ്രൻ തികച്ചും സ്വതന്ത്രനല്ലെന്നും വിശേഷിച്ച് എടുത്തുപറയാനാവാത്ത എന്തോ ഒരു ബന്ധത്താൽ കുത്സനുമായി അകലാനാവാത്ത ഒരു സ്ഥിതി ഇന്ദ്രന്നുണ്ടെന്നും ആ ബന്ധം പൊളിക്കണമെന്നും കവി അപേക്ഷിക്കുന്നു.

10. 39 മുതൽ 10. 56 വരെയുള്ള സൂക്തങ്ങൾ മൂന്നിന്റെ കൂട്ടങ്ങളായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ഓരോ കൂട്ടവും ഓരോ കവിയുടേതാണെന്ന് *അനുക്രമണി* പറയുകയും ചെയ്യുന്നു.

അശ്വികൾക്കു സമർപ്പിക്കപ്പെട്ട അടുത്ത മന്നു സൂക്തങ്ങൾ ഘോഷ എന്ന കവയിത്രിയുടെയും (39–40) അവരുടെ മകന്റെയും (41) ആണ്. ഘോഷതന്നെയാണ് കാക്ഷീവതി (കക്ഷീവാന്റെ മകൾ) എന്നു കരുതണം. അത്യപൂർവമായ രചനാശില്പം കാഴ്ചവെക്കുന്ന കവിയാണ് കക്ഷീവാനെന്ന് അശ്വികൾക്കുതന്നെ സമർപ്പിക്കപ്പെട്ട 1. 116 –126 സൂക്തങ്ങൾ വ്യക്തമാക്കുന്നു. കാക്ഷീവതിയുടെ സൂക്തങ്ങൾ കക്ഷീവാന്റേതുമായി അത്യധികം സാദൃശ്യമുള്ളവയത്രേ. കക്ഷീവാൻ തന്റെ സൂക്തങ്ങളിൽ സ്ത്രീകളോടും വിവാഹത്തോടും അനുഭാവം പുലർത്തുന്നുവെന്നത് ശ്രദ്ധേയമാണ്.

ഘോഷയുടെ മൂന്നു സൂക്തങ്ങൾ അശ്വികളുടെ തേരിനെ വിളിക്കുന്ന പദ്യത്തോടുകൂടി തുടങ്ങുന്നു. അന്തിമസൂക്തം (41) അശ്വികളുടെ പ്രാതഃസവനയാത്രയുമായി ബന്ധപ്പെടുന്നു. മറ്റു യജ്ഞങ്ങളിൽ പോകുന്നതിനേക്കാൾ മുൻഗണന തങ്ങളുടേതിനു നൽകണമെന്ന അവരോടുള്ള ഉദ്ബോധനം അതുൾക്കൊള്ളുന്നു. മറ്റു രണ്ടെണ്ണം, വിശേഷിച്ച് 40, സ്ത്രീസ്വരമുള്ളതും വിവാഹകേന്ദ്രീകൃതവുമാകുന്നു. ഈ പരമ്പരയിൽ ആദ്യത്തേത് (39) കക്ഷീവാൻശൈലിയിലുള്ള നിലവാരപ്പെട്ട ഒരശ്വിസൂക്തമാകുന്നു. തേരിനെക്കുറിച്ചുള്ള ഒന്നാം പദ്യത്തിനുശേഷം അശ്വികളോടു സമൃദ്ധമായ ദാനങ്ങൾക്ക് അപേക്ഷിക്കുന്നു (2). അശ്വികൾ ചെയ്ത നല്ല കർമങ്ങളുടെ പട്ടിക ചുരുക്കത്തിൽ 3–4 പദ്യങ്ങളിൽ അവതരിപ്പിക്കുന്നു. അവരുടെ പ്രാചീനമായ വീരകർമങ്ങൾ അഞ്ചാം പദ്യത്തിൽ. 7–11 പദ്യങ്ങളിൽ മുൻപട്ടികയുടെ വിപുലീകൃതരൂപം. ഈ പട്ടികകളുടെ ഇടയ്ക്കുള്ള ആറാം പദ്യം വേറിട്ടു നിൽക്കുന്നു. അനാഥയും അഗതിയുമായ ഒരു സ്ത്രീ അശ്വികളോട് സഹായത്തിന്നപേക്ഷിക്കുന്നു. 11–ാം പദ്യത്തിലും ഇതുപോലുള്ളൊരു സ്ത്രീ വരുന്നുണ്ട്. ഇവരാരെന്നതിനെപ്പറ്റി ധാരാളം ചർച്ചകൾ പണ്ഡിതലോകത്ത് നടന്നിട്ടുണ്ട്. അശ്വികളുടെ രഥയാത്രാവിവരണത്തോടെ സൂക്തം അവസാനിക്കുന്നു.

39–40 സൂക്തങ്ങളുടെ യജ്ഞസന്ദർഭത്തെപ്പറ്റി എസ്. ഡബ്ല്യു. ജാമിസൺ, ജോയൽ പി. ബ്രെറെട്ടൺ എന്നീ വിവർത്തകർ തമ്മിൽ പ്രകടമായ അഭിപ്രായവ്യത്യാസമുള്ളതുകൊണ്ട് അവരിലൊരാൾ (ജാമിസൺ) നാല്പതാം സൂക്തത്തിന് പ്രത്യേകമായിത്തന്നെ ആമുഖമെഴുതിയിരിക്കുന്നു (*ഋഗ്വേദത്തിന്റെ സമ്പൂർണമായ ആംഗലവിവർത്തനം,* സൗത്ത് ഈസ്റ്റ് ഏഷ്യാ ഇൻസ്റ്റിറ്റ്യൂട്ട്, ടെക്സാസ് യൂനിവേഴ്സിറ്റി, 2014, വാല്യം 3, പേജ് 1441–2). ഇവിടെ ഇടപെട്ട് അശ്വികളോടു പറയുന്ന ഘോഷ, മുൻസൂക്തത്തിലെ പേർ പറയാത്ത സ്ത്രീയിൽനിന്നു വ്യത്യസ്തയാണെന്നും ഇതിലെ അഞ്ചാം പദ്യം സ്വയംവരത്തെക്കുറിക്കുന്നതാണെന്നും അശ്വികൾ സ്വയംവരത്തിൽ സന്നിഹിതരാകുന്ന രാജകുമാരന്മാരാണെന്ന സൂചന മൂന്നാം പദ്യത്തിലേ ഉണ്ടെന്നും 6–8 പദ്യങ്ങൾ ഘോഷയുടെ വാക്കുകളാവാൻ സാധ്യതയില്ലെന്നും അവർ അഭിപ്രായപ്പെടുന്നു. ഈ രണ്ടു സൂക്തങ്ങളുടെയും സന്ദർഭം അതിരാത്രയജ്ഞത്തിന്റെ അവസാന

ത്തിലാണെന്ന വീക്ഷണവും അവർ ആലോചനയ്ക്കെടുക്കുന്നു. പ്രസ്തുതസൂക്തങ്ങൾ പിൽക്കാലവിരചിതങ്ങളായിരിക്കാമെന്ന അഭിപ്രായം കണക്കിലെടുത്ത്, പിൽക്കാലയജ്ഞങ്ങളിലെ യജമാനദമ്പതികളുടെ സാന്നിധ്യവും കർമപങ്കാളിത്തവും വിവാഹസാഫല്യത്തിനാവശ്യമായ സന്താനലബ്ധിയുമെല്ലാം നാൽപ്പതാം സൂക്തത്തിൽ പരാമഷ്ടങ്ങളാണെന്നും ജാമിസൺ നിരീക്ഷിക്കുന്നു.

ഈ സൂക്തവിഭാഗത്തിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ ഈ ലഘുവായ അനുബന്ധം (41) മാമൂൽസമ്പ്രദായത്തിലുള്ള ഒരു യാത്രാസൂക്തമാകുന്നു. ഒന്നാം പദ്യത്തിലെ രഥപരാമർശം മാത്രമേ കഴിഞ്ഞ രണ്ടു ഘോഷാസൂക്തങ്ങളുമായി ബന്ധമുണ്ടെന്നതിനു തെളിവുള്ളൂ. ഘോഷയുടെ പുത്രനായ ഘൗഷേയനാണ് കവിയെന്നു വ്യക്തമാണ്. മൂന്നാം പദ്യത്തിൽ അവന്റെ സുഹസ്ത്യനെന്ന പ്രഥമനാമമുണ്ട്.

ഇന്ദ്രനു സമർപ്പിക്കപ്പെട്ട അടുത്ത മൂന്നു സൂക്തങ്ങളുടെ (42–44) കവി കൃഷ്ണ ആംഗിരസനാണെന്നു കാണുന്നു. ഇവ വ്യക്തമായ പദബന്ധങ്ങൾ കാണിക്കുന്നു. കൊള്ളമുതലുകളും യുദ്ധങ്ങളിൽ സഹായവും നൽകുന്ന ഇന്ദ്രനും കാവ്യങ്ങളും ഹവിസ്സുകളും അർപ്പിക്കുന്ന ഗായകനും/ യജമാനനും തമ്മിൽ, ഇരുകൂട്ടർക്കും നേട്ടങ്ങളുണ്ടാക്കുന്ന പരസ്പരവിനിമയാണ് ഈ സൂക്തത്തിലെ (42) പ്രമേയം.

43–ാം സൂക്തത്തിന് ഇതേ കവിയുടെ മുൻസൂക്തവുമായി സ്വാഭാവികമായും അടുത്ത ബന്ധമുണ്ട്. 10–11 എന്നീ അന്തിമപദ്യങ്ങൾ ഒന്നുതന്നെ. പദാവലിയിലും വാചകശൈലിയിലും സാമ്യമുണ്ട്. പക്ഷേ, രണ്ടും തമ്മിൽ പ്രമേയപരമായി വ്യത്യാസം നിലനിൽക്കുന്നു. 43–ൽ കവിയും ഇന്ദ്രനും തമമിൽ വിനിമയം ഒഴിവാക്കിയിരിക്കുന്നു. പോഷകമായ അരുവികളും (3, 6–8) സോമവും (2, 4, 6–8), സൂര്യനെ/വെളിച്ചത്തെ കണ്ടെത്തൽ (1, 4, 5, 8) എന്നിവയിലാണ് ഇവിടെ കേന്ദ്രീകരിച്ചിട്ടുള്ളത്. പുരാവൃത്തപരമായി ആദ്യത്തെ ആര്യയജമാനനായ മനുവിലും ഇത് എത്തിച്ചേരുന്നു (4, 8).

43–ാമത്തേത് കൃഷ്ണ ആംഗിരസന്റെ ഇന്ദ്രസൂക്തത്രയത്തിലെ അവസാനത്തെ സൂക്തമാണ്. 10–11 പദ്യങ്ങൾ എല്ലാറ്റിലും ഒരുപോലെത്തന്നെ. മറ്റു കാര്യങ്ങളിൽ കഴിഞ്ഞ രണ്ടു സൂക്തങ്ങളുമായി കാര്യമായി സമാനതയൊന്നുമില്ല. ഇതൊരു യാത്രാസൂക്തമാണ്. ഇന്ദ്രനെ യജ്ഞത്തിലേക്കും (1–3) യജ്ഞഭൂമിയിലിരിക്കാനും സോമത്തിൽ പങ്കുകൊള്ളാനും (45) ക്ഷണിക്കുന്നു. കവി പിന്നീട് യജ്ഞം ചെയ്യാത്ത ദുഷ്ടമനസ്കരും ഉദാരന്മാരായ യജ്ഞം ചെയ്യുന്നവരും തമ്മിലുള്ള വൈരുധ്യം ചൂണ്ടിക്കാട്ടുന്നു (6–7). ഇന്ദ്രൻ സോമപാനത്തിനുശേഷം ചെയ്ത ചില വീരകർമങ്ങളുടെ സംക്ഷിപ്തരൂപമാണ് തുടർന്ന് അവതരിപ്പിക്കുന്നത് (8). ഇന്ദ്രൻ സോമയജ്ഞത്തിൽ വീട്ടിൽ വരുമ്പോൾ തന്റെ ശത്രുക്കളെ കീഴടക്കണമെന്ന് ഒൻപതാം പദ്യത്തിൽ കവി അഭ്യർഥിക്കുന്നു.

45–ാം സൂക്തം സ്വർഗത്തിലും ഭൂമിയിൽ യജ്ഞസ്ഥലത്തും വെള്ളത്തിലുമുള്ള അഗ്നിയുടെ മൂന്നു ജന്മങ്ങളോടുകൂടി തുടങ്ങുന്നു (1). അടുത്ത പദ്യങ്ങൾ അഗ്നിയുടെ വിവിധരൂപങ്ങളെ വർണിക്കുന്നു (2–3). അഗ്നിയുടെ പ്രാപഞ്ചികവശങ്ങളും (4–6, 8) അങ്ങനെ അഗ്നിപുരോഹിതനായി പ്രതിഷ്ഠിക്കപ്പെട്ടപ്പോഴത്തെ യജ്ഞാഗ്നിയുടെ സേവനങ്ങളും (7) പ്രതിപാദിക്കുന്നു. അതുകൊണ്ട് അഗ്നിക്കു യജ്ഞം നടത്തുന്ന മനുഷ്യർക്കു നല്ലതു വരുമെന്ന് എളുപ്പത്തിൽ വിശ്വസിക്കാം (9–12).

മുൻസൂക്തത്തിന്റെ കവിയുടേതുതന്നെയാണ് 46–ാം സൂക്തവുമെന്നതിനാൽ സമാനതകളേറെയുണ്ട്. രൂപപരമെന്നപോലെ ഭാവപരവുമാണ് സമാനതകൾ. അഗ്നിയുടെ ജന്മങ്ങൾ, വിവിധരൂപങ്ങൾ, അവയും യജ്ഞാഗ്നിയും തമ്മിലുള്ള ബന്ധം എന്നിവ മുൻസൂക്തത്തിലെന്നപോലെ ഇതിലും കാണാം. പക്ഷേ, മിക്ക ഭാഗങ്ങളിലും ഇവിടെ കൂടുതൽ അലങ്കാരപരമായാണ്. യജ്ഞാഗ്നിയുടെ പ്രതിഷ്ഠയ്ക്ക് പ്രാധാന്യം കൊടുക്കുന്നുമുണ്ട്. മൗലികപ്രതിഷ്ഠ (4, 8–10), അപ്രത്യക്ഷമായ അഗ്നിയുടെ പുനഃപ്രതിഷ്ഠ (2–3), ഇപ്പോഴത്തെ പ്രതിഷ്ഠ (5–6) എന്നിവയാണ് മുഖ്യവിഷയം.

*അനുക്രമണി* 47–ാം സൂക്തം രചിച്ചത് ആറാം പദ്യത്തിലെ പരാമർശമനുസരിച്ച് സപ്തഗു ആണെന്നു പറയുന്നുണ്ടെങ്കിലും അവിടെ അതുകൊണ്ട് ബൃഹസ്പതിയെയാണുദ്ദേശിക്കുന്നതെന്നും 45, 46 സൂക്തങ്ങളെപ്പോലെ ഇതും വത്സപ്രി ഭാലന്ദനന്റേതുതന്നെയാണെന്നും ഓൾഡൻ ബർഗ് ഖണ്ഡിതമായി വാദിക്കുന്നതുതന്നെയാണ് ശരിയെന്നു തോന്നുന്നു. ഏതായാലും കഴിഞ്ഞ രണ്ട് അഗ്നിസൂക്തങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണ് ഇവിടത്തെ വിഷയം. ഇന്ദ്രനോട് സമ്പത്ത് ആവശ്യപ്പെടുകയാണ് ഈ സൂക്തത്തിൽ. അവസാനത്തെ മൂന്നു പദ്യങ്ങൾ (6–8) ബൃഹസ്പതിക്കും ഇന്ദ്രന്നും സ്തുതികൾ നൽകുന്നത് ആനുകൂല്യങ്ങൾ പകരമായി നൽകാനാണെന്നു വ്യക്തമാക്കുന്നുണ്ട്.

48–50 എന്നീ മൂന്നു സൂക്തങ്ങൾ ഇന്ദ്ര വൈകുണ്ഠൻ രചിച്ചതും ഇന്ദ്ര വൈകുണ്ഠന് സമർപ്പിക്കപ്പെട്ടതുമായാണ് കാണുന്നത്. ആദ്യത്തെ രണ്ടും ആത്മസ്തുതികളാണ്. ഇന്ദ്രന്റെ പല നേട്ടങ്ങളുമാണ് സ്തുതികൾക്കു വിഷയം. പ്രത്യേകിച്ച് യുദ്ധവിജയങ്ങളും അവ കൊണ്ടുണ്ടായ നേട്ടങ്ങളും. മറ്റു ഭാഷയിൽ, ഒരു യോദ്ധാവിന്റെ വീമ്പുപറച്ചിൽ എന്നു പറയാം. ഈ സൂക്തത്തിൽ മാത്രം പരാമൃഷ്ടമായ ചില വീരകൃത്യങ്ങൾ വ്യക്തമല്ല. ഉദാഹരണം 8–ാം പദ്യം. പത്താം പദ്യം ഒരു കടങ്കഥ പോലുണ്ട്.

ഇതും മുൻസൂക്തത്തെപ്പോലെ ഇന്ദ്രന്റെ ആത്മസ്തുതിയാണ്. ഇതും ഇന്ദ്രന്റെ സൈനികവിജയങ്ങളും ശത്രുക്കളെ അമർത്തുന്നതിൽ വിവിധമർത്ത്യാപേക്ഷകർക്ക് അവൻ നൽകിയ സഹായങ്ങളും സവിശേഷം കൊണ്ടാടുന്നു. ഇവിടെ വിവരിച്ചതിലധികവും ഏറെയോ ഒട്ടുമോ അറിയപ്പെടാത്തവയത്രേ. കുത്സൻ, ശുഷ്ണൻ, കവി ഉശനസ്സ് (6) എന്നിവരുമായി ബന്ധപ്പെട്ടവയുമുണ്ട്. മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി, യജ്ഞങ്ങൾ ഇന്ദ്രനെ ശക്തിപ്പെ

ടുത്തുകയും അവന്റെ സഹായം നേടുകയും ചെയ്യുന്നുവെന്നതിൽ ഊന്നുന്നു. ഒന്നാം പദ്യം ഇത് വ്യക്തമായി അറിയിക്കുന്നു. 4–7 പദ്യങ്ങൾ ഇന്ദ്രനും യജമാനനും തമ്മിലുള്ള ബന്ധം പ്രതിപാദിക്കുന്നു. 11–ാം പദ്യം ഇന്ദ്രന്റെ ആത്മസ്തുതി ഉപസംഹരിക്കുന്നു. ഗായകൻ ഈ ഇന്ദ്രകർമങ്ങളെപ്പറ്റി പാടുമെന്നു സ്വയം വീമ്പിളക്കുകയും ചെയ്യുന്നു.

ഈ ഇന്ദ്രസൂത്രപരമ്പരയിലെ കഴിഞ്ഞ രണ്ടു സൂത്രങ്ങളെ അപേക്ഷിച്ച് കൂടുതൽ മാമൂൽരീതിയിലുള്ളതാണിത് (50). ഇവിടെ സോമയജ്ഞത്തിന്റെ സന്ദർഭത്തിൽ ഇന്ദ്രൻ സ്തുതിക്കപ്പെടുന്നു. യജമാനനും ദേവനുമായുള്ള പരസ്പരകടമകൾ പ്രതിപാദിക്കപ്പെടുന്നു.

അഗ്നിയും ദേവന്മാരും തമ്മിലുള്ള സംഭായണമാണ് 51–ാം സൂക്തം. അഗ്നി മിത്രനെയും വരുണനെയും (2) വരുണനെ മാത്രമായും (4, 6) സംബോധന ചെയ്യുന്നു. അഗ്നി ഇപ്പോഴും വെള്ളത്തിലാണ് പ്രത്യക്ഷപ്പെടുന്നത് അഥവാ ഉയർന്നുവരുന്നത്. അവനൊളിഞ്ഞിരിക്കുന്ന സ്ഥലം ദേവന്മാർ അടുത്ത കാലത്തു മാത്രമേ കണ്ടെത്തിയുള്ളൂ. ഏതു ദേവനാണ് അവനെ കണ്ടെത്തിയതെന്നതാണ് ആദ്യത്തെ ചോദ്യം (1–3). അപ്പോൾ അഗ്നി തന്റെ യജ്ഞപരമായ പങ്കിൽനിന്ന് മാറിനിന്നതിൽ തനിക്കുള്ള ഭയം വിവരിക്കുന്നു (4, 6). അഞ്ചാം പദ്യത്തിൽ മനുഷ്യനും ആദ്യത്തെ യജമാനനുമായ മനു തന്റെ യജ്ഞം അഗ്നിയുടെ ഹവിർവാഹകത്വത്തോടെയാണ് പൂർത്തിയാക്കിയതെന്ന് വാദിക്കുന്നു. ദേവന്മാർ ഒരുപക്ഷേ ഉദാരത വിടാതെതന്നെ തങ്ങൾ ക്കുള്ള അർഹതയെപ്പറ്റി വാദിക്കുന്നില്ലെന്നത് ശ്രദ്ധേയമാണ്. അവസാനത്തെ മൂന്നു പദ്യങ്ങളിൽ (7–9), ദേവന്മാർ അഗ്നിയുടെ പ്രയത്നത്തിനു പകരമായി പ്രതിഫലങ്ങൾ നിർദേശിക്കുകയും അവൻ അത് സ്വീകരിക്കുകയും ചെയ്യുന്നു.

ദേവന്മാരോടുള്ള അഗ്നിവാക്യമാണ് 52–ാം സൂക്തം. ഈ സൂക്തം യുക്തിസഹമായി മുൻസൂക്തത്തെ പിന്തുടരുന്നു. ആദ്യം ഒഴിഞ്ഞുമാറിയിരുന്ന ഹോതൃത്വം അഗ്നി ഏറ്റെടുക്കാൻ സമ്മതിക്കുന്നു. അവൻ ആചാരാനുസാരം ദേവന്മാരോടു തനിക്ക് ഈ പുതിയ കർത്തവ്യങ്ങളനുഷ്ഠിക്കാനുള്ള മാർഗദർശനം തരണമെന്ന് അഭ്യർഥിക്കുന്നു. (1–2). മൂന്നാം പദ്യം അഗ്നിവാക്യമല്ലെന്നാണ് ജാമിസൺ–ന്റെ അഭിപ്രായം. യജ്ഞത്തിൽ സഹകരിക്കുകയോ പുതുതായി പ്രതിഷ്ഠിക്കപ്പെട്ട അഗ്നിയെ നിരീക്ഷിക്കുകയോ ചെയ്ത ഒരാളുടേതാവാം. യമനുമായി അഗ്നിക്കുള്ള ബന്ധത്തിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കുകയാണ് പൂർവാർധത്തിൽ. യജ്ഞാഗ്നിയും ശ്മശാനാഗ്നിയും തമ്മിലുള്ള സംശയമാവാം ഉൽക്കണ്ഠയ്ക്കു കാരണം. രണ്ടാമത്തേത് മരിച്ചവനെ യമന്റെ അടുത്തേക്കാണല്ലോ കൊണ്ടുപാവുക. ദിവസേനയുള്ള പുനർജനനം അഗ്നിഹോത്രാഗ്നിയുടേതും മാസം തോറുമുള്ളത് ശ്രാദ്ധാഗ്നിയുടേതുമാണെന്ന് ഉത്തരാർധം വായിക്കുമ്പോൾ സംശയം തീരും. 4–5 പദ്യങ്ങളിൽ ദേവവാക്യമുദ്ധരിച്ച് അഗ്നി തന്റെ കർത്തവ്യങ്ങൾ മാതൃകാപരമായി നിറവേറ്റുമെന്നു പ്രതിജ്ഞ ചെയ്യുന്നു. ആറാം പദ്യം ദേവന്മാരുടെ അഗ്നിപ്രതിഷ്ഠ സംഗ്രഹിക്കുന്നു.

53–ാം സൂക്തം മുൻസൂക്തത്തിലെ സാഹചര്യത്തിൽനിന്നു തുടങ്ങി, യജ്ഞത്തിന്റെ നിഗൂഢധ്യാനത്തിലേക്കു തിരിയുന്നു. ആദ്യത്തെ മൂന്നു പദ്യങ്ങൾ വീണ്ടെടുക്കപ്പെട്ട അഗ്നിയെ ഹോതാവായി പ്രതിഷ്ഠിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്ത മനുഷ്യരായ യജമാനന്മാർ തങ്ങളുടെ യജ്ഞത്തിന്റെ വിജയകരമായ പരിസമാപ്തിയിൽ പറയുന്നതാണ് (3). 4–5 പദ്യങ്ങളിൽ അഗ്നി ദേവന്മാരെയും മനുഷ്യരെയും ക്ഷണിച്ചുകൊണ്ട് അവർ സന്തോഷിക്കണമെന്നു പ്രതികരിക്കുന്നു. നാലാമത്തെ പദ്യം ദേവന്മാരും അസുരന്മാരും തമ്മിലുള്ള ശത്രുതയുടെ പരാമർശം ഉൾക്കൊള്ളുന്നു. അടുത്ത മൂന്നു പദ്യങ്ങൾ (6–8) മനുഷ്യപുരോഹിതന്മാരുടെ വാക്കാണ്. 6 അഗ്നിയോടും സഖാക്കളോടും യജ്ഞപ്രവർത്തനം വഹിക്കണമെന്ന ഉദ്ബോധനമാണ്. ഏഴിൽ യജ്ഞത്തെ പതിവുപോലെ തേരുമായി രൂപണം ചെയ്യുന്നു. എട്ട് യജമാനന്മാരെ പ്രതീകാത്മകായ നദീതരണത്തിലൂടെ മെച്ചപ്പെട്ട അവസ്ഥയിലേക്കെത്തിക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ നിഗൂഢാത്മകത വർധിപ്പിക്കുന്നവയത്രേ. അവ ത്വഷ്ടാവിന്റെ പരാമർശത്തോടെ തുടങ്ങുന്നു. അവൻ ദേവന്മാരുടെ പാനപാത്രങ്ങൾ രൂപപ്പെടുത്തുന്നു. ബ്രഹ്മണസ്പതിക്കുപയോഗിക്കാൻ മഴുവിനു മൂർച്ച കൂട്ടുന്നു. പവിത്രമന്ത്രങ്ങളുടെ പ്രഭുവാണല്ലോ ബ്രഹ്മണസ്പതി. പത്താം പദ്യത്തിൽ കവികളോടും പവിത്രമന്ത്രങ്ങളുണ്ടാക്കാനാവശ്യപ്പെടുന്നു. ഒളിപ്പാതകളുണ്ടാക്കാനാണ് പ്രതീകാത്മകമായ നിർദേശം. 11–ൽ അത്തരമൊരു പാതയുടെ ഉദാഹരണം നൽകുന്നു.

54–ാമത്തെ ഈ ലഘുസൂക്തം തുടങ്ങുന്നത് ഇന്ദ്രന്റെ കീർത്തി സ്വർഗത്തിൽനിന്നും ഭൂമിയിൽനിന്നുമുള്ള ഭ്രാന്തമായ വിളിയാൽ പ്രേരിപ്പിക്കപ്പെട്ടതാണെന്നു പ്രഖ്യപിച്ചുകൊണ്ടാണ് (1). അവസാനിക്കുന്നത്, കവിയുടെ സ്വന്തം സ്തുതിഗാനത്തിന്റെ ആകത്തുകകൊണ്ടും. ഇന്ദ്രന്റെ മഹത്തായ കർമങ്ങൾ (1, 3), അവന്റെ മായകൾ (2), ഇന്ദ്രന്റെ നാലു നാമങ്ങളെക്കുറിച്ചുള്ള പരാമർശം (4), കവിയുടെ പവിത്രമന്ത്രങ്ങളാണ് ഇന്ദ്രന്റെ സത്ത എന്ന കല്പന എന്നിവ ഇടയിലുള്ള പദ്യങ്ങളിൽ വിവരിക്കപ്പെടുന്നു.

സൂക്തം 55. പ്രഹേളികാപ്രായവും നിഗൂഢാത്മകവുമായ ഒരു സൂക്തം. മുൻസൂക്തവുമായി അടുത്ത ബന്ധമുണ്ട്. ഈ സൂക്തം *അനുക്രമണി* ഇന്ദ്രനു സമർപ്പിക്കപ്പെട്ടതാണെന്നു പറയുന്നുണ്ടെങ്കിലും ഇതു വാസ്തവത്തിൽ വിശ്വേദേവന്മാർക്കു സമർപ്പിക്കപ്പെട്ടതത്രേ. ഇന്ദ്രനാണിതിൽ പ്രധാനമായി പ്രതിപാദിക്കപ്പെടുന്നതെന്നത് (1–3, 7, 8), ഏതായാലും, തള്ളിക്കളയാവുന്നതല്ല. 4–6 പദ്യങ്ങൾ വേറിട്ടുനിൽക്കുന്നു. പക്ഷേ, വിശ്വേദേവസൂക്തങ്ങളുടെ ചില പ്രത്യേകതകൾ ഇതിന്നുണ്ട്. ഒന്നാം പദ്യത്തിന്റെ പൂർവാർധത്തിൽ ദ്യാവാപൃഥിവികൾ പേടിച്ച് ഇന്ദ്രനെ വിളിക്കുന്നു. ഉത്തരാർധത്തിലാകട്ടെ മറ്റ് ഇന്ദ്രകർമങ്ങളാണ് പ്രതിപാദ്യം. ഇന്ദ്രന്റെ മറയ്ക്കപ്പെട്ട പേരും ഇവിടെ പരാമർശിക്കപ്പെടുന്നു. ഇന്ദ്രന്റെ സഹോദരപുത്രരെപ്പറ്റി ഇവിടെ പരാമർശിക്കുന്നുണ്ടെങ്കിലും അവരെപ്പറ്റി നമുക്ക് മറ്റു സ്രോതസ്സുക

ളിൽനിന്ന് ഒരറിവും ലഭിക്കുന്നില്ല. ഇന്ദ്രനു സഹോദരനില്ലെന്നാണ് പൊതുവിലുള്ള അറിവ്. പേരിനെക്കുറിച്ചുള്ള വിഷയം രണ്ടാം പദ്യത്തിലും കടന്നുവരുന്നു. പക്ഷേ, അഞ്ചു പ്രിയപ്പെട്ടവർ ഒന്നിക്കുന്ന പ്രസ്താവന ഒട്ടൊരു വെളിച്ചം നൽകുന്നു. അടുത്ത സൂക്തത്തിൽ ഈ പ്രമേയം ആവർത്തിക്കുന്നത് ശ്രദ്ധേയമാണ്. മൂന്നാം പദ്യം ഇന്ദ്രൻ രണ്ടു ലോകാർധങ്ങൾ നിറയ്ക്കുന്നുവെന്നു പറയുന്നു. അതിൽ രണ്ടാം പദ്യത്തിലെ സംഖ്യകളും വെളിച്ചവും വരുന്നുമുണ്ട്. എല്ലാറ്റിലും വ്യക്തത വരേണ്ടതുണ്ട്. അടുത്ത മൂന്നു പദ്യങ്ങളിൽ ഈ സൂചനകളിലേക്ക് ജ്യോതിഃശാസ്ത്രപരമായ വിശദീകരണം ഭാഗികമായെങ്കിലും ലഭിക്കുന്നു. നാലാം പദ്യം ഉഷസ്സിന്റെ വർണനമാണ്. അഞ്ചാം പദ്യത്തിൽ ഈ വ്യക്തത കാണുന്നില്ല. അത് നക്ഷത്രാലങ്കൃതമായ നഭസ്സിൽ ചന്ദ്രൻ, നരച്ചവൻ വിഴുങ്ങുന്നതുവരെ, പ്രകാശിക്കന്നതാണ് പറയാതെ പറയുന്നത്. പ്രഭാതത്തിലെ നര പിടിച്ച സാന്ധ്യശോഭയോ ജ്വലിപ്പിക്കപ്പെട്ട യജ്ഞാഗ്നിയുടെ പുകയോ ആവാമിത്. ആറാം പദ്യം "കടുംചുവപ്പുള്ള പരുന്താ"യ സൂര്യനെപ്പറ്റി. അത് അഗ്നിയോ ഇന്ദ്രനോ കൂടി ആവാം. 7–8 പദ്യങ്ങൾ നിസ്സംശയമായും ഇന്ദ്രനെക്കുറിച്ചുതന്നെ.

സൂക്തം 56. പരമ്പരാഗതമായി ബൃഹദുക്ഥന്റെ ഈ സൂക്തം അദ്ദേഹത്തിന്റെ മകൻ വാജിയുടെ ശ്മശാനസൂക്തമായാണ് വ്യാഖ്യാനിക്കാറ് (2–3). അടുത്ത കാലത്തായി ഇത് ഒരു കുതിരയ്ക്കുവേണ്ടിയോ അശ്വമേധത്തിലെ യജ്ഞാശ്വത്തിനുവേണ്ടിയോ ഉള്ള ശ്മശാനസൂക്തമായും ഓൾഡൻബർഗിനെപ്പോലുള്ളവർ കാണുന്നു. ഇവയിലൊന്നും വലിയ കാര്യമില്ലെന്നാണ് ജാമിസൺ അഭിപ്രായപ്പെടുന്നത്. മരണാനന്തരജീവിതത്തെപ്പറ്റിയുള്ള ചിന്തകളായി അവർ ഇതിനെ വിലയിരുത്തുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങൾ മൃതനോടു തന്റെ ശരീരം ദൂരെയുള്ളൊരു സ്ഥലത്ത്, ദേവന്മാരുമായി ബന്ധമുള്ള സര്യന്റേതുപോലുള്ള സ്വർഗീയവെളിച്ചങ്ങളിൽ ലയിപ്പിക്കാൻ ഉദ്ബോധിപ്പിക്കുന്നു. ഈ ലയനം ഒരു തരത്തിലുള്ള ജനനമാണെന്നു കരുതപ്പെടുന്നു (1). മൂന്നാം പദ്യത്തിൽ ഈ ദൂരയാത്ര വിവരിക്കുന്നു (3). 4–6 പദ്യങ്ങളിൽ വൃത്തത്തോടൊപ്പം വിഷയവും സ്വല്പം മാറുന്നു. അഞ്ചാം പദ്യത്തിൽ ഈ സ്വർഗീയപുനരവതാരത്തിന്റെ സന്തോഷഫലം വ്യക്തമാക്കുന്നു. അന്തിമപദ്യം ബൃഹദുക്ഥന്റെ സമർപ്പണമത്രേ.

ഈ സൂക്തം ഉപരിതലത്തിൽ, ചില വിഷമങ്ങളിൽപ്പെട്ട മനുഷ്യന്റെയോ മനുഷ്യരുടെയോ "മനസ്സി"ന്റെ തിരിച്ചുവരവിച്ഛിച്ചുകൊണ്ടുള്ള ലളിതമായ ഉജ്ജീവനമന്ത്രമാണ്. യജ്ഞത്തിൽ അബദ്ധം പറ്റിയാൽ അതൊഴിവാക്കാനും അഗ്നിയെനേടാനുമുള്ള രണ്ടു പദ്യങ്ങൾ ആമുഖമായി നൽകുന്നു. മനസ്സിന്റെ തിരിച്ചുവരവിനുള്ള വിളിയായ ഈ സൂക്തം അടുത്തതുമായി ബന്ധമുള്ളതാണ്. മനസ്സിന് "ചൈതന്യം" എന്ന അർഥം വരെ ഇവിടെ ഉദ്ദേശിക്കപ്പെടുന്നുണ്ട്.

പരമ്പരാഗതമായി 57 മുതൽ 60 വരെയുള്ള മൂന്നു സൂക്തങ്ങൾ ഒരിതിഹാസത്തിന്റെ കാവ്യപ്രതിനിധാനമായി കരുതപ്പെടുന്നു. പാരമ്പര്യവിവരണാത്മകകഥയാണ് ഇതിഹാസം. അസമാതി എന്ന രാജാവ് തന്റെ നാല് ഗൃഹപുരോഹിതന്മാരെ പിരിച്ചുവിട്ടുവത്രേ. ഈ മൂന്നു സൂക്തങ്ങൾ രചിച്ച നാലു ഗൗപായനന്മാരെ. പകരം കുറേ അസുരപുരോഹിതന്മാരെ വാടകയ്ക്കു കൊണ്ടുവന്നു. അവർ ഗൗപായനന്മാരിൽ സുബന്ധുവെ കൊന്നു. സഹോദരന്മാരായ മറ്റു മൂന്നുപേർ ഈ സൂക്തത്തിലൂടെ അവന്റെ മനസ്സിനെ തിരിച്ചുവരാൻ വിളിക്കുന്നു. രാജാവിന്റെ ഗൃഹപുരോഹിതൻ, അസുരന്മാരുടെ ദുഷ്ടസ്വഭാവം എന്നിവ ഈ കഥയുടെ കാലഗണനാസ്ഖാലിത്യം വെളിപ്പെടുത്തുന്നു. വാസ്തവത്തിൽ സൂക്തങ്ങൾ മറ്റു ലക്ഷ്യങ്ങൾവെച്ചു രചിക്കപ്പെട്ടവയാകുന്നു.

10. 57–ന്റെ ആവർത്തനമായ 58–ാം സൂക്തം മരിച്ചവന്റെ അല്ലെങ്കിൽ മരിക്കാറായവന്റെ "മനസ്സി"നെ തരിച്ചുവരുത്താനുള്ള മന്ത്രമാണ്. പക്ഷേ, മുൻസൂക്തത്തിൽനിന്നു വ്യത്യസ്തമായി ഇവിടെ വിരസവും ഏകതാനവുമായ ആവർത്തനം കാണാം. പക്ഷേ, ഇതൊരു മന്ത്രമാണെന്നു സമാധാനിക്കാം. ഇതിന്റെ ഘടന ലളിതമാണ്. ഓരോ പദ്യവും മനസ്സ് പോയതെന്നു കരുതാവുന്ന ദൂരെയുള്ള സ്ഥലത്തുനിന്ന് അതിനെ തിരിച്ചവരാൻ വിളിക്കുന്നു. ആദ്യപദ്യം, ഒരു പക്ഷേ, ഏറ്റവും നിർണായകമാണ്. കാരണം, യമനാണ് മൃതരുടെ ഭരണകർത്താവ്. മനസ്സ് അവിടെ പോയിട്ടുണ്ടെങ്കിൽ ഇവിടെ പരാമർശിക്കപ്പെടുന്ന വ്യക്തി മരിച്ചിട്ടുണ്ടാവണം. ആറാം പദ്യത്തിലും യമസാമ്രാജ്യം സൂചിപ്പിക്കപ്പെടുന്നുണ്ട്. മനസ്സ് പോയേക്കാവുന്ന മറ്റു സ്ഥലങ്ങൾ സ്വർഗത്തിന്റെയോ ഭൂമിയുടെയോ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്. അവ ഭാഗികമായി ശ്മശാനസൂക്തത്തെയും (10. 16. 3) ചില ഉപനിഷദ്ഭാഗങ്ങളെയും ഓർമിപ്പിക്കുന്നു.

59–ാം സൂക്തത്തിന്റെ പ്രമേയങ്ങൾ മറ്റു ഗൗപായനസൂക്തങ്ങളുടെ ശമനൗഷധപരവും ഉജ്ജീവകവുമായ സ്വരത്തിലുള്ളവയാണെങ്കിലും സൂക്തഘടനയോ പദ്യങ്ങളുടെ പ്രത്യേകപ്രയോഗമോ തികച്ചും വ്യക്തമല്ല. ഗെൽഡ്നറുടെ അഭിപ്രായത്തിൽ 1–3 പദ്യങ്ങളും 8–10 പദ്യങ്ങളും സുബന്ധുവിന് ദീർഘായുസ്സും ആരോഗ്യവും നേരുന്നവയും 4–7 പദ്യങ്ങൾ ഇവ മറ്റു ജീവികൾക്കും നേരുന്നവയുമാണ്. ജാമിസൺ ഇതിനോടു യോജിക്കുന്നില്ല. പദ്യങ്ങളുടെ ഘടന ഈ വീക്ഷണത്തിന്നെതിരാണെന്നാണ് അവരുടെ പക്ഷം. എട്ടാം പദ്യത്തിൽ മാത്രമേ സുബന്ധുവിന്റെ പേര് പരാമർശിക്കുന്നുള്ളൂ. ഒന്നിലില്ല. മാത്രമല്ല, ആദ്യത്തെ നാലു പദ്യങ്ങൾ നിരൃതിയെ സംബോധന ചെയ്യുന്ന പല്ലവിയുൾക്കൊള്ളുന്നതിനാൽ ഒരു വിഭാഗമായി കരുതണം. ഒന്നാം പദ്യത്തിലെ ആശംസ സുബന്ധുവെക്കുറിച്ചാണോ, ച്യവാനപുരാവൃത്ത ത്തെക്കുറിച്ചാണോ എന്നുറപ്പില്ല. നാലാം പദ്യം മരണമൊഴിവാക്കണമെന്നും വാർധക്യം നിലനിർത്തണമെന്നുമുള്ള പ്രാർഥനയത്രേ. യജ്ഞത്തിലും യുദ്ധത്തിലും വിജയിക്കണമെന്നതാണ് 2–3 പദ്യങ്ങളുടെ താല്പര്യം. അടുത്ത രണ്ടു പദ്യങ്ങൾ അസുനീതിയെ സംബോധന ചെയ്യുന്നവയാണ്. പരലോകജീവിതത്തിലേക്കു നയിക്കുന്നവനാണ് അസുനീതി. ഏഴാം പദ്യം മറ്റു ദേവന്മാരെ ഉജ്ജീവനസഹായത്തിനു വിളിക്കുന്നു. അവസാനത്തെ 8–10 പദ്യങ്ങൾ സ്വർഗത്തെയും ഭൂമിയെയും ശമനൗഷധികൾക്കും വ്യാധിനിവാരണത്തിനും വിളിക്കുന്നതും ഇന്ദ്രനോട് ഉശീനരാണിയുടെ വിവാഹവണ്ടി വലിക്കുന്നതിനെപ്പറ്റി പറയുന്നതുമാകുന്നു.

സൂക്തം 60. വിഘടനം/അപഗ്രഥനം അർഹിക്കുന്ന മറ്റൊരു സൂക്തം. ആദ്യത്തെ ആറു പദ്യങ്ങൾ അസമാതി എന്ന രാജാവിന്റെ പ്രശസ്തിയാണ്. തീർച്ചയായും ആദ്യത്തെ നാലും ഏകവാക്യമാകുന്നു. മറ്റു ഗൗപായനസൂക്തങ്ങളിൽ കാണുന്ന ശമനമോ ഉജ്ജീവനമോ ഒന്നും ഇവിടെയില്ല. അസമാതിരാജാവിന് സുബന്ധുവോടു സഹതാപമുണ്ടാവുന്നതായി പറയുന്ന വിവരണാത്മകമായ ഒരിതിഹാസവും ഇവിടെ കാണുന്നില്ല. രണ്ടാം ഭാഗം (7–12) സുബന്ധുവിന്റെ മനോവ്യാധിശമനത്തിനുള്ളതും അവന്റെ മനസ്സു വീണ്ടെടുക്കാനുള്ളതുമായ മന്ത്രങ്ങളാണ്. ആദ്യത്തേത് അവനെ ജീവിതത്തിലേത്തു വീണ്ടും വിളിക്കുന്നു. തുടർന്ന് സുബന്ധുവിന്റെ മനസ്സ് അവനിൽ സുരക്ഷിതമാക്കുന്നതിനുവേണ്ടി നിർമിതവും സ്വാഭാവികവുമായ ലോകങ്ങളെ വിവരിക്കുന്നു (8–9). പത്തിൽ അവന്റെ മനസ്സിന്റെ തിരിച്ചുവരവ് അറിയിക്കുന്നു. പതിനൊന്നാം പദ്യത്തിൽ അവന്റെ അസുഖത്തെ പുറത്താക്കുന്നു. അവസാനമായി പന്ത്രണ്ടാം പദ്യത്തിൽ ശമനൗഷധിഹസ്തം പുകഴ്ത്തപ്പെടുന്നു. അങ്ങനെ ഈ ഗൗപായനസമാഹാരത്തിന്റെ അന്തിമഖണ്ഡം ആദ്യത്തെ രണ്ടു സൂക്തങ്ങളിലേക്കും (57–58) രോഗിയായ മനുഷ്യന്റെ മനസ്സിന്റെ തിരിച്ചുവരവിലേക്കും കേന്ദ്രീകരിക്കുന്നു.

പ്രാതഃസവനമാണ് 61–ാം സൂക്തത്തിന്റെ യജ്ഞസന്ദർഭമെന്നാണ് പ്രബലമായ ഒരഭിപ്രായം (ആംഗലവിവർത്തത്തിലെ പ്രസ്തുതസൂക്തത്തിന്റെ ആമുഖം നോക്കുക). ഉഷസ്സ്, അഗ്നി, അശ്വികൾ, ഇന്ദ്രൻ എന്നിവർ ഈ സൂക്തത്തിൽ വരുന്നുണ്ട്. ആദ്യത്തെ നാലു പദ്യങ്ങൾ തൂർവയാണനെപ്പറ്റിയാണ്. ഒരു വാങ്മത്സരത്തിൽ അവൻ ഏറ്റവും ഫലപ്രദമായ ഒരു പവിത്രമന്ത്രം സൃഷ്ടിക്കുന്നു. അത് അശ്വികളെ യജ്ഞത്തിലേക്കു കൊണ്ടുവരുന്നു. അത് അവരെ ഉദാരമായ ദാനങ്ങൾക്കു പ്രേരിപ്പിക്കുന്നു. അവർ രക്ഷിതാക്കളെയും പുരോഹിതന്മാരെയും സഹായിക്കുകയും ചെയ്യുന്നു. അവന്റെ ഫലപ്രദമായ വാക്ക് ച്യവാനന്റേതുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ ഉയർന്നുനിൽക്കുന്നു. നാലാം പദ്യത്തിൽ അവന്റെ പ്രസ്താവന അതേപടി നൽകുന്നുണ്ട്. അടുത്ത നാലു പദ്യങ്ങൾ സ്വർഗം തന്റെ മകളായ ഉഷസ്സിനെ ബലാത്സംഗം ചെയ്യുന്ന ഞെട്ടിക്കുന്ന കഥ പ്രതിപാദിക്കുന്നു. അവൻ (സ്വർഗം) അവസാനം രക്ഷപ്പെടുന്നു (8). പക്ഷേ, രക്ഷപ്പെടുന്നതിനുമുൻപ് അല്പം ശുക്ലം നിലത്തു തെറിക്കുന്നു (7); യജ്ഞഭൂമിയിലും (6). ഈ ശുക്ലംകൊണ്ടാണ് യജ്ഞാഗ്നി രൂപപ്പെട്ടത് (7, 9). അങ്ങനെ സ്വർഗത്തിന്റെ മകളുമായുള്ള ബലാൽസംഗം മൃഗീയമെങ്കിലും കേന്ദ്രമായ യജ്ഞവസ്തുവിന്റെ സൃഷ്ടിയിൽ കലാശിക്കുന്നു. പലപ്പോഴുമെന്നപോലെ, ലോകമൊട്ടുക്കും, പ്രാപഞ്ചികമായ ബലാത്സംഗമെന്ന ലൈംഗികവിലക്ക് പ്രാഥമികമായി സൃഷ്ടിപരമത്രേ. തൂർവയാണന്റെ വാങ്മയനിർമിതിയും പ്രഭാതയജ്ഞമെന്ന പ്രമേയവും ഇവിടെ ഈ കഥ പറയാൻ പ്രേരിപ്പിച്ചിരിക്കണം. ഒൻപതാം പദ്യവും അഗ്നിരൂപത്തിലുള്ള ജന്മവും അടുത്ത പുരാവൃത്തഖണ്ഡത്തിലേക്കുള്ള സംക്രമണമാകുന്നു. അംഗിരസ്സുകളും നവഗ്വന്മാരും വലഗുഹയിൽനിന്ന് ഉഷസ്സിനെ വിമുക്തമാക്കുന്നതാണ് 9–13 പദ്യങ്ങളിൽ. 12–13 പദ്യങ്ങളിലും അംഗിരസ്സുകളുടെ കഥ തുടരുന്നു. അടുത്ത രണ്ടു പദ്യങ്ങളിൽ (14–15) വിഷയം പൊടുന്നനവേ മാറുന്നു. യജ്ഞാഗ്നിയിലേക്കും അശ്വികൾ വരുന്ന യജ്ഞത്തിലേക്കും മടങ്ങുന്നു. കവി കക്ഷീവാൻ തന്റെ രക്ഷിതാവിന് ആദ്യം ഒരു പ്രശസ്തി സമർപ്പിക്കുന്നു. പക്ഷേ, പിന്നീട് അവന്റെ പൊങ്ങച്ചങ്ങളും നിന്ദനങ്ങളും മാന്യമായ പരിഹാസത്തിനു വിധേയമാക്കുന്നു. 16–ാം പദ്യം കവി തന്റെ രക്ഷിതാവായ രാജാവിനു നൽകുന്ന മാന്യവും ഋജുവുമായ പ്രശംസയാണ്. അടുത്ത പദ്യം ഏറെക്കുറെ ദ്വയാർഥപ്രതീതീയുളവാക്കുന്നു. 20–24 പദ്യങ്ങൾ പ്രഭാതയജ്ഞത്തിന്റെ പരിസമാപ്തി ചിത്രീകരിക്കുന്നു. അവസാനപദ്യം (27) പ്രാർഥനകളുൾക്കൊള്ളുന്നു. ഇടയ്ക്കുള്ള രണ്ടു പദ്യങ്ങൾ (25–26) "നല്ല വംശാവലി "യെക്കുറിച്ചാണ്. ഇവിടെ വിഷയമെന്തെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല.

മുൻസൂക്തത്തിന്റെ കവിയുടെതന്നെ മറ്റൊരു സൂക്തമായ 62–ലും അതിലെ ചില വിഷയങ്ങൾതന്നെയാണ് വരുന്നതെങ്കിലും, കൂടുതൽ ഋജുവാണ് പ്രതിപാദനം. ആദ്യത്തെ ഏഴു പദ്യങ്ങൾ അംഗിരസ്സുകളെപ്പറ്റി. 1–4 പദ്യങ്ങളിൽ അവരുടെമേലുള്ള അനുഗ്രഹങ്ങൾ വർണിക്കുന്നു. ഇവിടെ (5–6) അഗ്നി മുതൽക്കുള്ള അവരുടെ വംശപരമ്പര വ്യക്തമായി വിവരിക്കുന്നു. രണ്ടിലും ഏഴിലും വലപുരാവൃത്തപരാമർശം. മൂന്നാം പദ്യത്തിൽ ഇന്ദ്രോചിതമായ അംഗിരസ്സുകളുടെ പ്രാപഞ്ചികകർമങ്ങളാണ്. നാലാം പദ്യത്തിൽ "നാഭി"യണ് പ്രമേയം. യജ്ഞാഗ്നിയോ യജ്ഞഭൂമിയോ ആണ് അതെന്നാണ് ജാമിസൺ–ന്റെ നിരീക്ഷണം. അംഗിരസ്സുകളെക്കുറിച്ചുള്ള ഏഴാം പദ്യത്തിനുശേഷം 8–11 പദ്യങ്ങൾ മനു സാവർണിയുടെ ദാനസ്തുതിയാകുന്നു.

63–ാം സൂക്തത്തിന്റെ അടയാളപദം "സ്വസ്തി" (നല്ലത്) എന്നാണ്. 3–14 പദ്യങ്ങളിൽ ഇതു കാണാം. കവി നല്ലതു പ്രതീക്ഷിക്കുന്നത് മുഖ്യമായും ആദിത്യന്മാരിൽനിന്നും അവരുടെ അമ്മ അദിതിയിൽനിന്നുമാണ്. സൂക്തത്തിന്റെ ആദ്യപകുതിയിൽ മുഖ്യമായി അവർക്കാണ് ആധിപത്യം. 9–ാം പദ്യം മുതൽ മറ്റു ദേവന്മാരും വിളിക്കപ്പെടുന്നു. അപ്പോഴും ആദിത്യന്മാർക്കാണ് പ്രാധാന്യം. സ്വസ്തിക്കാണ് സമർപ്പിക്കപ്പെട്ടതെങ്കിലും ഭാവാത്മകചിന്തകളിലാണ് ഊന്നൽ. എങ്കിലും ചില അപകടസാധ്യതകളില്ലായ്കയില്ല (11–12).

തനിക്കു പെട്ടെന്ന് ഓർക്കാവുന്ന പ്രധാനവും അപ്രധാനവുമായ എല്ലാ ദേവീദേവന്മാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗയന്റെ വിശ്വേദേവസൂക്തമാണിത് (64). ചില ചോദ്യങ്ങളോടെ സൂക്തം ആരംഭിക്കുന്നു (1). ഏതു ദേവനെ സംബോധന ചെയ്യുന്നതാണു നന്നായിരിക്കുക? അവരെല്ലാവരും തന്റെ ലക്ഷ്യത്തിൽ പെടാൻ സാധ്യതയുള്ളവരാണ് (2). സാധ്യതയുള്ള പലരുടെയും നീണ്ടൊരു പട്ടിക കവി നിരത്തുന്നു (3–12). ചിലപ്പോൾ വെറും പേരുമാത്രവും ചിലപ്പോൾ ചില സവിശേഷതകളും നൽകുന്നു. 13–14 പദ്യങ്ങളിൽമാത്രം രസകരമായ ചിലതു കാണാം. മരുത്തുക്കൾക്കു താനുമായി "സാജാത്യ"മുണ്ടെന്ന് അവരംഗീകരിക്കുമെന്നു കവി പ്രതീക്ഷിക്കുന്നു. ഇരുകൂട്ടരും കവികളും

ഗായകരുമാണല്ലോ. ദ്യാവാപൃഥിവികളാണ് ഈ "ബന്ധുത്വ" ത്തിനു മാതൃകയെന്ന് 14-ാം പദ്യത്തിൽ പറയുന്നു. സ്വർഗം ദേവന്മാരുടെ പക്ഷത്തിലും ഭൂമി മനുഷ്യരുടെ പക്ഷത്തിലും നിൽക്കുന്നു. പക്ഷേ, അവർ പങ്കാളികളായി പ്രവർത്തിക്കുന്നു. 16-ാം പദ്യത്തിലും ഈ ബന്ധം വരുന്നു. "കവിസ്തുവീരവാൻ" (ശക്തമായി ഗർജിക്കുന്ന കവി) എന്നാണ് അവിടെ വിശേഷണം.

സൂക്തം 65 ദേവന്മാരുടെ ഗണനംകൊണ്ടു തുടങ്ങുന്നു. 2-8 പദ്യങ്ങളിൽ വിശേഷിച്ചും ധാരാളം സുന്ദരമായ കാവ്യഭംഗികളും തിരിവുകളും വാക്യവിന്യാസവൈചിത്ര്യങ്ങളുമൊക്കെ അനുഭവപ്പെടുന്നു. ഒൻപതാം പദ്യംമുതൽ പുതുതായി തുടങ്ങുന്ന പോലെയാണ് കാണുന്നത്. അവിടെ മറ്റൊരു ദേവഗണനപ്പട്ടിക നിരത്തുന്നു. പത്തിൽ അത് തുടരുന്നു. 11-ൽ സംക്ഷിപ്തമായ ഒരു പ്രപഞ്ചോല്പത്തിസിദ്ധാന്തവും തുടർന്ന് 12-ൽ അശ്വികളുടെ കർമങ്ങളുടെ രേഖാചിത്രവും . 13-14 പദ്യങ്ങളിൽ വിശ്വേദേവഗണത്തിൽ അപ്രധാനദേവതകൾ ചേരുന്നു. വസിഷ്ഠന്റെ സംഗ്രഹപദ്യത്തോടെ സൂക്തം അവസാനിക്കുന്നു.

സൂക്തം 66. വിശ്വേദേവപ്പട്ടിക നിരത്തുന്നത് മുൻസൂക്തത്തിലെപ്പോലെത്തന്നെ. പൊതുവിൽ ദേവന്മാർ, ആദിത്യന്മാരും വസുക്കളും രുദ്രന്മാരുമടങ്ങുന്ന ദേവസംഘങ്ങൾ, പ്രധാനരും അപ്രധാനരുമായ വ്യക്തിദേവന്മാർ എന്നിങ്ങനെയാണ് ഇവിടെ വിളിക്കപ്പെടുന്നത്. മാമൂൽരൂപത്തിലുള്ള വിവരണങ്ങളും സഹായത്തിനും അനുഗ്രഹത്തിനുമുള്ള പതിവുപ്രാർഥനകളും. ഈ സൂക്തത്തെപ്പറ്റി മറ്റു വിശേഷിച്ചൊന്നും എടുത്തുപറയാനില്ല.

വലപുരാവൃത്തത്തിൽ ബൃഹസ്പതിയുടെ പങ്കു സുവ്യക്തമായി പ്രതിപാദിക്കുന്ന സൂക്തമാണ് 67. വലകഥയിലെ നായകനായ ഇന്ദ്രനും ബൃഹസ്പതിയും ഒന്നുതന്നെയെന്നു സൂചിപ്പിക്കുന്നതും ശ്രദ്ധേയമാണ്. ബൃഹസ്പതിയും ഇന്ദ്രനും ഒന്നിച്ച് ഈ കർമം ചെയ്യുന്നുവെന്ന് ഇവിടെ വിവരിക്കുന്നു. ചിലേടത്ത് ഇന്ദ്രൻ ആദ്യവും പിന്നീട് ബൃഹസ്പതിയുമാണ് വരുന്നതെങ്കിൽ മറ്റിടങ്ങളിൽ ബൃഹസ്പിതിയും  ഇന്ദ്രനുമെന്നു ക്രമം മാറുന്നു. ശരിയ ഉൾക്കാഴ്ച്ചയുടെ കണ്ടെത്തലോടും നിർമിതിയോടുംകൂടി സൂക്തം തുടങ്ങുന്നു (1). രണ്ടാം പദ്യം അംഗിരസ്സുകളെ അവതരിപ്പിക്കുന്നു. അവരും സത്യവാക്കു കണ്ടുപിടിക്കുന്നുണ്ട് (2). തുടർന്നുള്ള അഞ്ചു പദ്യങ്ങൾ (3-8) നാടകീയമായ ഗുഹ തുറക്കലും പശുക്കളെ മോചിപ്പിക്കലും വിവരിക്കുന്നു. ഈ വിവരണത്തിൽ ആക്ഷേപഹാസ്യപ്രയോഗങ്ങളടക്കം ശ്രദ്ധിക്കേണ്ട പലതുമുണ്ട്. ദേവനെ സ്തുതിക്കുന്നവയും അനുഗ്രഹങ്ങൾക്കഭ്യർഥിക്കുന്നവയുമായ നാല് അന്തിമപദ്യങ്ങളോടെ സൂക്തം അവസാനിക്കുന്നു.

മുൻസൂക്തത്തിലെ വലപുരാവൃത്തം ഒരുവിധം ഋജുവായി ആഖ്യാനം ചെയ്യുന്ന ഈ അദ്ഭുതകരമായ സൂക്തം 68 ഭാവനാത്മകമായ അലങ്കാരങ്ങളാലും ഘടനകളാലും മനോഹരമാക്കിയിരിക്കുന്നു. ഉപമകളുടെ വൈചിത്ര്യവും വൈവിധ്യവുമാണ് എടുത്തുപറയേണ്ടത്. ബൃഹസ്പതി അംഗിരസ്സുകളെയും പശുക്കളെയും വീണ്ടും യോജിപ്പിക്കുന്നുവെന്ന് ഇതിൽ പറയുന്നു (2). പശുക്കൾ നാഗരികതയുടെ മൂർത്തീഭാവങ്ങളാണെന്നും ആര്യജനതകളെ യോജിപ്പിക്കുന്ന സാമൂഹ്യബന്ധങ്ങളാണെന്നും പ്രതിപാദിക്കുന്നു (3). ആറാം പദ്യത്തിലെ ഉപമയും അപഗ്രഥനമർഹിക്കുന്നു. പിൽക്കാലസംസ്കൃതകാവ്യസാഹിത്യത്തിലെ ഉപമകളുടെ മുന്നോടിയായി പ്രസരിപ്പും സംക്ഷിപ്തതയും പ്രകൃതിയിൽനിന്നു കൈക്കൊണ്ട ബിംബാവലിയുമെല്ലാമുള്ള ഈ സൂക്തത്തിലെ ഉപമകളെ പരിഗണിക്കാവുന്നതാണ്.

69-ാം സൂക്തത്തിൽ ഗോത്രാഗ്നിയും ഈ അഗ്നിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഗോത്രങ്ങളുടെ യജ്ഞപരമായ പങ്കും വ്യക്തമായി വിവരിക്കപ്പെടുന്നു. പരസ്പരം ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന അനേകം ഗോത്രങ്ങളുടെ കേന്ദ്രാഗ്നിക്കും ഇത് ഉദാഹരണമത്രേ. മറ്റു ഗോത്രങ്ങൾക്കുമേൽ ഇതുവഴി ആധിപത്യം സ്ഥാപിക്കാനും ഇതുകൊണ്ടു സാധിക്കുന്നു. ഈ പ്രത്യേകമായ ഗോത്രാഗ്നി വധ്ര്യശ്വനെന്ന രാജാവിന്റേതാണ് (1-2, 4, 10-12). വധ്ര്യശ്വന്റെ പുത്രന്റെ/ അനന്തരതലമുറയുടെയാണിത് (5, 9, 12). മുൻപ് ജ്വലിപ്പിക്കപ്പെട്ട അഗ്നിയിൽനിന്നോ അഗ്നികളിൽനിന്നോ വ്യത്യസ്തവുമാണ് (4-5). മുൻപത്തെ അഗ്നികളേക്കാൾ വിജയശീലമുള്ളതാണ് ഇവിടെ ചിത്രീകരിക്കപ്പെട്ട അഗ്നി എന്നും അവസാനഭാഗത്തു പറയുന്നു. മറ്റു ഗോത്രാഗ്നികളെ അപേക്ഷിച്ചെന്നു താല്പര്യം (10-11). മറ്റു ജനങ്ങൾക്കുമേൽ വധ്ര്യശ്വനും സഖ്യകക്ഷികളും നേടിയ വിജയത്തിന്റെയും സൂചകമാകുന്നു ഇത്. അവർ ജ്വലിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്ത അഗ്നിയാണല്ലോ ഇത് (5-6, 9-12).

സൂകതം 70. തനൂനപാത് ഇല്ലാത്തതും നരാശംസനോടുകൂടിയ(2)തുമായ, പതിനൊന്നു പദ്യങ്ങളുള്ള ആപ്രീസൂക്തം.  നിലവാരപ്പെട്ട ആപ്രീസൂക്തമാതൃകയിൽനിന്നു ചില വ്യതിയാനങ്ങൾ മറ്റുതരത്തിലുമുണ്ട്. ഹോതാവിനു പകരം ഏഴാം പദ്യത്തിൽ ഋത്വിക്കാണുള്ളത്. "ഉശൻ" ആണ് ഇവിടത്തെ സൂചനാപദം.

സൂക്തം 71 പവിത്രമായ വാക്കിന്റെ ആധിപത്യം വിവരിക്കുന്നു. സോമയജ്ഞങ്ങളനുഷ്ഠിക്കുന്ന പുരോഹിതന്മാർക്ക് അത് അത്യാവശ്യമാണ്. ഈ ആധിപത്യം പുരോഹിതന്മാരെ സഖ്യം സ്ഥാപിക്കുന്നതിലൂടെ ബന്ധിപ്പിക്കുന്നു (2). ഈ ആധിപത്യത്തിന്റെ അളവ്  ഒരു പുരോഹിതനെ മറ്റൊരു പുരോഹിതനിൽനിന്നു വേർതിരിക്കുന്നു (4-5, 7-8). അതേ സമയം അനുഷ്ഠാനത്തിൽ പവിത്രവാക്കു പ്രയോഗിക്കുന്നതിൽ ചില പുരോഹിതന്മാർക്കുള്ള അപ്രാപ്തിയോ മനസ്സില്ലായ്മയോ അവരെ അടയാളപ്പെടുത്തുകയും അവരുടെ ആധിപത്യം ഉപയോഗശൂന്യമാക്കുകയും ചെയ്യുന്നു (6-9). കുതിരപ്പന്തയത്തിന്റെ ഭാഷയുപയോഗിച്ച് കവി പുരോഹിതന്മാർ വാക്കിന്റെ ആധിപത്യത്തിലൂടെ ജയിക്കുന്ന "മത്സര"ത്തെപ്പറ്റിയോ "മത്സരങ്ങ"ളെ പ്പറ്റിയോ പറയുന്നു. ഈ മത്സരങ്ങൾക്ക് ഏതു പുരോഹിതന്നാണ് ഏറ്റവും നന്നായി സൂക്തങ്ങൾ രചിക്കാനോ ചൊല്ലാനോ കഴിയുകയെ ന്നും അതുകൊണ്ട് ആരെയാണ് യജ്ഞാനുഷ്ഠാനത്തിൽ  പങ്കെടുക്കാൻ വരിക്കേണ്ടതെന്നും നിശ്ചയിക്കാൻ കഴിയും. അത്തരത്തിലുള്ള മത്സരം ഉണ്ടായിരുന്നുവെന്നു

പത്താം പദ്യം വിവരിക്കുന്നു. കവി സൂക്തരചയിതാക്കളിൽ ഊന്നുന്നുവെന്നതും ശരിയാണ്. അത് പവിത്രമന്ത്രപ്രഭുവായ ബൃഹസ്പതിയെ പരാമർശിച്ചുകൊണ്ടാണു തുടങ്ങുന്നത്. പുരോഹിതന്മാരുടെ അവസാനപ്പട്ടികയിൽ ബ്രഹ്മർത്വിക്കിനെ മാത്രമേ പേരെടുത്തു പറഞ്ഞിട്ടുമുള്ളൂ. പരസ്പരശ്രദ്ധയ്ക്കും ദേവന്മാരുടെ ആനുകൂല്യത്തിനും വേണ്ടിയുള്ള യജ്ഞങ്ങൾതന്നെയും മത്സരവേദിയാവാം. അങ്ങനെയെങ്കിൽ സൂക്തവാക്കു മാത്രമല്ല, യജ്ഞത്തിലുപയോഗിക്കുന്ന ഏതു വാക്കും ഈ സൂക്തത്തിന്റെ വിഷയമായ വാക്കിൽ വരും. ഈ വിശാലമായ അർഥത്തിലാണ് മൂന്നാം പദ്യത്തിലെ "സപ്തരേഭ"പ്രയോഗമെന്നു തോന്നുന്നു. സപ്തഹോതാക്കളാവാം ഇവർ. അവസാനപദ്യത്തിലെ നാലു തരം ഹോതാക്കളുടെ പരാമർശവും ഇവിടെ ഓർക്കാം.

സൂക്തം 72 പ്രാപഞ്ചികതലത്തിൽ "അസത്തി"ൽനിന്നു "സത്ത് "ഉണ്ടായി എന്നും അവസാനം അമർത്ത്യതലത്തിൽ ദേവന്മാരും ദേവമനുഷ്യന്മാരും ഉണ്ടായി എന്നും കാണിക്കുന്നു. മുൻസൂക്തവുമായി പ്രമേയഘടകങ്ങളിലും ഇതിനു സമാനത്വമുണ്ട്. ഏറ്റവും വ്യക്തമായ ഒന്ന് ബ്രഹ്മണസ്പതിയാണ് ബൃഹസ്പതി എന്നതാണ് (2). പിന്നീടു പ്രാപഞ്ചികപ്രത്യക്ഷഭാവം വരുമ്പോൾ, യജ്ഞത്തിന്റെ ആവർത്തിച്ചുള്ള പരാമർശം കാണുന്നു. ലോകത്തെ ഉയർത്തിക്കൊണ്ടുവന്ന തത്വങ്ങളുടെ മൂർത്തീഭാവമാണ് യജ്ഞമെന്നതാണ് ഈ സൂക്തത്തിന്റെ ഒരു പ്രമേയതലം. മൂന്നാം പദ്യത്തിൽ ബൃഹസ്പതി "ദേവന്മാരുടെ ജന്മങ്ങ"ളെ "ഉരുക്കി"യത് ശ്രദ്ധേയമാണ്. ബൃഹസ്പതി ദേവന്മാരുടെ ഉല്പത്തികളെ പ്രകടിപ്പിച്ചുകൊണ്ടുള്ള പവിത്രമന്ത്രമാർഗങ്ങൾ കൊണ്ടുവന്നു. പക്ഷേ, അത്തരം മന്ത്രത്തിന് യജ്ഞാനുഷ്ഠാനസമയത്ത് പ്രത്യേകയജ്ഞസ്ഥലത്ത് ദേവന്മാരുടെ ജന്മത്തെയും കൈവരുത്താൻ കഴിയും. ഈ രീതിയിൽ വാക്കുകൾക്ക് അഥവാ വാക്കുകളുടെ പിന്നിലുള്ള ചിന്തകൾക്ക് വസ്തുക്കളെയും യഥാർഥമാക്കാൻ കഴിയും. ഇതാണ് രണ്ടാം പദ്യത്തിൽ സത്ത് (നിലനിൽക്കുന്നത്, വസ്തുക്കൾ, ലോകവും ദേവന്മാരും മനുഷ്യരും) അസത്തിൽ (നിലനിൽക്കാത്തത്, വസ്തുക്കളല്ലാത്തത്, ചിന്തകൾ അഥവാ വാക്കുകൾ)നിന്നു ജനിച്ചുവെന്നു പറയുന്നത്. മൂന്നാം പദ്യത്തിന്റെ ഉത്തരാർധത്തിൽ "ഉത്താനപദഃ" (കാൽ മലർത്തിയവൻ) സത്തിനെ ഉയർത്തുന്നുവെന്നും അത് തിരിച്ച് ദിക്കുകളെ ഉണ്ടാക്കുന്നുവെന്നും പറയുന്നു. പക്ഷേ, നാലാം പദ്യത്തിന്റെ പൂർവാർധത്തിൽ ഉത്താനപദൻ ഭൂമിയും ദിക്കുകളുമുണ്ടാക്കിയെന്നു പറയുന്നു.

ദക്ഷനിൽനിന്ന് അദിതിയും അദിതിയിൽനിന്നു ദക്ഷനും ഉണ്ടായെന്ന് നാലാം പദ്യത്തിന്റെ ഉത്തരാർധത്തിൽ കവി വിവരിക്കുന്നു. അദിതി ദേവി മാത്രമല്ല, ഒരു തത്വം കൂടിയാണ് – നിരുപദ്രവത്വത്തിന്റെ, അനവദ്യതയുടെ തത്വം. അതുപോലെ, ദക്ഷനു യജ്ഞവൈദഗ്ധ്യത്തിന്റെ മൂർത്തീഭാവമായ ദേവനാവാനും കഴിയും. അവർ പരസ്പരം ജനിപ്പിച്ചുവെന്നു പറയുമ്പോൾ അർഥമാക്കുന്നത്, യജ്ഞം നടത്തുന്നതിനു രണ്ടും ആവശ്യമാണെന്നത്രേ. ഇതുപോലെ, ദേവന്മാർ അമൃതബന്ധുക്കളാണെന്നു പറയുന്ന അഞ്ചാം പദ്യത്തിന്റെ നാലാം പാദത്തിൽ യജ്ഞത്തെപ്പറ്റിയും പരാമർശമുണ്ട്. യജ്ഞപുരാവൃത്തപരാമർശങ്ങൾ ഇനിയും വരുന്നുണ്ട്. ആറിൽ "തീവ്രം" (സോമവിശേഷണമായി പ്രയോഗിക്കാറുള്ള പദം), ഏഴിന്റെ ആദ്യപാദത്തിൽ "യതികൾ" (യജ്ഞപുരോഹിതന്മാർ – അവരുടെ മരണം ജീവലോകങ്ങളെ പുഷ്ടിപ്പെടുത്തുന്ന മഴകളിൽ കലാശിക്കുന്നു). അവസാനത്തെ രണ്ടു പദ്യങ്ങളിൽ അദിതിയുടെ "ഏഴു മക്കളുടെ ജന്മം" വിവരിക്കുന്നു. അവൾ അവരോടുകൂടി ദേവന്മാരുടെ പൂർവയുഗത്തിലേക്കു പോയി (9). "മരിച്ച മുട്ട"യിൽനിന്നുണ്ടായ ജന്മവും അവിടെ പറയുന്നു – പ്രത്യുല്പാദനത്തനുവേണ്ടിയും മൃത്യുവിനുവേണ്ടിയും.

സൂക്തം 73 തുടങ്ങുന്നതും ഒടുങ്ങുന്നതും ഇന്ദ്രന്റെ ജനനത്തോടുകൂടിയാണ്. 1–2 പദ്യങ്ങളിൽ ഇന്ദ്രന്റെ അമ്മയ്ക്ക് അവന്റെ ജന്മസമയത്ത് ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നുവെന്നു കാണിക്കുന്നു. പക്ഷേ, അവൻ വിജയകരമായി പിറന്നുവെങ്കിലും മരുത്തുക്കൾക്ക് അവനെ ശക്തിപ്പെടുത്തേണ്ടിവന്നു. സൂക്തത്തിന്റെ തുടക്കത്തിലുള്ള ജനനവിവരണം, ഇന്ദ്രന്റെ പല സമാന്തരസ്രോതസ്സുകളും സൂചിപ്പിച്ചിട്ടുള്ള പത്താം പദ്യത്തിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ തികച്ചും ഋജുവാണ്. പൊതുവിലുള്ള അഭിപ്രായമായി തോന്നുന്നത് "അവൻ ആൺകുതിരയിൽനിന്നു വന്നു "വെന്നാണ്. പക്ഷേ കവിക്ക് വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. എപ്പോഴാണ് താൻ ജനിച്ചതെന്ന് ഇന്ദ്രന്നേ അറിയൂ എന്നതാണ്, പക്ഷേ, അവസാനവാക്ക്. ജനനത്തിനു തൊട്ടുപിൻപുള്ള കഥ പല ഊഹാത്മകവ്യാഖ്യാനങ്ങൾക്കും വക നൽകുന്നതാണ്. ജാമിസൺ–ന്റെ വീക്ഷണത്തിൽ, 2–5 പദ്യങ്ങൾ ഒന്നിച്ചെടുക്കുമ്പോൾ മുഖ്യഘടകങ്ങൾ രണ്ടാണ്: ഒന്ന്, യജ്ഞസാഹചര്യം, പ്രാതഃസവനം; രണ്ട്, പുരാവൃത്തപരം. പ്രപഞ്ചജനയിതാവും വത്സലരക്ഷിതാവുമെന്ന നിലയിലുള്ള ഇന്ദ്രന്റെ ബിംബകല്പന. രണ്ടാം പദ്യത്തിന്റെ ഉത്തരാർധത്തിൽ "മഹത്തായ പാദമുദ്രയാൽ" എന്തോ ഒന്ന് (മിക്കവാറും, ലോകങ്ങൾ), ലൈംഗികമായി, പൊതിയപ്പെട്ടിരിക്കുന്നുവെന്നും ഈ സംഘർഷത്തിന്റെ ഫലമെന്നോണം ഇരുട്ടിൽനിന്നു ഭ്രൂണങ്ങൾ വന്നുവെന്നും പറയുന്നു. അടുത്ത പദ്യത്തിൽ ഇന്ദ്രന്റെ കാലുകൾ പരാമർശിക്കപ്പെട്ടതുകൊണ്ട് രണ്ടിലെ "മഹത്തായ പാദമുദ്രകൾ" ലോകങ്ങളെ പൊതിഞ്ഞതും ഭ്രൂണങ്ങളെ ജനിപ്പിക്കുന്നതുമായ ഇന്ദ്രനാവാനാണു സാധ്യത. നാലാം പദ്യം ആയിരം ചെന്നായ്ക്കൾ വായിലുള്ള ഇന്ദ്രന്റെ കൗതുകകരമായ ബിംബകല്പനയോടെ തുടങ്ങുന്നു. അടുത്ത പദ്യത്തിൽ നല്ലവന്റെ പത്നിയിൽ ഇന്ദ്രൻ ആയിരങ്ങളെ ഉറപ്പിച്ചുനിർത്തിയെന്നു പറയുന്നതും മുൻബിംബകല്പനയിലൂടെ ധ്വനിപ്പിക്കപ്പെടുന്ന രക്ഷിതാവിന്റെ ഭാവം ഒന്നുകൂടി വ്യക്തമാക്കുന്നു. അഞ്ചാം പദ്യത്തോടെ ഇന്ദ്രന്റെ ഈ രക്ഷാകർത്തൃത്വം സമാപിക്കുന്നതായി തോന്നുന്നു. ഇതിനുശേഷം നാം ഇന്ദ്രന്റെ മഹത്തായ വീരകർമങ്ങളിലേക്കുതിരിയുന്നു. നമുചിവധമാണ് മുഖ്യമായി പ്രതിപാദിക്കപ്പെടുന്നത് (5–7). പിതൃഭാവമുള്ള ഇന്ദ്രൻ പെട്ടെന്നു ഹന്താവായിത്തീരുന്നുവോ എന്ന സംശയം തോന്നാം. ഇവിടെയാണ് പ്രാതഃസവനസന്ദർഭം പ്രസക്തമാവുന്നത്. താൻ നമുചിയെ പകലോ രാത്രിയോ വരണ്ടതോ നനഞ്ഞതോ ആയ ആയുധംകൊണ്ടു കൊല്ലുകയി

ല്ലെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്നു പ്രസിദ്ധമാണ്. ഉഷസ്സന്ധ്യയ്ക്കാണു വധം – സൂക്തത്തിൽ പറഞ്ഞ സമയംതന്നെ. പിൽക്കാലവിവരണങ്ങളിൽ ആയുധമായി വർണിക്കപ്പെടുന്ന പതയ്ക്കു പകരം ഇവിടെ "ഇരുട്ടുണ്ടാക്കുന്ന മൂടൽമഞ്ഞും ഇരുട്ടു"മാണ് ആയുധമായി പരിഗണിക്കുന്നത് (5). ഇതും വരണ്ടതോ നനഞ്ഞതോ അല്ലല്ലോ. അതിരാവിലെ യാത്ര ചെയ്യുന്ന അശ്വികൾ ഈ സൂക്തത്തിൽ പല കുറി പരാമർശിച്ചിട്ടുണ്ട്. എട്ടാം പദ്യം ഇന്ദ്രന്റെ വീരകർമങ്ങൾ വിശേഷണങ്ങളിലൂടെയും ദേവന്മാരുടെ അനുമോദനങ്ങളിലൂടെയും സംഗ്രഹിക്കുന്നു. ഒൻപതാം പദ്യത്തിൽ ഇന്ദ്രൻ സൂര്യചക്രം മോഷ്ടിക്കുന്നത് പരാമർശിക്കുന്നു. ഇന്ദ്രന്റെ രക്ഷിതൃത്വം ഓർമ്മിപ്പിക്കുമാറ് അവൻ പശുക്കളെയും സസ്യങ്ങളെയും ശക്തിപ്പെടുത്തിയ കാര്യം വിവരിക്കുന്നു. പത്തിൽ അവന്റെ ജനനത്തിന്റെ രഹസ്യാത്മകത്വം പ്രതിപാദിക്കുന്നു. അവസാനത്തേതായ 11–ാം പദ്യം കവികൾ തങ്ങളുടെ ശോച്യാവസ്ഥയിൽ സഹായിക്കാൻ ഇന്ദ്രനോടപേക്ഷിക്കുന്നു.

മുൻസൂക്തം പോലെ അതേ കവി രചിച്ച് ഇന്ദ്രനു സമർപ്പിച്ച മറ്റൊരു സൂക്തമാണ് 74.. മുൻസൂക്തത്തിലെ വെല്ലുവിളികളൊന്നും ഇവിടെയില്ല. ആദ്യത്തെ മൂന്നു പദ്യങ്ങൾ ദേവന്മാരെ സ്തുതിക്കുകയും അവരോട് വിതരണം ചെയ്യാനുള്ള സാധനങ്ങളുമായി യജ്ഞത്തിലേക്കു വരാൻ ആവശ്യപ്പെടുകയും ചെയ്യുകയെന്ന കവിയുടെ ഉദ്ദേശ്യം അറിയിക്കുന്നു. അവസാനത്തെ മൂന്നു പദ്യങ്ങൾ (4–6) മുഴുവൻ ഇന്ദ്രനിലേക്കു തിരിയുന്നു. നാലിൽ വലപുരാവൃത്തത്തെയും മരുത്തുക്കളുടെ അമ്മ പൃശ്നിയെയും പശുക്കൾക്കും പുത്രന്മാർക്കുംവേണ്ടിയുള്ള യജമാനന്മാരുടെ ആഗ്രഹങ്ങളുടെയും സൂചനകളോടെ ഇന്ദ്രനിലേക്കു കടക്കുന്നു. 5–6 പദ്യങ്ങളിൽ കൂടുതൽ ഇന്ദ്രസ്തുതികളാണ്. ഇന്ദ്രൻ തങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുമെന്ന പ്രതീക്ഷ രേഖപ്പെടുത്തിക്കൊണ്ട് സൂക്തം സമാപിക്കുന്നു.

സൂക്തം 75 നദികളുടെ, വിശേഷിച്ച് ഇവിടെ മുഖ്യനദിയായി അവതരിപ്പിക്കുന്ന സിന്ധുവിന്റെ, മാഹാത്മ്യം എടുത്തുപറയുന്നു. അതിലേക്കാണല്ലോ മറ്റെല്ലാം ഒഴുകുന്നത് (4). സരസ്വതീസൂക്തങ്ങളെപ്പോലെ ഇതും പ്രകൃതിപരമായ വർണനയോടൊപ്പം (3, 7) സുന്ദരിയായ സ്ത്രീ, സമ്മാനജേതാവായ കുതിര എന്നീ നിലകളിലും വർണനമുൾക്കൊള്ളുന്നു. 5–6 പദ്യങ്ങളിലെ നദികളുടെ പേരുകൾ കൊണ്ട് ഈ സൂക്തം സവിശേഷം ശ്രദ്ധേയമത്രേ. അവയെ പണ്ഡിതലോകം ഭൂമിശാസ്ത്രപരമായ വിജ്ഞാനത്തിന്റെ ഖനിയായി കാണുന്നു.

പിടിക്കല്ലുകൾക്കു സമർപ്പിക്കപ്പെട്ട മൂന്നു സൂക്തങ്ങളിൽ 76 ആണ് ആലങ്കാരികമായി കൂടുതൽ മികവുറ്റത്.

77–78 സൂക്തങ്ങൾ സ്യൂമരശ്മി ഭാർഗവൻ രചിച്ച് മരുത്തുക്കൾക്കു സമർപ്പിക്കപ്പെട്ടവയാണ്. ഇവയ്ക്കു പതിവില്ലാത്ത വൃത്തഘടനയും അലങ്കാരപദ്ധതിയുമാണുള്ളത്. ഇവ രണ്ടും ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആലങ്കാരികമായി ഈ സൂക്തം ഉപമകളുടെ ആധിപത്യമുള്ളതാണ്. മൂന്നോ നാലോ ഉപമകൾ ഓരോ പദ്യത്തിലുമുണ്ട്. ഉപമകളുടെ സാന്ദ്രമായ കേന്ദ്രീകരണം ആറാം പദ്യാരംഭത്തോടെ അവസാനിക്കുന്നുവെങ്കിലും സാമ്പ്രദായികമായ ത്രിഷ്ടുപ്പുവൃത്തവും സൂക്താന്ത്യത്തിലെ ആനുകൂല്യപ്രതീക്ഷാപ്രകടനങ്ങളും തിരിച്ചുവരുന്നു. മരുത്തുക്കളുടെ മിക്ക വിവരണങ്ങളും അവരുടെ പരിചിതമായ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്: അവയുടെ കൊടുങ്കാറ്റുപ്രകൃതം, ഇന്ദ്രനുമായുള്ള ബന്ധം, സൗന്ദര്യവും അലങ്കാരങ്ങളും, വീമ്പു പറച്ചിൽ മുതലായവ. പക്ഷേ, രണ്ടുതവണ അവർ ആദിത്യന്മാരുമായി ബന്ധപ്പെടുന്നുണ്ട് (2, 8). ആദിത്യന്മാരുടെ ഈ ദേവഗണത്തിന് മരുത്തുക്കളുമായി പൊതുവായി ഒന്നുമില്ല. ഈ ബന്ധം വാസ്തവത്തിൽ പ്രശ്നമുണ്ടാക്കുന്നു. അപരിചിതനുമായുള്ള ബന്ധമാണ് ഇവർക്കു തമ്മിൽ പൊതുവിലുള്ളതെന്നൊരഭിപ്രായമുണ്ട്. ഈ സൂക്തത്തിൽ രണ്ടു പ്രാവശ്യം (3, 5) രിശാദസപദം വരുന്നുണ്ട്. അപരിചിതബന്ധമാണല്ലോ അത് വ്യക്തമാക്കുന്നത്.

മുൻസൂക്തത്തെപ്പോലെ 78–ഉം അലങ്കാരസമൃദ്ധമാണ്. വൃത്താലങ്കാരങ്ങളിൽ ഈ സൂക്തം, വാസ്തവത്തിൽ, മുൻസൂക്തത്തെ അതിശയിക്കുന്നു. ഇതിലെ ത്രിഷ്ടുപ്പു തന്നെ പ്രത്യേകതയുള്ളതാണ്. ഉപമകളാവട്ടെ, എട്ടു പദ്യങ്ങളിലുമുടനീളം വ്യാപിച്ചുനിൽക്കുന്നു. കൂടുതൽ വാക്യവിന്യാസനിയന്ത്രണവും കാണാം. ഈ അഷ്ടപദ്യാത്മകസൂക്തത്തിലെ ആദ്യത്തെ ഏഴു പദ്യങ്ങളിലെ ഓരോ നന്നാലു വരിയിലെയും പാദദീർഘമായ ഉപമകൾ എങ്ങനെ വിന്യസിച്ചിരിക്കുന്നുവെന്നു നോക്കാം. ഉപമകളുടെ നീണ്ട പരമ്പരയിൽ "ഇവ" എന്നും "ന" എന്നുമുള്ള ഉപമാവാചകങ്ങൾ ഇടവിട്ടു പ്രയോഗിക്കുക സാധാരണമാണല്ലോ. എന്നാൽ, ഇവിടെ ഇവ എന്ന പ്രയോഗം തീരെ ഒഴിവാക്കിയിട്ടുണ്ടെന്നത് ശ്രദ്ധേയം. നിയതമായ "ന (പോലെ)"യുടെ ആവർത്തനം ഒരുതരം പട്ടാളച്ചിട്ടയുടെ അവബോധമുളവാക്കാൻ സഹായിച്ചിട്ടുമുണ്ട്. എല്ലായ്പ്പോഴും മരുത്തുക്കളാണ് കർത്താവെന്നുള്ളതുകൊണ്ട് ഈ ഉപമകളെല്ലാം പ്രഥമാബഹുവചനപുല്ലിംഗത്തിലാണ് ഘടിപ്പിച്ചിട്ടുള്ളത്. മരുത്തുക്കളുടെ ഊർജസ്വലവും ചടുലവുമായ യാത്രകൾക്കും പ്രവർത്തനങ്ങൾക്കും അനുരൂപമായ ഈ ഉപമാവിന്യസനം രൂപഭാവൈക്യത്തിന് ഒന്നാന്തരം ഉദാഹരണമത്രേ. എട്ടാമത്തേതായ ഉപസംഹാരപദ്യം ആദ്യത്തെ ഏഴിന്റെയും ഘടനയിൽനിന്നു വേറിട്ടുനിൽക്കുന്നു. സാമ്പ്രദായികരൂപത്തിൽ ദേവന്മാരോടുള്ള പതിവഭ്യർഥനയാണത്. ആദ്യമായി ഈ പദ്യത്തിലാണ് മരുത്പദസാന്നിധ്യം വരുന്നതെന്നത് ശ്രദ്ധേയം.

സൂക്തം 79 തുടങ്ങുന്നത് "അപശ്യം" (ഞാൻ കാണുന്നു) എന്ന ഉത്തമപുരുഷദർശനത്തോടുകൂടിയാണ്. നാലാം പദ്യത്തിൽ ഒരു സത്യം അറിയിക്കുന്നു. വീണ്ടും ഉത്തമപുരുഷനിൽത്തന്നെ. വക്താവിവിന്റെ സ്വത്വം വെളിപ്പെടുത്താതെ അത് അഗ്നിദേവനാണെന്നു പറയുന്നു. എന്നാൽ ഈ സൂക്തത്തിലെ രഹസ്യാത്മകത അത്ര അഗാധമല്ല. അഗ്നി മതിവരാതെ തിന്നുന്നവനാണ് എന്നേയുള്ളൂ (6). ഈ സൂക്തത്തിലുണ്ടെന്നു വിചാരിക്കപ്പെടുന്ന ദുരൂഹത പ്രത്യേകിച്ച് ദുരൂഹതയൊന്നുമല്ല. ശൈലി ജീവസ്സുറ്റതും ബിംബകല്പനകൾ തീക്ഷ്ണവുമത്രേ.

ഓരോ വരിയും അഗ്നിപദംകൊണ്ടു തുടങ്ങുന്നുവെന്നതാണ് 80–ാം സൂക്തത്തിന്റെ രൂപപരമായ ഏറ്റവും വലിയ പ്രത്യേകത. സൂക്തത്തിന്റെ ആദ്യപകുതിയിൽ (1–4) രൂപം മിക്കവാറും പ്രഥമൈകവചനമാണെങ്കിൽ അടുത്ത പകുതിയിൽ മിക്കവാറും ദ്വിതീയയിലാണ്. പലപ്പോഴും പതിവുള്ളതുപോലെ അന്തിമപദ്യം ഇതിൽനിന്നു വ്യത്യസ്തമാകുന്നു. ഈ രൂപഘടനയ്ക്കു കീഴ്പ്പെട്ടിരിക്കയാണ് സൂക്തത്തിന്റെ ശരിയായ ഉള്ളടക്കം. സൂക്തത്തിന്റെ ആദ്യഭാഗം ഏതാണ്ടു മുഴുവൻ അഗ്നി പൊതുവിൽ നൽകുന്ന ദാനങ്ങളും സഹായങ്ങളും കൈ കാര്യം ചെയ്യുന്നു. മൂന്നാം പദ്യം, പക്ഷേ, തിരക്കിട്ട് അഗ്നി പല വ്യക്തികൾക്കും നൽകിയ സഹായങ്ങളുടെ പുരാവൃത്തങ്ങൾ പട്ടികയായി അവതരിപ്പിക്കുന്നു. അശ്വികൾ രക്ഷപ്പെടുത്തിയ അത്രിയുടെ കഥയും ഇവിടെ അഗ്നിയുടേതായി ചേർത്തിട്ടുണ്ട്. 5–6 പദ്യങ്ങൾ ആവശ്യമുള്ള സർവജീവജാലങ്ങളുടെയും ലക്ഷ്യം അഗ്നിയാണെന്നു സ്ഥാപിക്കുന്നു. അന്തിമമായ ഏഴാം പദ്യത്തിൽ കവി തന്റെ സൂക്തം ഋഭുക്കളുടെ മാതൃകയിൽ രചിച്ചതാണെന്നും താൻ തിരിച്ചു പ്രതീക്ഷിക്കുന്നതും പ്രസ്താവിക്കുന്നു.

സൂക്തം 81. വിശ്വകർമാവ് സൃഷ്ടിക്കുന്ന ആശാരിയും (4) കൊല്ലനു(3)മാണ്. അവനാണ് ലോകത്തെ രൂപപ്പെടുത്തിയത്. പക്ഷേ, അവൻ പ്രാചീനനായ ഋഷിയും ഹോതാവും (1) ഇപ്പോഴത്തെ സഖാവും (5) യജ്ഞങ്ങളിൽ സഹായിക്കുന്നവനും (7) ആണ്. അവന്റെ പൗരോഹിത്യം പ്രാചീനകാലം മുതൽ ആധുനികകാലം വരെ തുടരുന്നു (1). ഈ പുരോഹിതവൃത്തി അവന്റെ സൃഷ്ടികർമവുമായി അടുത്തു ബന്ധമുള്ളതത്രേ. അവൻ തനിക്കുവേണ്ടിത്തന്നെ ചെയ്യുന്ന യജ്ഞം അവന് സ്വർഗവും ഭൂമിയും നേടിക്കൊടുക്കുന്നു (6). താൻ അവലോകനം ചെയ്യുന്ന സാമ്രാജ്യങ്ങളുടെ നേട്ടത്തിനു സമർപ്പിക്കുന്നതാണ് അവന്റെ യജ്ഞകർമം (5). ആദ്യത്തെ വരിയിൽ വിശ്വകർമാവിന്റെ “പകരൽ” “ഹവിസ്സാ”ണെന്നു പറയുന്നു.

സൂക്തം 82 മുൻസൂക്തത്തിന്റെ പൂരകവും അതിനേക്കാൾ രസകരവുമാണ്. വിശ്വകർമാവിന്റെ വിവിധകർമങ്ങളുടെ കൂടുതൽ സൂചനകൾ ഈ പദ്യങ്ങൾ നൽകുന്നു. “കണ്ണിന്റെ പിതാവെ”ന്നാണ് ആദ്യപദ്യത്തിൽത്തന്നെ അവൻ വിശേഷിപ്പിക്കപ്പെടുന്നത്. ഋഷികളുടെ പ്രചോദിതദർശനമാണല്ലോ കണ്ണ്. മറുവശത്ത്, അത് സൂര്യന്റെ കണ്ണുമാവാം. ഈ പദ്യം യജ്ഞസന്ദർഭത്തിനും പ്രാപഞ്ചികസന്ദർഭത്തിനും ചേരത്തക്കവിധത്തിലുള്ളതാണ്. രണ്ടാം പദ്യവും ഇതേ രീതി തുടരുന്നു. അത് യജ്ഞത്തിന്റെയും ലോകത്തിന്റെയും സൃഷ്ടികൾ തമ്മൽ കണ്ണി ചേർക്കുന്നു. രണ്ടിന്റെയും കേന്ദ്രപ്രതിനിധി വിശ്വകർമാവാണ്. 5–7 പദ്യങ്ങളിൽ കവി വിശ്വകർമാവ് കൈക്കൊണ്ടിട്ടുള്ള ആവിഷ്കൃതരൂപങ്ങൾ വെളിപ്പെടുത്തുന്നു. 5–6 പദ്യങ്ങളിൽ ആവർത്തിച്ചുവരുന്ന “പ്രഥമഗർഭ”പ്രയോഗം വിശ്വകർമാവിന്റെ രൂപങ്ങൾക്ക് ഏറ്റവും നല്ലൊരു സൂചനയാണ്. അത് വെള്ളം സ്വീകരിക്കുന്നു. അവിടെ എല്ലാ ദേവന്മാരും ആവിഷ്കൃതരാവുന്നു.പ്രപഞ്ചതലത്തിൽ സൂര്യൻ, യജ്ഞതലത്തിൽ അഗ്നി (യജ്ഞാഗ്നി), പിന്നെ രാജാവ് – ഈ മൂന്നും വെള്ളവുമായി ബന്ധപ്പെടുന്നുണ്ട്. സൂര്യൻ വെള്ളത്തിൽനിന്നുദിക്കുന്നു. അഗ്നി “വെള്ളത്തിന്റെ കുഞ്ഞാ”ണ് (അപാം നപാത്). രാജാവിന് ജലംകൊണ്ടാണല്ലോ അഭിഷേകം.

സൂക്തം 83 മന്യുവെ, അതിന്റെ ശക്തിയെയും വിജയം കൈവരുത്തുന്ന ഗുണങ്ങളെയും, സ്തുതിക്കുകയും അവയെ തങ്ങളുടെ ശത്രുക്കൾക്കെതിരായി ഉപയോഗിക്കാൻ അതിനോട് അപേക്ഷിക്കുകയും ചെയ്യുന്ന നാലു പദ്യങ്ങളോടുകൂടി തുടങ്ങുന്നു. തുടർന്നു ള്ള മൂന്നു പദ്യങ്ങൾ (5–7) കൂടുതൽ വ്യക്തിപരമായ സ്വരമുള്ളതും വക്താവിനെ മന്യു ഇടയിൽ അനിശ്ചിതമായ കാരണങ്ങളാൽ കൈവിട്ടതിനാൽ അതിനെ വീണ്ടും തിരിച്ചു തന്റെ പക്ഷത്താക്കി ശത്രുവെ ഒന്നിച്ചെതിർക്കാമെന്നപേക്ഷിക്കുന്നതുമാണ്.

മുൻസൂക്തത്തെപ്പോലെ 84–ഉം യുദ്ധങ്ങളിലും കൊള്ളമുതലുകളുടെ വിഭജനത്തിലും സഹായമഭ്യർഥിച്ചുകൊണ്ട് മന്യുവെ അഭിസംബോധന ചെയ്യുന്നു. ആലങ്കാരികമായി ഇതിനു ചില പ്രത്യേകതകളുണ്ട്: മിക്ക പദ്യങ്ങളുടെ അന്ത്യഭാഗങ്ങളും തുടർന്നുവരുന്ന പദ്യത്തിന്റെ തുടക്കം കോർത്തുകൊണ്ടാണ്. മധ്യകാലമലയാളത്തിൽ പ്രസിദ്ധമായ അന്താദിപ്രാസത്തിന്റെ വകഭേദംതന്നെ.

ഏകസൂക്തവിഭാഗത്തിലെ ദീർഘവും ഉപാഖ്യാനപരവുമായ 85–ാം സൂക്തം വിവാഹമെന്ന ഗൃഹ്യസംസ്കാരത്തെ വിവരിക്കുന്നു. ഇതിലെ പല സൂക്തങ്ങളും *അഥർവവേദ*ത്തിലെയും ഗൃഹ്യസൂത്രങ്ങളിലെയും വിവാഹസൂക്തങ്ങളിലുണ്ട്. സൂക്തം സൂര്യന്റെ മകളായ സൂര്യയുടെ വിവാഹത്തിന്റെ ഒരു വിധം സുഘടിതമായ വിവരണത്തോടെ (1–19) തുടങ്ങുന്നു. സൂര്യാവിവാഹത്തെ മനുഷ്യരുടെ വിവാഹങ്ങളുടെ ആദിരൂപമായി കാണാം. അവൾതന്നെയാണ് സൂക്തത്തിന്റെ കവിയെന്നും *അനുക്രമണി* പറയുന്നു (ഈ വ്യാഖ്യാനവും അത് സ്വീകരിക്കുന്നു). സോമനാണ് വരൻ. ആദ്യത്തെ അഞ്ചുപദ്യങ്ങൾ, നമുക്കു പരിചയമുള്ള ഭൂമിയിലെ യജ്ഞപാനീയമായ സോമമല്ല ഇതെന്നു ഉറപ്പിക്കുന്നു (വിശേഷിച്ച് 3–4 പദ്യങ്ങൾ). സ്വർഗത്തിലെ സോമനാണ് വർണിക്കപ്പെടുന്നത്. ചന്ദ്രനാണതെന്ന് ഇവിടെ ആദ്യമായി താദാത്മ്യപ്പെടുത്തുകയും പിൽക്കാലത്ത് അത് നിലവാരപ്പെടുകയും ചെയ്യുന്നു (5). തുടർന്നുള്ള പദ്യങ്ങൾ (6 –12) പ്രാപഞ്ചികവും നിത്യജീവിതശക്തികളും തമ്മിലുള്ള താദാത്മ്യത്തിന്റെ പരമ്പര ഘടിപ്പിച്ചിരിക്കുന്നു. വ്യത്യസ്തമായ വിവാഹസവിശേഷതകളാണ് നിത്യജീവിതശക്തികളുടെ ഭാഗമായി വിവരിക്കുന്നത്. പ്രത്യേകിച്ച് വിവാഹവണ്ടിയുടെ വിവരണം. ഇതിൽ പലതും, വരേണ്യസംസ്കാരഭാഷയാകയാലാവാം, വേണ്ടത്ര വ്യക്തമാകുന്നില്ല. പ്രാപഞ്ചികോപമാനങ്ങൾ ഏതെന്നു തിരിച്ചറിയാനാവാത്ത നക്ഷത്രങ്ങളെപ്പറ്റിയും മറ്റുമായതിനാലും ഈ അവ്യക്തത കൂടുന്നു. 13–16 പദ്യങ്ങൾ വിവാഹകർമമെന്ന ഒരൊറ്റ ആഖ്യാനത്തിൽ കേന്ദ്രീകരിക്കുന്നു. “സ്വയംവര”മാണല്ലോ. വരന്മാരുടെ പേരും മറ്റു വിവരങ്ങളും പറയുന്നതും വധു ഇഷ്ടപ്പെട്ട വരനെ “ചൂണ്ടിക്കാട്ടു”ന്നതുമെല്ലാം ഹൃദ്യമായിട്ടുണ്ട്.

ഈ സൂക്തത്തിൽ അശ്വികളാണ് വരന്മാർ. അവരുടെ മുച്ചക്രത്തേരിന്റെ ചക്രങ്ങൾ കടങ്കഥ പോലെ ചർച്ചാവിഷയമാവുന്നു (15–16). ഒരു സ്തുതിപദ്യത്തോടെയും (17) തുടർന്നു വരുന്ന സൂര്യചന്ദ്രന്മാരെപ്പറ്റിയുള്ള രണ്ടു പ്രഹേളികാപദ്യങ്ങളോടെയും (18–19) ഈ ഭാഗം അവസാനിക്കുന്നു. ദീർഘവും ഏറെക്കുറെ പുരാവൃത്തപരവും പ്രപഞ്ചശാസ്ത്രപരവുമായ ഈ ആമുഖത്തിനുശേഷം സൂക്തം പ്രസക്തവിഷയോ ചിതമായ മനുഷ്യവിവാഹത്തെ വർണിക്കുന്നു. 20–27 പദ്യങ്ങൾ വരണം മുതൽ വിവാഹശകടത്തിൽ കയറി പുതിയ വീട്ടിലെത്തിച്ചേരുന്നതുവരെയുള്ള വിവാഹത്തെ വിസ്തരിച്ചു വിവരിക്കുന്നു. ൂര്യാവിവാഹവുമായി ബന്ധമുള്ളതുകൊണ്ടാവാം ഇതിവിടെ വന്നത്. 21–22 പദ്യങ്ങൾ ഗന്ധർവനെ സംബോധന ചെയ്യുന്നു. 26–27 പദ്യങ്ങളിൽ പുതിയ വീട്ടിൽ എത്തിച്ചേർന്ന് ഗൃഹഭരണം തുടങ്ങുന്ന വധുവിന് ശുഭാശംസകൾ നേരുന്നു. 28–35 പദ്യങ്ങൾ വിവാഹയാത്രയിൽ വരാവുന്ന രോഗങ്ങളും കവർച്ചക്കാരെക്കൊണ്ടും മറ്റുമുള്ള അപകടങ്ങളും സൂചിപ്പിക്കുന്നു. വധു തീണ്ടാരിയാവുന്നതും അവളുടെ വസ്ത്രത്തിൽ രക്തക്കറ പുരളുന്നതും ബന്ധുക്കൾക്ക് സന്തോഷമാവുന്നതും, പക്ഷേ, ഭർത്താവ് കെണിയിൽപ്പെട്ടതുപോലുള്ള അനുഭവം പേറുന്നതുമെല്ലാം വിവരിക്കുന്നു. നവദമ്പതികളുടെ ബന്ധത്തിൽത്തന്നെ വിള്ളൽ വീഴുന്നുണ്ടോ എന്നു സംശയം. അവൾ മന്ത്രവാദിനിയുടെ മൂർത്തീഭാവമായി അനുഭവപ്പെട്ടുതുടങ്ങി. “ഭാര്യ ഭർത്താവിൽ പ്രവേശിച്ചു” (29) എന്നായി നില! ഇതിനെല്ലാം ഒരു ബ്രാഹ്മണന്നേ പരിഹാരം കാണാനാവൂ! ഒടുവിൽ എല്ലാം ശുഭമായി കലാശിക്കുന്നു. ഭാര്യാഭർത്തൃബന്ധം മാനസികവും കായികവുമായി പ്രസന്നത പ്രാപിക്കുന്നു (38–41). അവസാനത്തെ ആറു പദ്യങ്ങൾ (42–47) വിവാഹിതരായ ദമ്പതികൾക്കുള്ള പുതുജീവിതാശംസകളുൾക്കൊള്ളുന്നു.

സൂക്തം 86. *ഋഗ്വേദ*ത്തിലെ അസാധാരാരണമായ സൂക്തമാണിതെന്ന് അഭിപ്രായമുള്ള പണ്ഡിതരുണ്ട്. ഇന്ദ്രൻ, ഇന്ദ്രാണി, അവളുമായി ലൈംഗികാതിക്രമത്തിന്നൊരുങ്ങിയ വൃഷാകപി എന്ന ദുർവൃത്തനായ കുരങ്ങൻ എന്നിവർ തമ്മിലുള്ള സംഭാഷണമാണിത്. ഞെട്ടിക്കുന്ന ലൈംഗികവ്യവഹാരമടങ്ങുന്ന സൂക്തം. 23 പദ്യത്തിലും ഇന്ദ്രന്റെ അത്യുന്നതത്വം പ്രഖ്യാപിക്കുന്ന പല്ലവിയോടുകൂടിയ ഈ സൂക്തം ആകെക്കൂടി ഇന്ദ്രന്റെ വാഴ്ത്തുന്നതെന്നു പറയേണ്ടതില്ല. ധാരാളം വ്യാഖ്യാനഭേദങ്ങൾ മിക്ക പദ്യങ്ങൾക്കുമുണ്ട്. രാജകീയമായ അശ്വമേധയജ്ഞത്തിന്റെ പരോക്ഷമായ വിവരണമാണെന്നു വ്യാഖ്യാനിച്ചാൽ പല പ്രശ്നങ്ങളും പരിഹരിക്കാനാവുമെന്നാണ് ജാമിസൺ–ന്റെ നിരീക്ഷണം. പ്രസ്തുതസൂക്തത്തിൽ വൃഷാകപി (ആൾ ക്കരങ്ങ്) അശ്വത്തെ പ്രതിനിധാനം ചെയ്യുന്നു. അവന്റെ ഇന്ദ്രാണിയുമായുള്ള ലൈംഗികാഭാസങ്ങൾ അശ്വമേധപരമായ വ്യാഖ്യാനത്തിൽ വ്യക്തമാവും. അവൾ അവനെ വെറുക്കുന്നുവെങ്കിലും സൂക്തം മുന്നേറവേ, അവന്റെ ലൈംഗികവൈകൃതങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു കാണാം. വൃഷാകപിയുടെ ഭാര്യയെന്ന് ഇന്ദ്രൻ ഒരിടത്ത് ഇന്ദ്രാണിയെ സംബോധന ചെയ്യുന്നത് (13) അങ്ങനെ അർഥവത്താവുന്നു. ലൈംഗികനഷ്ടം സംഭവിക്കുന്നവനാണ് ശരിക്കുള്ള അധിപതി എന്ന് പ്രഖ്യാപിക്കുന്നത് (17) അതുകൊണ്ടാണ്. സൂക്തമാരംഭിക്കുന്നത്, തനിക്ക് ആദരമൊന്നും കിട്ടുന്നില്ലെന്ന് ഇന്ദ്രൻ പരാതി പറയുകയും ഇന്ദ്രാണി അത് ശരിവെക്കുകയും ചെയ്യുന്നതോടെയാണ് (1–2). ഇന്ദ്രനു നഷ്ടപ്രായമായ പദവി വീണ്ടെടുക്കുന്നതിന് അശ്വമേധം നടത്താനുള്ള പ്രചോദനം അങ്ങനെ കൈവരുന്നു. തുടർന്ന് വൃഷാകപിയിലേക്കു വിഷയം മാറുന്നു (3–6). അവനുമായുള്ള സൗഹൃദം ഇന്ദ്രാണിയുമായുള്ള ബന്ധത്തിൽ കാലുഷ്യം സൃഷ്ടിക്കുന്നു. വൃഷാകപി സംഭാഷണത്തിൽ ഇടപെടുന്നു (7). അവൻ അവളുടെ അവ്യക്തമായ ക്ഷണസൂചനകൾക്ക് പ്രതികരിക്കുന്നു. അശ്വമേധത്തിലെ ലൈംഗികവൈകൃതങ്ങൾക്ക് അവരിൽ അരങ്ങൊരുങ്ങുന്നു (8–9). 10–11 പദ്യങ്ങൾ ഇന്ദ്രപത്നിയായതിലുള്ള ഇന്ദ്രാണിയുടെ അഭിമാനം പ്രകടിതമാവുന്നു. തുടർന്ന് ഇന്ദ്രൻ യജ്ഞഹവിസ്സായി ദേവന്മാരുടെ അടുത്തേക്കു പോയ സുഹൃത്തിന്റെ കാര്യത്തിൽ വിലപിക്കുകയും (12), അതേസമയം പുതിയ യജ്ഞഹവിസ്സുകൾ സ്വയം സ്വീകരിക്കുന്നതിൽ ആനന്ദിക്കുകയും (13–14) ചെയ്യുന്നു. ഈ പദ്യങ്ങളിൽ അവൻ പത്നിയെ ഇന്ദ്രാണിയായും (12) വൃഷാകപായി(വൃഷാകപിയുടെ ഭാര്യ)യായും (13) സംബോധന ചെയ്യുന്നു. വൃഷാകപിയുമായുള്ള സംഭോഗത്തിൽ അവൾ അവന്റെ താല്ക്കാലികയജ്ഞപത്നിയായി മാറിയിരുന്നല്ലോ. 15–ാം പദ്യത്തിൽ ആഖ്യാതാവ് ഇന്ദ്രന്റെ സോമഹവിസ്സുകൾ പുനരരാരംഭിക്കപ്പെട്ടതായി അറിയിക്കുന്നു. അങ്ങനെ ഒന്നാം പദ്യത്തിൽ പറഞ്ഞ യജ്ഞനഷ്ടം പരിഹൃതമായി. ഇതിന്റെ പ്രതികരണമായ രണ്ടു പദ്യങ്ങൾ (16–17) തുടർന്നുവരുന്നു. ഇവയാണ് സൂക്തത്തിന്റെ ഹൃദയവും അശ്വമേധത്തിന്റെ ശരിക്കുള്ള ന്യായീകരണവും. ആദ്യത്തേത് വിശ്വജനീനമായ ഒരു സത്യം വ്യക്തമാക്കുന്നു: ലൈംഗികമായി വിജയം നേടിയവനാണ് ശരിയായ അധിപതിയും അധികാരശക്തിയും. പക്ഷേ, ഇത് വൈരുധ്യാത്മകമായി മാറ്റിമറിക്കപ്പെടുന്നു: വിജയിക്കാത്തവനാണ് അധിപതി. ഈ പ്രസ്താവന അശ്വമേധത്തിനു ഭംഗിയായി ചേരും: രാജാവ് അശ്വത്താൽ (ഇവിടെ വൃഷാകപിയാൽ) ജാരിണീപതിയായിത്തീരുന്നു. ഈ നാണം കെട്ട പ്രവൃത്തിക്ക് താൻ സാക്ഷിയാണ്! പക്ഷേ, അവൻ എല്ലാ യജ്ഞനേട്ടങ്ങളും അനുഭവിക്കുന്നു. അവന്റെ അധികാരശക്തി വർധിക്കുന്നു. അതേ സമയം രാജ്ഞിയുടെ ലൈംഗികപങ്കാളി യജിക്കപ്പെടുകയും ചെയ്യുന്നു. ഈ പദ്യദ്വയത്തോടെ സൂക്തം ഉച്ചകോടിയിലെത്തുകയും അതിന്റെ സന്ദേശം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ബാക്കിയുള്ളവ തരം താണവയാണെന്നു പറയാം. അടുത്ത അഞ്ചു പദ്യങ്ങൾ (18–22) യജ്ഞാനന്തരം വൃഷാകപിയുടെ ദേവന്മാരിലേക്കുള്ള അന്ത്യയാത്രയാണ്. അന്തിമപദ്യം മാനവിയുടെ പ്രസവത്തെപ്പറ്റിയുള്ള പ്രഹേളികാസ്വഭാവമുള്ള ഒന്നാണ്. അശ്വമേധഫലം സമൃദ്ധമായ ഉർവരതയാണെന്നാവാം ഇതിന്റെ സാരാംശം.

അഗ്നിസൂക്തങ്ങളുടെ പതിവുരീതിയിൽനിന്നു വിട്ടുനിൽക്കുന്നതാണ് 87–ാം സൂക്തം. രക്ഷോഹാഗ്നിയുടെ ഹിംസാത്മക(യാതുധാന)രൂപം ഇവിടെ കാണാം. അഗ്നിക്ക് അവന്റെ ജ്വാലാകൃതിയെ അടിസ്ഥാനമാക്കിയുള്ളവയും ശത്രു

ക്കളെ തുളച്ചും കശക്കിയും ശിഥിലമാക്കിയും മറ്റും നശിപ്പിക്കാനുള്ളവയുമായ സാമഗ്രികളോടുകൂടിയ വിപുലമായ ഒരായുധശാലയുണ്ടെന്നു വിവരിക്കുന്ന ഈ സൂക്തത്തിന്റെ ഭാഷ ആഹ്ലാദകരവും സൃഷ്ടിപരവുമായ രക്തദാഹത്തിന്റേതാണ്. ഒന്നാം പദ്യത്തിൽ അഗ്നിയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവനു നെയ് തളിക്കുകയും അവനെ വിളിക്കുകയും ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ട്. നാലാം പദ്യത്തിൽ അഗ്നിയുടെ ആയുധങ്ങളുടെ മാരകശക്തി യജ്ഞത്തിൽനിന്നു വരുന്നതും യജ്ഞവചസ്സുമായി ബന്ധപ്പെട്ടതുമാമെന്നു പറയുന്നു. അഗ്നിയുടെ ഭീഷണവും ആക്രാമകവുമായ നമ്മുടെ സംരക്ഷണം നമ്മുടെ യജ്ഞപരമായ പെരുമാറ്റത്തിൽനിന്നുണ്ടാവുന്നതാണെന്നർഥം. പക്ഷേ സൂക്തത്തിൽ പലേടത്തും കവി ഇക്കാര്യം വിസ്മരിക്കുന്നതായി തോന്നുന്നു.

ഒരേ സമയം രണ്ട് അധ്യാരോപങ്ങൾ 88–ാം സൂക്തത്തിന്റെ ഘടനയാകുന്നു. ഒരു വശത്ത്, യജ്ഞാഗ്നിപ്രതിഷ്ഠയും അതിൽ ഹവിസ്സു പകരലും ഉൾക്കൊള്ളുന്ന ഇന്നത്തെ യജ്ഞം; ഇതിനു വിരുദ്ധമായി, ദേവന്മാരുടെ പ്രാഥമികമായ യജ്ഞാഗ്നിനിർമാണം. ഇന്നത്തെ യജ്ഞം ഒന്നാം പദ്യത്തിൽ തുടങ്ങി പത്തൊൻപതാം പദ്യത്തിൽ അവസാനിക്കുന്നു. ഇടയ്ക്ക് ഉപരിതലങ്ങളിലുടനീളം 3, 5, 14 എന്നീ പദ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. പക്ഷേ, പ്രാകൃതികമാണ് പ്രധാനം. അത് ആദ്യപദ്യത്തിൽ തുടങ്ങുന്നു. മൗലികമായി യജ്ഞം സൃഷ്ടിക്കുകയും യജ്ഞാഗ്നി "ജനിപ്പിക്കുക"യുമെന്ന ദേവന്മാരുടെ പങ്ക് വിശേഷിച്ച് നാലാം പദ്യത്തിലും 7–13 പദ്യങ്ങളിലും ഊന്നുന്നു. 8–10, 13 പദ്യങ്ങളിൽ നാലു തവണ ("ജനയന്ത ദേവാഃ" "ദേവാസഃ ജനയന്ത" "ദേവാസഃ അജീജനത്" "ദേവാഃ വൈശ്വാനരം അകൃണ്വൻ") ഉപമാപ്രകടനങ്ങളോടൊപ്പം നമുക്കു കാണാം. ദേവന്മാർ യജ്ഞാർഹരാണെന്നു ഇടയ്ക്കിടെ വരുന്നുണ്ട് 3, 6, 11, 13). 5–ൽ അഗ്നിയും അങ്ങനെ വിളിക്കപ്പെടുന്നു. അഗ്നി വൈശ്വാനരനാണെന്ന താദാത്മ്യകരണമാണ് മറ്റൊരു പ്രമേയാധ്യാരോപം. "എല്ലാ മനുഷ്യർക്കുമുള്ളവൻ" എന്ന് അവയവാർഥം. ഇത് സൂര്യനെയും അർഥമാക്കുന്നു. പ്രകാശംകൊണ്ടു പ്രപഞ്ചം നിറയ്ക്കൽ, ചൂട് എന്ന രണ്ട് അഗ്നിധർമങ്ങൾ ക്രമേണ ദേവന്മാർ അഗ്നിയായി സൂര്യനെ സൃഷ്ടിച്ചുവെന്ന കഥയിലേക്കു നയിച്ചുവെന്നു കരുതണം. അഗ്നിപ്രകാശത്തിൽ സൂര്യൻ വെളിപ്പെടുന്നുവെന്നു നമ്മുടെ അനുഭവവുമാണ്. ഇക്കാര്യങ്ങൾ 10–13 പദ്യങ്ങളിൽ വ്യക്തം. 14–ാം പദ്യത്തിൽ കവി അഗ്നിയെ സൂര്യനായി അംഗീകരിക്കുകയും ചെയ്യുന്നു. അവസാനത്തെ 17–19 പദ്യങ്ങളിൽ അധ്യാരോപിതഘടനകളിലെ ഈ രണ്ടംശങ്ങളും രണ്ടു പേർ തമ്മിലുള്ള സംഭാഷണത്തിലൂടെ അവതരിപ്പിക്കുന്നതായി തോന്നുന്നു. ഇവരാരെന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും പുരോഹിതന്മാരാണെന്നു പലരും നിരീക്ഷിക്കുന്നു.

കവിയുടെ പൈതൃകക്കണ്ണികൾ വിശ്വാമിത്രഗോത്രത്തിലേക്കു നീണ്ടുനിൽക്കുന്നുവെന്ന് 89–ാം സൂക്തത്തിലെ അന്തിമപദ്യം (ഇന്ദ്രസൂക്തവിശ്വാമിത്രപല്ലവി) വ്യക്തമാക്കുന്നു. ഉപാന്ത്യപദ്യവും (17) വിശ്വാമിത്രന്മാരെ പരാമർശിക്കുന്നു. സൂക്തത്തിന്റെ രണ്ടാം ഭാഗം 8–ാം പദ്യംമുതൽ തുടങ്ങുന്നു. ഇവിടെ സഖ്യത്തിന്റെ പ്രാധാന്യവും ധാർമികപരാജയം ശത്രുവിന്റെ മുഖ്യലക്ഷണമായി മാറുന്നതുമെല്ലാം ഈ പാരമ്പര്യാഭിമാനപ്രധാനമായ സൂക്തത്തിൽ പ്രമേയമായി വരുന്നു.

സൂക്തം 90 ഋഗ്വേദത്തിലെ അതിപ്രസിദ്ധവും ഏറ്റവും സ്വാധീനം ചെലുത്തുന്നതുമായ സൂക്തമാകുന്നു. പുരുഷനാണ് ഇതിന്റെ കേന്ദ്രപ്രതീകം. ഉപരിതലവിചാരത്തിൽ ഇത് പറയുന്നത് ലോകം സൃഷ്ടിക്കപ്പെട്ടത് അതികായനായ ഒരു പുരുഷന്റെ അവയവങ്ങൾകൊണ്ടുള്ള യജ്ഞത്തിൽനിന്നാണെന്നാണ്. പ്രാപഞ്ചികയജ്ഞത്തിലൂടെയാണ് യജ്ഞമുണ്ടായതെന്ന പ്രമേയം പരക്കെ വ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ, ഈ സൂക്തം ആ പ്രാചീനപാരമ്പര്യത്തിന്റെ പുനരാവർത്തനമല്ല. ഈ പുരുഷൻ പിൽക്കാലസൂക്തമായ ഇതിൽ യജ്ഞത്തിന്റെ പ്രതീകമായിട്ടാണ് പ്രവർത്തിക്കുന്നത്. അങ്ങനെ പുരുഷൻ പിൽക്കാലത്ത് ദിവ്യനായ പ്രജാപതിക്കു സമാനനാകുന്നു. ഈ സൂക്തം ചാതുർവർണ്യ ത്തിന്റെ പരാമർശമടങ്ങുന്ന ഒരേയൊരു സൂക്തമെന്ന നിലയ്ക്കും ശ്രദ്ധേയമത്രേ. ജാതിവ്യവസ്ഥയ്ക്കാധാരമായ ചാതുർവർണ്യത്തിനു വേദാനുമതി ലഭിക്കുന്നതിനുകൂടി വേണ്ടിയാവാം പ്രസ്തുതസൂക്തം *ഋഗ്വേദ*ത്തിൽ ഉൾപ്പെടുത്തിയത്. പുരുഷന്റെയും യജ്ഞത്തിന്റെയും അഭിന്നത്വം ഒന്നാം പദ്യത്തിലും അവൻ ഭൂമിയെ അതിവർത്തിക്കുന്നുവെന്ന് രണ്ടിലും അവന്റെ ഈ ആധിപത്യം തുടർന്ന് പുരുഷന്റെയും വിരാട്ടിന്റെയും പരസ്പരജന്മരൂപമായ അഞ്ചിലും പുരുഷൻ ഹവിസ്സാണെന്ന് ആറിലും യജ്ഞപശുവാണെന്ന് 15–ലും ദേവന്മാരും സാധ്യന്മാരും ഋഷികളും അനുഷ്ഠിച്ച യജ്ഞം തന്നെയാണതെന്ന് ഏഴിലും ഇതിൽനിന്നു തുടർന്നുള്ള യജ്ഞങ്ങളുണ്ടായി എന്ന് എട്ടിലും ഋക്കുകളും സാമങ്ങളും ഛന്ദസ്സുകളും യജുസ്സും ജനിച്ചുവെന്ന് ഒൻപതിലും യജ്ഞമൃഗങ്ങളുദ്ഭവിച്ചുവെന്ന് പത്തിലും യജ്ഞഭാഗങ്ങൾ മൂന്ന് ഉപരിവർണങ്ങളിൽനിന്നു ജനിച്ചുവെന്ന് 11–12 ലും അവസാനം ദേവന്മാർതന്നെയും ഉണ്ടായെന്ന് 13–14 ലും അത് സ്വർഗദ്വാരത്തിലെത്തിക്കുമെന്ന് 16–ലും പറയുന്നു.

സൂക്തം 91 ശൈലിയിൽ 10. 89–നെ അനുസ്മരിപ്പിക്കുന്നു. ശില്പഭദ്രവും അലങ്കാരസുന്ദരവുമായ പരമ്പരാഗതമായ രീതിയിലുള്ള ഒരു ദേവസ്തുതി. നൈരുക്തികമായ പദപ്രയോഗത്തിൽ ഈ കവിക്ക് കൂടുതൽ താല്പര്യമുണ്ട്. പ്രത്യേകിച്ച് ആദ്യത്തെ ചില പദ്യങ്ങളിൽ ഇതു കാണാം. പദ്യങ്ങൾ തമ്മിലുള്ള ശൃംഖലാബന്ധവും ഇവിടെ ദൃശ്യമത്രേ. ദേവനായ അഗ്നിയെയും അവന്റെ യജ്ഞപരമായ പങ്കുകളെ വിശേഷിച്ചും സൂക്തത്തിൽ പ്രതിപാദിക്കുന്നു.

പൊതുവിൽ അസംഘടിതവും പലപ്പോഴും പ്രഹേളികാസ്വഭാവമുള്ളതുമാണ് സൂക്തം 92. പക്ഷേ, ഇതു തുടങ്ങുന്നത് അഗ്നിയെക്കുറിച്ചുള്ള സുഭദ്രമായ ശ്ലോകങ്ങളോടുകൂടിയാകുന്നു. മുൻപത്തെ അഗ്നിസൂത്രത്തിലെ വാചകശൈലിയും മറ്റുമുപയോഗിച്ച്. അവസാനത്തെ രണ്ടു പദ്യങ്ങളും യജ്ഞസന്ദർഭത്തിലെ അഗ്നിയെപ്പറ്റിത്തന്നെ. എന്നാൽ, ബാക്കിയുള്ളേടത്ത് ഘടനയുടെ ഭദ്രതയോ യുക്തിസഹമായ പുരോഗതിയോ കാര്യമായൊന്നുമില്ല. ദേവന്മാരും അർധ

ദേവന്മാരും (4–5, 11–13) വരുന്നുണ്ട്. രുദ്രനും മരുത്തുക്കളും പല പദ്യങ്ങളിലും വിഷയമാണ് (5–6, 9). സൂര്യന്റെ കുതിരകളിൽ ഇന്ദ്രൻ ഇടപെടുന്നതുപോലുള്ള പുരാവൃത്തങ്ങൾ വരുന്നുണ്ടെങ്കിലും (8) പലതും വേണ്ടത്ര വികസിപ്പിക്കപ്പെട്ടുകാണുന്നില്ല. നമുക്ക് ഒന്നും അറിഞ്ഞുകൂടാത്ത ചില കഥകൾ 10–ലും മറ്റും കാണുന്നു.

പ്രതിഫലം തരുന്നതിനേക്കാൾ വെല്ലുവിളി നൽകുന്നവയാണ് മുൻസൂക്തപോലെ 93–ാം സൂക്തവും. ദ്യാവാപൃഥിവിയെക്കുറിച്ചുള്ള പദ്യത്തോടെ സൂക്തം തുടങ്ങുന്നു. 10–ലും ഈ ആശയം ആവർത്തിക്കുന്നു. രണ്ടും മൂന്നും പദ്യങ്ങൾ ദേവന്മാരെ പൊതുവിൽ പരാമർശിക്കുന്നു. നാലാം പദ്യം ആദിത്യന്മാർ തൊട്ടുള്ള പേർ പറഞ്ഞുതുടങ്ങുന്നു. തുടർന്നുള്ള മൂന്നു പദ്യങ്ങൾ (5–7) അശ്വികളിൽ കേന്ദ്രീകരിക്കുന്നു. 8–9, 11 പദ്യങ്ങൾ ഋഭുക്കളെയും ഇന്ദ്രനെയും കുറിച്ചാണ്. കവി 12–ാം പദ്യത്തിൽ സാഭിമാനം ഈ കവിത സംഗ്രഹിക്കുന്നു. 13–15 ധാരാളം രക്ഷിതാക്കളെ സ്മരിച്ചുകൊണ്ടുള്ള ഒരു ദാനസ്തുതിയത്രേ.

പിടിക്കല്ലുകൾക്കു സമർപ്പിക്കപ്പെട്ട ഈ രണ്ടാം സൂക്തം (94) രസകരവും ഭാവനാപൂർണവുമാണ്. സൂക്തത്തിലുടനീളം പിടിക്കല്ലുകൾ ചേതനങ്ങളായി ചിത്രീകരിക്കപ്പെടുന്നു – മനുഷ്യരായ ജോലിക്കാർ, വിശപ്പുറ്റ കാളകൾ, പക്ഷികൾ, മാനുകൾ, കുതിരകൾ എന്നിങ്ങനെ. പക്ഷേ, പറയുന്നവരെന്ന നിലയിൽ പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നു. ആദ്യത്തെ നാലു പദ്യങ്ങൾ വചനക്രിയകളുൾക്കൊള്ളുന്നു. അഞ്ചിൽ വ്യത്യസ്തശൈലിയോടെ അതിന്റെ ആവർത്തനം. അവസാനത്തെ രണ്ടു പദ്യങ്ങൾ (13–14) ഈ ക്രിയകൾ പ്രതിധ്വനിപ്പിക്കുന്നു. ഈ പദ്യങ്ങളിൽ പിടിക്കല്ലുകളെ കെട്ടിൽനിന്നഴിക്കുന്നതായും അവയുടെ പണി തീർന്നതായും പറയുന്നു. അവസാനപദ്യത്തിലെ അവസാനവരിയിൽ അവയെ വെറും കല്ലുകളായാണ് കാണുന്നത്.

വളരെ പ്രശസ്തവും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ ഈ 95–ാം സൂക്തത്തിൽ അപ്സരസ്സായ ഉർവശിയും ഉപേക്ഷിക്കപ്പെട്ട അവളുടെ മനുഷ്യഭർത്താവായ പുരൂരവസ്സും തമ്മിലുള്ള സംഭാഷണമാണ് പ്രതിപാദ്യം. അവൻ (അപ്സരസ്സുകളായ കൂട്ടുകാരികളോടൊപ്പം യാത്ര ചെയ്യുമ്പോൾ) അവളുടെ അടുത്തുചെന്നു സംഭാഷണം തുടങ്ങുകയും തങ്ങളുടെ വിവാഹത്തിൽ വന്നുപോയ തെറ്റെന്താണെന്നു ചർച്ച ചെയ്യാനാവശ്യപ്പെടുകയും ചെയ്യുന്നു (1). അവൻ അവളുടെ സൗന്ദര്യത്തെയും (3) നല്ല ഭാര്യയെന്ന നിലയ്ക്കുള്ള അവളുടെ രീതികളെയും പറ്റി സ്മരിക്കുന്നു (4). അവൾ അക്ഷമയായി അവനെ ഉപേക്ഷിക്കുമ്പോഴും (2) ഭാര്യയെന്ന നിലയിൽ തന്റെ സേവനങ്ങളെക്കുറിച്ച് അവൾ പറയുന്നു (5). തുടർന്നുള്ള പദ്യങ്ങൾ (6–11) ഉർവശി തന്റെയും പുരൂരവസ്സിന്റെയും പുത്രനായ ആയുവിനെ പ്രസവിച്ചപ്പോൾ തന്നെ പരിചരിച്ചിരുന്ന അപ്സരഃസമൂഹത്തെപ്പറ്റിയാണ് മുഖ്യമായും പ്രതിപാദിക്കുന്നത്. പുരൂരവസ്സ് ഈ സഖികളോട് അസൂയയും അല്പം ആഭിമുഖ്യവും കാണിക്കുന്നു. പുരൂരവസ്സിൽ സ്നേഹത്തേക്കാൾ ശാരീരികവും മറ്റുമായ കാര്യങ്ങളിലാണ് ശ്രദ്ധ വേണ്ടതെന്ന് ഉർവശി ആനുഷംഗികമായി അവരോടു സൂചിപ്പിക്കുന്നു (7, 11). ഉർവശി പുരൂരവസ്സിനെ വീണ്ടും ഉപേക്ഷിക്കാൻ ശ്രമിക്കുന്നു (11). അവൾക്കു തന്റെ മകനെ പിരിഞ്ഞു താമസിക്കാൻ എങ്ങനെ കഴിയുമെന്നാണ് അവൾ തന്നെ വിട്ടുപോകുന്നതിലുള്ള വിഷമം സഹിക്കാനാവാത്ത പുരൂരവസ്സ് ചോദിക്കുന്നത് (12). "അതിനെ" അവന്റെ അച്ഛനെ ഏല്പിക്കുമെന്നാണവളുടെ തിരക്കു നടിച്ചുകൊണ്ടുള്ള മറുപടി. അവളെ പിരിഞ്ഞാൽ താൻ അപ്രത്യക്ഷനാവുകയോ മരിക്കുകയോ ചെയ്യുമെന്നു പുരൂരവസ്സ് (14). ഉർവശി അതു വിട്ട് മറ്റു പലതും പറയുന്നു (15–16). അവൻ കുറച്ചുകൂടി സമയം ചോദിക്കുന്നു (17). നിഗൂഢമായ ഒരു സമാപനപദ്യത്തോടെ സൂക്തം അവസാനിക്കുന്നു (18). പുരൂരവസ്സിനോടുള്ള ദേവന്മാരുടെ സംബോധനയാണതിൽ.

"ഹരി/ഹരിത" എന്നീ വാക്കുകളുടെയും "ഹര്യ" എന്ന ക്രിയയുടെയും അതിന്റെ നിഷ്പന്നരൂപങ്ങളുടെയും ശ്ലേഷപ്രയോഗങ്ങളിൽ കേന്ദ്രിതമാണീ സൂക്തം (96). സ്വർണവജ്രത്തിന്റെയും സ്വർണസോമത്തിന്റെയും ശ്ലേഷത്തിൽ പിടിച്ചുകൊണ്ടുള്ള പദലീലയും ഇതിൽ അംഗമായി വരുന്നുണ്ട്. എന്താണീ വിശേഷണം കൊണ്ടുദ്ദേശിക്കുന്നതെന്നു പലപ്പോഴും പ്രകടമാക്കിയിട്ടില്ല. അനുവാചകർ ഏതെങ്കിലുമൊന്നോ രണ്ടുമോ പൂരിപ്പിക്കണമെന്നാവാം കവിഹൃദയം.

*അഥർവവേദ*സ്വഭാവമുള്ള 97–ാം സൂക്തം ശമനൗഷധികളെ സംബോധന ചെയ്യുന്നു. അവയുടെ വംശാവലിക്കും ശക്തികൾക്കുംവേണ്ടി സ്തുതിക്കപ്പെടുന്നു. അവയോടു മനുഷ്യരുടെ രോഗങ്ങൾ മാറ്റാൻ അഭ്യർഥിക്കുകയും ചെയ്യുന്നു. ഉത്തമപുരുഷനിലുള്ള വക്താവ് കവി മാത്രമല്ല, വൈദ്യനുമാണെന്ന് ഊഹിക്കാം. അവൻ ഓഷധികളെ സന്ദർശിച്ച് തന്റെ മന്ത്രവാങ്മയങ്ങൾക്ക് അവയുടെ ശക്തി നൽകണെന്നും അപേക്ഷിക്കുന്നു (14).

സൂക്തം 98 മഴയ്ക്കുള്ള ഒരഭ്യർഥനയാണ്. ഐതിഹ്യകാലത്തുള്ള വിജയകരമായ സമാനമായ ഒരഭ്യർഥനയുടെ സന്ദർഭത്തിലാണിത്. ഈ ഐതിഹ്യത്തിന്റെ ഉപജ്ഞാതാക്കൾ പുരോഹിതനും കവിയുമായ, വാസ്തവത്തിൽ ശന്തനുരാജാവിനും ബൃഹസ്പതിക്കും വേണ്ടിയുള്ള ഹോതാവും പുരോഹിതനുമായ, ദേവാപിതന്നെ. ആദ്യത്തെ നാലു പദ്യങ്ങൾ ദേവാപിയും (1, 3) ബൃഹസ്പതിദേവനും (2) തമ്മിലുള്ള സംഭാഷണമുൾക്കൊള്ളുന്നു. ശന്തനുവിന്റേതാണ് നാലാം പദ്യമെന്നും ഒരഭിപ്രായമുണ്ട്. ദേവാപി ബൃഹസ്പതിയോട് മഴ പെയ്യിക്കാൻ അഭ്യർഥിച്ചുകൊണ്ട് ഇക്കാര്യത്തിൽ തനിക്കുവേണ്ടി ദൂതനായി പ്രവർത്തിക്കാൻ അപേക്ഷിക്കുന്നു. ദേവാപി ഉദ്ദേശിച്ചത് യജ്ഞമഴയായിരിക്കണം. രണ്ടാം പദ്യത്തിൽ ബൃഹസ്പതി അഗ്നിയെ ദൂതനായി തിരഞ്ഞെടുക്കുന്നു. ദേവാപിക്കു മഴ പെയ്യിക്കാനുള്ള മന്ത്രവചനവും നൽകുന്നു. ദേവാപി മൂന്നാം പദ്യത്തിൽ ഈ അനുഗ്രഹം അംഗീകരിക്കുകയും നാലിൽ ശന്തനു അവനോട് യജ്ഞമനുഷ്ഠിക്കാൻ പറയുകയും ചെയ്യുന്നു. അടുത്ത മൂന്നു പദ്യങ്ങൾ ഈ കഥയുടെ വിജയകരമായ ഫലം സംഗ്രഹിക്കുന്നു. എട്ടാം പദ്യത്തിൽ സൂക്തം അഗ്നിദേവനിലേക്കു തിരിയുന്നു. ദേവാപിയുടെ ആദ്യത്തെ അപേക്ഷ അഗ്നി ബൃഹസ്പതിക്കു കൈമാറുന്നു. വീണ്ടും കവി അഗ്നിയോട് മഴ അയയ്ക്കാൻ അപേക്ഷിക്കുന്നു (8, 10, 12). അതേസ

മയം പ്രതീക്ഷയോടെ നാം സ്വീകരിക്കുന്ന പല ദക്ഷിണകളെയും പറ്റി പറയുന്നു (9). അവൻ പിന്നീട് ഇന്ദ്രനു കൊടുക്കാൻ (11) അഗ്നിക്കു ദക്ഷിണകൾ നൽകുന്നു (10).

ഘടന വളരെ വ്യക്തമെങ്കിലും 99-ാം സൂക്തത്തിലെ ഉള്ളക്കം ആപേക്ഷികമായി ദുർഗ്രഹമാണ്. ഇന്ദ്രസൂക്തമാണിതെങ്കിലും അവസാനപദ്യംവരെ ആ പേരു കാണാൻ നാം കാത്തിരിക്കേണ്ടിവരുന്നു. രുദ്രന്മാർ, വരുണൻ എന്നൊക്കെയുണ്ടെങ്കിലും പൊതുവിൽ ദേവതാനാമങ്ങളില്ലെന്നുതന്നെ പറയാം. ഉള്ളവതന്നെ ചിലത് ഉപമാരൂപത്തിലത്രേ. ആദ്യത്തെ നാലു പദ്യങ്ങളിൽ ഒരു പേരുമില്ല. പിന്നീട് അത്തരം പേരുകൾ വരുന്നുണ്ടെങ്കിലും അവ ദേവശത്രുക്കളുടെയോ ദൈവീകൃതമനുഷ്യരുടെയോ പേരുകൾമാത്രമാണ്. അവകൊണ്ട് ആരെയാണുദ്ദേശിച്ചതെന്നൊന്നും വ്യക്തമല്ല. സൂക്തം പുരോഗമിക്കേ, ശുഷ്ണ/കൗത്സനാമങ്ങൾ പ്രത്യക്ഷപ്പെടുന്നതോടെ ഇന്ദ്രന്റെ ചിത്രം ഏറെക്കുറെ വ്യക്തത കൈവരിക്കുന്നു. പക്ഷേ, അപ്പോഴും പല കഥകളും അധികം കേൾക്കാത്തവതന്നെ. ആകെക്കൂടി നോക്കുമ്പോൾ യജ്ഞഭൂമിയിലെത്തിച്ചേർന്ന ഇന്ദ്രനാണ് സൂക്തവിഷയമെന്ന പ്രതീതിയാണുണ്ടാവുന്നത്.

നൂറാം സൂക്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അവസാനത്തേതിലൊഴികെ ആദ്യത്തെ പതിനൊന്നു പദ്യങ്ങളിലുമുള്ള പൂർണപാദപല്ലവിയാണ്: "ആ സർവതാതിമദിതിം വൃണീമഹേ" (ഞങ്ങൾ സുഖവും നിരപരാധിത്വവും വരിക്കുന്നു.) ആദ്യം ഈ പല്ലവിയുടെ അർഥം സൂക്തത്തിന്റെ ഉള്ളടക്കവുമായി ബന്ധമില്ലെന്നു തോന്നുമെങ്കിലും സൂക്തം പുരോഗമിക്കവേ അത് കൂടുതൽ വ്യക്തമായി വരുന്നുണ്ട്. സോമയജ്ഞത്തെയും അതിൽ പങ്കെടുക്കുന്ന ദേവന്മാരെയും, വിശേഷിച്ച് ഇന്ദ്രനെയും (1) വായുവെയും (2), കൊണ്ടാടുന്നതോടെ സൂക്തം ആരംഭിക്കുന്നു. യജ്ഞപ്രവർത്തനത്തിനു പ്രേരകനായ സവിതാവോടുകൂടിയുള്ള (1, 3) പ്രാതഃസവനമാണിവിടെ ഉദ്ദേശിക്കുന്നതെന്ന് ഇതുകൊണ്ടു വ്യക്തമാവുന്നു. പക്ഷേ, യജ്ഞം വെറും ഭൗതികപ്രവർത്തനം മാത്രമല്ല, അത് നമ്മുടെ വൈകാരികനന്മയുമായിക്കൂടി ഉറ്റ ബന്ധം പുലർത്തുന്നതാണെന്നു ക്രമേണ ബോധ്യമാവുന്നു (5, 6). ഏഴാം പദ്യത്തിൽ ദേവന്മാരുടെ മുൻപിൽ, നിരപരാധിത്വം, ഔപചാരികമായ "സത്യമന്ത്ര"ത്തിന്റെ സ്വഭാവത്തിലല്ലെങ്കിലും, വെളിപ്പെടുത്തുന്ന സ്ഥലമാണിതെന്ന് പ്രതിപാദിക്കുകയും ചെയ്യുന്നു. ഇവിടെയെത്തുമ്പോൾ പല്ലവിയുടെ അർഥം സൂക്തത്തിന്റെ ഉള്ളടക്കവുമായി നേരിട്ടു ബന്ധപ്പെടുന്നതാണെന്നു നമുക്കു മനസ്സിലാകുന്നു. അങ്ങനെ നമ്മുടെ നിരപരാധിത്വം ഉറപ്പിക്കപ്പെടുമ്പോൾ, നമുക്കു വരുന്ന അപകടങ്ങൾ ഇല്ലാതാക്കണമെന്നപേക്ഷിക്കാം (8-9). പുരോഗതിയും ശമനോപായവുമെല്ലാം അതിലുൾപ്പെടുത്താം (10). സോമയജ്ഞം ഈ അപേക്ഷകൾക്കെല്ലാം വഴിയൊരുക്കുകയും യജ്ഞഘടകങ്ങൾ അവ നിറവേറ്റുമെന്നു പിടിക്കല്ലുകൾക്കും (8-9) സോമത്തിനുള്ള പാൽമിശ്രണത്തിനും (10) കൊടുക്കുന്ന പ്രാധാന്യത്തിൽനിന്നു വെളിപ്പെടുകയും ചെയ്യുന്നു. പതിനൊന്നാം പദ്യത്തിൽ യജ്ഞത്തിന്റെ സന്തോഷകരമായ പരിസമാപ്തിയാണ്. അവസാനപദ്യത്തിന്റെ പൂർവാർധം അഗ്നിയോടെന്നു തോന്നിക്കുന്ന സംബോധനയും ഉത്തരാർധം ദാനസ്തുതിപോലുള്ള ഒന്നും ഉൾക്കൊള്ളുന്നു.

സോമയജ്ഞപുരോഹിതന്മാരെ സംബോധന ചെയ്യുന്ന 101-ാമത്തെ മനോഹരസൂക്തം ആദ്യം തങ്ങളുടെ യജ്ഞപ്രവർത്തനത്തെ പലതരം കായികാധ്വാനങ്ങളുമായി, വിശേഷിച്ച് കാർഷികാധ്വാനങ്ങളുമായി, സാദൃശ്യപ്പെടുത്തുന്നു (3-4). അപ്പോൾ, സോമമൊരുക്കുന്നതിനെ പശുക്കൾക്കുവേണ്ടി കിണറിൽനിന്നു വെള്ളം കോരുന്നതുമായി തരതമ്യപ്പെടുത്തുന്നു (5-7). സോമം തയ്യാറാക്കൽ മാറിമാറിവരുന്ന പല ബിംബകല്പനകളിലൂടെ മുന്നേറുന്നു (8-10). ലൈംഗികച്ചുവയുള്ള ഒരു ജോടി പദ്യങ്ങളോടെ സൂക്തം അവസാനിക്കുന്നു.

*ഋഗ്വേദ*ത്തിന്റെ മൂന്നു വാല്യങ്ങളിലുള്ള സമ്പൂർണാംഗലവിവർത്തനത്തിന്റെ കർത്താക്കളായ എസ്. ഡബ്ല്യു. ജാമിസണും ജെ. പി. ബ്രെറെട്ടണും 102-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ, വിശേഷിച്ച് ഇതിന്റെ വിനിയോഗകർമത്തിൽ, അഭിപ്രായവ്യത്യാസമുള്ളവരാകയാൽ അവർ രണ്ടുപേരും പ്രത്യേകമായി ഓരോ ആമുഖം എഴുതിച്ചേർക്കയാണ് ചെയ്തത്. തേർപ്പന്തയത്തിൽ മുദ്ഗലൻ, ഇന്ദ്രന്റെ സഹായത്തോടുകൂടി, തോൽപ്പിക്കപ്പെടാനുള്ള ശ്രമങ്ങളുണ്ടായിട്ടും, നിർണായകമാംവിധം വിജയം വരിക്കുന്നു. അവന്റെ തേരാളി ഭാര്യ മുദ്ഗലാനിയായിരുന്നു (2). തേരുവലിക്കുന്ന സംഘത്തിൽ വീമ്പിളക്കുകയും ദുഷ്ടമായി നിയന്ത്രിക്കപ്പെടുകയും ചലനശക്തിയില്ലാത്ത മരക്കഷ്ണം കൊണ്ടു നുകത്തിൽ കെട്ടപ്പെടുകയും ചെയ്ത ഒരു കാളയും ഉണ്ടായിരുന്നതായി തോന്നുന്നു (9-10). മുദ്ഗലാനി ഭർത്താവിനെ വീണ്ടെടുക്കുകയും അവർക്ക് വ്യക്തമായ ഉർവരത വളർന്നുവരികയും ചെയ്യുന്നു (11). അവൻ "നനയ്ക്കുക"യും അവൾ "വീർക്കുക"യും ചെയ്യുന്നു. സന്തതിയെ ജനിപ്പിക്കാത്തതുകൊണ്ട് അവൾ ഒരിക്കൽ ഒഴിവാക്കപ്പെട്ട ഭാര്യയായിരുന്നു. അനുർവരത മാറിക്കിട്ടുന്നതിന് അതിവീര്യവാനായ ഇന്ദ്രന്റെയും തേരുവലിക്കുന്ന കാളയുടെയും "സഹായ"മുണ്ടായിരുന്നുവെന്നതിന് സൂക്തത്തിലുടനീളം ഊന്നൽ നൽകപ്പെട്ടിരിക്കുന്നു (പ്രത്യേകിച്ച്, 4-6). തേർവലിക്കുന്ന കാളയും തേരാളിയായ മുദ്ഗലാനിയും തമ്മിലുള്ള ലൈംഗികച്ചുവയുള്ള ബന്ധവർണന പല പദ്യങ്ങളിലും അസഹ്യമാംവണ്ണംതന്നെയുണ്ട്. കാളയു/ഇന്ദ്രനു-മായുള്ള സമ്പർക്കം മുദ്ഗലന് ലൈംഗികശക്തി വീണ്ടെടുക്കാൻ നിമിത്തമാകുന്നു. യജമാനപത്നിയുടെ സജീവമായ യജ്ഞ പങ്കാളിത്തം ഈ സൂക്തത്തിലുണ്ടെന്ന് ജാമിസൺ സൂചിപ്പിക്കുന്നു. "നിയോഗ" (മരിക്കുകയോ ലൈംഗികശേഷിയില്ലാതാവുകയോ ചെയ്ത ഭർത്താവിനുവേണ്ടി ദേവരൻ – ഭർത്താവിന്റെ അനുജൻ – ജ്യേഷ്ഠപത്നിയിൽ സന്തത്യുല്പാദനം നടത്തുക എന്ന കർമം) ത്തിലാണ് ഈ സൂക്തത്തിന്റെ വിനിയോഗമെന്ന് ബ്രെറെട്ടൺ അഭിപ്രായപ്പെടുന്നു. മുദ്ഗലൻ ലൈംഗികശേഷിയില്ലാത്തവനായിരുന്നു. കാളയുടെ "വിക്രിയ"/ ഇന്ദ്രന്റെ സഹായം കാരണം അത് വീണ്ടുകിട്ടുന്നു.

സാന്ദ്രവും അതിക്രാമകവുമായ കരുത്തോടും വിജയശക്തിയോടുംകൂടിയ ഒരു സൈനികസൂക്തം (103). സൂക്ത

ത്തിന്റെ ആദ്യഭാഗങ്ങൾ ഇന്ദ്രനെ അചോദ്യനായ വിജയിയായി അവതരിപ്പിക്കുന്നു. ശൈലീപരമായി ഈ ഭാഗം ആവർത്തനംകൊണ്ടും, പ്രത്യേകിച്ച് ഒരു പദ്യത്തിന്റെ അവസാനം അടുത്ത പദ്യത്തിന്റെ ആദ്യമായി വരുന്ന രീതിയിലുള്ള അന്താദിപ്രാസം, കൊണ്ട് അടയാളപ്പെട്ടിരിക്കുന്നു. യുദ്ധരോഷത്തെപ്പറ്റിയുള്ള 10. 84–ാം സൂക്തവും ഈ പരസ്പരബന്ധം കാണിക്കുന്നു. ഈ രീതിയിൽ പദ്യങ്ങളെ തുന്നിച്ചേർക്കുന്നത് ഒരു മാന്ത്രികകവചം സൃഷ്ടിക്കുന്നു. സൂക്തം പുരോഗമിക്കേ, ഇന്ദ്രനിലുള്ള സാകലികമായ കേന്ദ്രീകരണം മാറുകയും ഇന്ദ്രന്റെ മാതൃക *ഞങ്ങളുടെ* യോദ്ധാക്കൾക്കു യുദ്ധവീര്യം നൽകാൻ പ്രചോദനമാവുകയും ചെയ്യുന്നതിലേക്കെത്തുന്നു. രണ്ടാം പദ്യത്തിൽ ആദ്യം ഞങ്ങളുടെ ആൾക്കാരെ സംബോധന ചെയ്യുന്നുണ്ട്. പക്ഷേ ആറിലും 10–13 പദ്യങ്ങളിലുമാണ് ഞങ്ങളുടെ മനുഷ്യരിൽ ഇന്ദ്രന്റെ പെരുമാറ്റത്തിന്റെയും വൈദഗ്ധ്യങ്ങളുടെയും ധൈര്യത്തിന്റെയും യഥാർത്ഥമായ സ്വാധീനം പ്രായോഗികമായി കാണുന്നത്.

104–ാം സൂക്തത്തിന്റെ കവി വിശ്വാമിത്രന്റെ പിൻമുറക്കാക്കാരനുമായി താദാത്മ്യപ്പെടുത്തപ്പെട്ടിരിക്കുന്നു. വിശ്വാമിത്രപല്ലവിയോടെ സൂക്തം അവസാനിക്കുകയും ചെയ്യുന്നു. യാത്രാസൂക്തത്തിന്റെ മട്ടിലാണിതും രചിച്ചിരിക്കുന്നത്. ഇന്ദ്രൻ തന്റെ കുതിരകളോടുകൂടി സോമസവനത്തിലേക്കു വരുന്നു. യജ്ഞത്തിൽ സോമംപോലെ പ്രധാനമാണ് സ്തുതികാവ്യമെന്നു സൂക്തത്തിലുടനീളം ഊന്നുന്നുണ്ട്. അവസാനഭാഗത്ത് എട്ടാം പദ്യം മുതൽ വൃത്രകഥ, വിശേഷിച്ച് വൃത്രവധാനന്തരം ഇന്ദ്രൻ വെള്ളം തുറന്നുവിടുന്ന ഭാഗം, പ്രതിപാദിക്കുന്നു.

105–ാം സൂക്തത്തിലെ വൃത്തം അനിയതവും പദ്യാനുപദ്യം മിക്കവാറും വ്യത്യസ്തവുമാണ്. വ്യാഖ്യനഭേദങ്ങൾക്കിടം നൽകുന്നതാണ് പ്രമേയവും. പാഠം ദുഷ്ടമല്ലെങ്കിൽ ശൈലീപരമായി പല പ്ര ശ്നങ്ങളുമുള്ളതാണ്. അവയിൽ മിക്കതും ഇനിയും പരിഹരിക്കപ്പെട്ടിട്ടുമില്ല. സൂക്തം ഏതാണ്ട് ഇന്ദ്രനെ പരിഹസിക്കുന്നതുപോലായിട്ടുണ്ട്. പിംഗലക്കുതിരകളെ വർണിക്കുന്ന 2–5 പദ്യങ്ങളിൽ ഇതു പ്രകടമാണ്. ഈ കുതിരകളില്ലെങ്കിൽ ഇന്ദ്രൻ ഒന്നുമല്ലെന്നാണ് പറഞ്ഞുവരുന്നത്. കുതിരകളാണവന്റെ അഭിമാനം (3–4). ആയുധത്തെയും (6–7) യജ്ഞത്തെയും (8–10) പറ്റി പറയുന്ന ഭാഗങ്ങളാണ് ഇന്ദ്രനു പതിവുമഹിമ നേടിക്കൊടുക്കുന്നത്.

സൂക്തം 106. *ഋഗ്വേദ*ത്തിലെ ഏറ്റവും വിഷമം പിടിച്ച സൂക്തമാണിതെന്ന കാര്യത്തിൽ സംശയമില്ല. 2. 39 എന്ന അശ്വിസൂക്തത്തിലെന്നപോലെ ഇവിടെയും ഉപമകളുടെ ഒരു ഘോഷയാത്രതന്നെയാണ്. ഓരോ പദ്യത്തിലെയും ഓരോ പാദത്തിലും ഓരോ ഉപമ. ഇരട്ടദേവന്മാരെ മൃഗങ്ങളോടും മനുഷ്യരോടും ശരീരാവയവങ്ങളോടും പ്രാപഞ്ചികസവിശേഷതകളോടുമെല്ലാം താരതമ്യം ചെയ്തിരിക്കുന്നു. നിർഭാഗ്യവശാൽ ഭാഷയും ശൈലിയും അങ്ങേയറ്റം ദുർഘടവും ദുർഗ്രഹവുമായിരിക്കുന്നു. സമ്പൂർണാംഗലഭാഷാവിവർത്തകർ 5–8 പദ്യങ്ങൾ തർജമചെയ്യാതെ മൂലം ചെരിവക്ഷരത്തിൽ പകർത്തിയിരിക്കയാണ്. പക്ഷേ, ഇവിടെ പാരമ്പര്യരീതിയിൽ *ഋഗ്വേദ*മഭ്യസിച്ച ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട് സായണാനുസാരിയായ തന്റെ *ഭാഷാഭാഷ്യ*ത്തിൽ ഇവ വ്യാഖ്യാനിച്ചിട്ടുണ്ട്. അത് അല്പസ്വല്പം വ്യത്യാസങ്ങളോടെ ഞാനിവിടെ സ്വീകരിച്ചിരിക്കുന്നു.

107–ാം സൂക്തം ദക്ഷിണയെക്കുറിച്ചുള്ള ഈ അതിരു കവിഞ്ഞ സ്തുതികൾ കവിയുടെ താല്പര്യങ്ങളാലാണ്. യജമാനൻ യജ്ഞത്തിൽ കർമം നിർവഹിച്ച വിവിധപുരോഹിതന്മാർക്കു ദക്ഷിണ നൽകുന്നു. യജമാനന്റെ പാരിതോഷികത്തിൽനിന്നൊരു ഭാഗം തനിക്കും കിട്ടുന്നുവെന്നതാണ് കവിയുടെ താല്പര്യം. സൂക്തം ദക്ഷിണ എന്ന പ്രമേയത്തിൽനിന്നു മാറുന്നതേയില്ല. നൽകപ്പെടുന്ന ദക്ഷിണ, നൽകുന്നവന് മാനസികവും ഭൗതികവുമായ അളവറ്റ നേട്ടങ്ങൾ കൈവരുത്തും. ദക്ഷിണയുടെ മൂല്യത്തേക്കാൾ അധികമായിരിക്കും അത്. അങ്ങനെ ഈ സൂക്തം ദക്ഷിണ നൽകാൻ യജമാനന്മാർക്കു പ്രേരകമായിത്തീരുന്നു.

സൂക്തം 108 സുവിദിതവും ആനന്ദപ്രദവുമായ സംഭാഷണസൂക്തമാണ്. രൂപരേഖ വ്യക്തമെങ്കിലും വിശദാംശങ്ങൾ അത്ര വ്യക്തമല്ലാത്ത ഒരാഖ്യാനത്തിന്റെ മധ്യത്തിലാണ് ഈ സംഭാഷണം നടക്കുന്നത്. പണികൾ പശുക്കളെ ഗുഹയിൽ കുടുക്കി. ഇന്ദ്രനും പ്രാചീനവൈദികഋഷികളും പശുക്കളെ മോചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇന്ദ്രൻ തന്റെ സരമ എന്ന നായയെ പണികളെ കെണിയിൽ പെടുത്താനും പശുക്കളെ വിട്ടയയ്ക്കാൻ ആവശ്യപ്പെടാനും വേണ്ടി അയയ്ക്കുന്നു. അവസാനം ഇന്ദ്രനും ഋഷിമാരും (അംഗിരസ്സുകളും നവഗ്വന്മാരും) തന്നെ പണികൾ പശുക്കളെ ഒളിപ്പിച്ച സ്ഥലത്തേക്കു വരുന്നു. അവർ തങ്ങൾ രചിക്കുകയും പാടുകയും ചെയ്ത സൂക്തങ്ങളുടെ ശക്തിയിലൂടെ ഗുഹ തുറന്നു. ഇന്ദ്രനെ ഇവിടെ ബൃഹസ്പതി എന്നാണ് പരാമർശിക്കുന്നത്. ഉഷസ്സുകളുടെ വരവും ഇവിടെ വർണിക്കുന്നുണ്ട്. തന്റെ സൂക്തത്തിന്റെ ശക്തികൊണ്ടാണ് പശുക്കളെ വീണ്ടെടുക്കുന്നതെന്ന് കവി സൂചിപ്പിക്കുന്നു.

109–ാമത്തെ ഈ ലഘുസൂക്തം വളരെയേറെ ചർച്ചയ്ക്കു വഴി തെളിച്ചിട്ടുണ്ട്. സൂക്തത്തിന്റെ വിഷയം 2–7 പദ്യങ്ങളിൽ വ്യക്തമായി പരാമർശിക്കപ്പെട്ട "ബ്രഹ്മജായ" (ബ്രാഹ്മണപത്നി) അഥവാ "ഹസ്തഗൃഹ്യ" (കൈകൊണ്ടു പിടിക്കേണ്ടുന്നവൾ)യാകുന്നു. യജമാനപത്നിയെ യജ്ഞാനുഷ്ഠാനത്തിൽ പങ്കെടുപ്പിക്കണമോ എന്ന പിൽക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ സൂക്തമെന്നത്രേ ജാമിസൺ–ന്റെ അഭിപ്രായം. ഈ പുതിയ രീതിയുടെ അപകടങ്ങളെക്കുറിച്ചും കവിക്കു ബോധമുണ്ട്. 1, 7 പദ്യങ്ങളിൽ പ്രായശ്ചിത്തത്തെപ്പറ്റി പറയുന്നതു നോക്കുക. അവളെ ഭർത്താവിൽനിന്നു വേർപെടുത്തുന്നത് തെറ്റാണെന്ന വീക്ഷണമാണ് ഇവിടെ വ്യക്തമാകുന്നത്. ദേവന്മാരുമായുള്ള അവളുടെ വിവാഹാനന്തരബന്ധം അവളെ വ്യഭിചാരിണിയാക്കുകതന്നെയല്ലേ? 2–6 പദ്യങ്ങളിൽ ദേവന്മാർ അവളെ തിരിച്ചുകൊടുത്തുവെന്നും 7–ൽ പ്രായശ്ചിത്തം നടത്തിയെന്നും വിവരിക്കുന്നുണ്ടെങ്കിലും

തെറ്റ് തെറ്റല്ലാതാവുന്നില്ല. 3–5 പദ്യങ്ങളിൽ ബ്രാഹ്മണപത്നിയുടെ യജ്ഞഭൂമിയിലെ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുന്നു. നാലാം പദ്യത്തിൽ പശുയജ്ഞത്തിലുള്ള അവളുടെ പ്രവർത്തനമാണ് പരാമർശവിഷയമെന്ന് ഒരു വീക്ഷണമുണ്ട്.

110–ാമത്തേത് ആപ്രീസൂക്തം.

സൂക്തം 111, ഒരു വശത്ത്, നേരെ ലളിതമെങ്കിലും കലാപരമായി ഇന്ദ്രന്റെ ഏറ്റവും പ്രസിദ്ധമായ ചില വീരകൃത്യങ്ങളെപ്പറ്റി പറയുന്നു. വലപുരാവൃത്തവും പശുക്കളെ/ ഉഷസ്സിനെ സ്വതന്ത്രമാക്കുന്നതും (3–4) വൃത്രപുരാവൃത്തവും വെള്ളം തുറന്നുവിടുന്നതും (6, 8–10) വിവരിക്കുന്നു. മറ്റു പലതും പരാമർശിച്ചു പോകുന്നു: സ്വർഗവും ഭൂമിയും ഉറപ്പിക്കുന്നതും താങ്ങിനിർത്തുന്നതും (4–5), ശുഷ്ണവധം (5) എന്നിവ. ചിലപ്പോൾ വൃത്രകഥയും വലപുരാവൃത്തവും തമ്മിൽ സന്ദിഗ്ധസ്വഭാവം വരാറുണ്ട്. മറുവശത്ത്, പ്രത്യേകിച്ചും ആദ്യത്തെ ഏതാനും പദ്യങ്ങളിൽ കവിതകളും കർമങ്ങളുംതമ്മിൽ പ്രതിപ്രവർത്തനം നടക്കും. പദ്യം ഒന്നിൽ ഇന്ദ്രനെ തന്റെ കർമങ്ങൾ സത്യമാക്കാൻ ഉണർത്തുന്നു. രണ്ടിൽ, കവിത മുന്നോട്ടുപോയി കർമങ്ങളെ പ്രചോദിപ്പിക്കുകയും മൂന്നിൽ തന്റെ കൃത്യങ്ങൾ കവികളിൽനിന്നു കിട്ടുന്ന പ്രചോദനങ്ങൾകൊണ്ടാണെന്ന ഇന്ദ്രൻതന്നെ കരുതുന്നതായി വെളിപ്പെടുകയും ചെയ്യുന്നു. സൂക്തത്തിന്റെ തുടർന്നവരുന്ന ഭാഗങ്ങളിൽ ഈ ആശയം മാഞ്ഞുപോകുന്നതായി തോന്നുന്നു.

112 പ്രാതഃസോമസവനത്തിലേക്ക് (1) ഇന്ദ്രനെ ക്ഷണിച്ചുകൊണ്ടുള്ള സാമ്പ്രദായികമായ ഒരു സൂക്തം. ഇന്ദ്രൻ ഞങ്ങളുടെ യജ്ഞത്തിലേക്കു പിംഗലക്കുതിരകളോടുകൂടി വരണമെന്ന് 2, 4 പദ്യങ്ങളിൽ പറയുന്നു. സോമം കുടിക്കണമെന്നു പറഞ്ഞുകൊണ്ട് അത് നൽകുകയാണെന്നു വിവരിക്കുന്നു. പലപ്പോഴും പതിവുള്ള പോലെ, പ്രതിയോഗികളായ യജമാനന്മാർ ഇന്ദ്രനെ പ്രേരിപ്പിച്ചേക്കാമെന്ന ഉൽക്കണ്ഠ രേഖപ്പെടുത്തുന്നു. തങ്ങളുടെ സോമത്തിന്റെ ചാരുതാപരമായ ഔന്നത്യം അറിയിക്കുകയാണ് തുടർന്ന് (7). സോമാർപ്പണത്തോടൊപ്പം ഇന്ദ്രന്റെ ചില വീരകർമങ്ങളുടെ സ്തുതിയുമുണ്ടവുമെന്ന കവിയുടെ വാഗ്ദാനം (8, 1), ഇന്ദ്രനിൽനിന്നു പകരമായി പ്രതീക്ഷിക്കുന്ന ഔദാര്യം (10) എന്നിവയും പ്രതിപാദിക്കുന്നു.

ഇന്ദ്രൻ മഹിതമായ കർമങ്ങൾ, വിശേഷിച്ച് വൃത്രവധം (2–3, 6–8), ആണ് 113–ാം സൂക്തത്തിലെ പ്രതിപാദ്യം. പക്ഷേ, ഇന്ദ്രന്റെ വീരകൃത്യങ്ങളിൽ മറ്റു ദേവന്മാരുടെ സംഭാവനകൾക്ക് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നു: ദ്യാവാപൃഥിവീ (1), വിഷ്ണു (2), മിത്രാവരുണന്മാർ (5), മരുത്തുക്കൾ (2–3, 6). ഇന്ദ്രനും വിവിധദേവന്മാരും തമ്മിലുള്ള പങ്കാളിത്തങ്ങളുടെ വർണനയിൽ കവി ഇന്ദ്രനും സമകാലികകവികളും യജമാനന്മാരും തമ്മിലുള്ള സമാനബന്ധത്തെ സ്ഥാപിക്കുന്നു. 8–ാം പദ്യത്തിൽ സ്തുതികാവ്യങ്ങളും സോമവുംകൊണ്ട് ഇന്ദ്രനെ ശക്തിപ്പെടുത്തിയത് വിശ്വേദേവന്മാരാണെന്നു പറയുന്നു, ഒൻപതാം പദ്യത്തിൽ കവി സഹപുരോഹിതകവികളെ സംബോധന ചെയ്തുകൊണ്ട് പങ്കാളിത്തത്തിലെ പരസ്പരപ്രവർത്തനങ്ങളെപ്പറ്റി ഉദ്ബോധിപ്പിക്കുന്നു. പകരമായി ഇന്ദ്രൻ മനുഷ്യർക്ക് സഹായം ചെയ്യുന്ന മാതൃകയും അവതരിപ്പിക്കുന്നു. അവസാനമായി പത്താം പദ്യത്തിൽ തനിക്കു സാധനങ്ങൾ അഭ്യർഥിച്ചുകൊണ്ട് ഇന്ദ്രനെ നേരിട്ടു സംബോധന ചെയ്യുന്നു. കവി തനിക്കുവേണ്ടിയല്ല, തന്റെ രക്ഷിതാവിനുവേണ്ടിയാണ് ഇവ അഭ്യർഥിക്കുന്നതെന്നതാണ് രസകരം. അതുകൊണ്ട് രക്ഷിതാവ് പകരമായി അവന് ഉചിതമായ പ്രതിഫലം നൽകുമെന്ന് ഊഹിക്കപ്പെടുന്നു.

സൂക്തം 114. യജ്ഞത്തിന്റെ നിഗൂഢാത്മകവിവരണം. ആ നിഗൂഢതകൾ നിർഭാഗ്യവശാൽ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. യജ്ഞഘടകങ്ങളും പ്രാപഞ്ചികലോകഘടകങ്ങളും പരസ്പരം അഭിന്നമാണെന്നു വ്യക്തമാണ്. ഈ ശൈലി ഒന്നാം പദ്യത്തിൽ വിശേഷിച്ചും തെളിയുന്നു. തുടർന്നുള്ള പദ്യങ്ങളിൽ സംഖ്യാശാസ്ത്രം കൂടിക്കൂടി വരുന്നു. ഒന്നാംപദ്യത്തിൽ രണ്ടു ഘർമങ്ങൾ, രണ്ടിൽ മൂന്നു നിരൃതികൾ, മൂന്നിൽ നാലു മെടഞ്ഞിട്ട മുടികളും രണ്ടു പരുന്തുകളും. 4–5 മുതൽ എണ്ണത്തിൽ തിരിമറി നടക്കുന്നു. ഒന്നുമാത്രം കാണുന്ന ലളിതമനസ്കനായ കവി (4) പ്രചോദിതകവികളോടും ഋഷികവികളോടുമൊപ്പം (5) അതിനെ പല തരത്തിലാക്കുന്നു. സൂക്തത്തിലെ പല നിഗൂഢതകളും വിശദാംശങ്ങളിൽ അവ്യക്തമെങ്കിലും നമുക്ക് ഈ പദ്യത്തിൽ സൂക്തത്തിൽ അന്തർഹിതമായ സന്ദേശം കാണാം. ആ ഉൾക്കാഴ്ച്ചയ്ക്കും അതിന്റെ വാചികരൂപമായ കവിതയ്ക്കും പ്രത്യക്ഷലോകത്തിനു രൂപവും ബഹുത്വവും കൊടുക്കാനുള്ള കഴിവുണ്ട്.

115–ാം സൂക്തത്തിൽ സാന്ദ്രവും വാക്യവിന്യാസപരമായി വക്രീകൃതവുമായ അഗ്നിയുടെ സ്വാഭാവികവും യജ്ഞപരവുമായ വശങ്ങളുടെ വിവരണങ്ങളും അതേ ദേവന്റെ ലളിതമായ സ്തുതിപ്രഖ്യാപനങ്ങളും ഇട കലരുന്നു. സൂക്തം പല വ്യത്യസ്തമായ സമയങ്ങളിൽ അവസാനിക്കുന്ന പ്രതീതി നൽകുന്നു. ഉദാഹരണമായി ദേവനെ സഹായത്തിനു വിളിക്കുന്ന അഞ്ചാം പദ്യം ഒരു സൂക്താന്ത്യപദ്യത്തിന്റെ രീതിയിലാണ്. വിവിധവൃത്തനിബദ്ധങ്ങളായ 7–9 എന്ന അവസാനപദ്യങ്ങൾ സൂക്തത്തിനു സമാന്തരമായ മൂന്ന് അന്ത്യങ്ങൾ നൽകുന്നു. 1–4, 6 എന്നീ വിവരണപദ്യങ്ങളാകട്ടെ, ധീരമായ ബിംബകല്പനകളും ഉപമാ–ശ്ലേഷാദ്യലങ്കാരമനോഹരങ്ങളുമാകുന്നു.

116 ഇന്ദ്രനെ സോമപാനത്തിനു ക്ഷണിക്കുന്നതും സോമപാനത്തിനുശേഷം അവനിൽനിന്നു പകരമായി പ്രതീക്ഷിക്കുന്നതുമായ പ്രമേയത്തിൽത്തന്നെ കേന്ദ്രീകരിക്കുന്ന ഒരുവിധം ഋജുവായ സൂക്തം. ആദ്യത്തെ നാലു പദ്യങ്ങൾ ക്ഷണം വിവരിക്കുന്നു. 5–6 പദ്യങ്ങൾ സോമപാനം നൽകിയ ശക്തി തങ്ങളുടെ ശത്രുക്കളുടെ നിഗ്രഹത്തിനുപയോഗിക്കാൻ അവനോടപേക്ഷിക്കുന്നു. 7–8 പദ്യങ്ങളിൽ ക്ഷണം ആവർത്തിക്കുന്നു. ഒൻപതിൽ ദേവന്മാരെ ചൂതുകളോടുപമിക്കുന്ന സുന്ദരമായൊരലങ്കാരത്തോടെ സൂക്തം ഉപസംഹരിക്കുന്നു.

117 വിഷയത്തിലും സ്വരത്തിലും അസാധാരണമായ സൂക്തമാണ്. ഇത് ഒരു ദേവനും സമർപ്പിക്കപ്പെട്ടതല്ല. "അന്ന ദാനപ്രശംസ" എന്ന് *അനുക്രമണി*. പക്ഷേ സൂക്തത്തിൽ ഒരു ദേവതയെയോ ദിവ്യശക്തികളെയോ പരാമർശിക്കുന്നില്ല. ഇത് *ഋഗ്വേദ*ത്തിൽത്തന്നെ ഒറ്റതിരിഞ്ഞുനിൽക്കുന്ന സന്ദർഭമാണെന്നു പറയാം. ദേവന്മാർ വരുന്നത് ആദ്യപദ്യത്തിൽമാത്രം. അതുതന്നെ പരോക്ഷമായും. പകരം, മനുഷ്യർതമ്മിലുള്ള സൗഹൃദത്തിലധിഷ്ഠിതമായ ബന്ധത്തിലും ആവശ്യമുള്ളവനു നൽകുന്നവനോടുള്ള കടപ്പാടിലുമാണ് ഊന്നിയിട്ടുള്ളത്. 3–4, 6 പദ്യങ്ങൾ വിശേഷിച്ചും നോക്കുക. മനുഷ്യർ തമ്മിൽ നന്നായി പെരുമാറുക എന്നതാണ് ഉപദേശം. ഉദാരതയ്ക്കുള്ള വാദം രണ്ടു തരത്തിലാണ്. ആത്മതാല്പര്യത്തിലാണ് അത്. ഒരുവശത്ത്, നൽകുന്നത് നൽകുന്നവന് ഒരുപദ്രവവും ചെയ്യില്ല. അത് അവന്റെ ഖജനാവ് ശൂന്യമാക്കുന്നുമില്ല. ഒന്നാം പദ്യത്തിൽ ആ മനോഭാവം വ്യക്തമാക്കുന്നുണ്ട്. 7–8 പദ്യങ്ങളിലും അന്തർധാരയായി ഇതുണ്ടെന്നു തോന്നുന്നു. മറുവശത്ത്, നൽകാതിരിക്കുന്നത് അനുദാരനു ശരിക്കും കുഴപ്പമുണ്ടാക്കും. ഭാഗികമായി ഈ കുഴപ്പം ഒറ്റപ്പെടലാണ്. ആറാം പദ്യത്തിൽ "കേവലാഘോ ഭവതി കോവലാദീ" (ഒറ്റയ്ക്കു തിന്നുന്നവൻ വെറും പാപിയത്രേ) എന്നിങ്ങനെ ഇത് സംക്ഷിപ്തമയി പറഞ്ഞിട്ടുണ്ട്. ഒരാളുടെ ഭാഗ്യത്തിനും മാറ്റം വരാം (5). ഇന്നു സമ്പന്നനും നന്നായുണ്ണുന്നവനും  നാളെ മറിച്ചായെന്നു വന്നേക്കാം. അതുകൊണ്ട് എല്ലാവരുമായി സൗഹൃദത്തിൽ കഴിയുകയും നൽകുകയും ചെയ്യുന്നതാണ് നന്ന്. നാളെ സാഹചര്യങ്ങൾ മാറാം. കൊടുക്കുന്നവനും വാങ്ങുന്നവനും എപ്പോഴും അങ്ങനെത്തന്നെ ആവണമെന്നില്ലല്ലോ.

സൂക്തം 118. *അനുക്രമണി* രക്ഷോഹാഗ്നിയാണ് ദേവതയെന്നു പറയുന്നുണ്ടെങ്കിലും ദേവന്റെ ഈ വശം ഈ സൂക്തത്തിൽ വളരെ ചുരുക്കിയാണു കാണുന്നത് – 1, 7–8 എന്നീ പദ്യങ്ങളിൽ. മറ്റു രക്ഷോഹാഗ്നിസൂക്തങ്ങളിലെ ശിക്ഷകളൊന്നും ഇവിടെ കാണാനില്ല. പ്രശാന്തമായ യജ്ഞത്തിന്റെ അടുപ്പിൽ എല്ലാറ്റിനോടും സന്തോഷപൂർവം സശ്രദ്ധം പ്രതികരിക്കുകയും സ്തോതാക്കൾ നൽകുന്ന നെയ്ഹവിസ്സുകൾ സ്വീകരിക്കുകയും ചെയ്യുന്ന അഗ്നിയാണ് ഇവിടെ വർണിക്കപ്പെടുന്നത്. അന്താദിപ്രാസച്ഛായ ഈ സൂക്തത്തിൽ കാണാം.

സൂക്തം 119. ലബശബ്ദംകൊണ്ടെന്താണുദ്ദേശിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. അത് ഒരു പക്ഷിയാണെന്ന് ഒരഭിപ്രായം. മണ്ണാത്തിപ്പുള്ള്, കതിർകാണാപ്പക്ഷി എന്നിങ്ങനെ അർഥം പറഞ്ഞുകാണുന്നു. അതിന്റെ ആത്മസ്തുതി (ആത്മപ്രശംസ)യാണ് സൂക്തം. കവിയുടെ പേരാണതെന്നും പക്ഷമുണ്ട്. സോമലഹരിയിൽ ലബരൂപമെടുത്ത ഇന്ദ്രനാണ് കവിയും സൂക്തത്തിന്റെ വക്താവുമെന്നാണ് മറ്റൊരു പക്ഷം. കവിയുടെ സാന്നിധ്യം സൂക്തത്തിൽ വ്യക്തമാണ്. സോമം കുടിച്ചു മത്തനായ വക്താവ് ലഹരി തന്നെ മേല്പോട്ടുയർത്തുന്നതായി പറയുന്നു (1–3). ജനങ്ങൾ കാണാൻ വയ്യാത്തത്ര ചെറുതും നിസ്സാരവുമായി തോന്നുന്നു (6). പ്രപഞ്ചത്തെത്തന്നെ മറയ്ക്കുമാറ് വലുതാണ് അവന്റെ ചിറകുകൾ (7, 11). യഥേച്ഛം ഭൂമിയെ പ്രപഞ്ചത്തിലെങ്ങും ചലിപ്പിക്കാൻ തനിക്കു കഴിവുണ്ട് (8–10).

മദാവസ്ഥയിലുള്ള ഇന്ദ്രൻ യജ്ഞസ്ഥലത്തുണ്ടെന്ന് പദ്യം 12–ൽ അറിയിക്കുന്നു. ഉപസംഹാരരൂപമായ പതിമൂന്നാം പദ്യത്തോടെ സൂക്തം അവസാനിക്കുന്നു. ഈ പദ്യം ഹവ്യവാഹനായ അഗ്നിയുടേതാണെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇന്ദ്രന്റെയും അഗ്നിയുടെയും അഭിന്നത്വം പല സൂക്തങ്ങളിലും കാണാവുന്നതിനാൽ ഈ അഗ്ന്യഭിന്നനായ ലബരൂപമെടുത്ത ഇന്ദ്രനാണ് ആത്മസ്തുതിരൂപമായ ഈ സൂക്തത്തിന്റെ കവി എന്നു പറയുന്നത് തെറ്റാവില്ല.

സൂക്തം 120. ഇന്ദ്രന്റെ ശക്തികളെയും വിജയങ്ങളെയും മുൻനിർത്തി അവനെക്കുറിച്ച് നടത്തുന്ന ഒരുവിധം ഋജുവായ സൂക്തമാണിത്. ഇന്ദ്രനും അവന്റെ വാക്കുകൊണ്ട് ഊർജസ്വലരായ സഹായികളും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകുന്നു. ഈ ബന്ധം പരമ്പരാഗതമായി തുടർന്നുപോരുന്നതാണ്. ഇന്ദ്രൻ അത്യുന്നതനാണ്. അതേ സമയം പരസ്പരം പ്രതികരിക്കുന്നവനുമാണ്. ഇക്കാര്യത്തിൽ സഹായികൾ അവനെ വാഴ്ത്തുകയും അവന്റെ വീരകർമങ്ങൾക്കു കോട്ട കെട്ടുകയും ചെയ്യുന്നു (1–4). സഹായികളുടെ പേർ പറയുന്നില്ല. പ്രസിദ്ധമായ വൃത്ര–വലപുരാവൃത്തങ്ങളിൽ മരുത്തുക്കളുടെയും അംഗിരസ്സുകളുടെയും സംഘങ്ങളാണ് ഇന്ദ്രനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്. അങ്ങനെ ഈ രണ്ടു സംഘങ്ങളും ഇതിൽ പെടും. മനുഷ്യരായ കവികളും ഈ ദിവ്യസംഘങ്ങളിലുണ്ട് (4). അഞ്ചാം പദ്യത്തിൽ ഈ പ്രോത്സാഹനം ഏറെ വ്യക്തിപരമാവുന്നുണ്ട്. അവിടെ വക്താവ് വാക്കുകൊണ്ടുള്ള പ്രചോദകന്റെ വേഷമെടുക്കുന്നു. ഇതു കവിതന്നെയാവാം. പക്ഷേ, വെറും മനുഷ്യകവിയാവണമെന്നില്ല. അവസാനത്തെ രണ്ടു പദ്യങ്ങൾ (8–9) സൂക്തത്തിന്റെ അനുഷ്ഠാനസന്ദർഭം സംഗ്രഹിക്കുന്നു. "ബൃഹദ്ദിവൻ ഈ പവിത്രമന്ത്രങ്ങൾ ഇന്ദ്രനോടു പറയുന്നു" എന്നിങ്ങനെ എട്ടാം പദ്യം തുടങ്ങുന്നു. 9–ലും ബൃഹദ്ദിവൻ ഉണ്ട്. പക്ഷേ, "ഏവാ മഹാൻ ബൃഹദ്ദിവോ അഥർവാവോചത് സ്വാം തന്വമിന്ദ്രമേവ" (ഇപ്രകാരം മഹാനും അഥർവപുത്രനുമായ ബൃഹദ്ദിവൻ തന്നെത്തന്നെ – അതായത് ഇന്ദ്രനെത്തന്നെ – സംബോധന ചെയ്തു) എന്നിങ്ങനെ ബൃഹദ്ദിവൻ ഇന്ദ്രനാണെന്നു പറയുന്നു. വലകഥ ബൃഹസ്പതിയും ഇന്ദ്രനും അഭിന്നനാണെന്ന പ്രതീതിയുളവാക്കുന്നുണ്ടെന്നു പ്രസിദ്ധമാണ്. ബൃഹദ്ദിവൻ (ഗംഭീരമായ സ്വർഗത്തോടുകൂടിയവൻ) അവയവാർത്ഥത്തിലൂടെ ഇന്ദ്രനാവുന്നതിന് തടസ്സവുമില്ല. എന്നാൽ, സായണാനുസാരിയായ ഒ. എം. സി. ബൃഹദ്ദിവൻ ഇന്ദ്രനെ മാത്രമാണ് ഇത്ര വിസ്തരിച്ചു സ്തുതിക്കുന്നത് എന്നാണ് വ്യാഖ്യാനിക്കുന്നത്. ഈ വ്യാഖ്യാനം, നമ്മുടെ പ്രശ്നപരിഹാരത്തിന് ഉതകുമെങ്കിലും, അത്ര സുഗമമല്ല.

പ്രപഞ്ചോല്പത്തിസിദ്ധാന്തത്തിന്റെ രൂപത്തിലാണീ 121–ാം സൂക്തം. പക്ഷേ, ഇവിടെ സൃഷ്ടിസിദ്ധാന്തത്തിന്റെ പേരു പറഞ്ഞിട്ടില്ല; അഥവാ പേരില്ല. ദേവതയുടെ പേരു പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, "കസ്മൈ ദേവായ ഹവിഷേ വിധേമ" (ഏതു ദേവനെയാണ് ഞങ്ങൾ ഹവിസ്സോടുകൂടി സ്തുതിക്കേണ്ടത്?) എന്ന പല്ലവിയിൽനിന്ന് ഒരു ദേവത ഉയർന്നുവരുന്നുണ്ട്. ആദ്യപദ്യത്തിൽ അത് ഹിരണ്യഗർഭനാണ്. ബ്രഹ്മാണ്ഡമെന്നാവാം. പക്ഷേ, ഹിരണ്യഗർഭൻ സൂര്യനുമാണ്.

ഏഴാം പദ്യത്തിൽ അത് ദേവൻ മാത്രമല്ല, “ദേവന്മാരുടെ പ്രാണ”നാണെന്നും അവസാനപദ്യത്തിൽ അത് പ്രജാപതിയാണെന്നും പറയുന്നു. പക്ഷേ, ഈ പദ്യം പിന്നീട് കൂട്ടിച്ചേർത്തതാണെന്ന പ്രബലമായ അഭിപ്രായമുണ്ട് (ഈ പദ്യം പദം മുറിച്ചു ചൊല്ലാറില്ലെന്ന് ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട് പ്രസ്താവിക്കുന്നതിൽനിന്നു കേരളീയസമ്പ്രദായമനുസരിച്ച് ഈ പദ്യത്തിന്റെ പ്രക്ഷിപ്തത്വം വ്യക്തമാകുന്നു). കശബ്ദം പ്രജാപതിപര്യായമായി പിൽക്കാലത്ത് അംഗീകരിക്കപ്പെടുകയും ചെയ്തു. രാജത്വമെന്ന ആശയവുമായി ഈ സൂക്തത്തിനു ബന്ധമുണ്ടെന്നു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രാജ്യാഭിഷേകകർമത്തോടെ രാജാവ് പുനർജനിക്കുന്നുവെന്നാണ് സങ്കല്പം. ഈ സൂക്തം പ്രസ്തുതകർമത്തിന്റെ ഘടകങ്ങൾ പുനർനിർമിക്കുന്നു. സൂക്തത്തിലെ ഗർഭം (1, 7), ഭരണകർത്താവ് (1, 2, 3), വെള്ളം (7, 8, 9), ഗർഭം ധരിക്കുന്ന വെള്ളം (7),അഗ്നിയുടെ ജന്മം (7) എന്നീ പരാമർശങ്ങൾ നോക്കുക. അജ്ഞാതനാമകമായ തത്ത്വം ലോകം മുഴുവൻ വലയം ചെയ്യുന്നു (4, 5, 10). അതിന്റെ ശക്തി എല്ലാ ദിക്കുകളിലും (4), എല്ലാ ജിവജാലങ്ങളിലും (2, 3, 8) രാജാവിനെപ്പോലെ വ്യാപിക്കുന്നു. അത് ലോകം ഉറപ്പിച്ചും (5) നേരെയും (5, 6) താങ്ങിനിർത്തുന്നു; അതിനു പ്രാണൻ നൽകുന്നു (2, 7) – എല്ലാം രാജാവ് ചെയ്യുന്നപോലെ.

*അനുക്രമണി* വസിഷ്ഠന്റേതെന്നു പറയുന്ന 122–ാം സൂക്തം  എട്ടാം പദ്യത്തിൽ വസിഷ്ഠപല്ലവിയോടുകൂടി അവസാനിക്കുന്നു. ഇത് ഒരുവിധം നിലവാരപ്പെട്ട ഒരഗ്നിസ്തുതിയാകുന്നു. യജ്ഞമാണ് സൂക്തത്തിന്റെ മുഴുവൻ കേന്ദ്രവും. ശരിയായി അനുഷ്ഠിക്കപ്പെടുന്ന യജ്ഞത്തിൽനിന്നും അഗ്നിസേവയിൽനിന്നും യജമാനൻ സ്വീകരിക്കുന്ന പ്രതിഫലവും മുന്നിൽ നിൽക്കുന്നു. പ്രസിദ്ധവും നിഗൂഢാത്മകവുമായ സൂക്തം. ഏറെക്കുറെ ദുർഗ്രഹമാണെങ്കിലും പ്രധാനസവിശേഷതകൾ വ്യക്തമാണ്. വിഷയം ആദ്യപദ്യത്തിൽത്തന്നെ നിർദേശിക്കുന്നു: “അയം വേനഃ” (ഈ അന്വേഷകൻ). സോമന്റെയും സൂര്യന്റെയും താദാത്മ്യകരണം ഗന്ധർവനായും (4, 7) പക്ഷിയായും (5–6) കല്പിക്കപ്പെട്ട ഈ അന്വേഷകമധ്യസ്ഥദേവനിൽ കാണാം. മിക്ക പദ്യങ്ങളും സോമന്നോ സൂര്യന്നോ ചേരും. വേനന്റെ ജനനവും അവൻ ആദ്യം പ്രത്യക്ഷപ്പെടുന്നതും പ്രതിപാദിക്കുന്ന ആദ്യപദ്യങ്ങളിൽ (1–2) ഇതു കാണാം. ഈ അന്വേഷകൻ ഔത്സുക്യപൂർവം അന്വേഷിക്കപ്പെടുന്നവനാണെന്നതാണ് ശ്രദ്ധേയം: ഭർത്താവിനെ തേടുന്ന സ്ത്രീയെയും (2) അമ്മമാരെയും (3) പോലെ പ്രചോദിതകവികൾ അവനെ പിന്തുടരുന്നു (1, 4, 6). ഈ രണ്ടും സ്ത്രീലിംഗമാകയാൽ കവികളുടെ സ്തുതികളായിരിക്കാം ഇവിടെ വിവക്ഷിക്കപ്പെടുന്നത്. സോമവും സൂര്യനും കവികളുടെ വാക്കുകൾക്കു നിയതമായ വിഷയമത്രേ. അതു കഴിഞ്ഞാലത്തെ അവയുടെ പ്രമേയം നാമരൂപങ്ങളാകുന്നു. നാലാം പദ്യത്തിൽ അന്വേഷകന്റെ രൂപം തിരിച്ചറിയുന്നു. ഇതു കവികളെ പ്രചോദിപ്പിക്കുന്നു. അതേ പദ്യത്തിൽ അന്വേഷകൻ ഗന്ധർവനായി അമൃതനാമങ്ങൾ കണ്ടെത്തുന്നു. പിന്നീട് ഏഴാം പദ്യത്തിൽ ഇതേ ഗന്ധർവൻ സ്വന്തം നാമങ്ങളെണ്ണുന്നു.

അന്തിമമായ എട്ടാം പദ്യത്തിൽ, സോമ ത്തെ/ സൂര്യനെ ശരിക്കും വിഭജിച്ചപ്പോൾ അവയുടെ പേരെന്തെന്നു പറയാനാവുന്നില്ല. കവികളുടെ അനുഭൂതികളിലൂടെയാണ് നാമരൂപങ്ങൾ വെളിപ്പെടുന്നതെന്നുവേണം കരുതാൻ.

124–ാമത്തെ ഈ സംഭാഷണസൂക്തം *ഋഗ്വേദ*ത്തിലെ ഏറ്റവും ചർച്ച ചെയ്യപ്പെട്ടവയിലൊന്നാണ്. ഇന്ദ്രൻ അഗ്നിയെ അഭിസംബോധന ചെയ്തുകൊണ്ട് സൂക്തം തുടങ്ങുന്നു (1). തുടർന്ന് അഗ്നി മറുപടി പറയുന്നു (2). 3–4 പദ്യങ്ങളെപ്പറ്റി ധാരാളം അഭിപ്രായഭേദങ്ങളുണ്ട്. വരുണനും സോമനുമാണ് ആ രണ്ടു പദ്യങ്ങളുടെ വക്താക്കൾ. 5–6 പദ്യങ്ങളിൽ ഇന്ദ്രൻ വക്താവായി തിരിച്ചുവരുന്നു. യഥാക്രമം വരുണനും സോമനുമാണ് ശ്രോതാക്കൾ. അവസാനത്തെ മൂന്നു പദ്യങ്ങൾ  (7–9) കവിവാക്യങ്ങളത്രേ. ഇതാണ് പൊതുവിൽ ജാമിസൺ–ന്റെ അഭിപ്രായം. എന്നാൽ വെർഡർട്ടൺ–ന്റെ പക്ഷത്തിൽ, യജമാനനാണ് ഒന്നാം പദ്യത്തിലെ വക്താവ്. അഗ്നിയുടെ മറുപടിയാണ് രണ്ടാമത്തേതെന്ന കാര്യത്തിൽ അദ്ദേഹത്തിന് അഭിപ്രായവ്യത്യസമില്ല. മൂന്ന് യജമാനൻ പറയുന്നത്. നാല്, അഗ്നിയുടെ പ്രതികരണം. അഞ്ചാം പദ്യം ഇതിന് യജമാനനു പറയാനുള്ള ഉത്തരം. ഇങ്ങനെ 1–5 പദ്യങ്ങൾ യജമാനനും അഗ്നിയും തമ്മിലുള്ള സംഭാഷണമെന്ന് വെർഡർട്ടൺ. 6–ാം പദ്യം യജമാനനും പുതിയ രാജാവും നടത്തുന്ന അന്തിമപ്രഖ്യാപനമെന്ന് അദ്ദേഹം പറയുന്നു. 7 പുതിയ രാജാവ് വരുണനുമായും 8 ഇന്ദ്രനുമായും താദാത്മ്യം പൂണ്ടു പറയുന്ന പദ്യങ്ങൾ. അവസാനപദ്യമായ ഒൻപതാമത്തേത് ഋഷികവികളുടെ വാക്യം. സ്വാഭാവികമായും ഉള്ളടക്കത്തിലും അവർ തമ്മിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു.

125 വാഗ്ദേവതയെക്കുറിച്ചുള്ള മറ്റൊരു പ്രശസ്തസൂക്തം. ആത്മസ്തുതിരൂപത്തിലുള്ളതാണിത്. സൂക്തം തുടങ്ങുന്നത് തനിക്ക് രുദ്രാദിസംഘദേവന്മാരുടെയും (1) സോമാദിവ്യക്തിദേവന്മാരുടെയും (2 പൂർവാർധം) മനുഷ്യനായ യജമാനന്റെയും (2 ഉത്തരാർധം) സഖ്യമുണ്ടെന്ന അവകാശവാദത്തോയെയാണ്. തുടർന്ന് അവൾ വാഗ്വിഭാഗങ്ങളെപ്പറ്റി പറയുന്നു (3). പക്ഷേ, പതിവുരീതിയിലല്ല. 4–5 പദ്യങ്ങളാണ് സൂക്തത്തിന്റെ കേന്ദ്രബിന്ദു. ഭക്ഷണത്തിലൂടെയാണ് ജീവിക്കുന്നത്. ഭക്ഷണം കഴിക്കുന്ന അതേ വായിലാണ് താനുമെന്ന് വാഗ്ദേവി സൂചിപ്പിക്കുന്നു. തനിക്ക് താനിഷ്ടപ്പെടുന്നവനെ ശക്തനും മന്ത്രകാരനും ഋഷിയും ജ്ഞാനിയുമാക്കാൻ കഴിയും. പിന്നീട് വാഗ്ദേവിയുടെ അഖിലലോകവ്യാപനമാണ് പ്രതിപാദ്യം (6–8).

126. ഉള്ളടക്കങ്ങൾ ഭൂരിഭാഗവും വൃത്തം രൂപപ്പെടുത്തുന്ന ഒരു ലളിതസൂക്തം. ആദിത്യന്മാരോ വരുണൻ, മിത്രൻ, അര്യമാവ് എന്നിവരോ ആണ് സമർപ്പിക്കപ്പെട്ട പ്രധാനദേവന്മാർ. ഈ ദേവന്മാർ നമ്മെ ബുദ്ധിമുട്ടുകളിൽനിന്നു രക്ഷിക്കുകയും അഭയം തരികയും ചെയ്യുമെന്നതാണ് സൂക്തത്തിന്റെ പൊതുസന്ദേശം. ആദിത്യപശ്ചാത്തലത്തിൽ മരുത്തുക്കളോടുകൂടിയ രുദ്രനും ഇന്ദ്രനും അഗ്നിയും മറ്റു ദേവതകളായി പ്രത്യക്ഷപ്പെടുന്നു.

സുന്ദരിയും സ്വാഗതാർഹയുമായ ഉഷസ്സിനു സമർപ്പിക്കപ്പെട്ട  എണ്ണമറ്റ സൂക്തങ്ങൾക്കു വിരുദ്ധമായി രാത്രി

*ഋഗ്വേദ*ത്തിൽ ഈ ഒരു സൂക്തത്തിലേ (127) കൊണ്ടാടപ്പെട്ടുകാണുന്നുള്ളൂ. ഇവിടെ രാത്രി വർണിക്കപ്പെടുന്നത് ഈ കൃതിയിൽ പലപ്പോഴും പരാമർശിക്കപ്പെട്ടപോലെ ഭീകരവും അരൂപവുമായ ഇരുട്ടല്ല, തന്റേതായ സൗന്ദര്യങ്ങളുള്ള നക്ഷത്രാലങ്കൃതമായ നിശീഥിനിയാണ്.

128–ാം സൂക്തം പ്രതിയോഗിയജമാനന്മാരുടെ യജ്ഞങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠ തുടങ്ങുകയും അറിയിക്കുകയും ചെയ്യുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങൾ "മത്സരിക്കുന്ന വിളികളുടെ" സാഹചര്യത്തിൽ ആരംഭിക്കുന്നു. ആര്യഭൂമികളിലെ യജമാനന്മാർ താന്താങ്ങളുടെ യജ്ഞങ്ങൾക്ക് ഒരേ ദേവന്മാരെ ക്ഷണിക്കുമ്പോഴത്തെ നിമിഷമാണത്. കവി ആദ്യത്തെ നാലു പദ്യങ്ങളിലും തന്റെ യജ്ഞകാര്യം മാത്രം ഓർമപ്പെടുത്തുന്നു. സൂക്തം പുരോഗമിക്കവേ എതിർയജമാനന്മാരുടെ സ്വരം ഭീഷണികളുടെ രൂപം കൈക്കൊള്ളുന്നു. വെറുക്കുന്നവർ (5), ഹിംസാത്മകമായി യുദ്ധത്തിനു വെല്ലുവിളിക്കുന്നവർ, (6), ശത്രുക്കൾ (9) എന്നിങ്ങനെ അവർ പ്രത്യക്ഷപ്പെടുന്നു. കവി അവസാനം അവരെ തിരിച്ചയയ്ക്കുകയും തന്നെ രക്ഷിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു.

*ഋഗ്വേദ*ത്തിലെ ഏറ്റവും പ്രശസ്തവും ഭാരതീയപ്രപഞ്ചശാസ്ത്രത്തെസ്സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനവുമാണ് സൃഷ്ടിസൂക്തമെന്നു പ്രസിദ്ധമാണ് 129–ാമത്തെ ഈ പദ്യസപ്തകം. നേരിട്ടു കാര്യങ്ങൾ വിവരിക്കുകയല്ല ഇവിടെ ചെയ്യുന്നത്. മറിച്ച്, ഒഴിഞ്ഞുമാറുകയോ ധ്വനിപ്പിക്കുകയോ ചെയ്യുന്ന രീതിയാണ് കവി കൈക്കൊണ്ടിട്ടുള്ളത്. അതിനാൽ സൂക്തത്തിനു പല തരം വ്യാഖ്യാനങ്ങൾ വരിക സ്വാഭാവികം. പ്രപഞ്ചോല്പത്തിസൂക്തമാണെങ്കിലും ഇത് ഒരു നിഗമനവും തരാതെ സംശയങ്ങൾ അവശേഷിപ്പിക്കുകയാണെന്ന് അവസാനപദ്യം വ്യക്തമാക്കും. ഒന്നാം പദ്യം നിഷേധങ്ങളോടെ തുടങ്ങുന്നു. ആദിയിൽ സത്തോ അസത്തോ സ്ഥലമോ സ്വർഗമോ ഉണ്ടായിരുന്നില്ല. രണ്ടാം പദ്യവും നിഷേധത്തിൽത്തന്നെ തുടങ്ങുന്നു. മൃത്യു, അമൃത്യു, രാത്രിയുടെയും പകലിന്റെയും ചിഹ്നങ്ങൾ എന്നിവയുടെ നിഷേധത്തിൽ. മൂന്നാം പദ്യം ഭൗതികമായി ഒന്നും സംഭവിക്കുന്നില്ലെന്ന അർഥത്തിനു മൂർച്ചകൂട്ടുന്നു. ഇരുട്ടു മാത്രമായിരുന്നു അവിടെ. മുട്ടയുടെ രൂപമുള്ള അതിനു 'രൂപം' വരുന്നതേയുള്ളൂ. നാലിൽ ചിന്ത ആഗ്രഹത്തെ ഉദിപ്പിക്കുന്നതായി പറയുന്നു. അത് "ആദിമശുക്ല"മായി കേന്ദ്രീകരിക്കുന്നു. സൃഷ്ടിയുടെ സ്രോതസ്സ് ഇതത്രേ. അഞ്ചാം പദ്യത്തിൽ ആണും പെണ്ണുമെന്ന വിഭജനമാണ്: ശുക്ലം ധരിക്കുന്നവരും ഹവിസ്സും ആണിനെയും മഹിമകൾ (ഗർഭം, സ്വതന്ത്രേച്ഛ) പെണ്ണിനെയും പ്രതിനിധാനം ചെയ്യുന്നു. പക്ഷേ, ദേവന്മാരും പ്രപഞ്ചസൃഷ്ട്യുല്പത്തി അറിയുന്നില്ല (6). മേൽനോട്ടക്കാരൻ ഉണ്ടോ ഇല്ലയോ എന്നതുതന്നെ പ്രശ്നമാണ്. ഉണ്ടെങ്കിൽ അറിയുമായിരുന്നു എന്നു സൂചന (7). ചുരുക്കത്തിൽ സൃഷ്ടിരഹസ്യം നമ്മുടെ ചിന്തയ്ക്കു വിടുന്നു.

സൂക്തം 130 ആദ്യത്തെ മൂന്നു പദ്യങ്ങളിൽ നെയ്ത്തിന്റെ ബിംബകല്പനയിലൂടെ യജ്ഞപ്രവർത്തനങ്ങളുടെ സൃഷ്ടി ചിത്രീകരിക്കുന്നു. ദേവന്മാരാണ് യജ്ഞത്തിന്റെ രൂപം സ്ഥാപിച്ചത് (1, 3). പിതൃക്കളും ഇന്നത്തെ പുരോഹിതരുടെ പൂർവികരായ പ്രാചീന ഋഷികളും (6) ആദ്യം അത് നിർവഹിച്ചു. 1–3 പദ്യങ്ങളിൽ വിവരിച്ച കർമത്തിന്റെ രേഖാരൂപം 4–5 പദ്യങ്ങളിൽ ദേവന്മാർ പൂരിപ്പിച്ചു. അവസാനത്തെരണ്ടു പദ്യങ്ങൾ യജ്ഞം ക്രമീകരിക്കുകയും ഉറപ്പിക്കുകയും ചെയ്ത പ്രാചീന ഋഷികളെയും ഇന്ന് ആ പാത പിന്തുടരുന്ന പുരോഹിതന്മാരെയും അനുസ്മരിക്കുന്നു.

കക്ഷീവാന്റെ പിന്മുറക്കാരന്റേതാണീ 131–ാം സൂക്തമെങ്കിലും കക്ഷീവാന്റെ കാവ്യൗജ്ജ്വല്യത്തേക്കാൾ മികവുണ്ട് ഈ സൂക്തത്തിന്, വിശേഷിച്ച് 2–3 പദ്യങ്ങൾക്ക്. മാത്രമല്ല, കക്ഷീവാന്റെ പകുതിയോളം കവിതകൾ അശ്വിസൂക്തങ്ങളാണ്. പദ്യങ്ങളുടെ എണ്ണം നോക്കിയാൽ അതിലുമധികം. ഇന്ദ്രനു നമ്മോടുള്ള പെരുമാറ്റം ചിത്രീകരിക്കുന്ന 2–3 പദ്യങ്ങൾക്ക് സ്വല്പം നാടോടിച്ഛായ വന്നിട്ടുണ്ട്. 4–5 പദ്യങ്ങളിൽ അശ്വികളും സരസ്വതിയും ഇന്ദ്രനെ ആവശ്യം വരുമ്പോൾ സഹായിക്കുന്നതായി വിവരിക്കുന്നു. 6–7 പദ്യങ്ങൾ സൗത്രാമണിയജ്ഞത്തിൽ ഉപയോഗിക്കുന്നതായി കാണുന്നു.

വൃത്തപരമായി പലതും കൂടിക്കലർന്ന 132–ാം സൂക്തം മറ്റെല്ലാ രീതികളിലും അതുപോലെത്തന്നെയെന്നാണ് ജാമിസൺ–ന്റെ അഭിമതം. യജ്ഞം ചെയ്യുന്ന പുരോഹിതകവിയായിരുന്നു ആദ്യകാലത്തെ യജമാനനെന്നും അയാൾക്ക് ശരിക്കുള്ള യജ്ഞകരണത്തിൽ കാര്യമായ പങ്കൊന്നുമുണ്ടായിരുന്നില്ലെന്നും പിൽക്കാല *ഋഗ്വേദ*ഘട്ടത്തിൽ "സ്വയം യജ്ഞം ചെയ്യുന്ന" 'പുതിയ യജമാനൻ' വന്നുവെന്നും അയാൾ രക്ഷിതാവിന്റെ പങ്കും നിർവഹിച്ചുതുടങ്ങിയെന്നുമൊക്കെയാണ് അവരുടെ വാദം. ആ 'പുതിയ യജമാന'നാണ് ഈ സൂക്തത്തിൽ അവതരിപ്പിക്കപ്പെടുന്നതെന്നും അവർ അഭിപ്രായപ്പെടുന്നു. പ്രവർത്തിക്കുന്ന പുരോഹിതനാണ് ഈ യജമാനനെന്നു താല്പര്യം. മിത്രാവരുണന്മാരാണ് ഇതിലെ മുഖ്യദേവതകളെങ്കിലും ദ്യാവാപൃഥിവികളും വരുണനും അശ്വികളും (1, 6, 4) ഇവിടെ അവതരിപ്പിക്കപ്പെടുന്നുണ്ട്. ചുരുക്കത്തിൽ അവരുടെയെല്ലാം ആശിസ്സുകൾ ഈ 'പുതിയ യജമാന'ന് ലഭിക്കുന്നുണ്ടെന്നർഥം. ഒന്നാം പദ്യത്തിൽ ത്തന്നെ ഈജാനശബ്ദം ആവർത്തിച്ചുവരുന്നത് ഇതിന് ഉപോദ്ബലകമാണ്. സ്വയം യജ്ഞം ചെയ്യുന്നവനാണല്ലോ ഈജാനൻ. രണ്ടിലും മൂന്നിലും ഒന്നിലധികം വിധത്തിൽ ഈ പുതിയ യജമാനൻ വരുന്നുണ്ട്. എങ്കിലും 4–5 പദ്യങ്ങളിൽ ഈ അഭ്യൂഹത്തിന് തടസ്സങ്ങൾ കാണപ്പെടുന്നു. 'ലംഘന'ത്തെപ്പറ്റിയുള്ള പരാമർശം ശ്രദ്ധിക്കുക. വരുണന്റെ ഈ പെരുമാറ്റം കവി ന്യായീകരിക്കുന്നതായും തോന്നുന്നു. ശകപൂതൻ ഇതു ചെയ്യുന്നതായി അഞ്ചാം പദ്യത്തിൽ പറയുന്നു. 6–7 പദ്യങ്ങൾ ഈ പുതിയ യജമാനന്റെ വരവിൽ സന്ദേഹത്തിന്റെ വിത്തുകൾ പാകുന്നതായി ചിലർക്കു തോന്നാം. ഏതായാലും ഈ സൂക്തം യജ്ഞരംഗത്തെ ഒരു 'വിപ്ലവ'ത്തിന്റെ അരങ്ങേറ്റത്തെ കുറിക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

133–ാം സൂക്തത്തിന്റെ ഏറ്റവും പ്രധാനസവിശേഷത ആദ്യത്തെ ആറു പദ്യങ്ങളിലെ പല്ലവിയത്രേ: "നഭന്താമന്യകേഷാം ജ്യാകാ അധിധന്വസു" (ശത്രുക്കളുടെ ചെറിയ വിൽഞാണുകൾ വില്ലുകളിൽ പൊട്ടിത്തെറിക്കട്ടെ!) ദശരാ

ജയുദ്ധങ്ങളിലെ നേതൃരാജാവിന്റെ പേരാണ് സുദാസ്. ഇന്ദ്രൻ അവനുവേണ്ടിയാണ് യുദ്ധം ചെയ്തത്. ഈ സൂക്തത്തിലെ ആദ്യത്തെ മൂന്നു പദ്യങ്ങൾ ശക്വരീവൃത്തത്തിലായത് യാദൃച്ഛികമാവില്ല. "ശക്വരിയിലുള്ള ഗംഭീരമായ നിലവിളി"യാണ് ഇന്ദ്രനെ യുദ്ധത്തിൽ സുദാസിന്റെ വശത്തേക്ക് ആകർഷിച്ചതെന്ന് 7. 33. 4–ൽ പറയുന്നുണ്ട്. സൂക്തം ഇന്ദ്രന്റെ സൈനികകർമങ്ങളെയും ശക്തികളെയും കൊണ്ടാടുകയും ദേവനോട് ഈ ശക്തികൾ അകത്തും പുറത്തുമുള്ള "ഞങ്ങളുടെ" ശത്രുക്കൾക്കെതിരായി ഉപയോഗിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

*അനുക്രമണി*യനുസരിച്ച് 133–34 സൂക്തങ്ങൾ വിഭിന്നകവികളുടെയാണെങ്കിലും രണ്ടും ഒരാളുടെയെന്നാണു തോന്നുന്നത്. വൃത്തങ്ങളിലുള്ള ഏകദേശസാദൃശ്യത്തിനുപുറമെ, രണ്ടും ഇന്ദ്രസൂക്തങ്ങളാണെന്നതും ഇതിനുപോദ്ബലകമാകുന്നു. ഇവിടെ ആദ്യത്തെ ആറു പദ്യങ്ങളിൽ പല്ലവിയുമുണ്ട്; "ദേവീ ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്" (ജനിത്രീദേവി നിന്നെ ജനിപ്പിച്ചു; നിന്നെ ജനിപ്പിച്ച ജനിത്രി മംഗളവതിയത്രേ). മുൻ സൂക്തത്തിലെന്നപോലെ ഇതിലും കവി ഇന്ദ്രനോട് ശത്രുക്കൾക്കെതിരെ സഹായത്തിനും കൊള്ളമുതലുകൾക്കുവേണ്ടിയും അപേക്ഷിക്കുന്നു. തീർച്ചയായും ഇവ നിലവാരപ്പെട്ട അപേക്ഷകൾതന്നെ. പക്ഷേ, അവസാനഭാഗത്തുള്ള (6–7) പദ്യങ്ങളിലെ ബിംബകല്പനകൾ കൂടുതൽ ആവർജകങ്ങളായി തോന്നുന്നു.

വളരെ വിഷമം പിടിച്ച 135–ാം സൂക്തം പല വ്യാഖ്യാനങ്ങൾക്കും ഇടം നൽകുന്നതാണ്. *കഠോപനിഷത്*പ്രസിദ്ധനായ നചികേതസ്സിന്റെ ഉപാഖ്യാനമായിട്ടാണ് സായണനും തദനുസാരിയായി ഒ. എം. സി. യും ഇതിനെ വ്യാഖ്യാനിക്കുന്നത്. ജാമിസണും വെർഡെർട്ടണും യഥാശ്രുതമായ അർഥത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. ആ വഴിക്കാണ് ഇവിടെയും ഭാവിക്കുന്നത്. അപ്പോൾ, മരണം വിഷയമാക്കിയുള്ള ഒരു സൂക്തമെന്നേ പറയാനാവൂ. യമപുത്രനായ കുമാരനാണല്ലോ കവിയും. ഉണ്ണിയെയും അച്ഛനെയും വ്യക്തമായി പരാമർശിക്കുന്നുണ്ട് (3–5, 1). അച്ഛന്റെ മരണവുമായി ബന്ധപ്പെട്ട് ഉണ്ണി യമനെ സമീപിക്കുന്നു. ആദ്യപദ്യത്തിൽ സൂച്യമായും ഏഴാം പദ്യത്തിൽ വാച്യമായും യമസദനം വർണിക്കപ്പെടുന്നു. ഒന്നിൽ അച്ഛൻ അവിട ത്തേക്കു സഞ്ചരിക്കുന്നു. ഏഴിൽ എത്തുകയും ചെയ്യുന്നു. ആദ്യത്തെ രണ്ടു പദ്യങ്ങൾ അച്ഛന്റെ മരണത്തിന്റെ തൊട്ടുടനെ പറയുന്നതാകണം. അവൻ അച്ഛന്റെ യമസദനയാത്ര സങ്കല്പിക്കുന്നു (1). അദ്ദേഹത്തെ, സ്വപ്നരൂപത്തിലാവാം, വീണ്ടും കാണാൻ ആഗ്രഹിക്കുന്നു (2). പിന്നീട് അവന്റെ മാനസികാവസ്ഥ പ്രതിപാദിക്കുന്നു (3–4). പരേതനായ അച്ഛൻ യമഭവനത്തിൽ എത്തുന്നതായാണ് 5–6 പദ്യങ്ങളിൽ കാണുന്നത്. ഒന്നാം പദ്യത്തിലെ സങ്കല്പം ഏഴാം പദ്യത്തിൽ യാഥാർഥ്യപൂർണമാവുന്നു.

അഗ്നിസൂര്യവായുക്കൾക്കു സമർപ്പിക്കപ്പെട്ട 136–ാമത്തെ പദ്യസപ്തകസൂക്തം പിൽക്കാലത്തെ മഹർഷിമാരുടെ തീവ്രസന്യാസവൃത്തികളുടെയും രുദ്ര–ശിവസംസ്കാരത്തിന്റെയും മുന്നോടിയായി കണക്കാക്കപ്പെടുന്നു. കാറ്റിനാൽപ്രേരിപ്പിക്കപ്പെട്ടുകൊണ്ടുള്ള പറക്കലിൽ (2–6), ഭൂമിയുടെയും തന്നിവാസികളുടെയും വിഹഗവീക്ഷണം (4–5), പ്രാപഞ്ചികശക്തികൾക്കുമേലുള്ള ശക്തിയിൽ ഊന്നൽ (1, 5) എന്നിവ ഇവിടെ കാണാം. ഏഴാം പദ്യത്തിലെ വായുവിന്റെ ഔന്നത്യം സോമയജ്ഞത്തിന്റെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

*അനുക്രമണി*പ്രകാരം 137–ാം സൂക്തത്തിലെ ഓരോ പദ്യവും യഥാക്രമം ഭാരദ്വാജൻ, കശ്യപൻ, ഗോതമൻ, അത്രി, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ എന്നിവരിലോരോ ഋഷിയുടേതാണ്. ഇത് വിശിഷ്ടരായ കവികളുടെ ഒരു സംഘമത്രേ.

ഇന്ദ്രന്റെ അനേകം വീരകർമങ്ങളെ കൊണ്ടാടുന്ന സൂക്തം 138 ആശ്ചര്യകരമാംവണ്ണം അസ്പഷ്ടമത്രേ. ഇതു വലഗുഹ തുറക്കുന്ന തിനു നീക്കിവെച്ച രണ്ടു പദ്യങ്ങളോടെ അധികം വിഷമം കൂടാതെ തുടങ്ങുന്നു. ഇവിടെയും ചില പ്രശ്നങ്ങളുണ്ട്. ഗുഹ തുറന്നതിനുശേഷം സൂര്യൻ വിജയകരമായി പ്രത്യക്ഷപ്പെടുന്നതായി പറയുന്ന തോടെയാണ് രണ്ടാം പദ്യം അവസാനിക്കുന്നത്. ഈ പ്രത്യക്ഷപ്പെടലാണ് സൂക്തത്തിലെ മറ്റു പദ്യങ്ങൾക്കു വഴിയൊരുക്കുന്നത്. സൂര്യൻ സ്വർഗമധ്യത്തിൽവെച്ച് തേര് നിർത്തുന്നതായി മൂന്നാം പദ്യത്തിൽ പറയുന്നുണ്ട്. എങ്കിലും, പിപ്രുവിന്റെ കോട്ടകൾ തകർക്കൽ (3–4), വൃത്രവധം (5) എന്നിങ്ങനെ ബാക്കി മൂന്നു പദ്യങ്ങൾ മറ്റിന്ദ്രകർമങ്ങൾ വിവരിക്കുന്നവയാണ്.

139–ാം സൂക്തം മുൻസൂക്തത്തിന്റെ കൂട്ടുതന്നെ. പക്ഷേ, *അനുക്രമണി* വ്യത്യസ്തകവികളെയും വ്യത്യസ്തദേവതകളെയുമാണ് മുന്നോട്ടു വെക്കുന്നത്. ഈ രണ്ടു സൂക്തങ്ങൾക്കും തമ്മിൽ രൂപ ത്തിലും ഭാവത്തിലും സാമ്യമുണ്ട്. എന്നാൽ, മുൻസൂക്തം സൂര്യനും ചന്ദ്രനും ഉഷസ്സിനും ഉണ്ടാവുന്ന ഉപദ്രവങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചതെങ്കിൽ ഇത് സൂര്യനിലും അതിന്റെ ഭാഗികപ്രതിനിധിയായ സവിതാവിലും സ്വർഗീയഗന്ധർവനിലും കേന്ദ്രീകരിക്കുന്നു. സൂര്യൻ ഉചിതമായ സ്ഥലത്ത് ഉചിതമായ ധർമങ്ങളനുഷ്ഠിക്കുന്നതായി സൂക്തം ചിത്രീകരിക്കുന്നു. സ്വർഗീയഗന്ധർവനാകട്ടെ, നഭോമണ്ഡലത്തെ അളന്നുകൊണ്ട് ഉചിതമായ പ്രാപഞ്ചികാഭിവൃദ്ധി പ്രദർശിപ്പിക്കുന്നു.

140. വൃത്തപരമായി വൈവിധ്യപൂർണമെങ്കിലും നിർണായകമല്ലാത്ത ഉള്ളടക്കത്തോടുകൂടിയ സൂക്തം. യജ്ഞാഗ്നി സുന്ദരവും ഉജ്ജ്വലവുമാകുന്നു. അത് ആഗ്രഹിക്കുന്നവർക്ക് സമ്മാനം നേടിക്കൊടുക്കുന്നു. ഇതത്രേ സൂക്തത്തിന്റെ സന്ദേശം.

141. യജ്ഞാഗ്നി സുന്ദരവും ഉജ്ജ്വലവുമാകുന്നു. അത് ആഗ്രഹിക്കുന്നവർക്ക് സമ്മാനം നേടിക്കൊടുക്കുന്നു. ഇതത്രേ മുൻസൂക്തത്തിന്റെയെന്നപോലെ ഈ സൂക്തത്തിന്റെയും സന്ദേശം. അത്ര സൂക്ഷ്മതയോടെയല്ല ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെന്നുമാത്രം. കവി അഗ്നിയെയും (1, 3, 6) മറ്റു ദേവന്മാരെയും, വിശേഷിച്ച് ബൃഹസ്പതിയെ, (2–5) വിളിക്കുകയും തനിക്കും സഹപ്രവർത്തകർക്കും യജ്ഞസേവനത്തിനു പ്രതിഫലം ഉറപ്പുവരുത്തുകയും ചെയ്യു

ന്നു. അഗ്നിയിലും ബൃഹസ്പതിയിലുമുള്ള കേന്ദ്രീകരണം സൂക്തത്തിന്റെ യജ്ഞാഭിവിന്യാസം പ്രതിഫലിപ്പിക്കുന്നു. അഗ്നി യജ്ഞത്തിന്റെ ഭൗതികവും ബൃഹസ്പതി ആത്മീയവുമായ പ്രവർത്തനവുമാണല്ലോ പങ്കുവെക്കുന്നത്.

ഹ്രസ്വമെങ്കിലും 142–ാം സൂക്തം സുഘടിതമായ രചനയും മറ്റു ഗുണങ്ങളും ചേർന്നതാണ്. ഒന്നാം പദ്യം രക്ഷകമായ യജ്ഞാഗ്നിയെയും ആറാം പദ്യം ഈ സമ്മാനജേതാവായ അഗ്നിയെയും അതിലുള്ള ദിവ്യമായ ശ്രദ്ധയെയും സ്തുതിക്കുന്നു. 2–5 പദ്യങ്ങൾ അഗ്നിയെ സദാ അപകടകാരിയായ വസ്തുവെന്നു വർണിക്കുന്നു. അവസാനത്തെ മാസ്മരശകതിയുള്ള രണ്ടു പദ്യങ്ങൾ ആപത്കരമായ അഗ്നിയെ ഭൂമിയിൽനിന്നു തുടച്ചുമാറ്റാനും അതു വെള്ളവും ചെടികളുംകൊണ്ടു സമൃദ്ധമാക്കാനുമുള്ള ആശയമുൾക്കൊള്ളുന്നു. ഈ സൂക്തത്തിന്റെ കവികളാണ് നാലു ശാർങ്ഗപ്പക്ഷികളെന്ന് *അനുക്രമണി* പറയുന്നു. *മഹാഭാരത*ത്തിലെ ശാർങ്ഗോപാഖ്യാനത്തെ അടിസ്ഥാനമാക്കിയുള്ള കഥ *ഋഗ്വേദ*ത്തിൽ എങ്ങനെ വന്നുവെന്ന് ആലോചിക്കാവുന്നതാണ്. അഥവാ ആ മഹാഭാരതോപാഖ്യാനത്തിന്റെ മൂലം ഈ *ഋഗ്വേദ*സൂക്തമാവാം.

143–ാം സൂക്തത്തിന്റെ കവി തനിക്കും തന്റെ സഖാക്കൾക്കും അശ്വികളിൽനിന്നു സഹായം തേടിക്കൊണ്ടുള്ള അപേക്ഷകൾ നിരത്തുകയാണിവിടെ. ആദ്യത്തെ രണ്ടു പദ്യങ്ങളിൽ മുൻപ് മറ്റുള്ളവരെയെന്നപോലെ. അശ്വികൾ തങ്ങളെ സഹായിക്കണമെന്നു അപേക്ഷിക്കുന്നു. മൂന്നാം പദ്യം അവരുട സഹായങ്ങൾക്കു പകരം നൽകാമെന്നു പറയുന്നു. നാലാമത്തെയും ആറാമത്തെയും പദ്യം അത്രിയിൽനിന്നുമാത്രം തന്റെ യജ്ഞസഖാക്കൾ ക്കുള്ള സഹായത്തിന്റെ ലക്ഷ്യങ്ങൾ വികസിപ്പിക്കുന്നു. അഞ്ചാം പദ്യമാകട്ടെ, ഭുജ്യുവിന്റേതുപോലുള്ള പുരാവൃത്തങ്ങൾ അവതരിപ്പിക്കുന്നു. നമുക്ക് അശ്വികളിൽനിന്നു പ്രതീക്ഷിക്കാവുന്നത് അത്തരം സഹായങ്ങളാണെന്നു സൂചന.

ഇന്ദ്രനാണ് 144–ാം സൂക്തത്തിന്റെ ദേവതയെന്ന് *അനുക്രമണി* പറയുന്നുണ്ടെങ്കിലും സോമനാണ് ദേവത. ആദ്യത്തെയും അവസാനത്തെയും പദ്യങ്ങളിലേ സോമപനായി ഇന്ദ്രൻ വരുന്നുള്ളൂ. പദ്യം അഞ്ചിൽ അവന്റെ തിരിച്ചുവരവ് പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഇടയിലുള്ള പദ്യങ്ങളിൽ കവി ആദ്യം സോമന്റെ വാസനകളെ വിവരിക്കുന്നു (1–2). തുടർന്ന് ഗരുഡന്റെ സോമാപഹരണം വർണിക്കുന്നു. സോമത്തിന്റെ ഉത്തേജകഫലങ്ങൾ 5–6 പദ്യങ്ങളിൽ വിവരിക്കുന്നു. യജ്ഞഹവിസ്സെന്ന നിലയിൽ ദേവന്മാരെയും മനുഷ്യരെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് സോമം. മനുഷ്യർ അർപ്പിക്കുന്ന സോമം ഇന്ദ്രൻ ദേവന്മാർക്കിടയിൽ വെക്കുന്നു.

സപത്നീബാധനോപനിഷത്ത് എന്നുകൂടി പേരുള്ള ഈ 145–ാം സൂക്തം ഇന്ദ്രാണിയുടേതാണെന്നു പറയുന്നു. ഒരു സ്ത്രീ ഭർത്താവിന്റെ അടുപ്പം നേടുന്നതിന് സപത്നിക്കെതിരെ ആവാഹനം നടത്തുന്നു. യജ്ഞവും മന്ത്രവാദവും പോലുള്ള പ്രവർത്തനവും വാങ്മയമായ മന്ത്രപ്രയോഗവും കാണാം. വക്ത്രി ഫലസിദ്ധിയുള്ള സസ്യം കുഴിച്ചിടുന്നു (1–2). ആ സസ്യം ഭർത്താവിൽ പ്രയോഗിക്കുന്നു (6). സപത്നിക്കുമേൽ തന്റെ വിജയം ആത്മവിശ്വാസത്തോടു കൂടിപ്രഖ്യാപിക്കുന്നു (3–5).

മനോഹരവും വിളിച്ചുവരുത്തുന്നതുമായ ഈ 146–ാം സൂക്തം അരണ്യദേവതയ്ക്കാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കാടും നാടും ( മനുഷ്യവാസസ്ഥാനം) തമ്മിലുള്ള വൈരുധ്യം പിൽക്കാലഭാരതീയസാഹിത്യത്തിൽ, വിശേഷിച്ച്, ചിത്രീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇതാണ് ഈ സൂക്തത്തിലെ പ്രമേയം. ഒന്നാം പദ്യത്തിൽ അവൾ മുന്നോട്ടു പോകുമ്പോൾ കേൾക്കുന്ന അപരിചിതശബ്ദങ്ങളും അപരിചിതമൃഗങ്ങളും രണ്ടാം പദ്യത്തിൽ കൂടുതൽ വ്യക്തമാവുന്നു. 3–4 പദ്യങ്ങളിൽ കവി തന്നെ രാത്രിയാവുന്നതോടെ വന്യതയിൽ ഒറ്റപ്പെടുന്നതും വീടിനെക്കുറിച്ചുള്ള ബോധം വരുന്നതും ഭീഷണതയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. പശുക്കൾ ഉറ്റുനോക്കുന്നതും കുനിയുന്നതും, വിറകു പെറുക്കാൻ വന്നവരും വണ്ടിയുടെ കടകടശബ്ദവും അതിനെ അധികമാക്കുന്നു. ഈ ആനന്ദകരമായ ആത്മവഞ്ചന, പക്ഷേ, അവസാനിക്കുന്നില്ല. അവസാനത്തെ രണ്ടു പദ്യങ്ങൾ അരണ്യാനിയെ സ്തുതിക്കുന്നു. പക്ഷേ, ഇവയും നിഷേധാത്മകവും സ്വല്പം പേടി കലർന്നതുമാകുന്നു. അവളെ അങ്ങോട്ടാക്രമിച്ചില്ലെങ്കിൽ ആരെയും ഉപദ്രവിക്കുകയില്ലെന്നത് ഒരാശ്വാസം! സ്തുതിയുടെ വിധ്യാത്മകഭാഗം തുടർന്നു വരുന്നു.

സൂക്തം 147. ഇന്ദ്രന്റെ വീരകർമങ്ങളുടെയും പ്രപഞ്ചത്തിന്റെ മേലുള്ള ആധിപത്യത്തിന്റെയും അടിസ്ഥാനത്തിൽ അവന്റെ യുദ്ധരോഷത്തിലുള്ള വിശ്വാസം പ്രഖ്യാപിച്ചുകൊണ്ട് (1, 2) സൂക്തം തുടങ്ങുന്നു. വെറും പ്രശംസയേക്കാൾ കൂടുതലായ ഒന്ന് കവിയുടെ മനസ്സിലുണ്ട്. ഇന്ദ്രനും അവന്റെ യുദ്ധരോഷവും ജനങ്ങൾക്കിടയിൽ വിജയത്തിനും കൊള്ളമുതലുകൾ നേടുന്നതിനും (2) വളരെയേറെ ആവശ്യമുണ്ട്. കവി തന്റെ രക്ഷിതാക്കൾക്ക് ഇന്ദ്രന്റെ ശ്രദ്ധയും സംരക്ഷണവും അഭ്യർഥിക്കുന്നു (3). ഇന്ദ്രന്റെ സഹായം നേടുന്നതിന് ശരിയായ യജ്ഞനിരീക്ഷണം ആവശ്യമാണെന്നു കവി മനസ്സിലാക്കുന്നു (4). സൂക്തത്തിന്റെ ഇതുവരെയുള്ള ഭാഗങ്ങളിൽ സൂച്യമായി മാത്രം അവതരിപ്പിച്ചിരുന്ന ഇന്ദ്രന്റെ സഹായത്തിനും കൊള്ളമുതലുകൾക്കുമുള്ള അഭ്യർഥന അന്ത്യപദ്യത്തിൽ വാച്യമായിത്തന്നെ പ്രകടിപ്പിക്കുന്നു.

സൂക്തം 148. ഇന്ദ്രനോടു സഹായത്തിനപേക്ഷിക്കുന്ന ഈ ലഘുസൂക്തത്തിൽ കവി അവൻ തനിക്കിഷ്ടപ്പെട്ടവനുമാത്രമേ നൽകുകയുള്ളൂ (1, 3, 4) എന്നതിനെക്കുറിച്ചു ബോധവാനാണ്. അതുകൊണ്ട് മനുഷ്യർ ധാരാളം സ്തുതികളും ഹവിസ്സുകളും സന്തോഷപൂർവം നൽകേണ്ടതിൽ സൂക്തം ഊന്നുന്നു.

149–ാം സൂക്തത്തിന്റെ കവി ഹിരണ്യസ്തൂപന്റെ പിന്മുറക്കാരനാണെന്ന് *അനുക്രമണി* പറയുന്നു. അന്ത്യപദ്യത്തിൽ (5) കവി തന്റെ സവിതാവിന്റെ വിളിയെ ഹിരണ്യസ്തൂപ ആംഗിരസന്റേതുമായി താരതമ്യപ്പെടുത്തുന്നു. ഈ ആംഗിരസൻ, വാസ്തവത്തിൽ 1. 35 തുടങ്ങിയ സവിതൃസൂക്തങ്ങളുടെ കർത്താവായും *അനുക്രമണി*യിൽ പ്രത്യക്ഷപ്പെടു

ന്നു. ഈ രണ്ടു സൂക്തങ്ങളും പ്രപഞ്ചവിഭാഗങ്ങൾക്കു സവിതാവിനോടുള്ള ബന്ധം സംബന്ധിച്ചുള്ളവയാകുന്നു. ഈ സൂക്തത്തിൽ വിശേഷിച്ച് ഈ ബന്ധം ഊന്നിപ്പറയുന്നു.

സൂക്തം 150. ബഹുവൃത്തനിബദ്ധമെങ്കിലും, കൃത്യമായ ഘടനയോടുകൂടിയ ലളിതമായ സൂക്തം. ഓരോ പദ്യത്തിലെയും അന്ത്യപാദം 'മൃളീകായ'എന്ന ശബ്ദത്തിൽ (5–ൽ മാത്രം "മൃളീകം") തുടങ്ങുന്നതാവാം *അനുക്രമണീ*കാരൻ കവി മൃളീകനെന്നു പറയാൻ കാരണം. കവിയുടെ സംബോധനവിഷയം സൂക്തത്തിലുടനീളം അഗ്നിയാണ്. പാതി പദ്യങ്ങളിൽ വിശേഷണങ്ങളിലൂടെ അഗ്നിയെന്നു മനസ്സിലാവും. തങ്ങളുടെ യജ്ഞത്തിലേക്കു ദേവന്മാരോടുകൂടി വരണമെന്ന് അഗ്നിയെ ഉദ്ബോധിപ്പിക്കുന്ന ഋജുവായ ഉള്ളടക്കമാണ് സൂക്തത്തിലുള്ളത്.  അഞ്ചാം പദ്യത്തിൽ അഗ്നി മുൻപ് സഹായിച്ചവരെയെല്ലാം അനുസ്മരിക്കുന്നു. അവിടെ വാസിഷ്ഠനെന്നല്ല, വസിഷ്ഠനെന്നാണ് കവിനാമം കൊടുത്തിട്ടുള്ളത്.  അവസാനത്തെ രണ്ടു പദ്യങ്ങളിൽ അഗ്നിയെയും വസിഷ്ഠനെയും പുരോഹിതശബ്ദം കൊണ്ടു വിശേഷിപ്പിക്കുന്നുണ്ട്.

വിശ്വാസം എന്നു പൊതുവിൽ അർഥം പറയാറുള്ള ശ്രദ്ധ എന്ന പദത്തിന് ഭാരതീയമതത്തിൽ ദീർഘമായ സാംസ്കാരികചരിത്രമുണ്ട്. വൈദികമതത്തിൽ അതിനു വിശ്വാസമെന്നല്ല അർഥം. ആതിഥ്യത്തിലും യജ്ഞത്തിലുമുള്ള അഭിലാഷവിശേഷമാണത്. 151–ാം  സൂക്തത്തിൽ അതിന്ന് യജ്ഞവുമായുള്ള അടുത്ത ബന്ധം വ്യക്തമാകുന്നു. മൂന്നു സവനങ്ങളെപ്പറ്റി പറയുന്ന അഞ്ചാം പദ്യത്തിൽ വിശേഷിച്ചും. പ്രാതഃസവനത്തിൽ സോമം സ്വീകരിക്കുന്ന വായുവെ നാലാം പദ്യത്തിൽ പരാമർശിക്കുന്നു. ശരിയായി യജ്ഞമനുഷ്ഠിക്കുന്നവന് ഉചിതമായ പ്രതിഫലം കിട്ടുമെന്ന ഉറപ്പാണ് ശ്രദ്ധയുടെ മുഖ്യമായ വശം. ഇതു സൂക്തത്തിലുടനീളം, വിശേഷിച്ച് 2–4 പദ്യങ്ങളിൽ പ്രതിഫലിക്കുന്നു.

തങ്ങളുടെ ശത്രുക്കളെ നശിപ്പിക്കാൻ സൈനികനായ ഇന്ദ്രനെ വിളിക്കുകയാണ് 152–ാം സൂക്തത്തിൽ. നിന്ദക്കരശ്രദ്ധിക്കാൻ വളരെ ശ്രമിക്കുന്നുണ്ട് (2–4). ഭൗതികമായ ആക്രമണങ്ങളേക്കാൾ ഫലപ്രദമാണ് മാനസികമായി ശത്രുവെ ക്ഷീണിപ്പിക്കുന്നതെന്ന് പ്രാചീനഭാരതീയർ വിശ്വസിച്ചിരുന്നു. വാക്കിന്റെ ശക്തിയിലുള്ള വിശ്വാസമാണ് അതിന്നടിസ്ഥാനം. യുദ്ധത്തിനുമുൻപ് യജ്ഞവൽക്കൃതമായ ദുസ്സൂചനകളുടെ വിനിമയമാണ് ഇവിടെ പ്രശ്നം.

153–ാം സൂക്തത്തിലെ ആദ്യത്തെ പദ്യം ശിശുവായ ഇന്ദ്രനെ ആട്ടുകട്ടിലിലാട്ടുന്ന വേർതിരിച്ചറിയാനാവാത്ത സ്ത്രീകളുടെ വത്സലസങ്കല്പം അവതരിപ്പിക്കുന്നു. രണ്ടാം പദ്യം അവന്റെ കൂടുതൽ സാമ്പ്രദായികമായ ജന്മം പ്രതിപാദിക്കുന്നു. ഇന്ദ്രന്റെ ശക്തികളുടെ സ്തുതിയാണ് തുടർന്ന്. അഞ്ചു പദ്യങ്ങളിൽ നാലിലും (2–5) "ഓജസ്സ്" മുന്തിനിൽക്കുന്നു.

ശവദാഹത്തിൽ ഉപയോഗിക്കുന്നതാണീ 154–ാം സൂക്തം. ഓരോ പദ്യവും ഇപ്പോൾ പരലോകത്തിൽ നിവസിക്കുന്ന വിശിഷ്ടപിതൃക്കളുടെ സ്വഭാവവും ശീലങ്ങളും വിവരിക്കുന്നു. അവസാനം, പോയി പിതൃക്കളുടെ കൂടെ ചേരാൻ പ്രേതത്തെ ഉദ്ബോധിപ്പിക്കുന്നു.

സദാന്വ എന്ന സ്ത്രീരക്ഷസ്സിനെയാണ് 155–ാം സൂക്തം ലക്ഷ്യമാക്കുന്നത്. ഇവൾ *അഥർവവേദ*ത്തിൽ പലേടത്തും കാണപ്പെടുന്നുണ്ടെങ്കിലും *ഋഗ്വേദ*ത്തിൽ ഇവിടെ മാത്രമേ ഉള്ളൂ. സദാന്വകൾ വൃത്തി കെട്ടവയാണ് (1); ഭീഷണി, പ്രത്യേകിച്ച് ഗർഭസ്ഥശിശുക്കൾക്കെതിരെ, മുഴക്കുന്നവയാണ് (2). ഈ സൂക്തത്തിൽ അവ ലൈംഗികമായി ശല്യം ചെയ്യുന്നവയും അറപ്പുളവാക്കുന്നവയുമായി കാണപ്പെടുന്നു (4). ആദ്യത്തെ മൂന്നു പദ്യങ്ങളിൽ സദന്വയെ ആക്രമിക്കുകയും ഓടിക്കുകയും ചെയ്യുന്നു. നാലാം പദ്യം മുതൽ മറ്റൊരു തിരിവെടുക്കുന്നു. ഇന്ദ്രന്റെ ശത്രുവിജയമറിയിച്ചുകൊണ്ട് ഉയർന്ന ശൈലിയിലുള്ള സ്തുതിഗീതമാണ്. സദാന്വകളുടെ മാറിടങ്ങളിലടിക്കുന്നതും മറ്റും അവിടെ കാണാം. അഞ്ചാം പദ്യത്തിൽ യജ്ഞഭൂമിയിൽ നടത്തുന്ന യജ്ഞത്തിലൂടെ ശത്രുക്കളെ ഫലപ്രദമായി കീഴ്പ്പെടുത്തുന്നതും ദേവന്മാർക്കിടയിൽ കീർത്തി നേടുന്നതും വർണിക്കുന്നു.

156–ാം സൂക്തത്തിനുവേണ്ടി ഒരുക്കിയ യജ്ഞം 4–5 പദ്യങ്ങളിൽ: സൂര്യോദയത്തിലെ അഗ്നിജ്വലനം. ആദ്യത്തെ മൂന്നു പദ്യങ്ങൾ ഈ അഗ്നിജ്വലനം യജ്ഞത്തിൽ പങ്കെടുക്കുന്നവർക്ക് സാധനങ്ങൾ കൈവരുത്തുമെന്ന പ്രതീക്ഷ പ്രകടിപ്പിക്കുന്നു. പ്രാതഃസവനത്തിലെ ദക്ഷിണാവിതരണത്തെക്കുറിച്ചുള്ള പരോക്ഷമായ പരാമർശവും അവിടെ കാണാം. ഈ പ്രതിഫലത്തിനുള്ള ആഗ്രഹം മത്സരങ്ങൾ (1), പശുക്കൾക്കുവേണ്ടിയുള്ള ആക്രമണങ്ങൾ (2), തേർപ്പന്തയം (3) എന്നിവയുടെ വർണനങ്ങളിലൂടെയാണ് വ്യക്തമാകുന്നത്.

ഹ്രസ്വവും ലളിതവുമായ സൂക്തം 157 ഇന്ദ്രനിൽനിന്നും മറ്റു ദേവന്മാരിൽനിന്നും സഹായത്തിനും സഹകരണത്തിനുംവേണ്ടി അവരെ വിളിക്കുകയാണ് ആദ്യത്തെ മൂന്നു പദ്യങ്ങളിൽ. അവസാനത്തെ രണ്ടു പദ്യങ്ങൾ, പിൽക്കാലത്ത് പ്രസിദ്ധമായ ദേവന്മാരും അസുരന്മാരും തമ്മിലുല്ല ശത്രുത്വം പ്രതിഫലിപ്പിക്കുന്ന *ഋഗ്വേദ*സന്ദർഭമെന്ന നിലയിൽ സവിശേഷം ശ്രദ്ധേയമത്രേ.

നമ്മെത്തന്നെയും ലോകത്തെയും കാണാൻ നമ്മെ പ്രാപ്തരാക്കുന്ന സ്വർഗത്തിലെ കണ്ണായ സൂര്യനാണ് 158–ാം സൂക്തത്തിലെ, വിശേഷിച്ച് അവസാനത്തെ മൂന്നു പദ്യങ്ങളിലെ (3–5) പ്രമേയം. ആദ്യപദ്യം പ്രപഞ്ചത്തിന്റെ എല്ലാ ഭാഗങ്ങളെയും സംരക്ഷിക്കാനുള്ള അഭ്യർഥനയാണ്. സവിതാവിനോടുള്ള രണ്ടാമത്തെ പദ്യം ഇതുതന്നെ തുടരുന്നു. മൂന്നാം പദ്യത്തിൽ സവിതാവിന്റെ പേരു വരുന്നുണ്ടല്ലോ.

10. 145 പോലെ 159–ാം സൂക്തവും സപത്നികൾക്കെതിരെ സംസാരിക്കുന്ന സ്ത്രീയുടെ സ്വരമാണുൾക്കൊള്ളുന്നത്. പക്ഷേ, അതിൽ മന്ത്രംകൊണ്ട് സപത്നിയെ നശിപ്പിക്കാമെന്നു പ്രതീക്ഷിക്കുമ്പോൾ, ഇവിടെ ഫലം പൂർണമാ

ണ്. അവൾ ഉചിതമായ ഉയർന്ന ശൈലിയിൽ വിജയസ്തുതി ചൊല്ലുന്നു. മൂന്നാം പദ്യത്തിൽ അവൾ തന്റെ വിജയം പുത്രന്മാരിലേക്കും പുത്രിയിലേക്കും വ്യാപിപ്പിക്കുന്നുവെന്നത് ശ്രദ്ധേയമത്രേ. മക്കളിൽ ഔന്നത്യം നേടുക എന്നതാണല്ലോ സപത്നിമാർക്കെതിരെയുള്ള ബ്രഹ്മാസ്ത്രം.

സൂക്തം 160. ഇന്ദ്രനെ സോമപാനത്തിനു ക്ഷണിക്കുന്നതും അവൻ മറ്റേതെങ്കിലും യജ്ഞത്തിനു പോയേക്കുമോ എന്ന സ്വാഭാവികമായി ആശങ്കിക്കുന്നതും ആദ്യം (1). സവനം ചെയ്യാത്തവൻ ശിക്ഷിക്കപ്പെടുമെന്ന ഭയം തുടർന്ന് (4). വിശ്വാമിത്രപല്ലവിയുടെ ആദ്യപദദ്വയം (ശുനം ഹുവേമ) അഞ്ചാം പദ്യത്തിന്റെ അവസാനം കാണാം.

സൂക്തം 161–ലെ ഈ വശ്യപ്രയോഗം ഏതെങ്കിലും രോഗത്തിനു വിധേയനായ ഒരു മനുഷ്യന്റെ ആയുസ്സിന്റെ, ദീർഘായുസ്സിന്റെ, വീണ്ടെടുപ്പ് അറിയിക്കുന്നു (1).

162–ാം സൂക്തത്തിലെ ഈ വശ്യപ്രയോഗം ഗർഭരക്ഷണത്തിലും പ്രസവാനന്തരവും ഉണ്ടാകാവുന്ന അപകടങ്ങൾ അഥവാ ഭ്രൂണത്തിനുണ്ടായേക്കാവുന്ന ഉപദ്രവങ്ങൾ സംബന്ധിച്ചുള്ളവയാണ്. ഗർഭത്തിലെ വിവിധഘട്ടങ്ങൾ മൂന്നാം പദ്യത്തിൽ വിവരിക്കുന്നു. 4–6 പദ്യങ്ങളിൽ ഭ്രൂണത്തിൽ കടന്നുകൂടി ഉപദ്രവമുണ്ടാക്കുന്ന ഗ്രഹാദികളെ പ്രതിപാദിക്കുന്നു. അഞ്ചിൽ സഹോദരനായോ ഭർത്താവായോ കാമുകനായോ മുഖംമൂടി ധരിച്ചും മറ്റും വന്ന് ഗർഭിണിയെ ബാധിക്കുന്ന ഞെട്ടിക്കുന്ന ചിത്രം കാണാം.

10. 161 പോലെ, 163–ലെ ഈ വശ്യപ്രയോഗം രോഗശാന്തിക്കുള്ള ഒന്നാണ്. ബന്ധപ്പെട്ട ഓരോ ശരീരാവയവത്തിൽനിന്നും രോഗം മാറ്റുന്നതിനെ ഓരോ പദ്യത്തിലും വിവരിക്കുന്നു.

ഈ ഹ്രസ്വസൂക്തം (164) അന്യഥാ അറിയപ്പെടാത്ത മനസ്സിന്റെ പ്രഭുവോട് അകലെ മാറാനും കുഴപ്പങ്ങൾക്കെല്ലാം കാരണഭൂതയായ നിരൃതിദേവിയോട് സംസാരിക്കാനും പറഞ്ഞുകൊണ്ട് തുടങ്ങുന്നു. മനഃപ്രഭു അവൾക്കു മനുഷ്യരുടെ ചിന്തകളുടെ ചില മാതൃകകൾ നൽകുന്നു (2). ഈ മാതൃകകൾ നിരുപദ്രവമായ ആത്മമായകൾ മാത്രമാണെന്നു തോന്നുന്നു. അവയാകട്ടെ എല്ലാം തങ്ങൾക്കു നല്ല നിലയിൽ സംഭവിക്കുന്നുവെന്ന പ്രതീതിയുളവാക്കുന്നവയത്രേ. പക്ഷേ, 4–5 പദ്യങ്ങളിൽ വാക്കിൽ താരതമ്യേന നിരുപദ്രവമെങ്കിലും പ്രവൃത്തി കൊണ്ട് വഞ്ചനയാണെന്ന് പ്രതിപാദിക്കുന്നു. ബ്രഹ്മണസ്പതിയായ ഇന്ദ്രനുൾപ്പെടെയുള്ള ദേവന്മാരോട് ഈ കുറ്റങ്ങളിൽനിന്നു തങ്ങളെ അകറ്റി നിർത്താൻ അഭ്യർഥിക്കുന്നു. അവയൊക്കെ തങ്ങളുടെ ശത്രുക്കളുടെ അടുത്തേക്കു പോകട്ടെ എന്നും പ്രാർഥിക്കുന്നു. അങ്ങനെ ഈ സൂക്തത്തിന്റെ ഏകീകൃതപ്രമേയം ഉപദ്രവകരമോ അല്ലാത്തതോ ബോധപൂർവമോ അബോധപൂർവമോ രണ്ടുമോ ആയ മാനസികമോ വാചികമോ ആയ ഏതുതരം കർമത്തെയും ഉൾക്കൊള്ളുന്നു.

*അനുക്രമണി* 165–ാം സൂക്തത്തിന്റെ ദേവതയായി വിശ്വേദേവന്മാരെയാണ് അവതരിപ്പിക്കുന്നതെങ്കിലും വാസ്തവത്തിൽ മൃത്യുദേവതയായ യമന്റെ ഓമനയായ കപോതമാണ് (പ്രാവ് – ദുശ്ശകുനപ്പക്ഷി) ദേവത. ഇത് പാഠഭേദങ്ങളോടെ *അഥർവവേദ*ത്തിലും കാണപ്പെടുന്നു.

ഏറ്റവും ആക്രാമകനായ ഈ 166–ാം സൂക്തത്തിന്റെ വക്താവ് തന്റെ ശത്രുക്കളിന്മേലുള്ള വിജയവും അവരുടെ കടുത്ത മാനഭംഗത്തിലുള്ള സംതൃപ്തിയും പ്രഖ്യാപിക്കുന്നു. തന്റെ കാൽക്കീഴിലമർന്ന നിലയാണവർക്ക് (2–5).

സൂക്തം 167. സോമയജ്ഞത്തിന് ഇന്ദ്രനെ ക്ഷണിക്കുന്ന ഒരുവിധം സാമ്പ്രദായികമായ സൂക്തം. സൂര്യനെ ജയിക്കുകയെന്ന ഇന്ദ്രന്റെ മഹത്തായ കൃത്യങ്ങളിലൊന്ന് ആദ്യം അനുസ്മരിക്കുന്നു (1–2). ഇന്ദ്രനോട് സമ്പത്തിനുവേണ്ടി അഭ്യർഥിക്കുന്നുമുണ്ട് (1). ഇന്ദ്രൻ സ്വയം പറയുന്നതാണ് അവസാനപദ്യം (4). അവിടെ ഇന്ദ്രൻ സോമയജ്ഞവും സ്തുതിയും സ്വീകരിക്കുകയും തിരിച്ച് സാധനങ്ങൾ നൽകുകയും ചെയ്യുന്നു. എങ്കിലേ, ഈ സ്വീകരണത്ത് അർഹനാവൂ എന്ന് ഇന്ദ്രൻ തിരിച്ചറിയുന്നു. സോമയജ്ഞത്തിൽ പുരോഹിതകവികൾ ധാരാളം ധനം സമ്പാദിച്ചുവെന്നതാണ് ഈ സൂക്തത്തിലെ ശ്രദ്ധേയമായ വസ്തുത (4).

സൂക്തം 168. പ്രാതഃസവനത്തിൽ ഇന്ദ്രനോടൊപ്പം സോമം കുടിക്കുന്ന ആദ്യത്തെ ദേവനായി യജ്ഞവ്യവസ്ഥയിൽ അംഗീകരിക്കപ്പെട്ട കാറ്റിന്റെ ദേവതയാണ് വായു. കാറ്റിന്റെ സ്വാഭാവികമായ സവിശേഷതകളാണ് ഇവിടെ കൂടുതൽ വിവരിക്കുന്നതെങ്കിലും വായുവിനെ പൂർണമായ രൂപത്തിൽ സ്തുതിക്കുന്നുണ്ടിവിടെ. ആദ്യത്തെ പദ്യം 1. 32–ൽ ഇന്ദ്രന്റെ വീരകർമങ്ങളെയെന്നപോലെ, ഈ ഹ്രസ്വസൂക്തത്തിലും വായുവിന്റെ കർമങ്ങളെ സ്തുതിക്കുന്നു. ദ്രുതതരമായ വായുവിന്റെ സഞ്ചാരം, തേര്, പരിവാരം എന്നിവയെല്ലാം ഭംഗിയായി ഇവിടെ വർണിക്കപ്പെടുന്നു.

സൂക്തം 169. പശുക്കളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സുരക്ഷിതമായി തിരിച്ചുകൊണ്ടുവരുന്നതിനും വേണ്ടി പ്രബലരായ അനേകം ദേവതമാരെ ഈ ലക്ഷ്യനിർവഹണത്തിന്നായി വിളിക്കുന്നു.

170–ാം സൂക്തം സൂര്യനെ, കൃത്യമായി പറഞ്ഞാൽ സൂര്യപ്രകാശത്തെ, കൊണ്ടാടുന്നു. വീരയോദ്ധൃദേവന്മാരായ ഇന്ദ്രാദികളെപ്പോലെത്തന്നെയാണ് കവി സൂര്യനെയും കാണുന്നത്.

171–ാമത്തെ ഈ ഹ്രസ്വസൂക്തം അറിയപ്പെടാത്തതോ അല്പമാത്രം അറിയപ്പെടുന്നതോ ആയ ഇന്ദ്രന്റെ നാലു വീരകർമങ്ങൾ ഓരോ പദ്യത്തിലായി സൂചിപ്പിക്കുന്നു.

*അനുക്രമണി*യനുസരിച്ച് 172–ാം സൂക്തം ഉഷസ്സിനു സമർപ്പിക്കപ്പെട്ടതാണെങ്കിലും നാലാം പദ്യത്തിനു മാത്രമേ അവളുമായി വ്യക്തമായി ബന്ധമുള്ളൂ. ചുരുങ്ങിയത് രണ്ടാം പദ്യത്തിലെങ്കിലും അതിലെ പുരുഷവിശേഷണങ്ങൾ ഉഷസ്സിനെ ഒഴിവാക്കുന്നതായി കാണുന്നു. ഉഷസ്സ് (1), സൂര്യൻ (2), അഗ്നി (3), ഉഷസ്സ് (4) എന്നും സൂര്യൻ (1–3) എന്നുമൊക്കെ വ്യാഖ്യാതാക്കൾ നിർദേശിക്കുന്നു. പ്രാതഃകാലത്തിനു ചേർന്നതാണ് ഈ സൂക്തമെന്നതിൽ, എന്താ

യാലും, സംശയമില്ല.

സൂക്തം 173 ഏറെക്കാലമായി രാജാഭിഷേകത്തിന്റെ ഭാഗമായിരുന്നു. ഇതിലെ താക്കോൽപ്പദം ധ്രുവം (ദൃഢം) എന്നാണ്. ദൃഢതയാണ് രാജാവാകാൻ വേണ്ട ഏറ്റവും പ്രധാനഗുണം. മനുഷ്യഗോത്രങ്ങളും (1, 6) വിവിധദേവന്മാരും രാജാവിനെ വരിക്കുമ്പോൾ ഇതാണ് നോക്കുന്നത്. ദേവന്മാരിൽ ഇന്ദ്രനെ നോക്കുക. യോദ്ധാവായ രാജാവാണവൻ (2, 5–6). വരുണൻ സമാധാനകാലത്തെ രാജാവിന്റെ ആദിരൂപം (5). യജ്ഞപരമായി രാജാഭിഷേകത്തിൽ വാക്കുമായി ബന്ധപ്പെട്ട ദേവന്മാരിൽ ബ്രഹ്മണസ്പതിയും (3) ബൃഹസ്പതിയും (5), ഭൗതികമായി ബന്ധപ്പെട്ട അഗ്നിയും (5) സോമനും (3) ആകുന്നു.

സൂക്തം 174. രാജാഭിഷേകസൂക്തത്തിന്റെ ഒരു കൂട്ട്. രാജത്വത്തിന്റെ യുദ്ധത്തെയും നേരിടലിനെയും പറ്റിയുള്ള കാര്യങ്ങളിലേ ഊന്നുന്നുള്ളൂ. രാജാവിന്റെ ഇന്ദ്രന്റേതുപോലുള്ള ശത്രുമർദകശക്തിയും യജ്ഞപരമായ പ്രവർത്തനവും സ്തുതിക്കപ്പെടുന്നു (1, 4).

പിടിക്കല്ലുകൾക്കു സമർപ്പിക്കപ്പെട്ട ഈ മൂന്നാമത്തെ സൂക്തത്തിനു (175) മറ്റു രണ്ടെണ്ണത്തിന്റെ മേന്മയൊന്നും അവകാശപ്പെടാനാവില്ല. തങ്ങളെ സവനം ചെയ്യാൻ പ്രേരിപ്പിക്കണമെന്ന പിടിക്കല്ലുകളുടെ സവിതാവിനോടുള്ള പ്രാർഥനയോടെ ഈ സൂക്തം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു (1, 4).

സൂക്തം 176. യജ്ഞാഗ്നിയെ അതിന്റെ ആദ്യത്തെ പ്രത്യക്ഷഭാവത്തിൽ വിവരിക്കുന്ന ലളിതമായ സൂക്തം. അഗ്നിയുടെ "ഇരട്ടപ്പൗരത്വം" എന്ന സാമാന്യമായ വിഷയവും ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

ഈ നിഗൂഢാത്മകമായ സൂക്തം (177) പ്രചോദിതകാവ്യചിന്തയെയും പ്രകാശത്തിൽ പൊതിഞ്ഞ പക്ഷിയെപ്പോലെ പ്രബുദ്ധകവികളും പുരോഹിതന്മാരും അന്തർമുഖമായി കാണുന്ന ദാർശനികജ്ഞാനത്തെയും പ്രതിനിധാനം ചെയ്യുന്നു. ഇതിലെ ബിംബകല്പനകൾ, വേനസൂക്തത്തിലെന്നപോലെ, ശക്തമായ പ്രതീതിയുളവാക്കുന്നു.

സൂക്തം 178. താർക്ഷ്യനെന്നു വൈദികസാഹിത്യത്തിൽ പലേടത്തും കാണുന്നുണ്ടെങ്കിലും, ഇവിടെ ഈ പദം കൊണ്ടുദ്ദേശിക്കുന്നത് ദധിക്രാവിനെ പ്പോലുള്ള പുരാവൃത്തപ്രസിദ്ധമായ ഒരു പന്തയക്കുതിരയെയാണ്. ഇതിലെ മൂന്നാം പദ്യം, വാസ്തവത്തിൽ, ദധിക്രാവിനെക്കുറിച്ചുള്ള സൂക്തത്തിലെ ഒരു പദ്യമാണ് (4. 38. 10). ഈ രണ്ടു കുതിരകളും പൂരുക്കളുടെ നേതാവായ ത്രസദസ്യുവുമായി ബന്ധപ്പെട്ടവയാണ്.

ഈ സൂക്തം (179) പിൽക്കാലത്ത് പ്രവർഗ്യകർമവുമായി ബന്ധപ്പെട്ട ദധിഘർമഹവിസ്സിനുവേണ്ടി ഉപയോഗിക്കാറുണ്ട്. ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന്നാണ് ഇതു രചിക്കപ്പെട്ടതെന്നു വിശ്വസിക്കാം. ആദ്യപദ്യം ഹവിസ്സിന്റെ തൽക്കാലസ്ഥിതി വിലയിരുത്താൻ പുരോഹിതന്മാരെ ക്ഷണിക്കുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും പദ്യങ്ങൾ യഥാക്രമംപിൽക്കാലത്തെ പുരാവാക്യയും യാജ്യയുമാണ്. മാധ്യന്ദിനകർമങ്ങ ളിൽ സംബന്ധിക്കാൻ ഇന്ദ്രനെ ക്ഷണിക്കുകയും പക്വഹവിസ്സ് നൽകുകയും ചെയ്യുന്നു.

ഇന്ദ്രൻ തന്റെയും ഞങ്ങളുടെയും ശത്രുക്കളുടെമേൽ വിജയിയായി നിൽക്കുന്നതിലാണ് ഈ സൂക്തം (180) കേന്ദ്രീകരിക്കുന്നത്. അതേ സമയം അവൻ തങ്ങൾക്കു തരുന്ന ദാനങ്ങളിലുള്ള താല്പര്യം അല്പം പോലും കുറയ്ക്കുന്നുമില്ല.

മുൻസൂക്തംപോലെ, ഇതും (181) പ്രവർഗ്യകർമവുമായി ദൃഢബന്ധമുള്ളതാണ്. ആ കർമവുമായി ബന്ധപ്പെട്ട രഥന്തരം, ബൃഹത്ത് എന്നീ മഹത്തായ സാമങ്ങളെയും ഘർമത്തെയും ഇവിടെ സ്തുതിക്കുന്നു.

സൂക്തം 182. യജ്ഞവചസ്സിന്റെ അധിപതിയായ ബൃഹസ്പതിയെ തങ്ങളുടെ വാക്കിനെ സഹായിക്കാനും എല്ലാരൂപത്തിലുമുള്ള ദുർവാക്കുകളെയും അവ പറയുന്നവരെയും ശിക്ഷിക്കാനും വിളിക്കുന്നു.

സൂക്തം 183. ആദ്യത്തെ രണ്ടു പദ്യങ്ങൾ ഒരു മകനെ ഗർഭം ധരിക്കുന്നതിനു മുഖവുരയായി ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഒരു സംഭാഷണശകലമാണ്. മൂന്നാം പദ്യം മക്കളെ വാഗ്ദാനം ചെയ്യുന്ന എല്ലാ ഉർവരതയ്ക്കും നിദാനമായ തിരിച്ചറിയപ്പെടാത്ത ഒരാത്മാവിന്റേതാണ്.

സൂക്തം 184. ഈ ലഘുവശ്യപ്രയോഗം സ്വാഭാവികമായി തൊട്ടുമുൻപത്തെ സൂക്തത്തിന്റെ തുടർച്ചയായി വരുന്നു. അവിടെ വിവാഹിതദമ്പതികൾ ഗർഭധാരണത്തിനുവേണ്ടി ലൈംഗികവൃത്തിക്കൊരുങ്ങുന്നു. ഇവിടെ ദേവീദേവന്മാരുടെ ഒരു നിര ഗർഭം ഉറപ്പുവരുത്തുന്നതിന് വിളിക്കപ്പെടുന്നു.

സൂക്തം 185. അത്യുന്നതാദിത്യന്മാരായ മിത്രൻ, വരുണൻ, അര്യമാവ് എന്നിവരോട് സഹായത്തിനുള്ള ഈ ഹ്രസ്വമായ അഭ്യർഥന രണ്ടു ഗർഭവശ്യപ്രയോഗങ്ങൾക്കുശേഷം ഇവിടെ ചേർത്തത് ഇത് അവരുടെ അമ്മ അദിതി (3)ക്കു സമർപ്പിക്കപ്പെട്ടതുകൊണ്ടായിരിക്കാം.

*അനുക്രമണി*പ്രകാരം ഈ സൂക്തം (186) സമർപ്പിക്കപ്പെട്ടത് വായുവിന്നാണെങ്കിലും വാതം (കാറ്റ്) ആണ് യഥാർഥത്തിൽ ദേവത. രോഗംശമിപ്പിക്കാനുള്ള കഴിവ് അതിന്നുണ്ട് (1). മൂന്നു ശ്ലോകങ്ങളിലും നമ്മെ ജീവിപ്പിക്കാനും ആയുസ്സു നീട്ടാനുമുള്ള കാറ്റിന്റെ കഴിവ് പരാമർശിക്കപ്പെടുന്നു.

അത്ര നിർണായകമല്ലാത്ത ഈ സൂക്തം (187) സൈനികനായ അഗ്നിയെ അവതരിപ്പിക്കുന്ന പല്ലവി ഉൾക്കൊള്ളുന്നുണ്ടെങ്കിലും മൂന്നാം പദ്യമേ അതു വികസിപ്പിക്കുന്നുള്ളൂ.

188–ാം സൂക്തം. മറ്റൊരു ചെറിയ അഗ്നിസൂക്തം. ഇക്കുറി അഗ്നിക്ക് ജാതവേദസ്സ് എന്ന പൊതുവിശേഷണം കൂടിയുണ്ട്. യജ്ഞവും അഗ്നിക്ക് അതിലുള്ള പങ്കുമാണ് ഈ സൂക്തത്തിലെ പ്രമേയം.

സൂക്തം 189. *അനുക്രമണി*പ്രകാരം സർപ്പരാജ്ഞിയോ സൂര്യനോ ആണു ദേവതയെങ്കിലും പ്രഭാതയജ്ഞമാണ്

വിഷയമെന്നതിനാൽ സൂര്യൻതന്നെയാവാനാണ് സാധ്യത. സൂര്യനും യജ്ഞാഗ്നിയും ഉഷസ്സും (2) സൂക്തത്തിൽ പ്രതിപാദിക്കപ്പെടുന്നു. യജ്ഞവും അതിന്റെ പകർപ്പായ സൂര്യനും കാള (1), പോത്ത് (2), പക്ഷി എന്നിങ്ങനെ പല തരം മൃഗങ്ങളായി ചിത്രീകരിക്കപ്പെടുന്നു. പതംഗസൂക്തത്തിൽ (10. 177) വാക്കിനു പക്ഷിയുമായുള്ള ബന്ധം കണ്ടുവല്ലോ. പ്രഭാതയജ്ഞത്തിൽ വാക്കിനുള്ള പ്രാധാന്യം ഈ സൂക്തം പ്രതിഫലിപ്പിക്കുന്നതായി തോന്നുന്നു. സർപ്പങ്ങളെയോ അവയുടെ രാജ്ഞിയെയോ പറ്റി പരാമർശമൊന്നും ഇവിടെ ഇല്ലെന്നു ശ്രദ്ധിക്കുക.

ഈ സൂക്തം (190) എല്ലാറ്റിന്റെയും മൗലികമായ ഉല്പത്തിസ്ഥാനമായ തപസ്സുകൊണ്ടുള്ള പ്രപഞ്ചോല്പത്തിസിദ്ധാന്തം അവതരിപ്പിക്കുന്നു. സൃഷ്ടിക്കപ്പെട്ട വസ്തുക്കളും അവയുടെ ക്രമവും അവയുടെ സൃഷ്ടിസ്രോതസ്സും ഔത്സുക്യകരവും ചിന്തോദ്ദീപകവുമത്രേ. മുൻപത്തെ സൃഷ്ടിസൂക്തത്തെപ്പോലെ (10. 129) ഇത് പ്രഹേളികാപ്രായമല്ല. "ഈ സൂക്തം പദം മുറിച്ചു ചൊല്ലാറില്ല. അതുകൊണ്ട് അന്വയിക്കാതെ അർഥം പറയുന്നു." (എട്ടാം വാള്യം, പേജ് 1093) എന്ന് ഒ. എം.. സി. എഴുതിയതിൽനിന്ന് അങ്ങനെയൊരു പാരമ്പര്യം കേരളീയനമ്പൂതിരിബ്രാഹ്മണരുടെയിടയിലെങ്കിലും നടപ്പിലുണ്ടായിരുന്നുവെന്നു തോന്നുന്നു. ഏതായാലും ഈ ഗദ്യപരിഭാഷയിൽ, പതിവുപോലെ, അന്വയവും പരിഭാഷയും കൊടുക്കുന്നു.

*ഋഗ്വേദ*ത്തിലെ ഈ സൂക്തത്തിന് പദ്ധതിപരമായും പ്രചാരണപരമായുമുള്ള ഒരു പരിപാടിയുണ്ട്. തനതായ സംസ്കാരപ്രയോഗങ്ങളുള്ളവരും അല്പമൊക്കെ ചാഞ്ചാട്ടത്തോടെയും പാതിശത്രുതയോടെയും ജാഗരൂകമായ സഹകരണത്തോടെയും കഴിഞ്ഞിരുന്ന എണ്ണമറ്റ ഗോത്രങ്ങളുടെ കവിതകളുടെ സമാഹാരമാണ് *ഋഗ്വേദസംഹിത*. ഈ സൂക്തസമാഹാരം ക്രോഡീകരിക്കപ്പെട്ടത് കേന്ദ്രീകൃതമായ സാമൂഹ്യ–രാഷ്ട്രീയസാഹചര്യങ്ങളിലത്രേ – മിക്കവാറും കുരുരാജാക്കന്മാരുടെ കാലത്ത്. നിലവാരപ്പെട്ടതും പങ്കാളിത്തത്തോടുകൂടിയതുമായ യജ്ഞസംസ്കാരം സാർവത്രികമായിരുന്ന കാലമാണത്. ആ കാലത്തിന്റെ മഹത്തായ സംഭാവനയെന്ന നിലയിൽ *ഋഗ്വേദസംഹിത*യും ആ സാമൂഹ്യ–രാഷ്ട്രീയ പ്രക്രിയയെ സഹായിച്ചിരിക്കണം.

*ഋഗ്വേദ*ത്തിലെ അന്തിമസൂക്തമായ 191–ാം സൂക്തം തുടങ്ങുന്നത് യജ്ഞാഗ്നിയോടുകൂടിയാണ് (1). അതാവശ്യമില്ലെന്നുപോലും കരുതിയിരുന്നവരുൾപ്പെടെയുള്ള ആര്യന്മാരെ മുഴുവൻ ഏകീകരിച്ചിരുന്നത് യജ്ഞാഗ്നിയത്രേ. അത് ആരുടെയും ഏതു സാധനവും പിടിച്ചെടുക്കുമെന്ന പരോക്ഷമായ സൂചനയും അവിടെയുണ്ട്. രണ്ടാം പദ്യത്തിൽ വിധ്യാത്മകമായ ഒരു മാതൃക അവതരിപ്പിക്കുന്നു: യജ്ഞാംശം സ്വീകരിക്കാൻ വരുന്ന ദേവന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസം സമവായത്തിലൂടെ പരിഹരിച്ച് എല്ലാവരും യജ്ഞത്തിൽ പങ്കെടുക്കുന്നു. ഇത് നമുക്കും പൊതുകാര്യങ്ങളിൽ സ്വീകരിക്കാവുന്നതാണ്. എല്ലാവരും പങ്കാളിത്തത്തോടെ യജ്ഞം നടത്തുമ്പോഴുണ്ടാകുന്ന ഫലങ്ങൾ അടുത്തതായി വിവരിക്കുന്നു (3). മന്ത്രവും ഹവിസ്സും ഒരുമിച്ചുവേണമെന്നു ചുരുക്കം. തുടർന്ന് പ്രയത്നത്തിനനുസരിച്ചാണ് ഫലമെന്ന് പറയുന്നു (4).

## പത്താം മണ്ഡലം, ഒൻപതാം സൂക്തം

ത്രിശിരസ് ത്വാഷ്ട്രൻ അഥവാ സിന്ധുദ്വീപ അംബരീഷൻ ഋഷി; 9 പദ്യങ്ങൾ; ഗായത്രി (അനുഷ്ടുപ്പ് 8–9 ഒഴികെ); ജലം ദേവത

ഒന്നാം മണ്ഡലത്തിലെപ്പോലെ പത്താം മണ്ഡലത്തിലും 191 സൂക്തങ്ങളാണുള്ളത്. പക്ഷേ പത്താം മണ്ഡലം കൂടുതൽ 'പലവക'സ്വഭാവമുള്ളതും അയഞ്ഞ ഘടനയുള്ളതുമാണ്. *ഋഗ്വേദം* ക്രോഡീകരിക്കപ്പെട്ടപ്പോൾ അവസാനം കൂട്ടിച്ചേർത്തതാവാം ഇത്. താരതമ്യേന പുതിയ ഭാഷാശാസ്ത്രസവിശേഷതകളും "ജനകീയ"പ്രമേയങ്ങളും ഇവിടെ കാണാം. ശ്മശാനം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ടവയും നാടകീയസ്വഗതാഖ്യാനങ്ങൾ, സംഭാഷണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നവയും ശമനൗഷധിമന്ത്രങ്ങളും ശാപവുമെല്ലാം ഉണ്ട്. മണ്ഡലത്തിന്റെ ഏതാണ്ട് പകുതിയും പൊതുവിൽ വ്യക്തികളായ കവികളുടെ സൂക്തങ്ങളാണ്.

ആദ്യത്തെ ഒൻപതു സൂക്തങ്ങൾ ത്രിത ആപ്ത്യന്റെയും (1–7) ത്രിശിരസ് ത്വാഷ്ട്രന്റെയും (8–9) പേരിലാണ്. ത്രിത ആപ്ത്യന്റെ മുഴുവൻ സൂക്തങ്ങളും 10. 8–ന്റെ മൂന്നിൽ രണ്ടു ഭാഗങ്ങളും അഗ്നിക്കു സമർപ്പിക്കപ്പെട്ടവയാണ്; 10. 8–ന്റെ അവസാനത്തെ മൂന്നു പദ്യങ്ങൾ (7–9) *അനുക്രമണി*യനുസരിച്ച് ഇന്ദ്രന്നും. അന്തിമസൂക്തം (10. 9) ജലത്തിനുള്ളതത്രേ.

ഈ സൂക്തത്തിന്റെ അവസാനത്തെ നാലു പദ്യങ്ങൾ (6–9) 1. 23. 20–ലെ അന്ത്യപാദമൊഴികെ 1. 20–23 പദ്യങ്ങളാണ്. അവയിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ ശമനൗഷധങ്ങൾ നൽകുന്ന ജലത്തിന്റെ ശമനപരവും പ്രായശ്ചിത്തപരവുമായ ഗുണങ്ങൾ വിവരിക്കുന്നു (6–7). അവ ധാർമികമായ പെരുമാറ്റദൂഷ്യങ്ങൾ നീക്കുകയും ചെയ്യുന്നു (8). 6, 8 പദ്യങ്ങളിൽ "വെള്ളത്തിലെ തീ" എന്ന വൈരുധ്യം സൂചിപ്പിക്കുന്നു. ജലത്തിന്റെ ശമനപരവും ജീവപ്രദവുമായ ഗുണങ്ങൾ 4–5 പദ്യങ്ങളിൽ കാണാം.

ആദ്യത്തെ മൂന്നു പദ്യങ്ങൾ വേറിട്ടുനിൽക്കുന്നുവെന്നു പറയാം. ഒന്നാം പദ്യം ജലത്തിന്റെ പോഷകത്വം വിവരിച്ചുകൊണ്ട് പോഷണവും സന്തുഷ്ടിയും നൽകാൻ അതിനോടഭ്യർഥിക്കുന്നു. രണ്ടാം പദ്യം മുലപ്പാലിനു തുല്യമായ രസമാണ് ആ പോഷകമെന്നു സൂചിപ്പിക്കുന്നു. മൂന്നാമത്തേത് വിഷമം പിടിച്ച ഒന്നാകുന്നു. അവിടത്തെ "ഞങ്ങളെ ചേതനവത്താക്കുകയും ജനിപ്പിക്കുകയും ചെയ്യുന്നത്" എന്ന ഉപമ വിവരിച്ചാലേ അത് മനസ്സിലാവൂ.

**1. ആപോ ഹിഷ്ഠാ മയോഭുവ**
**സ്ഥാ ന ഊർജോ ദധാതന**
**മഹേരണായ ചക്ഷസേ**

*ഹി ആപഃ മയോഭുവഃ സ്ഥ* നിങ്ങൾ ജലങ്ങൾ തെളിഞ്ഞ ഉന്മേഷമായതുകൊണ്ട്
നഃ ഊർജേ മഹേ രണായ ചക്ഷസേ ദധാതന ഞങ്ങളുടെ ഭക്ഷണത്തിനും മഹത്തായ സന്തോഷം കാണാനും വേണ്ടതു ചെയ്താലും!

**2. യോ വഃ ശിവതമോ രസ–**
**സ്തസ്യ ഭാജയതേഹ നഃ**
**ഉശതീരിവ മാതരഃ**

*ഉശതീഃ മാതരഃ ഇവ* ഉൽക്കണ്ഠയുള്ള അമ്മമാർ എന്നപോലെ,
*യഃ വഃ ശിവതമഃ രസഃ* നിങ്ങളുടെ ഏറ്റവും നേട്ടമുണ്ടാക്കുന്ന രസം –
*ഇഹ തസ്യ നഃ ഭാജയത* ഇവിടെ ഞങ്ങൾക്ക് അതിന്റെ ഒരു പങ്ക് തന്നാലും!

**3. തസ്മാ അരം ഗമാമ വോ**
**യസ്യ ക്ഷയായ ജിന്വഥ**
**ആപോ ജനയഥാ ച നഃ**

*ആപഃ യസ്യ ക്ഷയായ ജിന്വഥ* ജലങ്ങളേ! നിങ്ങളുടെ സന്തതിയെന്ന നിലയിൽ ഞങ്ങൾ, ആരുടെ ശാന്തി പൂർണമായ വസതിയെയാണോ നിങ്ങൾ ചൈതന്യവത്താക്കുന്നത്,
*തസ്മൈ അരം വഃ ഗമാമ* നഃ ജനയഥ ച അവനു ചേരുന്നവരാവുകയും നിങ്ങൾ ഞങ്ങളെ ജനിപ്പിക്കുകയും ചെയ്യട്ടെ!

**4. ശം നോ ദേവീരഭിഷ്ടയ**
**ആപോ ഭവന്തു പീതയേ**
**ശംയോരഭിസ്രവന്തു നഃ**

*ആപഃ ദേവീഃ നഃ അഭിഷ്ടയേ* ജലദേവികളേ! ഞങ്ങൾക്കു നിലനിൽക്കാനും
*പീതയേ ശം ഭവന്തു* കുടിക്കാനും ഭാഗ്യമുണ്ടാവട്ടെ!
*നഃ ശം യോഃ അഭി സ്രവന്തു* ഞങ്ങൾക്കു ഭാഗ്യത്തിനും ജീവിതത്തിനും വേണ്ടി അവർ ഒഴുകട്ടെ!

**5. ഈശാനാ വാര്യാണാം**
**ക്ഷയന്തീശ്ചർഷണീനാം**
**അപോ യാചാമി ഭേഷജം**

*വാര്യാണാം ഈശാനാഃ* മൂല്യവത്തായ സാധനങ്ങളുടെ അധീശകളായ
*അപഃ ചർഷണീനാം ക്ഷയന്തീഃ* ജലങ്ങളോട് കുടിയേറ്റസാമ്രാജ്യങ്ങളെ ഭരിച്ചുകൊണ്ട്
*ഭേഷജം യാചാമി* ഒരു ശമനൗഷധിയാവാൻ ഞാൻ യാചിക്കുന്നു.

**6. അപ്സു മേ സോമോ അബ്രവീ–**
**ദന്തർവിശ്വാനി ഭേഷജാ**
**അഗ്നിം ച വിശ്വശംഭുവം**

അപ്സു അന്തഃ വിശ്വാനി ഭേഷജാ ജലങ്ങൾക്കകത്ത് എല്ലാ ശമനൗഷധികളുമുണ്ടെന്നും
അഗ്നിം ച വിശ്വശംഭുവം അഗ്നി എല്ലാം സുഖപ്പെടുത്തുന്നവനാണെന്നും
സോമഃ മേ അബ്രവീത് സോമൻ എന്നോടു പറഞ്ഞിട്ടുണ്ട്.

**7. ആപഃ പൃണീത ഭേഷജം**
**വരൂഥം തന്വേ മമ**
**ജ്യോക് ച സൂര്യം ദൃശേ**

*ആപഃ ഭേഷജം പൃണീത* ജലങ്ങളേ! പൂർണശമനം തരികയും
*മമ തന്വേ വരൂഥം* എന്റെ ശരീരത്തിനു രക്ഷ നൽകുകയും
*സൂര്യം ദൃശേ ജ്യോക് ച* എനിക്കു ദീർഘകാലം സൂര്യനെ കാണാൻ ഇട വരുത്തുകയും ചെയ്താലും!

**8. ഇദമാപഃ പ്രവഹത**
**യത് കിഞ്ച ദുരിതം മയി**
**യദ്വാഹമഭി ദുദ്രോഹ**
**യദ്വാ ശേപ ഉതാനൃതം**

*ആപഃ യദ് വാ അഹം അഭി ദുദ്രോഹ* ജലങ്ങളേ! ഞാൻ വഞ്ചന ചെയ്തിട്ടുണ്ടെങ്കിലോ
*യദ് വാ ശേപ ഉത അനൃതം* ശപിച്ചിട്ടുണ്ടെങ്കിലോ അസത്യം പറഞ്ഞിട്ടുണ്ടെങ്കിലോ
*യത് കിംച മയി ദുരിതം ഇദം പ്രവഹത* എന്തു ദുരിതം എന്നിലുണ്ടെങ്കിലും അത് ദൂരേക്ക് ഒഴുക്കിയാലും!

**9. ആപോ അദ്യാന്വചാരിഷം**
**രസേന സമഗസ്മ ഹി**
**പയസ്വാനഗ്ന ആ ഗഹി**
**തം മാ സംസൃജ വർച്ചസാ**

| | |
|---|---|
| ആപഃ അദ്യ അന്വചാരിഷം | ജലങ്ങളേ! ഇന്നു ഞാൻ നിന്നെ അനുഗമിച്ചു. |
| ഹി രസേന സമാഗസ്മ | ഞങ്ങൾ നിങ്ങളുടെ രസവുമായി ഐക്യപ്പെട്ടു. |
| അഗ്നേ പയസ്വാൻ ആ ഗഹി | അഗ്നേ! നിറയെ പാലുമായി ഇവിടെ വന്നാലും! |
| തം വർച്ചസാ മാം സംസൃജ | പ്രഭയുമായി എന്നെ ലയിപ്പിച്ചാലും! |

★

## പത്താം മണ്ഡലം, പത്താം സൂക്തം

യമ വൈവസ്വതനും യമി വൈവസ്വതിയും ഋഷി;
14 പദ്യങ്ങൾ; ത്രിഷ്ടുപ്പ്; യമ–യമികൾ ദേവത
(യമ–യമിസംഭാഷണം)

ഇത് ഏറെ പ്രശസ്തവും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ സൂക്തമാണ്. ആദ്യത്തെ മർത്ത്യരും ഇണയും സഹോദരീസഹോദരന്മാരുമായ യമനും യമിയും തമ്മിലുള്ള സംഘർഷഭരിതമായ സംഭാഷണമാണിത്. ആദ്യം സംസാരിക്കുന്നത് യമിയാണ്. താനുമായി സംഭോഗം നടത്താൻ അവൾ ഇണയായ സഹോദരനോട് അപേക്ഷിക്കുന്നു. അപ്പോൾ അവർക്ക് മക്കളുണ്ടാവും; അംഗീകൃതരീതിയിൽ വംശം നിലനിൽക്കും. യമൻ അവളുടെ വാദത്തെ ഖണ്ഡിക്കുന്നു. അത് ബലാത്സംഗമാകും. ധാർമികക്രമം കാത്തുരക്ഷിക്കുന്ന ദേവന്മാർ അവരെ ശിക്ഷിക്കും. അവർ തമ്മിൽ നിയമപരമായ വാദപ്രതിവാദത്തിലേർപ്പെടുന്നു. സൂക്തത്തിന്റെ ആദ്യപകുതിയിൽ അവർ അന്യോന്യം അകലം പാലിക്കുന്നു. പൂർവികർ ഏർപ്പെടുത്തിയ ബലാത്സംഗവിലക്കു ലംഘിക്കരുതെന്ന് യമൻ പറയുന്നു (4). മിത്രാവരുണന്മാരാണ് അത് ദൃഢമായി നടപ്പിൽ വരുത്തുന്നവർ (6). അവർക്ക് സർവത്ര ചാരന്മാരുണ്ട് (8). യമി വാദിക്കുന്നത്, യോനിയിൽ ഭ്രൂണം വിതയ്ക്കുന്ന ത്വഷ്ടാവ് അവരെ ദമ്പതികളാക്കിയിട്ടുണ്ടെന്നാണ് (5). രണ്ടു തവണ (5, 9) സ്വർഗത്തെയും ഭൂമിയെയും വിളിക്കുകയും ചെയ്യുന്നു. ലൈംഗികോത്തേജനമുണ്ടാക്കുമാറ് യമി പറഞ്ഞിട്ടും യമൻ ഇളകുന്നില്ല (12–13). അവസാനം യമൻ യമിയോട് ഒരു കാമുകനെ കണ്ടെത്താൻ ഉപദേശിക്കുന്നു.

**1. ഓ ചിത് സഖായം സഖ്യാ വവൃത്യാം**
**തിരഃ പുരൂ ചിദർണവം ജഗന്വാൻ**
**പിതുർനപാതമാ ദധീത വേധാ**
**അധി ക്ഷമി പ്രതരം ദീധ്യാനഃ**

*സഖായം സഖ്യാ തിരഃ ചിദ് ഓ വവൃത്യാം* (യമി:) ഞാൻ എന്റെ കൂട്ടുകാരന്റെ നേരെ സഖ്യ(സംഭോഗ)ത്തിനായി തിരിയാനാഗ്രഹിക്കുന്നു –
*പുരു ചിദ് അർണവം ജഗന്വാൻ* അവൻ വെള്ളപ്പൊക്കത്തെ മുറിച്ചുകടന്നുകൊണ്ട്, പല സാമ്രാജ്യങ്ങളെയും മുറിച്ചുകടന്നുകൊണ്ട്, പോയിരിക്കയാണെങ്കിലും.
*വേധാഃ അധി ക്ഷമി പ്രതരം* ഒരു യജ്ഞവിദഗ്ധൻ, ഭൂമിയിലെ മുന്നോട്ടുള്ള ഗതി
*ദീധ്യാനഃ പിതുഃ നപാതം ആ ദധീത* കണ്ടുകൊണ്ട് തന്റെ അച്ഛന് ഒരു പേരക്കിടാവിനെ നൽകട്ടെ!

**2. ന തേ സഖാ സഖ്യം വഷ്ട്യേതത്**
**സലക്ഷ്മാ യദ് വിഷുരൂപാ ഭവാതി**
**മഹസ്പുത്രാസോ അസുരസ്യ വീരാ**
**ദിവോ ഭർത്താര ഉർവിയാ പരി ഖ്യൻ**

*തേ സഖാ ഏതത് സഖ്യം ന വഷ്ടി* (യമൻ:) നിന്റെ കൂട്ടുകാരൻ ആ സഖ്യം ആഗ്രഹിക്കുന്നില്ല.
*യത് സലക്ഷ്മാ വിഷുരൂപാ ഭവാതി* അതിൽ അവൾ(സംഭോഗത്തിലെ പങ്കാളി)ക്ക് അതേ 'അടയാള(കുടുംബലക്ഷണ)ങ്ങ'ളാണ്, അസമാനരൂപ(ലിംഗ)ത്തിലാണെങ്കിലും, ഉള്ളത്.
*മഹഃ അസുരസ്യ പുത്രാസഃ വീരാഃ* മഹാനായവന്റെ മക്കൾ, പ്രഭുവിന്റെ വീരന്മാർ,
*ഉർവിയാ പരി ഖ്യൻ* സ്വർഗത്തെ ഉയർത്തിപ്പിടിക്കുന്നവർ, ചുറ്റിലും പരക്കെ നോക്കുന്നുണ്ട്.

**3. ഉശന്തി ഘാ തേ അമൃതാസ ഏത–**
**ദേകസ്യ ചിത് ത്യജസം മർത്ത്യസ്യ**
**നി തേ മനോ മനസി ധായ്യസ്മേ**
**ജന്യുഃ പതിസ്തന്വമാ വിവിശ്യാഃ**

*തേ അമൃതാസഃ ഏതദ് ഘ ത്യജസം ഉശന്തി* (യമി:) അമർത്ത്യർ ഇത് ആഗ്രഹിക്കുകതന്നെ ചെയ്യുന്നു.
*ഏകസ്യ ചിദ് മർത്ത്യസ്യ* മർത്ത്യൻ മാത്രം ഒരുവന്റെ പൈതൃകം.
*തേ മനഃ അസ്മേ മനസി നി ധായി* നിന്റെ മനസ്സ് എന്റെ മന സ്സിൽ, എന്നിൽ, വെക്കപ്പെടട്ടെ!
*പതിഃ ജന്യുഃ തന്വം ആ വിവിശ്യാഃ* ഭർത്താവെന്ന നിലയിൽ നീ നിന്റെ ഭാര്യയുടെ ശരീരത്തിൽ പ്രവേശിച്ചാലും!

**4. ന യത് പുരാ ചകൃമാ കദ് ഹ നൂന–**
**മൃതാ വദന്തോ അനൃതം രപേമ**
**ഗന്ധർവോ അപ്സ്വപ്യാ ച യോഷാ**
**സാ നോ നാഭിഃ പരമം ജാമി തന്നൗ**

*പുരാ യദ് ന ചകൃമ* (യമൻ:) നാം മുൻപ് ചെയ്യാത്തത് ഇപ്പോൾ ചെയ്യണമോ?
*ഋതാ വദന്തഃ കദ് ഹ അനൃതം നൂനം രപേമ* സത്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ നാം അസത്യം പിറുപിറുക്കണമോ?
*അപ്സു ഗന്ധർവഃ അപ്യാ സാ യോഷാ ച നഃ നാഭിഃ* ജലത്തിലെ ഗന്ധർവനും ജലകന്യകയും – അതാണ് നമ്മുടെ നാഭീനാളബന്ധം.

*തദ് നൗ ജാമി പരമം* അതുകൊണ്ട് നമ്മുടെ ബന്ധുത്വം ഏറ്റവും ഉന്നതമത്രേ.

**5. ഗർഭേ നു നൗ ജനിതാ ദമ്പതീ കർ–**
**ദേവസ്ത്വഷ്ടാ സവിതാ വിശ്വരൂപഃ**
**നകിരസ്യ പ്ര മിനന്തി വ്രതാനി**
**വേദ നാവസ്യ പൃഥിവീ ഉത ദ്യൗഃ**

*ജനിതാ വിശ്വരൂപഃ സവിതാ ത്വഷ്ടാ ദേവഃ* (യമി:) ജനിതാവും എല്ലാ രൂപങ്ങളും നൽകുന്ന പ്രേരകൻ ത്വഷ്ടൃ ദേവനും
*ഗർഭേ നു നൗ ദമ്പതീ കഃ* ഗർഭത്തിൽപ്പോലും നമ്മെ രണ്ടുപേരെയും ദമ്പതികളായാണ് സൃഷ്ടിച്ചത്.
*അസ്യ വ്രതാനി നകിഃ പ്ര മിനന്തി* അവന്റെ നിയമങ്ങളെ ആരും അതിക്രമിക്കുന്നില്ല.
*നൗ അസ്യ പൃഥിവീ ഉത ദ്യൗഃ വേദ* നമ്മെപ്പറ്റിയുള്ള ഇത് ഭൂമിയും സ്വർഗവും ശ്രദ്ധിക്കുന്നു.

**6. കോ അസ്യ വേദ പ്രഥമസ്യാഹ്നഃ**
**ക ഈം ദദർശ ക ഇഹ പ്ര വോചത്**
**ബൃഹന്മിത്രസ്യ വരുണസ്യ ധാമ**
**കദു ബ്രവ ആഹനോ വീച്യാ നൄൻ**

*പ്രഥമസ്യ അഹ്നഃ അസ്യ കഃ വേദ?* (യമ:) ആദ്യദിവസം ഇതേപ്പറ്റി ആരറിയുന്നു?
*ഇഹ കഃ ഈം ദദർശ?* ഇത് ആരാണ് കണ്ടിട്ടുള്ളത്?
*കഃ പ്ര വോചത്?* ആര് ഇത് പ്രഖ്യാപിക്കുന്നു?
*മിത്രസ്യ വരുണസ്യ ധാമ ബൃഹദ്* മിത്രന്റെയും വരുണന്റെയും നിയമം ഗംഭീരമത്രേ.
*ആഹനഃ നൄൻ വീച്യാ കദ് ഉ ബ്രവഃ?* ഭോഗാസക്തേ! ഉന്നതപുരുഷ(ദേവന്മാ)രെപ്പറ്റി നീ നേർവഴി വിട്ടു സംസാരിക്കുന്നോ?

**7. യമസ്യ മാ യമ്യം കാമ ആഗൻ**
**സമാനേ യോനൗ സഹശേയ്യായ**
**ജായേവ പത്യേ തന്വം രിരിച്യാം**
**വീ ചിദ് വൃഹേവ രഥ്യേവ ചക്രാ**

*യമ്യം യമസ്യ സമാനേ യോനൗ* (യമി:) യമിക്ക് (എനിക്കു) യമനോട് ഒരേ യോനിയിൽ (സ്ഥലത്ത്)
*സഹശേയ്യായ കാമഃ മാ ആ അഗൻ* ഒന്നിച്ചു കിടക്കാൻ കാമം വരട്ടെ!
*ജായാ ഇവ പത്യേ തന്വം രിരിച്യാം* ഭാര്യ ഭർത്താവിന്നെന്നപോലെ ഞാൻ എന്റെ ശരീരം നിനക്കു തുറന്നു കാട്ടാം!
*രഥ്യാ ഇവ ചക്രാ വി വൃഹേവ ചിത്* രണ്ടു ചക്രങ്ങളെപ്പോലെ (ചക്രങ്ങളൊരുമിച്ച് രഥത്തെ ഉയർത്തുന്നതു നമുക്കൊന്നിച്ചു കാമമുയർത്തി വിഹരിച്ചാലും!

**8. ന തിഷ്ഠന്തി ന നി മിഷന്ത്യേതേ**
**ദേവാനാം സ്പശ ഇഹ തേ ചരന്തി**
**അന്യേന മദാഹനോ യാഹി തൂയം**
**തേന വി വൃഹ രഥ്യേവ ചക്രാ**

*യേ ഇഹ ദേവാനാം സ്പശഃ ചരന്തി* (യമൻ:) അവർ – ഇവിടെ ചുറ്റിത്തിരിയുന്ന ദേവചാരന്മാർ –
*ഏതേ ന തിഷ്ഠന്തി ന നി മിഷന്തി* നിശ്ചലരായി നിൽക്കുന്നില്ല; ഇമ ചിമ്മുന്നില്ല.
*ആഹനഃ മദ് അന്യേന തൂയം യാഹി* ഭോഗാസക്തേ! ഞാനൊഴിച്ചു മറ്റൊരാളുമൊത്ത് വേഗം പോയാലും!
*രഥ്യാ ഇവ ചക്രാ തേന വി വൃഹ* രണ്ടു ചക്രങ്ങളെപ്പോലെ (ചക്രങ്ങളൊരുമിച്ച് രഥത്തെ ഉയർത്തുന്നതുപോലെ) അവനോടൊത്ത് കാമമുയർത്തി വിഹരിച്ചാലും!

**9. രാത്രീഭിരസ്മാ അഹഭിർദശസ്യേത്**
**സൂര്യസ്യ ചക്ഷുർമുഹുരുന്മിമീയാത്**
**ദിവാ പൃഥിവ്യാ മിഥുനാ സബന്ധൂ**
**യമീർയമസ്യബിഭൃയാദജാമി**

*രാത്രീഭിഃ അഹഭിഃ അസ്മൈ ദശസ്യേത്* (യമി:) രാപ്പകൽ അവൾ അവനെ സേവിക്കട്ടെ!
*മുഹുഃ സൂര്യസ്യ ചക്ഷുഃ ഉദ് മിമീയാത്* അവൾക്ക് വീണ്ടും സൂര്യന്റെ കണ്ണിന്നടുത്തേക്കു യാത്ര പോകാൻ കഴിയട്ടെ!
*മിഥുനാ ദിവാ പൃഥിവ്യാ സബന്ധൂ* ദമ്പതികൾക്കു സ്വർഗത്തിനും ഭൂമിക്കുമെന്നപോലെ അതേ ബന്ധുബന്ധങ്ങളുണ്ട്.
*യമീഃ അജാമി ബിഭൃയാത്* യമിക്ക് സഹോദരനു ചേരാത്ത പ്രവൃത്തി സഹിക്കട്ടെ!

**10. ആ ഘാ താ ഗച്ഛാനുത്തരാ യുഗാനി**
**യത്ര ജാമയഃ കൃണവന്നജാമി**
**ഉപ ബർബൃഹി വൃഷഭായ ബാഹു–**

**മന്യമിച്ഛസ്വ സുഭഗേ പതിം മത്**

*അത്ര ജാമയഃ അജാമി കൃണവൻ* (യമൻ:) ബന്ധുക്കൾ ബന്ധുക്കളല്ലാത്തവരുമായുള്ള പ്രവർത്തനമനുഷ്ഠിക്കുന്ന

*താ ഉത്തരാ യുഗാനി ആ ഗച്ഛാൻ ഘ* അനന്തരതലമുറകൾ വരും.

*വൃഷഭായ ബാഹും ഉപ ബർബൃഹി* ഒരു യഥാർഥകാളയ്ക്കുവേണ്ടി നിന്റെ കൈകൾ തലയണപോലെ ഉയർത്തിവെച്ചാലും!

*സുഭഗേ മദ് അന്യം പതിം ഇച്ഛസ്വ* സുഭഗേ! ഞാനൊഴിച്ചു മറ്റൊരാളെ ഭർത്താവായി അന്വേഷിച്ചാലും!

**11. കിം ഭ്രാതാസദ് യദനാഥം ഭവാതി**
**കിമു സ്വസാ യന്നിരൃതിർനിഗച്ഛാത്**
**കാമമൂതാ ബഹ്വേതദ് രപാമി**
**തന്വാ മേ തന്വം സംപിപൃഗ്ധി**

*യദ് അനാഥം ഭവാതി ഭ്രാതാ കിം അസത്?* (യമി:) അനാഥത്വം ഭവിക്കുമ്പോൾ "സഹോദരൻ" എന്നതിന് എന്താണർഥം?

*യദ് നിരൃതിഃ നിഗച്ഛാത് സ്വസാ കിം ഉ?* പ്രളയം വരികയാണെങ്കിൽ "സഹോദരി" എന്നതിനും?

*കാമമൂതാ ബഹു ഏതദ് രപാമി* കാമം തെളിക്കുമ്പോൾ പല സമയത്തും ഞാനിത് പിറുപിറുക്കുന്നു:

*മേ തന്വാ തന്വം സം പിപൃഗ്ധി* നിന്റെ ശരീരം എന്റെ ശരീരത്തോടൊന്നിച്ചു ചേർത്താലും!

**12. ന വാ ഉ തേ തന്വാ തന്വം സം പപൃച്യാം**
**പാപമാഹുർയഃ സ്വസാരം നിഗച്ഛാത്**
**അന്യേന മത് പ്രമുദഃ കല്പയസ്വ**
**ന തേ ഭ്രാതാ സുഭഗേ വഷ്ട്യേതത്**

*തേ തന്വാ തന്വം ന വൈ സം പപൃച്യാം* (യമൻ:) തീർച്ചയായും ഞാൻ എന്റെ ശരീരം നിന്റെ ശരീരത്തോടു ചേർക്കില്ല.

*യഃ സ്വസാരം നിഗച്ഛാത് പാപം ആഹുഃ* സഹോദരിയോടൊപ്പം താണുപോകുന്നവനെപ്പറ്റി അവർ പാപിയെന്നു പറയുന്നു.

*മദ് അന്യേന പ്രമുദഃ കല്പയസ്വ* ഞനൊഴിച്ചു മറ്റൊരാളുമായി നീ ആനന്ദങ്ങൾ സാധിച്ചാലും!

*സുഭഗേ തേ ഭ്രാതാ ഏതദ് ന വഷ്ടി* സുഭഗേ! നിന്റെ സഹോദരൻ ഇതാഗ്രഹിക്കുന്നില്ല.

**13. ബതോ ബതാസി യമ നൈവ തേ**
**മനോ ഹൃദയം ചാവിദാമ**
**അന്യാ കില ത്വാം കക്ഷ്യേവ യുക്തം**
**പരിഷ്വജാതേ ലിബുജേവ വൃക്ഷം**

*യമ ബതഃ അസി; ബതഃ* (യമി:) യമാ! നീ താന്തോന്നിയാണ്; ശരിക്കും താന്തോന്നി!

*തേ മനഃ ഹൃദയം ച ന ഏവ അവിദാമ* ഞങ്ങൾക്ക് നിന്റെ മനസ്സും ഹൃദയവും തന്നെ മനസ്സിലാകുന്നില്ല!

*അന്യാ ത്വാ കക്ഷ്യാ ഇവ യുക്തം* മറ്റൊരുവൾ നിന്നെ, നടുക്കെട്ടുപട്ട നുകത്തിൽ കെട്ടിയ കുതിരയെയെന്നപോലെയും

*ലിബുജാ ഇവ വൃക്ഷം പരിഷ്വജാതേ കില* മുന്തിരിച്ചെടി മരത്തെയെന്നപോലെയും, തീർച്ചയായും ആശ്ലേഷിക്കും!

**14. അന്യമൂ ഷു ത്വം യമ്യന്യ ഉ ത്വാം**
**പരിഷ്വജാതേ ലിബുജേവ വൃക്ഷം**
**തസ്യ വാ ത്വം മന ഇച്ഛാ സ വാ തവാ-**
**ധാ കൃണുഷ്വ സംവിധം സുഭദ്രാം**

*യമി ത്വം അന്യം ഉ സു അന്യഃ ഉ ത്വാം* (യമൻ:) യമീ! നീ മറ്റൊരുവനെയും അവൻ നിന്നെയും,

*ലിബുജാ വൃക്ഷം ഇവ പരിഷ്വജാതേ* മുന്തിരിച്ചെടി മരത്തെയെന്നപോലെ, ആശ്ലേഷിക്കും.

*ത്വം തസ്യ വാ മനഃ ഇച്ഛ സഃ വാ* നീ അവന്റെ മനസ്സ് തേടുകയോ അവൻ നിന്റേയോ തേടിയാലും!

*അധ തവ സുഭദ്രാം സംവിദം കൃണുഷ്വ* അനന്തരം നിങ്ങൾതന്നെ വളരെ ഭദ്രമായ ഉടമ്പടിയുണ്ടാക്കിയാലും!

★

## പത്താം മണ്ഡലം, പതിമൂന്നാം സൂക്തം

ഹവിർധാന ആംഗി അഥവാ വിവസ്വാൻ ആദിത്യൻ ഋഷി; 5 പദ്യങ്ങൾ; ത്രിഷ്ടുപ്പ് (ജഗതി 5 ഒഴികെ); ഹവിർധാനമെന്നു പേരുള്ള (സോമന്റെ) രണ്ടു വണ്ടികൾ ദേവത

*അനുക്രമണി*യനുസരിച്ച് ഈ സൂക്തം യജ്ഞഭൂമിയിലേക്കു സോമം കൊണ്ടുവരുന്ന ഹവിർധാനമെന്ന രണ്ടു വണ്ടികൾക്കാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. സൂക്തത്തിൽ വണ്ടികളെ വ്യക്തമായി പരാമർശിച്ചിട്ടില്ലെങ്കിലും ഈ സമർപ്പണവസ്തുത ശരിയാണ്. പിൽക്കാലത്ത് യജ്ഞത്തിലേക്കു വണ്ടിയുന്തുമ്പോൾ ഊ സൂക്തത്തിലെ ആദ്യത്തെ രണ്ടു പദ്യങ്ങൾ ചൊല്ലാറുള്ളത് ഈ പാരമ്പര്യത്തെ ഉറപ്പിക്കുന്നുമുണ്ട്. ഇതിലെ പദ്യങ്ങൾ *അഥർവവേദ*ത്തിൽ ഉദ്ധരിക്കപ്പെട്ടുകാണുന്നു. ആദ്യത്തെ രണ്ടു സൂക്തങ്ങൾ യജ്ഞഭൂമിയിലേക്കു സോമത്തെ വണ്ടിയിൽ കയറ്റി കൊണ്ടുപോകുന്നതാണ്. മൂന്നാം പദ്യം ഇതു തുടരുന്നു. നാലാം പദ്യം ദേവന്മാർക്കു യജ്ഞം ചെയ്യാൻ വേണ്ടി അമർത്ത്യനായ യമൻ മരണം വരിക്കുന്ന കഥ സൂചിപ്പിക്കുന്നു. അഞ്ചാം പദ്യം രണ്ടിന്റെ തുടർച്ചതന്നെ.

**1. യുജേ വാം ബ്രഹ്മ പൂർവ്യം നമോഭിർ–**
**വി ശ്ലോക ഏതു പഥ്യേവ സൂരേഃ**
**ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാ**
**ആ യേ ധാമാനി ദിവ്യാനി തസ്ഥുഃ**

*വാം പൂർവ്യം ബ്രഹ്മ നമോഭിഃ യുജേ* ഞാൻ നിങ്ങൾക്കുവേണ്ടി രണ്ടിനെയും പ്രാചീനമായ പവിത്രമന്ത്രത്തോടുകൂടി സാദരം നുകത്തിൽ കെട്ടുന്നു.
*സൂരേഃ ശ്ലോകഃ പഥ്യാ ഇവ വി ഏതു* രക്ഷിതാവിന്റെ സൂചനവിളി അകലേക്കുള്ള പന്ഥാവിനെപ്പോലെ മുന്നോട്ടു പോകട്ടെ.
*യേ ദിവ്യാനി ധാമാനി ആ തസ്ഥുഃ* സ്വർഗസാമ്രാജ്യത്തിൽ നിവസിക്കുന്ന
*വിശ്വേ അമൃതസ്യ പുത്രാഃ ശൃണ്വന്തു* എല്ലാ അമൃത(ദേവ)പുത്രന്മാരും അതു ശ്രദ്ധിക്കട്ടെ.

**2. യമേ ഇവ യതമാനേ യദൈതം**
**പ്ര വാം ഭരന്മാനുഷാ ദേവയന്തഃ**
**ആ സീദതം സ്വമു ലോകം വിദാനേ**
**സ്വാസസ്ഥേ ഭവതമിന്ദവേ നഃ**

*യത് സ്വം ഉ ലോകം യമേ ഇവ യതമാനേ ഐതം* സ്വന്തം സ്ഥലങ്ങളെ ഇരട്ടകളെപ്പോലെയെടുത്തുകൊണ്ട് നിങ്ങൾ ഇവിടെ വന്നപ്പോൾ,
*ദേവയന്തഃ മാനുഷാഃ വാം പ്ര ഭരത്* ദേവാന്വേഷികളായ മനുഷ്യർ നിങ്ങളെ മുന്നോട്ടു കൊണ്ടുവന്നു.
*വിദാനേ സ്വാസസ്ഥേ സീദതം* നിങ്ങൾക്കറിയുന്നപോലെ, ഇവിടെ വിശാലമായ സ്വന്തം സ്ഥലത്ത് നിങ്ങൾ ഇരുന്നാലും!
*നഃ ഇന്ദവേ ഭവതം* ഞങ്ങളുടെ (സോമ)കണത്തിനുവേണ്ടി നല്ല ഇരിപ്പിടങ്ങളായിത്തീർന്നാലും!

**3. പഞ്ച പദാനി രുപോ അന്വരോഹം**
**ചതുഷ്പദീമന്വേമി വ്രതേന**
**അക്ഷരേണ പ്രതി മിമ ഏതാ–**
**മൃതസ്യ നാഭാമധി സം പുനാമി**

*രുപഃ പഞ്ച പദാനി അനു അരോഹം* ഞാൻ കയറ്റത്തിന്റെ അഞ്ചു പടികളിലൂടെ കയറുകയും
*വ്രതേന ചതുഷ്പദീം അനു ഏമി* നിയമപ്രകാരം ചതുഷ്പദി (പാത, പദ്യം, വാക്ക്)യെ പിന്തുടരുകയും ചെയ്യുന്നു.
*അക്ഷരേണ ഏതാം പ്രതി മിമേ* വെറുമൊരക്ഷരംകൊണ്ട് ഞാൻ അതിനു പകരമായി ഒരു വാക്കുണ്ടാക്കുന്നു.
*ഋതസ്യ അധി നാഭൗ സം പുനാമി* സത്യത്തിന്റെ പൊക്കിൾക്കൊടിക്കുമേൽ ഞാൻ അതിനെ പൂർണമായി പവിത്രീകരിക്കുന്നു.

**4. ദേവേഭ്യഃ കമവൃണീത മൃത്യും**
**പ്രജായൈകമമൃതം നാവൃണീത**
**ബൃഹസ്പതിം യജ്ഞമകൃണ്വത ഋഷിം**
**പ്രിയാം യമസ്തന്വം പ്രാരിരേചീത്**

*ദേവേഭ്യഃ കം മൃത്യും അവൃണീത* ദേവന്മാർക്കുവേണ്ടി അവൻ മരണം വരിക്കുകയും
*പ്രജായൈ കം അമൃതം ന അവൃണീത* സന്തതിക്കുവേണ്ടി അമൃതത്വം വരിക്കാതിരിക്കുകയും ചെയ്യുന്നു.
*ബൃഹസ്പതിം ഋഷിം യജ്ഞം അകൃണ്വത* അവർ (ദേവന്മാർ) ബൃഹസ്പതി ഋഷിയെക്കൊണ്ട് യജ്ഞം ചെയ്യുന്നു.
*യമഃ പ്രിയാം തന്വം പ്ര അരിരേചീത്* യമൻ തന്റെ പ്രിയശരീരത്തെ സന്തതിയായി പിന്നിൽ വിടുന്നു.

**5. സപ്ത ക്ഷരന്തി ശിശവേ മരുത്വതേ**
**പിത്രേ പുത്രാസോ അപ്യവീവതന്നൃതം**
**ഉഭേ ഇദസ്യോഭയസ്യ രാജത**
**ഉഭേ യതേതേ ഉഭയസ്യ പുഷ്യതഃ**

| | |
|---|---|
| സപ്ത മരുത്വതേ പിത്രേ ശിശവേ ക്ഷരന്തി | ഏഴു (നദികൾ?) മരുത്തുക്കളാൽ അകമ്പടി സേവിക്കപ്പെടുന്ന കുഞ്ഞിനു (ഇന്ദ്രനു)വേണ്ടി ഒഴുകുന്നു. |
| *പുത്രാസഃ അപി ഋതം അവീവതൻ* | കാരണം, പുത്രന്മാരും സത്യം അറിഞ്ഞവരാകുന്നു. |
| *ഉഭേ ഇദ് അസ്യ ഉഭയസ്യ രാജതഃ* | രണ്ടു (വണ്ടികളും) രണ്ടു തരത്തിലുള്ളതിനെ (സോമനെ, സോമത്തെ?)യും ഭരിക്കുന്നു. |
| *ഉഭേ യതേതേ ഉഭയസ്യ പുഷ്യതഃ* | രണ്ടും അവയുടെ സ്ഥലങ്ങളെടുക്കുകയും രണ്ടു തരത്തിലുള്ളവയിലൊന്നിനെ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നു. |

★

## പത്താം മണ്ഡലം, പതിനാലാം സൂക്തം

യമ വൈവസ്വതൻ ഋഷി; 16 പദ്യങ്ങൾ; ത്രിഷ്ടുപ്പ് (അനുഷ്ടുപ്പ് 13–14, 16, ബൃഹതി 15 എന്നിവ ഒഴികെ); യമൻ മുതലായവർ ദേവത

ശ്മശാനസൂക്തങ്ങളിൽ ആദ്യത്തേതാണിത്. ആദ്യം മരിക്കുന്നവനും മൃതലോകത്തിന്റെ രാജാവുമായ യമന്നാണിത് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. പൂർവികർ യമന്റെ സ്ഥലത്താണ് താമസിക്കുന്നത്. പുതുതായി മരിക്കുന്നവൻ പിതൃയാനത്തിലൂടെ അവിടെയെത്തുന്നു. ആദ്യം മരിച്ച യമനാണീ വഴി കണ്ടുപിടിക്കുന്നത്. പ്രസന്നവും സുജലസമൃദ്ധവും (9) പച്ചപ്പുൽമേടുള്ളതുമാണ് (2) ഈ വഴി. ഈ സൂക്തത്തിനു മൂന്നു ഭാഗങ്ങൾ: 1–6 പദ്യങ്ങൾ യമസ്തുതി. 1–2 പദ്യങ്ങൾ പൈതൃകലോകത്തിന്റെ പഥപ്രപദർശകനെന്ന നിലയിൽ യമനെ സ്തുതിക്കുന്നു. തുടർന്ന് ദേവന്മാരും പിതൃക്കളുമായ മറ്റുള്ളവരോടുകൂടി യജ്ഞത്തിലേക്കു വരാൻ യമനെ ക്ഷണിക്കുന്നു. ദേവന്മാർക്കും പിതൃക്കൾക്കുമുള്ള യജ്ഞവിളികൾ അല്പം വ്യത്യസ്തമായവയാണെന്നത് ശ്രദ്ധേയമത്രേ: ദേവന്മാർക്കു സ്വാഹാ, പിതൃക്കൾക്കു സ്വധാ (3). ദേവ-പിതൃയജ്ഞരീതികളും ഇവിടെയും 13–16 പദ്യങ്ങളിലും സൂചിപ്പിക്കപ്പെടുന്നു. യമന്നു സോമം പ്രത്യേകമായി സമർപ്പിക്കുന്നു.

7–12 പദ്യങ്ങളിൽ പണ്ടേയുള്ള ഈ മരണത്തെപ്പറ്റിയല്ല. അടുത്തകാലത്തേതിനെപ്പറ്റിയാണ് പരാമർശിക്കുന്നത്. അടുത്ത കാലത്ത് മരിച്ചവനെ സംബോധന ചെയ്യുന്നു. അവൻ അതേ വഴിയിലൂടെ ചെന്ന് യമനോടും പിതൃക്കളോടും അത്യുന്നതസ്വർഗത്തിൽ ചേരണം. താൽക്കാലികമായി പിരിഞ്ഞ ദേഹവുമായി വീണ്ടും ഒന്നിച്ചുചേരുകപോലുമാവാം (7–8). വഴിയിൽ ഉപദ്രവിക്കാൻ സാധ്യതയുള്ളവരെ തള്ളിക്കളയുന്നു (9). യമന്റെ രണ്ട് ഊക്കൻനായകൾ അവനെ കാക്കാനുണ്ടാവും (10–12).

അവസാനത്തെ നാലു പദ്യങ്ങൾ (13–16) ഭിന്നവൃത്തത്തിലാണ്;ഒന്നൊഴികെ. ആദ്യത്തെ മൂന്നെണ്ണം യമനു യജ്ഞം ചെയ്യാൻ പറയുന്നു. നാലാമത്തേത് (16) ഏറെക്കുറെ അവ്യക്തമാണ്.

**1. പരേയിവാംസം പ്രവതോ മഹീരനു
ബഹുഭ്യഃ പന്ഥാമനുപസ്പശാനം
വൈവസ്വതം സംഗമനം ജനാനാം
യമം രാജാനം ഹവിഷാ ദുവസ്യ**

| | |
|---|---|
| *ബഹുഭ്യഃ പന്ഥാം അനുപസ്പശാനം* | പലരുടെയും മാർഗം ചാരന്മാരിലൂടെ മനസ്സിലാക്കിക്കൊണ്ട് |
| *പ്രവതഃ മഹീഃ പരേയിവാംസം അനു* | വലിയ ചെരിവുകളോടൊപ്പം മരിച്ചുപോയവനോട്, |
| *ജനാനാം സംഗമനം* | ജനങ്ങളെ ഏകീകരിക്കുന്ന |
| *വൈവസ്വതം യമം രാജാനം* | വിവസ്വത്പുത്രനായ യമരാജനോട് |
| *ഹവിഷാ ദുവസ്യ* | ഹവിരർപ്പണത്തിലൂടെ ആനുകൂല്യം കാണിച്ചാലും! |

**2. യമോ നോ ഗാതും പ്രഥമോ വിവേദ
നൈഷാ ഗവ്യൂതിരപഭർത്തവാ ഉ
യത്രാ നഃ പൂർവേ പിതരഃ പരേയു-
രേനാ ജജ്ഞാനാഃ പഥ്യാ അനു സ്വാഃ**

| | |
|---|---|
| *യമഃ പ്രഥമഃ നഃ ഗാതും വിവേദ* | യമനാണ് ആദ്യം ഞങ്ങൾക്കു പോകാനുള്ള വഴി കണ്ടെത്തുന്നത്: |
| *ഏഷാ ഗവ്യൂതിഃ ന അപഭർത്തവൈ ഉ* | ഈ മേച്ചിൽപ്രദേശം മറ്റാരുടെയുമാകരുത്. |
| *അത്ര പൂർവേ നഃ പിതരഃ പരേയുഃ* | പ്രാചീനരായ ഞങ്ങളുടെ മരിച്ചുപോയ പിതാക്കളുടെ വഴി, |
| *ഏനാഃ ജജ്ഞാനാഃ സ്വാഃ പഥ്യാഃ അനു* | പിന്നീടു ജനിച്ചവർ തങ്ങളുടെ വഴികളോടൊപ്പം പിന്തുടരുന്നു. |

**3. മാതലീ കവ്യൈര്യമോ അംഗിരോഭിർ-
ബൃഹസ്പതിരൃക്വഭിർവാവൃധാനഃ
യാൻ ച ദേവാ വാവൃധുർയേ ച ദേവാൻ
സ്വാഹാന്യേ സ്വധയാന്യേ മദന്തി**

| | |
|---|---|
| *മാതലീ കവ്യൈഃ വവൃധാനഃ* | മാതലി കവികളോടൊപ്പം വളർത്തപ്പെടുന്നു; |
| *യമഃ അംഗിരോഭിഃ ബൃഹസ്പതിഃ ഋക്വഭിഃ* | യമൻ അംഗിരസ്സുകളോടൊപ്പവും ബൃഹസ്പതി ഋക്കുകാരന്മാരോടൊപ്പവും. |
| *യാൻ ദേവാഃ ച യേ ച ദേവാൻ വവൃധുഃ* | അവർ ദേവന്മാരെയും ദേവന്മാർ അവരെയും ശക്തിപ്പെടുത്തുന്നു. |
| അന്യേ സ്വാഹാ അന്യേ സ്വധയാ മദന്തി | ഒരു കൂട്ടർ (ദേവന്മാർ) "സ്വാഹാ"വിളികൊണ്ടും മറ്റവർ (പിതൃക്കൾ) "സ്വധാ"വിളികൊണ്ടും മദം കൊള്ളുന്നു. |

**4. ഇമം യമ പ്രസ്തരമാ ഹി സീദാം-
ഗിരോഭിഃ പിതൃഭിഃ സംവിദാനഃ
ആ ത്വാ മന്ത്രാഃ കവിശസ്താവഹ-
ന്ത്വേനാ രാജൻ ഹവിഷാ മാദയസ്വ**

| | |
|---|---|
| *ഇമം പ്രസ്തരം യമ അംഗിരോഭിഃ പിതൃഭിഃ* | ഇതാ പിരിച്ചിട്ട ദർഭപ്പുല്ലുകൾ, യമാ!, അംഗിരസ്സുകളോടും ഞങ്ങ |

ളുടെ പിതാക്കളോടും
*സംവിദാനഃ ആ സീദ* ഒരുമിച്ച് ഇതിന്മേൽ ഇരുന്നാലും!
*ഹി കവിശസ്താഃ മന്ത്രാഃ ത്വാ ആ വഹന്തു* കവികൾ ഉച്ചരിക്കുന്ന മന്ത്രങ്ങൾ നിങ്ങളെ ഇവിടെ വരുത്തട്ടെ!
*രാജൻ ഏനാ ഹവിഷാ മാദയസ്വ* രാജാവേ! ഈ ഹവിസ്സുകൊണ്ട് മദം പൂണ്ടാലും!

**5. അംഗിരോഭിരാ ഗഹി യജ്ഞിയേഭിർ–**
**മ വൈരൂപൈരിഹ മാദയസ്വ**
**വിവസ്വന്തം ഹുവേ യഃ പിതാ തേ–**
**സ്മിൻ യജ്ഞേ ബർഹിഷ്യാ നിഷദ്യ**

*യജ്ഞിയേഭിഃ അംഗിരോഭിഃ ആ ഗഹി* യജ്ഞാർഹന്മാരായ അംഗിരസ്സുകളോടുകൂടി ഇവിടെ വന്നാലും!
*യമ യഃ തേ പിതാ വിവസ്വന്തം ആ ഹുവേ* യമാ! നിന്റെ അച്ഛനായ വിവസ്വാനെ ഞാൻ വിളിക്കുന്നു.
*അസ്മിൻ യജ്ഞേ ബർഹിഷി നിഷദ്യ* ഈ യജ്ഞത്തിൽ വിശുദ്ധദർഭപ്പുല്ലിലിരുന്ന്
*വൈരൂപൈഃ ഇഹ മാദയസ്വ* വൈരൂപ(വിവിധരൂപയുക്ത)ന്മാരോടൊപ്പം ഇവിടെ മദം കൊണ്ടാലും!

**6. അംഗിരസോ നഃ പിതരോ നവഗ്വാ**
**അഥർവാണോ ഭൃഗവഃ സോമ്യാസഃ**
**തേഷാം വയം സുമതൗ യജ്ഞിയാനാ–**
**മപി ഭദ്രേ സൗമനസേ സ്യാമ**

*നഃ പിതരഃ അംഗിരസഃ നവഗ്വാഃ* ഞങ്ങളുടെ പിതാക്കളായ അംഗിരസ്സുകളേ! നവഗ്വന്മാരേ!
*അഥർവാണഃ സോമ്യാസഃ ഭൃഗവഃ* അഥർവാക്കളേ! സോമാർഹരായ ഭൃഗുക്കളേ!
*വയം യജ്ഞിയാനാം തേഷാം സുമതൗ സ്യാമ* ഞങ്ങൾ യജ്ഞാർഹരായ ഇവരുടെ ആനുകൂല്യത്തിലാവട്ടെ!
*സൗമനസേ ഭദ്രേ അപി* ഞങ്ങളിൽ അവരുടെ പ്രസാദപൂർവമായ ദയയുണ്ടാവുകയും ചെയ്യട്ടെ!

**7. പ്രേഹി പ്രേഹി പഥിഭിഃ പൂർവ്യേഭിർ–**
**യത്രാ നഃ പൂർവേ പിതരഃ പരേയുഃ**
**ഉഭാ രാജാനാ സ്വധയാ മദന്താ**
**യമം പശ്യാസി വരുണം ച ദേവം**

*യത്ര നഃ പൂർവേ പിതരഃ പരേയുഃ* ഞങ്ങളുടെ പ്രാചീനരായ പിതാക്കൾ മരിച്ചുപോയ
*പൂർവ്യേഭിഃ പഥിഭിഃ പ്രേഹി പ്രേഹി* പ്രാചീനമായ വഴികളിലൂടെ മുന്നോട്ടുപോയാലും! മുന്നോട്ടുപോയാലും!
*രാജാനാ ഉഭാ യമം ദേവം വരുണം ച* രാജാക്കന്മാരും യമനും ദേവനായ വരുണനും
*സ്വധയാ മദന്താ പശ്യാസി* സ്വധാവിളിയാൽ മദം കൊള്ളുന്നവരായിത്തീരുന്നത് നിങ്ങൾ കണ്ടാലും!

**8. സംഗച്ഛസ്വ പിതൃഭിഃ സം യമേനേ–**
**ഷ്ടാപൂർത്തേന പരമേ വ്യോമൻ**
**ഹിത്വാ യാവദ് യം പുനരസ്തമേഹി**
**സംഗച്ഛസ്വ തന്വാ സുവർച്ചാഃ**

*പിതൃഭിഃ സം ഗച്ഛസ്വ യമേന സം* പൂർവപിതാക്കളുമായി സംഗമിച്ചാലും! യമനുമായി സംഗമിച്ചാലും!
*പരമേ വ്യോമൻ ഇഷ്ടാപൂർത്തേന* പരമമായ സ്വർഗത്തിൽ യജ്ഞപരവും ദാനസംബന്ധിയുമായവയുമായി സംഗമിച്ചാലും!
*അവദ്യം ഹിത്വായ പുനഃ അസ്തം ആ ഇഹി* അപൂർണമായതിനെ പിന്നിലാക്കിക്കൊണ്ട് വീണ്ടും വീട്ടിലേക്കു വന്നാലും!
*തന്വാ സുവർച്ചാഃ സം ഗച്ഛസ്വ* ശരീരവും പൂർണതേജസ്സുമായി സംഗമിച്ചാലും!

**9. അപേത വീത വി ച സർപ്പതാതോ**
**സ്മാ ഏതം പിതരോ ലോകമക്രൻ**
**അഹോഭിരദ്ഭിരക്തുഭിർവ്യക്തം**
**യമോ ദദാത്യവസാനമസ്മൈ**

*അതഃ അപ ഇത വി സർപ്പത ച* നിങ്ങളെല്ലാം ദൂരെ പോയാലും; അകലെ മാറിപ്പോയാലും! ഇവിടെനിന്നു പതുങ്ങിപ്പതുങ്ങിപ്പായാലും!
*അസ്മൈ പിതരഃ ഏതം ലോകം അക്രൻ* അവനുവേണ്ടിയാണ് പിതാക്കൾ ഈ ലോകം സൃഷ്ടിച്ചത്.
യമഃ അഹോഭിഃ അക്തുഭിഃ അദ്ഭിഃ വ്യക്തം യമൻ രാപ്പലുകളിലുടനീളം വെള്ളത്തിന്റെ നനവുള്ള
അവസാനം അസ്മൈ ദദാതി വിശ്രമസ്ഥാനം അവനു നൽകുന്നു.

**10. അതി ദ്രവ സാരമേയൗ ശ്വാനൗ**
**ചതുരക്ഷൗ ശബളൗ സാധുനാ പഥാ**
**അഥാ പിതൄൻ സുവിദത്രാനുപേഹി**
**യമേന യേ സധമാദം മദന്തി**

*സാരമേയൗ ചതുരക്ഷൗ ശബളൗ ശ്വാനൗ* സരമ പോറ്റിവളർത്തിയ നാലു കണ്ണുള്ളവയും പൊട്ടും പുള്ളിയുമുള്ളവയുമായ രണ്ടു നായ്ക്കളെ,
*സാധുനാ പഥാ അതി ദ്രവ* നേരെ ലക്ഷ്യത്തിലേക്കു നയിക്കുന്ന വഴിയിലൂടെ, മറികടന്നാലും!
*അഥ സുവിദത്രാൻ യേ യമേന* പിന്നെ, കാണാൻ നല്ലവരും യമനുമായി
*സധമാദം മദന്തി പിതൄൻ ഉപേഹി* ചേർന്നുള്ള ഹർഷോത്സവത്തിൽ മദത്തിലെത്തിയവരുമായ പിതാക്കളുടെ അടുത്തെത്തിയാലും!

**11. യൗ തേ ശ്വാനൗ യമരക്ഷിതാരൗ**
**ചതുരക്ഷൗ പഥിരക്ഷീ നൃചക്ഷസൗ**
**താഭ്യാമേനം പരിദേഹി രാജൻ**
**സ്വസ്തി ചാസ്മാ അനമീവം ച ധേഹി**

*യമ തേ രക്ഷിതാരൗ ചതുരക്ഷൗ* യമാ! നീ രക്ഷിതാവായ, നാലു കണ്ണുള്ളവയും
*നൃചക്ഷാസൗ പഥിരക്ഷീ* മനുഷ്യരുടെമേൽ കണ്ണുവെക്കുന്നവയും വഴി രക്ഷിക്കുന്നവരുമായ
*യൗ ശ്വാനൗ താഭ്യാം രാജൻ ഏനം പരി ദേഹി* നിന്റെ ആ രണ്ടു നായ്ക്കൾക്കു, രാജാവേ, അവനെ കൊടുത്താലും!
*അസ്മൈ സ്വസ്തി ച അനമീവം ച ധേഹി* അവനു സൗഖ്യവും ആരോഗ്യവും നൽകിയാലും!

**12. ഉരൂണസവസുതൃപാ ഉദുംബലൗ**
**യമസ്യ ദൂതൗ ചരതോ ജനാനനു**
**താവസ്മഭ്യം ദൃശയേ സൂര്യായ**
**പുനർദാതാമസുമദ്യേഹ ഭദ്രം**

*ഉരൂണസൗ ഉദുംബലൗ യമസ്യ ദൂതൗ* രണ്ടു വലിയ മൂക്കുവരും ചുവപ്പു-തവിട്ടുനിറമുള്ളവരുമായ യമന്റെ രണ്ടു ദൂതന്മാർ
*അസുതൃപൗ ജനാൻ അനു ചരതഃ* ജീവിതം കവരുന്നവരും ജനങ്ങളെ പിന്തുടരുന്നവരുമാകുന്നു.
*തൗ സൂര്യാ ദൃശയേ പുനഃ ഭദ്രം അസും* ഈ ഇരുവർ സൂര്യനെ കാണാൻ ഇനിയും ഭാഗ്യപൂർണമായ ജീവിതം
*അദ്യ ഇഹ അസ്മഭ്യം ദാതാം* ഇന്ന് ഇവിടെ ഞങ്ങൾക്കു നൽകട്ടെ!

**13. യമായ സോമം സുനുത**
**യമായ ജുഹുതാ ഹവിഃ**
**മം ഹ യജ്ഞോ ഗച്ഛ-**
**ത്യഗ്നിദൂതോ അരംകൃതഃ**

*യമായ സോമം സുനുത* യമനുവേണ്ടി സോമസവനം ചെയ്താലും!
*യമായ ഹവിഃ ജുഹുത* യമനുവേണ്ടി ഹവിസ്സർപ്പിച്ചാലും!
*അഗ്നിദൂതഃ അരംകൃതഃ* ദൂതനായ അഗ്നിയോടുകൂടിയ, യഥാവിധി അനുഷ്ഠിച്ച
*യജ്ഞഃ യമം ഹ ഗച്ഛതി* യജ്ഞം യമനിലേക്കു പോകുന്നു.

**14. യമായ ഘൃതവദ്ധവിർ-**
**ജുഹോത പ്ര ച തിഷ്ഠത**
**സ നോ ദേവേഷ്വാ യമദ്**
**ദീർഘമായുഃ പ്ര ജീവസേ**

*യമായ ഘൃതവദ് ഹവിഃ ജുഹോത* യമനുവേണ്ടി നെയ് ചേർത്ത ഹവിസ്സ് ഹോമിച്ചാലും!
പ്ര തിഷ്ഠത ച മുന്നോട്ടു വെച്ചാലും!
*പ്ര ജീവസേ* പൂർണജീവിതത്തിനുവേണ്ടി
*സഃ ദേവേഷു നഃ ദീർഘം ആയുഃ ആ യമത്* അവൻ ദേവന്മാരിലെത്തുകയും ഞങ്ങൾക്കു ദീർഘായുസ്സു നൽകുകയും ചെയ്യട്ടെ!

**15. യമായ മധുമത്തമം**
**രാജ്ഞേ ഹവ്യം ജുഹോതന**
**ഇദം നമ ഋഷിഭ്യഃ പൂർവജേഭ്യഃ**
**പൂർവേഭ്യഃ പഥികൃദ്ഭ്യഃ**

രാജ്ഞേ യമായ മധുമത്തമം ഹവ്യം ജുഹോതന രാജാവായ യമനുവേണ്ടി ഏറ്റവും തേൻ ചേർത്ത ഹവിസ്സർപ്പിക്കൂ.
പൂർവജേഭ്യഃ പഥികൃദ്ഭ്യഃ പൂർവേഭ്യഃ മുൻപു ജനിച്ചവരും പഥികൃത്തുക്കളുമായ പൂർവികരായ
ഋഷിഭ്യഃ ഇദം നമഃ ഋഷികൾക്ക് ഇതാ നമസ്കാരം!

**16. ത്രികദ്രുകേഭിഃ പതതി**
**ഷളുർവീരേകമിദ് ബൃഹത്**

**ത്രിഷ്ടുബ്ഗായത്രീ ഛന്ദാംസി**

**സർവാ താ യമ ആഹിതാ**

*ത്രികദ്രുകേഭിഃ പതതി* അവൻ ത്രികദ്രുകങ്ങളൊത്ത് പറക്കുന്നു.

*ഷഡ് ഉർവീഃ ഏകം ഇദ് ബൃഹത്* ആറ് വലിയവയും ഒന്നു മാത്രം കനത്തതുമാണ്.

*ത്രിഷ്ടുപ് ഗായത്രീ ഛന്ദാംസി* ത്രിഷ്ടുപ്പ്, ഗായത്രി, ഛന്ദസ്സുകൾ –

*താ സർവാ യമേ ആഹിതാ* ഇവയെല്ലാം യമനിൽ സ്ഥാപിതമത്രേ.

★

## പത്താം മണ്ഡലം, പതിനാറാം സൂക്തം

ദമന യാമായനൻ ഋഷി;,14 പദ്യങ്ങൾ; ത്രിഷ്ടുപ്പ് (അനുഷ്ടുപ്പ് 11–14 ഒഴികെ); അഗ്നി ദേവത

മുൻസൂക്താന്ത്യത്തിലെ ശ്മശാനാഗ്നികേന്ദ്രീകരണം ഇവിടെ വികസിപ്പിച്ചിരിക്കുന്നു. ഈ അഗ്നി മരിച്ചവന് പിതൃസാമ്രാജ്യത്തിലേക്കുള്ള അനുഗൃഹീതമായ ഒരു മോചനമായും ശവശരീരത്തിന് ശല്യമായും കാണപ്പെടുന്നു. ഒന്നാം പദ്യത്തിൽ ഈ ഉഭയഭാവന വ്യക്തമായി പ്രദർശിപ്പിക്കപ്പെടുന്നു. അവിടെ ശരീരത്തെ ദഹിപ്പിക്കരുതെന്ന് അഗ്നിയോടു യാചിക്കുന്നു. അതിനെ പിതൃക്കളിലേക്കു ചെല്ലാൻ പാകത്തിൽ വേവിച്ചാൽ മതി. രണ്ടാം പദ്യത്തിലും ഈ വികാരം ആവർത്തിക്കുകയും ശവയാത്ര തുടങ്ങുകയും ചെയ്യുന്നു. മൂന്നാം പദ്യത്തിൽ ശവശരീരം നേരിട്ട് സംബോധന ചെയ്യപ്പെടുന്നു. അതിന്റെ ഭാഗങ്ങൾ അതതു പ്രകൃതിശക്തികളിൽ ലയിക്കുന്നു. രണ്ടു പദ്യങ്ങൾകൂടി അഗ്നിക്കാണ് (4–5). ഇവിടെ 1–2 പദ്യങ്ങളിലെ ആശയങ്ങളുടെ ഭംഗ്യന്തരേണയുള്ള ആവർത്തനം. 6–7 പദ്യങ്ങളിൽ വീണ്ടും ശവശരീരം സംബോധന ചെയ്യപ്പെടുന്നു. ശ്മശാനാഗ്നിയും സോമനുമാണ് മരണം ഉറപ്പുവരുത്തുകയെന്ന് ആറിൽ പറയുന്നു. അതേ അഗ്നിയിൽനിന്നു രക്ഷനേടാനാണ്, പക്ഷേ, ഏഴിലെ ഉദ്ബോധനം. എട്ടോടുകൂടി സംസ്കാരം അവസാനിക്കുന്നതായി തോന്നുന്നു. ശവമടക്കം അവസാനിക്കുന്നതോടെ, അമംഗളകരവും ശക്തവുമായ ശ്മശാനാഗ്നി യെപ്പറ്റി പ്രതിപാദിക്കുന്നു (9–12). നിരുപദ്രവവും മംഗളകരവുമായ അഗ്നിയുടെ മണ്ഡലത്തിലേക്ക് അതിനെ പുനരുദ്ഗ്രഥിക്കുന്നു. ഇറച്ചി തിന്നുന്ന അഗ്നി ആദ്യം ദേവന്മാർക്കുള്ള ഹവിസ്സ് സ്വീകരിക്കുന്ന മറ്റേ അഗ്നിയിൽനിന്ന് വേർതിരിക്കപ്പെടുന്നു. പന്ത്രണ്ടാം പദ്യത്തിൽ അഗ്നിയുടെ ഈ രൂപാന്തരീകരണം പൂർണമാവുന്നു. അവസാനത്തെ 13–14 പദ്യങ്ങൾ ശ്മശാനഭൂമി പ്രകൃതിയിലേക്കു തിരിച്ചവരുന്നതായി കാണിക്കുന്നു. അവിടെ തീ കെടുകയും സസ്യങ്ങൾ മുളച്ചുവരികയും ചെയ്യുന്നു.

**1. മൈനമഗ്നേ വി ദഹോ മാഭി ശോചോ**
**മാസ്യ ത്വചം ചിക്ഷിപോ മാ ശരീരം**
**യദാ ശൃതം കൃണവോ ജാതവേദോ–**
**ഥേമേനം പ്ര ഹിണുതാത് പിതൃഭ്യഃ**

*അഗ്നേ ഏനം മാ വി ദഹഃ മാ അഭി ശോചഃ* അഗ്നേ! അവനെ ദഹിപ്പിക്കരുത്; അവനെ പൊള്ളിക്കരുത്.
*അസ്യ ത്വചം മാ ശരീരം മാ ചിക്ഷിപഃ* അവന്റെ തൊലിയോ ദേഹമോ കരിക്കരുത്.
*ജാതവേദഃ യദാ ശൃതം കൃണവഃ* ജാതവേദസ്സേ! നീ അവനെ പാകം ചെയ്യാൻ സന്നദ്ധനാവുമ്പോൾ
*അഥ ഈം ഏനം പിതൃഭ്യഃ പ്ര ഹിണുതാത്* അവനെ പിതൃക്കൾക്കു നൽകിയാലും!

**2. ശൃതം യദാ കരസി ജാതവേദോ–**
**ഥേമേനം പരി ദത്താത് പിതൃഭ്യഃ**
**യദാ ഗച്ഛാത്യസുനീതിമേതാ–**
**മഥാ ദേവാനാം വശനീ ഭവാതി**

*ജാതവേദഃ യദാ ശൃതം കരസി* ജാതവേദസ്സേ! നീ അവനെ പാകം ചെയ്യാൻ സന്നദ്ധനാവുമ്പോൾ
അഥ ഈം ഏനം പിതൃഭ്യഃ പരി ദത്താത് അവനെ പിതൃക്കൾക്കു നൽകിയാലും!
*യദാ ഏതാം അസുനീതിം ഗച്ഛാതി* അന്യജീവിതത്തിലേക്കു നയിക്കുന്ന വഴിയിൽ പോകാനൊരുങ്ങുമ്പോൾ
*അഥ ദേവാനാം വശനീഃ ഭവാതി* ദേവന്മാരുടെ ഇച്ഛയിൽ അവൻ നയിക്കുന്നു.

**3. സൂര്യം ചക്ഷുർഗച്ഛതു വാതമാത്മാ**
**ദ്യാം ച ഗച്ഛ പൃഥിവീം ച ധർമണാ**
**അപോ വാ ഗച്ഛ യദി തത്ര തേ ഹി ത–**
**മോഷധീഷു പ്രതി തിഷ്ഠാ ശരീരൈഃ**

*ചക്ഷുഃ സൂര്യം ഗച്ഛതു ആത്മാ വാതം* നിന്റെ കണ്ണു സൂര്യനിലേക്കു പോകട്ടെ; നിന്റെ ആത്മാവ് (പ്രാണൻ) കാറ്റിലേക്കും.
*ധർമണാ യദി ദ്യാം ച പൃഥിവീം ച ഗച്ഛ* ആവുന്നപോലെ സ്വർഗത്തിലേക്കും ഭൂമിയിലേക്കും പോയാലും!
*അപഃ വാ തത്ര തേ ഹിതം ഗച്ഛ* അല്ലെങ്കിൽ, വെള്ളത്തിലേക്ക്, അവിടെയാണ് നിനക്കുവേണ്ടി നിശ്ചയിക്കപ്പെട്ടതെങ്കിൽ, പോയാലും!
*ശരീരൈഃ ഓഷധീഷു പ്രതി തിഷ്ഠ* അവയവങ്ങളോടുകൂടി സസ്യങ്ങളിൽ സ്ഥിതി ചെയ്താലും!

**4. അജോ ഭാഗസ്തപസാ തം തപസ്വ**
**തം തേ ശോചിസ്തപതു തം തേ അർച്ചിഃ**
**യാസ്തേ ശിവാസ്തന്വോ ജാതവേദ–**
**സ്താഭിർവഹൈനം സുകൃതാമു ലോകം**

*അജഃ തേ ഭാഗഃ തപസാ തം തപസ്വ* ആടാണ് നിന്റെ ഭാഗം. നിന്റെ ചൂടുകൊണ്ട് അതിനെ ചൂടാക്കിയാലും!
*ശോചിഃ തം തപതു* നിന്റെ ജ്വാല, നിന്റെ കിരണം, അതിനെ ചൂടാക്കട്ടെ!
*ജാതവേദഃ യാ തേ ശിവാഃ തന്വഃ താഭിഃ* ജാതവേദസ്സേ! നിന്റെ മംഗളകരമായ ശരീരങ്ങളോടുകൂടി
*സുകൃതാം ലോകം ഉ ഏനം വഹ* നല്ല യജ്ഞാനുഷ്ഠാതാക്കളുടെ ലോകത്തിലേക്കു അവനെ നൽകിയാലും!

**5. അവ സൃജ പുനരഗ്നേ പിതൃഭ്യോ**
**യസ്ത ആഹുതശ്ചരതി സ്വധാഭിഃ**
**ആയുർവസാന ഉപ വേതു ശേഷഃ**
**സം ഗച്ഛതാം തന്വാ ജാതവേദഃ**

*അഗ്നേ യഃ സ്വധാഭിഃ തേ ആഹുതഃ* അഗ്നേ! സ്വന്തം ശക്തികൾകൊണ്ട്, നിന്നോടേറ്റതുപോലെ,
*ചരതി പുനഃ പിതൃഭ്യഃ അവ സൃജ* മുന്നോട്ടു പോകുന്ന അവനെ വീണ്ടും പിതൃക്കളുടെ അടുത്തേക്കു മോചിപ്പിച്ചാലും!
*ആയുഃ വസാനഃ ശേഷഃ ഉപ വേതു* സ്വന്തം ജീവിതത്തിൽ പൊതിഞ്ഞുകൊണ്ട് അവൻ തന്റെ അവശിഷ്ടങ്ങളെ പിന്തുടരട്ടെ.
*ജാതവേദഃ തന്വാ സം ഗച്ഛതാം* ജാതവേദസ്സേ! അവൻ തന്റെ ശരീരവുമായി യോജിക്കട്ടെ!

**6. യത്തേ കൃഷ്ണഃ ശകുന ആതുതോദ**
**പിപീലഃ സർപ്പ ഉത വാ ശ്വാപദഃ**
**അഗ്നിഷ്ടദ്വിശ്വാദഗദം കൃണോതു**
**സോമശ്ച യോ ബ്രാഹ്മണാനാവിവേശ**

*കൃഷ്ണഃ ശകുനഃ പിപീലഃ സർപ്പഃ* കറുത്ത ശകുനപ്പക്ഷിയോ ഉറുമ്പോ സർപ്പമോ
*ഉത വാ ശ്വാപദഃ ആതുതോദ തേ യത്* നായ്ക്കാലിമൃഗമോ കൊത്തിത്തിന്നാൽ നിനക്കെന്ത്?
*വിശ്വാദ് അഗ്നിഃ യഃ ബ്രാഹ്മണാൻ* എല്ലാം വിഴുങ്ങുന്ന അഗ്നിയും ബ്രാഹ്മണരിൽ
*ആവിവേശ സോമഃ ച തദ് അഗദം കൃണോതു* പ്രവേശിച്ച സോമനും അതിനെ ശാപമുക്തമാക്കട്ടെ!

**7. അഗ്നേർവർമ പരി ഗോഭിർവ്യയസ്വ**
**സം പ്രോർണുഷ്വ പീവസാ മേദസാ ച**
**നേത്വാ ധൃഷ്ണുർഹരസാ ജർഹൃഷാണോ**
**ദധൃഗ്വി ധക്ഷ്യൻ പര്യംഖയാതേ**

*ധൃഷ്ണുഃ ഹരസാ ജർഹൃഷാണഃ* ധീരനും ജ്വാലയാൽ രോമാഞ്ചം കൊള്ളുന്നവനും
*ദധൃഗ് വിധക്ഷ്യൻ ത്വാ ന ഇത് പര്യംഖയാതേ* നിന്നെ പാടേ ദഹിപ്പിക്കുന്നതിന്നുദ്ദേശിച്ചുകൊണ്ട് നിനക്കു ചുറ്റും ഉറപ്പിച്ചുനിൽക്കുമെന്നതുകൊണ്ട്
*ഗോഭിഃ അഗ്നേഃ വർമ പരി വ്യയസ്വ* നിങ്ങൾ പൈക്കളുടെ ഇറച്ചികൊണ്ട് അഗ്നിക്ക് ഒരു ആവരണകവചം ഉണ്ടാക്കിയാലും!
*പീവസാ മേദസാ ച സം പ്ര ഊർണുഷ്വ* മൃഗക്കൊഴുപ്പുകൊണ്ടും കൊഴുപ്പുകൊണ്ടും സ്വയം ആകെ മൂടിയാലും!

**8. ഇമമഗ്നേ ചമസം മാ വിജിഹ്വരഃ**
**പ്രിയോ ദേവാനാമുത സൗമ്യാനാം**
**ഏഷ യശ്ചമസോ ദേവപാന–**
**സ്തസ്മിൻ ദേവാ അമൃതാ മാദയന്തേ**

*അഗ്നേ ഇമം ചമസം മാ വി ജിഹ്വരഃ* അഗ്നേ! ഇവിടെയുള്ള ഈ വൻമരികയെ ഇളക്കിമറിക്കരുത്.
*ദേവാനാം ഉത സോമ്യാനാം പ്രിയഃ* അത് ദേവന്മാർക്കും സോമാർഹരായ പിതൃക്കൾക്കും പ്രിയപ്പെട്ടതാണ്.
*യഃ ദേവപാനഃ ഏഷഃ ചമസഃ തസ്മിൻ* ദേവന്മാരുടെ പാനപാത്രമായ ഈ വൻമരികയിൽ
*അമൃതാഃ ദേവാഃ മാദയന്തേ* അമൃതന്മാരായ ദേവന്മാർ മദം കൊള്ളുന്നു.

**9. ക്രവ്യാദമഗ്നിം പ്ര ഹിണോമി ദൂരം**
**യമരാജ്ഞോ ഗച്ഛതു രിപ്രവാഹഃ**
**ഇഹൈവായമിതരോ ജാതവേദാ**
**ദേവേഭ്യോ ഹവ്യം വഹതു പ്രജാനൻ**

*ക്രവ്യാദം അഗ്നിം ദൂരം പ്ര ഹിണോമി* ഇറച്ചി തിന്നുന്ന അഗ്നിയെ ഞാൻ അകലേക്കു പറഞ്ഞയയ്ക്കുന്നു.
*രിപ്രവാഹഃ യമരാജ്ഞഃ ഗച്ഛതു* അശുദ്ധികളെ വഹിച്ചുകൊണ്ടുപോകുന്ന അവൻ യമൻ രാജാവായേടത്തേക്കു പോകട്ടെ!
*ഇഹ അയം ഏവ ഇതരഃ ജാതവേദാഃ* ഇവിടെ ഇവൻ മാത്രം; മറ്റേ ജാതവേദസ്സ്,
*പ്രജാനൻ ദേവേഭ്യഃ ഹവ്യം വഹതു* എന്താണു മുൻപിലെന്നറിഞ്ഞ്, ദേവന്മാർക്കു ഹവിസ്സുകൾ കൊണ്ടുപോകട്ടെ!

**10. യോ അഗ്നിഃ ക്രവ്യാത് പ്രവിവേശ വോ ഗൃഹ–**
**മിമം പശ്യന്നിതരം ജാതവേദസം**
**തം ഹരാമി പിതൃയജ്ഞായ ദേവം**
**സ ഘർമമിന്വാത് പരമേ സധസ്ഥേ**

*യഃ ഇമം ഇതരം ജാതവേദസം പശ്യൻ* ഇവനെ മറ്റൊരു ജാതവേദസ്സായി കണ്ടുകൊണ്ട്
*ക്രവ്യാദ് അഗ്നിഃ വഃ ഗൃഹം പ്രവിവേശ* ഇറച്ചി തിന്നുന്ന അഗ്നി നിന്റെ വീട്ടിൽ പ്രവേശിച്ചു.
*തം ദേവം പിതൃയജ്ഞായ ഹരാമി* ഞാൻ ആ ദേവനെ പിതൃക്കൾക്കുള്ള യജ്ഞത്തിനു കൈക്കൊള്ളുന്നു.
സഃ ഘർമം പരമേ സധസ്ഥേ ഇന്വാത് അവൻ ഘർമ(പാനീയത്തെ) അത്യുന്നതമായ ഇരിപ്പിടത്തിലേക്കയയ്ക്കട്ടെ!

**11. യോ അഗ്നിഃ ക്രവ്യവാഹനഃ**
**പിതൄൻ യക്ഷദൃതാവൃധഃ**
**പ്രേദു ഹവ്യാനി വോചതി**
**ദേവേഭ്യശ്ച പിതൃഭ്യ ആ**

*ഋതവൃധഃ പിതൄൻ ഇദ് യക്ഷത്* സത്യത്തിലൂടെ ശക്തമായി വളർന്നവനും പിതൃക്കൾക്കു യജ്ഞം ചെയ്യുന്നവനുമായ
*ക്രവ്യവാഹനഃ യഃ അഗ്നിഃ* ഇറച്ചി കൊണ്ടുവരുന്ന അഗ്നി
*ദേവേഭ്യഃ ച പിതൃഭ്യഃ ആ* ദേവന്മാർക്കും പിതൃക്കൾക്കുമുള്ള
*ഹവ്യാനി പ്ര വോചതി ഉ* ഹവിസ്സുകൾ പ്രഖ്യാപിക്കട്ടെ!

**12. ഉശന്തസ്ത്വാ നിധീമ ഹ്യുശന്തഃ സമിധീമഹി**
**ഉശന്നുശത ആ വഹ പിതൄൻ ഹവിഷേ അത്തവേ**

*ഉശന്തഃ ത്വാ നി ധീമഹി* ഞങ്ങൾ ആഗ്രഹത്തോടെ നിന്നെ പ്രതിഷ്ഠിച്ചു;
*ഉശന്തഃ സം ഇധീമഹി* ഞങ്ങൾ ആഗ്രഹത്തോടെ നിന്നെ ജ്വലിപ്പിക്കുന്നു.
*ഉശതഃ പിതൄൻ ഉശൻ* ആഗ്രഹിക്കുന്ന പിതൃക്കൾക്ക് ആഗ്രഹത്തോടെ
*ഹവിഷേ അത്തവേ ആ വഹ* ഹവിസ്സുണ്ണാൻ ഇവിടെ കൊണ്ടുവന്നാലും!

**13. യം ത്വമഗ്നേ സമദഹസ്തമു നിർവാപയാ പുനഃ**
**കിയാംബ്വത്ര രോഹതു പാകദൂർവാ വ്യൽക്കശാ**

*ത്വം യം സമദഹഃ അഗ്നേ തം ഉ പുനഃ നി വാപയ* നീ ആരെ തികച്ചും ദഹിപ്പിച്ചുവോ, അഗ്നേ! അവനെ വീണ്ടും കെടുത്തിയാലും!
അത്ര കിയാംബു വ്യൽക്കശാ പാകദൂർവാ രോഹതു ഇവിടെ കിയാംബു, പാകദൂർവ, വ്യൽക്കശ എന്നീ ചെടികൾ മുളയ്ക്കട്ടെ.

**14. ശീതികേ ശീതികാവതി**
**ഹ്ലാദികേ ഹ്ലാദികാവതി**
**മണ്ഡൂക്യാ സുസംഗമ**
**ഇമം സ്വഗ്നിം ഹർഷയ**

*ശീതികേ ശീതികാവതി* കുളിര് നിറഞ്ഞ കുളിർകന്യകേ!
*ഹ്ലാദികേ ഹ്ലാദികാവതി* ആഹ്ലാദം പൂണ്ട ആഹ്ലാദകന്യകേ!
*മണ്ഡൂക്യാ സു സം ഗമഃ* തവളപ്പെണ്ണോടൊരുമിച്ച്
*ഇമം അഗ്നിം സു ഹർഷയ* ഈ അഗ്നിയെ ഉത്തേജിപ്പിച്ചാലും!

★

## പത്താം മണ്ഡലം, മുപ്പത്തിമൂന്നാം സൂക്തം

കവഷ ഐലൂഷൻ ഋഷി, 9 പദ്യങ്ങൾ, ത്രിഷ്ടുപ്പ് (1) ബൃഹതി (2) സതോബൃഹതി (3), ഗായത്രി (4–9); വിശ്വേ ദേവന്മാർ (1), ഇന്ദ്രൻ (2–3), കുരുശ്രവണ ത്രാസദസ്യവന്റെ ദാനസ്തുതി (4–5), ഉപമശ്രവസ്സ് മിത്രാതിഥിപുത്രൻ (6–9) എന്നിവർ ദേവത (ഗായകന്റെ വിലാപം)

രക്ഷിതാവു മരിച്ചുപോയ ഒരു കവിയുടെ വിലാപം. മുൻപത്തെ രക്ഷിതാവിനോടു ജോലിക്കുവേണ്ടിയുള്ള അഭ്യർഥനയായും ഈ സൂക്തം മാറുന്നു. സൂക്തം പുരോഗമിക്കുന്തോറും വൃത്തം മാറിമാറിവരുന്നു. ഒന്നാം പദ്യത്തിൽ അവൻ തന്റെ വിശിഷ്ടാധികാരാവകാശങ്ങളോടുകൂടിയ പൂർവാനുഭവം അനുസ്മരിക്കുന്നു. പെട്ടെന്നാണ് അത്യാഹിതം വന്നുപെടുന്നത്. അടുത്ത രണ്ടു പദ്യങ്ങൾ അവന്റെ ഇന്നത്തെ ദയനീയാവസ്ഥ വിവരിക്കുന്നു. തുടർന്ന് ഇന്ദ്രനോട് സഹായത്തിന്നഭ്യർഥിക്കുന്നു. അവസാനത്തെ ആറു പദ്യങ്ങളിൽ അവൻ തന്റെ മുൻരക്ഷിതാവായ കുരുശ്രവണനെ എങ്ങനെ“വരിച്ചു” വെന്നോർക്കുന്നു. പിന്നീട് അവൻ തന്റെ മകനായ ഉപമശ്രവസ്സിനു തന്നെത്തന്നെ പരിചയപ്പെടുത്തുന്നു. അവസാനത്തെ രണ്ടു പദ്യങ്ങളിൽ അവൻ തന്റെ രക്ഷിതാവിന്റെയും സുഹൃത്തിന്റെയും മരണത്തിലുള്ള നിസ്സഹായമായ ദുഃഖാവസ്ഥയിലേക്കു തിരിച്ചുവരുന്നു.

**1. പ്ര മാ യുയുജ്രേ പ്രയുജോ ജനാനാം**
**വഹാമി സ്മ പൂഷണമന്തരേണ**
**വിശ്വേ ദേവാസോ അധമാമരക്ഷൻ**
**ദുഃശാസുരാഗാദിതി ഘോഷ ആസീത്**

*ജനാനാം പ്രയുജഃ മാ പ്ര യുയുജ്രേ* ജനങ്ങളുടെ മുൻനിരസംഘങ്ങൾ എന്നെ മുൻപിൽ നുകത്തിൽ കെട്ടി.
*പൂഷണം അന്തരേണ വഹാമി സ്മ* എല്ലായ്പ്പോഴുമെന്നപോലെ, ഞാൻ പൂഷാവിനെ ഉള്ളിൽ വഹിച്ചു.
*അധ വിശ്വേ ദേവാസഃ മാം അരക്ഷൻ* അപ്പോൾ വിശ്വേദേവന്മാർ എന്നെ രക്ഷിച്ചു.
*ദുഃശാസുഃ ആ അഗാദ് ഇതി ഘോഷഃ ആസീത്* “ചീത്ത നിയമം ഇവിടെ വന്നിരിക്കുന്നു” എന്ന ഉച്ചത്തിലുള്ള ശബ്ദമുണ്ടായി.

**2. സം മാ തപന്ത്യഭീതഃ**
**സപത്നീരിവ പർശവഃ**
**നി ബാധതേ അമതിർനഗ്നതാ ജസുർ–**
**വേർന വേവീയതേ മതിഃ**

*സപത്നീഃ ഇവ പർശവഃ മാ അഭിതഃ സംതപന്തി* അവർ സപത്നികളെപ്പോലെയും (അസുഖം വന്ന) വാരിയെല്ലുകളെ(പ്പോലെയും) എന്നെയാകെ പൊള്ളിക്കുന്നു.
*അമതിഃ നഗ്നതാ ജസുഃ നി ബാധതേ* അശ്രദ്ധയും നഗ്നതയും ക്ഷീണവും എന്നെ മർദിക്കുന്നു.
*മതിഃ വേഃ ന വേവീയതേ* എന്റെ ശ്രദ്ധ പക്ഷിയെപ്പോലെ അങ്ങുമിങ്ങും തത്തിപ്പറക്കുന്നു.

**3. മൂഷോ ന ശിശ്നാ വ്യദന്തി മാധ്യഃ**
**സ്തോതാരം തേ ശതക്രതോ**
**സകൃത് സു നോ മഘവന്നിന്ദ്ര മൃളയാ–**
**ധാ പിതേവ നോ ഭവ**

*ശതക്രതോ തേ സ്തോതാരം മാ* നൂറു തീരുമാനങ്ങളെടുക്കുന്നവനേ! നിന്റെ സ്തോതാവായ എന്നെ
*മൂഷഃ ന ആധ്യഃ ശിശ്നാ വ്യദന്തി* ചുണ്ടെലികളെപ്പോലെ അവയുടെ വാലുകൾ തലോടൽകൊണ്ടു കാർന്നുതിന്നുന്നു.
*മഘവൻ ഇന്ദ്ര സകൃദ് നഃ സു മൃളയ* ഉദാരനായ ഇന്ദ്രാ! ഉടനെ ഞങ്ങളിൽ കരുണ കാണിക്കുകയും
*അധ നഃ പിതാ ഇവ ഭവ* തുടർന്ന് ഞങ്ങൾക്ക് അച്ഛനെപ്പോലെയായിത്തീരുകയും ചെയ്താലും!

**4. കരുശ്രവണമാവൃണീ**
**രാജാനം ത്രാസദസ്യവം**
**മംഹിഷ്ഠം വാഘതാമൃഷിഃ**

*ഋഷിഃ വാഘതാം മംഹിഷ്ഠം* ഋഷിയായ ഞാൻ തന്റെ ഗായകരോട് ഏറ്റവും ഉദാരനായ
*ത്രാസദസ്യവം കുരുശ്രവണം* ത്രസദസ്യുവിന്റെ വംശത്തിലുള്ള കുരുശ്രവണനെ
*രാജാനം അവൃണി* എന്റെ രാജാവായി വരിക്കുന്നു.

**5. യസ്യ മാ ഹരിതോ രഥേ**
**തിസ്രോ വഹന്തി സാധുയാ**
**സ്തവൈ സഹസ്രദക്ഷിണേ**

*യസ്യ തിസ്രഃ ഹരിതഃ* “അവന്റെ മൂന്നു തവിട്ടുനിറമുള്ള (കുതിരകൾ)
*രഥേ മാ സാധുയാ വഹന്തി* തേരിൽ എന്നെ നേർവഴിയിലൂടെ വഹിക്കുന്നു.
*സഹസ്രദക്ഷിണേ സ്തവൈ* (യജ്ഞത്തിൽ) ആയിരം (പശുക്കളുടെ) ദക്ഷിണകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു” (എന്നു പറഞ്ഞുകൊണ്ട്)

**6. യസ്യ പ്രസ്വാദസോ ഗിരഃ**
**ഉപമശ്രവസഃ പിതുഃ**
**ക്ഷേത്രം ന രണ്വമൂചുഷേ**

*യസ്യ പ്രസ്വാദസഃ ക്ഷേത്രം ന രണ്വം ഗിരഃ* അകത്തു വീടുള്ള വാസസ്ഥാനത്തെപ്പോലെ ആനന്ദകരമായ മൂന്നു ഗാനങ്ങളുണ്ടായിരുന്ന

*ഉപമശ്രവസഃ പിതുഃ ഊചുഷേ* ഉപമശ്രവസ്സിന്റെ അച്ഛനെ ഞാൻ വരിക്കുന്നു.

**7. അധി പുത്രോപമശ്രവോ**
**നപാന്മിത്രാതിഥേരിഹി**
**പിതുഷ്ടേ അസ്മി വന്ദിതാ**

*ഉപമശ്രവഃ പുത്ര മിത്രാതിഥേഃ നപാത് അധീഹി* ഉപമശ്രവസ്സിന്റെ പുത്രാ! മിത്രാതിഥിയുടെ പേരക്കിടാവേ! മനസ്സിലാക്കിയാലും!

*തേ പിതുഃ വന്ദിതാ അസ്മി* നിന്റെ അച്ഛന്റെ സ്തോതാവാണ് ഞാൻ.

**8. യദീശീയാമൃതാനാ–**
**മുത വാ മർത്ത്യാനാം**
**ജീവേദിന്മഘവാ മമ**

*ഉത യദ് അമൃതാനാം മർത്ത്യാനാം വാ ഈശീയ* അമൃതന്മാരുടെയോ മർത്ത്യന്മാരുടെയോ അധിപതിയായിരുന്നെങ്കിൽ

*മമ മഘവാ ജീവേദ് ഇത്* എന്റെ ഉദാരനായ രക്ഷിതാവ് ജീവിക്കുമായിരുന്നു.

**9. ന ദേവാനാമതി വ്രതം**
**ശതാത്മാ ച ന ജീവതി**
**തഥാ യുജാ വി വാവൃതേ**

*ദേവാനാം വ്രതം അതി ശതാത്മാ ച ന ജീവതി* ആരും ദേവന്മാരുടെ നിയമത്തിനപ്പുറം നൂറായുസ്സുള്ളവനായാലും ജീവിക്കുകയില്ല.

*തഥാ യുജാ വി വവൃതേ* അങ്ങനെ ഞാൻ കൂട്ടുകാരനോടു വേർപെടുന്നു.

★

## പത്താം മണ്ഡലം, മുപ്പത്തിനാലാം സൂക്തം

കവഷ ഐലൂഷൻ അഥവാ അക്ഷ മൗഞ്ജവാൻ ഋഷി, 14 പദ്യങ്ങൾ, ത്രിഷ്ടുപ്പ് (ജഗതി 7 ഒഴികെ); കിതവൻ (ചൂതാട്ടക്കാരൻ) ദേവത

ഋഗ്വേദത്തിലെ ഏറ്റവും പ്രസിദ്ധവും ഏറ്റവും വിവർത്തനം ചെയ്യപ്പെട്ടതും ഏറ്റവും പദ്യസമാഹാരങ്ങളിൽ ഉൾക്കൊള്ളിക്കപ്പെട്ടതുമായ സൂക്തം. ജീവസ്സുറ്റതും ഉജ്ജ്വലവുമായ ഇത് പരാജിതനായ ഒരു ചൂതാട്ടക്കാരന്റെ വിഷാദമയമായ വിലാപം ചിത്രീകരിക്കുന്നു. ഹതഭാഗ്യനായ വക്താവ് താൻ ചൂതു കളിക്കുകയോ അതിനെപ്പറ്റി ആലോചിക്കുക പോലുമോ ചെയ്യുമ്പോൾ അവനെ ഗ്രസിക്കുന്ന അപ്രതിരോധ്യമായ ഹരവും (1, 5–9) വ്യക്തിജീവിതത്തിൽ അതുളവാക്കുന്ന ആത്മനിന്ദയും (2–4, 10–11) വിവരിക്കുന്നു. സൂക്തത്തിന്റെ അവസാനഭാഗത്ത് അവൻ ചൂതുകളി ഉപേക്ഷിക്കുമെന്നു പ്രതിജ്ഞ ചെയ്യുകയും (12) സവിതൃദേവൻ അവനെ പൂർവസ്ഥിതിയിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. അവസാനപദ്യം (14) അവൻ ചൂതുകളെ സംബോധന ചെയ്യുകയും അവയോട് തന്നെ ത്യജിച്ച് മറ്റൊരിരയെ കണ്ടുപിടിക്കാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

പ്രാചീനഭാരതത്തിലെ സാംസ്കാരികമണ്ഡലത്തിൽ, വിശേഷിച്ച് രാജാക്കന്മാരുടെയും ഭരണവർഗത്തിന്റെയുമിടയിൽ, ചൂതുകളിക്ക് മുഖ്യമായൊരു സ്ഥാനമുണ്ടായിരുന്നു. *മഹാഭാരത*ത്തിൽ ഇതിനു നൽകിയ പ്രാധാന്യം വ്യക്തമാണല്ലോ.

**1. പ്രാവേപാ മാ ബൃഹതോ മാദയന്തി**
**പ്രവാതേജാ ഇരിണേ വർവൃതാനാഃ**
**സോമസ്യേവ മൗജവതസ്യ ഭക്ഷോ**
**വിഭീദകോ ജാഗൃവിർമഹ്യമച്ഛാൻ.**

*പ്രവാതേജാഃ ബൃഹതഃ ഇരിണേ വർവൃതാനാഃ* കാറ്റു വീശുന്ന സ്ഥലത്ത്, നിതാന്തമായി ചൂതുകളിസ്ഥലത്ത് കറങ്ങുന്ന, വന്മരത്തിൽ ഞാന്നുനിൽക്കുന്ന
പ്രാവേപാഃ മാ മാദയന്തി കുരുക്കൾ എന്നെ മത്തുപിടിപ്പിക്കുന്നു.
*മൗജവതസ്യ സോമസ്യ ഭക്ഷഃ ഇവ* മൂജവാൻ പർവതത്തിൽനിന്നുള്ള സോമകണം പോലെ,
*ജാഗൃവിഃ വിഭീദകഃ മഹ്യം അച്ഛാ* ജാഗരൂകമായ ചൂത് എന്നെ സന്തോഷിപ്പിച്ചിട്ടുണ്ട്.

**2. ന മാ മിമേഥ ന ജിഹീള ഏഷാ**
**ശിവാ സഖിഭ്യ ഉത മഹ്യമാസീത്**
**അക്ഷസ്യാഹമേകപരസ്യ ഹേതോ–**
**രനുവ്രതാമപ ജായാമരോധം**

*ഏഷാ മാ ന മിമേഥ ന ജിഹീളേ* അവൾ എന്നെ എതിർത്തില്ല; ദേഷ്യപ്പെട്ടതുമില്ല.
*സഖിഭ്യഃ ശിവാ ആസീത്* അവൾ എന്റെ സഖാക്കളോടും എന്നോടും അനുഗ്രഹബുദ്ധിയുള്ളവളായിരുന്നു.
*ഏകപരസ്യ അക്ഷസ്യ ഹേതോഃ* ഒരു ചൂതുതന്നെ ധാരാളമാണെന്നതുകൊണ്ട്
*മഹ്യം അനുവ്രതാം ജായാം* എന്നോടനുസരണമുള്ള ഭാര്യയെ
*അഹം അപ അരോധം ഉത* ഞാൻ പുറന്തള്ളുകയും ചെയ്തു.

**3. ദ്വേഷ്ടി ശ്വശ്രൂരപ ജായാ രുണദ്ധി**
**ന നാഥിതോ വിന്ദതേ മർഡിതാരം**
**അശ്വസ്യേവ ജരതോ വസ്നസ്യ**
**നാഹം വിന്ദാമി കിതവസ്യ ഭോഗം.**

*ശ്വശ്രൂഃ ദ്വേഷ്ടി* അവളുടെ ശ്വശ്രു (എന്റെ അമ്മ) എന്നെ വെറുക്കുന്നു;
ജായാ അപ രുണദ്ധി ഭാര്യ എന്നെ പുറന്തള്ളുന്നു.
*നാഥിതഃ മർഡിതാരം ന വിന്ദതേ* വിഷമത്തിൽപ്പെട്ട മനുഷ്യനോട് ആരും ദയ കാട്ടുകയില്ല.
*വസ്നസ്യ ജരതഃ അശ്വസ്യ ഇവ* 'വിൽക്കാനുള്ളൊരു കിഴട്ടുകുതിരയേക്കാൾ
*കിതവസ്യ ഭോഗം അഹം ന വിന്ദാമി* ചൂതാട്ടക്കാരനെക്കൊണ്ട് ഒരുപയോഗവും ഞാൻ കാണുന്നില്ല' – (അവർ പറയുന്നു.)

**4. അന്യേ ജായാം പരി മൃശന്ത്യസ്യ**
**യസ്യാഗൃധദ് വേദനേ വാജ്യക്ഷഃ**
**പിതാ മാതാ ഭ്രാതര ഏനമാഹുർ–**
**ന ജാനീമോ നയതാ ബദ്ധമേതം**

*യസ്യ വേദനേ വാജീ അക്ഷഃ അഗൃധത്* അവന്റെ ധനത്തിൽ സമ്മാനകാംക്ഷിയായ ചൂത് കൊതി വെക്കുന്നു.
*അസ്യ ജായാം അന്യേ പരി മൃശന്തി* അവന്റെ ഭാര്യയെ അന്യന്മാർ പരിലാളിക്കുന്നു.
*പിതാ മാതാ ഭ്രാതരഃ ഏനം* അച്ഛനും അമ്മയും സഹോദര ന്മാരും അവനെപ്പറ്റി
*'ന ജാനീമഃ ബദ്ധം ഏതം നയത' ആഹുഃ* 'ഞങ്ങൾ അവനെ അറിയില്ല; കെട്ടിയിട്ട് അവനെ കൊണ്ടുപോയാലും!' എന്നു പറയുന്നു.

**5. യദാദീധ്യേ ന ദവിഷാണ്യേഭിഃ**
**പരായദ്ഭ്യോവ ഹീയേ സഖിഭ്യഃ**
**ന്യുപ്താശ്ച ബഭ്രവോ വാചമക്രത**
**ഏമീദേഷാം നിഷ്കൃതം ജാരിണീവ**

*യദ് ഏഭിഃ ന ദവിഷാണി ആദീധ്യേ* 'ഞാൻ അവരൊപ്പം കളിക്കുകയില്ല' എന്നു തീരുമാനിക്കുമ്പോൾ
*പരായദ്ഭ്യഃ സഖിഭ്യഃ അവ ഹീയേ* സഖാക്കൾ എന്നെ വിട്ട് പോയ്ക്കളയുന്നു.
*ന്യുപ്താഃ ബഭ്രവഃ വാചം അക്രത ച* പരത്തിയെറിഞ്ഞയുടനെ തവിട്ടുനിറമുള്ള ചൂത് ശബ്ദമുയർത്തുകയും ചെയ്യുന്നു.
*ഏഷാം നിഷ്കൃതം ഇദ് ജാരിണീ ഇവ ഏമി* ഞാനൊന്ന് അവയുടെ സങ്കേതത്തിലേക്ക്, ഒരു പെൺകിടാവ് കാമുകന്റെ അടുക്കലേക്കെന്നപോലെ, പോകുന്നു.

**6. സഭാമേതി കിതവഃ പൃച്ഛമാനോ**
**ജേഷ്യാമീതി തന്വാ ശൂശുജാനഃ**
**അക്ഷാസോ അസ്യ വി തിരന്തി കാമം**
**പ്രതിദീവ്നേ ദധത ആ കൃതാനി**

*കിതവഃ ജേഷ്യാമി ഇതി പൃച്ഛമാനഃ* ചൂതാട്ടക്കാരൻ 'ഞാൻ ജയം നേടുമോ' എന്നു തന്നത്താൻ ചോദിച്ചുകൊണ്ട്,
*തന്വാ ശൂശുജാനഃ സഭാം ഏതി* സ്വയം വീമ്പിളക്കിക്കൊണ്ട്, സഭയിലേക്കു പോകുന്നു.
*കൃതാനി പ്രതിദീവ്നേ ആ ദധതഃ* നേടാനുള്ള ഏറുകൾ എതിരാളിക്കു നൽകിക്കൊണ്ട്
*അക്ഷാസഃ അസ്യ കാമം വി തിരന്തി* ചൂതുകൾ അവന്റെ ആഗ്രഹത്തിന്നെതിരായി പ്രവർത്തിക്കുന്നു.

**7. അക്ഷാസ ഇദങ്കുശിനോ നിതോദിനോ**
**നികൃത്വാനസ്തപനാസ്താപയിഷ്ണവഃ**
**കുമാരദേഷ്ണാ ജയതഃ പുനർഹണോ**
**മധ്വാസംപൃക്താഃ കിതവസ്യ ബർഹണാ**

*അക്ഷാസഃ ഇദ് അങ്കുശിനഃ നിതോദിനഃ* അവ ചൂതുകൾ മാത്രമാണെങ്കിലും കൊളുത്തുകയും തോണ്ടുകയും
*നികൃത്വാനഃ തപനാഃ താപയിഷ്ണവഃ* ചീന്തയാക്കുകയും പൊള്ളിക്കുകയും പൊള്ളിക്കാൻ നോക്കുകയും ചെയ്യുന്നു.
*കുമാരദേഷ്ണാഃ ജയതഃ ബർഹണാ* പിന്നീട് ഒരു കുഞ്ഞിനെപ്പോലെ (താൽക്കാലികമായി) ജേതാവിന്റെ നേരെ തിരിഞ്ഞ്
*പുനർഹണഃ കിതവസ്യ മധ്വാസംപൃക്താഃ* കൈപ്പത്തിയാൽ അടിച്ചുകൊണ്ട്, ചൂതാട്ടക്കാരന്റെമേൽ അധികാരത്തോടുകൂടി തേൻ കലർത്തുന്നു.

**8. ത്രിപഞ്ചാശഃ ക്രീളതി വ്രാത ഏഷാം**
**ദേവ ഇവ സവിതാ സത്യധർമാ**
**ഉഗ്രസ്യ ചിന്മന്യവേ നാ നമന്തേ**
**രാജാ ചിദേഭ്യോ നമ ഇത് കൃണോതി**

*ത്രിപഞ്ചാശഃ ഏഷാം വ്രാതഃ ക്രീളതി* നൂറ്റമ്പതിന്റെ കരുത്തുള്ള ഇവരുടെ സംഘം കളിക്കുന്നു.
*സവിതാ ദേവ ഇവ സത്യധർമാ* സവിതൃദേവന്റെയെന്നപോലെ അവരുടെ നിയമങ്ങൾ സത്യത്തെ മുറുകെ പിടിക്കുന്നു.
*ഉഗ്രസ്യ ചിദ് മന്യവേ ന നമന്തേ* ഉഗ്രന്റെ യുദ്ധക്രോധത്തിനു മുൻപിൽപ്പോലും അവർ തല കുനിക്കുന്നില്ല.
*രാജാ ചിദ് ഏഭ്യഃ നമഃ ഇത് കൃണോതി* രാജാവുപോലും അവർക്കുമുൻപിൽ നമസ്കരിക്കുന്നു.

**9. നീചാ വർത്തന്ത ഉപരി സ്ഫുരന്ത്യ-**
**ഹസ്താസോ ഹസ്തവന്തം സഹന്തേ**
**ദിവ്യാ അംഗാരാ ഇരിണേ ന്യുപ്താഃ**
**ശീതാഃ സന്തോ ഹൃദയം നിർദഹന്തി**

*നീചാ വർത്തന്തേ ഉപരി സ്ഫുരന്തി* അവ താഴോട്ടുരുളുന്നു; മുകളിലേക്കു കുതിച്ചു ചാടുന്നു.
*അഹസ്താസഃ ഹസ്തവന്തം സഹന്തേ* കൈകളില്ലാത്തതുകൊണ്ട് അവ കൈകളുള്ള മനുഷ്യനെ മറികടക്കുന്നു.
*ദിവ്യാഃ അംഗാരാഃ ഇരിണേ ന്യുപ്താഃ* ദിവ്യമായ കൽക്കരികൾ ചൂതുകളിസ്ഥലത്ത് ചിതറുന്നു.
*ശീതാഃ സന്തഃ ഹൃദയം നിർദഹന്തി* തണുത്തവയെങ്കിലും അവ ഹൃദയം ചുട്ടുപൊള്ളിക്കുന്നു.

**10. ജായാ തപ്യതേ കിതവസ്യ ഹീനാ**
**മാതാ പുത്രസ്യ ചരതഃ ക്വ സ്വിത്**
**ഋണാവാ ബിഭ്യദ്ധനമിച്ഛമാനോ-**

**മന്യേഷാമസ്തമുപ നക്തമേതി**

*കിതവസ്യ ജായാ ഹീനാ പുത്രസ്യ മാതാ* ചൂതാട്ടക്കാരന്റെ ഭാര്യ ഉപേക്ഷിച്ചുപോവുകയും കുഞ്ഞിന്റെ അമ്മയായ അവൾ

*ക്വ സ്വിത് ചരതഃ തപ്യതേ* എവിടെയെന്നറിയാതെ അലഞ്ഞ് ചുട്ടുനീറുന്നു.

*ഋണവാ ബിഭ്യദ് ധനം ഇച്ഛമാനഃ* കടത്തിലായി, പേടിച്ച്, പണമന്വേഷിച്ച്

*നക്തം അന്യേഷാം അസ്തം ഉപ ഏതി* അവൻ രാത്രി അന്യരുടെ വീട്ടിലെത്തുന്നു.

**11. സ്ത്രീയം ദൃഷ്ട്വായ കിതവം തതാപാ-**
**ന്യേഷാം ജായാം സുകൃതം ച യോനിം**
**പൂർവാഹ്ണേ അശ്വാൻ യുയുജേ ഹി ബഭ്രൂൻ**
**സോ അഗ്നേരന്തേ വൃഷലഃ പപാദ**

*കിതവഃ അന്യേഷാം ജായാം സ്ത്രീയം* ചൂതാട്ടക്കാരൻ മറ്റുള്ളവരുടെ ഭാര്യയായ സ്ത്രീയെയും

*സുകൃതം യോനിം ച ദൃഷ്ട്വായ തതാപ* നല്ല ചിട്ടയിൽ പോകുന്ന മറ്റു വീടുകളും കണ്ട് തന്നത്താൻ ചുട്ടുപൊള്ളുന്നു.

*പൂർവാഹ്ണേ ബഭ്രൂൻ അശ്വാൻ യുയുജേ ഹി* ദിവസത്തിൽ രാവിലെ മുതൽ അവൻ തന്റെ തവിട്ടുകുതിരകളെ (ചൂതുകൾ) വണ്ടിയിൽ കെട്ടുകയും

*അഗ്നേഃ അന്തേ സഃ വൃഷലഃ പപാദ* അഗ്നിയുടെ അവസാനം മാത്രം (രാത്രി വളരെ വൈകി) ആ 'കൊച്ചുകാള' കിടക്കുകയും (ചൂതാട്ടം വെടിഞ്ഞ് അഭയം തേടി) ചെയ്യുന്നു.

**12. യോ വഃ സേനാനീർമഹതോ ഗണസ്യ**
**രാജാ വ്രാതസ്യ പ്രഥമോ ബഭൂവ**
**തസ്മൈ കൃണോമി ന ധനാ രുണധ്മി**
**ദശാഹം പ്രാചീസ്തദൃതം വദാമി**

*വഃ മഹതഃ ഗണസ്യ യഃ സേനാനീഃ ബഭൂവ* (ചൂതാട്ടക്കാരൻ:) നിങ്ങളുടെ വലിയ ഗണത്തിന്റെ സേനാനിയാത്തീർന്നവനെ,

*വ്രാതസ്യ പ്രഥമഃ രാജാ തസ്മൈ* സംഘത്തിന്റെ ഒന്നാമത്തെ രാജാവിനോട്,

*അഹം ദശ പ്രാചീഃ കൃണോമി* ഞാൻ എന്റെ പത്തു വിരലുകളും ഉയർത്തിക്കാണിക്കുന്നു:

*ധനാ ന രുണധ്മി തദ് ഋതം വദാമി* 'എനിക്കു പണമൊന്നുമില്ല. ഈ സത്യം ഞാൻ പറയുന്നു.'

**13. അക്ഷൈർമാ ദീവ്യഃ കൃഷിമിത് കൃഷസ്വ**
**വിത്തേ രമസ്വ ബഹുമന്യമാനഃ**
**തത്ര ഗാവഃ കിതവ തത്ര ജായാ**
**തന്മേ വി ചഷ്ടേ വി തായമര്യഃ**

*അക്ഷൈഃ മാ ദീവ്യഃ* (സവിതാവ്:) 'ചൂത് കളിക്കാതിരുന്നാലും!

*കൃഷിം ഇത് കൃഷസ്വ* വയലിൽ കൃഷി ചെയ്താലും!

*ബഹു മന്യമാനഃ വിത്തേ രമസ്വ* ഉള്ളത് അധികമെന്നു കരുതി ഉള്ളതിൽ തൃപ്തിയടഞ്ഞാലും

*തത്ര കിതവ ഗാവഃ തത്ര ജായാ* അവിടെ, ചൂതുകളിക്കാരാ! നിനക്കു പൈക്കളുണ്ട്; ഭാര്യയുണ്ട്.'

*തത് സവിതാ അയം അര്യഃ മേ വി ചഷ്ടേ* ഈ രീതിയിൽ സവിതാവ്, അപരിചിതന്റെ രക്ഷകൻ, എന്നെ നിരീക്ഷിക്കുന്നു.

**14. മിത്രം കൃണുധ്വം ഖലു മൃളതാ നോ**
**മാ നോ ഘോരേണ ചരതാഭിധൃഷ്ണു**
**നി വോ നു മന്യുർവിശതാമരാതി-**
**രന്യോ ബഭ്രൂണാം പ്രസിതൗ ന്വസ്തു.**

*മിത്രം കൃണുധ്വം ഖലു നഃ മൃളത* (എല്ലാ ചൂതുകളോടുമായി:) ഇനി ഞങ്ങളുടെ മിത്രമായാലും! ഞങ്ങളോട് കരുണ കാട്ടിയാലും!

*ഘോരേണ ധൃഷ്ണു നഃ മാ അഭി ചരത* ഭീകരമായ മനസ്സു (കണ്ണു) കൊണ്ട് ധീരമായി ഞങ്ങളെ ആഭിചാരം ചെയ്യരുതേ!

*വാം മന്യുഃ നു അരാതിഃ നി വിശതാം* നിങ്ങളുടെ യുദ്ധക്രോധം ഇനി ശത്രുവിലേക്കു പ്രവേശിപ്പിച്ചാലും!

*ബഭ്രൂണാം പ്രസിതൗ അന്യഃ അസ്തു* തവിട്ടുനിറമുള്ളവയുടെ അധ്വാനങ്ങളിൽ മറ്റാരെങ്കിലുമാവട്ടെ!

★

## പത്താം മണ്ഡലം, എഴുപത്തൊന്നാം സൂക്തം

ബൃഹസ്പതി ആംഗിരസൻ ഋഷി; 11 പദ്യങ്ങൾ; ത്രിഷ്ടുപ്പ് (ജഗതി 9 ഒഴികെ); ജ്ഞാനം ദേവത

ഈ സൂക്തം പവിത്രമായ വാക്കിന്റെ ആധിപത്യം വിവരിക്കുന്നു. സോമയജ്ഞങ്ങളനുഷ്ഠിക്കുന്ന പുരോഹിതന്മാർക്ക് അത് അത്യാവശ്യമാണ്. ഈ ആധിപത്യം പുരോഹിതന്മാരെ സഖ്യം സ്ഥാപിക്കുന്നതിലൂടെ ബന്ധിപ്പിക്കുന്നു (2). ഈ ആധിപത്യത്തിന്റെ അളവ് ഒരു പുരോഹിതനെ മറ്റൊരു പുരോഹിതനിൽനിന്നു വേർതിരിക്കുന്നു (4–5, 7–8). അതേ സമയം അനുഷ്ഠാനത്തിൽ പവിത്രവാക്കു പ്രയോഗിക്കുന്നതിൽ ചില പുരോഹിതന്മാർക്കുള്ള അപ്രാപ്തിയോ മനസ്സില്ലായ്മയോ അവരെ അടയാളപ്പെടുത്തുകയും അവരുടെ ആധിപത്യം ഉപയോഗശൂന്യമാക്കുകയും ചെയ്യുന്നു (6–9). കുതിരപ്പന്തയത്തിന്റെ ഭാഷയുപയോഗിച്ച് കവി പുരോഹിതന്മാർ വാക്കിന്റെ ആധിപത്യത്തിലൂടെ ജയിക്കുന്ന "മത്സര"ത്തെപ്പറ്റിയോ "മത്സരങ്ങ"ളെ പ്പറ്റിയോ പറയുന്നു. ഈ മത്സരങ്ങൾക്ക് ഏതു പുരോഹിതന്നാണ് ഏറ്റവും നന്നായി സൂക്തങ്ങൾ രചിക്കാനോ ചൊല്ലാനോ കഴിയുകയെ ന്നും അതുകൊണ്ട് ആരെയാണ് യജ്ഞാനുഷ്ഠാനത്തിൽ പങ്കെടുക്കാൻ വരിക്കേണ്ടതെന്നും നിശ്ചയിക്കാൻ കഴിയും. അത്തരത്തിലുള്ള മത്സരം ഉണ്ടായിരുന്നുവെന്നു പത്താം പദ്യം വിവരിക്കുന്നു. കവി സൂക്തരചയിതാക്കളിൽ ഊന്നുന്നുവെന്നതും ശരിയാണ്. അത് പവിത്രമന്ത്രപ്രഭുവായ ബൃഹസ്പതിയെ പരാമർശിച്ചുകൊണ്ടാണു തുടങ്ങുന്നത്. പുരോഹിതന്മാരുടെ അവസാനപ്പട്ടികയിൽ ബ്രഹ്മർത്വിക്കിനെ മാത്രമേ പേരെടുത്തു പറഞ്ഞിട്ടുമുള്ളൂ. പരസ്പരശ്രദ്ധയ്ക്കും ദേവന്മാരുടെ ആനുകൂല്യത്തിനും വേണ്ടിയുള്ള യജ്ഞങ്ങൾതന്നെയും മത്സരവേദിയാവാം. അങ്ങനെയെങ്കിൽ സൂക്തവാക്കു മാത്രമല്ല, യജ്ഞത്തിലുപയോഗിക്കുന്ന ഏതു വാക്കും ഈ സൂക്തത്തിന്റെ വിഷയമായ വാക്കിൽ വരും. ഈ വിശാലമായ അർഥത്തിലാണ് മൂന്നാം പദ്യത്തിലെ "സപ്തരേഭ"പ്രയോഗമെന്നു തോന്നുന്നു. സപ്തഹോതാക്കളാവാം ഇവർ. അവസാനപദ്യത്തിലെ നാലു തരം ഹോതാക്കളുടെ പരാമർശവും ഇവിടെ ഓർക്കാം.

**1. ബൃഹസ്പതേ പ്രഥമം വാചോ അഗ്രം**
**യത് പ്രൈരത നാമധേയം ദധാനാഃ**
**യദേഷാം ശ്രേഷ്ഠം യദരിപ്രമാസീത്**
**പ്രേണാ തദേഷാം നിഹിതം ഗുഹാവിഃ**

*ബൃഹസ്പതേ വാചഃ പ്രഥമം അഗ്രം* ബൃഹസ്പതേ! (ഇതായിരുന്നു) വാക്കിന്റെ ആദ്യത്തെ തുടക്കം:
*നാമധേയം ദധാനാഃ പ്ര ഐരത* അവർ (ഋഷികൾ) പേരുകൾ തന്നുകൊണ്ടു മുന്നോട്ടുവന്നു.
*യദ് ഏഷാം ശ്രേഷ്ഠം യദ് അരിപ്രം ആസീത്* അവയിൽ ഏറ്റവും നല്ലത്, കുറ്റമറ്റത് ഏത്
*ഏഷാം പ്രേണാ യദ് ഗുഹാ നിഹിതം തദ് ആവിഃ* എന്ന് അവരോടു നിനക്കുള്ള സ്നേഹത്താൽ രഹസ്യമായി വെച്ച ആ (പേര്) അവരോടു വളിപ്പെടുത്തുന്നു.

**2. സക്തുമിവ തിതഉനാ പുനന്തോ**
**യത്ര ധീരാ മനസാ വാചമക്രത**
**അത്രാ സഖായഃ സഖ്യാനി ജാനതേ**
**ഭദ്രൈഷാം ലക്ഷ്മീർനിഹിതാധി വാചി**

*തിതഉനാ സക്തും പുനന്തഃ ഇവ* മുറംകൊണ്ടു ധാന്യത്തെ ചേറി ശുദ്ധീകരിച്ചുകൊണ്ടെന്നപോലെ
*യത്ര ധീരാഃ മനസാ വാചം അക്രത* ബുദ്ധിമാന്മാർ തങ്ങളുടെ മനസ്സുകൊണ്ടു വാക്കു സൃഷ്ടിക്കുമ്പോൾ,
*അത്ര സഖായഃ സഖ്യാനി ജാനതേ* അവിടെ അവർ സഖാക്കളെന്ന നിലയിൽ തങ്ങളുടെ സഖ്യം അറിയുന്നു.
*ഏഷാം വാചി ഭദ്രാ ലക്ഷ്മീഃ അധി നിഹിതാ* ഇവരുടെ വാക്കിൽ മംഗളകരമായ ഐശ്വര്യം നിക്ഷിപ്തമാകുന്നു.

**3. യജ്ഞേന വാചഃ പദവീയമായൻ**
**താമന്വവിന്ദന്നൃഷിഷു പ്രവിഷ്ടാം**
**താമാ ഭൃത്യാ വ്യാദധുഃ പുരുത്രാ**
**താം സപ്ത രേഭാ അഭി സം നവന്തേ**

*യജ്ഞേന വാചഃ പദവീയം ആയൻ* യജ്ഞത്തിലൂടെ അവർ വാക്കിന്റെ പാത പിന്തുടർന്നുകൊണ്ട്
*ഋഷിഷു പ്രവിഷ്ടാം താം അനു അവിന്ദൻ* അവർ ഋഷികളിൽ പ്രവേശിച്ച അവളെ (വാക്കിനെ) കണ്ടെത്തി.
*താം ആഭൃത്യ പുരുത്രാ വി അദധുഃ* അവർ അവളെ (വാക്കിനെ) ഇവിടെ കൊണ്ടുവന്ന് പലേടങ്ങളിൽ വിതറി.
*സപ്ത രേഭാഃ താം അഭി സം നവന്തേ* പരുഷസ്വരങ്ങളുള്ള ഏഴു ഗായകർ അവളോടൊരുമിച്ചു നിലവിളിക്കുന്നു.

**4. ഉത ത്വഃ പശ്യൻ ന ദദർശ വാച–**
**മുത ത്വഃ ശൃണ്വൻ ന ശൃണോത്യേനാം**
**ഉതോ ത്വസ്മൈ തന്വം വി സസ്രേ**
**ജായേവ പത്യ ഉശതീ സുവാസാഃ**

*ഉത ത്വഃ വാചം പശ്യൻ ന ദദർശ* മാത്രമല്ല, ഒരാൾ വാക്കിനെ കണ്ടിട്ടും കാണുന്നില്ല.
*ഉത ത്വഃ ഏനാം ശൃണ്വൻ ന ശൃണോതി* ഒരാൾ അവളെ കേട്ടിട്ടും കേൾക്കുന്നില്ല.

*ഉതോ സുവാസാഃ ഉശതീ ജായാ* കൂടാതെ, അവൾ നല്ല വസ്ത്രം ധരിച്ച കാമിനിയായായ ഭാര്യ
*പത്യേ ഇവ തന്വം വി സസ്രേ* സ്വന്തം ഭർത്താവിന്നെന്നപോലെ, തന്റെ ശരീരത്തെ മറ്റൊരാൾക്കു കാണിച്ചു കൊടുക്കുന്നു.

**5. ഉത ത്വം സഖ്യേ സ്ഥിരപീതമാഹുർ–**
**നൈനം ഹിന്വന്ത്യപി വാജിനേഷു**
**അധേന്വാ ചരതി മായയൈഷ**
**വാചം ശുശ്രുവാനഫലാമപുഷ്പാം**

*ഉത ത്വം സഖ്യേ സ്ഥിരപീതം ആഹുഃ* ഒരാൾ സഖ്യത്തിൽ (സദസ്സിൽ) മുൻപേ ഉറച്ചുപഠിച്ചതു പറയുന്നു.
*ഏനം വാജിനേഷു ന അപി ഹിന്വന്തി* അവർ അവനെ ഒരു മത്സരത്തിലും പ്രചോദിപ്പിക്കുന്നില്ല.
*ഏഷഃ അധേന്വാ മായയാ അഫലാം അപുഷ്പാം* കറവപ്പശുവല്ലാത്ത മായയോടുകൂടി കായോ പൂവോ ഇല്ലാത്ത
*വാചം ശുശ്രുവാൻ ചരതി* വാക്കു കേട്ടുകൊണ്ട് അവൻ (അങ്ങിങ്ങു) നടക്കുന്നു.

**6. യസ്തിത്യാജ സചിവിദം സഖായം**
**ന തസ്യ വാച്യപി ഭാഗോ അസ്തി**
**യദീം ശൃണോത്യലകം ശൃണോതി**
**ന ഹി പ്രവേദ സുകൃതസ്യ പന്ഥാം**

*യഃ സഖായം തിത്യാജ സചിവിദം* സഖ്യമുപേക്ഷിച്ചവൻ ജ്ഞാനത്തിൽ അവനോടു ചേർന്നു;
*തസ്യ വാചി അപി ഭഗഃ ന അസ്തി* അവനു വാക്കിൽ ഒരു പങ്കുമില്ല.
*യദ് ഈം ശൃണോതി അലകം ശൃണോതി* അവൻ അവളെ (വാക്കിനെ) കേൾക്കുമ്പോൾ, നിഷ്ഫലമായി കേൾക്കുന്നു.
*ഹി സുകൃതസ്യ പന്ഥാം ന പ്രവേദ* കാരണം, അവൻ ശരിയായി അനുഷ്ഠിക്കപ്പെട്ട യജ്ഞത്തിന്റെ പാത അറിയുന്നില്ല.

**7. അക്ഷണ്വന്തഃ കർണവന്തഃ സഖായോ**
**മനോജവേഷ്വസമാ ബഭൂവുഃ**
**ആദഘ്നാസ ഉപകക്ഷാസ ഉ ത്വേ**
**ഹ്രദാ ഇവ സ്നാത്വാ ഉ ത്വേ ദദൃശ്രേ**

*അക്ഷണ്വന്തഃ കർണവന്തഃ സഖായഃ* എല്ലാവർക്കും കണ്ണുകളും കാതുകളുമുണ്ടെങ്കിലും സഖാക്കൾ
*മനോജവേഷു അസമാഃ ബഭൂവുഃ* മനസ്സിന്റെ വേഗത്തിൽ ഒരുപോലെയല്ല.
*ഉ ത്വേ ആദഘ്നാസഃ ഉപകക്ഷാസഃ* ചിലർ മുഖംവരെയും തോൾവരെയുമെത്തുന്നത്ര വെള്ളമുള്ള കുളങ്ങളെപ്പോലെയും
*ത്വേ സ്നാത്വാ ഹ്രദാഃ ഇവ ഉ ദദൃശ്രേ* മറ്റുള്ളവ മുങ്ങിക്കുളിക്കാവുന്നത്ര വെള്ളമുള്ള കുളങ്ങളെപ്പോലെയും കാണപ്പെടുന്നു.

**8. ഹൃദാ തഷ്ടേഷു മനസോ ജവേഷു**
**യദ് ബ്രാഹ്മണാഃ സംയജന്തേ സഖായഃ**
**അത്രാഹ ത്വം വി ജഹുർവേദ്യാഭി–**
**രോഹബ്രഹ്മാണോ വി ചരന്ത്യു ത്വേ**

*യദ് ഹൃദാ തഷ്ടേഷു മനസഃ ജവേഷു* ഹൃദയത്തിൽ രൂപപ്പെടുത്തുന്ന മനസ്സിന്റെ വേഗങ്ങളിൽ
*ബ്രാഹ്മണാഃ സഖായഃ സംയജന്തേ* ബ്രാഹ്മണർ സഖാക്കളായി ഒരുമിച്ച് യജ്ഞങ്ങൾ അനുഷ്ഠിക്കുമ്പോൾ,
*അത്ര ത്വം വേദ്യാഭിഃ അഹ വി ജഹുഃ* അവർ തങ്ങൾ ജ്ഞാനരീതികളിൽ തീർച്ചയായും മറ്റുള്ളവരെ പിന്നിലാക്കുകയും
*ഓഹബ്രഹ്മാണഃ ത്വേ വി ചരന്തി ഉ* സ്തുതികളും പവിത്രമന്ത്രങ്ങളുംകൊണ്ടു ചിലർക്കുമുൻപേ നടക്കുകയും ചെയ്യുന്നു.

**9. ഇമേ യേനാർവാങ് ന പരശ്ചരന്തി**
**ന ബ്രാഹ്മണാസോ ന സുതേകരാസഃ**
**ത ഏതേ വാചമഭിപദ്യ പാപയാ**
**സിരീസ്തന്ത്രം തന്വതേ അപ്രജജ്ഞയഃ**

*ഇമേ യേ അർവാക് ന പരഃ ന ചരന്തി* വളരെ അടുത്തോ വളരെ അകലെയോ അല്ലാതെ നടക്കുന്നവരും
*ബ്രാഹ്മണാസഃ ന സുതേകരാസഃ ന* ബ്രാഹ്മണരല്ലാത്തവരും സോമസവനം ചെയ്യാത്തവരുമായ
*തേ ഏതേ അപ്രജജ്ഞയഃ വാചം അഭിപദ്യ* ഇവർ മോശം രീതിയിൽ വാക്കിന്മേൽ വീണിട്ട്
*പാപയാ തന്ത്രം സിരീഃ തന്വതേ* ഒന്നുമുണ്ടാക്കാത്ത വാർപ്പുനൂൽപോലെ അരുവിയിൽ നീണ്ടുകിടക്കുന്നു.

**10. സർവേ നന്ദന്തി യശസാ ഗതേന**
**സഭാസാഹേന സഖ്യാ സഖായഃ**

**കില്ബിഷസ്പൃത് പിതുഷണി ഹ്യേഷാ–**
**മരം ഹിതോ ഭവതി വാജിനായ**

*യശസാ ആഗതേന സഭാസഹേന* മഹിമയിൽ വന്നവനും സഭയിൽ എല്ലാവരെയും അതിക്രമിക്കുന്നവനുമായ
*സഖ്യാ സർവേ സഖായഃ നന്ദന്തി* സഖാവിനോടുകൂടി അവന്റെ എല്ലാ സഖാക്കളും ആനന്ദിക്കുന്നു.
*ഹി ഏഷാം കില്ബിഷസ്പൃത് പിതുഷണിഃ ഭവതി* കാരണം, അവനാണ് തെറ്റുകളിൽനിന്ന് അവരെ രക്ഷിക്കുകയും അവർക്കുവേണ്ടി ജീവസന്ധാരണം നടത്തുകയും ചെയ്യുന്നത്.
*ഹിതഃ വാജിനായ അരം* അങ്ങനെ അവർ ഉചിതമായ തരത്തിൽ മത്സരത്തിലേക്കു പ്രചോദിപ്പിക്കുന്നു.

**11. ഋചാം ത്വഃ പോഷമാസ്തേ പുപുഷ്വാൻ**
**ഗായത്രം ത്വോ ഗായതി ശക്വരീഷു**
**ബ്രഹ്മാ ത്വോ വദതി ജാതവിദ്യാം**
**യജ്ഞസ്യ മാത്രാം വി മിമീത ഉ ത്വഃ**

*ഋചാം പുപുഷ്വാൻ ത്വഃ പോഷം ആസ്തേ* ഋക്കുകളെ പോഷിപ്പിക്കുന്ന ഒരാൾ (ഹോതാവ്) പോഷിപ്പിച്ചുകൊണ്ട് ഇരിക്കുന്നു;
*ത്വഃ ശക്വരീഷു ഗായത്രം ഗായതി* മറ്റൊരാൾ (ഉദ്ഗാതാവ്) ശക്വരീപദ്യങ്ങളിൽ ഗാനമാലപിക്കുന്നു.
*ബ്രഹ്മാ ത്വഃ ജാതവിദ്യാം വദതി* മന്ത്രകർത്താവായ ഒരാൾ (ബ്രഹ്മൻ) തന്നിൽ ജനിച്ച വിദ്യ പറയുന്നു;
*ത്വഃ യജ്ഞസ്യ മാത്രാം വി മിമീതേ ഉ* ഒരാൾ (അധ്വര്യു) യജ്ഞത്തിന്റെ അളവു നിശ്ചയിക്കുന്നു.

★

**പത്താം മണ്ഡലം, എഴുപത്തഞ്ചാം സൂക്തം**

സിന്ധുക്ഷിത് പ്രൈയമേധ ഋഷി; 9 പദ്യങ്ങൾ; ജഗതി; നദികൾ ദേവത

ഈ സൂക്തം നദികളുടെ, വിശേഷിച്ച് ഇവിടെ മുഖ്യനദിയായി അവതരിപ്പിക്കുന്ന സിന്ധുവിന്റെ, മാഹാത്മ്യം എടുത്തുപറയുന്നു. അതിലേക്കാണല്ലോ മറ്റെല്ലാം ഒഴുകുന്നത് (4). സരസ്വതീസൂക്തങ്ങളെപ്പോലെ ഇതും പ്രകൃതിപരമായ വർണനയോടൊപ്പം (3, 7) സുന്ദരിയായ സ്ത്രീ, സമ്മാനജേതാവായ കുതിര എന്നീ നിലകളിലും വർണനമുൾക്കൊള്ളുന്നു. 5–6 പദ്യങ്ങളിലെ നദികളുടെ പേരുകൾ കൊണ്ട് ഈ സൂക്തം സവിശേഷം ശ്രദ്ധേയമത്രേ. അവയെ പണ്ഡിതലോകം ഭൂമിശാസ്ത്രപരമായ വിജ്ഞാനത്തിന്റെ ഖനിയായി കാണുന്നു.

**1. പ്ര സു വ ആപോ മഹിമാനമുത്തമം**
**കാരുർവോചാതി സദനേ വിവസ്വതഃ**
**പ്ര സപ്തസപ്ത ത്രേധാ ഹി ചക്രമുഃ**
**പ്ര സൃത്വരീണാമതി സിന്ധുരോജസാ**

*ആപഃ വഃ ഉത്തമം മഹിമാനം* വെള്ളമേ! നിന്റെ അത്യുന്നതമായ മഹിമയെപ്പറ്റി
*കാരുഃ വിവസ്വതഃ സദനേ സു പ്ര വോചാതി* ഗായകൻ വിവസ്വാന്റെ ഇരിപ്പിടത്തിൽ (യജ്ഞഭൂമിയിൽ) നന്നായി പറയുന്നു.
*ഹി ത്രേധാ സപ്തസപ്ത പ്ര ചക്രമുഃ* കാരണം, അത് മൂന്നു ഘട്ടങ്ങളിലായി ഏഴുവീതം തവണ പ്രവഹിച്ചു.
*സൃത്വരീണാം സിന്ധുഃ ഓജസാ അതി പ്ര* (മറ്റു) പ്രവാഹ(ജല)ത്തിന്നപ്പുറം സിന്ധു തന്റെ ശക്തിയോടുകൂടി (ഒഴുകി.)

**2. പ്ര തേരദദ് വരുണോ യാതവേ പഥഃ**
**സിന്ധോ യദ് വാജാനഭ്യദ്രവസ്ത്വം**
**ഭൂമ്യാ അധി പ്രവതാ യാസി സാനുനാ**
**യദേഷാമഗ്രം ജഗതാമിരജ്യസി**

*സിന്ധോ യത് ത്വം വാജാൻ അഭി അദ്രവഃ* സിന്ധോ! നീ സമ്മാനങ്ങൾക്കുവേണ്ടി ഓടുമ്പോൾ,
*വരുണഃ തേ യാതവേ പഥഃ പ്ര അരദത്* വരുണൻ നിനക്കു സഞ്ചരിക്കുന്നതിനുവേണ്ടി വഴികൾ കുഴിച്ചു.
*യദ് ഏഷാം ജഗതാം അഗ്രം ഇരജ്യസി* ഈ ജംഗമ(വസ്തുക്കളുടെ) മുൻനിര നിയന്ത്രിക്കുമ്പോൾ,
*ഭൂമ്യാഃ സാനുനാ അധി പ്രവതാ യാസി* നീ ഭൂമിയുടെ പിൻപുറത്തെ ചരുവിലൂടെ സഞ്ചരിക്കുന്നു.

**3. ദിവി സ്വനോ യതതേ ഭൂമ്യോപ–**
**ര്യനന്തം ശുഷ്മമുദിയർത്തി ഭാനുനാ**
**അഭ്രാദിവ പ്ര സ്തനയന്തി വൃഷ്ടയഃ**
**സിന്ധുർയദേതി വൃഷഭോ ന രോരുവത്**

*സ്വനഃ ഭൂമ്യാ ഉപരി ദിവി യതതേ* അതിന്റെ ശബ്ദം ഭൂമിയുടെ മുകളിൽ സ്വർഗത്തിലെ സ്വസ്ഥാനത്തിരിക്കുന്നു.
*ഭാനുനാ അനന്തം ശുഷ്മം ഉദ് ഇയർത്തി* അത് പ്രകാശത്തോടൊപ്പം അനന്തമായി ഉച്ഛ്വാസം മേല്പോട്ടയയ്ക്കുന്നു.
*യത് സിന്ധുഃ രോരുവത് വൃഷഭഃ ന ഏതി* സിന്ധു എപ്പോഴും മുക്രയിടുന്ന കാളയെപ്പോലെ പോകുമ്പോൾ,
*അഭ്രാദ് വൃഷ്ടയഃ ഇവ പ്ര സ്തനയന്തി* മേഘത്തിൽനിന്നു മഴകളെപ്പോലെ, അതിന്റെ "മഴകൾ" ഇടിമുഴക്കുന്നു.

**4. അഭി ത്വാ സിന്ധോ ശിശുമിന്ന മാതരോ**
**വാശ്രാ അർഷന്തി പയസേവ ധേനവഃ**
**രാജേവ യുധ്വാ നയസി ത്വമിത് സിചൗ**
**യദാസാമഗ്രം പ്രവതാമിനക്ഷസി**

*സിന്ധോ വാശ്രാഃ ധേനവഃ ഇവ മാതരഃ* സിന്ധോ! കറവപ്പശുക്കളെപ്പോലെ അമ്മമാർ
*ശിശും ഇദ് ന പയസാ* കുഞ്ഞുങ്ങളുടെ അടുത്തേക്കെന്നപോലെ, അവ (പോഷകനദികൾ) തങ്ങളുടെ പാലോടുകൂടി
*ത്വാ അഭി അർഷന്തി* മുക്രയിട്ടുകൊണ്ടു നിന്നിലേക്കു കുതിക്കുന്നു.
*യത് ത്വം ഇത് പ്രവതാം* നീതന്നെയാണ് ചരുവിലൂടെ ഒഴുകുന്ന
*ആസാം അഗ്രം ഇനക്ഷസി* ഈ വെള്ളത്തിന്റെ മുൻനിരയിലെത്താനിച്ഛിക്കുമ്പോൾ,
*യുധ്വാ രാജാ ഇവ സിചൗ നയസി* യുദ്ധം ചെയ്യുന്ന രാജാവിനെപ്പോലെ (സേനയുടെ) രണ്ടു കരകളെയും നയിക്കുന്നത്.

**5. ഇമം മേ ഗംഗേ യമുനേ സരസ്വതി**
**ശുതുദ്രി സ്തോമം സചതാ പരുഷ്ണ്യാ**
**അസിക്ന്യാ മരുദ്വൃധേ വിതസ്ത–**
**യാർജികീയേ ശൃണുഹ്യാ സുഷോമയാ**

*ആ ഗംഗേ യമുനേ സരസ്വതി ശുതുദ്രി* ഇവിടെ ഗംഗേ! യമുനേ! സരസ്വതീ! ശുതുദ്രീ!

*പരുഷ്ണി അസിക്ന്യാ മരുദ്വൃധേ* പരുഷ്ണീ! അസിക്നിയോടുകൂടിയ മരുദ്വൃധേ!
*വിതസ്തയാ സുഷോമയാ ആർജികീയേ* വിതസ്തയോടും സുഷോമയോടുംകൂടിയ ആർജീകീയേ!
*മേ ഇമം സ്തോമം ശൃണുഹി ആ സചത* എന്റെ ഈ സ്തുതി ശ്രദ്ധിക്കുകയും കേൾക്കുകയും ചെയ്താലും!

**6. തൃഷ്ടാമയാ പ്രഥമം യാതവേ സജൂഃ**
**സുസർത്ത്വാ രസയാ ശ്വേത്യാ ത്യാ**
**ത്വം സിന്ധോ കുഭയാ ഗോമതീം ക്രുമും**
**മേഹത്ന്വാ സരഥം യാഭിരീയസേ**

*പ്രഥമം തൃഷ്ടാമയാ സജൂഃ* ആദ്യം തൃഷ്ടാമയോടു ചേർന്നും
*സുസർത്ത്വാ രസയാ ത്യാ ശ്വേത്യാ* (പിന്നീട്) സുസർത്തുവോടും രസയോടും ഈ ശ്വേത്യയോടും ചേർന്നും
*ത്വം സിന്ധോ കുഭയാ ഗോമതീം* നീ, സിന്ധോ! കുഭയോടുകൂടി ഗോമതിയിലേക്കും
*മേഹത്ന്വാ ക്രുമും സരഥം* മേഹത്നുവോടുകൂടി ക്രുമുവിലേക്കും അതേ തേരിൽ
*യാഭിഃ യാതവേ ഈയസേ* ഇവയെല്ലാറ്റിനോടുംകൂടി നീ വേഗത്തിൽ പോകുന്നു.

**7. ഋജീത്യേനീ രുശതീ മഹിത്വാ**
**പരി ജ്രയാംസി ഭരതേ രജാംസി**
**അദബ്ധാ സിന്ധുരപസ്മപസ്ത–**
**മാശ്വാ ന ചിത്രാ വപുഷീവ ദർശതാ**

*ഋജീതീ ഏനീ രുശതീ* തന്റെ വഴിയിൽ നേരെ പോകുന്നവളും പുള്ളികളുള്ളവളും പ്രകാശമാനയും
*മഹിത്വാ ജ്രയാംസി രജാംസി പരി ഭരതേ* മഹിമയിൽ വികാസങ്ങളാലുള്ള സാന്ധ്യസാമ്രാജ്യങ്ങൾ ഭരിക്കുന്ന വളും
*അദബ്ധാ അപസാം അപസ്തമാ* ചതിക്കാത്തവളും തിരക്കുള്ളവരിൽ ഏറ്റവും തിരക്കുള്ളവളും
*അശ്വാ ന ചിത്രാ സിന്ധുഃ* പെൺകുതിരയെപ്പോലെ ശബളോജ്ജ്വലയുമായ സിന്ധു
*വപുഷീ ഇവ ദർശതാ* സുന്ദരിയെപ്പോലെ ദർശനീയയത്രേ.

**8. സ്വശ്വാ സിന്ധുഃ സുരഥാ സുവാസാ**
**ഹിരണ്യയീ സുകൃതാ വാജിനീവതീ**
**ഊർണാവതീ യുവതിഃ സീലമാവ–**
**ത്യുതാധി വസ്തേ സുഭഗാ മധുവൃധം**

*സിന്ധുഃ സ്വശ്വാ സുരഥാ സുവാസാഃ* സിന്ധു നല്ല കുതിരകളും നല്ല തേരുകളും നല്ല വസ്ത്രങ്ങളുമുള്ളവളും
*ഹിരണ്യയീ സുകൃതാ വാജിനീവതീ* സ്വർണവർണയും നന്നായി രൂപപ്പെട്ടവളും സമ്മാനപ്പെൺകുതിരക ളിൽ സമ്പന്നയുമത്രേ.
*യുവതിഃ ഊർണാവതീ സീലമാവതീ* ഈ യുവതി രോമങ്ങളിലും (പതകളിൽ) സസ്യങ്ങളിലും സമൃദ്ധയും
*ഉത സുഭഗാ മധുവൃധം അധി വസ്തേ* സുഭഗയും തേൻ വഴിയുന്ന വസ്ത്രങ്ങൾ ധരിക്കുന്നവളുമാകുന്നു.

**9. സുഖം രഥം യുയുജേ സിന്ധുരശ്വിനം**
**തേന വാജം സനിഷദസ്മിന്നാജൗ**
**മഹാൻ ഹ്യസ്യ മഹിമാ പനസ്യ–**
**തേദബ്ധസ്യ സ്വയശസോ വിരപ്ശിനഃ**

*സിന്ധുഃ സുഖം രഥം അശ്വിനം യുയുജേ* സിന്ധു തന്റെ സുഖകരമായ തേരിൽ കുതിരകളെ കെട്ടുന്നു.
*തേന അസ്മിൻ ആജൗ വാജം സനിഷത്* അതുകൊണ്ട് അവൾ ഈ മത്സരത്തിൽ സമ്മാനം നേടട്ടെ!
*ഹി മഹാൻ അസ്യ മഹിമാ പനസ്യതേ* എന്തെന്നാൽ, മഹത്തായ അതിന്റെ മഹിമ പ്രശംസ പിടിച്ചുപറ്റുന്നു.
*അദബ്ധസ്യ സ്വയശസഃ വിരപ്ശിനഃ* അത് ചതിക്കാത്തതും സ്വയംമാഹാത്മ്യമുള്ളതും ധാരാളം നൽകുന്നതു മാകുന്നു.

★

## പത്താം മണ്ഡലം, എഴുപത്താറാം സൂക്തം

ജരത്കർണ ഐരാവതൻ എന്ന സർപ്പം ഋഷി; 8 പദ്യങ്ങൾ; ജഗതി; പിടിക്കല്ലുകൾ ദേവത

പിടിക്കല്ലുകൾക്കു സമർപ്പിക്കപ്പെട്ട മൂന്നു സൂക്തങ്ങളിൽ ഇതാണ് ആലങ്കാരികമായി കൂടുതൽ മികവുറ്റത്.

**1. ആ വ ഋഞ്ജസ ഊർജാം വ്യുഷ്ടി–**
**ഷ്വിന്ദ്രം മരുതോ രോദസീ അനക്തന**
**ഉഭേ യഥാ നോ അഹനീ സചാഭുവാ**
**സദഃ സദോ വരിവസ്യാത ഉദ്ഭിദാ**

*ഊർജാം വ്യുഷ്ടിഷു വഃ ആ ഋഞ്ജസേ* ഭക്ഷണത്തിന്റെ ആദ്യത്തെ പ്രഭാതങ്ങളിൽ ഞാൻ നിങ്ങളുടെ നേരെ വരുന്നു.

*ഇന്ദ്രം മരുതഃ രോദസീ അനക്തന* ഇന്ദ്രനെയും മരുത്തുക്കളെയും രണ്ടു ലോകാർധങ്ങളെയും അഭിഷേചിച്ചാലും!

*യഥാ ഉഭേ അഹനീ സചാഭുവാ* അതുകൊണ്ട് രാവും പകലും പങ്കാളിത്തത്തോടെ

*നഃ സദഃ സദഃ ഉദ്ഭിദാ വരിവസ്യാതഃ* ഞങ്ങൾക്കുള്ള ഓരോ ഇരിപ്പിടവും, പൊട്ടുമ്പോൾ, വിസ്തൃതമാക്കുന്നു.

**2. തദു ശ്രേഷ്ഠം സവനം സുനോത–**
**നാത്യോ ന ഹസ്തയതോ അദ്രിഃ സോതരി**
**വിദദ്ധ്യര്യോ അഭിഭൂതി പൗംസ്യം**
**മഹോ രായേ ചിത് തരുതേ യദർവതഃ**

*തദ് ഉ സവനം ശ്രേഷ്ഠം സുനോതന* ഈ സവനം ഏറ്റവും നന്നായി സവനം ചെയ്താലും!

*ഹസ്തയതഃ അത്യഃ ന അദ്രിഃ സോതരി* കൈകളാൽ നിയന്ത്രിക്കപ്പെട്ട ഒരു പന്തയക്കുതിരയെപ്പോലെ പിടിക്കല്ല് സവനം ചെയ്യുന്നവന്റെ (നിയന്ത്രണത്തി)ലത്രേ.

*ഹി അര്യഃ അഭിഭൂതി പൗംസ്യം വിദദ്* അത് അപരിചിതനെ അതിക്രമിക്കുന്ന പൗരുഷശക്തി കണ്ടെത്തുന്നതുകൊണ്ട്,

*മഹഃ രായേ ചിദ് യദ് അർവതഃ തരുതേ* മഹത്തായ ധനത്തിനുവേണ്ടി (സവനം ചെയ്യുന്നവനും) പടക്കുതിര (പിടിക്കല്ല്)യിൽനിന്നു (വരുന്ന ആ പൗരുഷശക്തി) നൽകുന്നു.

**3. തദിധ്യസ്യ സവനം വിവേരപോ**
**യഥാ പുരാ മനവേ ഗാതുമശ്രേത്**
**ഗോഅർണസി ത്വാഷ്ട്രേ അശ്വനിർണിജി**
**പ്രേമധ്വരേഷ്വധ്വരാനശിശ്രയുഃ**

*ഹി അസ്യ തത് സവനം ഇത് അപഃ* കാരണം, അത് ഈ സവനത്തിൽത്തന്നെയുള്ള അധ്വാനം

*യഥാ പുരാ മനവേ ഗാതും അശ്രേത് വിവേഃ* മുൻപ് (ഇന്ദ്രൻ) മനുവിനുവേണ്ടി വഴിയൊരുക്കിയതുപോലെ വ്യാപിക്കട്ടെ!

*ഗോഅർണസി അശ്വനിർണിജി* പശുക്കളുടെ വെള്ളപ്പൊക്കമുണ്ടാക്കുന്നതും കുതിരകളെ അണിനിരത്തിയതുമായ

*ത്വാഷ്ട്രേ ഈം അധ്വരാൻ അധ്വരേഷു പ്ര അശിശ്രയുഃ* ത്വാഷ്ട്രന്റെ (സ്വത്തിന്) അവർ യജ്ഞത്തിനുമേൽ യജ്ഞമൊരുക്കുന്നു.

**4. അപ ഹത രക്ഷസോ ഭംഗുരാവതഃ**
**സ്കഭായത നിരൃതിം സേധതാമതിം**
**ആ നോ രയിം സർവവീരം സുനോതന**
**ദേവാവ്യം ഭരത ശ്ലോകമദ്രയഃ**

*രക്ഷസഃ ഭംഗുരവതഃ അപ ഹത* രക്ഷസ്സുകളെ അവരുടെ കപ്പൽച്ചേതത്തിലൂടെ തകർത്താലും!

*നിരൃതിം സ്കഭായത അമതിം സേധത* പ്രളയം തടയുകയും അശ്രദ്ധ തുടച്ചുമാറ്റുകയും ചെയ്താലും!

*നഃ സർവവീരം രയിം ആ സുനോതന* ഞങ്ങൾക്ക് ആരോഗ്യവാന്മാരായ വീരന്മാരിലുള്ള സമ്പത്ത് പിഴിഞ്ഞെടുത്താലും!

*അദ്രയഃ ദേവാവ്യം ശ്ലോകം ഭരത* പിടിക്കല്ലുകളേ! ദേവന്മാരെ പിന്തുടരുന്ന ശബ്ദമുണ്ടാക്കിയാലും!

**5. ദിവശ്ചിദാ വോമവത്തരേഭ്യോ**
**വിഭ്വനാ ചിദാശ്വപസ്തരേഭ്യഃ**
**വായോശ്ചിദാ സോമരഭസ്തരേ–**
**ഭ്യോഗ്നേശ്ചിദർച്ച പിതുകൃത്തരേഭ്യഃ**

*ദിവഃ ചിദ് ആ അമവത്തരേഭ്യഃ* സ്വർഗത്തേക്കാളും അതിഘോരവും

*വിഭ്വനാ ചിദ് ആശ്വപസ്തരേഭ്യഃ* വിഭ്വാവേക്കാളും വേഗത്തിൽ പ്രവർത്തിക്കുന്നവരും

*വായോഃ ചിദ് സോമരഭസ്തരേഭ്യഃ* വായുവേക്കാളും സോമലഹരി പിടിച്ചവരും

*അഗ്നേഃ ചിത് പിതുകൃത്തരേഭ്യഃ വഃ ആ അർച്ച* അഗ്നിയേക്കാളും നന്നായി ഭക്ഷണം തയ്യാറാക്കുന്നവരുമായ നിങ്ങളെ സ്തുതിച്ചാലും!

**6. ഭുരന്തു നോ യശസഃ സോത്വന്ധസോ**
**ഗ്രാവാണോ വാചാ ദിവിതാ ദിവിത്മതാ**
**നരോ യത്ര ദുഹതേ കാമ്യം മ–**
**ധ്വാഘോഷയന്തോ അഭിതോ മിഥസ്തുരഃ**

*അഭിതഃ മിഥസ്തുരഃ വാചാ ആഘോഷയന്തഃ* അവ (പിടിക്കല്ലുകൾ) അന്യോന്യം മുറിച്ചുകടക്കവേ (സ്വർഗഭൂമികളെ) ശബ്ദം കേൾപ്പിച്ചുകൊണ്ട്
*യത്ര നരഃ കാമ്യം മധു ദുഹതേ* ഉന്നതപുരുഷർ തങ്ങൾക്കുവേണ്ടി അഭിലഷണീയമായ തേൻ കറക്കുമ്പോൾ,
*യശസഃ ഗ്രാവാണഃ നഃ* യശസ്സുറ്റ പിടിക്കല്ലുകൾ ഞങ്ങൾക്കായി
*ദിവിത്മതാ ദിവിതാ സോതു* സ്വർഗബദ്ധവും സ്വർഗീയവുമായി ഉറക്കെ ശബ്ദിക്കട്ടെ!
*അന്ധസഃ ഭുരന്തു* അവ തണ്ടിൽനിന്നു സോമം പിഴിയട്ടെ!

**7. സുന്വന്തി സോമം രഥിരാസോ അദ്രയോ**
**നിരസ്യ രസം ഗവിഷോ ദുഹന്തി തേ**
**ദുഹന്ത്യൂധരുപസേചനായ കം**
**നരോ ഹവ്യാ ന മർജയന്ത ആസഭിഃ**

*അദ്രയഃ രഥിരാസഃ സോമം സുന്വന്തി* പിടിക്കല്ലുകളും തേരാളികളും സോമസവനം ചെയ്യുന്നു.
*തേ അസ്യ ഗവിഷഃ രസം നിഃ ദുഹന്തി* അവ പശുക്കളെ ഇച്ഛിക്കുന്നവന്റെ രസം കറക്കുന്നു.
*ഉപസേചനായ ഊധഃ കം ദുഹന്തി* അതു പുറത്തേക്കു പകരുന്നതിന് അവ അകിടു കറക്കുന്നു.
നരഃ ആസഭിഃ ഹവ്യാ ന മർജയന്തേ ഉന്നതപുരുഷരായി അവ (സോമത്തെ), തങ്ങളുടെ വായകൾകൊണ്ട് ഹവിസ്സുകളെന്നപോലെ, വരിക്കുന്നു.

**8. ഏതേ നരഃ സ്വപസോ അഭൂതന**
**യ ഇന്ദ്രായ സുനുഥ സോമമദ്രയഃ**
**വാമം വാമം വോ ദിവ്യായ ധാമ്നേ**
**വസു വസു വഃ പാർഥിവായ സുന്വതേ**

*യേ നരഃ ഏതേ വഃ അദ്രയഃ ഇന്ദ്രായ* ഉന്നതപുരുഷരായ ഈ നിങ്ങൾ പിടിക്കല്ലുകൾ ഇന്ദ്രനുവേണ്ടി
*സോമം സുനുഥ സ്വപസഃ അഭൂതന* സോമം പിഴിഞ്ഞെടുക്കുന്ന നല്ല പ്രവർത്തകരായിത്തീർന്നാലും!
*വഃ വാമം വാമം ദിവ്യായ ധാമ്നേ* നിങ്ങളുടെ വിലപ്പെട്ട ഓരോ വസ്തുവും സ്വർഗസാമ്രാജ്യത്തിനുവേണ്ടിയും
*വസു വസു പാർഥിവായ സുന്വതേ* നല്ല ഓരോ വസ്തുവും ഭൂമിയിൽ സവനം ചെയ്യുന്നവനുവേണ്ടിയുമാക്കിയാലും!

★

**പത്താം മണ്ഡലം, എൺപത്തിമൂന്നാം സൂക്തം**

മന്യു താപസൻ ഋഷി; 7 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ജഗതി 1 ഒഴികെ); മന്യു (യുദ്ധരോഷം) ദേവത

ഈ സൂക്തം മന്യുവെ, അതിന്റെ ശക്തിയെയും വിജയം കൈവരുത്തുന്ന ഗുണങ്ങളെയും, സ്തുതിക്കുകയും അവയെ തങ്ങളുടെ ശത്രുക്കൾക്കെതിരായി ഉപയോഗിക്കാൻ അതിനോട് അപേക്ഷിക്കുകയും ചെയ്യുന്ന നാലു പദ്യങ്ങളോടുകൂടി തുടങ്ങുന്നു. തുടർന്നു ള്ള മൂന്നു പദ്യങ്ങൾ (5–7) കൂടുതൽ വ്യക്തിപരമായ സ്വരമുള്ളതും വക്താവിനെ മന്യു ഇടയിൽ അനിശ്ചിതമായ കാരണങ്ങളാൽ കൈവിട്ടതിനാൽ അതിനെ വീണ്ടും തിരിച്ചു തന്റെ പക്ഷത്താക്കി ശത്രുവെ ഒന്നിച്ചെതിർക്കാമെന്നപേക്ഷിക്കുന്നതുമാണ്.

**1. യസ്തേ മന്യോവിധദ് വജ്ര സായക**
**സഹ ഓജഃ പുഷ്യതി വിശ്വമാനുഷക്**
**സാഹ്യാമ ദാസമാര്യം ത്വയാ യുജാ**
**സഹസ്കൃതേന സഹസാ സഹസ്വതാ**

*മന്യോ വജ്ര സായക യഃ തേ അവിധത്* മന്യോ (യുദ്ധരോഷമേ)! വജ്രമേ! ശരമേ! നിന്നെ ബഹുമാനിക്കുന്നവൻ
*വിശ്വം സഹഃ ഓജഃ ആനുഷക് പുഷ്യതി* എല്ലാ വിജയശക്തികളിലും കരുത്തിലും ക്രമത്തിൽ അഭിവൃദ്ധിപ്പെടുന്നു.
*യുജാ ത്വയാ സഹസ്കൃതേന സഹസാ* ഞങ്ങൾ കൂട്ടുകാരനായ നിന്നോടുകൂടി ശക്തിയാൽ സൃഷ്ടിക്കപ്പെട്ട ശക്തിയോടെ
*സഹസ്വതാ ദാസം ആര്യം സഹ്യാമ* ശക്തിയുള്ളവനായി ദാസനെയും ആര്യനെയും ജയിക്കട്ടെ!

**2. മന്യുരിന്ദ്രോ മന്യുരേവാസ ദേവോ**
**മന്യുർഹോതാ വരുണോ ജാതവേദാഃ**
**മന്യും വിശ ഈളതേ മാനുഷീര്യാഃ**
**പാഹി നോ മന്യോ തപസാ സജോഷാഃ**

*മന്യുഃ ഇന്ദ്രഃ മന്യുഃ ഏവ ദേവഃ ആസ* മന്യുവായിരുന്നു ഇന്ദ്രൻ; (ഓരോ) ദേവനും മന്യുവായിരുന്നു.
*മന്യുഃ ഹോതാ വരുണഃ ജാതവേദാഃ* ഹോതാവും വരുണനും ജാതവേദസ്സും മന്യുവായിരുന്നു.
*യാഃ മാനുഷീഃ വിശഃ മന്യും ഈളതേ* മനുവിൽനിന്നു കിളിർക്കുന്ന ഗോത്രങ്ങൾ മന്യുവെ വിളിക്കുന്നു.
*മന്യോ തപസാ സജോഷാഃ നഃ പാഹി* മന്യോ! ആവേശത്തോടുകൂടി ഞങ്ങളെ രക്ഷിച്ചാലും!

**3. അഭീഹി മന്യോ തവസസ്തവീയാൻ**
**തപസാ യുജാ വി ജഹി ശത്രൂൻ**
**അമിത്രഹാ വൃത്രഹാ ദസ്യുഹാ ച**
**വിശ്വാ വസൂന്യാ ഭരാ ത്വം നഃ**

*മന്യോ തവസഃ തവീയാൻ അഭി ഇഹി* മന്യോ! ശക്തനേക്കാൾ ശക്തനായി ആക്രമിച്ചാലും!
*തപസാ യുജാ ശത്രൂൻ വി ജഹി* ആവേശത്തോടെ കൂട്ടുകാരനായി ഞങ്ങളുടെ ശത്രുക്കളെ ഹനിച്ചാലും!
*അമിത്രഹാ വൃത്രഹാ ദസ്യുഹാ ച* ശത്രുഹന്താവും തടസ്സങ്ങൾ തകർക്കുന്നവനും ദസ്യുക്കളെ കൊല്ലുന്നവനുമായി
*ത്വം വിശ്വാ വസൂനി നഃ ആ ഭര* നീ എല്ലാ നല്ല വസ്തുക്കളും ഞങ്ങൾക്ക് ഇവിടെ കൊണ്ടുവന്നാലും!

**4. ത്വം ഹി മന്യോ അഭിഭൂത്യോജാഃ**
**സ്വയംഭൂർഭാമോ അഭിമാതിഷാഹഃ**
**വിശ്വചർഷണിഃ സഹുരിഃ സഹാവാ–**
**നസ്മാസ്വോജഃ പൃതനാസു ധേഹി**

*ഹി മന്യോ ത്വം അഭിഭൂത്യോജാഃ* എന്തെന്നാൽ, മന്യോ! നീ അതിക്രമിക്കുന്ന കരുത്തുള്ളവനത്രേ.
*സ്വയംഭൂഃ ഭാമഃ അഭിമാതിസഹഃ* തന്നത്താൻ ജനിച്ച ക്രോധവും ശത്രുവിജയിയുമാണ്.
*വിശ്വചർഷണിഃ സഹുരിഃ സഹാവാൻ* എല്ലാ സാമ്രാജ്യങ്ങൾക്കും പൊതുവായുള്ളവനും ജയശീലനും ജയിക്കാൻ കരുത്തുള്ളവനുമാകുന്നു.
*അസ്മാസു പൃതനാസു ഓജഃ ധേഹി* ഞങ്ങൾക്കു യുദ്ധത്തിൽ ശക്തി തന്നാലും!

**5. അഭാഗഃ സന്നപ പരേതോ അസ്മി**
**തവ ക്രത്വാ തവിഷസ്യ പ്രചേതഃ**
**തം ത്വാ മന്യോ അക്രതുർജിഹീളാഹം**
**സ്വാ തനൂർബലദേയായ മേഹി**

*തവിഷസ്യ പ്രചേതഃ തവ ക്രത്വാ* ശക്തനും വകതിരിവുള്ളവനുമായ നിന്റെ നിശ്ചയം നിമിത്തം
*അഭാഗഃ സൻ അപ പരേതഃ അസ്മി* ഭാഗ്യമില്ലാത്തവനായി ഞാൻ അങ്ങകലെ പോയിരിക്കയാണ്.
*മന്യോ തം ത്വാ അക്രതുഃ അഹം ജിഹീള* മന്യോ! ആ നിന്നോട് ഉദ്ദേശ്യപൂർവമല്ല ഞാൻ കോപിച്ചത്.
*ബലദേയായ സ്വാ തനൂഃ മാ ആ ഇഹി* ബലം തരാൻ നീ നേരിട്ട് എന്റെ അടുത്തേക്കു വന്നാലും!

**6. അയം തേ അസ്മ്യുപ മേഹ്യർവാങ്**

**പ്രതീചീനഃ സഹുരേ വിശ്വധായഃ**
**മന്യോ വജ്രിന്നഭി മാമാ വവൃത്സ്വ**
**ഹനാവ ദസ്യൂനുത ബോധ്യാപേഃ**
*തേ അയം അസ്മി* നിന്റെ ഈയുള്ളവൻ ഇവിടെയുണ്ട്.
*വിശ്വധായഃ സഹുരേ* എല്ലാവരെയും മുല കുടിപ്പിക്കുന്ന വിജയശീലാ!
*മാ അർവാക് പ്രതീചീനഃ ഉപ ഇഹി* എന്റെ അരികിലേക്ക് എനിക്കഭിമുഖമായി നേരെ വന്നാലും!
*മന്യോ വജ്രിൻ ആ മാം അഭി വവൃത്സ്വ* മന്യോ! വജ്രധരാ! ഇവിടെ എന്റെ നേർക്കു തിരിഞ്ഞാലും!
*ദസ്യൂൻ ഹനാവ ഉപ ആപേഃ ബോധി* നമുക്കിരുവർക്കും ദസ്യുക്കളെ തകർക്കാം; നിന്റെ സുഹൃത്തിനെക്കുറിച്ചു ശ്രദ്ധിച്ചാലും!

**7. അഭി പ്രേഹി ദക്ഷിണതോ ഭവാ**
**മേധാ വൃത്രാണി ജംഘനാവ ഭൂരി**
**ജുഹോമി തേ ധരുണം മധ്വോ അഗ്ര–**
**മുഭാ ഉപാംശു പ്രഥമാ പിബാവ**
*അഭി പ്ര ഇഹി മേ ദക്ഷിണതഃ ഭവ* ആക്രമിക്കാൻ മുന്നോട്ടു പോയാലും! എന്റെ വലതുവശത്തുണ്ടായാലും!
*അധ ഭൂരി വൃത്രാണി ജംഘനാവ* പിന്നീടു നമുക്ക് ധാരാളം തടസ്സങ്ങളെ തകർക്കാം.
*തേ ധരുണം മധ്വഃ അഗ്രം ജുഹോമി* ഞാൻ നിനക്ക് അടിത്തറയും തേനിന്റെ അറ്റവും ഹോമിക്കുന്നു.
*ഉഭൗ പ്രഥമാ ഉപാംശു പിബാവ* നമുക്കിരുവർക്കും ആദ്യം മൗനമായി കുടിക്കാം.

★

## പത്താം മണ്ഡലം, എൺപത്താറാം സൂക്തം

ഇന്ദ്രൻ ഋഷി (1, 8, 11–12, 14, 19–22), ഇന്ദ്രാണി (2–6, 9–10, 15–18), വൃഷാകപി ഐന്ദ്രൻ (7, 13, 23); 23 പദ്യങ്ങൾ; വൃത്തം പംക്തി; വൃഷാകപി ദേവത (വൃഷാകപി ഐന്ദ്രനും ഇന്ദ്രാണിയും ഇന്ദ്രനും തമ്മിലുള്ള സംഭാഷണം)

*ഋഗ്വേദ*ത്തിലെ അസാധാരാരണമായ സൂക്തമാണിതെന്ന് അഭിപ്രായമുള്ള പണ്ഡിതരുണ്ട്. ഇന്ദൻ, ഇന്ദ്രാണി, അവളുമായി ലൈംഗികാതിക്രമത്തിന്നൊരുങ്ങിയ വൃഷാകപി എന്ന ദുർവൃത്തനായ കുരങ്ങൻ എന്നിവർ തമ്മിലുള്ള സംഭാഷണമാണിത്. ഞെട്ടിക്കുന്ന ലൈംഗികവ്യവഹാരമടങ്ങുന്ന സൂക്തം. 23 പദ്യത്തിലും ഇന്ദ്രന്റെ അത്യുന്നതത്വം പ്രഖ്യാപിക്കുന്ന പല്ലവിയോടുകൂടിയ ഈ സൂക്തം ആകെക്കൂടി ഇന്ദ്രന്റെ വാഴ്ത്തുന്നതെന്നു പറയേണ്ടതില്ല.

ധാരാളം വ്യാഖ്യാനഭേദങ്ങൾ മിക്ക പദ്യങ്ങൾക്കുമുണ്ട്. രാജകീയമായ അശ്വമേധയജ്ഞത്തിന്റെ പരോക്ഷമായ വിവരണമാണെന്നു വ്യാഖ്യാനിച്ചാൽ പല പ്രശ്നങ്ങളും പരിഹരിക്കാനാവുമെന്നാണ് ജാമിസൺ–ന്റെ നിരീക്ഷണം. പ്രസ്തുതസൂക്തത്തിൽ വൃഷാകപി (ആൾ ക്കരങ്ങ്) അശ്വത്തെ പ്രതിനിധാനം ചെയ്യുന്നു. അവന്റെ ഇന്ദ്രാണിയുമായുള്ള ലൈംഗികാഭാസങ്ങൾ അശ്വമേധപരമായ വ്യാഖ്യാനത്തിൽ വ്യക്തമാവും. അവൾ അവനെ വെറുക്കുന്നുവെങ്കിലും സൂക്തം മുന്നേറവേ, അവന്റെ ലൈംഗികവൈകൃതങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു കാണാം. വൃഷാകപിയുടെ ഭാര്യയെന്ന് ഇന്ദ്രൻ ഒരിടത്ത് ഇന്ദ്രാണിയെ സംബോധന ചെയ്യുന്നത് (13) അങ്ങനെ അർഥവത്താവുന്നു. ലൈംഗികനഷ്ടം സംഭവിക്കുന്നവനാണ് ശരിക്കുള്ള അധിപതി എന്ന് പ്രഖ്യാപിക്കുന്നത് (17) അതുകൊണ്ടാണ്.

സൂക്തമാരംഭിക്കുന്നത്, തനിക്ക് ആദരമൊന്നും കിട്ടന്നില്ലെന്ന് ഇന്ദൻ പരാതി പറയുകയും ഇന്ദ്രാണി അത് ശരിവെക്കുകയും ചെയ്യുന്നതോടെയാണ് (1–2). ഇന്ദ്രനു നഷ്ടപ്രായമായ പദവി വീണ്ടെടുക്കുന്നതിന് അശ്വമേധം നടത്താനുള്ള പ്രചോദനം അങ്ങനെ കൈവരുന്നു. തുടർന്ന് വൃഷാകപിയിലേക്കു വിഷയം മാറുന്നു (3–6). അവനുമായുള്ള സൗഹൃദം ഇന്ദ്രാണിയുമായുള്ള ബന്ധത്തിൽ കാലുഷ്യം സൃഷ്ടിക്കുന്നു. വൃഷാകപി സംഭാഷണത്തിൽ ഇടപെടുന്നു (7). അവൻ അവളുടെ അവ്യക്തമായ ക്ഷണസൂചനകൾക്ക് പ്രതികരിക്കുന്നു. അശ്വമേധത്തിലെ ലൈംഗികവൈകൃതങ്ങൾക്ക് അവരിൽ അരങ്ങൊരുങ്ങുന്നു (8–9). 10–11 പദ്യങ്ങൾ ഇന്ദ്രപത്നിയായതിലുള്ള ഇന്ദ്രാണിയുടെ അഭിമാനം പ്രകടിതമാവുന്നു. തുടർന്ന് ഇന്ദ്രൻ യജ്ഞഹവിസ്സായി ദേവന്മാരുടെ അടുത്തേക്കു പോയ സുഹൃത്തിന്റെത്തിൽ വിലപിക്കുകയും (12), അതേസമയം പുതിയ യജ്ഞഹവിസ്സുകൾ സ്വയം സ്വീകരിക്കുന്നതിൽ ആനന്ദിക്കുകയും (13–14) ചെയ്യുന്നു. ഈ പദ്യങ്ങളിൽ അവൻ പത്നിയെ ഇന്ദ്രാണിയായും (12) വൃഷാകപായി(വൃഷാകപിയുടെ ഭാര്യ)യായും (13) സംബോധന ചെയ്യുന്നു. വൃഷാകപിയുമായുള്ള സംഭോഗത്തിൽ അവൾ അവന്റെ താല്ക്കാലിക യജ്ഞപത്നിയായി മാറിയിരുന്നല്ലോ. 15–ാം പദ്യത്തിൽ ആഖ്യാതാവ് ഇന്ദ്രന്റെ സോമഹവിസ്സുകൾ പുനരരാരംഭിക്കപ്പെട്ടതായി അറിയിക്കുന്നു. അങ്ങനെ ഒന്നാം പദ്യത്തിൽ പറഞ്ഞ യജ്ഞനഷ്ടം പരിഹൃതമായി.

ഇതിന്റെ പ്രതികരണമായ രണ്ടു പദ്യങ്ങൾ (16–17) തുടർന്നുവരുന്നു. ഇവയാണ് സൂക്തത്തിന്റെ ഹൃദയവും അശ്വമേധത്തിന്റെ ശരിക്കുള്ള ന്യായീകരണവും. ആദ്യത്തേത് വിശ്വജനീനമായ ഒരു സത്യം വ്യക്തമാക്കുന്നു: ലൈംഗികമായി വിജയം നേടിയവനാണ് ശരിയായ അധിപതിയും അധികാരശക്തിയും. പക്ഷേ, ഇത് വൈരുധ്യാത്മകമായി മാറ്റിമറിക്കപ്പെടുന്നു: വിജയിക്കാത്തവനാണ് അധിപതി. ഈ പ്രസ്താവന അശ്വമേധത്തിനു ഭംഗിയായി ചേരും: രാജാവ് അശ്വത്താൽ (ഇവിടെ വൃഷാകപിയാൽ) ജാരിണീപതിയായിത്തീരുന്നു. ഈ നാണം കെട്ട പ്രവൃത്തിക്ക് താൻ സാക്ഷിയാണ്! പക്ഷേ, അവൻ എല്ലാ യജ്ഞനേട്ടങ്ങളും അനുഭവിക്കുന്നു. അവന്റെ അധികാരശക്തി വർധിക്കുന്നു. അതേ സമയം രാജ്ഞിയുടെ ലൈംഗികപങ്കാളി യജിക്കപ്പെടുകയും ചെയ്യുന്നു.

ഈ പദ്യദ്വയത്തോടെ സൂക്തം ഉച്ചകോടിയിലെത്തുകയും അതിന്റെ സന്ദേശം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ബാക്കിയുള്ളവ തരം താണവയാണെന്നു പറയാം. അടുത്ത അഞ്ചു പദ്യങ്ങൾ (18–22) യജ്ഞാനന്തരം വൃഷാകപിയുടെ ദേവന്മാരിലേക്കുള്ള അന്ത്യയാത്രയാണ്. അന്തിമപദ്യം മാനവിയുടെ പ്രസവത്തംപ്പറ്റിയുള്ള പ്രഹേളികാസ്വഭാവമുള്ള ഒന്നാണ്. അശ്വമേധഫലം സമൃദ്ധമായ ഉർവരതയാണെന്നാവാം ഇതിന്റെ സാരാംശം.

**1. വി ഹി സോതോരസൃക്ഷത**
**നേന്ദ്രം ദേവമമംസത**
**യത്രാമദദ് വൃഷാകപി–**
**രര്യഃ പുഷ്ടേഷു മത്സഖാ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

| | |
|---|---|
| *യത്ര മത്സഖാ വൃഷാകപിഃ* | (ഇന്ദ്രൻ:) എന്റെ സഖാവ് വൃഷാകപി |
| *അര്യഃ പുഷ്ടേഷു അമദത്* | അപരിചിതന്റെ കിഴവികളിൽ മദം കൊള്ളുന്നു. |
| *ഹി സോതോഃ വി അസൃക്ഷത* | അവർ (സോമ)സവനം വിട്ടതിനാൽ |
| *ഇന്ദ്രം ദേവം ന അമംസത* | ഇന്ദ്രനെ ദേവനായി ആദരിക്കുന്നതു നിർത്തി. |
| *ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* | ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്! |

**2. പരാ ഹീന്ദ്ര ധാവസി**
**വൃഷാകപേരതി വ്യഥിഃ**
**നോ അഹ പ്ര വിന്ദ–**
**സ്യന്യത്ര സോമപീതയേ**

**വിശ്വസ്മാദിന്ദ്ര ഉത്തരഃ**
*ഹി ഇന്ദ്ര വൃഷാകപേഃ* (ഇന്ദ്രാണി:) "ഇന്ദ്രാ! നീ വൃഷാകപിയുടെ
*അതി വ്യഥിഃ പരാ ധാവസി* വഴി വിട്ട മാർഗങ്ങൾക്കപ്പുറം ഓടുന്നതുകൊണ്ട്
*സോമപീതയേ നോ അന്യത്ര അഹ പ്ര വിന്ദസി* സോമം കുടിക്കാൻ നീ ഒരിടത്തും പോകുന്നില്ല."
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!
**3. കിമയം ത്വാം വൃഷാകപി–**
**ശ്ചകാര ഹരിതോ മൃഗഃ**
**യസ്മാ ഇരസ്യസീദു**
**ന്വര്യോ വാ പുഷ്ടിമദ് വസു**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**
*ഹരിതഃ മൃഗഃ അയം വൃഷാകപിഃ ത്വാം* (ഇന്ദ്രൻ:) എന്താണ് പിംഗലമൃഗമായ ഈ വൃഷാകപി നിന്നോട്,
*യസ്മൈ അര്യഃ പുഷ്ടിമദ് വസു വാ കിം ചകാര* അല്ലെങ്കിൽ, അപരിചിതന്റെ അഭിവൃദ്ധിപ്പെടുന്ന സാധനങ്ങളോട്, ചെയ്തത്?
*നു ഇരസ്യസി ഇദ് ഉ* നീ ഇപ്പോൾ അവനോട് അസൂയാലുവാണോ?"
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!
**4. യമിമം ത്വം വൃഷാകപിം**
**പ്രിയമിന്ദ്രാഭിരക്ഷസി**
**ശ്വാ ന്വസ്യ ജംഭിഷ–**
**ദപി കർണ്ണേ വരാഹയുർ–**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**
ഇന്ദ്ര ത്വം പ്രിയം ഇമം (ഇന്ദ്രാണി:) "ഇന്ദ്രാ! നി സംരക്ഷിക്കുന്ന
*വൃഷാകപിം അഭിരക്ഷസി* ഈ പ്രിയപ്പെട്ട വൃഷാകപിയെ,
*അസ്യ വരാഹയുഃ ശ്വാ* പന്നിയെ വേട്ടയാടുന്ന നായ,
*നു അപി കർണ്ണേ ജംഭിഷത്* ഇപ്പോൾത്തന്നെ ചെവി പിടിച്ചു കടിക്കട്ടെ!"
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!
**5. പ്രിയാ തഷ്ടാനി മേ കപിർ–**
**വ്യക്താ വ്യദൂദുഷത്**
**ശിരോ ന്വസ്യ രാവിഷം**
**ന സുഗം ദുഷ്കൃതേ ഭുവം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**
*തഷ്ടാനി വ്യക്താ മേ പ്രിയാ* (ഇന്ദ്രാണി:) "(നന്നായി) രൂപപ്പെടുത്തിയതും അലങ്കരിക്കപ്പെട്ടതുമായ എന്റെ പ്രിയപ്പെട്ട (ഗുഹ്യഭാഗങ്ങൾ)
*കപിഃ വി അദൂദുഷത്* കുരങ്ങൻ ദുഷിപ്പിച്ചു.
*അസ്യ ശിരഃ നു രാവിഷം* ഞാൻ ഇവന്റെ തല ഇപ്പോൾ അടിച്ചുപൊളിക്കും.
*ദുഷ്കൃതേ സുഗം ന ഭുവം* ദുഷ്പ്രവൃത്തി ചെയ്യുന്നവന് എന്നെ എളുപ്പത്തിൽ കടന്നുപോകാനാവില്ല!"
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!
**6. ന മത് സ്ത്രീ സുഭസത്തരാ**
**ന സുയാശുതരാ ഭുവത്**
**ന മത് പ്രതിച്യവീയസീ**
**ന സക്ഥ്യുദ് യമീയസീ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**
*മത് സ്ത്രീ സുഭസത്തരാ ന ഭുവത്* (ഇന്ദ്രാണി:) "ഒരു സ്ത്രീക്കും എന്റേതിനേക്കാൾ നല്ല നിതംബമോ
*ന സുയാശുതരാ* എന്നേക്കാൾ നല്ല ലൈംഗികസുഖം നൽകാനുള്ള മിടുക്കോ ഇല്ല.
*മത് പ്രതിച്യവീയസീ ന* ഒരുത്തിക്കും എന്നേക്കാൾ നന്നായി (ഭർത്താവിനെ മാറിൽ) വീഴ്ത്താനോ
*സക്ഥി ഉദ് യമീയസീ ന* തന്റെ തുടകളുയർത്താനോ കഴിവില്ല."
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!
**7. ഉവേ അംബ സുലാഭികേ**
**യഥേവാംഗ ഭവിഷ്യതി**
**ഭവന്മേ അംഗ സക്ഥി മേ**
**ശിരോ മേ വീവ ഹൃഷ്യതി**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഉവേ സുലാഭികേ അംബ* (വൃഷാകപി:) പ്രിയമുള്ള സുശോഭനയായ അമ്മേ!
*യഥാ ഇവ അംഗ ഭവിഷ്യതി* അതുപോലെ ഉടനെ ഭവിക്കട്ടെ!
*അംബ മേ ഭസത് സക്ഥി* അമ്മേ! എന്റെ അരക്കെട്ടും തുടയും
*മേ ശിരഃ വി ഇവ ഹൃഷ്യതി* തലയും പക്ഷിയെപ്പോലെ മദം കൊള്ളട്ടെ!
മേ *ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* എന്റെ ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

8. **കിം സുബാഹോ സ്വംഗുരേ**
**പൃഥുഷ്ടോ പൃഥുജാഘനേ**
**കിം ശൂരപത്നി നസ്ത്വ–**
**മഭ്യമീഷി വൃഷാകപിം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*സുബാഹോ സ്വംഗുരേ* (ഇന്ദ്രൻ:) നല്ല കൈയും നല്ല വിരലുമുള്ളവളേ!
*പൃഥുഷ്ടോ പൃഥുജഘനേ* തഴച്ച തലമുടിയും തടിച്ച അരക്കെട്ടുമുള്ളവളേ!
*ശൂരപത്നി ത്വം നഃ വൃഷാകപിം* യോദ്ധാവിന്റെ ഭാര്യേ! നീ നമ്മുടെ വൃഷാകപിയെ
*കിം കിം അഭി അമീഷി* എന്തൊക്കെയാണ് പറഞ്ഞു കോപിപ്പിക്കുന്നത്?
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

9. **അവീരാമിവ വാമയം**
**ശരാരുരഭി മന്യതേ**
**ഉതാഹമസ്മി വീരി–**
**ണീന്ദ്രപത്നി മരുത്സഖാ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ശരാരുഃ അയം* (ഇന്ദ്രാണി:) കൊല്ലാൻ വെമ്പുന്ന ഈ മൃഗം
*മാം അവീരാം ഇവ അഭി മന്യതേ* എന്നെ വീര(നായ ഭർത്താവി)ല്ലാത്തവളെപ്പോലെയാണ് വിചാരിക്കുന്നത്.
*ഉത ഇന്ദ്രപത്നീ അഹം* മാത്രമല്ല, ഇന്ദ്രപത്നിയായ ഞാൻ
*വീരിണീ മരുത്സഖാ അസ്മി* വീരപുത്രന്മാരുള്ളവളും സഖാക്കളായ മരുത്തുക്കളോടുകൂടിയവളുമത്രേ.
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!!

10. **സംഹോത്രം സ്മ പുരാ നാരീ**
**സമനം വാവാഗച്ഛതി**
**വേധാ ഋതസ്യ വീരി–**
**ണീന്ദ്രപത്നീ മഹീയതേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*പുരാ നാരീ സംഹോത്രം* ഇതുവരെ സ്ത്രീ ഒരുമിച്ച് ഹവിസ്സർപ്പിക്കുന്നതിലും
*സമനം വാ അവ ഗച്ഛതി സ്മ* ഉത്സവത്തിൽ സംബന്ധിക്കുന്നതിലും മാത്രം പരിചിതയാകുന്നു.
*വീരിണീ ഇന്ദ്രപത്നീ* ഇപ്പോൾ അവൾ വീരനായ ഭർത്താവോടുകൂടിയവളും ഇന്ദ്രപത്നിയുമാണെന്ന
*ഋതസ്യ വേധാഃ മഹീയതേ* സത്യത്തിന്റെ വിദഗ്ധയായി സ്തുതിക്കപ്പെടുന്നു!
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

11. **ഇന്ദ്രാണീമാസു നാരിഷു**
**സുഭഗാമഹമശ്രവം**
**നഹ്യസ്യ അപാരം ചന**
**ജരസാ മരതേ പതിർ–**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ആസു നാരിഷു സുഭഗാം* ഈ സ്ത്രീകളിൽ ഏറ്റവും ഭാഗ്യവതിയാണ്
*ഇന്ദ്രാണീം അഹം അശ്രവം* ഇന്ദ്രാണിയെന്നു ഞാൻ കേട്ടിട്ടുണ്ട്.
*ഹി അസ്യാഃ പതിഃ അപരം ചന* കാരണം, അവളുടെ ഭർത്താവ് (ഇന്ദ്രൻ) ഒരിക്കലും ഭാവിയിൽ
*ജരസാ ന മരതേ* ജരാനരകൾ വന്നു മരിക്കുകയില്ല.
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

12. **നാഹമിന്ദ്രാണി രാരണ**
**സഖ്യുർവൃഷാകപേരൃതേ**
**യസ്യേദമപ്യം ഹവിഃ**
**പ്രിയം ദേവേഷു ഗച്ഛതി**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഇന്ദ്രാണി അഹം സഖ്യുഃ* (ഇന്ദ്രൻ:) "ഇന്ദ്രാണീ! സഖാവായ

*വൃഷാകപേഃ ഋതേ ന രരണ* വൃഷാകപിയില്ലാതെ എനിക്കു സുഖം കിട്ടുന്നില്ല.
*യസ്യ പ്രിയം ഇദം അപ്യം ഹവിഃ* അവന്റെ പ്രിയപ്പെട്ട ജലഹവിസ്സാണ്
*ദേവേഷു ഗച്ഛതി* ദേവന്മാരിലേക്കു വരുന്നത്.”
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**13. വൃഷാകപായീ രേവതി**
**സുപുത്ര ആദു സുസ്നുഷേ**
**ഘസത്ത ഇന്ദ്ര ഉക്ഷണഃ**
**പ്രിയം കാചിത്കരം ഹവിർ–**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*രേവതി സുപുത്രേ സുസ്നുഷേ വൃഷാപകായി* (ഇന്ദ്രൻ:) സമ്പന്നരായ നല്ല മക്കളോടും അവരുടെ നല്ല ഭാര്യ മാരോടും കൂടിയ വൃഷാകപായീ (വൃഷാകപിയുടെ പത്നീ – ഇന്ദ്രാണീ)!
*ഇന്ദ്രഃ തേ ഉക്ഷണഃ കാചിത്കരം* ഇന്ദ്രൻ നിന്റെ കാളകളെയും നീ (ആഗ്രഹിക്കുന്ന) എന്തും കൈവരുത്തുന്ന
*പ്രിയം ഹവിഃ ആദ് ഉ ഘസത്* പ്രിയഹവിസ്സിനെയും തിന്നട്ടെ!”
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**14. ഉക്ഷ്ണോ ഹി മേ പഞ്ചദശ**
**സാകം പചന്തി വിംശതിം**
**ഉതാഹമസ്മി പീവ ഇ–**
**മുഭാ കുക്ഷീ പൃണന്തി മേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഹി സാകം പഞ്ചദശ വിംശതിം* (ഇന്ദ്രൻ:) “കാരണം, അവർ ഒരേ സമയം പതിനഞ്ചും ഇരുപതും
*ഉക്ഷ്ണഃ മേ പചന്തി* കാളകളെ എനിക്കുവേണ്ടി വേവിക്കുന്നു.
*ഉത അഹം പീവഃ ഇദ് അസ്മി* ഞാൻ കൊഴുപ്പേ തിന്നുകയുമുള്ളൂ.
*മേ ഉഭാ കുക്ഷീ പൃണന്തി* അവ എന്റെ രണ്ടു കവിളുകളും നിറയ്ക്കുന്നു.”
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**15. വൃഷഭോ ന തിഗ്മശൃം–**
**ഗോന്തർയൂഥേഷു രോരുവത്**
**മന്ഥസ്ത ഇന്ദ്ര ശം ഹൃദേ**
**യം തേ സുനോതി ഭാവയുർ–**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഇന്ദ്ര യൂഥേഷു രോരുവത്* ഇന്ദ്രാ! കൂട്ടങ്ങളിൽ നിരന്തരം അലറുന്ന
*തിഗ്മശൃംഗഃ വൃഷഭഃ ന* കൂർത്ത കൊമ്പുള്ള കാളയെപ്പോലെ
*ഭാവയുഃ യം തേ സുനോതി* അഭിവൃദ്ധിയാഗ്രഹിക്കുന്നവൻ നിനക്കുവേണ്ടി പിഴിഞ്ഞെടുക്കുന്ന
*മന്ഥഃ തേ ഹൃദേ ശം* “പ്രചോദകമായ” (സോമനൈവേദ്യം നിന്റെ ഹൃദയത്തിനു സുഖകരമത്രേ.
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**16. ന സേശേ യസ്യ രംബ–**
**തേന്തരാ സക്ഥ്യാ കപൃത്**
**സേദീശേ യസ്യ രോമശം**
**നിഷേദുഷോ വിജൃംഭതേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*യസ്യ സക്ഥ്യാ അന്തരാ കപൃത്* (ഇന്ദ്രൻ:) “തുടകൾക്കിടയിൽ ലിംഗം
*രംബതേ സഃ ന ഈശേ* തൂങ്ങിനിൽക്കുന്നവൻ (സംഭോഗത്തിനു) സമർഥനല്ല.”
*നിഷേദുഷഃ യസ്യ രോമശം വിജൃംഭതേ* കിടക്കുന്ന ആരുടെ ലിംഗം രോമാവൃതമായ യോനിദ്വാരത്തെ തുറക്കുന്നുവോ
സഃ ഇദ് ഈശേ അവൻ (സംഭോഗത്തിനു) സമർഥനാണ്.
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**17. ന സേശേ യസ്യ രോമശം**
**നിഷേദുഷോ വിജൃംഭതേ**
**സേദീശേ യസ്യ രംബ–**
**തേന്തരാ സക്ഥ്യാ കപൃദ്**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

നിഷേദുഷഃ യസ്യ രോമശം വിജൃംഭതേ (ഇന്ദ്രാണി:) “കിടക്കുന്ന ആരുടെ ലിംഗം രോമാവൃതമായ യോനി

തുറക്കുന്നുവോ
സഃ ന ഈശേ അവൻ (സംഭോഗത്തിനു) സമർഥനല്ല.
യസ്യ സക്ഥ്യാ അന്തരാ കപൃത് തുടകൾക്കിടയിൽ ലിംഗം
രംബതേ സഃ ഇത് ഈശേ തൂങ്ങിനിൽക്കുന്നവനാണ് (സംഭോഗത്തിന്) സമർഥൻ."
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

ഈ 16–17 പദ്യങ്ങൾക്ക് തപോയജ്ഞാദികർമാർഹതാപരമായ അർഥം കൂടി ഒ. എം. സി. നൽകുന്നുണ്ട്. *സായണഭാഷ്യ*ത്തിലോ വള്ളത്തോൾവിവർത്തനത്തിലോ കാണാത്തതാണത്.

**18. അയമിന്ദ്ര വൃഷാകപിഃ**
**പരസ്വന്തം ഹതം വിദത്**
**അസിം സൂനാം നവം ചരു–**
**മാദേധസ്യാന ആചിതം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഇന്ദ്ര അയം വൃഷാകപിഃ* ഇന്ദ്രാ! ഈ വൃഷാകപി
*ഹതം പരസ്വന്തം അസിം* കൊല്ലപ്പെട്ട കഴുത, കത്തി,
*സൂനാം നവം ചരും* കൊട്ട, പുതിയ പാത്രം,
*ആദ് ഏധസ്യ ആചിതം അനഃ വിദത്* കൂമ്പാരം കൂട്ടിയ വണ്ടി എന്നിവ കണ്ടെത്തട്ടെ!
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**19. അയമേമി വിചാകശദ്**
**വിചിന്വൻ ദാസമാര്യം**
**പിബാമി പാകസുത്വനോ–**
**ഭി ധീരമചാകശം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ദാസം ആര്യം വിചിന്വൻ* (വൃഷാകപി:) "ഇവിടെ ഞാൻ ദാസനെയും ആര്യനെയും തമ്മിൽ വേർതിരിച്ച്
*വിചാകശത് അയം ഏമി* ആത്മാർഥമായി നോക്കിക്കൊണ്ടു പോകുന്നു.
*പാകസുത്വനഃ പിബാമി* ഞാൻ ചതിക്കാതെ സവനം ചെയ്യുന്നവന്റെ (ഹവിസ്സു) കുടിക്കുമ്പോൾ
*ധീരം അഭി അചാകശം* ബുദ്ധിമാനെ നേരിൽ നോക്കുന്നു."
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

20. **ധന്വ ച യത് കൃന്തത്രം ച**
**കതി സ്വിത് താ വി യോജനാ**
**നേദീയസോ വൃഷാകപേ–**
**സ്തമേഹി ഗൃഹാനുപ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*യത് ച ധന്വ ച കൃന്തത്രം* (ഇന്ദ്രൻ:) "തരിശുഭൂമിയും കാടും തമ്മിൽ
*കതി സ്വിത് താ യോജനാ* എത്ര യോജന അകലമുണ്ട്?
*വൃഷാകപേ അസ്തം* വൃഷാകപേ! വീട്ടിലേക്ക്
*നേദീയസഃ ഗൃഹാൻ വി ഉപ ആ ഇഹി* കൂടുതൽ അരികെയുള്ള വീടുകളിലേക്ക്, വന്നാലും!"
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**21. പുനരേഹി വൃഷാകപേ**
**സുവിതാ കല്പയാവഹൈ**
**യ ഏഷ സ്വപ്നനംശനോ–**
**സ്തമേഷി പഥാ പുനർ–**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*യത് ച ധന്വ ച കൃന്തത്രം* (ഇന്ദ്രൻ:) "തരിശുഭൂമിയും കാടും
തമ്മിൽ
*കതി സ്വിത് താ യോജനാ* എത്ര യോജന അകലമുണ്ട്?
*വൃഷാകപേ അസ്തം* വൃഷാകപേ! വീട്ടിലേക്ക്
*നേദീയസഃ ഗൃഹാൻ വി ഉപ ആ ഇഹി* കൂടുതൽ അരികെ
യുള്ള വീടുകളിലേക്ക്, വന്നാലും!"
*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**22. യദുദഞ്ചോ വൃഷാകപേ**
**ഗൃഹമിന്ദ്രാജഗന്തന**

**ക്വ സ്യ പുല്വഘോ മൃഗഃ**
**കമഗൻ ജനയോപനഃ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*വൃഷാകപേ ഇന്ദ്ര യദ് ഉദഞ്ചഃ ഗൃഹം അജഗന്തന* വൃഷാകപേ! ഇന്ദ്രാ! നിങ്ങൾ മുകളിലെ വീട്ടിലേക്കു പോകുമ്പോൾ,

*പുല്വഘഃ സ്യഃ മൃഗഃ ക്വ* പല ദുഷ്ച്ചെയ്തികളുടെയും ഈ വന്യമൃഗം എവിടെ?

*ജനയോപനഃ കം അഗൻ* ജനങ്ങളെ ആനന്ദിപ്പിക്കുന്നവൻ ആരുടെ അടുത്തേക്കു പോയി?

*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

**23. പർശുർഹ നാമ മാനവീ**
**സാകം സസൂവ വിംശതിം**
**ഭദ്രം ഭല തൃസ്യാ അഭൂദ്**
**യസ്യാ ഉദരമാമയദ്**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ**

*ഭല പർശുഃ നാമ മാനവീ* മനുവിന്റെ പർശു എന്ന മകൾ

*വിംശതിം സാകം സസൂവ ഹ* ഇരുപതുപേർക്ക് ഒരേ സമയം ജന്മം നൽകി.

*യസ്യാഃ ഉദരം ആമയദ്* വയർ (പ്രസവവേദന) അലട്ടിയ

*തൃസ്യൈ ഭദ്രം അഭൂത്* അവൾക്കു മംഗളം ഭവിക്കട്ടെ!

*ഇന്ദ്രഃ വിശ്വസ്മാദ് ഉത്തരഃ* ഇന്ദ്രൻ എല്ലാറ്റിലും മേലെയാണ്!

★

## പത്താം മണ്ഡലം, തൊണ്ണൂറാം സൂക്തം

നാരായണൻ ഋഷി; 16 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (ത്രിഷ്ടുപ്പ് 16 ഒഴികെ); പുരുഷൻ ദേവത

ഇത് ഋഗ്വേദത്തിലെ അതിപ്രസിദ്ധവും ഏറ്റവും സ്വാധീനം ചെലുത്തുന്നതുമായ സൂക്തമാകുന്നു. പുരുഷനാണ് ഇതിന്റെ കേന്ദ്രപ്രതീകം. ഉപരിതലവിചാരത്തിൽ ഇത് പറയുന്നത് ലോകം സൃഷ്ടിക്കപ്പെട്ടത് അതികായനായ ഒരു പുരുഷന്റെ അവയവങ്ങൾകൊണ്ടുള്ള യജ്ഞത്തിൽനിന്നാണെന്നാണ്. പ്രാപഞ്ചികയജ്ഞത്തിലൂടെയാണ് യജ്ഞമുണ്ടായതെന്ന പ്രമേയം പരക്കെ വ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ, ഈ സൂക്തം ആ പ്രാചീനപാരമ്പര്യത്തിന്റെ പുനരാവർത്തനമല്ല. ഈ പുരുഷൻ പിൽക്കാലസൂക്തമായ ഇതിൽ യജ്ഞത്തിന്റെ പ്രതീകമായിട്ടാണ് പ്രവർത്തിക്കുന്നത്. അങ്ങനെ പുരുഷൻ പിൽക്കാലത്ത് ദിവ്യനായ പ്രജാപതിക്കു സമാനനാകുന്നു. ഈ സൂക്തം ചാതുർവർണ്യ ത്തിന്റെ പരാമർശമടങ്ങുന്ന ഒരേയൊരു സൂക്തമെന്ന നിലയ്ക്കും ശ്രദ്ധേയമത്രേ. ജാതിവ്യവസ്ഥയ്ക്കാധാരമായ ചാതുർവർണ്യത്തിനു വേദാനുമതി ലഭിക്കുന്നതിനുകൂടി വേണ്ടിയാവാം പ്രസ്തുതസൂക്തം *ഋഗ്വേദ*ത്തിൽ ഉൾപ്പെടുത്തിയത്. പുരുഷന്റെയും യജ്ഞത്തിന്റെയും അഭിന്നത്വം ഒന്നാം പദ്യത്തിലും അവൻ ഭൂമിയെ അതിവർത്തിക്കുന്നുവെന്ന് രണ്ടിലും അവന്റെ ഈ ആധിപത്യം തുടർന്ന് പുരുഷന്റെയും വിരാട്ടിന്റെയും പരസ്പരജന്മരൂപമായ അഞ്ചിലും പുരുഷൻ ഹവിസ്സാണെന്ന് ആറിലും യജ്ഞപശുവാണെന്ന് 15-ലും ദേവന്മാരും സാധ്യന്മാരും ഋഷികളും അനുഷ്ഠിച്ച യജ്ഞം തന്നെയാണതെന്ന് ഏഴിലും ഇതിൽനിന്നു തുടർന്നുള്ള യജ്ഞങ്ങളുണ്ടായി എന്ന് എട്ടിലും ഋക്കുകളും സാമങ്ങളും ഛന്ദസ്സുകളും യജുസ്സും ജനിച്ചുവെന്ന് ഒൻപതിലും യജ്ഞമൃഗങ്ങളുദ്ഭവിച്ചുവെന്ന് പത്തിലും യജ്ഞഭാഗങ്ങൾ മൂന്ന് ഉപരിവർണങ്ങളിൽനിന്നു ജനിച്ചുവെന്ന് 11-12 ലും അവസാനം ദേവന്മാർതന്നെയും ഉണ്ടായെന്ന് 13-14 ലും അത് സ്വർഗദ്വാരത്തിലെത്തിക്കുമെന്ന് 16-ലും പറയുന്നു.

**1. സഹസ്രശീർഷാ പുരുഷഃ**
**സഹസ്രാക്ഷഃ സഹസ്രപാത്**
**സ ഭൂമിം വിശ്വതോ വൃത്വാ-**
**തൃതിഷ്ഠദ് ദശാംഗുലം**

*പുരുഷഃ സഹസ്രശീർഷാ* പുരുഷൻ ആയിരം തലകളുള്ളവനും
*സഹസ്രാക്ഷഃ സഹസ്രപാത്* ആയിരം കണ്ണുകളുള്ളവനും ആയിരം കാലുകളുള്ളവനുമാണ്.
*സഃ വിശ്വതഃ ഭൂമിം വൃത്വാ* അവൻ എല്ലാ വശങ്ങളിലും ഭൂമി മൂടിയിട്ട്
*ദശാംഗുലം അതി അതിഷ്ഠത്* പത്തംഗുലം അതിക്രമിച്ചുനിൽക്കുന്നു.

**2. പുരുഷ ഏവേദം സർവം**
**യദ് ഭൂതം യച്ച ഭവ്യം**
**ഉതാമൃതത്വസ്യേശാനോ**
**യദന്നേനാതിരോഹതി**

*പുരുഷഃ ഏവ യദ് ഭൂതം* പുരുഷനാണ് ഉണ്ടായതും
*യത് ച ഭവ്യം ഇദം സർവം* ഉണ്ടാവാനിരിക്കുന്നതുമായ ഈ ലോകം മുഴുവൻ.
*ഉത യദ് അന്നേന അതിരോഹതി* മാത്രമല്ല, ഭക്ഷണത്തിലൂടെ ഈ ലോകത്തി)നപ്പുറത്തേക്കു കയറുമ്പോൾ,
*അമൃതത്വസ്യ ഈശാനഃ* അവൻ അമൃതത്വത്തിന്റെ അധിപതിയത്രേ.

**3. ഏതാവാനസ്യ മഹിമാ-**
**തോ ജ്യായാംശ്ച പൂരുഷഃ**
**പാദോസ്യ വിശ്വാ ഭൂതാനി**
**ത്രിപാദസ്യാമൃതം ദിവി**

*ഏതാവാൻ അസ്യ മഹിമാ* ഇത്രയുമാണ് അവന്റെ മഹിമ;
*അതഃ പുരുഷഃ ജ്യായാൻ ച* പക്ഷേ, പുരുഷൻ ഇതിലും കൂടുതലാകുന്നു:
*അസ്യ പാദഃ വിശ്വാ ഭൂതാനി* അവന്റെ കാൽഭാഗമാണ് (ഈ) ജീവജാലങ്ങൾ മുഴുവൻ;
*അസ്യ ത്രിപാദ് ദിവി അമൃതം* അവന്റെ മുക്കാൽഭാഗം സ്വർഗത്തിലെ അമൃതമാകുന്നു.

**4. ത്രിപാദൂർധ്വ ഉദൈത് പുരുഷഃ**
**പാദോസ്യേഹാഭവത് പുനഃ**
**തതോ വിഷ്വങ് വ്യക്രാമത്**
**സാശനാനശനേ അഭി**

*ത്രിപാത് പുരുഷഃ ഊർധ്വഃ ഉദ് ഐത്* മുക്കാൽഭാഗമായ പുരുഷൻ മേല്പോട്ടു പോയി.
*അസ്യ പാദഃ ഇഹ പുനഃ അഭവത്* അവന്റെ കാൽഭാഗം ഇവിടെ വീണ്ടും ഉണ്ടായി.
*തതഃ വിഷ്വങ് സാശനാനശനേ* അതിനുശേഷം അവൻ വിവിധയിടങ്ങളിൽ തിന്നുന്നതും തിന്നാത്തതുമായവയുടെ
*അഭി വി അക്രാമത്* *അടുത്തേക്കു നടന്നു.*

**5. തസ്മാദ് വിരാളജായത**
**വിരാജോ അധി പൂരുഷഃ**

**സ ജാതോ അത്യരിച്യത**
**പശ്ചാദ് ഭൂമിമഥോ പുരഃ**
*അസ്മാദ് വിരാഡ് വിരാജഃ അധി* അവനിൽനിന്നു വിരാട്ടും വിരാട്ടിൽനിന്നു
*പുരുഷഃ അജായത* പുരുഷനും ജനിച്ചു.
*സഃ ജാതഃ പശ്ചാത്* ജനിച്ചതിനുമേൽ അവൻ പിന്നിൽനിന്നും
*അഥോ പുരഃ അതി അരിച്യത* പിന്നെ മുന്നിൽനിന്നും ഭൂമിയ്ക്കപ്പുറമെത്തി.
**6. യത് പുരുഷേണ ഹവിഷാ**
**ദേവാ യജ്ഞമതന്വത**
**വസന്തോ അസ്യാസീദാജ്യം**
**ഗ്രീഷ്മ ഇദ്ധഃ ശരദ്ധവിഃ**
*യത് പുരുഷേണ ഹവിഷാ ദേവാഃ* പുരുഷനെ ഹവിസ്സാക്കി ദേവന്മാർ
*യജ്ഞം അതന്വത* യജ്ഞം വ്യാപിപ്പിച്ചപ്പോൾ,
*വസന്തഃ അസ്യ ആജ്യം* വസന്തം അതിന്റെ വെണ്ണയും
*ഗ്രീഷ്മഃ ഇധ്മഃ ശരത് ഹവിഃ ആസീത്* ഗ്രീഷ്മം ചമതയും ശരത്ത് ഹവിസ്സുമായി.
**7. തം യജ്ഞം ബർഹിഷി പ്രൗക്ഷൻ**
**പുരുഷം ജാതമഗ്രതഃ**
**തേന ദേവാ അയജന്ത**
**സാധ്യാ ഋഷയശ്ച യേ**
*ബർഹിഷി തം യജ്ഞം* അവർ വിശുദ്ധദർഭപ്പുൽവിരിപ്പിൽ ആ യജ്ഞത്തെയും
*അഗ്രതഃ ജാതം പുരുഷം പ്ര ഔക്ഷൻ* ആദ്യം ജനിച്ച പുരുഷനെയും പവിത്രീകരിച്ചു.
*തേന ദേവാഃ യേ സാധ്യാഃ ഋഷയഃ ച അയജന്ത* അവനെക്കൊണ്ട് ദേവന്മാർ സാധ്യന്മാരോടും ഋഷിമാരോടു
മൊപ്പം യജ്ഞം ചെയ്തു.
**8. തസ്മാദ് യജ്ഞാൻ സർവഹൂതഃ**
**സംഭൃതം പൃഷദാജ്യം**
**പശൂംസ്താംശ്ചക്രേ വായവ്യാ**
**നാരണ്യാൻ ഗ്രാമ്യാംശ്ച യേ**
*സർവഹൂതഃ തസ്മാദ് യജ്ഞാത്* പൂർണമായി ഹോമിക്കപ്പെട്ട ആ യജ്ഞത്തിൽനിന്ന്
*പൃഷദാജ്യം സംഭൃതം* തൈര് കലർന്ന നെയ്യ് കിട്ടി.
*വായവ്യാൻ ആരണ്യാൻ* അത് (യജ്ഞം) വായുവിലും കാട്ടിലും
*യേ ച ഗ്രാമ്യാഃ താൻ പശൂൻ ചക്രേ* നാട്ടിലുമുള്ള മൃഗങ്ങളെ സൃഷ്ടിച്ചു.
**9. തസ്മാദ് യജ്ഞാത് സർവഹൂത**
**ഋചഃ സാമാനി ജജ്ഞിരേ**
**ഛന്ദാംസി ജജ്ഞിരേ തസ്മാദ്**
**യജുസ്തസ്മാദജായത**
*സർവഹൂതഃ തസ്മാദ് യജ്ഞാത്* പൂർണമായി ഹോമിക്കപ്പെട്ട ആ യജ്ഞത്തിൽനിന്ന്
*ഋചഃ സാമാനി ജജ്ഞിരേ* ഋക്കുകളും സാമങ്ങളും ജനിച്ചു.
*തസ്മാത് ഛന്ദാംസി ജജ്ഞിരേ* അതിൽനിന്നു ഛന്ദസ്സുകൾ ജനിച്ചു.
*തസ്മാദ് യജുഃ അജായത* അതിൽനിന്നു യജുസ്സ് ജനിച്ചു.
**10. തസ്മാദശ്വാ അജായന്ത**
**യേ കേ ചോഭയാദതഃ**
**ഗാവോ ഹ ജജ്ഞിരേ തസ്മാത്**
**തസ്മാജ്ജാതാ അജാവയഃ**
*തസ്മാദ് അശ്വാഃ അജായന്ത* അതിൽനിന്ന് കുതിരകൾ ജനിച്ചു.
*യേ കേ ച ഉഭയാദ് അതഃ* പല്ലുകളും താടികളുമുള്ള മൃഗങ്ങളും.
*തസ്മാദ് ഹ ഗാവഃ ജജ്ഞിരേ* അതിൽനിന്നു പശുക്കൾ ജനിച്ചു.
*തസ്മാദ് അജാവയഃ ജാതാഃ* അതിൽനിന്നു കോലാടുകളും ചമ്മരിയാടുകളും ജനിച്ചു.
**11. യത് പുരുഷം വ്യദധുഃ**
**കതിധാ വ്യകല്പയൻ**
**മുഖം കിമസ്യാ കൗ ബാഹൂ**
**കാ ഊരൂ പാദാവുച്യേതേ**
*യത് പുരുഷം വ്യദധുഃ* അവർ പുരുഷനെ പങ്കുവെച്ചപ്പോൾ,

*കതിധാ വ്യകല്പയൻ* എത്ര ഭാഗങ്ങളിലായാണ് സംവിധാനം ചെയ്തത്?
അസ്യ മുഖം കിം ബാഹൂ കൗ അവന്റെ മുഖമേത്? കൈകളേവ?
*കാ ഊരൂ പാദൗ ഉച്യേതേ* ഏതാണ് തുടകളും കാലുകളുമെന്നു പറയപ്പെടുന്നവ?

**12. ബ്രാഹ്മണോസ്യ മുഖമാസീദ്**
**ബാഹൂ രാജന്യഃ കൃതഃ**
**ഊരൂ തദസ്യ യദ് വൈശ്യഃ**
**പദ്ഭ്യാം ശൂദ്രോ അജായത**

*ബ്രാഹ്മണഃ അസ്യ മുഖം ആസീത്* ബ്രാഹ്മണൻ അവന്റെ മുഖം ആയിരുന്നു;
*രാജന്യഃ ബാഹൂ കൃതഃ* ഭരണകർത്താക്കൾ (ക്ഷത്രിയർ) രണ്ടു കൈകളാക്കപ്പെട്ടു;
*തദ് അസ്യ യദ് ഊരൂ വൈശ്യഃ* അവന്റെ തുടകളാണ് വൈശ്യൻ.
*പദ്ഭ്യാം ശൂദ്രഃ അജായത* രണ്ടു കാലുകളിൽനിന്നു ശൂദ്രൻ പിറന്നു.

**13. ചന്ദ്രമാ മനസോ ജാത–**
**ശ്ചക്ഷോഃ സൂര്യോ അജായത**
**മുഖാദിന്ദ്രശ്ചാഗ്നിശ്ച**
**പ്രാണാദ് വായുരജായത**

*മനസഃ ചന്ദ്രമാഃ ജാതഃ* അവന്റെ മനസ്സിൽനിന്നു ചന്ദ്രനുണ്ടായി;
*ചക്ഷോഃ സൂര്യഃ അജായത* കണ്ണിൽനിന്നു സൂര്യൻ ജനിച്ചു;
*മുഖാദ് ഇന്ദ്രഃ ച അഗ്നിഃ ച* മുഖത്തിൽനിന്ന് ഇന്ദ്രനും അഗ്നിയും
*പ്രാണാത് വായുഃ അജായത* പ്രാണനിൽനിന്നു വായുവും ജനിച്ചു.

**14. നാഭ്യാ ആസീദന്തരിക്ഷം**
**ശീർഷ്ണോ ദ്യൗഃ സമവർത്തത**
**പദ്ഭ്യാം ഭൂമിർദിശഃ ശ്രോത്രാത്**
**തഥാ ലോകാനകല്പയത്**

*നാഭ്യാഃ അന്തരിക്ഷം ആസീത്* പൊക്കിളിൽനിന്ന് അന്തരീക്ഷമുണ്ടായി;
*ശീർഷ്ണഃ ദ്യൗഃ സമവർത്തത* തലയിൽനിന്ന് സ്വർഗം വികസിച്ചു;
*പദ്ഭ്യാം ഭൂമിഃ ശ്രോത്രാദ് ദിശഃ* രണ്ടു കാലുകളിൽനിന്നു ഭൂമിയെയും കാതിൽനിന്നു ദിക്കുകളെയും
*തഥാ ലോകാൻ അകല്പയത്* അപ്രകാരം ലോകങ്ങളെയും സംവിധാനം ചെയ്തു.

**15. സപ്താസ്യാസൻ പരിധയഃ**
**ത്രിഃ സപ്ത സമിധഃ കൃതാഃ**
**ദേവാ യദ് യജ്ഞം തന്വാനാ**
**അബധ്നൻ പുരുഷം പശും**

*അസ്യ സപ്ത പരിധയഃ ആസൻ* അവന് ഏഴു പരിധികളുണ്ടായിരുന്നു.
*ത്രിഃ സപ്ത സമിധഃ കൃതാഃ* ഇരുപത്തൊന്നു ചമതകൾ ഉണ്ടാക്കപ്പെട്ടു.
*യദ് ദേവാഃ യജ്ഞം തന്വാനാഃ* ദേവന്മാർ യജ്ഞം വ്യാപിപ്പിച്ചുകൊണ്ട്
*പുരുഷം പശും അബധ്നൻ* പുരുഷനെ യജ്ഞപശുവായി ബന്ധിച്ചു.

**16. യജ്ഞേന യജ്ഞമയജന്ത ദേവാ–**
**സ്താനി ധർമാണി പ്രഥമാന്യാസൻ**
**തേ ഹ നാകം മഹിമാനഃ സചന്ത**
**യത്ര പൂർവേ സാധ്യാഃ സന്തി ദേവാഃ**

*ദേവാഃ യജ്ഞേന യജ്ഞം അയജന്ത* ദേവന്മാർ യജ്ഞംകൊണ്ട് സ്വയം യജ്ഞം അനുഷ്ഠിച്ചു.
*താനി പ്രഥമാനി ധർമാണി ആസൻ* ഇവയാണ് ആദ്യത്തെ അടി ത്തറകളായത്.
*യത്ര പൂർവേ സാധ്യാഃ ദേവാഃ സന്തി* പ്രാചീനന്മാരായ സാധ്യന്മാരും ദേവന്മാരുമുള്ളിടത്ത്
*തേ മഹിമാനഃ നാകം സചന്ത ഹ* ഇവ മഹിമയിൽ സ്വർഗദ്വാരത്തിലേക്ക് അകമ്പടി സേവിച്ചു.

★

## പത്താം മണ്ഡലം, തൊണ്ണൂറ്റഞ്ചാം സൂക്തം

(ഐള പുരൂരവസ്സും ഉർവശിയും തമ്മിലുള്ള സംഭാഷണം)

ഉർവശി ഋഷി (ഋഷിക); 18 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; പുരൂരവസ്സും ഉർവശിയും ദേവത

വളരെ പ്രശസ്തവും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ ഈ സൂക്ത ത്തിൽ അപ്സരസ്സായ ഉർവശിയും ഉപേക്ഷിക്കപ്പെട്ട അവളുടെ മനുഷ്യഭർത്താവായ പുരൂരവസ്സും തമ്മിലുള്ള സംഭാഷണമാണ് പ്രതിപാദ്യം. അവൻ (അപ്സരസ്സുകളായ കൂട്ടുകാരികളോടൊപ്പം യാത്ര ചെയ്യുമ്പോൾ) അവളുടെ അടുത്തുചെന്നു സംഭാഷണം തുടങ്ങുകയും തങ്ങളുടെ വിവാഹത്തിൽ വന്നുപോയ തെറ്റെന്താണെന്നു ചർച്ച ചെയ്യാനാവശ്യപ്പെടുകയും ചെയ്യുന്നു (1). അവൻ അവളുടെ സൗന്ദര്യത്തെയും (3) നല്ല ഭാര്യയെന്ന നിലയ്ക്കുള്ള അവളുടെ രീതികളെയും പറ്റി സ്മരിക്കുന്നു (4). അവൾ അക്ഷമയായി അവനെ ഉപേക്ഷിക്കുമ്പോഴും (2) ഭാര്യയെന്ന നിലയിൽ തന്റെ സേവനങ്ങളെക്കുറിച്ച് അവൾ പറയുന്നു (5). തുടർന്നുള്ള പദ്യങ്ങൾ (6–11) ഉർവശി തന്റെയും പുരൂരവസ്സിന്റെയും പുത്രനായ ആയുവിനെ പ്രസവിച്ചപ്പോൾ തന്നെ പരിചരിച്ചിരുന്ന അപ്സരഃസമൂഹത്തെപ്പറ്റിയാണ് മുഖ്യമായും പ്രതിപാദിക്കുന്നത്. പുരൂരവസ്സ് ഈ സഖികളോട് അസൂയയും അല്പം ആഭിമുഖ്യവും കാണിക്കുന്നു. പുരൂരവസ്സിൽ സ്നേഹത്തേക്കാൾ കൂടുതൽ സൈനികവും മറ്റുമായ കാര്യങ്ങളിലാണ് ശ്രദ്ധ വേണ്ടതെന്ന് ഉർവശി ആനുഷംഗികമായി അവരോടു സൂചിപ്പിക്കുന്നു (7, 11).

ഉർവശി പുരൂരവസ്സിനെ വീണ്ടും ഉപേക്ഷിക്കാൻ ശ്രമിക്കുന്നു (11). അവൾക്കു തന്റെ മകനെ പിരിഞ്ഞു താമസിക്കാൻ എങ്ങനെ കഴിയുമെന്നാണ് അവൾ തന്നെ വിട്ടുപോകുന്നതിള്ള വിഷമം സഹിക്കാനാവാത്ത പുരൂരവസ്സ് ചോദിക്കുന്നത് (12). "അതിനെ" അവന്റെ അച്ഛനെ ഏല്പിക്കുമെന്നാണവളുടെ തിരക്കു നടിച്ചുകൊണ്ടുള്ള മറുപടി. അവളെ പിരിഞ്ഞാൽ താൻ അപ്രത്യക്ഷനാവുകയോ മരിക്കുകയോ ചെയ്യുമെന്നു പുരൂരവസ്സ് (14). ഉർവശി അതു വിട്ട് മറ്റു പലതും പറയുന്നു (15–16). അവൻ കുറച്ചുകൂടി സമയം ചോദിക്കുന്നു (17). നിഗൂഢമായ ഒരു സമാപനപദ്യത്തോടെ സൂക്തം അവസാനിക്കുന്നു (18). പുരൂരവസ്സിനോടുള്ള ദേവന്മാരുടെ സംബോധനയാണതിൽ.

**1. ഹയേ ജായേ മനസാ തിഷ്ഠ ഘോരേ**
**വചാംസി മിശ്രാ കൃണവാവഹൈ നു**
**ന നൗ മന്ത്രാ അനുദിതാസ ഏതേ**
**മയസ്കരൻ പരതരേ ചനാഹൻ**

*ഘോരേ ഹയേ ജായേ മനസാ തിഷ്ഠ* (പുരൂരവസ്സ്:) "ക്ലേശമേ! ഭാര്യേ! ഭീരുവായ നാരീ! ചിന്താപൂർവം നിന്നാലും!
*നു നൗ വചാംസി മിശ്രാ കൃണവാവഹൈ* ഇപ്പോൾ നമുക്കിരുവർക്കും വാഗ്വിനിമയം ചെയ്യാം.
*ഏതേ മന്ത്രാഃ അനുദിതാസഃ* ഈ ചിന്തകൾ പറയാതിരുന്നാൽ
*പരതരേ ചന അഹൻ മയഃ ന കരൻ* നമുക്ക് പിന്നെയൊരു നാളിലും ആഹ്ലാദമുണ്ടാവില്ല."

**2. കിമേതാ വാചാ കൃണവാ തവാഹം**
**പ്രാക്രമിഷമുഷസാമഗ്രിയേവ**
**പുരൂരവഃ പുനരസ്തം പരേഹി**
**ദുരാപനാ വാത ഇവാഹമസ്മി**

*തവ ഏതാ വാചാ കിം കൃണവ?* (ഉർവശി:) "നിന്റെ ഈ വാക്കുകൊണ്ട് നാം എന്താണ് ചെയ്യുക?
*അഗ്രിയാ ഉഷസാം ഇവ അഹം പ്ര അക്രമിഷം* ആദ്യത്തെ ഉഷസ്സുകൾപോലെ, ഞാൻ മുൻപോട്ടു കടന്നിരിക്കുന്നു.
*പുരൂരവഃ പുനഃ അസ്തം പരാ ഇഹി* പുരൂരവസ്സേ! വീണ്ടും വീട്ടിലേക്കു തിരിച്ചുപോയാലും!
*അഹം വാതഃ ഇവ ദുരാപനാ അസ്മി* ഞാൻ കാറ്റിനെപ്പോലെ നേടാനാവാത്തവിധം കഠിനയത്രേ."

**3. ഇഷുർന ശ്രിയ ഇഷുധേരസനാ**
**ഗോഷാഃ ശതസാ ന രംഹിഃ**
**അവീരേ ക്രതൗ വി ദവിദ്യുതന്നോ–**
**രാ ന മായും ചിതയന്ത ധുനയഃ**

*ശ്രിയഃ ഇഷുധേഃ ഇഷുഃ ന* (പുരൂരവസ്സ്:) "... സൗന്ദര്യത്തിന്റെ ആവനാഴിയിൽനിന്നുള്ള ശരം പോലെ,
*ഗോസാഃ അസനാ ന ശതസാഃ രംഹിഃ* പശുക്കളെ നേടുന്ന വെടിയുണ്ടപോലെ, നൂറുകൾ നേടുന്ന കുതിരയെപ്പോലെ,
*അവീരേ ക്രതൗ ന വി ദവിദ്യുതത്* ഒരു വീരന്റെയും ഇച്ഛയ്ക്കു കീഴിലല്ലാതെ അവൾ (ഇടിമിന്നൽ)പോലെ മിന്നിമറയുന്നില്ല.
*ഉരാ ധുനയഃ ന മായും ചിതയന്ത* ആടിന്റെ ശബ്ദംപോലെ അവളുടെ കളരവം അറിയുന്നില്ല."

**4. സാ വസു ദധതീ ശ്വശുരായ**
**വയ ഉഷോ യദി വഷ്ട്യന്തിഗൃഹാത്**
**അസ്തം നനക്ഷേ യസ്മിൻ ചാകൻ**
**ദിവാ നക്തം ശ്നഥിതാ വൈതസേന**

*സാ ഉഷഃ ശ്വശുരായ യദി വഷ്ടി* (പുരൂരവസ്സ്:) "അവൾ ഓരോ ഉഷസ്സിലും തന്റെ ഭർത്തൃപിതാവിന്, വേണ്ടപ്പോൾ

*അന്തിഗൃഹാത് വസു വയഃ ദധതീ* എതിരെയുള്ള വീട്ടിൽനിന്നു നല്ല ഊർജം നൽകിക്കൊണ്ട്
*ചാകൻ അസ്തം നനക്ഷേ* അവൾ സന്തുഷ്ടമായ (ഭർത്തൃ)ഗൃഹം നേടുന്നു.
*യസ്മിൻ ദിവാ നക്തം* അവിടെ അവൾ പകലും രാവും
*വൈതസേന ശ്നഥിതാ* എന്റെ പീഡയാൽ തുളയ്ക്കപ്പെടുന്നു."

**5. ത്രിഃ സ്മ മാഹ്നഃ ശ്നഥയോ വൈതസേനോ–**
**ത സ്മ മേവ്യത്യൈ പൃണാസി**
**പുരൂരവോനു തേ കേതമായം**
**രാജാ മേ വീര തന്വസ്തദാസീഃ**

*അഹ്നഃ ത്രിഃ വൈതസേന മാ ശ്നഥയഃ സ്മ* (ഉർവശി:) "പകൽ മൂന്നു പ്രാവശ്യം നീ എന്നെ പീഡിപ്പിച്ചിരുന്നു.
*ഉത അവ്യത്യൈ തേ പൃണാസി സ്മ* മാത്രമല്ല, ഞാൻ ഇച്ഛിക്കാതെതന്നെ നീ നിറയ്ക്കുന്നു (നിന്റെ ലിംഗം എഴുന്നുനിൽക്കുന്നു).
*പുരൂരവഃ തേ കേതം അനു ആയം* പുരൂരവസ്സേ! ഞാൻ നിന്റെ ഇച്ഛയെ പിന്തുടർന്നു.
*തദ് വീര മേ തന്വഃ രാജാ ആസീഃ* അപ്പോൾ 'വീര'നായ നീ എന്റെ ഉടലിന്റെ രാജാവായിരുന്നു."

**6. യാ സുജൂർണിഃ ശ്രേണിഃ സുമ്ന ആപിർ–**
**ഹ്രദേ ചക്ഷുർന ഗ്രന്ഥിനീ ചരണ്യുഃ**
**താ അഞ്ജയോരുണയോ ന സസ്രുഃ**
**ശ്രിയേ ഗാവോ ന ധേനവോനവന്ത**

*യാ സുജൂർണിഃ ശ്രേണിഃ സുമ്നേ ആപിഃ* (പുരൂരവസ്സ്:) "കണ്ണഞ്ചിപ്പിക്കുമാറു തിളങ്ങുന്ന (അപ്സരസ്സുകളുടെ) നിര, നല്ല ആനുകൂല്യത്തോടുകൂടിയ സുഹൃത്തുക്കൾ,
*ഹ്രദേ ചക്ഷുഃ ന ഗ്രന്ഥിനീ ചരണ്യുഃ താഃ* പൊയ്കയുടെ കണ്ണു (താമര) പോലെ, മിടഞ്ഞുകെട്ടിയതും (എല്ലായ്പ്പോഴും) നീങ്ങുന്നതുമായ ഇവർ
*അരുണയഃ അഞ്ജയഃ ന സസ്രുഃ* സിന്ദൂരാഞ്ജനങ്ങൾപോലെ ഒഴുകുന്നു.
*ധേനവഃ ഗാവഃ ന ശ്രിയേ അനവന്ത* കറവപ്പശുക്കളെപ്പോലെ അവർ ശോഭാർഥം കൊഞ്ചിപ്പറയുന്നു."

**7. സമസ്മിൻ ജായമാന ആസത ഗ്നാ**
**ഉതേമവർധൻ നദ്യഃ സ്വഗൂർത്താഃ**
**മഹേ യത് ത്വാ പുരൂരവോ രണായാ–**
**വർധയൻ ദസ്യുഹത്യായ ദേവാഃ**

*അസ്മിൻ ജായമാനേ സം ആസത ഗ്നാഃ* (ഉർവശി:) "ഇവൻ (ഉർവശിയുടെയും പുരൂരവസ്സിന്റെയും പുത്രൻ) പിറന്നുകൊണ്ടിരുന്നപ്പോൾ, പരിചരിച്ചിരുന്ന സ്ത്രീകളും
*ഉത ഈം സ്വഗൂർത്താഃ നദ്യഃ അവർധൻ* ഗുളുഗുളുശബ്ദത്തോടെ ഒഴുകുന്ന നദികളും ഇവനെ വളർത്തി.
*യദ് ദസ്യുഹത്യായ മഹേ രണായ* അപ്പോൾ ദസ്യുക്കളെ നശിപ്പിക്കാനുള്ള മഹായുദ്ധത്തിന്
*ദേവാഃ പുരൂരവഃ ത്വാ അവർധയൻ* ദേവന്മാർ, പുരൂരവസ്സേ! നിന്നെ ശക്തനാക്കി."

**8. സചാ യദാസു ജഹതീഷ്വല്ക്ക–**
**മമാനുഷീഷു മാനുഷോ നിഷേവേ**
**അപ സ്മ മത് തരസന്തീ ന ഭുജ്യു–**
**സ്താ അത്രസൻ രഥസ്പൃശോ നാശ്വാഃ**

*യദ് മാനുഷഃ ആസു അമാനുഷീഷു* (പുരൂരവസ്സ്:) "മനുഷ്യനായ ഞാൻ ഈ അമാനുഷികളുടെ
*സചാ നിഷേവേ അല്ക്കം ജഹതീഷു സ്മ* അരികിലേക്കു വലിഞ്ഞപ്പോഴും അവർ തങ്ങളുടെ കഞ്ചുകങ്ങളൂരിയപ്പോഴും,
*താ ഭുജ്യുഃ ന തരസന്തീ* അവർ ലജ്ജാവതിയായ പേടമാനിനെപ്പോലെ നാണം പൂണ്ടും
*രഥസ്പൃശോ അശ്വാഃ ന* തേരിനെ ഉരസുന്ന കുതിരകളെപ്പോലെ
*മദ് അപ അത്രസൻ* ഭയപ്പെടാതെയും എന്നിൽനിന്ന് അകന്നുമാറുന്നു."

**9. യദാസു മർത്തോ അമൃതാസു നിസ്പൃക്**
**സം ക്ഷോണീഭിഃ ക്രതുഭിർന പൃംക്തേ**
**താ ആതയോ ന തന്വഃ ശുംഭത സ്വാ**
**അശ്വാസോ ന ക്രീളയോ ദന്ദശാനാഃ**

*യദ് ആസു അമൃതാസു മർത്തഃ നിസ്പൃക്* (ഉർവശി:) "അമർത്ത്യസ്ത്രീകളെ മർത്ത്യൻ തലോടാൻ ഭാവിക്കവേ,
*ക്രതുഭിഃ ന ക്ഷോണീഭിഃ സം പൃംക്തേ* അവന്റെ ഉദ്ദേശ്യങ്ങളാലെന്നപോലെ, (അവരുടെ ശരീരങ്ങൾതമ്മിൽ) നിലവിളികൾക്കിടയിൽ സമ്പർക്കമുണ്ടാവുമ്പോൾ,
*താഃ ആതയഃ സ്വാഃ തന്വഃ ന ശുംഭത* അവർ പൊന്മകളെപ്പോലെ തങ്ങളുടെ ശരീരങ്ങൾ വൃത്തിയാക്കുകയും

*അശ്വാസഃ ന ക്രീളയഃ ദന്ദശാനാഃ* കുതിരകളെപ്പോലെ ക്രീഡിക്കുകയും നിരന്തരം ഇറുക്കുകയും ചെയ്യുന്നു."

**10. വിദ്യുന്ന യാ പതന്തീ ദവിദ്യോദ്**
**ഭരന്തീ മേ അപ്യാ കാമ്യാനി**
**ജനിഷ്ടോ അപോ നര്യഃ സുജാതഃ**
**പ്രോർവശീ തിരത ദീർഘമായുഃ**

*യാ പതന്തീ വിദ്യുത് ന ദവിദ്യോത്* (പുരൂരവസ്സ്:) "പറക്കുമ്പോൾ മിന്നൽപോലെ മിന്നിമറയുന്ന
*അപ്യാ മേ കാമ്യാനി ഭരന്തീ* ജല(കന്യക) എന്നെ പ്രണയാനന്ദങ്ങളിലേക്കു വരുത്തിക്കൊണ്ട്
*അപഃ സുജാതഃ നര്യഃ ജനിഷ്ടോ* വെള്ളത്തിൽ സുജാതനായ മാനുഷപുത്രൻ പിറക്കുന്നു.
*ഉർവശീ ആയുഃ ദീർഘം പ്ര തിരത* ഉർവശി ആയുവിന്റെ ആയുസ്സ് ദീർഘിപ്പിക്കുന്നു."

**11. ജജ്ഞിഷ ഇത്ഥാ ഗോപീഥ്യായ ഹി**
**ദധാഥ തത് പുരൂരവോ മ ഓജഃ**
**അശാസം ത്വാ വിദുഷീ സസ്മിന്നഹൻ**
**ന മ ആശൃണേ കിമഭൂദ് വദാസി**

*ഗോപീഥ്യായ ഇത്ഥാ ഹി ജജ്ഞിഷേ* (ഉർവശി:) "നീ സംരക്ഷണത്തിനുവേണ്ടി ഇങ്ങനെയാണല്ലോ പിറന്നത്.
*പുരൂരവഃ തദ് ഓജഃ മേ ദധാഥ* (പക്ഷേ, പകരം), പുരൂരവസ്സേ! ഈ തേജസ്സിനെ എന്നെ ഏല്പിച്ചു.
*വിദുഷീ സസ്മിൻ അഹൻ ത്വാ അശാസം* ഇതറിയുന്ന ഞാൻ എല്ലാ പകലുകളിലും ഉപദേശിച്ചുവെങ്കിലും
*മേ ന ആ അശൃണോഃ* നീ എന്നെ ശ്രദ്ധിച്ചില്ല.
*കിം അഭൂദ് വദാസി* എന്തിന് നീ കരാർ പലിക്കാതെ ഇങ്ങനെ സംസാരിക്കുന്നു?"

**12. കദാ സൂനുഃ പിതരം ജാത ഇച്ഛാത്**
**ചക്രൻ നാശ്രു വർത്തയദ് വിജാനൻ**
**കോ ദമ്പതീ സമനസാ വി യൂയോ–**
**ദധ യദഗ്നിഃ ശ്വശുരേഷു ദീദയത്**

*കദാ ജാതഃ സൂനുഃ പിതരം ഇച്ഛാത്* (പുരൂരവസ്സ്:) "എപ്പോഴാണ് എനിക്കു പിറന്ന പുത്രൻ തന്റെ അച്ഛനെ തേടുക?
*വി ജാനൻ ചക്രൻ ന അശ്രു വർത്തയത്* എപ്പോഴാണ് അവൻ, (അവനെ – തന്റെ അച്ഛനെ) തിരിച്ചറിയുമ്പോൾ കരഞ്ഞുകൊണ്ടു കണ്ണീർ പൊഴിക്കുക?
*കഃ സമനസാ ദമ്പതീ ശ്വശുരേഷു* ആരാണ് മനസ്സിൽ ഒന്നിച്ചുചേർന്ന വിവാഹിതദമ്പതികളെ ശ്വശുരരുടെ (വീട്ടിൽ)
*യദ് അഗ്നിഃ ദീദയത് അധ വി യൂയോത്* അഗ്നി തിളങ്ങുന്നിടത്തോളം കാലം വേറെ നിർത്തുക?"

**13. പ്രതി ബ്രവാണി വർത്തയതേ അശ്രു**
**ചക്രൻ ന ക്രന്ദദാധ്യേ ശിവായൈ**
**പ്ര തത് തേ ഹിനവാ യത് തേ അസ്മേ**
**പരേഹ്യസ്തം ന ഹി മൂര മാപഃ**

*അശ്രു വർത്തയതേ പ്രതി ബ്രവാണി* (ഉർവശി:) "അവൻ തന്റെ കണ്ണീർ ഉരുട്ടുമ്പോൾ, ഞാൻ അവനോട് ഉത്തരം പറയും.
*ചക്രൻ ന ശിവായൈ ആധ്യേ ക്രന്ദത്* ചക്രംപോലെ, അവൻ സദയമായ ശ്രദ്ധയ്ക്കുവേണ്ടി ഉറക്കെ പറയും.
*അസ്മേ തത് പ്ര ഹിനവ* ഞാൻ നമ്മുടെ അതിനെ (കുഞ്ഞിനെ) നിന്റെ അടുത്തേക്കയയ്ക്കും.
*യത് തേ തേ അസ്തം പരാ ഇഹി* നിന്റേത് നിന്റെ (അടുത്താവട്ടെ!) വീട്ടിലേക്കു തിരിച്ചുപോയാലും!
*ഹി മൂര മാ ന ആപഃ* കാരണം, വിഡ്ഢിയായ നിനക്ക് എന്നെ കിട്ടുകയില്ല!"

**14. സുദേവോ അദ്യ പ്രപതേദനാവൃത്**
**പരാവതം പരമാം ഗന്തവാ ഉ**
**അധാ ശയീത നിരൃതേരുപസ്ഥേ–**
**ധൈനം വൃകാ രഭസാസോ അദ്യുഃ**

*സുദേവഃ അനാവൃദ് അദ്യ പരമാം* (പുരൂരവസ്സ്:) "ദേവന്മാരുടെ ഓമന, ഒരിക്കലും തിരിച്ചുവരാതിരിക്കാൻ, ഇന്ന് ഏറ്റവും അകലത്തിലേക്കുള്ള
*പരാവതം ഉ ഗന്തവൈ പ്രപതേത്* അകലത്തിലേക്ക് പോകാൻ പറക്കുകയാണെങ്കിൽ ...
*അധ നിരൃതേഃ ഉപസ്ഥേ ശയീത* അപ്പോൾ ഇവൻ പ്രളയത്തിന്റെ മടിയിൽ മരിക്കട്ടെ!
*അധ ഏനം രഭസാസഃ വൃകാഃ അദ്യുഃ* പിന്നീട് ഇവനെ ചാടിപ്പിടിക്കുന്ന ചെന്നായ്ക്കൾ തിന്നട്ടെ!"

**15. പുരൂരവോ മാ മൃഥാ മാ പ്ര പപ്തോ**
**മാ ത്വാ വൃകാസോ അശിവാസ ഉ ക്ഷൻ**
**ന വൈ സ്ത്രൈണാനി സഖ്യാനി സന്തി**

**സാലാവൃകാണാം ഹൃദയാന്യേതാ**

*പുരൂരവഃ മാ മൃഥാഃ മാ പ്ര പപ്തഃ* (ഉർവശി:) "പുരൂരവസ്സേ! മരിക്കയോ അകലേക്കു പറക്കയോ ചെയ്യരുത്.
*അശിവാസഃ വൃകാസഃ ത്വാ മാ ഉ ക്ഷൻ* നിർദയരായ ചെന്നായ്ക്കൾ നിന്നെ തിന്നാതിരിക്കട്ടെ!
*സ്ത്രൈണാനി സഖ്യാനി ന വൈ സന്തി* സ്ത്രീകളുമായുള്ള കൂട്ടുകെട്ടുകൾ നിലനിൽക്കുകയില്ല.
*ഏതാ സാലാവൃകാണാം ഹൃദയാനി* അവർക്കു കഴുതപ്പുലികളുടെ ഹൃദയങ്ങളാണ്!"

**16. യദ്വിരൂപാചരം മർത്ത്യേ-**
**ഷ്വാവസം രാത്രീഃ ശരദശ്ചതസ്രഃ**
**ഘൃതസ്യ സ്തോകം സകൃദഹ്ന ആശ്നാദ്**
**താദേവേദം താതൃപാണാ ചരാമി**

*യദ് വിരൂപാ മർത്ത്യേഷു അചരം* (ഉർവശി:) "വേറൊരു രൂപത്തിൽ മർത്ത്യർക്കിടയിൽ അലഞ്ഞുനടക്കുകയും
*ചതസ്രഃ ശരദഃ രാത്രീഃ അവസം* രാത്രികളിൽ (നിന്നോടൊപ്പം) നാലു കൊല്ലം വസിക്കുകയും ചെയ്തപ്പോൾ,
*സകൃദ് അഹ്നഃ ഘൃതസ്യ സ്തോകം ആശ്നാം* ഞാൻ ഒരു ദിവസം നെയ്ത്തുള്ളി അല്പം കഴിച്ചു.
*താദ് ഏവ ഇദം തതൃപാണാ ചരാമി* അതുമുതൽ ഞാൻ ഇങ്ങനെ അലഞ്ഞുനടക്കുകയാണ്.
*ഏതത് യഥാ ഈം ഐള* ഐളൻ (പുരൂരവസ്സ്): "ഇത് ഇങ്ങനെ ഈ രീതിയിൽ (തിരിഞ്ഞതുകൊണ്ട്),
ത്വാ മൃത്യുബന്ധുഃ ഭവസി നിനക്ക് മൃത്യുവിന്റെ ബന്ധുത്വമുണ്ട്.
*തേ പ്രജാ ദേവാൻ ഹവിഷാ യജാതി* നിന്റെ പ്രജ ദേവന്മാർക്കു ഹവിസ്സോടുകൂടി യജ്ഞം ചെയ്യും.
*ത്വം ഉ സ്വർഗേ അപി മാദയാസേ* നീ സ്വർഗത്തിലും ആനന്ദം കൊള്ളും."

★

പത്താം മണ്ഡലം, **തൊണ്ണൂറ്റേഴാം സൂക്തം**

ആഥർവണ ഭിഷഗ് ഋഷി; 23 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ്); ഓഷധികൾ ദേവത

*അഥർവവേദ*സ്വഭാവമുള്ള ഈ സൂക്തം ശമനൗഷധികളെ സംബോധന ചെയ്യുന്നു. അവയുടെ വംശാവലിക്കും ശക്തികൾക്കുംവേണ്ടി സ്തുതിക്കപ്പെടുന്നു. അവയോടു മനുഷ്യരുടെ രോഗങ്ങൾ മാറ്റാൻ അഭ്യർഥിക്കുകയും ചെയ്യുന്നു. ഉത്തമപുരുഷനിലുള്ള വക്താവ് കവി മാത്രമല്ല, വൈദ്യനുമാണെന്ന് ഊഹിക്കാം. അവൻ ഓഷധികളെ സന്ദർശിച്ച് തന്റെ മന്ത്രവാങ്മയങ്ങൾക്ക് അവയുടെ ശക്തി നൽകണെന്നും അപേക്ഷിക്കുന്നു (14).

**1. യാ ഓഷധീഃ പൂർവാ ജാതാ**
**ദേവേഭ്യസ്ത്രിയുഗം പുരാ**
**മനൈ നു ബഭ്രൂണാമഹം**
**ശതം ധാമാനി സപ്ത ച**

*യാഃ പൂർവാഃ ജാതാഃ ഓഷധീഃ ദേവേഭ്യഃ ത്രിയുഗം പുരാ* മുൻപ് ജനിച്ച സസ്യങ്ങൾ ദേവന്മാർക്കു മൂന്നു തലമുറ മുൻപ്.
*അഹം ബഭ്രൂണാം ശതം സപ്ത ച ധാമാനി നു മനൈ* ഞാൻ ആ തവിട്ടു(സസ്യങ്ങളുടെ) നൂറ്റേഴു രൂപങ്ങൾ ഇപ്പോൾ മനസ്സിൽ കാണുന്നു.

**2. ശതം വോ അംബ ധാമാനി**
**സഹസ്രമുത വോ രുഹഃ**
**അധാ ശതക്രത്വോ യൂയ–**
**മിമം മേ അഗദം കൃത**

*അംബ വഃ ധാമാനി ശതം* അമ്മേ! നിന്റെ എല്ലാ രൂപങ്ങളും കൂടി നൂറ്;
*ഉത വഃ രുഹഃ സഹസ്രം* കൂടാതെ, നിന്റെ തളിരുകൾ ആയിരം.
*അധ ശതക്രത്വഃ യൂയം* അപ്പോൾ പൊതുവേ നൂറുള്ള നിങ്ങൾ
മേ ഇമം അഗദം കൃത എനിക്കുവേണ്ടി ഇവനെ രോഗമുക്തനാക്കിയാലും!

**3. ഓഷധീഃ പ്രതി മോദധ്വം**
**പുഷ്പവതീഃ പ്രസൂവരീഃ**
**അശ്വാ ഇവ സജിത്വരീർ–**
**വീരുധഃ പാരയിഷ്ണ്വഃ**

*ഓഷധീഃ പ്രസൂവരീഃ പുഷ്പവതീഃ പ്രതി മോദധ്വം* സസ്യങ്ങളേ! നിങ്ങൾ വികസിക്കുകയും പുഷ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ആനന്ദിച്ചാലും!
*സജിത്വരീഃ അശ്വാഃ ഇവ* വിജയശീലരായ പെൺകുതിരകളെപ്പോലെ,
*വീരുധഃ പാരയിഷ്ണ്വഃ* തളിരുകൾ പൊട്ടിമുളക്കുന്നു.

**4. ഓഷധീരിതി മാതര–**
**സ്തദ് വോ ദേവീരുപ ബ്രുവേ**
**സനേയമശ്വം ഗാം വാസ**
**ആത്മാനം തവ പൂരുഷ**

*ഓഷധീഃ ദേവീഃ മാതരഃ* "സസ്യങ്ങളെ"ന്നു വിളിക്കപ്പെടുന്ന ദേവിമാരേ! അമ്മമാരേ!
*വഃ തദ് ഇതി ഉപ ബ്രുവേ* ഞാൻ ഈ രീതിയിൽ നിങ്ങളോടഭ്യർഥിക്കുന്നു:
*അശ്വം ഗാം വാസഃ പുരുഷ* "കുതിരയെയും പശുവിനെയും വസ്ത്രത്തെയും (നേടുന്നതിൽ), മനുഷ്യാ!
*തവ ആത്മാനം സനേയം* നിനക്ക് എന്നെത്തന്നെ തരാം!"

**5. അശ്വത്ഥേ വോ നിഷദനം**
**പർണേ വോ വസതിഷ്കൃതാ**
**ഗോഭാജ ഇത് കിലാസഥ**
**യത് സനവഥ പൂരുഷം**

*വഃ നി സദനം അശ്വത്ഥേ* നിങ്ങളുടെ ഇരിപ്പിടം അരയാലിൽ;
*വഃ വസതിഃ പർണേ കൃതാ* നിങ്ങളുടെ വാസം പ്ലാശിലാണ്.
*യത് പുരുഷം സനവഥ* നിങ്ങൾ മനുഷ്യനെ രക്ഷിക്കു(ഭേദപ്പെടുത്തു)മ്പോൾ,
*ഗോഭാജഃ ഇത് കില അസഥ* നിങ്ങൾക്കു തീർച്ചയായും പശുക്കളിൽ പങ്കുണ്ടാവുന്നു.

**6. യത്രൗഷധീഃ സമഗ്മത**
**രാജാനഃ സമിതാവിവ**
**വിപ്രഃ സ ഉച്യതേ ഭിഷഗ്**
**രക്ഷോഹാമീവചാതനഃ**

*വഃ വസതിഃ പർണേ കൃതാ* നിങ്ങളുടെ വാസം പ്ലാശിലാണ്.

*യത് പുരുഷം സനവഥ* നിങ്ങൾ മനുഷ്യനെ രക്ഷിക്കു(ഭേദപ്പെടുത്തു)മ്പോൾ,
*ഗോഭാജഃ ഇത് കില അസഥ* നിങ്ങൾക്കു തീർച്ചയായും പശുക്കളിൽ പങ്കുണ്ടാവുന്നു.

**6. യത്രൗഷധീഃ സമഗ്മത**
**രാജാനഃ സമിതാവിവ**
**വിപ്രഃ സ ഉച്യതേ ഭിഷഗ്**
**രക്ഷോഹാമീവചാതനഃ**

*യത്ര രാജാനഃ സമിതൗ ഇവ* രാജാക്കന്മാർ സഭയിലെന്ന പോലെ,
*ഔഷധീഃ സമഗ്മത* സസ്യങ്ങൾ ഒരുമിച്ചുകൂടുമ്പോൾ,
*സഃ വിപ്രഃ രക്ഷോഹാ* ഈ പ്രചോദിതകവി രക്ഷസ്സുകളെയും
*അമീവചാതനഃ ഭിഷഗ് ഉച്യതേ* രോഗങ്ങളെയും തുടച്ചുനീക്കുന്ന വൈദ്യനെന്നു പറയപ്പെടുന്നു.

**7. അശ്വാവതീം സോമാവതീ–**
**മൂർജയന്തീമുദോജസം**
**ആവത്സി സർവാ ഓഷധീ–**
**രസ്മാ അരിഷ്ടതാതയേ**

*അശ്വവതീം സോമവതീം* അശ്വവതി (അശ്വമുള്ളവൾ), സോമവതി (സോമമുള്ളവൾ),
*ഊർജയന്തീം ഉദോജസം* ഊർജയന്തി (ഊർജമുണ്ടാക്കുന്നവൾ), ഉദോജസ്സ് (ഓജസ്സുയർത്തുന്നവൾ)
*സർവാഃ ഓഷധീഃ ആ അവത്സി* – ഈ സസ്യങ്ങളെല്ലാം ഞാൻ ഇവിടെ നേടുന്നത്
*അസ്മൈ അരിഷ്ടതാതയേ* ഇവൻ ഉപദ്രവിക്കപ്പെടാതിരിക്കാനാണ്.

**8. ഉച്ചുഷ്മാ ഓഷധീനാം**
**ഗാവോ ഗോഷ്ഠാദിവേരതേ**
**ധനം സനിഷ്യന്തീനാ–**
**മാത്മാനം തവ പൂരുഷ**

*ഓഷധീനാം ശുഷ്മാഃ* സസ്യങ്ങളുടെ അനിയന്ത്രിതശക്തികൾ,
പുരുഷ തവ ധനം മനുഷ്യാ! നിന്റെ പന്തയത്തെയും
ആത്മാനം സനിഷ്യന്തീനാം നിന്നെത്തന്നെയും നേടാനിച്ഛിക്കേ,
ഗോഷ്ഠാത് ഗാവഃ **ഇവ** ഉദീരതേ തൊഴുത്തിൽനിന്നു പശുക്കളെന്നപോലെ, അവ ഉയർന്നുവരുന്നു.

**9. ഇഷ്കൃതിർനാമ വോ മാതാ–**
**ഥോ യൂയം സ്ഥ നിഷ്കൃതീഃ**
**സീരാഃ പതത്രിണീ സ്ഥന**
**യദാമയതി നിഷ്കൃഥ**

*വഃ മാതാ ഇഷ്കൃതിഃ നാമ* നിങ്ങളുടെ അമ്മ പേരുകൊണ്ടു "വീണ്ടെടുപ്പുകാരി"യാണ്.
*അഥോ യൂയം നിഷ്കൃതിഃ സ്ഥ* അതുകൊണ്ട് നിങ്ങൾ "പുറത്താക്കുന്നവർ" ആകുന്നു.
*പതത്രിണീഃ സീരാഃ സ്ഥന* നിങ്ങൾ "ചിറകുക"ളുള്ള (തണ്ടുകൾ) "തണ്ടുക"ളാകുന്നു (ഇലകൾ).
*യദ് ആമയതി നിഃ കൃഥ* നീ രോഗമുണ്ടാക്കുന്നതിനെ പുറത്താക്കുന്നു.

**10. അതി വിശ്വാഃ പരിഷ്ഠാഃ**
**സ്തേന ഇവ വ്രജമക്രമുഃ**
**ഓഷധീഃ പ്രാചുച്യ്യവുർ–**
**യത് കിം ച തന്വോ രപഃ**

*സ്തേനഃ വിശ്വാഃ പരിഷ്ഠാഃ ഇവ* അവ, കള്ളൻ പ്രതിരോധനിരയെയെന്നപോലെ,
*വ്രജം അതി അക്രമുഃ* വേലികളിന്മേൽ അതിക്രമിച്ചുകയറി.
*ഓഷധീഃ യത് കിം ച തന്വഃ രപഃ പ്ര അചുച്യ്യവുഃ* സസ്യങ്ങൾ ദേഹത്തിനു രോഗമുണ്ടാക്കുന്നതിനെയെല്ലാം ആട്ടിയോടിക്കുന്നു.

**11. യദി മാ വാജയന്നഹ–**
**മോഷധീർഹസ്ത ആദധേ**
**ആത്മാ യക്ഷ്മസ്യ നശ്യതി**
**പുരാ ജീവഗൃഭോ യഥാ**

*യത് അഹം ഇമാഃ ഓഷധീഃ* ഞാൻ ഈ സസ്യങ്ങളെ
*ഹസ്തേ ആദധേ വാജയൻ* കയ്യിലെടുക്കുമ്പോൾ അവയെ വീര്യവത്താക്കിക്കൊണ്ട്
*ജീവഗൃഭഃ യഥാ പുരാ* ജീവനോടെ പിടിക്കുന്നതിനു മുൻപെന്നപോലെ,
*യക്ഷ്മസ്യ ആത്മാ നശ്യതി* രോഗത്തിന്റെ ആത്മാവ് നശിക്കുന്നു.

**12. യസ്യൗഷധീഃ പ്രസർപ്പഥാം–**

**ഗമംഗം പരുഷ്പരുഃ**
**തതോ യക്ഷ്മം വി ബാധധ്വ**
**ഉഗ്രോ മധ്യമശീരിവ**

*ഓഷധീഃ യസ്യ അംഗം അംഗം* സസ്യങ്ങളേ! ഓരോ അവയവവും,
*പരുഷ്പരുഃ പ്രസർപ്പഥ തതഃ* ഓരോ സന്ധിയും, ഇടറിനിൽക്കുന്നവനിൽനിന്നു,
*മധ്യമശീഃ ഉഗ്രഃ ഇവ* മധ്യത്തിൽ കിടക്കുന്ന ശക്തനെയെന്നപോലെ,
*യക്ഷ്മം വി ബാധധ്വേ* രോഗത്തെ കുത്തിയിറക്കുന്നു.

**13. സാകം യക്ഷ്മ പ്ര പത**
**ചാഷേണ കികിദീവിനാ**
**സാകം വാതസ്യ ധ്രാജ്യാ**
**സാകം നശ്യ നിഹാകയാ**

*യക്ഷ്മ ചാഷേണ കികിദീവിനാ* രോഗമേ! നീ കടൽക്കാക്കയോടും നീർക്കാക്കയോടും
*സാകം പ്ര പത* ഒപ്പം പറന്നുപോയാലും!
*വാതസ്യ ധ്രാജ്യാ സാകം നിഹാകയാ സാകം നശ്യ* കാറ്റിന്റെ വേഗത്തോടും ഉടുമ്പിനോടുമൊപ്പം നശിച്ചാലും!

**14. അന്യാ വോ അന്യാമവ-**
**ത്വന്യാന്യസ്യാ ഉപാവത**
**താഃ സർവാഃ സംവിദാനാ**
**ഇദം മേ പ്രാവതാ വചഃ**

*വഃ അന്യാ അന്യാം അവതു* നിങ്ങളിലൊരാൾ മറ്റേവനെ സഹായിക്കട്ടെ!
*അന്യാ അന്യസ്യാഃ ഉപ അവത* അന്യോന്യം സഹായം നൽകിയാലും!
*താഃ സർവാഃ സംവിദാനാഃ* നിങ്ങളെല്ലാം ഒരുമിച്ചുകൊണ്ട്
*മേ ഇദം വചഃ പ്ര അവത* എന്റെ ഈ വാക്കിനെ സഹായിച്ചാലും!

**15. യാഃ ഫലിനീർയാ അഫലാ**
**അപുഷ്പാ യാശ്ച പുഷ്പിണീഃ**
**ബൃഹസ്പതിപ്രസൂതാ-**
**സ്താ നോ മുഞ്ചന്ത്വംഹസഃ**

*യാഃ ഫലിനീഃ യാഃ അഫലാഃ* കായുള്ളവയും ഇല്ലാത്തവയും
*അപുഷ്പാഃ യാഃ ച പുഷ്പിണീഃ താഃ* പൂവില്ലാത്തവയും പൂവുള്ളവയുമായ അവ
*ബൃഹസ്പതിപ്രസൂതാഃ* ബൃഹസ്പതിയാൽ പ്രേരിതരായി
*നഃ അംഹസഃ മുഞ്ചന്തു* ഞങ്ങളെ വിഷമങ്ങളിൽനിന്നു മോചിപ്പിക്കട്ടെ!

**16. മുഞ്ചന്തു മാ ശപഥ്യാ-**
**ദഥോ വരുണ്യാദുത**
**അഥോ യമസ്യ പഡ്ബീശാത്**
**സർവസ്മാദ് ദേവകില്ബിഷാത്**

*മാ ശപഥ്യാത് അഥോ വരുണ്യാത് അവ* എന്നെ ശാപ(ബന്ധന)ത്തിൽനിന്നും തുടർന്നു വരുണ(ബന്ധന)ത്തിൽനിന്നും
*ഉത അഥോ യമസ്യ പഡ്ബീശാത്* പിന്നീട് യമന്റെ ബന്ധനത്തിൽനിന്നും
*സർവസ്മാത് ദേവകില്ബിഷാത് മുഞ്ചന്തു* ദേവന്മാർക്കെതിരെയുള്ള എല്ലാ കുറ്റങ്ങളിൽനിന്നും മോചിപ്പിക്കട്ടെ!

**17. അവപതന്തീരവദൻ**
**ദിവ ഓഷധയസ്പരി**
**യം ജീവമശ്നവാമഹൈ**
**ന സ രിഷ്യാതി പൂരുഷഃ**

*ദിവഃ അവപതന്തീഃ ഓഷധയഃ പരി അവദൻ* സ്വർഗത്തിൽനിന്നു പറന്നുതാഴുന്ന സസ്യങ്ങൾ പറഞ്ഞു:
*യം ജീവം അശ്നവാവഹൈ* "ജീവിച്ചിരിക്കെ ഞങ്ങൾ അടുത്തെത്തുന്ന
*സഃ പുരുഷഃ ന രിഷ്യാതി* മനുഷ്യൻ ഉപദ്രവമനുഭവിക്കുകയില്ല".

**18. യാ ഓഷധീഃ സോമരാജ്ഞീർ-**
**ബഹ്വീഃ ശതവിചക്ഷണാഃ**
**താസാം ത്വമസ്യുത്തമാ-**
**രം കാമായ ശം ഹൃദേ**

*യാഃ സോമരാജ്ഞീഃ ഓഷധീഃ* സോമൻ രാജാവായ സസ്യങ്ങൾ
*ബഹ്വീഃ ശതവിചക്ഷണാഃ* പലതും നൂറു ഭാവങ്ങളുള്ളതുമാണ്.

*താസാം കാമായ അരം ഹൃദേ ശം* ഞങ്ങളുടെ ആഗ്രഹത്തിനു തൃപ്തി വരുത്തുന്നതും ഹൃദയത്തിനു സുഖകരവുമായ
*ത്വം ഉത്തമാ അസി* നീ ഉത്തമമാകുന്നു.

**19. യാ ഓഷധീഃ സോമരാജ്ഞീർ–**
**വിഷ്ഠിതാഃ പ്രൃഥിവീമനു**
**ബൃഹസ്പതിപ്രസൂതാ**
**അസ്യൈ സം ദത്ത വീര്യം**

*യാഃ സോമരാജ്ഞീഃ ഓഷധീഃ* സോമൻ രാജാവായ സസ്യങ്ങൾ
*പൃഥിവീം അനു വിഷ്ഠിതാഃ* ഭൂമിയിലെങ്ങും വ്യാപിച്ചിരിക്കുന്നു.
*ബൃഹസ്പതിപ്രസൂതാഃ* ബൃഹസ്പതിയാൽ പ്പേരിപ്പിക്കപ്പെട്ട്
*അസ്യൈ വീര്യം സം ദത്ത* ഇതിനു (ഔഷധസസ്യത്തിന്) ഒരുമിച്ച് വീര്യം നൽകിയാലും!

**20. മാ വോ രിഷത് ഖനിതാ**
**യസ്മൈ ചാഹം ഖനാമി വഃ**
**ദ്വിപച്ചതുഷ്പദസ്മാകം**
**സർവമസ്ത്വനാതുരം**

*യസ്മൈ ച അഹം വഃ ഖനാമി* ആർക്കുവേണ്ടി ഞാൻ നിങ്ങളെ കിളക്കുന്നുവോ അവനോ
*വഃ ഖനിതാ മാ രിഷത്* നിങ്ങളെ കിളക്കുന്നവനോ ഉപദ്രവമേൽക്കരുത്.
*അസ്മാകം ദ്വിപത് ചതുഷ്പത്* ഞങ്ങളുടെ ഇരുകാലിയും നാൽക്കാലിയും
*സർവം അനാതുരം അസ്തു* എല്ലാം രോഗമില്ലാത്തവയാവട്ടെ!

**21. യാശ്ചേദമുപശൃണ്വന്തി**
**യാശ്ച ദൂരം പരാഗതാഃ**
**സർവാഃ സംഗത്യ വീരു–**
**ധോസ്യൈ സം ദത്ത വീര്യം**

*യാഃ ച ഇദം ഉപശൃണ്വന്തി* ഇത് അടുത്തുനിന്നു കേൾക്കുന്നവയും
*യാഃ ച ദൂരം പരാഗതാഃ* അകലെനിന്നു കേൾക്കുന്നവയുമായ
*സർവാഃ വീരുധഃ സംഗത്യ* എല്ലാ തളിരുകളും ഒരുമിച്ചുനിന്ന്
*അസ്യൈ വീര്യം സം ദത്ത* ഇതിന് (ഔഷധസസ്യത്തിന്) വീര്യം ഒരുമിച്ചുനൽകിയാലും!

**22. ഓഷധയഃ സം വദന്തേ**
**സോമേന സഹ രാജ്ഞാ**
**യസ്മൈ കൃണോതി ബ്രാഹ്മണ–**
**സ്തം രാജൻ പാരയാമസി**

*ഓഷധയഃ രാജ്ഞാ സോമേന* സസ്യങ്ങൾ രാജാവായ സോമനുമായി
*സഹ സം വദന്തേ* ഒരുമിച്ച് യോജിപ്പിൽ വരുന്നു:
*യസ്മൈ ബ്രാഹ്മണഃ കൃണോതി* "ആർക്കുവേണ്ടി ബ്രാഹ്മണൻ പ്രവർത്തിക്കുന്നുവോ,
*രാജൻ തം പാരയാമസി* രാജാവേ! ഞങ്ങൾ അവനെ കര കടത്തുന്നു."

**23. ത്വമുത്തമാസ്യോഷധേ**
**തവ വൃക്ഷാ ഉപസ്തയഃ**
**ഉപസ്തിരസ്തു സോസ്മാകം**
**യോ അസ്മാനഭിദാസതി**

*ഓഷധേ ത്വം ഉത്തമാ അസി* സസ്യമേ! നീ ഉത്തമയാകുന്നു.
*വൃക്ഷാഃ തവ ഉപസ്തയഃ* മരങ്ങൾ നിന്റെ കീഴിലുള്ളവയത്രേ.
*യഃ അസ്മാൻ അഭിദാസതി* ഞങ്ങളെ ആക്രമിക്കുന്നവൻ
*സഃ അസ്മാകം ഉപസ്തിഃ അസ്തു* ഞങ്ങൾക്കു കീഴിലാവട്ടെ!

★

## പത്താം മണ്ഡലം, നൂറ്റേഴാം സൂക്തം

ദിവ്യ അംഗിരസൻ അഥവാ ദക്ഷിണാ പ്രാജാപത്യ ഋഷി; 11 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ജഗതി 4 ഒഴികെ); ദക്ഷിണ അഥവാ ദക്ഷിണ നൽകുന്നവർ ദേവത

ദക്ഷിണയെക്കുറിച്ചുള്ള ഈ അതിരു കവിഞ്ഞ സ്തുതികൾ കവിയുടെ താല്പര്യങ്ങളാലാണ്. യജമാനൻ യജ്ഞത്തിൽ കർമം നിർവഹിച്ച വിവിധപുരോഹിതന്മാർക്കു ദക്ഷിണ നൽകുന്നു. യജമാനന്റെ പാരിതോഷികത്തിൽനിന്നൊരു ഭാഗം തനിക്കും കിട്ടുന്നുവെന്നതാണ് കവിയുടെ താല്പര്യം. സൂക്തം ദക്ഷിണ എന്ന പ്രമേയത്തിൽനിന്നു മാറുന്നതേയില്ല. നൽകപ്പെടുന്ന ദക്ഷിണ, നൽകുന്നവന് മാനസികവും ഭൗതികവുമായ അളവറ്റ നേട്ടങ്ങൾ കൈവരുത്തും. ദക്ഷിണയുടെ മൂല്യത്തേക്കാൾ അധികമായിരിക്കും അത്. അങ്ങനെ ഈ സൂക്തം ദക്ഷിണ നൽകാൻ യജമാനന്മാർക്കു പ്രേരകമായിത്തീരുന്നു.

**1. ആവിരഭൂന്മഹി മാഘോനമേഷാം**
**വിശ്വം ജീവം തമസോ നിരമോചി**
**മഹി ജ്യോതിഃ പിതൃഭിർദത്തമാഗാ–**
**ദുരുഃ പന്ഥാ ദക്ഷിണായാ അദർശി**

*ഏഷാം മഹി മാഘോനം ആവിഃ അഭൂത്* അവരുടെ മഹത്തായ ഔദാര്യം വെളിപ്പെട്ടു.
*വിശ്വം ജീവം തമസഃ നിഃ അമോചി* ജീവിതം മുഴുവൻ ഇരുട്ടിൽനിന്നു മോചിപ്പിക്കപ്പെട്ടു.
*പിതൃഭിഃ ദത്തം മഹി ജ്യോതിഃ ആ അഗാത്* പിതൃക്കൾ തന്ന മഹത്തായ വെളിച്ചം വരുന്നു.
*ദക്ഷിണായാഃ ഉരു പന്ഥാ അദർശി* ദക്ഷിണയുടെ വിശാലമായ വഴി കാണപ്പെട്ടു.

**2. ഉച്ചാ ദിവി ദക്ഷിണാവന്തോ അസ്ഥുർ–**
**യേ അശ്വദാഃ സഹ തേ സൂര്യേണ**
**ഹിരണ്യദാ അമൃതത്വം ഭജന്തേ**
**വാസോദാഃ സോമ പ്ര തിരന്ത ആയുഃ**

*ദക്ഷിണാവന്തഃ ഉച്ചാ ദിവി അസ്ഥുഃ* ദക്ഷിണ നൽകുന്നവർ ഉയർന്ന സ്വർഗത്തിൽ നിൽക്കുന്നു.
*അശ്വദാഃ യേ തേ സൂര്യേണ സഹ* കുതിരകളെ ദാനം ചെയ്യുന്നവർ സൂര്യനോടൊരുമിച്ചു (വരുന്നു).
*ഹിരണ്യദാഃ അമൃതത്വം ഭജന്തേ* സ്വർണം ദാനം ചെയ്യുന്നവർ അമൃതത്വം പങ്കിടുന്നു.
*സോമ വാസോദാഃ ആയുഃ പ്ര തിരന്തേ* സോമാ! വസ്ത്രങ്ങൾ ദാനം ചെയ്യുന്നവർ സ്വന്തം ആയുസ്സു നീട്ടുന്നു.

**3. ദൈവീ പൂർത്തിർദക്ഷിണാ ദേവയജ്യാ**
**ന കവാരിഭ്യോ ന ഹി തേ പൃണന്തി**
**അഥാ നരഃ പ്രയതദക്ഷിണാസോ–**
**വദ്യഭിയാ ബഹവഃ പൃണന്തി**

*ദേവയജ്യാ പൂർത്തിഃ ദൈവീ ദക്ഷിണാ* ദേവന്മാർക്കുള്ള യജ്ഞഹവിസ്സു നൽകലാണ് ദിവ്യമായ ദക്ഷിണ.
*ന കവാരിഭ്യഃ ഹി തേ ന പൃണന്തി* ഇതു പിശുക്കർക്കുള്ളതല്ല; കാരണം, അവർ നൽകുന്നില്ല.
*അഥ പ്രയതദക്ഷിണാസഃ ബഹവഃ* എന്നാൽ, ദക്ഷിണ ചെയ്യുന്ന പല
*നരഃ അവദ്യഭിയാ പൃണന്തി* മനുഷ്യരും പാപഭയത്താലാണ് നൽകുന്നത്.

**4. ശതധാരം വായുമർക്കം സ്വർവിദം**
**നൃചക്ഷസസ്തേ അഭി ചക്ഷതേ ഹവിഃ**
**യേ പൃണന്തി പ്ര ച യച്ഛന്തി സംഗമേ**
**തേ ദക്ഷിണാം ദുഹതേ സപ്തമാതരം**

*നൃചക്ഷസഃ ശതധാരം വായും* മനുഷ്യദൃഷ്ടികൊണ്ടു കാണുന്നവർ അതു കാണുന്നത് നൂറു വൃഷ്ട്യരുവികളോടുകൂടിയ കാറ്റും
*സ്വർവിദം അർക്കം* സൂര്യനെ കണ്ടെത്തുന്ന സ്തുതിയുമായാണ്.
*തേ ഹവിഃ അഭി ചക്ഷതേ* അവർ അത് ഹവിസ്സായി കാണുന്നു.
*സംഗമേ യേ പൃണന്തി ച പ്ര യച്ഛന്തി* യജ്ഞസഭയിൽ നൽകുകയും സമ്മാനിക്കുകയും ചെയ്യുന്നവർ
*തേ സപ്തമാതരം ദക്ഷിണാം ദുഹതേ* സപ്തമാതൃക്കളെ ദക്ഷിണയായി കറക്കുന്നു.

**5. ദക്ഷിണാവാൻ പ്രഥമേ ഹൂത ഏതി**
**ദക്ഷിണാവാൻ ഗ്രാമണീരഗ്രമേതി**
**തമേവ മന്യേ നൃപതിം ജനാനാം**
**യഃ പ്രഥമോ ദക്ഷിണാമാവിവായ**

*ദക്ഷിണാവാൻ പ്രഥമഃ ഹുതഃ ഏതി* ദക്ഷിണ നൽകുന്നവൻ ആദ്യം വിളിക്കപ്പെട്ട് പോകുന്നു.
*ദക്ഷിണാവാൻ ഗ്രാമണീഃ അഗ്രം ഏതി* ദക്ഷിണ നൽകുന്ന ഗ്രാമനേതാവ് ആദ്യമെത്തുന്നു.
*പ്രഥമഃ യഃ ദക്ഷിണാം ആവിവായ* ആദ്യം ദക്ഷിണ തേടുന്നവനാണ്
*തം ഏവ ജനാനാം നൃപതിം മന്യേ* ജനങ്ങളുടെ പ്രഭുവെന്നാണ് ഞാൻ കരുതുന്നത്.

**6. തമേവ ഋഷിം തമു ബ്രഹ്മാണമാഹുർ–**

**യജ്ഞന്യം സാമഗാമുക്ഥശാസം**
**സ ശുക്രസ്യ തന്വോ വേദ തിസ്രോ**
**യഃ പ്രഥമോ ദക്ഷിണയാ രരാധ**

*തം ഉ ബ്രാഹ്മണം യജ്ഞന്യം* പവിത്രമന്ത്രങ്ങളുടെ സ്രഷ്ടാവും യജ്ഞത്തിന്റെ നേതാവും
*സാമഗാം ഉക്ഥശസം* സാമങ്ങളുടെ ഗായകനും ശസ്ത്രങ്ങൾ ചൊല്ലുന്നവനുമാണ്
*തം ഏവ ഋഷിം ആഹുഃ* ഋഷിയെന്ന് അവർ പറയുന്നു.
*യഃ ദക്ഷിണയാ പ്രഥമഃ രരാധ* ദക്ഷിണകൊണ്ട് ആദ്യം വിജയം കണ്ടെത്തുന്നവൻ
*സഃ ശുക്രസ്യ തിസ്രഃ തന്വഃ വേദ* കണ്ണഞ്ചിപ്പിക്കുമാറ് പ്രകാശിക്കുന്നവന്റെ മൂന്നു ശരീരങ്ങളെയും അറിയുന്നു.

**7. ദക്ഷിണാശ്വം ദക്ഷിണാ ഗാം ദദാതി**
**ദക്ഷിണാ ചന്ദ്രമുത യദ്ധിരണ്യം**
**ദക്ഷിണാന്നം വനുതേ യോ ന ആത്മാ**
**ദക്ഷിണാം വർമ കൃണുതേ വിജാനൻ**

*ദക്ഷിണാ അശ്വം ദക്ഷിണാ ഗാം ചന്ദ്രം ദദാതി* ദക്ഷിണ കുതിരയെയും പശുവിനെയും തേജസ്സുള്ളതിനെയും തരുന്നു.
*ഉത യദ് ദക്ഷിണാ ഹിരണ്യം* മാത്രമല്ല, ദക്ഷിണ സ്വർണത്തെയും
*ദക്ഷിണാ നഃ യഃ ആത്മാ അന്നം വനുതേ* നമ്മുടെ പ്രാണൻതന്നെയായ ഭക്ഷണത്തെയും നേടുന്നു.
*വിജാനൻ ദക്ഷിണാം കൃണുതേ* ഇതു മനസ്സിലാക്കുന്നവൻ ദക്ഷിണ ചെയ്യുന്നു.

**8. ന ഭോജാ മമ്രുർന ന്യർഥമീയുർ-**
**ന രിഷ്യന്തി ന വ്യഥന്തേ ഹ ഭോജാഃ**
**ഇദം യദ് വിശ്വം ഭുവനം സ്വശ്ചൈ-**
**തത് സർവം ദക്ഷിണൈഭ്യോ ദദാതി**

*ഭോജാഃ ന മമ്രുഃ ന്യർഥം ന ഈയുഃ* അഭ്യുദയകാംക്ഷികൾ മരിക്കുകയോ പരാജിതമായ അറ്റത്തിലേക്കു പോവുകയോ ചെയ്യുകയില്ല.
*ഭോജാഃ ന രിഷ്യന്തി ന വ്യഥന്തേ ഹ* അവർ ഉപദ്രവിക്കപ്പെടുകയോ ഇടറുകയോ ചെയ്യുകയില്ല.
*ഇദം വിശ്വം ഭുവനം യത് സ്വഃ ച* ഈ അഖിലലോകവും സൂര്യനും
*ഏതത് സർവം ഏഭ്യഃ ദക്ഷിണാ ദദാതി* എല്ലാം ഇവർക്കു ദക്ഷിണ നൽകുന്നു.

**9. ഭോജാ ജിഗ്യുഃ സുരഭിം യോനിമഗ്രേ**
**ഭോജാ ജിഗ്യുർവധ്വം യാ സുവാസാഃ**
**ഭോജാ ജിഗ്യുരന്തഃ പേയം സുരായാ**
**ഭോജാ ജിഗ്യുർയേ അഹൂതാഃ പ്രയന്തി**

*ഭോജാഃ അഗ്രേ സുരഭിം യോനിം ജിഗ്യുഃ* അഭ്യുദയകാംക്ഷികൾ ആദ്യം സുഗന്ധമുള്ള യോനി നേടി;
*ഭോജാഃ യാ സുവാസാഃ വധ്വം ജിഗ്യുഃ* അവർ നല്ല വസ്ത്രങ്ങളണിഞ്ഞ കന്യകയെ നേടി;
*ഭോജാഃ അന്തഃപേയം സുരായാഃ ജിഗ്യുഃ* അവർ നേരെ അകത്തുചെല്ലുന്ന മദ്യം നേടി;
*ഭോജാഃ യേ അഹൂതാഃ പ്രയന്തി ജിഗ്യുഃ* അവർ ക്ഷണിക്കാതെ മുന്നോട്ടുവരുന്നവർക്കെതിരെ നേടി.

**10. ഭോജായാശ്വം സം മൃജന്ത്യാശും**
**ഭോജായാസ്തേ കന്യാ ശുംഭമാനാ**
**ഭോജസ്യേദം പുഷ്കരിണീവ വേശ്മ**
**പരിഷ്കൃതം ദേവമാനേവ ചിത്രം**

*ഭോജായ ആശും അശ്വം സം മൃജന്തി* അവർ അഭ്യുദയകാംക്ഷിക്കുവേണ്ടി വേഗമുള്ള കുതിരയെ തലോടുന്നു;
*ശുംഭമാനാ കന്യാ ഭോജായ ആസ്തേ* ശോഭനയായ കന്യക അഭ്യുദയകാംക്ഷിക്കുവേണ്ടി കാത്തിരിക്കുന്നു;
*ഭോജസ്യ ഇദം വേശ്മ* അഭ്യുദയകാംക്ഷിയടെ ഈ വസതി
*പുഷ്കരിണീ ഇവ പരിഷ്കൃതം* താമരപ്പൊയ്ക പോലെ അലങ്കൃതവും
*ദേവമാനാ ഇവ ചിത്രം* ദേവന്മാരുടെ കൊട്ടാരങ്ങൾപോലെ ഉജ്ജ്വലവുമത്രേ.

**11. ഭോജമശ്വാഃ സുഷ്ഠുവാഹോ വഹന്തി**
**സുവൃദ് രഥോ വർത്തതേ ദക്ഷിണായാഃ**
**ഭോജം ദേവാസോവതാ ഭരേഷു**
**ഭോജഃ ശത്രൂൻ സമനീകേഷു ജേതാ**

*സുഷ്ഠുവാഹഃ അശ്വാഃ ഭോജം വഹന്തി* നന്നായി വഹിക്കുന്ന കുതിരകൾ അഭ്യുദയകാംക്ഷികളെ വഹിക്കുന്നു;
*ദക്ഷിണായാഃ സുവൃത് രഥഃ വർത്തതേ* ദക്ഷിണയുടെ സുഖമായി ഉരുളുന്ന തേര് ഉരുളുന്നു;
ദേവാസഃ ഭരേഷു ഭോജം അവത ദേവന്മാരേ! ആക്രമണങ്ങളിൽ അഭ്യുദയകാംക്ഷിയെ സഹായിച്ചാലും!
*ഭോജഃ സമനീകേഷു ശത്രൂൻ ജേതാ* അഭ്യുദയകാംക്ഷി ഏറ്റുമുട്ടലുകളിൽ ശത്രുക്കളെ ജയിക്കട്ടെ!

★

## പത്താം മണ്ഡലം, നൂറ്റെട്ടാം സൂക്തം

സരമയും പണിയും ഋഷി; 11 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; സരമയും പണിയും ദേവത

സുവിദിതവും ആനന്ദപ്രദവുമായ സംഭാഷണസൂക്തമാണിത്. രൂപരേഖ വ്യക്തമെങ്കിലും വിശദാംശങ്ങൾ അത്ര വ്യക്തമല്ലാത്ത ഒരാഖ്യാനത്തിന്റെ മധ്യത്തിലാണ് ഈ സംഭാഷണം നടക്കുന്നത്. പണികൾ പശുക്കളെ ഗുഹയിൽ കുടുക്കി. ഇന്ദ്രനും പ്രാചീനവൈദികഋഷികളും പശുക്കളെ മോചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇന്ദ്രൻ തന്റെ സരമ എന്ന നായയെ പണികളെ കെണിയിൽ പെടുത്താനും പശുക്കളെ വിട്ടയയ്ക്കാൻ ആവശ്യപ്പെടാനും വേണ്ടി അയയ്ക്കുന്നു. അവസാനം ഇന്ദ്രനും ഋഷിമാരും (അംഗിരസ്സുകളും നവഗ്വന്മാരും) തന്നെ പണികൾ പശുക്കളെ ഒളിപ്പിച്ച സ്ഥലത്തേക്കു വരുന്നു. അവർ തങ്ങൾ രചിക്കുകയും പാടുകയും ചെയ്ത സൂക്തങ്ങളുടെ ശക്തിയിലൂടെ ഗുഹ തുറന്നു. ഇന്ദ്രനെ ഇവിടെ ബൃഹസ്പതി എന്നാണ് പരാമർശിക്കുന്നത്. ഉഷസ്സുകളുടെ വരവും ഇവിടെ വർണിക്കുന്നുണ്ട്. തന്റെ സൂക്തത്തിന്റെ ശക്തികൊണ്ടാണ് പശുക്കളെ വീണ്ടെടുക്കുന്നതെന്ന് കവി സൂചിപ്പിക്കുന്നു.

**1. കിമിച്ഛന്തീ സരമാ പ്രേദമാനട്**
**ദൂരേ ഹ്യധ്വാ ജഗുരിഃ പരാചൈഃ**
**കാസ്മേഹിതിഃ കാ പരിതക്മ്യാസീത്**
**കഥം രസായാ അതരഃ പയാംസി**

*കിം ഇച്ഛന്തീ സരമാ ഇദം പ്രാനട്?* (പണി:) എന്തന്വേഷിച്ചുകൊണ്ടാണ് സരമ ഇവിടെ വന്നത്?
*ഹി പരാചൈഃ ജഗുരിഃ അധ്വാ ദൂരേ* കാരണം, അകലത്തിൽ (സഞ്ചാരിയെ) വിഴുങ്ങിക്കൊണ്ട് പാത ദൂരെയാണ്.
*കാ അസ്മേഹിതിഃ? കാ പരിതക്മ്യാ ആസീത്?* എന്താണ് നിന്റെ ഞങ്ങളോടുള്ള ദൗത്യം? എന്തായിരുന്നു (നിന്നെ ഇവിടെ വരുത്തുന്ന) അവസാനത്തെ തിരിവ്?
*കഥം രസായാഃ പയാംസി അതരഃ?* എങ്ങനെയാണ് നീ രസയിലെ ജലത്തെ മുറിച്ചുകടന്നത്?

**2. ഇന്ദ്രസ്യ ദൂതീരിഷിതാ ചരാമി**
**മഹ ഇച്ഛന്തീ പണയോ നിധീൻ വഃ**
**അതിഷ്കദോ ഭിയസാ തന്ന ആവത്**
**തഥാ രസായാ അതരം പയാംസി**

*പണയഃ ഇന്ദ്രസ്യ ദൂതീഃ ഇഷിതാ* (സരമ:) പണികളേ! ഇന്ദ്രന്റെ ദൂതിയായി അയയ്ക്കപ്പെട്ടാണ്
*വഃ മഹഃ നിധീൻ ഇച്ഛന്തീ ചരാമി* നിന്റെ മഹത്തായ നിധികൾഅന്വേഷിച്ചുകൊണ്ട് ഞാൻ സഞ്ചരിക്കുന്നത്.
*അതിഷ്കദഃ ഭിയസാ തത് നഃ ആവത്* കുറുകെ ചാടിക്കടക്കാനുള്ള ഭയംകൊണ്ടാണ് – അത് ഞങ്ങളെ സഹായിച്ചു –
*തഥാ രസായാഃ പയസി അതരം* ഞാൻ രസയിലെ ജലത്തെ മുറിച്ചുകടന്നത്.

**3. കീദൃങ്ങിന്ദ്രഃ സരമേ കാ ദൃശീകാ**
**യസ്യേദം ദൂതീരസരഃ പരാകാത്**
**ആ ച ഗച്ഛാന്മിത്രമേനാ ദധാമാ–**
**ഥാ ഗവാം ഗോപതിർനോ ഭവാതി**

*സരമേ യസ്യ ദൂതീഃ ഇദം പരാകാത് അസരഃ* (പണി:) സരമേ! ആരുടെ ദൂതിയായാണോ നീ ദൂരെനിന്ന് അയയ്ക്കപ്പെട്ടത്
*ഇന്ദ്രഃ കീദൃക്? കാ ദൃശീകാ?* ആ ഇന്ദ്രൻ ഏതു തരക്കാരനാണ്? അവന്റെ മുഖഭാവമെങ്ങനെ?
*ആ ഗച്ഛാത് ച ഏന മിത്രം ദധാമ* അവൻ ഇവിടെ വരികയാണെങ്കിൽ ഞങ്ങൾ അവനുമായി സഖ്യമുണ്ടാക്കുകയും
*അധ നഃ ഗവാം ഗോപതിഃ ഭവാതി* അപ്പോൾ അവൻ ഞങ്ങളുടെ പശുക്കളുടെ ഇടയനായിത്തീരുകയും ചെയ്യട്ടെ!

**4. നാഹം തം വേദ ദഭ്യം ദഭത് സ**
**യസ്യേദം ദൂതീരസരം പരാകാത്**
**ന തം ഗുഹന്തി സ്രവതോ ഗഭീരാ**
**ഹതാ ഇന്ദ്രേണ പണയഃ ശയധ്വേ**

*തം ദഭ്യം ന വേദ സഃ ദഭത്* (സരമ:) ചതിക്കപ്പെടാനാവാത്തവനാണെന്ന് എനിക്കറിയാം. അവൻ ചതിക്കുന്നു.
*യസ്യ ദൂതീഃ അഹം ഇദം പരാകാദ് അസരം* അവന്റെ ദൂതിയായാണ് ഞാൻ ഇവിടെ ദൂരെനിന്ന് എത്തിയത്.
*ഗഭീരാഃ സ്രവതഃ തം ന ഗുഹന്തി* ആഴത്തിലൊഴുകുന്ന നദികൾ അവനെ ഒളിപ്പിക്കുകയില്ല.
*ഇന്ദ്രേണ ഹതാഃ പണയഃ ശയധ്വേ* ഇന്ദ്രനാൽ തകർക്കപ്പെട്ട പണികളായ നിങ്ങൾ കിടക്കാറാവും.

**5. ഇമാ ഗാവഃ സരമേ യാ ഐച്ഛഃ**
**പരി ദിവോ അന്താൻ സുഭഗേ പതന്തീ**
**കസ്ത ഏനാ അവ സൃജാദയുധ്വ്യു–**
**താസ്മാകമായുധാ സന്തി തിഗ്മാ**

*സുഭഗേ സരമേ ഇമാഃ യാഃ ഗാവഃ ഐച്ഛഃ* (പണി:) സുഭഗയായ സരമേ! നീ അന്വേഷിച്ച ഈ പശുക്കളെ,
*ദിവഃ അന്താൻ പരി പതന്തീ* നീ സ്വർഗത്തിന്റെ അറ്റങ്ങൾക്കു ചുറ്റും പറന്നപ്പോൾ
*കഃ ഏനാഃ തേ അയുധ്വീ അവ സൃജാത്* ആരാണ് നിനക്ക് യുദ്ധം കൂടാതെ വിട്ടുതരിക?
*ഉത അസ്മാകം ആയുധാ തിഗ്മാ സന്തി* മാത്രമല്ല, ഞങ്ങളുടെ യുദ്ധായുധങ്ങൾ തീക്ഷ്ണങ്ങളാകുന്നു.

**6. അസേന്യാ വഃ പണയേ വചാം–**
**സ്യനിഷവ്യാസ്തന്വഃ സന്തു പാപീഃ**
**അധൃഷ്ടോ വഃ ഏതവാ അസ്തു പന്ഥാ**
**ബൃഹസ്പതിർവ ഉഭയാ ന മൃളാത്**

*പണയഃ വഃ വചാംസി അസേന്യാ* (സരമ:) പണികളേ! നിങ്ങളുടെ വാക്കുകൾ ആയുധങ്ങളല്ല.
*പാപീഃ തന്വഃ അനിഷവ്യാഃ സന്തു* നിങ്ങളുടെ പാപം പൂണ്ട ശരീരങ്ങൾ ശരങ്ങൾക്കു ദുഷ്പ്രവേശ്യമാവുകയോ
*വഃ പന്ഥാഃ ഏതവൈ അധൃഷ്ടഃ അസ്തു* നിങ്ങളിലേക്കുള്ള വഴി അനുഗമിക്കാൻ അസാധ്യമോ ആകട്ടെ!
ഉഭയാ വഃ ബൃഹസ്പതിഃ ന മൃളാത് രണ്ടായാലും, ബൃഹസ്പതി നിങ്ങളിൽ ദയവുള്ളവനാവുകയില്ല!

**7. അയം നിധിഃ സരമേ അദ്രിബുധ്നോ**
**ഗോഭിരശ്വേഭിർവസുഭിർന്യൃഷ്ടഃ**
**രക്ഷന്തി തം പണയോ യേ സുഗോപാ**
**രേക പദമലകമാ ജഗന്ഥ**

*സരമേ അദ്രിബുധ്നഃ അയം നിധിഃ* (പണി:) സരമേ! ശിലയുടെ അടിത്തറയോടുകൂടിയുള്ള ഈ നിധി
*ഗോഭിഃ അശ്വേഭിഃ വസുഭിഃ ന്യൃഷ്ടഃ* പശുക്കളെയും കുതിരകളെയും സാധനങ്ങളെയും കൊണ്ടു നിറഞ്ഞുകവിഞ്ഞു.
*സുഗോപാഃ യേ പണയഃ തം രക്ഷന്തി* നല്ല ഇടയന്മാരായ പണികൾ അതു രക്ഷിക്കുന്നു.
*രേക അലകം പദം ആ ജഗന്ഥ* വെറുതെയാണ് നീ ഒഴിഞ്ഞ പാതയിലേക്കു വന്നത്!

**8. ഏഹ ഗമന്നൃഷയഃ സോമശിതാ**
**അയാസ്യോ അംഗിരസോ നവഗ്വാഃ**
**ത ഏതമൂർവം വി ഭജന്ത ഗോനാ–**
**മഥൈതദ്വചഃ പണയോ വമന്നിത്**

*സോമശിതാഃ ഋഷയഃ ഇഹ ആ ഗമൻ* (സരമ:) സോമംകൊണ്ടു തീക്ഷ്ണരായ ഋഷിമാർ, ഇവിടെ ഈ സ്ഥലത്തേക്കു വരും:
*അയാസ്യഃ അംഗിരസഃ നവഗ്വാഃ* അയാസ്യൻ (ഇന്ദ്രൻ), അംഗിരസ്സുകൾ, നവഗ്വന്മാർ എന്നിവർ.
*തേ ഏതം ഗോനാം ഊർവം വി ഭജന്ത* അവർ ഈ പശുത്തൊഴുത്ത് പിരിക്കും.
*അഥ പണയഃ ഏതദ് വചഃ വമൻ ഇത്* അപ്പോൾ പണികൾ (തങ്ങളുടെ) ഈ വാക്കു ഛർദിക്കുകതന്നെ ചെയ്യും!
വമൻ – ഛർദിക്കുക. ഉപേക്ഷിക്കുക എന്നു താല്പര്യം.

**9. ഏവാ ച ത്വം സരമ ആ ജഗന്ഥ**
**പ്രബാധിതാ സഹസാ ദൈവ്യേന**
**സ്വസാരം ത്വാ കൃണവൈ മാ പുനർഗാ**
**അപ തേ ഗവാം സുഭഗേ ഭജാമ**

*സരമേ ദൈവ്യേന സഹസാ* (പണി:) സരമേ! ദിവ്യശക്തിയാൽ
*പ്രബാധിതാ ത്വം ഏവ ച ആജഗന്ഥ* നിർബന്ധിക്കപ്പെട്ട് നീ ഈ വഴിക്കു വന്നുവെങ്കിൽപ്പോലും,
*സുഭഗേ ത്വാ സ്വസാരം കൃണവൈ* സുഭഗേ! ഞാൻ നിന്നെ എന്റെ സോദരിയാക്കാം.
*പുനഃ മാ ഗാഃ തേ ഗവാം അപ ഭജാമ* പിന്നെ പിന്തിരിയരുത്; ഞങ്ങൾ നിനക്കു പശുക്കളിൽ ഒരുഭാഗം തരാം.

**10. നാഹം വേദ ഭ്രാതൃത്വം നോ സ്വസൃത്വ–**
**മിന്ദ്രോ വിദുരംഗിരസശ്ച ഘോരാഃ**
**ഗോകാമാ മേ അച്ഛദയൻ യദായ–**
**മപാത ഇത പണയോ വരീയഃ**

*അഹം ഭ്രാതൃത്വം ന സ്വസൃത്വം നോ വേദ* (സരമ:) സോദരത്വമോ സോദരീത്വമോ ഒന്നും എനിക്കറിയില്ല.
*ഇന്ദ്രഃ ഘോരാഃ അംഗിരസഃ ച വിദുഃ* ഇന്ദ്രന്നും ഭയങ്കരന്മാരായ അംഗിരസ്സുകൾക്കും (ഇക്കാര്യങ്ങ)ളറിയാം.
*യദ് ആയം മേ ഗോകാമാഃ അച്ഛദയൻ* അവർ ഞാൻ വന്നപ്പോൾ ഞാൻ പശുക്കളിൽ ആഗ്രഹമുള്ളവളാണെതിനാൽ അവർ എന്നെ വളയും.
*പണയഃ അതഃ വരീയഃ അപ ഇത* പണികളേ! ഇവിടെനിന്നു വളരെ ദൂരത്തേക്കു പോയാലും!

**11. ദൂരമിത പണയോ വരീയ**
**ഉദ് ഗാവോ യന്തു മിനതീരൃതേന**
**ബൃഹസ്പതിർയാ അവിന്ദന്നിഗൂള്ഹാഃ**

**സോമോ ഗ്രാവാണ ഋഷയശ്ച വിപ്രാഃ**

*പണയഃ വരീയഃ ദൂരം ഇത* (ആഖ്യാതാവ്:) പണികളേ! ഇവിടെനിന്നു വളരെ ദൂരത്തേക്കു പോയാലും!
ഋതേന മിനതീഃ യാഃ നിഗൂള്ഹാഃ സത്യത്തോടുകൂടി സ്ഥലങ്ങൾ കൈമാറിക്കൊണ്ട്, ഒളിപ്പിച്ചുവെന്നു
*ബൃഹസ്പതിഃ സോമഃ ഗ്രാവാണഃ വിപ്രാഃ* ബൃഹസ്പതിയും സോമനും പിടിക്കല്ലുകളും പ്രചോദിതരായ
*ഋഷയഃ ച അവിന്ദത് ഗാവഃ ഉദ് യന്തു* ഋഷികളും കണ്ടെത്തുന്ന പശുക്കൾ ഉയർന്നുവരട്ടെ!

★

## പത്താം മണ്ഡലം, നൂറ്റിപ്പതിനേഴാം സൂക്തം

ഭിക്ഷു ആംഗിരസൻ ഋഷി; 9 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ് (ജഗതി 1–2 ഒഴികെ)); ധനം, അന്നം എന്നിവ ദേവത (ധനാന്നദാനപ്രശംസ)

വിഷയത്തിലും സ്വരത്തിലും അസാധാരണമായ സൂക്തം. ഇത് ഒരു ദേവനും സമർപ്പിക്കപ്പെട്ടതല്ല. “അന്നദാന പ്രശംസ” എന്ന് *അനുക്രമണി.* പക്ഷേ സൂക്തത്തിൽ ഒരു ദേവതയെയോ ദിവ്യശക്തികളെയോ പരാമർശിക്കുന്നില്ല. ഇത് *ഋഗ്വേദ*ത്തിൽത്തന്നെ ഒറ്റതിരിഞ്ഞുനിൽക്കുന്ന സന്ദർഭമാണെന്നു പറയാം. ദേവന്മാർ വരുന്നത് ആദ്യപദ്യത്തിൽമാത്രം. അതുതന്നെ പരോക്ഷമായും. പകരം, മനുഷ്യർതമ്മിലുള്ള സൗഹൃദത്തിലധിഷ്ഠിതമായ ബന്ധത്തിലും ആവശ്യമുള്ളവനു നൽകുന്നവനോടുള്ള കടപ്പാടിലുമാണ് ഊന്നിയിട്ടുള്ളത്. 3–4, 6 പദ്യങ്ങൾ വിശേഷിച്ചും നോക്കുക. മനുഷ്യർ തമ്മിൽ നന്നായി പെരുമാറുക എന്നതാണ് ഉപദേശം.

ഉദാരതയ്ക്കുള്ള വാദം രണ്ടു തരത്തിലാണ്. ആത്മതാല്പര്യത്തിലാണ് അത്. ഒരുവശത്ത്, നൽകുന്നത് നൽകുന്നവന് ഒരുപദ്രവവും ചെയ്യില്ല. അത് അവന്റെ ഖജനാവ് ശൂന്യമാക്കുന്നുമില്ല. ഒന്നാം പദ്യത്തിൽ ആ മനോഭാവം വ്യക്തമാക്കുന്നുണ്ട്. 7–8 പദ്യങ്ങളിലും അന്തർധാരയായി ഇതുണ്ടെന്നു തോന്നുന്നു. മറുവശത്ത്, നൽകാതിരിക്കുന്നത് അനുദാരനു ശരിക്കും കുഴപ്പമുണ്ടാക്കും. ഭാഗികമായി ഈ കുഴപ്പം ഒറ്റപ്പെടലാണ്. ആറാം പദ്യത്തിൽ “കേവലാഘോ ഭവതി കോവലാദീ” (ഒറ്റയ്ക്കു തിന്നുന്നവൻ വെറും പാപിയത്രേ) എന്നിങ്ങനെ ഇത് സംക്ഷിപ്തമയി പറഞ്ഞിട്ടുണ്ട്. ഒരാളുടെ ഭാഗ്യത്തിനും മാറ്റം വരാം (5). ഇന്നു സമ്പന്നനും നന്നായുണ്ണുന്നവനും നാളെ മറിച്ചായെന്നു വന്നേക്കാം. അതുകൊണ്ട് എല്ലാവരുമായി സൗഹൃദത്തിൽ കഴിയുകയും നൽകുകയും ചെയ്യുന്നതാണ് നന്ന്. നാളെ സാ ഹചര്യങ്ങൾ മാറാം. കൊടുക്കുന്നവനും വാങ്ങുന്നവനും എപ്പോഴും അങ്ങനെത്തന്നെ ആവണമെന്നില്ലല്ലോ.

**1. നവാ ഉ ദേവാഃ ക്ഷുധമിദ് വധൻ ദദു–**
**രുതാശിതമു ഗച്ഛന്തി മൃത്യവഃ**
**ഉതോ രയിഃ പൃണതോ നോപ ദസ്യ–**
**ത്യുതാപൃണൻ മർഡിതാരം ന വിന്ദതേ**

*ദേവാഃ വൈ ക്ഷുധം വധം ഇത് ഉ ന ദദുഃ* ദേവന്മാർ സത്യമായും വിശപ്പുള്ളവന് മാരകായുധം മാത്രമായി നൽകിയില്ല.
*ഉത മൃത്യവഃ ആശിതം ഉപ ഗച്ഛന്തി* മാത്രമല്ല, മരണത്തിന്റെ രൂപങ്ങൾ നല്ലപോലെ തീറ്റപ്പെട്ടവന്റെ അടുത്തെത്തുകയും ചെയ്യുന്നു.
*ഉതോ പൃണതഃ രയിഃ ന ഉപ ദസ്യതി* കൂടാതെ, നൽകുന്നവന്റെ സമ്പത്ത് തീർന്നുപോകുന്നില്ല;
*ഉത അപൃണൻ മർഡിതാരം ന വിന്ദതേ* നൽകാത്തവൻ ദയ കാണിക്കുന്നതായും അറിയുന്നില്ല.

**2. യ ആധ്രായ ചകമാനായ പിത്വോ–**
**ന്നവാൻ സൻ രഫിതായോപജഗ്മുഷേ**
**സ്ഥിരം മനഃ കൃണുതേ സേവതേ പുരോ–**
**തോ ചിത് സ മർഡിതരം ന വിന്ദതേ**

*യഃ ആധ്രായ രഫിതായ* ദുർബലനോ തകർന്നവനോ
*പിത്വഃ ചകമാനായ ഉപജഗ്മുഷേ* ഭക്ഷണമാഗ്രഹിച്ചുകൊണ്ടു സമീപിക്കുമ്പോൾ,
*അന്നവാൻ സൻ മനഃ സ്ഥിരം കൃണുതേ* ഭക്ഷണമുള്ളവനാണെങ്കിലും മനം കഠിനമാക്കുന്നു.
*ഉതോ പുരാ സേവതേ* അവൻ പണ്ടേ അവന്റെ സുഹൃത്താണെങ്കിലും
*സഃ ചിദ് മർഡിതാരം ന വിന്ദതേ* അവനും ദയകാണിക്കുന്നതായി അറിയുന്നില്ല.

**3. സ ഇദ് ഭോജോ യോ ഗൃഹവേ ദദാ–**
**ത്യന്നകാമായ ചരതേ കൃശായ**
**അരമസ്മൈ ഭവതി യാമഹൂതാ**
**ഉതാപരീഷു കൃണുതേ സഖായം**

*യഃ കൃശായ ചരതേ അന്നകാമായ* മെലിഞ്ഞവനും അലഞ്ഞുനടക്കുന്നവനും ഭക്ഷണമാഗ്രഹിക്കുന്നവനുമായ
*ഗൃഹവേ ദദാതി സഃ ഇദ് ഭോജഃ* യാചകനു നൽകുന്നവനാണ് അഭ്യുദയകാംക്ഷി.
*യാമഹൂതൗ അസ്മൈ അരം ഭവതി* (യാചകന്റെ) വാദങ്ങൾ നിരത്തിയുള്ള അപേക്ഷയിൽ അവൻ തൃപ്തനാകുന്നു.
*ഉത അപരീഷു സഖായം കൃണുതേ* ഭാവിയിൽ അവനെ തന്റെ സഖാവാക്കുകയും ചെയ്യുന്നു.

**4. ന സ സഖാ യോ ന ദദാതി സഖ്യേ**
**സചാഭുവേ സചമാനായ പിത്വഃ**
**അപാസ്മാത് പ്രേയാൻ ന തദോകോ അസ്തി**
**പൃണന്തമന്യമരണം ചിദിച്ഛേത്**

*യഃ സചാഭുവേ സചമാനായ സഖ്യേ* ഒപ്പം കൂടി കൂടെ നടക്കുന്ന തന്റെ സുഹൃത്തിനു
*പിത്വഃ ന ദദാതി സഃ സഖാ ന* ഭക്ഷണം നൽകാത്തവൻ സുഹൃത്തല്ല;
*അസ്മാദ് അപ പ്ര ഇയാത് തദ് ഓകഃ ന അസ്തി* അവനിൽനിന്നു വിട്ടുപോകും. അത് വീടല്ല.

*അരണം ചിദ് പൃണന്തം അന്യം ഇച്ഛേത്* അവൻ അപരിചിതനുപോലും നൽകുന്ന മറ്റൊരുവനെ അന്വേഷിച്ചു പോകും.

**5. പൃണീയാദിന്നാധമാനായ തവ്യാൻ**
**ദ്രാഘീയാംസമനു പശ്യേത പന്ഥാം**
**ഓ ഹി വർത്തന്തേ രഥ്യേവ ചക്രാ–**
**ന്യമന്യമുപ തിഷ്ഠന്ത രായഃ**

*തവ്യാൻ നാധമാനയ പൃണീയാൻ ഇത്* കൂടുതൽ ശക്തൻ ആവശ്യക്കാരനു നൽകുകതന്നെ വേണം.
*ദ്രാഘീയാംസം പന്ഥാം അനു പശ്യേത* അവൻ കൂടുതൽ ദീർഘമായ വഴിയിലൂടെ നോക്കണം.
*ഹി രായഃ രഥ്യാ ഇവ ചക്രാ ഓ വർത്തന്തേ* കാരണം, സമ്പത്തുകൾ തേർച്ചക്രങ്ങൾപോലെ തിരിയുന്നു.
*അന്യം അന്യം ഉപ തിഷ്ഠന്ത* അവ ഒരാൾക്കുപിറകെ ഒരാളുടെ അടുത്തു നിൽക്കുന്നു.

**6. മോഘമന്നം വിന്ദതേ അപ്രചേതാഃ**
**സത്യം ബ്രവീമി വധ ഇത് സ തസ്യ**
**നാര്യമണം പുഷ്യതി നോ സഖായം**
**കേവലാഘോ ഭവതി കേവലാദീ**

*അപ്രചേതാഃ അന്നം മോഘം വിന്ദതേ* വകതിരിവില്ലാത്തവൻ ഭക്ഷണം നിഷ്ഫലമാണെന്നു കാണുന്നു.
*സത്യം ബ്രവീമി തസ്യ സഃ വധഃ ഇത്* ഞാൻ സത്യം പറയാം: അത് അവനു മാരകായുധമത്രേ.
*അര്യമണം ന സഖായം നോ പുഷ്യതി* അവൻ നാട്ടുകാരനെയോ കൂട്ടുകാരനെയോ അഭിവൃദ്ധിപ്പെടുത്തുന്നില്ല.
*കേവലാദീ കേവലാഘഃ ഭവതി* ഒറ്റയ്ക്കുണ്ണുന്നവൻ വെറും പാപിയത്രേ.

**7. കൃഷന്നിത് ഫാല ആശിതം കൃണോതി**
**യന്നധ്വാനമപ വൃങ്ക്തേ ചരിത്രൈഃ**
**വദൻ ബ്രഹ്മാവദതോ വനീയാൻ**
**പൃണന്നാപിരപൃണന്തമഭി ഷ്യാത്**

*കൃഷൻ ഇത് ഫാലം ആശിതം കൃണോതി* ഉഴുന്നവനെമാത്രമേ കലപ്പ തീറ്റുകയുള്ളൂ.
*യൻ അധ്വാനം ചരിത്രൈഃ അപ വൃംക്തേ* സഞ്ചരിക്കുന്നവൻ വഴി കാൽകൊണ്ട് മൂടുന്നു.
*വദൻ ബ്രഹ്മാ അവദതഃ വനീയാൻ* പറയുന്ന മന്ത്രസ്രഷ്ടാവ് പറയാത്തവനേക്കാൾ നേടുന്നവനത്രേ.
*പൃണൻ അപിഃ അപൃണന്തം അഭി സ്യാത്* നൽകുന്ന സ്നേഹിതൻ നൽകാത്തവനേക്കാൾ ഉന്നതനാവും.

**8. ഏകപാദ് ഭൂയോ ദ്വിപദോ വി ചക്രമേ**
**ദ്വിപാത് ത്രിപാദമഭ്യേതി പശ്ചാത്**
**ചതുഷ്പദേതി ദ്വിപദാമഭിസ്വരേ**
**സംപശ്യൻ പംക്തീരുപതിഷ്ഠമാനഃ**

*ഏകപാദ് ദ്വിപദഃ ഭൂയഃ വി ചക്രമേ* ഒരു കാലുള്ളവൻ (സൂര്യൻ) രണ്ടു കാലുള്ളവ(മനുഷ്യ)രേക്കാൾ വേഗത്തിൽ നടക്കുന്നു.
*ദ്വിപാത് ത്രിപാദം പശ്ചാദ് അഭി ഏതി* ഇരുകാലി മുക്കാലിയെ (വയസ്സനെ) പിന്നിലാക്കി മുന്നോട്ടു പോകുന്നു.
*ചതുഷ്പാദ് ദ്വിപദാം അഭിസ്വരം* നാൽക്കാലി (നായ) ഇരുകാലിയുടെ വിളി കേട്ട്
*ഉപതിഷ്ഠമാനഃ പംക്തീഃ സംപശ്യൻ ഏതി* അയലത്തു താമസിക്കുന്ന ഐക്കാലി(അടിമക്കൂട്ടം)കളെ നിരീക്ഷിക്കുന്നു.

**9. സമൗ ചിദ്ധസ്തൗ സമം വിവിഷ്ടഃ**
**സംമാതരാ ചിന്ന സമം ദുഹാതേ**
**യമയോശ്ചിന്ന സമാ വീര്യാണി**
**ജ്ഞാതീ ചിത് സന്തൗ ന സമം പൃണീതഃ**

*സമൗ ചിത് ഹസ്തൗ സമം ന വിവിഷ്ടഃ* ഒരുപോലാണെങ്കിലും രണ്ടു കൈകൾ ഒരുപോലെ കാര്യം നടത്തുകയില്ല.
*സംമാതരാ സമം ന ദുഹാതേ* ഒരേ അമ്മയുടെ മക്കളായ രണ്ടു പശുക്കൾ ഒരുപോലെ (പാൽ) ചുരത്തുകയില്ല.
*യമയോഃ ചിദ് വീര്യാണി ന സമാ ചിത്* ഇരട്ടകളുടെപോലും വീരകർമങ്ങൾ ഒരുപോലെയല്ല.
*ജ്ഞാതീ സന്തൗ ചിത് സമം ന പൃണീതഃ* ബന്ധുക്കളായാലും രണ്ടുപേർ ഒരുപോലെയല്ല നൽകുന്നത്.

★

## പത്താം മണ്ഡലം, നൂറ്റിരുപത്തൊന്നാം സൂക്തം

ഹിരണ്യഗർഭ പ്രാജാപത്യൻ ഋഷി; 10 പദ്യങ്ങൾ; ത്രിഷ്ടപ്പ്;
"ക(ൻ)" എന്ന പ്രജാപതി ദേവത

പ്രപഞ്ചോല്പത്തിസിദ്ധാന്തത്തിന്റെ രൂപത്തിലാണീ സൂക്തം. പക്ഷേ, ഇവിടെ സൃഷ്ടിസിദ്ധാന്തത്തിന്റെ പേരു പറഞ്ഞിട്ടില്ല; അഥവാ പേരില്ല. ദേവതയുടെ പേരു പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, "കസ്മൈ ദേവായ ഹവിഷേ വിധേമ" (ഏതു ദേവനെയാണ് ഞങ്ങൾ ഹവിസ്സോടുകൂടി സ്തുതിക്കേണ്ടത്?) എന്ന പല്ലവിയിൽനിന്ന് ഒരു ദേവത ഉയർന്നുവരുന്നുണ്ട്. ആദ്യപദ്യത്തിൽ അത് ഹിരണ്യഗർഭനാണ്. ബ്രഹ്മാണ്ഡമെന്നാവാം. പക്ഷേ, ഹിരണ്യഗർഭൻ സൂര്യനുമാണ്. ഏഴാം പദ്യത്തിൽ അത് ദേവൻ മാത്രമല്ല, "ദേവന്മാരുടെ പ്രാണ"നാണെന്നും അവസാനപദ്യത്തിൽ അത് പ്രജാപതിയാണെന്നും പറയുന്നു. പക്ഷേ, ഈ പദ്യം പിന്നീട് കൂട്ടിച്ചേർത്തതാണെന്ന പ്രബലമായ അഭിപ്രായമുണ്ട് (ഈ പദ്യം പദം മുറിച്ചു ചൊല്ലാറില്ലെന്ന് ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട് പ്രസ്താവിക്കുന്നതിൽനിന്നു കേരളീയസമ്പ്രദായമനുസരിച്ച് ഈ പദ്യത്തിന്റെ പ്രക്ഷിപ്തത്വം വ്യക്തമാകുന്നു). കശബ്ദം പ്രജാപതിപര്യായമായി പിൽക്കാലത്ത് അംഗീകരിക്കപ്പെടുകയും ചെയ്തു.

രാജത്വമെന്ന ആശയവുമായി ഈ സൂക്തത്തിനു ബന്ധമുണ്ടെന്നു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രാജ്യാഭിഷേകകർമത്തോടെ രാജാവ് പുനർജനിക്കുന്നുവെന്നാണ് സങ്കല്പം. ഈ സൂക്തം പ്രസ്തുതകർമത്തിന്റെ ഘടകങ്ങൾ പുനർനിർമിക്കുന്നു. സൂക്തത്തിലെ ഗർഭം (1, 7), ഭരണകർത്താവ് (1, 2, 3), വെള്ളം (7, 8, 9), ഗർഭം ധരിക്കുന്ന വെള്ളം (7),അഗ്നിയുടെ ജന്മം (7) എന്നീ പരാമർശങ്ങൾ നോക്കുക. അജ്ഞാതനാമകമായ തത്ത്വം ലോകം മുഴുവൻ വലയം ചെയ്യുന്നു (4, 5, 10). അതിന്റെ ശക്തി എല്ലാ ദിക്കുകളിലും (4), എല്ലാ ജിവജാലങ്ങളിലും (2, 3, 8) രാജാവിനെപ്പോലെ വ്യാപിക്കുന്നു. അത് ലോകം ഉറപ്പിച്ചും (5) നേരെയും (5, 6) താങ്ങിനിർത്തുന്നു; അതിനു പ്രാണൻ നൽകുന്നു (2, 7) – എല്ലാം രാജാവ് ചെയ്യുന്നപോലെ.

**1. ഹിരണ്യഗർഭഃ സമവർത്തതാഗ്രേ**
**ഭൂതസ്യ ജാതഃ പതിരേക ആസീത്**
**സ ദാധാര പൃഥിവീം ദ്യാമുതേമാം**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*അഗ്രേ ഹിരണ്യഗർഭഃ സമവർത്തത* ആദിയിൽ ഹിരണ്യഗർഭൻ (സുവർണമയമായ ഗർഭം) ആവിർഭവിച്ചു.
*ജാതഃ ഭൂതസ്യ പതിഃ ഏകഃ ആസീത്* ഉണ്ടായിക്കഴിഞ്ഞവയുടെ പ്രഭുവായ അവൻ മാത്രം നിലനിന്നു.
*സഃ ഇമാം പൃഥിവീം ഉത ദ്യാം ദാധാര* അവൻ ഈ സ്വർഗത്തെയും ഭൂമിയെയും താങ്ങിനിർത്തുന്നു.
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**2. യ ആത്മദാ ബലദാ യസ്യ വിശ്വ**
**ഉപാസതേ പ്രശിഷം യസ്യ ദേവാഃ**
**യസ്യ ഛായാമൃതം യസ്യ മൃത്യുഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യഃ ആത്മദാഃ ബലദാഃ യസ്യ പ്രശിഷം* ആരാണ് പ്രാണൻ നൽകുന്നവൻ? ശക്തി നൽകുന്നവൻ? ആരുടെ ആജ്ഞ?
*യസ്യ വിശ്വേ ദേവാഃ ഉപാസതേ* ആരുടെ നിയമമാണ് എല്ലാ ദേവന്മാരും ആദരിക്കുന്നത്?
*അമൃതം യസ്യ ഛായാ യസ്യ മൃത്യുഃ* അമൃതം ആരുടെ നിഴലാണ്? ആരുടെ (നിഴലാണ്) മരണം?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**3. യഃ പ്രാണതേ നിമിഷതോ മഹിത്വൈ**
**ക ഇദ് രാജാ ജഗതോ ബഭൂവ**
**യ ഈശേ അസ്യ ദ്വിപദശ്ചതുഷ്പദഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യഃ ഇത് ഏകഃ മഹിത്വാ പ്രാണതഃ* ആരു മാത്രമാണ് തന്റെ മഹിമകൊണ്ട് ശ്വസിക്കുന്നതിന്റെയും
*നിമിഷതഃ ജഗതഃ രാജാ ബഭൂവ* ഇമ ചിമ്മുന്നതിന്റെയും ജംഗമലോകത്തിന്റെയും രാജാവായിത്തീർന്നത്?
*യഃ അസ്യ ദ്വിപദഃ ചതുഷ്പദഃ ഈശേ* ആരാണ് ഈ ഇരുകാലികളും നാൽക്കാലികളുമായ ജീവികളുടെ പ്രഭു?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**4. യസ്യേമേ ഹിമവന്തോ മഹിത്വാ**
**യസ്യ സമുദ്രം രസയാ സഹാഹുഃ**
**യസ്യേമാഃ പ്രദിശോ യസ്യ ബാഹൂ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യസ്യ മഹിത്വാ ഇമേ ഹിമവന്തഃ* ആരുടേതാണ് മഹത്വംകൊണ്ട് ഈ ഹിമവാന്മാർ?
*യസ്യ ഇമാഃ പ്രദിശഃ യസ്യ ബാഹൂ* ആരുടേതാണ് ഈ ദിക്കുകൾ? ആരുടേതാണ് കൈകൾ (പരമപദവും പാതാളവും)?

*യസ്യ രസയാ സഹ സമുദ്രം ആഹുഃ* ആരുടേതാണ് ലോകത്തിലെ നദികളോടുകൂടിയ സമുദ്രമെന്ന് അവർ പറയുന്നത്?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**5. യേന ദ്യൗരുഗ്രാ പൃഥിവീ ച ദൃള്ഹാ**
**യേന സ്വഃ സ്തഭിതം യേന നാകഃ**
**യേ അന്തരിക്ഷേ രജസോ വിമാനഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യേന ഉഗ്രാ ദ്യൗഃ പൃഥിവീ ച ദൃള്ഹാ* ആരാണ് ശക്തമായ സ്വർഗത്തെയും ഭൂമിയെയും ഉറപ്പിച്ചത്?
*യേന സ്വഃ സ്തഭിതം യേന നാകഃ* ആരാണ് സൂര്യനെ നേരെ നിർത്തിയത്? ആര് നാകത്തെ?
*യഃ അന്തരിക്ഷേ രജസഃ വിമാനഃ* ആര് അന്തരീക്ഷത്തിലെ വായുമണ്ഡലത്തെ അളന്നവൻ?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**6. യം ക്രന്ദസീ അവസാ തസ്തഭാനേ**
**അഭ്യൈക്ഷേതാം മനസാ രേജമാനേ**
**യത്രാധി സൂര ഉദിതോ വിഭാതി**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യം അഭി ക്രന്ദസീ അവസാ* ആരുടെ നേർക്കാണ് രണ്ടു യുദ്ധരേഖകൾ (സ്വർഗവും ഭൂമിയും) അവന്റെ സഹായത്തോടെ
*മനസാ രേജമാനേ തസ്തഭാനേ ഐക്ഷേതാം* മനസ്സിൽ വിറച്ചുകൊണ്ടാണെങ്കിലും നിവർന്നുനിന്നു നോക്കുന്നത്?
*യത്ര അധി ഉദിതഃ സൂരഃ വിഭാതി* ഏവയുടെ മേലാണ് ഉദയസൂര്യൻ പ്രകാശം ചൊരിയുന്നത്?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**7. ആപോ ഹ യദ് ബൃഹതീർവിശ്വമായൻ**
**ഗർഭം ദധാനാ ജനയന്തീരഗ്നിം**
**തതോ ദേവാനാം സമവർത്തതാസുരേകഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യദ് ഹ ബൃഹതീഃ ആപഃ വിശ്വം* കനത്ത വെള്ളം എല്ലാറ്റിനെയും
*ഗർഭം ദധാനാഃ അഗ്നിം ജനയന്തീഃ ആയൻ* ഗർഭംപോലെ സ്വീകരിച്ചും അഗ്നിക്കു ജന്മം കൊടുത്തുംകൊണ്ട് വന്നപ്പോൾ,
*തതഃ ദേവാനാം അസുഃ ഏകഃ സമവർത്തത* ദേവന്മാരുടെ പ്രാണൻ മാത്രമാണ് രൂപംകൊണ്ടിരുന്നത്.
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**8. യശ്ചിദാപോ മഹിനാ പര്യപശ്യദ്**
**ദക്ഷം ദധാനാ ജനയന്തീർയജ്ഞം**
**യോ ദേവേഷ്വധിദേവ ഏക ആസീത്**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യഃ ചിദ് മഹിനാ ദക്ഷം ദധാനാഃ* ആരാണ് തന്റെ മഹിമകൊണ്ട് (യജ്ഞ)വൈദഗ്ധ്യത്തെ (ഗർഭംപോലെ) സ്വീകരിക്കുകയും
*യജ്ഞം ജനയന്തീഃ ആപഃ പര്യപശ്യത്* യജ്ഞത്തെ രൂപപ്പെടുത്തുകയും ചെയ്ത വെള്ളത്തെ അവലോകനം നടത്തിയത്?
*ദേവേഷു അധി ദേവഃ യഃ ഏകഃ ആസീത്* ദേവന്മാരുടെ അധിദേവനായ ആരു മാത്രമാണുണ്ടായിരുന്നത്?
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**9. മാ നോ ഹിംസീജ്ജനിതാ യഃ പൃഥിവ്യാ**
**യോ വാ ദിവം സത്യധർമാ ജജാന**
**യശ്ചാപശ്ചന്ദ്രാ ബൃഹതീർജജാന**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

*യഃ പൃഥിവ്യാഃ ജനിതാ യഃ വാ സത്യധർമാ ദിവം ജജാന* ഭൂമിയെയും സത്യധർമാവായി സ്വർഗത്തെയും
*യഃ ചന്ദ്രാഃ ബൃഹതീഃ ച അപഃ ജജാന* മിന്നിത്തിളങ്ങുന്നതും ഗംഭീരവുമായ വെള്ളത്തെയും ജനിപ്പിച്ചവൻ
*നഃ മാ ഹിംസീത്* ഞങ്ങളെ ഉപദ്രവിക്കാതിരിക്കട്ടെ!
*ഹവിഷാ കസ്മൈ ദേവായ വിധേമ* ഞങ്ങൾ ഹവിസ്സോടുകൂടി ഏതു ദേവനെയാണ് സ്തുതിക്കേണ്ടത്?

**10. പ്രജാപതേ ന ത്വദേതാന്യന്യോ**
**വിശ്വാ ജാതാനി പരിതാ ബഭൂവ**
**യത്കാമാസ്തേ ജുഹുമസ്തന്നോ അസ്തു**
**വയം സ്യാമ പതയോ രയീണാം**

*പ്രജാപതേ ത്വദ് അന്യദ് അന്യഃ* പ്രജാപതേ! നീയല്ലാതെ മറ്റാരും
*ഏതാനി വിശ്വാ ജാതാനി പരിതാ ബഭൂവ* ഈ ജനിപ്പിക്കപ്പെട്ട
എല്ലാറ്റിനെയും വലയം ചെയ്തിട്ടില്ല.
*യത്കാമാഃ തേ ജുഹുമഃ തത് നഃ അസ്തു* എന്താഗ്രഹിച്ചു

കൊണ്ട് ഞങ്ങൾ നിനക്കുവേണ്ടി ഹവിസ്സുണ്ടാക്കുന്നുവോ അത് ഞങ്ങൾക്കുണ്ടാവട്ടെ!
*വയം രയീണാം പതയഃ സ്യാമ* ഞങ്ങൾ സമ്പത്തുകളുടെ പ്രഭുക്കളാവട്ടെ!
------------------------------

ഈ സൂക്തത്തിലെ ആദ്യത്തെ ഒൻപതു പദ്യങ്ങളിലെ അന്ത്യപാദപല്ലവിയെ വള്ളത്തോൾ, "ആ 'കൻ' എന്ന ദേവനു നാം ഹവിസ്സർപ്പിക്കുക" എന്നും ഒ. എം. സി. "ആ പ്രജാപതിയായ ദേവനെ സ്തുതിക്കുകളായ ഞങ്ങൾ ഹവിസ്സാൽ പരിചരിക്കുന്നു" എന്നും വിവർത്തനം ചെയ്യുന്നു. പ്രജാപതിയാണ് സൂക്തം സമർപ്പിക്കപ്പെട്ട ദേവത എന്ന് പരമ്പരാഗതമായ രീതിയനുസരിച്ചു മഹാകവിയും പറയുന്നുണ്ടെങ്കിലും, ഈ പാദാന്ത്യപല്ലവിവിവർത്തനം കരുതലോടെയാണ് നിർവഹിച്ചിട്ടുള്ളത്. അതല്ലെങ്കിൽ പിന്നെ "ഏതു ദേവന്" എന്നേ യഥാശ്രുതാർഥമായി തർജമ ചെയ്യാനാവൂ. സൂര്യനെന്ന അർഥംകൂടി പറയാവുന്ന ഹിരണ്യഗർഭനാണ് ആ ദേവൻ എന്നേ കൃത്യമായി പറയാൻ കഴിയൂ. അവനാകട്ടെ പ്രജാപതിപുത്രനാണ്; പ്രജാപതിയല്ല. പ്രജാപതിയെ പേരെടുത്തു പറയുന്ന പത്താം പദ്യമാകട്ടെ, ചുരുങ്ങിയത് കേരളീയസമ്പ്രദായമനുസരിച്ചെങ്കിലും പ്രക്ഷിപ്തമാവാനാണു സാധ്യതയെന്ന് ഒ. എം. സി. തന്നെ സൂചിപ്പിച്ചിട്ടുമുണ്ട്. എന്നിരിക്കേ, അദ്ദേഹത്തിന്റെ പല്ലവിതർജമയ്ക്കു അടിസ്ഥാനം പോരാ എന്നാണ് എന്റെ എളിയ അഭിപ്രായം. ഈ സൂക്തത്തിന്റെ ആമുഖം കൂടി നോക്കുക).

★

## പത്താം മണ്ഡലം, നൂറ്റിരുപത്തേഴാം സൂക്തം

കുശിക സൗഭരൻ അഥവാ രാത്രി ഭാരദ്വാജി ഋഷി; 8 പദ്യങ്ങൾ; വൃത്തം ഗായത്രി; രാത്രി ദേവത

സുന്ദരിയും സ്വാഗതാർഹയുമായ ഉഷസ്സിനു സമർപ്പിക്കപ്പെട്ട എണ്ണമറ്റ സൂക്തങ്ങൾക്കു വിരുദ്ധമായി രാത്രി *ഋഗ്വേദ*ത്തിൽ ഈ ഒരു സൂക്തത്തിലേ കൊണ്ടാടപ്പെട്ടുകാണുന്നുള്ളൂ. ഇവിടെ രാത്രി വർണിക്കപ്പെടുന്നത് ഈ കൃതിയിൽ പലപ്പോഴും പരാമർശിക്കപ്പെട്ടപോലെ ഭീകരവും അരൂപവുമായ ഇരുട്ടല്ല, തന്റേതായ സൗന്ദര്യങ്ങളുള്ള നക്ഷത്രാലങ്കൃതമായ നിശീഥിനിയാണ്.

**1. രാത്രീ വ്യഖ്യദായതീ പുരുത്രാ ദേവ്യക്ഷഭിഃ**
**വിശ്വാ അധി ശ്രിയോധിത**

*രാത്രീ ദേവീ ആയതീ* രാത്രീദേവി ഇവിടെ വന്ന്
*അക്ഷഭിഃ പുരുത്രാ വി അഖ്യത്* തന്റെ കണ്ണുകൾകൊണ്ട് പലേടങ്ങളിലും നോക്കുന്നു.
*വിശ്വാ ശ്രിയഃ അധി അധിത* അവൾ എല്ലാ സൗന്ദര്യങ്ങളും സ്വയം ധരിക്കുന്നു.

**2. ഓർവപ്രാ അമർത്ത്യാ നിവതോ ദേവ്യുദ്വതഃ**
**ജ്യോതിഷാ ബാധതേ തമഃ**

*അമർത്ത്യാ ദേവി ഉരു* അമർത്ത്യയായ ദേവി വിശാലമായ (അന്തരീക്ഷത്തെ)
*നിവതഃ ഉദ്വതഃ തമഃ ആ അപ്രാഃ* ആഴങ്ങളിലും ഔന്നത്യങ്ങളിലും നിറയ്ക്കുന്നു;
*ജ്യോതിഷാ ബാധതേ* അവൾ പ്രകാശംകൊണ്ട് ഇരുട്ടിനെ തുടച്ചുനീക്കുന്നു.

**3. നിരു സ്വസാരമസ്കൃതോഷസം ദേവ്യായതീ**
**അപേദു ഹാസതേ തമഃ**

*സ്വസാരം ഉഷസം നിഃ അകൃത ഉ* അവൾ സഹോദരിയായ ഉഷസ്സിനെ പുറത്താക്കി.
*ആയതീ തമഃ അപ ഇത് ഹാസതേ ഉ* അവൾ ഇവിടെ വരികയും ഇരുട്ട് മാഞ്ഞുപോവുകയും ചെയ്യുന്നു.

**4. സാ നോ അസ്യ യസ്യാ വയം നി തേ യാമന്നവിക്ഷ്മഹി**
**വൃക്ഷേ ന വസതിം വയഃ**

*സാ അദ്യ നഃ* നീ ഇന്നു ഞങ്ങൾക്കുവേണ്ടി (ഇവിടെ ഉണ്ടായാലും)!
*യസ്യാഃ തേ യാമൻ വയം വൃക്ഷേ* നിന്റെ യാത്രയിൽ ഞങ്ങൾ മരത്തിലെ
*വസതിം വയഃ ന നി അവിക്ഷ്മഹി* കൂട്ടിൽ പക്ഷികളെന്നപോലെ കുടിയേറുന്നു.

**5. നി ഗ്രാമാസോ അവിക്ഷത നി പദ്വന്തോ നി പക്ഷിണഃ**
**നിഃ ശ്യേനാസശ്ചിദർഥിനഃ**

*ഗ്രാമാസഃ നി പദ്വന്തഃ നി പക്ഷിണഃ നി അവിക്ഷത* അലഞ്ഞുനടക്കുന്ന സംഘങ്ങളും കാൽനടക്കാരായ (മനുഷ്യ)രും പക്ഷികളും കിടക്കുന്നു;
*അർഥിനഃ ശ്യേനാസഃ ചിത് നി* വേഗത്തിൽ പറക്കുന്ന പരുന്തുകൾപോലും (കിടക്കുന്നു).

**6. യാവയാ വൃക്യം വൃകം യവയ സ്തേനമൂർമ്യേ**
**അഥാ നഃ സുതരാ ഭവ**

*ഊർമ്യേ വൃക്യം വൃകം യവയ* രാത്രീ! പെൺചെന്നായയെയും (ആൺ)ചെന്നായയെയും അകറ്റിനിർത്തിയാലും!
*സ്തേനം യവയ* കള്ളന്മാരെ അകറ്റിനിർത്തിയാലും!
*അഥ നഃ സുതരാ ഭവ* പിന്നീട് ഞങ്ങളെ സുഖമായി കടക്കാറാക്കിയാലും!

**7. ഉപ മാ പേപിശത് തമഃ കൃഷ്ണം വ്യക്തമസ്ഥിത**
**ഉഷ ഋണേവ യാതയ**

*പേപിശത് കൃഷ്ണം വ്യക്തം* പൂർണാലങ്കൃതവും കറുത്തതും മേലാകെ (നക്ഷത്രങ്ങൾ) പൂശിയതുമായ
*തമഃ മാ ഉപ അസ്ഥിത* ഇരുട്ട് എന്നെ സമീപിച്ചു.
*ഉഷഃ ഋണാ ഇവ യാതയ* ഉഷസ്സേ! ഇതു കടങ്ങൾകണക്കെ വീട്ടിയാലും!

**8. ഉപ തേ ഗാ ഇവാകരം വൃണീഷ്വ ദുഹിതർദിവഃ**
**രാത്രി സ്തോമം ന ജിഗ്യുഷേ**

*ഗാഃ ഇവ ഉപ ആ അകരം* ഞാൻ പശുക്കളെ (തൊഴുത്തി)ലേക്കെന്നപോലെ, (ഈ സൂക്തം) നിന്റെനേരെ അയക്കുന്നു.
*ദിവഃ ദുഹിതഃ രാത്രി ജിഗ്യുഷേ തേ* സ്വർഗപുത്രീ! രാത്രീ! വിജയിയായ നിനക്കുള്ള
*സ്തോമം ന വൃണീഷ്വ* സ്തുതിഗാനംപോലെ (അത്) വരിച്ചാലും!

★

**പത്താം മണ്ഡലം, നൂറ്റിരുപത്തൊൻപതാം സൂക്തം**

പ്രജാപതി പരമേഷ്ഠീ ഋഷി; 7 പദ്യങ്ങൾ; വൃത്തം ത്രിഷ്ടുപ്പ്; പരമാത്മാവ് ദേവത

*ഋഗ്വേദ*ത്തിലെ ഏറ്റവും പ്രശസ്തവും ഭാരതീയപ്രപഞ്ചശാസ്ത്രത്തെസ്സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനവുമാണ് സൃഷ്ടിസൂക്തമെന്നു പ്രസിദ്ധമായ ഈ പദ്യസപ്തകം. നേരിട്ടു കാര്യങ്ങൾ വിവരിക്കുകയല്ല ഇവിടെ ചെയ്യുന്നത്. മറിച്ച്, ഒഴിഞ്ഞുമാറുകയോ ധ്വനിപ്പിക്കുകയോ ചെയ്യുന്ന രീതിയാണ് കവി കൈക്കൊണ്ടിട്ടുള്ളത്. അതിനാൽ സൂക്തത്തിനു പല തരം വ്യാഖ്യാനങ്ങൾ വരിക സ്വാഭാവികം. പ്രപഞ്ചോല്പത്തിസൂക്തമാണെങ്കിലും ഇത് ഒരു നിഗമനവും തരാതെ സംശയങ്ങൾ അവശേഷിപ്പിക്കുകയാണെന്ന് അവസാനപദ്യം വ്യക്തമാക്കും. ഒന്നാം പദ്യം നിഷേധങ്ങളോടെ തുടങ്ങുന്നു. ആദിയിൽ സത്തോ അസത്തോ സ്ഥലമോ സ്വർഗമോ ഉണ്ടായിരുന്നില്ല. രണ്ടാം പദ്യവും നിഷേധത്തിൽത്തന്നെ തുടങ്ങുന്നു. മൃത്യു, അമൃത്യു, രാത്രിയുടെയും പകലിന്റെയും ചിഹ്നങ്ങൾ എന്നിവയുടെ നിഷേധത്തിൽ. മൂന്നാം പദ്യം ഭൗതികമായി ഒന്നും സംഭവിക്കുന്നില്ലെന്ന അർഥത്തിനു മൂർച്ചകൂട്ടുന്നു. ഇരുട്ടു മാത്രമായിരുന്നു അവിടെ. മുട്ടയുടെ രൂപമുള്ള അതിനു 'രൂപം' വരുന്നതേയുള്ളൂ. നാലിൽ ചിന്ത ആഗ്രഹത്തെ ഉദിപ്പിക്കുന്നതായി പറയുന്നു. അത് "ആദിമശുക്ല"മായി കേന്ദ്രീകരിക്കുന്നു. സൃഷ്ടിയുടെ സ്രോതസ്സ് ഇതത്രേ. അഞ്ചാം പദ്യത്തിൽ ആണും പെണ്ണുമെന്ന വിഭജനമാണ്: ശുക്ലം ധരിക്കുന്നവരും ഹവിസ്സും ആണിനെയും മഹിമകൾ (ഗർഭം, സ്വതന്ത്രേച്ഛ) പെണ്ണിനെയും പ്രതിനിധാനം ചെയ്യുന്നു. പക്ഷേ, ദേവന്മാരും പ്രപഞ്ചസൃഷ്ട്യുല്പത്തി അറിയുന്നില്ല (6). മേൽനോട്ടക്കാരൻ ഉണ്ടോ ഇല്ലയോ എന്നതുതന്നെ പ്രശ്നമാണ്. ഉണ്ടെങ്കിൽ അറിയുമായിരുന്നു എന്നു സൂചന (7). ചുരുക്കത്തിൽ സൃഷ്ടിരഹസ്യം നമ്മുടെ ചിന്തയ്ക്കു വിടുന്നു.

**1. നാസദാസീന്നോ സദാസീത്തദാനീം**
**നാസീദ് രജോ നോ വ്യോമാ പരോ യത്**
**കിമാവരീവഃ കുഹ കസ്യ ശർമ-**
**ന്നംഭഃ കിമാസീദ് ഗഹനം ഗഭീരം**

*തദാനീം അസദ് ന ആസീദ് നോ സദ് ആസീത്* അപ്പോൾ അസത്തോ സത്തോ ഉണ്ടായിരുന്നില്ല.
*രജഃ ന ആസീദ് യത് പരഃ വ്യോമ നോ* വായുമണ്ഡലമോ അപ്പുറമുള്ള സ്വർഗമോ ഉണ്ടായിരുന്നില്ല.
*കിം ആ അവരീവഃ കുഹ കസ്യ ശർമൻ* എന്താണ് പിൻപോട്ടും മുൻപോട്ടും നീങ്ങിയത്? എവിടെനിന്ന്? ആരുടെ സംരക്ഷണത്തിൽ?

**2. ന മൃത്യുരാസീദമൃതം ന തർഹി**
**ന രാത്ര്യാ അഹ്ന ആസീത് പ്രകേതഃ**
**ആനീദവാതം സ്വധയാ തദേകം**
**തസ്മാദ്ധാന്യന്ന പരഃ കിംചനാസ**

*മൃത്യുഃ ന ആസീദ് അമൃതം ന തർഹി* അപ്പോൾ മൃത്യുവോ അമൃത്യുവോ ഉണ്ടായിരുന്നില്ല.
*രാത്ര്യാഃ അഹ്നഃ പ്രകേതഃ ന ആസീത്* രാത്രിയുടെയോ പകലിന്റെയോ ലക്ഷണമുണ്ടായിരുന്നില്ല.
*തദ് ഏകം സ്വധയാ അവാതം ആനീത്* ആ ഒന്ന് സ്വതന്ത്രശക്തികൊണ്ട് വായുവില്ലാതെ ശ്വസിച്ചു.
*തസ്മാദ് ഹ അന്യത് കിം ചന പരഃ ആസ* അതിന്നപ്പുറം ഒന്നും ഉണ്ടായിരുന്നില്ല.

**3. തമ ആസീത് തമസാ ഗൂള്ഹമ-**
**ഗ്രേപ്രകേതം സലിലം സർവമാ ഇദം**
**തുച്ഛ്യേനാഭ്വപിഹിതം യദാസീ-**
**ത്തപസസ്തന്മഹിനാജായതൈകം**

*അഗ്രേ തമഃ തമസാ ഗൂള്ഹം ആസീത്* ആദിയിൽ ഇരുട്ട് ഇരുട്ടിനാൽ ഒളിപ്പക്കപ്പെട്ടുകൊണ്ടാണ് ഉണ്ടായിരുന്നത്.
*ഇദം സർവം അപ്രകേതം സലിലം ആഃ* ഇതെല്ലാം ലക്ഷണമില്ലാത്ത വെള്ളം (സമുദ്രം) ആയിരുന്നു.
*യദ് ആഭു തുച്ഛ്യേന അപിഹിതം* ഉണ്ടായിരുന്നത് ശൂന്യതയിൽ ഒളിപ്പിക്കപ്പെട്ട ഒന്നാണ്.
*ഏകം തദ് ആസീത്* ആ ഒന്നേ ഉണ്ടായിരുന്നുള്ളൂ.
*മഹിനാ തപസഃ അജായത* മഹത്തായ തപസ്സിൽനിന്നുണ്ടായത്.

**4. കാമസ്തദഗ്രേ സമവർത്തതാധി**
**മനസോ രേതഃ പ്രഥമം യദാസീത്**
**സതോ ബന്ധുമസതി നിരവിന്ദൻ**
**ഹൃദി പ്രതീഷ്യാകവയോ മനീഷാ**

*അഗ്രേ മനസഃ അധി കാമഃ* ആദിയിൽ മനസ്സിൽനിന്നുണ്ടായ ആഗ്രഹം
*പ്രഥമം രേതഃ സം അവർത്തത* ആദ്യത്തെ ശുക്ലരൂപത്തിൽ വർത്തിച്ചു.
*കവയഃ മനീഷാ ഹൃദി പ്രതീഷ്യ* കവികൾ പ്രചോദിതചിന്തയിലൂടെ തങ്ങളുടെ ഹൃദയത്തിൽ അന്വേഷിച്ചു കൊണ്ട്
*യദ് അസതി സതഃ ബന്ധും ആസീത് തദ് നിഃ അവിന്ദ* അസത്തിൽ സത്തിന്റെ ബന്ധമുണ്ടായിരുന്നത് കണ്ടെത്തി.

**5. തിരശ്ചീനോ വിതതോ രശ്മിരേഷാ–**
**മധ സ്വിദാസീദുപരി സ്വിദാസീത്**
**രേതോധാ ആസന്മഹിമാന ആസൻ**
**സ്വധാ അവസ്താത് പ്രയതിഃ പരസ്താത്**
*ഏഷാം രശ്മിഃ തിരശ്ചീനഃ വിതതഃ* ഇവയുടെ കയർ കുറുകെ പരന്നുകിടക്കുന്നു
*അധ സ്വിദ് ആസീത്* കീഴെ എന്തെങ്കിലും ഉണ്ടായിരുന്നുവോ?
*ഉപരി സ്വിത് ആസീത്* മേലെ വല്ലതും ഉണ്ടായിരുന്നുവോ?
*രേതോധാഃ ആസൻ മഹിമാനഃ ആസൻ* ബീജം പാകുന്നവരും മഹിമകളും ഉണ്ടായിരുന്നു.
*സ്വധാ അവസ്താത് പ്രയതിഃ പരസ്താത്* സ്വതന്ത്രേച്ഛ താഴെയും ഹവിസ്സു മുകളിലും ഉണ്ടായിരുന്നു.
**6. കോ അദ്ധാ വേദ ക ഇഹ പ്ര വോചത്**
**കുത ആജാതാ കുത ഇയം വിസൃഷ്ടിഃ**
**അർവാഗ് ദേവാ അസ്യ വിസർജനേ–**
**നാഥാ കോ വേദ യഥ ആബഭൂവ**
*കഃ അദ്ധാ വേദ കഃ ഇഹ പ്ര വോചത്* ആര് ശരിക്ക് അറിയുന്നു? ആരാണ് ഇവിടെ അതു പറയുക?
*ഇയം വിസൃഷ്ടിഃ കുതഃ കുതഃ ആജാതാ* ഈ സൃഷിടി എവിടെനിന്ന്? എവിടെനിന്നു വന്നു?
*ദേവാഃ അസ്യ വിസർജനേന അർവാക്* ദേവന്മാർ ഈ (ലോകത്തിന്റെ) സൃഷ്ടിയുടെ ഈ വശത്താണ്.
*അഥ യതഃ ആബഭൂവ കഃ വേദ* അതുകൊണ്ട് ഇതു വന്നതെവിടെനിന്ന് ആരറിയുന്നു?
**7. ഇയം വിസൃഷ്ടിർയത ആബഭൂവ**
**യദി വാ ദധേ യദി വാ ന**
**യോ അസ്യാധ്യക്ഷഃ പരമേ വ്യോമൻ**
**സോ അംഗ വേദ യദി വാ ന വേദ**
*ഇയം വിസൃഷ്ടിഃ യതഃ ആബഭൂവ* ഈ സൃഷ്ടി എവിടെനിന്നു വന്നു?
*യദി വാ ദധേ യദി വാ ന* ഇത് ഉണ്ടാക്കപ്പെട്ടതോ അല്ലയോ?
*അസ്യ യഃ അധ്യക്ഷഃ പരമേ വ്യോമൻ* ഈ (ലോക)ത്തിന്റെ മേൽനോട്ടക്കാരനായ അത്യുന്നതസ്വർഗം
*അംഗ സഃ വേദ യദി വാ ന വേദ* തീർച്ചയായും ഇതറിയും; അല്ലെങ്കിൽ അറിയില്ല.
-------------------------------

ഈ സൂക്തത്തിന്റെ ദേവത സൃഷ്ടിയാണെന്ന അഭിപ്രായമുള്ളവരുമുണ്ട്. സൃഷ്ടിസൂക്തമാണല്ലോ ഇത്.

★

## പത്താം മണ്ഡലം, നൂറ്റിനാൽപ്പത്തഞ്ചാം സൂക്തം

ഇന്ദ്രാണി ഋഷിക; 6 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (പംക്തി 6 ഒഴികെ); സപത്നീബാധനം ദേവത

**(സപത്നീബാധനോപനിഷത്ത്)**

ഇന്ദ്രാണിയുടേതാണ് ഈ സൂക്തമെന്നു പറയുന്നു. ഒരു സ്ത്രീ ഭർത്താവിന്റെ അടുപ്പം നേടുന്നതിന് സപത്നിക്കെതിരെ ആവാഹനം നടത്തുന്നു. യജ്ഞവും മന്ത്രവാദവും പോലുള്ള പ്രവർത്തനവും വാങ്മയമായ മന്ത്രപ്രയോഗവും കാണാം. വക്രി ഫലസിദ്ധിയുള്ള സസ്യം കുഴിച്ചിടുന്നു (1–2). ആ സസ്യം ഭർത്താവിൽ പ്രയോഗിക്കുന്നു (6). സപത്നിക്കുമേൽ തന്റെ വിജയം ആത്മവിശ്വാസത്തോടുകൂടി പ്രഖ്യാപിക്കുന്നു (3–5).

**1. ഇമാം ഖനാമ്യോഷധീം വീരുധം ബലവത്തമാം**
**യയാ സപത്നീം ബാധതേ യയാ സംവിന്ദതേ പതിം**

*ബലവത്തമാം വീരുധം* ഏറ്റവും ബലമുള്ള മുളയോടുകൂടിയ
*ഇമാം ഓഷധീം ഖനാമി* ഈ ചെടി ഞാൻ പറിച്ചെടുക്കുന്നു.
*യയാ സപത്നീം ബാധതേ* ഇതുകൊണ്ട് സപത്നിയെ തുടച്ചുനീക്കുന്നു.
*യയാ പതിം സംവിന്ദതേ* ഇതുകൊണ്ട് ഭർത്താവിനെ തികച്ചും സ്വന്തമാക്കുന്നു.

ചെടി – പാടവള്ളി. പാടവള്ളി പറിക്കാൻ ചൊല്ലുന്നതാണീ പദ്യം.

**2. ഉത്താനപർണേ സുഭഗേ ദേവജൂതേ സഹസ്വതി**
**സപത്നീം മേ പരാ ധമ പതിം മേ കേവലം കുരു**

*ഉത്താനപർണേ സുഭഗേ* മലർന്ന ഇലകളുള്ള സുന്ദരീ!
*ദേവജൂതേ സഹസ്വതി* ദേവന്മാരാൽ പ്രേരിപ്പിക്കപ്പെട്ടവളേ! വിജയശക്തിയോടുകൂടിയവളേ!
*മേ സപത്നീം പരാ ധമ* എന്റെ സപത്നിയെ ഊതിയകറ്റിയാലും!
*മേ പതിം കേവലം കുരു* എന്റെ ഭർത്താവിനെ എനിക്കു സ്വന്തമാക്കിയാലും!

ഈ പദ്യംകൊണ്ടു വള്ളിയെ വിളിക്കുകയും തന്റെ ആവശ്യം പറയുകയും ചെയ്യുന്നു.

**3. ഉത്തരാഹമുത്തര ഉത്തരേദുത്തരാഭ്യഃ**
**അഥാ സപത്നീ യാ മമാധരാ സാധരാഭ്യഃ**

*ഉത്തരേ അഹം ഉത്തരാ* കൂടുതൽ ഉയർന്നവളേ! ഞാനാണ് കൂടുതൽ ഉയർന്നവളായിത്തീരണം.
*ഉത്തരാഭ്യഃ ഉത്തരാ ഇത്* ഉയർന്നവരേക്കാൾ ഉയർന്നവൾതന്നെയാവണം.
*അഥ മമ യാ സപത്നീ* പക്ഷേ, എന്റെ സപത്നിയുണ്ടല്ലോ,
*സാ അധരാഭ്യഃ അധരാ* അവൾ താണവരേക്കാൾ ഏറെ താണവളാവട്ടെ!

താൻ സപത്നിയേക്കാൾ മേലെയാണെന്നും അവൾ തന്നേക്കാൾ എത്രയോ താഴെയാണെന്നുമുള്ള ആത്മവിശ്വാസം വെളിപ്പെടുത്തുന്നതാണീ പദ്യം.

**4. നഹ്യസ്യാ നാമ ഗൃഭ്ണാമി നോ അസ്മിൻ രമതേ ജനേ**
**പരാമേവ പരാവതം സപത്നീം ഗമയാമസി**

*അസ്യാഃ നാമ നഹി ഗൃഭ്ണാമി* അവളുടെയോ
*നോ അസ്മിൻ ജനേ രമതേ* അവൾ രമിക്കുന്നവ(ഭർത്താവി)ന്റെയോ പേര് ഞാൻ ഉച്ചരിക്കുകയില്ല.
*സപത്നീം പരാം പരാവതം ഏവ ഗമയാമസി* ഞാൻ എന്റെ സപത്നിയെ ഏറ്റവും ദൂരേക്കും ദൂരെ പോകാറാക്കുന്നു.

ഈ പദ്യത്തിൽ താൻ ചെയ്യാൻ പോകുന്ന കാര്യം പകയോടെ അറിയിക്കുന്നു.

**5. അഹമസ്മി സഹമാനാഥ ത്വമസി സാസഹിഃ**
**ഉഭേ സഹസ്വതീ ഭൂത്വീ സപത്നീം മേ സഹാവഹൈ**

*അഹം സഹമാനാ അസ്മി* ഞാൻ വിജയം നേടുന്നു;
അഥ ത്വം സസഹിഃ അസി നീ(ചെടി)യും വിജയിയാകുന്നു.
ഉഭേ സഹസ്വതീ ഭൂത്വീ ഇരുവരും വിജയശക്തിയുള്ളവരായി
മേ സപത്നീം സഹാവഹൈ നമുക്ക് എന്റെ സപത്നിയുടെ മേൽ വിജയം വരിക്കാം.

സപത്നീബാധനമാഗ്രഹിക്കുന്ന താനും അതിന്റെ ഉപകരണമായ പാടവള്ളിയും തങ്ങളുടെ പ്രതിജ്ഞ ചെയ്യുകയാണീ പദ്യത്തിൽ.

**6. ഉപ തേധാം സഹമാനാ–**
**മഭി ത്വാധാം സഹീയസാ**
**മാമനു പ്ര തേ മനോ**
**വത്സം ഗൗരിവ ധാവതു**
**പഥാ വാരിവ ധാവതു**

*തേ സഹമാനാം ഉപ അധാം* ഞാൻ നി(ഭർത്താവി)ന്റെമേൽ വിജയം നേടുന്ന (ചെടി) വെക്കുന്നു;

*സഹീയസാ ത്വാ അഭി അധാം* കൂടുതൽ വിജയിയായ ഞാൻ നിന്നെ പിടിച്ചുനിർത്തുന്നു.
*തേ മനഃ ഗൗഃ വത്സം ഇവ* നിന്റെ മനസ്സ് പശു കന്നുകുട്ടിയെയെന്നപോലെയും
*പഥാ വാഃ ഇവ* തന്റെ വഴിയിലൂടെ വെള്ളമെന്നപോലെയും
*മാം അനു ധാവതു പ്ര ധാവതു* എന്റെ പിന്നാലെ ഓടട്ടെ! വേണ്ടപോലെ ഓടട്ടെ!

ഈ പദ്യത്തിൽ ഭർത്തൃസ്പർശവും ആലിംഗനവും പ്രതിപാദിക്കുന്നു. ഇവിടെ, ജീവാത്മാവിനു സദ്വാസന, ദുർവാസന എന്നു രണ്ടു ഭാര്യമാരുണ്ടെന്നും അതിൽ സദ്വാസന ദുർവാസനയായ സപത്നിയെ ജയിക്കാൻ പാടവള്ളിയെ പരമാത്മാവിന്റെ പ്രതീകമായി സങ്കല്പിച്ച് ജീവാത്മപരമാത്മൈക്യം സാധിക്കുന്ന രൂപത്തിലുള്ള ഒരാധ്യാത്മികാർഥവും ഒ. എം. സി. ഇവിടെ കാണുന്നുണ്ട്. ഈ സൂക്തത്തിനുമുഴുവൻ ഈ ആധ്യാത്മികാർഥം പറയാൻ കഴിയുമോ എന്നു ചിന്തിക്കുന്നത് രസകരമായിരിക്കും.

“ഈ സൂക്തം ചൊല്ലേണ്ടതു സ്ത്രീയാകയാൽ സ്ത്രീകൾക്കു വേദാധികാരമില്ലെന്ന മൂഢവാദം നിരാകൃതവുമായിരിക്കുന്നു” എന്ന് ഒ. എം. സി. എഴുതുന്നു. ഈ നിരീക്ഷണം വേദരചനാകാലത്ത് ശരിയായിരിക്കാം. പക്ഷേ, ചാതുർവർണ്യവും അതിന്റെ വികസിതരൂപമായ ജാതിവ്യവസ്ഥയും ജാത്യുപജാത്യുച്ചനീചത്വങ്ങൾകൊണ്ടു ചീഞ്ഞുനാറിയ പിൽക്കാലങ്ങളിൽ ഈ വാദത്തിനു വല്ല വിലയുമുണ്ടായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. എന്തിനേറെ? ഒ. എം. സി. പോലും സംസ്കൃതത്തിൽ സാമാന്യപരിജ്ഞാനവും വേദഭക്തിയുമുള്ള ശ്രീമതി ഒ. എം. സി. പോലും ഭർത്തൃമുഖത്തുനിന്ന് വേദവിവർത്തനത്തിലെ പല ഭാഗങ്ങളും കേൾക്കുകയല്ലാതെ, പാരമ്പര്യവിശ്വാസത്താൽ, വായിച്ചിട്ടില്ലെന്നു രേഖപ്പെടുത്തിക്കാണുന്ന സ്ഥിതിക്ക് ഇതു കേവലം ‘മൂഢവാദ’മല്ലെന്നും രൂഢമൂലമായ പാരമ്പര്യവിശ്വാസാധിഷ്ഠിതമാണെന്നും വ്യക്തമാണല്ലോ. പക്ഷേ, ഇതു മാറിവരുന്നുണ്ടെന്നത് ഒരു യാഥാർഥ്യമാണ്.

★

## പത്താം മണ്ഡലം, നൂറ്റിനാൽപ്പത്താറാം സൂക്തം

ദേവമുനി ഐരമ്മദൻ ഋഷി; 6 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ്; അരണ്യാനി ദേവത

മനോഹരവും വിളിച്ചുവരുത്തുന്നതുമായ ഈ സൂക്തം അരണ്യദേവതയ്ക്കാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കാടും നാടും ( മനുഷ്യവാസസ്ഥാനം) തമ്മിലുള്ള വൈരുധ്യം പിൽക്കാലഭാരതീയസാഹിത്യത്തിൽ, വിശേഷിച്ച്, ചിത്രീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇതാണ് ഈ സൂക്തത്തിലെ പ്രമേയം. ഒന്നാം പദ്യത്തിൽ അവൾ മുന്നോട്ടു പോകുമ്പോൾ കേൾക്കുന്ന അപരിചിതശബ്ദങ്ങളും അപരിചിതമൃഗങ്ങളും രണ്ടാം പദ്യത്തിൽ കൂടുതൽ വ്യക്തമാവുന്നു. 3–4 പദ്യങ്ങളിൽ കവി തന്നെ രാത്രിയാവുന്നതോടെ വന്യതയിൽ ഒറ്റപ്പെടുന്നതും വീടിനെക്കുറിച്ചുള്ള ബോധം വരുന്നതും ഭീഷണതയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. പശുക്കൾ ഉറ്റുനോക്കുന്നതും കുനിയുന്നതും, വിറകു പെറുക്കാൻ വന്നവരും വണ്ടിയുടെ കടകടശബ്ദവും അതിനെ അധികമാക്കുന്നു. ഈ ആനന്ദകരമായ ആത്മവഞ്ചന, പക്ഷേ, അവസാനിക്കുന്നില്ല. അവസാനത്തെ രണ്ടു പദ്യങ്ങൾ അരണ്യാനിയെ സ്തുതിക്കുന്നു. പക്ഷേ, ഇവയും നിഷേധാത്മകവും സ്വല്പം പേടി കലർന്നതുമാകുന്നു. അവളെ അങ്ങോട്ടാക്രമിച്ചില്ലെങ്കിൽ ആരെയും ഉപദ്രവിക്കുകയില്ലെന്നത് ഒരാശ്വാസം! സ്തുതിയുടെ വിധ്യാത്മകഭാഗം തുടർന്നു വരുന്നു.

**1. അരണ്യാന്യരണ്യാന്യസൗ യാ പ്രേവ നശ്യസി**
**കഥാ ഗ്രാമം ന പൃച്ഛസി ന ത്വാ ഭീരിവ വിന്ദതി**

*അരണ്യാനി അരണ്യാനി* — അരണ്യദേവതേ! അരണ്യദേവതേ!
*യാ അസൗ പ്ര ഇവ നശ്യസി* — നിനക്കു മുൻപോട്ടുള്ള ഗതി നഷ്ടപ്പെടുന്നുവെന്നു തോന്നുന്നു.
*കഥാ ഗ്രാമം ന പൃച്ഛസി* — എന്തുകൊണ്ട് നീ ഗ്രാമത്തെ ചോദിക്കുന്നില്ല?
*ത്വാ ഭീഃ ഇവ ന വിന്ദതി* — നിനക്ക് പേടിപോലെ തോന്നുന്നില്ലേ?

**2. വൃഷാരവായ വദതേ യദുപാവതി ചിച്ചികഃ**
**ആഘാടിഭിരിവ ധാവയന്നരണ്യാനിർമഹീയതേ**

*യത് ചിച്ചികഃ വൃഷരവായ വദതേ* — മണ്ണട്ട കാളയുടെ മുക്രയിടലിനെ അനുകരിച്ചുകൊണ്ട് മഴ പെയ്യുമ്പോലെ ശബ്ദിക്കുന്ന തവളയോടു സംസാരിക്കുമ്പോൾ,
*ആഘാടിഭിഃ ഉപാവതി ധാവയൻ ഇവ* — ഇലത്താളം കൊട്ടുന്നതിനിടയിൽ ഭയങ്കരശബ്ദം പുറപ്പെടുവിക്കുന്നവനെപ്പോലെ,
*അരണ്യാനിഃ മഹീയതേ* — അരണ്യദേവത തന്റെ മഹിമ പ്രദർശിപ്പിക്കുന്നു

**3. ഉത ഗാവ ഇവാദന്ത്യുത വേശ്മേവ ദൃശ്യതേ**
**ഉതോ അരണ്യാനിഃ സായം ശകടീരിവ സർജതി**

*ഉത ഗാവഃ അദന്തി ഇവ* — പശുക്കൾ തിന്നുന്നതുപോലെയും
*ഉത വേശ്മ ദൃശ്യതേ ഇവ* — വീടു കാണപ്പെടുന്നതുപോലെയും
*ഉതോ ശകടീഃ സർജതി ഇവ* — (കാള)വണ്ടി കടകടശബ്ദമുണ്ടാക്കുന്നതുപോലെയുമാണ്
*അരണ്യാനിഃ സായം* — അരണ്യദേവത അന്തി ചായുമ്പോൾ.

**4. ഗാമംഗൈഷ ആഹ്വയതി ദാർവംഗൈഷോ അപാവധീത്**
**വസന്നരണ്യാന്യാം സായമക്രുക്ഷദിതി മന്യതേ**

*അംഗ ഏഷഃ ഗാം ആ ഹ്വയതി* — എടോ! ഒരാൾ തന്റെ പശുവെ വിളിക്കുന്നു;
*ഏഷഃ ദാരു അപ അവധീത്* — ഒരാൾ വിറകു കീറുന്നു.
*അംഗ സായം അരണ്യാന്യാം വസൻ* — എന്നാൽ സന്ധ്യയ്ക്ക് അരണ്യദേവതയോടൊപ്പം നിൽക്കുമ്പോൾ,
*അക്രുക്ഷത് ഇതി മന്യതേ* — എന്തോ നിലവിളിക്കുന്നുവെന്നു തോന്നുന്നു.

**5. ന വാ അരണ്യാനിർഹന്ത്യന്യശ്ചേന്നാഭിഗച്ഛതി**
**സ്വാദോഃ ഫലസ്യ ജഗ്ധ്വായ യഥാകാമം നി പദ്യതേ**

*അന്യഃ ന അഭിഗച്ഛതി* — മറ്റൊരാൾ ആക്രമിക്കുന്നില്ലെങ്കിൽ
*അരണ്യാനിഃ ന വൈ ഹന്തി ഇത്* — അരണ്യദേവത, സത്യത്തിൽ, കൊല്ലുകയില്ലതന്നെ.
*സ്വാദോഃ ഫലസ്യ ജഗ്ധ്വായ* — മധുരമുള്ള പഴം തിന്നുകൊണ്ട്
*യഥാകാമം നി പദ്യതേ ച* — യഥേഷ്ടം നടക്കുകയും ചെയ്യുന്നു.

**6. ആഞ്ജനഗന്ധിം സുരഭിം ബഹ്വന്നാമകൃഷീവലാം**
**പ്രാഹം മൃഗാണാം മാതരമരണ്യാനിമശംസിഷം**

*ആഞ്ജനഗന്ധിം സുരഭിം* — കുഴമ്പുകളുടെ സുഗന്ധമുള്ളവളും
*ബഹ്വന്നാം അകൃഷീവലാം* — ധാരാളം ഭക്ഷണം തരുന്നവളും കൃഷി ചെയ്യാത്തവളും
*മൃഗാണാം മാതരം അരണ്യാനിം* — വന്യമൃഗങ്ങളുടെ അമ്മയുമാണ് അരണ്യദേവതയെന്നു
*അഹം പ്ര അശംസിഷം* — ഞാൻ പ്രഖ്യാപിച്ചിരിക്കുന്നു.

★

## പത്താം മണ്ഡലം, നൂറ്ററുപത്തിരണ്ടാം സൂക്തം

രക്ഷോഹാവ് ബ്രാഹ്മൻ ഋഷി; 6 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ്; ഗർഭരക്ഷണം ദേവത

ഈ വശ്യപ്രയോഗം ഗർഭരക്ഷണത്തിലും പ്രസവാനന്തരവും ഉണ്ടാകാവുന്ന അപകടങ്ങൾ അഥവാ ഭ്രൂണത്തിനുണ്ടായേക്കാവുന്ന ഉപദ്രവങ്ങൾ സംബന്ധിച്ചുള്ളവയാണ്. ഗർഭത്തിലെ വിവിധഘട്ടങ്ങൾ മൂന്നാം പദ്യത്തിൽ വിവരിക്കുന്നു. 4–6 പദ്യങ്ങളിൽ ഭ്രൂണത്തിൽ കടന്നുകൂടി ഉപദ്രവമുണ്ടാക്കുന്ന ഗ്രഹാദികളെ പ്രതിപാദിക്കുന്നു. അഞ്ചിൽ സഹോദരനായോ ഭർത്താവായോ കാമുകനായോ മുഖംമൂടി ധരിച്ചും മറ്റും വന്ന് ഗർഭിണിയെ ബാധിക്കുന്ന ഞെട്ടിക്കുന്ന ചിത്രം കാണാം.

**1. ബ്രഹ്മണാഗ്നിഃ സംവിദാനോ രക്ഷോഹാ ബാധതാമിതഃ**
**അമീവാ യസ്തേ ഗർഭം ദുർണാമാ യോനിമാശയേ**

*ബ്രഹ്മണാ സംവിദാനഃ രക്ഷോഹാ അഗ്നിഃ* പവിത്രമന്ത്രവുമായി ബന്ധപ്പെട്ട രക്ഷോനാശകനായ അഗ്നി
*യഃ തേ യോനിം ഗർഭം ആശയേ* നിന്റെ യോനിയിൽ നിന്റെ ഭ്രൂണത്തിൽ കിടക്കുന്ന
*ദുർണാമാ അമീവാ ഇതഃ ബാധതാം* ദുഷ്പേരുള്ള രോഗത്തെ ഇവിടെനിന്ന് ആട്ടിയോടിക്കട്ടെ!

**2. യസ്തേ ഗർഭമമീവാ ദുർണാമാ യോനിമാശയേ**
**അഗ്നിഷ്ടം ബ്രഹ്മണാ സഹ നിഷ്ക്രവ്യാദമനീനശത്**

*യഃ തേ യോനിം ഗർഭം ആശയേ ദുർണാമാ അമീവാ* നിന്റെ യോനിയിൽ നിന്റെ ഭ്രൂണത്തിൽ കിടക്കുന്ന ദുഷ്പേരുള്ള രോഗത്തെ
*അഗ്നിഃ ബ്രഹ്മണാ സഹ ക്രവ്യാദം തം നിഃ അനീനശത്* അഗ്നി പവിത്രമന്ത്രത്തോടുകൂടി ഇറച്ചിത്തീനിയായ അതിനെ തീരെ നശിപ്പിക്കട്ടെ!

**3. യസ്തേ ഹന്തി പതയന്തം നിഷത്സ്നും യഃ സരീസൃപം**
**ജാതം യസ്തേ ജിഘാംസതി തമിതോ നാശയാമസി**

*യഃ നിസത്സ്നും സരീസൃപം പതയന്തം തേ ഹന്തി* വിതയ്ക്കപ്പെട്ടതും പിടയ്ക്കുന്നതും പറക്കുന്നതുമായ നിന്റെ ഗർഭം നശിപ്പിക്കുകയും
*യഃ തേ ജാതം യഃ ജിഘാംസതി തം* നിന്റെ പെറ്റ കുഞ്ഞിനെ കൊല്ലാനാഗ്രഹിക്കുകയും ചെയ്യുന്നവനെ
*ഇതഃ നാശയാമസി* ഞങ്ങൾ ഇവിടെനിന്നു നശിപ്പിക്കുന്നു.

**4. സ്ത ഊരൂ വിഹരത്യന്തരാ ദമ്പതീ ശയേ**
**യോനിം യോ അന്തരാരേള്ഹി തമിതോ നാശയാമസി**

*ശയേ ദമ്പതീ അന്തരാ* ഒപ്പം കിടക്കുന്ന ദമ്പതികൾക്കിടയിൽ
*യഃ തേ ഊരൂ വിഹരതി* നിന്റെ തുടകൾ ഒളിഞ്ഞുനോക്കുകയും
*യഃ യോനിം അന്തഃ ആരേള്ഹി തം* നിന്റെ യോനിക്കുള്ളിൽ നക്കുകയും ചെയ്യുന്നവനെ
*ഇതഃ നാശയാമസി* ഇവിടെനിന്നു ഞങ്ങൾ നശിപ്പിക്കുന്നു.

**5. യസ്ത്വാ ഭ്രാതാ പതിർഭൂത്വാ ജാരോ ഭൂത്വാ നിപദ്യതേ**
**പ്രജാം യസ്തേ ജിഘാംസതി തമിതോ നാശയാമസി**

*യഃ ഭ്രാതാ ഭൂത്വാ പതിഃ ജാരഃ ഭൂത്വാ* (മഖംമൂടി ധരിച്ച്) സഹോദരനായും ഭർത്താവായും കാമുകനായും
*ത്വാ നിപദ്യതേ* നിന്റെ അടുത്തേക്കു വരികയും
*യഃ തേ പ്രജാം ജിഘാംസതി തം* നിന്റെ കുഞ്ഞിനെ നശിപ്പിക്കാൻ നോക്കുകയും ചെയ്യുന്നവനെ
*ഇതഃ നാശയാമസി* ഞങ്ങൾ ഇവിടെനിന്നു നശിപ്പിക്കുന്നു.

**6. യസ്ത്വാ സ്വപ്നേന തമസാ മോഹയിത്വാ നിപദ്യതേ**
**പ്രജാം യസ്തേ ജിഘാംസതി തമിതോ നാശയാമസി**

*യഃ സ്വപ്നേന തമസാ* ഉറക്കത്തിൽ ഇരുട്ടിൽ
*ത്വാ മോഹയിത്വാ നിപദ്യതേ* നിന്നെ മയക്കി നിന്റെ അടുത്തു വരികയും
യഃ തേ പ്രജാം ജിഘാംസതി തം നിന്റെ കുഞ്ഞിനെ കൊല്ലാൻ നോക്കുകയും ചെയ്യുന്നവനെ
ഇതഃ നാശയാമസി ഇവിടെനിന്നു ഞങ്ങൾ നശിപ്പിക്കുന്നു.

★

**പത്താം മണ്ഡലം, നൂറ്ററുപത്തിമൂന്നാം സൂക്തം**

വിവൃഹാവ് കാശ്യപൻ ഋഷി; 6 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ്; രോഗശാന്തി ദേവത

10. 161 പോലെ, ഈ വശ്യപ്രയോഗം രോഗശാന്തിക്കുള്ള ഒന്നാണ്. ബന്ധപ്പെട്ട ഓരോ ശരീരാവയവത്തിൽനിന്നും രോഗം മാറ്റുന്നതിനെ ഓരോ പദ്യത്തിലും വിവരിക്കുന്നു.

**1. അക്ഷീഭ്യാം തേ നാസികാഭ്യാം കർണാഭ്യാം ഛുബുകാദധി**
**യക്ഷ്മം ശീർഷണ്യം മസ്തിഷ്കാജ്ജിഹ്വായാ വി വൃഹാമി തേ**

*തേ അക്ഷീഭ്യാം നാസികാഭ്യാം കർണാഭ്യാം* നിന്റെ കണ്ണുകളിൽ നിന്നും മൂക്കിൻദ്വാരങ്ങളിൽനിന്നും കാതുകളിൽനിന്നും
*ഛുബുകാദ് അധി മസ്തിഷ്കാത്* താടിയിൽനിന്നും മസ്തിഷ്കത്തിൽനിന്നും
*ജിഹ്വായാഃ തേ ശീർഷണ്യം* നാവിൽനിന്നും നിന്റെ തലയിലെ
*യക്ഷ്മം വി വൃഹാമി* രോഗം ഞാൻ അകറ്റുന്നു.

**2. ഗ്രീവാഭ്യസ്ത ഉഷ്ണിഹാഭ്യഃ കീകസാഭ്യോ അനൂക്യാത്**
**യക്ഷ്മം ദോഷണ്യമംസാഭ്യാം ബാഹുഭ്യാം വി വൃഹാമി തേ**

*തേ ഉഷ്ണിഹാഭ്യഃ ഗ്രീവാഭ്യഃ* നിന്റെ ഞരമ്പുകളിൽനിന്നും പുറംകഴുത്തിൽനിന്നും
*കീകസാഭ്യഃ അനൂക്യാത്* അസ്ഥികളിൽനിന്നും അസ്ഥിസന്ധിയിൽനിന്നും
*അംസാഭ്യാം ബാഹുഭ്യാം* തോളുകളിൽനിന്നും കൈകളിൽനിന്നും
*തേ ദോഷണ്യം യക്ഷ്മം വി വൃഹാമി* നിന്റെ കൈയിലെ രോഗം ഞാൻ അകറ്റുന്നു.

**3. ആന്ത്രേഭ്യസ്തേ ഗുദാഭ്യോ വനിഷ്ഠോ ഹൃദയാദധി**
**യക്ഷ്മം മതസ്നാഭ്യാം യക്നഃ പ്ലാശിഭ്യോ വി വൃഹാമി തേ**

*തേ ആന്ത്രേഭ്യഃ ഗുദാഭ്യഃ* ചെറുകുടൽഞരമ്പുകളിൽനിന്നും സമാനവായുധാതുക്കളിൽനിന്നും
*വനിഷ്ഠോഃ ഹൃദയാദ് അധി* പെരുങ്കുടലിൽനിന്നും ഹൃദയത്തിൽനിന്നും
*മതസ്നാഭ്യാം യക്നഃ* വൃക്കകളിൽനിന്നും യകൃത്തിൽനിന്നും
*പ്ലാശിഭ്യഃ തേ യക്ഷ്മം വി വൃഹാമി* ശ്വാസകോശം മുതായവയിൽനിന്നും നിന്റെ രോഗത്തെ ഞാൻ അകറ്റുന്നു.

**4. ഊരുഭ്യാം തേ അഷ്ഠീവദ്ഭ്യാം പാർഷ്ണിഭ്യാം പ്രപദാഭ്യാം**
**യക്ഷ്മം ശ്രോണിഭ്യാം ഭാസദാദ് ഭംസസോ വി വൃഹാമി തേ**

*തേ ഊരുഭ്യാം അഷ്ഠീവദ്ഭ്യാം* നിന്റെ തുടകളിൽനിന്നും കാൽമുട്ടുകളിൽനിന്നും
*പാർഷ്ണിഭ്യാം പ്രപദാഭ്യാം* കാലുകളുടെ പിൻഭാഗങ്ങളിൽ നിന്നും കാലടികളിൽനിന്നും
*ശ്രോണിഭ്യാം ഭാസദാദ്* ജഘനത്തിൽനിന്നും അരക്കെട്ടിൽനിന്നും
*ഭംസസഃ തേ യക്ഷ്മം വി വൃഹാമി* ശോഭനമായ നിന്റെ (ഗുദത്തിൽ) നിന്നും നിന്റെ രോഗം ഞാൻ അകറ്റുന്നു.

**5. മേഹനാദ് വനംകരണാല്ലോമഭ്യസ്തേ നഖേഭ്യഃ**
**യക്ഷ്മം സർവസ്മാദാത്മനസ്തമിദം വി വൃഹാമി തേ**

*തേ വനംകരണാത് മേഹനാത്* നിന്റെ നനയ്ക്കുന്ന വൃഷണത്തിൽനിന്നും
*ലോമഭ്യഃ നഖേഭ്യഃ സർവസ്മാത് ആത്മനഃ* രോമങ്ങളിൽനിന്നും നഖങ്ങളൽനിന്നും മുഴുവൻ ശരീരത്തിൽനിന്നും
*തേ ഇദം തം യക്ഷ്മം വി വൃഹാമി* നിന്റെ ഈ രോഗം ഞാൻ അകറ്റുന്നു.

**6. അംഗാദംഗാല്ലോമ്നോ ലോമ്നോ ജാതം പർവണി പർവണി**
**യക്ഷ്മം സർവസ്മാദാത്മനസ്തമിദം വി വൃഹാമി തേ**

*തേ അംഗാദ് അംഗാദ് ലോമ്നഃ ലോമ്നഃ* നിന്റെ ഓരോ അവയവത്തിൽനിന്നും ഓരോ രോമത്തിൽനിന്നും
*സർവസ്മാദ് ആത്മനഃ* മുഴുവൻ ശരീരത്തിൽനിന്നും
പർവണി പർവണി ജാതം അവയവസന്ധി തോറും ഉണ്ടാകുന്ന
*തം ഇദം യക്ഷ്മം വി വൃഹാമി* നിന്റെ ഈ രോഗം ഞാൻ അകറ്റുന്നു.

★

## നൂറ്ററുപത്തിനാലാം സൂക്തം

പ്രചേതസ്സ് ആംഗിരസൻ ഋഷി; 5 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (1, 2, 4), ത്രിഷ്ടുപ്പ് 3, പംക്തി 5 ഒഴികെ); ദുഃസ്വപ്നശാന്തി ദേവത

ഈ ഹ്രസ്വസൂക്തം അന്യഥാ അറിയപ്പെടാത്ത മനസ്സിന്റെ പ്രഭുവോട് അകലെ മാറാനും കുഴപ്പങ്ങൾക്കെല്ലാം കാരണഭൂതയായ നിരൃതിദേവിയോട് സംസാരിക്കാനും പറഞ്ഞുകൊണ്ട് തുടങ്ങുന്നു. മനഃപ്രഭു അവൾക്കു മനുഷ്യരുടെ ചിന്തകളുടെ ചില മാതൃകകൾ നൽകുന്നു (2). ഈ മാതൃകകൾ നിരുപദ്രവമായ ആത്മമായകൾ മാത്രമാണെന്നു തോന്നുന്നു. അവയാകട്ടെ എല്ലാം തങ്ങൾക്കു നല്ല നിലയിൽ സംഭവിക്കുന്നുവെന്ന പ്രതീതിയുളവാക്കുന്നവയത്രേ. പക്ഷേ, 4–5 പദ്യങ്ങളിൽ വാക്കിൽ താരതമ്യേന നിരുപദ്രവമെങ്കിലും പ്രവൃത്തി കൊണ്ട് വഞ്ചനയാണെന്ന് പ്രതിപാദിക്കുന്നു. ബ്രഹ്മണസ്പതിയായ ഇന്ദ്രനുൾപ്പെടെയുള്ള ദേവന്മാരോട് ഈ കുറ്റങ്ങളിൽനിന്നു തങ്ങളെ അകറ്റി നിർത്താൻ അഭ്യർഥിക്കുന്നു. അവയൊക്കെ തങ്ങളുടെ ശത്രുക്കളുടെ അടുത്തേക്കു പോകട്ടെ എന്നും പ്രാർഥിക്കുന്നു. അങ്ങനെ ഈ സൂക്തത്തിന്റെ ഏകീകൃതപ്രമേയം ഉപദ്രവകരമോ അല്ലാത്തതോ ബോധപൂർവമോ അബോധപൂർവമോ രണ്ടുമോ ആയ മാനസികമോ വാചികമോ ആയ ഏതുതരം കർമത്തെയും ഉൾക്കൊള്ളുന്നു.

**1. അപേഹി മനസസ്പതേപ ക്രാമ പരശ്ചര**
**പരോ നിരൃത്യാ ആ ചക്ഷ്വ ബഹുധാ ജീവതോ മനഃ**

*മനസഃ പതേ അപ ഇഹി അപ ക്രമ* മനഃപ്രഭോ! ദൂരെ പോയാലും! ദൂരെ നടന്നാലും!
*പരഃ ചര പരഃ നിരൃത്യൈ ആ ചക്ഷ്വ* വളരെ ദൂരേക്കു നീങ്ങിയാലും! ദൂരെ എത്തി നിരൃതിയോടു പറഞ്ഞാലും:
*ജീവതഃ മനഃ ബഹുധാ* "ജീവിതത്തിന്റെ ചിന്ത പലതരത്തിൽ.

**2. ഭദ്രം വൈ വരം വൃണതേ ഭദ്രം യുഞ്ജന്തി ദക്ഷിണം**
**ഭദ്രം വൈവസ്വതേ ചക്ഷുർബഹുത്രാ ജീവതോ മനഃ**

*ഭദ്രം വൈ മനഃ വൃണതേ* ഭാഗ്യത്തെയാണ് അവ വരിക്കുന്നത്;
*ദക്ഷിണം ഭദ്രം യുഞ്ജന്തി* വലത്തേതിനെ ഭാഗ്യമായി നുകത്തിൽ കെട്ടുന്നു.
*വൈവസ്വതേ ഭദ്രം ചക്ഷുഃ* വൈവസ്വത(യമ = മൃത്യു)വിഷയത്തിൽ ഞാൻ ഭാഗ്യത്തിനു പ്രാർഥിക്കുന്നു.
*ബഹുത്രാ ജീവതഃ മനഃ* പല തലങ്ങളിലാണ് ജീവിക്കുന്നവന്റെ ചിന്ത.

**3. യദാശസാ നിഃശസാഭിശസോപാരിമ ജാഗ്രതോ യത് സ്വപന്തഃ**
**അഗ്നിർവിശ്വാന്യപ ദുഷ്കൃതാന്യജുഷ്ടാന്യാരേ അസ്മദ് ദധാതു**

*യദ് ജാഗ്രതഃ സ്വപതഃ* ഞങ്ങൾ ഉണരുമ്പോഴോ ഉറങ്ങുമ്പോഴോ
*യദ് ആശസാ നിഃശസാ അഭിശസാ ഉപാരിമ* പ്രതീക്ഷയാലോ കുറ്റത്താലോ ശാപത്താലോ എത്തിയത് –
*ദുഷ്കൃതാനി അജുഷ്ടാനി വിശ്വാനി* തെറ്റായി ചെയ്തതും സന്തോഷകരമല്ലാത്തതുമായ അതെല്ലാം
*അഗ്നിഃ അസ്മാദ് ആരേ അപ ദധാതു* അഗ്നി ഞങ്ങളിൽനിന്ന് അകലെ നിർത്തട്ടെ!

**4. യദിന്ദ്ര ബ്രഹ്മണസ്പതേഭിദ്രോഹം ചരാമസി**
**പ്രചേതാ ന ആംഗിരസോ ദ്വിഷതാം പാത്വംഹസാ**

*ബ്രഹ്മണസ്പതേ ഇന്ദ്ര* പവിത്രമന്ത്രപ്രഭുവായ ഇന്ദ്രാ!
*യദ് അഭിദ്രോഹം ചരാമസി* ഞങ്ങൾ ചതി ചെയ്തിട്ടുണ്ടെങ്കിൽ
*പ്രചേതാഃ ആംഗിരസഃ നഃ* വകതിരിവുള്ള ആംഗിരസൻ ഞങ്ങളെ
*ദ്വിഷതാം അംഹസഃ പാതു* വെറുക്കുന്നവരുടെ സമ്മർദത്തിൽനിന്നു രക്ഷിക്കട്ടെ!

**5. അജൈഷ്മാദ്യാസനാമ ചാഭൂമാനാഗസോ വയം**
**ജാഗ്രത് സ്വപ്നഃ സങ്കല്പഃ പാപോയം ദ്വിഷ്മസ്തം സ ഋച്ഛതു**
**യോ നോ ദ്വേഷ്ടി തമൃച്ഛതു**

*വയം അദ്യ അജൈഷ്മ അസനാമ ച* ഞങ്ങൾ ഇന്നു കീഴടക്കുകയും നേടുകയും ചെയ്യട്ടെ;
*അനാഗസഃ അഭൂമ* ഞങ്ങൾ കുറ്റം ചെയ്യാത്തവരാവട്ടെ!
*സഃ ജാഗ്രത്സ്വപ്നഃ പാപഃ സങ്കല്പഃ* ഈ ഉണരുമ്പോഴത്തെ ഉറക്കവും (ദിവാസ്വപ്നം) ദുരുദ്ദേശ്യവും
*യം ദ്വിഷ്മഃ തം ഋച്ഛതു* ഞങ്ങൾ വെറുക്കുന്നവനിലേക്കു പോകട്ടെ!
*യഃ നഃ ദ്വേഷ്ടി തം ഋച്ഛതു* ഞങ്ങളെ വെറുക്കുന്നവനിലേക്കു പോകട്ടെ!

★

## നൂറ്ററുപത്താറാം സൂക്തം

ഋഷഭ വിരാജൻ അഥവാ ഋഷഭ ശാക്വരൻ ഋഷി; 5 പദ്യങ്ങൾ; വൃത്തം അനുഷ്ടുപ്പ് (മഹാപംക്തി 5 ഒഴികെ); ശത്രുനാശനം ദേവത

ഏറ്റവും ആക്രാമകനായ ഈ സൂക്തത്തിന്റെ വക്താവ് തന്റെ ശത്രുക്കളിന്മേലുള്ള വിജയവും അവരുടെ കടുത്ത മാനഭംഗത്തിലുള്ള സംതൃപ്തിയും പ്രഖ്യാപിക്കുന്നു. തന്റെ കാൽക്കീഴിലമർന്ന നിലയാണവർക്ക് (2–5).

**1. ഋഷഭം മാ സമാനാനാം സപത്നാനാം വിഷാസഹിം**
**ഹന്താരം ശത്രൂണാം കൃധി വിരാജം ഗോപതിം ഗവാം**

*സപത്നാനാം വിസസഹിം* എന്റെ ശത്രുക്കളിന്മേൽ വ്യാപകമായ വിജയം നേടിയവനും
*ശത്രൂണാം ഹന്താരം* ശത്രുക്കളെ തകർത്തവനും
*ഗവാം ഗോപതിം വിരാജം* പശുക്കളുടെ പശുപതിയായി വിശാലമായി ഭരിക്കുന്നവനുമായ
*സമാനാനാം മാ ഋഷഭം കൃധി* എനിക്കു സമന്മാരിൽ എന്നെ കാളയാക്കിയാലും!

**2. അഹമസ്മി സപത്നഹേന്ദ്ര ഇവാരിഷ്ടോ അക്ഷതഃ**
**അധഃ സപത്നാ മേ പദോരിമേ സർവേ അധിഷ്ഠിതാഃ**

*ഇന്ദ്രഃ ഇവ അഹം സപത്നഹാ* ഇന്ദ്രനെപ്പോലെ ഞാൻ ശത്രുക്കളെ ഹനിച്ചവനും
*അരിഷ്ടഃ അക്ഷതഃ അസ്മി* ഉപദ്രവം ചെയ്യാത്തവനും (ആർക്കും) വഴങ്ങാത്തവനുമാകുന്നു.
*ഇമേ സർവേ സപത്നാഃ* ഈ ശത്രുക്കളെല്ലാം
*മേ പദോഃ അധഃ അഭിസ്ഥിതാഃ* എന്റെ കാൽക്കീഴിലായ ഇവരെല്ലാം ഉയർന്നുനിൽക്കുന്നു.

**3. അത്രൈവ വോപി നഹ്യാമ്യുഭേ ആർത്നീ ഇവ ജ്യയാ**
**വാചസ്പതേ നിഷേധേമാൻ യഥാ മദധരം വദാൻ**

*അത്ര ഏവ വഃ ഉഭേ ആർത്നീ* ഇവിടെത്തന്നെ ഞാൻ വില്ലിന്റെ രണ്ടറ്റവും
*ജ്യയാ ഇവ അപി നഹ്യാമി* ഞാണോടുകൂടിയെന്നപോലെ, നിങ്ങളെ കെട്ടുന്നു.
*വാചസ്പതേ ഇമാൻ നി സേധ* വാചസ്പതേ! ഇവരെ ഇതു ചെയ്താലും!
*യഥാ മദ് അധരം വദാൻ* അതുകൊണ്ട് അവർ എനിക്കു താഴെയായി സംസാരിക്കുന്നു.

**4. അഭിഭൂരഹമാഗമം വിശ്വകർമേണ ധാമ്നാ**
**ആ വശ്ചിത്തമാ വോ വ്രതമാ വോഹം സമിതിം ദദേ**

*വിശ്വകർമേണ ധാമ്നാ അഹം അഭിഭൂഃ ആ അഗാം* വിശ്വകർമാവ് അടിത്തറയായി ഞാൻ ഇവിടെ മുകളിൽ വന്നിരിക്കുന്നു.
*അഹം വഃ ചിത്തം വഃ വ്രതം ആ* ഞാൻ നിങ്ങളുടെ മനസ്സിനെയും മനോഗതത്തെയും നിയമത്തെയും
*വഃ സമിതിം ആ ആ ദദേ* നിങ്ങളുടെ സമ്മിളിതമായ സഖ്യത്തെയും സ്വയം കൈക്കലാക്കുന്നു.

**5. യോഗക്ഷേമം വ ആദായാഹം ഭൂയാസമുത്തമ**
**ആ വോ മൂർധാനമക്രമീം അധസ്പദാൻ മ ഉദ് വദത**
**മണ്ഡൂകാ ഇവോദകാന്മണ്ഡൂകാ ഉദകാദിവ**

*വഃ യോഗക്ഷേമം ആദായ* നിങ്ങളോടുള്ള യുദ്ധവും സമാധാനവും ഏറ്റെടുത്ത്
*അഹം ഉത്തമഃ ഭൂയാസം* ഞാൻ അത്യുന്നതനായിത്തീരുന്നു.
*വഃ മൂർധാനം ആ അക്രമീം* ഞാൻ നിങ്ങളുടെ തലയിൽ ചവിട്ടി നിൽക്കുന്നു.
*മേ അധഃപദാദ് ഉദകാദ് മണ്ഡൂകാഃ ഇവ* എന്റെ കാലിനടിയിൽനിന്ന്, വെള്ളത്തിൽനിന്നു തവളകളെന്നപോലെ,
*ഉദകാദ് മണ്ഡൂകാഃ ഇവ ഉദ് വദത* വെള്ളത്തിൽനിന്നു തവളകളെന്നപോലെ, എന്നോട് ഉറക്കെ കരഞ്ഞാലും!

★